# കെ. സരസ്വതിയമ്മയുടെ
# കഥാലോകം

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി
ബിരുദത്തിന് സമർപ്പിക്കുന്ന പ്രബന്ധം


***പി. കെ. കനകലത***

***മലയാള – കേരളപഠനവിഭാഗം***
***കാലിക്കറ്റ് സർവ്വകലാശാല***


***മാർച്ച്* 2008**

# FICTIONAL WORLD OF K. SARASWATHIAMMA

*Thesis submitted to the*
*University of Calicut for the*
*Degree of Doctor of Philosophy*

**P.K. KANAKALATHA**

**DEPARTMENT OF MALAYALAM AND KERALA STUDIES**
**UNIVERSITY OF CALICUT**
**MARCH 2008**

# സത്യവാചകം

ഈ പ്രബന്ധം ഇതിന് മുമ്പ് ഏതെങ്കിലും സർവ്വകലാശാലയുടെയോ തത്തുല്യമായ സ്ഥാപനത്തിന്റെയോ ബിരുദത്തിന് അടിസ്ഥാനമായിട്ടില്ലെന്ന് ഇതിനാൽ സത്യബോധ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല

പി.കെ. കനകലത

# *സാക്ഷ്യപത്രം*

കാലിക്കറ്റ് സർവ്വകലാശാലയിൽ പിഎച്ച്.ഡി. ബിരുദത്തിന് സമർപ്പിക്കുന്ന **'കെ. സരസ്വതിയമ്മയുടെ കഥാലോകം'** എന്ന ഈ പ്രബന്ധം പി.കെ. കനകലത എന്റെ നിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല

ഡോ. എസ്. നാരായണൻ
റീഡർ, മലയാള–കേരളപഠനവിഭാഗം (റിട്ടേർഡ്)
കാലിക്കറ്റ് സർവ്വകലാശാല

## ഉള്ളടക്കം


| | പുറം |
|---|---|
| ആമുഖം | 1 |
| അദ്ധ്യായം ഒന്ന് | |
| സരസ്വതിയമ്മയുടെ സാഹിത്യവും ജീവചരിത്രവും | 12 |
| അദ്ധ്യായം രണ്ട് | |
| ആദ്യകാലകഥാകാരികളും സരസ്വതിയമ്മയും | 43 |
| അദ്ധ്യായം മൂന്ന് | |
| വിവാഹം – മാതൃത്വം | 63 |
| അദ്ധ്യായം നാല് | |
| പ്രണയം – രതി | 151 |
| അദ്ധ്യായം അഞ്ച് | |
| സൗഹൃദം | 206 |
| അദ്ധ്യായം ആറ് | |
| സരസ്വതിയമ്മയുടെ ജീവിതദർശനം | 241 |
| ഉപസംഹാരം | 279 |
| അനുബന്ധം | 290 |
| ഗ്രന്ഥസൂചി | 394 |

# ആമുഖം

# ആമുഖം

മലയാളത്തിലെ മറ്റ് എഴുത്തുകാരികളിൽനിന്നു തികച്ചും വിഭിന്നമായ ഒരു പുതിയ ഭാവുകത്വം കഥാലോകത്ത് ആവിഷ്കരിക്കയും തന്മൂലം ഒറ്റപ്പെടുകയും ചെയ്ത ഏകാന്തപഥികയായ, എഴുത്തുകാരിയാണ് കെ.സരസ്വതിയമ്മ. പുരുഷാധിപത്യസംസ്കാരത്തിനും മൂല്യസങ്കൽപങ്ങൾക്കും എതിരെ സ്ത്രീയുടെ ബദൽമൂല്യങ്ങളും വിമോചന സ്വപ്നങ്ങളും കഥകളിൽ പ്രതിഷ്ഠിച്ച സരസ്വതിയമ്മയുടെ സ്ത്രൈണാവബോധം വ്യവസ്ഥയെ പുതുക്കിപണിയാനാണ് അഭിലഷിക്കുന്നത്. ആ അവബോധമുൾക്കൊണ്ട് ജീവിച്ച സരസ്വതിയമ്മയുടെ ജീവിതദർശനവും കലാദർശനവും ഏറെക്കുറെ ഒന്നുതന്നെയായിരുന്നു. തികച്ചും പുതിയതും, ഒറ്റപ്പെട്ടതും, കലർപ്പില്ലാത്തതും ആയ അവരുടെ സ്ത്രൈണാവബോധം തുടക്കം മുതലേ പുരുഷവിദ്വേഷമായും സിനിസിസമായും തെറ്റിദ്ധരിക്കപ്പെട്ടു. വ്യവസ്ഥാപിതമൂല്യങ്ങളെ വിഗണിച്ചുകൊണ്ട്, സ്ത്രീപുരുഷബന്ധത്തെ പുതിയ രീതിയിൽ നിർവചിക്കുന്ന അവരുടെ കഥകൾ, ആ കാലഘട്ടത്തിന് തീരെ ഉൾക്കൊള്ളാൻ പറ്റാത്തവയായി. സരസ്വതിയമ്മ വിഭാവനം ചെയ്ത സ്ത്രൈണാവബോധം ഫെമിനിസത്തിന്റെ വെളിച്ചത്തിൽ ഇന്നു ചർച്ചചെയ്യപ്പെടുന്നുണ്ടെങ്കിലും, കുറേക്കൂടി ആഴത്തിലുള്ള സമഗ്രമായ ഒരു അപഗ്രഥനം അത്യാവശ്യപ്പെടുന്നുണ്ട്. മലയാളകഥാസാഹിത്യത്തിൽ ഒരു നിർണ്ണായകസ്ഥാനം അവകാശപ്പെടാവുന്ന സരസ്വതിയമ്മ, വ്യതിരിക്തമായ സ്ത്രൈണാവബോധം തന്റെ കഥകളിലൂടെ അവതരിപ്പിച്ചുകൊണ്ട് സ്ത്രീയുടെ സ്വത്വാന്വേഷണത്തിന് തുടക്കമിടുകയായിരുന്നു. അവരുടെ സ്ത്രൈണാവബോധത്തെ പൂർണ്ണമായും ഉൾക്കൊള്ളാൻ തക്കവിധം മലയാളത്തിലെ സ്ത്രീപക്ഷചിന്തകൾ ഇനിയും പക്വതയാർജ്ജിക്കേണ്ടതായിട്ടുമുണ്ട്!

**പഠനത്തിന്റെ ലക്ഷ്യവും പ്രസക്തിയും**

'സരസ്വതിയമ്മയുടെ കഥാലോകം' എന്ന ഈ പ്രബന്ധം അവരുടെ കൃതികളിലെ പ്രതിപാദ്യവും, സ്വകാര്യജീവിതവും പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു പഠനമാണ്. സാഹിത്യകൃതികളിലെ പ്രതിപാദ്യത്തെ സാഹിത്യകാരന്റെ സ്വകാര്യജീവിതവു

മായി ബന്ധപ്പെടുത്തി പഠിക്കുമ്പോഴേ അയാളുടെ ജീവിതദർശനം പൂർണ്ണമായി വിശകലനം ചെയ്യാൻ പറ്റൂ എന്ന തത്വമാണ് ഈ ഗവേഷണത്തിൽ അടിസ്ഥാനമായി സ്വീകരിച്ചിരിക്കുന്നത്.

കൃതിയോടൊപ്പം കർത്താവിനെയും പരിഗണിച്ചുകൊണ്ടുള്ള ഒരു പഠനമാണ് ഈ പ്രബന്ധം ലക്ഷ്യമാക്കിയിട്ടുള്ളത്. ജീവചരിത്രാത്മകമായ ഇത്തരം സാഹിത്യപഠനത്തിന് താരതമ്യേന ഭാരതീയ സാഹിത്യമീമാംസകരേക്കാൾ പാശ്ചാത്യസാഹിത്യചിന്തകരാണ് പ്രാധാന്യം കൽപിച്ചിരിക്കുന്നത്. അതിനാൽ ഈ രംഗത്ത് അറിയപ്പെടുന്ന ഫ്രഞ്ച് സാഹിത്യചിന്തകനായ സാങ്ബോവിന്റെ വഴി പിന്തുടരാനുള്ള ഒരു ശ്രമം ഇതിൽ നടത്തിയിട്ടുണ്ട്.

സരസ്വതിയമ്മയുടെ വ്യക്തിസത്ത എഴുത്തു ജീവിതത്തിലും, സാമൂഹികജീവിതത്തിലും ധാരാളം സമാനതകൾ പുലർത്തുന്നുണ്ട്. അവർക്ക് കലാജീവിതവും, വ്യക്തിജീവിതവും ഒരർത്ഥത്തിൽ ഒന്നുതന്നെയായിരുന്നു. ഈ രണ്ട് ജീവിതവും പരസ്പരം പൂരകമായി വർത്തിക്കുന്ന അവരുടെ കലാസൃഷ്ടികളെ ജീവചരിത്രാത്മകമായ പഠനത്തിന് വിധേയമാക്കിയപ്പോൾ സാഹിത്യലോകത്തും, സാമൂഹികലോകത്തും അവർ ഒറ്റപ്പെട്ടുപോയതിന്റെ ചിത്രം വ്യക്തമായിതെളിയുന്നുണ്ട്. മാത്രമല്ല ഇരുപതു വർഷക്കാലത്തോളം സജീവമായി കഥാരചനയിൽ ഏർപ്പെട്ടിരുന്ന സരസ്വതിയമ്മ തുടർന്ന് പതിനേഴു വർഷക്കാലം ഒരു വരിപോലും എഴുതാതെ മൗനം പാലിച്ചതിന്റെ പൊരുൾ എന്തെന്നു മനസ്സിലാക്കാനും സാധിച്ചിട്ടുണ്ട്. ആദ്യകാലത്ത് തന്നെ ധാരാളം കഥകൾ പ്രസിദ്ധീകരിച്ചുവെങ്കിലും സരസ്വതിയമ്മയ്ക്ക് കഥാലോകത്ത് വേണ്ടത്ര അംഗീകാരം കിട്ടിയില്ല. അവരുടെ കഥകളെ മിക്കവരും മനസ്സിലാക്കാനും മുതിർന്നിരുന്നില്ല. 'പുരുഷവിദ്വേഷത്തിന്റെ കഥാകാരി' യായി അവർ തമസ്ക്കരിക്കപ്പെടുകയാണുണ്ടായത്. പിൽക്കാലത്ത് മലയാളസാഹിത്യത്തിൽ സജീവമായിത്തീർന്ന സ്ത്രീവാദചിന്തകളുടെ പശ്ചാത്തലത്തിലാണ് അവരുടെ കഥകൾ ചർച്ചചെയ്യപ്പെടാനിടയായത്. അതിൽ നിന്നും വ്യത്യസ്തമായി എഴുത്തുകാരി എന്ന നിലയിൽ അവരെ കൂടുതൽ മനസ്സിലാക്കാനും, അവരുടെ കൃതികളെ സമഗ്രമായി പഠിക്കാനും സഹായകരമാവുന്ന ഒരു പഠനം ഇതുവരെ ഉണ്ടായിട്ടില്ല. ടി.പത്മനാഭൻ, സരസ്വതിയമ്മയ്ക്ക് അന്ത്യപ്രണാമമർപ്പിച്ചുകൊണ്ടെഴുതിയ ചെറുകുറിപ്പിൽ അവരെക്കുറിച്ചറിയാൻ സഹായിക്കുന്ന പത്രങ്ങൾ വേണ്ടത്ര ലഭ്യമാവാത്തതിൽ ഉത്കണ്ഠപ്പെടുന്നുണ്ട്[1]. സ്വകാര്യജീവിതത്തിൽ സരസ്വതിയമ്മ ഒരു പരിധിവരെ പുലർത്തി

പ്പോന്നിരുന്ന സവിശേഷ വ്യക്തിത്വത്തെ കഥാലോകത്ത് അവർ ഉന്മീലനം ചെയ്തതിനെ വിശകലനം ചെയ്തികൊണ്ടുള്ള ഈ പ്രബന്ധം അവരുടെ വ്യക്തിജീവിതത്തിലേക്ക് കൂടി വെളിച്ചം വീശുന്നുണ്ട്. ജീവചരിത്രാത്മകമായ അന്വേഷണത്തിൽ നിന്നുരുത്തിരിഞ്ഞ പല വസ്തുതകളെയും പ്രയോജനപ്പെടുത്തിക്കൊണ്ട് സരസ്വതിയമ്മയുടെ കഥാലോകത്തെ അപഗ്രഥിക്കുന്ന ഇത്തരമൊരു പഠനം ആദ്യത്തേതാണ്. 'സരസ്വതിയമ്മയുടെ കഥാലോകം' എന്ന ഈ പ്രബന്ധത്തിന്റെപ്രസക്തി ഇതാണ്.

**വ്യാപ്തി :-**

സരസ്വതിയമ്മയുടെ കഥകളുടെ ആശയപരമായ വിശകലനവും, അവരുടെ ജീവിതദർശനവും ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു പഠനമാണ് ഇവിടെ നടത്തിയിട്ടുള്ളത്. എഴുത്തുകാരിയുടെ ജീവിതപശ്ചാത്തലത്തിന് ഊന്നൽ നൽകിക്കൊണ്ടാണത് ചെയ്തിട്ടുള്ളത്. അവരുടെ ആഖ്യാനരീതിയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള അന്വേഷണം ഈ പഠനത്തിൽ നിന്ന് ഒഴിവാക്കിയിരിക്കുകയാണ്. എഴുത്തുകാരിയുടെ അന്തർമണ്ഡലത്തിലേക്ക് പ്രവേശിക്കാനുള്ള മാർഗ്ഗങ്ങൾ ആഖ്യാനതന്ത്രങ്ങളുടെ അപഗ്രഥനം കൊണ്ട് കുറച്ചൊക്കെ തുറന്നു കിട്ടിയേക്കാമെങ്കിലും അത്തരത്തിലുള്ള ഒരന്വേഷണം ഈ പ്രബന്ധത്തിന്റെ പരിധിയിൽ ഒതുക്കാവുന്നതല്ല. മറ്റൊരു ഗവേഷണ പഠനത്തിനുള്ള സാദ്ധ്യതതന്നെ അതിനുണ്ട്.

**പൂർവ്വകാല പഠനങ്ങൾ:-**

സാഹിത്യചരിത്രഗ്രന്ഥങ്ങളിൽ സരസ്വതിയമ്മയെക്കുറിച്ചുള്ള പരാമർശങ്ങളാണ് കുറേക്കാലത്തേക്ക് അവരെക്കുറിച്ചുണ്ടായ പഠനങ്ങൾ എന്നുതന്നെപറയാം. അവർ എഴുതിത്തുടങ്ങിയ കാലഘട്ടത്തിൽ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ വന്ന ഏതാനും പുസ്തക നിരൂപണങ്ങളും, ഒന്നു രണ്ട് ലേഖനങ്ങളുമാണ് സരസ്വതിയമ്മയെക്കുറിച്ചുള്ള മറ്റ് പഠനങ്ങൾ. അത്തരം പഠനങ്ങളിൽ അന്വേഷണത്തിൽ കണ്ടെത്താൻ പറ്റിയവ പന്ത്രണ്ടെണ്ണമാണ്. 'രമണി' എന്ന കഥയെക്കുറിച്ച് എസ്സ്.ജെ.കലാപതി 1943 നവംബർ 28ലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിയ ഒരു ലേഖനമാണ് സരസ്വതിയമ്മയുടെ കഥയെക്കുറിച്ചുവന്ന ആദ്യ നിരൂപണം എന്നു പറയാം. തുടർന്ന്, അവരുടെ കഥാസമാഹാരങ്ങളെക്കുറിച്ചുള്ള നിരൂപണങ്ങൾ മാതൃഭൂമിവാരികയിലും മലയാളരാജ്യത്തിലും, ഗ്രന്ഥാലോകത്തിലും, പുസ്തകനിരൂപണമായി വന്നിട്ടുണ്ട്. *ദേവദൂതി* എന്ന നാടകത്തെക്കുറി

ച്ചുള്ള പുസ്തകാഭിപ്രായം, അതേവർഷംതന്നെ, *പ്രേമഭാജനം* എന്ന പുസ്തകത്തെക്കുറിച്ച് എം.കെ.ആറിന്റെ നിരൂപണം, *കീഴ്ജീവനക്കാരി*യെക്കുറിച്ചുള്ള കെ.സുരേന്ദ്രന്റെ പുസ്തകാഭി പ്രായം, *പ്രേമഭാജനം, പെൺബുദ്ധി* എന്നീ പുസ്തകങ്ങളെക്കുറിച്ചുള്ള എൻ.പി. ദാമോദരന്റെ പുസ്തകനിരൂപണം, സി.പി.യുടെ *കനത്തമതിലി*നെക്കുറിച്ചുള്ള പുസ്തകാഭിപ്രായം, *പെൺ ബുദ്ധി*യെക്കുറിച്ചുതന്നെയുള്ള പി.എ.വാര്യരുടെ പുസ്തകനിരൂപണം, *വിവാഹസമ്മാനം, പ്രേമപരീക്ഷണം, ചുവന്നപൂക്കൾ* എന്നീ പുസ്തകങ്ങളെക്കുറിച്ചുള്ള എം.എസ്.മേനോന്റെ നിരൂപണം, *ചോലമരങ്ങളെ*പ്പറ്റിയുള്ള അദ്ദേഹത്തിന്റെതന്നെ പുസ്തകാഭിപ്രായം, *പുരുഷ ന്മാരില്ലാത്ത ലോകം* എന്ന ലേഖനസമാഹാരത്തെക്കുറിച്ച് പി.കെ. രാജരാജവർമ്മ എഴുതിയ നിരൂപണം, *പെൺബുദ്ധി*യെക്കുറിച്ചുതന്നെ ഗ്രന്ഥാലോകത്തിലെ ഗ്രന്ഥനിരീക്ഷണം, *പ്രേമഭാജന*ത്തെക്കുറിച്ച് മലയാളരാജ്യത്തിൽവന്ന ഗ്രന്ഥനിരൂപണം എന്നിവയാണ് കണ്ടെ ത്താൻ കഴിഞ്ഞവ. തുടർന്ന് ദീർഘകാലം എഴുതാതിരുന്ന സരസ്വതിയമ്മയെക്കുറിച്ച് നിരൂപണലോകവും ഏറെക്കുറെ മൗനം പൂണ്ടു.

1975ൽ സരസ്വതിയമ്മ മരണമടയുന്നതിന് തൊട്ടുമുമ്പായി മാതൃഭൂമി ആഴ്ചപ്പതി പ്പിൽ എം.ലീലാവതി എഴുതിയ 'സാഹിത്യത്തിലെ സ്ത്രീകളുടെ സംഭാവന' എന്ന ലേഖനം അവരെക്കുറിച്ചുള്ള ഉൾക്കാഴ്ചയോടുകൂടിയ ചെറിയൊരു പരാമർശംകൊണ്ട് ശ്രദ്ധേയ മാണെന്നു പറയാം. അവരുടെ മരണശേഷം, 1976ൽ കെ.സുരേന്ദ്രൻ മാതൃഭൂമി വാരിക യിൽ 'ഒറ്റപ്പെട്ട ഒരു പ്രതിഭാസം' എന്ന പേരിൽ എഴുതിയ ലേഖനം അവരുടെ വ്യക്തിജീ വിതത്തിലേക്ക് വെളിച്ചംവീശുന്ന ചില പരാമർശങ്ങൾകൊണ്ട് ശ്രദ്ധാർഹമാവുന്നു. 1982ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽതന്നെ ഡോ.കെ.രാഘവൻപിള്ള എഴുതിയ 'സ്ത്രൈണം, സ്വാത ന്ത്ര്യം, സ്ത്രീത്വം' എന്ന ലേഖനത്തിൽ മറ്റു കഥാകാരികളുടെ കൂട്ടത്തിൽ സരസ്വതിയ മ്മയെ അദ്ദേഹം വിലയിരുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെതന്നെ *അന്തർജ്ജനം മുതൽ അഷിതവരെ* എന്ന ഗ്രന്ഥത്തിന്റെ ആമുഖപഠനത്തിലും സരസ്വതിയമ്മയെ അദ്ദേഹം പരാ മർശിക്കുന്നുണ്ട്. *ജീവിത ദർശനം, സൗന്ദര്യബോധം* എന്ന ആണ്ടലാട്ടിന്റെ 1987ൽ പുറ ത്തിറങ്ങിയലേഖനസമാഹാരത്തിലെ 'ധാർമ്മികരോഷത്തിന്റെ കഥകൾ എന്നലേഖനം സരസ്വതിയമ്മയുടെ കഥകളെ വിലയിരുത്തുന്നുണ്ട്. അതേവർഷംതന്നെ പ്രസിദ്ധീക രിച്ച *അന്തർജ്ജനം മുതൽ മാധവിക്കുട്ടിവരെ* എന്ന പി.ഭാസ്കരനുണ്ണിയുടെ പുസ്തക ത്തിൽ സരസ്വതിയമ്മയെക്കുറിച്ച് ഒരു തൂലികാചിത്രം ഉൾപ്പെടുത്തിക്കാണുന്നുണ്ട്. എന്നാൽ 1992 മുതൽക്കാണ് സരസ്വതിയമ്മയെക്കുറിച്ചുള്ള ചർച്ച പഠനങ്ങളിൽ പ്രകടമായികാണുന്നത്.

ടി.എൻ. ജയചന്ദ്രൻ, സംസ്കാര കേരളം ത്രൈമാസികയിൽ എഴുതിയ 'ഹർഷഭരിതമായ ഒരുഗ്രസമരം' എന്ന ലേഖനവും, എം.എം.ബഷീറിന്റെ 'അബലയും, ചപലയുമല്ലാത്ത ഒരുവളെ തേടി' എന്ന ലേഖനവും, അദ്ദേഹത്തിന്റെ തന്നെ *മലയാളചെറുകഥാസാഹിത്യ ചരിത്ര*ത്തിലെ സരസ്വതിയമ്മയെക്കുറിച്ചുള്ള വിവരണവും ഈ കഥാകാരിയുടെ വ്യക്തിത്വത്തെ വിശകലനം ചെയ്യുന്നവയാണ്. സരസ്വതിയമ്മയുടെ നോവൽ, നാടകം, രണ്ട് ചെറുകഥകൾ ഇവയെക്കുറിച്ചുള്ള നിരൂപണം ഉൾക്കൊണ്ടതാണ് ഗീതയുടെ *ദേവദൂതികൾ മാഞ്ഞുപോവത്* എന്ന ലേഖനസമാഹാരം. മാതൃഭൂമിവാരികയിൽ പ്രസിദ്ധപ്പെടുത്തിയ ഗീതയുയുടെ തന്നെ 'പ്രേമത്തിന്റെ ഇഹപരങ്ങൾ', സരസ്വതിയമ്മയുടെ 'ചോലമരങ്ങൾ' എന്ന കഥയുടെ പുനർവായനയാണ്. സി.എസ്. ചന്ദ്രികയുടെ *കെ.സരസ്വതിഅമ്മ* എന്ന പുസ്തകം, അവരുടെ ഡയറിക്കുറിപ്പുകളെ ആധാരമാക്കിക്കൊണ്ട് തയ്യാറാക്കിയ ജീവിതരേഖകൂടി ഉൾപ്പെടുന്നതാണ്. എന്നാൽ കെ.എസ്.രവികുമാറിന്റെ *കഥയും ഭാവുകത്വപരിണാമവും* എന്ന ലേഖനസമാഹാരത്തിലെ 'പുനർജന്മം തേടുന്ന കഥാകാരി' എന്ന ലേഖനത്തിന്റെ അനുബന്ധമായി ഡയറിക്കുറിപ്പുകളെ ആധാരമാക്കി എഴുതിയ സരസ്വതിയമ്മയുടെ ജീവിതരേഖയാണ് കൂറേകൂടി ആധികാരികത പുലർത്തുന്നത്. അദ്ദേഹംതന്നെ സമാഹരിച്ച് എഡിറ്റു ചെയ്ത *കെ. സരസ്വതിയമ്മയുടെ സമ്പൂർണ്ണകൃതികളി*ലെ ആമുഖപഠനവും, അവരെക്കുറിച്ചുള്ള എസ്.ഗുപ്തൻനായരുടെ ഓർമ്മക്കുറിപ്പും, ജെ.ദേവികയുടെ പഠനവും, സവിശേഷശ്രദ്ധ അർഹിക്കുന്നവയാണ്. അവരുടെ കഥകളെക്കുറിച്ചുള്ള ചില നിരീക്ഷണങ്ങളാണ് വി.ആർ. സുധീഷിന്റെ 'തലച്ചോറുള്ള സ്ത്രീ', ഡോ.ജി. ഹേമലതാദേവിയുടെ 'കെ.സരസ്വതിയമ്മ' എന്നീ ലേഖനങ്ങൾ. സരസ്വതിയമ്മയെക്കുറിച്ച് വന്നിട്ടുള്ള പഠനങ്ങൾ ഏറെക്കുറെ ഇത്രയൊക്കെയേ ഉള്ളൂവെന്നുപറയാം. ഗവേഷണരംഗത്ത്, മറ്റ് കഥാകാരികളോടൊപ്പം സരസ്വതിയമ്മയേയും പഠനവിഷയമാക്കിക്കൊണ്ടുള്ള എൻ.കെ.രവീന്ദ്രന്റെ പിഎച്ച്.ഡി പ്രബന്ധമാണ് "സ്ത്രീ വിമോചനത്തിന്റെ പ്രശ്നങ്ങൾ മലയാളസാഹിത്യത്തിൽ –എഴുത്തുകാരികളുടെ സംഭാവനകൾ അടിസ്ഥാനമാക്കിയുള്ള ഒരു പഠനം", എസ്. പ്രിയയുടെ "സരസ്വതിയമ്മയുടെ ചെറുകഥകൾ–ഒരു പഠനം", കെ.സി. മാധവിക്കുട്ടിയുടെ "കെ.സരസ്വതിയമ്മയുടെ സ്ത്രീസങ്കല്പം–ചെറുകഥകളെ ആസ്പദമാക്കി ഒരു പഠനം" എന്നിവയാണ് മറ്റ് ഗവേഷണപ്രബന്ധങ്ങൾ. ഇവരണ്ടും എം.ഫിൽ. ബിരുദത്തിന് വേണ്ടി സമർപ്പിച്ചവയാണ്.

മേൽപ്പറഞ്ഞ പഠനങ്ങളിൽ ചിലതൊക്കെ മൗലികസ്വഭാവമുള്ളവയാണെങ്കിലും, സരസ്വതിയമ്മയുടെ കൃതികളുടെ ഭാഗികമായ വിലയിരുത്തലേയുള്ളൂ. ജീവചരിത്രാത്മകമായ പഠനത്തിന് വിധേയമാക്കിക്കൊണ്ട് അവരുടെ ജീവിതദർശനം വിശകലനം ചെയ്യുന്ന ഒരു സമീപനം അവയിൽ ഇല്ലെന്നുതന്നെ പറയാം. അവ മിക്കതും ലേഖനരൂപത്തിലുള്ള ലഘുനിരൂപണങ്ങളാണ്. ഒരു ഗവേഷണ പഠനത്തിലൂടെ മാത്രമേ അവരുടെ കൃതികളെ സമഗ്രമായി പഠിക്കാൻ സാധിക്കുകയുള്ളു. ആ നിലയ്ക്കുള്ള ആദ്യ പരിശ്രമമാണ് ഈ പ്രബന്ധരചന. ജീവചരിത്രാത്മകമായ അന്വേഷണത്തിലൂന്നിക്കൊണ്ടുള്ള പൂർവ്വപഠനങ്ങളുടെ അഭാവം ഈ പ്രബന്ധത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നുണ്ട്.

**പ്രഭവസാമഗ്രികൾ**

സരസ്വതിയമ്മയുടെ പ്രസിദ്ധീകരിക്കപ്പെട്ട കൃതികൾ കിട്ടാവുന്നിടത്തോളം ഈ പഠനത്തിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. അവരുടെ കഥകളെക്കുറിച്ച് ആനുകാലികങ്ങളിൽ വന്ന നിരൂപണങ്ങളും, അവരെക്കുറിച്ചുവന്ന പഠനങ്ങളും സ്വകാര്യസംഭാഷണത്തിൽ നിന്നും അവരെക്കുറിച്ച് ലഭിച്ചിട്ടുള്ള അറിവുകളും, അവരുടെ ഡയറിക്കുറിപ്പുകളും പഠനത്തിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

സരസ്വതിയമ്മയുടെ സ്വകാര്യ ജീവിതത്തെക്കുറിച്ചറിയാൻ സഹായകമായ അവരുടെ ഡയറിക്കുറിപ്പുകളെക്കുറിച്ച് ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കേണ്ടിയിരിക്കുന്നു. ഏകദേശം അഞ്ചു വയസ്സ് മുതൽക്കുള്ള അനുഭവങ്ങൾ ഡയറിയിൽ കുറിച്ചുവെച്ചതായികാണുന്നുണ്ട്. 30–09–1975ലെ ഡയറിക്കുറിപ്പാണ് അതേവർഷം ഡിസംബറിൽ സരസ്വതിയമ്മ മരിക്കുന്നതിന് മുമ്പായി എഴുതിവച്ചതിൽ അവസാനത്തേത്. നിത്യേന ഡയറി എഴുതുന്ന പതിവ് അവർക്കുണ്ടായിരുന്നില്ല. ചില ദിവസങ്ങളിലെ ചില കാര്യങ്ങൾ കൃത്യം തിയ്യതി എഴുതി, രേഖപ്പെടുത്തിയിട്ടുണ്ടെന്നു മാത്രം മുൻകാലങ്ങളിലെ ഡയറിക്കുറിപ്പുകളിൽ നിന്ന്, പ്രാധാന്യം തോന്നിയ വിവരങ്ങളാകാം, സംക്ഷിപ്തമായി കാലക്രമമനുസരിച്ച് മറ്റൊരു ഡയറിയിലേക്ക് പകർത്തിയെഴുതിയതായി കാണുന്നത്. 1973ലെ ഒരു ഡയറിയാണ് ഈ വിധം പകർത്തിയെഴുതാൻ ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് ഒരു പുസ്തകം എന്ന നിലയിൽ പ്രസ്തുതഡയറിയെ പരിഗണിച്ചുകൊണ്ട് അതിലെ തിയ്യതികളാണ് റഫറൻസ് നമ്പറായി ഈ പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നത്. ഈ തിയ്യതികൾക്ക് ഡയറിക്കുറിപ്പുകൾ എഴുതിയ തിയ്യതികളുമായി യാതൊരുബന്ധവുമില്ല.

ഡയറിക്കുറിപ്പുകൾ മിക്കവയും ചില സൂചനകളിലൊതുങ്ങുന്നവയാണ് ഒട്ടും വിവരണാത്മകമല്ല. ആത്മനിഷ്ഠമായ പ്രതികരണങ്ങൾ അതിൽ വിരളമാണെന്നുതന്നെ പറയാം. ചില കോഡുഭാഷകളും അവർ ഉപയോഗിച്ചതായി കാണുന്നുണ്ട്. ഇംഗ്ലീഷ് ഭാഷയിലെ 'C' എന്ന അക്ഷരം മൂത്തചേച്ചി ചെല്ലമ്മയേയും, 'B' എന്നത് കൊച്ചേച്ചി ഭവാനിയമ്മയേയും, 'S' എന്നത് തന്നെയുമാണ് സൂചിപ്പിക്കുന്നത്. അവരുടെ ജാതകക്കുറിപ്പ് പോലും ഡയറിയിൽ രേഖപ്പെടുത്തിയതായി കാണുന്നു. സരസ്വതിയമ്മയുടെ മുഴുവൻ കൃതികളുടെയും രചനാകാലവും പ്രസിദ്ധീകരണ വിവരങ്ങളും അടങ്ങുന്ന ഒരു പട്ടികയും, പ്രതിഫലമായി ലഭിച്ച തുകയുടെ കണക്കും, പഠിക്കുന്നകാലം തൊട്ടുള്ള ചെലവുകളുടെയും, സംഭാവനകളുടെയും കണക്കും ഡയറിയിലുണ്ട്. മുൻകാലത്തെ അനുഭവക്കുറിപ്പുകൾ ഡയറിയിലേക്ക് പകർത്തുന്നതിനിടയ്ക്ക് ഒന്നു രണ്ടു സ്ഥലത്ത് ചിലകാര്യങ്ങൾ കൂട്ടിചേർത്തു എഴുതിയതായി കാണുന്നുണ്ട്. വരികൾക്കിടയിൽ ചേർത്ത പ്രസ്തുതകാര്യങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോയതുകൊണ്ട് ചിലർ ചില തെറ്റായ നിഗമനങ്ങളിൽ എത്തിച്ചേരാൻ ഇടയായിട്ടുണ്ട്. സി.എസ്. ചന്ദ്രികയുടെയും ഡോ.ഹേമലതാദേവിയുടെയും ലേഖനങ്ങളിൽ വന്ന അത്തരം പാകപ്പിഴകൾ ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കട്ടെ. സി.എസ്.ചന്ദ്രികയുടെ *കെ.സരസ്വതിഅമ്മ* എന്ന പുസ്തകത്തിൽ സരസ്വതിയമ്മയുടെ ഡയറിയിലെ അച്ഛനെക്കുറിച്ചുള്ള പരാമർശങ്ങൾ തെറ്റായിട്ടാണ് വ്യാഖ്യാനിച്ചിരിക്കുന്നത്. "അച്ഛൻ സന്മാർഗ്ഗിയായിരുന്നില്ല, അതിനാൽ അമ്മയുടെ ജീവിതം പരാജയമായിരുന്നു, 1961ൽ അത് അമ്മ മകളോട് പറയുകയുണ്ടായി"[2] എന്ന ചന്ദ്രികയുടെ തെറ്റായ പരാമർശം ഡയറിയിലെ വരികൾക്കിടയിൽ പിൽക്കാലത്ത് സരസ്വതിയമ്മ എഴുതിചേർത്ത കാര്യങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോയതു കൊണ്ടു വന്നുചേർന്നതാണ്. ഡയറിയിലേക്ക് പകർത്തിയെഴുതിയത് ഈ വിധമാണ് – "I had a father who led an immoral life, paid no special consideration for his faithful wife (I am fortunate in this thing ie my mother was never Unfaithful to my father)"[3]. 1940ൽ സരസ്വതിയമ്മ, ടാഗോറിന് ഇംഗ്ലീഷിലെഴുതിയ കത്തിലെ അച്ഛനെക്കുറിച്ചുള്ള പരാമർശമാണിത്. എന്നാൽ പിൽക്കാലത്ത് 19–12–1973[4]–ൽ ഡയറിയിലേക്ക് പകർത്തിയെഴുതിയപ്പോൾ പ്രസ്തുതവരികൾക്കിടയിൽ ഇത്രയുംകൂടി അവർ ചേർത്തെഴുതിയിട്ടുണ്ട്. 'Today I am not so sure since in 1961 'C' told me of mother's first marriage & children and to sum it up his life was a waste, No I doubt this, He had all human Company and Care till his last breath"

ചേർത്തെഴുതിയ ഈ കാര്യങ്ങൾ my mother was never Unfaithful to my father എന്ന ഡയറിയിലെ was-ന്റെയും never-ന്റെയും ഇടയിൽ ഒരു നക്ഷത്ര ചിഹ്നം നൽകിക്കൊണ്ടാണ് സൂചിപ്പിച്ചിരിക്കുന്നത്. ടാഗോറിന് കത്തെഴുതിയ സമയത്ത്, അച്ഛനെയും, അമ്മയേയുംകുറിച്ച് അവർക്കുണ്ടായിരുന്ന ധാരണയ്ക്ക് പിൽക്കാലത്ത് വന്ന മാറ്റമാണ് ഈ വിധം സൂചിപ്പിച്ചിരിക്കുന്നത്. 'His life was a Waste' എന്നവരിയുടെ അവസാനം (1) എന്ന സൂചന നല്കിക്കൊണ്ടാണ് No I doubt this.... എന്ന് അവർ 1973ൽ തുടർന്ന് എഴുതിയിരിക്കുന്നത്. ഈ വരികൾ വേണ്ടത്ര ശ്രദ്ധിക്കാതെ, സി.എസ് ചന്ദ്രിക 1961ൽ അമ്മ അച്ഛന്റെ അസാന്മാർഗ്ഗിതകയെക്കുറിച്ച് മകളോട് പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു. 1961ൽ സരസ്വതിയമ്മയുടെ മൂത്തചേച്ചി ചെല്ലമ്മ അമ്മയുടെ ആദ്യ വിവാഹത്തെപ്പറ്റി പറഞ്ഞ കാര്യമാണ് ഈ വിധം വികലമായി ലേഖിക തന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതുപോലുള്ള പിശകുകൾ തന്നെയാണ് ഡോ.ജി.ഹേമലതാ ദേവിയുടെ ലേഖനത്തിലും കാണുന്നത്. അച്ഛനെക്കുറിച്ചുള്ള സരസ്വതിയമ്മയുടെ ആദ്യധാരണയെ മുൻനിർത്തിക്കൊണ്ട് ലേഖിക അവരെ ഇങ്ങനെ അവതരിപ്പിക്കുന്നു–''സ്വന്തം അച്ഛനെക്കുറിച്ചുള്ള പരാമർശം പ്രധാനമാണ്, സ്വന്തം ഭാര്യയെ അവഗണിച്ചു അച്ഛനെങ്കിലും, അമ്മ ഒരിക്കലും അവിശ്വസ്തയായില്ല എന്ന വരികളിൽ ഒരു തുള്ളി കണ്ണുനീരും, തിരിച്ചറിവിന്റെ ഒരു തേങ്ങലും, നിഷേധത്തിന്റെ വിരൽസ്പർശവും തിരിച്ചറിയാം''[5] എസ്. ഗുപ്തൻ നായരുടെ 'സതീർത്ഥ്യന്റെ ഓർമ്മകൾ' എന്ന അനുസ്മരണക്കുറിപ്പിൽ സരസ്വതിയമ്മയുടെ ഡയറിക്കുറിപ്പ് അദ്ദേഹം അപൂർണ്ണമായി ഉദ്ധരിച്ചതിനെ ആധാരമാക്കിയതുകൊണ്ടാണ് ലേഖികയ്ക്ക് ഈ അബദ്ധം പറ്റിയത്.

സരസ്വതിയമ്മയുടെ ഡയറിക്കുറിപ്പുകൾ വളരെസൂക്ഷ്മമായി പരിശോധിക്കേണ്ടവയാണെന്നും, അല്ലെങ്കിൽ ചില തെറ്റായ നിഗമനങ്ങളിലേക്ക് നയിക്കും വിധം ചിലയിടത്തൊക്കെ അവ അവ്യക്തവും, അപൂർണ്ണവുമാണ് എന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അവിവാഹിതയായ സരസ്വതിയമ്മയ്ക്ക് ബന്ധുക്കളായി ആരുംതന്നെ ഇല്ലെന്നാണ് അന്വേഷണത്തിൽ നിന്നും അറിയാൻ സാധിച്ചത്. എന്നാൽ അവരുമായി അടുത്തിടപഴകിയ ചില വ്യക്തികൾ ഇന്നും ജീവിച്ചിരിപ്പുണ്ട്. അവരുടെ ഉറ്റമിത്രമായിരുന്ന രാജലക്ഷ്മിയമ്മ, ശാരി, സഹപാഠിയായിരുന്ന പ്രൊ.ചാത്തന്നൂർ വി. കുഞ്ഞുശങ്കരപ്പിള്ള, അയൽവാസിയും സുഹൃത്തുമായിരുന്ന മാധവിക്കുട്ടി, അയൽപക്കക്കാരനായിരുന്ന പട്ടം ജി. രാമചന്ദ്രൻ നായർ, സുഹൃത്തായിരുന്ന ടി. എൻ. ജയചന്ദ്രൻ, അവസാനകാലത്ത് അവരുടെ ജോലിക്കാരി

യായിരുന്ന മാധവിക്കുട്ടി എന്നിവരാണ് അവരുമായി അടുപ്പമുണ്ടായിരുന്ന വ്യക്തികൾ. ഇവരുമായും, ഗുപ്തൻനായരുമായും നടത്തിയ അഭിമുഖ സംഭാഷണം ഈ പ്രബന്ധരചനയ്ക്കുള്ള വളരെ പ്രധാനപ്പെട്ട സാമഗ്രികളായി പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**പ്രബന്ധസ്വരൂപം**

ഈ ഗവേഷണ പ്രബന്ധത്തെ പഠനസൗകര്യത്തിനുവേണ്ടി ആറ് അദ്ധ്യായങ്ങളായി വിഭജിച്ചിരിക്കുന്നു. 'സരസ്വതിയമ്മയുടെ സാഹിത്യവും ജീവചരിത്രവും' എന്ന ഒന്നാമദ്ധ്യായത്തിൽ ജീവചരിത്രാത്മകമായ വിമർശനരീതിയെക്കുറിച്ച് സാമാന്യമായി പ്രതിപാദിച്ചിട്ടുണ്ട്. സരസ്വതിയമ്മയുടെ ഹ്രസ്വമായ ഒരു ജീവചരിത്രവും ഈ അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 'ആദ്യകാലകഥാകാരികളും, സരസ്വതിയമ്മയും' എന്ന രണ്ടാമദ്ധ്യായത്തിൽ, മലയാളത്തിലെ ആദ്യത്തെ കഥാകാരി ആര് എന്നതിനെക്കുറിച്ച് ഒരന്വേഷണം നടത്തുന്നുണ്ട്. ആദ്യകാലകഥാകാരികളിൽ നിന്നും, സമകാലികരായ എഴുത്തുകാരികളിൽനിന്നും സരസ്വതിയമ്മ എപ്രകാരം വേറിട്ടുനിൽക്കുന്നു എന്ന അന്വേഷണവും ഈ അദ്ധ്യായത്തിൽ നടത്തിയിട്ടുണ്ട്. 'വിവാഹം, മാതൃത്വം' എന്ന മൂന്നാമദ്ധ്യായത്തിൽ സരസ്വതിയമ്മയുടെ ജീവിതവുമായി ബന്ധപ്പെടുത്തി അവരുടെ കഥകളെക്കുറിച്ചുള്ള പഠനമാണ് നിർവ്വഹിച്ചിരിക്കുന്നത്. വ്യവസ്ഥാപിത ജീവിതത്തിൽ സ്ഥാപനവൽക്കരിക്കപ്പെട്ട ബന്ധങ്ങളായി വിവാഹത്തെയും, മാതൃത്വത്തെയും വീക്ഷിക്കുന്ന സരസ്വതിയമ്മയുടെ സവിശേഷമായ സ്ത്രൈണാവബോധത്തെ ഇതിൽ വിശകലനം ചെയ്യുന്നുണ്ട്.

'പ്രണയം രതി' എന്ന നാലാമദ്ധ്യായം 'പുരുഷവിദ്വേഷി' യായി മുദ്രചാർത്തപ്പെട്ട ഈ എഴുത്തികാരിയുടെ ഉൽകൃഷ്ടമായ പ്രണയ സങ്കല്പത്തെയാണ് അനാവരണം ചെയ്യുന്നത്. വ്യവസ്ഥാപിത സദാചാരബോധത്തിന് പോറലേൽപ്പിക്കുന്ന സ്ത്രൈണരതിയെ തന്റെ കഥകളിൽ സരസ്വതിയമ്മ ആവിഷ്കരിച്ചിരിക്കുന്നത് അവരുടെ വ്യതിരിക്തമായ സ്ത്രൈണാവബോധത്തിലടിയുറച്ചുനിന്നുകൊണ്ടാണെന്ന് വ്യക്തമായിട്ടുണ്ട്. 'സൗഹൃദം' എന്ന അഞ്ചാമദ്ധ്യായത്തിൽ സരസ്വതിയമ്മയുടെ ജീവിതത്തിലെ സുഹൃദ്ബന്ധങ്ങളും, കഥകളിൽ അത്തരം ബന്ധങ്ങളും, അനുഭവങ്ങളും ആവിഷ്കരിച്ചതും വിശകലനം ചെയ്തിരിക്കുകയാണ്.

'സരസ്വതിയമ്മയുടെ ജീവിതദർശനം' എന്ന ആറാമദ്ധ്യായത്തിൽ അവരുടെ ജീവിതദർശനമെന്തെന്ന് കണ്ടെത്തുകയും, എഴുത്തു ജീവിതത്തിലും, വ്യക്തിജീവിതത്തിലും

അവർക്ക് നേരിടേണ്ടിവന്ന പ്രതിസന്ധികളെ അപഗ്രഥിക്കുകയും, അവനിമിത്തം അവർക്കുണ്ടായ സ്വത്വ പ്രതിസന്ധിയെ വിശകലനം നടത്തുകയുമാണ്.

പഠനത്തിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന കണ്ടെത്തലുകളെയും, നിഗമനങ്ങളേയും 'ഉപസംഹാര'ത്തിൽ ക്രോഡീകരിച്ചിരിക്കുന്നു.

പഠനത്തിന് പ്രയോജനപ്പെടുത്തിയിട്ടുള്ള ഗ്രന്ഥങ്ങളുടെയും, ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും, വിവരങ്ങൾ ഒടുവിൽചേർത്ത ഗ്രന്ഥസൂചികയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ സരസ്വതിയമ്മയുടെ സമാഹാരങ്ങളിലുൾപ്പെടാത്തതും ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചതുമായ ഏഴു കഥകളും, ഒരു ലേഖനവും, അവരെ ആക്ഷേപിക്കാനായി പ്രസിദ്ധീകരിച്ചതെന്നു കരുതാവുന്ന ഒരു കഥയും അനുബന്ധമായി ചേർത്തിട്ടുണ്ട്.

ജീവചരിത്രാത്മകമായ പഠനരീതി അവലംബിച്ചുകൊണ്ട് സരസ്വതിയമ്മ എന്ന കഥാകാരിയെ കണ്ടെത്താൻ ശ്രമിക്കുന്ന ഈ ഗവേഷണ പ്രബന്ധത്തിന് ന്യൂനതകൾ കണ്ടേക്കാമെങ്കിലും മലയാളസാഹിത്യപഠനത്തെ ഇതു മുന്നോട്ടുകൊണ്ടുപോകുമെന്ന് ഗവേഷക പ്രത്യാശിക്കുന്നു.

ഈ ഗവേഷണപ്രബന്ധത്തിന്റെ രചനയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകിയത് കാലിക്കറ്റ് സർവ്വകലാശാലയിലെ മലയാളം പ്രൊഫസ്സർ ഡോ.എസ്. നാരായണനാണ്. പ്രബന്ധരചനയ്ക്ക് ഏറെ സഹായകമായിട്ടുള്ള അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾക്കും, അഭിപ്രായങ്ങൾക്കും ഞാനാദ്യം നന്ദിരേഖപ്പെടുത്തട്ടെ. കാലിക്കറ്റ് സർവ്വകലാശാല മലയാള വിഭാഗം അദ്ധ്യക്ഷനായിരുന്ന ഡോ.എൻ.ഗോപിനാഥൻ, ഇപ്പോഴത്തെ വകുപ്പദ്ധ്യക്ഷൻ ഡോ. പി.എം. വിജയപ്പൻ എന്നിവരോടുള്ള എന്റെ കടപ്പാട് നന്ദിയോടെ സ്മരിക്കുന്നു. പ്രബന്ധരചനയിൽ എനിക്ക് പ്രോത്സാഹനവും, നിർദ്ദേശങ്ങളും നൽകിയ ഡോ.കെ.എം.പ്രഭാകരവാര്യർ, ഡോ.ചാത്തനാത്ത് അച്യുതനുണ്ണി, ഡോ.ഡി.ബഞ്ചമിൻ, ഡോ.എം.എം. ബഷീർ എന്നിവരോട് ഞാൻ കൃതജ്ഞയാണ്.

അഭിമുഖസംഭാഷണത്തിനായി സമയമനുവദിച്ച്തന്ന് എന്നെ സഹായിച്ച പരേതനായ എസ്.ഗുപ്തൻ നായർ, രാജലക്ഷ്മിയമ്മ, ശാരി, പ്രൊഫ. ചാത്തന്നൂർ. വി. കുഞ്ഞുശങ്കരപ്പിള്ള, ടി.എൻ. ജയചന്ദ്രൻ, പട്ടം ജി. രാമചന്ദ്രൻ നായർ, മാധവിക്കുട്ടി എന്നിവരോട് എനിക്കുള്ള നന്ദി നിസ്സീമമാണ്. പുസ്തകങ്ങൾ തന്ന് എന്നെ സഹായിച്ച

പ്രൊഫ.ഏ.ജി.ഒലീന, എന്റെ തിരുവനന്തപുരം സന്ദർശനവേളകളിൽ എനിക്കേറ്റവും സഹായമായിട്ടുള്ള ഡോ.ആർ.ശ്യാമ, ഡോ.കെ.എസ്. പ്രകാശ് തുടങ്ങിയവരോടുള്ള നന്ദി മനസ്സിൽ സൂക്ഷിക്കട്ടെ. കോഴിക്കോട് സർവ്വകലാശാല മലയാളവിഭാഗത്തിലെ ലൈബ്രറി ജീവനക്കാരെയും, മറ്റ് അദ്ധ്യാപകരേതര ജീവനക്കാരെയും, പ്രത്യേകിച്ച് വേലായുധനെയും, അപ്പൻ തമ്പുരാൻ സ്മാരക ലൈബ്രറിയിലെ ഇന്ദിര, രാജേന്ദ്രൻ, മനീഷ എന്നിവരെയും ശ്രീ ചിത്തിര തിരുനാൾ ഗ്രന്ഥശാല ജീവനക്കാരെയും, പ്രബന്ധത്തിന്റെ ഡി.ടി.പി. ജോലി ഭംഗിയായി നിർവ്വഹിച്ച സുരഭിയേയും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

പ്രത്യേകം എടുത്തു പറഞ്ഞിട്ടില്ലെങ്കിലും ഈ പ്രബന്ധ രചനയ്ക്ക് എന്നെ സഹായിച്ച എല്ലാവരെയും ഈ അവസരത്തിൽ ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു.

**അടിക്കുറിപ്പുകൾ**

1. ടി. പദ്മനാഭൻ, 'സരസ്വതിയമ്മയ്ക്ക് അന്ത്യപ്രണാമം', *കെ.സരസ്വതിയമ്മയുടെ സമ്പൂർണ്ണ കൃതികൾ*, സമ്പാ. കെ.എസ്.രവികുമാർ (ഡി.സി.ബുക്സ്, കോട്ടയം, 2001), പു. 30.
2. സി.എസ്. ചന്ദ്രിക, *കെ. സരസ്വതി അമ്മ* (കേരള സാഹിത്യ അക്കാഡമി, 2000) പു.14.
3. സരസ്വതിയമ്മയുടെ ഡയറി, ജനുവരി 12, 1973.
4. ഈ കത്ത് ഡയറിയിലേക്ക് പകർത്തിയെഴുതിയ തിയ്യതി 19–12–1973 ആണെന്ന് കുറിപ്പിന്റെ അടിയിൽ ചേർത്ത തിയ്യതിയിൽ നിന്ന് മനസ്സിലാക്കാം.
5. ഡോ. ജി. ഹേമലതാ ദേവി 'കെ. സരസ്വതിയമ്മ', *കഥാപഠനങ്ങൾ,* (എഡി) പന്മന രാമചന്ദ്രൻ നായർ (ഡി.സി. ബുക്സ്, കോട്ടയം, 2006) പു. 68.

അദ്ധ്യായം ഒന്ന്

# സരസ്വതിയമ്മയുടെ സാഹിത്യവും ജീവചരിത്രവും

# സരസ്വതിയമ്മയുടെ സാഹിത്യവും ജീവചരിത്രവും

1938 മാർച്ച് 27–ാം തിയ്യതി മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച 'സീതാഭവനം' എന്ന കഥയോടെ മലയാളകഥാസാഹിത്യത്തിലേക്കു കടന്നുവന്ന എഴുത്തുകാരിയാണ് കെ. സരസ്വതിയമ്മ. തൊണ്ണൂറ്റിരണ്ട് ചെറുകഥകളും ഒരു നോവലും ഒരു നാടകവും, ആറുലേഖനങ്ങളും അടങ്ങുന്ന രചനാലോകമാണ്, സരസ്വതിയമ്മയുടേത്. 1958 ഫെബ്രുവരി 2 ലെ ജനയുഗം വാരികയിൽ 'ഉമ്മ' എന്ന കഥ പ്രസിദ്ധീകരിച്ചശേഷം അവരുടെ തൂലിക സാഹിത്യലോകത്ത് വ്യാപരിച്ചിട്ടില്ല. സ്വന്തം ജീവിതത്തിന്റെ ഡയറിക്കുറിപ്പുകൾ തന്നെയായ കഥാരചന കൈവിട്ട്, ഡയറിയെഴുതാൻ മാത്രമായി അവർ തൂലിക ചലിപ്പിച്ചു. ഇരുപതുവർഷക്കാലത്തോളം സജീവമായി കഥാരചനയിൽ ഏർപ്പെട്ടിരുന്ന സരസ്വതിയമ്മ തുടർന്ന്, പതിനേഴുവർഷക്കാലം മൗനം പാലിച്ചുവെന്നത് നിസ്സാരമായി കരുതേണ്ട ഒരു സംഗതിയല്ല. സരസ്വതിയമ്മയുടെ മരണാനന്തരം പ്രസിദ്ധപ്പെടുത്തിയ മാതൃഭൂമി വാരികയിൽ എം.ടി. വാസുദേവൻനായർ ഇക്കാര്യത്തെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തുന്നു: 'ഏകാന്തപഥികയായ ഈ എഴുത്തുകാരിയെപ്പറ്റി, അവരുടെ സുദീർഘമായ മൗനത്തെപ്പറ്റി, അറിയാൻ ഞാൻ ആഗ്രഹിച്ചിരുന്നു. പക്ഷേ, അവ്യക്തതയുടെ വഴിയറിയാക്കവലകളിൽ ഈ അന്വേഷണങ്ങൾ പരുങ്ങിനിന്നു. നീണ്ട നിശ്ശബ്ദത പാലിച്ച വലിയ ഒരെഴുത്തുകാരി മരിച്ചു'[1].

എഴുതപ്പെട്ട അവരുടെ സാഹിത്യം പോലെ തന്നെ, എഴുതപ്പെടാതെ പോയ ഈ മൗനവും അപഗ്രഥനവിധേയമാക്കേണ്ടിയിരിക്കുന്നു. അവരെ ഗ്രസിച്ച മൗനത്തിന്റെ വല്മീകം അല്പമെങ്കിലും അടർത്തിമാറ്റപ്പെടുന്നത് ടി.എൻ. ജയചന്ദ്രനും, കെ. സുരേന്ദ്രനും അവരുമായി നടത്തിയ അഭിമുഖവേളകളിലാണ്. എഴുതാതിരുന്നപ്പോഴും എഴുതാനിരിക്കുന്ന കൃതികളെ ഓർത്തുകൊണ്ടു മാത്രമാണ് താൻ ജീവിക്കുന്നതെന്നും, എഴുത്തില്ലെങ്കിൽ തനിക്കു ജീവിതസുഖമില്ലെന്നും സരസ്വതിയമ്മ വെളിപ്പെടുത്തുന്നുണ്ട്. എഴുതാതിരിക്കുന്നതിനു കാരണം ജീവിതത്തിലുണ്ടായ തീവ്രദുഃഖാനുഭവങ്ങളും, കുടുംബപരമായ ചില തീരാനഷ്ടങ്ങളും മുറിവുകളുമാണെന്നും വ്യക്തമാക്കുന്നതോടൊപ്പം മനോനില

വീണ്ടെടുത്തു കഴിഞ്ഞാൽ എഴുത്തിൽ വരുന്ന സരസ്വതിയമ്മ ഒരു പുതിയ ആളായിരിക്കും എന്ന പ്രത്യാശ പ്രകടിപ്പിക്കുന്നുമുണ്ട്[2]. എന്നാൽ മരിക്കുന്നതിനു ഏകദേശം രണ്ടാഴ്ച മുമ്പ് കെ. സുരേന്ദ്രൻ ആശുപത്രിയിൽ അവരെ സന്ദർശിച്ച വേളയിൽ അവർ ഇങ്ങനെ പറഞ്ഞു: 'എന്തു ചെയ്യാം! പേന എടുത്താൽ, വായിച്ചാൽ, സാഹിത്യത്തെപ്പറ്റി ചിന്തിച്ചാൽ ശരീരമാകെ വേദന, മനസ്സിനല്ല, ശരീരത്തിനു വേദന! തലയ്ക്കല്ല കൈകാലുകൾക്ക്! അതിഭയങ്കരമായ അലർജി'[3]. സാഹിത്യത്തോട് അലർജി തോന്നിത്തുടങ്ങിയ സരസ്വതിയമ്മയുടെ ഉപബോധത്തിന്റെ ഉഗ്രമായ ഈ ചോദനയുടെ പൊരുളറിയാതെ സുരേന്ദ്രൻ വിഹ്വലനാകുന്നു. എഴുതാതിരുന്നതിനെക്കുറിച്ച്, എസ്. ഗുപ്തൻനായർ അവരോട് അന്വേഷിച്ചപ്പോഴെല്ലാം വളരെ നിരാശയോടെ 'എന്തിനാ നായരെ, അധികമെഴുതുന്നത്'? എന്ന് അവർ തിരിച്ചു ചോദിക്കുകയുമുണ്ടായത്രേ[4].

കുടുംബത്തിലെ തീരാനഷ്ടങ്ങൾക്കും തീരാദു:ഖങ്ങൾക്കും പുറമേ സാഹിത്യജീവിതത്തോടുള്ള അവരുടെ വിരക്തിക്കും മറ്റ് ചില കാരണങ്ങൾ കൂടിയുണ്ട്. അവ കണ്ടെത്താൻ അവരുടെ ജീവിതപശ്ചാത്തലത്തിൽ ആ കഥകളെ പുനർവായിക്കേണ്ടിയിരിക്കുന്നു. സരസ്വതിയമ്മയിലെ പരസ്പരപൂരകങ്ങളായ കഥാകാരിയേയും, വ്യക്തിയേയും വിശകലനം ചെയ്യുന്നതിനായി, ഈ പശ്ചാത്തലത്തിൽ ജീവചരിത്രാത്മകമായ പഠനമാണ് കഥകളുടെ അപഗ്രഥനത്തിൽ കൂടുതൽ സ്വീകാര്യമായിരിക്കുക.

### I(1) ജീവചരിത്രം ആസ്പദമാക്കിയുള്ള സാഹിത്യപഠനം

കൃതിയോടൊപ്പം കർത്താവിനെയും പരിഗണിക്കുന്ന സാഹിത്യചിന്താപദ്ധതിക്ക് താരതമ്യേന ഭാരതീയ സാഹിത്യമീമാംസകരേക്കാൾ പാശ്ചാത്യസാഹിത്യചിന്തകരാണ് ഊന്നൽ നൽകിയിട്ടുള്ളത്. 'നാऋഷിഃ കവി' എന്ന സൂക്തത്തിൽ സാമാന്യമനുഷ്യരേക്കാൾ ഉയർന്നപദവി സാഹിത്യകാരന് കല്പിച്ചിട്ടുണ്ട്. ആ ദന്തഗോപുരത്തിൽ സാഹിത്യകാരനെ പ്രതിഷ്ഠിച്ചതു കൊണ്ടാകാം എഴുത്തുകാരന്റെ വ്യക്തിസത്തയെക്കുറിച്ച് അവർ കാര്യമായ വിശകലനമൊന്നും നടത്താതിരുന്നത്. പാശ്ചാത്യസാഹിത്യചിന്തയിലെ ആധികാരിക ഗ്രന്ഥമായ *പോയറ്റിക്സിൽ*, കവിത കവിയുടെ ഭാവനാത്മകമായ പുനഃസൃഷ്ടിയാണെന്നു അരിസ്റ്റോട്ടിലിൽ വ്യക്തമാക്കുന്നുണ്ട്. ജീവിതത്തെയും ജീവിതാനുഭവങ്ങളെയും പുനരാവിഷ്ക്കരിക്കാനുള്ള മാനുഷികവാസനയാണ് കലാസൃഷ്ടിക്കു നിദാനമെന്ന അഭിപ്രായം പിൽക്കാലത്ത് സർവ്വസമ്മതമായി അംഗീകരിക്കപ്പെട്ടു. സാഹിത്യ

ത്തെക്കുറിച്ചുള്ള പാശ്ചാത്യരുടെ ആദ്യകാലചിന്ത തന്നെ കൃതിയെ മാത്രം മുൻനിർത്തിക്കൊണ്ടുള്ളതല്ല, മറിച്ച് എഴുത്തുകാരനെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ്. തുടർന്നുണ്ടായ പാശ്ചാത്യസാഹിത്യചിന്തകളിൽ എഴുത്തുകാർ മിക്കപ്പോഴും നിർണ്ണായകമായ ഘടകമായി കടന്നുവന്നിട്ടുണ്ടെന്നു കാണാം. ഹോമറിന്റെ സർഗ്ഗപ്രതിഭ വാർദ്ധക്യം മൂലം ക്ഷയിച്ചതുകൊണ്ടാണ് *ഒഡേസ്സേക്ക്*, *ഇലിയഡി*നോളം കാവ്യഗുണമില്ലാതെ പോയതെന്ന് രണ്ടു കൃതികളേയും താരതമ്യപ്പെടുത്തിക്കൊണ്ട് ലോൻഗിനസ്സ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ലോൻഗിനസ്സിന്റെ ഈ നിരീക്ഷണം ബയോഗ്രഫിക്കൽ ക്രിട്ടിസിസത്തിന്റെ പ്രാരംഭം കുറിക്കുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്[5].

പതിനെട്ടാം ശതകത്തിലെ ഇംഗ്ലീഷ് സാഹിത്യവിമർശകൻ ജോൺസൺ സാഹിത്യകൃതികളിലെന്നപോലെ തന്നെ, സാഹിത്യകാരന്റെ ജീവചരിത്രപഠനത്തിലും തൽപ്പരനായിരുന്നു. *കവികളുടെ ജീവിതങ്ങൾ* (*Lives of Poets*) എന്ന ഒരു പ്രബന്ധസമാഹാരം തന്നെ അദ്ദേഹം എഴുതി. സാഹിത്യകൃതികളെ തൽക്കർത്താക്കളുടെ ജീവചരിത്രപശ്ചാത്തലത്തിൽ പഠിക്കാനുള്ള ബോധപൂർവ്വമായ ശ്രമം പാശ്ചാത്യവിമർശനസാഹിത്യത്തിൽ ആദ്യമായി കാണുന്നത് ഈ പ്രബന്ധസമുച്ചയത്തിലാണ്. 'കവിത ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും, കവിത കവിയുടെ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നുമുള്ള രണ്ട് മൗലികകാവ്യതത്ത്വങ്ങൾ ജോൺസന്റെ വിമർശനം സുവ്യക്തമാക്കുന്നു'[6]. പിൽക്കാലത്ത് സാഹിത്യചിന്തകനും ശരീരശാസ്ത്രജ്ഞനുമായ സാങ്ബോവ് ഈ സമ്പ്രദായത്തെ ശാസ്ത്രീയമായി വികസിപ്പിക്കുന്നതു കാണാം. കൃതികളെ തൽക്കർത്താക്കളുടെ ജീവിതവുമായി ബന്ധപ്പെടുത്തിക്കൊണ്ട്, വിശകലനം ചെയ്യുന്ന രീതി ഒരു വിമർശനപദ്ധതിയായി സാഹിത്യചരിത്രത്തിൽ ആദ്യമായി അവതരിപ്പിച്ചത് ഇദ്ദേഹമാണ്.

### I(2) സാങ്ബോവിന്റെ സമീപനം

1829 മുതൽ 1869 വരെ ഏതാണ്ട് നാല്പതു വർഷക്കാലം ഫ്രഞ്ച് സാഹിത്യത്തിൽ ജീവചരിത്രപരമായ വിമർശനരംഗത്ത് ശ്രദ്ധേയനായ സാഹിത്യചിന്തകനായിരുന്നു സാങ്ബോവ്. കാര്യം ഗ്രഹിക്കണമെങ്കിൽ, കവിയെ ഗ്രഹിക്കണമെന്ന തത്ത്വത്തിൽ നിലയുറപ്പിച്ചുകൊണ്ട്, അംഗീകൃതമായ കാവ്യനിയമങ്ങളാൽ കാവ്യങ്ങളെ വിലയിരുത്തുന്ന പരമ്പരാഗതമായ നിരൂപണരീതിയെ അദ്ദേഹം നിരാകരിച്ചു. അങ്ങിനെ അദ്ദേഹം എഴുത്തുകാരന്റെ വ്യക്തിത്വത്തിലൂന്നിക്കൊണ്ട് മൗലികമായ ഒരു വിമർശനതത്ത്വം അവതരി

പ്പിച്ചു. പുറത്തുനിന്നും അടിച്ചേൽപ്പിക്കുന്ന നിയമങ്ങൾ കലാകാരൻ അനുസരിക്കേണ്ട തില്ല. എന്നാൽ അയാൾ സ്വഹൃദയത്തിന്റെ, സ്വന്തം വ്യക്തിസ്വഭാവത്തിന്റെ, നിയമങ്ങൾക്കു വിധേയനാണ്. വ്യക്തിസത്തയിൽനിന്ന് ഒരാൾക്കും വിമുക്തനാകാൻ കഴിയില്ലല്ലോ. വ്യക്തിയുടെ ഉല്പാദനമായ സാഹിത്യത്തെക്കുറിച്ച് വിധി പറയുന്നതിനു മുമ്പ് നിരൂപ കൻ നിർമ്മാതാവിന്റെ വ്യക്തിത്വം പൂർണ്ണമായും ഗ്രഹിക്കണം. ഇതിനു ജീവചരിത്രപരമായ ഒരു സമീപനം വേണം. ശാസ്ത്രീയമായ മനുഷ്യസ്വഭാവപഠനം കൂടിയേ കഴിയൂ എന്നു സാങ്ബോവ് അഭിപ്രായപ്പെട്ടിട്ടുണ്ട്[7]. കൃതി കർത്താവിൽ നിന്നോ, അയാളുടെ മറ്റ് കൃതി കളിൽ നിന്നോ വിഭിന്നമല്ലെന്നും, ഏതൊരു കൃതിയും തനിക്കാസ്വദിക്കാൻ കഴിയുമെ ങ്കിലും അതിന്റെ കർത്താവിനെക്കുറിച്ച് ഒന്നുമറിയാതെ, ആ കൃതിയെ വിലയിരുത്താൻ സാധ്യമല്ലെന്നും പറഞ്ഞുകൊണ്ട് സാങ്ബോവ് നിസ്സംശയം പ്രസ്താവിക്കുന്നു: 'ഫലമറി യാൻ മരമേതെന്ന് അറിഞ്ഞാൽ മതി'[8]. സാഹിത്യകാരന്റെ വ്യക്തിത്വം മനസ്സിലാക്കി യാൽ സാഹിത്യസൃഷ്ടിയുടെ വൈശിഷ്ട്യം അറിയാമെന്നു ചുരുക്കം.

സാഹിത്യാസ്വാദകന്റെ കണ്ണുള്ള ഒരു ശാസ്ത്രജ്ഞനായിരിക്കണം നിരൂപകൻ. ശാസ്ത്രജ്ഞന്റെ ദൃഷ്ടിയോടെ അയാൾ സാഹിത്യകാരന്റെ വ്യക്തിസ്വഭാവം ഉരുത്തി രിഞ്ഞ പരിതഃസ്ഥിതികളിലേക്കു കടന്നുചെല്ലണം. സാഹിത്യകാരന്റെ വ്യക്തിസ്വഭാവത്തെ മനസ്സിലാക്കാൻ അയാളുടെ രാജ്യം, വംശം, സമൂഹം എന്നിവയെക്കുറിച്ച് മനസ്സിലാക്ക ണമെന്നും മാതാപിതാക്കൾ വിശേഷിച്ചും അമ്മ, എഴുത്തുകാരനിൽ ചെലുത്തിയ സ്വാധീ നത്തെക്കുറിച്ചും അടുത്ത കൂട്ടുകാരെയും ബന്ധുക്കളെയും കുറിച്ചും അറിഞ്ഞിരിക്കേ ണ്ടത് ആവശ്യമാണെന്നും സാങ്ബോവ് വ്യക്തമാക്കുന്നുണ്ട്. എഴുത്തുകാരനുൾപ്പെടുന്ന ഗ്രൂപ്പ്, കാവ്യരചന ആരംഭിച്ച ഘട്ടം എന്നിവയുടെ പ്രാധാന്യം സാങേബോവ് ഊന്നിപ്പറ യുന്നുണ്ട്. ഗ്രൂപ്പിന് എഴുത്തുകാരനെ രൂപപ്പെടുത്തുന്നതിൽ സവിശേഷമായ പങ്കുണ്ടെന്ന് അദ്ദേഹം വിശ്വസിക്കുന്നു. 'ഞാൻ ഗ്രൂപ്പിനെ നിർവ്വചിക്കുന്നത് ഒരു പ്രത്യേകലക്ഷ്യത്തി ലേക്കായി യാദൃച്ഛികമായോ ബോധപൂർവ്വമായോ ഒന്നിച്ചുകൂടിയ ബുദ്ധിമാന്മാരുടെ സമൂ ഹമെന്നല്ല, പിന്നെയോ, യുവമനസ്സുകളുടെയും, വിടർന്നുവരുന്ന പ്രതിഭാശാലികളുടെയും നിസ്സർഗ്ഗജവും സ്വാഭാവികവുമായ സമിതിയെന്നാണ്. അവർ എല്ലാവരും ഒന്നുപോലെ ആവണമെന്നില്ല, ഒരേ പ്രകൃതക്കാരാവില്ല, എന്നാൽ ഒരേ വിധത്തിലുള്ള താൽപ്പര്യമുള്ള വരും ഒരേ വികാസഘട്ടം പ്രാപിച്ചവരും ഒരേ സൂര്യന്റെ കീഴിൽ വിടർന്നവരും വിഭിന്ന രുചികളാണെങ്കിലും പൊതുവായ കർമ്മം നിർവഹിക്കാൻ പിറന്നവരും ആകും'[9]. ഒരു

കവി ഏതു ഗ്രൂപ്പിൽപ്പെട്ട ആളാണെന്നറിഞ്ഞാൽ പിന്നെ അദ്ദേഹത്തെ ഗ്രഹിക്കാൻ അത്ര ബുദ്ധിമുട്ടുണ്ടാവില്ല. ഇതേ പോലെത്തന്നെ പ്രധാനമാണു സാഹിത്യകാരനായി ഒരാൾ രംഗപ്രവേശം ചെയ്ത മുഹൂർത്തവും. എഴുത്തുകാരന്റെ 'പ്രായപൂർത്തിവരുന്ന ഘട്ടത്തിലെ സുഹൃദ്ബന്ധങ്ങൾ സർവ്വോപരി ഗണ്യമാണ്. കാരണം കലാകാരനെന്ന നിലയിൽ ഒരാളുടെ ജനനത്തിയ്യതി കുറിക്കുന്നത് ആ ഘട്ടമാണ്'[10]. ഈ വിധം എഴുത്തുകാരന്റെ വ്യക്തിത്വത്തെ സൂക്ഷ്മമായി വിശകലനം ചെയ്തു കഴിഞ്ഞാൽ അതിന്റെ പ്രകാശനമായ കൃതിയെ സമഗ്രമായി മനസ്സിലാക്കാൻ സാധിക്കും.

പിൽക്കാലത്ത് സാങ്ബോവിന്റെ തത്ത്വങ്ങൾക്കു വിരുദ്ധമായി ഇംഗ്ലീഷ് സാഹിത്യത്തിലെ അത്യാധുനിക കവി ടി.എസ്സ്. എലിയട്ട് കാവ്യം അവൈയക്തികമാണെന്നും അതിനാൽ വിമർശകൻ പഠിക്കേണ്ടതും പരിശോധിക്കേണ്ടതും വിശദീകരിക്കേണ്ടതും കാവ്യത്തെയാവണം കവിയെ അല്ല എന്നും അഭിപ്രായപ്പെടുന്നുണ്ട്. കവിതയെ കവിയുടെ സൃഷ്ടിയായി കാണുന്നതു ശരിയല്ല, കവി ആരെന്നുള്ളതു അപ്രസക്തമാകുന്നു. എന്തിനദ്ദേഹത്തിന്റെ സ്വകാര്യജീവിതത്തിലേക്കു വിമർശകൻ ചുഴിഞ്ഞിറങ്ങുന്നു? മനോവിജ്ഞാനീയ വിശാരദന് കവിയുടെ പക്ഷപാതങ്ങളെക്കുറിച്ച് ഏറെ പറയാനുണ്ടാവും. കവിയുടെ ബാല്യം, യൗവനം, വാർദ്ധക്യം, പ്രണയം, വിവാഹം, സമൂഹജീവിതം എന്നിവ പലതും അറിയുന്നതു രസാവഹമാണ്. എന്നാൽ ഇതു കാവ്യാസ്വാദന ശക്തിയെ വർദ്ധിപ്പിക്കുമെന്ന് എലിയട്ടിനു പക്ഷമില്ല[11].

എലിയട്ടിന്റെ അഭിപ്രായത്തിൽ സാഹിത്യകാരൻ വ്യക്തിപരമായ തന്റെ അനുഭവധാരകളെ അവൈയക്തികമായ സാമൂഹികതലത്തിലേക്ക് വികസിപ്പിക്കുകയാണ് ചെയ്യേണ്ടത്. തന്മൂലം വ്യക്തിനിരപേക്ഷമായ ഘടകങ്ങളാണ് അത്തരം കൃതികളുടെ അന്തഃശക്തിയെ നിയമനം ചെയ്യുന്നത്. എലിയട്ടിന്റെ ഈ ആശയത്തിന് അടിസ്ഥാനം ഭാരതീയ രസസിദ്ധാന്തവുമായി അദ്ദേഹത്തിനുള്ള പരിചയമായിരിക്കാം. കൃതികളുടെ രസാനുഭൂതിക്കു നിദാനമാവുന്നത് ഭാരതീയ കാവ്യമീമാംസകർ ചൂണ്ടിക്കാണിച്ച വിഭാവ –അനുഭാവവ്യഭിചാരീസംയോഗം തന്നെ എന്നതിൽ സംശയമില്ല. എന്നാൽ ചില കൃതികളുടെ ആസ്വാദ്യതയെ തൽകർത്താക്കളുടെ ജീവിതത്തെക്കുറിച്ചുള്ള അറിവ് പരിപോഷിപ്പിക്കും. എലിയട്ട് തന്നെ സൂചിപ്പിച്ചിട്ടുണ്ടല്ലോ കവിയുടെ ബാല്യം, യൗവനം, വാർദ്ധക്യം, പ്രണയം തുടങ്ങിയവയെപ്പറ്റി അറിയുന്നതു രസാവഹമാണെന്ന്. ഒരു സാധാരണ വ്യക്തി

യുടെ ഈ വക കാര്യങ്ങളറിയാൻ ആർക്കും പ്രത്യേക താല്പര്യമൊന്നുമുണ്ടാവില്ല. എന്നാൽ ഒരു എഴുത്തുകാരന്റെ സ്വകാര്യജീവിതത്തെക്കുറിച്ചറിയാൻ സവിശേഷതാല്പര്യമുണ്ടാവുന്നത് അയാളുടെ കൃതികൾ അറിയുന്നതുകൊണ്ടാണ്. കവിയുടെ സ്വകാര്യജീവിതത്തെക്കുറിച്ചുള്ള അറിവ് സഹൃദയരിൽ രസമുളവാക്കുമെന്ന എലിയട്ടിന്റെ അഭിപ്രായത്തിൽ കാവ്യാസ്വാദനത്തിനു അത്യന്താപേക്ഷിതമല്ലെങ്കിൽ പോലും കൃതിയെ അടുത്തറിയാൻ അത്തരം അറിവ് ചിലപ്പോഴെങ്കിലും സഹായകമാകുന്നുവെന്ന ധ്വനിയുണ്ട്.

കൃതിയെ കൃതിയായി മാത്രം ഗ്രഹിച്ച് ആസ്വദിക്കണമെന്ന വാദവും കൃതിക്കൊപ്പം കർത്താവിനെ ചേർത്തുവെച്ചുകൊണ്ടുമാത്രം വിശകലനം ചെയ്യണമെന്ന മറ്റൊരു വാദവും ആസ്വാദനതലത്തിൽ ഉയർന്നു വന്നിട്ടുണ്ട്. കൃതികളിൽ കാണുന്ന പരാമർശങ്ങളെ മുൻനിർത്തി അവയുടെ കർത്തൃത്വത്തെ സംബന്ധിച്ചുള്ള നിഗമനങ്ങൾ പലപ്പോഴും ആസ്വാദനതലത്തിൽ കടന്നുവരാറുണ്ട്. ആ നിലയ്ക്ക് ആസ്വാദനത്തെ സംബന്ധിച്ചുള്ള ആ രണ്ടു വാദങ്ങൾക്കിടയിൽ ഒരു മധ്യമാർഗം സ്വീകരിക്കുന്നതാവും ഉചിതം.

ആസ്വാദനപ്രക്രിയയിൽ കൃതി തന്നെയാണ് മുഖ്യമായിട്ടുള്ളത്. ഒരു സാഹിത്യകൃതി അതു എഴുതപ്പെട്ട കാലഘട്ടത്തിൽ ജീവിച്ച എഴുത്തുകാരന്റെ വ്യക്തിത്വത്തോട് പല നിലയ്ക്കും കടപ്പെട്ടിരിക്കുന്നുവെന്നതിനാൽ അതും കൂടി പരിഗണിക്കേണ്ടതാണ്. ഓരോ എഴുത്തുകാരനും സവിശേഷമായ ഒരു വ്യക്തിത്വത്തിനുടമയായിരിക്കും. ആ എഴുത്തുകാരന്റെ വ്യക്തിത്വത്തിനു തന്നെ പല അടരുകളുമുണ്ടാകും. കൃതിയിൽ അവ എപ്രകാരം പ്രത്യക്ഷപ്പെടുന്നുവെന്നതിനു പൊതുവായ യാതൊരു നിയമവുമില്ല. ഒരേ കാലഘട്ടത്തിൽ ജീവിച്ചിരുന്ന എഴുത്തുകാർ തന്നെ വിഭിന്നങ്ങളായ രചനാസത്ത ഉൾക്കൊണ്ടവരായിരിക്കും. കാരണം ഓരോരുത്തരുടേയും സ്വത്വബോധമനുസരിച്ചായിരിക്കും തങ്ങൾ ജീവിച്ച കാലഘട്ടത്തോട് അവർ പ്രതികരിക്കുന്നത്. എഴുത്തിൽ ഈ പ്രതികരണം സാക്ഷാത്കരിക്കുന്ന എഴുത്തുകാരൻ തന്നെ പലപ്പോഴും സാമൂഹ്യജീവി എന്ന നിലയിൽ വ്യക്തിജീവിതത്തിൽ മറിച്ചൊരു പ്രതികരണം കൈക്കൊള്ളുന്നതായും കാണാം. മുൻപ് സൂചിപ്പിച്ച വ്യക്തിത്വത്തിന്റെ വിഭിന്ന അടരുകളാണിത്. എഴുത്തുകാരന്റെ ബഹുമുഖവ്യക്തിത്വത്തിന്റെ സാധ്യതകളാണ് ഇങ്ങിനെ നിർണ്ണയിക്കപ്പെടുന്നത്. എഴുത്തുകാരന്റെ വ്യക്തിസത്ത സാഹിത്യജീവിതത്തിലും സാമൂഹികജീവിതത്തിലും പരസ്പരവിരുദ്ധമാകുമ്പോൾ, ആ എഴുത്തുകാരന്റെ ജീവിതത്തെ അടിസ്ഥാനമാക്കി കൃതികളെ

വിശകലനം ചെയ്യുന്നതു വളരെ കരുതലോടെ വേണം. എഴുത്തുകാരന്റെ സ്വകാര്യജീവിതത്തെക്കുറിച്ചുള്ള അറിവ് സത്യസന്ധമല്ലെങ്കിൽ അതിനെ അടിസ്ഥാനമാക്കി അയാളുടെ കൃതിയെ വിലയിരുത്തുന്നതിൽ പല പാകപ്പിഴകളും വന്നുചേരാം.

ഒരാളുടെ സ്വകാര്യജീവിതത്തെക്കുറിച്ചറിയാൻ അയാളുടെ ഡയറിക്കുറിപ്പുകളേയോ, ജീവചരിത്രത്തേയോ, അടുത്ത ബന്ധമുള്ളവരുടെ വാക്കുകളേയോ, സ്വകാര്യ കത്തുകളേയോ ആശ്രയിക്കേണ്ടി വരുന്നു. ഡയറിക്കുറിപ്പുകൾ തന്നെ പലപ്പോഴും അവ്യക്തവും അപൂർണ്ണവുമായിരിക്കും. മറ്റൊരാൾ വായിക്കണമെന്നു കരുതിയാവില്ല മിക്കവരും ഡയറി എഴുതുന്നത്. സരസ്വതിയമ്മയുടെ ഡയറിക്കുറിപ്പുകൾ അധികവും ചില സൂചനകളിൽ മാത്രമൊതുങ്ങുന്നവയാണ്. ആദ്യകാലങ്ങളിൽ എഴുതപ്പെട്ട ഡയറികളിലെ കാര്യങ്ങൾ പിൽക്കാലത്ത് മറ്റൊരു ഡയറിയിലേക്കു ചുരുക്കി എഴുതുകയാണ് അവർ ചെയ്തത്. ഏതാണ്ട് 1926 മുതൽ എഴുതിത്തുടങ്ങിയ ഡയറിയിൽ നിന്ന് പ്രധാനപ്പെട്ടവയെന്ന് തോന്നിയ ചില അനുഭവങ്ങളുടെ സൂചനകൾ എടുത്തെഴുതിയ 1973–ലെ ഡയറിയാണ് അവരുടെ സ്വകാര്യജീവിതത്തിലേക്കു ഒളിവീശുന്ന രേഖ. എഴുത്തുകാരന്റെ സ്വകാര്യജീവിതത്തെ സത്യസന്ധമായി മനസ്സിലാക്കിയെടുക്കുക എന്നത് പലപ്പോഴും ശ്രമകരമായ ഒരു ദൗത്യമാണ്. എഴുത്തിലും ജീവിതത്തിലും പരസ്പരവിരുദ്ധമായ വ്യക്തിസത്ത വെച്ചു പുലർത്തുന്നവരുടെ കാര്യത്തിൽ അത് തീർത്തും ശ്രമകരമാണെന്നു പറയാം.

ഭാവനാസൃഷ്ടമായ കലാജീവിതത്തിൽനിന്നും വ്യതിരിക്തമായി സാമൂഹിക ജീവിതത്തിൽ, വ്യക്തി എന്ന നിലയിൽ വേറിട്ടൊരു വീക്ഷണം കൈക്കൊള്ളുന്നവരാണ് മിക്ക എഴുത്തുകാരും. ഈ വിഭിന്നവീക്ഷണമായിരിക്കയില്ല അവർ കലയിൽ ആവിഷ്ക്കരിച്ചിട്ടുണ്ടാവുക. ബഹുമുഖവ്യക്തിത്വമുള്ള എഴുത്തുകാരുടെ കൃതികളെ ജീവചരിത്രാത്മകമായ പഠനത്തിനു വിധേയമാക്കുന്നതിൽ പരിമിതികളുണ്ട്. അതു ചിലപ്പോൾ കലാസ്വാദനത്തിൽ അപാകതകൾ ഉണ്ടാക്കിയേക്കാം എന്നു മുൻപ് സൂചിപ്പിച്ചിട്ടുമുണ്ടല്ലോ. എന്നാൽ വ്യക്തിസത്ത, സാഹിത്യജീവിതത്തിലും സാമൂഹികജീവിതത്തിലും ഒന്നായി പരിണമിക്കുന്ന അവസ്ഥ ചില എഴുത്തുകാരിൽ പ്രകടമായി തന്നെ കാണാറുണ്ട്. സ്വജീവിതത്തിൽ നിന്നും ഉരുത്തിരിഞ്ഞുണ്ടായ ദർശനം വ്യക്തിജീവിതത്തിലും സാഹിത്യരചനയിലും ഒരു പോലെ വെച്ചുപുലർത്തുന്ന ഇവരുടെ കൃതികൾ അവരുടെ ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന കണ്ണാടി തന്നെയാവും. അവരുടെ കലാദർശനം സ്വജീവിതവുമായി

ഇഴപിരിക്കാൻ പറ്റാത്തവിധം കൂടിച്ചേർന്നിരിക്കയാൽ അവരിലെ സ്വകാര്യവ്യക്തിയെ ആഴത്തിൽ മനസ്സിലാക്കുന്നത് കലാസ്വാദനത്തെ വിപുലമാക്കുകയേയുള്ളൂ. സരസ്വതിയമ്മയെ സംബന്ധിച്ചിടത്തോളം ഇതു പ്രസക്തമാണെന്നു കരുതാം. അവരുടെ വ്യക്തിസത്ത എഴുത്തുജീവിതത്തിലും സാമൂഹികജീവിതത്തിലും ധാരാളം സമാനതകൾ വെച്ചുപുലർത്തുന്നുണ്ട്. താൻ വിഭാവനം ചെയ്യുന്ന ലോകത്തെയും ജീവിതത്തെയും എഴുത്തിൽ സാക്ഷാത്കരിക്കാനും അതിനു വിരുദ്ധമായ സാഹിത്യലോകത്തോട് എഴുത്തിലൂടെയും ജീവിതത്തിലൂടെയും പ്രതിഷേധിക്കാനും സരസ്വതിയമ്മ ശ്രമിച്ചു. മറ്റ് പലരേയും പോലെ എഴുത്തിലൂടെ സ്വകാര്യലോകം (സ്വപ്നലോകം) സാക്ഷാത്കരിച്ചുകൊണ്ട്, സമൂഹമധ്യത്തിൽ സാധാരണക്കാരിയായി ജീവിക്കാൻ ഇവർക്കു കഴിഞ്ഞില്ല. ജീവിതമാകുന്ന നൂൽപ്പാലത്തിലൂടെ കടന്നുപോവാൻ വേണ്ട ഒരു ബാലൻസായി ഡബിൾ ആക്ട്[12] (ഇരട്ടവേഷം) സ്വീകരിക്കാൻ കഴിയാത്ത ഇവരെപ്പോലുള്ള ദുർല്ലഭം ചിലർക്ക് കലാജീവിതം തന്നെയാവും വ്യക്തിജീവിതവും. തന്മൂലം സാഹിത്യലോകത്തും സാമൂഹ്യലോകത്തും സരസ്വതിയമ്മ ഒറ്റപ്പെട്ട പ്രതിഭാസമായി. ഇങ്ങനെ കലാജീവിതവും, വ്യക്തിജീവിതവും പരസ്പരപൂരകമായി വർത്തിക്കുന്ന ഈ എഴുത്തുകാരിയുടെ കലാസൃഷ്ടികളെ അവരുടെ വ്യക്തിജീവിതവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യേണ്ടിയിരിക്കുന്നു.

ആനുഷംഗികമായി ഇവിടെ മറ്റൊരു കാര്യം കൂടി പരാമർശിക്കട്ടെ. വിഭിന്നങ്ങളായ എഴുത്തുസത്തയും വ്യക്തിസത്തയും വെച്ചുപുലർത്തുന്ന എഴുത്തുകാരന്റെ ജീവിതത്തെ അയാളുടെ കൃതികളെ മുൻനിർത്തി മനസ്സിലാക്കാൻ ശ്രമിക്കുന്നത് പലവിധത്തിലുള്ള ഏടാകൂടങ്ങളിൽ കൊണ്ടെത്തിക്കാൻ കാരണമാവും എന്നു സമർത്ഥിക്കുന്ന ചങ്ങമ്പുഴയുടെ ഒരു നിരീക്ഷണം നോക്കുക – 'സാഹിത്യത്തിൽ പ്രതിഫലിച്ചുകാണുന്ന ജീവിതത്തിനും അതിനുത്തരവാദികളായ സാഹിത്യകാരന്മാരുടെ ജീവിതത്തിനും തമ്മിലുള്ള പൊരുത്തത്തേക്കുറിച്ചു ചിന്തിയ്ക്കുമ്പോഴാണ് നാം അത്ഭുതപ്പെടുന്നത്. വിശ്വസാഹിത്യത്തിന്റെ കഥ പോകട്ടെ. നമ്മുടെ എളിയ ഭാഷാ സാഹിത്യത്തെ പരിശോധിച്ചു നോക്കാം. എഴുത്തച്ഛന്റെ ജീവിത ചരിത്രം ഇന്നും അന്ധകാരത്തിൽ മറഞ്ഞു കിടക്കുന്നതേയുള്ളൂ. പക്ഷെ അദ്ദേഹത്തെ സഹൃദയസമ്പന്നനും മൃദുലഹൃദയനും പരമഭക്തനുമായ ഒരു യതീശ്വരനായി നാം വാഴ്ത്തുന്നുണ്ട്. നമ്മുടെ ഈ സ്തുതികീർത്തനത്തിനു നിദാനം അദ്ദേഹത്തിന്റെ കൃതികളിൽ നിഴലിച്ചുകാണുന്ന ആദർശാത്മകമായ ജീവിതപ്രതിഫലനമാണ്.

അദ്ദേഹം എഴുതിയിട്ടുള്ളതെല്ലാം അദ്ദേഹം ജീവിച്ചുകാണും എന്നു നാം അനുമാനിക്കുന്നു. തന്മൂലം, കവിയെന്ന നിലയിൽ മാത്രമല്ല, മനുഷ്യൻ എന്ന നിലയിലും നാം ആരാധിക്കുന്നു. അതു തെറ്റാണെന്നു എനിക്കു വാദമില്ല. എന്നാൽ ലോകത്തിലെ കലാകാരന്മാരുടെ (സാഹിത്യ കാരന്മാരുടെ) ജീവചരിത്രങ്ങളിൽ ഏറിയ കൂറും അതിൽനിന്നും വിരുദ്ധമായിട്ടാണ് കാണുന്നത്. ഒരു സാഹിത്യകാരന്റെ കൃതികളിൽക്കൂടി അയാളുടെ ജീവിതസ്വഭാവം അനുമാനിക്കുന്നത് തെറ്റായ ഒരു പദ്ധതിയാണ്. വാല്മീകി തുടങ്ങിയ പ്രാചീനഭാരതീയാചാര്യന്മാരുടേയോ ആധുനികരിലും പാശ്ചാത്യരിലും അപൂർവ്വം ചില വ്യക്തികളുടേയോ കാര്യത്തിൽ രണ്ടിനും തമ്മിലുള്ള പൊരുത്തം പ്രത്യക്ഷപ്പെട്ടേക്കാമെങ്കിലും അത് ഒരിയ്ക്കലും സുരക്ഷിതവും വിശ്വാസയോഗ്യവുമായ ഒരു സംഗതിയല്ല. ഫ്രഞ്ചു സാഹിത്യകാരന്മാരായ മേപ്പസാങ്ങിന്റെയും സോളായുടേയും കൃതികൾ വായിച്ചിട്ട് അവരെ നാം മുൻപു പറഞ്ഞ തോതിൽ അളന്നുനോക്കിയാൽ അവർ വെറും കാമകോമരങ്ങളായേ നമുക്കു കാണുവാൻ കഴിയൂ. എന്നാൽ അവരോളം അടിയുറച്ച സന്മാർഗ്ഗനിഷ്ഠയോടുകൂടിയ സാഹിത്യകാരന്മാർ എവിടെയെങ്കിലും ജീവിച്ചിരുന്നോ എന്നു സംശയമാണ്'.

കലാസൃഷ്ടിയിൽ കാണുന്ന ആദർശദീപ്തി കലാകാരനിലും കാണണമെന്നു ശാഠ്യം പിടിയ്ക്കുന്നതു ശരിയല്ല[13]. ഇവിടെ മനസ്സിലാക്കേണ്ട പ്രധാന കാര്യം കൃതിയുടെ ജീവചരിത്രാത്മകപഠനത്തിൽ അനുവർത്തിക്കേണ്ട സൂക്ഷ്മതയാണ്. 'മരമേതെന്ന് അറിഞ്ഞാൽമതി ഫലമറിയാൻ' എന്നു സാങ്ബോവ് പറയുന്നതിന്റെ പൊരുൾ എഴുത്തുകാരന്റെ വ്യക്തിത്വത്തെ ആദ്യം മനസ്സിലാക്കുക, അതിലൂടെ കൃതിയെ സമഗ്രമായി മനസ്സിലാക്കാൻ ശ്രമിക്കുക എന്നതാണ്. ജീവചരിത്രാത്മകപഠനത്തിന്റെ അടിസ്ഥാനതത്ത്വം ഇതാണ്. മറിച്ച് ഫലത്തെ വിശകലനം ചെയ്തു മരമറിയാൻ ശ്രമിച്ചുകൂടേ എന്ന ചിന്തയിൽ കൃതിയിലൂടെ എഴുത്തുകാരന്റെ വ്യക്തിത്വമാരായാൻ ശ്രമിക്കുന്നത് വഴിതെറ്റിക്കുമെന്നു മേലുദ്ധരിച്ച ചങ്ങമ്പുഴയുടെ അഭിപ്രായം സാക്ഷ്യപ്പെടുത്തുന്നു. ഈ വിധം തെറ്റായ സമീപനം കൈക്കൊണ്ട് വികലമായ രീതിയിൽ കൃതികളുടെ വിലയിരുത്തൽ നടത്തിയ പലരും ജീവചരിത്രാത്മകമായ പഠനത്തെ സംബന്ധിച്ച് തെറ്റിദ്ധാരണകൾ ഉളവാക്കിയിട്ടുണ്ട്.

കുമാരനാശാന്റെ നായകന്മാരെ മുൻനിർത്തിക്കൊണ്ട് അദ്ദേഹത്തിന്റെ വ്യക്തിത്വത്തെക്കുറിച്ചു ചിലർ നടത്തിയ നിരീക്ഷണങ്ങൾക്കു പാകപ്പിഴവുകൾ വന്നിട്ടുണ്ട്. 'ആശാന്റെ നായകന്മാർ'[14] എന്ന ലേഖനത്തിൽ അതു ചൂണ്ടിക്കാണിച്ചുകൊണ്ട് അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തെ ആസ്പദമാക്കി കഥാപാത്രങ്ങളെ വിശകലനം ചെയ്തിരിക്കുന്നു.

കവിയെ നിർവ്വചിച്ചുകഴിഞ്ഞാൽ കാവ്യത്തെയും നിർവ്വചിച്ചുകഴിഞ്ഞു എന്ന സാങ്ബോവിന്റെ തത്ത്വത്തിലൂന്നി കൊണ്ടുള്ള കൃതികളുടെ ജീവചരിത്രാത്മകമായ പഠനം ചില എഴുത്തുകാരെ സംബന്ധിച്ചിടത്തോളമെങ്കിലും സംഗതമാണ് എന്നതുകൊണ്ടുതന്നെ ഈ രീതി നിരാകരിക്കേണ്ട ഒന്നല്ല. ഈ വിമർശനപദ്ധതിയിൽ എഴുത്തുകാരനെ ആദ്യം മനസ്സിലാക്കുക എന്നതാണു പരമപ്രധാനകാര്യം. ഇതുകൊണ്ടാണ് കവിയുൾപ്പെടുന്ന കൂട്ടായ്മ, കവിയായി രംഗപ്രവേശം ചെയ്ത സന്ദർഭം, അയാളുടെ ഭാവനയുടെ ചിറകുകൾ എന്നു വിരിഞ്ഞതു, ഏതു കൃതിയിലാണ് അതിന്റെ വികാസം കുറിക്കുന്നത് എന്നിവ വിശദമായി പഠിക്കേണ്ടതിന്റെ ആവശ്യകത സാങ്ബോവ് ചൂണ്ടിക്കാണിക്കുന്നത്. അത്രത്തോളമായാൽ കവിയേയും കാവ്യത്തേയും നിർവ്വചിക്കാം എന്നദ്ദേഹം അവകാശപ്പെടുന്നുണ്ട്. “സാങ്ബോവ് കവികളെക്കുറിച്ചു നൽകുന്ന നിർവ്വചനങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്”[15].

സരസ്വതിയമ്മ ആദ്യകഥയുമായി രംഗപ്രവേശം ചെയ്ത സന്ദർഭവും അവരുടെ ഭാവനയുടെ ചിറകുകൾ വിരിച്ചതും, അവരുടെ പ്രതിഭവികാസം കുറിക്കുന്ന കൃതികളേതെന്നും ഈ പ്രബന്ധത്തിലൂടെ അന്വേഷിക്കാൻ ശ്രമിച്ചിട്ടുണ്ട്. അങ്ങിനെ എഴുത്തുകാരിയെ ഗ്രഹിക്കുകയും അവരെ നിർവ്വചിക്കുകയും അതുവഴി കഥകളെ വ്യാഖ്യാനിക്കുകയുമാണു ചെയ്തിരിക്കുന്നത്. വ്യതിരിക്തമായ സ്ത്രൈണാവബോധം വെച്ചു പുലർത്തിയ സരസ്വതിയമ്മ വ്യവസ്ഥാപിതജീവിതത്തെ സാഹിത്യജീവിതത്തിലും വ്യക്തിജീവിതത്തിലും നിഷേധിച്ചു. അവർക്കു ജീവിതത്തെക്കുറിച്ച് ഒരു ആദർശസ്വപ്നമുണ്ടായിരുന്നു. അങ്ങേയറ്റം ഇച്ഛാശക്തി വെച്ചുപുലർത്തിയിരുന്ന സരസ്വതിയമ്മയ്ക്കു ജീവിതം ആദ്യം ‘ഹർഷഭരിതമായ ഒരുഗ്രസമരമാ’[16]യിരുന്നുവെങ്കിലും പിന്നീട് അത് നിരാശാനിർഭരമാവുകയും, പുനർജന്മത്തിൽ പ്രതീക്ഷയർപ്പിച്ചുകൊണ്ട് രക്ഷകനായ മരണത്തിനുവേണ്ടിയുള്ള കാത്തിരിപ്പായി മാറുകയും ചെയ്തു[17]. “അങ്ങേയറ്റം ജീവിതാസക്തിപൂണ്ട് ജീവിക്കാതെ മരിച്ചവരാണ് സരസ്വതിയമ്മ”.

**സരസ്വതിയമ്മയുടെ ജീവിതം**

സരസ്വതിയമ്മയുടെ കാലഘട്ടവും അവരടങ്ങുന്ന കൂട്ടായ്മയുടെ സ്വഭാവസവിശേഷതകളും അവരെ സ്വാധീനിച്ച വ്യക്തിബന്ധങ്ങളും അവരുടെ സ്വകാര്യജീവിതത്തിലേക്കു തെളിച്ചം വീശുന്ന ഡയറിയിലെ സൂചനകളും അവരുമായി അടുത്തിടപഴകിയവ

രുടെ അഭിപ്രായങ്ങളും സ്വരൂപിച്ചെടുത്ത് അവയെ അടിസ്ഥാനമാക്കി, കഴിവതും അഭ്യൂഹങ്ങൾ ഒഴിവാക്കി അവരുടെ ജീവിതത്തിന്റെ ഒരു ചിത്രം ഇവിടെ രേഖപ്പെടുത്തുകയാണ്.

1919 ഏപ്രിൽ 4–ാം തിയ്യതി (കൊ.വ. 1094, മീനം–21ന്, വ്യാഴാഴ്ച, കാർത്തിക നക്ഷത്രത്തിൽ) കുന്നപ്പുഴയിലെ കിഴക്കേകോട്ടയിൽ പത്മനാഭൻപിള്ളയുടെയും കാർത്ത്യായനിയമ്മയുടെയും മൂന്നു പെൺമക്കളിൽ ഇളയവളായി സരസ്വതിയമ്മ ജനിച്ചു. പാർവ്വത്യക്കാരനായ അച്ഛന്റെ വരുമാനമല്ലാതെ മറ്റ് സമ്പാദ്യമൊന്നും അവർക്കുണ്ടായിരുന്നില്ല. സരസ്വതിയമ്മ ജനിച്ചതിന്റെ പിറ്റേ ദിവസം തന്നെ അമ്മയുടെ തറവാട്ടിലെ കാരണവർ മരിച്ചതുമൂലം അവരുടെ ജനനത്തെ ഒരു ദുശ്ശകുനമായി മറ്റുള്ളവർ വ്യാഖ്യാനിച്ചു. വർക്കല ക്ഷേത്രത്തിൽ വെച്ച് ചോറൂണും പേരിടീലും നടന്നു. ലക്ഷ്മി എന്നാണു ആദ്യം പേരിട്ട് വിളിച്ചത്. പാല് കൊടുക്കൽ ചടങ്ങിൽ, അവർക്കു ആദ്യം പാൽ കൊടുത്ത കിഴവിയേയും പേരിടൽ കർമ്മം നിർവ്വഹിച്ച പോറ്റിയേയും പലപ്പോഴും ചേച്ചിമാർ, സരസ്വതിയമ്മയോടുള്ള വിരോധം കാരണം ചീത്ത പറഞ്ഞിരുന്നുവത്രേ. തറവാട്ട് വീട്ടിൽ വലിയമ്മയും വലിയമ്മാവനും അമ്മയുടെ മാതുലന്മാരും തമ്മിൽ സ്വത്തുതർക്കമുണ്ടായിരുന്നു. സദാകേസ്സും കൂട്ടവും നടന്നിരുന്നതായും അമ്മ കിണറ്റിൽ ചാടി ആത്മഹത്യയ്ക്കു ശ്രമിച്ചതായും സരസ്വതിയമ്മയുടെ ഡയറിയിൽ കാണുന്നുണ്ട്.

ഇങ്ങനെ പ്രക്ഷുബ്ധമായ ഗൃഹാന്തരീക്ഷത്തിലാണ് വളർന്നുവന്നതെങ്കിലും ബാല്യകാലത്തെക്കുറിച്ചുള്ള ചില മധുരാനുഭവങ്ങളും അവർ ഓർത്തുവെക്കുന്നുണ്ട്: 'അച്ഛൻ പട്ടണത്തിൽനിന്നും വരാറുള്ള ദിവസങ്ങളിൽ രാത്രി ചൂട്ടുവെളിച്ചം നോക്കിയിരിക്കൽ, സ്കൂളിൽ പോകാനുത്സാഹം, കൂട്ടുകാർ, മഴയത്തു ചേമ്പിലയും അച്ഛനുള്ളപ്പോൾ ശീലക്കുടയും, ഓമനത്തങ്കമേ എന്ന എഴുത്തുകൾ (3–ാം ക്ലാസ്സിൽ പഠിക്കുമ്പോൾ) മയിൽപ്പീലി പേജുകൾക്കിടയിൽ വെച്ച് പ്രസവിപ്പിക്കൽ, അച്ഛൻ വരുന്ന ദിവസങ്ങളിൽ ഉച്ചയ്ക്കൂണു കഴിഞ്ഞു സോഫയിൽ കിടന്നുള്ള കഥ പറച്ചിൽ, കുട്ടികളൊത്തു മത്സരിച്ചുള്ള പാട്ടുകൾ, അച്ഛനില്ലാത്തപ്പോൾ രാത്രി ഉറക്കം വരാത്ത കിടപ്പ്'[18]. കൊ.വ. 1101–1102 വരെ എഴുതിയ ഈ ഡയറിക്കുറിപ്പുകൾ, പിന്നീട് 1973–ൽ മറ്റൊരു ഡയറിയിലേക്കു എടുത്തെഴുതിയിടത്ത്, ബ്രാക്കറ്റിൽ എഴുതിയിട്ടുണ്ട് അച്ഛന്റെ അസാന്നിധ്യമല്ല, 'B'യുടെ നുണ കേട്ടുള്ള അമ്മയുടെ ശകാരമാണു ഉറക്കം വരാതെ കിടന്നതിനുള്ള കാരണമെന്ന് – വളരെ ആലോചിച്ചും വിശകലനം ചെയ്തുകൊണ്ടും പ്രസക്തമെന്നു തോന്നുന്ന കാര്യങ്ങൾ മാത്രമാണ്,

മുൻകാലഡയറിയിൽനിന്നും പിൽക്കാലത്തെ ഡയറിയിലേക്കു സരസ്വതിയമ്മ പകർത്തി യെഴുതിയതെന്നു ഇതിൽനിന്നും അനുമാനിക്കാം; അച്ഛൻ പറഞ്ഞുകൊടുത്ത കഥകളാണ് കഥകൾ വായിക്കാനും, പില്ക്കാലത്ത് കഥ എഴുതാനും അവരിൽ താല്പര്യമുണർത്തി യതെന്നു കരുതാം. സ്കൂൾകാലം മുതലേ അവർ കഥകൾ എഴുതാൻ തുടങ്ങിയിട്ടുണ്ട്. 1932 മുതലുള്ള കഥകളുടെ വിവരങ്ങൾ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപ്രകാശി തമായ ആ കൃതികൾ 'രത്നഗിരിയിലെ മരതകവല്ലി', 'ലളിതാങ്കം' (നാടകം) 'സരോജം', 'കമലാവതി', 'സ്നേഹശക്തി', 'പ്രണയ പശ്ചാത്താപം' എന്നിവയാണ്. ബാല്യകാലത്ത് പാടി രസിച്ചിരുന്ന ചില നാടൻപാട്ടുകളും ഡയറിയിൽ ഓർമ്മയിൽ നിന്നും അവർ എടു ത്തെഴുതിയിട്ടുണ്ട്.

സരസ്വതിയമ്മയ്ക്ക് ഒൻപത് വയസ്സുള്ളപ്പോൾ, തിരുവനന്തപുരത്ത്, പാൽക്കുള ങ്ങരയിലേക്കു ആ കുടുംബം താമസം മാറി. അവിടെ എൻ.എസ്.എസ് മിഡിൽസ്കൂളി ലും, പേട്ട ഗേൾസ് ഹൈസ്കൂളിലും പഠിച്ചു. കൊ.വ. 1107–ൽ റ്റി.സി. വാങ്ങി തനിയെ മിഡിൽസ്കൂളിൽ സരസ്വതിയമ്മ ചേർന്നതായി ഡയറിയിൽ എഴുതിയിട്ടുണ്ട്. ഏതുകാ ര്യവും സ്വപ്രയത്നം കൊണ്ട് നേടിയെടുക്കാനുള്ള തന്റേടം ആദ്യം മുതലേ അവരിൽ പ്രകടമായിരുന്നു. പിൽക്കാലത്ത്, പുരുഷാധിപത്യസമൂഹത്തിൽ, അവിവാഹിതയായി ഒറ്റയ്ക്കു കഴിയാനുള്ള ചങ്കൂറ്റം അവർക്ക് നല്കിയത് ഈ മനോധൈര്യമാണ്. മിഡിൽസ്കൂ ളിൽ വനജാക്ഷി, അംബുജാക്ഷി എന്നീ രണ്ടു കൂട്ടുകാരികൾ തന്നോടൊപ്പം ഇല്ലാതിരുന്ന കാര്യവും സൂചിപ്പിച്ചിട്ടുണ്ട് – പഴയ സൗഹൃദബന്ധങ്ങളെ അവർ മനസ്സിൽ കൊണ്ടു നട ന്നിരുന്നതിന്റെ തെളിവാകുന്നു പകർത്തിയെഴുതിയപ്പോഴും ഇക്കാര്യം ഡയറിയിൽ വിട്ടു പോയില്ല എന്നത്. സ്കൂൾ പഠനക്കാലത്ത് അവരുടെ ഉള്ളിൽ സ്വദേശിപ്രേമം കരുപ്പി ടിച്ചു എന്നതിന്റെ ധാരാളം സൂചനകൾ ഡയറിയിലുണ്ട്. 'വാചകങ്ങളിലൂടെ തീണ്ടൽ വിരോ ധം, വീട്ടിന്റെ മുറിയിൽ Be proud that you are an Indian etc. ക്ഷേത്രപ്രവേശന മാസ്സ് പെറ്റീഷനിൽ ഒപ്പ്, കൂട്ടുകാർ ചേർന്നു കഥയെഴുത്ത്, കേശവദാസ് വേലുത്തമ്പിദളവ നാടകം കാണൽ, നെഹ്രുവിന്റെ മുന്നിൽ തിരുവാതിരക്കളി'[19] തുടങ്ങിയ പരാമർശങ്ങൾ ബാഹ്യ ലോകവുമായി സംവദിക്കുന്ന ഒരു മനസ്സ് അവർക്കുണ്ടായിരുന്നതിനെ സാക്ഷ്യപ്പെടുത്തുന്നു.

സരസ്വതിയമ്മ വളർന്നതും, എഴുതിത്തുടങ്ങിയതുമായ കാലഘട്ടം തികച്ചും സംഘർഷഭരിതവും, പരിവർത്തനവിധേയവുമായ സാമൂദായിക–രാഷ്ട്രീയ പ്രശ്നങ്ങളു

ടേതായിരുന്നു. ധിഷണാവൈഭവവും, വായനാശീലവുമുള്ള സരസ്വതിയമ്മ ഇത്തരം പ്രശ്നങ്ങളെ അടുത്തറിയാൻ ശ്രമിച്ചിരുന്നു. അവരുടെ ഡയറിയിൽ വൈക്കം സത്യാഗ്രഹം, ക്ഷേത്രപ്രവേശന വിളംബരം, നായർറഗുലേഷൻ, ഗാന്ധിജിയുടെ മരണം, ശാസ്ത്രിയുടെ മരണം, കമ്മ്യൂണിസത്തിന്റെ സ്വീകാര്യത തുടങ്ങി സാമുദായിക-ദേശീയ സംഭവങ്ങളും ആശയപരമായ ചർച്ചകളും സ്ഥാനം പിടിച്ചിരുന്നു. ദേശീയ സാമൂഹിക പ്രശ്നങ്ങളിൽ സജീവ പങ്കാളിയായില്ലെങ്കിലും അവയെക്കുറിച്ച് എഴുതിയിട്ടില്ലെങ്കിലും അവർ സാമൂഹിക പ്രശ്നങ്ങളെ അനുഭാവപൂർവ്വം നോക്കിക്കണ്ടിരുന്നു. സ്ത്രീയുടെ സ്വാതന്ത്ര്യത്തിനും, സ്വത്വബോധത്തിനും ഏറെ പ്രാമുഖ്യം നല്കിക്കൊണ്ടുള്ള ഒരു സാമൂഹികവീക്ഷണമാണു കഥകളിൽ തെളിയുന്നത്. സ്കൂൾ പഠനകാലം മുതലേ നല്ല വായനാശീലമുണ്ടായിരുന്ന സരസ്വതിയമ്മ കിട്ടുന്ന പുസ്തകമെന്തും ഒറ്റയിരിപ്പിൽ വായിക്കുമായിരുന്നു. ഈ വായനാശീലത്തെപ്പറ്റി അവരുടെ കോളേജ് പഠനകാലത്തെ ഉറ്റസുഹൃത്ത് രാജലക്ഷ്മി സാക്ഷ്യപ്പെടുത്തുന്നുണ്ട്. വായിച്ചും സ്വയമനുഭവിച്ചും, സ്ത്രീകളുടെ പ്രശ്നങ്ങളെപ്പറ്റി അവർക്കു നല്ല ധാരണയുണ്ടായിരുന്നത്രേ[20]. രാജലക്ഷ്മിയുമൊത്തുള്ള കോളേജ് ലൈബ്രറിയിലെ വായനാനുഭവം സരസ്വതിയമ്മ തന്നെ ടി.എൻ ജയചന്ദ്രനുമായുള്ള അഭിമുഖ സംഭാഷണത്തിൽ വെളിപ്പെടുത്തുന്നുണ്ടല്ലോ[21]. വായിച്ചറിഞ്ഞ കാര്യങ്ങളെക്കറിച്ച് ഈ കൂട്ടുകാരികൾ ചർച്ചകളിൽ ഏർപ്പെട്ടിരുന്നുവത്രേ[22]. വായനയോടൊപ്പം ഇത്തരം സംവാദങ്ങളും ജീവിതാനുഭവങ്ങളും[23] അവരിൽ അടിയുറച്ച ഒരു സ്ത്രൈണാവബോധം വളർത്തിക്കൊണ്ടുവരാൻ സഹായകമായി. വുമൺസ് കോളേജിലേയും, ആർട്സ് കോളേജിലേയും പഠനകാലം അതിനുള്ള സാഹചര്യമൊരുക്കുകയും ചെയ്തു. ഗ്രൂപ്പിനു എഴുത്തുകാരെ രൂപപ്പെടുത്തുന്നതിൽ സവിശേഷമായ പങ്കുണ്ടെന്നു വിശ്വസിച്ചുകൊണ്ട് സാങ്ബോവ് അഭിപ്രായപ്പെട്ടിട്ടുള്ള എഴുത്തുകാരനുൾപ്പെടുന്ന ഗ്രൂപ്പിന്റെ പ്രസക്തി സരസ്വതിയമ്മയുടെ ജീവിതത്തിൽ അനുഭവപ്പെടുന്നതു അവരുടെ കോളേജ് പഠനക്കാലത്താണ്.

ക്ലാസ്സിൽ പലപ്പോഴും ഒന്നാം സ്ഥാനക്കാരിയായിരുന്ന സരസ്വതിയമ്മ, ചേച്ചിമാരേക്കാൾ പഠിപ്പിൽ മിടുക്കിയായിരുന്നു. താഴ്ന്ന ക്ലാസ്സിൽവെച്ചുതന്നെ പഠനം നിർത്തി, നേരത്തെ വിവാഹിതരായ ചേച്ചിമാർക്ക് അനുജത്തിയോട് സ്വാഭാവികമായും ഈർഷ്യയും അസൂയയും തോന്നിയിരുന്നു. ഒരിക്കൽ അച്ഛനും അമ്മയും പട്ടണത്തിൽ പോയ അവസരത്തിൽ ചേച്ചിമാരോടൊപ്പം വീട്ടുജോലിയിൽ സഹായിയായി സരസ്വതിയമ്മ ചോറി

നുള്ള അരി അരിച്ചു. ചോറിൽ ഒരു കല്ലുപോലും കാണാത്തതിന്റെ പേരിൽ അവർ പ്രശം സിക്കപ്പെട്ടതിൽ അസൂയപൂണ്ട ചേച്ചിമാർ പിന്നെ അവരെ വീട്ടുജോലിയിലും അടുപ്പി ക്കാതായി. സരസ്വതിയമ്മ സ്കൂളിൽ പഠിക്കുന്ന കാലത്തുണ്ടായ സംഭവമാണിത്[24]. ഈ വിധം ആദ്യം മുതലേ സ്വരചേർച്ചയില്ലാത്തതായിരുന്നു ഈ സഹോദരിമാർ തമ്മിലുള്ള ബന്ധം. പിൽക്കാലത്ത്, സരസ്വതിയമ്മയുടെ ജീവിതത്തിൽ പലവിധ ദുരനുഭവങ്ങൾക്കും ഇതു കാരണമായി. സഹോദരിമാരെക്കുറിച്ചുള്ള ഡയറിപരാമർശങ്ങൾ പൊതുവെ ഈർഷ്യാകലുഷമാണ്. അമ്മയെക്കുറിച്ച് ഏറെക്കുറെ നിർമമതയോട് കൂടിയ പരാമർശ ങ്ങളേ കാണുന്നുള്ളൂ. അതേസമയം അച്ഛനെക്കുറിച്ചുള്ള സൂചനകളിൽ മാനസിക മായ അടുപ്പം വ്യക്തമാവുന്നുണ്ട്. സിക്സ്ത്ത് ഫോമിൽ പഠിച്ചുക്കൊണ്ടിരിക്കുന്ന കാല ത്ത്, കൊ.വ. 1111– ൽ, ധനുപ്പരീക്ഷയ്ക്കിടയിലാണു അച്ഛന്റെ മരണം. മകൾ പഠിക്കുന്നു ണ്ടെന്നുള്ള സമാധാനത്തോടെ തനിക്ക് മരിക്കാമെന്നു അച്ഛൻ പറഞ്ഞതായി ഡയറിയിൽ സൂചിപ്പിച്ചിട്ടുണ്ട്[25]. കുടുംബബന്ധങ്ങളിൽ, അച്ഛനുമായുള്ള ബന്ധമാണ് സരസ്വതിയ മ്മയ്ക്ക് കൂടുതൽ തീവ്രമായി അനുഭവപ്പെട്ടതെന്നു കെ.എസ്. രവികുമാർ രേഖപ്പെടുത്തി യിരിക്കുന്നു. "അച്ഛൻ അമ്മയോട് ദാമ്പത്യത്തിൽ വിശ്വസ്തത പുലർത്തിയിരുന്നില്ല എന്നു അറിയാമായിരുന്നുവെങ്കിലും, തനിക്കു ഏറെ സ്നേഹം പകർന്നു തന്ന അച്ഛന്, സരസ്വതി യമ്മയുടെ മനസ്സിൽ വലിയ സ്ഥാനമുണ്ടായിരുന്നു അതുകൊണ്ടാണ് അങ്ങേയറ്റത്തെ സാമ്പത്തികഞെരുക്കം അനുഭവിച്ചുകൊണ്ട് ഇന്റർമീഡിയറ്റിനു പഠിച്ചിരുന്ന കാലത്ത് സ്കോളർഷിപ്പു തുകയിൽ നിന്നു അഞ്ചുരൂപ എടുത്തു സ്വന്തം നിലയിൽ അച്ഛന് അസ്ഥി ത്തറ കെട്ടിച്ചത്"[26]. ടാഗോറിനെഴുതിയ കത്തിലാണ്, അച്ഛൻ അമ്മയോട് ദാമ്പത്യബന്ധ ത്തിൽ വിശ്വസ്തത പുലർത്തിയിരുന്നില്ല എന്നു സൂചിപ്പിച്ചിരിക്കുന്നത്. എന്നാൽ ആ കത്ത്, പിൽക്കാലത്ത് ഡയറിയിലേക്കു പകർത്തിയെഴുതിയപ്പോൾ അവർ ഇത്രയും കൂടി എഴുതിച്ചേർത്തിട്ടുണ്ട്. "Today I am not so sure since in 1961 'C' told me of mother's first marriage, Now I doubt this, He had all human company and care till his last breath"[27] അമ്മയുടെ രണ്ടാം വിവാഹമായിട്ടും അച്ഛൻ അമ്മയ്ക്കു നൽകിയ മാനുഷിക പരിഗണനയെ മകൾ വിലമതിച്ചിരുന്നുവെന്ന സൂചനയാണ് ഇതിൽ തെളിയുന്നത്.

പാളയം ഗേൾസ് ഹൈസ്കൂളിൽനിന്നും ഒന്നാം സ്ഥാനം നേടി 1936–ൽ ഇ.എസ്. എൽ.സി. പരീക്ഷ അവർ ജയിച്ചു. അച്ഛന്റെ വേർപാടിലും, തളരാത്ത ഇച്ഛാശക്തിയോടെ

അവർ പഠിച്ച് മുന്നേറി. പക്ഷേ അച്ഛന്റെ മരണം മൂലം ചുമതലയേൽക്കാൻ ആരുമില്ലാ തായ അവസ്ഥയിൽ ഉപരിപഠനം അവർക്കു ഒരു പ്രശ്നമായി തീർന്നു. തുടർന്നു പഠിക്കാൻ സ്കോളർഷിപ്പു കിട്ടുമെന്നു പ്രത്യാശയോടെ രണ്ടാമത്തെ ചേച്ചിയെ സമീപിച്ചപ്പോൾ അവരുടെ പ്രതികരണമിതായിരുന്നു. "നീ ജയിച്ചാൽ നിനക്കു കൊള്ളാം, എനിക്കെന്ത് ?"[28]. വസ്തുവിറ്റെങ്കിലും പഠിപ്പിക്കാൻ അമ്മയോട് അവർ അപേക്ഷിച്ചു. ഒടുവിൽ വളയും, മാലയും പണയം വെച്ച്, വൈകി അപേക്ഷ കൊടുത്താണ് വിമൻസ്കൊളേജിൽ സയൻസ് ഗ്രൂപ്പെടുത്തു അവർ ഇന്റർമീഡിയറ്റിനു ചേർന്നത്. വീട്ടിലെ അന്തരീക്ഷം, പഠിപ്പിൽ ശ്രദ്ധി ക്കാൻ പറ്റാത്തതായിരുന്നു. എന്തിനു പഠിപ്പിക്കുന്നു എന്നു ചോദിച്ചുകൊണ്ട് ചേച്ചിമാർ നിരുത്സാഹപ്പെടുത്തിക്കൊണ്ടിരുന്നു. 'ദാരിദ്ര്യബോധം, ദാരിദ്ര്യഭീതി ജനിപ്പിക്കൽ, ക്ലാസ്സി ലിരുന്നു ഏങ്ങിക്കരച്ചിൽ'[29]. എന്നൊക്കെ അക്കാലത്തെക്കുറിച്ച് ഡയറിയിൽ എഴുതിയി ട്ടുണ്ട്. എന്തായാലും സരസ്വതിയമ്മയുടെ ജീവിതത്തിലെ ഏറ്റവും നിർണ്ണായകമായ ഒരു ഘട്ടമായിരുന്നു അച്ഛന്റെ മരണവും ഇന്റർമീഡിയറ്റ് പഠനവും!

കലാകാരൻ എന്ന നിലയിൽ ഒരു വ്യക്തിയുടെ ജനനം കുറിക്കുന്ന കൗമാരകാല ഘട്ടത്തിലെ സുഹൃദ്ബന്ധങ്ങൾ മറ്റെല്ലാറ്റിലുമുപരി പരിഗണിക്കേണ്ടതാണല്ലോ. ഇത്തരം സൗഹൃദങ്ങൾ സരസ്വതിയമ്മയുടെ കൗമാരജീവിതത്തിലും പ്രകടമാവുന്നുണ്ട്. അവരുടെ കൗമാരസുഹൃത്തായി ശാരി കടന്നുവന്നതും, ആ മൈത്രീബന്ധം ദൃഢമായതും, പിന്നീട് ശിഥിലമായതുമായ അനുഭവങ്ങൾ അവർ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. 'സീതാഭവനം' എന്ന കഥയുടെ പ്രസിദ്ധീകരണത്തിനു പിന്നിലെ ഒരു കഥയായിട്ടാണു അവരത് അഭിമു ഖത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത്: (ഒരു സമാഹാരത്തിലും ഇതുവരെ വന്നിട്ടില്ലാത്ത പ്രസ്തുത കഥ അനുബന്ധം – I ആയി ഈ പ്രബന്ധത്തിൽ ചേർത്തിട്ടുണ്ട്). "അതിന്റെ പിന്നിൽ ചെറിയൊരു കഥയുണ്ട്, കോളേജിൽ അന്നു ഏറ്റവും പ്രസിദ്ധയായ വിദ്യാർത്ഥിനി ശാരി എന്ന പ്രഭുകുമാരി ആയിരുന്നു. എല്ലാവരും ശാരിയുടെ സൗഹൃദപ്രാർഥികളായി നടന്നപ്പോൾ ഞാൻ അകന്നുമാറി നടന്നു. 'കഥയെഴുത്തുകാരി' എന്ന പ്രശസ്തി എന്റെ കൂട്ടുകാരുടെയിടയിലുണ്ടായിരുന്നതു കൊണ്ടോ എന്തോ ശാരി ഇങ്ങോട്ടു തേടി വന്ന പ്പോൾ എനിക്കടുക്കാതിരിക്കാൻ കഴിഞ്ഞില്ല. ഞങ്ങൾ അങ്ങനെ വേർപിരിയാത്ത കൂട്ടു കാരായി. എന്നെ കളിയാക്കി എല്ലാവരും 'ശാരിയുടെ സരസ്വതി' എന്നും രാജലക്ഷ്മി എന്ന കൂട്ടുകാരി 'ശാരിയുടെ പ്രാണസഖി' എന്നും, പിന്നീടു വെറും 'പ്രാണസഖി'

എന്നുമാണ് വിളിച്ചിരുന്നത്. ആയിടയ്ക്കു തന്നെ ശാരി വിവാഹിതയായി കോളേജ് വിട്ടു പോയി. വേർപാടിൽ അന്ന് എനിക്കുണ്ടായ ദു:ഖത്തിൽ എന്നോടു സഹതപിക്കുവാൻ മറ്റൊരു സുഹൃത്തുണ്ടായി – 'കോളേജ് മാഗസി'ന്റെ എഡിറ്ററും വലിയ വായനക്കാരിയുമായ രാജലക്ഷ്മി. കോളേജിലെ ഏറ്റവും വലിയ വായനക്കാരായിരുന്നു രാജലക്ഷ്മിയും ഞാനും. വായനയിലുള്ള അത്യാർത്തികൊണ്ടു പലപ്പോഴും കോളേജ് ലൈബ്രേറിയനെ 'മണി'യടിച്ചു ഞാനും രാജലക്ഷ്മിയും കൂടി കോളേജിൽ വന്നിരുന്ന 'മാതൃഭൂമി'യും 'മലയാളരാജ്യ'വും 'കൈരളി'യും മറ്റും കിട്ടിയ ഉടനെ ഒന്നിച്ചിരുന്ന് – ഒരേ കസേരയിലിരുന്ന് – വായിക്കുമായിരുന്നു. പല കഥകളും വായിച്ചതിനുശേഷം രാജലക്ഷ്മി പറയുമായിരുന്നു – ഇതിനെക്കാൾ എത്രയോ നല്ലതാണു പ്രാണസഖിയുടെ കഥകൾ. അതൊക്കെ ഈ വാരികകൾക്കു അയച്ചുകൊടുക്കൂ എന്ന്. കോളേജ് മാഗസിനിലേക്കു ഞാൻ കൊടുത്ത കഥയാണ് 'സീതാഭവനം'. മാഗസിൻ പ്രസിദ്ധീകരിക്കപ്പെട്ടില്ല. പെണ്ണുങ്ങളുടെ കാര്യമല്ലേ! അതങ്ങലസിപ്പോയി എന്നാണ് രാജലക്ഷ്മി പറഞ്ഞത്. ശാരിയുമായുള്ള വേർപാടുകൊണ്ടുള്ള ദു:ഖം തീവ്രമായിരിക്കുമ്പോഴാണ് രാജലക്ഷ്മി നിർബന്ധപൂർവ്വം എന്നെ പ്രേരിപ്പിച്ചത്, കഥ മാതൃഭൂമിക്ക് അയച്ചുകൊടുക്കാൻ"[30]. ഡയറിയിൽ, ആ കാലത്തെ അനുഭവക്കുറിപ്പിനിടയിൽ 'ശാരി x mas card' എന്നു കാണുന്നുണ്ട്[31]. ക്രിസ്തുമസ് ആശംസ ചൊരിഞ്ഞുകൊണ്ട്, അവരുടെ ഏകാന്തജീവിതത്തിലേക്കു കടന്നുവന്ന് അവരെ 'പ്രാണസഖി'യാക്കിയ ശാരിക്കയച്ച ആശംസാകാർഡിനെപ്പറ്റിയുള്ള സൂചനയാണിത്. ഇന്റർമീഡിയറ്റിനു പഠിച്ചിരുന്ന കാലത്തെ ചിലവുകൾ വ്യക്തമായി ഡയറിയിൽ കുറിച്ചിട്ടിടത്ത്, ക്രിസ്തുമസ് കാർഡിന്റെ വില മൂന്നണ, 8 പൈസ എന്നുവരെ രേഖപ്പെടുത്തിയിട്ടുണ്ട്. 21.6.1112–ൽ Frame to Sari's Photo എന്നതിനുനേരെ 12 അണ എന്നും കുറിച്ചിട്ടുണ്ട്;[32] ജന്മസിദ്ധമായ സ്നേഹബന്ധങ്ങളിൽ നിന്നും വ്യതിരിക്തമായ സ്നേഹം കിട്ടാനും കൊടുക്കാനും ആവേശം തോന്നുന്ന യുവമനസ്സിന്റെ തൃഷ്ണയെക്കുറിച്ച് അക്കാലത്തെഴുതിയ 'രമണി' എന്ന കഥയിൽ 'സുഷമ' എന്ന കഥാപാത്രം പറയുന്നുണ്ട്. അത്തരം സ്നേഹം പുരുഷനിൽ നിന്നുതന്നെ കിട്ടണമെന്നില്ലെന്നു ചിന്തിക്കുന്ന സുഷമ, ശാന്തിയിൽ അതു തേടുന്നു. സുഷമയിലും ശാന്തിയിലും പ്രകടമാവുന്ന മനോഭാവങ്ങളിൽ ശാരിയുടെയും തന്റെയും അക്കാലത്തെ മനോവികാരങ്ങൾ കലർന്നിട്ടുണ്ടെന്നു കഥാകാരി തന്നെ രാജലക്ഷ്മിയോട് വ്യക്തമാക്കീട്ടുണ്ട്[33].

സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള അവരുടെ കൗമാരമനസ്സിന്റെ ഉൾത്തുടിപ്പാണ്, സുഷമ എന്ന കഥാപാത്രത്തിലൂടെ ധ്വനിക്കുന്നത്. കൗമാരകാലത്തെ ആ സൗഹൃദബന്ധം മനസ്സിലേൽപ്പിച്ച പോറലിനെക്കുറിച്ച് മുപ്പത്തിരണ്ട് വർഷത്തിനുശേഷം ഒരഭിമുഖസംഭാഷണത്തിൽ അവർ ഓർത്തെടുത്തുപറയുന്നത് തീവ്രമായ ഈ ഉൾത്തുടിപ്പുകൊണ്ടു തന്നെയാണ്.

അച്ഛന്റെ മരണവും, ചേച്ചിമാരുടെ സ്പർദ്ധയും കൊണ്ട് സ്നേഹശൂന്യമായിത്തീർന്ന ഗൃഹാന്തരീക്ഷത്തിൽ നിന്നുള്ള ഒരു മോചനമായിരുന്നു അവർക്ക് ഇന്റർമീഡിയറ്റു പഠനക്കാലം. 'ശാരിയുടെ പ്രാണസഖി'യായി ഉല്ലാസത്തോടെ കഴിച്ചുകൂട്ടിയ കാമ്പസ് ജീവിതം സ്നേഹം പങ്കുവെയ്ക്കാനുള്ള മനസ്സിന്റെ മോഹസാക്ഷാത്കാരമായി മാറി. ദരിദ്രയായ അവർക്കു പ്രഭുകുമാരിയായ ശാരിയുടെ സൗഹൃദം ഒരുവേള വലിയൊരു അംഗീകാരവും അഭിമാനവുമായി തോന്നിയിരിക്കാം. എന്നാൽ പെട്ടെന്നു ശാരി വിവാഹിതയായി കോളേജ് വിട്ടുപോയത് സരസ്വതിയമ്മയ്ക്കു കനത്ത ഒരാഘാതമായി. ആ കാലത്തെ ഡയറിയിൽ 'ശാരിക്കു വെള്ളിക്കപ്പ്' എന്നു രേഖപ്പെടുത്തിയതിനിടയിലായി "correct instinct suppressed ആയി മാനസികക്കുഴപ്പത്തിന്റെ ആരംഭം"[34] എന്ന് എഴുതിയിട്ടുണ്ട്. ഈ വെള്ളിക്കപ്പ് സരസ്വതിയമ്മയുടെ വക ശാരിക്കുള്ള വിവാഹസമ്മാനമായിരുന്നു. സ്കോളർഷിപ്പു തുക കൊണ്ടുമാത്രം പഠനം തുടർന്ന സരസ്വതിയമ്മ, തന്റെ, സാമ്പത്തികപരാധീനതയിലും, സമ്പന്നയായ കൂട്ടുകാരിക്ക് വിവാഹസമ്മാനമായി 'വെള്ളിക്കപ്പ്' സമ്മാനിച്ചതിൽ സൗഹൃദത്തിന്റെ ദാർഢ്യവും ഉദാരതയുമാണു സ്ഫുരിക്കുന്നത്. ഡയറിയിൽ വെള്ളിക്കപ്പിനുവേണ്ടി വന്ന ചിലവ് ഈ വിധം കുറിച്ചിട്ടുണ്ട്. – 'കപ്പിന്റെ വില – നാലു രൂപ, 24 അണ, 8 കാശ്, കപ്പിൽ എഴുതാനുള്ള ചിലവ് – 14 അണ അയയ്ക്കാനായിട്ട് രണ്ടണ'[35]. അച്ഛന്റെ അസ്ഥിത്തറ കെട്ടാൻ ചിലവഴിച്ചതിനേക്കാൾ കൂടുതൽ തുക, കൂട്ടുകാരിയുടെ സമ്മാനത്തിനായി അവർ ചിലവഴിച്ചു. പണം ചിലവഴിക്കുന്നതിൽ കണിശക്കാരിയായ സരസ്വതിയമ്മ, പിന്നീട് ഈ ഉദാരത കാണിക്കുന്നത് അവശമായ അന്ത്യഘട്ടത്തിൽ, ക്ഷേത്രങ്ങൾക്കുള്ള വഴിപാടിലാണ്. കൂട്ടുകാരിയുടെ വിവാഹം അവരിൽ മാനസികക്കുഴപ്പത്തിനു കാരണമായെന്നു കരുതാം. പഠിപ്പിൽ മിടുക്കിയായിട്ടും സ്കോളർഷിപ്പോടുകൂടി പഠനം നടത്തിയിട്ടും ഇന്റർമീഡിയറ്റ് പരീക്ഷയിൽ സരസ്വതിയമ്മ പരാജയപ്പെടുകയാണുണ്ടായത്. കൂട്ടുകാരിയുടെ വിവാഹം മൂലമുണ്ടായ വിരഹം,

ഉല്ക്കടമായ വേദനയായിക്കൊണ്ടു നടന്ന ആ അവസരത്തിലാണു 'സീതാഭവനം' എന്ന കഥയിലൂടെ അവർ എഴുത്തുകാരിയായി രംഗപ്രവേശനം ചെയ്യുന്നത്. സാഹിത്യകാര നായി ഒരാൾ രംഗപ്രവേശം ചെയ്യുന്ന മുഹൂർത്തത്തിന്റെ പ്രാധാന്യം സാങ്ബോവ് ഊന്നി പ്പറയുന്നത് കഥാകാരിയായ സരസ്വതിയമ്മയുടെ കാര്യത്തിലും പ്രസക്തമാവുന്നുണ്ട്. വീട്ടു കാർ നിശ്ചയിച്ച വിവാഹത്തേയും കൂട്ടുകാരന്റെ വിവാഹാഭ്യർത്ഥനയേയും നിരസിച്ച 'സീതാഭവന'ത്തിലെ നായികയിലൂടെ സരസ്വതിയമ്മ, വിവാഹനിഷേധം പ്രമേയമാക്കി യുള്ള തന്റെ കഥകൾക്കു ഹരിശ്രീ കുറിച്ചു. തുടർന്ന് അറുപത്തിരണ്ട് കഥകളിലൂടെ അവർ ഈ മനോഭാവത്തെ ജീവിതത്തിന്റെ വ്യത്യസ്തപരിപ്രേക്ഷ്യങ്ങളിൽ അപഗ്രഥി ക്കുകയും ചെയ്തു.

ഇവിടെ ആനുഷംഗികമായി മറ്റൊരു നിരീക്ഷണം കൂടി – 'A Women's Own Room' എന്ന സീമോൺ ദബുവ്വയുടെ കാഴ്ചപ്പാട് സ്വാംശീകരിച്ചെന്നോണം സ്വന്തമാ യൊരു വീട് സ്വപ്രയത്നത്തിലൂടെ അവർ പണിതു. 'സിതാര' എന്ന പേരും അതിന് നൽകി. ആദ്യകഥയായ 'സീതാഭവനം' ഈ പേരിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടോ എന്നു വ്യക്തമല്ല. വിവാഹത്തെ മരണത്തിലൂടെ നിരാകരിച്ച കഥാനായിക സീതയുടെ ഭൗതികശരീരം വിശ്രമിക്കുന്ന ഇടമാണല്ലോ 'സീതാഭവന'മെന്ന പേരിൽ കഥയിൽ പരാ മർശിക്കപ്പെടുന്നത്. അവിവാഹിതയായ സീതയുടെ അന്ത്യവിശ്രമസ്ഥാനം കൂടിയാണു സീതാഭവനം. സിതാരയും ഒരവിവാഹിതയുടെ ഇളവേല്ക്കാനുള്ള ഇടമായിരുന്നല്ലോ.

താരുണ്യത്തിൽ മൊട്ടിട്ടു തുടങ്ങിയ സരസ്വതിയമ്മയുടെ സൗഹൃദബന്ധത്തെ കരി ച്ചുകളഞ്ഞ ക്രൂരവിധി തന്നെയായിരുന്നു ശാരിയുടെ വിവാഹം. ആദ്യവിവാഹബന്ധം തകരുകയും ഒരു രണ്ടാം വിവാഹത്തിലൂടെ ശാരി ഒരുന്നതോദ്യോഗസ്ഥന്റെ ഭാര്യയായി കേരളത്തിനു പുറത്ത് ഉയർന്ന പദവിയിൽ ജീവിക്കുകയും ചെയ്തു. പക്ഷേ ഇക്കാര്യങ്ങ ളെപ്പറ്റിയുള്ള സൂചനയൊന്നും ഡയറിയിലില്ല. ദാമ്പത്യബന്ധത്തിന്റെ ശൈഥില്യം സാക്ഷ്യ പ്പെടുത്തുന്ന പല കഥകളും പിൽക്കാലത്ത് രചിച്ച സരസ്വതിയമ്മ, ശാരിയുടേയും രാജലക്ഷ്മി യുടെയും ജീവിതത്തിലെ ചില അനുഭവമുഹൂർത്തങ്ങൾ കഥകളിൽ തൊടുത്തുവെച്ചി ട്ടുണ്ടത്രേ[36].

ഇന്റർമീഡിയറ്റിൽ നേരിട്ട തോൽവിമൂലം പഠിപ്പുതുടരാനാവാതെ, അശാന്തമായ ഗൃഹാന്തരീക്ഷത്തിൽ കഴിച്ചുകൂടേണ്ടിവന്നതു സരസ്വതിയമ്മയുടെ ജീവിതത്തിൽ

മനഃപ്രയാസമുളവാക്കിയ ഒരു ഘട്ടമായിരുന്നു. അമ്മയേയും ചേച്ചിയേയും ബാധിച്ചിരുന്ന ത്വക്‌രോഗം തന്നേയും പിടികൂടുമോ എന്നൊരു ഭീതി അവർക്കുണ്ടായിരുന്നു. മനസ്സമാധാനം നിശ്ശേഷം നശിച്ചപ്പോൾ അവർ ശ്രീകൃഷ്ണഭക്തിയിൽ സ്വാസ്ഥ്യം കണ്ടെത്താൻ ശ്രമിച്ചിരുന്നു. എന്നാൽ ഭക്തി ദുഃഖമേ തരൂ എന്നുപദേശിച്ചുകൊണ്ട്, കൊച്ചേച്ചി എപ്പോഴും അവരെ വേദനിപ്പിക്കാൻ ശ്രമിച്ചെന്നും പറയുന്നുണ്ട്. ആയിടയ്ക്കു തന്നോടുള്ള താത്പര്യം വ്യക്തമാക്കിക്കൊണ്ട് മാധവൻകുട്ടി എന്നൊരാൾ ഇംഗ്ലീഷിലെഴുതിയ കത്ത് അതേ പടി പകർത്തിയെഴുതിയത് ഡയറിയിൽ കാണുന്നുണ്ട്. അതിനോട് നീരസം പ്രകടിപ്പിച്ചുകൊണ്ടുള്ള അവരുടെ അന്നത്തെ പ്രതികരണം എന്തായിരുന്നുവെന്ന് ഡയറിയലെ ഈ കുറിപ്പ് വ്യക്തമാക്കുന്നു: “My Krishna, I see this art becoming more and more cruel to me as I pray for more and more love and mercy. Oh my Lord, This is the Third time I am given to pain by the malesex. Till now every one has believed in my innocence. But if this is to continue how can they help doubting me”[37]. പുരുഷാധിപത്യലോകത്ത് നിലനില്പിനായുള്ള പോരാട്ടവും രോഗഭീതിയും ഭയങ്കരമായ പാപബോധവും സന്യസിക്കാനുള്ള മോഹവും ചില സമയത്തെ മരണാഭിലാഷവും എല്ലാം അവരുടെ കൗമാരകാലത്തെ ജീവിതഗതിയെ സംഘർഷഭരിതമാക്കുന്ന ചിന്താവ്യാപാരങ്ങളായിരുന്നു. ഈ വിധം മനസ്വാസ്ഥ്യം നഷ്ടപ്പെട്ട അവർ, ഡയറിയിൽ ഇങ്ങനെ എഴുതിയിട്ടുണ്ട്: “എന്തു ചെയ്താലും കുറ്റം, ഒറ്റയ്ക്കിരുന്നാലോചിക്കാൻ സമ്മതിക്കില്ല, തെറ്റും ശരിയും നന്മതിന്മകളും തിരിച്ചറിയാത്ത, കണ്ണിൽ ഇരുട്ടു കേറുന്നു. അവസാനം ടാഗോറിനുള്ള കത്തു draft ചെയ്തു”[38]. ആ കത്ത് പൂർണ്ണമായും ഡയറിയിൽ എഴുതിയിട്ടുണ്ട്. സന്യാസിയാകാനാഗ്രഹിച്ചുകൊണ്ട്, ടാഗോറിന്റെ സഹായമഭ്യർത്ഥിച്ചുകൊണ്ടുള്ള പ്രസ്തുത കത്ത് അവർ അയക്കുകയും ചെയ്തു. എന്നാൽ, വാർദ്ധക്യസഹജമായ അസ്വാസ്ഥ്യം നേരിട്ടിരുന്ന ടാഗോർ, സരസ്വതിയമ്മയുടെ ആഗ്രഹത്തെ നിരാകരിച്ചുകൊണ്ടുള്ള മറുപടിയാണു നല്കിയത്.

ഒടുവിൽ, തോറ്റ പേപ്പറുകളെല്ലാം എഴുതിയെടുത്തശേഷം തുടർന്നുപഠിക്കാൻ സരസ്വതി യമ്മ തീരുമാനിച്ചു. മൂത്ത ചേച്ചിയുടെ മകൻ സുകുവിന്റെ ചുമതല ഏറ്റെടുത്തുകൊള്ളാമെന്ന കരാറിൽ അവരുടെ ധനസഹായത്തോടെയാണു സരസ്വതിയമ്മ പഠിത്തം തുടർന്നത്. ഗൃഹാന്തരീക്ഷം പഠിക്കാൻ അനുകൂലമല്ലെന്നതിനാൽ സയൻസ് ഗ്രൂപ്പ്

വേണ്ടെന്നു വെച്ചു.  കവി ചങ്ങമ്പുഴ കൃഷ്ണപ്പിള്ള, ആർട്സ് കോളേജിലുണ്ടെന്ന പ്രേരണ കൊണ്ട്, അവിടെ ബി.എ.യ്ക്കു ചേർന്നു.  ചങ്ങമ്പുഴയും എസ്. ഗുപ്തൻനായരും അന്ന വിടെ ബി.എ. ഓണേഴ്സിനു പഠിക്കുന്നുണ്ടായിരുന്നു.  ചങ്ങമ്പുഴയുടെ നിർദ്ദേശപ്രകാരം തോമസ് ഹാർഡിയുടെ നോവലുകൾ താൻ ആ കാലത്ത് വായിച്ചിരുന്നുവെന്നും. ഹാർഡി തന്നെ ഏറെ സ്വാധീനിച്ച എഴുത്തുകാരനാണെന്നും ടി.എൻ. ജയചന്ദ്രനോടുള്ള അഭിമുഖത്തിൽ അവർ വെളിപ്പെടുത്തിയിട്ടുണ്ട്. അന്നത്തെ കോളേജിലെ അനുഭവങ്ങൾ അവരുടെ കഥകളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.  വളരെ സ്വകാര്യമായിട്ടുള്ള ചില വ്യക്ത്യാനുഭവം പോലും അതിലൂൾപ്പെടുന്നുണ്ട്. വ്യവസ്ഥാപിതമായ സ്ത്രീസങ്കല്പങ്ങളെ പിന്തള്ളിക്കൊണ്ട്, സ്വതന്ത്രവും വ്യതിരിക്തവുമായ സ്ത്രീസ്വത്വത്തെ സരസ്വതിയമ്മ കഥയിൽ പ്രതിഷ്ഠിച്ചു.  ഇത് തന്നിൽ രൂപം കൊണ്ട സ്ത്രൈണാവബോധം തന്നെയായിരുന്നു.  ഒറ്റപ്പെട്ട ഈ വ്യക്തിത്വത്തെ സംശയദൃഷ്ടിയോടെ നോക്കിക്കണ്ട സഹപാഠികൾ ‘വട്ടുസരസ്വതി’ എന്നൊരു വട്ടപ്പേർ അവർക്കു ചാർത്തിക്കൊടുത്തതായി എസ്. ഗുപ്തൻനായർ സ്മരിക്കുന്നുണ്ട്[39].   അവരുടെ സ്വതന്ത്രമായ തുറന്ന പെരുമാറ്റം അവസാനകാലം വരെ പലരേയും തെറ്റിദ്ധരിപ്പിച്ചിരുന്നുവത്രേ[40].  ആർട്സ് കോളേജിലെ അദ്ധ്യാപികയായിരുന്ന ഈശ്വരിയമ്മയുടെ ശകാരത്തെക്കുറിച്ചുള്ള സൂചനയും[41] കോളേജിലെ മീനാക്ഷിയമ്മ സാറിനു തന്നോടുള്ള വിരോധത്തെക്കുറിച്ചുള്ള പരാമർശവും[42] വേറിട്ട സ്ത്രൈണവ്യക്തിത്വത്തിലൂന്നിക്കൊണ്ടുള്ള അവരുടെ സ്വഭാവത്തിന് അന്നേ നേരിടേണ്ടിവന്ന പീഡനത്തിന്റെ തെളിവുകളാണ്.  ഈയൊരു തിക്താനുഭവമാണു കഥകളിൽ പെൺപിള്ളേരെ കാര്യമില്ലാതെ ശകാരിക്കുന്ന പെൺസാറന്മാരുടെ സ്വഭാവവൈകല്യത്തെക്കുറിച്ചുള്ള പരാമർശത്തിനു കാരണം.  സ്ത്രീ–പുരുഷ മൈത്രി ആണിനെ കറക്കിയെടുക്കാനുള്ള പെണ്ണിന്റെ തന്ത്രമായി വ്യാഖ്യാനിക്കുകയും, വിവാഹത്തിലൂടെ സ്ത്രീയുടെ ആത്മാഭിമാനത്തെ വ്രണപ്പെടുത്തി അവളെ സ്വത്വാവബോധമില്ലാത്തവളാക്കി, അടിമയായി അധ:പതിപ്പിക്കുകയും ചെയ്യുന്ന സാമൂഹ്യജീവിത പരിസരത്തോടുള്ള ബോധപൂർവ്വമായ പ്രതിഷേധമായിരുന്നു അവരുടെ കഥകളും ഒരു പരിധിവരെ അവരുടെ അവിവാഹിതജീവിതവും.  എന്നിരുന്നാലും അബോധപ്രേരണകളെ അമർച്ച ചെയ്തുകൊണ്ട് സ്വകാര്യജീവിതത്തിലെ ചില പ്രലോഭനങ്ങളിൽ നിന്നും പിൻവാങ്ങിയത് പില്ക്കാലത്ത് അവരിൽ നിരാശയുളവാക്കിയിരുന്നുവെന്നു കാണാം.

1942–ൽ ബി.എക്ക് നല്ല മാർക്കോടെ സരസ്വതിയമ്മ വിജയം നേടി. തുടർന്ന് പെരുന്ന എൻ.എസ്.എസ്. വെർണാക്കുലർ സ്കൂളിൽ അദ്ധ്യാപികയായി ഒരു വർഷക്കാലം പഠിപ്പിച്ചു. ആ കാലത്ത് വീട് വിട്ട് താമസിച്ചിരുന്ന അവർക്ക് അമ്മ എഴുതിയ ഒരു കത്ത് ഡയറിയിൽ പകർത്തി വെച്ചിട്ടുണ്ട്. അവിടുത്തെ താമസത്തിനും ഭക്ഷണത്തിനും ചിലവ് അധികമാണെന്ന ഒരാക്ഷേപം അമ്മ കത്തിൽ സൂചിപ്പിക്കുന്നുണ്ട്. അതിനാൽ ജോലി കൊണ്ടുള്ള സമ്പാദ്യം വേണ്ടെന്നു പറഞ്ഞുകൊണ്ട് അവർ, മകളെ ഈ വിധം ഉപദേശിക്കുന്നു: "പക്ഷേ നിന്റെ പരോപകാരത്വം, ആഢംബരവും ഒന്നു നിറുത്തി ആരേയും അടുക്കാതെ ഒരുവിധം കഴിച്ചുകൂട്ടാൻ നോക്കണം . . . നിന്റെ കുപ്പിവളകളും അതൊന്നും കണ്ടാൽ ആർക്കും വിശേഷിച്ചും പെൺമക്കളുള്ള അമ്മമാർക്കു രസിക്കുകയുമില്ല. പിന്നെ എന്റെ ഇഷ്ടം മാത്രമാണോ നിന്റെ ഇഷ്ടം, സൗകര്യം പോലെയും നോക്കണം"[43]. അന്നത്തെ ചുറ്റുപാടിൽ പെൺകുട്ടികൾ അനുവർത്തിക്കേണ്ട അച്ചടക്കം സരസ്വതിയമ്മ തന്റെ സ്വഭാവത്തിൽ വെച്ചുപുലർത്തിയിരുന്നില്ലെന്നു കരുതാം. പിന്നീട്, ഒരദ്ധ്യയനവർഷം മുഴുവൻ നെയ്യാറ്റിൻകര സെന്റ് തെരേസാസ് കോൺവെന്റ് ഗേൾസ് ഹൈസ്കൂളിൽ ജോലി ചെയ്തു. കോൺവെന്റിലെ താമസവും അവിടുത്തെ ചുറ്റുപാടുകളും സരസ്വതിയമ്മയുടെ സ്വതന്ത്രമായ സ്വഭാവത്തിനു തീരെ യോജിച്ചുപോകുന്നതല്ലായിരുന്നു. അവിടത്തെ വാസത്തെക്കുറിച്ച് ഈ വിധം ഡയറിയിൽ കുറിച്ചിരിക്കുന്നു: "സ്നേഹം ഭാവിക്കലും ഉപകാരം പിടുങ്ങലും അസൂയ നിറഞ്ഞ ഉപദ്രവങ്ങളും ആകെ ദുരിതം"[44]. ഇതിനിടെ എഴുതിയ പി.എസ്.സി ടെസ്റ്റിൽ ഒന്നാം റാങ്ക് നേടിയ അവർ, 1945 ജനുവരി 9ന് ഗവൺമെന്റ് സർവ്വീസിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ ഉദ്യോഗസ്ഥയായി. തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസിലായിരുന്നു ആദ്യനിയമനം. സ്വാശ്രയനില കൈവന്നപ്പോൾ അവർ ആദ്യം സ്വന്തമായൊരു വീട് പണിതു. സുകുവിനോടൊപ്പം അവിടെ താമസം തുടങ്ങിയ അവരുടെ ജീവിതം, ഉദ്യോഗം ഭരിക്കലും വളർത്തു മകന്റെ സംരക്ഷണവും സജീവമായ സർഗ്ഗവ്യാപാരവും കൊണ്ട് പ്രതീക്ഷാനിർഭരമായി. 1944 ജൂണിൽ ആദ്യ പുസ്തകമായ *പ്രേമഭാജനം* പ്രസിദ്ധപ്പെടുത്തി. ആ നോവലിന്റെ പേരിൽ പല വിധത്തിലുള്ള ആക്ഷേപങ്ങളും അവർക്കു നേരിടേണ്ടിവന്നിരുന്നു. എന്നിട്ടും സാഹിത്യലോകത്ത് നിലയുറപ്പിച്ചുകൊണ്ട് അവർ ഒട്ടേറെ കഥകളും ലേഖനങ്ങളും എഴുതിക്കൊണ്ടിരുന്നു. 1946–ൽ മാത്രം പതിനഞ്ചോളം ചെറുകഥയെഴുതി. ഇങ്ങിനെ തനിക്കു അനുവാചകലോകത്തോട് സംവദിക്കാനുള്ളത് കഥയിലൂടെ വെളിപ്പെടുത്തിക്കൊണ്ടും ഒരു പരിധിവരെ

കഥയിൽ തന്നെ ജീവിച്ചുകൊണ്ടും അവർ ഒറ്റയ്ക്കു കഴിച്ചുകൂട്ടി. അതിന്റെ പേരിലും ഒരുപാടു അപവാദങ്ങൾ ഉയർന്നുവന്നുവെങ്കിലും തളരാതെ പിടിച്ചുനില്ക്കാനുള്ള തന്റേടം അവർ കാണിച്ചിരുന്നു.

ആ കാലത്ത്, വീട്ടിലെ കലുഷമായ അന്തരീക്ഷം അവർക്ക് വലിയ പ്രശ്നമായിരുന്നു. '1953 സെപ്റ്റംബറിൽ, Non-Gazetted Inspector ആയി പ്രമോഷൻ കിട്ടിയപ്പോൾ വീട്ടിൽ ലഹള കാരണം കുറേനാൾ ഉറങ്ങൾ കഴിഞ്ഞില്ല, ജോലി കൂടുതൽ കൊണ്ടാണെന്നു വിചാരം, സത്യത്തിൽ വീട്ടിലുള്ള ലഹള കാരണം'[45] എന്ന അനുഭവക്കുറിപ്പ് ഇതു വ്യക്തമാക്കുന്നു. 1959–ൽ ഓണത്തിനും പൂജവെയ്പിനും വീട് വിട്ട് അവർ ലീവെടുത്തു മദിരാശിയിൽ പോയി താമസിച്ചു. ആഘോഷവേളയിൽ, പലപ്പോഴും വീട്ടിൽ ഒറ്റപ്പെടുന്ന അവസ്ഥ അവർക്കു അസഹ്യമായിരുന്നു. ഈ കാലഘട്ടത്തിൽ അവരുടെ സർഗ്ഗവ്യാപാരത്തിന് താരതമ്യേന മങ്ങലേറ്റു തുടങ്ങിയിരുന്നു. 1958–ഓടെ സുകുവുമായുള്ള അവരുടെ ബന്ധത്തിൽ അസ്വാരസ്യങ്ങൾ ഉരുണ്ടുകൂടി. അതുവരെ കൂടെ താമസിച്ചിരുന്ന സുകുവിനു താമസം മാറേണ്ടിവന്നു. പിന്നീട് ജോലി സംബന്ധമായി, കോട്ടയത്തേക്കു പോകേണ്ടിയും വന്നു. 1961 – ഫെബ്രുവരി ആദ്യവാരം സരസ്വതിയമ്മ തൃശൂരാഫീസിലേക്കു സ്ഥലം മാറിപ്പോയി. അവിടെവെച്ചാണ് 1961 – ഏപ്രിൽ 9–നു സുകു മരിച്ച വിവരം അവർ അറിയുന്നത്. പോലീസ് ഉദ്യോഗസ്ഥനായിരിക്കേ അയാൾക്കു നേരിട്ട അപമൃത്യു സരസ്വതിയമ്മയ്ക്കു താങ്ങാനാവാത്ത ആഘാതമായി. 'ഈ പിണക്കവും, വേർപാടും, മരണവുമാണ് സരസ്വതിയമ്മയുടെ താളം തെറ്റിച്ച നിമിത്തം; അന്നു താഴെവീണുപോയ പേന പിന്നെ അവർക്കു വീണ്ടെടുക്കാൻ കഴിഞ്ഞില്ല'[46] എന്നു കെ. സുരേന്ദ്രനും അതിനെ പിന്താങ്ങിക്കൊണ്ട് സി.എസ്. ചന്ദ്രികയും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മുൻപേതന്നെ പ്രക്ഷീണമായിത്തുടങ്ങിയ അവരുടെ സർഗ്ഗവ്യാപാരം 1958–ൽ എഴുതിയ 'ഉമ്മ' എന്ന കഥയോടെ നിലച്ചുവെന്നു പറയാം. "അതായതു സുകുവിന്റെ മരണത്തിനു മൂന്നുകൊല്ലം മുമ്പേ അവർ എഴുതാതായി"[48] എന്ന് കെ.എസ്. രവികുമാർ രേഖപ്പെടുത്തിയിട്ടുമുണ്ട്.

സുകുവിന്റെ മരണം സരസ്വതിയമ്മയുടെ സ്വകാര്യജീവിതത്തെ കൂടുതൽ കർക്കശമാക്കുകയായിരുന്നു. മകന്റെ മരണത്താൽ സമനിലതെറ്റിയ മൂത്തചേച്ചിക്ക്, സരസ്വതിയമ്മയോട് കടുത്ത് വിദ്വേഷമുണ്ടായി. മേലുദ്യോഗസ്ഥർക്കു സരസ്വതിയമ്മയെക്കുറിച്ച് പരാതി

അയയ്ക്കുകയും, വീട്ടിൽ വന്നു ലഹളവെയ്ക്കുകയും ചെയ്യുക അവരുടെ പതിവായി. സ്വന്തം വീട്ടിൽ തങ്ങാൻ പറ്റാതെ, ഹോസ്റ്റലുകളിൽ ചെന്നു അഭയം പ്രാപിക്കേണ്ട ഗതികേട് വരെ സരസ്വതിയമ്മയ്ക്കുണ്ടായി. അങ്ങിനെ ജോലിസ്ഥലത്തും, വീട്ടിലും പൊറുതിമുട്ടിയ അവരുടെ മനോനിയന്ത്രണം തകർത്തുകൊണ്ട് മൂത്തചേച്ചി 1967, ഏപ്രിൽ 25ന് മണ്ണെണ്ണ ഒഴിച്ച് തീ കൊളുത്തി ആത്മഹത്യ ചെയ്യുകയും ചെയ്തു. അതിനുമുൻപ്, 1963 ഒക്ടോബർ 26–ന് അമ്മയും മരിച്ചു. ഈ കാലമത്രയും സരസ്വതിയമ്മ എഴുതാതിരുന്നതിനു കാരണം കലുഷിതമായ ഗൃഹാന്തരീക്ഷമാണെന്നു കരുതാൻ പറ്റില്ല. കലഹിക്കുന്ന കുടുംബാന്തരീക്ഷത്തിൽ ആദ്യം മുതലേ വളർന്നുവന്ന സരസ്വതിയമ്മയുടെ കഥാലോകത്തെ അതൊന്നും ബാധിച്ചിരുന്നില്ലല്ലോ. അപൂർവ്വം ചില സൂചനകൾ കഥാഗതിയിൽ പരോക്ഷമായി കാണാമെന്നല്ലാതെ, അവരുടെ കഥകളിൽ, കലഹിക്കുന്ന കുടുംബജീവിതം ഒരിക്കലും സ്ഥാനം പിടിച്ചിട്ടില്ല. താൻ വിഭാവനം ചെയ്തിരുന്ന ചില ജീവിതാദർശങ്ങളെ നിയമനം ചെയ്യുന്ന കഥാലോകത്താണ് എന്നും അവരുടെ സർഗ്ഗവ്യാപാരം കുടികൊണ്ടിരുന്നത്. ദുസ്സഹമായ കുടുംബാന്തരീക്ഷത്തിലും മുറയ്ക്കു കഥ എഴുതിയിരുന്ന അവർ, പിന്നീട് ഒന്നും എഴുതാതിരുന്നതിന് കാരണം മറ്റു പലതുമാവാം. ദുരനുഭവങ്ങൾ അവരുടെ ജീവിതത്തിൽ കടന്നുവരുന്നതിനു മുൻപായി, അവസാനമെഴുതിയ 'ഉമ്മ' എന്ന കഥ അവരുടെ പ്രക്ഷീണമായിക്കൊണ്ടിരുന്ന സർഗ്ഗവൈഭവത്തെ പ്രകടമാക്കുന്നു. കഥാസമാഹാരങ്ങളിൽ ഉൾപ്പെടാത്ത ഈ കഥ (അനുബന്ധം 8–ൽ കൊടുത്തിട്ടുണ്ട്) സരസ്വതിയമ്മ വിഭാവനം ചെയ്തിരുന്ന സ്ത്രൈണസ്വത്വത്തെ ദുർബലപ്പെടുത്തുന്ന ഒരനുഭവതലത്തെയാണു സൃഷ്ടിച്ചിരിക്കുന്നത്. കഥയിലെ, അധീരയായ നായികയ്ക്കു പറ്റുന്ന നിസ്സാരമായ ഒരബദ്ധത്തെ പെരുപ്പിച്ചുകാണിച്ചതിലുള്ള അസ്വാഭാവികത ഈ കഥയെ വികലമാക്കുന്നു. വേറിട്ട വീക്ഷണവും, കരുത്തുറ്റ ആഖ്യാനവും കൊണ്ട് മർമ്മസ്പർശിയായ നിരവധി കഥകൾ രചിച്ച സരസ്വതിയമ്മയുടെ തൂലികയ്ക്കുണ്ടായ ശക്തിക്ഷയമാണ് ഈ കഥ. സാഹിത്യലോകത്തേക്കു ഒരു തിരിച്ചുവരവ് നടത്താമെന്നവർ കരുതിയെങ്കിലും ആഗ്രഹിച്ചപോലെ അവർക്കു അതിനു കഴിഞ്ഞില്ല. എഴുത്തിലും ജീവിതത്തിലും ഒറ്റപ്പെട്ടുപോയ അവർക്കു നേരിടേണ്ടിവന്ന ആത്മസംഘർഷം വിശകലനം ചെയ്യേണ്ടതായിട്ടുണ്ട്. ആറാമദ്ധ്യായത്തിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുന്നുണ്ട്.

അങ്ങിനെ കഥാലോകം കൈവെടിഞ്ഞ കഥാകാരിയുടെ കടുത്ത ജീവിതാനുഭവ ങ്ങളുടെ സാക്ഷിപത്രങ്ങളായി അവരുടെ ഡയറിക്കുറിപ്പുകൾ മാത്രമാണ് ഏകരേഖയായി അവശേഷിക്കുന്നത്. സാഹിത്യലോകത്തു നിന്ന് പരിപൂർണ്ണമായും ഭക്തിയുടെ ലോക ത്തിലേക്കുള്ള രക്ഷപ്രാപിക്കലിലാണു അവരുടെ അവസാനകാലം ചെന്നെത്തുന്നത്. പിന്നീ ടുള്ള ജീവിതം നിരന്തരമായ ക്ഷേത്രദർശനത്തിനും ഈശ്വരാരാധനയ്ക്കും വേണ്ടി ഉഴി ഞ്ഞുവെച്ചു. ക്രമേണ ജോലിയോട് മടുപ്പ് തോന്നിത്തുടങ്ങിയ അവർ, ദീർഘകാലം അവ ധിയെടുക്കുകയും, ഒടുവിൽ 1973 ഫെബ്രുവരിയിൽ സ്വമേധയാപിരിയുകയും ചെയ്തു. ജോലിയിൽ നിന്നു വിരമിച്ചശേഷം, വായനയുടെ ലോകത്തിലേക്കോ, എഴുത്തിലേക്കോ തിരിച്ചുപോക്കുനടത്താൻ അവർക്കു കഴിഞ്ഞില്ല. 1973 നവംബർ 3ലെ ഡയറിക്കുറിപ്പ് എഴുതാനുള്ള മോഹം പ്രകടമാക്കുന്നുണ്ട്. "ഭഗവാനെ, ഈയൊരു പ്രാവശ്യം എന്നെ രക്ഷിച്ച്, സാഹിത്യരചനയ്ക്കു സൗകര്യമെനിക്കു തരൂ"[49]. എഴുത്തിനു തടസ്സമായി മുതു കിലുണ്ടായ ഒരു പരുവിനെക്കുറിച്ചുള്ള അവരുടെ വേവലാതിയാണ് ഈശ്വരനോടുള്ള ഈ പ്രാർത്ഥന. എഴുതാനുള്ള ആഗ്രഹം ഏറെക്കാലം തീവ്രമായികൊണ്ടുനടന്ന അവർക്ക് ഒടുവിൽ എഴുത്തു ഒരലർജിയായി മാറിപ്പോയി! എങ്കിലും തന്റെ കഥകളോട് ആഭി മുഖ്യം കാണിച്ചിരുന്ന സഹൃദയരെ അവസാനം വരേയും അവർ പരിഗണിച്ചതിന്റെ സൂച നകൾ ഡയറിയിലുണ്ട്. ആ കാലത്തും രാജലക്ഷ്മിയുമായി സജീവമായ സൗഹൃദബന്ധം അവർ വെച്ചുപുലർത്തിയിരുന്നു. കൂട്ടുകാരിയെ കഥയെഴുത്തിലേക്കു തിരിച്ചുകൊണ്ടു വരാനായി തന്റെ കൂടെ പാർപ്പിക്കാൻ തുനിഞ്ഞതും, സരസ്വതിയമ്മ അതിനു തയ്യാറാവാ തിരുന്നതും ഖേദത്തോടെ രാജലക്ഷ്മി അനുസ്മരിക്കുന്നുണ്ട്[50]. റേഡിയോ എക്കാലത്തും സരസ്വതിയമ്മയുടെ സന്തതസഹചാരിയായ കൂട്ടുകാരിയായിരുന്നു. റേഡിയോ വാങ്ങി യതിന്റെയും റിപ്പയർ ചെയ്യിച്ചതിന്റെയും പരാമർശങ്ങൾ ഡയറിയിൽ പലയിടത്തും കാണു ന്നുണ്ട്. 08.04.1974 ലെ ഡയറിക്കുറിപ്പിൽ "All my attachment here except the new radio is over"[51] എന്നവർ രേഖപ്പെടുത്തിയിട്ടുണ്ട്. പുറംലോകത്തെ ഉൾക്കൊള്ളാനുള്ള വാതായനങ്ങൾ ഇങ്ങിനെ തുറന്നുവെച്ചുകൊണ്ടുള്ള ഒരു ജീവിതമായിരുന്നു അവർ നയി ച്ചത്. ഇംഗ്ലീഷ് പുസ്തകവായനയിലും ഇംഗ്ലീഷ് സിനിമ കാണുന്നതിലും അവർക്ക് ഏറെ താത്പര്യമുണ്ടായിരുന്നു. ഫോട്ടോഗ്രാഫിയിൽ കമ്പമുണ്ടായിരുന്ന അവർക്കു (സ്വന്തമായി ക്യാമറ വാങ്ങി ഉപയോഗിച്ചതായി ഡയറിയിൽ സൂചനയുണ്ട്) ഫോട്ടോയിൽ ഇരിക്കാൻ

പൊതുവെ താൽപ്പര്യം കുറവായിരുന്നു. ബി.എ.യ്ക്കു പഠിച്ചുകൊണ്ടിരുന്നപ്പോൾ, ഒടുവിൽ എടുത്ത ഗ്രൂപ്പ് ഫോട്ടായിൽനിന്നും അവർ മനപ്പൂർവ്വം മാറിനിന്ന കാര്യം സഹപാഠിയായ പ്രൊ. കുഞ്ഞുശങ്കരപ്പിള്ള ഓർമ്മിക്കുന്നു[52].

മരിക്കുന്നതിനു ഒരു വർഷം മുൻപ്, റേഡിയോ ഒഴിച്ച്, മറ്റ് പലതിനോടുമുള്ള താൽപ്പര്യം ഓരോന്നായി സരസ്വതിയമ്മ വേർപെടുത്താൻ തുടങ്ങിയിരുന്നു. കുടുംബ സ്വത്തായ പുസ്തകങ്ങൾ കൊച്ചേച്ചിയെ ഏല്പിച്ചു. തന്റെ കുറേ പുസ്തകങ്ങൾ ലൈബ്രറിക്കു കൊടുക്കാൻ തീരുമാനിച്ചു. മൂത്തചേച്ചിയുടെ എഫ്.ഡി. രസീതും, സുകുവിന്റെ ഫോട്ടോബ്ലോക്കും, (കേരളകൗമുദി പത്രമാപ്പീസിൽനിന്നും അവർ അതു തിരിച്ചുവാങ്ങിയതിന്റെ സൂചന ഡയറിയിലുണ്ട്) ഫോട്ടോയും സ്മരണക്കുറിപ്പ് അച്ചടിച്ചുവന്ന കേരള കൗമുദി പത്രവും കൊച്ചേച്ചിയെ ഏല്പിച്ചു. ഒടുവിൽ 1974 ഒക്ടോബർ 2ന് തന്റെ സന്തതസഹചാരിയായ റേഡിയോ അപ്പുവിന് നല്കിക്കൊണ്ട്, അതുമായുണ്ടായിരുന്ന സുദീർഘ ബന്ധവും അവർ അവസാനിപ്പിച്ചു. അതിനുശേഷം, ഒരാഴ്ച കഴിഞ്ഞപ്പോൾ അവർക്കുണ്ടായ ഒരു വിചിത്രമായ ചിന്തയെപ്പറ്റി ഡയറിയിൽ ഇങ്ങനെ കുറിച്ചിട്ടുണ്ട്. "വൃത്തിയായി ഫ്രെയിം ചെയ്യാൻ വേണ്ടി കുറച്ചുദിവസം മുമ്പ് അമ്പലത്തിൽനിന്നും തിരിയെക്കൊണ്ടുവന്ന ഫോട്ടോകൾ, കാവിലെറിഞ്ഞുകളയണമെന്നു ഇന്നുച്ചയ്ക്കുമുതലൊരു ചീത്തതോന്നൽ. പക്ഷേ അങ്ങനെ ചെയ്യാൻ മനസ്സുവരാത്തതുകൊണ്ട്, ചിലതു ശാസ്താക്ഷേത്രത്തിന്റെ വാരിയിലും, ബാക്കി വടക്കുവശത്തെ ബലിക്കല്ലിന്റെ ഇടയിലും കേറ്റിവച്ചു. പക്ഷേ രാത്രി (12 മണിക്ക് ഡയറിയെഴുതുമ്പോൾ) വലിയ ഭയവും ദു:ഖവും പിറ്റേന്നത്തേക്ക് അവ എത്രത്തോളം ചീത്തയായിപ്പോയിട്ടുണ്ടാവും എന്ന്"[53] പിറ്റേ ദിവസം അവർ തന്നെ ആ ചിത്രങ്ങൾ ഫ്രെയിം ചെയ്തു ക്ഷേത്രത്തിലേൽപ്പിക്കുകയും ചെയ്തു. അവർക്കുപോലും പിടികൊടുക്കാത്ത മനസ്സിന്റെ ഈ വക വ്യാപാരങ്ങൾ അവസാനകാലത്ത് അവരെ ഏറെ അലട്ടിയിട്ടുണ്ടാവാം. അക്കാലത്തെ അനുഭവക്കുറിപ്പുകൾ മിക്കതും അസുഖത്തെക്കുറിച്ചുള്ള കടുത്ത നിരാശയോടുകൂടിയ പ്രലപനങ്ങളാണ്. 1974 ഏപ്രിൽ 17–ലെ ഡയറിക്കുറിപ്പിലാണ് അസുഖത്തെക്കുറിച്ചുള്ള തിരിച്ചറിവ് അവർ ആദ്യം രേഖപ്പെടുത്തുന്നത്. "ഏതാണ്ട് ഉച്ചയ്ക്കു ഒരു മണിക്ക് പെട്ടെന്നു പച്ചമാങ്ങ ഉപ്പുംകൂട്ടി തിന്നുകൊണ്ടിരിയ്ക്കേ വലതുവശത്തൊരു പെരുപ്പ് പെട്ടെന്നുണ്ടായി, വിരൽത്തുമ്പിൽ ഏറ്റവും കൂടുതൽ, 19–ാം തിയ്യതിയേ ഡയറിയിൽ എഴുതാൻ വിരലുകൾ വശമായുള്ളൂ"[54]. തുടർന്നു മെയ് 6–ലെ ഡയറി: 'മഹാവിഷ്ണുചിത്രം ചുവരിൽ നിന്നെടുത്തു സ്റ്റൂളിൽ വച്ചു പഴയ

പോലെ പൂജ തുടങ്ങി, ഡയറിയിൽ: Now I am sure the sickness will disappear"[55] അസുഖഭീതിയാണു മുൻപ് നിർത്തിവെച്ച മഹാവിഷ്ണുപൂജ വീണ്ടും തുടങ്ങാൻ അവരെ പ്രേരിപ്പിച്ചത്, അസുഖം തുടങ്ങിയശേഷം, ഡോക്ടറുടെ അനുമതിയോടെ അവർ ജൂൺ 10ന് രാത്രി അയൽവാസി മാധവിക്കുട്ടിയേയും കൂട്ടി ഗുരുവായൂരിലേക്കു പോയി. അതു അവസാനത്തെ ഗുരുവായൂർ യാത്രയായിരുന്നു. അതിനെക്കുറിച്ചവർ ഡയറിയിൽ ഇങ്ങനെ എഴുതിയിട്ടുണ്ട്: "11ന് കാലത്ത് പത്തുമണി കഴിഞ്ഞപ്പോൾ ഗുരുവായൂരിലെത്തി, കാലത്തും രാത്രിയിലും വെളുപ്പിലെ വാകച്ചാർത്തും തൊഴുതു. യാത്ര താമസം ഒക്കെ അസുഖകരമായിരുന്നു. പതിവുള്ള ഗുരുവായൂർ യാത്രയക്കു വിപരീതം"[56] തിരിച്ചുവന്ന അവർ, മഹാവിഷ്ണുവിന്റെ പടത്തോടൊപ്പം ഗുരുവായൂരപ്പന്റെ പടവും വെച്ചു. എന്തുകൊണ്ടാണെന്നറിയില്ല, രണ്ടുദിവസം കഴിഞ്ഞ്, ഗുരുവായൂരപ്പന്റെ പടമെടുത്തു അവർ പൂർവ്വസ്ഥാനത്തു വെയ്ക്കുന്നുണ്ട്[57]. അസുഖത്തിന്റെ വേദന, ചികിത്സകൊണ്ടും മാറാത്തതിലുള്ള ഉത്കണ്ഠ 29.08.1974ലെ ഡയറിക്കുറിപ്പിൽ അവർ നിരാശയോടെ രേഖപ്പെടുത്തിയിരിക്കുന്നു: "കയ്യിന്റെ അസുഖം വിട്ടിട്ടില്ല, ജൂൺ മുതൽ പിൽസ് കഴിക്കുന്നു പക്ഷേ, അസുഖം കൂടിയും കുറഞ്ഞും തുടരുന്നു. മരുന്നുകഴിക്കാതെ വിടുമെന്ന പ്രതീക്ഷ പോയി. മരുന്നു കഴിച്ചിട്ടും വിടാത്തതിനാൽ മാനസികമായി ആകെ തളർന്ന അവസ്ഥയിലാണ്. കണ്ണീർ കണ്ണുകളിൽ പലപ്പോഴും, ഉള്ളിൽ എപ്പോഴും നിറഞ്ഞുനില്ക്കുന്നു"[58]. ശാരീരികമായ അസുഖം മനസ്സിന്റെ നിയന്ത്രണം തെറ്റിച്ചതാണോ മുമ്പ് സൂചിപ്പിച്ച ആ വിചിത്രമായ ചിന്തയ്ക്കു കാരണം? കൊടിയ നൈരാശ്യമാകാം റേഡിയോ ഉപേക്ഷിച്ചതിനും ഭദ്രമായി സൂക്ഷിച്ചുവെച്ച പഴയകുറേ എഴുത്തുകൾ (പ്രത്യേകിച്ച്, ആരാധകരുടേയും മറ്റ് എഴുത്തുകാരുടേയും സ്തുതിപരമായവ എന്നു ഡയറിയിൽ സൂചന) നശിപ്പിച്ചതിനു കാരണം!. ജീവിതത്തിലെ മൃദുലഭാവങ്ങളോടും ഉറ്റ സൗഹൃദത്തോടുപോലും (അക്കാലത്താണ് രാജലക്ഷ്മി കൂടെ താമസിക്കാൻ അവരെ ക്ഷണിച്ചത്) വിമുഖത കാട്ടുന്ന മാനസികാവസ്ഥയിലേക്കു അവർ എത്തിക്കഴിഞ്ഞിരുന്നു. ആ വർഷം അവസാനം അവരെ തനിച്ചാക്കിക്കൊണ്ട് കൊച്ചേച്ചിയും മരിച്ചു. അതിനെക്കുറിച്ച്, ഡയറിയിൽ ഈ വിധം കുറിച്ചിട്ടിരിക്കുന്നു: "ഡിസംബർ 31st 9.10 pm ഈയാണ്ട് 1974 ഇന്നവസാനിക്കുന്നു. എന്നെ കുടുംബത്തിലെ ശേഷിച്ച ഒരേ ഒരംഗമാക്കി എന്നതാണീയാണ്ടത്തെ സവിശേഷത. ഇതോടുകൂടി പുനർജന്മം തരാൻ ഈശ്വരൻ സകല കരുക്കളും നീക്കിയിരിക്കുന്നു. ഇനിപ്പിന്നെ എന്തിനു താമസിക്കുന്നു; ഭഗവാന് ഇതുവരെയുള്ള ദുഃഖമയമായ ജന്മത്തിന്റെ ഭാഗം

അവസാനിപ്പിച്ച് തുടർന്നുള്ള പുനർജന്മവും ബന്ധുക്കളും തന്നെന്നെ അനുഗ്രഹിക്കാൻ – രക്ഷിക്കാൻ ? ഡിസംബർ 7th നു നടന്ന മരണം ഡയറിയിൽ എഴുതാൻ ഇതുവരെ കഴിഞ്ഞിട്ടില്ല എന്താണീ വൈമനസ്യത്തിനുള്ള ഭയമെന്നും മനസ്സിലാകുന്നില്ല"[59].

ആ ദിവസം രാത്രി തന്നെ അവർ, 1974, ഒക്ടോബർ മാസം തൊട്ടുള്ള അനുഭവക്കുറിപ്പുകൾ പകർത്തിയെഴുതുന്നുണ്ട്; അതിൽ നവംബർ–29ലെ ഡയറിക്കുറിപ്പ്: "ഇന്നു തൃക്കാർത്തിക, എന്തൊരു ദു:ഖം. വിശേഷദിവസങ്ങളിലെ ദുഃഖം നാൾക്കുനാൾ അസഹനീയമായിത്തീരുന്നു"[60]. ആ വർഷത്തെ തിരുവോണദിവസം, സാമ്പാറും മെഴുക്കുപുരട്ടിയും മാത്രം കൂട്ടി പ്ലേറ്റിൽ ഉണ്ടു എന്നും തനിക്കാ വീട്ടിലെ താമസം മതിയായിരിക്കുന്നുവെന്നും[61], അവർ ഡയറിയിൽ എഴുതിയിട്ടുണ്ട്. ആഘോഷവേളയിൽപോലും തനിച്ചായി പോവുന്നതിന്റെ തിക്തവേദന അവസാനനാളുകളിൽ അവർക്ക് അസഹ്യമായി തോന്നിയിരിക്കണം. പുനർജന്മം പ്രതീക്ഷിച്ചുകൊണ്ടുള്ള മരണാഭിമുഖ്യത്തിൽപോലും ബന്ധുക്കളെ തന്ന് അനുഗ്രഹിക്കണമെന്ന പ്രാർത്ഥനയാണു മുന്നിട്ടു നില്ക്കുന്നത്, ക്രൂരവിധിയുടെ വേട്ടയാടലിൽ ഒറ്റപ്പെട്ടുപോയ തന്റെ ജീവിതത്തിലുള്ള നിരാശയും നീരസവും അവരെ ഒടുവിൽ ഗ്രസിച്ചിരുന്നു.

ജീവിതത്തിൽ തികച്ചും ഒറ്റപ്പെട്ടുപോയ സരസ്വതിയമ്മ, മുമ്പൊരിക്കൽ തനിക്കു കളഞ്ഞുകിട്ടിയ അരഞ്ഞാണം ഭാഗ്യം കൊണ്ടുവരുമെന്നു വിചാരിച്ചു സൂക്ഷിച്ചുവെച്ചിരുന്നത്, ഒടുവിൽ കിട്ടിയ സ്ഥലത്തു തന്നെ തിരിയെ കൊണ്ടുചെന്നിട്ടു[62]. 1975 ജനുവരി 20–ലെ ഈ സംഭവം പ്രതീക്ഷാനിർഭരമായ ജീവിതത്തിൽനിന്നുള്ള അവരുടെ ഖേദപൂർവ്വമുള്ള പിൻവാങ്ങലായി കരുതാം. പിന്നീടെഴുതിയ ഡയറിക്കുറിപ്പുകളെല്ലാം തന്നെ രക്ഷിക്കണമെന്ന ഈശ്വരനോടുള്ള പ്രാർത്ഥന മാത്രമായിരുന്നു.

21.01.1975 ലെ ഡയറി:

> "ഭഗവാൻ എന്റെ അസുഖങ്ങളും അനാഥത്വവും നീക്കി എന്നെ രക്ഷിക്കണം, ഇനി അതിന് എന്റെ മനസ്സിൽ ഒരു തടസ്സവുമില്ല. ഇവിടെ താമസം തുടരാൻ ബന്ധ(ന)ങ്ങളും ഒന്നുമില്ല. എന്നെ രക്ഷിച്ചില്ലെങ്കിൽ എന്താണു സ്ഥിതി. ......................... ഭഗവാനേ എന്നെ രക്ഷിക്കൂ, ഇനി ഒട്ടും താമസിക്കരുതേ എന്നല്ലാതെ മറ്റൊന്നും പ്രാർത്ഥിക്കാനില്ല"[63].

04.07.1975 ലെ ഡയറി:

> "ഭഗവാനേ ഇനി എന്നെ ഇവിടന്ന് രക്ഷിക്കാൻ എന്താനു താമസം? എനിക്കീ വീട്ടിലെ ഏകാന്തജീവിതം മതിയായിരിക്കുന്നു. എന്റെ ജന്മോദ്ദേശം നിറവേറ്റാനിനി താമസിക്കണ്ട, ഞാൻ തികച്ചും തയ്യാറാണ് പുതിയ ജീവിതത്തിന് എന്ന് അവിടത്തേക്കു ബോദ്ധ്യമായില്ലേ"[64].

13.08.1975 ലെ ഡയറി:

> "ഇനി എനിക്കിവിടെ നില്ക്കേണ്ട ആവശ്യമില്ലല്ലോ ഭഗവാനേ, എന്നെ സുരക്ഷിതഹസ്തങ്ങളിലെത്തിക്കൂ, കയ്യും കാലും തരിപ്പാണ്"[65].

സ്വാധീനം കുറഞ്ഞുകൊണ്ടിരുന്ന കൈകൊണ്ട് വികലമായ അക്ഷരത്തിൽ കുറിച്ചിട്ട അവസാന നാളുകളിലെ ഡയറിക്കുറിപ്പിലും ക്ഷേത്രകാര്യങ്ങൾക്കുവേണ്ടി ചിലവഴിച്ച കാശിന്റെ കണക്ക് എഴുതിയിട്ടുണ്ട്. ഏറ്റവും ഒടുവിൽ, നവംബർ 10ൽ നടത്തിയ Clinical Test ന്റെ Report ൽ മൂത്രത്തിൽ 1.5 ശതമാനം ഷുഗർ ഉള്ളതായി ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മരണത്തിലൂടെ പുതിയൊരു ജീവിതത്തിനു വേണ്ടിയുള്ള ഉൾത്തുടിപ്പ്, അവസാന നിമിഷം വരേയും അവരിൽ നിലനിന്നിരുന്നു.

പ്രമേഹവും രക്തസമ്മർദ്ദവും ബാധിച്ചിരുന്ന സരസ്വതിയമ്മയെ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ അഡ്മിറ്റു ചെയ്തു. ഏതാനും ദിവസങ്ങൾക്കുശേഷം 1975 ഡിസംബർ 26ന് വൈകീട്ട് 7.45ന് രോഗം മൂർച്ഛിച്ച്, അവർ ആശുപത്രിയിൽ വെച്ചു മരണമടഞ്ഞു. 28.12.1975 ലെ കേരളകൗമുദി ദിനപത്രത്തിന്റെ അവസാനപേജിൽ പ്രാധാന്യമില്ലാത്ത ഒരു സാധാരണവാർത്തയെന്ന മട്ടിൽ അവരുടെ മരണവാർത്ത ചേർത്തിട്ടുണ്ട്.

### അടിക്കുറിപ്പുകൾ

1. എം.ടി. വാസുദേവൻ നായർ, *മാതൃഭൂമി ആഴ്ചപ്പതിപ്പ്*, 53, 47, (ഫെബ്രുവരി 8, 1976), പു. 17.
2. ടി.എൻ, ജയചന്ദ്രൻ, 'ടി.എൻ, ജയചന്ദ്രൻ നടത്തിയ അഭിമുഖം', *കെ. സരസ്വതിയമ്മയുടെ സമ്പൂർണ്ണകൃതികൾ*, സമ്പാ. കെ.എസ്. രവികുമാർ (ഡി. സി. ബുക്സ്, കോട്ടയം, 2001), പു. 1015.
3. കെ. സുരേന്ദ്രൻ, 'ഒറ്റപ്പെട്ട ഒരു പ്രതിഭാസം', *കെ. സരസ്വതിയമ്മയുടെ സമ്പൂർണ്ണ കൃതികൾ*, സമ്പാ. കെ.എസ്. രവികുമാർ (ഡി.സി. ബുക്സ്, കോട്ടയം, 2001), പു. 1031.

4. എസ്. ഗുപ്തൻനായരുമായുള്ള സ്വകാര്യസംഭാഷണം, തിരുവനന്തപുരം, മെയ് 9, 2005.

5. കെ.എം. തരകൻ, *പാശ്ചാത്യസാഹിത്യതത്ത്വശാസ്ത്രം*, 2-ാം പ. (സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം, 1977), പു. 69.

6. ടി. പു. 119.

7. എം. അച്യുതൻ, *പാശ്ചാത്യസാഹിത്യദർശനം* (നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1962), പു. 128.

8. William K. Wimsatt JR. and Cleanth Brooks, *Literary Criticism A Short Story* (Oxford & I BA Publishing Co., 1957), p. 535.

   " I am enjoying the work itself, but I find it difficult to judge this work without taking into account the man itself. I say without hesitation: Like tree, Like fruit"

9. Wimsatt and Brooks - *Short Story - Literary Criticism,* p. 535. ഉദ്ധരണം: കെ.എം. തരകൻ, *പാശ്ചാത്യസാഹിത്യതത്ത്വശാസ്ത്രം*, 2-ാം പ., പു. 193.

10. എം. അച്യൂതൻ, *പാശ്ചാത്യസാഹിത്യദർശനം*, പു. 129.

11. കെ.എം. തരകൻ, *പാശ്ചാത്യസാഹിത്യതത്ത്വശാസ്ത്രം*, പു. 290-91.

12. സരസ്വതിയമ്മയുടെ ഒരു ചെറുകഥയുടെ പേരാണ്, ആ കഥ ഇവിടെ സ്മരിക്കുക.

13. ചങ്ങമ്പുഴ കൃഷ്ണപ്പിള്ള, 'ജീവിതവും സാഹിത്യവും', *മാതൃഭൂമി ആഴ്ചപ്പതിപ്പ്* (ഡിസംബർ 17, 1944) പു. 11.

14. പി.കെ. കനകലത, 'ആശാന്റെ നായികമാർ', *മാതൃഭൂമി ആഴ്ചപ്പതിപ്പ്*, (മെയ് 29 – ജൂൺ 4, 2005), പു. 29-33.

15. കെ.എം. തരകൻ, *പാശ്ചാത്യസാഹിത്യതത്ത്വശാസ്ത്രം*, പു. 193-94.

16. ജീവിതം ഹർഷഭരിതമായ ഒരു സമരമാണെന്ന്, 'ജീവിതം എന്റെ നോട്ടത്തിൽ' എന്ന ലേഖനത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. *കെ. സരസ്വതിയമ്മയുടെ സമ്പൂർണ്ണകൃതികൾ* (ഡി.സി. ബുക്സ്, കോട്ടയം, 2001), പു. 982.

17. കെ. സരസ്വതിയമ്മയുടെ ഡയറി, മെയ് 10, 13, 14, 1973.

18. ടി. ജനുവരി 2,3, 1973.

19. ടി. ജനവരി 6, 1973.

20. രാജലക്ഷ്മിയുമായുള്ള സ്വകാര്യസംഭാഷണം, തിരുവനന്തപുരം, ഒക്ടോബർ 2, 2005.

21. ടി.എൻ. ജയചന്ദ്രൻ, 'ടി.എൻ. ജയചന്ദ്രൻ നടത്തിയ അഭിമുഖം', പു. 1010.

22. രാജലക്ഷ്മിയുമായുള്ള സ്വകാര്യസംഭാഷണം, തിരുവനന്തപുരം, ഒക്ടോബർ 2, 2005.

23. അച്ഛനില്ലാത്ത അവസ്ഥയിൽ സരസ്വതിയമ്മയ്ക്കു ബാഹ്യലോകവുമായി ഇടപഴകേണ്ടിവന്ന അനുഭവം അഭിമുഖത്തിൽ അവർ വെളിപ്പെടുത്തിയിട്ടുണ്ട്.

    ടി.എൻ. ജയചന്ദ്രൻ, 'ടി.എൻ. ജയചന്ദ്രൻ നടത്തിയ അഭിമുഖം', പു. 1014.

24. കെ. സരസ്വതിയമ്മയുടെ ഡയറി, ജനുവരി 4, 1973.

25. ടി. ജനുവരി 7, 1973.

26. കെ. എസ്. രവികുമാർ, 'കെ. സരസ്വതിഅമ്മ – പുനർജന്മം തേടുന്ന കഥാകാരി', *കഥയും ഭാവുകത്വപരിണാമവും* (കറന്റ് ബുക്സ്, കോട്ടയം, 2002), പു. 78.

27. കെ. സരസ്വതിയമ്മയുടെ ഡയറി, ജനുവരി 12, 1973.

28. ടി. ജനുവരി 7, 1973.

29. ടി. ജനുവരി 8, 1973.

30. ടി.എൻ. ജയചന്ദ്രൻ, 'ടി.എൻ. ജയചന്ദ്രൻ നടത്തിയ അഭിമുഖം', പു. 1009–10.

31. കെ. സരസ്വതിയമ്മയുടെ ഡയറി, ജനുവരി 7, 1973.

32. ടി. ഫെബ്രുവരി 24, 1973.

33. രാജലക്ഷ്മിയുമായുള്ള സ്വകാര്യസംഭാഷണം, തിരുവനന്തപുരം, ഒക്ടോബർ 4, 2005.

34. കെ. സരസ്വതിയമ്മയുടെ ഡയറി, ജനുവരി 8, 1973.

35. ടി. ഫെബ്രുവരി 24, 1973.

36. രാജലക്ഷ്മിയുമായുള്ള സ്വകാര്യസംഭാഷണം, തിരുവനന്തപുരം, ഒക്ടോബർ 4, 2005.

37. കെ. സരസ്വതിയമ്മയുടെ ഡയറി, ജനുവരി 10, 1973.

38. ടി. ജനുവരി 11, 1973.

39. എസ്. ഗുപ്തൻനായർ, 'ഒരു സതീർത്ഥ്യന്റെ ഓർമ്മകൾ', *കെ. സരസ്വതിയമ്മയുടെ സമ്പൂർണ്ണകൃതികൾ,* സമ്പാ. കെ.എസ്. രവികുമാർ (ഡി.സി. ബുക്സ്, കോട്ടയം, 2001), പു. 17.

40. പട്ടം ജി. രാമചന്ദ്രൻനായരുമായുള്ള സ്വകാര്യസംഭാഷണം, തിരുവനന്തപുരം, ജൂൺ 4, 2005.

41. കെ. സരസ്വതിയമ്മയുടെ ഡയറി, ജനുവരി 18, 1973.

42. കെ സരസ്വതിയമ്മ, *കാറ്റിൽ പറക്കാത്ത കത്തുകൾ*, സമ്പാ. എസ്. ഗുപ്തൻ നായർ (ഡി.സി. ബുക്സ്, കോട്ടയം, 1991), പു. 165.

43. കെ. സരസ്വതിയമ്മയുടെ ഡയറി, ഏപ്രിൽ 12, 1973.

44. ടി. ജനുവരി 18, 1973.

45. ടി. ജനുവരി 20, 1973.

46. കെ. സുരേന്ദ്രൻ, 'ഒറ്റപ്പെട്ട ഒരു പ്രതിഭാസം', പു. 1029.

47. സി.എസ്. ചന്ദ്രിക, *കെ സരസ്വതിഅമ്മ* (സാഹിത്യ അക്കാദമി, 2000), പു. 19.

48. കെ.എസ്. രവികുമാർ, 'കെ. സരസ്വതിഅമ്മ – പുനർജന്മം തേടുന്ന കഥാകാരി', പു. 83.

49. കെ. സരസ്വതിയമ്മയുടെ ഡയറി, ഏപ്രിൽ 30, 1973.

50. രാജലക്ഷ്മിയുമായുള്ള സ്വകാര്യസംഭാഷണം, തിരുവനന്തപുരം, ഒക്ടോബർ 5, 2005.

51. കെ. സരസ്വതിയമ്മയുടെ ഡയറി, മെയ് 4, 1973.

52. പ്രൊ. കുഞ്ഞുശങ്കരപ്പിള്ളയുമായുള്ള സ്വകാര്യസംഭാഷണം, തിരുവനന്തപുരം, മെയ് 5, 2005.

53. കെ. സരസ്വതിയമ്മയുടെ ഡയറി, മെയ് 9, 1973.

54. ടി. മെയ് 4, 1973.

55. ടി.

56. ടി. മെയ് 5, 1973.

57. ടി. മെയ് 6, 1973.

58. ടി. മെയ് 3, 1973.

59. ടി. മെയ് 10, 1973.

60. ടി. മെയ് 11, 1973.

61. ടി. മെയ് 7, 1973.

62. ടി. മെയ് 13, 1973.

63. ടി.

64. ടി. മെയ് 14, 1973.

65. ടി.

അദ്ധ്യായം രണ്ട്

# ആദ്യകാലകഥാകാരികളും സരസ്വതിയമ്മയും

# ആദ്യകാലകഥാകാരികളും സരസ്വതിയമ്മയും

മലയാള ചെറുകഥാസാഹിത്യം നൂറുവർഷം പിന്നിട്ട് ഒരു വ്യാഴവട്ടത്തിലേറെയായി. എന്നിട്ടും ചെറുകഥകളുടെ വളർച്ചയും വികാസവും സമഗ്രമായി പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥം ഇതുവരെ ഉണ്ടായിട്ടില്ല എന്നു പറയാം. ആ രംഗത്ത് ആദ്യദശകങ്ങളിൽ തന്നെ കഥാകാരികളുടെ സജീവമായ പ്രാതിനിധ്യം ഇവിടെ ഉണ്ടായിട്ടുണ്ട്. തുടർന്ന് അത് വിപുലമാവുകയും ചെയ്തു. ഈ യാഥാർത്ഥ്യത്തെ നിരാകരിച്ചുകൊണ്ടുള്ള നിരീക്ഷണങ്ങളാണ് ആദ്യംമുതലേ സാഹിത്യചരിത്രകാരന്മാരും വിമർശകരും കൈക്കൊണ്ടിരുന്നത്.

മലയാളത്തിലെ ആദ്യചെറുകഥ ഏതെന്നതിനെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ ഇന്നും നിലനിൽക്കുകയാണ്. ചെറുകഥയെക്കുറിച്ചുള്ള ആദ്യകാലഗ്രന്ഥങ്ങളെല്ലാം പ്രധാനമായും അന്നത്തെ കഥാകൃത്തുക്കളിൽ ചിലരെ പരാമർശിച്ചുകൊണ്ട് കഥകളുടെ സാമാന്യസ്വഭാവം സൂചിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. “ആദ്യകഥാകൃത്തിനെക്കുറിച്ചോ, ആദ്യകഥയെ ക്കുറിച്ചോ നിഷ്കൃഷ്ടമായ ഒരന്വേഷണവും ഈ ചരിത്രകാരന്മാർ നടത്തിയിട്ടില്ല”[1] എന്നു എം.എം. ബഷീറും “നമ്മുടെ സാഹിത്യചരിത്രകാരന്മാർ ആരെങ്കിലും മലയാളത്തിൽ ആദ്യകഥ എഴുതിയതാരാണെന്ന് പറയുന്നില്ല”[2] എന്ന് സി.പി. ശ്രീധരനും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

മലയാളത്തിലെ ആദ്യകഥകൾ കഥാകൃത്തുക്കളുടെ പേർ ചേർക്കാതെയാണ് പത്രമാസികകളിൽ പ്രത്യക്ഷപ്പെട്ടിരുന്നത്. അതുകൊണ്ടാവാം ആദ്യചെറുകഥാകൃത്തിന്റ കാര്യത്തിൽ ഇന്നും സംശയം നിലനിൽക്കുന്നത്. പേര് വെച്ചു കഥയെഴുതിയ ആദ്യത്തെ മലയാളകഥാകാരൻ മൂർക്കോത്ത് കുമാരനാണെന്ന് സി.പി. ശ്രീധരൻ സൂചിപ്പിക്കുന്നുണ്ട്[3]. *കേരളസാഹിത്യചരിത്ര*ത്തിൽ ഉള്ളൂർ എസ്. പരമേശരയ്യർ ആദ്യചെറുകഥയെക്കുറിച്ച് ഒരു സൂചന നൽകുന്നുണ്ട്. “1066–മാണ്ടു മുതൽക്കാണ് ഭാഷയിൽ ചെറുകഥകൾ പ്രസിദ്ധീകൃതങ്ങളായെതെന്നു തോന്നുന്നു. സി.പി. അച്യുതമേനോന്റെ ‘വിദ്യാവിനോദിനി’യിൽ പ്രകാശിതമായ ‘വാസനാവികൃതി’ ഒരപസർപ്പക കഥയാണ് അതിനെ തുടർന്നു ‘മേനോക്കിയെ കൊന്നതാരാണ്’, ‘ദ്വാരക’, ‘പാതാളരാജാവ്’, (വേങ്ങയിൽ കുഞ്ഞിരാമനായനാർ)

'എന്റെ ആദ്യത്തെ ഫീസ്' മുതലായ കഥകളും ആ മാസിക വഴിക്കുതന്നെയാണ് പുറപ്പെട്ടത്[4]. ഉള്ളൂരിന്റെ ഈ അഭിപ്രായം മുൻനിർത്തികൊണ്ട് 'വാസനാവികൃതി'യാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ എന്നും, അതെഴുതിയത് വേങ്ങയിൽ കുഞ്ഞിരാമൻ നായരാണെന്നും കോമലേഴത്ത് കെ.ജി. മാധവൻ അഭിപ്രായപ്പെടുന്നു[5]. ഉള്ളൂരിന്റെ അഭിപ്രായം തെറ്റിദ്ധരിച്ചതുകൊണ്ടാണ് മലയാളത്തിലെ ആദ്യചെറുകഥ വേങ്ങയിൽ കുഞ്ഞിരാമൻനായരുടെ 'വാസനാവികൃതി'യാണെന്ന് കെ.ജി. മാധവൻ അഭിപ്രായപ്പെട്ടതെന്നും 1891 ൽ വിദ്യാവിനോദിനിയിൽ പ്രസിദ്ധീകരിച്ച 'വാസനാവികൃതി'യല്ല, അതിനും പത്തുവർഷം മുമ്പ് 1881 ൽ വിദ്യാവിനോദിനിയുടെ ആദ്യലക്കത്തിൽ പ്രസിദ്ധീകൃതമായ 'ഒരു കല്ലൻ' ആണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ എന്നും ബഷീർ അഭിപ്രായപ്പെടുന്നുണ്ട്[6]. എന്നാൽ ആ കഥ ഇംഗ്ലീഷിൽനിന്നോ മറ്റോ ഭാഷാന്തരപ്പെടുത്തിയതോ, സംഗ്രഹിച്ചതോ ആയ ഒരു നാടോടിക്കഥയാണെന്ന് അദ്ദേഹം ചൂണ്ടി കാണിക്കുന്നുമുണ്ട്. പ്രസ്തുതകഥയെ സ്വതന്ത്ര കഥയായി കരുതാൻ പറ്റാത്തതുകൊണ്ട് 'വാസനാവികൃതി' മലയാളത്തിലെ ആദ്യകഥയായി പരിഗണിക്കാവുന്നതാണ്. ഈയൊരു സാഹചര്യത്തിലാണ്, ആദ്യ കഥാകാരൻ ആരാണെന്ന് പറയാൻപോലും വിഷമമാണെന്ന ചുമ്മാറിന്റെ[7] അഭിപ്രായം പ്രസക്തമാവുന്നത്

ചെറുകഥാസാഹിത്യത്തിലെ പെൺപങ്കാളിത്തത്തെക്കുറിച്ചാകട്ടെ ആദ്യകാല സാഹിത്യ ചരിത്രകാരന്മാർ തീർത്തും മൗനം അവലംബിച്ചുവെന്നുതന്നെപറയാം. ചെറുകഥാസാഹിത്യത്തെക്കുറിച്ച് മലയാളത്തിലുണ്ടായ പഠനങ്ങളിൽ ആദ്യത്തേതെന്നു കരുതാവുന്ന നെടിയം വീട്ടിൽ ബാലകൃഷ്ണ മേനോൻ രചിച്ച 'നോവലെറ്റ് അല്ലെങ്കിൽ ചെറിയകഥ' എന്ന പ്രബന്ധത്തിലോ[8], എസ്. എൻ. ബാലകൃഷ്ണപിള്ളയുടെ 'മലയാളത്തിലെ ചെറുകഥകൾ'[9] എന്ന ലേഖനത്തിലോ ഒരു കഥാകാരിയുടെ പോലും പേര് സൂചിപ്പിച്ചുകാണുന്നില്ല. കഥകാരന്മാരെക്കുറിച്ചുള്ള പരാമർശത്തേക്കാൾ, ചെറുകഥയെന്ന സാഹിത്യരൂപത്തിന്റെ സ്വഭാവസവിശേഷതകൾക്കു പ്രാധാന്യം നൽകികൊണ്ട് രചിക്കപ്പെട്ട ലേഖനങ്ങളാണ് അവ രണ്ടും. എങ്കിലും കഥാകാരികളോടുള്ള അവഗണന ആദ്യംമുതലേ ഇവിടെ ആരംഭിച്ചുവെന്ന് വ്യക്തമാക്കുകകൂടി ചെയ്യുന്നുണ്ട്, പ്രസ്തുതലേഖനങ്ങൾ. പി. ശങ്കരൻ നമ്പ്യാരുടെ *മലയാളസാഹിത്യചരിത്രം*, ആർ. നാരായണപ്പണിക്കരുടെ *കേരളഭാഷാസാഹിത്യചരിത്രം* (ഏഴാംഭാഗം), ടി. ആർ.ചുമ്മാറിന്റെ *ഭാഷാഗദ്യസാഹിത്യചരിത്രം*, ഉള്ളൂരിന്റെ *കേരളസാഹിത്യചരിത്രം*,

ഏ.ഡി. ഹിരിശർമ്മയുടെ *മലയാള സാഹിത്യം* എം. കൃഷ്ണപിള്ളയുടെ *കൈരളിയുടെ കഥ* തുടങ്ങി പിന്നീട് വന്ന സാഹിത്യചരിത്രഗ്രന്ഥങ്ങളിലെല്ലാം ആദ്യകഥാകാരി കളെക്കുറിച്ചുള്ള മൗനം തുടരുന്നു. എം. അച്യുതന്റെ ചെറുകഥ – *ഇന്നലെ, ഇന്ന്* എന്ന പുസ്തകം ലളിതാംബിക അന്തർജ്ജനത്തിൽ തുടങ്ങി ആകെ അഞ്ചുകഥാകാരികളെ ക്കുറിച്ചുമാത്രം പ്രതിപാദിക്കുന്നു. 1973–ൽ പുറത്തിറങ്ങിയ ഈ പുസ്തകം മലയാളചെറുകഥയുടെ ചരിത്രാവലോകനം ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥമായിട്ടുപോലും ചെറുകഥാരംഗത്തെ പെൺപങ്കാളിത്തത്തെ വേണ്ടവിധം പരിഗണിച്ചില്ല എന്നുമാത്രമല്ല അന്തർജ്ജനത്തിന് മുമ്പ് രംഗത്തുവന്ന കഥാകാരികളെ മറ്റു ചരിത്രകാരന്മാരെപോലെതന്നെ, വിസ്മരിക്കുകയും ചെയ്തു. കെ. എം. ജോർജ്ജ് എഡിറ്റുചെയ്ത *ആധുനികമലയാള സാഹിത്യചരിത്രം-പ്രസ്ഥാനങ്ങളിലൂടെ* – എന്ന ഗ്രന്ഥത്തിൽ ചെറുകഥയുടെ ചരിത്രം രണ്ടുഭാഗങ്ങളിലായി വിസ്തരിച്ചിട്ടും ആദ്യകഥാകാരികളെക്കുറിച്ച് ഒരു പരാമർശവും നട ത്തുന്നില്ല.

മലയാളത്തിലെ ആദ്യകഥാകാരികളെക്കുറിച്ചുള്ള അന്വേഷണം ആരംഭിക്കുന്നത് ടി. ആറിന്റെ 'ആദ്യത്തെകഥാകാരി'[10] എന്ന ലേഖനത്തോടെയാണെന്ന് കരുതാം. 'ബോധം വന്ന ഭൂതം' എന്ന കഥ എഴുതിയ എം. രത്നം ബി. ഏ. യാണ് ആദ്യത്തെ കഥാകാരി എന്ന് ടി. ആർ പ്രസ്തുതലേഖനത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. അത് ശരിയല്ലെന്ന് പിന്നീട് എം.എം. ബഷീർ സ്ഥാപിക്കുന്നു. അമ്പാടി നാരായണപൊതുവാളിന്റെ തൂലികാനാമമാണ് എം. രത്നം ബി. ഏ. എന്ന് സമർത്ഥിച്ചുകൊണ്ട് ഒരു സ്ത്രീതന്നെ എഴുതിയ മലയാള ത്തിലെ ആദ്യത്തെ സ്വതന്ത്ര കഥ 1911–ൽഎം. സരസ്വതിഭായി ഭാഷാപോഷിണിയിൽ എഴുതിയ 'തലച്ചോറില്ലാത്തസ്ത്രീകൾ' ആണ്[11] എന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. എന്നാൽ എൻ.കെ. രവീന്ദ്രന്റെ അപ്രകാശിതമായ ഗവേഷണപ്രബന്ധത്തിൽ 1901 – ൽ ടി.സി കല്ല്യാണി അമ്മ വിദ്യാവിനോദിനിയിൽ എഴുതിയ 'രാജപങ്കജ'മാണ് ആദ്യത്തെ സ്വതന്ത്രകഥ[12]യെന്ന് കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് 1904 –ലെ ശാരദയിൽ പ്രസിദ്ധീകരിച്ച 'ഒരു കഴുതയുടെ കഥ' ടി.സി. കല്ല്യാണിഅമ്മയുടെ മറ്റൊരു സ്വതന്ത്ര കഥയായി ഗവേഷ കൻ ചൂണ്ടികാണിക്കുന്നുമുണ്ട്. 'ഒരു കഴുതയുടെ കഥ' ശാരദയിൽ തുടർക്കഥയായി പ്രസിദ്ധീകരിച്ച ഒരു വിവർത്തനകഥയാണ്[13]. അത് പിന്നീട് പുസ്തകരൂപത്തിൽ പുറത്തി റങ്ങുകയുമുണ്ടായി. 1909–ലെ ശാരദയിലെ 'പുതിയ പുസ്തകങ്ങൾ' എന്ന പംക്തിയിൽ *ഒരു കഴുതയുടെ കഥ* എന്ന പുസ്തകത്തെക്കുറിച്ചുള്ള പരാമർശം അതു വിവർത്തന

കൃതിയാണെന്ന് വ്യക്തമാക്കുന്നുണ്ട്. മലയാളത്തിലെ *കുട്ടികൾക്കുള്ള പുസ്തകങ്ങൾ* എന്ന ഗ്രന്ഥമാലയിൽ ഉൾപ്പെട്ടതാണ് പ്രസ്തുത പുസ്തകം; ഇതിന്റെ മൂലം ഇംഗ്ലണ്ടിൽ റിവ്യു ഓഫ് റിവ്യൂസ് പത്രഗ്രന്ഥത്തിന്റെ പ്രസാധകനും രാജ്യതന്ത്രവിഷയത്തിൽ ഒരു പ്രമാണിയുമായ ഡെബ്ല്യു ടിം സ്റ്റെഡു പ്രസിദ്ധീകരിച്ചിട്ടുള്ള രണ്ടു ചെറുപുസ്തകങ്ങളാണ്[14].

'രാജപങ്കജം' എന്ന കഥയുടെ പ്രസിദ്ധീകരണത്തിനുശേഷം വിദ്യാവിനോദിനിയുടെ അടുത്ത ലക്കത്തിൽ അവരുടെ തന്നെ 'സർവ്വദമനും രാക്ഷസനും'[15] എന്നകഥയും, ആറാംലക്കത്തിൽ 'തടിൽ പ്രഭ എന്ന രാജകന്യക'[16] എന്ന മറ്റൊരു കഥയും പ്രസിദ്ധീകരിച്ചതായി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അവ സ്വതന്ത്ര കഥകളാണോ തർജ്ജമയാണോ എന്ന് വ്യക്തമായിട്ടില്ല, എന്നാൽ രാജപങ്കജം എന്ന കഥയുടെ അവസാനം 'ഇതിലെ ശ്ലോകങ്ങൾ ഒന്നും എന്റേതല്ലന്ന് പ്രത്യേകം പറയുന്നു'[17] എന്ന കഥാകാരിയുടെ കുറിപ്പിൽ നിന്നും ആ കഥ അവർ രചിച്ച സ്വതന്ത്ര കഥയാണെന്നു വ്യക്തമാവുന്നുണ്ട്. അതിനാൽ മലയാളത്തിലെ ആദ്യകഥാകാരിയുടെ സ്ഥാനം ടി. സി. കല്ല്യാണിഅമ്മയ്ക്ക് നൽകാവുന്നതാണ്. മലയാളത്തിലെ ആദ്യത്തെ പരിഭാഷാകഥാകാരിയും അവരാണെന്ന് കരുതാവുന്നതാണ്. മലയാളത്തിലെ ആദ്യകഥാകാരിയെക്കുറിച്ച് എം.എം ബഷീർ പരാമർശിച്ച കൂട്ടത്തിൽ ഒരു യഥാർഥ സ്ത്രീയുടെ പേരിൽ കാണാൻ കഴിഞ്ഞ ആദ്യകഥ 1904–ൽ ബി. കല്ല്യാണിഅമ്മ (തിരുവനന്തപുരം) രസികരഞ്ജിനിയിൽ എഴുതിയ 'ലളിത' ആണെന്നും, എന്നാൽ അതു പരിഭാഷക്കഥയായതിനാൽ ആദ്യ കഥയായി പരിഗണിക്കാൻ പറ്റില്ല എന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്[18]. പക്ഷെ 'ലളിത' എന്ന പരിഭാഷക്കഥ രസികരഞ്ജിനിയിൽ വരുന്നതിന് ഏഴുവർഷംമുമ്പ്തന്നെ ടി. സി. കല്ല്യാണിഅമ്മയുടെ *ഈസോപ്പിന്റെ സാരോപദേശകഥകൾ* പുസ്തകരൂപത്തിൽ പുറത്തിറങ്ങിക്കഴിഞ്ഞു. അതിനെക്കുറിച്ച് വിദ്യാവിനോദിനിയുടെ പത്രാധിപരുടെ ഒരു കുറിപ്പ് 1897–ലെ വിദ്യാവിനോദിനിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. *ഈസോപ്പിന്റെ സാരൊപദെശകഥകൾ* തെക്കേകുറുപ്പത്തെ കല്ല്യാണിഅമ്മയാണ് ആദ്യമായി മലയാളത്തിലേക്ക് ഭാഷാന്തരപ്പെടുത്തിയിരിക്കുന്നതെന്നും അങ്ങിനെ അവർ ആദ്യ പരിഭാഷിണിയായിത്തീർന്നെന്നും ആ മുഖപ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്[19]. തൃശ്ശിവപേരൂരിലെ വിദ്യാവിനോദിനിയുടെ അച്ചുകൂടത്തിലാണ് ഇംഗ്ലീഷിൽനിന്നും പരിഭാഷപ്പെടുത്തിയ ആ പുസ്തകം അച്ചടിച്ചതെന്ന മറ്റൊരു സൂചന കാരക്കാട്ട ഗോവിന്ദമേനോന്റെ ലേഖനത്തിൽ കാണുന്നുണ്ട്. പ്രസ്തുത പുസ്തകത്തെക്കുറി

ച്ചുള്ള മേനോന്റെ ലേഖനത്തിൽ ടി.സി. കല്ല്യാണിഅമ്മയുടെ ഭാഷാശൈലിയെകുറിച്ച് ഇങ്ങനെ പരാമർശിക്കുന്നുണ്ട്: "ഇനി ഠരം ചെറിയപുസ്തകത്തിന്റെ തർജ്ജിമയിൽ ഉപയോഗിച്ചിരിയ്ക്കുന്ന ഭാഷയെക്കുറിച്ച് ഒരു വാക്കുകൂടി പറഞ്ഞ് വിരമിയ്ക്കാം. ഇതിന്റെ മൂലം എനിയക്ക് കാണുവാൻ തരമാവാകയാൽ പരിഭാഷയെ മൂലത്തോട്കൂടി ഒത്തു നോക്കുവാൻ കഴിഞ്ഞില്ല. കഥകളെ വായിച്ചുനോക്കിയതിൽ അവയിൽ അന്തർഭൂതമായ അഭിപ്രായവും ജീവനും ഒരിടത്തും വിട്ടുപോയിട്ടുള്ളതായി തോന്നുന്നില്ല. ഉപയോഗിക്കപ്പെട്ടിട്ടുള്ള ഭാഷ വളരെസരസമായും ലളിതമായും ഇരിയ്ക്കുന്നു എന്നു പറയുന്നതിൽ ഞാൻ ഒട്ടും മടിയ്ക്കുന്നില്ല. അർത്ഥം മനസ്സിലാവാതെ കടിച്ചുമുറിച്ചു എഴുതീട്ടുള്ള ഒരു വാചകമെങ്കിലും ഈ പുസ്തകത്തിൽ കാണുന്നില്ല. 'മുരങ്കള്ളൻ' 'പമ്പരവിഡ്ഢികൾ', 'ദുർഭഗനായകരിങ്കുയിൽ', 'പൊട്ടുംപൊടിയും', 'നീ വേനൽക്കാലം മുഴുവൻ പാടികൊണ്ടിരുന്നെങ്കിൽ, വർഷക്കാലം മുഴുവൻ ആടികൊണ്ടിരിയ്ക്കാം' –ഠരം വിധം രസകരമായ അനേകം പ്രയോഗങ്ങൾ ഇതിൽ കൂസൽ കൂടാതെ തട്ടിവിട്ടിട്ടുണ്ട്. കല്ല്യാണിഅമ്മയുടെ ഒന്നാമത്തെ ഉദ്യമമായ ഠരം പരിഭാഷയിൽ ഇത്രസാമർത്ഥ്യവും വാസനാബലവും കാണിച്ചിരിയ്ക്കുന്ന അവസ്ഥയ്ക്ക് ഇനിയും അവർ ഠരം മാർഗത്തിൽ കുറേകൂടി പരിശ്രമിക്കുന്നതായാൽ ഒന്നാംതരം പരിഭാഷക്കാരിയായി തീരുമെന്നതിനു വാദമില്ല"[20]. മലയാളത്തിലെ ആദ്യചെറുകഥ പ്രസിദ്ധീകരിച്ച (1891 –ൽ വാസനാവികൃതി) ശേഷം ആറുവർഷത്തിനിടയിലാണ് ഒരു വനിത സരസവും സുഗ്രഹവുമായ ഭാഷാരീതിയിൽ ഇംഗ്ലീഷിൽനിന്നും മലയാളത്തിലേക്ക് കഥകൾ മൊഴിമാറ്റം നടത്തിയത്. തുടർന്നു നാലുവർഷം പിന്നിട്ടപ്പോഴേക്കും അവരുടെതന്നെ ആദ്യത്തെ സ്വതന്ത്രകഥയും പ്രസിദ്ധീകരിക്കപ്പെട്ടു. ഈ സാഹചര്യത്തിൽ മലയാളത്തിലെ ആദ്യത്തെ സ്വതന്ത്രകഥാകാരിയും ആദ്യത്തെ പരിഭാഷക്കഥാകാരിയും ടി.സി. കല്ല്യാണി അമ്മയാണെന്നു അനുമാനിക്കാം[21]. ഏറെക്കുറെ ഇതേ കാലഘട്ടത്തിൽ ഇവരെക്കൂടാതെ പി. ലക്ഷ്മികുട്ടിയമ്മ എന്ന എഴുത്തുകാരിയുടെ 'കാന്തിമതിയും കമലബാണനും' എന്ന നീണ്ടകഥ ശാരദയിൽ[22] തുടർച്ചയായി വന്നിട്ടുണ്ട്.

സ്ത്രീകൾക്ക് വേണ്ടി ആരംഭിച്ച *ശാരദ* എന്ന മാസികയുടെ പ്രസിദ്ധീകരണം പിൽക്കാലത്ത് നിലച്ചുപോയെങ്കിലും 1905 ൽ വെള്ളായ്ക്കൽ നാരായണമേനോന്റെ ഉടമസ്ഥതയിലും പത്രാധിപത്യത്തിലും സ്ത്രീകൾക്കുവേണ്ടി ആരംഭിച്ച *ലക്ഷ്മിഭായി*യിൽ പിന്നീട് സാഹിത്യകാരികളുടെ പ്രകടമായ സാന്നിധ്യം കാണാൻ കഴിയുന്നു. 1940 വരെ,

ഏതാണ്ട് മുപ്പത്തിയഞ്ചു വർഷക്കാലം, മുടക്കമില്ലാതെ പ്രസിദ്ധപ്പെടുത്തിയ ലക്ഷ്മിഭായിയിൽ 1913 മുതൽ 1923 വരെ പ്രത്യക്ഷപ്പെട്ട സ്ത്രീകൾഎഴുതിയ പ്രധാനപ്പെട്ട പതിനാലു കഥകൾ സമാഹരിച്ച് വെള്ളായ്ക്കൽ നാരായണമേനോൻ *കഥയുള്ള കഥകൾ* എന്ന പേരിൽ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ലക്ഷ്മിഭായിയുടെ ഏകദേശം 1912 വരെയുള്ള ലക്കങ്ങളിൽ സ്ത്രീകൾഎഴുതിയ സ്വതന്ത്രകഥകൾ അപൂർവ്വമായിട്ടെ കാണാൻ കഴിഞ്ഞിരുന്നുള്ളൂ എന്നത് വിസ്മയകരമായിതോന്നുന്നു. എന്നാൽ അക്കാലത്തെ ലക്കങ്ങളിൽ സ്ത്രീകൾ എഴുതിയ ലേഖനങ്ങൾ എണ്ണംകൊണ്ടും വിഷയഗൗരവംകൊണ്ടും സവിശേഷശ്രദ്ധയും പഠനവും അർഹിക്കുന്നുണ്ട്.

മാസികയുടെ ആദ്യകാലലക്കങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്ന ലേഖനങ്ങൾ അന്നത്തെ കേരളീയസാമൂഹികപശ്ചാത്തലത്തെ തുറന്നുകാണിക്കുന്നവയാണ്. സ്ത്രീകൾ വിദ്യാഭ്യാസവും സ്വാതന്ത്ര്യവും ആർജ്ജിച്ചുകഴിഞ്ഞാൽ അവരിൽ നിക്ഷിപ്തമായ കടമയും, ധർമ്മങ്ങളും, പാതിവ്രത്യനിഷ്ഠയും ഉപേക്ഷിച്ചുകളയുമോ എന്നൊരുഭീതി അധീശസംസ്ക്കാരത്തിന്റെ ആധിപത്യം നിലനില്ക്കുന്ന വ്യവസ്ഥയിൽ അന്നുണ്ടായിരുന്നു അതിനുള്ള പരിഹാരമായി അധീശസംസ്കാരം ചില വ്യവസ്ഥകൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. സ്ത്രീയുടെ പാതിവ്രത്യത്തേയും, കുടുംബിനിയുടെ കർത്തവ്യങ്ങളേയും മാതൃത്വത്തിന്റെ മഹനീയതയേയും സ്ത്രീത്വത്തെ ഉയർന്ന പദവിയിൽ പ്രതിഷ്ഠിക്കയാണെന്ന നാട്യത്തോടെ സമൂഹത്തിൽ പ്രചരിപ്പിച്ചുതുടങ്ങി. ചാരിത്രശുദ്ധിയും, സഹനശീലവും, പതിഭക്തിയും എല്ലാംകോർത്തിണക്കികൊണ്ട് സ്ത്രീബിംബങ്ങളെ പുരാണേതിഹാസങ്ങളിൽനിന്നും തെരഞ്ഞെടുത്ത് അവതരിപ്പിക്കുക എന്നത് അധീശസംസ്കാരത്തിന്റെ ആവശ്യമായിത്തീർന്നു.

1906 ലെ ലക്ഷ്മിഭായിയിൽ മൂർക്കോത്ത്കുമാരൻ സീത,[23] സാവിത്രി, ശകുന്തള തുടങ്ങിയ ഇതിഹാസനായികമാരുടെ സ്വഭാവശുദ്ധിയെ വാഴ്ത്തികൊണ്ട് ലേഖനങ്ങൾ എഴുതിയിരുന്നു 'സ്ത്രീകളറിയേണ്ടവ'[24] എന്ന ശീർഷകത്തിൽ വടക്കേപ്പാട്ടെ നാരായണൻനായർ തുടച്ചയായി 1906 ലെ മകരം, കുംഭം, മീനം ലക്കങ്ങളിൽ എഴുതിയ ലേഖനങ്ങളും പുരുഷാധിപത്യതാൽപ്പര്യങ്ങൾക്കു ഇണങ്ങുന്ന സ്ത്രീമാതൃകകളെ സൃഷ്ടിച്ചുകൊണ്ടുള്ളവയായിരുന്നു.

അധീശസംസ്ക്കാരത്തിന്റെ ഈ പ്രത്യയശാസ്ത്രപ്രചാരണത്തെ കേരളത്തിലെ സ്ത്രീകളുടെവിമോചനബോധം അന്നേ തിരിച്ചറിഞ്ഞുവെന്നതിന് നിദർശനങ്ങളാണ് അക്കാലത്തെ മാസികകളിൽ വന്നുകൊണ്ടിരുന്ന ലേഖനങ്ങൾ. 1897– ൽ വിദ്യാവിനോദിനിയിൽ എൻ. എ. അമ്മ എഴുതിയ 'സ്ത്രീവിദ്യാഭ്യാസദൊഷനിഷെധം' എന്ന ലേഖനം വിദ്യാഭ്യാസാഭിവൃദ്ധി നേടുന്ന സ്ത്രീകളുടെ നേർക്കുള്ള അധീശസംസ്കാരത്തിന്റെ വീക്ഷണകാപട്യം വ്യക്തമാക്കുന്നു. പഠിപ്പുകൊണ്ട് സ്ത്രീകൾക്കു ഭൂഷണമായ ലജ്ജ ഇല്ലാതാകയും വ്യഭിചാരാദികുത്സിത കർമ്മങ്ങളിൽ അത്യഭിരുചി ജനിയ്ക്കുകയും ചെയ്യും' എന്ന ജുഗുപ്സാവഹമായ ഒരു വാദം വിദ്യാവിനോദിനിയുടെ മുൻലക്കങ്ങളിൽ ഒരു 'മഹാൻ' എഴുതിയതിനെ ലേഖിക നിശിതമായി വിമർശിക്കുന്നുണ്ട്[25]. സ്ത്രീജനങ്ങൾ അവശ്യംനേടേണ്ട ഒന്നാകുന്നു വിദ്യാഭ്യാസം എന്നു ആവർത്തിച്ചുറപ്പിക്കുന്ന അനവധി ലേഖനങ്ങൾകൊണ്ട് ആദ്യകാലമാസികകൾ ശ്രദ്ധാർഹമായിട്ടുണ്ട്. അമ്മുകുട്ടിഅമ്മയുടെ സ്ത്രീവിദ്യാഭ്യസം[26], കെ. പത്മാവതിഅമ്മയുടെ 'മലയാളികളും സ്ത്രീവിദ്യാഭ്യാസവും',[27] 'സ്ത്രീകൾക്ക് വേണ്ടതായ വിദ്യാഭ്യാസം',[28] കെ. ചിന്നമ്മയുടെ 'വിദ്യാഭ്യാസത്തിൽ സ്ത്രീകളുടെ സ്ഥാനം'[29] തുടങ്ങിയവ പ്രത്യേകം പരിഗണന അർഹിക്കുന്ന ലേഖനങ്ങളാണ്.

സ്ത്രീ പുരുഷസമത്വത്തെക്കുറിച്ചും അക്കാലത്തെ സ്ത്രീബോധം തിരിച്ചറിഞ്ഞുവെന്ന് സാക്ഷ്യപ്പെടുത്തുന്നതാണ് കെ. ലക്ഷ്മിഅമ്മഎഴുതിയ 'പുരുഷധർമ്മം' എന്ന ലേഖനം സ്ത്രീധർമ്മത്തിന്റെ പുരുഷനിർമ്മിതമായ ചട്ടക്കൂടിനെ ഒരു പരിധിവരെ ലംഘിച്ചുകൊണ്ട് ഭർത്തൃധർമ്മത്തെക്കുറിച്ച് പ്രസ്തുതലേഖനം പുരുഷലോകത്തെ ബോധ്യപ്പെടുത്തുന്നു. ''സ്ത്രീകേവലം ഒരു പ്രജാവർദ്ധനയന്ത്രമല്ല സ്വതേ അബലകളും കാലാന്തരത്തിൽ ക്ഷീണകാരണങ്ങൾക്കും വശഗതകളുമായ സ്ത്രീജനങ്ങൾക്കുണ്ടാകുന്ന കഷ്ടപ്പാടുകൾക്കെല്ലാറ്റിനും ഹേതുഭൂതന്മാർ പുരുഷന്മാരാണെന്ന് അനുഭവമുള്ളവർക്കെല്ലാം അറിയാമല്ലോ? ഭാര്യമരിച്ചുപോയാൽ വേറെ വിവാഹചെയ്യുന്നതിന് പുരുഷന് അധികാരമുണ്ടെങ്കിലും വിധവാവിവാഹം അവിഹിതമായിരിക്കുന്നു; 'ഭാര്യാദു:ഖം പുനർഭാര്യ' എന്നു പറയുന്നതിൽ നിന്ന് ഒരു ഭാര്യയെ സംബന്ധിച്ചിടത്തോളം എത്ര നിസ്സാരമായ വികാരമാണ് ഉള്ളത് എന്ന് അനുമാനിക്കാമല്ലൊ. ഈ തത്വം ഒരു സ്ത്രീയാണ് പറഞ്ഞിരുന്നതെങ്കിൽ അറിവില്ലാതെ പറഞ്ഞതാണെന്ന് പറയുമായിരിയ്ക്കും ഇതു പുരുഷന്റെ കൃത്രിമംതന്നെ 'ന സ്ത്രീസ്വാതന്ത്ര്യമർഹതി' എന്നു വിധിച്ചതും ഒരു പുരുഷൻതന്നെ. പാർലമെന്റിൽ തങ്ങൾക്കും സാമാജികസ്ഥാനം കിട്ടേണമെന്ന് അപേക്ഷിക്കാൻ ചെന്നിരുന്ന ആംഗ്ലേയ

സ്ത്രീയെ കാണുവാൻപോലും സമയമില്ലെന്ന് പറഞ്ഞ പ്രധാനമന്ത്രിയും പുരുഷൻ തന്നെ"[30]. സ്ത്രീയെ അധഃകരിക്കുന്ന വ്യവസ്ഥിതിക്കുനേരേ മാത്രമല്ല പുരാണേതിഹാസ ങ്ങളിലേക്കും തന്റെ പ്രതിഷേധത്തിന്റെ സ്വരം ലേഖിക ഉയർത്തുന്നുണ്ട്. 'സപത്നീജന ത്തിൽവിപ്രിയം ചെയ്യരുതു നികൃതയെന്നാകിലും' എന്ന് ഒരു സ്ത്രീരത്നത്തിനോടുപദേ ശിച്ച മഹാൻ 'പത്നീജനത്തിനോടും വിപ്രിയംചെയ്യരുതെ'ന്നു പുരുഷനോടും ഉപദേശി ച്ചിരുന്നെങ്കിൽ ശകുന്തളയുടെ ദുഃഖം വായനക്കാരുടെ മനസ്സിനെ തപിപ്പിക്കുകയില്ലാ യിരുന്നു"[31].

ഗാർഹികാടിമത്തത്തിൽ കുടുങ്ങിക്കിടക്കുന്ന സ്ത്രീയുടെ പരിതാപകരമായ അവ സ്ഥ ഉൻമീലനം ചെയ്തുകൊണ്ട് സ്ത്രീവിമോചനത്തെകുറിച്ച് വിഭാവനംചെയ്യുന്ന ഒരു ലേഖനം കെ. പത്മാവതിഅമ്മ എഴുതിയിട്ടുണ്ട് – "ജനനം മുതൽ മരണം വരെ ഒരു അടി മയെപ്പോലെ വീടിനുള്ളിൽത്തന്നെ നല്ലവണ്ണം ശുദ്ധവായു കൂടി ഏൽക്കാതെ കാലക്ഷേപം കഴിച്ചു തന്നെ സംബന്ധിച്ച കാര്യങ്ങളിൽക്കൂടി യാതൊന്നു പറയാനൊ പ്രവർത്തിക്കാനൊ സ്വാതന്ത്ര്യമില്ലാതെയുള്ള ഒരു സ്ഥിതിയിൽ എന്തൊരു സൌഖ്യമാണ് ഉണ്ടാവാനുള്ളത്? അല്ലയൊ മഹാൻമാരെ: സഹോദരികളുടെ, അഥവാ സമസൃഷ്ടികളുടെ, ഈ വിധമുള്ള കഷ്ടാവസ്ഥയിൽ നിങ്ങൾക്കു ലേശവും അനുകമ്പയില്ലെ? അവരെ ഈ സ്ഥിതി യിൽനിന്നും –ഉദ്ധരിപ്പിക്കേണമെന്നു നിങ്ങൾക്കാർക്കും ലേശംപോലും ആഗ്രഹമില്ലെ?[32]. സാഹിത്യരംഗത്ത് തങ്ങൾ നേരിടുന്ന പ്രതിബന്ധങ്ങളെക്കുറിച്ച് അന്നുതന്നെ സ്ത്രീകൾ ബോധവതികളായിരുന്നുവെന്നതിന്റെ നിദർശനമാണ് 'വനിതാവൈഭവം' എന്ന ലേഖനം. സ്ത്രീയുടെ സർഗ്ഗാത്മകതയ്ക്കു തടസ്സമായി വരുന്നത് അവളുടെ അസ്വാതന്ത്ര്യമാണെന്ന് ലേഖിക അഭിപ്രായപ്പെടുന്നു[33]. കെ.എം. കുഞ്ഞുലക്ഷ്മി കെട്ടിലമ്മയുടെ 'സാഹിത്യവും സ്ത്രിസമുദായവും'[34], ഭാഗീരഥിഅമ്മയുടെ 'സ്ത്രീകളും സാഹിത്യവും'[35], എന്നിവ ഈ വിഭാഗത്തിൽ സവിശേഷ ശ്രദ്ധയാകർഷിക്കുന്ന ലേഖനങ്ങളാണ്.

ഈവിധം പുരുഷാധിപത്യത്തിന്റെ അധികാരഘടനയേയും അത് ഉൽപ്പാദിപ്പിക്കുന്ന കപടമൂല്യങ്ങളേയും സൗന്ദര്യസങ്കൽപ്പങ്ങളേയും തുറന്നുകാട്ടാൻ കേരളത്തിലെ പെൺബോധം കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭത്തിൽത്തന്നെ പര്യാപ്തമായിതീർന്നു. ഇങ്ങനെ കരുത്തുറ്റ ഒരു സ്ത്രീവിമോചനബോധം ലേഖനങ്ങളിൽ പ്രകടമായിട്ടും എന്തു കൊണ്ട് ആദ്യകാലത്തെ കഥാലോകത്തേക്ക് അവ വേണ്ടത്ര കടന്നുവന്നില്ല എന്നത് ചിന്തി

ക്കേണ്ട ഒരു വിഷയമാകുന്നു. അതിന്നുള്ള ഒരുകാരണമായി ചൂണ്ടികാണിക്കാനുള്ളത് പുരുഷാധിപത്യനിർണ്ണയങ്ങൾക്കുള്ളിൽ ഒതുക്കിയിരുന്ന സാഹിത്യലോകം സ്ത്രീകൾക്കു ഏറെ കാലത്തേക്ക് തികച്ചും അപ്രാപ്യമായിരുന്നു എന്നതാണ്. ഏതുകാലത്തും എവിടേയും പുരുഷൻമാരുടെ അധീനതയിലായിരുന്നുവല്ലോ സാഹിത്യലോകം. അതിലേക്കുള്ള സ്ത്രീകളുടെ ആദ്യകാൽവെപ്പ് സ്വാഭാവികമായും പുരുഷമാതൃകയെ പിന്തുടർന്നുള്ളതാവാനാണല്ലോ സാധ്യത; സ്ത്രീകളുടേതായ രചനകൾ മാതൃകയായിട്ടുപോലും അവർക്കുണ്ടായിരുന്നില്ല. എഴുതുക എന്ന പ്രക്രിയയാവട്ടെ സ്ത്രീകളുടെ അതിരുകവിഞ്ഞ സ്വാതന്ത്ര്യമായി കണക്കാക്കുകയും ചെയ്തിരുന്നു ഈയൊരു സാഹചര്യത്തിൽ ഒരു വെല്ലുവിളിപോലെ കടന്നുവന്ന എഴുത്തുകാരികൾ പക്ഷേ പ്രമേയസ്വീകരണത്തിൽ ആദ്യകാലത്ത് പുരുഷലോകത്തോട് ആധമ്മർണ്യം പുലർത്തിപ്പോന്നു. മറ്റൊരുകാരണം ഉപന്യാസരചനയ്ക്കും കഥാരചനയ്ക്കും തമ്മിലുള്ള മൗലികമായ വ്യത്യാസമാണ്. ജീവിതാനുഭവങ്ങളെ വൈകാരികമായി ആവിഷ്ക്കരിക്കുന്ന കഥാസാഹിത്യം കൈകാര്യംചെയ്യുന്നത് സ്ത്രീകളാണെങ്കിൽ അവരുടെ സ്വകാര്യജീവിതവുമായി ആ കഥകളെ വികലമായി ബന്ധപ്പെടുത്തി അപഹസിക്കാനുള്ള താൽപ്പര്യം പലപ്പോഴും അധീശസംസ്കാരം പ്രകടമാക്കിയിട്ടുമുണ്ട്. ഈയൊരു ദുഃസ്ഥിതി കഥാരചനയിൽ സ്വതന്ത്രമായ ആവിഷ്ക്കാരത്തെ ദുഷ്ക്കരമാക്കുകയാണ് ചെയ്തിട്ടുള്ളത്. സ്ത്രൈണാനുഭവത്തിന്റെ സ്വതന്ത്രമായപ്രകടനം അധീശസംസ്ക്കാരത്തെ എതിരിട്ടുകൊണ്ട് സാഹിത്യലോകത്ത് സാധിച്ചെടുക്കാൻ, അധൈര്യം കൊണ്ടാവാം കഥാകാരികൾ മടിച്ചുനിന്നു. തന്മൂലം ചരിത്രപരവും കാൽപ്പനികവുമായ പ്രമേയങ്ങൾ തന്നെ കഥയിൽ അവർ കൂടുതലായി സ്വീകരിച്ചു.

മലയാളത്തിലെ ആദ്യത്തെ സ്വതന്ത്രകഥയായ ‘രാജപങ്കജം’ ചെറുകഥയുടെ സവിശേഷസ്വഭാവം വെച്ചുപുലർത്താത്ത ഒരു മുത്തശ്ശിക്കഥയുടെ നിലവാരം മാത്രമുള്ളതാണെന്ന് പറയാം. സരസ്വതീഭായിയുടെ ‘തലച്ചോറില്ലാത്ത സ്ത്രീകൾ’ ചെറുകഥയുടെ സവിശേഷസ്വഭാവം ഏറെക്കുറെ പ്രകടമാക്കുകയും പ്രമേയസ്വീകരണത്തിൽ മൗലികത ഉൾക്കൊള്ളുകയും ചെയ്ത ശ്രദ്ധാർഹമായ ഒരുകഥയാണ്. ആ കാലഘട്ടത്തിലെ ചെറുകഥകളെ സാമാന്യമായി വിശകലനം ചെയ്യുമ്പോൾ പുരുഷകഥാകൃത്തുക്കളിൽ പലരും വിഹരിച്ചിരുന്നത് കാൽപ്പനികതയുടെ വിഭ്രാമകലോകത്തിലായിരുന്നുവെന്ന് കാണാൻ കഴിയും. എന്നാൽ കഥാലോകത്ത് കാലെടുത്തുവെച്ച സരസ്വതീഭായി തന്റെ പ്രഥമകഥയിൽത്തന്നെ വ്യതിരിക്തമായ ഒരു ഇതിവൃത്തം അവതരിപ്പിച്ചു. സ്ത്രീക്കും തലച്ചോറു

ണ്ടെന്ന് സ്ഥാപിച്ചുകൊണ്ട് അവൾക്ക് കുടുംബജീവിതവും സാഹിത്യവൃത്തിയും ഒരുമിച്ചു കൊണ്ടുപോകാമെന്ന് ഈ കഥ തെളിയിക്കുന്നു. ആദ്യകഥാകാരികളിൽ ചിലർ പ്രകടമാക്കിയ പ്രമേയത്തിന്റെ വ്യതിരിക്തത എം.എം. ബഷീർ നിരീക്ഷിട്ടുണ്ട്. പുരുഷൻമാർപോലും കൈകാര്യം ചെയ്തിട്ടില്ലാത്ത ഒരു ഇതിവൃത്തം സ്വീകരിച്ചുവെന്നതിന്റെ പേരിൽ ആദ്യകാലകഥാകാരികൾ രചിച്ചവയിൽ വെച്ച് ഏറ്റവും ശക്തിയുള്ള കഥയായി അദ്ദേഹം അമ്പാടി കാർത്ത്യായനിയമ്മയുടെ 'മനഃസാക്ഷിയും മോഹവും' എന്ന കഥയെ വിലയിരുത്തിയിട്ടുണ്ട്[36]. ചമ്പത്തിൽ ചിന്നമ്മുഅമ്മാൾ ബി.എ. യുടെ 'ഒരു കൊലക്കേസ്' ഒരു കുറ്റന്വേഷണകഥയാണ്. എം.ആർ. കെ.സിയുടേയും അമ്പാടി, നാരായണപ്പൊതുവാളുടേയും അപസർപ്പകകഥ കളെ പിൻതുടരുക മാത്രമാണ് ഈ കഥ ചെയ്യുന്നത്. ലക്ഷ്ക്കുട്ടിവാര്യരുടെ 'ഇനിയെന്താചെയ്യ്ക' എന്ന കഥ വിദ്യാഭ്യാസത്തോട് പ്രത്യേകിച്ച് ഇംഗ്ലീഷ് വിദ്യാഭ്യാസത്തോട് അക്കാലത്തെ സ്ത്രീകളിൽ പലരും കാണിച്ചിരുന്ന അഭിനിവേശത്തെ സൂചിപ്പിക്കുന്ന പ്രമേയം സ്വീകരിച്ചതുകൊണ്ട് കാലികപ്രസ്ക്തി കൈവരിച്ചെന്നുപറയാം. മേൽപ്പറഞ്ഞവിധം എഴുത്തുകാരികളുടെ പ്രാതിനിധ്യം കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭത്തിൽത്തന്നെ മലയാളചെറുകഥയിൽ ഉണ്ടായിരുന്നുവെങ്കിലും, ചെറുകഥയുടെ ജന്മശതാബ്ദി വേളയിൽ പുറത്തിങ്ങിയ *100 വർഷം 100 കഥ* എന്ന ചെറുകഥാസമാഹാരത്തിൽ ഈ ആദ്യകഥാകാരികളുടെ ഒരു കഥപോലും ഉൾപ്പെടുത്തിയിട്ടില്ല. കഥാകാരികളെ വിസ്മരിക്കുന്ന ചരിത്രത്തിന്റെ തനിയാവർത്തനമായിപ്പോയി പ്രസ്തുത പുസ്തകം. അതിൽ കെ. എസ്. രവികുമാർ എഴുതിയപഠനത്തിൽ[37] ആദ്യകാലകഥാചരിത്രത്തെകുറിച്ച് പരാമർശിക്കുന്നിടത്ത് അമ്പാടി കാർത്ത്യയനിയമ്മ, ബി. പാർവ്വതിയമ്മ, ടി.സി. കല്ല്യാണിയമ്മ തുടങ്ങിയവരുടെ പേര് സൂചിപ്പിക്കുകമാത്രം ചെയ്യുന്നു. ആദ്യകാലകഥാകാരന്മാരെന്ന നിലയിൽ പരിഗണിക്കപ്പെടാവുന്ന വേങ്ങയിൽകുഞ്ഞിരാമൻനായർ, സി.എസ്. ഗോപാലപ്പണിക്കർ, മൂർക്കോത്ത്കുമാരൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ,അമ്പാടി നാരായണപ്പൊതുവാൾ, എം.ആർ.കെ.സി, കെ. സുകുമാരൻ, ഈ.വി. കൃഷ്ണപിള്ള എന്നീ എട്ട്പേരുടെ ചെറുകഥകൾ ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കൂട്ടത്തിൽ മൂന്നാമത്തെ കഥാകാരൻ മൂർക്കോത്ത് കുമാരന്റെ 'കലികാലവൈഭവം' എന്ന ആദ്യ കഥ 1896 ൽ പുറത്തിറങ്ങി, നാലുവർഷം കഴിഞ്ഞപ്പോഴെക്കും ടി.സി. കല്ല്യാണിഅമ്മയടെ 'രാജപങ്കജം' എന്ന കഥ പ്രസിദ്ധീകരിക്കപ്പെട്ടു, പ്രസ്തുത സമാഹാരത്തിൽ എട്ടാമത്തെ കഥാകാരനായിചേർത്തിരിക്കുന്ന ഈ.വി .കൃഷ്ണപിള്ളയ്ക്ക് അന്നേക്ക് ആറുവയസ്സ് ആയി

ക്കാണും (ജനനം 1884). ആദ്യത്തെ മലയാള ചെറുകഥ പ്രസിദ്ധീകൃതമായി പത്ത് വർഷത്തിനുള്ളിൽ ആദ്യത്തെ മലയാളകഥാകാരി ഒട്ടേറെ പരിഭാഷക്കഥകളും സ്വതന്ത്രകഥകളുമായി രംഗപ്രവേശം ചെയ്തുകഴിഞ്ഞിരുന്നു. ആ നിലയ്ക്ക് ഈ കഥകളിൽ ചിലതെങ്കിലും ഭേദപ്പെട്ടവയായി പരിഗണിക്കപ്പെടാവുന്നവയുമായിരുന്നു. ആദ്യകാലകഥാകാരികളുടെ രചനകളെ വിസ്മരിച്ചുകൊണ്ട് മലയാളചെറുകഥയുടെ ശതാബ്ദത്തിലൂടെയുള്ള വളർച്ചയുടെ ചരിത്രം രേഖപ്പെടുത്തുന്ന പ്രസ്തുത ഗ്രന്ഥം സാഹിത്യചരിത്രത്തോട് നീതി പുലർത്തുന്നില്ലെന്നു പറയണം.

വ്യതിരിക്തമായ പ്രമേയംകൊണ്ട് ചില കഥകൾ ശ്രദ്ധാർഹങ്ങളാവുന്നുണ്ടെങ്കിലും മലയാളത്തിലെ ആദ്യകാലകഥാകാരികളുടെ രചനകൾ പൊതുവേ പുരുഷന്മാരുടെ രചനകളെ പിൻതുടരുന്നതാണെന്നു പറയാം. എന്നാൽ 1930–ന് ശേഷം പ്രത്യക്ഷപ്പെട്ടകഥകൾ സ്ത്രീവിമോചനാശയങ്ങളും തനതായ സ്ത്രൈണാവബോധവും ഉൾക്കൊണ്ടവയാണ്. കഥാസാഹിത്യത്തിൽ ശക്തമായ സ്ത്രീസാന്നിദ്ധ്യം പ്രകടമാക്കിക്കൊണ്ട് കടന്നുവന്ന ലളിതാംബികാഅന്തർജ്ജനത്തിന്റേയും സരസ്വതിയമ്മയുടേയും കഥകൾ ഇത്തരത്തിലുള്ളവയാണ്. 1930–ൽ 'യാത്രാവസാനം' എന്ന കഥയോടെ സാഹിത്യരംഗത്തേക്കു വന്ന അന്തർജ്ജനം സ്വസമുദായത്തിലെ അനാചാരങ്ങളോട് പൊരുതുവാനുള്ള മാധ്യമമായി കഥയെ തെരെഞ്ഞെടുത്തു. സാഹിത്യത്തെ സാമൂഹ്യപരിഷ്ക്കരണോപാധിയാക്കിമാറ്റിയ ആദ്യകഥാകാരിയാണ് അന്തർജ്ജനം. 1938– ൽ 'സീതാഭവനം' എന്ന കഥയോടെ സാഹിത്യരംഗത്തേക്കു പ്രവേശിച്ച സരസ്വതിയമ്മയ്ക്ക് എതിരിടേണ്ടിവന്നത് സ്ത്രീയോട് ഒരു പ്രത്യേകസമുദായം ഏൽപ്പിച്ച നെറികേടിനോട് മാത്രമല്ല, അധീശസംസ്ക്കാരം ചിട്ടപ്പെടുത്തി, സാമൂഹികവ്യവസ്ഥിതിയിൽ പ്രതിഷ്ഠിച്ചുവെച്ച സ്ത്രീസങ്കല്പത്തോടായിരുന്നു. എൻ. കൃഷ്ണപിള്ള *കൈരളിയുടെകഥ*യിൽ സരസ്വതിയമ്മയെക്കുറിച്ച് നടത്തുന്ന ആദ്യപരാമർശം തന്നെ സവിശേഷശ്രദ്ധയർഹിക്കുന്നതാണ്, ''ഇങ്ങനെ സാമൂഹികങ്ങളായ അനീതികളെ നിഷേധിക്കാൻ പുറപ്പെട്ട മൂന്നുകാഥികമാരുടെ ( ബഷീർ, അന്തർജ്ജനം, വർക്കി) കാര്യം പറയുന്ന കൂട്ടത്തിൽ കാലക്രമം ഒന്നു തെറ്റിച്ചാണെങ്കിലും മറ്റൊരാളെക്കുറിച്ചുകൂടി പ്രസ്താവിക്കുന്നതിനു പ്രസ്ക്തിയുണ്ട് കെ. സരസ്വതിയമ്മയാണ് ആ കാഥിക''[38] എന്തുകൊണ്ടാണ് കാലക്രമം തെറ്റിച്ചുകൊണ്ടുതന്നെ സരസ്വതിയമ്മയെ കുറിച്ച് കൃഷ്ണപിള്ളക്ക് പറയേണ്ടിവന്നത്? അവർക്ക് മുമ്പ് സമൂഹത്തിലെ പ്രത്യേകിച്ചു നമ്പൂതിരിസമുദായത്തിലെ, സ്ത്രീയുടെ പരാധീനതയെക്കുറിച്ചുള്ള അമർഷം അന്തർജ്ജത്തിന്റെ കഥ

കൾ ഉൾക്കൊണ്ടിരിന്നുവല്ലോ, എന്നിട്ടും പിന്നീട് വരുന്ന സരസ്വതിയമ്മയെ അവർക്കു മുമ്പ് പ്രതിഷേധശബ്ദമുയർത്തിയവരുടെ കൂട്ടത്തിലുൾപ്പെടുത്തി വിശകലനം ചെയ്തതിന്റെ സാംഗത്യം മറ്റൊന്നല്ല. അത് അത്രമാത്രം മൗലികവും തീഷ്ണവും അനുഭവതീവ്രവുമായിരുന്നുവെന്നതുതന്നെയാണ്. വി.ടി. ഭട്ടതിരിപ്പാടും മറ്റും കൊളുത്തിവെച്ച കൈത്തിരിയുടെ വെളിച്ചം കണ്ടുകൊണ്ടുകൂടിയാണ്  അന്തർജ്ജനം നമ്പൂതിരിസമുദായത്തിന്റെ ഇരുളടഞ്ഞവഴിയിൽ  കാലെടുത്തു വെച്ചത്. എന്നാൽ അധീശസംസ്ക്കാരത്തോട് കലഹിക്കുന്ന സ്ത്രീപക്ഷചിന്തയുടെ തീക്ഷ്ണമായനിലപാട് ആദ്യം മുതൽക്കേ പ്രകടമാക്കിയ സരസ്വതിയമ്മയുടെ വിമോചനശബ്ദം ആ കാലത്ത് ഏറെക്കുറെ ഒറ്റപ്പെട്ടതായിരുന്നു. നമ്പൂതിരിസ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പ്രാമുഖ്യം നൽകികൊണ്ട് അന്തർജ്ജനം കഥയിൽ ആവിഷ്ക്കരിച്ച സ്ത്രീചിന്തകളിൽനിന്ന് സരസ്വതിയമ്മയുടെ കാഴ്ചപ്പാട് ബഹുദൂരം മുന്നോട്ട് പോയിരിക്കുന്നതായിക്കാണാം "സാമൂഹികതലത്തിൽ സ്ത്രീയുടെ നില എത്രഉയർന്നാലും, സർവ്വൈശ്വര്യങ്ങളും നേടിയാലും അമ്മ, കുടുംബിനി, ഭാര്യ, സഹോദരി എന്നീ നിലകളിൽ സ്വന്തം കടമകൾ നിർവഹിക്കാത്തിടത്തോളംകാലം സ്ത്രീത്വം അപൂർണ്ണവും അപക്വവും ദുർബലവുമായിരിക്കുമെന്ന കാഴച്ചപ്പാടാണ് ലളിതാംബികഅന്തർജ്ജനത്തിന്നുള്ളത്"[39] അവരുടെ ഈ സ്ത്രൈണാവബോധമാണ് ഏറ്റവുമൊടുവിൽ എഴുതിയ *അഗ്നിസാക്ഷി*യിൽപോലും പ്രതിഫലിക്കുന്നത്. മാതൃത്വത്തിന്റെ മഹനീയഭാവത്തെ സാക്ഷാത്ക്കരിക്കുന്ന അവരുടെ ജീവിതദർശനത്തിൽനിന്ന് പുറംതിരിഞ്ഞു നിൽക്കുന്നതാണ് സരസ്വതിയമ്മയുടെ ജീവിതദർശനം. മാതൃത്വത്തെ അധീശസംസ്കാരം പാകപ്പെടുത്തിയെടുത്ത ഒരു സ്ഥാപനമായി കണക്കാക്കുന്ന സരസ്വതിയമ്മ അതിന്റെ മഹത്വത്തെകുറിച്ച് ഒരുവരിപോലും എഴുതിയിട്ടില്ല എന്നുമാത്രമല്ല, പലകഥകളിലും അത്തരത്തിലുള്ള മാതൃത്വത്തെ ഇകഴ്ത്തിക്കാട്ടുന്ന നിരവധിപരാമർശങ്ങൾ പ്രത്യക്ഷമായികാണുന്നുമുണ്ട്.  പുരുഷാധിപത്യസംസ്കാരത്തിനും മൂല്യങ്ങൾക്കും എതിരെ സ്ത്രീയുടെ ബദൽമൂല്യങ്ങളും വിമോചനസ്വപ്നങ്ങളും കഥകളിൽ പ്രതിഷ്ഠിച്ച സരസ്വതിയമ്മയുടെ സ്ത്രൈണാവബോധം വ്യവസ്ഥയെ പുതുക്കിപ്പണിയാനാണ് അഭിലഷിക്കുന്നത്.  ആ അവബോധമുൾക്കൊണ്ട് ജീവിച്ച സരസ്വതിയമ്മയുടെ ജീവിതദർശനവും കലാദർശനവും ഒന്നുതന്നെയായിരുന്നു. തികച്ചും പുതിയതും, ഒറ്റപ്പെട്ടതും, കലർപ്പില്ലാത്തതും, ആയ അവരുടെ സ്ത്രൈണാവബോധം തുടക്കംമുതലേ പുരുഷവിദ്വേഷമായും പ്രേമവിരോധമായും തെറ്റിദ്ധരിക്കപ്പെടുകയാണുണ്ടായത്.  സരസ്വതിയമ്മ ഒരിക്കലും പുരുഷവിദ്വേഷിയായിരു

ന്നില്ല. എന്നാൽ വ്യവസ്ഥാപിതമൂല്യങ്ങളെ വിഗണിച്ചുകൊണ്ട്, സ്ത്രീപുരുഷ ബന്ധത്തെ പുതിയരീതിയിൽ നിർവചിക്കുന്ന അവരുടെ കഥകൾ അവ എഴുതപ്പെട്ട കാലഘട്ടത്തിന് തീർത്തും ഉൾക്കൊള്ളാൻ പറ്റാത്തവയായിരുന്നു. സരസ്വതിയമ്മ വിഭാവനംചെയ്ത സ്ത്രീയുടെ ബദൽമൂല്യങ്ങൾ ഫെമിനിസത്തിന്റെ വെളിച്ചത്തിൽ ഇന്നു ചർച്ചചെയ്യപ്പെടുന്നുണ്ടെങ്കിലും കൂടുതൽ ആഴത്തിലുള്ള സമഗ്രമായ ഒരു അപഗ്രഥനം അവ ആവശ്യപ്പെടുന്നുണ്ട്. മാത്രമല്ല അവരുടെ സ്ത്രൈണാവബോധത്തെ പൂർണ്ണമായും ഉൾക്കൊള്ളാൻ തക്കവിധം മലയാളത്തിലെ സ്ത്രീപക്ഷചിന്തകൾ ഇനിയും പക്വതയാർജ്ജിക്കേണ്ടതുമുണ്ട്.

സ്ത്രീകഥാസാഹിത്യത്തെക്കുറിച്ച് അന്വേഷണം നടത്തിയ എൻ.കെ. രവീന്ദ്രൻ 1900– മുതൽ 1930 വരെ അനുകരണകാലം, 1930 മുതൽ 1950 വരെ പ്രതിഷേധകാലം, 1950–മുതൽ സ്വത്വാന്വേഷണകാലം എന്നിങ്ങനെ ആ സാഹിത്യത്തെ ഘട്ടവിഭജനം നടത്തിയിട്ടുണ്ട്. സരസ്വതിയമ്മയുടെ കഥകളെ പ്രതിഷേധകാലഘട്ടത്തിൽ ഒതുക്കിനിർത്തുന്ന ഈ ഗവേഷകൻ, സ്വത്വാന്വേഷണഘട്ടത്തിന്റെ തുടക്കംകുറിക്കുന്നത് മാധവിക്കുട്ടിയിലാണെന്നും അഭിപ്രായപ്പെടുന്നു[40] .നെല്ലിക്കൽ മുരളീധരൻ ആകട്ടെ *വിശ്വസാഹിത്യദർശനങ്ങൾ* എന്ന ഗ്രന്ഥത്തിൽ സ്ത്രീരചനകൾ സ്വത്വബലം പ്രകടിപ്പിക്കാൻ ശ്രമിക്കുന്ന തൃതീയഘട്ടം മലയാളസാഹിത്യത്തിൽ പിറക്കാനിരിക്കുന്നതേയുള്ളുവെന്നാണ് അഭിപ്രായപ്പെടുന്നത്. മലയാളത്തിൽഇപ്പോഴും ഫെമിനിസത്തിന്റേതെന്നു പറയാവുന്ന പ്രതിഷേധഘട്ടമാണ് നിലനിൽക്കുന്നതെന്ന് അദ്ദേഹം കരുതുന്നു[41].

സ്ത്രീയുടെ സ്വത്വാന്വേഷണത്വര മാധവിക്കുട്ടിയിൽ രവീന്ദ്രൻ കണ്ടെത്തുന്നതും, അത് മലയാളസാഹിത്യത്തിൽ പിറക്കാനിരിക്കുന്നതേയുള്ളുവെന്ന് നെല്ലിക്കൽ മുരളീധരൻ അഭിപ്രായപ്പെടുന്നതും, ഇന്നും സ്ത്രീരചനകളെ ആഴത്തിൽ വിശകലനം ചെയ്യപ്പെടാതെപോകുന്നുവെന്നതിനെയാണ് സൂചിപ്പിക്കുന്നത്. സ്ത്രീ സാഹിത്യവിമർശനത്തിന്റെ ഈ അപാകത സി.എസ്. ചന്ദ്രികയുടെ ഒരു ലേഖനത്തിൽ പ്രകടമാകുന്നുണ്ട്. “പിതൃമേധാവിത്വം മേൽക്കൈനേടിയസാഹിത്യത്തിൽ പുരുഷന് നായകസ്ഥാനവും അതുമായി ബന്ധപ്പെട്ടനിലയിൽ സ്ത്രീക്ക് നായികസ്ഥാനവും നൽകി. ഇതിനെതിരെ സ്ത്രീനായകപാത്രം (The Female Hero) എന്നൊരു സംജ്ഞ തന്നെ പെൺവാദികൾ ഉണ്ടാക്കിയിട്ടുണ്ട്. അങ്ങനെ സ്ത്രീനായകപാത്രം നാലു സാമൂഹിക ധാരണകളിൽനിന്ന് മോചനം നേടേണ്ടതാണ്.

1. കന്യകാത്വം പുരുഷന് വേണ്ടി അമൂല്യവും പവിത്രവുമായൊ കാത്തുസൂക്ഷിക്കേണ്ട താണെന്ന മിഥ്യാധാരണ.

2. കാൽപ്പനികപ്രണയത്തിന്റെ ആകർഷണീയത.

3. ലിംഗവ്യത്യാസംകൊണ്ടു മാത്രം പുരുഷൻ സ്ത്രീയേക്കാൾ ഉന്നതനാണെന്ന വാദം.

4. ത്യാഗത്തിന്റെ മൂർത്തിമദ്ഭാവമെന്നു പുകഴ്ത്തപ്പെടുന്ന മാതൃത്വസങ്കൽപ്പം. ഈ നാലു ധാരണകളും സ്ത്രീനായക സങ്കൽപ്പത്തിനു തടസ്സം സൃഷ്ടിക്കുന്നവയാണെന്ന് ഫെമി നിസ്റ്റ് നിരൂപകർ കാണുന്നു. ഇവയെ അതിജീവിച്ച് സ്ത്രീത്വത്തിന്റെ സ്വത്വം നേടുക യാണ് സ്ത്രീ നായകപാത്രം. അവൾ തന്റെ കന്യകാത്വമോ ജീവിതമോ ഒരേയൊരുപു രുഷന്റെ കാൽക്കലർപ്പിക്കുന്നതിനായി സൂക്ഷിക്കുന്നതിൽ വിശ്വസിക്കുന്നില്ല സ്ത്രീത്വം പൂർണ്ണമാകാൻ പുരുഷൻ വേണമെന്ന് ഒരു മിഥ്യാധാരണയുമവൾക്കില്ല. ലിംഗ മേൽക്കോയ്മ വകവെയ്ക്കാതെ സ്വന്തം വ്യക്തിത്വം പരിപോഷിപ്പിക്കുവാൻ അവൾ സ്വാതന്ത്ര്യം ആർക്കും പണയപ്പെടുത്താതെ നോക്കുന്നു. മാതൃത്വം വ്യക്തിവികാസ ത്തിനുതടസ്സമാണെന്നവൾ കരുതുന്നു. സർവ്വംസഹയായ അമ്മ സ്വന്തം ജീവിതത്തോട് നിഷേധാത്മകമായ ഒരു നിലപാട് സ്വീകരിക്കാൻ നിർബന്ധിതയാവുന്നു. മക്കൾക്കാ യ് സമർപ്പിക്കപ്പെട്ട ആ ജീവിതത്തെ തൃണവൽഗണിച്ചുകൊണ്ട് മക്കൾ സ്വന്തം ജീവിതം തേടിപോകുന്നു. ഈ നാലുധാരണകളിൽനിന്ന് സ്വയം വിമോചിതയായ സ്ത്രീക്ക് തന്റെ തടവറയുടെ സമ്പൂർണ്ണ ദർശനം ലഭിക്കുന്നു. മാതാപിതാക്കളും അദ്ധ്യാപകരു മൊക്കെതന്നെ പരമ്പരാർജ്ജിതമായ ആചാരാനുഷ്ഠാനങ്ങളുടെ ഇരയാക്കിമാറ്റുകയാ യിരുന്നുവെന്ന അറിവ് അവളെ സ്വതന്ത്രയാവാൻ സഹായിക്കുന്നു. കുടുംബമെന്ന സാമൂഹികഅംഗീകാരമെന്ന ഏദൻതോട്ടത്തിൽ നിഷ്കളങ്കതയഭിനയിച്ച് കഴിയാൻ പിന്നെയവൾക്കു സാധ്യമല്ല. സ്വയം സത്യസന്ധതപുലർത്തുകമാത്രമാണ് പിന്നീട് പ്രധാനം. സമൂഹത്തിൽ ഒറ്റപ്പെട്ടാലും ക്രൂശിക്കപ്പെട്ടാലും തന്റെ ആദർശത്തിൽനിന്ന വൾ വ്യതിചലിക്കുകയില്ല. ഇത്തരം സ്ത്രീനായകപാത്രങ്ങൾ പാശ്ചാത്യനോവലുകളിൽ ഏറെയുണ്ട്. സാംസ്ക്കാരികമായ വൻവ്യത്യാസംകൊണ്ടാവാം ഒരു പക്ഷേ ഭാരതീയ സാഹിത്യത്തിൽ ഇതുപോലൊരു സ്ത്രീനായകപാത്രം ഇതുവരെ ഉണ്ടാവാത്തത്"[42].

സി.എസ്. ചന്ദ്രിക അക്കമിട്ടു പറയുന്ന നാലു ധാരണകളെയും അതിലംഘി ച്ചുകൊണ്ട് സ്ത്രീത്വത്തിന്റെ സ്വത്വം നേടുന്ന ഒരു സ്ത്രീനായകപാത്രത്തെ സരസ്വതിയമ്മ

സാക്ഷാത്ക്കരിച്ചിട്ടുണ്ട്. 1944–ൽ രചിച്ച *പ്രേമഭാജനമെ*ന്ന നോവലിലെ ലൂയിസയാണ് ആ കഥാപാത്രം. ഈ കൃതി നോവൽ സാഹിത്യത്തിൽ ശ്രദ്ധിക്കപ്പെടാതെപോയതുകൊണ്ടാകാം ലൂയിസ എന്ന സ്ത്രീകഥാപാത്രത്തെ അനുവാചകർ മനസിലാക്കാതെ പോയത്. അന്നത്തെ കേരളീയജീവിതപശ്ചാതലത്തിനു ഒട്ടും ഇണങ്ങാത്ത, പാശ്ചാത്യവീക്ഷണമുൾക്കൊള്ളുന്ന ഒരു സ്ത്രീകഥാപാത്രത്തെ സൃഷ്ടിച്ചുകൊണ്ട് എഴുതപ്പെട്ട ആ നോവലിന്റെ പേരിൽ സഹൃദയലോകം കഥാകാരിയെ പീഡിപ്പിച്ചിരുന്നുവെന്നതിന് ഗുപ്തൻനായർക്ക് അവരെഴുതിയ കത്തുകൾ സാക്ഷ്യങ്ങളാണ്[43]. "ഇന്നുപോലും നമുക്കംഗീകരിക്കാൻ വിമുഖമായ സ്ത്രീകർതൃത്വത്തിന്റെ ക്രിയാത്മകവും സ്ഫോടനാത്മകവുംമായ വിഭിന്നമുഖങ്ങൾ ഈ കൃതിയിലുണ്ട് "[44] എന്ന ഗീതയുടെ കണ്ടെത്തൽ ലൂയിസയുടെ വ്യതിരിക്തമായ സ്ത്രീസ്വത്വത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. സാമൂഹികധാരണകളെ അതിലംഘിച്ചുകൊണ്ട് സ്ത്രീത്വത്തിന്റെ വേറിട്ടൊരുസ്വത്വം ആർജ്ജിക്കുന്ന ലൂയിസയ്ക്ക് നായികാസ്ഥാനത്തേക്കാൾ ഇണങ്ങുക 'സ്ത്രീനായക' പദവിയാണ്. അച്ഛനോടൊപ്പം യൂറോപ്പിൽ വളർന്ന ലൂയിസയുടെ സ്ത്രൈണ ചിന്തകൾക്കാധാരം മദാമ്മയെപോലെജീവിച്ചതാകാമെന്ന് ഒരുപക്ഷേ വാദിക്കപ്പെട്ടേക്കാം. എന്നാൽ തനി കേരളീയ പശ്ചാത്തലത്തിൽ നിലയുറപ്പിച്ചുകൊണ്ട് തന്നെ വ്യതിരിക്തമായ സ്ത്രൈണാവബോധത്താൽ ശ്രദ്ധേയരാവുന്ന നിരവധി സ്ത്രീകഥപാത്രങ്ങൾ സരസ്വതിയമ്മയുടെ ചെറുകഥകളിൽ സ്ഥാനമുറപ്പിച്ചിട്ടുണ്ട്. 'വിശ്രമമുറി'യിലെ ശാന്തിയും, 'ഡബിൾ ആക്ടി'ലെ സീതയും, 'പെൺബുദ്ധി'യിലെ വിലാസിനിയും എല്ലാം വേറിട്ട സ്വത്വബലം ആർജ്ജിച്ച സ്ത്രീനായകപാത്രങ്ങൾ തന്നെ. "സ്ത്രീയുടെ നശിച്ചജീവിതം എനിയ്ക്ക്, പ്രത്യേകിച്ചും എന്റെ പ്രകൃതത്തിന്, അതായത്ചട്ടമ്പിത്തരം, സ്വാതന്ത്ര്യബുദ്ധി, ആരെയും വകയില്ലായ്മ ഇതൊക്കെ തീരെ യോജിച്ചതല്ല"[45]. തന്റെ വ്യക്തിസത്തയും വ്യവസ്ഥാപിത സ്ത്രൈണസത്തയും തമ്മിലുള്ള പൊരുത്തക്കേട് ഈ വെളിപ്പെടുത്തലിൽ അന്തർഗതമായിട്ടുണ്ട്. എഴുത്തിലും ജീവിതത്തിലും സ്വത്വപ്രതിസന്ധിനേരിട്ട അവർക്ക് സാഹിത്യജീവിതവും വ്യക്തിജീവിതവും ഒരുപോലെ അശാന്തമായിത്തീർന്നു. മലയാളകഥാസാഹിത്യത്തിൽ നിർണ്ണായകസ്ഥാനം അവകാശപ്പെടാവുന്ന സരസ്വതിയമ്മ വ്യതിരിക്തമായ സ്ത്രൈണാവബോധം തന്റെ കഥകളിലൂടെ അവതരിപ്പിച്ചുകൊണ്ട് സ്ത്രീയുടെ സ്വത്വാന്വേഷണത്തിനു മലയാള സാഹിത്യത്തിൽ തുടക്കമിടുകയായിരുന്നു.

ഏതാനും ചെറുകഥകളെഴുതിയശേഷം നാൽപതുകളിൽ സാഹിത്യലോകത്ത് നിന്നും അപ്രത്യക്ഷയായ എഴുത്തുകാരിയാണ് സരളാരാമവർമ്മ. *നവമുകുളം – കഥാകദംബം* എന്നീ രണ്ടു കഥാസമാഹാരങ്ങളും *കുട്ടികളുടെ ഐതിഹ്യമാല* (രണ്ടുഭാഗങ്ങൾ) എന്ന ബാലസാഹിത്യഗ്രന്ഥവും രചിച്ച അവർ ആ കാലഘട്ടത്തിൽ ശ്രദ്ധേയയായിരുന്നു. സരസ്വതിയമ്മയുടെ കഥകൾ ആനുകാലികപ്രസിദ്ധീകരണങ്ങളിൽ തുടരെ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന ആ കാലത്തുതന്നെയാണ് സരളയുടെ കഥകളും പുറത്തുവന്നുകൊണ്ടിരുന്നത്. എന്നാൽ പ്രമേയത്തിലോ ആവിഷ്ക്കാരത്തിലോ, സരസ്വതിയമ്മയുടെ തീവ്രമായസ്വാതന്ത്ര്യബോധമോ, കൂസലില്ലാത്ത പരുഷസ്വരമോ, ഇവരുടെ കഥകളിൽ ഇല്ലെന്നുതന്നെ പറയാം. സ്ത്രീയുടെ പ്രണയത്തിന്റേയും, വിവാഹത്തിന്റേയും, ഗാർഹികജീവിതത്തിന്റേയും, ഗതിവിഗതികളെ ചിത്രീകരിക്കുന്ന ആ കഥകൾ അന്തർജ്ജനത്തിന്റെ മാർഗ്ഗത്തേയാണ് പിൻതുടരുന്നത്.

കഥയെ ആത്മാവിഷ്ക്കരണോപാധിയായി കണ്ടുകൊണ്ട് അമ്പതുകളുടെ തുടക്കത്തിൽ രാജലക്ഷ്മിയും മാധവിക്കുട്ടിയും കഥാസാഹിത്യരംഗത്തേക്ക് കടന്നുവന്നു. സ്ത്രൈണസ്വത്വങ്ങളുടെ സ്വതന്ത്രമായ ആവിഷ്ക്കാരം സാക്ഷ്യപ്പെടുത്തുന്ന അവരുടെ കഥകൾക്ക് പലപ്പോഴും വ്യവസ്ഥാപിതസമൂഹത്തിൽ നിന്ന് എതിർപ്പുകൾ നേരിടേണ്ടിവന്നിരുന്നു.

അധീശസംസ്ക്കാരത്തിന്റെ നിർണ്ണയങ്ങൾക്കിടയിൽപ്പെട്ട് ആദ്യകാലകഥാകാരികൾ സ്വതന്ത്രമായ സ്ത്രൈണസത്തയെ കഥകളിൽ പ്രത്യക്ഷമായി പ്രകടമാക്കിയിട്ടില്ലെങ്കിലും പിന്നീടുവന്ന കഥാകാരികളിൽ ചിലർ വ്യവസ്ഥാപിതമായ സ്ത്രൈണമൂല്യങ്ങളെ പരിഷ്ക്കരിച്ചും, ചിലർ പ്രതിരോധിച്ചും, വേറെചിലർ ബദൽ സ്ത്രൈണമൂല്യങ്ങൾ കണ്ടെത്തിയും സ്ത്രീപക്ഷചിന്തകൾ സ്വതന്ത്രമായി ആവിഷ്ക്കരിച്ചുമുന്നേറി. ഇവരുടെ ഈ മുന്നേറ്റം കണ്ടു ഭയന്ന അധികാരവ്യവസ്ഥയേയും ഈ രചനകളെ തമസ്ക്കരിക്കാൻ വെമ്പുന്ന വിമർശനസംസ്കാരത്തേയും കുറിച്ചുള്ള എൻ. കെ. രവീന്ദ്രന്റെ അഭിപ്രായം ശ്രദ്ധാർഹമാണ്, "എഴുത്തുകാരികളെ അവമതിക്കുക നിരൂപണരംഗത്ത് ജാഗരുകമായിരിക്കുന്ന മറ്റൊരു പ്രവണതയാണ് വിഗ്രഹഭഞ്ജനം. എഴുത്തുകാരന്മാരിലൂടെയാവുമ്പോൾ അത് ക്ഷുഭിതചലനമോ കലാപമോ ആയി ആദർശമഹത്വ ത്തിന്റെ ഗിരിശൃംഗങ്ങളിലേക്കുയർത്തപ്പെടുന്നു. മറുവശത്ത് അധികാരരൂപങ്ങൾക്കെതിരെ കലഹിച്ച എഴുത്തു

കാരികളെ അവരുടെ കലാപോന്മുഖമായ രചനാജീവിതകാലത്ത് അതിയായി നിന്ദിക്കുകയും ആക്രമിക്കുകയുമായിരുന്നു. അന്തർജ്ജനവും, സരസ്വതിയമ്മയും, മാധവിക്കുട്ടിയും സമകാലികസാഹിത്യത്തിൽ ഗ്രേസിയും ഈ ഹിംസ്രസംസ്ക്കാരത്തിന് ഇരകളായി. എഴുത്തുകാരികളുടെ തൂലികയ്ക്ക് വ്യവസ്ഥാനിഷേധത്തിന്റെ തീവ്രത നഷ്ടമായെന്നുബോധ്യമാവുമ്പോഴോ, എഴുത്തുകാരികൾ കഥാവശേഷമാവുമ്പോഴോ ആവും അവർ അഭിമതകളായി തീരുന്നത്. അങ്ങിനെ അറുപതുകളിൽ അന്തർജ്ജനത്തേയും എഴുപതുകളിൽ മാധവിക്കുട്ടിയേയും വിമർശനരംഗം അംഗീകരിച്ചു തുടങ്ങി. സരസ്വതിയമ്മയ്ക്കും, രാജലക്ഷ്മിക്കും അംഗീകാരം മരണാനന്തരബഹുമതിയായിരുന്നു. കലാജീവിതത്തിന്റെ ഒറ്റപ്പെട്ട വഴിത്താരകളിൽ അഭിമുഖീകരിക്കേണ്ടിവന്ന ലൈംഗികാപവാദങ്ങളടക്കമുള്ള അതിനിന്ദ്യമായ ആക്രമണങ്ങളെക്കുറിച്ച് അന്തർജ്ജനവും, സരസ്വതിയമ്മയും, മാധവക്കുട്ടിയും എഴുതിയിട്ടുണ്ട്" [46].

കരുത്തുറ്റ സ്ത്രീപക്ഷചിന്തകൾകൊണ്ട് ഉൻമീലനം ചെയ്യപ്പെട്ട വ്യതിരിക്തമായ സ്ത്രൈണസ്വത്വത്തിന്റെ സാക്ഷാത്ക്കാരം സാധ്യമാക്കുന്ന പുതിയൊരു ഭാവുകത്വം സാമ്പ്രദായികഭാവുകത്വത്തെ പ്രതിരോധിച്ചുകൊണ്ട് മലയാളസാഹിത്യത്തിൽ ഇന്ന് ഇടം കണ്ടെത്തിയിരിക്കുന്നു. അതിന്റെ ചരിത്രം തുടങ്ങുന്നത് സരസ്വതിയമ്മയിൽനിന്നാണെന്നാണ് ആദ്യകാലകഥാകാരികളെക്കുറിച്ചുള്ള വിശകലനത്തിൽനിന്നു വ്യക്തമാകുന്നത്.

**അടിക്കുറിപ്പുകൾ**

1. എം.എം. ബഷീർ, *മലയാള ചെറുകഥാസാഹിത്യചരിത്രം* (കേരളസാഹിത്യ അക്കാഡമി, തൃശ്ശൂർ, 2002), പു. 50.
2. സി.പി. ശ്രീധരൻ, *ഇന്നത്തെ സാഹിത്യകാരന്മാർ* (സാഹിത്യവേദി പബ്ലിക്കേഷൻസ്, കോട്ടയം–2, 1969) പു. 95.
3. ടി.
4. ഉള്ളൂർ എസ്. പരമേശ്വരയ്യർ, *കേരളസാഹിത്യചരിത്രം* (വാ. 4) (1957; പുനർമുദ്രണം, കേരള സർവ്വകലാശാല, തിരുവനന്തപുരം, 1964), പു. 554.
5. കോമലേഴത്ത് കെ.ജി. മാധവൻ, *കഥാപല്ലവങ്ങൾ* (പ്രഭാത്ബുക്ക്ഹൗസ്, തിരുവനന്തപുരം, 1978), പു. 17–18.

6. എം. എം. ബഷീർ, *മലയാള ചെറുകഥാസാഹിത്യചരിത്രം* (കേരളസാഹിത്യ അക്കാഡമി, തൃശൂർ, 2002), പു. 50–52.

7. ടി.എം. ചുമ്മാർ, *ഭാഷാഗദ്യസാഹിത്യചരിത്രം* (1955; പുനർമുദ്രണം, നാഷണൻ ബുക്ക് സ്റ്റാൾ, കോട്ടയം, 1969), പു. 167.

8. നെടിയം വീട്ടിൽ ബാലകൃഷ്ണമേനോൻ, നോവലൈറ്റ് അതല്ലെങ്കിൽ ചെറിയ കഥ, *ഭാഷാപോഷിണി*, (ഒക്ടോബർ–നവംബർ ലക്കം, 1918).

9. എസ്.എൻ. കൃഷ്ണപിള്ള, 'മലയാളത്തിലെ ചെറുകഥകൾ', *ആത്മപോഷിണി*, (ഫെബ്രുവരി–മാർച്ച് ലക്കം, 1920), പു. 580–93.

10. ടി.ആർ., മലയാളത്തിലെ ആദ്യത്തെ കഥാകാരി, *കലാകൗമുദി* (ജൂൺ 26, 1983), പു. 46–47.

11. എം.എം. ബഷീർ, 'മലയാളത്തിലെ ആദ്യകാലകഥാകാരികൾ', *മാതൃഭൂമി ആഴ്ചപ്പതിപ്പ്*, സെപ്തംബർ 9–15, 1984), പു. 7.

12. എൻ. കെ. രവീന്ദ്രൻ, 'സ്ത്രീവിമോചനപ്രശ്നങ്ങൾ മലയാളസാഹിത്യത്തിൽ' (എഴുത്തുകാരികളുടെ സംഭാവനകൾ അടിസ്ഥാനമാക്കിയുള്ള പഠനം) (പി. എച്ച്. ഡി. പ്രബന്ധം, കേരളസർവ്വകലാശാല, 1992), പു. 115–116..

13. ടി.സി. കല്ല്യാണി അമ്മ, 'ഒരു കഴുതയുടെ കഥ', *ശാരദ*, 1, 1(1079), പു. 10–12, 'ഒരു കഴുതയുടെ കഥ' – അധ്യായം–രണ്ട്, *ശാരദ* (ധനുമാസം, 1080), പു. 16–18.

14. 'പുതിയ പുസ്തകങ്ങൾ', *ശാരദ* 4, 4 (ഏപ്രിൽ, 1084), പു. 107.

15. ടി.സി. കല്ല്യാണിഅമ്മ, 'സർവ്വദമനും രാക്ഷസനും', *വിദ്യാവിനോദിനി 1, 2*, (വൃശ്ചികം, 1077), പു. 1–7.

16. ടി.സി. കല്ല്യാണി അമ്മ, 'തടിൽപ്രഭ എന്ന രാജകന്യക', *വിദ്യാവിനോദിനി, 1, 6* (മീനം, 1077), പു. 1–8.

17. ടി.സി കല്ല്യാണി അമ്മ, 'രാജപങ്കജം', *വിദ്യാവിനോദിനി 1, 1* (തുലാം, 1077), പു. 9.

18. എം. എം. ബഷീർ, 'മലയാളത്തിലെ ആദ്യകാലകഥാകാരികൾ', *മാതൃഭൂമി ആഴ്ചപ്പതിപ്പ്* (സെപ്തംബർ 9–15, 1984), പു. 7.

19. വി.വി. പത്രാധിപന്മാർ, 'ഈസൊപ്പിന്റെ സാരൊപദെശകഥകൾ', *വിദ്യാവിനോദിനി 9,9* (മിഥുനമാസം, 1072), പു. 318–320.

20. കാരക്കാട്ട ഗോവിന്ദമേനോൻ, 'ഈസൊപ്പിന്റെ സാരൊപദെശകഥകൾ', *വിദ്യാവിനോദിനി 10, 8* (കർക്കിടമാസം, 1072), പു. 358–359.

21. ജെ. ഭഗവതി അമ്മയാണ് മലയാളത്തിലെ ആദ്യകഥാകാരി എന്ന കണ്ടെത്തിക്കൊണ്ടുള്ള ചമ്പാടൻ വിജയന്റെ 'മലയാളത്തിലെ ആദ്യകഥാകാരി' (*മലയാളം വാരിക*, 22 സെപ്തംബർ, 2006) എന്ന ലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്തു നിന്നും പുറപ്പെട്ടിരുന്ന കേരളീസുഗുണബോധിനി എന്ന വനിതാമാസികയുടെ –കൊ. വ. 1070 കന്നി (1894 സെപ്തംബർ) ലക്കത്തിലാണ് രസകരമായ സംഭാഷണം എന്ന പേരിൽ പ്രസ്തുത കഥ പ്രസിദ്ധീകരിച്ചിരിക്കുന്നതെന്നു ലേഖകൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. അന്വേഷണത്തിൽ ആ വനിതാമാസിക കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെങ്കിലും ഈ അഭിപ്രായം പരിഗണനാർഹമാണ്.

22. പി. ലക്ഷ്മിക്കുട്ടി അമ്മ, 'കാന്തിമതിയും കമലബാണനും', *ശാരദ 1, 18* (തുലാംമാസം, 1081).

23. മൂർക്കോത്ത് കുമാരൻ, 'സീത', *ലക്ഷ്മീഭായി 1,5* (മേടം, 1081), പു. 169–174.

24. വടക്കേപ്പാട്ടെ നാരായണൻനായർ, 'സ്ത്രീകളറിയേണ്ടവ', *ലക്ഷ്മീഭായി 1, 12, 13, 14* (1081).

25. എൻ.എ. അമ്മ, 'സ്ത്രീവിദ്യാഭ്യാസദൊഷനിഷെധം', *വിദ്യാവിനോദിനി, 8,11* (ചിങ്ങമാസം, 1073), പു. 429.

26. ടി. അമ്മുക്കുട്ടിഅമ്മ, 'സ്ത്രീവിദ്യാഭ്യാസം', *ശാരദ, 1, 5,* (മിഥുനം, 1080), പു. 14–15.

27. കെ. പത്മാവതിഅമ്മ, 'മലയാളികളും സ്ത്രീവിദ്യാഭ്യാസവും', *ശാരദ 1, 7* (എടവമാസം, 1080), പു. 5–9.

28. കെ. പത്മാവതിഅമ്മ, 'സ്ത്രീകൾക്കുവേണ്ടതായ വിദ്യാഭ്യാസം', *ശാരദ, 2, 8* (മിഥുന മാസം, 1081), പു. 165–170.

29. കെ. ചിന്നമ്മ, 'വിദ്യാഭ്യാസത്തിൽ സ്ത്രീകളുടെ സ്ഥാനം', *ലക്ഷ്മീഭായി 8, 6* (കന്നിമാസം, 1088), പു. 206–218.

30. കെ. ലക്ഷ്മിഅമ്മ, 'പുരുഷധർമ്മം', *ശാരദ 1, 8* (മിഥുനമാസം, 1081), പു. 175.

31. ടി. പു. 176.

32. കെ. പത്മാവതിഅമ്മ, 'മലയാളികളും സ്ത്രീവിദ്യാഭ്യാസവും', *ശാരദ 1, 7,* (എടവമാസം, 1080), പു. 6.

33. മാധവി, 'വനിതാവൈഭവം', *ശാരദ 3, 3* (ഏപ്രിൽ, 1908), പു. 67–68.

34. കെ.എം. കുഞ്ഞുലക്ഷ്മികെട്ടിലമ്മ, 'സാഹിത്യവും സ്ത്രീസമുദായവും', *മഹിളാരത്നം 1, 3* (ഒക്ടോബർ-നവംബർ, 1915), പു. 50–52.

35. ബി. ഭാഗീരഥിഅമ്മ, 'സ്ത്രീകളും, സാഹിത്യവും', *മഹിള 11, 1* (1931), പു. 16–26.

36. എം.എം. ബഷീർ, 'മലയാളത്തിലെ ആദ്യകാലകഥാകാരികൾ', *മാതൃഭൂമി ആഴ്ചപ്പതിപ്പ്* (സെപ്തംബർ, 1984), പു. 41.

37. കെ.എസ്. രവികുമാർ, 'മലയാളത്തിന്റെ സൂര്യതേജസ്സ്', *100 വർഷം 100 കഥ*, എഡി. കെ. അയ്യപ്പപണിക്കർ, മുത. (ഡി.സി. ബുക്സ്, കോട്ടയം, ഡിസംബർ, 1991), പു. 26.

38. എൻ. കൃഷ്ണപിള്ള, *കൈരളിയുടെ കഥ* (1958; പുനർമുദ്രണം, സാഹിത്യപ്രവർത്തക സഹകരണസംഘം, 1975), പു. 374.

39. ബീനാകുമാരി, പി., 'സ്ത്രീത്വം ലളിതാംബികാഅന്തർജ്ജനത്തിന്റെ കാഴ്ചപ്പാടിൽ', *വിജ്ഞാനകൈരളി* 30, 6 (ജൂൺ, 1999), പു. 59.

40. എൻ.കെ. രവീന്ദ്രൻ, 'സ്ത്രീവിമോചനത്തിന്റെ പ്രശ്നങ്ങൾ മലയാളസാഹിത്യത്തിൽ' (പി.എച്ച്.ഡി. പ്രബന്ധം, കേരളസർവ്വകലാശാല, 1992), പു. 118.

41. നെല്ലിക്കൽ മുരളീധരൻ, *വിശ്വസാഹിത്യദർശനങ്ങൾ*, (ഡി.സി. ബുക്സ്, കോട്ടയം, 1997), പു. 270.

42. ഡോ. സി.എസ്. ചന്ദ്രിക, 'പെൺമയുടെ സൗന്ദര്യദർശനം', *ഭാഷാസാഹിതി, 49, 58* (1991), പു, 49–58.

43. കെ. സരസ്വതി അമ്മ, *കാറ്റിൽ പറക്കാത്ത കത്തുകൾ*, സമ്പാ: എസ്. ഗുപ്തൻ നായർ (ഡി.സി. ബുക്സ്, കോട്ടയം, 1991), പു. 155, 157, 160, 167.

44. ഗീത, 'പ്രണയത്തിന്റെ പെൺപോരിമകൾ', *ദേവദൂതികൾ മാഞ്ഞുപോവത്* (സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം, 1999), പു. 156.

45. കെ. സരസ്വതി അമ്മ, *കാറ്റിൽ പറക്കാത്ത കത്തുകൾ*, സമ്പാ: എസ്. ഗുപ്തൻ നായർ (ഡി.സി. ബുക്സ്, കോട്ടയം, 1991), പു. 161.

46. എൻ. കെ. രവീന്ദ്രൻ, 'സ്ത്രീയെ നിശ്ശബ്ദയാക്കുന്ന സാഹിത്യസംസ്കാരം', *കലാകൗമുദി* (9 ജനുവരി, 1994), പു. 58.

അദ്ധ്യായം മൂന്ന്

# വിവാഹം, മാതൃത്വം

# വിവാഹം

പൊതുവേ എഴുത്തുകാരികളുടെ കഥാലോകം വ്യവസ്ഥാപിതമായ പ്രേമം, വിവാഹം, മാതൃത്വം, കുടുംബം തുടങ്ങിയവയുമായി ബന്ധപ്പെട്ട അനുഭവങ്ങളെയാണ് അടയാളപ്പെടുത്തിക്കാണുന്നത്. സരസ്വതിയമ്മയുടെ കഥാലോകവും വിഭിന്നമല്ല. പക്ഷേ, അവരുടെ കഥകളിലെ ജീവിതം വ്യവസ്ഥാപിത സാമൂഹികജീവിതവുമായി പൊരുത്തപ്പെടാതെ വ്യതിരിക്തമായ സ്ത്രൈണചിന്തകളാൽ കലാപം ഉയർത്തുന്നു. സമകാലികയായ ലളിതാംബികാന്തർജ്ജനം കഥകളിൽ വ്യവസ്ഥാപിത ജീവിതത്തോട് പലപ്പോഴും കലഹിച്ചിട്ടുണ്ടെങ്കിലും, ആ ചട്ടക്കൂടിനകത്തുതന്നെ സ്ത്രീപക്ഷചിന്തകളെ പാകപ്പെടുത്തിയെടുക്കാനും, അതിനപ്പുറം വളരാതിരിക്കാനും നിഷ്കർഷത പുലർത്തിപ്പോന്നു. അധീശസംസ്ക്കാരത്തിന്റെ നിർണ്ണയങ്ങളാൽ സാമൂഹികജീവിതത്തിൽ രൂഢമൂലമായിരിക്കുന്ന ഏതൊക്കെയോ ചില 'ലക്ഷ്മണരേഖ'കളോടുള്ള ആധർമ്മണ്യമായിരിക്കാം അന്തർജ്ജനത്തിന്റെ സ്ത്രൈണ ചിന്തകളെ നയിച്ചിരുന്നത്. ആ വിധം യാതൊരു പരിമിതിയും വെച്ചുപുലർത്താത്ത സരസ്വതിയമ്മയുടെ സ്ത്രൈണാവബോധം ആ കാലഘട്ടത്തിന് തീരെ ഉൾക്കൊള്ളാൻ കഴിയുമായിരുന്നില്ല. ഇക്കാലത്തും ഒരു പരിധിവരെ മാത്രമേ ഉൾക്കൊള്ളാൻ സാധിക്കയുള്ളൂ. വ്യവസ്ഥാപിത ബന്ധങ്ങളെ നിരാകരിച്ചുകൊണ്ടുള്ള സ്വതന്ത്രവും സമത്വപൂർണ്ണവുമായ സ്ത്രീ പുരുഷബന്ധങ്ങളെ വിഭാവനം ചെയ്യുന്ന സ്ത്രൈണ ചിന്തകളാണ് സരസ്വതിയമ്മയുടേത്. അത് സമൂഹത്തിലെ മൂല്യബോധത്തോടും, ആചാരമര്യാദകളോടും സമരസപ്പെടുന്നതല്ലായിരുന്നു. ഈ വിധം വ്യതിരിക്തമായ അവരുടെ സ്ത്രീപക്ഷചിന്തകളെ അവരുടെ ജീവിതാനുഭവങ്ങളുമായി ബന്ധപ്പെടുത്തി ആ കഥാലോകത്തെ വിശകലനം ചെയ്യേണ്ടിയിരിക്കുന്നു. വിവാഹം, മാതൃത്വം, പ്രണയം, രതി, സൗഹൃദം എന്നീ അഞ്ചുതലങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് സരസ്വതിയമ്മയുടെ സ്ത്രൈണാവബോധത്തെ അപഗ്രഥിക്കാവുന്നതാണ്.

ജീവിതാനുഭവങ്ങളുടെ ഗതിവിഗതികൾ നിർണ്ണയിക്കുന്ന അവരുടെ തൊണ്ണൂറ്റിരണ്ട് രചനകളിൽ, അറുപത്തിരണ്ടെണ്ണവും വിവാഹത്തെ നിഷേധിക്കുന്ന സ്ത്രൈണ ചിന്തക

ളാൽ ശ്രദ്ധാർഹമാണ്. വിവാഹമെന്ന സ്ഥാപനത്തോടുള്ള പ്രതിഷേധമാണ് വ്യവസ്ഥയിലെ മറ്റ് അനുബന്ധ സ്ഥാപനങ്ങളായ പ്രേമത്തിലും, മാതൃത്വത്തിലും ഒരു പരിധിവരെ രതിയെക്കുറിച്ചുള്ള ചിന്തകളിലും നിഴലിക്കുന്നത്. സ്ഥാപനവൽക്കരിക്കപ്പെട്ട ബന്ധങ്ങളോട് കലമ്പൽ കൂട്ടുന്ന സരസ്വതിയമ്മയുടെ കഥാലോകം പലപ്പോഴും സൗഹൃദബന്ധങ്ങളുടെ ഉദാത്തതയെ സ്പർശിച്ചറിയുന്നുണ്ട്. പുരുഷാധിപത്യവ്യവസ്ഥയുടെ നേരിട്ടുള്ള ഇടപെടലുകൾ പ്രത്യക്ഷമായി ഭവിക്കാത്തതുകൊണ്ടുകൂടിയാകാം കൂടുതൽ സ്വതന്ത്രവും, സമത്വപൂർണ്ണവുമായ ഒരു ബന്ധമായി സൗഹൃദത്തെ സരസ്വതിയമ്മയ്ക്ക് വിഭാവനം ചെയ്യാൻ കഴിയുന്നത്. അവരുടെ സ്ത്രീ കഥാപാത്രങ്ങളുടെ ഈ വിധമുള്ള സൗഹൃദഭാവം മലയാള കഥാസാഹിത്യത്തിൽ, അപൂർവ്വമായൊരു ഭാവതലത്തെയാണ് ഉന്മീലനം ചെയ്തിരിക്കുന്നത്.

**വിവാഹനിഷേധം**

സരസ്വതിയമ്മയുടെ കഥാലോകത്തിന്റെ മുഖമുദ്രയായി കരുതാവുന്ന സവിശേഷഭാവമാണ് വിവാഹനിഷേധം. സ്ത്രീവിരുദ്ധ സ്ഥാപനമായി വ്യവസ്ഥാപിതവിവാഹത്തെ കണക്കാക്കിക്കൊണ്ടുള്ള സ്ത്രീപക്ഷചിന്തകളാണ് ആ കഥകളിൽ ആവർത്തിച്ചുവരുന്നത്. പിത്രാധികാരത്തിൽ നിന്നും സ്ത്രീയുടെ ജീവിതം ഭർത്താവിന്റെ അധികാരത്തിലേക്ക് കൈമാറ്റപ്പെടുമ്പോൾ ഗാർഹികാടിമത്തത്തിന്റെ തുടർച്ചതന്നെയാണ് സംജാതമാകുന്നത്. അങ്ങിനെ അവളുടെ അധ്വാനശേഷിയും ലൈംഗികതയും പ്രത്യുല്പാദനശേഷിയും പരമ്പരാഗതമായ സാമൂഹ്യാചാരങ്ങളാലും, മൂല്യങ്ങളാലും നിർണ്ണയിക്കപ്പെടുന്നു. "വ്യവസ്ഥയിൽ വിവാഹം സ്ത്രീയെ പരോപജീവിയും തികച്ചും ഒരാശ്രിതയുമാക്കി മാറ്റുന്നു. സാമൂഹ്യാവബോധമില്ലാതാക്കി ജീവിതപ്രതിസന്ധിയെ തരണം ചെയ്യാൻതക്ക ആത്മവീര്യം കെടുത്തി, സ്ത്രീയെ ദുർബലപ്പെടുത്തുകയും, അങ്ങിനെ അവളെ ഔദാര്യത്തോടെ സംരക്ഷിക്കുകയാണെന്ന നാട്യത്തിൽ അടിച്ചേല്പിക്കുന്ന വ്യവസ്ഥാപിത വിവാഹം സത്യത്തിൽ ഒരു കെണിയും, മനുഷ്യപ്രകൃതത്തെ അപഹസിക്കലുമാണ്"[1] എന്ന ഗോർഡ്മാന്റെ അഭിപ്രായത്തെ അനുകൂലിക്കുന്ന നിലപാടാണ് സരസ്വതിയമ്മയും കൈക്കൊള്ളുന്നത്. ഈ വിധമുള്ള വ്യവസ്ഥാപിത വിവാഹത്തെ പ്രതിരോധിക്കുന്ന ജീവിതമുഹൂർത്തങ്ങളാണ് സരസ്വതിയമ്മയുടെ കഥകൾ ഏറിയ പങ്കും അനാവരണം ചെയ്യുന്നത്. ആത്മൈക്യം പുലർത്തിക്കൊണ്ടുള്ള സ്ത്രീപുരുഷസ്നേഹമാണ് ദാമ്പ

തൃബന്ധത്തിന്റെ നിദാനമെന്ന് സരസ്വതിയമ്മ വിശ്വസിക്കുന്നു. പുരുഷൻ കാര്യബോധവും ചിന്താശക്തിയുമുള്ള ഒരു സ്ത്രീയുടെ ഭർത്താവായിരിക്കുകയും അങ്ങിനെ 'ചങ്ങാത്ത വിവാഹ' (Companionate marriage) മായി സ്ത്രീ പുരുഷം ബന്ധം വികസിക്കുകയും ചെയ്യണം എന്ന കാഴ്ചപ്പാടാണ് 'ഞാനൊരു ഭർത്താവായിരുന്നെങ്കിൽ'[2] എന്ന ലേഖനത്തിൽ അവർ വ്യക്തമാക്കുന്നത്. ഈ ആദർശദാമ്പത്യം, അക്കാലത്ത് പ്രത്യേകിച്ചും, ഒരു ഊട്ടോപ്യൻ സ്വപ്നംതന്നെയായിരുന്നു. സാഹിത്യജീവിതത്തിലും, വ്യക്തിജീവിതത്തിലും ഈയൊരാദർശത്തിൽ പിടിമുറുക്കിക്കൊണ്ട് സരസ്വതിയമ്മ വ്യവസ്ഥാപിത വിവാഹത്തോട് കലഹിച്ചുകൊണ്ടിരുന്നു. വിവാഹത്തോടുള്ള ഈ പ്രതിഷേധം കഥയിൽ ആവിഷ്ക്കരിച്ചിരിക്കുന്നതിനെ, അവരുടെ സ്വകാര്യജീവിതപശ്ചാത്തലത്തിൽ അപഗ്രഥിക്കേണ്ടിയിരിക്കയാൽ, കഥകളെഴുതിയ കാലഘട്ടത്തെ പ്രാധാന്യത്തോടെ പരിഗണിക്കേണ്ടി വന്നിട്ടുണ്ട്. അതിനാൽ കാലക്രമമനുസരിച്ച് കഥകളെ ക്രമപ്പെടുത്തിക്കൊണ്ടുള്ള വിശകലനമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്.

### 1. സീതാഭവനം (1938)

ആദ്യമായി പ്രസിദ്ധീകരിച്ച സീതാഭവനം എന്ന കഥയോടെ കഥാലോകത്ത് കാലെടുത്തുവെച്ച സരസ്വതിയമ്മ, കഥാരചനയിൽ ഹരിശ്രീ കുറിച്ചതുതന്നെ വിവാഹനിഷേധത്തിന്റെ കഥ പറഞ്ഞുകൊണ്ടാണ്. കഥയുടെ പ്രസിദ്ധീകരണത്തോടനുബന്ധിച്ചു കഥാകാരിക്കുണ്ടായ അനുഭവങ്ങളും[3], കഥയെഴുതിയ 1939ലെ ഡയറിക്കുറിപ്പുകളും ഈ കഥയുടെ അപഗ്രഥനത്തിൽ ചേർത്തുവായിക്കേണ്ടിയിരിക്കുന്നു. മരണം മൂലമുള്ള അച്ഛന്റെ വേർപാടോടെ ഗൃഹാന്തരീക്ഷത്തിലനുഭവപ്പെട്ടിരുന്ന സ്നേഹരാഹിത്യവും, സഹോദരിമാരുടെ ഈർഷ്യയും, കുടുംബത്തിലെ സാമ്പത്തികഞെരുക്കവും ജീവിതത്തെ കലുഷമാക്കുന്ന അനുഭവങ്ങളായിരുന്നു. അക്കാലത്തെഴുതിയ 'രമണി' എന്ന കഥയിൽ "ജന്മസിദ്ധമായ സ്നേഹബന്ധങ്ങളിൽനിന്നു വ്യതിരിക്തമായ ഒരു സ്നേഹം കിട്ടാനും, കൊടുക്കാനും ഒരാവേശം തോന്നുന്ന കാലമാണ് യൗവനം"[4] എന്ന് നായിക പറയുന്ന വാക്കുകൾ കഥാകാരിയുടെ തന്നെ മനോഭാവവുമായി പൊരുത്തപ്പെട്ടുപോകുന്നവയാണ്. ഇന്റർ മീഡിയറ്റിനു പഠിച്ചുകൊണ്ടിരുന്നപ്പോൾ സരസ്വതിയമ്മയ്ക്ക് ശാരി എന്ന പ്രഭുകുമാരിയുമായുണ്ടായിരുന്ന തീവ്രമായ അടുപ്പം സ്നേഹം കൊതിക്കുന്ന കൗമാരമനസ്സിന്റെ ആവേശത്തിലുയിർക്കൊണ്ടതാണ്. കലുഷിതമായ ഗൃഹാന്തരീക്ഷത്തിൽ നിന്നും മോചനം

നേടി കോളേജ് അന്തരീക്ഷത്തിലെത്തി, അവിടെ ഉറ്റ സുഹൃത്തായ ശാരിയുടെ 'പ്രാണസഖി'യായി മേളിച്ചുകൊണ്ടിരിക്കേ പെട്ടന്നു കൂട്ടുകാരി വിവാഹിതയായതോടെ അവർ ഒറ്റപ്പെട്ടു പോകുന്നു. അവർക്ക് അന്നത് ഒരാഘാതമായിരുന്നു. ആ അവസരത്തിലാണ് 'സീതാഭവനം' എന്ന കഥയെഴുതി പ്രസിദ്ധീകരണത്തിനായി അയച്ചുകൊടുത്തത്. വീട്ടുകാർ നിശ്ചയിച്ചുറപ്പിച്ച വിവാഹവും, സഹപാഠിയുടെ വിവാഹാഭ്യർഥനയും തള്ളിക്കളയുന്ന സീതാഭവനത്തിലെ നായികയുടെ മനോഭാവം, കൂട്ടുകാരിയുടെ വിവാഹം മൂലം തകർന്നുപോയ സൗഹൃദബന്ധം പോറലേൽപ്പിച്ച സരസ്വതിയമ്മയുടെ കൗമാരമനസ്സിലെ ചിന്തകളുടെ അനുരണനമുൾക്കൊള്ളുന്നുണ്ടാവണം. അക്കാലത്തെഴുതിയ 'ഡയറിക്കുറിപ്പുകൾ, മാനസികപീഡനമനുഭവിക്കുന്ന സരസ്വതിയമ്മയുടെ ജീവിതചിത്രത്തെ വ്യക്തമാക്കുന്നുണ്ട്. എസ്.എസ്. എൽ. സിക്ക് ഉയർന്ന മാർക്കോടെ വിജയം കരസ്ഥമാക്കി സ്ക്കോളർഷിപ്പോടെ ഇന്റർമീഡിയറ്റിനു പഠിച്ചെങ്കിലും പരീക്ഷയിൽ തോൽവി അവർ ആദ്യമായിട്ട് അറിയാനിടവന്നു. കൂട്ടുകാരിക്ക് വിവാഹസമ്മാനമായി നൽകിയ 'വെള്ളിക്കപ്പി'നെക്കുറിച്ച് ഡയറിക്കുറിപ്പിൽ പരാമർശിക്കുന്നിടത്ത് കാണുന്നു "Correct instinct suppressed ആയി, മാനസികക്കുഴപ്പത്തിന്റെ ആരംഭം"[5] – ഇതു അവരുടെ മനോവ്യഥ വെളിപ്പെടുത്തുന്ന ഒരു സൂചനയാണ്. എന്തായാലും അക്കാലത്തെ കഥാകാരിയുടെ മാനസികാസ്വാസ്ഥ്യത്തിനു ഒരു കാരണമായിത്തീർന്നിരിക്കണം പ്രിയപ്പെട്ട കൂട്ടുകാരിയുടെ വിവാഹം. അല്ലെങ്കിൽ സീതാഭവനത്തിന്റെ രചനാവേളയിൽ താനനുഭവിച്ച മനോവ്യഥയെക്കുറിച്ച് മുപ്പത്തിരണ്ടുവർഷത്തിനുശേഷം ടി.എൻ. ജയചന്ദ്രനു നൽകിയ അഭിമുഖത്തിൽ അവർ വെളിപ്പെടുത്തുമായിരുന്നില്ല.

സീതാഭവനത്തിലെ നായികയായ, അധഃകൃതവർഗ്ഗത്തിൽപ്പെട്ട സീത, സഹപാഠിയായിരുന്ന കുളങ്ങരതമ്പുരാന്റെ കൃപകൊണ്ട് വിദ്യ അഭ്യസിച്ചവളാണ്. നിരക്ഷരനായ ഒരാൾക്ക് അവളെ വിവാഹം കഴിച്ചുകൊടുക്കാൻ വീട്ടുകാർ തീരുമാനിച്ചു. ആ നിശ്ചയത്തെ എതിർക്കാൻ അധീരയായ അവൾക്കു കഴിയുന്നില്ല. ഒടുവിൽ അവൾ കൂട്ടുകാരനായ തമ്പുരാനെ സമീപിച്ച്, തന്റെ നിസ്സഹായാവസ്ഥ വെളിപ്പെടുത്തിയപ്പോൾ അവളെ വധുവായി സ്വീകരിക്കാൻ അദ്ദേഹം തയ്യാറായി. പക്ഷേ അത് അദ്ദേഹത്തിന്റെ തറവാടിനു മാനഹാനിവരുത്തുമെന്നു കരുതി അവൾ ആ വാഗ്ദാനം നിരസിച്ചു. അപ്രതീക്ഷിതമായ ആ അപൂർവ്വ സൗഭാഗ്യം, തമ്പുരാന്റെ വിവാഹാഭ്യർത്ഥന, അവളുടെ ദുർബ്ബലഹൃദയത്തിനു താങ്ങാനാവാത്തതായിരുന്നു. "അവിടുത്തെ സ്നേഹം ലോകതീതം! അടുത്ത

ജന്മം നമുക്ക് . . ."[6] എന്നു പറഞ്ഞതു മുഴുമുപ്പിക്കാനാവാതെ അവളുടെ ശബ്ദം എന്നെന്നേക്കുമായി നിലച്ചു. വീട്ടുകാർ നിശ്ചയിച്ചുറപ്പിച്ച വിവാഹവും, കൂട്ടുകാരന്റെ വിവാഹാഭ്യർത്ഥനയും നിരാകരിച്ച സീത അവിവാഹിതയായിത്തന്നെ സീതാഭവനത്തിൽ അന്ത്യവിശ്രമം കൊണ്ടു. കാലം കടന്നുപോയി അവിവാഹിതനായി ജീവിതം നയിച്ച തമ്പുരാൻ സീതയുടെ ഓർമ്മയ്ക്കായി ഒരു ശവകുടീരം പണിത് അതിന് സീതാഭവനം എന്ന പേർ നല്കി ഒടുവിൽ സ്വദേശം വിട്ട് യാത്രയാവുന്നു. ലൗകികജീവിതത്തിൽനിന്നു പിൻവാങ്ങിയ അദ്ദേഹം ഒരു ഭ്രാന്തനെപ്പോലെ അന്ധകാരത്തിലെങ്ങോ അപ്രത്യക്ഷനായി എന്ന അവ്യക്തസൂചനയോടെയാണ് കഥ അവസാനിക്കുന്നത്. വിവാഹമെന്ന സാമൂഹികാചാരം ഈ കഥയിൽ സാക്ഷാത്ക്കരിക്കപ്പെടുന്നില്ല.

കഥാകാരിയും സ്വന്തം കാലിൽ നിൽക്കാറായപ്പോൾ പണിത 'സിതാര' എന്ന ഭവനത്തിൽ വിവാഹത്തെ നിരാകരിച്ചുകൊണ്ട്, അവിവാഹിതയായി ശിഷ്ടജീവിതം നയിച്ചു. പുനർജന്മവാഞ്ഛ പുലർത്തിക്കൊണ്ടുള്ള മരണാഭിമുഖ്യം അവസാനകാലത്ത് സരസ്വതിയമ്മ പുലർത്തിയിരുന്നു[7]. 'സീതാഭവന'ത്തിൽ, സീതയുടെ അപൂർണ്ണമായ അന്ത്യവാചകത്തിലും അടുത്ത ജന്മത്തെക്കുറിച്ചുള്ള പ്രതീക്ഷ നാമ്പിടുന്നുണ്ടല്ലോ!

**2. പ്രാപഞ്ചിക (1939)**

ഇന്റർമീഡിയറ്റ് പരീക്ഷയിൽ പരാജയപ്പെട്ട്, വീട്ടിൽ ഇരിക്കുന്ന കാലഘട്ടത്തിൽ എഴുതിയ കഥയാണ് 'പ്രാപഞ്ചിക'. സരസ്വതിയമ്മയുടെ ജീവിതത്തിലെ അഭിശപ്തങ്ങളായ ദിനങ്ങളായിരുന്നു അവ. അക്കാലത്തെ ഡയറിക്കുറിപ്പുകളിൽ സന്യസിക്കാനുള്ള ആശയും, ചേച്ചിമാരോട് തോറ്റുപോകുന്നതിലുള്ള വിഷമവും, തീവ്രമായ പാപബോധവും, തെറ്റും ശരിയും തിരിച്ചറിയാനാവാത്ത കുഴക്കുന്ന മാനസികാവസ്ഥയും, മരണാഭിമുഖ്യവും വെളിപ്പെടുത്തുന്ന ധാരാളം സൂചനകൾ കാണാം. സന്യസിക്കാനുള്ള മോഹം വെളിപ്പെടുത്തിക്കൊണ്ട് 1940 ൽ ടാഗോറിനയച്ച എഴുത്തിന്റെ പകർപ്പും അതിലുണ്ട്. കൂട്ടുകാരിയുടെ വേർപാടിൽ മാനസികവ്യഥയനുഭവിച്ചിരുന്ന സരസ്വതിയമ്മയ്ക്ക് പരീക്ഷയിൽ നേരിട്ട തോൽവിയും, വീട്ടിൽ ചടഞ്ഞുകൂടി ഇരിക്കേണ്ടുന്ന അവസ്ഥയും ലൗകിക ജീവിതത്തോടുതന്നെ വല്ലാത്ത മടുപ്പ് ഉളവാക്കിയിരിക്കാം. അധീശസംസ്ക്കാരം വ്യവസ്ഥയിൽ അതിരുകല്പിച്ചുകൊണ്ടുള്ള സാമൂഹിക വർഗ്ഗം (gender) എന്ന നിലയിൽ ജീവിക്കേണ്ടിവരുന്ന സ്ത്രീയുടെ അസ്വാതന്ത്ര്യത്തോട് അവർക്ക് എന്നും അമർഷമുണ്ടായിരുന്നു.

ഇതിൽനിന്നുമെല്ലാമുള്ള മോചനമാർഗ്ഗമെന്ന നിലയിൽ അവർ മരണത്തെ ആഗ്രഹിച്ചിരുന്നുവെന്ന് ഗുപ്തൻ നായർക്കു പില്ക്കാലത്ത് എഴുതിയ ഒരു കത്തിൽ നിന്നും വ്യക്തമാവുന്നുണ്ട്. "ഇനി ചില പഴയകാര്യം, ആത്മഹത്യ എന്തുകൊണ്ടാണ് എനിക്കിഷ്ടമെന്നു ചോദിച്ചിരുന്നല്ലോ കാരണങ്ങൾ ഇതാ: സ്ത്രീയുടെ നശിച്ച ജീവിതം എനിക്ക് പ്രത്യേകിച്ചും എന്റെ പ്രകൃതത്തിന്, അതായത് ചട്ടമ്പിത്തരം, സ്വാതന്ത്ര്യബുദ്ധി, ആരെയും വകയില്ലായ്മ ഇതൊക്കെ – തീരെ യോജിച്ചതല്ല എന്നുള്ളതു രണ്ടാമത്തെ കാര്യമാണ്. തീരെ ചെറുതിലേ എനിക്കു സന്യാസത്തോടു വലിയ ഭ്രമമാണ് ... ഈ ജന്മം ഇങ്ങനെ വേദനിച്ചു കഴിയാനേ നിവൃത്തിയുള്ളൂ. സ്ത്രീയും, സന്യാസവും തീരെ ചേരുകയില്ല. അവസാനത്തെ അവസ്ഥയിൽ Though sex difference doesnot count, you see we have to pass the preliminary stages where we can not ignore that problem. അതുകൊണ്ട് അടുത്ത ജന്മം ആണായി ജനിച്ച് പ്രപഞ്ചത്തിന്റെ പരമതത്വം എന്താണെന്ന് കണ്ടുപിടിക്കാമെന്നു സമാധാനിച്ചിരിക്കയാണ്"[8]. ഈ വിധം ചിന്തിക്കുന്ന കഥാകാരി തന്റെ മാനസികാവസ്ഥയുമായി ഇണങ്ങിപ്പോകുന്ന ഒരു സ്ത്രീകഥാപാത്രത്തെ വ്യവസ്ഥാപിതജീവിതത്തിന്റെ ചിട്ടവട്ടങ്ങൾക്കുള്ളിൽ പ്രതിഷ്ഠിച്ച് അവൾക്കുണ്ടാവുന്ന വീർപ്പുമുട്ടലുകൾ ആവിഷ്ക്കരിച്ചിരിക്കുകയാണ് 'പ്രാപഞ്ചിക' എന്ന കഥയിൽ. സാമൂഹികാചാരങ്ങളുടെയും സമൂഹം കല്പിച്ച മൂല്യസങ്കല്പങ്ങളുടെയും കെട്ടുപാടുകളെ നിരാകരിച്ചുകൊണ്ട് ലൗകിക ജീവിതത്തിൽ ഉൾച്ചേരാനുള്ള ആവേശവും, അതിനുതടസ്സമായി നില്ക്കുന്ന സ്ത്രീ ജന്മത്തിൽ നിന്നുതന്നെ രക്ഷനേടാനുള്ള ആഗ്രഹവും നായികയുടെ മനസ്സിന്റെ സ്വാസ്ഥ്യം കെടുത്തുന്നു. "ഭൗതികമായ സ്നേഹബന്ധങ്ങൾക്കും, സുഖപ്രാപ്തിക്കും എന്നെ ജീവിതസംതൃപ്തയാക്കാൻ കഴിയുന്നേയില്ല, അതെന്തുശാപമോ? അസ്വതന്ത്രമായ സ്ത്രീജന്മം തന്നെ എന്റെ ജീവിതലക്ഷ്യത്തെ തടസ്സപ്പെടുത്തുന്നു"[9] എന്ന് വിലപിക്കുന്നു വിവാഹിത കൂടിയായ ഇതിലെ നായിക വത്സല. അവളുടെ ഭർത്താവിന് ഇംഗ്ലണ്ടിൽ പോകാൻ പണം വേണമായിരുന്നു. ആദ്യം നിശ്ചയിച്ചുറപ്പിച്ച വിവാഹം പ്രതിശ്രുതവധുവിന്റെ അച്ഛൻ പണമിട്ടിരുന്ന ബാങ്ക് പൊളിഞ്ഞതുകൊണ്ട് മുടങ്ങി. അത്രയും പണം നല്കി അയാളുടെ വധുവാകാൻ വിധിക്കപ്പെട്ടവളാണവൾ. ചെറുപ്രായത്തിൽ ആത്മവിശ്വാസം പ്രകടമാക്കിയിരുന്നുവെങ്കിലും വിവാഹാനന്തരം അവളുടെ മനസ്സും, ശരീരവും തകർന്ന അവസ്ഥയിലായിപ്പോയി. വിവാഹപിറ്റേന്ന് തന്നെ ഇംഗ്ലണ്ടിലേക്ക് പോയ ഭർത്താവ് വർഷങ്ങൾക്കുശേഷം തിരിച്ചുവന്ന് അവളെ കണ്ടപ്പോൾ ആ സൗന്ദര്യം

അനുഭവിക്കാതെ ശോഷിച്ചു നശിച്ചുപോയല്ലോ എന്നോർത്ത് വിഷമിക്കുന്നുണ്ട്. സ്വതേ അസ്വതന്ത്രമായ സ്ത്രീ ജന്മത്തെ കൂടുതൽ പാരതന്ത്ര്യപ്പെടുത്തുകയേയുള്ളൂ മാതൃത്വം എന്ന് കരുതുന്ന വത്സലയ്ക്ക് – വൈവാഹിക ജീവിതം 'അകംപൊള്ളയായ ആനന്ദമനുഭവിക്കുന്നതിന്റെ നീറ്റലായി' അനുഭവപ്പെടുന്നു. ലൗകികജീവിതത്തിന്റെ അർഥശൂന്യതയും, മനുഷ്യരെ മരവിപ്പിച്ച് രസിക്കുന്ന സ്രഷ്ടാവിന്റെ നിർഭയത്വവും ജീവിതത്തിലുണ്ടാക്കുന്ന നിസ്സഹായാവസ്ഥയും വത്സലയുടെ ചിന്തകളിൽ കടുന്നുവരുന്നുണ്ട്. ഒരിക്കൽ അവൾ സ്വാമിജിയോട് ചോദിച്ചു: "ആദാമിന്റെയും, ഹവ്വയുടേയും സന്താനങ്ങൾ എങ്ങനെ വംശവൃദ്ധി സാധിച്ചു? അന്നത്തെ കൃത്രിമത്വമറിഞ്ഞുകൂടാത്ത മനുഷ്യന്റെ നൈസർഗ്ഗിക ബോധം അനുവദിച്ചത് ഇന്നെങ്ങനെ പാപമായിത്തീർന്നു? സാമുദായിക സമാധാനത്തിനുവേണ്ടി മനുഷ്യൻ നിർമ്മിച്ച നിയമങ്ങളല്ലേ പാപപുണ്യങ്ങൾ? കായിക വൃത്തി നിയന്ത്രിക്കാം. എന്നാൽ മനസ്സുചെയ്തുകൊണ്ടിരിക്കുന്ന തെറ്റിന് ആരാണുത്തരവാദി? തെറ്റുചെയ്യാത്തവർ ആരുണ്ട് ലോകത്തിൽ?"[10] – തെറ്റും ശരിയും തിരിച്ചറിയാനാവാത്ത കഥാകാരിയുടെ മനോവ്യഥയ്ക്കും, പാപബോധം വേട്ടയാടുന്ന ചിന്തകൾക്കും കാരണമാവുന്നത് പ്രധാനമായും അധീശസംസ്ക്കാരം അടിച്ചേൽപിച്ചിരിക്കുന്ന വ്യവസ്ഥയിലെ മൂല്യബോധവുമായി പൊരുത്തപ്പെടാനാവാത്ത ജന്മവാസനയാണ്. ഈ മനോഭാവമാണ് പില്ക്കാലത്ത് വ്യവസ്ഥാപിത സ്ത്രീസങ്കല്പത്തെ നിഷേധിക്കാനും, പുനർനിർവ്വചിക്കാനും പോന്ന വ്യതിരിക്തമായ സ്ത്രൈണാവബോധമായി കഥയിൽ വേരുറച്ചുപോയത്. ആ അവബോധത്തിന്റെ മുള പൊട്ടുന്നത് 'പ്രാപഞ്ചിക' എന്ന കഥയിലാണ് പരമലക്ഷ്യത്തിലേക്കു പൊയ്ക്കൊണ്ടിരിക്കുന്ന ഒരു പറവയുടെ ചിറകടിശബ്ദം വിദൂരതയിൽ ലയിച്ചുചേർന്ന പോലെ ലൗകിക ജീവിതം വെടിഞ്ഞ വത്സലയുടെ ആത്മാവ് പ്രപഞ്ചശക്തിയിൽ വിലയം പ്രാപിച്ചതായിട്ടാണ് കഥ അവസാനിക്കുന്നത്.

**3. വിശ്രമമുറിയിൽ (1941)**

1940–ൽ തിരുവനന്തപുരത്തെ ആർട്സ് കോളേജിൽ ബി.എ.യ്ക്കു ചേർന്ന സരസ്വതിയമ്മയുടെ കേളേജ് ജീവിതാനുഭവങ്ങൾ ഈ കഥയ്ക്ക് പശ്ചാത്തലമായി വർത്തിക്കുന്നുണ്ട്. ജീവിതത്തെ ഒരു വെല്ലുവിളിയായി കരുതിക്കൊണ്ട് ശക്തമായ സ്ത്രീപക്ഷ ചിന്തകൾ പ്രകടമാക്കുന്ന സ്ത്രീ കഥാപാത്രങ്ങളാണ് നാൽപ്പതിനുശേഷമുള്ള ഇവരുടെ കഥകളിൽ പൊതുവേ കാണാൻ കഴിയുന്നത്. സ്ത്രീജന്മത്തെ ഒരു ശാപമായി ആദ്യകാ

ലകഥകളായ 'രമണി'യിലും, 'പ്രാപഞ്ചിക' യിലും ചിത്രീകരിച്ച സരസ്വതിയമ്മയ്ക്ക് പിന്നീട് 'ഹർഷഭരിതമായ ഒരുഗ്രസമരമായി' ജീവിതത്തെ നോക്കിക്കാണാനുള്ള തന്റേടം കൈവന്നു. തൽഫലമായി വ്യവസ്ഥാപിതജീവിതത്തിലെ സ്ത്രീയുടെ ലിംഗാധിഷ്ഠിതമായ നിലയെ വെല്ലുവിളിക്കുന്ന ബദൽ സ്ത്രൈണാവബോധത്തെ കഥയിൽ അവർ ആവിഷ്ക്കരിച്ചു. ചില കഥകളിൽ പുരുഷോചിതമായ സ്വഭാവത്തെ പ്രകടമാക്കിക്കൊണ്ടുപോലും അവരുടെ സ്ത്രീ കഥാപാത്രങ്ങൾ വ്യവസ്ഥാപിത ഭാര്യാഭർതൃബന്ധത്തെ പുനർനിർമ്മിക്കാനും, നിലവിലുള്ള വിവാഹമെന്ന സ്ഥാപനത്തെ എതിർക്കാനും മുതിർന്നിട്ടുണ്ട്.

അവിവാഹിതകളായ കോളേജ് വിദ്യാർത്ഥിനികളാണ് ശാന്തിയും, മാലതിയും. സരസ്വതിയമ്മയുടെ 'lighter side'[11] ന്റെ പ്രതിനിധിയായ ശാന്തിയുടെ കാഴ്ചപ്പാടിലൂടെയാണു കഥയുടെ അവതരണം. ബി.എ. ക്ലാസ്സിൽ അദ്ധ്യാപിക, ഇന്ദുമതീ സ്വയംവരം വർണ്ണിക്കുമ്പോൾ കേൾക്കാൻ താൽപ്പര്യമില്ലാത്ത ശാന്തി, അസുഖമഭിനയിച്ച് ക്ലാസ്സിൽ നിന്നും ഇറങ്ങിപ്പോരുന്നു. വിവാഹത്തോടുള്ള വിപ്രതിപത്തിയാണു ശാന്തിയെ ഈ വിധം അസഹിഷ്ണുവാക്കുന്നത്. ക്ലാസ്സിൽ നിന്നും രക്ഷപ്പെട്ട അവൾ വിശ്രമമുറിയിൽ പോയി പ്രേമവഞ്ചിതയായ മാലതിയെ സമാധാനിപ്പിക്കുന്നു. "വിവാഹത്തിൽ അവസാനിക്കണമെന്നാഗ്രഹിക്കുന്ന പ്രേമം ചന്തയിൽ വാങ്ങാൻ കിട്ടുന്ന വസ്തുപോലെ വില കുറഞ്ഞതല്ലേ?"[12] എന്നാണ് അവളുടെ ചിന്താഗതി. പ്രേമം സ്ത്രീയെ വിവാഹത്തിലേക്കും, അതുവഴി കുടുംബബന്ധങ്ങളിലേക്കും നയിക്കുന്നതിനാൽ വിവാഹം പോലെ തന്നെ പ്രേമവും, വ്യവസ്ഥയിൽ സ്ഥാപനവൽക്കരിക്കപ്പെടുന്ന ദുഃസ്ഥിതിയേയാണ് ശാന്തി പരിഹസിക്കുന്നത്. വിവാഹിതയായ മറ്റൊരു സ്നേഹിതയ്ക്ക് അവളുടെ ഭർത്താവ് എഴുതിയ കത്തിലെ പ്രേമസംബോധനകളും മറ്റും ശാന്തി വായിക്കുന്നത് സിനിമയിലെ കോമിക് സീൻ കാണുന്നതുപോലുള്ള രസത്തോടെയാണ്. വിവാഹത്തോടുള്ള അവളുടെ മനോഭാവവും, കോളേജ് മുറ്റത്തെ പച്ചപ്പുൽപ്പരപ്പിൽ ഒന്നു കിടക്കാനും, മരത്തണലിലൂടെ വെറുതെ നടക്കാനും മോഹിക്കുന്ന അവളുടെ സ്വാതന്ത്ര്യബോധവും, സാമ്പ്രദായിക സ്ത്രീചിന്തകളോടൊ, പെരുമാറ്റച്ചട്ടങ്ങളോടൊ, പൊരുത്തപ്പെട്ടുപോവുന്നവയല്ല.

**4. ശരച്ചന്ദ്രിക (1941)**

ശാരദയും, ചന്ദ്രനും കോളേജിൽ സഹപാഠികളാണ്. സമ്പന്നകുടുംബത്തിൽപ്പെട്ട ചന്ദ്രൻ തിരുവനന്തപുരത്ത് താമസിച്ച് പഠിക്കുകയായിരുന്നു. ആ നാട്ടുകാരിയായ ശാരദ

യുടെ നിസ്സങ്കോചമായ പെരുമാറ്റവും ഹൃദയം തുറന്ന സംഭാഷണവും അയാളെ ഏറെ ആകർഷിച്ചിരുന്നു. തിരിച്ച് ചന്ദ്രനെ ഇഷ്ടപ്പെട്ടിരുന്ന ശാരദ ഒരിക്കലും ഒരു കാമുകിയുടെ ചാപല്യത്തോടെ അയാളെ സമീപിച്ചിട്ടില്ലായിരുന്നു. എന്നിട്ടും അവരുടെ മൈത്രീബന്ധത്തെ തെറ്റിദ്ധരിച്ചുകൊണ്ട് ചന്ദ്രന്റെ അവിടുത്തെ രക്ഷാകർത്താവും, അച്ഛന്റെ സുഹൃത്തുമായ ഒരാൾ ഒരിക്കൽ ചന്ദ്രനോട് പറയുന്നു. "അല്ല, ആരോ പറയുന്നതു കേട്ടു നിങ്ങൾ തമ്മിൽ വലിയ പരിചയമാണെന്ന്, തിരുവനന്തപുരമല്ലേ? ചക്രമില്ലാത്തവർക്കു വലവീശാൻ ശ്രദ്ധ കൂടും. നിങ്ങളെപ്പോലെയുള്ളവരെ നിവൃത്തിയുണ്ടെങ്കിൽ ആരും വിട്ടുകളയുകയില്ല"[13]. തിരിച്ചൊന്നും പറയുന്നില്ലെങ്കിലും ചന്ദ്രൻ ചിന്തിക്കുന്നത് ഇങ്ങനെയാണ്. "സ്നേഹം ഹൃദയത്തെ ഹൃദയവുമായി കൂട്ടിക്കെട്ടുമ്പോൾ ഭൗതിക സമ്പത്തിൽ ശ്രദ്ധയോ?"[14]. ഈ അപവാദപ്രചാരണം ശാരദയുടെ ചെവിയിലെത്തരുതെന്ന് ആഗ്രഹിച്ചെങ്കിലും അവൾ അത് അറിഞ്ഞതായി ചന്ദ്രൻ മനസ്സിലാക്കുന്നുണ്ട്. ആപത്തും, ആശങ്കയും നിറഞ്ഞ വൈവാഹിക ജീവിതം വേണ്ടെന്നു വെച്ചതായി പിന്നീടൊരിക്കൽ അവൾ ചന്ദ്രനോട് പറയുന്നുണ്ട്. പക്ഷേ അവളുടെ മനോഗതം പിടികൊടുക്കാത്ത ഒരു പ്രഹേളിക പോലെ ചന്ദ്രനെ അലട്ടിക്കൊണ്ടിരുന്നു. ഈയൊരു പ്രതിസന്ധി ഘട്ടത്തിൽ ചന്ദ്രൻ അവളോട് നേരിട്ട് വിവാഹാഭ്യർത്ഥന നടത്തിനോക്കി. "ശാരീ, നമുക്കൊരു ശരീരമായി നിന്ന് ലോകരുടേയും എന്റെ ബന്ധുക്കളുടേയും നിന്ദാവിദ്വേഷങ്ങളെ എതിർക്കാം. സമ്മതമല്ലേ?"[15] ചന്ദ്രന്റെ നിശ്ചയദാർഢ്യത്തിൽ ഒരു നിമിഷം അവൾ ആത്മവിസ്മൃതി പൂണ്ട് ആലിംഗനബദ്ധയായി. എന്നാൽ അത് ഒരു സ്വപ്നമായി കരുതാൻ അയാളോട് അപേക്ഷിച്ചുകൊണ്ട് എന്നെന്നേക്കുമായി അകലാൻ അവൾ അടുത്ത നിമിഷം തീരുമാനിച്ചു. അവസാനമായി അവൾ ചന്ദ്രന് ഒരു കുറിപ്പ് എഴുതി വെച്ചു – "എന്റെ വിജയന്, ഒന്നും പറയാതെ പൊയ്ക്കളയാൻ എനിക്ക് മന:ശക്തിയില്ല വിജയാ, ഇങ്ങനെ നാം ഒന്നാകുന്നതാണ് നല്ലത്. വിജയന്റെ വീട്ടുകാരെക്കൊണ്ട് വിജയനെ വെറുപ്പിക്കുന്നതും, ഞാൻ പുരുഷനെ കുരുക്കിലിട്ടവളാണെന്നു ലോകരെക്കൊണ്ടു പറയിക്കുന്നതും എന്തു കഷ്ടം. പ്രണയത്തിന്റെ സാഫല്യം കഴിയുമ്പോൾ പാശ്ചാത്താപത്തിന്റെ കാലം വരികയില്ലെന്നു എന്തു തീർച്ച"[16]. പുരുഷനെ വലവീശിപ്പിടിക്കാൻ ഒരുമ്പെടുന്ന പെണ്ണിന്റെ ദുസ്സാമർത്ഥ്യമെന്ന് പ്രേമത്തെ അപഹസിക്കുന്ന ദുഷിച്ച സാമൂഹ്യവ്യവസ്ഥയുടെ ബലിയാടാവുകയാണ് ശാരദ. താൻ ആരുടേയും പ്രേമം പിടിച്ചു പറ്റാൻ ശ്രമിക്കുകയായിരുന്നില്ലെന്ന് പരദൂഷണപടുക്കളും, കൃത്രിമബുദ്ധികളും നിറഞ്ഞ ലോകത്തെ ബോധ്യപ്പെടുത്താൻ വേണ്ടി ചന്ദ്രന്റെ

വിവാഹാഭ്യർത്ഥന മന:പൂർവ്വം നിരസിക്കുന്ന ശാരദ അവിവാഹിതയായിത്തന്നെ മരണം വരിക്കുന്നു.

സരസ്വതിയമ്മയുടെ സ്വകാര്യജീവിതവുമായി ബന്ധപ്പെടുത്താവുന്ന ഒരനുഭവതലം ഈ കഥയ്ക്കുണ്ട്. അവരുടെ ഡയറിക്കുറിപ്പിൽ സയൻസ് കോളേജിലെ വിദ്യാർത്ഥി യായ ഒരു ചന്ദ്രചൂഢനെക്കുറിച്ച്, രണ്ടിടത്ത് 'ചൂഡൻ' എന്ന പേരിൽ പരാമർശിച്ചു കാണു ന്നുണ്ട്. ചന്ദ്രചൂഡനും, കുഞ്ഞുശങ്കരപ്പിള്ളയും അവരുടെ അയൽവാസികളായിരുന്നുവ ത്രെ, സരസ്വതിയമ്മയുടെ ബി.എ. ക്ലാസ്സിലെ സഹപാഠികൂടിയായ കുഞ്ഞുശങ്കരപ്പിള്ള തന്റെ സ്വകാര്യ സംഭാഷണത്തിൽ ചന്ദ്രചൂഢനുമായുള്ള, അവരുടെ അടുപ്പത്തിനെക്കു റിച്ച് വെളിപ്പെടുത്തിയിട്ടുണ്ട്[17]. 1945–ൽ ഗുപ്തൻ നായർക്ക് സരസ്വതിയമ്മ എഴുതിയ ഒരു കത്തിൽ തന്റെ കഥകളിൽ പ്രേമനൈരാശ്യം കണ്ടുപിടിച്ച് ചൂഡന്റെയും, മറ്റും പേരു മായി തന്നെ ബന്ധപ്പെടുത്താനുള്ള ചില വിദ്വാന്മാരുടെ വിദ്യയെ പരിഹാസപൂർവ്വം അവർ പരാമർശിക്കുന്നുണ്ട്[18]. എന്നാൽ കേവലം സൗഹൃദബന്ധത്തിൽ ഒതുക്കാവുന്ന ഒരു അടുപ്പമായിരുന്നില്ല ചന്ദ്രചൂഡനുമായിട്ടുള്ളതെന്നു അനുമാനിക്കത്തക്ക വെളിപ്പെടുത്ത ലുകൾ പിൽക്കാലത്ത് സരസ്വതിയമ്മ നടത്തിയത് വൈരുദ്ധ്യമായി തോന്നുന്നുണ്ട്. കെ. സുരേന്ദ്രനോടുള്ള സംഭാഷണത്തിൽ പ്രിയപ്പെട്ട ഒരു സുഹൃത്തിൽ നിന്നും ക്ഷമാപ ണപൂർവ്വം പിൻവാങ്ങിയതിനെക്കുറിച്ചും സരസ്വതിയമ്മ പറഞ്ഞിട്ടുണ്ട്[19]. ആ സുഹൃത്ത് ചന്ദ്രചൂഡനാണെന്ന് വ്യക്തമാക്കുന്ന മറ്റൊരു വെളിപ്പെടുത്തൽ അവർ രാജലക്ഷ്മിയോടും നടത്തിയിട്ടുണ്ടത്രേ, അയാളുടെ വിവാഹാപേക്ഷയെ അവഗണിക്കാനായി മന:പൂർവ്വം അന്ന് അകന്നുമാറിയതിൽ പിന്നീട് തനിക്ക് ഖേദം തോന്നിയിരുന്നുവെന്ന്[20]. ഈ വിധം നിരാശ തോന്നത്തക്കവിധം സ്ത്രീസഹജമായുണ്ടായ തന്റെ മനോഭാവത്തെ മറച്ചുവെ ക്കാനും, അമർച്ച ചെയ്യാനും അവരെ പ്രേരിപ്പിച്ചത് ഒരു പരിധിവരെ അക്കാലത്തെ സാമൂ ഹികവ്യവസ്ഥിതി തന്നെയായിരിക്കണം. അവരുടെ അടിയുറച്ച സ്ത്രൈണാവബോധം, സ്ത്രീയുടെ ആത്മവീര്യത്തെ തകർക്കുകയും, സ്വത്വാവബോധം ഇല്ലാത്തവളാക്കിത്തീർക്കു കയും ചെയ്യുന്ന വ്യവസ്ഥാപിത വിവാഹത്തോട് പൊരുത്തപ്പെടുന്നതായിരുന്നില്ല. തന്മൂലം സ്ത്രീയുടെ ഹൃദയവികാരങ്ങളെ കശക്കിയെറിയുന്ന സമുദായനീതിയുടെ നെറികേടി നോടുള്ള അമർഷം വിവാഹനിഷേധത്തിലൂടെ ഈ കഥയിൽ സരസ്വതിയമ്മ അടയാള പ്പെടുത്തുന്നു. "ഡബിൾ ആക്ട്" എന്ന കഥയിൽ, ഈയൊരു സാമൂഹികപരിസരം കുറേ ക്കൂടി വ്യക്തമാവുന്നുണ്ട്.

**5. മഴയ്ക്ക് മുൻപ് (1942)**

സ്ത്രീ അവിവാഹിതയായിരിക്കുക എന്നത് വ്യവസ്ഥാപിത ജീവിതരീതിക്കു ചേർന്ന തല്ലെന്ന സാമുദായികനീതിയും വീട്ടുകാരുടെ നിർബന്ധവുമാണ് 'മഴയ്ക്ക് മുൻപ്' എന്ന കഥയിലെ സുശീലയെ വിവാഹത്തിലേക്കു നയിച്ചത്. വിവാഹജീവിതവുമായി പൊരുത്തപ്പെട്ടുകൊണ്ടുതന്നെ, ഒരു പരിധിവരെ പരമ്പരാഗതമായ സ്ത്രീത്വസങ്കല്പത്തെ തിരുത്തുന്ന കാര്യബോധവും, ചിന്താശക്തിയും അവൾ പ്രകടമാക്കുന്നുണ്ട്. വിവാഹത്തിനുശേഷം സുശീല അവളുടെ ആണും, പെണ്ണുമടങ്ങിയ കൂട്ടുകാരൊത്ത് സല്ലപിക്കുന്നതു നേരിൽ കണ്ട ഭർത്താവിന്റെ കണ്ണുകൾ കോപത്താൽ കലങ്ങിയതായി കഥയിൽ വിവരിക്കുന്നുണ്ട്. 'ആചാരമറിയാത്ത മലമൂഡൻ' എന്ന് അവരെക്കൊണ്ട് പറയിക്കാനിഷ്ടമില്ലാത്തതിനാൽ അയാൾ അവളുടെ സൗഹൃദബന്ധങ്ങളോട് അനിഷ്ടം പ്രകടിപ്പിച്ചില്ല. എന്നാൽ വാഹനാപകടത്തിൽപ്പെട്ട് പരിക്കേറ്റ പരിചയക്കാരനായ ഒരു ചെറുപ്പക്കാരനെ അവൾ വീട്ടിൽ കൊണ്ടുവന്ന് ശുശ്രൂഷിച്ചപ്പോൾ അത് ഉൾക്കൊള്ളാനാവാതെ അയാൾ അവളോട് കയർത്തു "ഈ ആട്ടവും, മറ്റും ഇനിയും നിർത്താറായില്ലേ? എനിക്കറിവുകുറയുമെങ്കിലും എന്റെ ചിലവിൽ താമസിക്കുമ്പോൾ എന്റെ ഇഷ്ടം അനുസരിക്കണം"[21] എന്നയാൾ ആക്രോശിക്കുന്നു. സ്ത്രീയെ പിത്രാധികാരത്തിൽ നിന്നും ഭർത്താവിന്റെ അധികാരത്തിലേക്കാനയിക്കുകയും, ഗാർഹികാടിമത്തത്തിൽ ആഴ്ത്തുകയും ചെയ്യുന്ന ഒരു കെണിയായിട്ട് ഇവിടെ വിവാഹത്തെ വിവക്ഷിക്കാം. ഭർത്താവിനോട് ആദരവും, വിധേയത്വവും പ്രകടമാക്കാതെ സർവ്വവിധസ്വാതന്ത്ര്യത്തോടെയുള്ള ഭാര്യയുടെ ഇടപെടലുകൾ ദാമ്പത്യജീവിതത്തിൽ ഒരു ഭർത്താവിനും ഇഷ്ടപ്പെടില്ലെന്നും, മറിച്ച് ഒരു ആശ്രിതയോട് യജമാനന്റെ നിലപാടിൽ പെരുമാറാനാണ് പുരുഷന് താൽപ്പര്യമെന്നും ഈ കഥ വെളിവാക്കുന്നു. എന്തായാലും ഭർത്താവിനു തോറ്റുകൊടുക്കാതെ ഭർതൃഗൃഹത്തിൽ നിന്നും ഇറങ്ങിപ്പോകാനുള്ള തയ്യാറെടുപ്പിൽ സുശീല പറയുന്നു. "എന്തെല്ലാം കേൾക്കണം!" ഒരുത്തന്റെ പുറത്തുകാർ കയറ്റി തള്ളിയിടുമ്പോൾ അവൻ ആണോ, പെണ്ണോ, ശത്രുവോ, മിത്രമോ, സുന്ദരനോ, വിരൂപനോ എന്നൊന്നും നോക്കാതെ നമ്മുടെ സഹായമാവശ്യമുള്ള ഒരു ജീവി എന്നു വിചാരിക്കുന്നത് തെറ്റാണെങ്കിൽ, പിന്നെ ശരിയെന്തുണ്ട് ലോകത്തിൽ!"[22] അവളുടെ ഈ ന്യായവാദം ഭർത്താവിനെ കുറഞ്ഞൊന്നു ചിന്തിപ്പിച്ചു. കുറ്റബോധം കൊണ്ട് കണ്ണീരൊഴുക്കുന്ന അയാളെ അവൾ സാന്ത്വനിപ്പിക്കുകയും ഒടുവിൽ അവർ രമ്യതയിലെത്തുകയും ചെയ്തു. പരമ്പരാഗതമായ ദാമ്പത്യ

സങ്കല്പത്തെ തിരുത്താൻ തക്കവിധം സ്ത്രീപുരുഷബന്ധത്തെ പുനർനിർവ്വചിക്കാൻ വേണ്ട സ്വത്വാവബോധവും, സാമൂഹ്യബോധവും സ്ത്രീകൾ ആർജ്ജിക്കേണ്ടതിന്റെ ആവശ്യകത കൂടി ഇവിടെ വെളിപ്പെടുത്തുന്നുണ്ട്.

**6. മധുവിധു (1942)**

വിവാഹത്തിന്റെ പവിത്രതയെ ചോദ്യം ചെയ്യുന്ന ഒരു കഥയാണിത്. ഭാര്യയുമൊത്തു മധുവിധു ആഘോഷിക്കുവാനായി നായകൻ കന്യാകുമാരിയിലെത്തുന്നു. അവരെ, പണ്ട് നായകന്റെ കളിക്കൂട്ടുകാരിയായിരുന്നെങ്കിലും, ഇന്ന് വീട്ടിൽ ഒരാശ്രിതയായി കഴിയുന്ന സരോജിനിയും അനുഗമിച്ചിരുന്നു. അവിടെവെച്ച് അവർതമ്മിൽ ശാരീരികമായി ബന്ധപ്പെടുന്നു. തന്റെ 'ഓർമ്മ ശക്തിയുടെ കൂടപ്പിറപ്പായ' അവളുമായുള്ള സ്നേഹബന്ധം 'ദൈഹികപരിധിക്കപ്പുറ'മാണെന്നയാൾ വിശ്വസിക്കുന്നു. ഉന്നത ബിരുദം നേടി വീട്ടിലെത്തിയ കഥാനായകനെ വിവാഹം കഴിപ്പിക്കാനായി വീട്ടുകാർ തിടുക്കം കൂട്ടിയെങ്കിലും ആദ്യം അയാൾ താൽപ്പര്യമില്ലാതെ ഒഴിഞ്ഞുമാറുകയാണുണ്ടായത്. ഈ വിവാഹവൈമുഖ്യം 'ഭർത്തൃസമ്പാദനസമർത്ഥയായ ഏതോ ഒരു തിരുവനന്തപുരത്തുകാരി' അയാളെ വശീകരിച്ചതുകൊണ്ടാവാം എന്ന വീട്ടുകാരുടെ ധാരണ, ഈ കഥയിലും സൂചിപ്പിക്കുന്നുണ്ട്. അന്നത്തെ സാമുദായിക ചുറ്റുപാടിൽ വളരെ സ്വാഭാവികമായി പടർന്നുപിടിച്ചിരുന്ന ഈ ധാരണ വിവാഹത്തിന്റെ പരിശുദ്ധിയെ കളങ്കപ്പെടുത്തി അതിനെ വികലമാക്കുന്ന നിലപാടായിട്ടാണ് കഥാകാരി കണക്കാക്കുന്നത്. സ്ത്രീകളെ ഈ വിധം അപമാനിക്കുന്ന വിവാഹരീതിയെ അംഗീകരിക്കാൻ അവർ തയ്യാറാവുന്നുമില്ല.

സരോജിനിയുമായുള്ള തന്റെ ബന്ധത്തെ നായകൻ ഈ വിധം വിശകലനം ചെയ്യുന്നുണ്ട്. "ഞങ്ങളുടെ പ്രവൃത്തി, ലോകത്തിന്റെ മുമ്പിൽ അതിനിന്ദ്യമാണെന്ന വസ്തുതയിൽ ആ നിശാനിശബ്ദതയും, നിലാവെളിച്ചവും ചേർന്നു മൂടുപടമിടുന്നുണ്ട്. മനുഷ്യന്റെ സാമുദായികനിയമങ്ങൾ തീരെ അർത്ഥശൂന്യങ്ങളല്ലേ? അപ്പോഴത്തെ ഞങ്ങളുടെ പെരുമാറ്റത്തിൽ ഞങ്ങൾക്കൊരസ്വാഭാവികതയും തോന്നിയില്ല. സങ്കല്പത്തിൽ അരങ്ങേറ്റം കഴിഞ്ഞരംഗങ്ങളായിരുന്നു അവ. ശരീരത്തിനെയല്ലാതെ ഹൃദയത്തെ വിലയ്ക്കുവാങ്ങാൻ പണത്തിനെങ്ങനെ കഴിയും? ആ ശരീരമാണെങ്കിൽ ഹൃദയപ്രേരണകൾക്കു വിധേയവും"[23].

സാമുദായിക നിയമങ്ങളോട്, പൊരുത്തപ്പെടാനാവാതെ സംഘർഷമനുഭവിക്കുന്ന നായികാനായകന്മാർ സരസ്വതിയമ്മയുടെ കഥയിൽ സുലഭമായി കാണാം. വ്യക്തിയുടെ മനസ്സിൽ സമൂഹം സൃഷ്ടിക്കുന്ന ഇത്തരം സംഘർഷങ്ങൾ പലപ്പോഴും കുടുംബഭദ്രതയെയാണ് താറുമാറാക്കുക. വിവാഹമെന്നതു മനുഷ്യപ്രകൃതിയുടെ നൈസർഗ്ഗികമായ സ്വഭാവമല്ല. അതു മനുഷ്യനിർമ്മിതമായ ഒരാചാരവും സ്ഥാപനവുമാണ്. അതിന്റെ നിലനില്പിനായി സമൂഹം ഏർപ്പെടുത്തുന്ന കർശനനിയന്ത്രണങ്ങൾ വ്യക്തിയുടെ ജന്മവാസനയുമായി പലപ്പോഴും ഇണങ്ങിപ്പോകാറില്ല. ഈ അവസ്ഥ വ്യക്തിയുടെ മനസ്സിൽ സംഘർഷം സൃഷ്ടിക്കും. എന്നാൽ അത്തരമൊരു സംഘർഷാവസ്ഥ ഈ കഥയിലെ നായകനിലൂടെ അനാവരണം ചെയ്ത് അയാളോട് സഹാനുഭൂതി തോന്നിക്കാൻ കഥാകാരി മിനക്കെടുന്നില്ല. അവിഹിത ഗർഭം ധരിച്ച സരോജിനി സമൂഹത്തിന്റെ കുറ്റപ്പെടുത്തലുകൾ ഏറ്റുവാങ്ങിക്കൊണ്ട് മരണമടഞ്ഞുവെന്ന വാർത്ത അയാളിൽ കുറ്റബോധമുണർത്തുന്നുണ്ട്. തന്റെ പേർ വെളിപ്പെടുത്താതെ, സമൂഹത്തിൽ തനിക്കുള്ള മാന്യസ്ഥാനത്തിന് ക്ഷതമേല്പിക്കാതെ എല്ലാ യാതനകളും സ്വയം ഏറ്റുവാങ്ങിയ സ്ത്രീത്വത്തിന്റെ സഹനശക്തി തിരിച്ചറിഞ്ഞ അയാൾ സ്വയം ചോദിക്കുന്നു "പുരുഷന്റെ പിടിയിൽ, വികാരത്തിന്റെ വെളിച്ചപ്പെടലിൽ അശക്തയായിപ്പോകുന്ന അബലയെ പഴിക്കാൻ പുരുഷസമുദായത്തിന്റെ ധർമ്മബോധത്തിന് എങ്ങനെ കഴിയുന്നു"[24]. നെറികെട്ട പുരുഷാധിപത്യവ്യവസ്ഥയെ ഒരു പുരുഷനെകൊണ്ടുതന്നെ കഥാകാരി ചോദ്യം ചെയ്യിക്കുന്നു! ആധിപത്യവ്യവസ്ഥയുടെ ഈ വികൃതഭാവം, സ്വന്തം മുഖത്തു കാണുന്ന കഥാനായകൻ "കഷ്ടം, ഇനിയെങ്ങനെ കണ്ണാടി നോക്കും"[25] എന്ന് ആത്മനിന്ദയോടുകൂടി ചിന്തിച്ച 'കുടിയൊഴിക്കലി'ലെ നായകന്റെ മുൻഗാമിയാകുന്നു.

**7. പ്രേമഫലം (1942)**

ഭാനുമതിയും ഹരീന്ദ്രൻ നായരും ഒരിക്കൽ കമിതാക്കളായിരുന്നു. പിന്നീട് ഭാനുമതിയെ വിവാഹം ചെയ്യാതെ, മറ്റൊരു സ്ത്രീയെ – പാറുക്കുട്ടിയെ അയാൾ വിവാഹം കഴിച്ചു. ഒരു കുഞ്ഞിന്റെ അച്ഛനുമായി. 'ഒരിക്കൽ തോന്നിയ സ്നേഹം ഇടയ്ക്കെന്തെല്ലാം മാറ്റങ്ങളുണ്ടായാലും ഒന്നു മങ്ങിപ്പോവുമെന്നല്ലാതെ തീരെ നശിച്ചുപോകുകയില്ലെന്നു' പറഞ്ഞു വിശ്വസിപ്പിക്കാൻ ശ്രമിച്ചുകൊണ്ട് അയാൾ കാമുകിയെ വീണ്ടും വശപ്പെടുത്താൻ നോക്കി. പക്ഷേ, വിവാഹശേഷം പേക്കോലമായി മാറിയ അയാളുടെ

ഭാര്യയുടെ അവസ്ഥയിൽ അനുതപിക്കുന്നവളാണ് ഭാനുമതി. ഭർത്താവിന്റെ അഭിലാഷ പൂർത്തിക്കുള്ള ഒരുപകരണം മാത്രമായി വിവാഹമെന്ന സ്ഥാനപത്തിൽ കുരുങ്ങിപ്പോയ പാറുക്കുട്ടിക്ക് അധികാരത്തിന്റെ അടിച്ചേൽപ്പിക്കലല്ലാതെ അംഗീകാരമോ, സ്നേഹമോ കിട്ടുന്നില്ല. ഭാനുമതി പാറുക്കുട്ടിയെപ്പറ്റി സഹതാപം പ്രകടിപ്പിച്ചപ്പോൾ വലതുകൈ കാമുകിയുടെ ദേഹത്തു ചുറ്റി തന്നോട് ചേർത്ത് പിടിച്ചുകൊണ്ട് അയാൾ ഭാര്യയെക്കുറിച്ച് പറയുന്ന വാക്കുകൾ എത്ര ക്രൂരമാണ്! "പുതുമമായുമ്പോൾ നാം തന്നെ അറിയാതെ അങ്ങിനെ ഒരനാസ്ഥ വന്നു പോകും . . . ഈ ഭാര്യ എന്നു പറയുന്നത് നശിച്ച ഒരേർപ്പാടാണെന്ന് ചിലപ്പോഴെനിക്കും തോന്നാറുണ്ട്. പാറുക്കുട്ടിയെ ഇങ്ങനെയല്ലാതെ കിട്ടാൻ വഴിയുണ്ടായിരുന്നെങ്കിൽ ഞാൻ ഈ കാൽച്ചങ്ങലയിട്ട ജയിലിനകത്തു ചെന്നുചാടുകയില്ലായിരുന്നു. പിന്നെ ആപത്തുകാലത്തു നമ്മുടെ ജീവനിൽ കൊതിയുള്ള ഒരാൾ വേണമല്ലോ ശുശ്രൂഷിക്കാനും മറ്റും പാറുക്കുട്ടി അക്കാര്യത്തിൽ ഒരു യഥാർഥഭാര്യയുമാണ്. എന്റെ ഇഷ്ടങ്ങൾക്കൊന്നും അവൾ എതിരുപറയുകയില്ല; എന്നല്ല ഞാൻ കാൺകെ കരയുകപോലുമില്ല"[26]. പുരുഷന് എന്തു താന്തോന്നിത്തവും ചെയ്യാൻ അധികാരം നൽകുന്നതും, അവനെ പരിചരിക്കാനുള്ള ഒരടിമ എന്നതിൽ കവിഞ്ഞ് ഭാര്യയ്ക്ക് യാതൊരു പദവിയും കല്പിക്കാത്തതും ആയ ഭാര്യാഭർതൃബന്ധത്തെ നിലനിർത്തുന്ന വ്യവസ്ഥാപിത വിവാഹസമ്പ്രദായത്തോട് ഭാനുമതി നിന്ദാപൂർവ്വം ഇങ്ങനെ പ്രതികരിക്കുന്നു: "അതാണ് നല്ല ഭാര്യയുടെ ലക്ഷണം അല്ലേ? ഭർത്താവിനു തേവിടിശ്ശി വീട്ടിൽ പോകണമെങ്കിൽ ഭാര്യ ചുമന്നുകൊണ്ടുപോകാൻ കൂടെ കടമപ്പെട്ടവളാണ്. പക്ഷേ, അവൾ അന്യന്റെ പ്രതിബിംബം വെള്ളത്തിലൊന്നു കണ്ടുപോയാൽ മതി പിന്നെ ജീവിച്ചിരിക്കാൻ പാടില്ല"[27]. പുരുഷാധിപത്യ വ്യവസ്ഥ സ്ത്രീയുടെ മേൽ മാത്രം അടിച്ചേൽപ്പിക്കുന്ന സദാചാരനീതിയും, കഥാകാരി ഇവിടെ ചോദ്യം ചെയ്യുന്നു. കഥാന്ത്യത്തിൽ ഭാനുമതി ഹരീന്ദ്രൻ നായരെ കുത്തിക്കൊലപ്പെടുത്തുകയാണ്. സ്വന്തം സുഖഭോഗത്തിനുവേണ്ടി കാമുകിയേയും, ഭാര്യയേയും അവസരംപോലെ അനുനയിപ്പിക്കാനും അനുസരിപ്പിക്കാനും പുരുഷന് അധികാരം നല്കുന്ന വ്യവസ്ഥയിലെ പ്രേമം, വിവാഹം എന്നീ സ്ഥാപനങ്ങളെ കടന്നാക്രമിക്കുകയാണ് ഈ കഥ.

**8. പൊന്നുംകുടം (1943)**

കരിമനും, വള്ളിയും കളിക്കൂട്ടുകാരായിരുന്നു. അവരുടെ അമ്മമാർ തമ്മിലുള്ള സഖ്യം നിസർഗ്ഗമധുരമായ മൈത്രിയായി മക്കളിലേക്കു പകർന്നു. നിഷ്കളങ്കമായ ഈ

സ്നേഹബന്ധം മറ്റൊരാളുമായുള്ള വള്ളിയുടെ വിവാഹനിശ്ചയത്തോടെ പ്രതിസന്ധി നേരിടുന്നു. ഒടുവിൽ മിന്നു കെട്ടേണ്ട കഴുത്തിൽ മൺകുടം കെട്ടിച്ചുകൊണ്ടാണ് പരാശക്തി അവളെ തുണച്ചത്. വ്യവസ്ഥാപിത വിവാഹസങ്കല്പം നിർണ്ണയിച്ച ചില പരിഗണനകളാണ് അവരുടെ പ്രതീക്ഷയെ തകർത്തുകളഞ്ഞത്.

**9. വിവാഹവിദ്വേഷി (1943)**

വിവാഹവിദ്വേഷികളായ സ്ത്രീ കഥാപാത്രങ്ങളെ കഥയിൽ ആവിഷ്ക്കരിച്ച സരസ്വതിയമ്മ 'വിവാഹവിദ്വേഷി' എന്ന കഥയിൽ ഒരു പുരുഷനെയാണു വിവാഹവിദ്വേഷിയായി ചിത്രീകരിച്ചിരിക്കുന്നത്. കൂട്ടുകാരന്റെ ഭാര്യയും, ശാന്തശീലയുമായ ജാനകിയമ്മയുടെ ദാമ്പത്യജീവിതത്തെ വിവാഹവിദ്വേഷിയായ നായകൻ തകർക്കുന്നു. എന്നാൽ, ഭർത്താവിനെ വഞ്ചിച്ചുകൊണ്ട് അയാളുടെ സുഹൃത്തുമായുള്ള തന്റെ ശാരീരികബന്ധം സ്വന്തം ഹൃദയപ്രേരണയനുസരിച്ചുകൊണ്ടുള്ളതാണെന്നു മനസ്സിലാക്കുന്ന ജാനകി വ്യവസ്ഥ ചിട്ടപ്പെടുത്തിയെടുത്ത സദാചാര നീതിയെ അതിലംഘിക്കാൻ തക്ക തന്റേടം കാണിക്കുന്നവളാണ്. പതിവ്രത ചമയാതെ, ജാരന്റെ കുഞ്ഞിനെ വളർത്താൻ നെയ്ത്തുശാലയിൽ തൊഴിൽ തേടുന്ന അവളുടെ ജീവിത വീക്ഷണവും, നീതിബോധവും വ്യതിരിക്തമായ ഒരു സ്ത്രൈണവ്യക്തിത്വത്തിന്റെ കരുത്ത് ആർജ്ജിച്ചവയാകുന്നു.

ദാമ്പത്യത്തിന്റെ ആധാരശിലയായ പരസ്പര വിശ്വാസവും, സ്ത്രീയുടെ പാതിവ്രത്യവും, കുടുംബ ഭദ്രതയ്ക്ക് അടിത്തറയായ പിതൃത്വവും ഇക്കഥയിൽ ചോദ്യം ചെയ്യപ്പെടുന്നു.

**10. പാവങ്ങൾ (1943)**

സുരേന്ദ്രൻ നായരുടെ കാമുകിയായിരുന്ന സുമതി, അയാളുടെ വഞ്ചനയ്ക്ക് ഇരയായി. സ്ത്രീക്ക് ഹൃദയമാണ് കൂടുതൽ പ്രവർത്തിക്ഷമമെങ്കിലും, അവളുടെ തലയിൽ കളിമണ്ണല്ലെന്ന് തെളിയിച്ചുകൊണ്ട് വഞ്ചകനായ കാമുകനെ അവൾ കുത്തിമുറിവേല്പിച്ചു. ഭഗ്നപ്രണയത്തിന്റെ മുഖപടമണിയാത്ത അവൾ പഠിച്ചുമുന്നേറി വക്കീലായി. ആ അവസരത്തിലാണ് ധനികനും, വിദ്യാസമ്പന്നനുമായ ഗംഗാധരൻപിള്ള എന്നയാൾ വിവാഹാഭ്യർഥനയുമായി അവളുടെ ജീവിതത്തിലേക്കു കടന്നുവന്നത്. താൻ വലിയ സ്വാതന്ത്ര്യവാദിനിയാണെന്നും, തന്നെ ഭാര്യയാക്കുന്നയാൾക്ക് മനഃസുഖം കിട്ടില്ലെന്നും പറഞ്ഞ്

അവൾ ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. 'തന്നെ ഭരിച്ചുകൊള്ളാൻ വരെയുള്ള അനുമതി' അവളുടെ കാൽക്കീഴിൽ സമർപ്പിച്ചുകൊണ്ട് അയാൾ പിന്നെയും അവളെ അനുനയിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഒടുവിൽ സുമതി അയാളുടെ ഭാര്യയായി. ഒരിക്കൽ ഭർത്താവെന്ന അധികാരപദവി ഉപയോഗിച്ചുകൊണ്ട് അയാൾ അവളുടെ പൂർവ്വപ്രണയ ബന്ധത്തെച്ചൊല്ലി അവളെ ചോദ്യം ചെയ്തു. ഒഴിഞ്ഞുമാറാൻ ശ്രമിച്ച അവളോട് – 'ഇതിനകത്ത് ഞാൻ ഭർത്താവ്, നീ ഭാര്യ' എന്ന് പറഞ്ഞുകൊണ്ട് അയാൾ കയർത്തു. അനുസരിക്കേണ്ടവൾ മാത്രമാണു ഭാര്യ എന്ന വ്യവസ്ഥാപിത നിയമത്തിന്റെ ഭാഷ്യമാണു അയാളുടെ ശാസനയിൽ മുഴങ്ങിയത്. ഇതു തിരിച്ചറിഞ്ഞ സുമതി തന്റെ പ്രണയബന്ധത്തെ മന:പൂർവ്വം മറച്ചുവെച്ചു. ഭാര്യയെക്കുറിച്ചുള്ള അപവാദപ്രചാരണം വിശ്വസിക്കുന്ന ഭർത്താവിന്റെ ആത്മാഭിമാനത്തിനു പ്രഹരമേല്പിച്ചുകൊണ്ടും, അദ്ദേഹത്തെ വശപ്പെടുത്താൻ കണ്ണീരെന്ന ആയുധത്തെ ഒന്നു പരീക്ഷിച്ചുനോക്കാമെന്ന് മനപ്പൂർവ്വം കരുതിക്കൊണ്ടും അവൾ തുറന്നടിച്ചു. "ഇരുന്നിരുന്നു കിട്ടിയ ഭർത്താവ് കൊള്ളാം സ്നേഹവും അഭിമാനവും, പൗരുഷവും ഇല്ലാത്ത ആൾ. എനിക്കും കൂടെ എന്തപമാനം അയ്യോ! ദൈവമേ"![28] സ്വയം ശപിച്ചും, കുറ്റപ്പെടുത്തിയുമുള്ള അവളുടെ നാട്യത്തിലും, കരച്ചിലിലും അയാളുടെ മനസ്സലിയുന്നു. ഈ കഥയിൽ നായികയുടെ കണ്ണുകൾ ഈറനണിയുന്നുണ്ടെങ്കിലും തന്റെ ചാരിത്രത്തെ സംശയിക്കുന്ന ഭർത്താവിനു നേരെ ചാടിയെണീറ്റ് വലംകൈകൊണ്ട് കസേര ഊക്കോടെ വലിച്ചെറിഞ്ഞ്, കോപാരുണിതയായി അവൾ അയാളെ ഭർത്സിക്കുന്നുണ്ട്. തന്നെ വഞ്ചിച്ച കാമുകനുനേരെ വധഭീഷണി ഉയർത്തിയവളാണല്ലോ സുമതി. കണ്ണീരിനെ ശക്തമായൊരു ആയുധമാക്കുന്നതോടൊപ്പം വ്യവസ്ഥയിലെ സ്ത്രൈണോചിതമല്ലാത്ത സ്ത്രീ ചെയ്തികളാൽ പുരുഷനെ അപഹസിച്ചുകൊണ്ട് തന്റെ വ്യക്തിത്വം സ്ഥാപിച്ചെടുക്കാൻ അവൾക്കു കഴിയുന്നു. സരസ്വതിയമ്മയുടെ 'സ്ത്രീകളുടെ രണ്ടായുധങ്ങൾ – കണ്ണീരും, പുഞ്ചിരിയും' എന്ന ലേഖനം ഈ കഥയ്ക്കു ഒരനുബന്ധമെന്ന നിലയിൽ വായിക്കാവുന്നതാണ്.

**11. സ്വാർഥത (1943)**

തനിക്ക് ക്ഷയരോഗമാണെന്ന കള്ളം പറഞ്ഞ് കൊണ്ട് കാമുകന്റെ വിവാഹാഭ്യർഥന നിരസിക്കുന്ന ഈ കഥയിലെ നായിക സ്വതന്ത്രജീവിതം നയിക്കുന്നവളാണ്. വീട്ടിലെ ദാരിദ്ര്യവും, അരക്കിറുക്കനായ ജ്യേഷ്ഠനും, പ്രായമായ അമ്മയുമടങ്ങുന്ന കുടുംബത്തിന്റെ

അരക്ഷിതാവസ്ഥയുമാണ് അവളുടെ വിവാഹസ്വപ്നത്തെ തകർക്കുന്നത്. "ഇവരുടെ സംരക്ഷണ ഭാരം ഏൽക്കേണ്ട താൻ ആ മഹാകഷ്ടം പിടിച്ച ചുമതലകളിൽ ഒരു സുഖി മാനെക്കൊണ്ട് പങ്കെടുക്കാനനുവദിക്കുന്നതെന്തിന്? മധുരമായ പ്രേമത്തേക്കാൾ മഹ ത്തരമല്ലേ ശുഷ്കമായ കർത്തവ്യം"[29] എന്നവൾ ചിന്തിക്കുന്നുണ്ട്.

ജീവിതം ഏൽപ്പിക്കുന്ന കർത്തവ്യങ്ങളും, ആചാരങ്ങളും ഒരു കുരിശുചുമക്കലാ യിത്തീരുന്നതിന്റെ ക്ലേശം സരസ്വതിയമ്മയുടെ കഥാപാത്രങ്ങളിൽ സ്ത്രീപുരുഷ ഭേദമി ല്ലാതെ അനുഭവിക്കുന്നവരുണ്ട്. 'വീണ്ടും ജീവിതത്തിന്റെ മുമ്പിൽ', 'രാവും പകലും', 'തെറ്റും ശരിയും', 'ജന്മാവകാശം', 'തറവാട്ടാചാരം', തുടങ്ങിയ കഥകൾ ഉദാഹരണം. *പ്രേമ ഭാജനം* എന്ന നോവലിൽ നായികയായ ലൂയിസ പറയുന്നുണ്ട്. ഒരു ശിശു ജനിക്കുന്ന തുതന്നെ തെളിവില്ലാത്ത കുറേ മുജ്ജന്മപാപങ്ങളും, അനപേക്ഷിതമായി പ്രസവിച്ച അമ്മ യോടും, വളർത്തിയ അച്ഛനോടും, പിന്നെ ലോകത്തുള്ള എല്ലാവരോടും തീർത്താൽ തീരാത്ത കടപ്പാടും തലയിൽ കെട്ടിവെച്ചുകൊണ്ട് ജീവിതച്ചുമട് വലിച്ചിഴയ്ക്കാനാണെ ന്ന്. ഈ കടപ്പാടിനെച്ചൊല്ലി ആദ്യകാലം മുതലേ സരസ്വതിയമ്മ മാനസിക സംഘർഷമ നുഭവിച്ചിട്ടുണ്ട്. അവരുടെ ഡയറിയിൽ ഒരിടത്ത് അതിങ്ങനെ രേഖപ്പെടുത്തിയിരിക്കു ന്നു. "30–3–1114 മുതൽ 20–6–1114 വരെ ഡയറി മുഴുവൻ ബന്ധുക്കളോടുള്ള കടങ്ങൾ വീട്ടിയിട്ട് മരിക്കാൻ പ്രാർഥന; അച്ഛനെന്തു ചെയ്തു എന്നെല്ലാരും മുറുമുറുപ്പ്, ഏറ്റവും കുറച്ച് ചെയ്യപ്പെട്ട വലിയൊരുത്തരവാദിത്വം തലയിലേറ്റിക്കിട്ടിയതൊഴിച്ച്"[30] സരസ്വതിയ മ്മയുടെ ബി.എ. പഠനം തന്നെ മൂത്തചേച്ചിയുടെ മകനെ പകരം പഠിപ്പിക്കാനുള്ള ചുമ തല ഏറ്റെടുത്തുകൊണ്ട് അവരുടെ ധനസഹായത്താലായിരുന്നു. ആയിടയ്ക്ക് ടാഗോറി നെഴുതിയ കത്തിലും തന്റെ കടമയെക്കുറിച്ച് എഴുതിക്കാണുന്നുണ്ട്.

സരസ്വതിയമ്മ അവിവാഹിതയാവാൻ കാരണമായി പലരും ചൂണ്ടിക്കാണിക്കു ന്നത് അമ്മയേയും, ചേച്ചിയേയും ബാധിച്ചിരുന്ന ത്വക്രോഗത്തെക്കുറിച്ചുള്ള അവരുടെ ഭീതിയും ദാരിദ്ര്യവും വീട്ടുകാരോടുള്ള കടപ്പാടും ആണ്. ഇത്തരമൊരു സൂചന പ്രസ്തുത കത്തിൽ നിന്ന് ലഭിക്കുന്നുണ്ട്. "But I am always threatend to be attacked by a horrible disease, poverty, distress crush down my springing spirit. In these circumstances my one wish about this world is to do my duties about my widow mother and widow sister to make them live peacefully"[31]. കർത്തവ്യങ്ങളുടെ കുരിശുചുമക്കുന്ന 'സ്വാർഥത'

യിലെ നായിക, മാരകരോഗമുണ്ടെന്ന് നടിച്ച് വിവാഹാപേക്ഷയിൽ നിന്നും ഒഴിഞ്ഞുമാറി, അവിവാഹിതയായി കഴിയുന്നത്, സരസ്വതിയമ്മയുടെ വ്യക്തിജീവിതവുമായി ബന്ധപ്പെടുത്താവുന്നതാണ്. 1939–40 കാലഘട്ടത്തിൽ ടാഗോറിനെഴുതിയ കത്തിൽ വെളിപ്പെടുന്ന സരസ്വതിയമ്മയുടെ രോഗഭീതിയും, കടപ്പാടിനെച്ചൊല്ലിയുള്ള വേവലാതിയും പിൽക്കാലത്തെഴുതിയ ഈ കഥയുടെ രചനയ്ക്ക് പ്രേരകമായിട്ടുണ്ടാവാം.

12. വൈവിധ്യം വേണ്ടേ (1943)

ദാമ്പത്യബന്ധത്തിന്റെ അന്തസ്സാരശൂന്യത പ്രകടമാക്കുന്ന കഥയാണിത്. ഭർതൃസ്നേഹത്തിനുവേണ്ടി ചിത്തം നീറുന്ന ഭാര്യയെ 'ലവ്വ്' എന്ന് വിളിച്ചുകൊണ്ട് ഭർത്താവ് എപ്പോഴും കപടസ്നേഹം അഭിനയിക്കുന്നു. ലവ്വിനോടുള്ള സ്നേഹം എന്റെ ഹൃദയത്തിൽ കരകവിഞ്ഞൊഴുകുകയാണെന്നു പറയാറുള്ള അയാൾ പരസ്ത്രീബന്ധം വെച്ചുപുലർത്തുന്നവനാണ്. അതിനെക്കുറിച്ചയാൾ ഒരിക്കൽ ഭാര്യയോട് പറയുന്നുണ്ട്. "എന്റെ പരിശുദ്ധമായ സ്നേഹം മറ്റാർക്കെങ്കിലും ഞാൻ കൊടുക്കുമോ? അതൊക്കെ കാമമെന്നു പറയാറില്ലേ, ആ നികൃഷ്ടവസ്തുവാണ്. നമ്മുടെ നാട്ടിൽ നാം നിത്യവും കഴിക്കുന്നതു ചോറാണെങ്കിലും വല്ലപ്പോഴൊക്കെ ബോളിയോ, ജിലേബിയോ തിന്നണമെന്നു തോന്നിപോകാറുണ്ട്. എന്നാലെന്താ വാസ്തവത്തിൽ സ്ഥിരമായ ആദരവും, സ്നേഹവും ചോറിനോടു മാത്രമേയുള്ളൂ"[32]. പരസ്ത്രീബന്ധം ജീവിതത്തിൽ വൈവിധ്യത്തിനായി പുരുഷനു അനുവദനീയമാണ്; സ്ത്രീക്ക് നിഷിദ്ധവും. പതിവ്രതയായ ഭാര്യയിലാണ് 'വിവാഹ'മെന്ന സ്ഥാപനത്തിന്റെ ആധാരശില വർത്തിക്കുന്നത്; അതിന് ഇളക്കം തട്ടിയാൽ കുടുംബം തന്നെ തകരും. ഈയൊരു സാമൂഹ്യബോധമാണ് ഭർത്താവിനെ നയിക്കുന്നതെന്ന് കഥയിൽ തുടർന്ന് വ്യക്തമാവുന്നുണ്ട്. നാട്ടിൽ പോകാൻ ഭാര്യ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ, താനില്ലാതെ അവിടെ കഴിയുന്നതിൽ വിഷമമുണ്ടാവില്ലേ എന്നയാൾ ചോദിക്കുന്നുണ്ട്. ആ സന്ദർഭത്തിൽ "വീട്ടിൽ പശു ഉള്ളവർ മാത്രമാണോ പാൽ കുടിക്കാറുള്ളതെന്ന് തിയോഫിൽഗാട്ടിയർ ഒരിടത്തു ചോദിച്ചിട്ടുണ്ട്"[33] എന്നവൾ തിരിച്ചടിച്ചപ്പോൾ അയാളുടെ ഭാവം മാറി. എങ്കിലും നീരസം പ്രകടിപ്പിക്കാതെ, നിശിതസ്വരത്തിൽ അയാൾ പറയുന്നു: "പക്ഷേ, എന്റെ അഭിമാനം എന്റെ കൈയിലല്ല, ആ കൈകളിലാണെന്നോർമ്മ വേണം. ഞാനെന്തു ചെയ്താലും സാരമില്ല, ആണുങ്ങൾക്കെന്തിനും സ്വാതന്ത്ര്യമുണ്ട്. ലവ്വ് എന്തെങ്കിലും പ്രവർത്തിച്ചാൽ എനിക്കാണു കൂടുതൽ അപമാനം എന്ന് ഞാനെപ്പോഴും പറയാറില്ലേ?"[34].

ദാമ്പത്യത്തിന്റെ പരിശുദ്ധി സൂക്ഷിക്കുന്നതിൽ തുല്യപങ്കാളിത്തത്തോടെയുള്ള സ്ത്രീ പുരുഷബന്ധത്തെ നിരാകരിക്കുന്ന വ്യവസ്ഥാപിത സദാചാരബോധത്തിന്റെ വൈകല്യമാണിത്. സ്ത്രീയുടെ ശരീരത്തിനേൽക്കുന്ന കളങ്കം കുടുംബത്തിന്റെ കൂടി കളങ്കമാവുമെന്ന് ഭയപ്പെടുത്തി അവളെ കർശനമായി നിയന്ത്രിക്കുന്ന സദാചാരബോധത്തെയാണ് അധീശസംസ്ക്കാരം നിലനിർത്തിപ്പോരുന്നത്. അത്തരം നിയന്ത്രണങ്ങൾക്കൊന്നും വിധേയനാവാതെ, എന്നും ഇച്ഛയ്ക്കനുസരിച്ച് സമൂഹത്തിൽ സ്വതന്ത്രനായി ജീവിക്കാൻ പുരുഷന് സാധ്യമാവുമ്പോൾ, വിവാഹം എല്ലാവിധ ഇച്ഛാശക്തിയേയും തർത്തുകൊണ്ട് സ്ത്രീയെ ഗാർഹികാടിമത്തത്തിൽ അകപ്പെടുത്തുന്നു. വിവാഹമെന്ന സ്ഥാപനത്തിലകപ്പെടുന്ന സ്ത്രീയുടെ ഈ ഒരു പരിതാപകരമായ സ്ഥിതിയെക്കുറിച്ചുള്ള തിരിച്ചറിവ് ഒടുവിൽ നായിക പ്രകടമാക്കുന്നുണ്ട്. "നിയമപ്രകാരം ഒരു സ്ത്രീ ഭാര്യയായിക്കഴിഞ്ഞാൽപ്പിന്നെ അവളോട് സ്നേഹം കാണിക്കേണ്ടയെന്ന മതക്കാരനാണ് ഭർത്താവ്, ഛേ, ഭർത്താവെന്ന നിലയിൽ ഒരു പ്രത്യേക വ്യക്തിയേയല്ല, ആ സങ്കല്പത്തെയാണ് സ്ത്രീ ആരാധിക്കുന്നത്. ആ മനുഷ്യനോടുള്ള സ്നേഹമല്ല സ്വന്തം ആത്മമഹിമയിലുള്ള നിഷ്ക്കർഷയാണ് സ്ത്രീയുടെ ഭർതൃഭക്തിക്കു നിദാനം"[35] എന്ന് ചിന്തിച്ചുകൊണ്ട് അവൾ, താൻ മുൻപ് നിരസിച്ചിരുന്ന പഴയ കളിത്തോഴന്റെ സ്നേഹാഭ്യർത്ഥനയെ ഇപ്പോൾ കൈക്കൊള്ളാൻ ആഗ്രഹിക്കുന്നു. ഭാര്യയുടെ അഭാവത്തിൽ നല്ല ഒരു ഭൃത്യനെ ഗൃഹവേലയ്ക്ക് ചുമതലപ്പെടുത്തിയ ഭർത്താവ്, താൻ മനസ്സിലാക്കിയ ഒരു യാഥാർത്ഥ്യം കഥയിൽ കൂട്ടുകാരോട് പരാമർശിക്കുന്നുണ്ട് – "നല്ല ഒരരിവെപ്പുകാരനുണ്ടെങ്കിൽ പിന്നെ ഭാര്യയുടെ ആവശ്യമെന്തെന്ന് ഞാൻ പലപ്പോഴും അതിശയിക്കാറുണ്ട്"[36]– ആത്മൈക്യം പുലർത്തിക്കൊണ്ട് നിലനിർത്തേണ്ട ഭാര്യ – ഭർതൃബന്ധം വിവാഹമെന്ന സ്ഥാപനത്തിൽ എത്രമാത്രം വികലമായിത്തീരുന്നുവെന്ന് വ്യക്തമാക്കുന്നു ഈ വാക്കുകൾ.

**13. പ്രേമഭാജനം (നോവൽ – 1944)**

വ്യതിരിക്തമായ സ്ത്രൈണ ചിന്തകളെ കഥകളിലൂടെ ആവിഷ്ക്കരിച്ച സരസ്വതിയമ്മ തന്റെ സ്ത്രൈണാവബോധത്തെ കുറേക്കൂടി ശക്തമായി വ്യക്തമാക്കുകയാണ് ഈ നോവലിൽ. അന്നത്തെ സഹൃദയലോകത്തിന് തീർത്തും അപരിചിതമായ ഒരു കഥാപാത്രമാണ് ഇതിലെ 'ബൂനി' എന്ന് വിളിക്കപ്പെടുന്ന 'ലൂയിസ' എന്ന് പേരുള്ള നായിക. സാമ്പ്രദായിക ജീവിത രീതിയോ, വ്യവസ്ഥാപിത മൂല്യബോധമോ സ്ഥാപനവൽക്കരിക്ക

പ്പെട്ട ബന്ധങ്ങളോ വെച്ചുപുലർത്താത്ത ബൂനിയുടെ ജീവിതവ്യാപാരങ്ങൾ അനിയത്തിയിലൂടെയാണ് ആഖ്യാനം ചെയ്തിരിക്കുന്നത്. സാമ്പ്രദായിക ജീവിതം നയിക്കുന്ന അനുജത്തിയുടെ കാഴ്ചപ്പാടിലൂടെതന്നെ, അതിനു വിരുദ്ധമായ ചേച്ചിയുടെ ജീവിതത്തെ ആവിഷ്ക്കരിക്കുമ്പോൾ സ്വാഭാവികമായുണ്ടാവുന്ന പൊരുത്തക്കേടിനെ വളരെ വിദഗ്ദ്ധമായിട്ടാണ് സരസ്വതിയമ്മ നോവലിൽ പരിഹരിച്ചിരിക്കുന്നത്. പൊതുധാരണകൾക്ക് പോറലേൽപ്പിക്കുന്ന ചേച്ചിയുടെ നടപടികളെ ചിലപ്പോഴൊക്കെ അനിയത്തിയെക്കൊണ്ട് ചോദ്യം ചെയ്യിപ്പിച്ചും, അതിന് ചേച്ചിയെക്കൊണ്ട് വിശദീകരണങ്ങൾ നൽകിയും അവസാന വിശകലനത്തിൽ ചേച്ചിയുടെ ചെയ്തികളെ ന്യായീകരിക്കത്തക്ക വിലയിരുത്തലുകൾ അനുജത്തിയുടെ ചിന്തകളിൽ സന്നിവേശിപ്പിച്ചും ആണ് കഥാകാരി ബൂനിയുടെ വ്യതിരിക്തമായ കർതൃത്വത്തെ ആവിഷ്ക്കരിച്ചിരിക്കുന്നത്. ആ കാലഘട്ടത്തെ കൂടി മുന്നിൽ കണ്ടുകൊണ്ടാവാം ഈ വിധമൊരു രചനാതന്ത്രം അവർ സ്വീകരിച്ചത്. പരമ്പരാഗതമായ സ്ത്രീത്വസങ്കല്പത്തെ ലംഘിച്ചുകൊണ്ട് വ്യതിരിക്തമായ ഒരു സ്ത്രൈണ സ്വത്വത്തെ അംഗീകരിക്കുന്ന സാമൂഹ്യാവസ്ഥ പുലർന്നു കാണുവാനുള്ള നിഗൂഢമായൊരു മോഹം സരസ്വതിയമ്മയ്ക്കുണ്ടായിരുന്നു. നോവലിലും, കഥകളിലും ആവർത്തിച്ചുകൊണ്ടിരുന്ന ഈ ജീവിതാവബോധത്തെ പിന്നീട് ലേഖനങ്ങളിലൂടെ അവർ പറഞ്ഞുറപ്പിച്ചതിന്റെ ഉദ്ദേശ്യം അതായിരിക്കണം.

വിരുദ്ധ സ്വഭാവം പുലർത്തുന്നവരാണെങ്കിലും ഈ സഹോദരിമാരുടെ സൗഹാർദ്ദപരമായ അടുപ്പം നോവലിൽ ഉന്മീലനം ചെയ്തിരിക്കുന്നത് വിലോലമായൊരനുഭൂതിയായി അനുഭവപ്പെടുന്നു. സരസ്വതിയമ്മയുടെ സ്വകാര്യജീവിതമാകട്ടെ തികച്ചും വേദനാജനകമായ സാഹോദര്യബന്ധത്തിന്റെ അനുഭവങ്ങളും, ദുരന്തങ്ങളും നിറഞ്ഞതാണ്. ഡയറിയിൽ ഉടനീളം അതിന്റെ സൂചനകളുണ്ട്. എന്നിട്ടും ആ കലഹിക്കുന്ന സാഹോദര്യത്തിന്റെ തിക്തമായ ഓരോർമ്മപോലും കഥാലോകത്ത് ഒരിടത്തും അവർ അടയാളപ്പെടുത്തിയിട്ടില്ല. ഈ നോവലിൽ സാഹോദര്യ ബന്ധത്തിന്റെ ഊഷ്മളത തീവ്രതയോടെ ത്തന്നെ അവർ ആവിഷ്ക്കരിച്ചിരിക്കുന്നു. ആദർശലോകത്തെ വിഭാവനം ചെയ്തുകൊണ്ടുള്ള അവരുടെ സർഗ്ഗാത്മക ജീവിതം കലഹം നിറഞ്ഞ ഗൃഹാന്തരീക്ഷത്തിൽ നിന്നുമുള്ള രക്ഷപ്പെടൽകൂടി ഉദ്ദേശിച്ചാവാൻ സാധ്യതയുണ്ട്.

പ്രേമത്തിന്റെ പരിപൂർണ്ണതയ്ക്കായി അനുയോജ്യമായ ഇണയെ തേടി നടക്കുന്ന ബൂനിയോട് പലരിലും തേടിനടക്കാതെ, ഒരാളെ വിവാഹം കഴിച്ചുകൂടേ എന്ന് ഒരിക്കൽ അനുജത്തി ചോദിച്ചപ്പോൾ അവളുടെ പ്രതികരണം വ്യവസ്ഥാപിതരീതിയിലുള്ള വിവാഹത്തെ നിരാകരിച്ചുകൊണ്ടുള്ളതായിരുന്നു. ദാമ്പത്യജീവിതത്തോടുള്ള വെറുപ്പ് കൊണ്ട് മാത്രം അത്തരം ജീവിതം നയിക്കുന്നവരിൽ നിന്ന് മനപ്പൂർവ്വം അവൾ അകന്നുനിന്നു. അങ്ങിനെ അവിവാഹിതരുമായി മാത്രം സൗഹൃദം പുലർത്തിപ്പോന്നു. വിവാഹശേഷം ഓരോ ദിവസം കഴിയുന്തോറും ഭാര്യയും ഭർത്താവും തമ്മിൽ മാനസികമായും, ശാരീരികമായും വൈകാരികമായും കൂടുതൽ അകലുകയാണ് ചെയ്യുന്നത് എന്ന ബൂനിയുടെ വാദം വ്യവസ്ഥാപിത ദാമ്പത്യം പറയാൻ മാത്രം കൊള്ളാവുന്ന ഒരാദർശമാണ് എന്ന അവളുടെ നിലപാടിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. ഒടുവിൽ തന്റെ അന്വേഷണത്തിന് സാഫല്യം കൈവന്നപ്പോൾ, കമിതാവുമൊത്ത് അവൾ ആത്മഹത്യ ചെയ്യുന്നു. സ്ഥാപനവൽക്കരിക്കപ്പെട്ട ബന്ധങ്ങളിൽ തളച്ചിടാനുള്ളതല്ല തന്റെ പ്രണയസാക്ഷാത്കാരം എന്ന് ബൂനി തിരിച്ചറിയുന്നുണ്ട്. മനപ്പൊരുത്തമില്ലാതെ തന്നെ, സ്ത്രീ–പുരുഷന്മാർ വ്യവസ്ഥയുടെ നീതിബോധത്തിനനുസൃതമായി വേഷം കെട്ടുന്ന സാമ്പ്രദായിക ദാമ്പത്യത്തിന്റെ പൊള്ളത്തരം മനസ്സിലാക്കിയവളാണ് ബൂനി. ആത്മഹത്യയിലെത്തുന്ന അവരുടെ പ്രേമസാഫല്യത്തെ അനുജത്തി ഇങ്ങിനെ വിശകലനം ചെയ്യുന്നുണ്ട്: "ദാമ്പത്യബന്ധത്തിന്റെ നീളം കൂടുംന്തോറും ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള പരിപൂർണ്ണ ഐക്യത്താൽ ഈ ലോകത്തിൽ സ്വർഗ്ഗം സൃഷ്ടിക്കുന്ന സ്നേഹത്തിനുവേണ്ടിയുള്ള സ്നേഹം നശിച്ചു പോകുന്നെന്ന അഭിപ്രായക്കാരിയായിരുന്നു ബൂനി. അതുകൊണ്ട് അഭംഗുരമായ ഐക്യം ലക്ഷ്യമാക്കി അവർ രണ്ടുപേരും തങ്ങളുടെ വിഭിന്നമായ സത്ത നശിപ്പിച്ചതായിരിക്കണം. ദീർഘായുസ്സിൽ കൊതിപിടിച്ച ജീവിതാസക്തരായ സാധാരണക്കാർക്ക് ആ ഐക്യം ആക്ഷേപാർഹമായി തോന്നാനേ വഴിയൂള്ളൂ; പക്ഷേ, ന്യൂനപക്ഷത്തിനു പ്രാബല്യമില്ലാത്തതുകൊണ്ട് തീർച്ചയായും ആ അഭിപ്രായം തെറ്റാണ് എന്ന് പറയുന്നതു ശരിയല്ലെന്നെനിക്കു തോന്നുന്നു"[37]. അനുജത്തിയുടെ ഈ തോന്നൽ കഥാകാരിയുടെ തന്നെ ചിന്താഗതിയിൽ ഊന്നിക്കൊണ്ടുള്ളതാണ്. സാമ്പ്രദായിക മൂല്യബോധത്തോട് പൊരുത്തപ്പെടാത്തതും, വ്യവസ്ഥയിൽ ഭൂരിപക്ഷ പ്രാബല്യത്തിന് സാധ്യതപോലും ഇല്ലാത്തതും ആയ ഒരു മൂല്യബോധം അവിവാഹിതയായി ജീവിച്ചുകൊണ്ട് കഥാലോകത്ത് ആവർത്തിച്ചുറപ്പിച്ച സരസ്വതിയമ്മ യുടെ അസാമാന്യമായ ധീരത വിലയിരുത്തപ്പെടേണ്ടതാണ്. പ്രത്യേകിച്ചും

ആ കാലഘട്ടത്തെക്കൂടി പരിഗണിക്കുമ്പോൾ ഈയൊരു ഭാവുകത്വം അവതരിപ്പിച്ച അവരുടെ തന്റേടം അഭൂതപൂർവ്വവും, ഇന്നും പിന്തുടർച്ച അവകാശപ്പെടാനില്ലാത്തതും, വിസ്മയകരവുമാണെന്ന് പറയേണ്ടിയിരിക്കുന്നു.

14. സ്വപ്നമണ്ഡലം (1944)

മകളെപ്പോലെ കരുതി വളർത്തിയെടുത്തവളെ ഭാര്യയായി സ്വീകരിക്കേണ്ടി വന്ന ഒരാളുടെ ആത്മസംഘർഷത്തിന്റെ കഥയാണ് ഇത്. ഒരു ദുർബല നിമിഷത്തിന്റെ വിഭ്രാമകതമൂലം പറ്റിപ്പോയ ഒരു തെറ്റിന്റെ ഫലമായി ഭാര്യഭർത്താക്കന്മാരായി ജീവിക്കേണ്ടിവന്നവരാണ് ഇതിലെ നായികാനായകന്മാർ. സാമൂഹികബോധത്തിന് രുചിക്കാത്ത ആ ബന്ധത്തിന്റെ പേരിൽ വ്യവസ്ഥയിൽ നിന്നും അവർ ഒറ്റപ്പെടുന്നു. മനുഷ്യപ്രകൃതത്തെ വേണ്ടപോലെ പരിഗണിക്കാതെ, സമൂഹം ചിട്ടപ്പെടുത്തിയെടുക്കുന്ന സദാചാരനീതിക്കും, വിവാഹമെന്ന സ്ഥാപനത്തിനും ഈ കഥ ക്ഷതമേൽപ്പിക്കുന്നു.

സാഹചര്യത്തിന്റെയും, സന്ദർഭത്തിന്റേയും സമ്മർദ്ദം കൊണ്ട് സംജാതമാകുന്ന മനുഷ്യചെയ്തികളെ നായകന്റെ കൂട്ടുകാരൻ കഥയിൽ വിശകലനം ചെയ്യുന്നുണ്ട്. സന്ദർഭത്തിന്റെ സൗകര്യത്തിൽ ദുഷ്പ്രവർത്തി ചെയ്യുന്നവർ ശിക്ഷാർഹരാണെങ്കിൽ ആ അനുകൂല സന്ദർഭത്തെ, സർവ്വജ്ഞത്വമുണ്ടായിട്ടും സൃഷ്ടിച്ചുവിടുന്നയാൾ എന്തുമാത്രം ശിക്ഷാർഹനാണെന്ന ചോദ്യം കൂട്ടുകാരന്റെ ചിന്തയിലൂടെ പരാശക്തിയുടെ – വിധിയുടെ – നേർക്ക് കഥാകാരി തൊടുത്തുവിടുന്നു; വിധിയുടെ കൈയ്യിലെ വെറുമൊരു കളിപ്പാട്ടമാണ് മനുഷ്യരെന്നും, അതിന്റെ കാരുണ്യമില്ലായ്മയെപ്പോലും നിസ്സഹായരായി അനുഭവിക്കേണ്ടിവരുന്നുവെന്നതാണ് മനുഷ്യജീവിതത്തിന്റെ ട്രാജഡിയെന്നും തോമസ് ഹാർഡിയുടെ നോവലുകൾ വെളിപ്പെടുത്തുന്നു. ഈ കാര്യം സൂചിപ്പിച്ചുകൊണ്ട്, തന്നെ സ്വാധീനിച്ച ഒരെഴുത്തുകാരനാണ് തോമസ് ഹാർഡി എന്ന് സരസ്വതിയമ്മ പറഞ്ഞിട്ടുണ്ട്[38]. അതുകൊണ്ടാവാം സന്ദർഭത്തിന്റെയും, സാഹചര്യത്തിന്റെയും കളിപ്പാട്ടമായി മാറുന്ന കഥാപാത്രങ്ങളോട് കഥാകാരി സഹാനുഭൂതി പുലർത്തുന്നത്. 'സ്വപ്നമണ്ഡല'ത്തിലെ നായകനും, 'വിവാഹവിദ്വേഷി'യിലെ നായികയും ഈ ഗണത്തിൽപ്പെടുന്ന കഥാപാത്രങ്ങളാണ്.

**15. ഒരേയൊരു രാത്രി (1944)**

നാടകനടി ചിത്രയും, നാടകരചയിതാവ് ദാസും തമ്മിലുള്ള പരിചയപ്പെടലിലൂടെയാണ് ഈ കഥ വികസിക്കുന്നത്. തന്റെ തുറന്ന പെരുമാറ്റം ആളുകളെ തെറ്റിദ്ധരിപ്പിക്കാനിടയാക്കിയതിനെക്കുറിച്ചും, മറ്റും അവൾ അയാളോട് തുറന്നുപറയുന്നുണ്ട്. പുരുഷനെ ഇഷ്ടപ്പെടുകയും പ്രേമം, വിവാഹം തുടങ്ങിയ സ്ഥാപനവൽകൃതമായ ബന്ധത്തിലധിഷ്ഠിതമല്ലാത്ത സൗഹൃദം അവരിൽനിന്നും ആഗ്രഹിക്കുകയും ചെയ്യുന്നവളാണ് ചിത്ര. സ്ത്രീസഹജമായ ലജ്ജയൊന്നും പ്രകടിപ്പിക്കാതെയുള്ള സ്ത്രൈണോചിതമല്ലാത്ത, അവളുടെ പെരുമാറ്റരീതി ഒടുവിൽ നാടകരചയിതാവിനെയും തെറ്റിദ്ധരിപ്പിക്കുന്നു. അങ്ങിനെ അയാൾ അവളോട് വിവാഹാഭ്യർഥന നടത്തി. അതു കൈക്കൊള്ളാൻ തയ്യാറാവാതെ അവൾ അയാളുമായുള്ള ബന്ധം അവിടെവെച്ചുതന്നെ അവസാനിപ്പിക്കുന്നു. പുരുഷനോടുള്ള സ്ത്രീയുടെ സൗഹൃദം പോലും അവളുടെ വിവാഹ താൽപ്പര്യമായി കരുതുന്ന പുരുഷ സംസ്ക്കാരത്തിന്റെ ദൗർബല്യവും, അതുവഴി അവളുടെ സ്വാതന്ത്ര്യത്തെ ദുർവ്യാഖ്യാനം ചെയ്യുന്ന സാമ്പ്രദായിക മൂല്യബോധത്തിന്റെ വൈകല്യവുമാണ് ഈ കഥ വെളിവാക്കുന്നത്. ഈയൊരു അനുഭവപരിസരം ‘പെൺബുദ്ധി’യിലെ നായികയായ വിലാസിനിക്കും തരണം ചെയ്യേണ്ടിവരുന്നുണ്ട്. തുല്യപങ്കാളിത്തം ഉറപ്പാക്കപ്പെടുന്ന ആൺ–പെൺ മൈത്രീബന്ധത്തോടുള്ള സരസ്വതിയമ്മയുടെ താൽപര്യമാണ്, വ്യവസ്ഥാപിത വിവാഹത്തെ നിഷേധിച്ചുകൊണ്ട് പകരം ചങ്ങാത്തവിവാഹ (Companionate Marriage)ത്തെ വിഭാവനം ചെയ്യാൻ അവർക്ക് പ്രേരണയായത്.

**16. ഭാഗ്യവതി (1944)**

പരിശുദ്ധമായ ഹൃദയബന്ധത്താൽ വളരെ അടുത്തിടപഴകിയവരാണ് കാർത്തികയും, ശ്രീച്ചേട്ടനും. ആകസ്മികമായുണ്ടായ ശ്രീച്ചേട്ടന്റെ മരണം കാർത്തികയെ തനിച്ചാക്കി, എന്നിട്ടും ആ ബന്ധത്തിന്റെ ദുഃഖസ്മൃതിയിൽ വീട്ടുകാരുടെ വിവാഹാലോചനപോലും തട്ടിമാറ്റിക്കൊണ്ടവൾ ജീവിച്ചു. പ്രേമത്തിന്റെ ഭാവഹാവാദികളോ, വിവാഹ വാഗ്ദാനമോ കൈമാറാതെ തന്നെ, അത്രമേൽ സ്വാഭാവികമായി വികസിച്ചു വന്ന അവരുടെ ഹൃദയബന്ധം സ്നേഹവും, വാത്സല്യവും, ആശ്രയവും പരസ്പരം പ്രദാനം ചെയ്യുന്നതായിരുന്നു. “വാത്സല്യം നിറഞ്ഞ ഒരു പുരുഷഹൃദയം, എവിടെപ്പോകുമ്പോഴും തന്നെ കാത്തുസൂക്ഷിക്കുന്ന സ്നേഹസമ്പൂർണ്ണമായ ആ മിഴികൾ, ബലിഷ്ഠസുന്ദരങ്ങളായ ആ ബാഹു

ക്കൾ ആലിംഗനം ചെയ്താനന്ദിക്കാനല്ല, ആപത്തുകളിൽ നിന്നും രക്ഷിക്കാനാണ് ആ കൈകൾ അവളെ വലയം ചെയ്തിരിക്കുന്നത്. അദൃശ്യങ്ങളെങ്കിലും അവയുടെ സാന്നിദ്ധ്യം അവളെപ്പോഴും അനുഭവിച്ചറിയുന്നുണ്ട്. ഭൗതികശാസ്ത്രങ്ങൾ ശരിവെക്കാത്തതായിരിക്കാം. യുക്തിവാദികൾ വിശ്വസിക്കില്ലായിരിക്കാം. പക്ഷേ, ആ അനുഭവം അവളുടേതാണ്. അതിൽ കൂടുതൽ എന്തുവേണം കാർത്തികയ്ക്കീ ലോകത്തിൽ?[39] സങ്കല്പത്തിലൂടെ ശ്രീച്ചേട്ടന്റെ സാന്നിദ്ധ്യം യാഥാർത്ഥ്യം പോലെ അനുഭവിച്ചറിയുവാൻ കഴിയുന്ന കാർത്തികക്ക് വിവാഹത്തോട് താൽപര്യം തോന്നുന്നില്ല. വ്യവസ്ഥാപിത വിവാഹം ആത്മൈക്യം പുലർത്തുന്ന സ്ത്രീ–പുരുഷബന്ധത്തേക്കാൾ, അധികാരപദവിയെ നില നിർത്തുന്ന ഭാര്യ–ഭർതൃബന്ധമാണ് ലക്ഷ്യമാക്കുന്നത്. പരസ്പരപൂരകമായി വർത്തിക്കേണ്ട സ്നേഹപരിഗണനയ്ക്കും പങ്കുവെക്കലിനും പകരം ചുമതലാബോധവും, വ്യവസ്ഥാപിത മൂല്യബോധത്തിനിണങ്ങുന്ന കർതൃത്വവുമാണ് അവിടെ നിർണ്ണയിക്കപ്പെടുന്നത്. ശ്രീച്ചേട്ടനുമായുള്ള വിവാഹം ഒരാദർശസ്വപ്നമായി മനസ്സിൽ സൂക്ഷിക്കുന്ന കാർത്തികയക്ക് അതുകൊണ്ടുതന്നെ വിവാഹത്തോട് താൽപര്യം തോന്നുന്നില്ല.

ശ്രീച്ചേട്ടനിൽ ഒരു രക്ഷകനെ വിഭാവനം ചെയ്യുന്ന ഈ കഥയിലെ നായികയ്ക്ക് ജന്മനക്ഷത്രമായ കാർത്തിക എന്നു തന്നെയാണ് കാരണവർ പേരിട്ടത്. അവൾ ഭാഗ്യവതിയാണെന്നും പ്രവചിച്ചിരുന്നു. കാർത്തിക നക്ഷത്രത്തിൽ ജനിച്ച സരസ്വതിയമ്മയും അഭയമരുളുന്ന ഒരു രക്ഷകനെക്കുറിച്ചുള്ള സങ്കല്പം ജന്മവാസനപോലെ കൊണ്ടുനടന്നിരുന്നു. തന്റെ ക്ഷീണഗാത്രത്തിന് അഭയമരുളുന്ന സ്നേഹശീതളവക്ഷസ്സുള്ള, പ്രേമപൂർണ്ണനായ ഒരു അദൃശ്യന്റെ ക്ഷണികദർശനം കൊതിച്ചുകൊണ്ടുള്ളതായിരുന്നു യൗവ്വനകാലത്ത് രക്ഷകനെക്കുറിച്ചുള്ള സരസ്വതിയമ്മയുടെ സങ്കല്പം[40]. 1942 (കൊല്ലവർഷം 1117ൽ, ധനുമാസം 23ലും 24ലും)–ൽ എഴുതിയ ഡയറിക്കുറിപ്പിൽ നിന്നും ഇത് വ്യക്തമാകുന്നുണ്ട്. പണ്ട് കളഞ്ഞുകിട്ടിയ ഒരു അരഞ്ഞാണം ഭാഗ്യം തരുമെന്ന് വിചാരിച്ച് കുറേക്കാലം സൂക്ഷിച്ചിരുന്നതായും ഡയറിയിൽ അവർ കുറിച്ചിട്ട കാര്യം മുൻപ് സൂചിപ്പിച്ചിട്ടുണ്ടല്ലോ, ഭാഗ്യനിർഭാഗ്യങ്ങളുടെ ചില കണക്കുകൂട്ടലുകൾ അവസാനനാൾവരെ നടത്തിയിരുന്ന സരസ്വതിയമ്മ (ജാതകപരിശോധനയും, വഴിപാടും എല്ലാം അവർ സ്ഥിരമായി നടത്തിയിരുന്നുവെന്നു ഡയറിയിൽനിന്നും മനസ്സിലാക്കാം) മരിക്കുന്നതിനു ഏതാനും മാസം മുൻപ് ഭാഗ്യപ്രതീക്ഷയും കൈവെടിഞ്ഞു. അവസാനനാളുകളിൽ അഭയമരുളുന്ന രക്ഷകനായി മരണത്തെയാണ് അവർ പ്രതീക്ഷിച്ചിരുന്നത്. പുനർജന്മത്തിൽ പ്രതീ

ക്ഷയർപ്പിച്ചുകൊണ്ടുള്ള മരണാഭിമുഖ്യം പ്രകടിപ്പിക്കുന്ന പരാമർശങ്ങൾ അക്കാലത്തെ ഡയറിയിൽ ആവർത്തിക്കുന്നുണ്ട്. സങ്കീർണ്ണമായ ഒരു മനസ്സിന്റെ ഉടമയായിരുന്നു സരസ്വതിയമ്മ, ആദർശലോകത്തെ വിഭാവനം ചെയ്തുകൊണ്ട് സ്വന്തം ജീവിതത്തെ ഒരു പരീക്ഷണമാക്കുകയായിരുന്നു അവർ. ഒരനുഭവസ്മരണയിൽ ലൗകികജീവിതത്തെ ഒതുക്കാനായി വെമ്പുന്ന 'ഭാഗ്യവതി'യിലെ കാർത്തിക അവരുടെ മനസ്സിന്റെ തന്നെ ഒരു അടരാണ്.

**17. മഞ്ജു–ഡോക്ടർ–മഞ്ജു (1944):**

തന്റെ ശരീരം ഒരു വിനിമയവസ്തുവാകുമെന്നുറപ്പായ ഒരു ഘട്ടത്തിൽ ജീവിതം ഹോമിച്ചുകൊണ്ട് പ്രേമം, ദാമ്പത്യം, മാതൃത്വം ഇവയുടെ മഹത്വം സംരക്ഷിക്കുന്ന ഒരു സ്ത്രീയുടെ കഥയാണിത്. രാജശേഖരന്റെയും, ലളിതയുടെയും, സ്വച്ഛന്ദമായ കുടുംബ ജീവിതത്തിലേക്ക് അശനിപാതം പോലെ കടന്നുവന്ന ഒരു ഡോക്ടർ, മാരകമായ രോഗാവസ്ഥയിൽ നിന്ന് അവരുടെ കുഞ്ഞിനെ രക്ഷിക്കുന്നതിനായി അവളെ പ്രതിഫലമായി ആവശ്യപ്പെട്ടു. വീടും, നാടുമുപേക്ഷിച്ചു തന്നോടൊപ്പം ഇറങ്ങിവന്ന ലളിതയെ ഒരു കച്ചവടവസ്തുപോലെ വിനിമയം ചെയ്യാൻ രാജശേഖരൻ ഒടുവിൽ നിർബ്ബന്ധിതനായി. എന്നാൽ ഡോക്ടർക്ക് കീഴ്പ്പെടാൻ തയ്യാറാവാതെ ലളിത ആത്മഹത്യ ചെയ്തു. അവളുടെ കത്തിക്കരിഞ്ഞ, ബീഭത്സമായ ശരീരം കണ്ട് ഡോക്ടർ ഇങ്ങനെ ചിന്തിക്കുന്നു. "മാതൃസ്നേഹത്തിനും, സ്ത്രീത്വത്തിനും മരണം ഇത്ര നിസ്സാരമോ?"[41] മാതൃത്വവും, സ്ത്രീത്വവും സംരക്ഷിക്കാനായി സ്ത്രീയുടെ ജീവിതം ഇങ്ങനെ ഹോമിക്കപ്പെടേണ്ടി വരുന്ന ദു:സ്ഥിതി പലപ്പോഴും വ്യവസ്ഥയിൽ സുചരിതയായ സ്ത്രീയുടെ ധർമ്മമായിട്ടാണ് നിർണ്ണയിക്കപ്പെടാറുള്ളത്. സ്ത്രീയുടെ ഈ വിധമുള്ള കർത്തവ്യം ആവശ്യപ്പെടുന്ന വിവാഹം, മാതൃത്വം എന്നീ സ്ഥാപനങ്ങൾ അവളുടെ ജീവനെപ്പോലും അപായപ്പെടുത്തുന്ന ഒരു കെണിയായി ചിലപ്പോഴെങ്കിലും മാറുമെന്ന മുന്നറിയിപ്പ് ഈ കഥ നൽകുന്നു.

**18. ഈശ്വരന്റെ കയ്യിൽ (1944)**

അബലയും, ചപലയും അധീരയുമായ തങ്കമണിയുടെ വൈവാഹികജീവിതത്തിന്റെ തകർച്ചയുടെ കഥയാണ് 'ഈശ്വരന്റെ കയ്യിൽ'. വാത്സല്യത്തിൽ വെണ്ണയേക്കാൾ അലിയുന്ന മൃദുമനസ്കയായ അവൾ അച്ഛന്റെ ചെല്ലമോളായിട്ടാണ് വളർന്നത്. ഒരു ദുഃഖവും സഹിക്കാനാവാത്ത അവളെ ഈ ലോകത്ത് ജീവിക്കാൻ എങ്ങനെ പ്രാപ്തയാക്കണമെ

ന്നറിഞ്ഞുകൂടാത്ത രക്ഷിതാക്കൾ ഒടുവിൽ എല്ലാം ഈശ്വരന്റെ കയ്യിൽ സമർപ്പിക്കുന്നു. അവളുടെ ഭർത്താവായി വന്ന ശങ്കരൻ നായർക്കാണ് അതിന്റെ തിക്തഫലങ്ങൾ അനുഭ വിക്കേണ്ടിവന്നത്. "നിന്നെക്കൊണ്ട് മോങ്ങാനല്ലാതെ എന്തിനു കൊള്ളാം, എല്ലാവരും കൂടെ കൊഞ്ചിച്ചു കൊഞ്ചിച്ചു കാശിനു കൊള്ളാതാക്കി. ഒരു പൂച്ച ചാവാൻ തുടങ്ങു ന്നെന്നുതോന്നിയാൽ മരണവെപ്രാളം കാണിക്കുന്നവളല്ലേ നീ? ഈ ശങ്കരൻ നായര ല്ലാതെ വേറെ വല്ലോരുമായിരുന്നെങ്കിൽ എന്നേ കൊലയ്ക്കുത്തരം പറയിച്ചേനേ!"[42] ഒരു സന്ദർഭത്തിൽ അവളുടെ സ്വന്തം ഏട്ടൻ അവളെ ഈ വിധം പരിഹസിക്കുന്നുണ്ട്. ഔദ്യോ ഗിക ജീവിതത്തിൽ തനിക്കു അപ്രതീക്ഷിതമായുണ്ടായ അപമാനം കാര്യബോധം തീരെ യില്ലാത്ത ഭാര്യയോട് ഒന്നു പങ്കുവെക്കാൻ പോലും ആവാതെ എല്ലാം സഹിച്ചു ശങ്കരൻ നായർ ഒടുവിൽ ആത്മഹത്യയിൽ ചെന്നെത്തി. ഇതിനിടയിൽ ഭർത്താവിനെ കാര്യമി ല്ലാതെ സംശയിച്ച തങ്കമണി മനസ്സിന്റെ സംയമനം നഷ്ടപ്പെട്ട് സ്വന്തം കുഞ്ഞിനെ ശ്വാസം മുട്ടിച്ചുകൊന്നു. ഭർത്താവിന്റെ മരണവാർത്ത അറിഞ്ഞശേഷമാണ് തങ്കമണി മനസ്സിലാ ക്കുന്നത്, ഔദ്യോഗികാപമാനം കൊണ്ട് അയാൾക്കുണ്ടായ ഭാവമാറ്റത്തെ താൻ ഭയങ്കര മായി തെറ്റിദ്ധരിച്ചതുമൂലം ഭാര്യയെന്ന നിലയിൽ സ്വാന്തനമരുളാനോ ഒരു പോംവഴി ഉപ ദേശിക്കാനോ തനിക്കു സാധിച്ചില്ല എന്ന്; പകരം മനോനിയന്ത്രണമില്ലാതെ പ്രവർത്തിച്ച തുകൊണ്ട് അവൾ കൊലപാതകിയായിത്തീർന്നു! "കാര്യമാത്രപ്രസക്തമായ ദാമ്പത്യജീ വിതം തുടങ്ങിക്കഴിഞ്ഞാൽ പിന്നെ, കാര്യബോധവും ചിന്താശക്തിയുമുള്ള ഒരു ഭാര്യയുടെ സ്നേഹശീലനായ ഭർത്താവായിക്കഴിയാനാണ് എനിക്കിഷ്ടം"[43] എന്ന് സരസ്വതിയമ്മ തന്റെ ഒരു ലേഖനത്തിൽ പറയുന്നത് ഈ കഥയുമായി ചേർത്തു വായിക്കേണ്ടതാണ്. അകാലവൈധവ്യത്തിൽ പതിച്ച അബലയായ തങ്കമണിക്ക് ഈ പ്രഹരമേല്പിച്ചതു കൃപാ ലുവെന്ന് വാഴത്തപ്പെടുന്ന ഈശ്വരന്റെ കൈകളോ എന്ന കഥാന്ത്യത്തിലെ ചോദ്യം ഉന്ന യിക്കുന്നത് സ്ത്രീ ജീവിതത്തിലെ ചില പ്രതിസന്ധികളേയാണ്. അബലാത്വ ചപലാത്വ പരിവേഷങ്ങളുന്നയിച്ച് സ്ത്രീയെ ദുർബലയാക്കുന്ന വ്യവസ്ഥാപിത സ്ത്രീത്വ സങ്കല്പ ത്തിനുപകരം 'കാര്യബോധവും ചിന്താശക്തിയു'മുള്ള സ്ത്രൈണ വ്യക്തിത്വമാണ് വേണ്ടതെന്ന് വ്യക്തമാക്കുന്നു. അതിന്റെ അഭാവം ചിലപ്പോഴെങ്കിലും കുടുംബത്തിൽ വരുത്തിവെക്കുന്ന ദുരനുഭവങ്ങളുടെ സാക്ഷ്യപത്രമായിട്ട് ഈ കഥ നിർണ്ണയിക്കപ്പെടാ വുന്നതാണ്.

19. ഡബിൾ ആക്ട് (1944)

സരസ്വതിയമ്മയുടെ കോളേജ് ജീവിതവുമായി വളരെ ബന്ധമുള്ള ഈ കഥ 'ശര ച്ചന്ദ്രിക' എന്ന കഥയുമായി ചേർത്തുവായിക്കാവുന്നതാണ്. ഈ കഥയിലെ നായിക യായ സീതയും, 'ശരച്ചന്ദ്രിക'യിലെ ശാരദയും ഒരേ മുഖമുദ്രയുള്ളവരാണ്. പുരുഷ ന്മാരെ ഇഷ്ടപ്പെടുകയും അവരുമായി മൈത്രീബന്ധം പുലർത്തുകയും ചെയ്യുന്ന ഇവർ വ്യവസ്ഥാപിത വിവാഹത്തെ ലക്ഷ്യമാക്കുന്നില്ല. നായകന്മാരാകട്ടെ വിവാഹ പ്രതീക്ഷ വെച്ചു പുലർത്തുന്നുമുണ്ട്. ഈ വിധം ഒരേ പ്രമേയത്തെ ആദ്യം 'ആശാലയ്ക്കകത്ത്' എന്ന പേരിലും പിന്നീട് ചില കൂട്ടിച്ചേർക്കലോടെ 'ഡബിൾ ആക്ട്' (ഇരട്ടവേഷം) എന്ന മറ്റൊരു പേരിലും സരസ്വതിയമ്മ അവതരിപ്പിച്ചതിന്റെ പൊരുൾ അന്വേഷിക്കേണ്ടിയിരി ക്കുന്നു. 'ആശാലയ്ക്കകത്ത്' എന്ന കഥ മാതൃഭൂമി ആഴ്ചപ്പതിപ്പിലാണ് ആദ്യം പ്രസിദ്ധീ കരിച്ചത് (അനുബന്ധം – 3 ൽ നോക്കുക). അതിന്റെ അനുബന്ധമായി 'ഇരട്ടവേഷം' എന്ന പേരിൽ 1949–ൽ പുറത്തുവന്ന *കനത്തമതിൽ* എന്ന കഥാ സമാഹാരത്തിൽ പ്രസി ദ്ധീകരിച്ച കഥ തന്നെയാണ് 1958ൽ *ചോലമരങ്ങൾ* എന്ന സമാഹാരത്തിൽ 'ഡബിൾ ആക്ട്' എന്ന മറ്റൊരു പേരിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സുധീന്ദ്രൻ നായരുടെയും, സീതയുടെയും മൈത്രീബന്ധം പ്രേമമായി വ്യാഖ്യാ നിക്കുന്ന സാമൂഹികപരിസരവും, അതിനെ പ്രതിരോധിക്കുന്ന സീതയുടെ മനോഭാവവു മാണ് കോളജ് അന്തരീക്ഷത്തെ പുരസ്ക്കരിച്ചുകൊണ്ടെഴുതിയ 'ആ ശാലയ്ക്കകത്ത്' എന്ന കഥയുടെ പ്രമേയം. കോളേജ് അദ്ധ്യാപികയായ വാസന്തീനായർ പോലും സീത യുടെ തുറന്നപെരുമാറ്റത്തെ തെറ്റിദ്ധരിക്കയാണുണ്ടായത്. പഠിക്കാനയയ്ക്കുന്ന നല്ല ആൺപിള്ളേരെയൊന്നും വീട്ടുകാർക്കു തിരികെ കിട്ടില്ലെന്ന ആക്ഷേപം അവർക്കുണ്ട്. ഡിഗ്രി സമ്പാദിക്കാൻ മാത്രമല്ല ഭർത്താവിനെ നേടാൻ കൂടിയാണ് പെൺകുട്ടികൾ കോളേ ജിൽ വരുന്നതെന്ന മനോഭാവം വെച്ചു പുലർത്തുന്ന അവർ സീതയെ പലപ്പോഴും മാന സികമായി പീഡിപ്പിച്ചിരുന്നു. തെറ്റിദ്ധരിക്കപ്പെട്ട സീതയുടേയും, സുധിയുടേയും മൈത്രീ ബന്ധത്തിന്റെ പേരിൽ സീതയ്ക്കുമാത്രം മാനസികപീഡനം അനുഭവിക്കേണ്ടി വന്നു. അവളോടൊപ്പം നിന്നുകൊണ്ട് ഒരു ഉറച്ച നിലപാടെടുക്കാൻ ഭീരുവായ സുധിക്കു സാധി ച്ചിരുന്നില്ല. അയാളുടെ ഈ ഭീരുത്വത്തെ കണക്കിലേറെ കളിയാക്കുന്നുണ്ടെങ്കിലും അവൾക്ക് അയാളെ വെറുക്കുവാൻ കഴിഞ്ഞില്ല. ഒടുവിൽ വിവാഹിതരാവാതെ നല്ല

സുഹൃത്തുക്കളായി അവർ പിരിയുന്നതോടെയാണ് 'ആ ശാലയ്ക്കകത്ത്' എന്ന കഥ അവസാനിക്കുന്നത്. 'ഡബിൾ ആക്ടി'ലെ കഥ ഇവിടെ നിന്നും കുറേക്കൂടി മുന്നോട്ട് നീങ്ങുന്നുണ്ട്. പിരിഞ്ഞുപോയ സുധീന്ദ്രൻ നായർ പിന്നീട് മറ്റൊരു യുവതിയെ വിവാഹം കഴിച്ചു. അത് സീതയുടെ അവിവാഹജീവിതത്തിനേറ്റ കനത്ത നഷ്ടമായി വ്യാഖ്യാനിക്കുന്ന സാമൂഹ്യപരിസരത്തിൽ അവൾക്ക് അനുഭവിക്കേണ്ടിവരുന്ന ആത്മസംഘർഷത്തിനാണ് 'ഡബിൾ ആക്ട്' അഥവാ 'ഇരട്ടവേഷം' എന്ന കഥ ഊന്നൽ നൽകുന്നത്.

സീതയ്ക്കു സുധിയോടുള്ള ഇഷ്ടം അവൾക്ക് അയാളെ വിവാഹം ചെയ്യാനുള്ള താൽപ്പര്യമായി കരുതുന്ന സുഹൃത്തിനോട് ഒരിക്കൽ അവൾ പറയുന്നു: "സുധിയെ എനിക്കിഷ്ടമില്ലെന്ന് പറയാൻ ഞാനും തയ്യാറല്ല, പക്ഷേ, എനിക്ക് ഇഷ്ടമുള്ളവരെയൊക്കെ കല്ല്യാണം കഴിക്കാനൊക്കുമോ? മരിച്ചുപോയ ഹാർഡിയേയും, കീറ്റ്സിനേയും പോലെ എത്ര പേരെയാണെനിക്കിഷ്ടം? സാധാരണയിൽക്കവിഞ്ഞ ബുദ്ധിശക്തിയോ മറ്റ് കഴിവുകളോ ഉള്ളവരെയെല്ലാം എനിക്ക് വലിയ ഇഷ്ടമാണ്. അതുമല്ല, പരസ്പരം മതിപ്പുള്ളവർ തമ്മിൽ വിവാഹം പാടില്ലെന്ന അഭിപ്രായക്കാരിയാണ് ഞാൻ"[44]. ഈ വിധം വിവാഹത്തോട് വൈമുഖ്യം പുലർത്തുന്ന ചിന്താഗതി പുലർത്തുന്നവളായിട്ടും അവൾ തെറ്റിദ്ധരിക്കപ്പെടുകയാണുണ്ടായത്. ഭീരുവായ സുധീന്ദ്രൻ നായരുടെ നിലപാടുകൾ പലപ്പോഴും അവളെ മറ്റുള്ളവരുടെ മുൻപിൽ പരിഹാസ്യയാക്കിയിരുന്നു. സഹോദരസ്നേഹമാണ് തനിക്ക് സീതയോടുള്ളതെന്ന് മറ്റുള്ളവരോട് പറഞ്ഞുനടക്കുന്ന അയാൾക്ക്, സീതയുടെ മുൻപിൽ മറ്റൊരു മുഖമാണുള്ളത്. ഈ കാപട്യമാണ് "ഡബിൾ ആക്ട്" (ഇരട്ടവേഷം) എന്ന പേര്കൊണ്ട് അർഥമാക്കുന്നത്. സുധീന്ദ്രൻ നായരുടെ ഈ ഇരട്ടവ്യക്തിത്വത്തെക്കുറിച്ച് സീത പറയുന്നുണ്ട് "ആളുകളുടെ മുമ്പിൽ അവരുടെ ബോദ്ധ്യത്തിനൊരു വേഷം, സ്വന്തം അഭിമതമനുസരിച്ച് സ്വകാര്യമായി മറ്റൊരു വേഷം, പണ്ടേ തുടങ്ങിയതാണ് ഈ ഡബിൾ ആക്ട്. ഒരു പക്ഷേ, ലോകത്തിൽ വിജയകരമായി ജീവിക്കുന്നവർക്കെല്ലാമുള്ള ഒരു തന്ത്രമായിരിക്കാമത്"[45]. ആ തന്ത്രമനുസരിച്ച് സഹോദരസ്നേഹവും സൗഹൃദവും മാറിമാറി അഭിനയിക്കുന്ന സുധിയോട്, പക്ഷേ തനിക്ക് കർത്തവ്യ പ്രധാനമായ സഹോദരസ്നേഹമല്ല, മറിച്ച് വികാരപ്രധാനമായ സൗഹൃദസ്നേഹമാണുള്ളതെന്ന് അവൾ മറകൂടാതെതന്നെ തുറന്ന് പ്രഖ്യാപിക്കുന്നു. സ്വഭാവത്തിൽ ഈയൊരു ആർജ്ജവം വെച്ചുപുലർത്തുന്ന അവൾ, ഒരു ഘട്ടത്തിൽ തന്റെ വിവാഹത്തെക്കുറിച്ച് ഇങ്ങനെ അഭിപ്രായപ്പെടുന്നുണ്ട്: "ഇതൊക്കെയാണെങ്കിലും ലോകത്തുള്ള കാഴ്ചകൾ കൊണ്ടുനടന്ന് കാണി

ച്ചുതരാൻ ഒരാളുണ്ടാകാൻ വേണ്ടി എന്റെ ആദർശങ്ങൾ വിവാഹപീഠത്തിൽ ബലികഴി ച്ചാലെന്താണെന്ന് എനിക്ക് ചില സമയം തോന്നാറുണ്ട്. ഭർത്താവിന്റെ ആവശ്യം അതിൽക്ക വിഞ്ഞറിയാനും മാത്രം എന്റെ സ്ത്രീത്വം വളർന്നിട്ടില്ല; വളരുന്ന ലക്ഷണവുമില്ല. ഹാവ്ലോക്ക് എല്ലീസ് മരിച്ചുപോയില്ലെങ്കിൽ ഒരു അനാലിസിസ് ആവശ്യപ്പെടാമായിരുന്നു"[46]. ഒറ്റപ്പെട്ട സ്ത്രീയുടെ ജീവിതത്തെ ദുഷ്കരമാക്കുന്ന സാമൂഹിക ജീവിതപശ്ചാത്തലത്തിൽ, തനിച്ചു ജീവിക്കേണ്ടിവരുന്നതിന്റെ പ്രയാസം മുൻകൂട്ടികണ്ടുകൊണ്ടു കൂടിയാവാം സീത ഇങ്ങനെ ചിന്തിക്കുന്നത്. സ്ത്രീയുടെ ഒറ്റയ്ക്കുള്ള സഞ്ചാരം സുരക്ഷിതമാണെന്ന് ഉറപ്പുവരുത്താ വുന്ന ഒരു സാമൂഹിക പരിസരം ഇന്നത്തെ കാലത്തുപോലും ഇല്ലെന്നിരിക്കെ ആ കാല ഘട്ടത്തിലെ സ്ഥിതി ഊഹിക്കാവുന്നതാണല്ലോ? ആ അവസ്ഥയിൽ ഒരാൺതുണയുണ്ടാ യാൽകൊള്ളാമെന്ന് ആഗ്രഹിക്കുന്നു എന്നല്ലാതെ അതിൽക്കവിഞ്ഞ ബന്ധമൊന്നും സീത ആഗ്രഹിക്കുന്നില്ല എന്ന് വ്യക്തം.

സ്ത്രീയുടെ തുറന്ന പെരുമാറ്റത്തെ ആണിനെ വല വീശിപ്പിടിക്കാനുള്ള തന്ത്ര മായി വ്യാഖ്യാനിക്കുന്ന നിലപാട് 'ശരച്ചന്ദ്രിക' എന്ന കഥയിലെന്നപോലെ ഈ കഥ യിലും കാണുന്നുണ്ടല്ലോ. അതിനെ പ്രതിരോധിക്കത്തക്കവിധം ഒരു നിലപാട് ശാരദ യും, സീതയും കൈക്കൊണ്ടെങ്കിലും സമൂഹം അവരെ അവഹേളിക്കുകയാണ് ചെയ്യു ന്നത്. 'ശരച്ചന്ദ്രിക'യിൽ ശാരദയെ ചന്ദ്രൻ മനസ്സിലാക്കുകയും, അയാളുടെ പക്ഷത്തു നിന്നും അവളുടെ നിലപാടിനെ വിശകലനം ചെയ്യുകയും മൂലം ആ മൈത്രീബന്ധം ആദർശ വല്ക്കരിക്കപ്പെട്ട ഒരു ഉദാത്തഭാവമായി വിരാജിക്കുന്നു. എന്നാൽ 'ഡബിൾ ആക്ടി' ൽ സീതയുടെ നിലപാട് ഏകപക്ഷീയമായതുമൂലം തന്നെ അപഹസിക്കുന്ന ചുറ്റുപാടിൽ അവൾ ഒറ്റപ്പെട്ടുപോകുന്നു. സ്ത്രീ–പുരുഷ മൈത്രീ ബന്ധത്തെ ആദർശവൽക്കരിക്കാതെ സാമൂഹ്യജീവിതചുറ്റുപാടിൽ കുറേക്കൂടി യാഥാർഥ്യബോധത്തോടെയാണ് ഈ കഥയിൽ സരസ്വതിയമ്മ അവതരിപ്പിച്ചിരിക്കുന്നത്. കഥാകാരിയുടെ സ്വഭാവത്തിലെ തീവ്രമായ സൗഹൃദഭാവത്തെ പലരും തെറ്റിദ്ധരിച്ചതിന്റെ തിക്താനുഭവങ്ങൾ കഥയിലെ സംഭവങ്ങൾക്ക് സ്വാഭാവികത തോന്നിക്കുവാൻ സഹായിച്ചിട്ടുണ്ട്. അക്കാലത്ത് ഗുപ്തൻ നായർക്ക് എഴു തിയ കത്തിൽ അവർ ഇങ്ങനെ വെളിപ്പെടുത്തിയിട്ടുണ്ട് – "നമ്മുടെ മീനാക്ഷിയമ്മ സാറിനെ പ്രദർശനസ്ഥലത്തു വെച്ചു കണ്ടു. എന്നോടങ്ങു വാത്സല്യമൊഴുകുന്നു! അവരുടെ ദേഷ്യത്തിനെന്താണ് കാരണമെന്നോ? 'ആ ശാലയ്ക്കകത്ത്' എന്നൊരു കഥ മാതൃഭൂമി യിലെഴുതിയതിൽ ഞാനും കൂടി ഉൾപ്പെടുന്ന ചില സത്യങ്ങൾ ഞാനെഴുതിയത് അവർക്ക്

മാത്രം പിടിച്ചില്ല"[47] കഥയിലെ വാസന്തീനായരും, സീതയും വെറും സാങ്കൽപ്പിക കഥാപാത്രങ്ങളല്ലെന്ന് ഇത് വ്യക്തമാക്കുന്നു. ആൺ–പെൺ മൈത്രീബന്ധത്തിന്റെ സ്വപ്ന സാക്ഷാത്ക്കാരമാണ് സരസ്വതിയമ്മ 'ശരച്ചന്ദ്രിക' യിൽ ആവിഷ്ക്കരിച്ചത്. യഥാർഥ ജീവിതത്തിൽ ഇത്തരം മൈത്രീ ബന്ധം കൊണ്ട് അവർക്ക് നേരിടേണ്ടിവന്ന മാനസികപീഡനങ്ങളെ ആവിഷ്ക്കരിക്കാനും വ്യവസ്ഥാപിത വിവാഹത്തോടുള്ള അവരുടെ നിഷേധം വെളിപ്പെടുത്താനും വേണ്ടിയാണ് പിൽക്കാലത്ത് 'ആ ശാലയ്ക്കകത്ത്' എന്ന കഥയ്ക്ക് ഒരനുബന്ധമെന്നോണം 'ഡബിൾ ആക്ട്' (ഇരട്ടവേഷം) എന്ന കഥ എഴുതി സമാഹാരത്തിൽ ഉൾപ്പെടുത്തിയതെന്നു കരുതാം.

**20. ദേവദൂതി (നാടകം – 1945)**

'കുലീന'യുടെ മാതൃകയായി സാവിത്രി എന്ന കഥാപാത്രത്തേയും 'കുലട' യുടെ മാതൃകയായി പ്രഭാവതി എന്ന കഥാപാത്രത്തേയും അവതരിപ്പിക്കുന്ന ഈ നാടകത്തിൽ ആധിപത്യ വ്യവസ്ഥയക്കകത്ത് അവർ അനുഭവിക്കുന്ന ദുരിതങ്ങൾ ഈ നാടകം രേഖപ്പെടുത്തുന്നു. വിലാസവതിയും ചപലയുമായ പ്രഭാവതി പുരുഷനെ കീഴ്പ്പെടുത്തി നേടിയെടുക്കുന്ന താല്ക്കാലിക വിജയം അവളുടെ ദുരന്തത്തിൽ കലാശിക്കുന്നു. എന്നാൽ സ്വത്വബോധവും ഉറച്ച ഇച്ഛാശക്തിയും ചിന്താശക്തിയും ഉള്ള സാവിത്രിയുടെ ജീവിതം പ്രശ്നസങ്കീർണ്ണമാണെങ്കിലും അവൾ തികച്ചും തകർന്നുപോവുന്നില്ല. അടിയുറച്ച പ്രണയമാണതിനു കാരണം. അവളുടെ കാമുകൻ കൂടിയായ മുറച്ചെറുക്കൻ തിരുവനന്തപുരത്തേക്ക് പഠിക്കാൻ പോകുന്ന സന്ദർഭത്തിൽ അവൾ പറയുന്നു: "പണ്ടൊക്കെ സംബന്ധം ചെയ്യാത്ത ആണുങ്ങൾ തിരുവനന്തപുരത്ത് ചെന്നാലേ തിരിച്ചുകിട്ടാതിരിക്കുമായിരുന്നുള്ളൂ. ഇപ്പം സംബന്ധം ചെയ്താലും ഡസൻ കണക്കിനു കുട്ടികളുണ്ടായിരുന്നാലും വേണ്ടൂല, അവർ അപഹരിച്ചുകളയും പോലും"[48] ആണിനെ വലവീശിപ്പിടിക്കുന്ന തിരുവനന്തപുരത്തെ പെണ്ണുങ്ങളുടെ ദുസ്സാമർഥ്യം എന്ന നിലയിൽ പല കഥകളിലും ഇക്കാര്യം ആവർത്തിച്ചിട്ടുണ്ടെങ്കിലും ഈ നാടകത്തിൽ കേവലം അപവാദപ്രചരണ പ്രവണത എന്ന മട്ടിലല്ല, സ്വത്വബോധമില്ലാത്തവരും ചപലകളും ആയ കുലടകളുടെ ചെയ്തികളാണ് സ്ത്രീവർഗ്ഗത്തെ മുഴുവൻ കളങ്കപ്പെടുത്തുന്ന പ്രസ്തുത അപവാദങ്ങൾക്ക് കാരണമാവുന്നത് എന്ന് വെളിപ്പെടുത്തുന്ന മട്ടിലാണ് ഇക്കാര്യം ആവിഷ്ക്കരിച്ചിരിക്കുന്നത്. ഗ്രാമത്തിൽ നിന്ന് നഗരത്തിൽ പഠിക്കാൻ എത്തുന്ന രാധാകൃഷ്ണന്റെ പതനത്തിനു കാരണ

മാവുന്നത് ഇത്തരം സ്ത്രീകളുമായുള്ള സമ്പർക്കമാണ്. അതിൽ നിന്ന് അയാൾക്ക് കരകയറാൻ സാധിക്കുന്നത്, ദേവദൂതിയായി നാടകത്തിൽ വാഴ്ത്തപ്പെടുന്ന സാവിത്രിയുടെ സ്വഭാവവൈശിഷ്ട്യം കൊണ്ടാണ്. സ്ത്രീകൾ സ്വത്വാവബോധവും, ആത്മബലവും ആർജ്ജിക്കുന്നത് സമൂഹത്തിന്റെ കെട്ടുറപ്പിനെ നിലനിർത്താൻ തന്നെ പലപ്പോഴും കാരണമാവുന്നുണ്ട്. ഈയൊരു സ്ഥിതിവിശേഷം നാടകത്തിലൂടെ വ്യക്തമാക്കുകയാണ് സരസ്വതിയമ്മ ചെയ്തിരിക്കുന്നത്.

**21. വീണ്ടും ജീവിതത്തിന്റെ മുമ്പിൽ (1945)**

കാമുകിയായ സരളയെ വിവാഹം കഴിക്കാൻ അനുമതി തേടി ജ്യേഷ്ഠന്റെ അരികിൽ എത്തിയ പ്രഭാകരൻ നായർക്ക്, താൻ അമ്മയെപ്പോലെ കരുതി ബഹുമാനിക്കുന്ന ജ്യേഷ്ഠപത്നിയെ പരിണയിക്കേണ്ടിവന്ന ദുഃസ്ഥിതിയാണ് ഈ കഥ ഉന്മീലനം ചെയ്തിരിക്കുന്നത്. പിതൃതുല്യനായി വർത്തിച്ച്, അനാഥമാക്കപ്പെട്ട തന്റെ ജീവിതത്തെ സനാഥമാക്കിയത് ജ്യേഷ്ഠനാണ്. സ്വതവേ മൃദുലഹൃദയനല്ലാത്ത ജ്യേഷ്ഠൻ അനുജനെ മാത്രമാണ് മനസ്സറിഞ്ഞ് സ്നേഹിച്ചിരുന്നത്. പരിചരിക്കാനും, പ്രസവിക്കാനുമുള്ള ഒരു യന്ത്രമായി ഭാര്യയെ കരുതിയ അയാൾ അവളുടെ വാക്കുകൾക്ക് ഒരിക്കലും വില കല്പിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ ഭാര്യയെ തന്റെ ആജ്ഞാനുവർത്തിയായി മാത്രം കണ്ടിരുന്ന അയാൾ മരണശയ്യാവലംബിയായപ്പോഴും തന്റെ തീരുമാനങ്ങൾ അനുജനുമായാണ് പങ്കുവെക്കുന്നത്. ആ നിർദ്ദേശങ്ങൾ ഏല്പിച്ചുകൊടുത്ത കർത്തവ്യത്തിന്റെ മുമ്പിൽ പ്രഭാകരന്റേയും, സരളയുടേയും, ജീവിതാഭിലാഷങ്ങൾ ഹോമിക്കപ്പെട്ടു. ഈ വിധം കർത്തവ്യത്തിന്റെ കാർക്കശ്യം കൊണ്ട് ജീവിതമോഹങ്ങൾ കശക്കിയെറിയപ്പെടുന്നത് സരസ്വതിയമ്മയുടെ ചില കഥകളിൽ ആവർത്തിക്കുന്നുണ്ട്. ഇവിടെ, വിവാഹമെന്ന സ്ഥാപനത്തിൽ പങ്കാളികളാകേണ്ട സ്ത്രീ–പുരുഷന്മാരുടെ മനഃപ്പൊരുത്തമോ, അഭിലാഷമോ ഒന്നും പരിഗണിക്കപ്പെടുന്നില്ല. ജ്യേഷ്ഠന്റെ ഭാര്യയെ വിവാഹം കഴിക്കേണ്ടിവന്ന പ്രഭാകരന് തന്റെ കാമുകിയെ ജ്യേഷ്ഠന്റെ പുത്രന് വിട്ടുകൊടുക്കേണ്ടിയും വന്നു. പക്ഷേ അവരുടെയെല്ലാം ദാമ്പത്യജീവിതത്തിന് ഹ്രസ്വകാലത്തെ നിലനില്പിനേ വിധിയുണ്ടായുള്ളൂ! ജ്യേഷ്ഠന്റെ ഭാര്യയും, പുത്രനും മരണപ്പെട്ടതോടെ പ്രണയസാഫല്യം പ്രതീക്ഷിക്കുന്ന കമിതാക്കളായി പ്രഭാകരനും, സരളയും അവശേഷിച്ചു. പക്ഷേ, ലോകദൃഷ്ടിയിൽ, ഭർത്താവിന്റെ രണ്ടാമച്ഛനും, ഭാര്യയുടെ പുത്രവധുവുമായ അവരുടെ വിവാഹം അധാർമ്മികമാ

വില്ലേ? സാമ്പ്രദായിക മൂല്യബോധത്തെ അപമാനിച്ചുകൊണ്ടാണെങ്കിലും ആത്മൈക്യം പുലർത്തുന്ന ആ കമിതാക്കളുടെ ജീവിത സാഫല്യത്തെക്കുറിച്ചുള്ള പ്രത്യാശയോടെയാണ് കഥ അവസാനിക്കുന്നത്.

### 22. പ്രഥമരാത്രി (1945)

പ്രഥമരാത്രി തന്നെ താൻ വിവാഹം ചെയ്ത വധു തന്റെ പുത്രിയാണെന്നറിയുന്ന കഥാനായകന്റെ മനോവ്യഥയും, ഭർത്താവിന്റെ ആലിംഗനം ജന്മദാതാവിന്റെ ലാളനയായി തിരിച്ചറിയേണ്ടിവന്ന നായികയുടെ മാനസിക സംഘർഷവും എത്ര ദുസ്സഹമാണ്! ഇത്തരമൊരു ദുരവസ്ഥയാണ് 'പ്രഥമരാത്രി' എന്ന കഥയിൽ ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നത്. പുണ്യപാപങ്ങളുടെ സനാതനമായ പ്രമാണമേത് എന്നൊരു കുഴഞ്ഞ ചോദ്യം ഉന്നയിച്ചുകൊണ്ട് വിവാഹമെന്ന സ്ഥാപനത്തിന്റെ കൃത്രിമത്വത്തെ ഈ കഥ ചോദ്യം ചെയ്യുന്നു. പുരുഷനു വിവാഹപ്രായം കല്പിക്കാതിരിക്കുകയും, സ്ത്രീക്ക് വിവാഹപ്രായത്തിന് പരിധികല്പിക്കുകയും ചെയ്യുന്ന വ്യവസ്ഥാപിത വിവാഹരീതിയുടെ കപടമുഖത്തെക്കൂടി ഈ കഥ അനാവരണം ചെയ്യുന്നതായി കരുതാം.

### 23. നിയമപരിധിയ്ക്കപ്പുറം (1945)

സമാഹാരങ്ങളിലൊന്നും ഉൾപ്പെടാത്ത ഒരു കഥയാണിത്. (1945, ആഗസ്ത് 19 ലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച ഈ കഥ അനുബന്ധം 4 ആയി ഈ പ്രബന്ധത്തിൽ ചേർത്തിട്ടുണ്ട്). ദാമ്പത്യബന്ധത്തിന്റെ വ്യവസ്ഥാപിത നിയമങ്ങളെ ലംഘിച്ചുകൊണ്ട് തന്റെ ചോദനയ്ക്കനുസരിച്ച് ജീവിക്കാനാഗ്രഹിക്കുന്ന കഥാപാത്രമാണ്, ഉണ്ണിത്താന്റെ ഭാര്യ സരോജിനി; ബാങ്ക് മാനേജരായ ഭർത്താവിന്റെ സഹപ്രവർത്തകനും, തന്റെ ബാല്യകാലസുഹൃത്തുമായ സതീശനെ ആശുപത്രിയിൽ ചെന്ന് പരിചരിക്കാൻ, അവൾ തയ്യാറായതാണ് കഥാഗതിയിൽ വഴിത്തിരിവുണ്ടാക്കിയ സംഭവം. അതിനെച്ചൊല്ലി ഭാര്യാഭർത്താക്കന്മാർക്കിടയിലുണ്ടായ തർക്കം അവരുടെ ബന്ധത്തെ ശിഥിലമാക്കി. ഭാര്യയുള്ള ഒരു ചെറുപ്പക്കാരനെ ശുശ്രൂഷിക്കാൻ തന്റെ ഭാര്യ ആശുപത്രിയിൽ പോകുന്നത് അനുചിതമാണെന്ന ഉണ്ണിത്താന്റെ അഭിപ്രായത്തോടുള്ള വിയോജിപ്പ് വ്യക്തമാക്കിക്കൊണ്ട് സരോജിനി തന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു. ഭാര്യയുടെ, സുഹൃത്തുമായുള്ള ബന്ധത്തിൽ തെല്ലുപോലും ആശങ്ക തോന്നാത്ത ഉണ്ണിത്താനെ അലട്ടുന്നത് ആളുകൾ എന്ത് വിചാരിക്കും എന്ന ചിന്തയാണ്. തന്റെ പ്രായക്കൂടുതലും, ഭാര്യയുടെ തന്നിഷ്ടപ്രകാരമുള്ള

പ്രവൃത്തിയും, ആരോപണങ്ങളെ അഭിമുഖീകരിക്കാനുള്ള തന്റേടമില്ലായ്മയുമാണ് അയാളെ ആശങ്കപ്പെടുത്തുന്നത്. ഭാര്യാഭർതൃബന്ധത്തെ നിലനിർത്തുന്ന വ്യവസ്ഥാപിത നിയമങ്ങളുടെ പരിധിക്കുള്ളിൽ നില്ക്കണമെന്നു കരുതുന്നയാളാണ് ഉണ്ണിത്താൻ. വ്യക്തി പരമായി തെറ്റെന്നു തോന്നാത്ത പലതും സമുദായത്തിന്റെ കണ്ണിൽ തെറ്റായിത്തോന്നും എന്ന ഭയം അയാളെ കീഴ്പ്പെടുത്തിയിരിക്കുന്നു. സരോജിനിയാകട്ടെ, 'ആ സമുദായം നശിച്ചുപോകട്ടെ' എന്ന് പറഞ്ഞുകൊണ്ട് വ്യവസ്ഥാപിത നിയമങ്ങളിൽ അമർഷം പൂണ്ട് അതിനെ ധിക്കരിക്കാനുള്ള മനോധൈര്യം പ്രകടിപ്പിച്ചു. ഒടുവിൽ വിവാഹബന്ധം വേർപെ ടുത്താനുള്ള തീരുമാനം ഉണ്ണിത്താന്റെ ഭാഗത്തുനിന്നുണ്ടായപ്പോൾ, നിസ്സഹായയായി അവൾ ദു:ഖിക്കമാത്രം ചെയ്തു. "ദാമ്പത്യത്തിനുവേണ്ടി സൗഹൃദത്തോടുള്ള കടപ്പാട് വേണ്ടെന്ന് വെച്ചിട്ട് ജീവിക്കുന്നതെങ്ങനെ?"[49] എന്ന ചിന്തയാണ് അപ്പോഴും അവളുടെ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നത്. അവൾ സതീശനെ പരിചരിക്കുകയും, അയാൾ രോഗ മുക്തനാവുകയും ചെയ്തു. പക്ഷേ സതീശന്റെ ഭാര്യയുടെ കുറ്റപ്പെടുത്തലുകൾ തന്റെ പ്രവർത്തിയെ കുറിച്ചുള്ള വീണ്ടുവിചാരത്തിലേക്കവളെ നയിച്ചു. സമൂഹത്തിന്റെ ചോദ്യ ങ്ങൾക്ക് മറുപടി നല്കിയും, അതിനെ ആദരിച്ചും, ഭയന്നും കൊണ്ട് ജീവിതത്തെ നിയ ന്ത്രിച്ചുവേണം വ്യക്തിക്കു സമൂഹത്തിൽ ജീവിക്കാനെന്ന് ഒടുവിൽ അവൾക്ക് ബോധ്യ പ്പെട്ടു. തുടർന്ന് ചുറ്റുപാടും കണ്ട ജീവിതത്തെ സ്വന്തം ജീവിതവുമായി ബന്ധപ്പെടുത്തി വീക്ഷിച്ചപ്പോൾ ഭാര്യയുടെ കർത്തവ്യം അനുഷ്ഠിക്കാത്ത താൻ മഹാപാപിയാണെന്ന് അവൾക്ക് തോന്നി. ബന്ധം വേർപെടുത്തിയിരിക്കുന്നുവെങ്കിലും രോഗഗ്രസ്തനായ ഉണ്ണി ത്താനെ ആശുപത്രിയിൽ പോയിക്കാണാനും, ശുശ്രൂഷിക്കാനും തയ്യാറാവാതെ, ഇന്നും അയാളുടെ വീട്ടിൽ താമസിക്കുന്നതിൽ അവൾക്ക് കടുത്ത കുറ്റബോധം തോന്നി. ഉണ്ണി ത്താന്റെ വീട് അയാൾക്ക് തന്നെ തിരിച്ചേൽപ്പിച്ചുകൊണ്ടുള്ള പ്രമാണവുമായി ആശുപത്രി യിലേക്ക് ധൃതിപ്പെട്ട് പോകവേ, വഴിക്ക് ഒരപകടത്തിൽപ്പെട്ട് അവശയായിട്ടാണ് അവൾ അവിടെയെത്തുന്നത്. ഉണ്ണിത്താനാകട്ടെ, തന്റെ സകലസ്വത്തുക്കൾക്കും അവകാശിയായി അവളെ നിർദ്ദേശിച്ചുകൊണ്ടുള്ള പ്രമാണം തയ്യാറാക്കി മരണശയ്യാവലംബിയായിക്കഴി യുകയായിരുന്നു. ആ സമാഗമം പ്രമാണങ്ങൾ കൈമാറുന്നതിനപ്പുറം ഹൃദയങ്ങൾ ഒന്നായിച്ചേർന്നുകൊണ്ടുള്ള അവരുടെ അന്ത്യയാത്രയിൽ കലാശിച്ചു.

വിവാഹമെന്ന സ്ഥാപനവും, അതിനെ നിലനിർത്തുന്ന സാമ്പ്രദായിക മൂല്യബോ ധവുമാണ് സരോജത്തിന്റെ ജീവിതത്തിൽ പ്രതിസന്ധി സൃഷ്ടിക്കുന്നത്. ഒരു ഘട്ടത്തിൽ

അവൾ സതീശനോട് പറയുന്നുണ്ട്; “വിവാഹം വെറുമൊരു ഭാഗ്യപരീക്ഷയല്ലേ? പരിച യക്കാരെന്ന നിലയിൽ അന്യോന്യം സ്നേഹിക്കാൻ കഴിയുന്നവരെ ദാമ്പത്യം വെറുപ്പി ച്ചെന്നു വരാം”[50]. വ്യവസ്ഥാപിത വിവാഹത്തോട് സരോജത്തിന് പൊരുത്തപ്പെടാനാവു ന്നില്ല. അവൾ സാമുദായിക നിയമത്തെ കൂട്ടാക്കുന്നില്ലെങ്കിലും അതിനെ ഭയക്കുന്ന ഉണ്ണിത്താനോട് സ്നേഹം വെച്ചു പുലർത്തുന്നുണ്ട്. അത് അവളുടെ മനസ്സിൽ സംഘർഷ മുളവാക്കിക്കൊണ്ടിരുന്നു. എല്ലാംകലങ്ങിത്തെളിഞ്ഞ് ദാമ്പത്യ ജീവിതം മുന്നോട്ട് കൊണ്ടു പോകാൻ തക്ക മനസ്സാന്നിദ്ധ്യം ഇരുവർക്കും ഒടുവിൽ ഉണ്ടായെങ്കിലും വിധിയുടെ ക്രൂര തയക്ക് അവർ കീഴ്പ്പെട്ടു. വ്യവസ്ഥാപിത നിയമപരിധിക്കപ്പുറം നിലകൊള്ളുന്ന മനുഷ്യ മനസ്സിന്റെ ചോദനകളെയാണ് ഭാവസാന്ദ്രമായി ഈ കഥയിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്. നിയമപ്രകാരം വിവാഹബന്ധം വേർപെടുത്തിയിട്ടും, സരോജത്തെ മനസ്സിൽ നിന്നും അടർത്തിക്കളയാനാവാത്ത ഉണ്ണിത്താനും ഭാര്യയുടെ കടമ നിർവ്വഹിക്കാത്തതുകൊണ്ട് ‘മഹാപാപി’ എന്ന് സ്വയം ശപിക്കുന്ന സരോജവും ആത്മൈക്യം പുലർത്തുന്ന ദമ്പതിമാ രാണ്. പക്ഷേ, വ്യവസ്ഥാപിത നിയമങ്ങൾ ഇവരുടെ ജീവിതഗതിയെ ഇരുവഴികളിലേ ക്കായി തിരിച്ചുവിട്ടു. എങ്കിലും വിധി അവരുടെ സമാഗമമുഹൂർത്തത്തിന് സാക്ഷ്യം കുറിച്ചുകൊണ്ട്, ഒരുമിച്ചുള്ള അന്ത്യത്തിൽ അവരെ കൊണ്ടു ചെന്നെത്തിച്ചു. വ്യവസ്ഥാ പിത നിയമപരിധിക്കപ്പുറം നിലയുറപ്പിച്ചുകൊണ്ടുള്ള അവരുടെ ആത്മൈക്യത്തിന്റെ നിദർശ നമാകുന്നു ഒരുമിച്ചുള്ള ആ അന്ത്യം!

**24. എല്ലാം തികഞ്ഞ ഭാര്യ (1958)**

വിവാഹമെന്ന സ്ഥാപനം വ്യവസ്ഥിതിയിൽ ഏർപ്പെടുത്തിയ ‘പെണ്ണുകാണൽ’ ചട ങ്ങിന്റെ പരിഹാസ്യത വ്യക്തമാക്കുന്ന ഒരു കഥയാണിത്. എല്ലാം തികഞ്ഞ ഭാര്യയെ ത്തേടി ഇരുപതാംവയസ്സിൽ തുടങ്ങിയ ദിവാകരൻനായരുടെ അന്വേഷണം ഒടുവിൽ ഒരു പ്രതിസന്ധിഘട്ടത്തിൽ എത്തുന്നു. സാമ്പ്രദായികമൂല്യബോധമാണ് അയാളെ അടിമുടി ആവേശിച്ചിരിക്കുന്നത്. ഫോർത്തുഫോറത്തിനപ്പുറം പഠിച്ച പെൺകുട്ടിയുടെ ചാരിത്ര ശുദ്ധി സംശയാസ്പദമാണെന്ന് വിശ്വസിക്കുന്ന അയാൾക്ക് അക്ഷരജ്ഞാനമില്ലാത്ത സ്ത്രീയാണ് കൂടുതൽ അഭികാമ്യം. “സീതാദേവിയേയും, ശീലാവതിയേയും പോലെ ഭർത്താവാണു ദൈവമെന്ന് വിശ്വസിക്കുന്ന സ്ത്രീയല്ല ഭാര്യയെങ്കിൽ, ആ ദാമ്പത്യത്തിന് എന്ത് വൈശിഷ്ട്യം കാണും”[51] എന്നയാൾ ചോദിക്കുന്നു. സ്നേഹിതന്മാരുടെ മുമ്പിൽ

സങ്കോചമില്ലാതെ നില്ക്കാൻ തന്റേടമുള്ള ഒരു സ്ത്രീക്ക് എന്ത് ഓമനത്തമാണുള്ളത്? അതേസമയം "അജ്ഞതയാൽ അനുഗൃഹീതയായ, ലജ്ജാവതിയായ ഒരു കൊച്ചു പെൺകുട്ടി നിങ്ങളുടെ പ്രഥമസ്പർശനത്താൽ ബോധം കെട്ടുപോയ പോലെ ശക്തിഹീനയായി വാടിത്തളർന്നു നില്ക്കുമ്പോൾ, എന്തൊരു ആനന്ദലഹരിയാണ് അനുഭവിക്കുന്നത്"[52] – ഇങ്ങിനെ പോകുന്നു ദിവാകരൻ നായരുടെ ചിന്തകൾ.

ഈ വിധം സ്ത്രീത്വത്തെ അപമാനിക്കുന്നതും സ്ത്രീയുടെ വ്യക്തിത്വത്തെ നിരാകരിക്കുന്നതും, ശരീരലാവണ്യത്തിനു മാത്രം മുൻതൂക്കം നല്കുന്നതും ആയ നിർണ്ണയങ്ങളാൽ വിവാഹമെന്ന സ്ഥാപനത്തിലേക്ക് അവളെ റിക്രൂട്ട് ചെയ്യുന്ന 'പെണ്ണുകാണൽ ചടങ്ങി'നെ നിലനിർത്തുന്ന പുരുഷാധിപത്യസംസ്ക്കാരത്തെ അപഹസിക്കുകയാണ് ഈ കഥ.

**25. അവരുടെ കഥയെഴുത്ത് (1946)**

വിവാഹിതയായ രതി, കാമുകിയായ രാധ, പ്രണയം ഒരിക്കലും വിവാഹത്തിൽച്ചെന്നവസാനിക്കരുതെന്ന് ചിന്തിക്കുന്ന കാമുകിയോ, ഭാര്യയോ അല്ലാത്ത രമ – ഈ മൂന്നു കൂട്ടുകാരികളും ഒരുമിച്ചിരുന്ന ഒരു കഥ എഴുതുകയാണ്. കഥ എഴുതിത്തീരുമ്പോഴേക്കും പ്രേമം, വിവാഹം, മാതൃത്വം തുടങ്ങിയ വ്യവസ്ഥാപിത ബന്ധങ്ങളെ അടിമുടി വിരോധിക്കുന്ന സ്ത്രീപക്ഷ ചിന്തകൾ അവരുടെ കഥാചർച്ചയിലൂടെ ഉരുത്തിരിയുന്നു.

കഥയെഴുത്തിനിടയിൽ, പ്രണയമധുരമായ ഒരു ദാമ്പത്യകഥയാണ് തനിക്കിഷ്ടമെന്ന് രാധ പറയുമ്പോൾ ഒരു ഭാര്യ കൂടിയായ രതി തർക്കിക്കുന്നു: "രാധ നടപ്പില്ലാത്ത കാര്യം പറയുന്നതുകേട്ടില്ലേ? എനിക്ക് ഭർത്താവുള്ള ഒരു വിധവയുടെ കഥ എഴുതണം"[53]. ദാമ്പത്യജീവിതത്തിലെ തിക്താനുഭവങ്ങൾ ഉള്ളിൽപേറുന്നതു കൊണ്ടാവാം അവൾ ഈ വിധം പ്രതികരിക്കുന്നത്. വിവാഹിതയുടെ കഷ്ടകാലം തീരുമ്പോഴാണ് അവൾ വിധവയാകുന്നതെന്ന രതിയുടെ അഭിപ്രായം വിവാഹജീവിതത്തോടുള്ള വെറുപ്പാണ് വ്യക്തമാക്കുന്നത്. 'കവികുല പ്രകീർത്തിതമായ ദിവ്യ പ്രണയം' ചമയ്ക്കാൻ വെമ്പുന്ന രാധയെ പരിഹസിച്ചുകൊണ്ട് കമിതാക്കളുടെ ആദ്യസമാഗമമുഹൂർത്തത്തെ സംബന്ധിച്ച്, "അവന്റെ വ്യാഴദശ തുടങ്ങുന്ന മുഹൂർത്തത്തിൽ; അവളുടെ ഏഴരാണ്ടശ്ശനി പോകുന്ന പോക്കിൽ"[54]

എന്നാണ് രമ തൊടുത്തുവിടുന്നത്! അതിനിടയിൽ തന്റെ കുഞ്ഞുണർന്നപ്പോൾ കഥ എഴുത്തെല്ലാം തീർന്നു എന്ന് പ്രഖ്യാപിച്ചുകൊണ്ട് രതി എണീറ്റുപോയി. സ്ത്രീയുടെ സർഗ്ഗാത്മക ഭാവനയേയും, വ്യാപാരങ്ങളേയും നിയന്ത്രിക്കുകയാണ് വ്യവസ്ഥാപിത വിവാഹവും, മാതൃത്വവും. "പത്തുമാസം ചുമക്കുകയും പ്രസവിക്കുകയും സ്ത്രീയായതുകൊണ്ട് ന്യായമായി പിന്നീടുള്ള ശുശ്രൂഷകൾ ചെയ്യേണ്ടതു പുരുഷന്മാരാണെന്ന് ഞാൻ പറയാറുണ്ട്. പക്ഷേ ആരു കേൾക്കാൻ?"[55] എന്ന രതിയുടെ പരാതിയിൽ കുടുംബത്തിലെ എല്ലാ ചുമതലകളും തലയിലേറ്റേണ്ടിവരുന്ന സ്ത്രീക്ക്, അവളുടെ ശാരീരികവും മാനസികവുമായ ശേഷികളെല്ലാം തന്നെ വിവാഹത്തിലൂടെ പുരുഷന് അടിയറ വെക്കേണ്ടി വരുന്ന ദുർഗതിയാണ് അടയാളപ്പെടുത്തുന്നത്.

### 26. രത്നം വിളമ്പുന്ന ഭൂമി (1946)

സഹോദരിമാരെ വിവാഹം കഴിപ്പിച്ചയക്കേണ്ടതിന്റെ പ്രാരാബ്ധം പേറുന്നയാളാണ് നീലകണ്ഠൻ നായർ. വീട്ടിൽ വിവാഹപ്രായമെത്തിയ പെൺകുട്ടികളുണ്ടായാലുള്ള വിഷമം അനുഭവിച്ചറിഞ്ഞ അയാൾ യാദൃച്ഛികമായാണ് പഴയൊരു പരിചയക്കാരിയായ ശാരദക്കുട്ടിയെ കാണുന്നത്. ധനാഢ്യനായ ഒരാളുടെ പത്നിയാണിന്നവൾ. രത്നം പോലെ തിളങ്ങുന്ന അവളുടെ സൗന്ദര്യത്തെ അയാൾ പ്രകീർത്തിച്ചപ്പോൾ താൻ രത്നമല്ല, രത്നം വിളയുന്ന ഭൂമിയായി മാറിയിരിക്കയാണെന്ന് സ്വയം വിലയിരുത്തിക്കൊണ്ട് അവൾ തന്റെ ജീവിതത്തെ ഒന്ന് വിശകലനം ചെയ്യുന്നു. വിവാഹബന്ധം കൊണ്ട് തനിക്ക് തന്റെ കുടുംബത്തിന്റെ ദരിദ്രാവസ്ഥ മാറ്റാൻ കഴിഞ്ഞുവെന്ന് സൂചിപ്പിച്ചുകൊണ്ട് അവൾ പറയുന്നു: "ചിലസമയം മറ്റൊരു നിവൃത്തിയുമില്ലാത്ത ഘട്ടങ്ങളിൽ പെണ്ണിനെമാത്രം ഉപയോഗപ്പെടുത്തി എല്ലാവരേയും രക്ഷിക്കാൻ സാധിക്കും"[56]. പെൺകുട്ടികൾ ശിക്ഷയാവാതെ, കുടുംബത്തിന് രക്ഷയാവുന്നതിനുള്ള സാധ്യത സ്വന്തം അനുഭവത്തെ മുൻ നിർത്തി അവൾ അയാളെ ബോധ്യപ്പെടുത്തി. തന്നെ വിലയ്ക്കെടുത്ത ഭർത്താവിനോട്, ഉടമസ്ഥനെ സംതൃപ്തിപ്പെടുത്തുക എന്ന കച്ചവടവസ്തുവിന്റെ കടമയിൽക്കവിഞ്ഞ് യാതൊരു മമതാബന്ധവും അവൾക്കില്ല. വിവാഹമെന്ന സ്ഥാപനത്തിൽ വിനിമയം ചെയ്യപ്പെടുന്ന സ്ത്രീയുടെ സൗന്ദര്യവും, സൗശീല്യവും ദാമ്പത്യബന്ധത്തിന്റെ വിശുദ്ധിയിലേക്ക് സ്വാഗതം ചെയ്യപ്പെടാതെ, സുഖഭോഗങ്ങളുടെ കമ്പോളത്തിൽ വില്ക്കപ്പെടേണ്ടിവന്ന ദുരനുഭവമാണ് ശാരദക്കുട്ടിയുടേത്.

**27. കലാമന്ദിരം (1946)**

സ്ഥാപനവൽക്കരിക്കപ്പെടുന്ന ബന്ധങ്ങൾ കലോപാസനയ്ക്ക് തടസ്സമാവുമെന്ന് ധ്വനിപ്പിക്കുന്ന കഥയാണ് 'കലാമന്ദിരം'. സർഗ്ഗാത്മക കലാകാരന്മാർക്കും, ഡൈഷണിക ചിന്താപടുക്കൾക്കും ചേർന്നതല്ല പ്രാരാബ്ധം കൊണ്ട് കലുഷിതമാകുന്ന കുടുംബജീവിതം. അനാഥയായ കോമളത്തെ കലാകാരിയാണെന്ന കാരണത്താൽ പ്രകാശൻ എന്ന കലാകാരൻ തന്റെ കലാമന്ദിരത്തിനുവേണ്ടി ഏറ്റെടുത്തു. കലയോടുള്ള ആവേശത്തെക്കവിഞ്ഞ് പ്രകാശനോടുള്ള പ്രേമം വെച്ചുപുലർത്തുന്ന കോമളം അയാളുമൊത്തുള്ള ദാമ്പത്യജീവിതം ആഗ്രഹിക്കുന്നു. എന്നാൽ മറ്റൊരു കലാകാരിയായ ഉഷ അവളുടെ ആഗ്രഹത്തെ മുളയിലേ നുള്ളിക്കളയാൻ അവളെ ഉപദേശിച്ചു; "ലോകത്തിന്റെ ആനന്ദത്തിന് വേണ്ടി സ്വന്തം സുഖങ്ങൾ ചിലതൊക്കെ വേണ്ടെന്നു വയ്ക്കുന്നതാണ് ഉൽകൃഷ്ഠമായ മനുഷ്യത്വം. പ്രകാശനെപ്പോലുള്ള കലോപാസകന്മാരെ സ്നേഹവലയത്തിൽ ബന്ധിച്ചു നിർത്തി സ്വന്തമാക്കാനാശിക്കുന്നത് മൃഗീയമായ സ്വാർത്ഥതയല്ലേ? കലയ്ക്കു വേണ്ടി സമർപ്പിക്കപ്പെട്ട ഒരു ജീവിതത്തിൽ ഒരു ഭർത്താവിന്റെയും, തുടർന്നൊരച്ഛന്റെയും കടമകൾ വീണാലത്തെ സ്ഥിതി എന്തായിരിക്കും?"[57]

കർത്തവ്യത്തിന്റെ കെട്ടുപാടുകളിഷ്ടപ്പെടാത്തവരാണ് കലാകാരന്മാരെന്നും, കലാകാരിയായ കോമളത്തെ സ്നേഹിക്കുന്നപോലെ, ഭാര്യയായ കോമളത്തെ പ്രകാശിന് ഇഷ്ടപ്പെടാൻ കഴിഞ്ഞേക്കില്ലെന്നും കൂടി ഉഷ വ്യക്തമാക്കുന്നു. വിവാഹസ്വപ്നങ്ങൾ തകർന്ന് ഒടുവിൽ കോമളം മരണമടയുമ്പോൾ കലാമന്ദിരം അവളിലെ കലാകാരിയെ ആദരിക്കുന്നു. കോമളത്തിന്റെ ഭഗ്നപ്രണയത്തിൽ കഥാകാരിയും അനുതാപം കൊള്ളുന്നതായി തോന്നുന്നില്ല.

**28. കുലമഹിമ (1945)**

ജാതിശ്രേഷ്ഠതയെ മുൻ നിർത്തി കുലമഹിമ നിലനിർത്താനെന്ന പേരിൽ സ്ത്രീയുടെ മേൽ അടിച്ചേൽപ്പിക്കപ്പെടുന്ന വിവാഹബന്ധത്തിന്റെ പൊള്ളത്തരം വെളിവാക്കുന്ന ഒരു കഥയാണ് 'കുലമഹിമ' – സ്ത്രീ സ്വതന്ത്രയായി ജീവിക്കുന്നത് തറവാടിത്തത്തിന് ചേർന്നതല്ലെന്ന് വിശ്വസിക്കുന്ന സാമുദായിക ചുറ്റുപാടിൽ സ്വാതന്ത്ര്യബോധവും, ചിന്താശക്തിയും പ്രകടിപ്പിക്കുന്നവളാണ് കമലമ്മ. കുലമഹിമയുടെ പേരിൽ ഒരേ സമയം പോറ്റിയുടെയും, പട്ടരുടെയും ഭർതൃത്വത്തെ അംഗീകരിക്കേണ്ടിവന്ന അവളുടെ

കുഞ്ഞമ്മ, പ്രസവവേദനയനുഭവിക്കുന്നതു കണ്ടപ്പോൾ അവൾ ചിന്തിക്കുന്നു: "അതിൽ പങ്കുകൊള്ളേണ്ട മനുഷ്യനോ മനുഷ്യരോ അതിനെപ്പറ്റി അന്വേഷിക്കുകയോ, അറിയുകയോ ചെയ്യാതെ സുഖമായി സ്വന്തം വീട്ടിൽ കഴിയുകയാണ്. എത്ര സുഖകരമായ ഭർതൃത്വം"[58]. കുലമഹിമയുടെയും, കുലധർമ്മത്തിന്റെയും മറ്റും പേരിൽ വ്യവസ്ഥാപിത വിവാഹം സ്ത്രീത്വത്തെ ഈ വിധം അപമാനിക്കുന്നതിനെ നായിക തെല്ല് പുച്ഛത്തോടെയാണ് നോക്കിക്കാണുന്നത്. ഇരട്ട പ്രസവിച്ച കുഞ്ഞമ്മയെപ്പറ്റി അവൾ പരിഹാസപൂർവ്വം ചിന്തിക്കുന്നത് ഇങ്ങിനെയാണ് – "കുലമഹിമ! കുലമഹിമ, ഇത്തവണ ഒന്നിന് പകരം രണ്ട് കുഞ്ഞുങ്ങളല്ലേ അതിനെ ഉറപ്പാക്കാൻ? കർത്തവ്യനിഷ്ഠയിൽ പ്രസാദിച്ച് കുലപരദേവത കൊടുത്തതാണ് രണ്ടെണ്ണം – ഒന്ന് പോറ്റിയുടെയും മറ്റേത് പട്ടരുടെയും ഓർമ്മയ്ക്ക്"[59].

**29. സ്വാതന്ത്ര്യവാദക്കാരി (1946)**

വ്യവസ്ഥാപിത മൂല്യബോധത്തിനനുസരിച്ച് ചിട്ടപ്പെടുത്തിയെടുത്ത സ്ത്രീത്വസങ്കല്പങ്ങളെ വിമർശിക്കുന്ന കഥയാണ് 'സ്വാതന്ത്ര്യവാദക്കാരി'. തനിയെ ബസ്സ് യാത്ര ചെയ്യേണ്ടിവന്ന സ്വാതന്ത്രവാദക്കാരിയായ വിലാസിനിക്ക് സഹയാത്രികയായ മറ്റൊരു സ്ത്രീശല്യമായിത്തീരുന്നു. സ്ത്രീകൾ പുരുഷസഹായമില്ലാതെ പുറത്തിറങ്ങി യാത്ര ചെയ്യുന്നത് ശരിയല്ല എന്ന് വിശ്വസിക്കുന്ന ആ സ്ത്രീയെ നയിക്കുന്നത് സാമ്പ്രദായിക മൂല്യബോധമാണ്. ഒരന്യപുരുഷന്റെ അടുത്തിരുന്നു യാത്ര ചെയ്യേണ്ടിവന്ന വിലാസിനിയെ അയാളുടെ ഭാര്യയായി തെറ്റിദ്ധരിച്ചുകൊണ്ടുള്ള സഹയാത്രികയുടെ ഇടപെടലുകൾ അവളെ ഒട്ടൊന്നുമല്ല വിഷമിപ്പിച്ചത്. സ്ത്രീ പുരുഷബന്ധത്തെ ആധിപത്യവ്യവസ്ഥയുടെ ഏതെങ്കിലുമൊരു സ്ഥാപനത്തിൽ ഒതുക്കിനിർത്താനുള്ള അധീശസംസ്ക്കാരത്തിന്റെ വ്യഗ്രതയാണ് ഈ കഥയിൽ പ്രകടമാവുന്നത്. ഈ മനോഭാവം സമൂഹത്തെ അടിമുടികീഴടക്കിയതിന്റെ നിസ്സഹായാവസ്ഥയാണ് വിലാസിനിയിൽ കാണാൻ കഴിയുന്നത്. സ്വാതന്ത്ര്യവാദക്കാരിയായിട്ടും സഹയാത്രികയുടെ ധാരണ തിരുത്താനാവാതെ "പഴഞ്ചത്തി ഇവരെപ്പോലെ ഒരൊറ്റ സ്ത്രീ ജീവിച്ചിരുന്നാൽ ഈ നാട് ഒരു കാലവും നന്നാവുകയില്ല"[60] എന്ന് വ്യവസ്ഥയെ പഴിക്കാനേ അവൾക്ക് കഴിയുന്നുള്ളൂ.

സ്ത്രീയുടെ അടിമത്തം ആദ്യം അബലയുടെ ഒരാവശ്യമായും, പിന്നീട് സമുദായം നിർണ്ണയിക്കുന്ന ഒരാചാരമായും, അവിടവും കടന്ന് ഒടുവിൽ പാരമ്പര്യം പുലർത്തിപ്പോ

രുന്ന ഒരു ധർമ്മമായും കൊണ്ടാടുന്ന വ്യവസ്ഥാപിത മൂല്യബോധത്തെ ഒരു കറുത്ത പരിഹാസമായി ഈ കഥ അടയാളപ്പെടുത്തുന്നു.

**30. പൂജാവിഗ്രഹം (1946)**

നിശ്ചയിച്ചുറപ്പിച്ച വിവാഹത്തിന്റെ തലേന്ന് വരൻ പെട്ടന്ന് മരിച്ചതുമൂലം ശ്രീകൃഷ്ണ വിഗ്രഹത്തെ പൂജിച്ച്, ശേഷിച്ച ജീവിതം സന്യാസിനിയെപ്പോലെ കഴിച്ചുകൂട്ടിയ തങ്കമണിക്ക് ക്രമേണ അതിന്റെ നിഷ്ഫലത മനസ്സിലാവുന്നു. മനുഷ്യസഹജമായ കടമകൾ നിറവേറ്റാത്ത സംന്യാസം സ്വാർഥത നിറഞ്ഞ ഒരപരാധമാണെന്നും, കർത്തവ്യങ്ങളിൽ നിന്നുള്ള ഒഴിഞ്ഞുമാറലാണെന്നും മനസ്സിലാക്കിയ അവൾ, പരസഹായമാവശ്യമില്ലാത്ത ഈശ്വരനെ വെടിഞ്ഞ്, സഹജീവികൾക്ക് സഹായമാവാൻ തീരുമാനിക്കുന്നു. വിവാഹ പ്രതീക്ഷ നിറവേറാത്തതിലുള്ള നിരാശയെ കുടഞ്ഞെറിഞ്ഞ് കർത്തവ്യം ഏറ്റെടുക്കാൻ തക്ക കാര്യബോധത്തിലേക്ക് അവളുടെ വ്യക്തിത്വം ഉണരുന്നു: “ഇതേവരെ പൂവെടുത്തർച്ചിക്കുക മാത്രം ചെയ്ത കൈകൾ ഇനി കർത്തവ്യത്തിന്റെ കഠിനായുധങ്ങൾ ധരിക്കട്ടെ”[61] എന്നവൾ തീരുമാനിച്ചു. അനുജന്റെ അമ്മയില്ലാത്ത കുഞ്ഞിന്റെ സംരക്ഷണച്ചുമതല ഏറ്റെടുത്തുകൊണ്ട് പൂജാമുറി പൂട്ടി, അനുജനോട് അവൾ ഇങ്ങനെ പറയുന്നു: “എന്റെ ശുശ്രൂഷയും, മേൽനോട്ടവും കൂടാതെ ഓമനയ്ക്ക് ജീവിക്കാൻ സാധിക്കുന്ന കാലം വരുമ്പോൾ ഇനി ഞാനിത് തുറന്നുകൊള്ളാം”[62].

പ്രേമസാഫല്യത്തിന്റെയോ, വിവാഹപ്രതീക്ഷയുടെയോ തകർച്ചയിൽ തളരാതെ, അവിവാഹിതരായി ജീവിച്ചുകൊണ്ടുതന്നെ കർത്തവ്യങ്ങൾ ഏറ്റെടുത്ത് കർമ്മനിരതരാവുന്ന, സ്വത്വബോധവും, മനോധൈര്യമുള്ള സ്ത്രീകഥാപാത്രങ്ങളെ ഈ കഥയിൽ എന്നപോലെ ചോലമരങ്ങളിലും, ‘വിലക്കപ്പെട്ട വഴി’യിലും കാണാം.

**31. പുതിയ മാതൃകകൾ (1946)**

സാമ്പ്രദായിക ദാമ്പത്യബന്ധത്തിന് ബദലായി പുതിയൊരു ദാമ്പത്യമാതൃക വെളിവാക്കുകയാണ് ശ്രീദേവിയുടെ വിവാഹജീവിതം. ഭർത്താവിന് ദാമ്പത്യജീവിതത്തോട് മടുപ്പ് തോന്നിയപ്പോൾ അയാളെ സ്വതന്ത്രമായി വിട്ടയയ്ക്കാൻ അവൾ തയ്യാറായി, ഈ അവസരത്തിൽ ഭർത്താവിന്റെ സുഹൃത്ത് ഒരു സഹായമഭ്യർഥിച്ചുകൊണ്ട് അവളുടെ അടുത്തുവരുന്നു. വിദേശീയരായ കൂട്ടുകാരുടെ മുമ്പിൽ തന്റെ ഭാര്യയായി നാലുദിവസം

അവൾ അഭിനയിക്കണം എന്ന് അയാൾ അപേക്ഷിക്കുന്നു. അപരിഷ്കൃതനായ തന്റെ ഭാര്യ മാന്യന്മാരായ അതിഥികളുടെ മുമ്പിൽ പ്രദർശിപ്പിക്കാൻ കൊള്ളാത്തവളാണെന്നും സ്വന്തം ജോലിസ്ഥലത്തേക്കുപോലും താൻ അവളെ കൊണ്ടുപോയിട്ടില്ലെന്നും സുഹൃത്ത് പറയുന്നുണ്ട്. ഇത് കേട്ട് ശ്രീദേവി അവളിൽ കുഞ്ഞുങ്ങളുണ്ടായതെങ്ങിനെ എന്ന് അത്ഭുതം കൂറിയപ്പോൾ, അയാളുടെ വിശദീകരണം ഇങ്ങിനെയായിരുന്നു: "ഓ, അതൊക്കെ യാന്ത്രികമായങ്ങു നടക്കും; സ്ത്രീയെപ്പോലെ പ്രേമത്തിലും, ഇഷ്ടത്തിലും എനിക്ക് ഭ്രമമില്ല. ആളുകളുടെ മുമ്പിൽ ബഹുമാന്യനായി കഴിഞ്ഞുകൂടണമെന്നേ നിർബന്ധമുള്ളൂ"[63]. ദാമ്പത്യബന്ധത്തിൽപോലും പൊള്ളയായ അന്തസ്സിനെ മുറുകെ പിടിക്കുന്ന ദമ്പതിമാർ, ആത്മൈക്യം പുലർത്തിക്കൊണ്ടുള്ള യഥാർഥപ്രേമത്തെ കളങ്കപ്പെടുത്തുന്ന കള്ളനാട്യക്കാരാണ്. ഒടുവിൽ സുഹൃത്തിന്റെ ഭാര്യയായി അഭിനയിച്ചുകഴിഞ്ഞപ്പോൾ മറ്റൊരപേക്ഷയുമായി അയാൾ പിന്നെയും അവളെ പിന്തുടർന്നു. തന്റെ ഭാര്യയായി കൂടെ ജീവിക്കാനുള്ള അപേക്ഷയായിരുന്നു ഇത്തവണത്തേത്. അവളുടെ സ്വത്വാവബോധം ആ അപേക്ഷയെ പ്രതിരോധിച്ചു – "പണത്തിനോടും, പദവിയോടുമൊക്കെ സ്ത്രീക്ക് മതിപ്പേയുള്ളൂ, പുരുഷനോടുപോലും അവൾക്ക് സ്നേഹമില്ല, പുരുഷന്റെ സ്നേഹത്തിനോടാണ് അവൾക്ക് സ്നേഹം മുഴുവൻ"[64] എന്ന് പറഞ്ഞുകൊണ്ടവൾ സ്നേഹിക്കാൻ ഒന്നുമില്ലാത്ത, സ്നേഹിക്കപ്പെടാൻ കഴിയാത്ത ഈ ജീവിതം തനിക്ക് തുടരാൻ വയ്യെന്ന് പറഞ്ഞുകൊണ്ട് സ്വയം പരിതപിച്ചു. ഈ അവസരത്തിൽ അവളുടെ ഭർത്താവ്, പണം കൊടുത്ത് മാത്രം കിട്ടുന്ന സുഖം കൊണ്ട് ജീവിക്കാനാവില്ലെന്ന് തിരിച്ചറിഞ്ഞ് തന്റെ ജീവിതത്തിന്റെ പരിപൂർണ്ണതയ്ക്ക് അവളെ തേടിയെത്തി. "എല്ലാ വീട്ടുകാരേയും പോലെ കിട്ടിയും, കൊടുത്തും, ശപിച്ചും, ക്ഷമിച്ചും വലിഞ്ഞിഴഞ്ഞു നീങ്ങുന്ന കഴിഞ്ഞുകൂടലല്ല, പ്രണയം നിറഞ്ഞ ജീവിതമായിരുന്നു ഞങ്ങളുടേത്"[65] എന്ന് ശ്രീദേവി അവരുടെ ദാമ്പത്യത്തെക്കുറിച്ച് വിലയിരുത്തുന്നിടത്ത് ആ ദാമ്പത്യം പുതിയ മാതൃകയാവുന്നു.

വ്യവസ്ഥയയ്ക്കനുസരിച്ച് ജീവിക്കാൻ വിധിക്കപ്പെടുന്ന വ്യക്തികൾ പലപ്പോഴും സ്വതന്ത്രരായല്ല ജീവിക്കുന്നത്. സ്ഥാപനവൽക്കരിക്കപ്പെട്ട ബന്ധങ്ങളുടെ ചട്ടക്കൂടിൽ ഒതുങ്ങി വ്യക്തികൾക്ക് വീർപ്പുമുട്ടി ജീവിക്കേണ്ടിവരുന്നു. വൈകാരികജീവിതത്തിനു പ്രസക്തിയേറുന്ന ദാമ്പത്യത്തിൽ ഈ വീർപ്പുമുട്ടലുകൾ കുറേക്കൂടി തീഷ്ണമാകുകയേ

യുള്ളൂ; ആത്മൈക്യം പുലർത്തിക്കൊണ്ടുള്ള വൈകാരികബന്ധമാണ് ദാമ്പത്യത്തിന്റെ അടിത്തറയാവേണ്ടത്; മറിച്ച്, സാമ്പ്രദായിക മൂല്യബോധം ചിട്ടപ്പെടുത്തിയെടുത്ത, ആചാ രമര്യാദകൾ അനുഷ്ഠിച്ചുകൊണ്ട് സ്ഥാപനവൽക്കരിക്കപ്പെട്ട ബന്ധങ്ങളിൽ ദമ്പതിമാർ ബന്ധനസ്ഥരാവുകയല്ല വേണ്ടത്. ദാമ്പത്യജീവിതത്തെക്കുറിച്ചുള്ള കഥാകാരിയുടെ ഈ വീക്ഷണമുൾക്കൊള്ളുന്ന ഒരു കഥയാണിത്.

**32. വിവാഹവ്യവസായം (1946)**

വിവാഹം എന്ന സ്ഥാപനത്തിന്റെ കമ്പോളസാധ്യത വ്യവസ്ഥിതിയിൽ പുരുഷ നുള്ള ധനാഗമമാർഗ്ഗമാകുന്നതിന്റെ അധാർമ്മികതയാണ് ഈ കഥ വ്യക്തമാക്കുന്നത്. തുട രെത്തുടരെയുള്ള വിവാഹം കൊണ്ട് കൈനിറയെ കാശു സമ്പാദിച്ച നായകനെ മുൻനിർത്തി കഥാകാരി ചോദിക്കുന്നു – “പുരുഷന്മാർക്കെന്തൊരാദായമാർഗ്ഗമായിട്ടാണ് ഈശ്വരൻ പെൺവർഗ്ഗത്തെ സൃഷ്ടിച്ചിരിക്കുന്നത്!”[66].

**33. രക്ഷാദേവത (1952)**

വിവാഹം പുരുഷന് വരുമാന മാർഗ്ഗമാവുന്ന ‘കമ്പോളസാധ്യത’യെയാണ് 1952 –ലെഴുതിയ ഈ കഥയും വ്യക്തമാക്കുന്നത്. അച്ഛനോട് പിണങ്ങി നാടുവിട്ട മകൻ, വീട്ടി ലേക്ക് തിരിച്ചുപോകാനുള്ള വണ്ടിക്കൂലി സമ്പാദിക്കാനായി ഒരു ദല്ലാളിന്റെ സഹായം കൊണ്ട് വരനായി ചമഞ്ഞ് വിവാഹം വഴി പണം നേടുന്നു. “ഇതെന്തൊരു ലോകം, എന്തൊരു പരിഷ്ക്കാരം! അസാന്മാർഗ്ഗത്തിന്റെ അങ്ങാടിയിൽ നിന്ന് പുരുഷന്മാർ രഹ സ്യമായി വിലയ്ക്കുവാങ്ങുന്ന സ്ത്രീത്വം കന്യകാത്വത്തിന്റെ കതിർമണ്ഡപത്തിൽ നിന്ന് ഏറ്റുവാങ്ങുമ്പോൾ അയാൾക്കൊരു ധനാഗമമാർഗ്ഗമാകാൻ സമുദായം സമ്മതിച്ചിരി ക്കുന്നു”[67]. വ്യവസ്ഥയിൽ വിവാഹത്തെ നിലനിർത്തുന്ന ഈ മൂല്യബോധം വ്യഭിചാര ത്തേക്കാൾ നികൃഷ്ടമാണെന്ന് കഥാകാരി കണക്കാക്കുന്നു. “ഗർഹണീയമായ വേശ്യാ ലയത്തിൽ വെച്ച് സ്ത്രീ വിലപേശുന്നു, പരിശുദ്ധമായ വിവാഹവേദിയിൽ വെച്ച് പുരു ഷനും; സ്ത്രീയുടെ സ്വയം പര്യാപ്തതയും സ്വാതന്ത്ര്യവും പരിഹാസ്യമായ ഇന്നത്തെ സ്ഥിതിയിൽ ഭാര്യാത്വത്തെക്കാൾ സ്ത്രീക്ക് വേശ്യാത്വം അഭികാമ്യമാകട്ടെ”[68] സ്ത്രീത്വം നേരിടുന്ന ഈ ദു:സ്ഥിതി സാമൂഹിക ജീവിതപരിസരത്തിൽ ഇന്നും ഒരു പ്രശ്നമാണെന്ന യാഥാർഥ്യം ഈ കഥയെ പ്രസക്തമാക്കുന്നു.

**34. പിതൃദ്രോഹം (1946)**

പിത്രാധികാരത്തിന്റെ ക്രൂരതയിൽപ്പെട്ട് അവിവാഹിത ജീവിതം നയിക്കേണ്ടി വന്ന നിർഭാഗ്യവതിയാണ് മീനാക്ഷിയമ്മ. തന്റേതല്ലാത്ത തെറ്റിന്റെ പേരിൽ ആത്മപീഡനമനുഭവിക്കേണ്ടി വന്ന സ്ത്രീ കഥാപാത്രങ്ങൾ സരസ്വതിയമ്മയുടെ കഥകളിൽ നിരവധി കാണാം. അച്ഛനും, അമ്മാവനും തമ്മിലുള്ള പണസംബന്ധമായ പ്രശ്നത്തിന്റെ പേരിൽ മക്കൾക്ക് സ്നേഹബന്ധങ്ങൾ പൊട്ടിച്ചെറിയേണ്ടിവന്നു. അമ്മാവന്റെ മകളെ ആ കാരണംകൊണ്ട് മീനാക്ഷിയമ്മയുടെ വലിയണ്ണൻ ഉപേക്ഷിച്ചു. 'ശ്രീരാമന്റെ അവതാര'മാകാൻ അങ്ങിനെ വലിയണ്ണനു കഴിഞ്ഞുവെങ്കിലും, ഒരു സാധാരണ മനുഷ്യസ്ത്രീയാണ് താനെന്ന ബോധ്യമുള്ളതുകൊണ്ട് കാമുകനായ, അമ്മാവന്റെ മകനെ മറക്കാനാവാതെ നിത്യനിരാശയിൽ മീനാക്ഷിയമ്മയ്ക്ക് കഴിയേണ്ടി വന്നു. തന്റെ പട്ടടയിൽ നിന്നേ മകളുടെ കതിർമണ്ഡപം പൊങ്ങിവരാവൂ എന്ന് അച്ഛൻ വാശിപിടിക്കുന്നത് പരസ്പരം സ്നേഹിക്കുന്ന രണ്ടാത്മാക്കളുടെ ഇടയിൽ പണം കൊണ്ട് വേലിക്കെട്ടിയതുകൊണ്ടാണെന്നവൾ തിരിച്ചറിയുന്നു. അച്ഛനോടുള്ള അവജ്ഞയെ പിതൃദ്രോഹമായി മറ്റുള്ളവർ വ്യാഖ്യാനിച്ചുകൊണ്ട് അവളെ കുറ്റപ്പെടുത്തുകയും ചെയ്തു. വ്യവസ്ഥാപിത വിവാഹബന്ധം, അധികാരബന്ധങ്ങളുടെ ഈ വിധമുള്ള ഇടപെടലുകൾ കൊണ്ട് വികലമാകുന്നതിന്റെ ദയനീയ ചിത്രമാണ് ഈ കഥ രേഖപ്പെടുത്തുന്നത്.

**35. ഒരുക്കത്തിന്റെ ഒടുവിൽ (1946)**

അടുത്തുതന്നെ വിവാഹിതരാവുന്ന വാസന്തിയുടെ അതിരറ്റ വിവാഹസ്വപ്നങ്ങളും, അതിന്റെ പൊള്ളത്തരത്തെപ്പറ്റി സൂചിപ്പിച്ചുകൊണ്ടുള്ള കൂട്ടുകാരി ശാരദയുടെ നിലപാടുമാണ് ഈ കഥയുടെ പ്രമേയം. 'തനിക്കും ഒരു ഇത്തിളായാലെന്തെന്ന് തോന്നുന്നു, കാരണം സ്ത്രീക്കതാണല്ലോ വിധി പ്രകാരമുള്ള ജീവനമാർഗ്ഗം' എന്ന് ശാരദ വിവാഹത്തെ പരിഹസിച്ചു പറഞ്ഞുകൊണ്ട്, വാസന്തിയുടെ വിവാഹതാൽപ്പര്യത്തെ ഒന്നളന്ന് നോക്കുന്നുണ്ട്. സ്ത്രീക്ക് എല്ലാവരോടും സ്വതന്ത്രമായി ഇടപെടാനുള്ള ലൈസൻസും, നല്ലൊരു വേലിക്കെട്ടിന്റെ ഗുണവും വിവാഹം കൊണ്ട് ലഭിക്കും എന്നാണ് വാസന്തിയുടെ അഭിപ്രായം. പുരുഷന്മാർക്ക് പര്യായമായി 'കഴുവങ്ങൾ' എന്നൊരു വാക്ക് വാസന്തി തന്റെ നിഘണ്ടുവിൽ പണ്ട് കൊണ്ട് നടന്നതിനെപ്പറ്റി ശാരദ ഓർമ്മിപ്പിക്കുന്നുണ്ട്. എന്നാൽ വിവാഹസ്വപ്നത്തിൽ എത്തിനില്ക്കുന്ന അവൾക്ക് ഇപ്പോൾ അതൊന്നും ഓർമ്മയിലില്ല.

ഭർത്താവിന്റെ ചവിട്ടും, ചുംബനവും സമചിത്തതയോടെ സ്വീകരിക്കുന്നതാണ് ഭാരതീയ ഭാര്യാധർമ്മം എന്ന് പറഞ്ഞുകൊണ്ട് ശാരദ കൂട്ടുകാരിയെ ആശീർവദിക്കുന്നു. കഥാന്ത്യ ത്തിൽ, പ്രതിശ്രുതവരൻ നാടുവിട്ടകാര്യം യാദൃച്ഛികമായി അറിഞ്ഞപ്പോൾ വാസന്തി തളർന്നുപോയി. “കഴുവങ്ങൾ! ഇങ്ങനെയും ഒരു പറ്റിപ്പുണ്ടോ? ഇതിനു ശിക്ഷയായി അടുത്ത ജന്മം അയാൾ പെണ്ണായി ജനിച്ചില്ലെങ്കിൽ പിന്നെ . . .”[69] എന്ന് കൂട്ടുകാരിക്കു വേണ്ടി ശാരദ അയാളെ ശപിക്കുന്നു. വിവാഹവിദ്വേഷവും, വിവാഹമോഹവും തമ്മി ലുള്ള സംവാദത്തിനൊടുവിൽ വിവാഹത്തിന്റെ പൊള്ളത്തരം വെളിവാക്കുന്ന കഥാന്ത്യം വ്യവസ്ഥാപിത വിവാഹസമ്പ്രദായത്തെ അപഹസിക്കുന്നു.

**36. അവിവാഹിതന്റെ അശ്രുക്കൾ (1946)**

ആനന്ദലക്ഷ്മിയുടെ പ്രതീക്ഷാനിർഭരമായ ദാമ്പത്യത്തിന് അനുഭവത്തിൽ മങ്ങ ലേറ്റതിന്റെ വിങ്ങലാണ് ഈ കഥ. ‘അവിവാഹിതന്റെ അശ്രുക്കൾ’ എന്നത് ഒരു തരം പൂവിന്റെ പേരാണ്. പണ്ട് അവൾ പഠിച്ചിരുന്ന വിമൻസ് കോളേജിന്റെ അങ്കണത്തിൽ ഈ പൂക്കൾ ധാരാളം ഉണ്ടായിരുന്നു. കൂട്ടുകാരി ശാന്തിയുമായി പൂവിന്റെ പേരിനെ ചൊല്ലി തർക്കിച്ചത് ഇന്ന് നന്ദയ്ക്ക് വേദനയുളവാക്കുന്ന ഓരോർമ്മയായി അനുഭവ പ്പെടുന്നു. അവളുടെ ഭർത്താവ് ആദ്യകാലത്ത് കാണിച്ചിരുന്ന സ്നേഹം തികഞ്ഞ അനാ സ്ഥയായി മാറിയിട്ട് കുറച്ചുനാളായി. യാന്ത്രികമായ ജീവിതത്തിന്റെ വൈരസ്യവും, വൈവിദ്ധ്യ മില്ലായ്മയും ഇന്ന് ദാമ്പത്യജീവിതത്തിൽ അവൾക്കും മടുപ്പ് ഉളവാക്കിയിരിക്കയാണ്. ഈ അവസരത്തിലാണ് പഴയകൂട്ടുകാരി ശാന്തി അവളെ സന്ദർശിക്കുന്നത്. പെണ്ണിനെ കിട്ടുന്നതുവരെയുള്ള അവിവാഹിതന്റെ കണ്ണീര് കിട്ടിയാലുടൻ അവൾക്ക് കൊടുക്കുന്ന വ്യവസ്ഥാപിത ദാമ്പത്യജീവിതത്തിന്റെ ഇരയായ ആനന്ദലക്ഷ്മിയെ, പണ്ട് പൂവിന്റെ പേരി ലുണ്ടായ തർക്കത്തെക്കുറിച്ച് ശാന്തി ഓർമ്മിപ്പിക്കുന്നു. അവിവാഹിതന്റെ കണ്ണീർ കളി പ്പാട്ടം കിട്ടാനുള്ള കുട്ടിയുടെ കരച്ചിൽ മാത്രമാണെന്ന് പറഞ്ഞ തന്നോട്, അങ്ങിനെയല്ല, ഔഷധം കിട്ടാത്ത രോഗിയുടെ വേദനയാണ് എന്ന് നന്ദ തർക്കിച്ചതിന്റെ പൊള്ളത്തരം വ്യക്തമാക്കാനാണ് ശാന്തി ഇതു ഓർമ്മിപ്പിച്ചത്. വിലപിടിച്ച മരുന്നല്ല, വെറും കളിപ്പാട്ട മാണ് എന്ന് അനുഭവം കൊണ്ട് ബോദ്ധ്യമായില്ലേ എന്ന് ചോദിച്ച ശാന്തിയോട് പാപം പിടിച്ച പറച്ചിലുകൾ നിർത്തണം എന്ന് നന്ദ ദു:ഖത്തോടെ അപേക്ഷിക്കുന്നു. “ഭർത്താവു മൊത്തു അധികനാളിങ്ങനെ യോജിച്ചുപോകുന്ന ലക്ഷണം കാണുന്നില്ല” എന്നവൾ കൂട്ടു

കാരിയോട് തുറന്നുതന്നെ പറയുന്നു. വൃക്ഷം നീങ്ങുന്നിടത്തെല്ലാം ഇത്തിളും നീങ്ങണം എന്ന പ്രകൃതിനിയമത്തിന്റെ മട്ടിലുള്ള ദാമ്പത്യജീവിതത്തിൽ, സ്ത്രീ അനുഭവിക്കേണ്ടി വരുന്ന അസ്വാതന്ത്ര്യം നന്ദയെ മടുപ്പിച്ചിരിക്കയാണ്. "അപ്പെൻഡിസൈറ്റീസ് എന്ന രോഗം ഉണ്ടാക്കാൻ മാത്രം കൊള്ളാവുന്ന എന്തോ ഒരവയവം മനുഷ്യശരീരത്തിൽ ഉണ്ടാക്കി വെച്ച പ്രകൃതിയെ മനുഷ്യസമുദായം അനുകരിക്കുന്നതാണു പോലും വിവാഹമെന്ന ഏർപ്പാട്"[70] എന്ന ഭർത്താവിന്റെ അഭിപ്രായം നന്ദയെ അമർഷം കൊള്ളിക്കയാണ് ചെയ്തത്.

സ്വൈരസല്ലാപം നടത്താനായി ഒടുവിൽ കടപ്പുറത്തെത്തിയ നന്ദയ്ക്കും, ശാന്തിക്കും സ്ത്രീകളായതുകൊണ്ടു മാത്രം അവിടം സുരക്ഷിതമല്ലെന്ന് ബോധ്യപ്പെട്ടു. പുറംലോകം സ്ത്രീക്കു നേരെ ഏതു നിമിഷവും അക്രമാസക്തമാവാമെന്ന തിരിച്ചറിവിൽ അവർ എത്തി. പുരുഷാധിപത്യ സമൂഹം പുറംലോകത്ത് സ്ത്രീകൾക്ക് നേരെ പീഡനങ്ങൾ ഏല്പിക്കുന്നു. കുടുംബത്തിനകത്താകട്ടെ പലപ്പോഴും പിതൃ–ഭർതൃ പീഢനങ്ങൾക്ക് അവൾ ഇരയാവുന്നു. 'പെണ്ണടിമയായ് പിറക്കണത് പാപം തീരാൻ വേണ്ടിയാണെ'ന്ന കടപ്പുറത്തെ വൃദ്ധയുടെ പതിരില്ലാത്ത പഴമൊഴി ഉൾക്കൊണ്ട്, കുടുംബമെന്ന ചട്ടക്കൂടിലൊതുങ്ങുകയേ വിവാഹിതയ്ക്ക് നിവൃത്തിയുള്ളൂ എന്ന തിരിച്ചറിവിൽ ആനന്ദലക്ഷ്മി ചെന്നെത്തുന്നു.

### 37. വിലക്കപ്പെട്ട വഴി (1946)

നിശ്ചയിച്ച വിവാഹം നടക്കാതെ പോയതുകൊണ്ട് തുടർന്ന് ഡോക്ടറാവാൻ കഴിഞ്ഞ വിശാലാക്ഷി പിന്നീട് അവിവാഹിതയായി തന്നെ ജീവിതം നയിക്കുന്നു. സാമ്പ്രദായിക മൂല്യബോധത്തെ വിഗണിച്ചുകൊണ്ട് സ്വയം നിർണ്ണയാവകാശം നേടിയെടുത്ത അവളുടെ വഴി നിഷിദ്ധമാണെന്ന് വ്യാഖ്യാനിക്കുന്ന വ്യവസ്ഥയുടെ വികല വീക്ഷണത്തെ അവൾ ഈ വിധം അപലപിക്കുന്നുണ്ട് – "ഒരു പെൺകുട്ടി തന്നത്താൻ ജീവിക്കാൻ ശ്രമിക്കുന്നത് ആഭിജാത്യത്തിന്റെ കണ്ണിൽ അപമാനമാണ്. വീട്ടിനകത്തിരുന്നു രഹസ്യമായി ചാരിത്രം വിറ്റാലും അന്തസ്സുണ്ട്"[71] തന്റെ ഉറച്ച നിലപാട് ഈ കാര്യത്തിൽ വിശാലാക്ഷി ഇങ്ങനെ വ്യക്തമാക്കുന്നു. "തൊഴിലിനുവേണ്ടി സ്ത്രീ തെണ്ടുന്നതും ഞാനഭിമാനത്തോടെ കണ്ടു നില്ക്കാം, ഭർത്താവിനെ പറ്റിപ്പിടിച്ചു ജീവിക്കാൻ കാത്തിരിക്കുന്നതാണ് എന്റെ കണ്ണിൽ മാനക്കേട്"[72]. ഈ സ്വാതന്ത്ര്യചിന്താഗതിയ്ക്കനുസരിച്ചാണ് അവൾ അവിവാഹിതയായി ജീവിച്ചത്. അത് സമൂഹത്തിന്റെ കണ്ണിൽ വിലക്കപ്പെട്ട വഴിയായിരുന്നുവെ

ങ്കിലും ഒടുവിൽ വാഴ്ത്തപ്പെട്ടവഴിയാക്കി അംഗീകരിപ്പിക്കാൻ അവൾക്ക് കഴിഞ്ഞു. സ്ത്രീയുടെ അവിവാഹിത ജീവിതത്തിന്റെ സ്വാതന്ത്ര്യവും, അന്തസ്സും ഉയർത്തിപ്പിടിക്കുന്ന ഈ കഥ അധീശസംസ്കാരത്തെയാണ് വെല്ലുവിളിക്കുന്നത്. സാമ്പ്രദായിക സ്ത്രീ സങ്കല്പത്തെ തകർത്തുകൊണ്ട്, ബദൽ സ്ത്രൈണമൂല്യങ്ങളും, ചിന്താഗതികളുമാണ് വിലാസിനിയിലൂടെ കഥാകാരി വിരചിക്കുന്നത്. ഈ വിധം സ്ത്രീപക്ഷചിന്ത തന്റെ യൗവ്വനകാലത്ത് പുലർത്തിയ സരസ്വതിയമ്മ, അവിവാഹിതയായി തുടർന്ന് ജീവിച്ചത് യാദൃച്ഛികമല്ലെന്ന് നിശ്ചയിക്കാം.

**38. ജന്മാവകാശം (1946)**

പണം കൊടുത്ത് ബന്ധങ്ങൾ വിലയ്ക്കു വാങ്ങുന്ന വ്യവസ്ഥയിലെ വൈവാഹിക നീതിക്ക് ബലിയാടാകേണ്ടി വന്ന ഒരു കഥാപാത്രമാണ് അമ്മിണി. കുട്ടിക്കാലം മുതല്ക്കേയുള്ള സ്നേഹബന്ധം കൊണ്ട് ജന്മാവകാശം പോലെ തന്റേതായിക്കഴിഞ്ഞിരുന്ന കാമുകൻ– കുമാരൻ നായരെ ഒരു ധനാഢ്യന്റെ ഔദാര്യത്തിന് അയാൾക്ക് കടപ്പെടേണ്ടി വന്നപ്പോൾ അവൾക്ക് നഷ്ടപ്പെട്ടു. അന്നാട്ടിലെ ജഡ്ജിയുടെ സഹായത്തോടെ പഠിക്കേണ്ടി വന്ന കുമാരൻ നായർക്ക് പ്രത്യുപകാരമായി അദ്ദേഹത്തിന്റെ പുത്രിയെ വിവാഹം കഴിക്കേണ്ടി വന്നു. പഠിക്കാനുള്ള അത്യാശ കൊണ്ടുമാത്രം താൻ സ്വയം അന്യാധീനപ്പെടുകയായിരുന്നുവെന്നും, പണം നൽകിയ വസ്തു എന്നതിൽക്കവിഞ്ഞുള്ള സ്നേഹമൊന്നും തനിക്ക് ഭാര്യയോട് തോന്നിയിട്ടില്ലെന്നും, അമ്മിണിയോട് അയാൾ സമ്മതിക്കുന്നുണ്ട്. വ്യവസ്ഥാപിത വിവാഹ സമ്പ്രദായത്തിൽ ഭാര്യ–ഭർതൃബന്ധത്തെ നിലനിർത്തുന്ന ഭൗതിക സാഹചര്യങ്ങൾ പലപ്പോഴും കൃത്രിമവും, അസംബന്ധവുമാണെന്ന് ഇത് വ്യക്തമാക്കുന്നു.

ഭാര്യ മരിച്ചപ്പോൾ കുമാരൻ നായർ അമ്മിണിയെ വിവാഹം ചെയ്യാനാഗ്രഹിച്ചുകൊണ്ട് അവളെ തേടിയെത്തി. എങ്കിലും തന്റെ ജീവിതം ജഡ്ജിക്ക് അധീനപ്പെട്ടതാണെന്ന കർത്തവ്യബോധം കൊണ്ട് അയാൾ വിവാഹത്തിന് അദ്ദേഹത്തിന്റെ അനുമതി തേടി. പക്ഷേ കർത്തവ്യത്തിന്റെ കയർ അയാളെ ജഡ്ജിയുടെ മറ്റൊരു മകളുമായി കൂട്ടിക്കെട്ടുകയാണുണ്ടായത്. ജന്മാവകാശം പോലെ തന്റേതുമാത്രമെന്ന് കരുതിയ കാമുകനെ അങ്ങിനെ വീണ്ടും അമ്മിണിക്ക് നഷ്ടപ്പെട്ടു. തന്റേതല്ലാത്ത കാരണംകൊണ്ട് മാനസികസംഘർഷമനുഭവിക്കേണ്ടി വന്ന ഹതഭാഗ്യയായ ഈ കഥാപാത്രത്തിന്റെ ദുർവി

ധിക്കു കാരണം പുരുഷന്റെ വഞ്ചനയോടൊപ്പം വിവാഹമെന്ന സ്ഥാപനത്തെ ചിട്ടപ്പെടുത്തുകയും നിലനിർത്തുകയും ചെയ്യുന്ന സാമൂഹിക സാഹചര്യങ്ങളുമാണ്.

**39. ഭർതൃത്വം (1946)**

വിവാഹത്തിനുശേഷവും പൂർവ്വപ്രണയബന്ധം തുടർന്ന ഭാര്യാഭർത്താക്കന്മാരാണ് വിമലയും, ബലരാമമേനോനും. വിമലയുടെ മരണശേഷമാണ് ബലരാമമേനോൻ അവളുടെ അപര ബന്ധത്തെക്കുറിച്ചറിയുന്നത്. അയാളും ഭാര്യയുടെ കാമുകൻ രാമകൃഷ്ണൻ നായരുമായുള്ള സംവാദത്തിലൂടെ വിവാഹമെന്ന സ്ഥാപനത്തിന്റെ അന്തസ്സാരശൂന്യത അനാവൃതമാകുന്നു. അച്ഛനമ്മമാരെ തൃപ്തിപ്പെടുത്താൻ വേണ്ടി താല്പര്യമില്ലാതെ വിമലയെ വിവാഹം കഴിച്ചിട്ടും, മേനോൻ കാമുകിയുമായി ബന്ധം തുടർന്നുകൊണ്ടിരുന്നു. ഭർത്താവെന്ന നിലയിൽ തന്റെ ജീവിതത്തിലേക്ക് ഭാര്യയായി വിമലയെ എന്നെങ്കിലും അടുപ്പിക്കണമെന്ന വിചാരമില്ലാതിരുന്ന അയാൾ അവൾക്ക് പരിഗണനയോ, സ്നേഹമോ നൽകിയില്ല. എന്നിട്ടും ഒരു ഭാര്യയുടെ കർത്തവ്യം വിമല അനുഷ്ഠിച്ചു പോന്നു. ഒടുവിൽ മേനോൻ തന്റെ പ്രണയബന്ധത്തെക്കുറിച്ച് അവളോട് തുറന്ന് പറഞ്ഞെങ്കിലും അവളുടെ മുഖം ഭർതൃസ്നേഹം കൊണ്ട് മുമ്പത്തേക്കാൾ പ്രസന്നമാവുകയാണുണ്ടായത്. ഭാര്യയുടെ നിസ്തുലമായ സ്വഭാവഗുണം പൂർവ്വപ്രേമഭാജനത്തിൽ നിന്നും തന്റെ ഹൃദയത്തെ വേർപെടുത്തി ഭാര്യയെ ഹൃദയപൂർവ്വം സ്വീകരിക്കാൻ അയാളെ പ്രേരിപ്പിച്ചു. പ്രസവത്തിൽ മരിച്ച വിമലയുടെ പഴയ എഴുത്തുകളിൽ നിന്നും കുടുംബസുഹൃത്തായ രാമകൃഷ്ണൻ നായരുമായുള്ള അവളുടെ ബന്ധം മേനോൻ അറിയാനിടയായി. അച്ഛനമ്മമാരെ സന്തോഷിപ്പിക്കാൻ വേണ്ടിയാണ് അവളും വിവാഹിതയായതെന്ന് അയാൾ മനസ്സിലാക്കി. കാമുകനോടുള്ള അടുപ്പം മനസ്സിലൊതുക്കി, ഭാര്യാധർമ്മം അനുഷ്ഠിച്ചു ജീവിക്കാമെന്ന് വിമല വിചാരിച്ചെങ്കിലും കാമുക സമാഗമത്തിനുള്ള അവസരങ്ങൾ അവളെ തേടി അനുസ്യൂതം കടന്നുവന്നു. "കാണാതെ മറക്കാൻ ശ്രമിക്കാമെന്ന് ഞങ്ങൾ വിചാരിച്ചെങ്കിലും, നിങ്ങളാരും അതിനനുവദിച്ചില്ല, എന്നിട്ടും ഞങ്ങൾക്ക് എത്രമാത്രം മനോനിയന്ത്രണം വേണ്ടിവന്നെന്ന് ഈശ്വരന് മാത്രമറിയാം"[73] എന്ന് സാഹചര്യത്തിന്റെ സമ്മർദ്ദത്തിനടിപ്പെടേണ്ടി വന്ന രാമകൃഷ്ണൻ നായർ ഏറ്റുപറയുന്നുണ്ട്. അവരുടെ മനോനിയന്ത്രണം ആവർത്തിച്ചു വന്നിരുന്ന അനുകൂലസന്ദർഭത്തിൽ ഒരിക്കൽ അവർക്ക് അത് നഷ്ടപ്പെട്ടു. കാമുകന്റെ

കുഞ്ഞിനു ജന്മം നൽകി അവൾ മരിച്ചു. ദാമ്പത്യബന്ധത്തിൽ വെച്ചുപുലർത്തേണ്ട ആത്മൈക്യത്തിന്റെ അഭാവം മൂലം വിവാഹമെന്ന സ്ഥാപനത്തിനുള്ളിൽ നിന്നുകൊണ്ടു തന്നെ തെറ്റ് ചെയ്തവരാണ് വിമലയും, മേനോനും, ദാമ്പത്യബന്ധത്തിന്റെ പരിശുദ്ധി പാലിക്കാൻ അവർക്ക് രണ്ട് പേർക്കും കഴിഞ്ഞില്ല. എന്നാൽ വിമലയുടെ ഭർത്താവിനോടുള്ള തന്ത്രപൂർവ്വമായ പെരുമാറ്റം കാമുകനോടുള്ള പ്രേമം മറച്ചുവെച്ച് സാധ്വിയുടെ ഭർതൃഭക്തി കാണിച്ച് അയാളിൽ അപരാധബോധം ജനിപ്പിച്ചു. എല്ലാം തുറന്ന് പറഞ്ഞ് അവളെ തന്റെ മനസ്സിൽ പ്രതിഷ്ഠിക്കാൻ ഭർത്താവിന് കഴിഞ്ഞു. തിരിച്ച് ഭർത്താവിനോട് എല്ലാം തുറന്ന് പറഞ്ഞുകൊണ്ട് തന്നെ സ്വയം സമർപ്പിക്കാൻ വിമലയ്ക്ക് കഴിയുമായിരുന്നില്ല. കാരണം പുരുഷന് ഏതുവിധത്തിൽ ജീവിക്കാനും അനുവാദം നല്കുന്ന വ്യവസ്ഥയിൽ ഭർത്താവിന്റെ പരസ്ത്രീബന്ധം പോലും സർവ്വം സഹയായ ഭാര്യ പൊറുക്കണമെന്ന സാമ്പ്രദായിക മൂല്യബോധത്തിന്റെ പിൻബലം പുരുഷനുണ്ട്. മറിച്ചാണ് സ്ത്രീയുടെ കാര്യം. ഇത് മേനോൻ തന്നെ തുറന്ന് പ്രസ്താവിക്കുന്നുണ്ട്; മറ്റൊരു സന്ദർഭത്തിൽ അയാൾ പറയുന്നുണ്ട്: "തന്റെ ഭാര്യയെ അന്യപുരുഷന് വിട്ടുകൊടുക്കുന്ന പുരുഷന്റെ മുഖത്ത് ലോകം പൊട്ടിച്ചിരിച്ച് കാർക്കിച്ചു തുപ്പും"[74]. സ്ത്രീയുടെ പരപുരുഷബന്ധം ഭർത്താവിനും, കുടുംബത്തിനും പ്രശ്നമാവുന്നതോടൊപ്പം സാമൂഹ്യവ്യവസ്ഥിതിയുടെ സദാചാരബോധത്തെ ചോദ്യം ചെയ്യുകയും അതുവഴി അവൾ ശപിക്കപ്പെട്ടവളായി മുദ്രകുത്തപ്പെടുകയും ചെയ്യുന്നു. വിവാഹമെന്ന സ്ഥാപനത്തിന്റെ അടിത്തറ പുരുഷന്റെ സ്വേച്ഛാധികാരവും, സ്ത്രീയുടെ വിധേയത്വവുമാണെന്ന വ്യവസ്ഥാപിത നിയമത്തെ ഈ കഥ ചോദ്യം ചെയ്യുന്നു. സ്ത്രീ പൂർണ്ണമായും 'ഭാര്യ' എന്ന നിലയിൽ പരിവർത്തിക്കപ്പെട്ടില്ലെങ്കിൽ, അവളുടെ വികാരവിചാരങ്ങളും, ശാരീരികശേഷിയും എല്ലാം കുടുംബത്തിനായി മുഴുവൻ അടിയറവെച്ചിട്ടില്ലെങ്കിൽ ഭർത്താവിന് കീഴ്പ്പെടാത്തതായി എന്തെങ്കിലും അവളിൽ അവശേഷിച്ചിട്ടുണ്ടെങ്കിൽ, തീർച്ചയായും ആ ഭർതൃത്വം കുഴപ്പം പിടിച്ചതാണെന്ന് മേനോൻ കരുതുന്നു. ഒടുവിൽ വിമലയുടെ കാമുകനോട് വിഷമത്തോടെ അയാൾ തുറന്ന് പറഞ്ഞു: "ഒരു പെണ്ണിന്റെ കൈയ്യിൽ തന്റെ ഏറ്റവും വലിയ അഭിമാനം വിട്ടുകൊടുക്കേണ്ടി വരുന്ന – അവനവനെ നിയന്ത്രിച്ചതുകൊണ്ടൊരു ഫലവുമില്ലാത്ത – കുഴപ്പം പിടിച്ച ഭർതൃത്വം വേണ്ടെന്ന് വെയ്ക്കാനുപദേശിച്ച വിമലയ്ക്ക് തീർച്ചയായും നിങ്ങളോട് സ്നേഹമുണ്ട്"[75].

**40. ചില ചിത്രങ്ങൾ (1946)**

കുട്ടികളുമായി പിച്ചനടക്കുന്ന ഭിക്ഷക്കാരി, കുത്തഴിഞ്ഞ ജീവിതം നയിക്കുന്ന ഒരു ഉയർന്ന ഉദ്യോഗസ്ഥന്റെ ഭാര്യ, പ്രേമവഞ്ചനമൂലം വേശ്യയായി മാറിയ ഒരു സ്ത്രീ, സ്വന്തം കുഞ്ഞിന്റെ കൊലപാതകിയാവേണ്ടി വന്ന ഒരു വീട്ടുവേലക്കാരി, ഇത്രയുംപേരുടെ ജീവിതചിത്രമാണ് ഈ കഥ. ലൈംഗിക സംതൃപ്തിക്കുവേണ്ടി മാത്രം പെണ്ണിനെ പാട്ടിലാക്കുന്ന ആണിന്റെ കാപട്യം മൂലം പ്രേമം, വിവാഹം, കുടുംബം തുടങ്ങിയ വ്യവസ്ഥാപിത സ്ഥാപനങ്ങൾക്കകത്ത് ഒറ്റപ്പെട്ട് ദുരിതങ്ങൾ തനിയേ പേറേണ്ടിവന്ന സ്ത്രീയുടെ ദുരവസ്ഥയാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്. 'കയ്യിലൊന്ന്, ഇടുപ്പിലൊന്ന്, വയറ്റിലൊന്ന്' എന്ന നിലയിൽ മക്കളെ പോറ്റാൻ ഭിക്ഷയാചിക്കേണ്ടി വന്ന സ്ത്രീ, മറ്റ് ചുമതലകളൊന്നും ഏറ്റെടുക്കാതെ അവളിൽ തന്റെ കാമസംതൃപ്തിമാത്രം കണ്ടെത്തുന്ന ഭർത്താവ് – ഇതാണ് ഒരു ചിത്രം. പരസ്പരവിശ്വാസത്തിലൂന്നിക്കൊണ്ട് കുടുംബജീവിതം നയിക്കാൻ ആഗ്രഹിച്ച, ഒരു ഉയർന്ന ഉദ്യോഗസ്ഥന്റെ ഭാര്യയ്ക്ക്, അയാളുടെ വഴിവിട്ട ജീവിതത്തിന് മൂകസാക്ഷിയായി കേവലം അടിമയായി ജീവിക്കേണ്ടി വരുന്നു. അതാണ് രണ്ടാമത്തെ ചിത്രം. 'മഹത്തായ പ്രണയവും, മൃദുലമായ ഹൃദയവും' കാമുകനാൽ കശക്കിയെറിയപ്പെട്ട് ലോകത്തിന്റെ മുൻപിൽ മഹാപാപിയായി വേശ്യാവൃത്തി സ്വീകരിക്കേണ്ടി വന്ന മറ്റൊരു സ്ത്രീയുടെ ചിത്രമാണ് മൂന്നാമത്തേത്. സ്ത്രീയുടെ ജീവിതത്തെ ചൂഷണം ചെയ്യുന്ന പുരുഷാധാപത്യ വ്യവസ്ഥയിൽ, സ്വന്തം കുഞ്ഞിന്റെ കൊലപാതകിയായി, കാരാഗൃഹത്തിൽ കഴിഞ്ഞുകൂടേണ്ടിവന്ന ഒരു വീട്ടുവേലക്കാരിയുടെ ജീവിതമാണ് നാലാമത്തെ ചിത്രം. സമൂഹത്തിൽ ഈ വിധം നരകയാതന അനുഭവിക്കേണ്ടി വന്നിട്ടും സ്ത്രീകൾ പ്രകടിപ്പിക്കുന്ന വിധേയത്വത്തെ സരസ്വതിയമ്മ അപഹസിക്കുന്നു: "ഇതെല്ലാം നിത്യവും കണ്ടുകൊണ്ടിരുന്നിട്ടും, പുരുഷന്റെ കരവലയത്തിനകത്താണ് തന്റെ സമസ്ത സുഖവും സ്ഥിതിചെയ്യുന്നതെന്ന് വിശ്വസിക്കുകയും, ആശിക്കുകയും ചെയ്യുന്ന സ്ത്രീകളുടെ എണ്ണത്തിന് വല്ല കുറവുമുണ്ടോ? വെറുതെയാണോ അവൾക്ക് അബലചപലേത്യാദി ബിരുദങ്ങൾ നൽകി അവൻ അകമെയും പുറമെയും ചിരിക്കുന്നത്[76].

**41. രൂപമിച്ഛന്തി (1947)**

പണക്കാരിയായ സ്വർണ്ണലത സുന്ദരനായ ഒരു ഭർത്താവിനെ വിലയ്ക്കെടുത്തു. സൗന്ദര്യം കണ്ടാൽ മതിമറക്കുന്ന അവൾ പണത്തേക്കാൾ വിലമതിച്ചിരുന്നത് അയാളുടെ

സൗന്ദര്യത്തെയായിരുന്നു. എന്നാൽ ആ സൗന്ദര്യം കൃത്രിമമാണെന്നും, അകാല നര ബാധിച്ച മുടി കറുപ്പിച്ച്, തന്നെ അയാൾ കബളിപ്പിക്കുകയായിരുന്നുവെന്നും അധികം വൈകാതെ അവളറിഞ്ഞു. വിവാഹം കഴിഞ്ഞാൽ ഭാര്യയെന്ന നിലയിൽ തന്നെ സ്നേഹിക്കേണ്ട കടമ അവൾക്കുണ്ടാവും എന്ന വിശ്വാസമാണ് ഇത്തരമൊരു കൃത്രിമം ചെയ്യാൻ അയാൾക്ക് ധൈര്യം നൽകിയത്. വിവാഹമെന്ന സ്ഥാപനത്തിൽ ഒരു ഇരയായി അവൾ ഒരിക്കൽ കുടങ്ങിപ്പോയല്ലോ! യാദൃച്ഛികമായി ഭർത്താവിന്റെ തനിസ്വരൂപം കണ്ട് അവൾ തളർന്നു വീഴാൻ പോയി. യഥാസമയം അയാൾ താങ്ങിയില്ലായിരുന്നുവെങ്കിൽ അവളുടെ സൗന്ദര്യഭ്രാന്ത് പിടിച്ച പെൺതല സിമന്റ് തറയിലിടിച്ച് ചിതറിപ്പോകുമായിരുന്നു എന്ന പരിഹാസം കഥാന്ത്യത്തിൽ സരസ്വതിയമ്മ തൊടുത്തുവിടുന്നുണ്ട്. വിവാഹബന്ധത്തിൽ ദമ്പതിമാരുടെ ശാരീരികസൗന്ദര്യത്തിന് അമിതപ്രാധാന്യം കല്പിക്കുമ്പോൾ പറ്റിപ്പോകാവുന്ന ഒരു അമളിയാണ് ഈ കഥ അനാവരണം ചെയ്യുന്നത്.

സ്ത്രീകളുടെ സൗന്ദര്യഭ്രാന്തിനെ ഇങ്ങിനെ അപഹസിക്കുന്ന സരസ്വതിയമ്മ, ഇക്കാര്യത്തിൽ പുരുഷന്മാരും അവർക്ക് പിന്തുണ നൽകുന്നുണ്ടെന്ന് 'ഞാനൊരു ഭർത്താവായിരുന്നെങ്കിൽ' എന്ന ലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്. "ആഭരണക്കടയിലും തുണിക്കടയിലും മറ്റും ഭർത്താക്കന്മാർ കൊണ്ടുകളയുന്നതിന്റെ ഇരട്ടിപ്പണം ചെലവാക്കി ഞാൻ വീട്ടിൽ നല്ലൊരു ലൈബ്രറി ഉണ്ടാക്കിക്കൊടുക്കും"[77]. ഭാര്യയെ കാര്യബോധമുള്ളവളാക്കി മാറ്റുന്നതിനുപകരം അവളെ അലങ്കാരവസ്തുവായി കൊണ്ടുനടക്കാനുള്ള പുരുഷന്റെ താല്പര്യം തിരുത്തപ്പെടേണ്ടതാണെന്നാണ് അവരുടെ അഭിപ്രായം.

**42. വിവാഹ സമ്മാനം (1947)**

ചപലയായ ഒരു സ്ത്രീ കഥാപാത്രമാണ് സുകേശിനി. ഭാര്യയുള്ള ഒരു മുസ്ലീം യുവാവിനെ ആദ്യം അവൾ പ്രേമിച്ചുവെങ്കിലും വീട്ടുകാരുടെ ഇടപെടലുകൾ കാരണം അതിൽ നിന്നും പിന്തിരിയേണ്ടി വന്നു. പിന്നീട് മറ്റൊരു യുവാവിനെ പ്രേമിച്ചു; വീട്ടുകാരുടെ ആശീർവാദത്തോടെ അയാളെ വിവാഹം കഴിക്കാനും തീരുമാനിച്ചു. ഈ അവസരത്തിൽ ശാന്തി എന്ന കൂട്ടുകാരി, അവളോട് ആദ്യ കാമുകനിൽ നിന്നും അവൾ സ്വീകരിച്ച പാരിതോഷികങ്ങൾ തിരികെ കൊടുക്കാനും, ഭർത്താവിനോട് സംഗതികളെല്ലാം തുറന്നുപറയാനും ഉപദേശിച്ചു. ഭാര്യയുടെ പൂർവ്വകാലചരിത്രവും മറ്റും അറിയാനുള്ള ഭർത്താവിന്റെ അവകാശത്തെയോ, ഭാര്യയുടെ വിധേയത്വത്തെയോ അംഗീകരിക്കുന്നതുകൊണ്ടാ

വില്ല ശാന്തി കൂട്ടുകാരിയോട് ഈ വിധം ഉപദേശിച്ചിട്ടുണ്ടാവുക, മറിച്ച് ഭർത്താവിനോടുള്ള ഏറ്റുപറച്ചിലിലൂടെ മനഃസംസ്ക്കരണം ആർജ്ജിച്ചുകൊണ്ട് അവളുടെ ചപല സ്വഭാവത്തെ നിയന്ത്രിക്കാനും, അങ്ങിനെ അവളെ ആത്മഗൗരവമുള്ളവളാക്കാനും ഉദ്ദേശിച്ചു കൊണ്ടാവാം.  വിവാഹ ദിവസം പൂർവ്വ കാമുകന്റെ ഒരു സമ്മാനം പാഴ്സലായി സുകേശിനിക്കു കിട്ടി.  കുറച്ചു ചാരമായിരുന്നു അത്.  കാമുകന്റെ ചാമ്പലായ ഹൃദയത്തിന്റെ പ്രതീകമാണോ അതോ സുകേശിനിയുടെ പ്രേമലേഖനങ്ങൾ കത്തിച്ചതിന്റെ ചാരമാണോ അത് എന്ന ശാന്തിയുടെ സംശയം അവളുടെ പ്രേമചാപല്യത്തിന് നേരെയുള്ള പരിഹാസമായിരുന്നു.  എന്തായായലും ചാരമായ് മാറിയ പഴയ പ്രേമം കാമുകിയ്ക്ക് സമ്മാനിക്കുന്നതിലൂടെ വ്യവസ്ഥാപിത വിവാഹത്തേയും, പ്രേമത്തേയും കഥാകാരി അപഹസിക്കുകയാണ്.

**43.  ഇളകുന്ന മുതൽ(1947)**

ഈ കഥയിൽ ഇളകുന്ന മുതൽ കുലീനയും, സാധ്വിയുമായ ഒരു ഭാര്യയേയാണ് സൂചിപ്പിക്കുന്നത്.  പ്യൂണായ കുമാരപിള്ള തന്റെ മേലുദ്യോഗസ്ഥനു ഭൗതിക നേട്ടത്തിനു വേണ്ടി തന്റെ ഭാര്യയെ തീറെഴുതിക്കൊടുത്തു.  അങ്ങിനെ അയാൾ സ്വന്തമായൊരു റേഷൻ കടയുടെ ഉടമസ്ഥനായി.  കുഞ്ഞുങ്ങളുടെ ഭാവിയോർത്താണ് അവൾ തീ തിന്നോളാമെന്ന് ഒടുവിൽ സമ്മതിച്ചതെന്നും, തന്നെയും കുട്ടികളേയും പിരിഞ്ഞു പുതിയ ഉടമസ്ഥന്റെ അരികിലേക്ക് അവൾ പോയത് കണ്ണീരോടെയാണെന്നും അയാൾ ഓർക്കുന്നുണ്ട്.  എങ്കിലും ആദായകരമായ ഒരു ബിസിനസ്സ് നടന്നതിന്റെ വിജയഭാവവും സന്തോഷവുമാണ് അയാൾക്കുള്ളത്.  കൈമാറാവുന്ന ഒരു ജംഗമവസ്തു എന്നതിൽക്കവിഞ്ഞൊരു വിലയും ഭാര്യക്ക് അയാൾ കല്പിച്ചിട്ടില്ല.  ചൂതുകളിയിൽ ഭാര്യയെ പണയപ്പെടുത്തിയ ധർമ്മപുത്രരുടെ ധാർമ്മികബോധമായിരിക്കാം അയാളും വെച്ചു പുലർത്തുന്നത്!  സന്താനവാത്സല്യത്താലും, ഭർതൃഭക്തിയാലും ഭാര്യാത്വം ബലികഴിക്കേണ്ടിവന്ന സാധ്വിയായ നായിക പുരാണ കാല സ്ത്രീകളേക്കാളും ഉയരുകയാണോ, താഴുകയാണോ ചെയ്യുന്നത് എന്ന ചോദ്യം തൊടുത്തുകൊണ്ടാണ് കഥ അവസാനിക്കുന്നത്.  സ്ത്രീയുടെ സ്വത്വാഭിമാനവും, സ്വാതന്ത്ര്യവും ഹനിക്കുന്ന ഒരു കുരുക്കായി വിവാഹമെന്ന സ്ഥാപനത്തെ ഈ കഥ നിർവ്വചിക്കുന്നു.

**44. പാതി പാതിവ്രത്യം (1947)**

സംസ്ക്കാര സമ്പന്നയും, പരിഷ്ക്കാരിയും, ബുദ്ധിമതിയുമായ പത്മിനിയെ പാർക്കിൽ വെച്ച് കണ്ട് പരിചയപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോളേജ് അധ്യാപകനായ ദിവാകരൻ നായർ വിവാഹം കഴിച്ചു. വിവാഹദിവസം തന്നെ പത്മിനി തന്നെ പ്രണയിച്ചവരുടെ കത്തുകളും ഫോട്ടോകളും ഭർത്താവിന്റെ മുമ്പിൽ വെച്ച് കത്തിച്ചു കളഞ്ഞു. “അതോരൊന്നും കിട്ടിയപ്പോഴേ ഞാൻ നിശ്ചയിച്ചതാണ്; ഇങ്ങനെ ഒരു ദിവസമേ നശിപ്പിക്കാവൂ എന്ന്, ആദ്യമേ ഞാൻ പറഞ്ഞില്ലേ., ഒരു സോകോൾഡ് പതിവ്രതയാണ് ഞാൻ”[78]. ഭർത്താവിന്റെ മുന്നിൽ തന്റെ പൂർവ്വ ചരിത്രം അനാവരണം ചെയ്തുകൊണ്ട് തന്റെ വിധേയത്വവും, പതിപ്രേമനിഷ്ഠയും അവൾ ഈ വിധം ഉറപ്പിച്ചു. പരമ്പരാഗതമായ പത്നി സങ്കല്പത്തിനിണങ്ങുന്ന മട്ടിൽ അവൾ സുചരിതയായി കഴിയവേ, ഭർത്താവിന്റെ അപഥ സഞ്ചാരത്തെക്കുറിച്ചറിയാൻ ഇടവരുന്നു. അയാളുടെ കോളേജിൽ പഠിക്കുന്നവളും, നർത്തകിയുമായ ഒരു പെൺകുട്ടിയോടുള്ള അയാളുടെ അടുപ്പം അവളെ അലോസരപ്പെടുത്തിയെങ്കിലും ഭർത്താവിനെ എതിർക്കാൻ അവൾക്ക് കഴിയുന്നില്ല. കാര്യം ഗ്രഹിച്ച അവളുടെ അച്ഛൻ മരുമകനെ നിലക്കുനിർത്താനായി മകളെ വീട്ടിലേക്ക് വിളിച്ചുകൊണ്ടുപോകാൻ ഉദ്യമിച്ചു. പക്ഷേ, കൂടെപോകാൻ പത്മിനി തയ്യാറായില്ല. “അച്ഛൻ ഒരാളിനെ ഏല്പിച്ചല്ലേ എന്നെ ഇങ്ങോട്ടയച്ചത്” എന്ന് ചോദിച്ചുകൊണ്ട് “അത്ര വലിയ ഫെമിനിസ്റ്റ് ഒന്നുമല്ല ഞാൻ. അദ്ദേഹത്തോട് പറയാതെ ഞാനെങ്ങനെ ഇറങ്ങിവരും”[79]. എന്ന് അവൾ തന്റെ അസ്വാതന്ത്ര്യത്തെ അംഗീകരിച്ചുകൊണ്ട് നിസ്സഹായത വെളിപ്പെടുത്തി. തന്നെ കിട്ടിയില്ലെങ്കിൽ ചത്തുപോവുമെന്ന് ഒരിക്കൽ പറഞ്ഞ ഭർത്താവിപ്പോൾ മറ്റൊരുവളുടെ ആകർഷണവലയത്തിൽപ്പെട്ട് തന്നെ ഒഴിവാക്കാനാകാത്ത വിഷമത്തിലാണെന്ന് അവൾക്ക് തോന്നി. പഴയതുപോലെ പാർക്കിൽ ചുറ്റിക്കറങ്ങാനുള്ള സ്വാതന്ത്ര്യംപോലും നഷ്ടപ്പെടുത്തിയ വിവാഹജീവിതത്തിൽ നിന്നും ആത്മഹത്യയിലൂടെ രക്ഷ നേടാൻ അവൾ തീരുമാനിച്ചു. അപ്പോഴേക്കും കോളേജ് നർത്തകി മറ്റൊരു കാമുകനെ രജിസ്റ്റർ വിവാഹം കഴിച്ച് അയാളുടെ കൂടെ മധുവിധുവിനുപോയ വാർത്ത ദിവാകരൻ നായർ അറിഞ്ഞു. തന്റെ പ്രേമത്തിന്റെ അപ്രതീക്ഷിതമായ പരിണാമത്തിൽ വിഷമം തോന്നിയെങ്കിലും, നിരാശപ്പെടാതെ അയാൾ തന്റെ നിലപാട് ന്യായീകരിക്കാൻ തിടുക്കപ്പെട്ടുകൊണ്ട് ഇങ്ങനെ ചിന്തിക്കുന്നു :– “വീട്ടിലല്ലാതെ മറ്റെവിടെ പോകാൻ? എന്തെല്ലാം അപരാധങ്ങളും വിഢിത്തങ്ങളും കാണിച്ചിട്ടും ഏതു നിലയിലും കേറിച്ചെന്നാൽ സ്നേഹപൂർവ്വം സ്വീകരിക്കാൻ

മറ്റാരാണുള്ളത്?"[80]  പഴയ പത്നീ പ്രേമത്തെ ഒന്ന് പൊടിതട്ടിയെടുത്ത്, ഭർത്താവിന്റെ അധികാരത്തോടെ അയാൾ ഭാര്യയുടെ അടുത്തേക്ക് പോയി. ആത്മഹത്യാ ശ്രമം പരാജയപ്പെട്ടതു മൂലം പരിപൂർണ്ണ വിധേയയായി ഭർത്താവിന്റെ അധികാരവലയത്തിലേക്ക് പൂർവ്വാധികം പ്രേമത്തോടെ കടന്നുചെല്ലാൻ പുനർജന്മം സിദ്ധിച്ച പത്മിനി തയ്യാറായി. കുലീനയും, ബുദ്ധിയുള്ളവളുമായിട്ടും സ്ത്രീ സർവ്വം സഹയായിരിക്കുക എന്നതാണ് ദാമ്പത്യ ബന്ധത്തിന്റെ കെട്ടുറപ്പിന് ആവശ്യം എന്ന അധീശസംസ്ക്കാരത്തിന്റെ വിശ്വാസ പ്രമാണത്തെ അപഹസിക്കുന്നു ഈ കഥ.

**45. തറവാട്ടാചാരം (1948)**

അധീശസംസ്ക്കാരത്തിനും, തറവാട്ടാചാരത്തിനും കീഴ്പ്പെട്ടു കുടുംബത്തിൽ ജീവിക്കുവാൻ കടപ്പെട്ടവളാണ് സ്ത്രീ; അതിനപ്പുറം സ്വാതന്ത്ര്യം ആഗ്രഹിക്കുവാൻ പോലും പാടില്ലെന്ന വ്യവസ്ഥാപിത നിയമത്തിനു അടിമപ്പെടേണ്ടി വന്നവളാണ് ഈ കഥയിലെ നായിക കമലിനി. നഗരത്തിൽപോയി പഠിക്കുവാൻ സാധിച്ച അവൾക്ക് സ്നേഹിച്ച പുരുഷനെ വിവാഹം കഴിക്കാനുള്ള സ്വാതന്ത്ര്യം നിഷേധിക്ക മാത്രമല്ല വീട്ടുകാർ ചെയ്തത്; അവൾക്ക് പൊരുത്തപ്പെടാനാവാത്ത ഒരാളുമായി വിവാഹ ബന്ധം ഉറപ്പിച്ചുകൊണ്ട് തറവാട്ടാചാരത്തെ നിലനിർത്താൻ അവർ തീരുമാനിക്കുകയും ചെയ്തു. 'താത്താ' എന്നവൾ വിളിച്ചിരുന്ന, പിതൃതുല്യനായി കരുതിയിരുന്ന, അമ്മയുടെ മുറച്ചെറുക്കനായിരുന്ന ആളെയാണ് ഭാവി വരനായി വീട്ടുകാർ നിശ്ചയിച്ചിരുന്നത്. തറവാട്ട് നടപ്പനുസരിച്ച് അവളുടെ അമ്മയുടെ ഭർത്താവാകേണ്ടിയിരുന്ന അയാൾക്ക്, അമ്മയേക്കാൾ ഇളപ്പമായതുകൊണ്ട് അവരുടെ വിവാഹം നടന്നില്ല. പകരം മകളിലൂടെ ആ ആചാരം നിലനിർത്താൻ ശ്രമിക്കുകയാണ് വീട്ടുകാർ. അതറിഞ്ഞ കമലിനി, തന്നോട് ചോദിക്കാതെയോ തന്റെ വിവാഹം എന്ന് പ്രതിഷേധിച്ചപ്പോൾ അമ്മൂമ്മ പറയുന്നത് ആ പരിഷക്കാരം ഈ തറവാട്ടിലുണ്ടായിട്ടില്ല, ഉണ്ടാവുകയും വേണ്ട എന്നാണ്. സ്ത്രീക്ക് സ്വന്തം വീട്ടിൽ പോലും സ്വാതന്ത്ര്യം നിഷേധിക്കുകയും പിത്രാധികാരം അവളെ വിവാഹത്തിലൂടെ ഭർത്താവിന്റെ അധികാരത്തിലേക്ക് കൈമാറുകയും അങ്ങിനെ ഗാർഹികാടിമത്തത്തിനു വിധിക്കപ്പെടുകയും ചെയ്യുന്ന വ്യവസ്ഥിതിയിൽ സ്ത്രീയുടെ ജീവിതത്തിന്റെ പരിതാപകരമായ അവസ്ഥയാണ് ഈ കഥ ഉന്മീലനം ചെയ്യുന്നത്.

**45. പെൺബുദ്ധി (1948)**

ബുദ്ധിമതികളായ വിലാസിനിയും, വിജയലക്ഷ്മിയും ഒരേ അഭിപ്രായം വെച്ച് പുലർത്തുന്ന കൂട്ടുകാരികളായിരുന്നു. പിന്നീട് വിവാഹിതയായ വിജയലക്ഷ്മി ഒരിക്കൽ തന്റെ മാനസിക സംഘർഷത്തെ അവിവാഹിതയായ വിലാസിനിയുമായി പങ്കുവെക്കുന്നു. വൈവാഹിക ജീവിതം സ്ത്രീയുടെ ധീഷണാപരമായ കഴിവുകളെ മുരടിപ്പിക്കുകയും, അവളെ ആത്മബോധമില്ലാത്തവളാക്കി അധഃപതിപ്പിക്കുകയുമാണ് ചെയ്യുക എന്ന് അവൾ സ്വജീവിതാനുഭവത്തെ മുൻ നിർത്തി വെളിപ്പെടുത്തുന്നു. പഠിക്കുന്ന കാലത്ത് പരീക്ഷ കൾക്ക് ഒന്നാമതായി ജയിച്ചുകൊണ്ടിരുന്ന അതിബുദ്ധിമതിയായിരുന്ന വിജയലക്ഷ്മി ഇപ്പോൾ ഇങ്ങനെ പറയുന്നു: "ഇംഗ്ലീഷിൽ ennui എന്നൊരു വാക്കില്ലേ? അതിന്റെ അർത്ഥം ഞാൻ അനുഭവിച്ചറിയുകയാണ്. എപ്പോഴും ഒരു മാതിരി തളർച്ച – ശരീരത്തിന്റെയല്ല, ബുദ്ധിയുടെ ഒന്നാമതായി ജയിച്ചതിനെനിക്കു കിട്ടിയ സ്വർണ്ണമെഡൽ കുഞ്ഞുങ്ങൾക്ക് മരുന്നരച്ചുകൊടുക്കാനുപയോഗപ്പെട്ടു; പക്ഷേ ഒന്നാമതായി ജയിക്കാനിടയാക്കിയ ബുദ്ധി ശക്തി ഒരു പ്രയോജനവുമില്ലാതെ തുരുമ്പെടുത്തു പോകുന്നു. പുരുഷന്മാർക്കാണെങ്കിൽ അവസാനം വരെ തലച്ചോർ കൊണ്ട് ആവശ്യമുണ്ട്. ഉപജീവനത്തിനും, ഉയരാനും, ഇത്തി ളാകാൻ ജനിച്ച സ്ത്രീക്ക് അതിബുദ്ധി ഒരു ശാപമാണ്"[81].

കുടുംബവും, ചുമതലകളും സാമുദായികാചാരങ്ങളും ഒക്കെയായി കെട്ടിപ്പിണ ഞ്ഞുകിടക്കുകയാണ് സ്ത്രീയുടെ ജീവിതം. വ്യവസ്ഥയിൽ അവൾക്ക് സ്വന്തം നില യിൽ ഉയരാനുള്ള അവസരം നിഷേധിച്ചു കൊണ്ട് അധീശ സംസ്ക്കാരം അവളെ സ്ഥാപ നവൽക്കരിക്കപ്പെട്ട ബന്ധങ്ങളിൽ കുരുക്കിയിടുന്നു. വീട്ടുവേല, പരദൂഷണം, വേഷാല ങ്കാരം തുടങ്ങി ബുദ്ധിവ്യാപാരം ആവശ്യമില്ലാത്ത കർമ്മങ്ങളിൽ വ്യാപൃതയാവാൻ, അങ്ങിനെ അവൾ വിധിക്കപ്പെടുന്നു. തലച്ചോറുള്ള സ്ത്രീ നിയമമല്ല, അപവാദമാണ് എന്ന അവസ്ഥയിലേക്ക് ബുദ്ധി മുരടിച്ചുപോയ വിജയലക്ഷ്മിയെപ്പോലുള്ള, സ്വത്വാവ ബോധമുള്ള സ്ത്രീയുടെ അധഃപതനമാണ് വിവാഹത്തിലൂടെ സംഭവിക്കുന്നത്. തന്മൂലം കുടുംബാന്തരീക്ഷത്തിൽ ഉപയോഗശൂന്യമാക്കപ്പെട്ട സ്ത്രൈണവ്യക്തിത്വത്തിന്റെ അന്തഃസംഘർഷം അവൾ പേറുന്നു.

**47. കർത്തവ്യത്തിന്റെ മുന്നിൽ (1949)**

രോഗാവസ്ഥയിൽ നിന്നും തന്നെ ചികിത്സിച്ചു രക്ഷപ്പെടുത്തിയ ഡോക്ടർ റിനിയോട് വിവാഹാഭ്യർഥന നടത്തുന്ന കഥാനായകന് വ്യക്തമായൊരു ഉദ്ദേശ്യം തന്നെയുണ്ട്. തനിക്ക് പുതിയ ജീവിതം തന്നതിനുപകരം റിനിക്ക് പുതിയ ഒരു ജീവിതം നല്കാൻ അയാൾ തയ്യാറായിരുന്നു. എന്നാൽ വിവാഹത്തിൽ താല്പര്യമില്ലാത്ത അവളെ, സ്ത്രീത്വത്തിന്റെ, ജീവനാഡിയായ മാതൃത്വത്തെക്കുറിച്ച് പറഞ്ഞും ആസക്തി പൂണ്ട നോട്ടത്തിലൂടെയും, അഭ്യർഥനയാലും വശപ്പെടുത്തുവാൻ അയാൾ ശ്രമിച്ചെങ്കിലും അവൾ വഴങ്ങുന്നില്ല. "മൃദുലവികാരത്താൽ ദുർബ്ബലയായ ഒരു മനുഷ്യ സ്ത്രീക്ക് മുമ്പിലല്ല, കർത്തവ്യബോധത്താൽ കല്ലായ പ്രതിമയ്ക്ക് മുമ്പിലാണ് താൻ നില്ക്കുന്നതെന്ന് അയാൾക്ക് തോന്നി"[82].

വിവാഹമെന്ന സ്ഥാപനത്തിനെതിരെ റിനി മുഖം തിരിച്ചു നില്ക്കുന്നതു പ്രധാനമായും, സ്ത്രീയുടെ ബുദ്ധിശക്തിയേയോ, വ്യക്തിത്വത്തേയോ, ആദർശത്തെയോ അംഗീകരിക്കുന്ന കീഴ്വഴക്കം അതിനില്ല എന്നതുകൊണ്ടാണ്. മാത്രമല്ല, പുരുഷന്റെ, പ്രേമം പോലും അത്തരം സ്ത്രീ ഗുണങ്ങൾക്ക് യാതൊരു പരിഗണനയും കല്പിച്ചുകൊണ്ടുള്ളതല്ലെന്നും, വിവാഹാഭ്യർഥനയുമായി മുന്നിൽ നിൽക്കുന്ന നായകന്റെ മനോഭാവവും അത്തരത്തിലുള്ളതാണെന്നും റിനി മനസ്സിലാക്കുന്നുണ്ട്. 'പെൺബുദ്ധി' എന്ന കഥയക്ക് ഒരനുബന്ധമായി ഈ കഥ ചേർത്തുവായിക്കാവുന്നതാണ്. വിവാഹത്തോടെ മുരടിച്ചുപോയ ബുദ്ധിവൈഭവത്തെക്കുറിച്ച് ഖേദിക്കുന്നവളാണല്ലോ 'പെൺബുദ്ധി'യിലെ വിജയലക്ഷ്മി. സ്വാനുഭവത്തിലൂടെയല്ലെങ്കിലും ഈ പാഠം ഗ്രഹിച്ചവളാണ് റിനി. ദാമ്പത്യം, കുടുംബം തുടങ്ങിയ ഇടങ്ങളിൽ മാത്രമൊതുങ്ങുന്ന സ്ത്രീ ജീവിതത്തെ അടിസ്ഥാനപ്പെടുത്തി, വ്യവസ്ഥയിൽ നിർവ്വചിക്കപ്പെട്ട സ്ത്രീ സങ്കല്പത്തിന് ബദലായി മറ്റൊരു സ്ത്രൈണ സങ്കല്പം കണ്ടെത്തുക എന്നതാണ് റിനിയിലൂടെ സരസ്വതിയമ്മ സാധിച്ചിരിക്കുന്നത്. വേറിട്ട ഈ സ്ത്രൈണ ഭാവമാണ് 'ചോലമരങ്ങളി' ലെ ലില്ലിക്കുട്ടിയിലും, 'വിലക്കപ്പെട്ട വഴി'യിലെ വിശാലാക്ഷിയിലും പ്രകടമാവുന്നത്.

**48. ബഹുമാനപ്പെട്ട അമ്മ (1950)**

ബി.എ. ബിരുദത്തിന് 'ബഹുമാനപ്പെട്ട അമ്മ' എന്ന പുതിയൊരു നിർവ്വചനം ചമച്ച് കുടുംബപ്രാരാബ്ധങ്ങളാൽ ബുദ്ധിമുട്ടുന്ന ബിരുദധാരിണികളുടെ ദയനീയാവസ്ഥ വ്യക്തമാക്കുന്നതാണ് ഈ കഥ. സ്വാശ്രയബോധത്തിൽ കെട്ടിപ്പെടുത്ത സുരക്ഷിതത്വമാണ്

പെൺകുട്ടികൾക്ക് ഉത്തമമെന്ന് തീർച്ചപ്പെടുത്തി, അച്ഛനമ്മമാർ സുഭദ്രയെ പഠിപ്പിച്ച് ഉദ്യോഗസ്ഥയാക്കി; മൂത്ത രണ്ടുചേച്ചിമാർ ജോലിയില്ലാത്തവരായിരുന്നതിനാൽ ഭർത്താക്കന്മാരുടെ ചൊല്പടിക്ക് വഴങ്ങി അവർക്ക് ജീവിക്കേണ്ടി വന്നു. ഇടുങ്ങിയ ദാമ്പത്യത്തിൽ ചെന്നടയേണ്ട ഊടുവഴിയായല്ല വിശാലമായ വിശ്വത്തിലേക്കിറങ്ങാനുള്ള രാജപാതയായിട്ടാണ് സുഭദ്ര വിദ്യാഭ്യാസത്തെ വിഭാവനം ചെയ്തത്; പതിനായിരം ജന്മം ജനിച്ചാലും പെണ്ണായിപ്പിറക്കരുതെന്ന മറ്റ് സ്ത്രീകളുടെ പരിദേവനങ്ങൾക്കിടയിലും ആത്മാഭിമാനത്തോടെ അവൾ ജീവിച്ചു. പഠിച്ചെന്ന് വെച്ച് പെണ്ണ് പെണ്ണല്ലാതാവുമോ, ജന്മാവാസനകളെ ചവിട്ടിത്തേച്ചു കളയാനാവുമോ എന്നിങ്ങനെയുള്ള വ്യവസ്ഥയുടെ ശല്യപ്പെടുത്തലുകളെ വകവെക്കാതെയും, കൂട്ടുകാരികളെല്ലാം വിവാഹിതരായിട്ടും, വിവാഹത്തിൽ താല്പര്യം തോന്നാതെയും അവൾ ജീവിതം നയിച്ചു. അദ്ധ്യാപിക വൃത്തിയിലൂടെ അവൾ ജീവിതത്തിൽ സമാധാനവും, സംതൃപ്തിയും, സന്തുഷ്ടിയും കണ്ടെത്തി. പക്ഷേ, ആ ജീവിതം അധികം നീണ്ടുനിന്നില്ല. അവിവാഹിതരായ ഉദ്യോഗസ്ഥകളെ സംശയത്തോടെയും, തെറ്റിദ്ധാരണയോടെയും വീക്ഷിക്കുന്ന സാമൂഹിക പരിസരത്തിൽ അവരുടെ രക്ഷയായി പരിഗണിക്കപ്പെടുന്ന വിവാഹമെന്ന സ്ഥാപനത്തിൽ ഒടുവിൽ അവൾക്കും അഭയം തേടേണ്ടി വന്നു. കുടുംബിനിയായതോടെ, അതുവരെ അനുഭവിച്ചുവന്ന സംതൃപ്തിയും, സന്തുഷ്ടിയും അവൾക്ക് നഷ്ടപ്പെട്ടു. കുടുംബത്തിനു വരുമാനമുണ്ടാക്കുന്ന ജോലി, ഭാര്യയെന്ന നിലയിലുള്ള ജോലി, അമ്മയായതിന്റെ ജോലി ഇങ്ങനെ 'ഇരിയും ശരണവുമില്ലാതെ' രാപ്പകൽ ജോലി ചെയ്തു തളർന്ന അവൾ കൂട്ടുകാരിയോട് തന്റെ ദയനീയാവസ്ഥയെക്കുറിച്ചു പരിതപിച്ചു. ഭൂതകാലത്തിന്റെ മധുരസ്മരണകളുടേയും, വിഫലമായിപ്പോയ നിശ്ചയങ്ങളുടേയും വിഷാദച്ഛായ കലർന്ന കണ്ണുകൾ തന്റെ പേരിന് അരികെ ചേർത്തിരുന്ന ബി.എ. ബിരുദത്തിലെ രണ്ടക്ഷരം നോക്കി അവയുടെ പുതിയ നിർവ്വചനമോർത്ത് കണ്ണീരൊഴുക്കി. ഉദ്യോഗസ്ഥകളായ കുടുംബിനികളുടെ ജീവിതത്തെ സങ്കീർണ്ണമാക്കുന്ന പരമ്പരാഗതമായ കുടുംബവ്യവസ്ഥിതി തിരുത്തപ്പെടേണ്ടതാണെന്ന ധ്വനി ഈ കഥയിൽ അന്തർഗതമായിട്ടുണ്ട്.

**49. ആദർശവും ജീവിതവും (1950)**

സുചരിതയും സുന്ദരിയുമായ കനകപ്രഭയെ കുട്ടിക്കാലം മുതലെ പരിചയമുള്ള നായകൻ അവളുടെ ഏട്ടന്റെ കളിക്കൂട്ടുകാരൻ കൂടിയായിരുന്നു. കനകപ്രഭയോട് മതി

പ്പുകലർന്ന സ്നേഹമാണ് എന്നും അയാൾക്കുണ്ടായിരുന്നത്. അവൾ കൗമാരപ്രായത്തിൽ എത്തിയിട്ടും അയാൾക്ക് അവളോട് മറ്റ് വികാരമൊന്നും തോന്നിയില്ല. കാമുകക്കൂട്ടങ്ങളെ മുഴുവൻ അവഗണിച്ച കൗമാര നിഷ്ക്കളങ്കതയും, ഭർത്താവിന്റെ പേരു പോലും ഉച്ചരിക്കാത്ത അവളുടെ സതിത്വവും ചേർന്ന അവൾ തികഞ്ഞ ആദർശവതിയാണെന്ന് അയാൾ ധരിച്ചുപോന്നു. പിൽക്കാലത്ത് സുഹൃത്തും, കനകപ്രഭയുടെ ഭർതൃബന്ധുവും ആയ ഒരാളിൽ നിന്ന് അവളുടെ അസംതൃപ്തമായ ദാമ്പത്യജീവിതത്തെക്കുറിച്ച് അയാൾ അറിയാനിടയായി "കോപിക്കലും, കൊഞ്ചിക്കലും, കളിയും ചിരിയുമൊന്നുമില്ലാത്ത മനുഷ്യൻ എല്ലാത്തരത്തിലും നല്ലതാണ്; പക്ഷെ, ഭർത്താവാകാൻ മാത്രം പറ്റിയ ആളല്ല"[83] എന്നു കനകപ്രഭയുടെ അരസികനായ ഭർത്താവിനെക്കുറിച്ച് സുഹൃത്തു പറഞ്ഞു. എങ്കിലും പരിശുദ്ധിയുടെ പരിവേഷത്തോടെ ജീവിച്ച ആ കന്യക, ഭർത്താവിന്റെ പേര് പോലും ഉച്ചരിക്കാത്ത പതിവ്രത, ഇന്ന് അവിഹിതബന്ധത്താൽ ദുഷിച്ചുപൊയെന്ന അറിവ് വലിയൊരു നഷ്ടബോധം നായകനിൽ ഉളവാക്കി. നന്മ നിറഞ്ഞ ഒരു വസ്തു കാണുമ്പോൾ തോന്നുന്ന ആ ഉത്കൃഷ്ടമായ ആഹ്ലാദവും, ചാരിതാർഥ്യവുമാണ് വിവാഹിതയായ കനകപ്രഭയിലൂടെ അയാൾക്ക് നഷ്ടമായത്!

വൈവാഹിക ജീവിതത്തിലെ ചില പൊരുത്തക്കേടുകൾ പരമ്പരാഗതമായ നൈർമ്മല്യ ഗുണം തികഞ്ഞ ഒരു സാധ്വിയിൽ പോലും വരുത്തിയേക്കാവുന്ന കളങ്കമാണ് ഈ കഥയിൽ അനാവൃതമാകുന്നത്. ദമ്പതിമാർക്കുണ്ടായിരിക്കേണ്ട മന:പൊരുത്തത്തെ പരിഗണിക്കാത്ത വ്യവസ്ഥാപിത വിവാഹബന്ധത്തിന്റെ വൈകല്യമാണ്, ദാമ്പത്യമെന്ന തടവറയിൽപ്പെട്ട് കളങ്കപ്പെട്ട കനകപ്രഭയുടെ ജീവിതം വ്യക്തമാക്കുന്നത്.

**50. ദ്രോഹത്തിന്റെ ഫലം ചെയ്ത സ്നേഹം (1958)**

ഉദ്യോഗസ്ഥയായ കുടുംബിനിയുടെ പ്രശ്നം തന്നെയാണ് ഈ കഥയിലെയും പ്രമേയം. ജനസംഖ്യയിൽ പെണ്ണുങ്ങളുടെ എണ്ണം കൂടി നില്ക്കുന്നതിനാൽ 'ആൺപിറവിയാകുന്നന്നതിൽ' ക്കവിഞ്ഞ് ഭർത്താവിന് മറ്റു യോഗ്യതയൊന്നും വേണ്ടെന്ന് വിശ്വസിക്കുന്ന ഒരാളാണ് നായികയുടെ ഭർത്താവ്. വിദ്യാഭ്യാസമോ സ്വന്തമായ ഉപജീവനമാർഗ്ഗമോ ഇല്ലാത്ത അയാൾക്ക് ഭാര്യ പണം സമ്പാദിക്കാനുള്ള ഒരു യന്ത്രം മാത്രം "ഉടമസ്ഥന് ആദായമുണ്ടാക്കിക്കൊടുക്കുന്നു എന്ന കാരണത്താൽ പശുവിന് ഏത് വീട്ടിലെങ്കിലും പരമാധികാരം കിട്ടാറുണ്ടോ"[84] എന്ന ന്യായത്തിൽ ശമ്പളക്കാരിയായ ഭാര്യയുടെ പരമാ

ധികാരിയായി അയാൾ കുടുംബത്തിൽ വാഴുന്നു. ആ വീട്ടിൽ അവളോട് ആദരവും ബഹുമാനവും വെച്ചുപുലർത്തുന്ന ഒരേയൊരാൾ ഭർത്താവിന്റെ അനുജനാണ്. അക്ഷര വിഹീനരായ തന്റെ വീട്ടുകാർക്കിടയിൽ പഠിപ്പും ഉദ്യോഗവുമുള്ള ഒരംഗം എന്ന നില യിൽ ഏടത്തിയമ്മയെ അയാൾ പരിഗണിച്ചു. എങ്കിലും ഏടത്തിയമ്മയക്ക് കാലിൽ ചെരിപ്പില്ലാത്തതു ഒരു ന്യൂനതയായി അയാൾ കണ്ടു. ഒരു ജോഡി ചെരിപ്പ് വാങ്ങിച്ച് കൊടുത്ത് ഏടത്തിയമ്മയെ ഒന്ന് പരിഷ്ക്കാരിയാക്കാൻ ശ്രമിച്ചത് ദ്രോഹത്തിന്റെ ഫലം ചെയ്ത സ്നേഹമായാണ് പരിണമിച്ചത്. ചെരിപ്പിട്ട് ശീലമില്ലാത്ത അവളെ അത് ധർമ്മസ ങ്കടത്തിലാക്കി; പിറ്റേന്ന് അനുജന്റെ ആഗ്രഹപ്രകാരം ചെരിപ്പിട്ട് കൊണ്ട് ജോലിക്ക് വീട്ടിൽ നിന്നും ഇറങ്ങിയെങ്കിലും, പാതിവഴിയിൽ വെച്ച് ആരും കാണാതെ അവ ഊരിയെടുത്തു കുടയ്ക്കുള്ളിൽ നിക്ഷേപിക്കേണ്ടി വന്നു. വാക്കിൽ മാത്രം പുരുഷത്വം പ്രഖ്യാപിച്ചു കൊണ്ട് ഭർതൃത്വം നിറവേറ്റുന്ന ഭർത്താവിൽനിന്നും കിട്ടാത്ത പരിഗണന അനുജനിൽ നിന്നും കിട്ടിയ അവൾക്ക്, അയാളുടെ നിസ്വാർത്ഥമായ സ്നേഹം നിസ്സാരമാക്കിത്തള്ളാനും കഴിഞ്ഞില്ല.

**51. അന്തിക്കൂട്ട് (1951)**

പുരുഷാധിപത്യ വ്യവസ്ഥയിൽ പലപ്പോഴും അരക്ഷിതാവസ്ഥ നേരിടേണ്ടി വരുന്ന അവിവാഹിതകൾ എങ്ങിനെയെങ്കിലും ഒരാൺതുണ നേടാൻ നിർബന്ധിതരാവുന്നു. ഈ ശോചനീയാവസ്ഥയാണ് 'അന്തിക്കൂട്ട്' എന്ന കഥയിലെ പ്രമേയം. ചോര നീരാക്കി നേടിയ ചക്രം കൊടുത്ത് 'മുടിക്കു ചുറ്റിപ്പിടിക്കാനൊരാളെ നേടുക' എന്ന പീഡാനുഭവമാണ് പല പ്പോഴും വിവാഹജീവിതം സ്ത്രീക്ക് സമ്മാനിക്കുന്നത്. വിവാഹം സ്ത്രീക്ക് ഒരനിവാര്യ മായ പീഡനമായി മാറുന്നതിലെ നിസ്സഹായത ഈ കഥ വെളിപ്പെടുത്തുന്നു.

**52. മധുരപലഹാരം (1951)**

സുരേന്ദ്രനും, കാന്തിമതിയും പ്രണയിച്ച് വീട്ടുകാരുടെ ആശീർവാദത്തോടെ വിവാ ഹിതരായവരാണ്. വിവാഹത്തിനുശേഷം അഞ്ചാറുകൊല്ലത്തോളം ഒരു നിസ്സാര കാര്യ ത്തിനുപോലും അവർ തമ്മിൽ പിണങ്ങിയിട്ടില്ല. തല്ലിയല്ല, തലോടിവേണം സ്ത്രീയെ അനുസരിപ്പിക്കാൻ എന്നറിഞ്ഞു കൂടാത്ത പുരുഷൻ മൃഗതുല്യനാണെന്നാണ് അയാളുടെ

അഭിപ്രായം. തങ്ങളുടെ ഇടയിൽ അഭിപ്രായൈക്യം ജീവിതാവസാനം വരെ പുലരണ മെന്ന ആഗ്രഹമുള്ളവരായിരുന്നു ഇവർ. എന്നിട്ടും ഒരവസരത്തിൽ അയാൾക്ക് ഭാര്യയെ അടിക്കേണ്ടിവന്നു. നിരപരാധിയായ ഭാര്യയേയാണ് ഉദ്യോഗസംബന്ധമായുണ്ടായ പ്രശ്നം നിമിത്തം മനഃസ്വാസ്ഥ്യം നഷ്ടപ്പെട്ടപ്പോൾ അയാൾക്ക് പീഡിപ്പിക്കേണ്ടിവന്നത്. ഒടു വിൽ സ്നേഹപ്രകടനം കൊണ്ട് അവളുടെ മനോവിഷമം മാറ്റിയെടുക്കാൻ അയാൾക്ക് കഴിഞ്ഞു. "ആ സന്ദർഭത്തിൽ, തെറ്റുചെയ്തു ശിക്ഷിക്കപ്പെട്ട് നിലവിളിക്കുമ്പോൾ, സാന്ത്വ നമായി കൊച്ചുനാളിൽ കിട്ടാറുള്ള മധുരപലഹാരത്തെപ്പറ്റി കാന്തിമതി ഓർത്തിരിക്കുമോ ആവോ!"[85] എന്നൊരു നേർത്ത പരിഹാസം കഥാകാരി ഇവിടെ തൊടുത്തുവിടുന്നുണ്ട്.

സ്ത്രീയെ സംബന്ധിച്ചിടത്തോളം സ്നേഹം വല്ലാത്തൊരു മധുര പദാർത്ഥമാണ് എന്ന് പറഞ്ഞുകൊണ്ടാണ് ഈ കഥ തുടങ്ങുന്നതു തന്നെ. സ്നേഹപ്രകടനത്തിൽ മയക്കി, ഒരു മാസ്മര വിദ്യക്കാരനെപ്പോലെ പുരുഷന് സ്ത്രീയെ അനുസരിപ്പിക്കാം. ആ മയക്ക ത്തിൽ നിന്ന് അവളുടെ ചേതനയെ ഉണർത്താൻ അവളുടെ ബുദ്ധിക്കും, വിവേകത്തിനും അവസരം കൊടുക്കാതെ ശ്രദ്ധിച്ചാൽ മതി. സ്ത്രീയുടെ ബുദ്ധിയും, വിവേകവും ദാമ്പ ത്യത്തിൽ ഭീഷണിയാവുമെന്ന ധ്വനി ഇതിലുണ്ട്. ദാമ്പത്യജീവിതത്തിന്റെ ഭദ്രത പുരുഷാ ധികാരത്തിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ആ അധികാരം, വ്യക്തിയെന്ന നിലയിൽ സ്ത്രീക്ക് യാതൊരു പദവിയും കല്പിക്കുന്നില്ല. സ്നേഹപ്രകടനത്തിൽ മയക്കിയെടു ത്തോ, അടിമയെപ്പോലെ തല്ലിയൊതുക്കിയോ, ചിന്താസ്വാതന്ത്ര്യത്തിന് ഇടം നൽകാതെ അവളിലെ വിധേയത്വത്തെ പോഷിപ്പിക്കാനാണ് അധീശസംസ്ക്കാരം എപ്പോഴും മുതിരു ന്നത്. സ്വന്തം അവസ്ഥയെ തിരിച്ചറിയാനോ, പുരുഷന്റെ ആധിപത്യപ്രവണതയിൽ നിന്ന് രക്ഷനേടാനോ ശ്രമിക്കാത്ത സ്ത്രീയുടെ ദുർബലമായ വ്യക്തിത്വത്തെ കാന്തിമതിയുടെ വിധേയത്വത്തിലൂടെ കഥാകാരി വ്യക്തമാക്കുന്നു.

### 53. തെറ്റും ശരിയും (1951)

സതീത്വം ആചരിച്ചുകൊണ്ട് ഭർതൃഗൃഹത്തിൽ തന്നെ വിധവയായി ജീവിച്ച സാധു ശീലയാണ് വിജയം. വിവാഹതല്പരയല്ലായിരുന്ന അവളെ അച്ഛനമ്മമാർ നിർബന്ധി ച്ചാണ് വിവാഹം കഴിപ്പിച്ചത്. എന്നാൽ ഒരാഴ്ച കഴിഞ്ഞപ്പോഴേക്കും ദാമ്പത്യജീവിത ത്തിൽ അവൾ പൂർണ്ണമായും ലയിച്ചു ചേർന്നു. "ഒന്നുകിൽ തീരെ വേണ്ടെന്നു വെക്കുക, അല്ലെങ്കിൽ ആകണ്ഠം മുഴുകുക–യുക്തിയല്ല, വികാരമാണ് അവളെ ഭരിച്ചിരുന്നത്"[86].

വികാരലോലുപയായ അവൾ പതിനഞ്ച് ദിവസം മാത്രം നീണ്ടു നിന്ന ദാമ്പത്യത്തിൽ, ഇരുപതു വർഷത്തെ 'കന്യാകാലം' വിസ്മൃതമായപോലെ, ഭർതൃഗൃഹത്തിൽ തന്നെ തന്റെ കുഞ്ഞിനോടൊത്ത് ജീവിച്ചു. ഇക്കാലത്താണ് അവളുടെ ഭർത്താവിന്റെ തനിപ്പകർപ്പായ, അയാളുടെ അനന്തിരവൻ കടന്നുവരുന്നത്. അമ്മായിയമ്മയുടെ സഹകരണത്തോടെ തന്നെ പ്രഭാകരൻ അവളെ വീണ്ടും വിവാഹജീവിതത്തിലേക്ക് ക്ഷണിച്ചു. അതു സ്വീക രിക്കാനാവാതെ, അവൾ വിവശയായിപ്പോയി. അയാളെ കാണുമ്പോഴും, ആ ശബ്ദം കേൾക്കുമ്പോഴും എല്ലാം വിജയത്തിന്റെ ഉള്ളിൽ വൈവശ്യത്തിന്റെ പിരിമുറുക്കമാണ് ഉണ്ടായിക്കൊണ്ടിരുന്നതെന്ന് കഥയിൽ പലവട്ടം സൂചിപ്പിക്കുന്നുണ്ട്. പരമ്പരാഗതമായ സദാചാരസങ്കല്പവും, ധാർമ്മികബോധവുമാണ് അവളെ ഈയൊരു പ്രതിസന്ധിയിൽകൊ ണ്ടെത്തിച്ചത്. പ്രകടമായി യാതൊരു ദൗർബല്യത്തിനും കീഴടങ്ങിയിട്ടില്ലെങ്കിലും, മന സ്സിന്റെ ഉലച്ചിൽ പോലും സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഒരു ഭീമമായ പാപമല്ലേ എന്ന് കരുതുന്ന അവളെ നയിക്കുന്നതു ചിന്താശക്തിയല്ല, വൈകാരികദൗർബല്യങ്ങളാ ണ്. സദാചാരവ്യവസ്ഥിതിയിൽ, സ്ത്രീയുടെ ചാരിത്രത്തിന് അമിതമായ പ്രാധാന്യം കല്പി ക്കുന്നത് അവളെ നിയന്ത്രിക്കാനും, പാപഭീതിയുളവാക്കി അവളെ ദുർബ്ബലയാക്കാനും ആണ്. ഈ സദാചാരബോധമാണ് മനസ്സിന്റെ ഉലച്ചിൽ പോലും ഭീമമായ പാപമാണ് എന്ന വേവലാതി അവളിൽ ഉളവാക്കുന്നത്. ആചാരങ്ങൾ മനുഷ്യരുണ്ടാക്കിയതാണ് എന്ന് പറഞ്ഞുകൊണ്ട്, പരമ്പരാഗതമായ സദാചാരവ്യവസ്ഥയുടെ അർത്ഥശൂന്യതയെ ക്കുറിച്ച് അവളെ ബോധ്യപ്പെടുത്താൻ പ്രഭാകരൻ ശ്രമിച്ചു. എന്നിട്ടും പരമ്പരാഗതമായ ധാർമ്മികബോധത്തിന്റെ പിടിവള്ളിയിൽ മുറുകെ പിടിച്ച അവൾ പ്രലോഭനത്തിലേക്ക് വഴുതി വീണില്ല. പ്രഭാകരന്റെ വിവാഹാഭ്യർത്ഥന നിരാകരിച്ചുകൊണ്ട് അവൾ സ്വന്തം വീട്ടിലേക്ക് തിരിച്ചുപോയി.

ഭർതൃഗൃഹത്തിൽനിന്നും ജന്മ ഗൃഹത്തിലേക്ക് താമസം മാറ്റാൻ നിശ്ചയിച്ച വിജയം അമ്മായിയമ്മയോടൊത്തു സ്വഗൃഹത്തിൽ കയറിച്ചെല്ലാൻ മടിച്ചു. അതിനാൽ അവൾ പ്രഭാകരന്റെ സഹായം തേടി "പെണ്ണുങ്ങൾ തനിയെ ചെന്നാൽ എന്റെ അമ്മക്കിഷ്ടമാക യില്ല, അത്ര മാമൂലുകാരാണ് ഞങ്ങൾ, അതുകൊണ്ട് ഞങ്ങളുടെ കൂടെ ഒന്ന് വരൂ"[87] എന്ന് പറഞ്ഞുകൊണ്ട്, ഭർത്താവിന്റെ അനന്തിരവനെ കൂട്ടുവിളിക്കുന്ന വിജയം, 'സ്വാതന്ത്ര്യവാ ദക്കാരി'യിലെ വിലാസിനിയിൽ നിന്നും എത്രയോ അകലെ നില്ക്കുന്നവളാണ്. സ്ത്രീയുടെ ഒറ്റയ്ക്കുള്ള സഞ്ചാരസ്വാതന്ത്ര്യത്തെ അംഗീകരിക്കാത്ത വ്യവസ്ഥയുടെ നേരെ

അമർഷം കൊള്ളുന്നവളാണല്ലോ വിലാസിനി. സരസ്വതിയമ്മയുടെ മറ്റ് സ്ത്രീകഥാപാത്രങ്ങളിൽനിന്നും വ്യത്യസ്തയാണ് വിജയം. ഇവൾ പരമ്പരാഗതമായ മൂല്യബോധത്തെ അനുസരിക്കുന്നവളാണ്. അതുകൊണ്ടാണ് അവൾ പുനർവിവാഹത്തിന് തയ്യാറാവാത്തത്. ഏതു വിശ്വാസപ്രമാണത്തിന്റെ പേരിലായാലും ശരി, സരസ്വതിയമ്മയുടെ സ്ത്രീ കഥാപാത്രങ്ങൾ അവസാന തീരുമാനമായി കൈക്കൊള്ളുന്നത് വിവാഹനിഷേധത്തെത്തന്നെയാണ്.

**54. ചിലരങ്ങനെയാണ് (1953)**

ആർക്കും എന്തു സഹായവും ചെയ്യുന്നതിനു തയ്യാറായി തന്റെ ജീവിതം മറ്റുള്ളവർക്കുവേണ്ടി ഉഴിഞ്ഞുവെക്കുന്നതിൽ സന്തോഷവും, സംതൃപ്തിയും കണ്ടെത്തുന്ന ഒരു കഥാപാത്രമാണ് ഇതിലെ വിശ്വംഭരൻ. സൗഹൃദബന്ധങ്ങളുടെ ഒരു വലയം തന്നെ അയാൾക്ക് ചുറ്റുമുണ്ടായിരുന്നു. സ്ത്രീ വർഗ്ഗത്തിൽനിന്ന് എപ്പോഴും അകന്നുനിന്നിരുന്ന അയാൾ, വിവാഹം തന്റെ സ്വാതന്ത്ര്യവും മനഃസ്വാസ്ഥ്യവും നഷ്ടപ്പെടുത്തുമെന്ന് വിശ്വസിച്ചു. ഒടുവിൽ വീട്ടുകാരുടെ നിർബ്ബന്ധം മൂലം അയാൾ ഒരു വിവാഹബന്ധത്തിലകപ്പെട്ടു. വിവാഹിതനായ വിശ്വംഭരൻ പുതിയൊരു വ്യക്തിയായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. സുഹൃത്തുക്കളെയെല്ലാം അവഗണിച്ചു താനും, ഭാര്യയും മാത്രമുൾക്കൊള്ളുന്നതായി അയാളുടെ ലോകം സങ്കോചിച്ചു. "എല്ലാവർക്കും കൂടെ കൊടുത്ത സ്നേഹത്തിനും വാത്സല്യത്തിനും ഇനി ഈ സ്ത്രീ ഒരൊറ്റ അവകാശിയേയുള്ളൂ, സാരമില്ല, ഇത്രകാലവും മറ്റുള്ളവർക്ക് കിട്ടിയല്ലോ എന്ന് സമാധാനിച്ചാൽ മതി"[88] എന്ന് ഒരു സുഹൃത്ത് വിശ്വംഭരന്റെ സ്വഭാവത്തിൽ വന്ന മാറ്റത്തെക്കുറിച്ച് ആശ്വാസം കൊള്ളുന്നുണ്ട്. വിവാഹബന്ധത്തോടെ തന്റെ മറ്റ് സുഹൃദ് ബന്ധങ്ങളെയെല്ലാം അവഗണിക്കുന്ന വിശ്വംഭരന്റെ മനംമാറ്റം അയാളുടെ ആത്മഗൗരവമില്ലാത്ത ചപലസ്വഭാവമായിട്ടാണ് കണക്കാക്കേണ്ടത്. 'ചിലരങ്ങനെയാണ്' എന്ന കഥാനാമം സൂചിപ്പിക്കുന്ന നിസ്സംഗത തന്നെയാണ് കഥാകാരിക്കും തന്റെ കഥാപാത്രത്തോടുള്ളത് എന്ന് കരുതാം.

**55. പകലും രാവും (1953)**

വ്യക്തിത്വം സ്വയമാർജ്ജിക്കാനനുവദിക്കാത്ത, ഗൃഹാന്തരീക്ഷത്തിൽ വളർന്നതിന്റെ തിക്താനുഭവം പേറേണ്ടി വന്ന ഒരു കഥാപാത്രമാണ് ലീല. പുരാണവായന നിർബ്ബന്ധമാക്കുകയും, നോവൽ വായന 'അസന്മാർഗ്ഗത്തിന്റെ പേരിൽ നിരോധിക്കുകയും' ചെയ്തി

ട്ടുള്ള വീട്ടിൽ രക്ഷാകർത്താക്കൾ ഏല്പിച്ചുകൊടുക്കുന്നയാളെ പുരാണകഥകളിലെ പതിവ്രതകളായ സ്ത്രീകളെപ്പോലെ ഭർതൃരൂപത്തിലുള്ള ദൈവമായി കണക്കാക്കണം എന്ന പെരുമാറ്റച്ചട്ടമാണ് പുലർത്തുന്നത്. ചേച്ചിയുടെയും, ചേട്ടന്റെയും വാത്സല്യഭാജനമായി വളർന്ന ലീലയുടെ ജീവിതത്തിൽ ചേച്ചിയുടെ അനപത്യത ഒരു ശാപമായി വന്ന് പതിച്ചു. ഭാര്യയ്ക്കു കുട്ടികളുണ്ടാവില്ലെന്ന് വെച്ച് ഭർത്താവിന് കുട്ടികൾ വേണ്ടെന്ന് വെക്കാൻ പറ്റുമോ? അതുകൊണ്ട് ഭാര്യയുടെ അനുജത്തിയെ രണ്ടാം വിവാഹം കഴിച്ച് പുരുഷന്റെ അനപത്യതയ്ക്ക് പരിഹാരം കണ്ടെത്താൻ സാമ്പ്രദായിക കുടുംബവ്യവസ്ഥയിൽ വകുപ്പുണ്ട്. സന്താനോല്പാദനം പരമമായ ലക്ഷ്യമായി കാണുന്ന വ്യവസ്ഥാപിത വിവാഹരീതിയുടെ ധാർമ്മികമായ ചുമതല കൂടിയാണിത്. ആ ചുമതലാബോധം കൊണ്ട് നരകത്തീയിൽ സ്വയം ഹോമിക്കപ്പെടുന്ന അവസ്ഥയാണ് ലീലയ്ക്ക് ഉണ്ടായത്. "സ്വന്തം അമ്മയേക്കാൾ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ചേച്ചിയുടെ എതിരാളി; അച്ഛനേക്കാൾ ഭയപ്പെടുകയും, ബഹുമാനിക്കുകയും ചെയ്യുന്ന ചേട്ടന്റെ ശാരീരികാഭിലാഷപൂർത്തിക്കുള്ള ഉപകരണം. ഭർത്താവായി വരുന്ന ആ യുവസുന്ദരനു സമർപ്പിക്കാനായി താൻ സംഭരിച്ചു വെച്ച പ്രേമവും, പരിശുദ്ധിയും, തനിക്കു ബഹുമാന്യരായവരാൽ – തനിക്കു സദാചാരഭ്രംശം വരാതെ കാത്തുസൂക്ഷിച്ചവരാൽ – തന്നെ അപഹസിക്കപ്പെടുകയാണ്. സ്നേഹത്തിന്റെ സ്ഥാനത്തു വെറുപ്പും, ആവേശത്തിനു പകരം അറപ്പുമായിരിക്കും ഇനി തന്റെ ഹൃദയത്തിൽ. ഓ! ഓർക്കാൻ പോലും വയ്യാത്ത നരകം; തലയിൽ തീ കോരിയിടുന്ന മഹാപാപം"[89]. ഈ വിധം ചിന്തിക്കുന്ന അവൾക്ക് ചേച്ചിയുടെ നിർഭാഗ്യജീവിതത്തിൽ നിന്ന് ഭാഗ്യം കൊയ്തെടുത്തവളെന്ന മട്ടിൽ നാട്ടുകാരുടെ മുൻപിൽ പ്രത്യക്ഷപ്പെടുക എന്ന ദുസ്ഥിതിയും അഭിമുഖീകരിക്കേണ്ടി വന്നു. സ്വത്വാവബോധമില്ലാത്ത, സർവ്വംസഹയായ ഈ കുലീന നായികയെ ഒരു ദുരന്ത കഥാപാത്രമായിട്ടാണ് സരസ്വതിയമ്മ ചിത്രീകരിച്ചിരിക്കുന്നത്. "ധൈര്യവും, തന്റേടവും, പുരുഷന് അത്യാവശ്യങ്ങളായ ഗുണങ്ങളും, സ്ത്രീക്ക് തീരെ പാടില്ലാത്ത ദോഷങ്ങളും ആണെന്ന വിശ്വാസം അവളിൽ ഉറച്ചുപോയിരുന്നു. സഹനശക്തിയിലാണ് സ്ത്രീത്വത്തിന്റെ മഹത്വം സ്ഥിതിചെയ്യുന്നതെന്നും അവൾ വിശ്വസിച്ചിരുന്നു. ധിക്കാരി, അഹങ്കാരി എന്നൊന്നും അന്യരെക്കൊണ്ട് പറയിപ്പിക്കാതെ വേണം പെണ്ണുങ്ങൾ ജീവിക്കാൻ. തന്റെ ജീവിതത്തെ തകരാറാക്കുന്ന എന്തിനോടെങ്കിലും ഉഗ്രമായ പ്രതിഷേധം തോന്നിയാൽ കരയാം; ഏങ്ങിയേങ്ങി കരയാം, ശബ്ദം

വീട്ടിനു പുറത്തു കടക്കാതെ ശ്രദ്ധിക്കണമെന്നേയുള്ളൂ. അങ്ങനെയല്ലാത്ത സ്ത്രീകൾ സമുദായത്തിന്റെ കണ്ണിൽ ബഹിഷ്ക്കരിക്കപ്പെടേണ്ടവരാണ്"[90]. ആചാരസംബന്ധമായ വ്യവസ്ഥിതിക്കും കുടുംബബന്ധങ്ങൾക്കും ഇടയിൽപ്പെട്ട്, ബലിയാടാവേണ്ടി വന്ന, അശരണയായ ലീലയുടെ ഈ ചിന്തകൾ അനുവാചകർക്ക് അവളിൽ അനുതാപം ജനിപ്പിക്കുന്നു. അതേസമയം പരമ്പരാഗതമായ രീതിയിൽ സ്ത്രീ സ്വഭാവത്തെ ചിട്ടപ്പെടുത്തിയെടുക്കുന്ന കുടുംബത്തിന്റെയും, സമൂഹത്തിന്റെയും മൂല്യസങ്കല്പത്തോട് അമർഷം ജനിപ്പിക്കാനും ഈ കഥ പര്യാപ്തമാവുന്നുണ്ട്.

**56. മുടക്കു മുതൽ (1954)**

സ്ത്രീയുടെ ശരീരസൗന്ദര്യം വിവാഹക്കമ്പോളത്തിൽ വില്പനവസ്തുവാകുന്ന ദു:സ്ഥിതിയാണ് ഇതിൽ അനാവരണം ചെയ്യപ്പെടുന്നത്. 'രത്നം വിളയുന്ന ഭൂമി' എന്ന കഥയുമായി ബന്ധപ്പെടുത്താവുന്ന ഈ കഥയിലും വില്പനചരക്കാവുന്ന, സ്ത്രീയുടെ മനസ്സിനെപ്പറ്റി ഭർത്താവോ, രക്ഷിതാവോ ചിന്തിക്കുന്നില്ല. സമൂഹമാകട്ടെ, ഇത്തരം നിർഭാഗ്യവതികളോട് അനുതാപത്തോടൊപ്പം ആദരവും പ്രകടിപ്പിക്കുന്നു. അവർ പ്രതിഷേധം കേൾപ്പിക്കാതെ, സർവ്വംസഹകളായി നിലകൊള്ളുന്നുണ്ടല്ലോ!

**57. ചോലമരങ്ങൾ (1954)**

വിവാഹാഭിലാഷം സഫലമാവാത്തതിൽ നിരാശരാകാതെ, അന്യർക്ക് തണലേകുന്ന ചോലമരങ്ങൾ പോലെ സേവനനിരതരായി ജീവിതം സയിക്കുന്നവരാണ് മധു–ലില്ലിക്കുട്ടിമാർ. വിവാഹമെന്ന സ്ഥാപനത്തിൽ ജീവിതം ഒതുങ്ങിപ്പോയിരുന്നെങ്കിൽ കുടുംബത്തിന്റെ പ്രാരാബ്ധങ്ങളിൽ കുരുങ്ങിപ്പോകുമായിരുന്ന കഴിവുകൾ, ഇന്ന് വിപുലമായ തോതിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നുണ്ടല്ലോ എന്നു ലില്ലിക്കുട്ടി ചിന്തിക്കുന്നു. മമതാബന്ധമില്ലാതെ സ്നേഹിക്കാൻ – സേവിക്കാൻ കഴിയുക എന്നതാണ് മനുഷ്യന്റെ ഏറ്റവും വലിയ മഹത്വം എന്നവൾ തിരിച്ചറിയുന്നു.

സ്ത്രീയുടെ ജീവിതസാഫല്യം ദാമ്പത്യം, മാതൃത്വം തുടങ്ങിയ ഇടങ്ങളിൽ മാത്രമൊതുക്കുന്ന വ്യവസ്ഥാപിത മൂല്യബോധത്തിന് പകരം മറ്റൊരു മൂല്യസങ്കല്പത്തിലധിഷ്ഠിതമായിട്ടുള്ള സ്ത്രീപക്ഷചിന്തകളാണ് ലില്ലിക്കുട്ടിയിലൂടെ അനാവരണം ചെയ്തി

ട്ടുള്ളത്. വ്യതിരിക്തമായ ഈ മൂല്യബോധം ഉൾക്കൊള്ളാൻ കഴിയുന്ന വ്യവസ്ഥയിൽ സ്ത്രീ സ്വതന്ത്രയും, സ്വത്വാവബോധം ആർജ്ജിച്ചവളുമായിരിക്കും.

**58. കലഹത്തിന്റെ മരുന്ന് (1955)**

കുഞ്ഞിന് മരുന്നുവാങ്ങാൻ മറന്നതിന് ഭർത്താവുമായി കലഹിക്കുന്ന ഭാര്യ, അയാളുടെ നേർക്ക് രൂക്ഷമായ ആരോപണം തൊടുത്തുവിടുന്നു. അതുകേട്ട് വിഷണ്ണനായി ഇരിക്കുന്ന ഭർത്താവ് പെട്ടന്ന് എന്തോ ഓർമ്മ വന്ന് അവൾക്ക് വന്ന ഒരു കത്ത് നല്കുന്നു. തൽക്കാലത്തേക്ക് ഭാര്യയുടെ മുമ്പിൽ നിന്ന് അയാൾ രക്ഷപ്പെടുന്നു. അവളുടെ ഒരു കൂട്ടുകാരിയുടെ കത്തായിരുന്നു അത്. തന്റെ മറ്റ് കൂട്ടുകാരികളുടെ ദാമ്പത്യജീവിതത്തിലെ പ്രശ്നങ്ങളാണ് അതിൽ നിറയെ എഴുതിയിരിക്കുന്നത്. അവരുടേതുമായി തട്ടിച്ചു നോക്കുമ്പോൾ തന്റെ ജീവിതത്തിൽ സന്തോഷിക്കാനല്ലാതെ, ദുഃഖിക്കാൻ കാരണമൊന്നുമില്ലെന്ന് അവൾക്ക് ബോധ്യപ്പെട്ടു. ഭർത്താവിന്റെ മറവിയോട് പൊരുത്തപ്പെട്ടുകൊണ്ട് അവൾ അയാളെ അനുനയിപ്പിക്കാൻ ശ്രമിക്കുന്നു. അതാകട്ടെ, കൂട്ടുകാരിയുടെ എഴുത്തിലെ വിശേഷങ്ങൾ പറഞ്ഞുകൊണ്ടായിരുന്നു. ഈ ഘട്ടത്തിൽ അയാൾ ചിന്തിക്കുന്നത് കഷ്ടകാലം വേറൊരു രൂപത്തിൽ തന്നെ പിടികൂടിയിരിക്കയാണ്; എന്നാലും അവളുടെ കലഹത്തിനേക്കാൾ സഹ്യമാണ് ഇനി രണ്ട് മൂന്ന് ദിവസത്തേക്കുള്ള കൂട്ടുകാരികളുടെ വിശേഷം പറച്ചിൽ എന്നാണ്.

ഈ കഥയിലെ നായിക ബൗദ്ധികമായ ചിന്തകളോ, വിശാലമായ സാമൂഹിക വീക്ഷണമോ ഇല്ലാതെ വീടെന്ന ലോകത്തിൽ മാത്രം ഒതുങ്ങിക്കഴിയുന്നവളാണ്. കെട്ടിനില്ക്കുന്ന ജലം പോലെ ആ ലോകത്ത് മാത്രമൊതുങ്ങി നില്ക്കുന്നു അവളുടെ ചിന്താവ്യാപാരങ്ങൾ. പുറംലോകവുമായി ഇടപഴകുന്ന ഭർത്താവിന്റെ ചെറിയൊരു ഓർമ്മത്തെറ്റുപോലും കുടുംബത്തിൽ ഗൗരവമേറിയ കുറ്റമായി വ്യാഖ്യാനിച്ച്കൊണ്ടവൾ കലഹിച്ചുകൊണ്ടിരുന്നു. ദാമ്പത്യമെന്ന തടവറയിൽ പലപ്പോഴും മറ്റൊന്നും ചെയ്യാനില്ലാതെ ചിന്താശൂന്യമായി പാഴാക്കിക്കളയുന്ന സ്ത്രീയുടെ ജീവിതത്തെക്കുറിച്ച് കഥകളിൽ മുൻപും സൂചിപ്പിച്ചിട്ടുണ്ട്. 'ചോലമരങ്ങൾ' എന്ന കഥയിൽ, ലില്ലിക്കുട്ടി തന്റെ ജീവിതത്തെ സാധാരണ കുടുംബിനികളുടേതുമായി താരതമ്യപ്പെടുത്തിപറയുന്നുണ്ട്. "വലിയേടത്തെ പെണ്ണുങ്ങളെപ്പോലെ അണിഞ്ഞൊരുങ്ങിയും, നുണപറഞ്ഞും കഴിയുകയല്ല ഞാൻ. ഒരു മിനിട്ടുപോലും വെറുതെ കളയാനെനിക്കില്ല"[91].

കുടുംബജീവിതത്തിന്റെ ചട്ടക്കൂടിൽ നിന്നും മോചിതരായ സ്ത്രീകൾ തങ്ങളുടെ ശരീരശേഷിയും, ചിന്താശക്തിയും കുറേക്കൂടി വിപുലമായ തലത്തിലേക്ക് വ്യാപരിപ്പിക്കുന്നു. കുടുംബത്തിനുള്ളിൽ പ്രതിഷ്ഠിതരായ സ്ത്രീകളാകട്ടെ, ദാമ്പത്യജീവിതത്തിന്റെ ഇടുക്കുകളിലകപ്പെട്ട് ചിന്താശൂന്യരായി, ചിലപ്പോൾ അതിന്റെ വൈരസ്യത്താലും, സങ്കീർണ്ണതയാലും ദുർബ്ബലചിത്തരാക്കപ്പെട്ട് കുടുംബത്തിലെ കലഹത്തിന്റെ ഹേതുക്കളായി സ്വയം അധഃപതിക്കുന്നു.

### 59. വിവാഹം സ്വർഗ്ഗത്തിൽ വെച്ച് നടത്തപ്പെടുന്നു (1955)

വ്യവസ്ഥാപിത വിവാഹം സ്ത്രീയെ ഏതെല്ലാം നിലയിൽ പരീക്ഷണത്തിനും, പരിഹാസത്തിനും വിധേയയാക്കുന്നുവെന്നതിന്റെ നിദർശനമാണ് ഈ കഥ. മാധവിക്കൊരു ഭർത്താവിനെ പണം കൊടുത്തു നേടേണ്ടെന്ന് അവളുടെ മാതാപിതാക്കൾ ആദ്യം തീർച്ചപ്പെടുത്തിയെങ്കിലും, പിന്നീടവർക്ക് തീരുമാനം മാറ്റേണ്ടിവന്നു. അതിനാൽ പണമൊപ്പിച്ച്, മകൾക്കുള്ള 'ഉപജീവനമാർഗ്ഗം' അവർ കണ്ടെത്തി. എന്നിട്ടും മകളുടെ വൈവാഹിക ബന്ധത്തിന്റെ ഉറപ്പിനായി അമ്മ മനം നൊന്തു പ്രാർത്ഥിച്ചു: "ഈശ്വരൻ പ്രസാദിച്ചു വേഗമൊരു കുഞ്ഞിനെത്തന്നാൽ മതിയായിരുന്നു. മരുമോളെ എത്ര കണ്ടുകൂടെങ്കിലും, മോനൊരു കൊച്ചുണ്ടായാൽ അതിനെ വലിയ ഇഷ്ടമായിരിക്കും. പിന്നീടതിന്റെ തള്ളയെ കളയാനൊക്കുകയുമില്ല"[92]. വേളിച്ചരടിന്റെ കെട്ടിനേക്കാൾ മുറുക്കം കുഞ്ഞിന്റെ പിഞ്ചുകൈയ്ക്കാണെന്ന ചിന്തയാണ് ഈ പ്രാർഥനയുടെ സത്ത; നിലവിലുള്ള വ്യവസ്ഥയിൽ ദാമ്പത്യബന്ധം മാതൃത്വമെന്ന സ്ഥാപനത്തിലേക്ക് വളർന്നെങ്കിലേ സ്ത്രീയുടെ നില ഭദ്രമാകുകയുള്ളൂ. ഭദ്രമാകുക എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടാതിരിക്കുക എന്നതുതന്നെയാണ്. പ്രത്യുല്പാദനശേഷി ഇല്ലാത്ത പെണ്ണിനെ, കേടുവന്ന യന്ത്രം പോലെ ഏതു നിമിഷവും ഭർത്താവ് ഉപേക്ഷിച്ചേക്കാം. ആ പരീക്ഷണഘട്ടം തരണം ചെയ്യുന്നതിന് മുൻപായിത്തന്നെ വിവാഹിതയായ സ്ത്രീയുടെ ജീവിതം പല പരീക്ഷണഘട്ടങ്ങളേയും അഭിമുഖീകരിക്കാറുണ്ട്. അത്തരമൊരു പരീക്ഷണം ഈ കഥയിൽ തൊടുത്തുവെക്കുന്നത് മാധവിയുടെ ഭയങ്കരിയായ അമ്മായിയമ്മയാണ്. അവളുടെ വീട്ടുകാരുടെ നേർക്ക് ഒരു ആരോപണം ഉന്നയിച്ചുകൊണ്ടാണ് അവരത് ചെയ്യുന്നത്. പെണ്ണുകാണൽ ചടങ്ങിൽ ആൾമാറാട്ടം നടത്തി ആൺ വീട്ടുകാരെ വഞ്ചിച്ചു എന്നാണ് ആരോപണം. മാധവിയെ വിസ്തരിച്ചുകൊണ്ട് അത് തെളിയിക്കാൻ ഭർതൃവീട്ടുകാർ തീർച്ചപ്പെ

ടുത്തി. പെണ്ണു കാണൽ ദിനത്തിലെ ഓരോ ചെറിയ സംഭവം പോലും കൃത്യമായി ഓർമ്മിച്ചു പറഞ്ഞ മാധവി, വിസ്തരിക്കാൻ വന്നവരെയെല്ലാം അത്ഭുതപ്പെടുത്തി. വിസ്താരത്തിനൊടുവിൽ ആൺപക്ഷത്തുനിന്നു വന്ന ഒരാൾ, മാധവിയുടെ അച്ഛനെ കുറ്റപ്പെടുത്തി ഇങ്ങനെ പറയുന്നുണ്ട്. "ഈ പോക്കണം കെട്ട ഏർപ്പാടിനു ഞാൻ കൂടെ വന്നതു തന്നെ മോശമായിപ്പോയി. ഇത്ര ബുദ്ധിയും ഓർമ്മശക്തിയുമുള്ള കുട്ടിയെ ഞാൻ കണ്ടിട്ടില്ല. നിങ്ങളതുവെറുതെ കളഞ്ഞു. ഈ ഇരപ്പാളിത്തത്തിനൊന്നും പോകാതെ ഇവളെ പഠിപ്പിച്ചിരുന്നെങ്കിൽ എത്ര അന്തസ്സായിരുന്നു? ക്ലാസ്സിലെല്ലാം ഒന്നാമതായി ജയിച്ചേനെ"[93]. വ്യവസ്ഥാപിത വിവാഹം സ്ത്രീയെ അടിമയാക്കിക്കൊണ്ട് എത്രത്തോളം അധ:പതിപ്പിക്കുന്നു! കതിർമണ്ഡപത്തിലേറ്റി, പരാന്ന ജീവിയാക്കി സ്ത്രീയുടെ ജീവിതത്തെ ബലി കഴിപ്പിക്കാതെ, വിദ്യാഭ്യാസത്തിലൂടെ അവൾക്ക് സ്വന്തമായൊരു ഉപജീവനമാർഗ്ഗം ആദ്യം കണ്ടെത്തി, സ്വതന്ത്രമായി ജീവിക്കാൻ പര്യാപ്തമാക്കുകയാണ് വേണ്ടത്. അങ്ങിനെ സ്ത്രീയുടെ സ്വാശ്രയത്വം നിർണ്ണയിക്കപ്പെടുന്ന ഒരു സാമൂഹിക ജീവിതപരിസരത്തെ ലക്ഷ്യമാക്കുകയാണ് ഈ കഥ

**60. കുടിശ്ശികയും കൂട്ടി (1955)**

ഉദ്യോഗസ്ഥയായ കുടുംബിനിയുടെ പ്രാരാബ്ധങ്ങൾ അനുഭവിക്കുന്ന വാസന്തി 'ബഹുമാനപ്പെട്ട അമ്മ' എന്ന കഥയിലെ നായികയിൽനിന്ന് വിഭിന്നമല്ല. എന്നാൽ വാസന്തിയുടെ ഭർത്താവ് പണക്കാരനായതുകൊണ്ടും അവൾ ദരിദ്രകുടുംബത്തിൽനിന്നു വന്നവളാകയാലും ഭർതൃഗൃഹത്തിൽ ചില പീഡനങ്ങൾ അവൾക്ക് അനുഭവിക്കേണ്ടി വരുന്നുണ്ട്. തുടരെത്തുടരെയുള്ള അവളുടെ പ്രസവം കാരണം അമ്മായിയമ്മയും മറ്റും അവരുടെ മകനെ കഷ്ടപ്പെടുത്തി ഭ്രാന്തെടുപ്പിക്കുകയാണെന്ന് പറഞ്ഞ് കുറ്റപ്പെടുത്തിക്കൊണ്ടിരുന്നു. അവളാകട്ടെ കിടപ്പുമുറിയിൽ കുട്ടികളെ രണ്ട് തൊട്ടിലുകളിലായി കിടത്തിയിട്ട്, അസമാധാനത്തോടെയാണ് ജോലിക്ക് പൊയ്ക്കൊണ്ടിരുന്നത്. ആയിടയ്ക്ക് സുഹൃത്തായ ശാന്തിയുടെ ഉപദേശമനുസരിച്ച് സന്താനനിയന്ത്രണം അവൾ പരീക്ഷിച്ചു നോക്കിയെങ്കിലും രക്ഷ കിട്ടിയില്ല. "പാവം വാസന്തി! സൂക്ഷിച്ചിട്ടും ഫലമൊന്നുമുണ്ടായില്ല; പരിഷ്ക്കാരവും തുണച്ചില്ല, ഒരാണ്ടത്തെ കുടിശ്ശികയും കൂട്ടിച്ചേർത്തുള്ള ഇരട്ടിയായതു മാത്രം മിച്ചം"[94] എന്ന് വാസന്തിയുടെ ഇരട്ടപ്രസവത്തെക്കുറിച്ച് ശാന്തി സഹതപിച്ചു.

'ഞാനൊരു ഭർത്താവായിരുന്നെങ്കിൽ' എന്ന ലേഖനത്തിൽ കുടുംബാസൂത്രണ ത്തെക്കുറിച്ച് ഭാര്യമാർ അറിഞ്ഞിരിക്കേണ്ടതിന്റെ ആവശ്യകത സരസ്വതിയമ്മ സൂചിപ്പി ക്കുന്നുണ്ട്. നല്ലൊരു ഭർത്താവ് ആ കാര്യത്തിൽ ഭാര്യയുമായി സഹകരിക്കുകയും വേണം. സ്ത്രീകൾ ദാമ്പത്യജീവിതത്തിൽ തന്റേടവും, ലോകപരിചയവുമൊക്കെ ആർജ്ജിക്കണ മെന്നും, അല്ലാതെ, 'പ്രേമപ്രധാനമായ ദാമ്പത്യത്തിൽ ബുദ്ധിയെ പട്ടിണിക്കിട്ടു' ഹൃദയം മാത്രം നിറച്ചുകൊണ്ടിരുന്നാൽ സംതൃപ്തിയോടെ ജീവിക്കാനാവില്ലെന്നും അവർ വിശ ദീകരിക്കുന്നു. സ്ത്രീയുടെ ഗർഭധാരണവും, പ്രസവവും എല്ലാം പരമ്പരാഗതമായ ആചാ രവിശ്വാസങ്ങളനുസരിച്ചല്ല കുറേക്കൂടി ശാസ്ത്രീയമായ പുരോഗമനാശയം ഉൾക്കൊണ്ടാ വണമെന്നാണ് അവരുടെ അഭിപ്രായം. ഈ വിധം കഥകളിലൂടെയും ലേഖനങ്ങളിലൂ ടെയും താൻ പ്രകടിപ്പിച്ച ചിന്താഗതികൾ സമുദായത്തിനു സ്ത്രീകളോടുള്ള സമീപന ത്തിൽ ആരോഗ്യകരമായ മാറ്റമുളവാക്കാൻ സഹായിച്ചിട്ടുണ്ടെന്ന് സരസ്വതിയമ്മ വിശ്വ സിച്ചു. പ്രത്യേകിച്ചും ഉദ്യോഗസ്ഥകളായ സ്ത്രീകളോടുള്ള മനോഭാവത്തിൽ മാറ്റം വരു ത്താൻ തന്റെ കഥകൾ സഹായിച്ചിട്ടുണ്ടെന്ന് അവർ ഒരഭിമുഖത്തിൽ വെളിപ്പെടുത്തി യിട്ടുണ്ട്[95].

**61. ഇടിവെട്ടുതൈലം (1957)**

ഭാര്യയെ നിർബ്ബന്ധപൂർവ്വം ഇംഗ്ലീഷ് പഠിപ്പിച്ച് പരിഷ്ക്കാരിയാക്കാൻ ശ്രമിച്ച് പരാ ജയപ്പെടുന്ന ഭർത്താവാണ് കഥയിലെ മുഖ്യ കഥാപാത്രം. സ്ത്രീധന സമ്പ്രദായത്തോട് എതിർപ്പുണ്ടായിട്ടും അനുജത്തിയെ വിവാഹം കഴിപ്പിച്ചയയ്ക്കാനായി അതുമായി രാജി യായിക്കൊണ്ട്, വിദ്യാഭ്യാസമില്ലാത്ത ഒരു പണക്കാരിയെ അയാൾക്ക് വിവാഹം കഴി ക്കേണ്ടി വന്നു. ഭർത്താവിന്റെ പരിഷ്ക്കരണോദ്യമത്തിൽ വീർപ്പുമുട്ടുന്ന ഭാര്യയും, ആ ഉദ്യമത്തിൽ പരാജയപ്പെട്ട് നിരാശനാകുന്ന ഭർത്താവും ചേർന്നുള്ള ദാമ്പത്യജീവിതത്തിന്റെ ദയനീയതയാണ് ഈ കഥ വ്യക്തമാക്കുന്നത്. വ്യവസ്ഥാപിത വിവാഹത്തിന്റെ മൂല്യസ ങ്കല്പം സ്ത്രീ-പുരുഷന്മാരുടെ അഭിലാഷങ്ങൾക്കോ, മന:പൊരുത്തത്തിനോ പരിഗണന കല്പിക്കാതാവുമ്പോൾ സംജാതമാകുന്ന പ്രശ്നങ്ങൾ പലപ്പോഴും സ്ത്രീകളെയാണ് കൂടു തലായി പീഡിപ്പിക്കാറുള്ളത്. ഭർത്താവിന്റെ പരിഷ്ക്കരണോദ്യമങ്ങൾ പലപ്പോഴും ഭാര്യ യുടെ വ്യക്തിത്വത്തെ തകിടം മറിച്ചുകൊണ്ട് അവളുടെ ജീവിതത്തെ ദുസ്സഹമാക്കുന്നു.

62. തെറ്റു തിരുത്തൽ (1957)

ഭാര്യയും, ഭർത്താവും തെറ്റുതിരുത്താൻ തയ്യാറായി വന്നിട്ടും അവർക്ക് ഒരുമിച്ചു ജീവിക്കാൻ കഴിയാതെ വരുന്ന അവസ്ഥയാണ് 'തെറ്റ് തിരുത്തൽ' എന്ന കഥ. അതാകട്ടെ, സ്ത്രീയുടെ ജീവിതത്തെ അനിശ്ചിതാവസ്ഥയിൽ എത്തി.ച്ചു. പുരുഷന്റെ നില അപ്പോഴും ഭദ്രമായിത്തന്നെ തുടരുകയാണ്. ഭാര്യയെ സ്നേഹിക്കാനറിയാത്ത, അവളെ ഒരു വീട്ടുപ കരണമായി കരുതുന്ന ആദ്യ ഭർത്താവിനെ ഉപേക്ഷിച്ചാണ് രോഹിണി പണിക്കരുടെ ഭാര്യ യായത്. ജനനം മുതൽ സമൃദ്ധിയുടെ മടിത്തട്ടിൽ വളർന്ന അവൾക്ക് രണ്ടാം ഭർത്താവു മൊത്തുള്ള ജീവിതത്തിൽ സാമ്പത്തിക മുട്ടുകൾ അനുഭവപ്പെടുന്നു. അവളുടെ ആർഭാ ടപൂർവ്വമായ ജീവിതം പണിക്കരുടെ വരുമാനപരിധിക്കും അപ്പുറമായിരുന്നു. എങ്കിലും അയാൾ ഭാര്യയെ നിയന്ത്രിക്കാൻ ശ്രമിച്ചില്ല. സ്നേഹശൂന്യത നിമിത്തം ആദ്യ ഭർത്താ വിനെ വേണ്ടെന്ന് വെച്ചവൾ, ദാരിദ്ര്യം കാരണം തന്നേയും വിട്ടുപോവുമോ എന്നയാൾ ഭയപ്പെട്ടു. ഒരു ദിവസം ഓഫീസ് വിട്ടുവന്നപ്പോൾ ഭാര്യയെ വീട്ടിൽ കണ്ടില്ല. ആരോടും ഒന്നും പറയാതെ അവൾ കാറോടിച്ചു പോയതായി അറിഞ്ഞു. തന്നേയും, കുട്ടിയേയും അവൾ ഉപേക്ഷിച്ചു പോയിക്കാണുമെന്ന് ധരിച്ച് പണിക്കർ അതീവ ദുഃഖിതനായി.

ഭാര്യയുടെ വഞ്ചന മനസ്സിനേല്പിച്ച വേദനയറിഞ്ഞപ്പോഴാണ് മുൻപ് താൻ വഞ്ചിച്ച്, വഴിയാധാരമാക്കിയ കാമുകിയെക്കുറിച്ച് അയാൾ ഓർത്ത്ത്, അയാളുടെ കുഞ്ഞിനെ പ്രസവിച്ച്, കഷ്ടപ്പെട്ടാണെങ്കിലും സന്മാർഗത്തിൽ നിന്നും വ്യതിചലിക്കാതെ അവൾ ജീവി ക്കുന്നുണ്ടെന്നറിയുന്ന അയാൾ, അവളുടെ അടുത്തേക്ക് പോകാൻ തീരുമാനിച്ചു. തന്നെ ക്കൊണ്ട് തെറ്റുതിരുത്തിക്കാനായി ഈശ്വരൻ ഇങ്ങനെയൊരു സന്ദർഭം ഉണ്ടാക്കിയതാവാം എന്ന അവസരോചിതമായ ഒരനുകൂലചിന്ത അയാൾ കൈക്കൊള്ളുന്നു. രോഹിണിയാ കട്ടെ സാമ്പത്തിക ബുദ്ധിമുട്ടുകളുമായി പൊരുത്തപ്പെടാനും ജീവിതരീതിയാകെ മാറ്റി യെടുക്കാനും തീരുമാനിച്ചു കഴിഞ്ഞിരുന്നു. ആർഭാടത്തോടെയുള്ള ജീവിതം വേണ്ടെന്നു വെക്കാൻ നിശ്ചയിച്ച്, കാർ വില്പിക്കാനായിരുന്നു അവൾ പോയത്. തിരിച്ചെത്തിയ അവൾക്ക് ഭർത്താവും, കുഞ്ഞും നഷ്ടപ്പെട്ടു. ദാമ്പത്യജീവിതത്തിൽ, ഭാര്യാഭർത്താക്ക ന്മാർക്കിടയിൽ പരസ്പരധാരണയുടെ അഭാവമാണ് ഈ ദമ്പതിമാർക്ക് നേരിടേണ്ടി വന്ന ദുഃസ്ഥിതിക്കു കാരണം.

**63. വീട്ടിലും, പുറത്തും**

ആദർശത്തിന്റെ മുഖംമൂടിയണിഞ്ഞ രഘുവീരനെന്ന സാമൂഹികപ്രവർത്തകന്റെ കാപട്യം വ്യക്തമാക്കുന്ന കഥയാണിത്. സ്ത്രീ സ്വാതന്ത്ര്യവാദത്തോട് അയാൾ കാണിച്ച അനുഭാവം സരളയ്ക്ക് അയാളോട് അളവറ്റ ബഹുമാനമുണ്ടാക്കി. വസ്ത്രങ്ങളും, പൊൻപണ്ടങ്ങളും കൊണ്ടലങ്കരിക്കപ്പെടേണ്ട പ്രദർശനവസ്തുവല്ല സ്ത്രീയെന്നും, അവരുടെ ആഡംബരാസക്തി അപലപനീയമാണെന്നും അയാൾ പ്രസംഗിച്ചു. പുരുഷനോടൊപ്പം സ്ത്രീയും പ്രവൃത്തി രംഗങ്ങളിലിറങ്ങണമെന്നും, എങ്കിലേ ലോകപുരോഗതിയുണ്ടാവൂ എന്നും അയാൾ ഉദ്ഘോഷിച്ചു.

ഇതിനിടയിൽ രഘുവീരൻ വിവാഹിതനാവുന്നു. സമ്പത്തിനേക്കാൾ സേവനസന്നദ്ധതയ്ക്കും, സൗന്ദര്യത്തേക്കാൾ സൗശീല്യത്തിനും, കുലമഹിമയേക്കാൾ സംസ്കാരത്തിനും പരിഗണന നൽകിക്കൊണ്ടുള്ള പ്രേമവിവാഹമായിരിക്കും അയാളുടേതെന്ന് പലരും കരുതി. ദൂരദിക്കിൽ നിന്ന് ഒരു ലക്ഷപ്രഭുവിന്റെ പുത്രിയേയാണ് അയാൾ വിവാഹം കഴിച്ചത് എന്ന കാര്യം ഏവരേയും അത്ഭുതപ്പെടുത്തി. ഒരു ദിവസം അയാളുടെ വീട്ടിൽ ചെല്ലാനിടയായ സരളയ്ക്ക് അയാളുടെ ആദർശത്തിന്റെ പൊള്ളത്തരം ബോധ്യപ്പെട്ടു. അയാളുടെ ഭാര്യയുടേയും, കുഞ്ഞിന്റെയും ശരീരത്തിൽ താങ്ങാനാവുന്നതിലധികം ആഭരണം അണിഞ്ഞിട്ടുണ്ടായിരുന്നു. ആ സ്ത്രീ അയൽവീട്ടിൽ ഒന്ന് പോയതിന് അയാൾ അവളെ ആക്ഷേപിച്ച കാര്യവും സരള മനസ്സിലാക്കി സ്ത്രീകൾ സമുദായസേവനത്തിൽ മാത്രമല്ല, നാടക, സിനിമാദി–കലാപ്രവർത്തനങ്ങളിലും പങ്കെടുക്കാൻ ഭർത്താക്കന്മാർ അനുവദിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്ന് വാദിക്കാറുള്ള രഘുവീരൻ, തന്റെ ഭാര്യയെ വെറുമൊരു കാഴ്ച വസ്തുവായി വീടെന്ന തടവറയിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. ആ ദയനീയാവസ്ഥ നേരിൽകണ്ട സരളയ്ക്ക് അയാളോട് കടുത്ത വെറുപ്പു തോന്നി. പുരുഷൻ എത്രതന്നെ ആദർശം പ്രസംഗിച്ചാലും പൊതുരംഗത്ത് ആദർശവാനായി നടിച്ചാലും വിവാഹജീവിതത്തിൽ, അതെല്ലാം മാറ്റിവെച്ചുകൊണ്ട് തന്റെ ആധിപത്യം നിലനിർത്താനാണ് ശ്രമിക്കുന്നത്. പുരുഷാധിപത്യവ്യവസ്ഥയുടെ ഈ ഇരട്ടമുഖമാണ് ഈ കഥ വെളിപ്പെടുത്തുന്നത്.

### 64. പനിനീർപ്പൂവ്

1958–ൽ പ്രസിദ്ധീകരിച്ച 'ഇടിവെട്ടുതൈലം' എന്ന സമാഹാരത്തിൽ ഉൾപ്പെടുത്തിക്കാണുന്ന ഈ കഥ എഴുതപ്പെട്ടത് 1940–44 കാലഘട്ടത്തിലായിരിക്കണമെന്ന് കഥയുടെ പ്രമേയവും, ഡയറിയിലെ ചില സൂചനകളും വ്യക്തമാക്കുന്നുണ്ട്. അവർ തയ്യാറാക്കിയ സ്വന്തം കഥകളുടെ ലിസ്റ്റിൽ ഈ പേരിൽ ഒരു കഥ കാണുന്നില്ല. എന്നാൽ 'വിശിഷ്ട ദാമ്പത്യം' എന്ന പേരിൽ ഒരു കഥ 1940 നവംബറിൽ എഴുതിയതായി സൂചനയുണ്ട്. അത് പ്രസിദ്ധീകരിച്ചിട്ടില്ലെന്നും കാണുന്നു. "2–4–1116 ൽ വിശിഷ്ടദാമ്പത്യം എന്ന ചെറുകഥ പകർത്തിയതായി കാണുന്നു. 'B' യ്ക്കു അതു കണ്ടപ്പോൾ സമാധാനമായിട്ടുണ്ടാവും, വിവാഹവിദ്വേഷം ജനിപ്പിച്ചു കഴിഞ്ഞതിൽ"[96] എന്ന് ഡയറിയിൽ കുറിച്ചിട്ടുണ്ട്. കഥയെക്കുറിച്ചുള്ള ഈ സൂചനയും 'പനിനീർപ്പൂവ്' എന്ന കഥയിലെ പ്രമേയവും ബന്ധപ്പെടുത്താമെന്ന് തോന്നുന്നു. പിൽക്കാലത്ത് 'പനിനീർപ്പൂവ്' എന്ന പേരിൽ 'വിശിഷ്ടദാമ്പത്യം' എന്ന കഥ സമാഹാരത്തിൽ ഉൾപ്പെടുത്തിയതാവാം. അവരുടെ കഥകളിലെ വിവാഹ വിദ്വേഷികളായ നായികമാരുടെ തുടർക്കണ്ണിയാണ് ഈ കഥയിലെ നായിക പ്രസന്നയും. മൂന്നുകൊല്ലം മുമ്പത്തെ കലാശാലാജീവിതത്തെക്കുറിച്ചുള്ള അവളുടെ ഓർമ്മകൾ സരസ്വതിയമ്മയുടെ കോളേജ് ജീവിതാനുഭവങ്ങളുമായി ബന്ധപ്പെടുത്താവുന്നതാണ്. കൂട്ടുകാരി സൗദാമിനി കുറച്ചുകാലത്തിനുശേഷം പ്രസന്നയെ കാണുമ്പോൾ കുശലം ചോദിക്കുന്നു: "പിന്നെ, എന്തെല്ലാം വിശേഷം പ്രസന്നേ? പണ്ടത്തെ പിരി ഇപ്പഴും വിട്ടില്ലേ? സന്യസിക്കാൻ പോകയാണോ?"[97] സരസ്വതിയമ്മക്ക് 'വട്ടു് സരസ്വതി' എന്ന വിളിപ്പേരുണ്ടായിരുന്നതും[98] സന്യസിക്കാൻ അവർക്കുണ്ടായിരുന്ന മോഹവും ഈ കുശലോക്തിയിൽ അന്തർഗതമായിരിക്കുന്നു. ബുദ്ധിശക്തിയുള്ള ബാലനെ വാസ്തവത്തിൽ തനിക്കിഷ്ടമായിരുന്നുവെന്നും, ആണും പെണ്ണും തമ്മിൽ കുറച്ചു സ്നേഹിക്കുന്നതിലെന്താണ് തരക്കേട് എന്നും കൂട്ടുകാരിയോട് ചോദിക്കുന്ന പ്രസന്ന 'ഡബിൾ ആക്ടി'ലെ സീതയുടെ ജനുസ്സിൽപെട്ടവൾ തന്നെ. വിവാഹത്തെ വെറുത്തിരുന്ന പ്രസന്നയുടെ വിവാഹ തീരുമാനം അവളുടെ വീട്ടുകാർക്ക് ഒരു തലവേദനയായി മാറുന്നതാണ് കഥയിലെ പ്രമേയം. 'സ്വയം കഷ്ടതയെച്ചെന്ന് ആശ്ലേഷിക്കുന്ന വിധം' ശരീരം തളർന്ന ഒരാളെയാണ് അവൾ ഭർത്താവായി സ്വീകരിക്കാൻ തീരുമാനിച്ചത്. അവളുടെ ആ നിശ്ചയത്തെ എതിർക്കുന്ന ചേച്ചിമാരിൽ മൂത്തവൾ, അവൾ വായിച്ചുകൊണ്ടിരുന്ന പുസ്തകം പിടിച്ചു വാങ്ങി വലിച്ചെറിഞ്ഞുകൊണ്ട് അവളെ ശകാരിക്കുന്നു. "മതി, വായിച്ചത്! വലിയ

വായനക്കാരി! പഠിച്ചാൽ പെണ്ണുങ്ങൾ പെഴച്ചുപോവുമെന്നു പറയുന്നതു വെറുതെയാണോ? കണ്ടില്ലേ ഇളയമോളിൽ ഇഷ്ടം കേറി അച്ഛൻ പഠിപ്പിച്ചതിന്റെ ഫലം?"[99] മക്കളിൽ ഇള യവളായ സരസ്വതിയമ്മയുടെ പഠനക്കാര്യത്തിൽ അച്ഛൻ കാണിച്ച താൽപര്യവും, ചേച്ചി മാർക്ക് തോന്നിയ അസഹ്യതയും ഡയറിയിൽ അവർ സൂചിപ്പിച്ചിട്ടുണ്ട്. ചേച്ചിമാർക്ക് അവരോടുണ്ടായിരുന്ന അസഹിഷ്ണുതയെപ്പറ്റി പ്രത്യക്ഷമായി കഥയിൽ സൂചനയില്ലെ ങ്കിലും പരോക്ഷമായ പരാമർശമുള്ളതായി കരുതാം.

പ്രസന്നയുടെ വിചിത്രമായ വിവാഹനിശ്ചയത്തെ സംബന്ധിച്ചുള്ള അവളുടെ ന്യായീകരണങ്ങൾ വ്യവസ്ഥാപിത വിവാഹത്തോടുള്ള അമർഷം വെളിപ്പെടുത്തുന്നവ യാണ്. "ജീവിതത്തിലൊരു നിമിഷമെങ്കിലും ഞാൻ പുച്ഛിക്കുകയോ, വെറുക്കുകയോ ചെയ്യുന്ന ഒരുത്തന്റെ ഭാര്യയാവാനെനിക്കു വയ്യ"[100] എന്ന് പറഞ്ഞുകൊണ്ട് രോഗിയായ ഭർത്താവിനെ സ്വീകരിക്കുന്നതിലുള്ള തന്റെ നിലപാട് ഇങ്ങനെ വ്യക്തമാക്കുന്നു: "അതെ, ആ നിലയിൽ അനുകമ്പയ്ക്കും, സ്നേഹത്തിനുമല്ലാതെ കുറ്റം കണ്ടുപിടിക്കാൻ മനസ്സിന് സാധിക്കില്ല. എന്തെങ്കിലും കുറവു കണ്ടാൽത്തന്നെയും അത് ആളിന്റെയല്ല സുഖക്കേ ടിന്റെ തരക്കേടാണെന്ന് സമാധാനിക്കാം. വേറൊരു സംഗതി ബോൺനഴ്സാണ് ഓരോ സ്ത്രീയും വെറും ഭർത്താവിനെ ചുമ്മാ ശുശ്രൂഷിക്കുന്നതിനേക്കാൾ ആ ജന്മവാസനയെ തൃപ്തിപ്പെടുത്താനിതുപകരിക്കും"[101].

വിവാഹം കഴിഞ്ഞശേഷം, ഭർത്താവ് പ്രസന്നയോട് ചോദിക്കുന്നുണ്ട്, അനങ്ങാൻ വയ്യാത്തവനെ സ്വീകരിച്ചുകൊണ്ട് എന്തിനിത്ര ത്യാഗത്തിനു തയ്യാറായി എന്ന്, എന്നാൽ ത്യാഗമല്ല താൻ ചെയ്തത്, വലിയ സ്വാർഥതയാണ് എന്ന് പറഞ്ഞുകൊണ്ട് അവൾ തന്റെ നിലപാട് വീണ്ടും വിശദീകരിക്കുന്നു. "വളരെ ചീത്തയായ ചില ദുർമ്മാർഗ്ഗ വാസനക ളെനിക്കുണ്ടെന്ന് ഞാൻ വിചാരിക്കാറുണ്ട്. ഒരുദാഹരണം. ശക്തിയുള്ള ഒരു ഭർത്താവി നെപ്പറ്റിച്ചു വേറൊരുത്തന്റെ കൂടെ ചാടിപ്പോവുന്നതിൽ വല്ലാത്ത രസമാണ്. ശക്തിമാനെ തോല്പിക്കുമ്പഴതിന്റെ തെളിവ് അതിനെക്കാൾ കൂടുതൽ ശക്തിയുണ്ടെന്നല്ലേ? വലി യൊരു വിജയാഹങ്കാരത്തിനതിൽ വകയുണ്ട്"[102]. ദുർബ്ബലനെ സ്വയംവരിച്ചതുകൊണ്ട് തന്നിലെ ദുർമാർഗ്ഗവാസനയ്ക്കുള്ള സാധ്യത ഇല്ലാതാവുമെന്നതാണ് ഈ വിവാഹം കൊണ്ട് അവൾക്കുള്ള നേട്ടം. വിവാഹമെന്ന സ്ഥാപനത്തിലെ അധികാരിയും, ശക്തനുമായ ഭർത്താ

വിനോട് എതിരിട്ട്, സ്നേഹാർദ്രത വറ്റിപ്പോയി, ഊഷ്മളമായ കുടുംബജീവിതം നയിക്കേണ്ടിവരുന്ന ഗതികേടിലേക്ക് സ്വയം തുനിഞ്ഞിറങ്ങാൻ പ്രസന്ന ആഗ്രഹിക്കുന്നില്ല. പകരം സ്വന്തം ഇച്ഛാശക്തിക്കനുസരിച്ച്, കഷ്ടതയെ ചെന്നേറ്റു പിടിക്കുന്നു. മറ്റുള്ളവർക്ക് ത്യാഗമായി തോന്നാവുന്ന ബന്ധം അവളെ സംബന്ധിച്ചിടത്തോളം വലിയൊരു ഭാരമൊഴിക്കലാണ്; ഏകാധിപത്യത്തിനു വിധേയയായികൊണ്ട്, സർവ്വംസഹവും, സ്വത്വബോധമില്ലാത്തതും ആയ പത്നീത്വത്തെ ഏറ്റുപിടിക്കേണ്ട ചുമതലയിൽ നിന്നുമുള്ള രക്ഷപ്പെടലാണ്. ദുർബ്ബലനായ ഭർത്താവ് തനിക്ക് വിധേയനായിരിക്കുമെന്നതുകൊണ്ട് ജയിക്കേണ്ട ആവശ്യവും വരുന്നില്ല. ദാമ്പത്യത്തെക്കുറിച്ചുള്ള പ്രസന്നയുടെ വിചിത്രമെന്നു തോന്നാവുന്ന ഈ ചിന്താഗതികൾ സ്ഥാപനവൽക്കരിക്കപ്പെട്ട വൈവാഹിക ബന്ധത്തിന്റെ മൂല്യബോധത്തെ ഒന്നടങ്കം നിഷേധിക്കുന്നവയാണ്. ശാരീരികബന്ധം പുലർത്താൻപോലും കഴിയാത്ത ഒരു പുരുഷനെ ഭർത്താവായി സ്വീകരിച്ചുകൊണ്ട് വ്യവസ്ഥാപിത വിവാഹത്തെ വിരോധിക്കുകയാണ് അവൾ.

അംഗവൈകല്യമുള്ള ഒരാളെ തന്റെ ഭർത്താവായി സ്വീകരിച്ചാലെന്തെന്ന് ഒരിക്കൽ സരസ്വതിയമ്മ തന്നോട് ചോദിച്ചതായി കൂട്ടുകാരി രാജലക്ഷ്മി സ്വകാര്യ സംഭാഷണത്തിൽ പറയുകയുണ്ടായി[103]. ഭർത്താവ് വേറെ ആരുമായും ബന്ധപ്പെടാൻ പാടില്ലെന്നും, എണീറ്റു നടക്കാൻ ശേഷിയില്ലാത്ത ഒരാളാണെങ്കിൽ അങ്ങിനെ സംഭവിക്കില്ലെന്ന് മാത്രമല്ല ഒരു വിധത്തിലും അവിശ്വാസം വരാൻ വിഴിയില്ലെന്നും അവർ പറയാറുണ്ടായിരുന്നു വത്രെ. അക്കാലത്ത് അത്തരം പ്രമേയമുൾക്കൊള്ളുന്ന കഥ സരസ്വതിയമ്മ എഴുതിയതായും രാജലക്ഷ്മി ഓർക്കുന്നുണ്ട്. പ്രായോഗിക ജീവിതത്തിൽ പകർത്താനായി മനസ്സിൽ കൊണ്ടു നടന്ന ഒരു മോഹത്തിന്റെ ആവിഷ്ക്കാരമാണ് ഈ കഥ എന്നനുമാനിക്കാം. വികലമായ വിവാഹബന്ധത്തിലൂടെ വ്യവസ്ഥാപിത വിവാഹരീതിയോട് പ്രതിഷേധിക്കുകയാണ് ഈ കഥയിലെ പ്രസന്ന ചെയ്യുന്നത്.

അറുപത്തിരണ്ട് കഥകളിലായി വിവാഹസമ്പ്രദായത്തോടുള്ള പ്രതിഷേധം പ്രത്യക്ഷമായും പരോക്ഷമായും പ്രകടിപ്പിച്ച സരസ്വതിയമ്മ മുഖ്യമായും വിരോധിക്കുന്നത് വിവാഹമെന്ന സ്ഥാപനത്തെ നിലനിർത്തുന്ന വ്യവസ്ഥയിലെ അധീശസംസ്ക്കാരത്തെയാണ്. ആ സംസ്ക്കാരം ചിട്ടപ്പെടുത്തിയെടുത്ത മൂല്യബോധത്തോടും, സ്ത്രൈണസ്വഭാവത്തോടും, അവരുടെ കഥകൾ കലഹിക്കുകയാണുണ്ടായത്. എന്നാൽ വിവാഹത്തെ

ക്കുറിച്ച് അവർക്ക് തനതായൊരു സങ്കല്പം തന്നെയുണ്ടായിരുന്നു. സ്വതന്ത്രവും, സമത്വ പൂർണ്ണവുമായ സ്ത്രീ–പുരുഷബന്ധത്തിലടിയുറപ്പിച്ചുകൊണ്ട്, സ്ഥാപനവൽക്കരിക്കപ്പെട്ട വിവാഹത്തിലൂടെയല്ലാതെ, ചങ്ങാത്തവിവാഹ (companionate marriage) ത്തിലൂടെ ആത്മൈക്യം പുലർത്തുന്ന ദമ്പതിമാരായിരിക്കണം ഭാര്യാഭർത്താക്കന്മാർ. ആ വിധമുള്ള ദാമ്പത്യജീവിതത്തെ ഒരു ആദർശസ്വപ്നമായി താലോലിച്ച് കൊണ്ട് അവർ കഥകളെ ഴുതി, മാത്രമല്ല ലേഖനങ്ങളിൽ തന്റെ ഈ ആദർശത്തെ ഇളക്കിയുറപ്പിക്കാനെന്നോണം അവർ തുറന്നെഴുതുകയും ചെയ്തു. ആദ്യകാലത്ത് എഴുതിയ കഥകളേക്കാൾ കൂടുതൽ തീക്ഷ്ണവും, മൂർച്ചയേറിയതുമായ ഭാഷയിൽ വ്യവസ്ഥാപിതവിവാഹത്തെ വിമർശിച്ചു കൊണ്ട്, പിൽക്കാലത്ത് അവരെഴുതി. അവിവാഹിതകളുടെ ജീവിതത്തിന് സമൂഹത്തിൽ മാന്യത നൽകേണ്ടതിനെപ്പറ്റിയും, ഉദ്യോഗസ്ഥകളായ കുടുംബിനികൾക്ക് നേരിടേണ്ടി വരുന്ന പ്രാരാബ്ധങ്ങളെപ്പറ്റിയും അവർ ആവർത്തിച്ച് എഴുതിയിട്ടുണ്ട്. “വിവാഹനിഷേ ധികളെ നിന്ദിക്കുകമാത്രം ചെയ്യുന്ന സംസ്ക്കാരത്തിനെതിരെ, അവിവാഹിതജീവിതത്തിന്റെ അന്തസ്സും, സ്വാതന്ത്ര്യവും ഉയർത്തിപ്പിടിച്ച്, സ്ത്രീയുടെ ബദൽമൂല്യങ്ങളും, ജീവിതവീ ക്ഷണവും അവതരിപ്പിക്കാൻ ഈ കഥയ്ക്ക് കഴിഞ്ഞിട്ടുണ്ട്, ‘വിശാലാക്ഷിയെപ്പോലൊരു കഥാപാത്രം പുരുഷസാഹിത്യത്തിന് അപരിചിതമായിരിക്കും”[104] എന്ന്, എൻ.കെ. രവീന്ദ്രൻ ‘വിലക്കപ്പെട്ട വഴി’ എന്ന കഥയെ വിലയിരുത്തിക്കൊണ്ട് പറഞ്ഞത് ഇവിടെ പ്രസക്തമാ കുന്നു. വിശാലാക്ഷിയുടെ അപൂർവ്വമായ ഈ വിവാഹനിഷേധം തന്നെയാണ് റിനി (കർത്ത വ്യത്തിന്റെ മുന്നിൽ) യിലും, ലില്ലിക്കുട്ടി (ചോലമരങ്ങൾ) യിലും, ‘സ്വാർഥത’ എന്ന കഥ യിലെ നായികയിലും ആവർത്തിക്കുന്നത്. അവിവാഹിതയായ സരസ്വതിയമ്മക്ക് അവി വാഹിതയുടെ ജീവിതത്തിന്റെ ഗതിവിഗതികളെക്കുറിച്ച് അനുഭവതീവ്രമായിട്ടുതന്നെ പറ യാനാവുന്നുണ്ട്.

വ്യവസ്ഥാപിത വിവാഹരീതിയെ പ്രതിക്കൂട്ടിൽ കയറ്റിക്കൊണ്ട് വ്യവസ്ഥയിലെ നിയമത്തെയും, ധാർമ്മകനീതി സങ്കല്പത്തെയും, സന്മാർഗ്ഗബോധത്തെയും, തറവാട്ടാ ചാരത്തെയും, ഭർതൃത്വത്തിന്റെ അലിഖിതമായ അധികാരത്തെയും, സാമ്പ്രദായിക– സ്ത്രൈണ സങ്കല്പങ്ങളെയും, പിത്രാധികാരത്തേയും മറ്റും കഥകളിലൂടെ സരസ്വതി യമ്മ ചോദ്യം ചെയ്തുകൊണ്ടിരുന്നു. പുരുഷവിദ്വേഷിയായും, വിവാഹവിരോധിയായും അവരെ വിലയിരുത്തുവാനും, കഥകളെ ആ നിലയ്ക്ക് വിശകലനം ചെയ്യാനും ഇതു കാരണമായി. എന്നാൽ വിവാഹത്തെക്കുറിച്ച് അവർക്കുണ്ടായിരുന്ന ആദർശസ്വപ്നവും,

അവസാനകാലത്തെ നിരാശയും പുനർജന്മവാഞ്ഛയിലടിയുറച്ച മരണാഭിമുഖ്യവും അന്ത്യനാളുകളിൽ രോഗശയ്യയിൽ കിടക്കുമ്പോൾ വിവാഹത്തോടു പ്രകടിപ്പിച്ച താൽപ്പര്യവും, അവരുടെ ജീവിതോന്മുഖമായ മനോഭാവത്തെയാണ് പ്രകടമാക്കുന്നത്. പരമ്പരാഗതമായ സ്ത്രൈണ സങ്കല്പത്തോട് ഇണങ്ങാത്ത വ്യതിരിക്തമായ സ്ത്രൈണ വ്യക്തിത്വം പുലർത്തിയിരുന്ന അവരെ സംബന്ധിച്ചിടത്തോളം ഭാര്യാത്വം സ്വത്വബോധമില്ലാത്ത പെണ്ണിന്റെ അടിമത്തമല്ല, മറിച്ച് സ്വത്വാവബോധവും, സ്വതന്ത്രചിന്താഗതിയുമുള്ള ഒരുവളുടെ ആത്മസമർപ്പണമാണ്. ശാരീരികാഭിലാഷത്തിനും, അപ്പുറം ആത്മൈക്യം പുലർത്തുന്ന ഒരു ലയനമാണ് സരസ്വതിയമ്മയെ സംബന്ധിച്ചിടത്തോളം പത്നീത്വം. ഇതിനുസാധൂകരണമായി ശ്രീ ശാരാദേവിയെക്കുറിച്ച് 'വിവാഹിതയായ കന്യക, അപ്രസവയായ മാതാവ്' എന്ന പേരിൽ അവർ എഴുതിയ ചെറിയൊരു ലേഖനം ചൂണ്ടിക്കാണിക്കാവുന്നതാണ്. (1943, മെയ് 23ലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചതും, സമാഹാരത്തിൽ ഉൾപ്പെടാത്തതും ആയ പ്രസ്തുത ലേഖനം അനുബന്ധം – 9 ആയി പ്രബന്ധത്തിൽ ചേർത്തിട്ടുണ്ട്)". "ഒരു സ്ത്രീയുടെ മാന്മഥികാഭിലാഷമല്ല അവളെ ദാമ്പത്യജീവിത ലബ്ധിക്കാശിപ്പിക്കുന്നത്, അതുകൊണ്ട് ഭോഗവിരക്തനായ പരമഹംസന്റെ ഭാര്യയെന്ന നിലയിൽ ദേവി കന്യകയായിക്കഴിഞ്ഞതിൽ അത്ഭുതപ്പെടാനില്ല"[105], എന്ന് പരമഹംസരുടെ ഭാര്യയും, അപ്രസവയായ മാതാവുമായി ജീവിച്ചുപോന്ന ശാരദാദേവിയുടെ ജീവിതത്തിന്റെ മഹത്വം വാഴ്ത്തുന്ന സരസ്വതിയമ്മയുടെ ഈ അഭിപ്രായത്തിൽ ധ്വനിക്കുന്നത് ദാമ്പത്യബന്ധത്തിന്റെ അടിത്തറയാകേണ്ടത് ദമ്പതിമാരുടെ ശാരീരികവേഴ്ചയല്ല, മാനസികൈക്യം പുലർത്തുന്ന ആത്മബന്ധമാണെന്നാണ്. അതുകൊണ്ടാകാം സരസ്വതിയമ്മയുടെ ഇഷ്ടദേവതയും ആരാധനാമൂർത്തിയും നിത്യബ്രഹ്മചാരിണിയായ ശ്രീ. ശാരദാദേവിയായത്?[106].

ഈ വിധം ആത്മൈക്യം പുലർത്തിക്കൊണ്ടുള്ള സ്ത്രീ–പുരുഷബന്ധത്തെ ഉൾക്കൊള്ളാൻ തക്ക വളർച്ചയെത്തിയിട്ടില്ലാതിരുന്ന സാമൂഹ്യജീവിത പരിസരത്തിൽ അവർക്ക് സ്വാഭാവികമായും ഒറ്റപ്പെടേണ്ടിവന്നു. എന്നിട്ടും, സാമ്പ്രദായികമൂല്യബോധത്തോട് അവർ കലഹിച്ചു; അതു നിർണ്ണയിക്കുന്ന സ്ഥാപനവൽക്കരിക്കപ്പെട്ട ബന്ധങ്ങളോട് അവർ പ്രതിഷേധിച്ചു. പുരുഷവിദ്വേഷിയേയല്ലാത്ത സരസ്വതിയമ്മക്ക് ഉദാത്തമായ ഒരു ദാമ്പത്യസങ്കല്പവും, പ്രേമസങ്കല്പവും, വിവാഹസ്വപ്നവും ഉണ്ടായിരുന്നു.

## മാതൃത്വം

കുടുംബജീവിതത്തിലും സാമൂഹികജീവിതത്തിലും സ്ത്രീയുടെ അനുഭവങ്ങളെ തികഞ്ഞ ഉൾക്കാഴ്ചയോടെ വിശകലനം ചെയ്തുകൊണ്ട് ശക്തമായി കഥയിലാവിഷ്ക്കരിച്ച സരസ്വതിയമ്മ, സ്ത്രീയുടെ മാത്രം അവകാശമായ മാതൃത്വത്തെ ഉദാരവല്ക്കരിക്കുന്ന ഒരു കഥപോലും എഴുതിയിട്ടില്ല; അതിന്റെ മഹത്വത്തെ കുറിക്കുന്ന ഒരു വരിപോലും കുറിച്ചിട്ടുമില്ല. സമകാലികരായ എഴുത്തുകാരികൾ മാതൃത്വത്തിന്റെ മഹനീയതയെ വാഴ്ത്തിക്കൊണ്ട് കവിതയും കഥയും എഴുതിക്കൊണ്ടിരുന്ന ആ കാലഘട്ടത്തിൽ അതിന്റെ മഹിമയ്ക്കു ചില പോറലുകൾ ഏല്പിച്ചു കൊണ്ടുള്ള വിഭിന്നമായ കാഴ്ചപ്പാടുകൾ അവർ ചില കഥകളിൽ ആനുഷംഗികമായി അവതരിപ്പിച്ചിട്ടുണ്ട്. പന്ത്രണ്ടു കഥകൾ ഇത്തരത്തിലുള്ളവയാണ്. കറുത്ത പരിഹാസവും, മൂർച്ചയേറിയ വിമർശനവുമാണ് മാതൃത്വത്തിനുനേരെ അവർ തൊടുത്തുവിടുന്നത്. സരസ്വതിയമ്മയ്ക്കു തൊട്ടുമുൻപ് കഥയെഴുതിത്തുടങ്ങിയ ലളിതാംബിക അന്തർജ്ജനവും, അവർക്കു തൊട്ടുപിൻപേ കഥയെഴുത്ത് ആരംഭിച്ച സരളരാമവർമ്മയും മാതൃത്വത്തിന്റെ മഹനീയതയെ സ്പർശിച്ചുകൊണ്ടു കഥയെഴുതിയവരാണ്. മാതൃത്വത്തിന്റെ ശക്തി അറിഞ്ഞാവിഷ്ക്കരിച്ച അന്തർജ്ജനം സ്ത്രീയുടെ ജന്മസാഫല്യവും, കുടുംബബന്ധങ്ങളുടെ അടിസ്ഥാനവുമായി മാതൃത്വത്തെ വിലയിരുത്തി. 'ഉഷസ്സും സന്ധ്യയും', 'പഞ്ചാരയുമ്മ, 'അവിവാഹിത' എന്നീ ആദ്യകാല കഥകളിൽ തുടങ്ങി ഒടുവിലെഴുതിയ *അഗ്നിസാക്ഷി* എന്ന നോവലിൽ വരെ ഈയൊരു ഭാവുകത്വത്തെയാണു അവർ പ്രതിഷ്ഠിച്ചത്. സരളരാമവർമ്മ 'പരാജയം' എന്ന കഥയിൽ സ്വാതന്ത്ര്യേച്ഛുവായ ശാരദ എന്ന കഥാപാത്രത്തിലൂടെ ഇതേ ആദർശത്തെ ഉറപ്പിച്ചെടുക്കുകയാണ്. വല്ലവരും കൊണ്ടുവരുന്ന വല്ലവന്റെയും കഴുത്തിൽ തൂങ്ങി സ്വാതന്ത്ര്യം കളഞ്ഞ്, അടുക്കളയും കുട്ടികളുമായി കഴിയാൻ വയ്യെന്നും, സ്ത്രീയുടെ ജീവിതോദ്ദേശ്യം സമൂഹത്തെ മുഴുവൻ സേവിക്കലാണെന്നും ശാരദ ആദ്യം ചിന്തിച്ചിരുന്നു. ഒടുവിൽ ഈ ചിന്ത കൈവിട്ട്കൊണ്ട് പരാജയം സമ്മതിച്ച് ഇങ്ങനെ പറയുന്നു – "എന്റെ വിശ്വാസങ്ങളെല്ലാം തകർന്നു, സമുദായസേവനംകൊണ്ടു മാത്രം സ്ത്രീ സംതൃപ്തയാവുകയില്ല. സ്ത്രീയുടെ ജീവിതോദ്ദേശ്യം വിവാഹവും മാതൃത്വവുമാണ്. മറ്റെന്തുകൊണ്ടും സ്ത്രീക്കു ജീവിതത്തിൽ പൂർണ്ണസംതൃപ്തി ലഭിക്കുകയില്ല, എനിക്കിപ്പോൾ അതു ബോദ്ധ്യമായി"[107]. 1954–ൽ പുറത്തുവന്ന *കഥാകദംബം* എന്ന സമാഹാരത്തിൽ ഉൾപ്പെട്ട ഈ കഥ, ആ കാലഘട്ടത്തിൽ സരസ്വതിയമ്മ തന്റെ കഥകളിലൂടെ ആവർത്തിച്ചുറപ്പിച്ച വ്യതിരിക്തവും,

സ്വതന്ത്രവുമായ സ്ത്രൈണാവബോധത്തെ കുടഞ്ഞെറിയുന്നതും, അന്തർജ്ജനത്തിന്റെയും മറ്റും സ്ത്രീത്വസങ്കല്പത്തോട് ആധർമ്മ്യം പുലർത്തുന്നതും ആകുന്നു. കഥാലോകപരിസരത്ത് ആദർശവല്ക്കരിക്കപ്പെട്ട മാതൃത്വം ഈ വിധം കഥാകാരികൾ കൊണ്ടാടിയപ്പോൾ വ്യവസ്ഥയിലെ സ്ഥാപനവൽക്കരിക്കപ്പെട്ട മറ്റ് ബന്ധങ്ങളോടുള്ള തന്റെ പ്രതിഷേധം തന്നെ മാതൃത്വത്തോടും സരസ്വതിയമ്മ പ്രകടിപ്പിച്ചു. വിവാഹമെന്ന സ്ഥാപനത്തിന്റെ അനുബന്ധസ്ഥാപനമായിട്ടാണു മാതൃത്വം വ്യവസ്ഥിതിയിൽ നിർണ്ണയിക്കപ്പെടുന്നതെന്നു അവർ വിശ്വസിച്ചു. അതായത് വിവാഹത്തിലൂടെ മാത്രമേ മാതൃത്വം അംഗീകരിക്കപ്പെടുകയുള്ളൂ. അങ്ങിനെയല്ലാത്ത മാതൃത്വം ഗർഹണീയമായ കുറ്റമായും അത്തരം മാതാക്കൾ അപഥസഞ്ചാരിണികളായും, അവരുടെ സന്തതികൾ ദുർഭഗസന്തതികളായും മുദ്രകുത്തപ്പെടുന്നു. എന്നാൽ ഭൗതികജീവിതത്തിൽ ഈ വിധം അവമാനിതമാവുന്ന മാതൃത്വത്തിന് മതഗ്രന്ഥങ്ങളിലും, ഇതിഹാസങ്ങളിലും. ചിലപ്പോഴൊക്കെ അംഗീകാരം കിട്ടാറുണ്ട്. പക്ഷേ അധീശസംസ്കാരം പ്രായോഗികജീവിതത്തിൽ ഇതിനെ നിന്ദ്യമായിട്ടാണ് കരുതുന്നത്. ഈ കാപട്യമാണ് സരസ്വതിയമ്മയുടെ കഥകളിൽ ഉന്മീലനം ചെയ്യപ്പെടുന്നത്.

സ്ത്രീയുടെ പരമോന്നതമായ ജീവിതധർമ്മവും, സ്ത്രീത്വത്തിന്റെ സാഫല്യവുമായി മാതൃത്വത്തെ ആദർശവൽക്കരിക്കുന്ന അധീശസംസ്കാരം ലക്ഷ്യമിടുന്നത് സ്ത്രീയുടെ മാനസികവും, ശാരീരികവുമായ എല്ലാ കഴിവുകളേയും കീഴ്പ്പെടുത്തി, മാതൃത്വത്തിൽ മാത്രം അവളുടെ ശ്രദ്ധ കേന്ദ്രീകരിച്ച്, അവളെ സ്ഥാപനവൽക്കരിക്കപ്പെട്ട കുടുംബത്തിലേക്ക് ഒതുക്കിയെടുക്കുക എന്നതാണ്. ഈ തിരിച്ചറിവ് സരസ്വതിയമ്മയുടെ വ്യതിരിക്തമായ പെൺബോധം ഉൾക്കൊണ്ടിട്ടുണ്ട്. സ്ത്രീയുടെ സ്വതന്ത്രമായ ജീവിതത്തിനു മാതൃത്വം പലപ്പോഴും പ്രതിബന്ധമാകുന്നതിന്റെ സൂചനകൾ കഥകളിലൂടെ അവർ വ്യക്തമാക്കുകയും ചെയ്തു. സ്ത്രീയുടെ കടമ മാതൃത്വത്തിൽ അധിഷ്ഠിതമാണെന്ന അധീശസംസ്കാരത്തിന്റെ നിലപാടിനോടുള്ള എതിർപ്പും, മാതൃത്വത്തിന്റെയും, കുടുംബജീവിതത്തിന്റെയും പ്രാരാബ്ധങ്ങളിൽപ്പെട്ട് വലയുന്ന സ്ത്രീജീവിതത്തോടുള്ള അനുതാപവും ചിലപ്പോൾ അതിനോടുള്ള കടുത്ത പരിഹാസവും അവരുടെ കഥാലോകം അടയാളപ്പെടുത്തുന്നുണ്ട്.

മാതൃത്വത്തെക്കുറിച്ചുള്ള സരസ്വതിയമ്മയുടെ ആദ്യചിന്ത 'മഴയ്ക്കു മുമ്പ്' എന്ന കഥയിലെ നായികയുടെ പരിഹാസപൂർവ്വമുള്ള ഒരു പരാമർശത്തിലാണ് നിഴലിക്കുന്നത്.

എട്ടുകുഞ്ഞുങ്ങളെ പ്രസവിച്ചിട്ടും പിന്നെയും പ്രസവിച്ചുകിടക്കുന്ന ഭർത്തൃസഹോദരിയെ കണ്ടപ്പോഴായിരുന്നു അത്. മുട്ടയിടുക മാത്രം ജോലിയായിട്ടുള്ളൂ. ഒരു പട്ടുനൂൽ ശലഭമായിട്ടായിരിക്കും ചേച്ചിയുടെ അടുത്ത ജന്മം എന്നു പറഞ്ഞശേഷം, മാതൃത്വമാണ് സ്ത്രീകളുടെ പ്രധാനധർമ്മം എന്ന ടഗോറിന്റെ പരാമർശത്തെ അപഹസിച്ചുകൊണ്ട് അവൾ കുലുങ്ങിച്ചിരിക്കുന്നു. 1940–ൽ സന്യസിക്കാനുള്ള ആഗ്രഹമറിയിച്ചുകൊണ്ട് ടാഗോറിനു കത്തെഴുതിയ സരസ്വതിയമ്മയ്ക്ക് അദ്ദേഹത്തിൽനിന്ന് നിരുത്സാഹപ്പെടുത്തുന്ന മറുപടിയാണ് ലഭിച്ചത്[108]. അതിനുശേഷം, 1942–ലാണു ഈ കഥ എഴുതുന്നത്. സ്ത്രീത്വത്തിന്റെ കടമയായി വിഭാവനം ചെയ്യപ്പെടുന്ന മാതൃത്വത്തെ നിഷേധിച്ചുകൊണ്ട് അവിവാഹിതയായിത്തന്നെ അവർ ജീവിതം നയിച്ചു.

1944–ൽ എഴുതിയ *പ്രേമഭാജനം* എന്ന നോവലിലെ ലൂയിസയുടെ ചിന്തകൾ മാതൃത്വത്തെ അങ്ങേയറ്റം അപലപിക്കുന്നതാണ്. സ്വന്തം ആനന്ദത്തിനുവേണ്ടി അന്യജീവികളെകൂടി ഈ ലോകത്തിലേക്കു വലിച്ചിടുക എന്ന മഹാപാപമാണു മാതൃത്വം കൊണ്ട് സിദ്ധമാവുന്നത്. അതിനാൽ അമ്മയാകാനുള്ള ആശ സ്ത്രീയുടെ ഉൽകൃഷ്ടമായ അഭിലാഷമല്ല, സ്വാർത്ഥതല്പരതയാണ്. തെളിവില്ലാത്ത കുറേ മുജ്ജന്മപാപങ്ങളും, അനപേക്ഷിതമായി പ്രസവിച്ച അമ്മയോടും വളർത്തിയ അച്ഛനോടും, പിന്നെ ലോകത്തുള്ള എല്ലാവരോടും തീർത്താൽ തീരാത്ത കടപ്പാടും, തലയിൽ കെട്ടിവെച്ചുകൊണ്ട് ജീവിതച്ചുമട് വലിച്ചിഴയ്ക്കുന്ന കുഞ്ഞിനല്ല, മറിച്ച് ആ ദുരിതത്തിനെല്ലാമിടയാക്കിയവർക്കാണ് ലോകത്തിന്റെ സ്തുതിമുഴുവൻ എന്നു മാതൃത്വത്തെ ആക്ഷേപിക്കുന്നവിധം ലൂയിസ ചിന്തിക്കുന്നു. എന്നാൽ അതിനൊന്നും പോകാത്ത നിസ്വാർത്ഥരായ അവിവാഹിതകളോടാകട്ടെ, ഏവരും പുച്ഛവും, ആക്ഷേപവും വെച്ചുപുലർത്തുന്നു. കുട്ടികൾ ഉണ്ടാവുക എന്നത് ലോകത്ത് അത്യാവശ്യം തന്നെയാണ്. അക്കാരണത്താൽ, കുടുംബിനികൾ വാഴ്ത്തപ്പെടുന്നതിനേയും അംഗീകരിക്കാം. അതോടൊപ്പം നിസ്വാർത്ഥകളായ അവിവാഹിതകൾ ഇകഴ്ത്തപ്പെടാതെ പരിഗണിക്കപ്പെടുകയും വേണമെന്നാണ് ലൂയിസയുടെ അഭിപ്രായം.

മാതൃത്വത്തെ സംബന്ധിച്ച പരമ്പരാഗതമായ ധാരണകളെ വിച്ഛേദിക്കുന്ന കാഴ്ചപ്പാടുകൾക്ക് ലൂയിസയുടെ ചിന്തകളിൽ ഇടം കണ്ടെത്തുന്നത് കഥാകാരിയുടെ ഔചിത്യപൂർവ്വമായ ഒരാവിഷ്കാരതന്ത്രമായി കരുതാം. കാരണം അവരുടെ ആദർശകഥാപാത്രമായ ലൂയിസയിലൂടെ സ്വന്തം മനോഭാവത്തെ തന്നെയാണ് ഉന്മീലനം ചെയ്തിരിക്കുന്നത്.

അനപേക്ഷിതമായി ലഭിച്ച സ്ത്രീജന്മത്തോടുള്ള സരസ്വതിയമ്മയുടെ പ്രതിഷേധവും ലൂയിസയുടെ മാതൃത്വത്തെക്കുറിച്ചുള്ള കാഴ്ചപ്പാടും പരസ്പരപൂരകങ്ങളായ നിലപാടുകളായി പരിഗണിക്കപ്പെടാവുന്നതാണ്. 'ലോകത്തിന്റെ പുരോഗതി' എന്ന കഥയിലെ ദേവകിയമ്മയുടെ പരിദേവനത്തിലും ഈ ചിന്താഗതിയുടെ അനുരണനമാണ് കേൾക്കാൻ കഴിയുക. "അറിവായകാലം മുതൽ ഇവിടെ നിന്നും രക്ഷപ്പെടാനാശിച്ചിട്ടുള്ള ഞാൻ ജീവിതമത്സരം കൂടിവരുന്ന ഈ ലോകത്തിലേക്ക് മറ്റ് രണ്ട് ജീവികളെക്കൂടി വലിച്ചിട്ടത്, വലിയ വഞ്ചനയും, തൻകാര്യം കാണലും ആയിപ്പോയി. ജീവിക്കാനറിഞ്ഞുകൂടാത്ത എന്റെ രക്തം എന്നോടുകൂടെ നശിക്കേണ്ടതായിരുന്നു. അല്ലെങ്കിൽത്തന്നെ മാതൃത്വത്തിനെന്തു മാഹാത്മ്യം? ദിവ്യത്വം?[109] കഥാകാരിയുടെ സ്വകീയമായ ജീവിതാവബോധത്തിൽനിന്നും ഉറവെടുത്ത ആർജ്ജവമുള്ള ചിന്തകളായി ഇവയെ പരിഗണിക്കേണ്ടിയിരിക്കുന്നു.

നിത്യദാരിദ്ര്യം നിമിത്തമുള്ള മാതൃത്വത്തിന്റെ ദയനീയാവസ്ഥ 'കുലമഹിമ', 'ചില ചിത്രങ്ങൾ' 'വൈസ്രോയിസന്ദർശനം' എന്നീ കഥകൾ രേഖപ്പെടുത്തുന്നുണ്ട്. 'സ്ത്രീജന്മം' എന്ന കഥയിൽ വീർത്തുന്തിയ വയറുമായി നില്ക്കുന്ന ചേച്ചിയെക്കുറിച്ച്, "ഇത് പത്ത്, ശിവനു കഴിഞ്ഞ മാസത്തിൽ രണ്ടു തികഞ്ഞു, മൂത്ത കുഞ്ഞിനു രണ്ടു തികയുമ്പോൾ ചേച്ചി വീണ്ടും പ്രസവിക്കും" എന്നു വളരെ സ്വാഭാവികമായി മാലതി കൂട്ടുകാരിയായ ശാന്തിയോടു പറയുന്നു. ഇത് കേട്ട ശാന്തി 'അതൊരു പുതിയതരം കലണ്ടറാണല്ലോ' എന്നു തുറന്നടിച്ചു. പ്രസവിക്കുക എന്ന കർത്തവ്യം നിർവ്വഹിച്ചുകൊണ്ട് കാലം കഴിച്ചുകൂട്ടേണ്ടിവരുന്ന സ്ത്രീജന്മത്തെ കഥാകാരി ഇവിടെ പരഹസിക്കുകയാണ്. കുഞ്ഞിനു മുലകൊടുക്കുന്ന ഒരു സ്ത്രീയെ ചൂണ്ടിക്കാണിച്ചുകൊണ്ട് നായികയായ റിനിയെ മാതൃത്വത്തിന്റെ മഹത്വം ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുന്ന 'കർത്തവ്യത്തിന്റെ മുമ്പിൽ' എന്ന കഥയിലെ നായകൻ, സ്ത്രീയുടെ കടമ ഇതുമാത്രമാണെന്നു കരുതുന്ന അധീശസംസ്കാരത്തിന്റെ പ്രതിനിധിയാണ്. ആ സംസ്കാരത്തെ ചെറുത്തുകൊണ്ടാണ് റിനി പ്രതികരിക്കുന്നത്. ആരോഗ്യത്തിനു തകരാറില്ലെങ്കിൽ ഏതൊരു സ്ത്രീക്കും നിർവ്വഹിക്കാവുന്ന ഒരു ശാരീരികപ്രക്രിയ എന്നതിൽക്കവിഞ്ഞ്, മാതൃത്വത്തിന് വലിയ പ്രാധാന്യമൊന്നും അവൾ കല്പിക്കുന്നില്ല.

വിവാഹം, മാതൃത്വം, കുടുംബം തുടങ്ങിയ വ്യവസ്ഥാപിത സ്ഥാപനങ്ങൾക്കുള്ളിൽ ഒതുക്കപ്പെട്ട സുഭദ്രയുടെ ജീവിതത്തിൽ അവൾ നേടിയെടുത്ത ബി.എ. ബിരുദം പ്രായോ

ഗികതലത്തിൽ 'ബഹുമാനപ്പെട്ട അമ്മ'യായി പരിവർത്തനം ചെയ്യേണ്ടിവന്ന അവസ്ഥ യാണ് 'ബഹുമാനപ്പെട്ട അമ്മ' എന്ന കഥ. അങ്ങിനെ മാതൃത്വത്തിന്റെ ഭാരിച്ച ചുമതലകൾ അവൾക്കു പേറേണ്ടിയും വന്നു. ഈ ദുഃസ്ഥിതിതന്നെയാണു 'കുടിശ്ശികയും കൂട്ടി' എന്ന കഥയിലെ ഉദ്യോഗസ്ഥയായ നായികയും നേരിടുന്നത്. പ്രസവവും, കുട്ടികളെ വളർത്ത ലും, കൂട്ടത്തിൽ ഉദ്യോഗനിർവ്വഹണവും വാസന്തിയുടെ ജീവിതത്തെ സംഘർഷഭരിതമാ ക്കുന്നു. കിടപ്പുമുറിയിൽ മകളേയും, മകനേയും രണ്ടു തൊട്ടിലുകളിലായി കിടത്തിയിട്ട്, മനസ്സമാധാനമില്ലാതെ ജോലിക്കുപോകേണ്ടിവരുന്നതും, പ്രസവവും പ്രാരാബ്ധവും കൊണ്ട് തന്റെ മകനെ കഷ്ടപ്പെടുത്തി ഭ്രാന്തെടുപ്പിക്കുകയാണ് അവൾ എന്ന മട്ടിലുള്ള അമ്മായിയമ്മയുടെ ശകാരവും, എല്ലാം അവളുടെ ജീവിതത്തിന്റെ സ്വാസ്ഥ്യം കെടുത്തി ക്കൊണ്ടിരുന്നു. ഗർഭധാരണവും, പ്രസവവും, സ്ത്രീക്കു മാത്രമേ നിർവ്വഹിക്കാനാവൂ എന്നതുകൊണ്ട്, തുടർന്നുള്ള എല്ലാ ചുമതലകളും മാതൃത്വത്തിന്റെ കർത്തവ്യമായി കണ ക്കാക്കുന്ന കുടുംബവ്യവസ്ഥിതിയിൽ, സ്ത്രീക്കു നേരിടേണ്ടിവന്ന പ്ര.യാസങ്ങളാണു ഈ കഥകൾ രേഖപ്പെടുത്തുന്നത്. പ്രസവവും മുലയൂട്ടലും സ്ത്രീയുടെ മാത്രം കർത്ത വ്യമായതുകൊണ്ട് ശിശുസംരക്ഷണം, ശിശുപരിചരണം തുടങ്ങിയ ചുമതലകൾ പങ്കാളികളായ പുരുഷന്മാർ സ്വമേധയാ ഏറ്റെടുക്കാൻ തയ്യാറാവണം എന്ന് സരസ്വതിയ മ്മയ്ക്ക് അഭിപ്രായമുണ്ടായിരുന്നു. 'അവരുടെ കഥയെഴുത്ത്' എന്ന കഥയിൽ, മാതാപി താക്കൾ പങ്കാളികളായി നിർവ്വഹിക്കേണ്ടതാണു ശിശുപരിചരണം എന്ന രതിയുടെ കാഴ്ച പ്പാട് പ്രസ്തുത ചിന്താഗതി വ്യക്തമാക്കുന്നു.

ആദർശവല്ക്കരിക്കപ്പെട്ട മാതൃത്വത്തിന്റെ ദുരന്തഫലം അനുഭവിക്കുന്ന രണ്ട് അമ്മ മാരെ 'കീഴ്ജീവനക്കാരി'യിലും, 'ചില ചിത്രങ്ങളി'ലും കാണാം. മകൾ സ്വന്തം അച്ഛ നാൽ പിഴപ്പിക്കപ്പെടുമെന്നു ഭയക്കുന്ന ഒരമ്മയുടെ മാനസികസംഘർഷമാണു 'കീഴ്ജീവ നക്കാരി' എന്ന കഥയിലെ പ്രമേയം. മകൾ പിഴയ്ക്കാതിരിക്കാനായി അവൾക്ക് അവളെ കൊലപ്പെടുത്തേണ്ടിവരുന്നു. ഇത്തരമൊരു ദുരന്തത്തിലേക്കു അവളെ കൊണ്ടെത്തിച്ചതു മഹനീയമായ മാതൃത്വമാണ്! വിടനായ യജമാനന്റെ ലൈംഗികതൃഷ്ണയ്ക്കടിപ്പെട്ട്, അമ്മ യാകേണ്ടിവന്ന ഒരു പരിചാരികയുടെ ചിത്രം 'ചില ചിത്രങ്ങൾ' എന്ന കഥയിൽ ആലേ ഖനം ചെയ്തിരിക്കുന്നു. ആദർശവല്ക്കരിക്കപ്പെട്ട മാതൃത്വം അവളെ സംബന്ധിച്ചിട ത്തോളം ഒരു ശാപമായിത്തീരുന്നു. അതിനാൽ സ്വന്തം കുഞ്ഞിനെ അവൾക്കു കൊല്ലേ ണ്ടിവന്നു. കുഞ്ഞിനെക്കൊന്ന അവളുടെ കൈകൾക്കു ഇരുമ്പുകാപ്പുകളേക്കാൾ യോജിച്ച

ആഭരണം മനുഷ്യബുദ്ധിക്കു കണ്ടുപിടിക്കാനായില്ലേ എന്ന കഥാകാരിയുടെ ചോദ്യം സദാചാരമൂല്യവ്യവസ്ഥ മാതൃത്വത്തെ എത്രകണ്ട് അവഹേളിക്കുന്നുവെന്നു വ്യക്തമാക്കുന്നു.

'വാത്സല്യത്തിന്റെ ഉറവ്' എന്ന കഥയിൽ മാതൃത്വത്തിന്റെ സ്വാർത്ഥജടിലമായ ഭാവത്തെയാണു പിഞ്ചുകുഞ്ഞിനെ ക്രൂരമായി കൊലചെയ്ത് ആത്മഹത്യ ചെയ്യുന്ന പെറ്റമ്മയിലൂടെ വ്യക്തമാക്കുന്നത്. പോറ്റമ്മയായ കഥാനായികയുടെ ചിന്തയിലും മാതൃഭാവത്തിന്റെ മഹത്വം കണ്ടെത്താനാവില്ല. അവരുടെ കുഞ്ഞുങ്ങളോടുള്ള വാത്സല്യം ഉറവെടുക്കുന്നത് അവരുടെ സ്വാർത്ഥതയിൽനിന്നാണ് എന്ന് ഈ കഥ വെളിപ്പെടുത്തുന്നു.

പോറ്റമ്മയാകേണ്ടിവന്ന ഒരവിവാഹിതയുടെ കഥയാണല്ലോ 'പൂജാവിഗ്രഹം'. വിവാഹപ്രതീക്ഷ തകർന്നപ്പോൾ പൂജയും ജപവുമായി ശേഷിച്ച ജീവിതം നയിക്കാൻ തീരുമാനിച്ച അവൾക്കു ഒരു സന്നിഗ്ധഘട്ടത്തിൽ അനുജന്റെ അമ്മയില്ലാത്ത കുഞ്ഞിനെ ഏറ്റെടുത്തു വളർത്തേണ്ടിവന്നു. പൂക്കൾ അർച്ചിക്കുക മാത്രം ചെയ്ത കൈകൾക്ക് അങ്ങിനെ 'കർത്തവ്യത്തിന്റെ കഠിനായുധങ്ങൾ' ധരിക്കേണ്ടിവന്നു. വ്യക്തിജീവിതത്തിൽ സരസ്വതിയമ്മയ്ക്കും ഈ വിധം കർത്തവ്യങ്ങൾ കൈയേല്ക്കേണ്ടി വന്നിട്ടുണ്ട്. സന്യസിക്കാനാഗ്രഹിച്ചിരുന്ന അവർ അതിനുള്ള വഴി തേടിയെങ്കിലും, അതു നടക്കാതെ വന്നപ്പോൾ കോളേജിൽ ചേർന്നു ബി.എ. പഠനമാരംഭിക്കാനാണ് തീരുമാനിച്ചത്. അതിനുള്ള സാമ്പത്തികബാധ്യത ഏറ്റെടുക്കാൻ തയ്യാറായ മൂത്തചേച്ചിയുമായി ഒരു കരാറുണ്ടാക്കിയിരുന്നു. – അവരുടെ മകൻ സുകുവിനെ പഠിപ്പിക്കാമെന്ന്[110]. ജോലി കിട്ടിയ ശേഷം സ്വന്തമായി ഒരു വീട് പണി കഴിപ്പിച്ച്, അതിലേക്ക് അവർ താമസം മാറ്റിയപ്പോൾ സുകുവിനെയും കൂടെ കൊണ്ടുപോയി. തുടർന്നങ്ങോട്ട് ഒരു വളർത്തമ്മയെപ്പോലെ സുകുവിന്റെ ചുമതലകൾ ഏറ്റെടുത്തുകൊണ്ടാണ് അവർ ജീവിച്ചുപോന്നത്.

'വിവാഹിതയായ കന്യക, അപ്രസവയായ മാതാവ്' എന്ന ലേഖനത്തിൽ അപ്രസവയായ മാതാവായി വർത്തിച്ചുകൊണ്ട് ശാരദാദേവി ഉയർത്തപ്പെട്ടതിനെ സരസ്വതിയമ്മ വാഴ്ത്തുന്നുണ്ട്. അവരെ സംബന്ധിച്ചിടത്തോളം സഫലമായ മാതൃത്വം തന്നെയാണ് ശാരദാദേവിയുടേതെന്ന് പ്രസ്തുത ലേഖനത്തിൽ അഭിപ്രായപ്പെടുന്നുണ്ട്: "നിഷ്കളങ്കതയ്ക്കും, പരിപാവനതയ്ക്കും, സഹിഷ്ണുതയ്ക്കും, സ്നേഹപൂർണ്ണമായ സേവനത്തിനും വേണ്ടി സമർപ്പിക്കപ്പെട്ടതായിരുന്നു ശാരദാദേവിയുടെ ജീവിതം. കന്യക, ഭാര്യ, മാതാവ്, ഗുരുനാഥ എന്നീ നിലകളിൽ ഒരേ സമയം തന്നെ ജീവിച്ചു ലോകത്തിൽ സ്ത്രീത്വത്തിന്റെ

ആദർശം കാണിച്ചുകൊടുക്കാൻ ദേവിക്കു കഴിഞ്ഞു. ദിവ്യമായ മാതൃത്വത്തിന്റെയും, അഭിവന്ദ്യമായ കന്യകാത്വത്തിന്റെയും സമ്മോഹസമ്മേളനമാണു ദേവിയ്ക്കു ജീവിതം, ഭർത്തൃസുഖമായിരുന്നു ദേവിയുടെ ജീവിതലക്ഷ്യം. അദ്ദേഹത്തിന്റെ അഭിപ്രായമായിരുന്നു ദേവിയുടെ ഗീതയും, വേദവും, ഉപനിഷത്തും, ഭർത്താവിന്റെ ഹിതമനുസരിച്ച് കന്യകയായി ജീവിച്ചുകൊണ്ടുതന്നെ ദേവി സ്ത്രീയുടെ പരമാഭിലാഷമായ മാതൃത്വപദവിയെ പ്രാപിച്ചു”[111]. സുകുവിന്റെ സംരക്ഷണം ഏറ്റെടുത്തശേഷമാണു സരസ്വതിയമ്മ ഈ ലേഖനം എഴുതിയത്. സ്വകാര്യജീവിതത്തിൽ ഏറ്റെടുക്കേണ്ടിവന്ന ഉത്തരവാദിത്തമാകാം ശാരദാദേവിയുടെ മാതൃത്വത്തെ ഒരാദർശസ്വപ്നമായി കൈക്കൊള്ളാൻ അവരെ പ്രേരിപ്പിച്ചത്. എന്തായാലും അപ്രസവയായ മാതാവായി കൊണ്ട്, സുകുവിന്റെ ചുമതലയേറ്റെടുത്തപ്പോൾ അബോധമായിട്ടെങ്കിലും അവരിലെ മാതൃത്വം സാഫല്യമടഞ്ഞിരിക്കാം. വിവാഹത്തെ താൻ വെറുത്തത് യഥാർത്ഥത്തിൽ പുരുഷവിദ്വേഷം കൊണ്ടല്ലെന്നും, സുകുവിൽ നഷ്ടപ്പെട്ടുപോയ മനസ്സ് അങ്ങനെ ദുർവ്യാഖ്യാനം ചെയ്തതാണെന്നും സരസ്വതിയമ്മ ഒരിക്കൽ സുരേന്ദ്രനോട് പറഞ്ഞിട്ടുണ്ട്[112]. സുകുവിനെ ചെറുപ്രായത്തിൽ തന്നെ തന്നിലേക്ക് ലയിപ്പിച്ചുകൊണ്ട് ഒന്നായി വളർന്നുവന്നപ്പോൾ മകനിൽ അറിയാതെ അവർ സ്വയം നഷ്ടപ്പെട്ടുപോയതും, അക്കാലത്തെ സജീവമായ സാഹിത്യജീവിതവും, മറ്റു ചില സാഹചര്യങ്ങളും എല്ലാം ചേർന്നാണ് സരസ്വതിയമ്മ അവിവാഹിതയായി ജീവിക്കാൻ കാരണമായതെന്ന് കരുതാം. സരസ്വതിയമ്മയുടെയും, സുകുവിന്റെയും ബന്ധത്തെക്കുറിച്ച് സുരേന്ദ്രൻ തുടർന്നു ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. “അങ്ങനെ സുകുവിനെ അവർ കുഞ്ഞിലേ മുതലേ കൂടെ ഊട്ടി, കൂടെ ഉറക്കി, കൂടെ കൊണ്ടുനടന്ന്, ബാലപാഠം പഠിപ്പിച്ച്, കോളേജിൽ പഠിപ്പിച്ച് ബി.എ.ക്കാരനാക്കി. റിസേർവ് പോലീസിൽ സബ് ഇൻസ്പെക്ടറായി ജോലിയും കിട്ടി. അപ്പോഴും സുകു സരസ്വതിയമ്മയുടെ കൂടെത്തന്നെയായിരുന്നു താമസം. പിന്നെ എങ്ങനെയോ അവർ പിണങ്ങി. ഒരിക്കൽ ആ കഥ അവർ പതിവുപോലെ വിസ്തരിച്ചുപറഞ്ഞിരുന്നെങ്കിലും സംഭവങ്ങൾ ഓർമ്മയിൽ നിന്നില്ല. മുറിയിൽ നിന്നുപോകുമ്പോൾ വിളക്കണയ്ക്കാത്തതിനു കുറ്റപ്പെടുത്തി എന്ന മട്ടിലുള്ള കൊച്ചുകൊച്ചു കാര്യങ്ങൾ. മകൻ സ്വന്തം ആകാശത്തിലേക്കു പോകുന്നു, തള്ള പഴയ പടി കൈക്കുള്ളിൽ പിടിച്ചുനിർത്താൻ ശ്രമിക്കുന്നു. ഈ ചിരന്തന പ്രശ്നമായിരുന്നിരിക്കണം അടിയിൽ. ചേട്ടത്തി – അനിയത്തിമാർ തമ്മിലുള്ള ബലപരീക്ഷ മറ്റൊരു വശത്തും. ഏതായാലും സുകു താമസം മാറ്റി. കോട്ടയത്തേക്കു സ്ഥലം മാറി. സരസ്വതിയമ്മ തൃശൂർക്കും.

അധികം താമസിയാതെ സുകു ഒരു ദിവസം പെട്ടെന്നു മരിക്കുന്നു. അപകടമരണമോ എന്നു സംശയിക്കത്തക്കവണ്ണം പൊടുന്നവേ. ഈ പിണക്കവും, വേർപാടും, മരണവു മാണ് സരസ്വതിയമ്മയുടെ താളം തെറ്റിച്ച നിമിത്തം"[113]. 1957 നവംബർ 27–ലെ ഡയറി യിൽ 'സുകു ഹോട്ടലിലൂണ്' എന്നും, 1958 മാർച്ച്, 5ലെ ഡയറിയിൽ, 'സുകുവിനോട് മാറാൻ പറയൽ' എന്നും സരസ്വതിയമ്മ കുറിച്ചിട്ടുണ്ട്[114]. അവർ തമ്മിലുണ്ടായിരുന്ന പിണക്കത്തിനു കാരണമൊന്നും ഡയറിയിൽ നിന്നു വ്യക്തമാവുന്നില്ല. പിണക്കത്തിന്റെ ആരംഭകാലത്ത് സുകു ഭക്ഷണം പുറത്തുനിന്നു കഴിച്ചുകൊണ്ട് സരസ്വതിയമ്മയുടെ കൂടെ താമസിച്ചിരുന്നെന്നും, പിന്നീട് അവർ സുകുവിനോട് വീട്ടിൽനിന്നും മാറിപ്പോകാൻ ആവ ശ്യപ്പെട്ടുവെന്നും അവരുടെ അയൽവാസിയായിരുന്ന മാധവിക്കുട്ടി സൂചിപ്പിക്കുകയു ണ്ടായി[115]. അവർ തമ്മിലുള്ള പിണക്കത്തെക്കുറിച്ച് ആരാഞ്ഞപ്പോൾ മാധവിക്കുട്ടി ഇത്രയും കൂടി വെളിപ്പെടുത്തി. അക്കാലത്ത് സരസ്വതിയമ്മ ഏതോ ഒരു പത്രമാസികയിൽ ജോലിക്കു ശ്രമിച്ചിരുന്നുവെന്ന് കേട്ടിട്ടുണ്ട്. ഗവൺമെന്റ് ജോലി രാജിവെച്ച് പത്രമാപ്പീ സിൽ ജോലി സ്വീകരിക്കുന്നതു അബദ്ധമാണെന്നും പത്രപ്രവർത്തകരൊന്നും അത്ര നല്ല വരല്ലെന്നും പറഞ്ഞ് സുകു അവരുടെ ശ്രമത്തെ എതിർത്തു സംസാരിച്ചിരുന്നുവെന്നു സരസ്വതിയമ്മതന്നെ പറഞ്ഞിട്ടുണ്ട്. 1958–ൽ കേരളാ ഗവൺമെന്റിന്റെ കൾച്ചറൽ ഡവല പ്മെന്റ് ഓഫീസർ തസ്തികയിലേക്ക് സരസ്വതിയമ്മ അപേക്ഷിച്ചിരുന്നു. അതിനുവേണ്ടി കെ.പി. കേശവമേനോൻ, ഡോ. കെ. ഭാസ്ക്കരൻനായർ – തുടങ്ങിയവരിൽനിന്നും വാങ്ങിയ ടെസ്റ്റിമോണിയൽസിന്റെ പകർപ്പ് ഡയറിയിലുണ്ട്[116]. സുകുവിന്റെ മരണശേഷം സര സ്വതിയമ്മ സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് മാറാനായി 1962 മെയ്മാസത്തിൽ മുഖ്യമന്ത്രിയായിരുന്ന പട്ടംതാണുപിള്ളയെ സന്ദർശിച്ച കാര്യവും സൂചിപ്പിച്ചിട്ടുണ്ട്[117]. ഓഡിറ്റ് ഓഫീസിലെ ജോലിയിൽനിന്നും അവർ ഒരു മാറ്റം ആഗ്രഹിച്ചിരുന്നവെന്നത് ഇതിൽനിന്നും വ്യക്തമാണല്ലോ – അതിനു വേണ്ടിയുള്ള അവരുടെ പരിശ്രമത്തെയാണ് സുകു എതിർത്തിരുന്നത്. തന്നിഷ്ടപ്രകാരം ജീവിച്ചുപോന്ന സരസ്വതിയമ്മയുടെ വളർത്തു മകന്റെ ഈ അധികാരഭാവം സ്വാതന്ത്ര്യത്തിലുള്ള കടന്നുകയറ്റമായി തോന്നിയിരിക്കാം. ഇങ്ങനെ പല കാരണങ്ങൾകൊണ്ടുമാവാം ഒടുവിൽ അവർ തമ്മിൽ പിണങ്ങിപ്പിരിഞ്ഞത്.

1961 ലെ ഫെബ്രുവരി ആദ്യവാരത്തിൽ സരസ്വതിയമ്മയ്ക്ക് തൃശൂർക്കു സ്ഥലം മാറ്റം കിട്ടി. ആ കാര്യം ഡയറിയിൽ കുറിച്ചിടത്ത്, ബ്രാക്കറ്റിനകത്ത് അവർ ഇങ്ങിനെ

എഴുതിയിട്ടുണ്ട്. "വേട്ടയാടപ്പെടുന്നു, ഭ്രാന്ത് പിടിക്കാൻ പോകുന്നു എന്നും മറ്റു ഭയം എന്ന്"[118] ആ വർഷം ഏപ്രിൽ 9 രാത്രി എട്ടുമണിക്കു ദേവി സ്തോത്രം ചൊല്ലിക്കൊണ്ടിരിക്കേ, സുകുവിന്റെ മരണവാർത്ത അറിയിച്ചുകൊണ്ടുള്ള കമ്പിസന്ദേശം അവർക്കു കിട്ടി. തുടക്കം മുതലേ കലുഷിതമായിക്കൊണ്ടിരുന്ന ഗൃഹാന്തരീക്ഷം സുകുവിന്റെ മരണത്തോടെ കൂടുതൽ വഷളാവാൻ തുടങ്ങി. ഭ്രാന്തിയായിത്തീർന്ന സുകുവിന്റെ അമ്മ സരസ്വതിയമ്മയുടെ ജീവിതത്തിന്റെ സ്വാസ്ഥ്യം കെടുത്തി. തിരുവനന്തപുരത്തേക്കു സ്ഥലം മാറി വന്ന അവർക്കു സ്വന്തം വീട്ടിൽ താമസിക്കാൻ പറ്റാനാകാത്തവിധം ചേച്ചിയുടെ ശല്യം അനുഭവിക്കേണ്ടിവന്നു. പലപ്പോഴും അവർ ഹോസ്റ്റലുകളിൽ അഭയം തേടി. 1967 ഏപ്രിൽ 25–ന് ഭ്രാന്ത് മൂർധന്യത്തിലെത്തിയ ചേച്ചി മണ്ണെണ്ണയൊഴിച്ചു തീ കൊളുത്തി ആത്മഹത്യ ചെയ്തു. ഇതിനിടയിൽ 1963 ഒക്ടോബർ 26ന് അമ്മയും മരിച്ചുകഴിഞ്ഞിരുന്നു; 1974 ഡിസംബറിൽ, കൊച്ചേച്ചിയും മരിച്ചതോടെ, കുടുംബത്തിൽ സരസ്വതിയമ്മ മാത്രം അവശേഷിച്ചു. കടമകളോ കർത്തവ്യങ്ങളോ ഒന്നും തന്നെ നിർവ്വഹിക്കാൻ ബാക്കി ഇല്ലാത്ത അവരുടെ ജീവിതം അന്നേക്കു സാഹിത്യജീവിതത്തേയും പരിപൂർണ്ണമായും കൈയൊഴിച്ചിരുന്നു. 1974 മെയ് 6ലെ ഡയറിയിൽ "മഹാവിഷ്ണുചിത്രം ചുവരിൽനിന്നെടുത്തു സ്റ്റൂളിൽവെച്ചു പഴയപോലെ പൂജ തുടങ്ങി"[119] എന്നു കുറിച്ചിട്ടുണ്ട്. ഇടയ്ക്ക് എപ്പോഴോ നിർത്തിവെച്ച പൂജ അവർ വീണ്ടും തുടങ്ങി എന്നതിന്റെ സൂചനയാണല്ലോ ഇത്. സുകുവിന്റെ ഉത്തരവാദിത്തവും, കഥയെഴുത്തും കൊണ്ട് തിരക്കേറിയപ്പോഴായിരിക്കാം ഇടയ്ക്ക് പൂജ നിർത്തിക്കളഞ്ഞത്. അവ രണ്ടും ജീവിതത്തിൽനിന്നും ഇല്ലാതായതോടെ മനഃസ്വാസ്ഥ്യം നഷ്ടപ്പെട്ട അവർ വീണ്ടും വിഗ്രഹപൂജ തുടർന്നു. ചുമതലയൊഴിഞ്ഞ ശേഷമേ ഇനി പൂജാമുറി തുറക്കുകയുള്ളൂ എന്നുപറഞ്ഞ് അനുജന്റെ കുഞ്ഞിന്റെ സംരക്ഷണചുമതല ഏറ്റെടുത്തുകൊണ്ട് പൂജാമുറി പൂട്ടിയ 'പൂജാവിഗ്രഹ'ത്തിലെ നായികയുടെ നിശ്ചയദാർഢ്യം ഒരു പരിധിവരെ സരസ്വതിയമ്മ സ്വജീവിതത്തിലും പ്രകടമാക്കി. സുകുവിന്റെ ചുമതല ഏറ്റെടുത്തുകൊണ്ടു കർമ്മനിരതമായ അവരുടെ ജീവിതം ചുമതല നിറവേറിക്കഴിഞ്ഞ പ്പോഴേക്കും ദുരനുഭവങ്ങൾക്കൊണ്ട് അങ്ങേയറ്റം കർക്കശവും, നിരാശാഭരിതവു മായിത്തീർന്നു. അപ്രസവയായ അവരുടെ മാതൃഹൃദയം നിർദ്ദയവിധിയുടെ താഡനമേറ്റ് തകരുകയും, കഥാലോകത്തെ അവർ നിരാശയോടെ കൈവെടിയുകയും ചെയ്തപ്പോൾ ജീവിതത്തിന്റെ അർത്ഥശൂന്യത അവർക്കു ബോധ്യ

പ്പെട്ടു. എല്ലാ ചുമതലകളും കയ്യൊഴിഞ്ഞ ആ ഘട്ടത്തിൽ ഈശ്വരസന്നിധിയിൽ സ്വന്തം ജീവിതം അർപ്പിച്ചുകൊണ്ടായിരുന്നു അവർ പൂജ വീണ്ടും തുടങ്ങിയത്.

ആനുഷംഗികമായി ഒരു കാര്യംകൂടി ഇവിടെ പരാമർശിക്കേണ്ടിയിരിക്കുന്നു. ഭർത്തൃശുശ്രൂഷ ചെയ്ത് പരമഹംസരുടെ ഭാര്യയായി ജീവിച്ച ശാരദാദേവിയുടെ പത്നീത്വത്തെ വാഴ്ത്തിയ സരസ്വതിയമ്മയുടെ ആദർശസ്വപ്നത്തിന്റെ സാക്ഷാത്ക്കാരമായി 'പനിനീർപ്പുവി'ലെ പ്രസന്നയുടെ ജീവിതത്തെ ബന്ധപ്പെടുത്താവുന്നതാണ് ദുർബലനായ ഒരാളെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചെങ്കിലും വ്യക്തിജീവിതത്തിൽ ആ ആദർശത്തെ യാഥാർത്ഥ്യമാക്കാൻ അവർക്കു കഴിഞ്ഞില്ല. എന്നാൽ മാതൃത്വത്തെക്കുറിച്ചുള്ള അവരുടെ ആദർശസ്വപ്നം സുകുവിലൂടെ യാഥാർത്ഥ്യമായി, എങ്കിലും അതൊടുവിൽ പീഡാകരമായ ഒരനുഭവമായി പരിണമിച്ച് അവരെ ക്രൂശിച്ചത് കടുത്ത വിധിവൈപരീത്യമായിപ്പോയി. ഈ വിധിവൈപരീത്യത്തിന്റെ കടുത്ത പരീക്ഷണങ്ങൾക്കു വിധേയമാകുന്നതിനു മുൻപ്തന്നെ മഹനീയ മാതൃത്വത്തിന്റെ മറുപുറം അവരുടെ കഥാലോകം ആവിഷ്ക്കരിച്ചുകഴിഞ്ഞിരുന്നു. അങ്ങിനെ സ്ഥാപനവൽക്കരിക്കപ്പെട്ട മാതൃത്വത്തിനു പോറലേൽപ്പിക്കുന്ന ഭാവുകത്വം ആവിഷ്ക്കരിച്ചുകൊണ്ട് സരസ്വതിയമ്മ, അക്കാലത്തെ മറ്റ് കഥാകാരികളിൽ നിന്നും വേറിട്ടു നിലകൊണ്ടു.

**അടിക്കുറിപ്പുകൾ**

1. "The introduction of marriage makes a parasite of Woman an absolute dependent. It incapacitate her for life's struggle, annihilate her Social Consiousness, paralyses her imagination and then imposes its gracious protection, which is in reality a snare, a travesty on human character".

   Emma Gordman, 'Marriage and Love' in Miriam Schneir (ed) Feminism: *The Essential Historical Writings*, (New york, Random House, 1972), p.322.

2. കെ. സരസ്വതിയമ്മ 'ഞാനൊരു ഭർത്താവായിരുന്നെങ്കിൽ', *കെ. സരസ്വതിയമ്മയുടെ സമ്പൂർണ്ണകൃതികൾ,* സമ്പാ. കെ.എസ്. രവികുമാർ, (ഡി.സി.ബുക്സ്, കോട്ടയം, 2001), പു. 987.

3. ടി.എൻ. ജയചന്ദ്രൻ, 'ടി.എൻ. ജയചന്ദ്രൻ നടത്തിയ അഭിമുഖം', സമ്പാ.–കെ.എസ്. രവികുമാർ, (ഡി.സി.ബുക്സ്, കോട്ടയം, 2001), പു. 1009–1010.

4. കെ. സരസ്വതിയമ്മ, 'രമണി', പു.47.

5. കെ. സരസ്വതിയമ്മയുടെ ഡയറി, ജനുവരി 6, 1973.

6. കെ. സരസ്വതി അമ്മ, 'സീതാഭവനം', മാതൃഭൂമി ആഴ്ചപതിപ്പ്, (മാർച്ച് 21, 1938), പു.13.

7. കെ. സരസ്വതിയമ്മയുടെ ഡയറി, ടി, മെയ് 10, 13, 14, 1973.

8. കെ. സരസ്വതി അമ്മ, 'കാറ്റിൽ പറക്കാത്ത കത്തുകൾ', സമ്പാ.– എസ് ഗുപ്തൻ നായർ, (ഡി.സി. ബുക്സ്, കോട്ടയം 1991) പു. 161–162.

9. കെ. സരസ്വതിയമ്മ, 'പ്രാപഞ്ചിക', പു.209.

10. ടി. പു. 209–210.

11. ടി. എൻ.ജയചന്ദ്രൻ, 'ടി. എൻ. ജയചന്ദ്രൻ നടത്തിയ അഭിമുഖം', പു.1014.

12. കെ. സരസ്വതിയമ്മ, 'വിശ്രമമുറിയിൽ', പു. 808.

13. കെ. സരസ്വതിയമ്മ, 'ശരച്ചന്ദ്രിക', പു. 164.

14. ടി.

15. ടി. പു. 179.

16. ടി, പു. 182.

17. പ്രൊ: കുഞ്ഞു ശങ്കരപ്പിള്ളയുമായുള്ള സ്വകാര്യ സംഭാഷണം, തിരുവനന്തപുരം, മെയ് 5,2005.

18. 'കെ. സരസ്വതിഅമ്മ', *കാറ്റിൽ പറക്കാത്ത കത്തുകൾ*. പു. 162,163.

19. കെ. സുരേന്ദ്രൻ, 'ഒറ്റപ്പെട്ട ഒരു പ്രതിഭാസം', *കെ.സരസ്വതിയമ്മയുടെ സമ്പൂർണ്ണകൃതികൾ',* സമ്പാ. കെ.എസ്. രവികുമാർ, (ഡി.സി.ബുക്സ്, കോട്ടയം, 2001), പു. 1030.

20. രാജലക്ഷ്മിയുമായുള്ള സ്വകാര്യസംഭാഷണം, തിരുവനന്തപുരം, ഒക്ടോബർ 10, 2005.

21. കെ. സരസ്വതിയമ്മ, 'മഴയ്ക്കു മുൻപ്', പു.91.

22. ടി, പു.92.

23. കെ. സരസ്വതിയമ്മ, 'മധുവിധു', പു,110,111.

24. ടി, പു.113.

25. വൈലോപ്പിള്ളിൽ ശ്രീധരമേനോൻ, 'കുടിയൊഴിക്കൽ', *വൈലോപ്പിള്ളിക്കവിതകൾ,* (സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 1984, പു.696.

26. കെ. സരസ്വതിയമ്മ, 'പ്രേമഫലം', പു.481.

27. ടി.

28. കെ. സരസ്വതിയമ്മ, 'പാവങ്ങൾ', പു,160.

29. കെ. സരസ്വതിയമ്മ, 'സ്വാർഥത', പു.762.

30. കെ. സരസ്വതിയമ്മയുടെ ഡയറി, ജനുവരി 8,9, 1973.

31. ടി. ഫെബ്രുവരി 12, 13, 1973.

32. കെ. സരസ്വതിയമ്മ, 'വൈവിധ്യം വേണ്ടേ?', പു.776.

33. ടി, പു.778.

34. ടി.

35. ടി, പു.779.

36. ടി, പു.780.

37. കെ. സരസ്വതിയമ്മ, 'പ്രേമഭാജനം', പു.900.

38. ടി. എൻ. ജയചന്ദ്രൻ, 'ടി. എൻ. ജയചന്ദ്രൻ നടത്തിയ അഭിമുഖം', പു.1012.

39. കെ. സരസ്വതിയമ്മ, 'ഭാഗ്യവതി', പു.123.

40. കെ. സരസ്വതിയമ്മയുടെ ഡയറി, മാർച്ച് 22–27, 1973. (ഈ ഡയറിക്കുറിപ്പ് സംസ്കാരകേരളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കെ. സരസ്വതിയമ്മ, 'കയ്പ്പും മധുരവും', *സംസ്കാരകേരളം ത്രൈമാസികം* (ജൂലൈ–സെപ്തംബർ, 1992), പു.9,10.

41. കെ. സരസ്വതിയമ്മ, 'മഞ്ജു–ഡോക്ടർ–മഞ്ജു', പു. 342.

42. കെ. സരസ്വതിയമ്മ, 'ഈശ്വരന്റെ കൈയ്യിൽ', പു. 250.

43. കെ. സരസ്വതിയമ്മ, 'ഞാനൊരു ഭർത്താവായിരുന്നെങ്കിൽ', പു. 987.

44. കെ. സരസ്വതിയമ്മ, 'ഡബിൾ ആക്ട്', പു. 349.

45. ടി. പു. 350.

46. ടി.

47. 'കെ. സരസ്വതിഅമ്മ', *കാറ്റിൽ പറക്കാത്ത കത്തുകൾ*, പു. 166.

48. കെ. സരസ്വതിയമ്മ, 'ദേവദൂതി', പു. 908, 909.

49. സരസ്വതി, 'നിയമപരിധിക്കപ്പുറം', *മാതൃഭൂമി ആഴ്ചപ്പതിപ്പ്*, 23,23, (ആഗസ്ത് 19, 1945), പു.3.

50. ടി. പു. 4.

51. കെ. സരസ്വതിയമ്മ, 'എല്ലാം തികഞ്ഞ ഭാര്യ ', പു. 324.

52. ടി.

53. കെ. സരസ്വതിയമ്മ, 'അവരുടെ കഥയെഴുത്ത്', പു. 259.

54. ടി. പു.261.

55. ടി. പു, 263.

56. കെ. സരസ്വതിയമ്മ, 'രത്നം വിളയുന്ന ഭൂമി' പു. 266.

57. കെ. സരസ്വതിയമ്മ, 'കലാമന്ദിരം', പു.312.

58. കെ. സരസ്വതിയമ്മ, 'കുലമഹിമ', പു. 358.

59. ടി. പു. 359.

60. കെ. സരസ്വതിയമ്മ. 'സ്വാതന്ത്ര്യവാദക്കാരി', പു.322.

61. കെ. സരസ്വതിയമ്മ, 'പൂജാവിഗ്രഹം', പു. 369.

62. ടി. പു. 370.

63. കെ. സരസ്വതിയമ്മ, 'പുതിയ മാതൃകകൾ', പു. 396.

64. ടി. പു. 399.

65. ടി. പു.393.

66. കെ. സരസ്വതിയമ്മ, 'വിവാഹവ്യവസായം', പു.413.

67. കെ. സരസ്വതിയമ്മ, 'രക്ഷാദേവത', പു. 552.

68. ടി.

69. കെ. സരസ്വതിയമ്മ, 'ഒരുക്കത്തിന്റെ ഒടുവിൽ', പു.464.

70. കെ. സരസ്വതിയമ്മ, 'അവിവാഹിതന്റെ അശ്രുക്കൾ', പു. 568.

71. കെ. സരസ്വതിയമ്മ, 'വിലക്കപ്പെട്ട വഴി', പു. 680.

72. ടി.

73. കെ. സരസ്വതിയമ്മ, 'ഭർതൃത്വം', പു.772.

74. ടി. പു. 773.

75. ടി. പു. 774.

76. കെ. സരസ്വതിയമ്മ, 'ചില ചിത്രങ്ങൾ', പു. 187.

77. കെ. സരസ്വതിയമ്മ, 'ഞാനൊരു ഭർത്താവായിരുന്നെങ്കിൽ' പു.989.

78. കെ. സരസ്വതിയമ്മ, 'പാതിപാതിവ്രത്യം', പു.697.

79. ടി. പു. 700.

80. ടി. പു. 703.

81. കെ. സരസ്വതിയമ്മ, 'പെൺ ബുദ്ധി', പു. 514.

82. കെ. സരസ്വതിയമ്മ, 'കർത്തവ്യത്തിന്റെ മുന്നിൽ', പു.386.

83. കെ. സരസ്വതിയമ്മ, 'ആദർശവും ജീവിതവും', പു. 750.

84. കെ. സരസ്വതിയമ്മ, 'ദ്രോഹത്തിന്റെ ഫലം ചെയ്തസ്നേഹം', പു. 753.

85. കെ. സരസ്വതിയമ്മ, 'മധുരപലഹാരം', പു. 582.

86. കെ. സരസ്വതിയമ്മ, 'തെറ്റും ശരിയും', പു. 583.

87. ടി. പു. 593.

88. കെ. സരസ്വതിയമ്മ, 'ചിലരങ്ങനെയാണ്', പു. 803.

89. കെ. സരസ്വതിയമ്മ, 'പകലും രാവും', പു. 641–642.

90. ടി. പു. 644.

91. കെ. സരസ്വതിയമ്മ, 'ചോലമരങ്ങൾ', പു. 791.

92. കെ. സരസ്വതിയമ്മ, 'വിവാഹം സ്വർഗ്ഗത്തിൽവച്ച് നടത്തപ്പെടുന്നു', പു. 629.

93. ടി. പു. 632.

94. കെ. സരസ്വതിയമ്മ, 'കുടിശ്ശികയും കൂട്ടി', പു. 651.

95. ടി. എൻ. ജയചന്ദ്രൻ, 'ടി.എൻ. ജയചന്ദ്രൻ നടത്തിയ അഭിമുഖം', പു. 1015.

96. കെ. സരസ്വതിയമ്മയുടെ ഡയറി, ജനുവരി 17, 1973.

97. കെ. സരസ്വതിയമ്മ, 'പനിനീർപ്പൂവ്', പു. 820.

98. എസ്. ഗുപ്തൻ നായർ, 'ഒരു സതീർഥ്യന്റെ ഓർമ്മകൾ', *കെ. സരസ്വതിയമ്മയുടെ സമ്പൂർണ്ണകൃതികൾ,* സമ്പാ. കെ.എസ്. രവികുമാർ, (ഡി.സി.ബുക്സ്, കോട്ടയം, 2001), പു. 9.

99. കെ. സരസ്വതിയമ്മ, 'പനിനീർപ്പൂവ്', പു. 819.

100. ടി. പു. 828.

101. ടി.

102. ടി. പു. 829.

103. രാജലക്ഷ്മിയുമായുള്ള സ്വകാര്യ സംഭാഷണം, തിരുവനന്തപുരം, ഡിസംബർ, 26, 2005.

104. എൻ. കെ. രവീന്ദ്രൻ, "സ്ത്രീവിമോചനത്തിന്റെ പ്രശനങ്ങൾ മലയാള സാഹിത്യത്തിൽ – എഴുത്തുകാരികളുടെ സംഭാവനകൾ അടിസ്ഥാനമാക്കിയുള്ള പഠനം" (പിച്ച്.ഡി പ്രബന്ധം, കേരള സർവ്വകലാശാല, 1992), പു. 218.

105. സരസ്വതി, 'ശ്രീ ശാരദാദേവി', *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* (മെയ് 23, 1943), പു. 10.

106. സി.എസ്. ചന്ദ്രിക, *കെ. സരസ്വതി അമ്മ* (സാഹിത്യ അക്കാഡമി, 2000), പു. 18.

107. സരളാ രാമവർമ്മ, 'പരാജയം', *കഥാകദംബം* (മംഗളോദയം, തൃശ്ശിവപേരൂർ, 1954), പു.30

108. ടാഗോറിന്റെ മറുപടി കത്ത് – ഡിസംബർ 11, 1940, – "The growing - infirmity of my age comples me at last to appeal the public. Kindly to relieve me from the responsibility of Corresponcence and numerous other claims causing constant strain upon my body and mind when they urgently need rest". കെ. സരസ്വതിയമ്മയമ്മയുടെ ഡയറി, ജനുവരി 17, 1973

109. കെ. സരസ്വതിയമ്മ, 'ലോകത്തിന്റെ പുരോഗതി', പു. 196.

110. കെ. സരസ്വതിയമ്മയുടെ ഡയറി, ജനുവരി 17, 1973.

111. സരസ്വതി, 'ശ്രീ ശാരദാദേവി', *മാതൃഭൂമി ആഴ്ചപ്പതിപ്പ്* (മെയ് 23, 1943), പു. 10.

112. കെ. സുരേന്ദ്രൻ, 'ഒറ്റപ്പെട്ട ഒരു പ്രതിഭാസം', പു. 1028.

113. ടി, പു. 1028–1029.

114. കെ. സരസ്വതിയമ്മയുടെ ഡയറി, ജനുവരി 20, 1973.

115. സരസ്വതിയമ്മയുടെ സുഹത്തും അയൽക്കാരിയുമായ മാധവിക്കുട്ടിയുമായുള്ള സ്വകാര്യ സംഭാഷണം, തിരുവനന്തപുരം, ഒക്ടോബർ 6, 2005.

116. കെ. സരസ്വതിയമ്മയുടെ ഡയറി, ഫെബ്രുവരി 7, 1973.

117. ടി, ജനുവരി 21, 1973.

118. ടി, ജനുവരി 20, 1973.

119. ടി, മെയ് 4, 1973.

അദ്ധ്യായം നാല്

# പ്രണയം, രതി

# പ്രണയം

പ്രണയത്തെ ഉപാസിക്കുന്ന നായികമാരെയും, വ്യവസ്ഥാപിത പ്രേമത്തെ വിരോധിക്കുന്ന നായികമാരെയും കഥയിലവതരിപ്പിച്ചുകൊണ്ട് തനതായൊരു പ്രണയസങ്കല്പത്തെ കഥാലോകത്ത് സരസ്വതിയമ്മ വിഭാവനം ചെയ്തു. പക്ഷേ, അതുൾക്കൊള്ളാനോ, അംഗീകരിക്കാനോ കൂട്ടാക്കാത്ത സഹൃദയലോകം അവരെ കലാപകാരിയും, പ്രേമവിരോധിയുമായി മുദ്രകുത്തി. മലയാളത്തിലെ പ്രേമകാവ്യമായ *രമണ*നെ വിമർശിച്ചുകൊണ്ട് പ്രണയത്തെക്കുറിച്ചുള്ള ആദ്യചിന്ത സരസ്വതിയമ്മ പ്രകടമാക്കുന്നത് 1939 ൽ എഴുതിയ 'രമണി' എന്ന കഥയിലാണ്. പ്രണയത്തെ ഭാവാത്മകവും, കാല്പനികവുമായി ഉന്മീലനം ചെയ്ത *രമണന്* ആ കാലത്ത് അസൂയാർഹമായ അംഗീകാരം ലഭിച്ചിരുന്നു. 1943 – ൽ രമണി പ്രസിദ്ധീകരിക്കുമ്പോഴേക്കും 1936 ൽ പുറത്തുവന്ന *രമണ*ന്റെ പതിനഞ്ച് പതിപ്പുകൾ ഇറങ്ങിക്കഴിഞ്ഞിരുന്നു. മലയാളത്തിൽ അന്നേവരെ ഒരു കൃതിക്കും സങ്കല്പിക്കാൻ പോലും കഴിയാതിരുന്ന ഒരപൂർവ്വഭാഗ്യം തന്നെയായിരുന്നു അത്. *രമണ*ന്റെ ഈ പ്രശസ്തി 'രമണി' എഴുതാൻ സരസ്വതിയമ്മക്ക് നിശ്ചയമായും പ്രേരണയായിട്ടുണ്ടാവണം. സങ്കുചിതമായ പ്രണയസങ്കല്പത്തെ മലയാളികൾ ഹൃദയത്തുടിപ്പുപോലെ കരുതിവന്നതിലുള്ള അസഹ്യതയും, പെണ്ണിന്റെ പ്രണയത്തെ വിലയിടിച്ചുകാണിച്ചതിലുള്ള അമർഷവും അതിരില്ലാതെ പ്രണയിക്കാൻ കഴിവുള്ള പെണ്ണിന്റെ മനസ്സ് തുറന്ന് കാണിക്കാനുള്ള വ്യഗ്രതയും *രമണ*നെ വിമർശിച്ചുകൊണ്ട് 'രമണി' എഴുതാനുള്ള കാരണമായി. പ്രസ്തുത കഥ പ്രസിദ്ധീകരിച്ച് (മാതൃഭൂമി ആഴ്ചപ്പതിപ്പ്, നവംബർ 7, 1943) ഒരു വർഷം തികയുന്നതിനുമുമ്പ് തന്നെ സരസ്വതിയമ്മ *പ്രേമഭാജനം* എന്ന നോവൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു (1944, ജൂൺ മാസത്തിൽ). തന്റെ പ്രണയദർശനത്തെ സഹൃദയലോകത്തിനുമുമ്പിൽ വെളിപ്പെടുത്താനുള്ള അവരുടെ വ്യഗ്രത തന്നെയായിരുന്നു ഇതിനു കാരണം.

'രമണി' എന്ന കഥ എഴുതിയശേഷം സതീർഥ്യനായിരുന്ന ചങ്ങമ്പുഴയെ അതു കാണിച്ചിരുന്നുവെന്നും, അവരോട് തോമസ് ഹാർഡിയുടെ കൃതികൾ വായിക്കാൻ കവി

നിർദ്ദേശിച്ചുവെന്നും അവർ തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്[1]. സരസ്വതിയമ്മയുടെ പ്രണയസങ്കല്പത്തെ അന്നത്തെ സഹൃദയലോകം വിലമതിച്ചില്ലെങ്കിലും തോമസ് ഹാർഡിയുടെ കൃതികൾ വായിക്കാൻ നിർദ്ദേശിച്ച കവി അതിനെ അംഗീകരിക്കയാണ് ചെയ്തത്. കാരണം പ്രണയത്തെ ചഞ്ചലവും, അസ്ഥിരവുമായി വിവക്ഷിക്കാതെ അഗാധവും, സ്ഥിരവുമായി വിഭാവനം ചെയ്ത സരസ്വതിയമ്മയിലെ 'പ്രണയിനിയെ കവി കണ്ടെത്തുകയായിരുന്നു. പിന്നീട് തന്നെ സ്വാധീനിച്ച എഴുത്തുകാരൻ തോമസ് ഹാർഡിയാണെന്ന് സരസ്വതിയമ്മ സമ്മതിക്കുന്നുണ്ട്. ആ സ്വാധീനവും, തന്നിലെ വ്യതിരിക്തമായ സ്ത്രൈണാവബോധവും സ്വാംശീകരിച്ചുകൊണ്ടാണ് *പ്രേമഭാജനം* എന്ന നോവൽ അവരെഴുതിയത്. പെണ്ണിന്റെ പ്രണയാർദ്രമായ മനസ്സ് 1941–ൽ എഴുതിയ 'ശരച്ചന്ദ്രിക' എന്ന കഥയിൽ തന്നെ സരസ്വതിയമ്മ തൊടുത്തുവെച്ചിട്ടുണ്ടായിരുന്നു. ആ കഥയിലെ പ്രണയം വ്യവസ്ഥാപിതപ്രേമമായി വ്യാഖ്യാനിക്കപ്പെടരുതെന്ന നിർബന്ധമാവാം 'അതു പ്രേമമല്ല' എന്ന അപരനാമം ആദ്യം കഥയക്ക് നൽകാൻ കഥാകാരിയെ പ്രേരിപ്പിച്ചത് (ആ പേരിലാണ് പ്രസ്തുത കഥ ശ്രീചിത്രയുഗം വാരികയിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്). മനുഷ്യബന്ധങ്ങളുടെ സ്ഥാപനവത്ക്കരണത്തെ നിഷേധിച്ചുകൊണ്ടുള്ള സ്വതന്ത്രവും, സമത്വപൂർണ്ണവുമായ സ്ത്രീപുരുഷബന്ധത്തെ, താൻ വിഭാവനം ചെയ്ത പ്രണയസങ്കല്പമനുസരിച്ച് പ്രതിഷ്ഠിക്കാനുള്ള വെമ്പലാണ് *പ്രേമഭാജന*മെന്ന നോവലിന് നിദാനമായത്. *രമണ*നെന്ന കാവ്യത്തെ നിരാകരിച്ചുകൊണ്ടെഴുതിയ 'രമണി'യിലോ, പ്രണയഭാവം നാമ്പിടുകമാത്രം ചെയ്യുന്ന 'ശരച്ചന്ദ്രിക'യിലോ പെണ്ണിന്റെ പ്രണയമനസ്സ് പൂർണ്ണമായും ഉന്മീലനം ചെയ്യപ്പെടാത്തതുകൊണ്ടുകൂടിയാവാം അവർ അക്കാലത്ത് ഈ വിധമൊരു നോവൽ എഴുതാൻ തുനിഞ്ഞത്. പ്രസ്തുത നോവൽ പുറത്തുവന്ന 1944 ൽ തന്നെയാണ് കേശദേവിന്റെയും, ബഷീറിന്റെയും ആദ്യനോവലുകളായ *ഓടയിൽ നിന്നും*, *ബാല്യകാല സഖി*യും പ്രസിദ്ധീകരിച്ചത്. തകഴിയുടെ ആദ്യനോവലായ *തോട്ടിയുടെ മകൻ* 1947 ലാണ് പ്രസിദ്ധീകരിക്കുന്നത്. സമകാലീനയായ ലളിതാംബികാന്തർജ്ജനം പിന്നേയും ഏറെ വർഷങ്ങൾക്കുശേഷമാണ് തന്റെ ആദ്യനോവൽ *അഗ്നിസാക്ഷി* (1970 – ൽ) എഴുതുന്നത്. "അംഗീകൃത സാഹിത്യമൂല്യനിർണ്ണേതാക്കളും, സാഹിത്യചരിത്രകാരന്മാരും പേരിന് ഒന്ന് സൂചിപ്പിച്ചുമാത്രം പോയ ഈ നോവലിന് സ്വാഭാവികമായും അർഹമായ അംഗീകാരം ലഭിക്കുകയുണ്ടായില്ല"[2] എന്ന് *പ്രേമഭാജന*ത്തെക്കുറിച്ച് ഗീത രേഖപ്പെടുത്തിയിട്ടുണ്ട്. 1945–ലെ മാതൃഭൂമി ആഴ്ചപ്പതി

പ്പിൽ, 'പുസ്തകാഭിപ്രായം' എന്ന കോളത്തിൽ പ്രേമഭാജനത്തെ ഒരു ചെറുകഥയായി പരിഗണിച്ചുകൊണ്ട് ഈ വിധം പ്രസ്താവിക്കുന്നു. "തോമസ് ഹാർഡി മുതലായ ഇംഗ്ലീഷ് സാഹിത്യകാരന്മാരുടെ സാഹിത്യശില്പം ഗ്രന്ഥകർത്രിയുടെ മേൽ വളരെയധികം സ്വാധീനത ചെലുത്തിയിട്ടുണ്ടെന്നുള്ളത് വ്യക്തമാണ്. അവരുടെ നേതൃത്വത്തെ ശ്രീമതി. സരസ്വതിയമ്മ ഒട്ടൊട്ടു വിജയപൂർവ്വം തന്നെ പിന്തുടരുന്നുണ്ട്"[3]. സരസ്വതിയമ്മയുടെ ഈ പ്രഥമ സംരഭത്തെ തോമസ് ഹാർഡിയുടെ സ്വാധീനമായി കാണുക മാത്രമാണിവിടെ ചെയ്തിരിക്കുന്നത്. നോവലിസ്റ്റിന്റെ സവിശേഷ വ്യക്തിത്വത്തെ കണ്ടെത്താൻ ശ്രമം നടത്തുന്നില്ല. മലയാളത്തിലെ വനിതാ നോവലിസ്റ്റുകളെക്കുറിച്ചുള്ള പഠനത്തിൽ ടി.എൻ. ജയചന്ദ്രൻ, കഥാസാഹിത്യരംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നല്കിയിട്ടുള്ള സ്ത്രീകളെല്ലാം തന്നെ സൗമനസ്യമുള്ള സഹൃദയരായ ഭർത്താക്കന്മാരാൽ അനുഗ്രഹീതരാണെന്ന് കാണാൻ കഴിയും എന്ന് അന്തർജ്ജനം, മാധവിക്കുട്ടി, വത്സല എന്നിവരെ മുൻനിർത്തി അഭിപ്രായപ്പെട്ടിട്ടുണ്ട്. അവരിൽ നിന്നും വ്യത്യസ്തയായി സരസ്വതിയമ്മയെ കണ്ടുകൊണ്ടുതന്നെ ലേഖകൻ ഈ വിധം വിലയിരുത്തുന്നു: "അംഗീകൃതങ്ങളായ സദാചാരമര്യാദകളെ ധിക്കരിച്ചുകൊണ്ട് തന്റെ കഥാപാത്രങ്ങളെ അവതരിപ്പിക്കാൻ സരസ്വതിയമ്മ കാണിച്ച ധീരത അസാമാന്യമായിരുന്നു. അവരെഴുതിയ കാലത്തെക്കുറിച്ചാലോചിക്കുമ്പോൾ അവരുടെ ധീരതയുടെ മാറ്റ് കൂടുന്നതായി കാണാം"[4]. 1944 ൽ പ്രസിദ്ധീകരിച്ച *പ്രേമഭാജനത്തിന്* 1951ൽ രണ്ടാം പതിപ്പുണ്ടായതുകൊണ്ട് പ്രസ്തുത നോവലിന് തീർച്ചയായും വായനക്കാരുണ്ടായിരുന്നുവെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്[5]. പക്ഷേ സഹൃദയർ ഭർത്സിക്കയാണുണ്ടായത്[6]. ഒട്ടൊരു ആശങ്കയോടെയാണ് അവരത് പുസ്തകരൂപത്തിൽ ഇറക്കിയതു തന്നെ[7].

പ്രണയിച്ചുകൊണ്ടേയിരിക്കുക എന്നതുതന്നെ പ്രണയസാഫല്യം എന്ന ആദർശത്തിലൂന്നിക്കൊണ്ടുള്ള സരസ്വതിയമ്മയുടെ പ്രണയോപാസന നോവലിലും, കഥകളിലും മരണത്തിലൂടെ സാക്ഷാത്ക്കരിക്കപ്പെടുന്ന ഒരു ഉട്ടോപ്പിയൻ സ്വപ്നമായിരുന്നു. "പ്രണയത്തിന്റെ പരമ്പരാഗതമായ ആദർശാത്മകതയെ നിഷേധിക്കുമ്പോൾത്തന്നെ, മറ്റൊരു തലത്തിൽ ഈ പ്രണയം ആദർശാത്മകവും കാല്പനികവും, അപ്രായോഗികവുമായി മാറുന്നത് കാണാം"[8]. സരസ്വതിയമ്മയുടെ പ്രണയസങ്കല്പത്തെക്കുറിച്ചുള്ള ഗീതയുടെ ഈ നിരീക്ഷണം തികച്ചും പ്രസക്തമാവുന്നുണ്ട്. നോവലിലൂടെ ഈ പ്രണയസങ്കല്പത്തെ സാക്ഷാത്ക്കരിച്ച സരസ്വതിയമ്മ മലയാള സാഹിത്യത്തിലെ കാല്പനിക കാല സാഹിത്യവും, പുരോഗമനസാഹിത്യവും, ആധുനിക സാഹിത്യവും കൊണ്ടുനടന്ന വിവാഹമെന്ന

ചട്ടക്കൂടിൽ പ്രതിഷ്ഠിച്ച പ്രണയത്തെ തന്റെ ചെറുകഥകളിലൂടെ വെല്ലുവിളിക്കുകയാണ്. അതിന് പിൻബലം നല്കുന്ന ഒരു നിരീക്ഷണം അവരുടെ ഒരു ലേഖനത്തിൽ കാണുന്നുണ്ട് – "പ്രേമത്തിൽ വൈകാരികാംശം ഏറിനില്ക്കുന്നതുകൊണ്ട് വിവേചനാശക്തി നേരെ പ്രവർത്തിച്ചെന്നു വരില്ല. മഞ്ചാടിക്കുരുവെയും മാണിക്യക്കല്ലാക്കി കാണിക്കുന്ന പ്രേമം അപകടകാരിയാണ്. കാലം കുറച്ചു ചെല്ലുമ്പോൾ ആകർഷണം നീങ്ങി മാണിക്യക്കല്ല് മഞ്ചാടിക്കുരുവാണെന്ന് ബോധമുണ്ടായാൽ പിന്നെന്തു രക്ഷ?"[9]. ആത്മൈക്യം പുലർത്താത്ത സ്ത്രീ പുരുഷബന്ധത്തിൽ നുഴഞ്ഞുകയറുന്ന പ്രേമത്തിന്റെ അതിവൈകാരികത കമിതാക്കളുടെ വ്യവസ്ഥാപിത വിവാഹത്തിൽ ചോർന്നുപോവുകയും, പകരം ആധിപത്യവ്യവസ്ഥയുടെ നിർണ്ണയങ്ങൾക്കനുസൃതമായി അധികാരവും, വിധേയത്വവും സംജാതമാവുകയും ചെയ്യുന്നു. അങ്ങിനെ പ്രണയബന്ധം ഇല്ലാതാവുന്നതോടെ, മാണിക്യക്കല്ല് മഞ്ചാടിക്കുരുവായി പരിണമിക്കുന്നു. ഈ വിധമുള്ള പ്രണയത്തെ നിരോധിക്കുന്ന പരാമർശങ്ങളും, സംഭവഗതികളും പ്രത്യക്ഷമായി പ്രകടമാവുന്ന കഥകൾ ഇവിടെ പരിശോധിക്കുന്നുണ്ട്. പരോക്ഷമായ പരാമർശങ്ങൾ പല കഥകളിലും ആവർത്തിച്ചു വരുന്നുണ്ടെങ്കിലും ആ കഥകളെ ഈ പരിഗണനയിൽ ഉൾപ്പെടുത്തിയിട്ടില്ല.

'പ്രേമവുമായെതിരിടുന്ന സരസ്വതിയമ്മയുടെ കഥകൾക്ക് ഒരാമുഖമെന്ന നിലയിൽ രമണി എന്ന കഥയെ പരിഗണിക്കാവുന്നതാണ്' എന്ന് എൻ.കെ. രവീന്ദ്രൻ അഭിപ്രായപ്പെടുന്നുണ്ട്[10]. ഈ കഥയിൽ നായിക സ്ത്രീജന്മത്തെ പഴിക്കുന്ന ദുർബലയായി നിലകൊണ്ടപ്പോൾ, പിൽക്കാലത്തെ നായികമാരെ ബദൽ സ്ത്രൈണാവബോധത്തിൽ പ്രതിഷ്ഠിച്ചുകൊണ്ട് മനസ്ഥൈര്യമുള്ളവരായി സരസ്വതിയമ്മ നിലനിർത്തിയിട്ടുണ്ട്. ശാന്തി, സീത, വിലാസിനി എന്നീ കഥാപാത്രങ്ങളിലാണ് പരമ്പരാഗതമായ സ്ത്രൈണസ്വഭാവത്തിൽ നിന്നും വ്യതിരിക്തമായ സ്ത്രൈണഭാവത്തിലേക്കുള്ള വളർച്ച പൂർണ്ണമാവുന്നത്. തന്റെ ഒരുപാടുകഥകളിൽ 'ശാന്തി' എന്ന കഥാപാത്രം കടന്നുവരുന്നുണ്ടെന്നും, ശാന്തി തന്റെ lighter side ന്റെ പ്രതിനിധിയാണെന്നും സരസ്വതിയമ്മ അഭിമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട്[11]. ശാന്തിയുടെ പ്രഥമപ്രവേശം കുറിക്കുന്നത് 'രമണി' യിലാണ്. പക്ഷേ, ഈ കഥയിൽ ശാന്തി പരമ്പരാഗതമായ സ്ത്രൈണ വ്യക്തിത്വമുള്ള ഒരു കഥാപാത്രമായിട്ടാണ് നിലകൊള്ളുന്നത്. രമണനെന്ന പ്രേമകാവ്യം വായിച്ച്, ചന്ദ്രികയെ ഭർത്സിക്കുകയും, രമണനോട് സഹതാപം പ്രകടപ്പിക്കുകയും ചെയ്യുന്ന സഹൃദയമനസ്സിന്റെ ഒരു പ്രതിനിധിയായി അവളെ കരുതാം. രമണനോട് അനുതാപം പ്രകടിപ്പിക്കുന്ന ശാന്തിയോട്

സുഷമ സ്വാനുഭവം വെളിപ്പെടുത്തുന്നു. പ്രേമവഞ്ചിതയായ തന്റെയും, പുരുഷവഞ്ചന യാൽ ആത്മഹത്യചെയ്യേണ്ടി വന്ന ലീനയുടേയും അനുഭവങ്ങൾ അവൾ വിവരിക്കുന്നു. ഇതാണ് രമണി എന്ന കഥ. രമണി എന്ന ശീർഷകം കഥയക്ക് നൽകിയിട്ടുണ്ടെങ്കിലും ആ പേരിൽ ഒരു കഥാപാത്രം ഇതിലില്ല. ചങ്ങമ്പുഴയുടെ കാവ്യത്തിൽ വഞ്ചിക്കപ്പെട്ട പുരുഷൻ രമണനായതിനാൽ ഈ കഥയിൽ 'രമണി' എന്നത് പുരുഷന്മാരാൽ വഞ്ചിത രായ രണ്ട് സ്ത്രീ കഥാപാത്രങ്ങൾക്കും ചേർന്ന പൊതുവായ ഒരു പേരായി കഥാകാരി സ്വീകരിക്കുന്നു. തന്റെ അനുജത്തി ലീനയെ ഒരു ഹിന്ദു യുവാവ് പ്രേമിച്ച് വഞ്ചിച്ചതിനു പകരം വീട്ടാൻ ഒരു ഹിന്ദു യുവതിയെ പ്രേമവഞ്ചനയിൽ അകപ്പെടുത്തുക എന്നതായി രുന്നു ക്രിസ്ത്യാനിയായ ബാബുവിന്റെ ലക്ഷ്യം. ആ ലക്ഷ്യം കൈവരിക്കാനുള്ള ഒരു ഉപാധി മാത്രമാണ് അയാൾക്ക് സുഷമ. അവളാകട്ടെ 'ജന്മസിദ്ധമായ സ്നേഹബന്ധങ്ങ ളിൽ നിന്ന് വ്യതിരിക്തമായ ഒരു സ്നേഹം കിട്ടാനും, കൊടുക്കാനും കൊതിക്കുന്ന ആ യൗവ്വനത്തിൽ ബാബുവിന്റെ സ്നേഹം ഹൃദയപൂർവ്വം സ്വീകരിക്കാൻ തയ്യാറാവുന്നു. അതിലെ ആപത്ത് മനസ്സിലാക്കാതെ അവൾ അയാൾക്ക് എല്ലാം സമർപ്പിച്ചു. ചതിക്ക പ്പെട്ട അവൾക്ക് അവിവാഹിതയായ ഒരമ്മയാവേണ്ടി വന്നു. "അഭിലാഷപൂർത്തിക്കുദ്യമി ക്കുന്ന പുരുഷൻ പങ്കുകാരിയുടെ ആപത്തിനെ ഗണിക്കയേ ഇല്ലെന്ന് അന്നെനിക്കറിഞ്ഞു കൂടായിരുന്നു"[12] എന്ന സുഷമയുടെ വാക്കുകൾ പുരുഷന്റെ പ്രണയം ലൈംഗികാഭിലാ ഷപൂർത്തി മാത്രം ലക്ഷ്യമാക്കുന്നു എന്ന അവളുടെ ധാരണയെ വെളിപ്പെടുത്തുന്നതാണ്. പലപ്പോഴും കാമുകിയുടെ മുൻപിൽ മുട്ടുകുത്തുന്ന ഒരു കാമുകന് അവളെ കീഴടക്കുക എന്ന ഒരൊറ്റ ലക്ഷ്യം മാത്രമേ ഉണ്ടായിരിക്കൂ, അവൾക്ക് വേണ്ടി ഒന്നും ത്യജിക്കുവാൻ അയാൾ തയ്യാറാവുന്നില്ല. കാമുകിയാവട്ടെ, കാമുകനുവേണ്ടി ആത്മസമർപ്പണം ചെയ്യാൻ പോലും തയ്യാറായെന്ന് വരും. സുഷമ ഈ വിധം കാമുകനുവേണ്ടി ആത്മസമർപ്പണം ചെയ്ത ഒരു കാമുകിയാണ്. "കഷ്ടം ഈശ്വരന്റെ ഏറ്റവും വലിയ ശാപമാണ് സ്ത്രീ ജന്മം. അലിവുനിറഞ്ഞ ഹൃദയവും, ആപല്ക്കരമായ ശരീരഘടനയും"[13] എന്ന് അവൾ സ്വയം പഴിക്കുന്നു. പരിതാപകരമായ ഒരു അവസ്ഥയിൽ അകപ്പെട്ടിട്ടും വഞ്ചകനായ കാമുകനോട് സുഷമയ്ക്ക് അലിവു തോന്നുന്നുണ്ട്. "അതിരില്ലാതെ സ്നേഹിക്കാനുള്ള കഴിവ് പുരുഷന് ദൈവം കൊടുത്തിട്ടില്ല സാഹിത്യ പ്രണയിനിയായ സഖിക്കറിഞ്ഞു കൂടേ, പുരുഷന്റെ ജീവിതത്തിൽ ഒരു ഭാഗം മാത്രമാണ് പ്രേമമെന്നും, സ്ത്രീയുടെ സർവ്വ സ്വവും ആ വസ്തുവാണെന്നും?"[14] – എന്ന് ശാന്തിയോട് ചോദിക്കുന്ന സുഷമ യഥാർഥ

ത്തിൽ സ്വന്തം ജീവിതം കൊണ്ട് തന്നെ അത് തെളിയിക്കുകയാണല്ലോ ചെയ്തത്. പ്രണയമനസ്സുള്ള യഥാർഥ പ്രണയിനിയാണവൾ, അതിരില്ലാതെ സ്നേഹിക്കാൻ കഴിയുന്ന അവളുടെ സർവ്വസ്വവും പ്രണയമാണ്. രമണനെന്ന കാവ്യവുമായി എതിരിടുന്ന ഒരു കഥയായി മാത്രം രമണിയെ കരുതിയതുമൂലം 'പ്രേമവിരോധം' മുദ്രചാർത്തപ്പെട്ടതുകൊണ്ടാകാം. പ്രസ്തുത കഥയിൽ, സരസ്വതിയമ്മ വിഭാവനം ചെയ്ത സ്ത്രീയുടെ പ്രണയമനസ്സ് വേണ്ടത്ര നിരീക്ഷിക്കപ്പെടാതെ പോയത്.

രമണിയുടെ രചനാകാലം 1938-ലാണ്. ആ കാലത്ത് എഴുതിയ സരസ്വതിയമ്മയുടെ ഡയറിക്കുറിപ്പിൽ പുരുഷന്റെ പ്രേമാഭിലാഷം അവരെ മൂന്ന് പ്രാവശ്യം അലോസരപ്പെടുത്തിയതായി സൂചിപ്പിക്കുന്നുണ്ട്. നിർവ്യാജമായ തന്റെ മനോഗതി മറ്റുള്ളവർ സംശയിച്ചെങ്കിലോ എന്ന് ആശങ്കപ്പെട്ടതായും, ഈ വിധം പരീക്ഷിക്കപ്പെട്ട ജീവിതം ഈശ്വരകാരുണ്യത്തിനായി യാചിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. ശരിതെറ്റുകളെക്കുറിച്ചുള്ള ചിന്ത മനസ്സിനെ മഥിക്കുന്നതോടൊപ്പം കഠിനമായ പാപബോധം കൊണ്ട്, മരിക്കാനുള്ള പ്രാർഥനയിൽ അവർ ചെന്നെത്തുന്നുമുണ്ട്[15]. കൊ.വ. 1114 (1939) ൽ ധനുമാസത്തിൽ എഴുതിയ ഈ ഡയറിക്കുറിപ്പിൽ നിന്ന് ഒരു കൗമാരക്കാരിയുടെ മാനസികവിഹ്വലതകൾ മനസ്സിലാക്കാവുന്നതാണ്. രണ്ട് വർഷം കഴിഞ്ഞ്, കൊ.വ. 1117 ൽ മറ്റൊരു ധനുമാസത്തിലെ ഡയറിക്കുറിപ്പുകളിൽ രക്ഷകനു വേണ്ടിയുള്ള ഒരു യൗവ്വനമനസ്സിന്റെ പ്രണയനിർഭരവും, പ്രതീക്ഷ തുടിക്കുന്നതുമായ കാത്തിരിപ്പിനെപ്പറ്റിയുള്ള സൂചന തുടർച്ചയായി രണ്ട് ദിവസം കാണാം[16]. സ്ത്രീയുടെ പ്രണയമനസ്സ് പുരുഷനിൽ ഒരു രക്ഷകനെ തേടുന്നതിന്റെ ഉൾത്തുടിപ്പ് ഈ വരികളിൽ ത്രസിക്കുന്നുണ്ട്. ഭയാശങ്കകളാൽ വിവശമായ മനസ്സ് ഈ വിധം ഒരു രക്ഷകനെ സങ്കല്പിക്കുന്നതും, സാമൂഹിക ജീവിതപരിസരത്തിന്റെ ഇടുക്കുകളിലേക്ക് വ്യാപരിപ്പിക്കാതെ പ്രണയത്തെ പ്രാണൻ ത്യജിച്ചും നിലനിർത്തുന്നതുമായ അനുഭവമുഹൂർത്തങ്ങൾ സരസ്വതിയമ്മയുടെ പിന്നീടെഴുതിയ കഥകളിൽ പ്രകടമാവുന്നുണ്ട്. 'ഭാഗ്യവതി'യും, 'ശരച്ചന്ദ്രിക'യും, *പ്രേമഭോജന*വും ഈ ഭാവതലത്തെ പ്രകാശിപ്പിക്കുന്ന കഥകളാണ്.

സരസ്വതിയമ്മയുടെ ജന്മനക്ഷത്രത്തിന്റെ - കാർത്തിക - പേരുള്ള 'ഭാഗ്യവതി' എന്ന കഥയിലെ നായിക, ശ്രീച്ചേട്ടനിൽ കണ്ടെത്തുന്നത് തന്റെ രക്ഷകനെയാണ്. ബാല്യത്തിൽ അവളുടെ രക്ഷാകർതൃത്വം സ്വയമേറ്റെടുത്ത അയാളുടെ അധികാരം കാണിക്കലിൽ അവൾക്ക് വൈരസ്യമല്ല ആനന്ദമാണ് തോന്നിയിരുന്നത്. കാരണം അയാളുടെ

സ്നേഹവാത്സല്യങ്ങൾക്ക് അവൾ ഒരൊറ്റ അവകാശിയേ ഉണ്ടായിരുന്നുള്ളൂ. കാലം കഴിഞ്ഞു പോയി, അവർ യുവതീയുവാക്കളായി. അവരുടെ പ്രണയത്തെക്കുറിച്ചുള്ള കഥയിലെ പരാമർശം ഇപ്രകാരമാണ്: "ശാരീരികമായ മാറ്റങ്ങൾ അവർ രണ്ടുപേരിലു മുണ്ടായി, പക്ഷേ നിസ്സർഗ്ഗസുന്ദരമായ അവരുടെ പെരുമാറ്റത്തിൽ യൗവ്വനസഹജമെന്ന് പറയപ്പെടുന്ന ഒരു ചാപല്യവും പ്രത്യക്ഷപ്പെട്ടില്ല. വ്രീളാഭാരവിനമ്രയായി കാമുകസന്നി ധി പൂകുന്ന കാമിനിയോ, പ്രേമഭാജനകാന്തി കടക്കൺകോണുകൊണ്ടാസ്വദിക്കുന്ന കാമു കനോ ആ വീട്ടിലെ നൈർമ്മല്യത്തെ അലങ്കോലപ്പെടുത്തിയില്ല. സ്നേഹപരിഭവം കാണി ക്കാനല്ലാതെ, പ്രണയകലഹം അഭിനയിക്കാൻ അവർക്ക് വശമില്ലായിരുന്നു. ആദ്യത്തെ ദിവസം അന്യോന്യം കണ്ടപ്പോൾ തോന്നിയതിൽ കൂടുതലായ ഒരു ശാരീരികപ്രേരണയും അവരെ പരസ്പര ദർശനകാംക്ഷികളാക്കിയില്ല. സ്നേഹത്തിനപ്പുറം പാകപ്പെടുത്താത്ത പ്രേമമായിരുന്നു അത്. പ്രണയപ്രഖ്യാപനത്തെയും, വിവാഹവാഗ്ദാനത്തെയും പറ്റി അവർ ചിന്തിച്ചതേയില്ല"[17]. വ്യവസ്ഥാപിത മാനദണ്ഡങ്ങൾകൊണ്ട് അളക്കാവുന്നതിനും അപ്പുറം നിലകൊള്ളുന്ന പ്രണയമായിരുന്നു അവരുടേത്. ശ്രീച്ചേട്ടന്റെ ആകസ്മികമായ മരണ ത്തിനുശേഷവും സ്നേഹവാത്സല്യനിർഭരമായ ആ ബന്ധത്തിന്റെ സ്മൃതിയിൽ അവ ളിലെ പ്രണയം തഴയ്ക്കുകയായിരുന്നു. അതുകൊണ്ടുതന്നെ മറ്റൊരാളുടെ വിവാഹാപേ ക്ഷയെ അവൾക്ക് നിരസിക്കേണ്ടി വന്നു. "വാത്സല്യം നിറഞ്ഞ ഒരു പുരുഷഹൃദയം; എവിടെപ്പോകുമ്പോഴും തന്നെ കാത്തുസൂക്ഷിക്കുന്ന സ്നേഹസമ്പൂർണ്ണമായ ആ മിഴി കൾ; ബലിഷ്ഠസുന്ദരങ്ങളായ ആ ബാഹുക്കൾ ആലിംഗനം ചെയ്താനന്ദിക്കാനല്ല, ആപ ത്തുകളിൽ നിന്നും രക്ഷിക്കാനാണ് ആ കൈകൾ അവളെ വലയം ചെയ്തിരിക്കു ന്നത്. അദൃശ്യങ്ങളെങ്കിലും അവയുടെ സാന്നിദ്ധ്യം അവളെപ്പോഴും അനുഭവിച്ചറിയു ന്നുണ്ട്. ഭൗതിക ശാസ്ത്രങ്ങൾ ശരിവയ്ക്കാത്തതായിരിക്കാം. യുക്തിവാദികൾ വിശ്വ സിക്കില്ലായിരിക്കാം. പക്ഷേ, ആ അനുഭവം അവളുടേതാണ്. അതിൽ കൂടുതൽ ഏതു വേണം കാർത്തികയ്ക്കീലോകത്തിൽ?"[18] ഏതൊരു ബാഹ്യപ്രലോഭനത്തേയും, നിഷ്പ്ര ഭമാക്കുന്ന അവളുടെ തീവ്രമായ പ്രണയം സങ്കല്പത്തിലൂടെ ആശകളെ തൃപ്തിപ്പെടു ത്തുന്നതും, മരണത്തെപ്പോലും അതിജീവിക്കുന്നതുമാണെന്ന് കഥാകാരി വ്യക്തമാ ക്കുന്നു. ഈ വിധം പ്രണയത്തിന്റെ സ്വയം നിർണ്ണയാവകാശം കാർത്തികയെപ്പോലെ പ്രകടിപ്പിക്കുന്നവരാണ് 'ശരച്ചന്ദ്രിക'യിലെ ശാരദയും, *പ്രേമഭാജന*ത്തിലെ ലൂയിസയും,

‘പിതൃദ്രോഹ’ത്തിലെ മീനാക്ഷിയമ്മയും. ശാരീരികവേഴ്ചയേക്കാൾ, ഇവരുടെ പ്രണയം, സ്നേഹവാത്സല്യങ്ങളേയും, സുരക്ഷിതത്വത്തേയുമാണ് ആഗ്രഹിക്കുന്നത്.

കോളേജ് വിദ്യാർത്ഥികളും, അയൽവാസികളുമായ ശാരദയുടെയും, ചന്ദ്രന്റെയും അടുപ്പം വ്യവസ്ഥാപിതപ്രേമമായി വ്യാഖ്യാനിക്കുന്ന സാമൂഹികജീവിതപാരമ്പര്യത്തിൽ നിന്നും ശാരദ മനഃപൂർവ്വം ഒഴിഞ്ഞു മാറുന്നതാണ് ‘ശരച്ചന്ദ്രിക’ യിലെ പ്രതിപാദ്യം. അവരുടെ അടുപ്പത്തെ വ്യവസ്ഥാപിത പ്രേമമായി കരുതരുതെന്ന കഥാകാരിയുടെ നിഷ്കർഷമാണല്ലോ പ്രസ്തുത കഥയ്ക്ക് ‘അത് പ്രേമമല്ല’ എന്ന പേർ ആദ്യം നൽകാൻ കാരണം. അങ്ങിനെ അവരുടെ മൈത്രിയെ ആത്മൈക്യം പുലർത്തുന്ന ഒരു ബന്ധമായി സരസ്വതിയമ്മ കഥയിൽ ആദർശവല്ക്കരിക്കുകയാണ് ചെയ്തിരിക്കുന്നത്. ചന്ദ്രനോടുള്ള ശാരദയുടെ പെരുമാറ്റത്തിൽ കാമുകിയുടെ യാതൊരു ചാപല്യവും അവൾ കാണിക്കുന്നില്ല, എന്നാൽ അവളെ കാണാനും, സംസാരിക്കാനും, യാത്രപറയാനും എല്ലാം ചന്ദ്രൻ അവസരമുണ്ടാക്കുകയും അവളെ തന്റെ പ്രാണവായു, സ്നേഹസുധ, ആത്മസർവ്വസ്വം, എന്നൊക്കെ സങ്കല്പിക്കുകയും ചെയ്ത അയാളിൽ കാമുകഭാവം പ്രകടമായിത്തന്നെ തുടിക്കുന്നുണ്ട്. അവളെ തന്റെ ഹൃദയം വിസ്മരിക്കുമെങ്കിൽ അതിനെത്രയോ മുൻപ് അതിന്റെ സ്പന്ദനം നിന്നിരിക്കണമെന്നു വരെ അയാൾ ഒരിക്കൽ ചിന്തിക്കുന്നുണ്ട്. അയാളുടെ മനോഗതം വ്യക്തമായിട്ടും ഒരു കാമുകിയെന്ന നിലയിൽ അയാളുടെ മനസ്സിൽ സ്ഥാനമുറപ്പിക്കാനായി ഒരിക്കലും ശാരദ ശ്രമിച്ചിട്ടില്ല. എന്നിട്ടും അപവാദപ്രചരണ തത്പരമായ സമൂഹം ആണിനെ വലവീശിപ്പിടിക്കാനുള്ള പെണ്ണിന്റെ തന്ത്രമായി അവളുടെ ചന്ദ്രനോടുള്ള അടുപ്പത്തെ വ്യാഖ്യാനിച്ചു. അതവളെ വേദനിപ്പിച്ചതുമൂലം ചന്ദ്രനിൽ നിന്നും അകലാൻ അവൾ നിശ്ചയിച്ചു. മനപ്പൂർവ്വമുള്ള അവളുടെ ഈ ഒഴിഞ്ഞുമാറൽ ചന്ദ്രനുമായി ഐക്യം പ്രാപിച്ച അവളുടെ പ്രണയമനസ്സിനെയാണ് വെളിപ്പെടുത്തുന്നത്. അയാളുടെ വിവാഹാഭ്യർഥന അവൾ നിരസിച്ചെങ്കിലും ഒരു ദുർബല നിമിഷത്തിൽ അയാളുടെ കരവലയത്തിലവൾ ഒതുങ്ങിപ്പോയി. അതിനെക്കുറിച്ച് അവൾ ചിന്തിക്കുന്നത് ഇങ്ങിനെയാണ് – “അനാഘ്രാതമായി ഈശ്വരനർപ്പിക്കേണ്ട തന്റെ ശരീരം ദുർബലമായതുകൊണ്ട് ഒരു പുരുഷന്റെ ശരീരം താങ്ങായിക്കിട്ടിയപ്പോൾ വേണ്ടെന്ന് വെയ്ക്കാൻ തോന്നാതായിപ്പോയി”[19]. ഏതൊക്കെയോ ചില ദുർബലനിമിഷങ്ങളിൽ ഒരു കൂട്ടായോ, താങ്ങായോ അഥവാ രക്ഷകനായോ പുരുഷനെ മോഹിക്കുന്ന പെൺബോധം സരസ്വതിയമ്മയുടെ ഉള്ളിലും കുടികൊണ്ടിരുന്നു. “ദേവാ, ഞാൻ എന്റെ സർവ്വസ്വവും അവിടുത്തേക്കായി

ത്തന്നിട്ടും ഒരു ക്ഷണികദർശനമെങ്കിലും തരാൻ അവിടന്ന് കനിയാഞ്ഞതെന്താണ്"[20] എന്നു ഏറെക്കുറെ ഈ കഥയെഴുതിയ കാലത്തുതന്നെ ഡയറിയിൽ കുറിച്ചിട്ട സ്നേഹാർഥിനി യായ സരസ്വതിയമ്മയുടെ നായികമാർ പക്ഷേ നായകന്മാരുടെ സ്നേഹാർഥനയെ പല പ്പോഴും നിരസിക്കുകയാണ് ചെയ്തിട്ടുള്ളത്. വ്യവസ്ഥാപിതജീവിതത്തിൽ പ്രേമത്തെ യും, വിവാഹത്തേയും, നിർണ്ണയിക്കുന്ന സാമ്പ്രദായിക മൂല്യബോധത്തോട് അവർക്ക് പൊരുത്തപ്പെടാൻ കഴിയാതിരുന്നതാവാം അതിനു കാരണം. 'ശരച്ചന്ദ്രിക' യിലെ നായി കയുടെ അന്ത്യത്തെക്കുറിച്ചുള്ള നായകന്റെ ചിന്ത ആ സാമൂഹികപരിസരത്തെ നിന്ദാ പൂർവ്വം സ്മരിച്ചുകൊണ്ടുള്ളതാണ്. "അവളുടെ ദൃഷ്ടികൾ സർവ്വശക്തിയോടെ എന്റെ മുഖത്തിൽ പതിഞ്ഞു. ചൈതന്യം നശിക്കാറായ ആ നേത്രങ്ങൾ സംഭാഷണശക്തി നശി ച്ചുപോയ നാവിനേക്കാൾ ശക്തിപൂർവ്വം എന്നെ ഗ്രഹിപ്പിച്ചു. ശാരദ ഒരിക്കലും ഒരാളു ടെയും സ്നേഹാർഥിനി ആയിരുന്നിട്ടില്ലെന്ന്, പരദൂഷണപടുക്കളും, കൃത്രിമബുദ്ധികളും നിറഞ്ഞ ലോകം അവളെ സ്തുതിച്ചാലെന്ത്? ദുഷിച്ചാലെന്ത്? എന്നിൽ സ്നേഹാമൃത സേചനം ചെയ്ത ആ നോട്ടം ഈ ലോകത്തിൽ ഒരു മനുഷ്യന് ലഭിക്കാവുന്ന ഭാഗ്യ ത്തിന്റെ പരമകാഷ്ഠ തന്നെയായിരുന്നു"[21]. വ്യവസ്ഥാപിത ബന്ധമായി ദുഷിപ്പിക്കാതെ പെണ്ണിന്റെ മനസ്സ് ആത്മസമർപ്പണം ചെയ്തുകൊണ്ട് പ്രണയത്തിന്റെ വ്യാപ്തിയും, വിശു ദ്ധിയും പരിരക്ഷിക്കുന്ന ഒരാദർശസ്വപ്നമായി ആൺ–പെൺ മൈത്രിയെ ഈ കഥ വിളംബരം ചെയ്യുകയാണ്.

സരസ്വതിയമ്മയുടെ സ്വകാര്യ ജീവിതവുമായി 'ശരച്ചന്ദ്രി'കയ്ക്കുള്ള ബന്ധം മുൻ അദ്ധ്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ടല്ലോ, ശാരദയുടെയും, ചന്ദ്രന്റെയും മൈത്രീബന്ധം സാധാരണയിൽക്കവിഞ്ഞ് ഹൃദയൈക്യം സാധ്യമാക്കുന്ന അടുപ്പത്തിലെത്തി നില്ക്കുന്ന താണെന്ന് കഥയിലെ പല സന്ദർഭങ്ങളും സാക്ഷ്യപ്പെടുത്തുന്നുണ്ട്. സരസ്വതിയമ്മയുടെ വ്യക്തിജീവിതത്തിൽ ചന്ദ്രചൂഡനുമായുള്ള അടുപ്പത്തെ മറ്റുള്ളവർ 'പ്രേമ'മായി വ്യാഖ്യാ നിച്ചതിനെ അവർ പരിഹാസപൂർവ്വം തള്ളിക്കളഞ്ഞതായി ഗുപ്തൻനായർക്കെഴുതിയ കത്തിൽ പറയുന്നുണ്ടല്ലോ. പക്ഷേ, ആ അടുപ്പത്തിൽ നിന്നുള്ള ഒഴിഞ്ഞുമാറൽ പിൽക്കാ ലത്ത് പശ്ചാത്താപം തോന്നത്തക്കവിധം അവരുടെയുള്ളിൽ ഉലച്ചിലുണ്ടാക്കാതെയുമിരു ന്നില്ല. പരസ്പരവിരുദ്ധമായ ഈ മാനസികാവസ്ഥ വ്യക്തമാക്കുന്നത് സങ്കീർണ്ണമായ ഒരു മനസ്സിന്റെ ഉടമയായിരുന്നു സരസ്വതിയമ്മ എന്നാണ്. പ്രണയത്തെ ഒരാദർശ സ്വപ്നമായി കൊണ്ടുനടന്ന അവരുടെ വ്യതിരിക്തമായ സ്ത്രൈണ വ്യക്തിത്വത്തിന്

ഒരിക്കലും വ്യവസ്ഥാപിത പ്രേമസങ്കല്പവുമായി രാജിയാവാൻ പറ്റില്ലായിരുന്നു. സമത്വ പൂർണ്ണവും, സ്വതന്ത്രവുമായ ആൺ–പെൺ മൈത്രി പുലർത്തിക്കൊണ്ടുള്ള ഒരു പ്രണയ സ്വപ്നത്തെ അവർ വിഭാവനം ചെയ്തിരുന്നു. അത്തരമൊരു സങ്കല്പത്തിന്റെ സാക്ഷാ ത്ക്കാരമാണ് 'ശരച്ചന്ദ്രിക' എന്ന കഥയിലും, *പ്രേമഭാജനം* എന്ന നോവലിലും, 'ഭാഗ്യ വതി' എന്ന കഥയിലും, ഡയറിക്കുറിപ്പുകളിലും കാണാൻ കഴിയുന്നത്. ആദർശാത്മക മായ പ്രണയസങ്കല്പത്തെ മനസ്സിൽ കൊണ്ടുനടന്നിരുന്ന സരസ്വതിയമ്മക്ക് പുരുഷന്മാ രോട് സ്വതന്ത്രമായി പെരുമാറാനും, ആൺപെൺ വ്യത്യാസം കൂടാതെ മൈത്രീബന്ധം പുലർത്താനും സാധിച്ചിരുന്നു. പക്ഷേ, അത് അവരുടെ ചാപല്യമായിക്കണ്ട് പലരും അവരെ കുറ്റപ്പെടുത്തിയിരുന്നുവെങ്കിലും കൂസൽ കൂടാതെ അവർ അത്തരം മൈത്രീ ബന്ധം തുടരുകതന്നെ ചെയ്തു. എന്നാൽ പുരുഷന്മാരുടെ ചാപല്യത്തെ സരസ്വതിയമ്മ ഒരിക്കലും പൊറുപ്പിച്ചിരുന്നില്ലെന്ന് ഗുപ്തൻ നായർ അനുസ്മരിക്കുന്നുണ്ട്[22]. അതുകൊ ണ്ടാകാം വ്യവസ്ഥാപിതപ്രേമത്തെ പുരുഷന്റെ ചാപല്യമായിക്കണ്ട് സരസ്വതിയമ്മ തന്റെ കഥകളിൽ അതിനെ അപഹസിക്കുകയും, എതിർക്കുകയും ചെയ്തത്.

'രമണി' എന്ന കഥയിലെ നായിക, തോമസ് ഹാർഡിയുടെ 'റ്റെസ്' വായിച്ചു രസി ക്കാനല്ലാതെ അനുകരിക്കാൻ കൊള്ളില്ലെന്ന് നിഷേധിക്കുമ്പോഴും, സരസ്വതിയമ്മയുടെ പിൽക്കാലനായികമാർ തോമസ് ഹാർഡിയുടെ വീക്ഷണത്തെ ജീവിത പ്രമാണമായി സ്വീക രിക്കുകയാണ് ഉണ്ടായത്. ഹാർഡിയുടെ കൃതികൾ വായിക്കണമെന്ന ചങ്ങമ്പുഴയുടെ നിർദ്ദേശം അനുസരിച്ച സരസ്വതിയമ്മയിൽ പിൽക്കാലത്ത് ഹാർഡിയുടെ സ്വാധീനം ശക്തമായി തീർന്നതാവാം ഇതിനു കാരണം. അഭിമുഖത്തിൽ സരസ്വതിയമ്മ പറയുന്നുണ്ട്: "ഹാർഡി എന്നെ കുറേയൊക്കെ സ്വാധീനിച്ച ഒരെഴുത്തുകാരനാണ്; പ്രത്യേകിച്ചും ഹാർഡി യുടെ കൃതികളിലെ 'വിധിയുടെ കാരുണ്യമില്ലായ്മ'. അഗാധമായ ട്രാജഡിയോടു തീവ്ര മായ മമതയായിരുന്നു എനിക്കു നേരത്തേമുതൽ. ഓരോരുത്തരും അവരാഗ്രഹിക്കുന്ന തരത്തിലുള്ള ജീവിതമാണ് ജീവിക്കുക എന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. എന്റെ ആഗ്രഹമനുസ രിച്ച ജീവിതം ഞാൻ ഹാർഡിയുടെ കൃതികളിൽ കണ്ടതാകാം ആകർഷണത്തിന് കാരണം"[23]. *പ്രേമഭാജനം* എന്ന നോവലിലെ നായികയെക്കുറിച്ച് അവളുടെ അനുജത്തി ചിന്തിക്കുന്നുണ്ടല്ലോ, അവളുടെ ഗീതയും, ബൈബിളും, ഖുറാനും തോമസ്ഹാർഡിയുടെ കൃതികളാണെന്ന്, നായികയെക്കുറിച്ചുള്ള ഈ പരാമർശം യഥാർഥത്തിൽ സരസ്വതിയ മ്മയിൽ തോമസ് ഹാർഡി ഉളവാക്കിയ സ്വാധീനത്തെയാണ് വ്യക്തമാക്കുന്നത്. കൂടാതെ

ഹാർഡിയുടെ കഥകളിൽ നിന്നുമുള്ള ചില ഉദ്ധരണികളും പ്രസ്തുത നോവലിൽ കാണാൻ കഴിയുന്നുണ്ട്. 'ഒരേയൊരു രാത്രി' എന്ന കഥയിലെ നായിക ചിത്ര ഒരിക്കൽ പറയുന്നുണ്ട്. "ഹാർഡിയുടെ ചില കഥകളിൽ കാണുന്നപോലെ വിവാഹപ്രതീക്ഷ മരണത്തോടുകൂടി മാത്രം വിടുക"[24] എന്ന് – ചിത്രയുടെ വാക്കുകളെ പിന്തുണയ്ക്കുന്ന അനുഭവതലങ്ങൾ സരസ്വതിയമ്മയുടെ പല കഥകളിലും ആവർത്തിച്ചുവരുന്നുണ്ട്. ആത്മൈക്യം പുലർത്തുന്ന കമിതാക്കളിൽ പലപ്പോഴും നായികമാരുടെ പ്രണയാവേശം മരണാഭിമുഖ്യമായിട്ടാണ് ഒടുവിൽ കലാശിക്കുന്നത്. അവരെല്ലാം വ്യതിരിക്തമായ സ്ത്രൈണാവബോധം വെച്ചു പുലർത്തിക്കൊണ്ട് പരമ്പരാഗതമായ സ്ത്രീ സങ്കല്പത്തെ നിഷേധിക്കുന്നവരും, പ്രണയത്തിൽ സ്വയം നിർണ്ണയാവകാശം നേടിയെടുക്കുന്നവരുമാണ്. ഈ വിധം പുരുഷ സങ്കല്പത്തിനിണങ്ങുന്ന വ്യവസ്ഥാപിത പ്രേമത്തെ തകർത്തുകൊണ്ട് സ്വതന്ത്രമായ സ്ത്രൈണാവബോധം സൃഷ്ടിച്ചെടുത്ത പ്രണയസങ്കല്പമാണ് ഈ നോവലിൽ സരസ്വതിയമ്മ അവതരിപ്പിച്ചിരിക്കുന്നത്.

പുരുഷനിർമ്മിതമായ കാല്പനിക പ്രേമസങ്കല്പം കാമുകിക്ക് പ്രായപരിധിയും, ശരീരസൗകുമാര്യത്തെക്കുറിച്ചുള്ള ചില ധാരണകളും നിർണ്ണയിച്ചുവെച്ചിട്ടുണ്ടല്ലോ. അതുപോലെ നോവലിലെ നായിക ലൂയിസക്ക് കാമുകനെ സംബന്ധിച്ചും ചില സങ്കല്പങ്ങളുണ്ട്. സ്ത്രീയുടെ മധുരപതിനേഴ് പോലെ പുരുഷന്റെയും മാധുര്യമൂറുന്ന പ്രായം അവൾ നിശ്ചയിക്കുന്നത് പതിനെട്ടിനും ഇരുപത്തൊന്നിനും ഇടയ്ക്കാണ്. കാമുകനുവേണ്ട ചില ഗുണങ്ങൾ പറയുന്ന കൂട്ടത്തിൽ അയാൾക്ക് തന്നേക്കാൾ പ്രായക്കുറവുണ്ടായിരിക്കണമെന്ന കാര്യത്തിലും ലൂയിസക്ക് നിർബ്ബന്ധമുണ്ട്. ശരീരബലത്തോടൊപ്പം പുരുഷന് പ്രായക്കൂടുതലും പതിച്ചുകൊടുക്കുന്നതിനുപകരം ശരീരബലം ആണിനും, പ്രായക്കൂടുതൽ പെണ്ണിനുമായി വിഭജിക്കുന്നത് മൂലം രണ്ടുവശത്തും തുല്യത കൈവരുമെന്നവൾ കരുതുന്നു. അങ്ങിനെ സ്വതന്ത്രവും, സമത്വപൂർണ്ണവും, ആത്മൈക്യം പുലർത്തുന്നതുമായ സ്ത്രീപുരുഷബന്ധമാണ് പ്രണയത്തിന്റെ അടിത്തറ എന്ന് ലൂയിസ വിശ്വസിക്കുന്നു. അതിനാൽ യഥാർഥ ഇണയെ കണ്ടെത്താൻ വേണ്ടിയാണ് അവൾ തുടരെത്തുടരെ പ്രണയബന്ധങ്ങളിൽ ഏർപ്പെടുന്നത്. അവളുടെ ഈ അന്വേഷണം ഒടുവിൽ കമിതാവായ ജീവൻകുമാറിലെത്തി സഫലമായിട്ടും അവർ ഒരുമിച്ച് ആത്മഹത്യ ചെയ്യുകയാണുണ്ടായത്. "ദാമ്പത്യബന്ധത്തിന്റെ നീളം കൂടുന്തോറും ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള പരിപൂർണ്ണമായ ഐക്യത്താൽ ഈ ലോകത്തിൽ സ്വർഗ്ഗം സൃഷ്ടിക്കുന്ന സ്നേഹത്തിന് വേണ്ടി

യുള്ള സ്നേഹം നശിച്ചുപോകുമെന്നും, അതുകൊണ്ട് അഭംഗുരമായ ഐക്യം ലക്ഷ്യമാക്കി അവർ രണ്ടുപേരും തങ്ങളുടെ വിഭിന്ന സത്ത നശിപ്പിച്ചതായിരിക്കണം"[25] എന്ന് അവരുടെ ആത്മഹത്യയെക്കുറിച്ച് അനിയത്തി വിശകലനം ചെയ്യുന്നുണ്ട്. 'ശരച്ചന്ദ്രിക' യിലെ ശാരദയുടെ ആശങ്ക ഇതാണ് – "പ്രണയത്തിന്റെ സാഫല്യം കഴിയുമ്പോൾ പശ്ചാത്താപത്തിന്റെ കാലം വരികില്ലെന്നെന്തു തീർച്ച"[26] – ലൂയിസയെക്കുറിച്ചുള്ള അനിയത്തിയുടെ വിശകലനവും, ശാരദയുടെ ആശങ്കയും വ്യക്തമാക്കുന്നത് പ്രണയസാഫല്യം സ്ഥാപനവൽക്കരിക്കപ്പെട്ട ബന്ധങ്ങളുടെ ഇടുക്കുകളിലല്ലെന്ന വിശ്വാസത്തെയാണ്; പെണ്ണിന്റെ പ്രണയമനസ്സ് ഊഷരവും, സങ്കീർണ്ണവുമായി പരിണമിക്കാതെ പ്രണയത്തിന്റെ വൈപുല്യം ലക്ഷ്യമാക്കിക്കൊണ്ടുള്ള ആത്മസമർപ്പണമാണ് ലൂയിസ ആത്മഹത്യയിലൂടെ സാധിക്കുന്നത്.

പ്രണയത്തെ ഈ വിധം ആദർശാത്മകമായി ആദ്യകാലത്ത് ആവിഷ്ക്കരിച്ച സരസ്വതിയമ്മയുടെ കഥാലോകം കുറേക്കൂടി യാഥാർഥ്യബോധത്തോടെയാണ് പിൽക്കാലത്ത് അവതരിപ്പിക്കുന്നത്. വ്യവസ്ഥാപിത പ്രേമസങ്കല്പത്തെയും, വിവാഹത്തെയും രൂക്ഷമായി വിമർശിക്കുകയും, അവിവാഹിതരായി ജീവിക്കുന്നതിൽ സംതൃപ്തിയടയുകയും ചെയ്യുന്ന സ്ത്രീ കഥാപാത്രങ്ങളാണ് തുടർന്നുള്ള പല കഥകളിലും പ്രത്യക്ഷപ്പെടുന്നത്. വ്യവസ്ഥാപിതപ്രേമത്തിലെ പുരുഷാധിപത്യമൂല്യങ്ങളോട് മാത്രമല്ല, അതിനടിമപ്പെടുന്ന സ്ത്രീ വിധേയത്വത്തിന്റെ പരമ്പരാഗതമായ സ്ത്രൈണബോധത്തോടും കലഹിക്കുന്ന ഈ കഥാപാത്രങ്ങൾ സരസ്വതിയമ്മയുടെ വ്യതിരിക്തമായ സ്ത്രൈണ വ്യക്തിത്വത്തിന്റെ അവതാരങ്ങളാണ്.

'സ്ത്രീജന്മം' എന്ന കഥയിലെ അവിവാഹിതയും, സ്വതന്ത്രചിന്താഗതിക്കാരിയുമായ ശാന്തി, കമിതാവിന് സർവ്വസ്വവും കാഴ്ചവെച്ച തന്റെ കൂട്ടുകാരിയുടെ പ്രണയനൈരാശ്യത്തിൽ പങ്കുചേരാനോ, സഹതപിക്കാനോ തയ്യാറാവുന്നില്ല. വ്യവസ്ഥാപിത പ്രേമത്തിന്റെ കാപട്യം മനസ്സിലാക്കുന്ന അവൾ ചോദിക്കുന്നു: "ഒരു മനുഷ്യനെ ജീവജീവനായിക്കാണുന്നതെങ്ങനെയെന്നാണെന്നെനിക്കത്ഭുതം. പരിപൂർണ്ണത കാണാനല്ലേ മനുഷ്യന്റെ പരമമായ ആശ? അടുക്കുംതോറും കുറവുകൾ കൂടുതൽ കാണുന്നതോടെ വെറുപ്പു തോന്നുകയില്ലേ? – മുഷിയുകയില്ലേ?"[27] നിരാശാകാമുകിയായ കൂട്ടുകാരിയെ കളിയാക്കാനും ശാന്തി മടിക്കുന്നില്ല. ഇനി അവൾ വിവാഹിതയായിക്കഴിഞ്ഞാൽ, ഒരു വേള

അവളുടെ കാമുകൻ പഴയ പ്രേമലേഖനമെല്ലാം അവളുടെ ഭർത്താവിനയച്ചുകൊടുത്താലുണ്ടാവുന്ന പുകിലിനെ, ശാന്തിയുടെ നർമ്മബോധം ഈ വിധം വിഭാവനം ചെയ്യുന്നു: "തുടർന്നു ഒരു നീണ്ട കൂട്ട നരകം. ക്രിസ്ത്യാനികളാണെങ്കിൽ ചുട്ടു പറത്തിയിട്ട് അറിഞ്ഞ ഭാവം കാണിക്കയില്ല. നായരുടെ പൗരുഷവും, അഭിമാനവും അതനുവദിക്കുമോ? നാടും വീടും നാറ്റിച്ചാലേ സമാധാനമുണ്ടാവൂ"[28]. സ്ത്രീജന്മത്തെ പഴിച്ച് കൊണ്ട് ശാന്തി ചിന്തിക്കുന്നത് തലയില്ലാത്ത പാവകളാണോ ഈ പെണ്ണുങ്ങൾ എന്നാണ്! വ്യവസ്ഥാപിത പ്രേമത്തിന്റെ അന്തസ്സാരശൂന്യത മനസ്സിലാക്കാതെ, അതിനുവശംവദരാവുന്ന കാമുകിമാരുടെ ബുദ്ധിശൂന്യതയെ അപഹസിക്കുന്ന ശാന്തി, സ്വത്വാവബോധമുള്ള പ്രസന്നമായ സ്ത്രൈണ വ്യക്തിത്വത്തിന്റെ ഉടമയാണ്: 'വിശ്രമമുറിയിൽ' എന്ന കഥയിലും, സ്വതന്ത്ര ചിന്താഗതിക്കാരിയായ 'ശാന്തി' എന്ന കഥാപാത്രം തന്നെയാണ് പ്രേമത്തിന്റെ സഹോദരസ്ഥാപനമായ വിവാഹത്തേയും വിമർശിക്കുന്നത്. 'സ്ത്രീജന്മം' എന്ന കഥയിലെ അനുഭവപശ്ചാത്തലം തന്നെ ഇതിലും ആവർത്തിക്കുന്നു. പ്രേമവഞ്ചിതയായ കൂട്ടുകാരിയോട് ശാന്തി ചോദിക്കുന്നു: വിവാഹത്തിൽ അവസാനിക്കണമെന്നാഗ്രഹിക്കുന്ന പ്രേമം ചന്തയിൽ വാങ്ങാൻ കിട്ടുന്ന വസ്തുപോലെ വിലകുറഞ്ഞതല്ലേ?"[29]. സാമ്പ്രദായിക സ്ത്രീസ്വഭാവവുമായി ഇണങ്ങിപ്പോകാത്തവിധം സർവ്വസ്വാതന്ത്ര്യവും നടപ്പിലും ഇരിപ്പിലും ഇടപെടലിലും അവൾ പ്രകടിപ്പിക്കുന്നുണ്ട്. ശാന്തിയുടെ ഈ സ്വാതന്ത്ര്യേച്ഛയും, തന്റേടവും സ്ഥാപനവൽക്കരിക്കപ്പെട്ട ബന്ധങ്ങളിൽ അനുവർത്തിക്കേണ്ട സ്ത്രൈണഗുണങ്ങളായ സഹനശീലം, ലജ്ജ, വിധേയത്വം തുടങ്ങിയവയുമായി പൊരുത്തപ്പെടുന്നതല്ല.

'അവരുടെകഥയെഴുത്ത്' എന്ന കഥയിലെ കഥ എഴുതാൻ മിനക്കെട്ടിരിക്കുന്ന മൂന്നുകൂട്ടുകാരികളുടെ വാദഗതികൾ പ്രേമം, വിവാഹം, മാതൃത്വം എന്നിവയെപ്പറ്റിയുള്ള വ്യവസ്ഥാപിത സങ്കല്പങ്ങൾക്ക് സാരമായ പോറലേൽപ്പിക്കുകയാണ് ചെയ്യുന്നത്. കമിതാക്കളുടെ ആദ്യസമാഗമം കുറിക്കുന്ന മൂഹൂർത്തം കാമുകന്റെ വ്യാഴദശ തുടങ്ങുമ്പോഴും, കാമുകിയുടെ ഏഴരാണ്ടശ്ശനിപോകുന്ന പോക്കിലുമാണെന്ന് ഒട്ടു നർമ്മബോധത്തോടെ തുറന്നടിക്കുന്ന അവിവാഹിതയായ രമയ്ക്ക് 'പ്രണയ' ത്തെക്കുറിച്ച് ഉറച്ചൊരു നിലപാട് തന്നെയുണ്ട് – 'പ്രണയം ഒരിക്കലും വിവാഹത്തിൽച്ചെന്നവസാനിക്കരുതെന്ന പ്രായോഗിക ബുദ്ധിക്കാരിയാണ് ഞാൻ. സമുദായത്തിന്റെ അംഗീകാരം സിദ്ധിക്കുന്ന പ്രേമബന്ധം ഹൃദയശരീരങ്ങളുടെ സ്വഭാവിക പ്രേരണയിൽ നിന്നുണ്ടാകുന്ന ആദർശ പ്രേമമല്ലെന്നാണെന്റെ വിശ്വാസം"[30]. ദാമ്പത്യബന്ധത്തിലേർപ്പെട്ട് സ്നേഹം നഷ്ടപ്പെടുത്താതെ

കമിതാക്കൾ തങ്ങളുടെ ഐക്യം അഭംഗുരമായി നിലനിർത്താനായി മരണത്തെ പൂകുന്ന *പ്രേമഭാജനത്തി*ലെ ലൂയിസയുടേതുപോലുള്ള ആദർശപ്രണയം തന്നെയാണ്, വ്യവസ്ഥാപിതവിവാഹത്തെ എതിർക്കുന്ന ഈ സ്ത്രീ കഥാപാത്രങ്ങളുടെ പെൺബോധം ഉൾക്കൊള്ളുന്നത്.

'പൊന്നുംകുടം' എന്ന കഥയിലെ കഥാപാത്രങ്ങളായ കരിമനും, വള്ളിക്കും പരസ്പരമുള്ള സ്നേഹം നൈസർഗ്ഗികവും, പരിപാവനവുമായിരുന്നു. അവനേക്കാൾ വിദ്യയും, ധനവും, ബുദ്ധിയുമുള്ളവളാണെങ്കിലും അവളുടെ വിവേകത്തിന് അവനോടുള്ള സഹവാസൗത്സുക്യം നശിപ്പിക്കാനോ, നിയന്ത്രിക്കാനോ കഴിഞ്ഞില്ല. പക്ഷേ വള്ളിയുടെ വിവാഹ നിശ്ചയം അവരുടെ ഉദാത്തമായ പ്രണയത്തിന് തടസ്സമായി. മറ്റ് പോംവഴിയില്ലാതെ അവൾ മരണം വരിച്ച് തന്റെ പ്രണയത്തെ ശാശ്വതമാക്കി. ലോകത്തിൽ മറ്റെങ്ങും കാണാത്ത സ്നേഹധനം അടച്ച ഒരു അതിവിശിഷ്ടമായ പൊന്നും കുടമായി അവളുടെ ഭൗതികശരീരത്തെ അവൻ കാണുന്നു! ഇവിടെ പ്രണയവഞ്ചനയോ, കാപട്യമോ, ഒന്നുമില്ല. മരണത്തെ മാടിവിളിച്ച്, ദുർവിധിയെ കീഴ്പ്പെടുത്തുന്ന പ്രണയസ്ഥൈര്യം പുലർത്തുന്ന ഒരു പ്രണയിനി മാത്രമാകുന്നു പ്രസ്തുത കഥയിലെ നായിക, അവളെപ്പോലെതന്നെ 'പിതൃദ്രോഹം' എന്ന കഥയിലെ മീനാക്ഷിയമ്മയ്ക്കും പവിത്രമായ പ്രണയം പണംകൊണ്ട് വേലികെട്ടിയ പിത്രാധികാരത്തിന്റെ ക്രൂരതയാൽ കശക്കിയെറിയപ്പെട്ടതിന്റെ ദുരനുഭവം പേറേണ്ടിവരുന്നുണ്ട്. അച്ഛന്റെ മരണശേഷമെങ്കിലും തന്റെ പ്രേമസംപൂർത്തിക്ക് ഇടം കിട്ടുമെന്ന് അവൾ മോഹിച്ചുവെങ്കിലും അത് വൃഥാവിലായി. അവൾ ആത്മഹത്യ ചെയ്യുന്നില്ലെങ്കിലും, വിധിയുടെ ക്രൂരവിളയാട്ടമെന്ന് പറയട്ടെ, പ്രേമനൈരാശ്യംകൊണ്ട് അവശനായ അവളുടെ കാമുകൻ പെട്ടന്ന് മരണമടഞ്ഞു. "മതിയാവുന്നതുവരെ സംസാരിക്കാൻ പോലും ഞങ്ങൾക്ക് ഈശ്വരൻ സമയവും, സൗകര്യവും തന്നില്ല ....... സ്ത്രീക്ക് സങ്കല്പം കൊണ്ട് മാത്രം വളരെയധികം ആശകളെ തൃപ്തിപ്പെടുത്താൻ സാധിക്കും. പുരുഷൻ അങ്ങനെയല്ല. ആശയ്ക്കനുസരിച്ചുള്ള അനുഭവങ്ങൾ ജീവൻ കൊടുത്തു കൊണ്ടേയിരുന്നില്ലെങ്കിൽ ശരീരം ദ്രവിച്ചു തകർന്നുപോവും"[31]. വ്രണിതഹൃദയായ അവളുടെ ഈ ഗദ്ഗദത്തിലൂടെ വ്യവസ്ഥാപിതപ്രേമത്തെ കുടഞ്ഞെറിഞ്ഞുകൊണ്ട് ദിവ്യവും, ശാശ്വതവുമായ തലത്തിൽ 'പ്രണയ' ത്തെ പ്രതിഷ്ഠിക്കുകയാണ് കഥാകാരി. കാമുകന്റെ മരണത്തിനുശേഷവും പ്രാണവായുപോലെ 'പ്രണയം' കാത്തുസംരക്ഷിക്കുന്ന

പ്രേമോപാസകയായ 'ഭാഗ്യവതി'യിലെ നായിക കാർത്തികയെപ്പോലെ ഇതിലെ മീനാക്ഷിയമ്മയും പ്രണയസങ്കല്പത്തിൽ ജീവിതം കഴിച്ചുകൂട്ടുന്നു.

പ്രേമത്തെ ഉപാസിക്കുന്ന ഒരു പുരുഷകഥാപാത്രത്തെ നായകനാക്കിക്കൊണ്ടുള്ള 'കനത്തമതിൽ' എന്ന കഥയ്ക്ക് വേണ്ടത്ര മിഴിവ് കൈവന്നിട്ടില്ല. ഇതിലെ ദുർബലമനസ്കനായ നായകന് സരസ്വതിയമ്മയുടെ മറ്റ് പ്രേമോപാസകരായ നായികമാരുടെ മനസ്ഥൈര്യമോ, മഹത്വമോ അവകാശപ്പെടാനാവില്ല. കഥയുടെ പശ്ചാത്തലമാകട്ടെ, പല കഥകളിലും ആവർത്തിച്ചു വന്നിട്ടുള്ള അപവാദോത്സുകമായ സാമൂഹികപരിസരവും, വ്യവസ്ഥാപിതമൂല്യബോധവും തന്നെയാണ്. കഥയുടെ തുടക്കം നോക്കുക: "പൊക്കം കൂടി വീതി കുറഞ്ഞ ഒരു മതിൽകൊണ്ട് വേർതിരിക്കപ്പെട്ടതായിരുന്നു എന്റേയും മാലതിയുടേയും വീടുകൾ, പക്ഷേ ഞങ്ങളെത്തമ്മിൽ അകറ്റി നിറുത്തിയതോ? എന്തൊരു കനത്തമതിൽ! സാമൂഹ്യവും, സാമ്പത്തികവുമായ ഒരു പഴക്കമുള്ള കോട്ട"[32]. ആ കനത്തമതിലിനെ ലംഘിക്കത്തക്ക മനോധൈര്യമില്ലാത്ത അപകർഷചിന്ത വെച്ചുപുലർത്തുന്ന നായകൻ അവളോടുള്ള പ്രേമം മനസ്സിൽ കൊണ്ടു നടക്കാൻ പോലും ഭയപ്പെടുന്നു. "സമുദായം അംഗീകരിക്കാത്ത പ്രേമം മാനസികമായാൽപോലും അസാന്മാർഗ്ഗികമെന്ന് മുദ്രയടിക്കുന്ന ലോകം അവളെ നിന്ദിക്കരുതെന്ന് എനിക്കു നിർബന്ധമായിരുന്നു"[33] എന്നു കഥാനായകൻ ചിന്തിക്കുന്നു. അയാളുടെ പ്രണയമനസ്സിൽ ഈയൊരു ചിന്ത പ്രബലമായതുകൊണ്ട്, അവളുടെ അന്ത്യനിമിഷത്തിൽ അവൾക്ക് ഒരല്പം സമാശ്വാസം നല്കാൻ പോലും അയാളുടെ സ്നേഹത്തിന് കഴിഞ്ഞില്ല: "സുശക്തമായ മറ്റൊരു മതിൽക്കെട്ട് ഞങ്ങളെ അകറ്റിനിർത്തിയിരുന്നു. അവളുടെ അടുത്തു ചെല്ലാനോ; തൊടാനോ എനിക്ക് നിവൃത്തിയില്ല. സ്ഥിതി താഴ്ചയുടെ ചങ്ങലയാൽ എന്റെ കൈകാലുകൾ കെട്ടപ്പെട്ടിരുന്നു. മരണശയ്യയിൽവെച്ചും പ്രേമപൂർവ്വമായ ഒരു നോട്ടത്താൽ അവളെന്നോടു യാത്ര പറഞ്ഞിരുന്നെങ്കിൽപോലും സമുദായം സഹിക്കുമായിരുന്നില്ല"[34] എന്ന് ചിന്തിച്ചുകൊണ്ടയാൾ തീരുമാനിക്കുന്നത്: താനെത്ര വേദന സഹിച്ചാലും തന്റെ മാലതി പരിശുദ്ധമായ, അപവാദനിർമ്മുക്തമായ പേരോടുകൂടിത്തന്നെ ഈ ലോകം വിട്ടുപോയ്ക്കൊള്ളട്ടെ എന്നാണ്, – ഈ കാമുകൻ ഉപാസിച്ചത് പ്രണയത്തെയോ, അതോ അപവാദോത്സുകമായ സമുദായത്തെയോ? നിസ്സർഗ്ഗസുന്ദരമായ പ്രണയത്തെ പലപ്പോഴും വികലമാക്കുന്ന സാമൂഹികജീവിത പരിസരങ്ങളും, വ്യവസ്ഥാപിത വിവാഹത്തിന്റെ മൂല്യബോധവും സരസ്വതിയമ്മയുടെ കഥകളിൽ ആവർത്തിച്ചുവരുന്നുണ്ട്. അത്തരം 'കനത്തമതിലു'കളെ

എതിർക്കാൻ തക്ക പ്രണയസ്ഥൈര്യം നായികമാർ പ്രകടമാക്കിയിട്ടുമുണ്ട്. പക്ഷേ ഈ കഥയിൽ പ്രണയം വ്യവസ്ഥാപിത താൽപര്യത്തോടേറ്റുമുട്ടി തകരുന്ന ഒരു ദുർബലപ്രണയമായിട്ടാണ് അനുഭവപ്പെടുന്നത്. എന്തായാലും ആത്മബന്ധങ്ങളെ തകർക്കുന്ന സാമ്പ്രദായിക മൂല്യബോധത്തെ മറ്റ് പല കഥകളിലും എന്നപോലെ ഈ കഥയിലും പ്രതിക്കൂട്ടിലാക്കുകയാണ് ചെയ്യുന്നത്.

കാമുകിയാവാതെ, പുരുഷനുമായി മൈത്രീബന്ധം പുലർത്താൻ സ്ത്രീക്ക് സാധിക്കാത്ത സാമൂഹ്യജീവിത പരിസരം സരസ്വതിയമ്മയുടെ പല കഥകളിലും ആവർത്തിച്ചു വരുന്നുണ്ട്. ഒരേയൊരു രാത്രി, ഡബിൾ ആക്ട്, പെൺബുദ്ധി എന്നീ കഥകളിലെ നായികമാർ ഇത്തരം പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നവരാണ്. പരമ്പരാഗതമായ സ്ത്രൈണസ്വഭാവം വെച്ച് പുലർത്താത്ത 'ഒരേയൊരു രാത്രി' യിലെ ചിത്ര തന്റെ പെരുമാറ്റം ആളുകളെ തെറ്റിദ്ധരിപ്പിക്കാനിടയാക്കിയതിനെക്കുറിച്ച് നായകനോട് മുൻകൂട്ടി പറയുന്നു. എന്നിട്ടും അവളുടെ സ്വതന്ത്രമായ ഇടപെടലുകളെ മറ്റൊരുവിധത്തിൽ വ്യാഖ്യാനിച്ചുകൊണ്ട് അയാൾ അവളോട് പ്രേമാഭ്യർഥനയും, തുടർന്ന് വിവാഹാപേക്ഷയും നടത്തിനോക്കി. എന്നാൽ അതിനുവശംവദയാവാതെ അയാളിൽനിന്നും ചിത്ര സ്വയം പിന്മാറുകയാണ് ചെയ്യുന്നത്.

ആണും, പെണ്ണും കുറച്ച് സ്വതന്ത്രമായി പെരുമാറിയാൽ അതിനെ പ്രേമമായി വ്യാഖ്യാനിക്കുന്ന വ്യവസ്ഥാപിത സമൂഹത്തിന്റെ മൂല്യബോധത്തോടുള്ള പ്രതിഷേധത്തെ സ്വാനുഭവ പശ്ചാത്തലത്തിൽ വ്യക്തമാക്കുന്ന കഥയാണല്ലോ 'ഡബിൾ ആക്ട്'. ഈ കഥയുടെ ആദ്യപകർപ്പായ 'ആ ശാലയ്ക്കകത്ത്' എന്ന കഥയെക്കുറിച്ച് സരസ്വതിയമ്മ ഗുപ്തൻ നായർക്കെഴുതിയ കത്തിൽ പരാമർശിച്ചിരുന്ന കാര്യം മുൻപ് സൂചിപ്പിച്ചിട്ടുണ്ട്. കോളേജ് പഠനകാലത്ത് സരസ്വതിയമ്മ പ്രകടമാക്കിയിരുന്ന സ്വതന്ത്രവും വ്യതിരിക്തവുമായ സ്ത്രൈണസ്വഭാവത്തിനേറ്റ പീഡനത്തെ വെളിപ്പെടുത്തുന്നതാണ് പ്രസ്തുത കത്ത്. വ്യതിരിക്തമായ സ്ത്രൈണ വ്യക്തിത്വമുള്ള സീതയുടെ പെരുമാറ്റത്തെ ഒരു തന്റേടിയുടെ ചാപല്യമായി മറ്റുള്ളവർ കരുതി. ബുദ്ധിമാനായ സുധീന്ദ്രൻ നായരോടുള്ള സീതയുടെ സ്വതന്ത്രമായ ഇടപെടലിനെ, പ്രേമമായി പലരും ധരിച്ചു. ഈ സാഹചര്യത്തിൽ അവൾ സ്വന്തം മനോഭാവത്തെ ഒന്ന് വിശകലനം ചെയ്തു കൊണ്ട് ഇങ്ങനെ പറയുന്നുണ്ട് – "ആളുകളുടെ ഈ സംശയം കാരണം ഞാൻ നല്ലപോലൊരു ആത്മപരിശോധന നടത്തി

നോക്കി. സുധിയോട് എനിക്കുള്ള സ്നേഹത്തിൽ മുക്കാലും വാത്സല്യമാണ്. ബാക്കി വെറും സൗഹൃദവും. പ്രേമിക്കാൻ സാധിക്കാത്ത ഒരത്ഭുത സൃഷ്ടിയാണ് ഞാൻ എന്നെ നിക്ക് തോന്നാറുണ്ട്"[35]. വ്യവസ്ഥാപിത പ്രേമത്തെ നിഷേധിച്ചുകൊണ്ട് ആൺ–പെൺ മൈത്രിയെ ഉറപ്പിച്ചെടുക്കുന്ന ചാപല്യമില്ലാത്ത ഒരു സ്ത്രൈണ വ്യക്തിത്വത്തെയാണ് സീത യിലൂടെ സരസ്വതിയമ്മ വാർത്തെടുക്കുന്നത്.

സീതയെപ്പോലെതന്നെ 'പെൺബുദ്ധി' യിലെ വിലാസിനിയും ഒരിക്കൽ ഇങ്ങനെ തുറന്നു പ്രഖ്യാപിക്കുന്നുണ്ട്. "പുരുഷനോടു തോന്നുന്ന തരം സ്നേഹം എനിക്ക് ഒരുത്ത നോടും ഇതിനകത്തും, വെളിയിലും ഇതുവരെ തോന്നിയിട്ടില്ല"[36]. എന്നിട്ടും ബുദ്ധിമതി യായ വിലാസിനിയുടെ പുരുഷസൗഹൃദത്തെ പ്രേമബന്ധമായി വ്യാഖ്യാനിക്കുന്ന ജീവിത ചുറ്റുപാടിൽ അവൾ ഒറ്റപ്പെട്ടുപോകുന്നു. "ബുദ്ധി കൂടിക്കാണുന്തോറും കൂടുതലിഷ്ടം തോന്നുന്നത് സ്വാഭാവികമല്ലേ? ബുദ്ധിപരമായ ആകർഷണം എന്ന് പറഞ്ഞാൽ ആർക്കും മനസ്സിലാകാത്തതെന്തെന്നാണ് എനിക്കറിയാത്തത്"[37] എന്നവൾ സ്ത്രീപുരുഷന്മാരുടെ വ്യവസ്ഥാപിത പ്രേമബന്ധത്തെമാത്രം അംഗീകരിക്കുന്ന വ്യവസ്ഥയോട് ചോദിക്കുന്നുണ്ട്. ഒരിക്കൽ ഒരു പുരുഷസുഹൃത്തിന്റെ വിവാഹാപേക്ഷ തള്ളിയതിനുള്ള കാരണമായി അവൾ പറയുന്നത് ബുദ്ധിശക്തികളുടെ ആകർഷണം കൊണ്ടുള്ള സൗഹാർദ്ദം മാത്ര മായിരുന്നു അവൾക്ക് അയാളോടുണ്ടായിരുന്നത് എന്നാണ്. എന്നിട്ടും അവളെ പ്രേമവ ഞ്ചകിയായി കണക്കാക്കുന്ന സാമൂഹിക ജീവിത ചുറ്റുപാടിൽ അവൾ കുറ്റക്കാരിയാ വുന്നു! വ്യവസ്ഥാപിത ജീവിതത്തിൽ സ്ത്രീപുരുഷബന്ധത്തെ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം ഹൃദയബന്ധം മാത്രമാണെന്നും, 'തലബന്ധം' ആർക്കും മനസ്സിലാകാത്തതാ ണെന്നും അവൾക്ക് ബോധ്യമായി. വ്യവസ്ഥാപിത പ്രേമത്തിന്റെ പൊള്ളത്തരം മനസ്സി ലാക്കിയ വിലാസിനിക്ക് പക്ഷേ പ്രേമത്തെക്കുറിച്ച് വ്യതിരിക്തമായ കാഴ്ചപ്പാട് തന്നെ യുണ്ട്: "ശാശ്വതവും, ദിവ്യവുമായ പ്രേമത്തിന് നശ്വരമായ ശരീരത്തിന്റെയും, ലൗകിക മായ വിവാഹത്തിന്റെയും ആവശ്യമെന്താണ്? വിപുലതയുടെ ലക്ഷ്യം പരിമിതിയാണോ? അത്ര വലിയ സ്നേഹത്തിന് പ്രതിസ്നേഹം പോലുമില്ലാതെ സ്നേഹിക്കുന്നത് മാത്രം പോരേ സംതൃപ്തിക്ക്"[38]. ഇങ്ങിനെ ചിന്തിക്കുന്ന വിലാസിനിയിലും സരസ്വതിയമ്മ തന്റെ പ്രണയോപാസകരായ നായികമാരിലൂടെ വിഭാവനം ചെയ്ത 'പ്രണയാദർശം' തന്നെയാണ് വെളിപ്പെടുത്തുന്നത്. ഈ വിധം ശാശ്വതവും ദിവ്യവുമാകേണ്ട പ്രണയം സാമൂഹികജീവി

തത്തിൽ വ്യവസ്ഥാപിതപ്രേമവും, വിവാഹവുമായി അധഃപതിച്ചുകൊണ്ട് സ്ത്രീ ജീവിതത്തെ ദുരിതപൂർണ്ണമാക്കുന്ന അവസ്ഥകൾ അവരുടെ കഥാലോകം അടയാളപ്പെടുത്തുന്നുണ്ട്.

പ്രണയത്തിന്റെ പരിശുദ്ധി നഷ്ടപ്പെട്ടുപോകുന്ന സാമൂഹിക ജീവിതപരിസരത്തിൽ പുരുഷന്മാരേക്കാൾ അതിന്റെ തിക്തഫലം അനുഭവിക്കേണ്ടിവരുന്ന സ്ത്രീ കഥാപാത്രങ്ങളെയാണ് സരസ്വതിയമ്മയുടെ 'ചില ചിത്രങ്ങൾ', 'പ്രേമധനം', 'കീഴ്ജീവനക്കാരി', 'മധുവിധു', 'പരീക്ഷണം', 'പ്രേമഫലം', 'പാവങ്ങൾ', 'പ്രേമപരീക്ഷണം', 'ചുവന്നപൂക്കൾ', 'ജന്മാവകാശം', 'പ്രേമത്തിന്റെ പ്രവൃത്തിമണ്ഡലം', 'വിവാഹസമ്മാനം', 'തറവാട്ടാചാരം' എന്നീ കഥകളിൽ കാണുന്നത്. ഒരു യുവാവിന്റെ വശ്യവാക്കുകളിൽ പൊതിഞ്ഞ മൃഗീയവികാരം കശക്കിയെറിഞ്ഞ പതിനഞ്ചുവയസ്സുകാരിയുടെ ദുരിതപൂർണ്ണമായ ജീവിതമാണ് 'ചില ചിത്രങ്ങൾ' എന്ന കഥയിൽ ഒരു ചിത്രമായി കഥാകാരി ആലേഖനം ചെയ്തിരിക്കുന്നത്. "പ്രണയനഷ്ടത്തിൽ നീറിയ ഹൃദയം പ്രതികാരത്തിൽ ആശ്വാസം നേടി, വ്യക്തി ചെയ്ത അപകാരത്തിന് വിപുലമായ തോതിൽ അവൾ വർഗ്ഗത്തോടാണ് പ്രതികാരം ചെയ്തത്"[39]. സ്വയം വേശ്യയായി മാറിക്കൊണ്ട് ജീവിക്കുന്ന അവൾ ഇന്ന് ലോകത്തിന്റെ മുൻപിൽ മഹാപാപിനിയായിതീർന്നിരിക്കുന്നു. മഹത്തായ പ്രണയവും, മൃദുലമായ ഹൃദയവും അവളുടെ ജീവിതത്തിന് നല്കിയ സമ്മാനമായിട്ട് അവളുടെ ദുർവിധിയെ കഥാകാരി കണക്കാക്കുന്നു. പുരുഷന്റെ ശാരീരികാഭിലാഷപൂർത്തിയാണ് പലപ്പോഴും പ്രണയത്തിന്റെ പരിശുദ്ധിയെ കലുഷമാക്കുന്നത്. പ്രണയത്തെ ഈ വിധം അപഹസിക്കുന്ന പുരുഷന്റെ കാപട്യം തിരിച്ചറിയാത്ത പെൺബോധത്തേയും സരസ്വതിയമ്മ വെറുതെ വിടുന്നില്ല "ഇതെല്ലാം നിത്യവും കണ്ടുകൊണ്ടിരുന്നിട്ടും പുരുഷന്റെ കരവലയത്തിനകത്താണ് തന്റെ സമസ്തസുഖവും സ്ഥിതിചെയ്യുന്നതെന്ന് വിശ്വസിക്കയും, ആശിക്കയും ചെയ്യുന്ന സ്ത്രീകളുടെ എണ്ണത്തിനു വല്ല കുറവുമുണ്ടോ? വെറുതെയാണോ അവൾക്ക് അബലാചപലേത്യാദി ബിരുദങ്ങൾ നൽകി അവൻ അകമെയും, പുറമെയും ചിരിക്കുന്നത്? പ്രപഞ്ചത്തിന്റെ നിലനില്പിന് പ്രകൃതി സ്വീകരിച്ചിരിക്കുന്ന സൂത്രം"[40].

കാമുകിയുടെ വിവാഹത്തിൽ പങ്കെടുക്കാൻ പോകുന്ന 'പ്രേമധന'ത്തിലെ കാമുകൻ യാത്രയ്ക്കിടയിൽ, പ്രേമവഞ്ചനയാൽ, ഭ്രാന്തിയായി മാറിയ മറ്റൊരു കാമുകിയെ കാണുന്നു. വഞ്ചിതരായ തന്റെ രണ്ടുപേരുടെയും ജീവിതത്തിൽ നിന്ന് പ്രേമത്തിന്റെ

പൊള്ളത്തരം നായകൻ മനസ്സിലാക്കുന്നു. "പ്രേമത്തെപ്പറ്റി സ്തുതി ഗീതമെഴുതുന്ന കവികളുടെ കൈ കല്ലെറിഞ്ഞൊടിക്കണം, ഇല്ലാത്ത വസ്തുവാണത്. മനുഷ്യന്റെ വ്യാമോഹത്തിലാണതിന്റെ അസ്തിത്വം. ധനത്തിന്റെ ശക്തിയെ ജയിക്കാൻ പ്രേമത്തിന് ശക്തിയുണ്ടെന്ന് പറയുന്നത് വെറുതെ ശുദ്ധ ഹൃദയരെ ഭ്രാന്ത് പിടിപ്പിക്കാനല്ലേ?"[41] എന്ന ചിന്തിച്ചു കൊണ്ടയാൾ വിവാഹത്തിൽ പങ്കെടുക്കാതെ തിരിച്ചുപോവുന്നു.

നിത്യവൃത്തിക്കു അന്യവീട്ടിൽ പണിക്കുപോകുന്ന പാർവ്വതിയുടെ ജീവിതത്തിൽ അഷ്ടമിരോഹിണിനാളിലെ ഒരു മധുരാനുഭവം വിധിവൈപര്യത്താൽ തിക്താനുഭവമായി മാറിയ ദുരന്തകഥയാണ് 'കീഴ്ജീവനക്കാരി'. വീട്ടുടമസ്ഥനായ വക്കീലിന്റെ പ്രേമം അയാളുടെ ശാരീരികാഭിലാഷപൂർത്തിക്കുള്ള ക്ഷണമാണെന്നറിഞ്ഞിട്ടും അവൾ അതിന് കീഴ്പ്പെട്ടു. തന്റെ ശുഷ്കജീവിതത്തെ പ്രേമാനുഭവങ്ങളുടെ സ്മരണയെങ്കിലും നിർവൃതികൊള്ളിക്കട്ടെ എന്ന് കരുതിക്കൊണ്ട്, ഗർഭിണിയായ അവൾ അയാളുടെ കുഞ്ഞിനെ പ്രസവിക്കുകയും, അവളെ പണിയെടുത്തു വളർത്തുകയും ചെയ്തു. കാലം കുറേക്കഴിഞ്ഞു. വക്കീലിപ്പോൾ കമ്മീഷണറാണ്. ഇന്ന് അയാൾക്ക് വിരുന്നാകാൻ വേണ്ടി തന്റെ മകളുടെ – അഥവാ അയാളുടെ തന്നെ മകളുടെ കന്യകാത്വം വേണമെന്ന ദുർവിധിക്കു മുൻപിൽ പാറുക്കുട്ടി അകപ്പെട്ടു. ഗത്യന്തരമില്ലാതെ അവൾക്ക് മകളെ കൊല ചെയ്യേണ്ടി വന്നു! പതിനേഴാം വയസ്സിൽ അപമാനിതയാകുമെന്നറിഞ്ഞിട്ടും കമിതാവിന് ആത്മാർപ്പണം ചെയ്ത പാറുക്കുട്ടി, മകൾക്ക് കയ്യേൽക്കേണ്ടി വന്ന വേശ്യവൃത്തിക്കു തുല്യമായ ജീവിതാവസ്ഥയെ ഈ വിധം വ്യവച്ഛേദിച്ചറിയുന്നു: "അതിൽ സ്ത്രീത്വത്തെ തൃപ്തിപ്പെടുത്തുന്ന സ്മരണകളില്ല, ഹൃദയത്തെ അന്യചിന്തകളിൽ നിന്നും പിടിച്ചു നിർത്തുന്ന സ്നേഹബന്ധമില്ല"[42] തന്റെ യൗവനവും സ്വപ്നങ്ങളും എല്ലാം ഒരിക്കൽ യജമാനനന് ഹൃദയപൂർവ്വം സമർപ്പിച്ച പാറുക്കുട്ടി നിസ്വാർഥമായി പ്രണയത്തെമാത്രം ഉപാസിച്ചവളാണ്. കമിതാവിൽനിന്നും ഗർഭം ധരിച്ച കുഞ്ഞിനെപ്പോലും സ്വന്തം ജീവാംശമെന്നതിനേക്കാൾ മറ്റെന്തിന്റെയൊക്കെയോ സ്മാരകമെന്ന നിലയിലാണവൾ സ്നേഹിച്ചത്. ദരിദ്രയും, നിസ്സഹായയുമാണെങ്കിലും തന്റെ പ്രണയബന്ധത്തിൽ സ്വയം നിർണ്ണായകാവകാശം നേടിക്കൊണ്ടും, കമിതാവ് അവളെ വിട്ടുപോയതിൽ പരിഭവിക്കാതെയും ആ പ്രേമാനുഭവങ്ങളുടെ സ്മരണയിൽ അവൾ നിർവൃതിപൂണ്ടു ജീവിച്ചു. മകൾക്കാകട്ടെ പുരുഷാധിപത്യവ്യവസ്ഥയിൽ സ്ത്രീയുടെ ജീവിതം കശക്കിയെറിയപ്പെടുന്ന ദുഃസ്ഥിതിയാണ് ഉണ്ടാവാനിടവരുന്നത്. അതിനോട് പൊരുത്തപ്പെടാൻ അവൾക്ക് കഴിഞ്ഞില്ല. പ്രണയാനുഭവ

ത്തിന്റെ യാതൊരു സ്പർശവും ഇല്ലാതെ ഒരു പുരുഷന്റെ – അതും സ്വന്തം അച്ഛന്റെ ശാരീരികാഭിലാഷ പൂർത്തിക്കു കീഴടങ്ങി മകൾ വഴിപിഴച്ച ജീവിതം നയിക്കാനിടയാവുന്നതിനേക്കാൾ ഭേദം അവളുടെ മരണവും തന്റെ ജയിലുമാണെന്ന് അവൾ നിശ്ചയിച്ചു. മാതൃത്വത്തിന്റെ മൃദുലഭാവത്തിന് ചേരാത്ത അവളുടെ ഈ ദൃഢനിശ്ചയം അവളിലെ സ്വത്വാവബോധമുള്ള പ്രണയമനസ്സിന്റെ ആത്മവീര്യം ഉൾക്കൊണ്ടതാണെന്ന് ഈ കഥ സ്പഷ്ടമാക്കുന്നു.

'മധുവിധു' എന്ന കഥയിലെ നായകന്, സരോജിനി അയാളുടെ ഓർമ്മശ്ശക്തിയുടെ കൂടപ്പിറപ്പാണ്. അറിവായ കാലം മുതൽ തന്റെ സുഹൃത്തും, നടന്നുതുടങ്ങിയ കാലം മുതൽ കൂട്ടുകാരിയുമായ അവളുടെ സ്നേഹബന്ധം ദൈഹികപരിധിക്കപ്പുറമാണെന്ന് അയാൾ അഭിമാനിക്കയും ചെയ്തു. പിന്നീട് വീട്ടുകാരുടെ താൽപ്പര്യമനുസരിച്ച് അയാൾക്ക് മറ്റൊരു യുവതിയെ വിവാഹം കഴിക്കേണ്ടിവന്നു. ഭാര്യയുമൊത്ത് കന്യാകുമാരിയിലേക്ക് മധുവിധു കൊണ്ടാടാൻ പോയ കഥാനായകന് അവിടെവെച്ച് സരോജിനിയുമായി ബന്ധപ്പെടാൻ ഒരവസരമുണ്ടാവുന്നു. ദൈഹിക പരിധിക്കപ്പുറം ദിവ്യമെന്ന് ധരിച്ചിരുന്ന സരോജിനിയുമായുള്ള സ്നേഹബന്ധം ശാരീരിക ബന്ധമായി വളരുകയാണുണ്ടായത്. അയാളുടെ ആദ്യസ്വർശം സരോജിനിയെ അല്പവും സംഭ്രമിപ്പിച്ചില്ല. സങ്കല്പത്തിൽ നിന്നും സംഭവത്തിലേക്ക് – ഹൃദയത്തിൽ നിന്നും ശരീരത്തിലേക്ക് കടന്ന ഒരനുഭൂതി മാത്രമായിരുന്നു അത്. കൗമാരത്തിനപ്പുറം അവരുടെ ശരീരങ്ങൾ എപ്പോഴും അകന്നുതന്നെ നിന്നെങ്കിലും ഹൃദയങ്ങൾ ആദ്യന്തം കെട്ടുപിണഞ്ഞാണ് കിടന്നിരുന്നതെന്ന് അവർ തിരിച്ചറിഞ്ഞു. മനുഷ്യന്റെ സാമുദായിക നിയമങ്ങൾ തീരെ അർഥശൂന്യങ്ങളല്ലേ എന്ന് സ്വയം ചോദിച്ചുകൊണ്ട് ആ അവസരത്തിൽ അയാൾ ഈ വിധം ചിന്തിക്കുന്നുണ്ട്. "അപ്പോഴത്തെ ഞങ്ങളുടെ പെരുമാറ്റത്തിൽ ഞങ്ങൾക്കൊരസ്വാഭാവികതയും തോന്നിയില്ല. സങ്കല്പത്തിൽ അരങ്ങേറ്റം കഴിഞ്ഞ രംഗങ്ങളായിരുന്നു അവ. ശരീരത്തിനെയല്ലാതെ ഹൃദയത്തെ വിലക്കുവാങ്ങാൻ പണത്തിനെങ്ങനെ കഴിയും? ആ ശരീരമാണെങ്കിൽ ഹൃദയപ്രേരണകൾക്ക് വിധേയവും"[43]. ഈ കഥയിലെ നായികാനായകന്മാരുടെ മൈത്രീബന്ധം ആത്മൈക്യം പുലർത്തുന്ന പ്രണയമായി വികസിക്കുകയാണുണ്ടായത്. എന്നാൽ പരീക്ഷണഘട്ടങ്ങളിൽ പെടാത്ത പാവപ്പെട്ട മനുഷ്യന്റെ ഒരു വ്യാമോഹം മാത്രമാണ് ഈ വിധമുള്ള ദിവ്യപ്രണയം എന്ന് കഥാകാരി, കഥയുടെ തുടക്കത്തിൽ തന്നെ പറഞ്ഞുവെക്കുന്നുണ്ട്. അത് യാഥാർഥ്യമാക്കുന്ന വിധം സംഭവഗതികൾ പിന്നീട് കഥ

യിൽ ഉരുത്തിരിയുന്നുണ്ട്. നായകനിൽനിന്നും ഗർഭം ധരിച്ച സരോജിനി കുഞ്ഞിനെ പ്രസവിച്ചതോടെ, അപമാനിതയായി, കുറച്ചുകാലം കഷ്ടപ്പെട്ട് ജീവിച്ചെങ്കിലും ഒടുവിൽ അവളും കുഞ്ഞും മരണമടഞ്ഞു. 'ഉദാത്തവും, ദിവ്യവുമായ പ്രണയം കാമുകന്റെ മാന്യമായ ഭർതൃപദവിക്കു യാതൊരു പോറലുമേല്പിച്ചില്ല, പക്ഷേ കാമുകിക്ക് സ്വജീവിതം ദു:ഖാഗ്നിയിൽ ഹോമിക്കേണ്ടി വന്നു! പശ്ചാത്താപവിവശനായ കഥാനായകൻ കഥാന്ത്യത്തിൽ താനടക്കമുള്ള പുരുഷന്മാരുടെ ലൈംഗികതയെ മാത്രം ലക്ഷ്യമാക്കുന്ന പ്രേമത്തിന്റെ ധാർമ്മികതയെ സ്വയം ചോദ്യം ചെയ്യുന്നുണ്ട്. ആത്മസമർപ്പണം ചെയ്തും പ്രണയിച്ച സരോജിനിയുടെ പ്രണയമാകട്ടെ, സാമൂഹ്യ ജീവിത ചുറ്റുപാടിൽ കശക്കിയെറിയപ്പെട്ട വ്യാമോഹം മാത്രമായിരുന്നുവെന്ന് ഈ കഥ വെളിപ്പെടുത്തുന്നു.

പൂപോലെ പെണ്ണിനെ അനുഭവിച്ച് കശക്കിയെറിയുന്ന സ്വഭാവക്കാരനായ നരേന്ദ്രന്റെ ജീവിതത്തിലേക്ക് കടന്നുവന്ന നിഷ്കളങ്കയായ ഒരു പെൺകുട്ടി അയാളിൽ ഉളവാക്കിയ മാനസികസംഘർഷമാണ് 'പരീക്ഷണം' എന്ന കഥ. അവളെ വശപ്പെടുത്താനും തന്റെ അഭിലാഷപൂർത്തിക്ക് കീഴ്പ്പെടുത്താനും കഴിയാതിരിക്കുന്നത് അയാൾക്ക് ഒരു പരീക്ഷണമായ് അനുഭവപ്പെട്ടു. ഒടുവിൽ ആ വീടും, നാടും വിട്ട് അയാൾ യാത്രയാവുന്നു. ആ സമയം അവളുടെ മുഖത്തേക്ക് ഒന്നുകൂടി നോക്കാൻ അയാൾക്ക് അടക്കാനാവാത്ത അഭിലാഷം തോന്നി. പക്ഷേ, ചുമന്നു പതഞ്ഞുവരുന്ന മുന്തിരിച്ചാർ നിറച്ച – തന്റെ ചുണ്ടിലേക്ക് നീട്ടിപ്പിടിച്ച – ആ പളുങ്കുപാത്രത്തിൽ തന്റെ കണ്ണ് ഇനിയും പതിഞ്ഞാൽ നിയന്ത്രണം തകരും; ഒഴിഞ്ഞ പാത്രം വലിച്ചെറിഞ്ഞ് ഉടയാനിടയാവും! – എന്നയാൾക്ക് തീർച്ചയായിരുന്നു. അയാൾ അവൾക്കുവേണ്ടി ചെയ്ത വലിയൊരു ത്യാഗമായി അവിടം വിട്ടുപോവുന്നതിനെ കഥാകാരി രേഖപ്പെടുത്തുന്നു. പ്രണയമനസ്സുകൊണ്ട് സ്ത്രീയെ കാണാൻ കഴിയാതെ, കേവലം ഭോഗവസ്തുവായി കാണുന്ന പുരുഷന്റെ വികലമനസ്സാണ് നരേന്ദ്രനിലൂടെ പ്രത്യക്ഷമാവുന്നത്. വ്യവസ്ഥയിൽ സ്ത്രീയെ ശാരീരികാഭിലാഷപൂർത്തിക്കുള്ള വസ്തുവായി കാണുന്ന പുരുഷന്റെ ആധിപത്യവാസനയാണ് കഥാനായകനെ ധർമ്മസങ്കടത്തിലാക്കുന്നത്. ഈ ആധിപത്യവാസന കുടഞ്ഞെറിഞ്ഞെങ്കിൽ മാത്രമേ സ്നേഹമനസ്സുകളുടെ വേഴ്ചയുണ്ടാവൂ, അല്ലാത്തിടത്ത് സ്നേഹബന്ധം വെറും ശരീരാധിഷ്ഠിതം മാത്രമാവുന്നു!

പ്രേമം, വിവാഹം എന്നീ വ്യവസ്ഥാപിത സ്ഥാപനത്തിലൂടെ സ്ത്രീയെ കീഴ്പ്പെടുത്തി, തന്റെ വികാരതൃഷ്ണ ശമിപ്പിക്കാനുള്ള പുരുഷാധികാരത്തിന്റെ കുടിലത തിരിച്ചറി

യുകയും, അതിനോട് ശക്തമായി പ്രതിഷേധിക്കുകയും ചെയ്യുന്ന കഥയാണ് 'പ്രേമഫലം'. 1942 അവസാനത്തിൽ എഴുതിയ ഈ കഥയ്ക്ക് 'രക്തസാക്ഷി' എന്നൊരു പേരും സരസ്വതിയമ്മ നൽകിയിട്ടുണ്ട്. പ്രേമവഞ്ചിതയായ കാമുകിയാണ് ഇവിടെ രക്തസാക്ഷി യാവുന്നത്. കാമുകിയെ വഞ്ചിച്ച് മറ്റൊരു സ്ത്രീയെ വിവാഹം കഴിച്ച് കഥാനായകൻ കുറച്ചുകാലത്തിനുശേഷം കാമുകിയെ അനുനയിപ്പിക്കാൻ ശ്രമിച്ചു. "അധികം പേരെ ഞാൻ ഉള്ളഴിഞ്ഞു സ്നേഹിച്ചിട്ടില്ല എന്റെ മൃദുലവികാര ജീവിതത്തിൽ ഒന്നാം സ്ഥാനം ഭാനുവിനാണ്, പക്ഷേ, ഭാര്യയുടെ സർവ്വാധികാരവും പ്രയോഗിക്കുന്ന ഒരു സ്ത്രീയു മായി എന്റെ ജീവിതത്തെ കെട്ടിയിടാനെനിക്കിഷ്ടമില്ലായിരുന്നു എന്നല്ലാതെ സ്നേഹ ത്തിന്റെ കുറവല്ല കാരണം"[44]. എന്ന ന്യായീകരണത്തോടെ അയാൾ കാമുകിയായ ഭാനുമതിയെ കീഴ്പ്പെടുത്താനാണ് ശ്രമിച്ചത്. എന്നാൽ ഭാര്യയോട് അയാൾ പുലർത്തുന്ന ഉദാസീനത അവൾ മനസ്സിലാക്കിയിട്ടുമുണ്ട്. പുരുഷൻ, കാമുകനായാലും, ഭർത്താവാ യാലും ശരി അവനു തന്നിഷ്ടപ്രകാരം എന്തും ചെയ്യാമെന്നും, ഭർതൃമതികൾ തങ്ങളുടെ പരിശുദ്ധിയെ ഏതുനിലക്കും സംരക്ഷിക്കണമെന്നുമുള്ള ആൺകോയ്മയുടെ ധാർമ്മിക ബോധമാണ് അയാളുടേത്. ആ ബോധത്തെ തകർക്കത്തക്ക സ്ത്രൈണാവബോധം ഉൾക്കൊണ്ട ഭാനുമതി അതനുസരിച്ച് പ്രവർത്തിക്കാൻ സ്ത്രീ ശക്തയാവണമെന്ന് വിശ്വ സിക്കുന്നു. "നിങ്ങളുടെ വികാരതൃഷ്ണ ശമിപ്പിക്കാനുള്ള മധുരപാനീയം നിറച്ച, സ്വശ ക്തിയില്ലാത്ത, വേണ്ടെന്ന് തോന്നുമ്പോൾ വലിച്ചെറിഞ്ഞുകളയാവുന്ന, ഒരു പാത്രം ആണ് സ്ത്രീയെന്ന് നിങ്ങൾക്കൊരു ധാരണയുണ്ടെന്ന് തോന്നുന്നു"[45] എന്ന് പറഞ്ഞുകൊണ്ട വൾ, അയാളുടെ മൃഗീയമായ സ്വാർഥതയ്ക്ക് ശിക്ഷയെന്നോണം അയാളെ കുത്തിക്കൊ ലപ്പെടുത്തി. തനിക്കുവേണ്ടി മാത്രമല്ല, തന്റെ വർഗ്ഗത്തിനുവേണ്ടി കൂടിയാണിതെന്ന തുറന്ന പ്രഖ്യാപനത്തോടെതന്നെ അവൾ ഒടുവിൽ ആത്മഹത്യയിലൂടെ പ്രേമവഞ്ചനയ്ക്ക് രക്ത സാക്ഷിയാവുന്നു. "ചില പ്രതികൂലസന്ദർഭങ്ങളിൽ പ്രേമത്തിന് വഹിക്കാൻ നിവൃത്തി യില്ലാതെ വരുമ്പോൾ അത് കട്ടപിടിച്ചു പ്രതികാരമായി ഹൃദയത്തിലുറഞ്ഞു കിടക്കും. ചൂടുതട്ടിയാൽ വൈരമായി ജ്വലിക്കാനുള്ള അവസരം കാത്ത് വാസ്തവത്തിൽ ഒരേ വസ്തു വിന്റെ വിഭിന്ന ഭാവമല്ലേ സ്നേഹവും വൈരവും? സ്നേഹം മറിച്ചിട്ടാൽ വൈരം. ഒന്നിന് നിർമ്മാണശക്തി, മറ്റേതിന് നാശക ശക്തി"[46] എന്ന് ചിന്തിച്ച ഭാനുമതി പ്രണയിക്കാനുള്ള സ്ത്രീയുടെ അപാരമായ കഴിവിനെയാണ് സ്വയം രക്തസാക്ഷിത്വം വരിച്ചതിലൂടെ തെളി യിക്കുന്നത്. "ആദർശസ്ത്രീത്വത്തിന് തീർത്തും അന്യമായ – നിഷിദ്ധമായ – പ്രവൃത്തി

ചെയ്തപ്പോഴും ഭാനുമതിയുടെ ഉത്തമ സ്ത്രീഗുണങ്ങൾ ഉറപ്പിക്കപ്പെടുകയാണ്"[47] എന്ന് ജെ. ദേവിക അഭിപ്രായപ്പെട്ടിട്ടുണ്ട്. സ്ത്രീക്കെതിരായ സ്ഥാപനമെന്ന നിലയിൽ അധീശ ശക്തി നിർണ്ണയിക്കുന്ന പ്രേമത്തെ ചെറുക്കാൻ ആദർശസ്ത്രീത്വത്തിന് പോറലേൽപ്പിച്ചു കൊണ്ടാണെങ്കിലും 'ബദൽ സ്ത്രൈണാവബോധം' സ്ത്രീ ആർജ്ജിക്കേണ്ടതിന്റെ ആവ ശ്യത്തെ അടിവരയിടുന്നതാണ് ദേവികയുടെ അഭിപ്രായം. ഈ കഥയിലെപ്പോലെതന്നെ പ്രേമവഞ്ചിതയാവുന്ന നായിക വഞ്ചകനായ കാമുകനോട് പ്രതികാരം ചെയ്യുന്ന മറ്റൊരു കഥയാണ് 'പാവങ്ങൾ'. സ്ത്രീയുടെ ഹൃദയം കൂടുതൽ പ്രവൃത്തിക്ഷമമാണെങ്കിലും തലയിൽ കളിമണ്ണാണെന്ന പുരുഷന്റെ ധാരണയെ തിരുത്താൻതക്കവിധം സുമതിയുടെ സ്ത്രൈണാവബോധം ഉണർന്ന് പ്രവർത്തിച്ചു. ഒരവസരം വീണുകിട്ടിയപ്പോൾ വഞ്ചക നായ കമിതാവിനെ അവൾ കുത്തി മുറിവേൽപ്പിക്കതന്നെ ചെയ്തു.

സ്ത്രീയെ വിടാതെ പിന്തുടർന്നേക്കാവുന്ന ഒന്നാണല്ലോ അവളുടെ വിവാഹപൂർവ്വ പ്രേമവും മറ്റും. ഭർതൃമതിയായ സുമതിയുടെ ദാമ്പത്യജീവിതത്തിലും അത്തരമൊരു പൂർവ്വബന്ധം സംഘർഷമുളവാക്കുന്നുണ്ട്. എങ്കിലും വ്യവസ്ഥയിലുള്ള സദാചാരനിയ മങ്ങളെ അപഹസിച്ചുകൊണ്ട് അവൾ ഭർത്താവിന്റെ അധികാരപദവിയെ ചെറുക്കുക തന്നെ ചെയ്തു. വ്യവസ്ഥാപിത ജീവിതത്തിൽ വിവാഹബന്ധമായി പരിണമിക്കാത്ത പ്രേമബന്ധം പിൽക്കാലത്ത് ഒരു കളങ്കമായി പിന്തുടരുന്നത് സ്ത്രീയുടെ മാത്രം ദാമ്പത്യജീവിതത്തിലാ ണെന്ന സാമ്പ്രദായിക ജീവിത സങ്കല്പത്തെ ഈ കഥയിലൂടെ അപഹസിക്കുകയാണ് സരസ്വതിയമ്മ.

'ഇലമുള്ളിൽ ചെന്ന് വീണാലും, മുള്ള് ഇലയിൽ ചെന്ന് വീണാലും കേട് ഇലയ്ക്ക്' എന്ന പഴമൊഴിയെ മുൻനിർത്തിക്കൊണ്ട് പ്രേമകാര്യങ്ങളിൽ പുരുഷന്മാരേക്കാൾ കരുത ലോടെ പ്രവർത്തിക്കേണ്ടത് സ്ത്രീകളാണെന്നും, സ്വതവേ ദുർബ്ബലകളെന്ന് കരുതപ്പെ ടുന്ന സ്ത്രീകൾ തന്നെ വേണം പുരുഷന്റെ പ്രേമദൗർബല്യത്തേയും, കപടപ്രേമത്തേയും പൊറുക്കാനും, ചെറുക്കാനും എന്ന ദുഃസ്ഥിതി 'പാവങ്ങൾ' എന്ന കഥയിലെന്നപോലെ 'പ്രേമപരീക്ഷണം' എന്ന കഥയിലും കാണാൻ സാധിക്കുന്നുണ്ട്. പെൺകുട്ടികളുടെ കോളേജിൽ ലക്ചറായി നിയമിക്കപ്പെട്ട പ്രസ്തുത കഥയിലെ ചെറുപ്പക്കാരനായ കൃഷ്ണൻ തമ്പി തന്റെ സദാചാരനിഷ്ഠ ലേഡി പ്രിൻസിപ്പാളിനെ ബോധ്യപ്പെടുത്താനായി 'കപട പ്രേമം' ഭാവിച്ച് തന്റെ തന്നെ ശിഷ്യയെ വഞ്ചിക്കുന്നു. അയാളിലെ വിഷയലമ്പടത്വത്തെ

മറച്ചുവെക്കാനായിട്ടാണ് അയാൾ ഇത്തരമൊരു നീച പ്രവൃത്തി ചെയ്തത്. ആ കോളേജിൽ ഏറ്റവും സുന്ദരിയും, പഠിപ്പിൽ മിടുക്കിയുമായ രാധ എന്ന പെൺകുട്ടിയെ അയാൾ പ്രേമം ഭാവിച്ച് പ്രലോഭിപ്പിച്ചു. അങ്ങിനെ ആ കുട്ടി അയാൾക്കെഴുതിയ പ്രേമലേഖനത്തെ ഒരു പരാതിയോടെ ഒന്നുമറിയാത്ത മട്ടിൽ അയാൾ പ്രിൻസിപ്പാളിന് നേരിട്ട് കൊടുത്തു. സുന്ദരിയായ ഒരു പതിനാറുകാരിയുടെ പ്രലോഭനത്തിൽ പോലും താൻ വീഴുന്നില്ലെന്ന് മേലധികാരിയെ ബോധ്യപ്പെടുത്താൻ വേണ്ടിയായിരുന്നു അത്. "തീക്ഷ്ണമായ സദാചാരബോധമുണ്ടെന്ന് തെളിഞ്ഞുകഴിഞ്ഞ അദ്ധ്യാപകനെ കുറ്റക്കാരനായി കാണാൻ പിന്നീടവർക്ക് സാധിക്കയില്ല. വിടർന്നുവരുന്ന ആ കൊച്ചു ഹൃദയങ്ങളെയല്ലാതെ, ജീവിതമാസ്വദിക്കുന്ന തന്റെ യുവത്വവാസനയെ അറിയാനും, അപലപിക്കാനും അവർക്കുള്ള കഴിവ് അതോടെ നശിപ്പിക്കപ്പെടും"[48] എന്ന് അയാൾ കണക്കുകൂട്ടി. രാധയിൽ മാത്രം കുറ്റം ചുമത്തിക്കൊണ്ട് പ്രധാനദ്ധ്യാപിക അവളെ ശാസിക്കുകയും, അപമാനിതയായ അവൾ പഠിത്തം നിർത്തിപ്പോവുകയും ചെയ്തു. ശിഷ്യയുടെ പ്രേമലേഖനം മറ്റാരെയും കാണിക്കാതെ, കേളേജ് അധികൃതരെ ഏല്പിച്ച തമ്പിസാർ 'പാകതയും, സ്വഭാവശുദ്ധിയുമുള്ള ജന്റിൽമേനായി' അംഗീകരിക്കപ്പെട്ടു. പിന്നീട് അയാളുടെ പേരിൽ കുട്ടികളുടെ ഭാഗത്തുനിന്നും നിരവധി ആരോപണങ്ങൾ ഉണ്ടായെങ്കിലും അതൊന്നും വിശ്വസിക്കാൻ കോളേജ് അധികൃതർ തയ്യാറായില്ല. രാധയുടെ അനുഭവത്തെപ്പറ്റി ശരിക്കും മനസ്സിലാക്കിയ പ്രതിരോധസജ്ജരായ വിദ്യാർത്ഥിനികളെയാണ് പിന്നീട് അയാൾക്ക് അഭിമുഖീകരിക്കേണ്ടി വന്നത്. അവരിൽ ഒരാൾ പ്രതിഷേധശബ്ദമുയർത്തിയ വാർത്ത കോളേജിൽ പരസ്യമായെങ്കിലും അതിൽ വാസ്തവമുണ്ടോ എന്നന്വേഷിക്കാൻപോലും പ്രിൻസിപ്പാൾ മിനക്കെടുന്നില്ല. കുറ്റം മുഴുവൻ സ്ത്രീയിൽ ചുമത്തുന്ന സമൂഹത്തിന്റെ തെറ്റായ പ്രവണതയെപ്പറ്റി സൂചിപ്പിച്ചുകൊണ്ട് കഥാകാരി പറയുന്നു – "കാണാൻ കൊള്ളാവുന്ന ഒരു ചെറുപ്പക്കാരനെ കണ്ട് മാനം വിട്ട് എടുത്തുചാടുന്ന പെൺകുട്ടികളെ വിളിച്ചു ശാസിക്കാനും പിന്നീടവർ മിനക്കെട്ടില്ല. എന്നാൽ രണ്ടാമതൊരിക്കലും തന്റെ മുമ്പിൽ പരാതിയും കൊണ്ടുവരാതെ, ആ ശല്യങ്ങളെല്ലാം തനിയെ സഹിക്കുകയും, പരിഹരിക്കുകയും ചെയ്തുപോന്ന മിസ്റ്റർ തമ്പിയുടെ പേരിൽ അവർക്ക് അത്ഭുതം കലർന്ന ആദരവ് തോന്നി. എങ്ങിനെ തോന്നാതിരിക്കും?"[49].

നഗരത്തിൽ നിന്നും ഗ്രാമത്തിലെത്തിയ ഒരു ഗോസായിയുടെ പ്രേമത്തിൽ വിശ്വസിച്ച്, അയാളെ കാത്തിരിക്കുന്ന 'പാർവ്വതി' എന്ന ഗ്രാമീണ പെൺകുട്ടിയുടെ കഥയാണ്

'ചുവന്നപൂക്കൾ'. നിഷ്കളങ്കയായ ഈ പെൺകുട്ടിയുടെ പ്രണയമനസ്സുമായി താദാത്മ്യം പൂണ്ട കഥാകാരിയുടെ – ആഖ്യാതാവിന്റെ – സ്മരണയിലൂടെയാണ് കഥ അനാവരണം ചെയ്തിരിക്കുന്നത്. ഋജുബുദ്ധിയോടെ ലോകത്തെ വീക്ഷിക്കുന്ന ശീലമുള്ള പാർവ്വതിക്ക് മനുഷ്യരുടെ പ്രലോഭനങ്ങളെയും, മറിമായങ്ങളെയും തിരിച്ചറിയാനാവാത്തതുകൊണ്ട് പറ്റിപ്പോയ ഒരബദ്ധമാണോ അവളുടെ പ്രണയം എന്ന് കഥാകാരി ഒരു ഘട്ടത്തിൽ ചിന്തിക്കുന്നുണ്ട്. എന്നാൽ ലൗകികപരിഗണനകൾ തീരെയില്ലാതെ സ്നേഹിക്കാനറിയാവുന്ന ഒരു സ്നേഹസമ്പന്നൻ ഉണ്ടായിക്കൂടെന്നില്ലെന്നും, ആ വിധമൊരു സ്നേഹസമ്പന്നനാവാം അവളുടെ കാമുകൻ എന്നും കഥാകാരി പ്രത്യാശകൊള്ളുന്നുണ്ട്. എങ്കിലും പാർവ്വതിയുടെ ജീവിതാവസ്ഥയുടെ ദയനീയത കാമുകൻ തീരെ മനസ്സിലാക്കിയിട്ടില്ലെന്നറിയുന്ന കഥാകാരി, പുരുഷന്റെ സ്നേഹത്തിൽ സഹാനുഭൂതിക്കിടമില്ലേ എന്നുവരെ സംശയിച്ചു പോവുന്നു. കുളത്തിനുചുറ്റുമുള്ള മരം പൂത്തുതുടങ്ങുമ്പോൾ വരാമെന്ന് പറഞ്ഞുപോയ ഗോസായി, കുളത്തിൽ ചുവന്ന പൂക്കൾ പ്രതിബിംബിച്ചു തുടങ്ങിയിട്ടും തിരിച്ചുവന്നില്ല. ഒടുവിൽ രോഗബാധിതയായ പാർവ്വതിയുടെ ചൈതന്യമറ്റ ശരീരം രക്തം കട്ട പിടിച്ച തറയിൽ കിടക്കുന്നത് കഥാകാരി കാണുന്നു. "പൂവിന്റെ വർണ്ണോജ്ജ്വലതയിൽ തുടങ്ങി രക്തത്തിന്റെ വർണ്ണഭീകരതയിലവസാനിച്ച ആ പ്രേമകഥയെപ്പറ്റി മറക്കാത്ത കാലത്തോളം ആ രംഗം എന്റെ മനസ്സിൽനിന്നെങ്ങനെ മായും?"[50] എന്ന് ദു:ഖാകുലയായി അവർ സ്വയം ചോദിക്കുന്നു. 1952–ൽ എഴുതിയ ഈ കഥയിൽ പ്രണയത്തെ ഉപാസിച്ചുകൊണ്ട് മരണം വരെ കാത്തിരിപ്പു തുടർന്ന ഒരു ഗ്രാമീണ പെൺകുട്ടിയുടെ പ്രണയസ്ഥൈര്യമാണ് വാഴ്ത്തപ്പെടുന്നത്.

ജന്മാവകാശം പോലെ മനസ്സിൽ കൊണ്ടു നടന്ന കാമുകനെ, അയാളുടെ കടമയുടെ ഋണബാധ്യതമൂലം നഷ്ടപ്പെടുത്തേണ്ടി വന്ന കാമുകിയുടെ കഥയാണ് 'ജന്മാവകാശം'. ഉപരിപഠനത്തിലുള്ള അത്യാശകൊണ്ട് ശരീരം അന്യാധീനപ്പെടുത്തേണ്ടി വന്ന നായകന്റെ മനസ്സ് എന്നും കാമുകിയോടൊപ്പമായിരുന്നു. 'പഠിക്കാൻ വേണ്ട പണം നല്കിയ വസ്തു' എന്നതിൽക്കവിഞ്ഞുള്ള അടുപ്പമൊന്നും അയാൾക്ക് ഭാര്യയോട് ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ ഭാര്യമരിച്ചശേഷം, കാമുകിയോടൊത്തുള്ള ജീവിതം മോഹിച്ച് അയാൾ അവളുടെയരികിലെത്തുന്നു. അവരുടെ പുനസ്സമാഗമവേളയിൽ അയാളുടെ വാക്കുകൾ അവളെ പ്രതീക്ഷാഭരിതയാക്കുന്ന വിധത്തിലുള്ളവയായിരുന്നു. അയാളെ സ്വന്തമാക്കാമെന്ന ആഗ്രഹം എന്നേ കൈവിട്ടുകഴിഞ്ഞ അവളിൽ വീണ്ടും മോഹം തളി

രിടുകയായിരുന്നു. എന്നിട്ടും കർത്തവ്യത്തിന്റെ പേരിൽ അവളെ ഒരിക്കൽക്കൂടി അയാൾക്ക് കൈവെടിയേണ്ടിവന്നു. ജനനം മുതൽ തന്റേതുമാത്രമായിക്കരുതിയ പുരുഷനെ തന്റേതല്ലാത്ത കാരണം കൊണ്ട് ഒന്നിലേറെ തവണ നഷ്ടപ്പെടേണ്ടി വരിക എന്ന ദുരനുഭവമാണ് അവൾക്ക് നേരിടേണ്ടി വന്നത്. കാമുകൻ സമ്മാനിച്ച പെട്ടിയിലുള്ള അവളുടെ പിടി അയയുന്നതിനുപകരം മുറുകുകയാണ് ചെയ്തതെന്ന കഥയിലെ പ്രസ്താവം അവളുടെ ജീവിതത്തിൽ വിഫലമായ കാത്തിരിപ്പ് ഇനിയും അവൾ തുടരുമെന്നതിന്റെ സൂചനയാണ് നല്കുന്നത്.

പ്രണയാനുഭവത്തിന്റെ സ്മരണകൊണ്ടുമാത്രം ജീവിക്കാനും, നിഷ്ഫലമെന്നറിഞ്ഞിട്ടും കാത്തിരിക്കാനും കഴിയുന്ന സരസ്വതിയമ്മയുടെ കഥകളിലെ ഈ പ്രണയിനികൾ, പ്രണയത്തിനുവേണ്ടി ആത്മസമർപ്പണം നടത്തുന്ന പ്രണയോപാസകർ തന്നെ!

കാമുകനിൽ നിന്നും ഗർഭം ധരിച്ച മാലതി, ആത്മഹത്യ ഭീഷണി മുഴക്കി ഒടുവിൽ വിവാഹബന്ധത്തിലെത്തിച്ച തന്റെ പ്രേമത്തിന്റെ ശക്തിയിൽ അഭിമാനിക്കുന്നവളാണ്. എന്നാൽ അവളുടെ പ്രേമത്തിന്റെ ശക്തിയെക്കുറിച്ചുള്ള ഊറ്റംകൊള്ളലിനെ കൂട്ടുകാരി ദേവകി പരിഹസിച്ചു തള്ളുകയാണ് ഉണ്ടായത്. പ്രേമത്തിന്റെ ശക്തിയല്ല, അതിന്റെ പ്രവൃത്തി മണ്ഡലമാണ് വിവാഹബന്ധത്തിൽ കൊണ്ടെത്തിച്ചതെന്ന് ദേവകി തുറന്നടിക്കുന്നു. ദിവ്യവും, അലൗകികവുമായ ഒരനുഭൂതി തലത്തിലെത്തേണ്ട പ്രേമം ശാരീരിക സ്പർശത്തിലൂടെ 'പ്രേമത്തിന്റെ പ്രവൃത്തിമണ്ഡല' മായി പരിണമിക്കുന്നതിലെ പരിഹാസ്യത ഈ കഥ വെളിപ്പെടുത്തുന്നു.

രോഗഗ്രസ്തനായി ആരോഗ്യം നശിച്ച ഒരു യുവാവിനെ ശുശ്രൂഷിച്ച് ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവന്നവളാണ് 'കർത്തവ്യത്തിന്റെ മുമ്പിൽ' എന്ന കഥയിലെ നായികയായ റിനി. ആശുപത്രിവിട്ടുപോകേണ്ട സമയമായപ്പോഴേക്കും പിരിയാൻ പറ്റാത്തത്ര മാനസികമായ അടുപ്പം അയാൾക്ക് റിനിയോടുതോന്നിത്തുടങ്ങിയിരുന്നു. അതയാൾ അവളോട് സൂചിപ്പിക്കുകയും ചെയ്തു. അയാളുടെ ആസക്തി പൂണ്ടനോട്ടം അവളെ പ്രേമഭരിതയാക്കാനോ മാതൃത്വത്തെക്കുറിച്ചുള്ള അയാളുടെ വാക്കുകൾ അവളിലെ സ്ത്രീത്വത്തെ തൊട്ടുണർത്താനോ തുണച്ചില്ല. എന്നാൽ "മൃദുലവികാരത്താൽ ദുർബ്ബലയായ ഒരു മനുഷ്യസ്ത്രീക്കു മുമ്പിലല്ല, കർത്തവ്യബോധത്താൽ കല്ലായ ഒരു പ്രതിമയ്ക്ക് മുൻപിലാണ് താൻ നില്ക്കുന്നതെന്ന്"[51] ബോധ്യപ്പെട്ട അയാൾ ഒടുവിൽ അവിടം വിട്ടു

പോകാൻ നിർബ്ബന്ധിതനാവുന്നു. ഒരു വർഷംകഴിഞ്ഞ് തിരിച്ചെത്തുന്ന അയാളുടെ മന സ്സിൽ അപ്പോഴും അവളെക്കുറിച്ചുള്ള മധുരപ്രതീക്ഷകളാണ് മുന്നിട്ടുനിന്നത്.

വ്യവസ്ഥാപിത പ്രേമം സ്ത്രീയിൽ നിന്നും പ്രതീക്ഷിക്കുന്നത് അവളുടെ വിധേയ ത്വവും, സ്ത്രീത്വത്തിന്റെ ദൗർബല്യവും, അധീരതയുമൊക്കെയാണ്. സ്ത്രീയുടെ ധിഷ ണാപാടവമോ, സ്വത്വാവബോധമോ അല്ല. അവളുടെ വ്യക്തിത്വത്തെ പൂർണ്ണമായും നിരാ കരിക്കുക എന്നതാണ് പുരുഷാധിപത്യ വ്യവസ്ഥ പ്രേമത്തിലായാലും, വിവാഹത്തിലാ യാലും, കുടുംബത്തിലായാലും ലക്ഷ്യമാക്കുന്നത്. മനുഷ്യൻ എന്നാൽ പുരുഷൻ മാത്ര മാണെന്ന പുരുഷാധിപത്യത്തെ സൂചിപ്പിച്ചുകൊണ്ട് സീമോൻ–ദ–ബുവ്വ, ഇപ്രകാരം വിശ ദീകരിക്കുന്നുണ്ട് – “സ്ത്രീയെ അവളായി പരിഗണിച്ചുകൊണ്ടല്ല, പകരം അവനുമായി ബന്ധപ്പെടുത്തിക്കൊണ്ടുമാത്രമാണ് നിർവ്വചിക്കുന്നത്. അവളെ സ്വയമധികാരമുള്ളവ ളായി പരിഗണിക്കുന്നുമില്ല”[52]. പുരുഷന്റെ ആശ്രിതയല്ലാതെ സ്ത്രീക്ക് സ്വന്തമായി ജീവി ക്കാനുള്ള സ്വാതന്ത്ര്യം അവൾ തന്നെ നിശ്ചയിക്കുന്നതുമൂലം ഈ കഥ പരമ്പരാഗത സ്ത്രീ സങ്കല്പത്തെ വെല്ലുവിളിക്കുന്നു.

‘ചോലമരങ്ങൾ’ എന്ന കഥയിലെ പ്രണയബദ്ധരായ മധുവും, ലില്ലിക്കുട്ടിയും ഒരു മിച്ചു ജീവിക്കണമെന്നാഗ്രഹിച്ചവരായിരുന്നു. വ്യത്യസ്ത മതത്തിൽപെട്ടവരായതുകൊ ണ്ടും, മധുവിന്റെ ഭീരുത്വം കൊണ്ടും അവരുടെ പ്രതീക്ഷ സഫലമായില്ല. പ്രേമപൂർത്തി കൈവരാതെ വന്നപ്പോൾ അന്യർക്ക് തണലേകുന്ന ചോലമരങ്ങൾപോലെ സേവനനിരത മായ ജീവിതം അവർ നയിച്ചു. വർഷങ്ങൾക്ക് ശേഷം കന്യാസ്ത്രീമഠത്തിൽവെച്ച് സുദീർഘമായ സംഭാഷണത്തിലൂടെ തങ്ങളുടെ പഴയ കാലപ്രേമവും, ഇന്നത്തെ സേവ നകാലവും, സന്യാസിയായ മധുവും, കന്യാസ്ത്രീയായ ലില്ലിക്കുട്ടിയും തമ്മിൽ വിശക ലനം ചെയ്തു. പ്രേമസാഫല്യം വിവാഹത്തിലൂടെ കൈവന്നിരുന്നുവെങ്കിൽ തന്റെ കഴി വുകൾ ചെറിയൊരു വീട്ടിലെ പ്രാരാബ്ധങ്ങളിൽ കുരുങ്ങിക്കിടക്കുമായിരുന്നുവെന്നും, എന്നാൽ ഇന്ന് അത് വിപുലമായ തോതിൽ പ്രയോജനപ്പെടുത്താൻ തനിക്ക് സാധിക്കു ന്നുവെന്നും മനസ്സിലാക്കിയ ലില്ലിക്കുട്ടി അതിൽ അഭിമാനം കൊള്ളുന്നു. മമതാബന്ധമി ല്ലാതെ, നിസ്വാർത്ഥമായി മറ്റുള്ളവരെ സ്നേഹിക്കാൻ – സേവിക്കാൻ കഴിയുന്നതാണ് മനുഷ്യന്റെ ഏറ്റവും വലിയ മഹത്വം എന്നവൾ തിരിച്ചറിഞ്ഞു. മനസ്സിനെ നിയന്ത്രിക്കാനും, ജനസേവനത്തിൽ പൂർണ്ണമായും തന്നെ അർപ്പിക്കാനും ലില്ലിക്കുട്ടിക്കു കഴിഞ്ഞുവെങ്കിലും

മധുവിന് മനോനിയന്ത്രണം വേണ്ടത്ര സാധ്യമാവുന്നില്ല. കന്യാസ്ത്രീമഠത്തിൽ നിന്നും യാത്ര പറഞ്ഞ് പിരിഞ്ഞശേഷവും, അയാളുടെ മനസ്സിൽ 'കറുത്ത ചുരുണ്ട തലമുടിയുള്ള ഒരു കുസൃതി പെൺകിടാവിന്റെ' ഓർമ്മ നഷ്ടബോധമുളവാക്കിയിരുന്നു. പ്രേമം സഫലമാവാതെ വന്നപ്പോൾ നിരാശപ്പെട്ട് ജീവിതത്തിൽ നിന്നും ഒളിച്ചോടാനല്ല ലില്ലിക്കുട്ടി ശ്രമിച്ചത്. അസാമാന്യമായ ആത്മനിയന്ത്രണം പാലിച്ച് കൊണ്ട് അവൾ മറ്റൊരു വഴി കണ്ടെത്തി. ആ വഴിയിലൂടെ അങ്ങേയറ്റം മനസ്ഥൈര്യത്തോടെ മുന്നേറാൻ അവൾക്ക് കഴിഞ്ഞു. അബലയും, ചപലയും, വികാരലോലയുമല്ലാത്ത അവൾ ചിന്താശക്തിയും, സ്വാതന്ത്ര്യബോധവും, സ്വത്വാഭിമാനവും വെച്ച് പുലർത്തുന്നവളാണ്.

വ്യവസ്ഥാപിതപ്രേമം, വിവാഹം എന്നിവയോടെല്ലാം പ്രതിഷേധിച്ചുകൊണ്ട് അതിൽനിന്നും ഒഴിഞ്ഞുനില്ക്കുന്ന ഒട്ടനവധി സ്ത്രീ കഥാപാത്രങ്ങൾ സരസ്വതിയമ്മയുടെ കഥകളിൽ കടന്നുവരുന്നുണ്ടല്ലോ. പരമ്പരാഗതമായ സ്ത്രീ സങ്കല്പത്തിനെതിരെ കഥാകാരി അവതരിപ്പിക്കുന്ന ബദൽസ്ത്രൈണാവബോധത്തിന്റെ അവതാരങ്ങളായ അവരിൽനിന്നെല്ലാം വ്യത്യസ്തയാണ് ലില്ലിക്കുട്ടി. പ്രേമിച്ചും, വിവാഹപ്രതീക്ഷ പുലർത്തിയും സാധാരണക്കാരിൽ ഒരുവളായി ജീവിച്ചുപോന്നവളായിരുന്നു അവൾ. വ്യവസ്ഥാപിത സ്ത്രീമൂല്യസങ്കൽപങ്ങളോട് പ്രതിഷേധമുള്ള അവൾ കന്യാസ്ത്രീമഠത്തിലെ പരദൂഷണത്തേയും മറ്റും വിമർശിക്കുന്നുണ്ടെങ്കിലും അതിനകത്തു നിന്നും പുറത്ത് വരാൻ ശ്രമിക്കുന്നില്ല. അച്ഛനമ്മമാരുടെ നേർച്ചപ്പണ്ടങ്ങളായി മഠത്തിലേക്കയയ്ക്കപ്പെട്ട പലരും സ്വന്തം അഭിലാഷങ്ങളെ അമർത്തിവെച്ചുകൊണ്ടാണ് അവിടെ പൊറുക്കുന്നത്, എന്നാൽ ആഗ്രഹിച്ച ജീവിതം നിഷേധിക്കപ്പെട്ടിട്ടും, അസാമാന്യമായ മനസ്സംയമനം ആർജ്ജിച്ചുകൊണ്ട്, ലില്ലിക്കുട്ടി ജീവിതോന്മുഖമായ വീക്ഷണം നേടിയെടുത്തു.

സമുദായസേവനവ്യഗ്രതയിൽ നിഷ്പ്രഭമാവുന്ന വ്യവസ്ഥാപിത പ്രേമത്തിന്റെ അവസ്ഥാവിപര്യയമാണ് 'കർത്തവ്യത്തിന്റെ മുൻപിൽ', 'ചോലമരങ്ങൾ' എന്നീ കഥകൾ അടയാളപ്പെടുത്തുന്നത്.

പ്രേമത്തെ പരിഹസിക്കുന്ന ഒരു കഥയാണ് 'പുസ്തകപ്രേമം'. ഉപരിപഠനത്തിന് പട്ടണത്തിൽ എത്തിയ, പുസ്തകവായനയിൽ കമ്പമുള്ള ഒരു യുവാവിന് പ്രേമകഥകൾ വായിച്ച് വായിച്ച് ഒടുവിൽ പ്രേമാഭിലാഷം കലശലായി. അയൽവീട്ടിൽ 'വാസിനി' എന്ന വിളിപ്പേരിൽ അറിയപ്പെടുന്നവൾ ഒരു യുവസുന്ദരിയാവുമെന്ന് ധരിച്ച് പ്രേമാർപ്പണത്തിന്

യുവാവ് മുതിർന്നു. യുക്തിവാദത്തിന്റെ സീമകൾക്കും, ശുഷ്കസമുദായ നീതികൾക്കും അപ്പുറം നില്ക്കുന്നതാണ് തന്റെ പ്രേമമെന്ന് ഊറ്റംകൊണ്ട് കഴിഞ്ഞുകൂടവേ, 'വാസിനി' ഒരു പൂച്ചയുടെ പേരാണെന്നറിഞ്ഞ് അയാൾ ഹതാശനായിത്തീർന്നു. പുസ്തകപ്രേമത്തിന്റെ പരിണാമം പൂച്ചപ്രേമത്തിലാണെന്നറിഞ്ഞപ്പോൾ അയാളുടെ പ്രേമഭ്രാന്ത് നിശ്ശേഷം നീങ്ങി. അവിവേകത്തിന്റെയും, ആലോചനാശൂന്യതയുടേയും കാലമായ യൗവ്വനത്തിൽ, പ്രേമജ്വരം ബാധിച്ച് സ്വയം വിഡ്ഢിയാവുന്നു, ഈ യുവകാമുകൻ. വ്യവസ്ഥാപിത ജീവിതത്തിൽ പ്രേമത്തിന്റെ പേരിൽ പലപ്പോഴും കുറ്റപ്പെടുത്തലിന് വിധേയരാവുന്നതും, നിന്ദിക്കപ്പെടുന്നതും സ്ത്രീകളാവുന്നു! അതുകൊണ്ടാണല്ലോ 'കണ്ട ദിക്കിൽ നിന്നും വരുന്ന കുബേരയുവാക്കന്മാരെ കുരുക്കിലിടാനുള്ള പതിനെട്ടടവും പഠിച്ച തിരുവനന്തപുരത്തുകാരികളെ'പ്പറ്റി ഈ കഥയിലും സരസ്വതിയമ്മ ആവർത്തിക്കുന്നത്. എന്നാൽ വെറുമൊരു സ്ത്രീ നാമത്തിൽ ഭ്രമിച്ച്, പ്രേമജ്വരം ബാധിച്ച ഈ യുവാവിനെപ്പോലുള്ള ദുർബ്ബലചിത്തരെ കുരുക്കിലിടാൻ ഒരു തിരുവന്തപുരക്കാരിയുടെ തന്ത്രവും ആവശ്യമില്ലെന്ന് ഈ കഥ സാക്ഷ്യപ്പെടുത്തുന്നു. നിലവിലുള്ള സാമൂഹ്യജീവിത പരിസരത്തിൽ പലപ്പോഴും പ്രേമബന്ധങ്ങളിൽ മുൻകയ്യെടുക്കുന്നത് പുരുഷന്റെ മനോദൗർബല്യമാണ്, മറിച്ച് സ്ത്രീയുടെ അബലാത്വമല്ല എന്ന പക്ഷക്കാരിയാണ് ഈ കഥാകാരി.

ചപലമായ പ്രേമത്തെ അപഹസിക്കുന്ന ഒരു കഥയാണ് 'വിവാഹസമ്മാനം'. സുകേശിനി ആദ്യം ഭാര്യയുള്ള ഒരു മുസ്ലീംയുവാവിനെ പ്രേമിച്ചെങ്കിലും, വീട്ടുകാരുടെ ഭീഷണിനിമിത്തം അതിൽനിന്നും പിന്തിരിഞ്ഞു. പിന്നീട് മറ്റൊരാളെ പ്രണയിച്ച് വീട്ടുകാരുടെ ആശീർവാദത്തോടെ അയാളെ വിവാഹം കഴിക്കാൻ തീരുമാനിക്കുന്നു. വിവാഹദിവസം ആദ്യകാമുകൻ അവൾക്ക് വിവാഹസമ്മാനമായി പാഴ്സലിൽ അയച്ച കുറച്ചു ചാരം കിട്ടുന്നു. അത് അയാളുടെ ഹൃദയത്തിന്റെയോ, അതോ സുകേശിനിയുടെ പ്രേമലേഖനങ്ങൾ കരിച്ചുകളഞ്ഞതിന്റെയോ, എന്ന സന്ദേഹത്തെ തുടർന്ന് അവളുടെ കൂട്ടുകാരികൾ ഒരു തർക്കത്തിൽ ചെന്നെത്തി. സുകേശിനി ആദ്യ കാമുകനിൽനിന്നും ധാരാളം സമ്മാനങ്ങൾ കൈപ്പറ്റിയിട്ടുണ്ടെന്ന് അറിയാവുന്ന സരള അയാളോട് സഹതാപം പ്രകടിപ്പിച്ചു: "എന്തായാലും മറ്റെയാൾ വളരെ നല്ലവനാണ്; . . . അല്ലാതെ, ഏതാണുങ്ങളെങ്കിലും ഇങ്ങനെ നിശ്ശബ്ദമായങ്ങു സഹിച്ചുകളയുമോ? അതും പണം പുല്ലുപോലെ വാരിച്ചിലവാക്കീട്ട്"[53] അത് പ്രേമത്തിന്റെ വൈയവസായികമായ ഒരു വശമാണെന്നു പറഞ്ഞ് കൊണ്ട്, ശാന്തി, സരളയുടെ അഭിപ്രായത്തിന് ഇങ്ങനെ അടിവരയിടുന്നു – "ഇങ്ങ

നെയാണെങ്കിൽ മൂന്നാലു കാമുകന്മാർ കഴിയുമ്പോഴേക്കും നല്ല പണക്കാരിയായി ധാരാളം സമ്മാനങ്ങൾ വാങ്ങിച്ചൊരു വിവാഹവും, ആഘോഷിക്കാം"[54]. ഈ വിധം പ്രേമത്തിനു ഭൗതിക നേട്ടങ്ങളുണ്ടെങ്കിലും, സുകേശിനിയെ സംബന്ധിച്ചിടത്തോളം പ്രേമം മൂലം അവൾക്ക് വീട്ടുകാരിൽ നിന്നും നേരിടേണ്ടിവന്ന മാനസികവും, ശാരീരികവുമായ പീഡന ത്തിനുള്ള കൂലിയായിട്ടേ ഇതെല്ലാം പരിഗണിക്കാവൂ എന്നുകൂടി ശാന്തി കൂട്ടുകാരിയുടെ പക്ഷം ചേർന്നു കൊണ്ട് പ്രസ്താവിക്കുന്നുണ്ട്. ദിവ്യവും, അലൗകികവുമായി കൊണ്ടാ ടപ്പെടുന്ന പ്രണയത്തിന്റെ ഈ വിധമുള്ള അധഃപതനം വ്യക്തമാക്കുന്നത് വ്യവസ്ഥാപിത പ്രേമത്തിന്റെ പൊള്ളത്തരമാണ്.

സഹപാഠികളായ വിക്രമനും, വിജയരാഘവനും, വിലാസിനിയും ഉൾപ്പെടുന്ന ഒരു പ്രേമമാണ് 'ഇരുപത് വർഷത്തിന് ശേഷം' എന്ന കഥയിലെ ഇതിവൃത്തം. രണ്ട് സ്നേഹിതരും പരസ്പരം മത്സരിക്കാതെ തന്നെ വിലാസിനിയുമായി സ്നേഹബന്ധം പുലർത്തുകയും, വിലാസിനി അവരോട് ഒരേമട്ടിൽ മൈത്രീബന്ധം നിലനിർത്തുകയും ചെയ്തു. എന്നാൽ ധനാഢ്യരായ വിലാസിനിയുടേയും, വിജയരാഘവന്റെയും, വീട്ടുകാ രുടെ ഇടപെടലുകൾ നിമിത്തം മൂന്ന് പേർക്കും അകലേണ്ടിവന്നു. കൂട്ടത്തിൽ ദരിദ്രനായ വിക്രമനാണ് ഏറ്റവും വലിയ ശിക്ഷ കിട്ടിയത്. ഒരുനാൾ വൈകീട്ട് സൈക്കിളിൽ സഞ്ച രിച്ചുകൊണ്ടിരിക്കേ, കാറിന്റെ ഹോൺ കേട്ട് തിരിഞ്ഞുനോക്കിയ അയാളുടെ പുറത്ത് വിലാസിനിയുടെ കാർ കയറി. കുറേക്കാലം ആശുപത്രിയിൽ കിടക്കേണ്ടി വന്ന അയാളെ വീട്ടുകാരും ഉപേക്ഷിച്ചു. അപ്പോഴേക്കും വിലാസിനിയെ അവളുടെ വീട്ടുകാർ പഠിത്തം നിർത്തിച്ച് ദൂരേ എവിടേക്കോ മാറ്റിക്കളഞ്ഞു. വിജയരാഘവനാകട്ടെ, വീട്ടു തടങ്കലിലു മായി. അവസാനം വിക്രമന് കൂലിവേല ചെയ്തു ജീവിക്കേണ്ട ഗതികേടാണുണ്ടായത്. എന്നിട്ടും തന്റെ ജീവിതസ്വപ്നത്തെ തകർത്തെറിഞ്ഞ കാമുകിയെ വിക്രമന് മറക്കാൻ കഴിഞ്ഞില്ല.

ഇരുപതു വർഷത്തിനുശേഷം തന്റെ വീട്ടിന്റെ മുൻപിൽ കാറപകടത്തിൽപ്പെട്ട് ബോധശൂന്യയായിക്കിടക്കുന്ന വിലാസിനിയെ വിക്രമൻ കാണാനിടവന്നു. വിവാഹിത നായിരുന്നിട്ടും വിലാസിനിയുടെ മാദകസാന്നിധ്യത്തെ അപ്പോഴും അറിഞ്ഞുകൊണ്ടിരുന്ന വിക്രമന് സ്വന്തം ഭാര്യയുടെ കർക്കശമായ സ്പർശനത്തിൽ വെറുപ്പും അറപ്പും തോന്നുന്നു. അപകടത്തിൽപെട്ട അവളെ ശുശ്രൂഷിക്കാനായി അവളുടെ ഭർത്താവ് ഒരു ഡോക്ടറെ

കൊണ്ടുവന്നു. അതാകട്ടെ പഴയ സുഹൃത്ത് വിജയരാഘവനായിരുന്നു. ദരിദ്രനായ വിക്രമൻ പഴയ മൈത്രീ ബന്ധം ഓർമ്മിപ്പിക്കാൻ ശ്രമിച്ചെങ്കിലും വിജയരാഘവൻ അതൊന്നും ഓർമ്മിക്കാൻ ഇഷ്ടപ്പെട്ടില്ലെന്ന് മാത്രമല്ല വെറുപ്പ് പ്രകടിപ്പിക്കുക കൂടി ചെയ്തു. മാത്രമല്ല വിലാസിനിയോടുപോലും അയാൾ പരിചയഭാവം കാണിക്കുന്നില്ല. സമുദായം മാന്യയെന്ന് കരുതുന്ന ഒരു സ്ത്രീയുടെ പതിനേഴാം വയസ്സിലെ പ്രേമചാപല്യം എന്തിന് വെറുതെ ഓർമ്മിപ്പിക്കണം എന്നായിരുന്നു അയാളുടെ മനോഭാവം; പ്രേമവും, സൗഹൃദവും എല്ലാംതന്നെ ഉപഭോഗസംസ്കാരത്തിൽ വിലയിടിഞ്ഞുപോവുന്നതിൽ കഥാകാരിക്കനുഭവപ്പെടുന്ന മനോവിഷമമാണ് ഈ കഥയിലൂടെ വെളിപ്പെടുന്നത്.

തറവാട്ടാചാരം സംരക്ഷിക്കാനായി പിതൃതുല്യനായി കരുതുന്ന ഒരാളെ വിവാഹം കഴിക്കേണ്ടി വന്ന കമലിനിക്ക് നേരിടേണ്ടിവന്ന പ്രണയഭംഗത്തിന്റെയും, നൈരാശ്യത്തിന്റെയും കഥയാണ് 'തറവാട്ടാചാരം'. വീട്ടുകാർ നിശ്ചയിച്ച വിവാഹത്തോട് പൊരുത്തപ്പെടാനാവാത്തതുകൊണ്ട് കമലിനി പട്ടണത്തിലെ തന്റെ ഹോസ്റ്റലിനടുത്ത് താമസിക്കുന്ന പാട്ടുകാരനായ ഒരു യുവാവിനോടുള്ള പ്രേമബന്ധത്തെക്കുറിച്ച് അമ്മയോട് ഒന്ന് സൂചിപ്പിച്ചു. "എന്നാൽ നിന്റെ സംബന്ധത്തിന് നമുക്ക് അയാളെ വരുത്തി ഒരു പാട്ടുകച്ചേരി നടത്തണം, ആ പാട്ട് കേട്ട് നീ അയാളെ തന്നെ മറന്ന് കളയണം"[55] എന്നായിരുന്നു അമ്മയുടെ പ്രതികരണം. അവളുടെ പ്രണയത്തെ നിരാകരിച്ചുകൊണ്ട് എത്ര നിർമ്മമതയോടെയാണ് അധികാരബന്ധങ്ങൾ അവളിൽ അവകാശം സ്ഥാപിച്ചെടുക്കുന്നത്! തറവാടിന് ചേരാത്ത തേവിടിശ്ശിത്തമായി അവളുടെ പ്രേമത്തെ വ്യാഖ്യാനിക്കുകയും, ആ പ്രേമബന്ധത്തിന്റെ പേരിൽ പിത്രാധികാരം ഒരു കൂട്ടക്കൊല നടത്താൻ വരെ തയ്യാറാവുകയും ചെയ്യുന്ന ഗൃഹാന്തരീക്ഷം അവളെ ഭീഷണിപ്പെടുത്തുകയാണുണ്ടായത്. യുവഹൃദയങ്ങളുടെ സ്വച്ഛന്ദമായ ഒന്നുചേരലിനെതിരെയുള്ള അധികാരവ്യവസ്ഥയുടെ ക്രൂരത തന്നെയാണിത്. ആത്മഹത്യയോ, ഒളിച്ചോട്ടമോ ഒന്നും തന്നെ ഒരു പോംവഴിയായി സ്വീകരിക്കാതെ കമലിനി 'തറവാട്ടാചാര'മനുസരിച്ച് ജീവിക്കാൻ തയ്യാറാവുന്നു.

വ്യവസ്ഥാപിത സമൂഹത്തിൽ പ്രേമബന്ധം വിവാഹബന്ധവുമായി യോജിച്ച് നിലനിൽക്കുന്നതുമൂലം ഇവ രണ്ടും സ്ഥാപനവൽക്കരിക്കപ്പെട്ട ബന്ധങ്ങളായിട്ടാണ് സരസ്വതിയമ്മയുടെ കഥകളിൽ വിവക്ഷിക്കപ്പെട്ടിട്ടുള്ളത്. അധീശസംസ്ക്കാരത്തിന്റെ മൂല്യബോധത്തിനനുസൃതമായി സ്ഥാപനവൽക്കരിക്കപ്പെടുന്ന ഇത്തരം ഏതു മാനുഷിക ബന്ധ

ത്തോടും പൊരുത്തപ്പെടാനാവാത്ത സ്ത്രൈണവ്യക്തിത്വമാണ് സരസ്വതിയമ്മയ്ക്കു ള്ളത്. തന്നിമിത്തം അവരുടെ കഥാലോകം അവയോടെല്ലാം പ്രതിഷേധിക്കുകയാണു ണ്ടായത്. എന്നാൽ സ്വതന്ത്രവും, വ്യതിരിക്തവുമായ അവരുടെ സ്ത്രൈണാവബോധം കഥാലോകത്ത് പ്രതിഷ്ഠിച്ചുപോന്ന 'പ്രണയാദർശ'ത്തെ അവരുടെ പ്രതിഷേധശബ്ദത്തി നിടയിൽ അധികമാരും വേറിട്ട് കേട്ടിട്ടില്ലെന്ന് തോന്നുന്നു. കഥാഖ്യാനത്തിൽ കാല്പനിക ശൈലി ഇല്ലെങ്കിലും അവരുടെ പ്രണയാദർശം തികച്ചും കാല്പനികം തന്നെയാണ്. മല യാളത്തിലെ പ്രണയകേന്ദ്രിതമായ കാല്പനികഭാവുകത്വം തുടക്കം മുതലേ ആൺകോ യ്മയെ അംഗീകരിച്ചതുകൊണ്ടാകാം സ്വത്വബോധമുള്ള പെണ്ണിന്റെ പ്രണയമനസ്സ് ആരും പരിഗണിക്കാതെ പോയത്. സ്വത്വബോധമുള്ള പെൺമനസ്സിനെ ആവിഷ്ക്കരിച്ചതുമൂലം ഈ കഥാകാരിയെ ചിലർ അഴിഞ്ഞാട്ടക്കാരിയും, പ്രേമവിരോധിയും, പുരുഷവിദ്വേഷി യുമൊക്കെയായിക്കണ്ട് ആക്ഷേപിക്കാനും മുതിർന്നു. പ്രണയത്തെ അങ്ങേയറ്റം കാല്പ നികമായിക്കണ്ട സരസ്വതിയമ്മയുടെ സ്വകാര്യഡയറിക്കുറിപ്പിലെ ഒരു ഭാഗം ഈ ആക്ഷേ പവുമായി ചേർത്തുവായിക്കവേ, വിലോലമായ പ്രണയസ്വപ്നം ഉള്ളിലൊതുക്കിയ ഒരസാ ധാരണ പ്രണയിനിയായിരുന്നു അവർ എന്ന തോന്നലുളവാക്കുന്നു.

> "നല്ല നിലാവുള്ള രാത്രി, ആ കുന്നിൻമുകളിൽ പ്രേമനിർവൃതിയിൽ ലയിച്ചിരി ക്കുകയായിരുന്നു ഞാനും, അവിടുന്നും. ചുറ്റും നീണ്ടുനിരന്നു കിടന്ന നീര ന്ദ്രനീല പുല്പരപ്പ്, നമ്മുടെ കാൽച്ചുവട്ടിൽ നിന്നുദ്ഭവിച്ച ആ കൊച്ചരുവി യിലെ ഒരു കൊച്ചോളമാകാൻ എന്റെ ഹൃദയം കൊതിച്ചു. അവിടുന്ന് സാന്ത്വ നവാക്കരുളി. പ്രേമപൂർണനായ അവിടുത്തെ സഹതാപം വേറൊരുപായം കണ്ടുപിടിച്ചു. അവിടുത്തെ വീരബാഹുക്കളുടെ താങ്ങലോടെ ഞാൻ ഒരു കൊച്ചോളത്തിൽക്കയറി.......................................
>
> "ദേവാ – അവിടത്തെ ആഗമനവേള പ്രതീക്ഷിച്ചുതുടങ്ങിയിട്ട് എത്ര കാലമായി? വിനാഴിക, നാഴിക, യാമങ്ങൾ, ദിവസങ്ങൾ, മാസങ്ങൾ, വത്സരങ്ങൾ ഇങ്ങനെ എന്റെ സന്ദർശനോത്സുക ഹൃദയം എണ്ണിയെണ്ണിക്കഴിയുന്നു. അവിടുത്തെ നവനീത മൃദുലമായ ഹൃദയത്തിന് ഇത്ര കാഠിന്യമോ? ..................................................[56]

അധീശസംസ്ക്കാരത്തെ വെല്ലുവിളിച്ച ഭക്തമീരയുടെ പ്രണയവും, ഗാർഹികബന്ധ നത്തിന്റെ വീർപ്പുമുട്ടലിൽ നിന്ന് രക്ഷനേടുന്ന ഗോപികയുടെ പ്രണയവും സമന്വയിക്കുന്ന സരസ്വതിയമ്മയുടെ പ്രണയസങ്കല്പം ആഴക്കടലിന്റെ അഗാധതയും, നീലാകാശത്തിന്റെ വിശാലതയും തൊട്ടറിയുന്നു.

# രതി

സാമൂഹിക ജീവിതപരിസരത്തിൽ കൂടുതൽ നിഗൂഢതയും, സ്വകാര്യതയും വെച്ചു പുലർത്തുന്ന ഒരു വിഷയമാണ് രതിയും, അതിനോട് ബന്ധപ്പെട്ട് ലൈംഗികതയും. വ്യവസ്ഥാപിതസമൂഹത്തിൽ ഇതിനെക്കുറിച്ച് സ്വതന്ത്രമായ അഭിപ്രായം പ്രകടിപ്പിക്കുക എന്നത് തന്നെ മിക്കപ്പോഴും നിഷിദ്ധമായിട്ടാണ് കരുതപ്പെടുന്നത്. അതിനു പ്രധാനകാരണം സമൂഹത്തിന്റെ സദാചാരസങ്കൽപ്പം തന്നെയാണ്. പുരുഷാധിപത്യത്തിന്റെ മേൽക്കോയ്മയുള്ള സദാചാരവ്യവസ്ഥയിൽ രതിയുടെ നിയമങ്ങൾ പുരുഷന്റെ ലൈംഗികതയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ളവയാണെന്നു കാണാം.

*രതിയുടെ ചരിത്രം* എന്ന ഗ്രന്ഥത്തിൽ ഫുക്കോ പറയുന്നു: വിക്ടോറിയൻ കാലഘട്ടം മുതൽക്കാണ് രതി നിയന്ത്രിതവും, നിഗൂഢവുമായിത്തീർന്നത്. പ്രത്യുൽപാദനമെന്ന പ്രക്രിയയെ ലക്ഷ്യമാക്കിക്കൊണ്ട് കുടുംബം അതേറ്റെടുക്കുകയും, തൽഫലമായി രതി എന്ന വിഷയത്തിൽ മൗനം നിയമമാവുകയും ചെയ്തു[57]. ദാമ്പത്യബന്ധത്തിന്റെ ഭാഗമായി ലൈംഗികത പരിണമിക്കുകയും, അതിനുകൂടുതൽ സ്വകാര്യത കൈവരികയും ചെയ്തപ്പോൾ സ്ത്രൈണലൈംഗികതയ്ക്ക് ഒട്ടേറെ വിലക്കുകളും, ഭീഷണികളും നേരിടേണ്ടിവന്നു. സ്ത്രീയാണല്ലോ കുടുംബമെന്ന സ്ഥാപനത്തെ നിലനിർത്തുന്നത്. അതിനാൽ സദാചാരവ്യവസ്ഥയുടെ നിയമങ്ങൾ അനുസരിക്കേണ്ട ബാധ്യത പുരുഷനേക്കാൾ കുടുംബത്തിന്റെ നെടുംതൂണായ സ്ത്രീക്കാണെന്നും വന്നു. സമുദായാചാരങ്ങളും, ധാർമ്മികനീതിയും വ്യക്തിയുടെ കടമകളും എല്ലാം പുരുഷാധിപത്യസംസ്കാരത്തിന്റെ മൂല്യബോധമനുസരിച്ച് നിർണ്ണയിക്കപ്പെടുകയും ചെയ്തു. സ്ത്രൈണലൈംഗികതയ്ക്കു ചാരിത്ര്യവിശുദ്ധിയുടെ പരിവേഷം നൽകിയും, സ്ത്രീയിൽ പാപഭീതി ഉളവാക്കിയും അവളെ പരിപൂർണ്ണമായി പുരുഷാധിപത്യത്തിൻ കീഴിൽ കൊണ്ടുവരാൻ വിവാഹമെന്ന സ്ഥാപനത്തിനു കഴിഞ്ഞു. ലൈംഗികബന്ധത്തിൽ തുല്യപങ്കാളിത്തമുള്ള പുരുഷൻമാർക്കു പരിശുദ്ധിയുടെ പരിവേഷമണിയേണ്ടതായോ, പാപഭീതി ചുമക്കേണ്ടതായോ വരുന്നില്ല. അതായത്, വ്യവസ്ഥാപിത സമൂഹത്തിൽ സ്ത്രൈണലൈംഗികതയെ പുരുഷൻ കീഴടക്കുകയും തന്റെ താൽപര്യങ്ങൾക്കനുസരിച്ച് നിർവ്വചിക്കുകയും ചെയ്തു. ആൺകോയ്മയുടെ നിയന്ത്രണത്തിലുള്ള സദാചാരവ്യവസ്ഥയാൽ സ്ത്രൈണലൈംഗികത ഭർതൃ

സംതൃപ്തിയും, പ്രത്യുല്പാദനവും മാത്രം ലക്ഷ്യമാക്കിയിട്ടുള്ളതാവുന്നു. സ്ത്രീയുടെ സംതൃപ്തിയോ, താൽപര്യമോ അവിടെ പരിഗണനവിഷയമേ ആവുന്നില്ല.

രതി കുടുംബബന്ധങ്ങളിലൊതുക്കുകയും, രതിബന്ധത്തിൽ തുല്യപങ്കാളിത്തമുള്ള സ്ത്രൈണരതിയെ തിരസ്കരിക്കുകയും ചെയ്യുന്ന സാമൂഹികജീവിതപരിസരത്തിൽ ആ വിഷയത്തെ സംബന്ധിച്ചുള്ള ചിന്തകളും, അഭിപ്രായങ്ങളും എല്ലാം ഏകപക്ഷീയവും (പുരുഷന്റെ കാഴ്ചപ്പാടിൽ മാത്രമുള്ളത്) തികച്ചും രഹസ്യസ്വഭാവമുള്ളതുമാവുകയാണുണ്ടായത്: തന്മൂലം സ്ത്രീകൾ അതിനെക്കുറിച്ച് സ്വതന്ത്രമായി ചിന്തിക്കുവാനോ, അഭിപ്രായം പറയുവാനോ ധൈര്യപ്പെട്ടിരുന്നില്ല. മലയാളത്തിലെ എഴുത്തുകാരികളിൽ, പ്രത്യേകിച്ച് ആദ്യകാലത്തെ എഴുത്തുകാരികളിൽ, തീർത്തും അവഗണിക്കപ്പെടേണ്ട ഒരു പ്രമേയം തന്നെയായിരുന്നു രതി. മാത്രമല്ല, സ്ത്രൈണ ലൈംഗികതയെക്കുറിച്ച് സത്യസന്ധമായി പ്രതികരിക്കണമെങ്കിൽ എഴുത്തുകാരികൾക്കു പുരുഷനിർമ്മിതമായ സദാചാരവ്യവസ്ഥയുടെ ലക്ഷ്മണരേഖ ലംഘിക്കേണ്ടതായും വരുന്നു. പുരുഷാധിപത്യസംസ്കാരത്തിന്റെ നിർമ്മിതികളായ സദാചാരമൂല്യങ്ങളും, ഭാഷാപ്രയോഗങ്ങളും, സ്ത്രൈണസങ്കൽപങ്ങളും എല്ലാം സ്ത്രീയുടെ ലൈംഗികതയെ സ്വച്ഛന്ദമായി ആവിഷ്കരിക്കുന്നതിനു തടസ്സമായിനിന്നു. ഇത്തരം പരിമിതികളെ കുറേയൊക്കെ തരണം ചെയ്തുകൊണ്ട് പിൽക്കാലത്തെ എഴുത്തുകാരികൾ സ്ത്രൈണ രതിയെ ആവിഷ്കരിക്കാൻ ശ്രമിച്ചെങ്കിലും, തുടക്കത്തിൽ അവർക്ക് വല്ലാത്തൊരു പരാധീനത അനുഭവപ്പെടാതിരുന്നില്ല.

പുരുഷാധിത്യത്തിന്റെ നിർണ്ണയങ്ങളിലൊതുങ്ങുന്ന പ്രേമം, വിവാഹം, കുടുംബം എന്നീ സ്ഥാപനങ്ങളോട് കലഹിച്ച സരസ്വതിയമ്മ അതിന്റെ പരിപൂർണ്ണ നിയന്ത്രണത്തിലുള്ള സ്ത്രൈണലൈംഗികതയെ വൈവാഹിക ജീവിതപശ്ചാത്തലത്തിൽ വിശകലനം ചെയ്തുകൊണ്ട് കഥകളിൽ അധികമൊന്നും അവതരിപ്പിച്ചുകാണുന്നില്ല. അവർ അവിവാഹിത ജീവിതമാണ് നയിച്ചിരുന്നത് എന്നതാവാം അതിനുള്ള പ്രധാനകാരണം. അന്നത്തെ കാലഘട്ടം കുറെകൂടി യാഥാസ്ഥികമായിരുന്നുവെന്നതും മറ്റൊരു കാരണമാകാം. അവർ കഥകളിൽ അവിഷ്ക്കരിച്ച രതിജന്യമായ ചിന്തകൾ സദാചാരമൂല്യബോധത്തോടെതിരിടുന്നുണ്ടെങ്കിലും, ശക്തമായ ബദൽ സ്ത്രൈണാവബോധത്തിലടിയുറച്ചുകൊണ്ടുള്ള ഒരു മൂല്യബോധത്തെ സ്ഥാപിച്ചെടുക്കുന്നതിലാണ് ഊന്നൽ നല്കിയത്. വിവാഹപൂർവ്വലൈംഗികബന്ധവും, ദാമ്പത്യേതര ലൈംഗികബന്ധവും, സരസ്വതിയമ്മയുടെ കഥകളിൽ വിഷ

യമാവുന്നുണ്ട്. എന്നാൽ അതിൽ പങ്കാളികളാവുന്ന സ്ത്രീവ്യക്തിത്വങ്ങൾ ഏറെയും വ്യതിരിക്തമായ സ്ത്രൈണാവബോധവും, ഉൽക്കടമായ പ്രണയവും വെച്ചുപുലർത്തുന്നവരാണ്. സദാചാരമൂല്യബോധത്തെ കൈവെടിഞ്ഞുകൊണ്ടുള്ളതാണെങ്കിലും അവരുടെ രതിബന്ധത്തിന് യാതൊരു പാതിത്വവും കഥാകാരി കല്പിക്കുന്നില്ല. സരസ്വതിയമ്മയുടെ ഈവിധമുള്ള സ്ത്രീ പക്ഷ ചിന്താഗതി ആ കാലഘട്ടത്തിൽ തികച്ചും പ്രകോപനപരമായിരുന്നിരിക്കണം. 1944ൽ എഴുതിയ *പ്രേമഭാജനം* എന്ന നോവൽ അക്കാലത്തെ മാത്രമല്ല, ഇക്കാലത്തെ സദാചാരബോധത്തിനും ഉൾക്കൊള്ളാനാവാത്തതാണല്ലോ. മാറി മാറി പ്രണയബന്ധത്തിലേർപ്പെടുന്നത് ആത്മൈക്യമുള്ള ഒരു ജീവിതപങ്കാളിയെ കണ്ടെത്താനാണെന്ന് നോവലിലെ നായിക ലൂയിസയുടെ വാദം സാമ്പ്രദായിക പ്രേമ(കാമുക)സങ്കല്പവുമായി എങ്ങിനെ പൊരുത്തപ്പെട്ടുപോകും? "സ്ത്രീപുരുഷന്മാരുടെ ആത്മൈക്യത്തിന്റെ ആവശ്യകതയെക്കുറിച്ച് പ്രസംഗിക്കുകയും, എന്നാൽ ഏറ്റവും യോജിച്ച ഇണയെ കണ്ടെത്താനുള്ള സമ്പർക്കസ്വാതന്ത്ര്യം അനുവദിക്കാൻ കൂട്ടാക്കാത്തതുമായ 'മലയാളി ആധുനികത'യെയാണു ഈ കൃതി നിശിതമായി വിമർശിക്കുന്നത്"[58] എന്ന ജെ.ദേവികയുടെ അഭിപ്രായം ഇവിടെ പ്രസക്തമാവുന്നുണ്ട്. സ്വാതന്ത്ര്യലബ്ധിക്കുമുമ്പുള്ള കാലഘട്ടത്തിൽത്തന്നെ സരസ്വതിയമ്മ ഇത്തരം സമ്പർക്കസ്വാതന്ത്ര്യത്തെക്കുറിച്ച് ബോധവതിയായിരുന്നുവെന്ന് ഓർക്കുക. താൻ ജീവിച്ച കാലഘട്ടത്തെയും കവിഞ്ഞുനിൽക്കുന്ന ഒരു ജീവിതവീക്ഷണം എന്നും അവർ വെച്ചുപുലർത്തി. ലൈംഗികകാര്യങ്ങളെക്കുറിച്ച് പെൺകുട്ടികൾക്കു അറിവു നൽകുന്നതിന്റെ ആവശ്യകത വ്യക്തമാക്കിക്കൊണ്ട് 1953–ൽ അവർ എഴുതിയ 'ജീവിതരഹസ്യങ്ങളെപ്പറ്റി' എന്ന ലേഖനം രതിയെ സംബന്ധിച്ചുള്ള അവരുടെ ചിന്താഗതിയുടെ പുരോഗമനസ്വഭാവത്തെയാണ് വെളിപ്പെടുത്തുന്നത്.

വിധിവൈപരീത്യത്താൽ വ്യവസ്ഥാപിത സദാചാരമൂല്യങ്ങളെ വെടിയേണ്ടിവന്നതിനാൽ സഹിക്കേണ്ടിവരുന്ന പീഡനവും, ആ മൂല്യബോധത്തെ പണിപ്പെട്ടു പരിപാലിക്കുന്നതിന്റെ പിരിമുറുക്കവും ചിലപ്പോൾ അതിനുക്രൂരമായി കീഴ്പ്പെടേണ്ടിവരുന്നതിന്റെ ദയനീയതയും സരസ്വതിയമ്മയുടെ കഥകളിൽ കാണുന്നുണ്ട്. വിവാഹമെന്ന സ്ഥാപനമാണ് പലപ്പോഴും സ്ത്രൈണലൈംഗികതയെ ഈ വിധം പരീക്ഷണത്തിന് വിധേയമാക്കാറുള്ളത്. അതുകൊണ്ടുകൂടിയാവാം സരസ്വതിയമ്മ വ്യവസ്ഥാപിത വിവാഹസമ്പ്രദായത്തെ കഥകളിൽ രൂക്ഷമായി എതിർക്കുന്നത്.

രതിജന്യമായ ചിന്തകളെ സരസ്വതിയമ്മ കഥകളിൽ ആവിഷ്കരിച്ചിരിക്കുന്നത് പ്രധാനമായും വിവാഹപൂർവ്വബന്ധങ്ങളിലും, ദാമ്പത്യേതരബന്ധങ്ങളിലുമാണെന്നത് സവിശേഷ ശ്രദ്ധയർഹിക്കുന്ന ഒരു വസ്തുതയാണ്. കാരണം നിലവിലുള്ള സദാചാരസങ്കലപത്തോട് ഒരിക്കലും രാജിയാവാൻ പറ്റാത്ത രതിഭാവങ്ങളാണ് പ്രസ്തുതബന്ധങ്ങളിൽ സംജാതമാവുന്നത്. അതിനാൽ വ്യവസ്ഥാപിത പ്രേമബന്ധത്തോടും , വിവാഹബന്ധത്തോടും എന്ന പോലെതന്നെ ഒരു പരിധിവരെ കഥാകാരി വ്യവസ്ഥാപിത ലൈംഗികബന്ധത്തോടും വിയോജിക്കുകയാണെന്നു കാണാം. വിവാഹപൂർവ്വലൈംഗികബന്ധത്തെ കഥാകാരി പ്രതിഷ്ഠിക്കുന്നത് പലപ്പോഴും സ്വതന്ത്രവും വ്യതിരിക്തവുമായ സ്ത്രൈണാവബോധമുള്ള പെണ്ണിന്റെ ആത്മൈക്യം പുലർത്തിക്കൊണ്ടുള്ള പ്രണയത്തിലാണ്. അത്തരം പ്രണയബന്ധത്തിൽ അതിരില്ലാതെ പ്രണയിക്കുന്നവളാണ് സ്ത്രീയെന്നും,അവൾക്ക് ശാരീരികവേഴ്ചപോലും പ്രണയത്തിനുവേണ്ടിയുള്ള ആത്മസമർപ്പണമാണെന്നും കഥാകാരി വെളിവാക്കുന്നു. ഈ വിധം ഒരു പെണ്ണിന്റെ പ്രണയമനസ്സ് സരസ്വതിയമ്മ ആദ്യമായി ആവിഷ്കരിച്ചത് 'രമണി'യിലെ നായികയായ സുഷമയിലൂടെയാണ്. വിവാഹപൂർവ്വലൈംഗികബന്ധവും, അതിന്റെ തിക്തഫലങ്ങളും അനുഭവിച്ചവരാണ് സുഷമയും, നായകനായ ബാബുവിന്റെ സഹോദരി ലീനയും. സഹോദരിയുടെ ദുരന്തത്തിന് പകരം വീട്ടാനായി പ്രേമമഭിനയിച്ച് സുഷമയെ സ്നേഹിച്ചവനാണ് ബാബു. ശാരീരിക സൗന്ദര്യത്തേക്കാൾ ബാബുവിന്റെ അന്തസ്സുറ്റതും, തുറന്നതുമായ പെരുമാറ്റവും, പ്രവൃത്തിയുമൊക്കെയാണ് സുഷമയെ ആകർഷിച്ചതും, വശപ്പെടുത്തിയതും. സ്നേഹിക്കാനും, സ്നേഹിക്കപ്പെടാനും ആവേശം കൊള്ളുന്ന യൗവ്വനവുമായിരുന്നു അന്നവൾക്ക്. ശാരീരിക തൃഷ്ണ ഒരു പെൺകുട്ടിയിൽ തനിയെ ഉണ്ടാകുന്നുതല്ലെന്നും നിരന്തരമായ പുരുഷപ്രേരണയാൽ സംജാതമായി ക്രമേണ സുശക്തമായിത്തീരുന്നതാണെന്നും വിശ്വസിക്കുന്നവളാണ് സുഷമ. ആ വിശ്വാസവും യൗവ്വനവും എല്ലാം ചേർന്നു അവളെ ബാബുവുമായുള്ള രഹസ്യവേഴ്ചയിലെത്തിച്ചു. പക്ഷേ അഭിലാഷപൂർത്തിക്കുദ്യമിക്കുന്ന പുരുഷൻ പങ്കാളിനേരിടേണ്ടിവരുന്ന ആപത്തിനെ പരിഗണിക്കാറില്ലെന്നു പിന്നീടവൾക്ക് മനസ്സിലായി. ബാബുവിൽനിന്ന് ഗർഭം ധരിച്ച ശേഷമായിപ്പോയി ആ തിരിച്ചറിവ്. അധികാരപദവിയുടെയും, സമ്പന്നതയുടെയും മറവിൽ, അവിഹിതബന്ധത്തിലുണ്ടായ സുഷമയുടെ മകൾ, അവളുടെ അനുജത്തിയെന്ന നിലയിൽ വളർത്തപ്പെട്ടു. താൻ ഗർഭിണിയായ കാര്യമൊന്നും സുഷമ ബാബുവിനെ അറിയിച്ചിരുന്നില്ല. കാലം ഏറെക്കഴിഞ്ഞ് ബാബുവിനെ വീണ്ടും കാണാനിട

യായപ്പോൾ അവൾക്ക് അയാളോട് സഹതാപമാണ് തോന്നിയത്. അഭ്യസ്തവിദ്യനായ ഒരു ദരിദ്രഗൃഹസ്ഥന്റെ പ്രാരാബ്ധങ്ങളും, കഷ്ടതകളും നിറഞ്ഞ ജീവിതം ഒരിക്കൽ അവളുടെ ആരാധ്യപുരുഷനായിരുന്ന അയാളെ കോലം കെടുത്തിക്കളഞ്ഞു. അയാളെ എങ്ങിനെയെങ്കിലും സഹായിക്കണമെന്നുവരെ അവൾക്കുതോന്നി. ഇന്നും ബാബുവിനോട് അവർക്ക് സ്നേഹമുണ്ട്. സ്ത്രീഹൃദയം തികച്ചും കഠിനമാവില്ലെന്നും, അലിവിന്റെ ഉറവ് നിശ്ശേഷം വറ്റീട്ടില്ലെന്നും തന്നെപ്പറ്റി സുഷമ ചിന്തിക്കുന്നുണ്ട്. പുരുഷന്റെ ജീവിതത്തിൽ ഒരു ഭാഗം മാത്രമാണ് പ്രേമമെന്നും, സ്ത്രീയുടെ സർവ്വസ്വവും അതാണെന്നും അതിനാൽ അതിരില്ലാതെ സ്നേഹിക്കാനുള്ള കഴിവ് സ്ത്രീക്കാണ്, പുരുഷനല്ല ദൈവം കൊടുത്ത തെന്നും വിശ്വസിക്കുന്നവളാണ് സുഷമ. ഒരിക്കൽ തന്റെ ശരീരം പ്രണയപൂർവ്വം സമർപ്പിച്ചതുകൊണ്ടാണ് സുഷമയുടെ ഉള്ളിൽ, വഞ്ചിക്കപ്പെട്ടവളായിട്ടും ബാബുവി നോടുള്ള സ്നേഹം നിലനിൽക്കുന്നത്. "ചായംപിടിപ്പിച്ചു കാണുന്ന ദിവ്യപ്രേമം ഈ ലോകത്തെങ്ങും ഇല്ലേയില്ല, ഒരമ്മയ്ക്കു തന്റെ കുഞ്ഞിനോടു തോന്നുന്ന സ്നേഹം പോലും ശാരീരികപരിധിക്കിപ്പുറം നിലനിൽക്കുന്നേയുള്ളൂ. അതുകൊണ്ടല്ലേ തന്റെ കുട്ടിയെ വിട്ടുപിരിയാൻ അവർക്കു വേദനതോന്നുന്നത്"[59]. എന്ന സുഷമയുടെ വിശകലനത്തിൽനിന്നും വെളിവാകുന്നത് സ്നേഹം മനസ്സുകളെ അടുപ്പിക്കുമ്പോൾ ശരീരങ്ങൾ തമ്മിലും അടുത്തു പോവുമെന്നാണ്. ആത്മൈക്യം സാധ്യമായാൽ തന്റെ സർവ്വസ്വവും കമിതാവിനു പ്രണയപൂർവ്വം സമർപ്പിക്കുന്നവളാണ് സ്ത്രീ. ആപത്ശങ്കപോലും പലപ്പോഴും അവൾ പാടേ വിസ്മരിച്ചപോവുന്നു!. പുരുഷന് പ്രേമിക്കുക എന്നാൽ ലൈംഗികവേഴ്ചയിലൂടെ പ്രണയിനിയെ കീഴടക്കുക എന്നതാണ്. സ്ത്രീയാകട്ടെ സ്വയം സമർപ്പണത്തിലൂടെ കമിതാവിനെ പ്രണയിക്കുന്നു. പ്രണയത്തി ലൂടെ പുരുഷൻ നേടുമ്പോൾ സ്ത്രീ ത്യജിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് 'മഹാനായ ഒരു പ്രണയി'പുരുഷൻമാർക്കിടയിലില്ല എന്ന് സീമോൻ–ദ–ബുവ്വെ പറയുന്നത്[60]. ആ വിധം മഹത്വം കൽപിക്കാവുന്ന പ്രണയിനികളാണ് സരസ്വതിയമ്മയുടെ 'ശരച്ചന്ദ്രിക'യിലെ ശാരദയും 'മധുവിധു'വിലെ സരോജിനിയും, 'കീഴ്ജീവനക്കാരി'യിലെ പാറുക്കുട്ടിയും 'ഭർത്തൃത്വ'ത്തിലെ വിമലയും.

മരണം വരെ വിജയനോടുള്ള പ്രണയം മനസ്സിൽമാത്രം സൂക്ഷിച്ച് വെച്ച ശാരദയ്ക്ക് പലവട്ടം ഒഴിഞ്ഞുമാറാൻ ശ്രമിച്ചിട്ടും, അവരുടെ സമാഗമവേളയിൽ ഒരിക്കൽ ലൈംഗികാഭിലാഷമുയർത്തുന്ന ശാരീരികസ്പർശത്തിനു കീഴ്പ്പെടേണ്ടിവന്നു. അവരുടെ

ആദ്യത്തെ പരസ്പരസ്പർശനം അവളെ ഒരു ശിശുവിനെപ്പോലെ ദുർബലയാക്കുകയും ചെയ്തു. "എന്റെ ശരീരം അനാഘ്രാതമായി ഈശ്വരനർച്ചിക്കണമെന്നായിരുന്നു എന്റെ നിശ്ചയം. അതാകപ്പാടെ വിജയൻ തെറ്റിച്ചില്ലേ? ആ പാപമിനി എന്തുചെയ്താൽ തീരും?"[61] എന്ന് അവൾ ആ അവസരത്തിൽ വിജയനെ കുറ്റപ്പെടുത്തിക്കൊണ്ട് പരിഭവിച്ചപ്പോൾ അതു കാര്യമാക്കാതെ, അവളുടെ ശരീരം തളർന്നതിനുള്ള കാരണമെന്താണെന്നാണ് അയാൾ ആരായുന്നത്. താൻ അശക്തയായതുകൊണ്ടാണ് ക്ഷീണമെന്നും, അതു കൊണ്ടാണ് ഒരു പുരുഷന്റെ ശരീരം താങ്ങായിക്കിട്ടിയപ്പോൾ വേണ്ടെന്നു വെയ്ക്കാൻ തോന്നാതിരുന്നതെന്നും അവൾ പറയുന്നു. പ്രണയം മനസ്സിനെ ദുർബലമാക്കുകയും ശരീരം തന്റെ നിയന്ത്രണങ്ങളിൽ നിന്നും കുതറിപ്പോവുമെന്നു തോന്നുകയും ചെയ്ത ആ സന്നിദ്ധഘട്ടത്തിൽ അവൾ വിജയന് വിവാഹം ചെയ്യാൻ പറ്റിയ മറ്റൊരു പെൺകുട്ടിയെപ്പറ്റി സൂചിപ്പിച്ചുകൊണ്ട് ഒഴിഞ്ഞുമാറുകയാണ് ചെയ്യുന്നത്.

മറ്റൊരവസരത്തിൽ വിജയൻ ശാരദയോട് പറയുന്നു: "ശാരീ, നമുക്കൊരു ശരീരമായി നിന്നു ലോകരുടെയും, എന്റെ ബന്ധുക്കളുടെയും നിന്ദാവിദ്വേഷങ്ങളെ എതിർക്കാം. സമ്മതമല്ലേ"?[62] നായകന്റെ വാക്കുകളിലൂടെയാണ് പ്രണയനിർഭരമായ അവരുടെ ഈ സമാഗമവേളയെ അവതരിപ്പിച്ചിരിക്കുന്നത്. തുടർന്നുള്ള കഥാഖ്യാനം നോക്കൂ: "ശാരദ ഉത്തരമൊന്നും പറഞ്ഞില്ല, കഷ്ടിച്ച് അരയടി മുന്നോട്ട് നീങ്ങിയ അവളുടെ ശരീരം എന്റെ കൈക്കുള്ളിലമർന്നു. അവളുടെ ലോലകരവല്ലികൾ എന്റെ ഗാത്രത്തെചുറ്റി. എന്നിൽ ആത്മവിസ്മൃതി സംജാതമാക്കി. എന്റെ തോളിൽ തല വിശ്രമിച്ച് അവൾ നിശ്ചലം നിശ്ശബ്ദം നിന്നു. ആ അനുഗൃഹീതദിനത്തിലെ സുമംഗലസായന്തന വേളയിലെ മൂകമായ മങ്ങിയ പ്രകാശം മാത്രമേ ഞങ്ങളുടെ ആദ്യവും അവസാനവുമായ ആ ആലിംഗനത്തിനു സാക്ഷി നിന്നുള്ളൂ . . ."[63]

പ്രണയികളുടെ ശാരീരികസംയോഗത്തിന്റെ ഈ മുഹൂർത്തത്തിൽ കമിതാവിനുവേണ്ടി എന്തും സമർപ്പിക്കാനുള്ള നായികയുടെ സന്നദ്ധത കൂടിയാണ് ഇവിടെ വെളിപ്പെടുന്നത്. എന്നിട്ടും വിവാഹമെന്ന വ്യവസ്ഥാപിത ബന്ധത്തിന് അവൾ തയ്യാറാവുന്നില്ല. കാരണം അപവാദപ്രചരണോത്സുകമായ സാമൂഹികജീവിത പരിസരം മുൻപുതന്നെ അവരുടെ ബന്ധത്തെക്കുറിച്ച് നിന്ദിച്ചിരുന്നത് അവളെ വേദനിപ്പിച്ചിരുന്നു. ആ സാമൂഹിക ചുറ്റുപാടിനെ അവൾ വെറുക്കുന്നു. എന്നിട്ടും അവൾ തന്റെ പ്രണയം

പരദൂഷണത്തെ അവഗണിച്ചുകൊണ്ട് ശാരീരികസ്പർശത്തിലൂടെ പ്രത്യക്ഷീകരിക്കുന്നതായി വിവരിക്കുമ്പോൾ പ്രണയപൂർവ്വമുള്ള രതിഭാവത്തിന്റെ ഉദാത്തതയാണ് കഥാകാരി വിഭാവനം ചെയ്യുന്നത്. ആപൽക്കരമായ കാമമായി പരിണമിക്കാതെ, നിർദോഷമായ വേഴ്ചയിലൂടെ പ്രേമം പരിപൂർണ്ണതയിലെത്തുന്ന ഈ കഥയ്ക്ക് 'അതുപ്രേമമല്ല' എന്ന പേരാണ് സരസ്വതിയമ്മ ആദ്യം നൽകിയിരുന്നതെന്ന് മുൻപ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. പ്രണയപൂർവ്വമുള്ള ഈ വേഴ്ച വ്യവസ്ഥാപിത പ്രേമത്തിന്റെ ചാപല്യമായി വിലയിരുത്തപ്പെടരുതെന്ന നിഷ്കർഷത തന്നെയാണ് അതിനുള്ള ഹേതുവെന്ന് കരുതാവുന്നതാണ്.

'മധുവിധു' എന്ന കഥയിലെ നായകന്, വിവാഹിതനായിട്ടും ഓർമ്മവെച്ചകാലം മുതല്ക്കേ തന്റെ കൂട്ടികാരിയായിരുന്ന സരോജിനിയെ, മറക്കാൻ കഴിയുന്നില്ല. തങ്ങളുടെ സ്നേഹബന്ധം ദൈഹിക പരിധിക്കപ്പുറമാണെന്നു വിശ്വസിച്ചിരുന്നെങ്കിലും ഒരു സന്നിഗ്ദ്ധഘട്ടത്തിൽ അവർ തമ്മിൽ ശാരീരികമായി ബന്ധപ്പെട്ടു. കന്യാകുമാരിയിൽ മധുവിധു ആഘോഷിക്കാൻ പോയ നായകന്റെയും, ഭാര്യയുടെയും കൂടെ സഹായിയായി സരോജിനിക്കുപോകേണ്ടിവന്ന ഘട്ടത്തിലായിരുന്നു അത്. യാത്രാക്ഷീണം കൊണ്ട് രാത്രി അയാളുടെ ഭാര്യ പെട്ടെന്നുറങ്ങിപ്പോയി. തന്റെ മധുവിധുകാലം ഉറങ്ങിക്കളയാനുദ്ദേശിക്കുന്നില്ല എന്നുപറഞ്ഞുകൊണ്ട്, ആ രാത്രി സരോജിനി സന്തോഷപൂർവ്വം തന്നെ കാമുകന് അർപ്പിക്കുകയാണ് ഉണ്ടായത്. 'നിന്റെ മധുവിധുകാലം എന്റെയും മധുവിധുകാലമല്ലേ' എന്നു അവളോട് പറയുന്ന അയാളാകട്ടെ, തന്നിലെ ഭർത്താവിനെ പൂർണ്ണമായി അവഗണിച്ചുകൊണ്ടും തന്റെ പ്രവൃത്തിയെ ന്യായീകരിച്ചുകൊണ്ടും ഇങ്ങനെ ചിന്തിക്കുന്നുണ്ട്: "മനുഷ്യന്റെ സാമുദായിക നിയമങ്ങൾ തീരെ അർത്ഥശൂന്യങ്ങളല്ലേ? അപ്പോഴത്തെ ഞങ്ങളുടെ പെരുമാറ്റത്തിൽ ഞങ്ങൾക്കൊരസ്വാഭാവികതയും തോന്നിയില്ല. സങ്കൽപ്പത്തിൽ അരങ്ങേറ്റം കഴിഞ്ഞരംഗങ്ങളായിരുന്നു അവ. ശരീരത്തിനെയല്ലാതെ ഹൃദയത്തെ വിലയ്ക്കുവാങ്ങാൻ പണത്തിനെങ്ങനെ കഴിയും? ആ ശരീരമാണെങ്കിൽ ഹൃദയപ്രേരണകൾക്ക് വിധേയവും"[64] മനുഷ്യനിർമ്മിതമായ നിയമങ്ങൾ അവരുടെ ബന്ധത്തെ വിലക്കുന്നുണ്ടെങ്കിലും പ്രകൃതി അതിനെ അനുകൂലിക്കുന്നുണ്ടെന്നു വ്യഞ്ജിപ്പിച്ചു കൊണ്ടാണ് കഥാകാരി ആ സമാഗമരംഗത്തെ ആവിഷ്ക്കരിച്ചിരിക്കുന്നത്. സമുദായത്തിന്റെ

സദാചാരമൂല്യബോധത്തെ നിരാകരിച്ചും, ലോകത്തിനുമുൻപിൽ സ്വയം അപകീർത്തിപ്പെടുത്തിയും കമിതാവിന് സ്വയം സമർപ്പിച്ചികൊണ്ട് സർവ്വവും ത്യജിച്ച ഒരു ഉദാത്ത പ്രണയിനിയായി സരോജിനി കഥയിൽ വാഴ്ത്തപ്പെടുന്നു.

ഇതേ മട്ടിൽ കാമുകന് സ്വയം സമർപ്പിച്ചുകൊണ്ട് തീക്ഷ്ണമായി പ്രണയിക്കുന്ന പെണ്ണിന്റെ മനസ്സാണ് 'കീഴ്ജീവനക്കാരി' എന്ന കഥയിലും പ്രതിഫലിക്കുന്നത്. ദരിദ്രയും, നിരാലംബയുമായ പാറുക്കുട്ടിയുടെ ജീവിത്തിൽ സ്നേഹവും, വാത്സല്യവും കൊതിക്കുന്ന കൗമാരപ്രായത്തിൽ മൊട്ടിട്ട പ്രണയബന്ധമാണ് വക്കീലുമായുള്ളത്. ഒരു കൃഷ്ണാഷ്ടമി ദിവസം അവളിലെ പ്രണയിനിയെ തൊട്ടുണർത്തിയ കമിതാവിന്, അവൾ തന്റെ സർവ്വസ്വവും സമർപ്പിച്ചു. തനിക്ക് മധുരാനുഭവങ്ങൾ സമ്മാനിച്ചയാൾ, തന്നെ വിട്ടുപോയാലും ആ അനുഭവങ്ങളുടെ സ്മരണകളില്ലേ എക്കാലത്തും തന്നെ നിർവൃതികൊള്ളിക്കാൻ എന്ന് ചിന്തിച്ചുകൊണ്ട് അവൾ തന്റെ ഭാവി ജീവിത്തെ അതിൽ കെട്ടിയിടുകയാണ് ചെയ്തത്. അയാളുടെ കുഞ്ഞിനെ സ്വന്തം ജീവിതാംശമെന്നതിനേക്കാൾ മറ്റെന്തിന്റെയോ ഒക്കെ സ്മാരകമാണെന്നനിലയിലാണവൾ സ്നേഹിച്ചത്. പ്രണയത്തെ ഉപാസിച്ചുകൊണ്ട് പതിനെട്ടുകൃഷ്ണാഷ്ടമി നാളുകൾ കടന്നുപോയി. എന്നാൽ മറ്റൊരു കൃഷ്ണാഷ്ടമി നാളിൽ, അയാൾക്ക് ഒരു ദിവസത്തെ വിരുന്നായി തന്റെ മകളുടെ കന്യകാത്വം കവർന്നെടുക്കപ്പെടുമെന്ന ദുഃസ്ഥിതി വന്നുചേർന്നപ്പോൾ മാതൃത്വത്തിന്റെ മൃദുലഭാവം വെടിഞ്ഞ് അവൾ മകളെ കൊലപ്പെടുത്തി. പതിനെട്ടാം വയസ്സിൽ അപമാനഭീതിപോലുമില്ലാതെ ഒരിക്കൽ കമിതാവിന് ആത്മാർപ്പണപൂർവ്വം കീഴടങ്ങിയവളാണവൾ, എന്നിട്ടും മകളുടെ കാര്യത്തിൽ ഈ വിധം ക്രൂരയാവാൻ കാരണം അവൾ പ്രണയത്തെ ഉപാസിച്ച ഒരു പ്രണയിനി യായിരുന്നു എന്നതുകൊണ്ടാണ്. തന്റെയും, മകളുടെയും അവസ്ഥാഭേദത്തെക്കുറിച്ച് അവൾ ഇങ്ങനെ ചിന്തിക്കുന്നുണ്ട്: "അന്നുതന്റെ മുമ്പിൽ ഏറ്റവും ആനന്ദസുന്ദരമായ മനം മയക്കുന്ന ഒരു പുതിയ ലോകം അപ്രതീക്ഷിതമായി തുറക്കപ്പെട്ടു. വളരെ വേഗം ആ ലോകം അടച്ചുപൂട്ടി താക്കോലെടുത്തുകൊണ്ട് അതിന്റെ ഉടമസ്ഥൻ സ്വന്തം ജീവിതയാത്ര തുടർന്നുകളഞ്ഞു. പക്ഷേ, അന്നനുഭവിച്ചതൊന്നും ഇന്നും സ്മരണയിൽ നിന്നു മറഞ്ഞിട്ടില്ല. നേരേമറിച്ച് മകളുടെ സ്ഥിതിയോ? കാലത്തിന്റെ കാറ്റേറ്റ് ആറിപ്പോകുന്ന അപവാദത്തിന്റെ കാര്യം പോകട്ടെ. അന്നൊരുദിവസത്തേക്ക് മാത്രമായി ഏതോ ഒരാളിന്റെ – അയാൾ ചക്രവർത്തിതന്നെ ആയാൽ എന്ത്?– വിരുന്നാകാൻവേണ്ടി കന്യകാത്വം

നശിപ്പിക്കപ്പെടുക! അതിൽ സ്ത്രീത്വത്തെ സംതൃപ്തിപ്പെടുത്തുന്ന സ്മരണകളില്ല. ഹൃദയത്തെ അന്യചിന്തകളിൽനിന്നു പിടിച്ചുനിർത്തുന്ന സ്നേഹബന്ധമില്ല"[65].

അപമാനഭീരുതയില്ലാതെ സ്വന്തം ഇച്ഛയ്ക്കനുസരിച്ച് കാമുകനുമായി ശാരീരിക വേഴ്ചയിലേർപ്പെട്ട ഈ പ്രണയിനി സ്ത്രൈണരതിയുടെ സ്വതന്ത്രമായ ഇച്ഛാശക്തി യെയാണ് വെളിപ്പെടുത്തുന്നത്. എന്നാൽ പ്രേമത്തിലായാലും, ദാമ്പത്യത്തിലായാലും കന്യകാത്വം കവർന്നെടുക്കപ്പെടുമ്പോൾ സ്ത്രൈണരതിയുടെ മേൽ ആധിപത്യം പുലർത്തി ക്കൊണ്ട് പുരുഷൻ സ്ത്രീത്വത്തെത്തന്നെ അപഹസിക്കുകയും, വികലമാക്കുകയുമാണ് ചെയ്യുന്നത്.

ഭർതൃമതികളുടെ ദാമ്പത്യേതര ലൈംഗികബന്ധത്തെക്കുറിച്ചുള്ള രണ്ടുകഥകളാണ് 'വിവാഹവിദ്വേഷിയും', 'ഭർതൃത്വവും'. വിവാഹവിദ്വേഷിയിലെ നായിക ജാനകി, ഭർത്താവിന്റെ കൂട്ടുകാരനും, അവിവാഹിതനുമായ ഭാസ്കരൻനായരുമായി രഹസ്യബന്ധം പുലർത്തുന്നവളാണ്. ശുദ്ധഹൃദയനായ ഭർത്താവിനെ വഞ്ചിക്കുന്നതിൽ അവൾക്ക് കുറ്റബോധമുണ്ട്. പക്ഷേ ഭാസ്കരൻ നായരുടെ ശാരീരികസൗകുമാര്യത്തിന്റെ പ്രലോഭന ത്താൽ, അയാൾക്ക് മുൻപിൽ അവളെ സ്വയമർപ്പിക്കുകയാണ് ഉണ്ടായത്. ആ അർപ്പണ മനോഭാവം കൊണ്ടാണ് കഥാന്ത്യത്തിൽ അപമാനഭീതിപോലും കൈവിട്ടുകൊണ്ട്, കപടമാന്യതയുടെ മുഖമൂടിയണിയാതെ, അവൾക്ക് സ്വത്വാവബോധമുള്ള വ്യക്തിയായ് മാറാൻ സാധിച്ചത്. ജാരനിൽ ജനിച്ച കുഞ്ഞിന്റെ പിതൃത്വം ഭർത്താവിനുചാർത്തി ക്കൊടുക്കാൻ അവൾ തയ്യാറാവുന്നില്ല. "താൻ വേലചെയ്യുന്ന ചോറുവേണം ഈ കുഞ്ഞിനു തിന്നാൻ, വല്ലവരും പാടുപെടുന്നതനുഭവിക്കാൻ ഇവനെന്തവകാശം"[66] എന്ന് നെയ്ത്തുശാലയിൽ ജോലിതേടിയെത്തിയ അവൾ മാനേജരോട് ചോദിക്കുന്നു. യാഥാസ്ഥിക ജീവിതചുറ്റുപാടിൽ വളർന്നവളായിട്ടും, തന്റെ കുഞ്ഞിന്റെ പിതൃത്വം അവളെ അലട്ടുന്നില്ല. അവനെ ജാരസന്തതിയായിട്ടുതന്നെ വളർത്താൻ അവൾ തയ്യാറാവുന്നു. ദാമ്പത്യത്തിനുപുറത്ത് നൈമിഷികമായെങ്കിലും ലൈംഗികസംതൃപ്തി കണ്ടെത്തുന്ന ജാനകിക്ക് ഭർത്താവിനെ വഞ്ചിക്കുന്നതിൽ വേദനയുണ്ടെങ്കിലും ജാരസംസർഗ്ഗത്തിനുള്ള അവസരം അവൾ കണ്ടെത്തുന്നുണ്ട്. ആ തന്റേടമാണ് അയാളുടെ കുഞ്ഞിനെ പോറ്റിവളർത്താൻ അവളെ പ്രാപ്തയാക്കുന്നത്. നിലവിലുള്ള സദാചാരവ്യവസ്ഥയെ ലംഘിക്കുന്ന ജാനകി ലൈംഗികതയുടെ പാപബോധത്തെ സ്വയം കുടഞ്ഞെറിഞ്ഞവളാണ്.

വഞ്ചിതയോ, പീഡിതയോ, പാപിനിയോ ആയി സ്വയം കരുതി ആത്മനാശത്തിൽ ചെന്നു പതിപ്പിക്കാതെ, ഈ കഥാപാത്രത്തെ ആവിഷ്കരിച്ചതിലൂടെ സരസ്വതിയമ്മ സ്ത്രൈണ ലൈംഗികതയുടെ സ്വതന്ത്രാവിഷ്കാരമാണ് സാധ്യമാക്കുന്നത്.

വിവാഹശേഷവും കാമുകനുമായി ബന്ധം നിലനിർത്തുകയും, ഒടുവിൽ അയാളുടെ കുഞ്ഞിനെ പ്രസവിച്ച് മരണമടയുകയും ചെയ്ത കാമുകിയും ഭാര്യയുമായ വിമലയുടെ കഥയാണല്ലോ 'ഭർതൃത്വം'. മറ്റൊരാളെ പ്രണയിക്കുന്ന വിമലയും, വേറൊരു സ്ത്രീയുമായി അടുപ്പമുള്ള ബാലരാമമേനോനും പരസ്പരം വിവാഹിതരാവുന്നത് തങ്ങളുടെ അച്ഛനമ്മമാരെ തൃപ്തിപ്പെടുത്താൻ വേണ്ടി മാത്രമായിരുന്നു. എന്നാൽ ജീവിതപങ്കാളി എന്നനിലയിൽ വിമലയെ എന്നെങ്കിലും സ്വീകരിക്കണമെന്ന് മേനോൻ ആഗ്രഹിച്ചിരുന്നില്ല. പക്ഷേ 'നിസ്തുലമായ അവളുടെ സ്വഭാവഗുണം' കൊണ്ട് പൂർവ്വ പ്രേമഭാജനത്തെ മനസ്സിൽനിന്ന് അടർത്തിമാറ്റി അവളെ അവിടെ പ്രതിഷ്ഠിക്കാൻ അയാൾ തയ്യാറാവുന്നു. വിമലയാകട്ടെ, വിവാഹത്തിനുശേഷംകാമുകനോടുള്ള പ്രണയം മനസ്സിലൊതുക്കി ഭാര്യാധർമ്മം അനുഷ്ഠിച്ചു ജീവിക്കാമെന്നുകരുതിയെങ്കിലും ഒടുവിൽ കാമുകന്റെ കുഞ്ഞിനെ ഗർഭം ധരിച്ച് പ്രസവത്തോടെ മരിക്കാനിടയാവുന്നു. അവളുടെ മരണശേഷമാണ് ഭർത്താവ് കാര്യമെല്ലാം അറിയുന്നത്. വിമല തന്നെ വഞ്ചിച്ചതിൽ രോഷം കൊണ്ട ഭർത്താവിനോട് അവളനുഭവിച്ച ധർമ്മസങ്കടത്തെക്കുറിച്ച് കാമുകൻ വെളിപ്പെടുത്തുന്നു. വിവാഹത്തിലൂടെ താത്പര്യമില്ലാത്ത ഒരു പുരുഷനെ സ്വീകരിച്ചു കൊണ്ട് വലിയൊരുത്യാഗമാണ് വിമലചെയ്തതെന്ന് – അയാൾ പറഞ്ഞു. അവളുടെ വിവാഹം കഴിഞ്ഞതോടെ പ്രണയബന്ധം അവസാനിപ്പിക്കാമെന്ന് ഇരുവരും കരുതിയെങ്കിലും അവളുടെ ഭർത്താവടക്കം ആരും അതിനു സമ്മതിച്ചില്ലെന്ന് അയാൾ കുറ്റപ്പെടുത്തി – മേനോന്റെ ജോലിത്തിരക്കുകാരണം വിമലയെ നാട്ടിൽ കൊണ്ടുപോവുന്നതും, തിരിച്ച് ഭർത്താവിന്റെയടുക്കൽ എത്തിക്കുന്നതും എല്ലാം അവരുടെ കുടുംബസുഹൃത്തുകൂടിയായ കാമുകന്റെ ചുമതലയായി. ഇത്തരത്തിലുള്ള നിരന്തരമായ ഇടപെടലുകൾ പലതിനും സാഹചര്യമൊരുക്കി. ആ അനുകൂലസാഹചര്യത്തിൽ അവർക്കു പലപ്പോഴും കടുത്ത മനോനിയന്ത്രണം തന്നെ വേണ്ടിവന്നു. എന്നിട്ടും അവരുടെ തീവ്രമായ പ്രണയം എല്ലാവിലക്കുകളെയും ഭേദിച്ചു സ്വതന്ത്രമായി പ്രവഹിച്ചു.

ഭർത്തൃപരിചരണം കൊണ്ട് വിമലയ്ക്ക് ഭർത്താവിനെ പൂർവ്വപ്രണയത്തിൽനിന്നു പിന്തിരിപ്പിക്കാൻ കഴിഞ്ഞുവെങ്കിലും തന്റെ പൂർവ്വകാല പ്രണയബന്ധത്തിൽനിന്നു

വിമുക്തയാവാൻതക്കവണ്ണം ഭർത്തൃസ്നേഹം അവളിൽ ശക്തമായില്ല. ഭർത്തൃമതിയായ വിമല പ്രണയാധിഷ്ഠിതമായ ശാരീരികവേഴ്ച കാമുകനുമായി തുടർന്നതിനുകാരണം അവളുടെ വ്യക്തിത്വത്തിലലിഞ്ഞു ചേർന്ന തീവ്രമായ പ്രണയാഭിനിവേശം തന്നെയാണ്. വിമല എന്ന സ്ത്രീ യഥാർത്ഥത്തിൽ ജീവിച്ചതു ഭാര്യയെന്ന നിലയിലല്ല, കാമുകിയെന്ന നിലയിലായിരുന്നു.

സ്ത്രൈണലൈംഗികതയെ പലപ്പോഴും ഉദാത്തമായ പ്രണയത്തിന്റെ ആത്മസമർപ്പണമായിട്ടാണ് സരസ്വതിയമ്മ കഥയിൽ ആവിഷ്ക്കരിച്ചിരിക്കുന്നത് തന്നിമിത്തം സ്ത്രൈണരതി വിവാഹപൂർവ്വബന്ധമായോ, ദാമ്പത്യേതരബന്ധമായോ നായികമാർ വെച്ചുപുലർത്തുന്നതിനോട്, സദാചാര വ്യവസ്ഥയുടെ കടുത്ത വിരോധത്തെ അവഗണിച്ചുകൊണ്ടുതന്നെ കഥാകാരി തികഞ്ഞ അനുഭാവമാണ് പ്രകടിപ്പിക്കുന്നത്. എന്നാൽ വിവാഹപൂർവ്വബന്ധത്തിലും, ദാമ്പത്യേതരബന്ധത്തിലും പ്രകടമാകുന്ന പുരുഷലൈംഗികതയോട് അത്ര ഉദാരമായ നിലപാടല്ല അവർ വെച്ചുപുലർത്തുന്നത്. അതിനുള്ള കാരണം ആധിപത്യവ്യവസ്ഥിതിയുടെ ഇരട്ടത്താപ്പുനയത്തോടുള്ള പ്രതിഷേധമാണെന്നു കരുതാം. പുരുഷനു എങ്ങിനെ വേണമെങ്കിലും ജീവിക്കാൻ അനുവാദം നൽകുന്ന വ്യവസ്ഥിതിയിൽ ഭർത്താവിന്റെ പരസ്ത്രീബന്ധം പോലും സർവ്വംസഹയായ ഭാര്യ പൊറുക്കണമെന്ന സാമ്പ്രദായിക മൂല്യബോധത്തിന്റെ പിൻബലം, സ്ത്രൈണരതിയുടെ മേൽ എക്കാലത്തും കടുത്തനിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുകയാണ് ചെയ്യുന്നത്. സ്ത്രൈണലൈംഗികത നേരിടുന്ന പലവിധത്തിലുള്ള അസ്വാതന്ത്ര്യത്തെയും, പുരുഷലൈംഗികതയുടെ അതിരുകവിഞ്ഞുള്ള സ്വാതന്ത്ര്യത്തെയും കഥാകാരി ഒരുപോലെ എതിർക്കുന്നുണ്ട്; 'വൈവിധ്യംവേണ്ടേ?", 'പാവങ്ങൾ', 'പ്രേമഫലം', തുടങ്ങിയകഥകൾ പ്രേമം, വിവാഹം എന്നീ വ്യവസ്ഥാപിതബന്ധങ്ങളിൽ മേൽക്കൈ നേടിയെടുക്കുന്ന പുരുഷലൈംഗികതയെ എതിരിടുന്ന സ്ത്രൈണ വ്യക്തിത്വത്തെ അടയാളപ്പെടുത്തുന്നവയാണ്.

തന്നോട് വിശ്വസ്തത പുലർത്താതെ, 'ലവ്വ്' എന്ന് കൂടെക്കൂടെ സംബോധന ചെയ്യുന്ന ഭർത്താവിന്റെ കപടസ്നേഹത്തിൽ വീർപ്പുമുട്ടുന്നവളാണ് 'വൈവിധ്യംവേണ്ടേ?' എന്ന കഥയിലെ സുശീല. ഭർത്തൃസ്നേഹത്തിനായി കൊതിക്കുന്ന അവളുടെ അസംതൃപ്ത ദാമ്പത്യജീവിത്തിന്റെ ഒരു തെളിവുറ്റ ചിത്രം കഥയുടെ തുടക്കത്തിൽ തന്നെ അനാവരണം ചെയ്യപ്പെടുന്നുണ്ട്–

"മേശപ്പുറത്തു നിറഞ്ഞിരിക്കുന്ന മരുന്നുകുപ്പികളും, മടിയിൽ തുറന്നു വെച്ച പുസ്തകവും – നല്ല സുഖക്കേടുകാരിയുടെ ഛായ അവൾക്കുണ്ട്. മണിരണ്ടടിക്കാൻ പോകുന്നു. ഇനിയും ഭർത്താവ് വന്നിട്ടില്ല. തന്റെജീവിതത്തിന്റെ അസന്തുഷ്ടി ദുസ്സഹമായി അവൾക്ക് തോന്നി. നാട്ടിൽനിന്നും എത്രയോ അകലെ ബന്ധുജനങ്ങൾ ആരും അരികിലില്ലാതെ, സ്വന്തമെന്നുപറഞ്ഞു സ്നേഹിക്കാൻ ഒരു കൊച്ചുകുഞ്ഞുമാത്രമായി, ഭർത്താവിന്റെ ജോലിസ്ഥലത്ത് തളച്ചിട്ടുപോയ അവളുടെ ജീവിതം"[67] 'ലവ്വ് ഇനിയും–ഉറങ്ങിയിട്ടില്ലേ'? എന്നു ലോക്യം പറഞ്ഞുകൊണ്ട് പാതിരാത്രി എത്തുന്ന ഭർത്താവിനോട് തന്റെ ഏകാന്തതയിൽ ഏക ആശ്രയമായ പുസ്തകം വായിച്ച് വായിച്ച് കണ്ണെല്ലാം പൊടിയാറായി എന്ന് അവൾ നിരന്തരം പറയാറുണ്ട്. ഇതിൽ കൂടുതൽ അവളെന്തു പറയാനാണ്? ഭർത്തൃലാളനയ്ക്കുവേണ്ടി തന്റെ ചിത്തം നീറുകയാണെന്നു പച്ചയായി പറയാൻ അഭിമാനം അവളെ അനുവദിച്ചില്ല. ഭർത്താവ് തന്റെ സ്നേഹം നേടാൻ ശ്രമിക്കേണ്ടതിനുപകരം താൻ സ്നേഹാർത്ഥിനിയാവുകയോ എന്ന് അവൾ തന്നോട് തന്നെ പലവട്ടം ചോദിച്ചു. ഭർത്താവിന്റെ പരസ്ത്രീബന്ധത്തെക്കുറിച്ച് അവൾക്കറിയാം, പക്ഷേ അയാൾക്ക് അതിനും ഒരു ന്യായീകരണമുണ്ട്. സ്ഥിരമായി കഴിക്കുന്നതു ചോറാണെങ്കിലും, വല്ലപ്പോഴുമൊക്കെ ബോളിയോ, ജിലേബിയോ തിന്നാൻ തോന്നിപ്പോകാറില്ലേ? എങ്കിലും വാസ്തവത്തിൽ സ്ഥിരമായ ആദരവും സ്നേഹവും ചോറിനോട് മാത്രമല്ലേയുള്ളു. അതായത് സുസ്ഥിരസ്നേഹം ഭാര്യയോടുണ്ടായിരിക്കേ, വൈവിധ്യത്തിനായി മാത്രം വേറെ ചിലരോടും സ്നേഹബന്ധം വെച്ചുപുലർത്തുന്നതിൽ എന്ത് തെറ്റ് എന്നാണയാളുടെ വാദം. നിലനിൽക്കുന്ന സദാചാരവ്യവസ്ഥയിൽ ഇതൊക്കെ പുരുഷനാകാമെങ്കിലും സ്ത്രീക്ക് തീർത്തും നിഷിദ്ധമാണ്. ഇത്തരമൊരു മൂല്യബോധ്യത്തിലടിയുറച്ചുനിൽക്കുന്നതു കൊണ്ടാണ് സുന്ദരനായ ഒരു വഴിയാത്രക്കാരനെക്കുറിച്ച് അവൾ യാദൃച്ഛികമായി പരാമർശിച്ചപ്പോൾ അയാളുടെ ഭാവം മാറിയത്; നാട്ടിൽപോകാൻ ഭാര്യ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ, താനില്ലാതെ അവിടെ കഴിയുന്നതിൽ അവൾക്ക് വിഷമമുണ്ടാവില്ലേ എന്നയാൾ ചോദിക്കുന്നുണ്ട്. "വീട്ടിൽ പശു ഉള്ളവർ മാത്രമാണോ പാൽ കുടിക്കാറുള്ള തെന്ന് തിയോഫിൽ ഗാട്ടിയർ ഒരിടത്തു ചോദിച്ചിട്ടുണ്ട്"[68] എന്നവൾ തിരിച്ചടിച്ചപ്പോൾ അയാളുടെ ഭാവം മാറി. എങ്കിലും നീരസം പ്രകടിപ്പിക്കാതെ, നിശിതസ്വരത്തിൽ അയാൾ പറയുന്നു: "പക്ഷേ എന്റെ അഭിമാനം എന്റെ കൈയിലല്ല, ആ കൈകളിലാണെന്നോർമ്മ വേണം. ഞാനെന്തു ചെയ്താലും സാരമില്ല, ആണുങ്ങൾക്കെന്തിനും സ്വാതന്ത്ര്യമുണ്ട്.

ലവ്വ് എന്തെങ്കിലും പ്രവർത്തിച്ചാൽ എനിക്കാണു കൂടുതൽ അവമാനം എന്നു ഞനെപ്പോഴും പറയാറില്ലേ"?[69] – ദാമ്പത്യബന്ധത്തിന്റെ പരിശുദ്ധി നിലനിർത്തേണ്ടതു സ്ത്രീയുടെ മാത്രം കടമയാണെന്ന വ്യവസ്ഥാപിത സദാചാരബോധത്തിന്റെ കാപട്യം ധ്വനിക്കുന്ന ഈ വാക്കുകൾ സ്ത്രൈണരതിക്കു നേരേയുള്ള വ്യവസ്ഥിതിയിലെ കടുത്ത നിയന്ത്രണ ത്തെയാണ് സൂചിപ്പിക്കുന്നത്.

നാട്ടിലെത്തിയ സുശീലയ്ക്ക് അപ്രതീക്ഷിതമായി അവളുടെ പണ്ടത്തെ ഒരു കളിത്തോഴന്റെ ഒരെഴുത്തു കിട്ടുന്നു. തനിക്കു പതിനാലു വയസ്സുള്ളപ്പോൾ തന്നോട് പ്രേമാഭ്യർത്ഥന നടത്തിയ അവനെ അന്നത്തെ സങ്കൽപ്പത്തിനനുസരിച്ച് ഭർത്താവാക്കാൻ കൊള്ളാത്തവൻ എന്ന നിലയിൽ അവൾ തിരസ്കരിച്ചതായിരുന്നു. എന്നാൽ ഇന്ന് ഇരുപത്തഞ്ചുവയസ്സായ യുവതിക്ക്, അസംതൃപ്തയായ ഭാര്യയ്ക്ക്, മനസ്സിലാവുന്ന 'സ്ഥിതിവലിപ്പ്'മല്ല, സ്നേഹമാണ് സ്ത്രീയുടെ പ്രഥമാവശ്യമെന്ന്, ആ എഴുത്ത് അവളുടെ മനസ്സിനെ സംഘർഷഭരിതമാക്കുന്നുണ്ട്. സ്നേഹഭാവത്തിലുഴറുന്ന തന്റെ ഹൃദയത്തെ ഈ സ്നേഹധാരയിൽ ശീതളമാക്കിയാലെന്ത്? 'പരിശുദ്ധിയുടെ മരുഭൂമി'യേക്കാൾ, 'ചിത്തശാന്തിയുടെ മലിനജലധി'യല്ലേ കൂടുതൽ സ്വീകാര്യം? എന്നെല്ലാം അവൾ ചിന്തിച്ചു. ഭർത്തൃമതിയായ അവൾ സ്നേഹം തേടി കുടുംബത്തിന്റെ സ്വകാര്യതയിൽനിന്ന് പുറം ലോകത്തേക്ക് പറക്കാൻ മോഹിക്കുന്നു. ദാമ്പത്യത്തിനു പുറത്ത് താൽക്കാലികമെങ്കിലും സംതൃപ്തി നേടാനുദ്യമിക്കുന്ന സ്ത്രൈണ ലൈംഗികത വൈവാഹിക ചട്ടക്കൂട്ടിലൊതുങ്ങാത്ത പുരുഷ ലൈംഗികതയ്ക്ക് വെല്ലുവിളിയാവുകയും, പുരുഷനിർമ്മിതമായ സദാചാരവ്യവസ്ഥയെ ചോദ്യം ചെയ്യുകയും ചെയ്യുന്ന ഒരവസ്ഥ ഈ കഥയിൽ വെളിവാകുന്നുണ്ട്.

വിവാഹത്തിനുമുമ്പ് കാമുകനുമായുണ്ടായ ശാരീരികവേഴ്ചയിൽ കുറ്റബോധം തോന്നുന്നവളാണ് 'പാവങ്ങൾ' എന്ന കഥയിലെ നായികയായ സുമതി. കാമുകൻ അവളെ വഞ്ചിച്ച്, മറ്റൊരു യുവതിയെ വിവാഹം കഴിക്കുകയും ചെയ്തു. സ്ത്രീയുടെ പരിശുദ്ധി പുരുഷനു കേവലമൊരു വിനോദവസ്തുവാണോ എന്ന് അവൾ ആത്മനിന്ദയോടെ ചിന്തിച്ചു. കാമുകന്റെ സ്വാർഥം നിറഞ്ഞ വഞ്ചനയ്ക്ക് ഇരയായ തന്റെ വ്യക്തിത്വത്തെ ഇനിയും ദുർബലമാക്കാതെ ശക്തിപ്പെടുത്താൻ അവൾ ശ്രമിച്ചു. ഒരവസരം കിട്ടിയപ്പോൾ സ്ത്രൈണോചിതമല്ലാത്തവിധം അക്രമാസക്തയായി അവൾ വഞ്ചനയ്ക്കുപകരം വീട്ടുക തന്നെ ചെയ്തു.

'പ്രേമഫലം' എന്ന കഥയിലെ ഭാനുമതിയും തന്നെ വഞ്ചിച്ച കാമുകനെ കുത്തിക്കൊലപ്പെടുത്തി പകരം വീട്ടുകയാണല്ലോ ചെയ്യുന്നത്. കാമുകരുമായി രതിബന്ധത്തിലേർപ്പെട്ട ഈ രണ്ടു നായികമാരെയും കാമുകപ്രേമം ആദ്യം ദുർബലരാക്കി കീഴടക്കുകയാണുണ്ടായത്. എന്നാൽ പ്രേമവഞ്ചിതരായ അവർ സ്വത്വാവബോധമുള്ളവരും, പുരുഷാധിപത്യത്തെ ചെറുക്കാൻതക്ക ചങ്കൂറ്റമുള്ളവരുമായി മാറുകയായിരുന്നു. വിവാഹപൂർവ്വരതി ആപൽക്കരമാണെങ്കിലും മനസ്സ് പ്രണയാർദ്രമായിരിക്കുന്നിടത്തോളം സ്ത്രീ സഹിക്കു കയും, പൊറുക്കുകയും ചെയ്യും. എന്നാൽ പ്രണയവഞ്ചനയോട് സഹിക്കാനോ പൊറുക്കാനോ അവൾ തയ്യാറാവില്ല. അതുകൊണ്ടാണ് ലൈംഗികചൂഷണം നടത്തി വഞ്ചിച്ച കാമുകരെ കുത്താനും, കൊലപ്പെടുത്താനും തക്കവിധം കടുത്ത വൈരാഗ്യമായി സുമതിയുടെയും, ഭാനുമതിയുടെയും പ്രണയം രൂപം മാറുന്നത്. പക്ഷേ 'രമണി' എന്ന കഥയിലെ സുഷമയ്ക്ക് തന്നെ വഞ്ചിച്ചിട്ടും ബാബുവിനെ വെറുക്കാൻ കഴിയുന്നില്ല. എല്ലാം സഹിക്കാനും, പൊറുക്കാനും സജ്ജമായ ഒരു പ്രണയമനസ്സ് അവളിലുണ്ടായത് കൊണ്ടാണത്. സുഷമയെപ്പോലെ ആത്മാർപ്പണം ചെയ്തുകൊണ്ട് പ്രണയത്തെ ഉപാസിക്കുന്ന സരസ്വതിയമ്മയുടെ മറ്റ് സ്ത്രീകഥാപാത്രങ്ങളിൽനിന്ന് വ്യത്യസ്തരാണ് ഈ രണ്ടു പേരും. വിവാഹപൂർവ്വരതിബന്ധം പിൽക്കാലത്ത് ഇവരിൽ കുറ്റബോധമുളവാക്കിയപ്പോൾ, പ്രണയോപാസകരായ നായികമാർക്ക് അതു പ്രണയസാക്ഷാത്ക്കാരമായിട്ടാണ് അനുഭവപ്പെട്ടത്. ഈവിധം സ്ത്രൈണരതിയെ ഉദാത്തവൽക്കരിച്ചും, ചിലപ്പോൾ തരം താഴ്ത്തിയും സരസ്വതിയമ്മ കഥകളിൽ ആവിഷ്ക്കരിക്കുന്നത് പലപ്പോഴും സദാചാരമൂല്യബോധത്തെ ചോദ്യം ചെയ്തുകൊണ്ടാണ്.

സ്ത്രൈണലൈംഗികതയുടെ പ്രശ്നങ്ങളെ സങ്കീർണ്ണമാക്കുന്നത് നിലവിലുള്ള സദാചാരവ്യവസ്ഥയാണെന്ന യാഥാർത്ഥ്യത്തെ സരസ്വതിയമ്മയുടെ പല കഥകളും വെളിപ്പെടുത്തുന്നുണ്ട്. 'തെറ്റുംശരിയും', 'അമ്പിളി' എന്നീ കഥകളിലെ നായികമാരുടെ പ്രശ്നങ്ങൾക്കുകാരണം പരമ്പരാഗതമായ സദാചാരമൂല്യബോധമാണ്. ലൈംഗികാഭിലാഷം തൊട്ടുണർത്തപ്പെട്ട ഒരു വിധവയുടെ മാനസികസംഘർഷമാണ് 'തെറ്റുംശരിയും' എന്ന കഥ. പതിനഞ്ചുദിവസം മാത്രം നീണ്ടുനിന്ന ദാമ്പത്യജീവിതത്തിനൊടുവിൽ വിധവയും, ഒരു കുഞ്ഞിന്റെ അമ്മയുമാകേണ്ടിവന്ന വിജയത്തിന് ഭർത്തൃഗൃഹത്തിലെ ജീവിതം ഒരു പ്രശ്നമായിത്തീരുന്നത് പ്രഭാകരന്റെ വരവോടുകൂടിയാണ്. ഭർത്താവിന്റെ അനന്തരവനും,

കാഴ്ചയിൽ അയാളെപ്പോലെതന്നെയുള്ളവനുമായ പ്രഭാകരന്റെ വിവാഹാപേക്ഷയാണ് അവളുടെ മനസ്സിൽ തീവ്രമായ ഒരു സംഘർഷമുളവാക്കിയത്. അയാളെ ഒരു നീചനായ ശത്രുവായിക്കാണാനാണ് പരമ്പരാഗതമായ ധർമ്മബോധം അവളെ അനുശാസിച്ച തെങ്കിലും, രൂപത്തിൽ മാത്രമല്ല, ഭാവത്തിലും തന്റെ ഭർത്താവിനെ അയാളിൽ കണ്ട അവൾക്ക് അതിനു കഴിയുന്നില്ല. അതുകൊണ്ടുതന്നെ അയാളെ കാണാനിടയുള്ള അവസരങ്ങളിൽ നിന്നെല്ലാം അവൾ ഒഴിഞ്ഞു മാറിനിന്നു. പ്രകടമായി യാതൊരു ദൗർബല്യത്തിനും അവൾ കീഴടങ്ങിയിട്ടില്ല. പക്ഷേ, 'മനസ്സിന്റെ ഉലച്ചിൽപോലും സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഒരു ഭീമമായ പാപമല്ലേ'? എന്നു ചിന്തിക്കുന്ന, ദുർബല യായ അവൾക്കു നിലവിലുള്ള ആചാരമര്യാദകളെ അനുസരിക്കാനേ കഴിഞ്ഞുള്ളൂ. തെറ്റും ശരിയും വ്യവച്ഛേദിച്ചറിയാനാവാതെ, പരമ്പരാഗതമായ സദാചാരവ്യവസ്ഥ മനസ്സിൽ രൂഢമൂലമാക്കിയ പാപഭീതിക്കടിപ്പെട്ടുകൊണ്ട്, ദുർബലയായ അവൾക്ക് വിധിയുടെ നിർണ്ണയത്തിനൊത്ത് തുടർന്നും വിധവയായി ജീവിക്കാനേ സാധിച്ചുള്ളൂ.

വ്യവസ്ഥാപിതസമൂഹത്തിൽ ഒരു വിധവയുടെ ലൈംഗികത നേരിടുന്ന പ്രശ്നങ്ങൾ പ്രധാനമായും നിലവിലുള്ള സദാചാരവ്യവസ്ഥ അടിച്ചേൽപ്പിക്കുന്ന മൂല്യബോധമാണെന്ന് ഈ കഥ അടയാളപ്പെടുത്തുന്നു.

കഥാരചനയുടെ അവസാനഘട്ടത്തിൽ സരസ്വതിയമ്മ എഴുതിയ 'അമ്പിളി' (1951) എന്ന കഥയിൽ സ്ത്രൈണ ലൈംഗികത നേരിടുന്ന മറ്റൊരു പ്രശ്നമാണ് അവതരിപ്പിച്ചി രിക്കുന്നത്. പതിനൊന്നു വയസ്സുമാത്രം പ്രായമായ അമ്പിളിയുടെ ശരീരത്തിന് അവൾക്ക് പീഢനമാകത്തക്കവിധം വളർച്ചയുണ്ടായിരുന്നു. അതിനെക്കുറച്ച് അവൾ ബോധവതി യായിരുന്നുമില്ല. "പതിനെട്ടുവയസ്സിന്റെ വളർച്ചയുള്ള ശരീരം അഞ്ചുവയസ്സിന്റെ ചാപ ല്യമുള്ള മനസ്സും കൂടെ എങ്ങനെ ഒത്തുചേർന്നുപോവും"[70] എന്നു കഥയിലെ നായകൻ സ്വയം ചോദിക്കുന്നതിൽ വെളിവാകുന്നത് പെൺകുട്ടിയുടെ ശരീരവളർച്ചയും, ലൈംഗി കതയും സാമ്പ്രദായികജീവിത ചുറ്റുപാടിലെ സദാചാരസങ്കൽപ്പത്തിൽ തൊടുത്തുവിടുന്ന പ്രശ്നങ്ങളുമാണ്. സാമൂഹ്യവ്യവസ്ഥിതിയിൽ സദാചാരത്തിന്റെ കോട്ട കെട്ടിപ്പൊക്കി യിരിക്കുന്നത് സ്ത്രൈണലൈംഗികതയെ അടിസ്ഥാനപ്പെടുത്തിയാണ്. അതുകൊണ്ടു തന്നെ സ്ത്രീയുടെ ശരീരത്തിനേൽക്കുന്ന കളങ്കം കുടുംബത്തിന്റെയും, സമൂഹത്തിന്റെ യും, സദാചാരമൂല്യത്തെയാണ് ഉലയ്ക്കുന്നത്. അതിനാൽ വീട്ടിലും, നാട്ടിലും സ്ത്രീകർശ

നമായി നിയന്ത്രിക്കപ്പെടുന്നു. ഈ കഥയിലെ അമ്പിളി വീട്ടുകാരിൽനിന്നും ചുറ്റുപാടുകളിൽനിന്നും നേരിടുന്നതു അത്തരം നിയന്ത്രണങ്ങളാണ്. വീട്ടുതടങ്ങലിലിട്ടല്ലാതെ നിയന്ത്രിക്കാൻ വയ്യാത്തവിധം അവൾ മഹാഅധികപ്രസംഗിയായിരിക്കുന്നു എന്ന് അവളുടെ അമ്മ ഒരിക്കൽ കഥയിലെ നായകനോട് പറയുന്നുണ്ട്. അച്ഛന്റെ വകയായി, ആൺകുട്ടികളോട് മിണ്ടിപ്പോകരുതെന്ന നിരോധനാജ്ഞയും അവൾക്ക് കിട്ടിയിട്ടുണ്ട്. അവൾ മാനസികമായി യൗവനത്തിലെത്തുന്നതുവരേക്കും കാലവും, വ്യവസ്ഥാപിതസമൂഹവും അവളെ ശാരീരീകമായും, മാനസികമായും പീഡിപ്പിക്കതന്നെ ചെയ്യുമെന്നു അവളുടെ ഈ സ്ഥിതി കണ്ട നായകൻ ചിന്തിച്ച് പോവുന്നു. അവളുടെമേൽ പ്രകൃതി കാണിച്ച അതിക്രമം മനുഷ്യരും കാണിക്കുകയല്ലോ എന്നയാൾ വേദനയോടെ സ്വയം ചോദിച്ചു. ഒരു പെൺകുട്ടിയുടെ മാനസികാവസ്ഥയെ ഗൗനിക്കാതെ, അവളുടെ ശാരീരികവളർച്ചയെ മാനദണ്ഡമാക്കിക്കൊണ്ട് സ്ത്രൈണലൈംഗികതയെ നിർണ്ണയിക്കുന്ന പുരുഷാധിപത്യവ്യവസ്ഥയുടെ സദാചാരബോധത്തിനുമുന്നിൽ നിസ്സഹായനായി നിലകൊണ്ട് വിഷാദിക്കാൻ മാത്രമേ കഥാനായകന് കഴിയുന്നുള്ളൂ. 1958–ൽ എഴുതിയ അവസാന കഥയായ *ഉമ്മ*യിലും ദുർബലമായ വിധത്തിലാണെങ്കിലും ലൈംഗികതയുമായി ബന്ധപ്പെട്ട ഒരു പ്രശ്നം അവതരിപ്പിക്കുന്നുണ്ട്. വിടനും, വായ്നോക്കിയുമായ സഹപ്രവർത്തകന്റെ കാമം സ്ഫുരിക്കുന്ന നോട്ടവും, സംസാരവും കൊണ്ട് പൊറുതിമുട്ടി ജോലി രാജിവെച്ച് പോകുന്ന ദുർബ്ബലയായ ഒരു കഥാപാത്രത്തെ അവതരിപ്പിച്ചുകൊണ്ടാണിത്. സ്ത്രൈണലൈംഗികത വീട്ടിലും, പുറത്തും നേരിടുന്ന പ്രശ്നങ്ങളെ വിമർശനമോ, പ്രതിഷേധമോ പ്രകടിപ്പിക്കാതെ കഥയിൽ ആവിഷ്ക്കരിക്കുക മാത്രമാണ് കഥാകാരി ചെയ്തിരിക്കുന്നത്.

വ്യവസ്ഥാപിത ജീവിതത്തിന് നിരക്കാത്തതും, ആകസ്മികമായി സംഭവിച്ചതുമായ ശാരീരികവേഴ്ചകളെ സാഹചര്യങ്ങളുടെ സമ്മർദ്ദത്തിലകപ്പെട്ടുപോയ മനുഷ്യരുടെ നിസ്സഹായതയായി കരുതിക്കൊണ്ടുള്ള ഒരു മനോഭാവത്തെയാണ് 'സ്വപ്നമണ്ഡലം' എന്ന കഥ വെളിപ്പെടുത്തുന്നത്. അത്തരം സന്ദർഭങ്ങളിൽ അവരോട് അനുഭാവം പുലർത്തിക്കൊണ്ട് വിധിയേയും, ചിലപ്പോൾ ഈശ്വരനെത്തന്നെയും നിന്ദിക്കുകയാണ് കഥയിൽ ചെയ്തിരിക്കുന്നത്. പുത്രീതുല്യയായി വളർത്തിക്കൊണ്ടുവന്ന ഭാര്യയുടെ ചേച്ചിയുടെ മകൾ ഭാരതിയെ ഒരു സന്നിഗ്ധഘട്ടത്തിൽ ഭാര്യയായി സ്വീകരിക്കേണ്ടിവന്ന കഥയിലെ നായകൻ മോട്ടിയുടെ മാനസികസംഘർഷം അയാളുടെ കൂട്ടുകാരന്റെ സ്വപ്നത്തിലൂടെ അനുഭവപ്പെടുത്തുകയാണല്ലോ പ്രസ്തുതകഥയിൽ ചെയ്യുന്നത്. സ്വപ്നത്തിൽ പ്രത്യക്ഷ

നായ മോട്ടി തന്റെ മാനസികാവസ്ഥയെ ന്യായീകരിക്കുന്നു – "മനുഷ്യൻ മനസ്സാക്ഷിയെ വിഗണിച്ച് എന്തെങ്കിലും മഹാപാപം മനപ്പൂർവ്വം ചെയ്യുമെന്നു വിചാരിക്കരുത്. സന്ദർഭ ത്തിന്റെ ആനുകൂല്യത്തിൽ അവന്റെ കായികമോ, മാനസികമോ ആയ ദൗർബല്യങ്ങളെല്ലാം കൂടിച്ചേർത്ത് പ്രവൃത്തിരൂപത്തിലെത്തുന്നതാണ് മഹാപാതക കൃത്യം"[71]. മോട്ടിയുടെ വാക്കുകളെ ന്യായീകരിച്ചുകാണ്ട് സുഹൃത്ത് ചിന്തിക്കുന്നത് ഈ വിധമാണ്: "സന്ദർഭ ത്തിന്റെ സൗകര്യത്തിൽ ദുഷ്പ്രവൃത്തി ചെയ്യുന്നവർ ശിക്ഷാർഹരാണെങ്കിൽ ആ അനു കൂലസന്ദർഭത്തെ സർവ്വജ്ഞത്വമുണ്ടായിട്ടും സൃഷ്ടിച്ചുവിടുന്നയാൾ എന്തുമാത്രം ശിക്ഷാർഹനാണെന്ന ഒരു ചോദ്യം ഞാൻ പ്രഭാതത്തിൽ വിളറിവെളുത്ത താരങ്ങളോട് ചോദിച്ചുപോയി"[72].

മോട്ടി സ്വയം തന്റെ മാനസികാവസ്ഥയെ ന്യായീകരിക്കുകയും, ദൈവനിന്ദയാ ണെന്നറിഞ്ഞിട്ടും സുഹൃത്ത് മോട്ടിയെ അപരാധിയാക്കാതെ, ഈശ്വരനിൽ കുറ്റമാരോപി ക്കുകയും ചെയ്യുന്നതിലൂടെ വെളിവാകുന്നത് കഥാകാരിയുടെ സവിശേഷവും, സങ്കീർണ്ണ വുമായ മാനസികാവസ്ഥയെയാണ്. അത്തരമൊരു മനസ്സിന്റെ ഉടമയായതുകൊണ്ടാവാം വ്യവസ്ഥാപിത ജീവിത സങ്കൽപ്പങ്ങളോട് പൊരുത്തപ്പെടാനാവാതെ, കുതറിനിൽക്കുന്ന അവരുടെ വ്യക്തിത്വം അവസാനകാലംവരെയും പലരെയും അത്ഭുതപ്പെടുത്തിയത്. സര സ്വതിയമ്മയുടെ അയൽവാസിയായിരുന്ന പട്ടം ജി. രാമചന്ദ്രൻ നായർ ഒരഭിമുഖസംഭാ ഷണത്തിനായി അവരെ സമീപിച്ചപ്പോഴത്തെ അനുഭവത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്: "കഥാ സാഹിത്യരംഗത്തേക്കുള്ള കടന്നുവരവിനെക്കുറിച്ചുള്ള എന്റെ അന്വേഷണക്കൗതുകത്തിന് മറുപടിയായി അവർ എന്തോ പറയാൻ ഭാവിച്ചു. എന്നിട്ട് ഉറക്കെച്ചിരിച്ചു. കനത്ത ആഴ മുള്ള സ്വരത്തിൽ അവർ സംസാരിച്ചു തുടങ്ങുന്നതു പ്രതീക്ഷിച്ചു ഞാനിരുന്നു. പക്ഷേ കഥാരചനയെപ്പറ്റി ഒരക്ഷരം പറഞ്ഞില്ല. എന്റെ വീട്ടുകാരെപ്പറ്റി ചോദിച്ചു. കല്ല്യാണം കഴിച്ചിട്ടുണ്ടോ എന്നന്വേഷിച്ചു. പാടാനറിയുമോ എന്നും ചോദിച്ചു. തുടർന്ന് പരിസര ങ്ങളെ കോരിത്തരിപ്പിക്കുമാറ് ഉച്ചത്തിലുള്ള ചിരി. ഒരഭിമുഖസംഭാഷണത്തിനായി ചെല്ലു മ്പോൾ, ജീവിതത്തിലാദ്യമായി കണ്ടുമുട്ടുമ്പോൾ, പാടാനറിയുമോ, ഒന്നു പാടൂ എന്നാവ ശ്യപ്പെടുന്നത് സഹിക്കാം, പക്ഷേ ദുരൂഹമായ ആ ചിരി – ഇത്തരമൊരനുഭവം ആദ്യമായി ട്ടാണ്, എങ്കിലും ആ സാഹസികത, വിവേകപൂർവ്വമായ അഹങ്കാരം, എല്ലാം കണ്ട് അത്ഭുതം നിറഞ്ഞ ആദരവോടെ ഞാനിരുന്നു. സരസ്വതിയമ്മയുടെ വ്യക്തിജീവിതത്തിലേക്ക് ഇറ ങ്ങിച്ചെല്ലുവാൻ സഹായമാകുമെന്ന വിശ്വാസത്തോടെ, ആ സംഭാഷണരീതി പകർത്തു

കയാണിവിടെ"[73]. സരസ്വതിയമ്മയുടെ വിചിത്രമെന്നു വിശേഷിപ്പിക്കാവുന്ന ചില സ്വഭാവസവിശേഷതകളെക്കുറിച്ച് സ്വകാര്യസംഭാഷണത്തിലും അദ്ദേഹം പറയുകയുണ്ടായി. അപരിചിതരായ ചെറുപ്പക്കാരോട് ആദ്യസംഭാഷണത്തിൽ തന്നെ വിവാഹിതനാണോ, പാടാനറിയുമോ എന്നൊക്കെ യാതൊരു മടിയും കൂടാതെ അവർ ചോദിക്കുമായിരുന്നു. ഉറക്കെയുള്ള അവരുടെ പൊട്ടിച്ചിരി ആരെയും ഒന്നും സംഭ്രമിപ്പിക്കാതിരിക്കില്ലത്രേ, അക്കാലത്ത് ചെറുപ്പക്കാരായ പലരോടും ബഷീറിന്റെ *ശബ്ദങ്ങൾ* എന്ന നോവൽ വായിച്ചിട്ടുണ്ടോ എന്നും, അഭിപ്രായമെന്താണെന്നും അവർ ആരാഞ്ഞിട്ടുണ്ട്. മാത്രമല്ല, വായിക്കേണ്ട ഒരു പുസ്തകമാണതെന്ന അഭിപ്രായവും അവർക്കുണ്ടായിരുന്നുവത്രേ! [74] സ്വവർഗ്ഗരതിയെക്കുറിച്ച് തുറന്നെഴുതിയിട്ടുള്ള *ശബ്ദങ്ങൾ* അന്നേ കോളിളക്കം സൃഷ്ടിക്കുകയും, വിമർശകരുടെ പരസ്പരവിരുദ്ധമായ അഭിപ്രായത്തിനു വിധേയമാകുകയും ചെയ്തിരുന്നുവല്ലോ. പ്രസ്തുത പുസ്തകത്തെക്കുറിച്ച് പുതിയ തലമുറയിൽപ്പെട്ടവരുടെ അഭിപ്രായം അറിയാൻ സരസ്വതിയമ്മയ്ക്ക് പ്രത്യേകം താൽപര്യമുണ്ടായിരുന്നുവെന്ന് വ്യക്തം.

നിലവിലുള്ള സദാചാരസങ്കല്പത്തെ വെല്ലുവിളിച്ചുകൊണ്ട് സരസ്വതിയമ്മ എഴുതിയ *പ്രേമഭാജനം* എന്ന നോവലിനെ അക്കാലത്ത് പലരും വിമർശിച്ചിട്ടുള്ളതിനെ ആക്ഷേപിച്ചുകൊണ്ട് അവർതന്നെ പറഞ്ഞിട്ടുണ്ടല്ലോ. എന്നിട്ടും ഗുപ്തൻനായർക്കെഴുതിയ ഒരുകത്തിൽ പ്രസ്തുത നോവലിലെ നായികയായ ലൂയിസയെ അവർ തള്ളിപ്പറയുന്നു. യഥാർത്ഥത്തിൽ സരസ്വതിയമ്മയുടെ ഈ നിഷേധം അത്ര ആത്മാർത്ഥമായിട്ടുള്ളതാണോ എന്ന് സംശയിക്കാവുന്നതാണ്. കാരണം "ഇതു പുരോഗമന സാഹിത്യമാണെങ്കിൽ ഞാൻ മഹാത്മാഗാന്ധിയാണ്, ഇതു സാഹിത്യമാണെങ്കിൽ, ചേർത്തല പൂരപ്പാട്ട് ഭഗവദ്ഗീതയാണ്"[75] എന്നു *ശബ്ദങ്ങൾ*ക്കെതിരെ അക്കാലത്ത് കടുത്ത വിമർശനം തൊടുത്തു വിട്ട ഗുപ്തൻനായരുടെ സദാചാരബോധത്തെ സരസ്വതിയമ്മ അടുത്തറിയുന്നത്കൊണ്ടാവാം ആ പഴയ സുഹൃത്തിനുള്ള കത്തിൽ അങ്ങിനെ എഴുതിയത്. അഥവാ തന്റെ നോവലിന് പൊതുജനസമ്മതി ഒട്ടും കിട്ടാതെപോയതും ഒരു വീണ്ടുവിചാരം നടത്തി ഇത്തരമൊരു നിലപാട് സ്വീകരിക്കാൻ അവരെ പ്രേരിപ്പിച്ചു കാണുമോ?എന്തായാലും ലൂയിസയെ തള്ളിപ്പറയത്തക്ക ഒരു മനോഭാവം സരസ്വതിയമ്മയുടെ വ്യക്തിത്വത്തിന് യഥർത്ഥത്തിൽ ചേരുന്ന

തല്ല എന്നുതന്നെ പറയാം. പിൽക്കാലത്ത് *ശബ്ദങ്ങൾ* എന്ന നോവലിനെ സംബന്ധിച്ച് അവർ വെച്ചുപുലർത്തിയിരുന്ന നിലപാടും അവരുടെ യഥാർത്ഥ മനോഭാവം എന്തെന്നു വ്യക്തമാക്കുന്നുണ്ടല്ലോ. സമുദായസമ്മതി ലഭ്യമാവാത്ത ചില അടുപ്പങ്ങൾ, വേഴ്ചകൾ ഇവയോടുള്ള സരസ്വതിയമ്മയുടെ അബോധപൂർവ്വമായ അനുഭാവത്തിന്റെ പ്രതിഫലന മാവാം 'സ്വപ്നമണ്ഡലം' എന്ന കഥയുടെ രചനയിലും, അവരുടെ കഥകളിലെ ചില കഥാപാത്രങ്ങളുടെ ചിന്തയിലും, ചെറുപ്പക്കാരോട് ശബ്ദങ്ങളെക്കുറിച്ചുള്ള അഭിപ്രായ മാരായലിലും തെളിയുന്നത്.

1947 വരെയുള്ള സരസ്വതിയമ്മയുടെ കഥകളിൽ സദാചാരവ്യവസ്ഥയെ വെല്ലു വിളിച്ചുകൊണ്ടുതന്നെ സ്ത്രൈണലൈംഗികതയുടെ സ്വതന്ത്രമായ പ്രകടനം കാഴ്ചവെ ക്കുന്ന നായികമാരെ സുലഭമായിത്തന്നെ കാണാം. വിവാഹപൂർവ്വലൈംഗികബന്ധം കൊണ്ടും, ദാമ്പത്യേതരലൈംഗികബന്ധംകൊണ്ടും പ്രണയത്തെ ഉദാത്തമാക്കുന്ന പ്രണ യിനികളാണ് അവർ. എന്നാൽ 1950–നും 58–നും ഇടയിൽ എഴുതിയ 'തെറ്റുംശരിയും', 'അമ്പിളി', 'ഉമ്മ' എന്നീ കഥകളിൽ സദാചാരനിയമങ്ങൾ ലംഘിക്കാനാവാതെ പാപബോ ധത്തിലുഴറുന്ന സ്ത്രീയുടെ മാനസികസംഘർഷവും, സ്ത്രൈണലൈംഗികതയുടെ പീഡനഭാവങ്ങളും ആവിഷ്ക്കരിച്ചുകാണുന്നുണ്ട്. വ്യതിരിക്തമായ സ്ത്രൈണാവബോധം വെച്ചുപുലർത്താത്ത ഈ സ്ത്രീ കഥാപാത്രങ്ങളിൽ പ്രകടമാവുന്നത് പിൽക്കാലത്ത് സ്വത്വപ്രതിസന്ധി നേരിട്ട കഥാകാരിയുടെ ദുർബ്ബല മനസ്സിന്റെ വിഹ്വലതകളാവാം.

സരസ്വതിയമ്മയുടെ ചില കഥകളിൽ സ്ത്രീയുടെ സർവ്വസ്വവുമായ പ്രണയ ത്തിന്റെ അതിരില്ലാത്ത പ്രണയിക്കൽ ശാരീരികവേഴ്ചയായി കൊണ്ടാടപ്പെടുകയും, അങ്ങിനെ വ്യവസ്ഥാപിത സദാചാരബോധത്തെ ശല്യപ്പെടുത്തുകയും ചെയ്യുന്നു. എന്താ യാലും സ്ത്രൈണരതിയുടെ ഈ വിധമുള്ള സ്വതന്ത്രമായ ആവിഷ്കാരം ആ കാലഘട്ട ത്തിൽ തന്റെ കഥകളിൽ പ്രകടമാക്കിയ കഥാകാരിയുടെ അസാമാന്യമായ ധീരത അംഗീ കരിക്കപ്പെടേണ്ടതാണ്. പിൽക്കാലത്ത് മാധവിക്കുട്ടിയുടെ കഥകളിൽ കാണുന്ന സ്വത ന്ത്രവും ധീരവുമായ സ്ത്രൈണലൈംഗികതയുടെ ആവിഷ്ക്കാരത്തിന്റെ ഒരു ചെറിയ തുടക്കമായി ഇതിനെ പരിഗണിക്കാവുന്നതാണ്.

**അടിക്കുറിപ്പുകൾ**

1. ടി. എൻ. ജയചന്ദ്രൻ, 'ടി.എൻ. ജയചന്ദ്രൻ നടത്തിയ അഭിമുഖം', *'കെ. സരസ്വതിയമ്മയുടെ സമ്പൂർണ്ണ കൃതികൾ',* സമ്പാ. കെ. എസ്. രവികുമാർ, (ഡി.സി.ബുക്സ്, കോട്ടയം, 2001), പു. 1011–12.

2. ഗീത, 'പ്രണയത്തിന്റെ പെൺ പോരിമകൾ', *ദേവദൂതികൾ മാഞ്ഞുപോവത്,* സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം, 1999), പു. 147–8.

3. എം.കെ. ആർ, 'പ്രേമഭാജനം', *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 23,38 (ഡിസംബർ 2, 1945), പു.13.

4. ടി. എൻ. ജയചന്ദ്രൻ, 'മലയാളത്തിലെ വനിതാ നോവലിസ്റ്റുകൾ–ഒരു ആമുഖപഠനം', *ഭാഷാപോഷിണി,* 21,6 (നവംബർ 1997), പു. 48.

5. ഗീത, പ്രണയത്തിന്റെ പെൺ പോരിമകൾ', പു. 147.

6. കെ. സരസ്വതി അമ്മ, *കാറ്റിൽ പറക്കാത്ത കത്തുകൾ,* സമ്പാ. എസ് ഗുപ്തൻ നായർ, (ഡി.സി. ബുക്സ്, കോട്ടയം 1991) പു. 155,157,160.

7. ടി, പു. 157.

8. ഗീത, പ്രണയത്തിന്റെ പെൺ പോരിമകൾ', പു. 156.

9. കെ. സരസ്വതിയമ്മ, 'ഞാനൊരു ഭർത്താവായിരുന്നെങ്കിൽ', *കെ. സരസ്വതിയമ്മയുടെ സമ്പൂർണ്ണ കൃതികൾ',* സമ്പാ. കെ. എസ്. രവികുമാർ, (ഡി.സി.ബുക്സ്, കോട്ടയം, 2001), പു. 988.

10. എൻ. കെ. രവീന്ദ്രൻ, "സ്ത്രീവിമോചനത്തിന്റെ പ്രശനങ്ങൾ മലയാള സാഹിത്യത്തിൽ എഴുത്തുകാരികളുടെ സംഭാവനകൾ അടിസ്ഥാനമാക്കിയുള്ള പഠനം" (പിച്ച്.ഡി പ്രബന്ധം, കേരള സർവ്വകലാശാല, 1992), പു. 257.

11. ടി. എൻ. ജയചന്ദ്രൻ, 'ടി.എൻ. ജയചന്ദ്രൻ നടത്തിയ അഭിമുഖം', പു. 1014.

12. കെ. സരസ്വതിയമ്മ, 'രമണി', പു. 49.

13. ടി, പു. 51.

14. ടി, പു. 38.

15. കെ. സരസ്വതിയമ്മയുടെ ഡയറി, ജനുവരി 10, 1973.

16. ടി, മാർച്ച് 22–27, 1973.

17. കെ. സരസ്വതിയമ്മ, 'ഭാഗ്യവതി', പു. 117.

18. ടി, പു. 123.

19. കെ. സരസ്വതിയമ്മ, 'ശരച്ചന്ദ്രിക', പു. 177.

20. കെ. സരസ്വതിയമ്മയുടെ ഡയറി, മാർച്ച് 22–27, 1973.

21. കെ. സരസ്വതിയമ്മ, 'ശരച്ചന്ദ്രിക', പു. 181.

22. എസ്. ഗുപ്തൻ നായരുമായുള്ള അഭിമുഖ സംഭാഷണം, തിരുവനന്തപുരം, മെയ് 5, 2005.

23. ടി. എൻ. ജയചന്ദ്രൻ, 'ടി.എൻ. ജയചന്ദ്രൻ നടത്തിയ അഭിമുഖം', പു. 1012.

24. കെ. സരസ്വതിയമ്മ, 'ഒരേയൊരുരാത്രി', പു. 85.

25. കെ. സരസ്വതിയമ്മ, 'പ്രേമഭാജനം', പു. 900.

26. കെ. സരസ്വതിയമ്മ, 'ശരച്ചന്ദ്രിക', പു. 182.

27. കെ. സരസ്വതിയമ്മ, 'സ്ത്രീ ജന്മം', പു. 149.

28. ടി.

29. കെ. സരസ്വതിയമ്മ, 'വിശ്രമമുറിയിൽ', പു.808.

30. കെ. സരസ്വതിയമ്മ, 'അവരുടെ കഥയെഴുത്ത്', പു. 259.

31. കെ. സരസ്വതിയമ്മ, 'പിതൃദേഹം', പു.433.

32. കെ. സരസ്വതിയമ്മ, 'കനത്തമതിൽ', പു.682.

33. ടി, പു. 687.

34. ടി, പു. 691.

35. കെ. സരസ്വതിയമ്മ, 'ഡബിൾ ആക്ട്', പു. 341.

36. കെ. സരസ്വതിയമ്മ, 'പെൺ ബുദ്ധി', പു. 507.

37. ടി, പു. 508.

38. ടി, പു. 513.

39. കെ. സരസ്വതിയമ്മ, 'ചില ചിത്രങ്ങൾ', പു. 186.

40. ടി, പു. 187.

41. കെ. സരസ്വതിയമ്മ, 'പ്രേമധനം', പു. 280.

42. കെ. സരസ്വതിയമ്മ, 'കീഴ്ജീവനക്കാരി', പു. 297.

43. കെ. സരസ്വതിയമ്മ, 'മധുവിധു', പു. 110–111.

44. കെ. സരസ്വതിയമ്മ, 'പ്രേമഫലം', പു. 476.

45. ടി, പു. 484.

46. ടി, പു. 482.

47. ജെ. ദേവിക, 'കുലടയ്ക്കും കുലീനയ്ക്കുമപ്പുറം: ലിംഗഭേദവിചാരം സരസ്വതിയമ്മയുടെ കൃതികളിൽ', കെ. സരസ്വതിയമ്മയുടെ സമ്പൂർണ്ണ കൃതികൾ', സമ്പാ.–കെ. എസ്. രവികുമാർ, (ഡി.സി.ബുക്സ്, കോട്ടയം, 2001), പു. 1045.

48. കെ. സരസ്വതിയമ്മ, 'പ്രേമപരീക്ഷണം', പു. 539.

49. ടി, പു. 548.

50. കെ. സരസ്വതിയമ്മ, 'ചുവന്ന പൂക്കൾ', പു. 620.

51. കെ. സരസ്വതിയമ്മ, 'കർത്തവ്യത്തിന്റെ മുന്നിൽ', പു. 386.

52. "Thus humanity is male and man defines woman not in herself, but relative to them; she is not regarded as an autonomous being" Simon-de-Beauvoir, *The Second Sex*, (Harmond Sworth, Penguin, 1975), p.16.

53. കെ. സരസ്വതിയമ്മ, 'വിവാഹസമ്മാനം', പു. 377.

54. ടി.

55. കെ. സരസ്വതിയമ്മ, 'തറവാട്ടാചാരം', പു. 836.

56. കെ. സരസ്വതിയമ്മയുടെ ഡയറി, മാർച്ച് 22–27, 1973.

(ഈ ഡയറിക്കുറിപ്പുകൾ പൂർണ്ണമായി ഉദ്ധരിച്ചിട്ടില്ല)

57. Michel Foucault, *The History of sexuality-Vol-I* (Harmond Sworth, Penguin, 1984), p. 3.

58. ജെ. ദേവിക, 'കുലടയ്ക്കും കുലീനയ്ക്കുമപ്പുറം: ലിംഗഭേദവിചാരം സരസ്വതിയമ്മയുടെ കൃതികളിൽ', പു. 1053.

59. കെ. സരസ്വതിയമ്മ, 'രമണി', പു. 39.

60. "Men have found it possible to be passionate lovers at certain times in their lives, but there is not one of them who could be called a great lover" Simone-de-Beauvoir, *The Second Sex* (Harmond Sworth, Penguin, 1975) p. 652-653.

61. കെ. സരസ്വതിയമ്മ, 'ശരച്ചന്ദ്രിക', പു. 177.

62. ടി, പു. 179.

63. ടി.

64. കെ. സരസ്വതിയമ്മ, 'മധുവിധു', പു. 110–111.

65. കെ. സരസ്വതിയമ്മ, 'കീഴ്ജീവനക്കാരി', പു. 297.

66. കെ. സരസ്വതിയമ്മ, 'വിവാഹവിദ്വേഷി', പു. 62.

67. കെ. സരസ്വതിയമ്മ, 'വൈവിധ്യം വേണ്ടേ?', പു. 775.

68. ടി, പു.778.

69. ടി.

70. കെ. സരസ്വതിയമ്മ, 'അമ്പിളി', പു. 818.

71. കെ. സരസ്വതിയമ്മ, 'സ്വപ്നമണ്ഡലം', പു. 99.

72. ടി, പു. 100.

73. പട്ടം ജി. രാമചന്ദ്രൻ നായർ, 'കെ. സരസ്വതിയമ്മ–സാഹിത്യത്തിലും ജീവിതത്തിലും', *സർവീസ്* (നായർ സർവീസ് സൊസൈറ്റിയുടെ മുഖപത്രം, നവംബർ 15, 2006), പു. 18.

74. പട്ടം ജി. രാമചന്ദ്രൻ നായരുമായുള്ള അഭിമുഖസംഭാഷണം, തിരുവനന്തപുരം, ജൂൺ 4, 2005.

75. എസ്. ഗുപ്തൻ നായർ, 'ശബ്ദങ്ങൾ' (നിരൂപണം), *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 25,44 (ജനുവരി 18, 1949), പു. 15.

അദ്ധ്യായം അഞ്ച്

# സൗഹൃദം

# സൗഹൃദം

സൗഹൃദത്തിന്റെ വിഭിന്നഭാവതലങ്ങൾ ഉന്മീലനം ചെയ്യുന്ന നിരവധി ജീവിതസന്ദർഭങ്ങൾ സരസ്വതിയമ്മ തന്റെ കഥകളിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. എഴുത്തുകാരുടെ ആത്മാംശമുള്ള കഥാപാത്രങ്ങൾ കൃതികളിൽ കടന്നുവരിക സാധാരണമാണല്ലോ. സരസ്വതിയമ്മയെ സംബന്ധിച്ചിടത്തോളം ഇക്കാര്യം അവർ തുറന്നുസമ്മതിച്ചിട്ടുമുണ്ട്. തന്റെ കഥകളിൽ ആവർത്തിച്ചുവരുന്ന 'ശാന്തി' എന്ന കഥാപാത്രം തന്റെ lighter side-ന്റെ പ്രതിനിധിയാണെന്നും serious side-ന്റെ പ്രതിനിധി കഥകളിൽ ഇല്ലെന്നുതന്നെ പറയാം എന്നും അവർ വ്യക്തമാക്കിയിട്ടുണ്ട്. അവിവാഹിതയും സ്വതന്ത്രചിന്താഗതിക്കാരിയുമായ 'ശാന്തി' എന്ന കഥാപാത്രം ശക്തവും വ്യതിരിക്തവുമായ സ്ത്രൈണാവബോധം വെച്ചുപുലർത്തുന്നവളാണ്. നായികയായിട്ടൊരിക്കലും അവൾ കഥകളിൽ പ്രത്യക്ഷപ്പെടുന്നില്ല. കഥയിലെ നായികയുടെ സുഹൃത്തായിട്ടു മാത്രമാണ് പ്രത്യക്ഷപ്പെടുന്നത്. കഥാകാരിയുടെ മേൽപ്പറഞ്ഞ പ്രസ്താവനയും, ശാന്തി എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതയും ചേർത്തുവെച്ചുനോക്കുമ്പോൾ അവരിലെ സൗഹൃദഭാവത്തിന്റെ മൂർത്തിമദ്ഭാവമാണ് ശാന്തി എന്നു മനസ്സിലാക്കാം. തീവ്രമായ സൗഹൃദഭാവം സരസ്വതിയമ്മയുടെ വ്യക്തിത്വത്തിലലിഞ്ഞു ചേർന്നിട്ടുണ്ട്. കലഹം നിറഞ്ഞ ഗൃഹാന്തരീക്ഷത്തിൽ വളർന്നതുകൊണ്ടുകൂടിയാകാം അവർ പുറംലോകത്ത് സൗഹൃദബന്ധങ്ങൾ സ്ഥാപിച്ചെടുക്കാൻ താൽപര്യപ്പെട്ടിരുന്നത്. സ്ത്രീപുരുഷഭേദമെന്യേ എല്ലാവരിലും സൗഹൃദം ചൊരിയുന്ന അവരുടെ സ്വഭാവത്തെക്കുറിച്ച് സംഭാഷണത്തിനിടയിൽ രാജലക്ഷ്മി സൂചിപ്പിക്കുകയുണ്ടായി. ഭർത്താവും മക്കളുമൊന്നുമില്ലാതിരുന്ന സരസ്വതിയമ്മയ്ക്കു ഗാർഹികചുമതലകളിൽനിന്നൊഴിഞ്ഞ് നില്ക്കാനും സൗഹൃദബന്ധങ്ങൾ നിലനിർത്താൻ മുൻകയ്യെടുക്കാനും പഴയകാര്യങ്ങളൊക്കെ ഓർത്തുവെയ്ക്കാനും കഴിഞ്ഞിരുന്നുവത്രേ[1]. മുപ്പത്തിരണ്ടു വർഷത്തിനുശേഷവും തന്റെ ഒരു പഴയ സൗഹൃദത്തെക്കുറിച്ച് ടി.എൻ. ജയചന്ദ്രനോടുള്ള അഭിമുഖത്തിൽ ഓർത്തുപറയാൻ സരസ്വതിയമ്മയ്ക്കു സാധിച്ചതു മറ്റു തരത്തിലുള്ള കെട്ടുപാടുകളില്ലാത്ത സ്വതന്ത്രജീവിതം നയിച്ചിരുന്നതുകൊണ്ടു കൂടിയാവാം.

ജീവിതത്തിന്റെ നല്ലൊരു ഭാഗം മറ്റുള്ളവരുമായി സൗഹൃദം പങ്കിട്ടു ജീവിച്ചതു കൊണ്ടാവാം ഈ കഥാകാരിയുടെ ആത്മാംശം ഉൾക്കൊള്ളുന്ന ശാന്തിയുടെ സാന്നിദ്ധ്യം കഥകളിൽ 'സുഹൃത്തായി' മാത്രം നിലനില്ക്കുന്നത്. നായികാകഥാപാത്രങ്ങളുടെ കൂട്ടു കാരിയായി വരുന്ന ശാന്തി തന്റെ നൂതനചിന്താഗതികൾ അവർക്കിടയിൽ പ്രകടിപ്പിക്കുക യും, അവരിൽ സ്വാധീനമുളവാക്കുകയും ചെയ്യുന്നുണ്ട്. തനിക്ക് ഈ ലോകത്തോട് പറ യാനുള്ള കാര്യങ്ങളാണ് കഥാകാരി ശാന്തിയിലൂടെ വെളിപ്പെടുത്തുന്നതെന്നു കാണാം. 'രമണി', 'വിശ്രമമുറിയിൽ', 'സ്ത്രീജന്മം', 'അവിവാഹിതന്റെ അശ്രുക്കൾ', 'വിവാഹസ മ്മാനം', 'കുടിശ്ശികയും കൂട്ടി' എന്നീ ആറുകഥകളിലാണ് ശാന്തി എന്ന കഥാപാത്രം ആവർത്തിച്ചുവരുന്നത്. ശാന്തിയുടെ വ്യക്തിത്വവുമായി ഇണങ്ങിപ്പോകുന്ന മറ്റ് ചില കഥാ പാത്രങ്ങളെയും സരസ്വതിയമ്മ അവതരിപ്പിച്ചിട്ടുണ്ട്. നായികമാരായും മറ്റു കഥാപാത്ര ങ്ങളായും അവർ കഥകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. 'ഡബിൾ ആക്ടി'ലെ നായിക സീത യും, 'സ്വാതന്ത്ര്യവാദക്കാരി', 'പെൺബുദ്ധി' എന്നീ കഥകളിലെ നായികയായി വരുന്ന വിലാസിനിയും, 'ഒരുക്കത്തിന്റെ ഒടുവിൽ' എന്ന കഥയിലെ ഒരു കഥാപാത്രമായ 'ശാരദ'യും കഥാകാരിയുടെ 'lighter side'ന്റെ പ്രതിച്ഛായകളാണെന്നു പറയാം.

### സൗഹൃദവും കൗമാരപ്രായവും

സാഹിത്യകൃതികളെ തൻകർത്താക്കളുടെ ജീവചരിത്രപശ്ചാത്തലത്തിൽ പഠിക്കാൻ ശ്രമിക്കുമ്പോൾ അവരുടെ കൗമാരയൗവ്വനകാലഘട്ടങ്ങളിലെ സൗഹൃദബന്ധങ്ങൾക്ക് അതിൽ നിർണ്ണായകമായ പങ്കുണ്ടെന്ന് മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. ജീവിതത്തോടുള്ള പ്രതികരണം ഏറ്റവും കൂടുതൽ വൈകാരികമായി പ്രകടിപ്പിക്കുന്ന കാലമാണത്. സ്നേഹി ക്കാനും, സ്നേഹിക്കപ്പെടാനുമുള്ള ആവേശം മുറ്റിനില്ക്കുന്ന മനസ്സ് പലപ്പോഴും പ്രലോ ഭനങ്ങൾക്കു വശംവദമാവുന്നു. അതുകൊണ്ടുതന്നെ ആ പ്രായത്തിലുണ്ടാവുന്ന സൗഹൃ ദബന്ധത്തിനു സ്വകാര്യജീവിതത്തിൽ വളരെയേറെ സ്വാധീനം ചെലുത്താൻ കഴിയും. സരസ്വതിയമ്മയുടെ കൗമാരകാലത്ത് അവരെ ഏറെ സ്വാധീനിച്ച ഒരു സൗഹൃദബന്ധമാ യിരുന്നു ശാരി എന്ന പ്രഭുകുമാരിയുമായി അവർക്കുണ്ടായിരുന്നത്. അല്പംകാലം മാത്രമേ ആ ബന്ധം നീണ്ടുനിന്നുള്ളൂ. ആ ബന്ധത്തിനൊടുവിൽ ശാരി സരസ്വതിയമ്മയുടെ ജീവിതത്തിൽനിന്നും പാടേ വിട്ടുപോയെന്നു തോന്നുന്നു. ആ കാലഘട്ടത്തിൽത്തന്നെ അവർക്കുണ്ടായിരുന്ന മറ്റൊരു കൂട്ടുകാരിയായ രാജലക്ഷ്മിയെക്കുറിച്ച് അഭിമുഖത്തിൽ

പറയുന്നുണ്ടല്ലോ; രാജലക്ഷ്മിയും, ശാരിയെപ്പോലെ ഒരു സമ്പന്ന കുടുംബത്തിലെ അംഗ മായിരുന്നു; ഒരുയർന്ന സർക്കാർ ഉദ്യോഗസ്ഥന്റെ മകളായിരുന്നു അവർ. സാമ്പത്തിക പരാധീനതയനുഭവിക്കുന്ന ഒരു കുടുംബത്തിലെ അംഗമായിരുന്ന സരസ്വതിയമ്മയാകട്ടെ പാർവ്വത്യക്കാരനായ ഒരച്ഛന്റെ മകളായിരുന്നു. ഈ അന്തരത്തെക്കുറിച്ച് രാജലക്ഷ്മി തന്നെ പരാമർശിക്കുന്നുണ്ട്. രണ്ടുപേരുടെയും കുടുംബങ്ങൾ തമ്മിൽ സാമൂഹികമായും, സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെയേറെ അന്തരം പുലർത്തിയിരുന്നു. പക്ഷേ കോളേജിൽ പഠിക്കുന്ന കാലത്ത് ഈ വ്യത്യാസമൊന്നും പരിഗണിക്കാതെ അവർ നല്ല സുഹൃദ്ബന്ധം പുലർത്തിപ്പോന്നു. എന്നാൽ അന്നേ സരസ്വതിയമ്മയ്ക്കു സമൂഹ ത്തിൽ ഉയർന്നനിലയിൽ എത്തണമെന്ന മോഹം ശക്തമായി ഉണ്ടായിരുന്നുവത്രേ[2]. അതു കൊണ്ടാകാം സമുന്നതരായ വ്യക്തികളുമായി സൗഹൃദബന്ധം സ്ഥാപിക്കാൻ അവർക്കു പ്രത്യേക താൽപ്പര്യം ഉണ്ടായിരുന്നതായി രാജലക്ഷ്മി അഭിപ്രായപ്പെട്ടു.

രാജലക്ഷ്മിയുമായുള്ള സരസ്വതിയമ്മയുടെ സൗഹൃദബന്ധം അവസാനകാലം വരെ നിലനിന്നിരുന്നു. 'പ്രാണസഖി' എന്നാണവർ പരസ്പരം സംബോധന ചെയ്തിരു ന്നത്. കോളേജിൽ സരസ്വതിയമ്മയേക്കാൾ ഒരു വർഷം സീനിയറായിരുന്നു രാജല ക്ഷ്മി. 1938–ൽ വിവാഹിതയായ അവർ പിന്നീട് ഭർത്താവുമൊത്ത് കേരളത്തിനു പുറ ത്തായിരുന്നു ഏറെക്കാലം ജീവിച്ചത്. എങ്കിലും നാട്ടിൽ വരുമ്പോഴെല്ലാം സരസ്വതിയമ്മ അവരുടെ വീട്ടിൽവന്നു താമസിക്കുമായിരുന്നു. പലപ്പോഴും സുകുവിനെയും കൂട്ടിയാ യിരുന്നു അവർ വീട്ടിൽ വന്നിരുന്നതെന്ന് രാജലക്ഷ്മി ഓർമ്മിക്കുന്നുണ്ട്. അവരും രാജ ലക്ഷ്മിയമ്മയുമായി നീണ്ടകാലം കത്തിടപാടുകൾ നടത്തിയിരുന്നു. ആ കത്തുകളെല്ലാം അവർ ഇപ്പോൾ കത്തിച്ചുകളഞ്ഞിരിക്കുന്നു. വായിച്ചയുടൻ നശിപ്പിച്ചുകളയണമെന്നാ വശ്യപ്പെട്ടുകൊണ്ടായിരുന്നു സരസ്വതിയമ്മ കത്തുകൾ അയച്ചിരുന്നത്. പക്ഷേ, വീണ്ടും എടുത്തുവായിക്കാനുള്ള താത്പര്യം നിമിത്തമായും, നശിപ്പിക്കാൻ തോന്നാത്തതുകൊണ്ടും കുറച്ചുകാലം ആ കത്തുകൾ സൂക്ഷിച്ചുവെച്ചു. പിന്നീട് ഒരു ഓപ്പറേഷനു തയ്യാറെടുപ്പു നടത്തുന്നതിനിടയിൽ ആ എഴുത്തുകളുടെ സ്വകാര്യത നഷ്ടപ്പെട്ടേക്കുമെന്നു കരുതിയാണ് അവ നശിപ്പിച്ചു കളഞ്ഞത്. എന്തായാലും ഈ കൂട്ടുകാരികൾ തമ്മിൽ ഉള്ളം പങ്കുവെ യ്ക്കുന്ന തരത്തിലുള്ള ഒരടുപ്പം ഉണ്ടായിരുന്നുവെന്ന് വ്യക്തം. നശിപ്പിച്ചുകളഞ്ഞ എഴുത്തുകളിൽ ചില പ്രമുഖ വ്യക്തികൾ അവരെ വേദനിപ്പിച്ചതിന്റെ സൂചനകൾ ഉൾക്കൊ ള്ളുന്നതായും രാജലക്ഷ്മി ഓർക്കുന്നുണ്ട്, അവരുടെ സൗഹൃദബന്ധത്തെക്കുറിച്ചുള്ള

ഒരനുഭവക്കുറിപ്പ് ലക്ഷ്മികുമാരി രേഖപ്പെടുത്തിയിട്ടുണ്ട്: “വിവാഹാനന്തരം ഉത്തരേന്ത്യൻ നഗരങ്ങളിൽ പോകേണ്ടിവന്ന രാജലക്ഷ്മിയുമായുള്ള സൗഹൃദം കത്തുകളിലൂടെ തുടർന്നു. 1958–ൽ ന്യൂഡൽഹിയിൽ നടന്ന റൈറ്റേഴ്സ് കോൺഫറൻസിൽ സംബന്ധി ക്കാനെത്തിയ സരസ്വതിയമ്മ ഏതാണ്ട് ഒരു മാസത്തോളം രാജലക്ഷ്മിയോടൊപ്പം താമ സിച്ചു. ഭർത്താവിന്റെ റിട്ടയർമെന്റിനുശേഷം തിരുവനന്തപുരത്തേക്കു മടങ്ങിയ രാജല ക്ഷ്മിയുടെ ഏറ്റവും വലിയ മോഹങ്ങളിലൊന്നായിരുന്നു പഴയ സൗഹൃദം തുടരുന്നത്. ഒറ്റയ്ക്കു പാൽക്കുളങ്ങരയിൽ താമസിക്കുന്ന സരസ്വതി അമ്മയെ രാജലക്ഷ്മി മണക്കാ ടുള്ള തന്റെ കുടുംബവീട്ടിലേക്കു ക്ഷണിച്ചു. മുകളിലത്തെ നിലയിൽ താമസിക്കാൻ നിർബന്ധിച്ചു. ക്ഷണം സ്വീകരിച്ചെത്തിയ സരസ്വതി അമ്മ പിറ്റേദിവസംതന്നെ പാൽക്കു ളങ്ങരയിലേക്കു മടങ്ങി. അപ്പൂപ്പൻകോവിലിലേക്കു (ശ്രീകൃഷ്ണ ക്ഷേത്രം) പതിവായി പോകാൻ വേണ്ടിയെന്നാണ് പറഞ്ഞത്. ‘ജോലിക്കാരിയുടെ കുത്തിത്തിരുപ്പും കണ്ടേക്കാം’ രാജലക്ഷ്മി പറഞ്ഞു[3]. എഴുത്തിന്റെ ലോകം വിട്ട സരസ്വതിയമ്മയെ എഴുതാൻ രാജലക്ഷ്മി പിന്നെയും പ്രേരിപ്പിച്ചിരുന്നു. കൈക്ക് വേദനയുണ്ടെന്നു പറഞ്ഞ് അവർ ഒഴിഞ്ഞുമാറിയ പ്പോൾ പറഞ്ഞുതന്നാൽ താൻ എഴുതിയേക്കാമെന്നു പറഞ്ഞുനോക്കിയിട്ടും എഴുത്തി ലേക്കു തിരിച്ചുവരാൻ സരസ്വതിയമ്മ തയ്യാറായില്ല. അവസാനകാലമായപ്പോഴേക്കും സൗഹൃദത്തിന്റെ ആർദ്രതപോലും നഷ്ടപ്പെട്ട് മനസ്സ് ഊഷരവും, അശാന്തവുമായപ്പോൾ, സൗഹൃദം കൊതിച്ചെത്തിയ രാജലക്ഷ്മിയിൽനിന്നുപോലും സരസ്വതിയമ്മ സ്വയം അക ലാൻ ശ്രമിക്കുകയായിരുന്നു. ‘പ്രാണസഖി’ യെക്കുറിച്ച് ഈയൊരു ഖേദം തന്റെയു ള്ളിൽ നനവാർന്ന ഓർമ്മയായി ഇന്നും അവശേഷിക്കുന്നുണ്ടെന്ന് രാജലക്ഷ്മി പറയുക യുണ്ടായി.

‘അവിവാഹിതന്റെ അശ്രുക്കൾ’ എന്ന കഥയിൽ സൂചിപ്പിക്കുന്ന ആ പേരിലറിയ പ്പെടുന്ന ചെടി അടുത്തകാലം വരെ രാജലക്ഷ്മിയുടെ വീട്ടുമുറ്റത്തുണ്ടായിരുന്നുവത്രേ. ആ കഥയിലെ ആനന്ദലക്ഷ്മിയിലും ശാന്തിയിലും തങ്ങളുടെ ജീവിതാനുഭവങ്ങളുടെ ഹൃദയത്തുടിപ്പുകളുണ്ടെന്നു രാജലക്ഷ്മി സംഭാഷണത്തിൽ സൂചിപ്പിക്കുകയുണ്ടായി. ‘രമണി’ എന്ന കഥയിലെ ശാന്തി യഥാർത്ഥത്തിൽ സരസ്വതിയമ്മ തന്നെയാണെന്നും, സുഷമയുടെ ജീവിതത്തിലെ ചില സംഭവങ്ങൾ മുൻപ് സൂചിപ്പിച്ച ശാരിയുടെ ജീവിത

വുമായി ബന്ധപ്പെട്ടവയാണെന്നും വ്യക്തമാക്കുന്നുണ്ട്. കഥയിൽ അവിഹിതഗർഭിണിയായ സുഷമ ഒരു കുഞ്ഞിനെ പ്രസവിക്കുകയും, സമൂഹത്തിന്റെ മുന്നിൽ തന്റെ അമ്മ പ്രസവിച്ച കുഞ്ഞായി അതിനെ വളർത്തുകയും ചെയ്തതായി പറയുന്നുണ്ടല്ലോ. ശാരിയുടെ ജീവിതത്തിൽ ഇത്തരമൊരു സംഭവം നടക്കുന്നത് മറ്റൊരു വിധത്തിലാണെന്നു മാത്രം. ഹ്രസ്വമായ ദാമ്പത്യജീവിതത്തിനുശേഷം ആദ്യഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട, ഗർഭിണിയായ ശാരി പ്രസവിച്ച കുട്ടിയെ അവളുടെ അമ്മ വളർത്തുകയും, മദിരാശിയിൽപോയി തുടർന്നു പഠിക്കുകയും ചെയ്തു. കുഞ്ഞിനെ അമ്മയല്ല, അമ്മയുടെ അമ്മയാണ് വളർത്തുന്നത് എന്നതിനപ്പുറം കഥാഗതിയും, ശാരിയുടെ ജീവിതവും തമ്മിൽ യാതൊരു ബന്ധവുമില്ല. എങ്കിലും സുഷമ എന്ന കഥാപാത്രത്തിന്റെ സൃഷ്ടിയിൽ താൻ മനസ്സിൽ പ്രതിഷ്ഠിച്ച ചൈതന്യരൂപം ശാരിയുടേതായിരുന്നുവെന്ന് സരസ്വതിയമ്മ രാജലക്ഷ്മിയോട് പറഞ്ഞിട്ടുണ്ടത്രേ[4].

'രമണി' എന്ന കഥയിൽ സുഷമ–ശാന്തിമാരുടെ സൗഹൃദബന്ധം ഇതിവൃത്തവുമായി ബന്ധപ്പെടാതെ വേറിട്ടൊരു ഭാവതലത്തിലാണ് നിലകൊള്ളുന്നത്. കഥാഗതിയിൽ ആ സൗഹൃദബന്ധം ഒരനിവാര്യഘടകമേയല്ല. ചങ്ങമ്പുഴയുടെ *രമണ*നെ ഈ കഥയിലൂടെ വിമർശിക്കാനാണ് കഥാകാരി ശ്രമിക്കുന്നത്. പുരുഷന്റെ വഞ്ചനയ്ക്കു ബലിയാടാവേണ്ടിവന്ന ഒരു സ്ത്രീ തന്റെ ദുഃഖം കൂട്ടുകാരിയായ മറ്റൊരു സ്ത്രീയോട് പറയുന്ന മട്ടിലാണ് ഇതിവൃത്തം. അത്രമാത്രമേ കൂട്ടുകാരികളായ സുഷമ ശാന്തിമാരുടെ സൗഹൃദത്തിന് ഇതിവൃത്തത്തിൽ സ്ഥാനമുള്ളൂ, പുരുഷന്റെ വഞ്ചനയാണ് മുഖ്യപ്രമേയം. എന്നാൽ സുഷമയ്ക്കു ശാന്തിയോടുള്ള സൗഹൃദബന്ധം ഈ കഥയ്ക്കു വേറിട്ടൊരു ഭാവദീപ്തി നല്കുന്നുണ്ട്. അതുകൊണ്ടുതന്നെ രമണനെ വിമർശിക്കാൻവേണ്ടി വാദപ്രതിവാദം നടത്തുന്ന രണ്ടു കഥാപാത്രങ്ങൾ മാത്രമായി ചുരുങ്ങാതെ ഇവർ ഹൃദയൈക്യം കൈവന്ന സ്നേഹിതകളായിത്തന്നെ പ്രസ്തുത കഥയിൽ വർത്തിക്കുന്നു.

രമണൻ വായിക്കുന്നതിൽനിന്നും ശാന്തിയെ പിന്തിരിപ്പിച്ചുകൊണ്ട് ആ പുസ്തകം വലിച്ചെറിയുന്ന സുഷമയോട് ലൈബ്രറി പുസ്തകം ഇങ്ങനെ ചീത്തയാക്കുന്നതു കുറ്റമാണെന്നു ശാന്തി ശാസിക്കുമ്പോൾ മറുപടിയായി സുഷമ, കൂട്ടുകാരിയോടുള്ള അടുപ്പം പ്രകടിപ്പിച്ചുകൊണ്ട് പ്രതികരിക്കുന്നതും, അവരുടെ തുടർന്നുള്ള സംഭാഷണവും നോക്കൂ:

“കുറ്റങ്ങളൊക്കെ ഞാനേറ്റു കൊള്ളാം
തെറ്റിദ്ധരിക്കരുതെങ്കിലും നീ;
നിന്നിലുപരിയായില്ലയൊന്നും
മന്നിലെനിക്കെന്റെ ജീവിതത്തിൽ”

“ഒടുവിൽ പറഞ്ഞതു കള്ളം”

“അതെ” എന്നെ മുറുകെ കെട്ടിപ്പിടിച്ചുകൊണ്ട് സുഷമ പറഞ്ഞു.

“എങ്കിലും ഞാനൊരു കൂട്ടുകാരിയെയും ഇത്ര വളരെ സ്നേഹിച്ചിട്ടില്ല”[5] തുടർന്ന് ശാന്തിയുമായി തനിക്ക് അടുപ്പം തോന്നാനിടയായതിന്റെ കാരണം വ്യക്തമാക്കുന്നു.

“ശാന്തിയുടെ സ്വഭാവം പരിസരത്തിന്റെ സ്വാധീനതയ്ക്കപ്പുറമാണെന്നു ഞാൻ കണ്ടു. ശാന്തിയുടെ സഹജമായ സന്തോഷശീലം എന്നെ ആകർഷിച്ചു. നാം വളരെക്കാലമായി ആത്മാർഥസഖികളായി കഴിയുകയായിരുന്നു എന്നൊരു തോന്നലും എന്തോ മുജ്ജന്മബന്ധത്താൽ എനിക്കുണ്ടായി. പോരെങ്കിൽ ശാന്തി എന്ന പേർ എനിക്കു വളരെ ഇഷ്ടവുമാണ്”[6]. കൗമാരമനസ്സിന്റെ സ്നേഹപ്രകർഷം സുഷമയുടെ ഈ വാക്കുകളിലും, സ്പർശത്തിലും ധ്വനിക്കുന്നുണ്ട്. ഒരു വെള്ളിയാഴ്ച മധ്യാഹ്നവിശ്രമസമയം കഴിഞ്ഞ് ക്ലാസ്സിൽ പോകാനുള്ള ബെല്ലടിച്ചപ്പോൾ സുഷമ ശാന്തിയോട് പറഞ്ഞു:

“നമുക്കിന്നുച്ചയ്ക്കുമേൽ ക്ലാസ്സിൽ പോകണ്ട ആരും കാണാതെ എവിടെയെങ്കിലുമിരുന്നു സംസാരിക്കാം”

“എനിക്കു പൂർണ്ണസമ്മതം തന്നെ”[7] – സ്വകാര്യതകൾ കൂട്ടുകാരിയുമായി പങ്കുവെയ്ക്കാനുള്ള പെൺമനസ്സിന്റെ അഭിവാഞ്ഛയാണ് സുഷമയിൽ പ്രകടമാവുന്നത്. സുഷമ തന്റെ പ്രേമാനുഭവം കൂട്ടുകാരിയോട് പറയുന്നു. കാമുകനെക്കുറിച്ചുള്ള അവളുടെ പരാമർശങ്ങളിൽ ഉടനീളം ശാന്തിയോടുള്ള സ്നേഹവും സ്ഫുരിക്കുന്നുണ്ട്. “നീണ്ട കൃശമായി തങ്കനിറത്തിൽ ലളിതമായ ആ ദേഹമോ ആദരണീയമായ പുരുഷസൗന്ദര്യത്തിന്റെ ഉത്തമമാതൃകയോ ആ മുഖമോ അല്ല എന്നെ ആകർഷിച്ചതും, വശപ്പെടുത്തിയതും. അത്ര ഹൃദയാവർജ്ജകമായ തുറന്ന പെരുമാറ്റം അന്നു ബാബുവിലും പിന്നെ ശാന്തിയിലും മാത്രമേ ഞാൻ കണ്ടുള്ളൂ. ആഹ്ലാദം തുളുമ്പുന്ന ഭാവവും, പ്രസരിപ്പുള്ള പ്രവൃത്തികളും അന്തസ്സുള്ള പെരുമാറ്റവും എനിക്കെങ്ങനെ ഇഷ്ടപ്പെട്ടെന്നോ! ബാബുവിന്റെ സമനിലയിലുള്ള പെരുമാറ്റം എന്നെ സന്തോഷിപ്പിക്കുകയാണ് ചെയ്തത്. ബാബു അലക്ഷ്യരീതി

യിൽ എന്റെ സൗന്ദര്യത്തെ സ്തുതിച്ചത് എന്നെ സംതൃപ്തയാക്കി. സത്യത്തിൽ ബഹുമാനത്തേക്കാൾ സ്നേഹമാണെനിക്കിഷ്ടം. അതാണ് ബാബുവിനെ അന്നു ഞാനിഷ്ടപ്പെട്ടതും, ഇന്നു ശാന്തിയെ സ്നേഹിക്കുന്നതും, അതുമല്ല ജന്മസിദ്ധമായ സ്നേഹബന്ധങ്ങളിൽനിന്നും വ്യതിരിക്തമായ ഒരു സ്നേഹം കിട്ടാനും കൊടുക്കാനും ഒരാവേശം തോന്നുന്ന കാലമാണ് യൗവ്വനം. പക്ഷേ ആ സ്നേഹം പുരുഷനിൽനിന്നും കിട്ടണമെന്ന് ഞാനാശിച്ചേയില്ല, ബാബുവിനെ എന്റെ അടുത്തയച്ച ദൈവം എന്തുകൊണ്ട് ശാന്തിയെ അയച്ചില്ല ! മനുഷ്യനെതിരായി പ്രവർത്തിക്കുന്ന ഒരു ശക്തിയാണ് വിധി – അതിന്റെ നിശ്ചയം !"[8] പുരുഷനോടുള്ള സ്നേഹത്തിനു ബദലായി ഒരു സ്ത്രീയിൽനിന്നും അതു കിട്ടിയെങ്കിൽ എന്നുമോഹിക്കുന്ന ഈ കഥാപാത്രം വ്യവസ്ഥാപിത പ്രണയസങ്കൽപത്തെത്തന്നെ തകർക്കുന്നു. "സനേഹം കിട്ടിയാൽ പിന്നാലെ പോകണം, ആണായാലും, പെണ്ണായാലും, പട്ടിയായാലും പോകണം, Even if it were a dobermen dog ഞാൻ പിന്നാലെ പോകും"[9] മാധവിക്കുട്ടി ഒരഭിമുഖത്തിൽ വ്യക്തമാക്കിയ ഈ സ്നേഹാവേശം തന്നെയാണ് സരസ്വതിയമ്മയുടെ സുഷമ എന്ന കഥാപാത്രത്തിലും തുടിച്ചുനിൽക്കുന്നത്. ഈ രണ്ടു കൂട്ടുകാരികൾ തമ്മിലുള്ള അടുപ്പത്തിന്റെ ഇത്തരമൊരുഭാവതലം ആ കാലഘട്ടത്തിലെ മലയാളസാഹിത്യത്തിനു തീർത്തും അന്യമായിരുന്നുവെന്നു പറയാം. പിൽക്കാലത്ത് സ്ത്രീമനസ്സുകളുടെ ഹൃദയൈക്യത്തിന്റെ ഊഷ്മളതയെ ഉന്മീലനം ചെയ്യുന്ന മാധവിക്കുട്ടിയുടെ *ചന്ദന മരങ്ങളി*ലാണ് ഇത്തരമൊരു സ്നേഹസങ്കൽപം പ്രകടമാവുന്നത്. ലളിതാംബിക അന്തർജ്ജനത്തിന്റെ *അഗ്നിസാക്ഷി* എന്ന നോവലിലും സ്ത്രീമനസ്സുകളുടെ ലയനം സാധ്യമാക്കുന്ന സ്നേഹം സൂചിതമായിട്ടുണ്ട്. "ഈ ലോകത്ത് ഞാൻ എല്ലാറ്റിലും ഉപരി സ്നേഹിക്കുന്നത് തങ്കത്തിനെയാണ്, നമ്മള് ഒന്നാണെന്നന്നെ തോന്നണ്"[10] എന്ന തേതിക്കുട്ടിയുടെ വാക്കുകൾ അവരിൽ തുടിച്ചുനിൽക്കുന്ന സ്നേഹാർദ്രമനസ്സിന്റേതാണ്. അന്തർജ്ജനവും, മാധവിക്കുട്ടിയും പിൽക്കാലത്ത് വിഭാവനം ചെയ്ത ഇത്തരത്തിലുള്ള സ്ത്രീമനസ്സുകളുടെ ലയനം അവർക്കുമുൻപേ സരസ്വതിയമ്മ സുഷമ ശാന്തിമാരുടെ ബന്ധത്തിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്.

സ്ത്രീകളുടെ ഈ വിധമുള്ള ബന്ധത്തോട് അത്ര ഉദാരമായ കാഴ്ചപ്പാടല്ല പുരുഷാധിപത്യവ്യവസ്ഥയിൽ നിലനിൽക്കുന്നത്. സ്ത്രീകൾ തമ്മിലുള്ള സൗഹൃദത്തിന്റെ ശക്തമായ വൈകാരിക പ്രകടനത്തെ സംശയദൃഷ്ടിയോടെ വീക്ഷിക്കുകയും, കർശനമായി വിലക്കുകയും ചെയ്യുന്ന സാമ്പ്രദായിക മൂല്യബോധമാണ് ഇവിടെയുള്ളത്.

സ്ത്രീയും പുരുഷനും തമ്മിലുള്ള സ്നേഹബന്ധമാണു സ്വാഭാവികവും, യഥാർത്ഥവുമായത് എന്നും മറ്റെല്ലാം പ്രകൃതിവിരുദ്ധമാണെന്നും നിശ്ചയിക്കപ്പെട്ട ഒരു വ്യവസ്ഥിതിയാണ് നിലനിൽക്കുന്നത്. എന്നാൽ സ്ത്രീകൾ തമ്മിലുള്ള ഉൽക്കടമായ സൗഹൃദം സ്നേഹമെന്തെന്നു ശരിയായി മനസ്സിലാക്കാനും, അതുവഴി ആഴത്തിലുള്ള ആനന്ദവും, സംതൃപ്തിയും പരസ്പരം പങ്കിടാനും സാധ്യമാക്കുന്നുണ്ട്. ഈ തരം ഉള്ളടുപ്പം പുരുഷനും സ്ത്രീയും തമ്മിലുള്ള സൗഹൃദബന്ധത്തിലോ, പുരുഷനും പുരുഷനും തമ്മിലുള്ള ചങ്ങാത്തത്തിലോ പ്രകടമായെന്നുവരില്ല. സാമൂഹിക ജീവിതപരിസരത്തിൽ പൊതുവേ ദുർബ്ബലരെന്നു മുദ്രകുത്തപ്പെട്ട സ്ത്രീകളുടെ സമാനമായ ജീവിതാവസ്ഥ അവരെ പരസ്പരം കൂടുതൽ കരുത്തുറ്റ മാനസികൈക്യത്തിനു പ്രേരിപ്പിക്കുകയാണ് ചെയ്യുന്നത്. സ്ത്രീമനസ്സുകളുടെ ഈ വിധമുള്ള ഐക്യപ്പെടൽ സരസ്വതിയമ്മയുടെ ഒട്ടേറെ കഥകളിൽ കണ്ടത്താൻ കഴിയുന്നുണ്ട്. അത്തരം കഥകളിൽ മിക്കതിലും ശാന്തി എന്ന കഥാപാത്രത്തിന്റെ സാന്നിദ്ധ്യം കാണാം. 'രമണി' എന്ന കഥയിൽ ആദ്യമായിപ്രത്യക്ഷപ്പെടുന്ന ശാന്തി കഥാരംഭത്തിൽ രമണനോടു സഹാനുഭൂതി പുലർത്തുന്ന ഒരു സാധാരണ പെൺകുട്ടിയായിരുന്നു. എന്നാൽ കൂട്ടുകാരി സുഷമ തന്റെ ജീവിതാനുഭവം ശാന്തിയുമായി പങ്കുവെച്ചുകഴിഞ്ഞതോടെ രമണനോടുള്ള അവളുടെ മനോഭാവം മാറിത്തുടങ്ങി; സരസ്വതിയമ്മയുടെ പിന്നീടുള്ള കഥകളിൽ പ്രത്യക്ഷപ്പെടുന്ന ശാന്തി സ്വതന്ത്രയും, സ്വത്വാവബോധമുള്ളവളും പരമ്പരാഗതമായ സ്ത്രീസങ്കൽപ്പത്തെ എതിർക്കുന്നവളുമാണ്. ശാന്തിയുടെ ഈ പുനർജന്മത്തിൽ സുഷമയുടെ സ്വാധീനം നിസ്സാരമല്ലെന്നു തന്നെ കരുതാം. പക്ഷേ ശാന്തി പല കഥളിലും പിൽക്കാലത്ത് കടന്നുവരുന്നുണ്ടെങ്കിലും സുഷമ എന്ന കഥാപാത്രം പിന്നീടൊരിക്കലും സരസ്വതിയമ്മയുടെ കഥകളിൽ പ്രത്യക്ഷപ്പെടുന്നില്ല. എന്നാൽ പുതിയ ഭാവവുമായി ശാന്തി രണ്ടാമതു പ്രത്യക്ഷപ്പെട്ട 'സ്ത്രീജന്മം' എന്ന കഥയിൽ സുഷമയെക്കുറിച്ച് ശാന്തി പരാമർശിക്കുന്നുണ്ട്. പ്രസ്തുത കഥയിലെ സംഭവഗതിയിൽ പരോക്ഷമായിട്ടുപോലും ഒരു ബന്ധവുമില്ലാത്ത സുഷമ, ശാന്തിയുടെ പരാമർശത്തിൽ മാത്രം നിലനിൽക്കുന്ന ഒരു കഥാപാത്രമാണ്. ശാന്തിക്ക് സുഷമയോടുള്ള സ്നേഹപ്രകർഷവും, ഇരുവരുടെയും മനസ്സിന്റെ ഇഴയടുപ്പവും വെളിപ്പെടുത്തുക എന്നതിൽക്കവിഞ്ഞ് മറ്റൊരു ഉദ്ദേശ്യവും പ്രസ്തുതപരാമർശത്തിൽ ഇല്ല എന്നുതന്നെ പറയാം. കൂട്ടുകാരികളായ ശാന്തിയും, മാലതിയുമാണ് 'സ്ത്രീജന്മം' എന്ന കഥയിലെ പ്രധാന കഥാപാത്രങ്ങൾ. ക്ഷണിക്കാതെയാണു ശാന്തിയുടെ വീട്ടിൽ താൻ പലപ്പോഴും വരാറുള്ളതെന്നു പരിഭവത്തോടെ മാലതി പറഞ്ഞപ്പോൾ ശാന്തി പറയുന്നു:

"സുഷമയെ മാത്രമേ ഞാൻ വീട്ടിൽ വരാൻ ക്ഷണിച്ചിട്ടുള്ളൂ, എന്നോടത്ര വാത്സല്യം അവൾ കാണിച്ചിട്ടുണ്ട്. മറ്റുള്ളവരൊക്കെ തള്ളിക്കേറിവരുന്നതിനു ഞാനെന്തുവേണം?"[11] മാലതിയെ ചൊടിപ്പിക്കാനാണ് ഇങ്ങനെ പറയുന്നതെങ്കിലും അവൾക്കു സുഷമയോടുള്ള ദൃഢമായ മൈത്രീബന്ധത്തെ ഇതു വ്യക്തമാക്കുന്നു: തുടർന്ന് ശാന്തിയോട് പിണങ്ങി അവിടെനിന്ന് ഇറങ്ങിപ്പോകാൻ മാലതി ഒരുങ്ങിയപ്പോൾ അവളുടെ ഇരുകൈകളും കൂട്ടിപ്പിടിച്ചുകൊണ്ട്, 'എന്റെ മാലതിയല്ലേ, തീർച്ചയായും പിണങ്ങിപ്പോകരുത്' എന്നു പറഞ്ഞ് ശാന്തി അവളെ അനുനയിപ്പിക്കുകയാണ്. അന്നു രാത്രി ശാന്തി മാലതിയുടെ വീട്ടിൽ തങ്ങി; രാത്രി മുഴുവനും മാലതി തന്റെ പ്രണയ നൈരാശ്യം മനസ്സു തുറന്നു പറഞ്ഞും കരഞ്ഞും കൂട്ടുകാരിയുമായി പങ്കുവെച്ചു. ആ പങ്കുവെക്കലിൽ മാലതി ആശ്വാസം കണ്ടെത്തുകയായിരുന്നു.

തനിക്കു നീറ്റുന്ന വികാരങ്ങളില്ല, മഥിക്കുന്ന ചിന്തകളില്ല, നടക്കാത്ത അത്യാഗ്രഹങ്ങളില്ല, അന്നന്നുകണ്ടപോലെ ജീവിച്ചുകഴിയുന്നുവെന്ന സ്വജീവിതത്തെക്കുറിച്ചുള്ള ശാന്തിയുടെ വെളിപ്പെടുത്തൽ കൂട്ടുകാരിയോടുള്ള ഉപദേശം മുൻനിർത്തിക്കൊണ്ടുള്ളതാണ്. അവളെ കുറേയൊക്കെ യാഥാർത്ഥ്യബോധമുള്ളവളാക്കാനും ചപലപ്രേമത്തിൽ കുടുങ്ങി സ്വാസ്ഥ്യം നശിപ്പിക്കാതിരിക്കാനും സ്വത്വബോധം ആർജ്ജിക്കാൻവേണ്ട മനസ്സാന്നിദ്ധ്യം നേടിയെടുക്കാനും ശാന്തി ഉദ്ദേശിക്കുന്നു.

മാലതിദു:ഖം സഹിക്കാനാവാതെ തേങ്ങിക്കരഞ്ഞുകൊണ്ട് സംസാരിക്കവേ ആരോ അടുത്ത മുറിയിൽ അനങ്ങുന്ന ശബ്ദം കേട്ട് ശാന്തിപറയുന്നു:–

"മാലതീ, ഇതാ ഇങ്ങോട്ടു കയറിക്കിടന്നോളൂ, ശബ്ദം കേട്ടാൽ ആരെങ്കിലും ഉണരും, വെളിയിൽ കേൾക്കാതെ സംസാരിക്കാൻ ഒരു സൂത്രമുണ്ട്. കൈകുഴൽപോലെ ചുരുട്ടി ഒരറ്റം വായിലും, മറ്റേയറ്റം എന്റെ ചെവിയിലും ചേർത്തുവെച്ചു പറഞ്ഞാൽ മതി, ഞാനും സുഷമയും എത്ര രാത്രികളിൽ ഈ സൂത്രം പ്രയോഗിച്ചിട്ടുണ്ടെന്നോ"![12] ഈ കഥയിൽ സുഷമയെക്കുറിച്ചുള്ള രണ്ടാമത്തെ പരാമർശമാണിത്. രാത്രിയുടെ നിശബ്ദയാമങ്ങളിൽ എത്രയോ ഹൃദയരഹസ്യങ്ങൾ പരസ്പരം പങ്കുവെച്ച തങ്ങളുടെ മൈത്രീബന്ധത്തിന്റെ ഹൃദ്യമായ അനുഭവമാണ് ശാന്തിയുടെ ഈ ഓർമ്മയിൽ തുടിക്കുന്നത്. സുഷമയെക്കുറിച്ചുള്ള ശാന്തിയുടെ ഓർമ്മകളും, അവളുടെ വീട്ടിൽനിന്നും പേട്ട റെയിൽവേ സ്റ്റേഷനിലേക്ക് പത്തു മിനിറ്റുപോലും വേണ്ടിവന്നില്ല എന്ന കഥയിലെ പ്രസ്താവവും,

സരസ്വതിയമ്മയുടെ സ്വകാര്യജീവിതവുമായി ബന്ധപ്പെടുത്താവുന്ന സംഗതികളാണ്. സുഷമയെക്കുറിച്ചുള്ള ശാന്തിയുടെ പരാമർശങ്ങൾ സരസ്വതിയമ്മയ്ക്ക് ശാരിയെന്ന കൂട്ടുകാരിയോടുണ്ടായിരുന്ന വൈകാരികമായ അടുപ്പത്തെയാണു സൂചിപ്പിക്കുന്നത്. പാൽക്കുളങ്ങരയിലെ അവരുടെ വീടായ 'സിതാര'യിൽനിന്ന് പേട്ട റെയിൽവേസ്റ്റേഷനിലെത്താനും പത്തു മിനുട്ട് സമയം വേണ്ടി വന്നിരുന്നില്ല.

സ്ത്രീസൗഹൃദങ്ങളുടെ സവിശേഷസ്വഭാവമായി കരുതാവുന്ന മനസ്സു പങ്കുവെക്കലിന്റെ ഗൗരവസ്വഭാവത്തെ പരഹസിച്ചുകൊണ്ടുള്ള ഒരു മനോഭാവം പലപ്പോഴും പുരുഷാധിപത്യ സംസ്ക്കാരം പ്രകടിപ്പിക്കാറുണ്ട്. കുളക്കടവിലെ പരദൂഷണമായും, പൊങ്ങച്ചം കാണിക്കലായും കണ്ടുകൊണ്ട് അതിനെ പരിഹസിക്കാനും ദുഷിക്കാനുമുള്ള പ്രവണതയാണ് സമൂഹം പൊതുവെ പ്രകടിപ്പിച്ചിരുന്നത്. എന്നാൽ സുദൃഢമായ സൗഹൃദബന്ധങ്ങൾ പലപ്പോഴും സ്ത്രീകളാണ് പുരുഷൻമാരേക്കാൾ നിലനിർത്തുന്നതെന്നു പഠനങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്[13]. ഇതിനുകാരണം സൗഹൃദബന്ധത്തിൽ മനസ്സ് പങ്കുവെക്കുന്നതു മൂലം സ്ത്രീകളിൽ സംജാതമാവുന്ന വൈകാരികബന്ധമാണ്. ഈ വിധമുള്ള പരസ്പരാശ്രിതത്വത്തിന്റെയും, പരസ്പരവിശ്വാസത്തിന്റെയും അവസ്ഥ പുരുഷസൗഹൃദബന്ധങ്ങളേക്കാൾ ഇടം നേടുന്നതു സ്ത്രീഹൃദയങ്ങളിലാണ്. 'പുരുഷൻമാർ കൂടുതലായി അവരുടെ താല്പര്യങ്ങളും, വിനോദങ്ങളും മറ്റും പരസ്പരം പങ്കുവെക്കുമ്പോൾ സ്ത്രീസുഹൃത്തുക്കൾ സ്വയം അവരെ വെളിപ്പെടുത്തിയും, വികാരങ്ങൾ പങ്കുവെച്ചും, സ്വകാര്യതകൾ ചർച്ചചെയ്തും'[14], ഇഴയടുപ്പമുള്ള ഒരു മാനസികബന്ധം സ്ഥാപിച്ചെടുക്കുന്നു. "മുഖാമുഖമുള്ള സൗഹൃദസംഭാഷണത്തിലൂടെ ഗൃഹാന്തരീക്ഷത്തിനകത്തെ അനുഭവങ്ങൾ പരസ്പരം തുറന്നു പറയുക എന്നത് സ്ത്രീകളുടെ സൗഹൃദത്തിന്റെ അടിസ്ഥാനസ്വഭാവമായിട്ടാണ് കരുതപ്പെടുന്നത്"[15] ഇത്തരം സൗഹൃദഭാവങ്ങൾ 'സ്ത്രീജന്മം', 'വിവാഹസമ്മാനം', 'ബഹുമാനപ്പെട്ട അമ്മ', 'ഒരുക്കത്തിന്റെ ഒടുവിൽ', 'പെൺബുദ്ധി', 'അവിവാഹിതന്റെ അശ്രുക്കൾ', 'പകലും രാവും', 'കുടിശ്ശികയും കൂട്ടി', 'പ്രേമത്തിന്റെ പ്രവൃത്തിമണ്ഡലം', 'വിശ്രമമുറിയിൽ', 'പനിനീർപ്പൂവ്' എന്നീ കഥകളിൽ പ്രകടമാവുന്നുണ്ട്.

*പ്രേമഭാജനം* എന്ന നോവലിൽ ലൂയിസ തന്റെ മനസ്സു പങ്കുവെക്കുന്നതു അനിയത്തിയുമായാണെങ്കിലും ആ സഹോദരിമാരുടെ അടുപ്പത്തിനു സൗഹൃദഭാവത്തിന്റേതായ ഒരു സവിശേഷത കൂടിയുള്ളതായി കല്പിക്കാവുന്നതാണ്. സ്ത്രീകൾ തമ്മിലുള്ള സൗഹൃദ

ബന്ധങ്ങളും സ്ത്രീയും, പുരുഷനും തമ്മിലുള്ള സൗഹൃദബന്ധങ്ങളും സരസ്വതിയമ്മ യുടെ കഥാലോകത്തിൽ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. സാമ്പ്രദായിക സാമൂഹ്യ ജീവിതപരി സരത്തിൽ സാധാരണ സൗഹൃദബന്ധം നിലനിൽക്കുന്നത് സ്ത്രീകൾ തമ്മിലോ, പുരു ഷൻമാർ തമ്മിലോ ആണ്. സ്ത്രീയും, പുരുഷനും തമ്മിലുള്ള സൗഹൃദബന്ധത്തെ സംശ യദൃഷ്ടിയോടെ വീക്ഷിക്കാനും, പ്രേമബന്ധമായി വ്യാഖ്യാനിക്കാനുമാണു പലപ്പോഴും സാമ്പ്രദായിക മൂല്യബോധം തുനിയാറുള്ളത്. വ്യവസ്ഥയിലെ സ്ഥാപനവൽകൃതമായ ബന്ധങ്ങളുടെ പ്രത്യയശാസ്ത്രം ചിട്ടപ്പെടുത്തിയെടുത്ത മുല്യബോധമാണത്. ഈ മൂല്യ ബോധമാണ് സമൂഹബോധത്തെ നിയന്ത്രിക്കുന്നത്. സ്ത്രീക്കും, പുരുഷനും തമ്മിൽ സത്യസന്ധവും, ദൃഢവുമായ മൈത്രീബന്ധം എന്തുകൊണ്ടുണ്ടായിക്കൂടാ എന്ന ചോദ്യം 1944 മുതൽ തന്റെ കഥകളിലൂടെ സരസ്വതിയമ്മ ആവർത്തിച്ച് ഉന്നയിച്ചിട്ടുണ്ട്. 'ഒരേയൊ രുരാത്രി'യിലെ ചിത്രയും, 'ഡബിൾ ആക്ടി'ലെ സീതയും, 'പെൺബുദ്ധി'യിലെ വിലാ സിനിയും പുരുഷൻമാരുമായുള്ള സൗഹൃദബന്ധം കൊതിക്കുന്നവരാണ്. പക്ഷേ പുരു ഷൻമാരുമായുള്ള അവരുടെ അടുപ്പത്തെ വിവാഹാഭിലാഷമായി വ്യാഖ്യാനിക്കുന്ന സാമൂ ഹികജീവിത പരിസരത്തോടുള്ള കലഹമാണ് കഥാകാരി ആ കഥകളിൽ പ്രകടമാക്കുന്ന ത്. അവിവാഹിതകളായ ഈ നായികമാരുടെ പുരുഷസൗഹൃദത്തിനെന്നപോലെത്തന്നെ വിവാഹിതയുടെ പുരുഷമൈത്രീബന്ധത്തിനും പ്രതിസന്ധിയുണ്ടാവുന്നുണ്ട്. 'നിയമപരി ധിക്കപ്പുറം' എന്ന കഥയിലെ സരോജിനിയുടെ ദാമ്പത്യജീവിതം ശിഥിലമാവുന്നത് അവ ളുടെ പുരുഷസൗഹൃദംകൊണ്ടാണ്. ബാങ്ക് മാനേജരായ പണിക്കരുടെ ഭാര്യ സരോജി നിക്കു തന്റെ സുഹൃത്തും ഭർത്താവിന്റെ സഹപ്രവർത്തകനുമായ സതീശൻ നായരോ ടുള്ള മൈത്രീബന്ധം നിലനിർത്താൻ സ്വന്തം കുടുംബത്തെ ഉപേക്ഷിക്കേണ്ടി വരുന്നുണ്ട്. പ്രസ്തുതകഥയിൽ ടൈഫോയ്ഡ് ബാധിച്ച് അവശനിലയിൽ ആശുപത്രിയിൽ കിടക്കുന്ന സുഹൃത്തിനെ കൂടെനിന്നു ശുശ്രൂഷിക്കാനുള്ള അനുവാദം അവൾ ഭർത്താവിൽനിന്നും നേടിയെടുത്തു. അതിനോടുള്ള പണിക്കരുടെ പ്രതികരണം 'ഭാര്യയുള്ള ഒരു ചെറുപ്പക്കാ രനെ ശുശ്രൂഷിക്കാൻ സരോജം ആശുപത്രിയിൽ പോകുന്നതിനെന്തിന്?'[16] എന്നചോദ്യ മാണ്. എന്നാൽ സുഹൃത്തിനെ അവൾ അത്രയ്ക്കു ഇഷ്ടപ്പെടുന്നുണ്ട്. അയാളെ ആപ ത്തിൽ സഹായിക്കാനാണ് തന്റെ സ്നേഹം ആവശ്യപ്പെടുന്നതെന്നു കരുതുന്ന അവൾ, ആ ഘട്ടത്തിൽ ഭർത്താവിനോട് തിരിച്ചു ചോദിച്ചു. "ദാമ്പത്യത്തിനുവേണ്ടി സൗഹൃദ ത്തോടുള്ള കടപ്പാടു വേണ്ടെന്നുവെച്ചിട്ടു ജീവിക്കുന്നതെങ്ങനെ"?[17] വ്യവസ്ഥാപിത വിവാഹ

ജീവിതത്തിൽ ഇങ്ങിനെ ചിന്തിക്കുന്ന ഒരു ഭാര്യയുടെ സ്ഥാനം ഏതുവിധമാണ് നിർണ്ണയിക്കപ്പെടുന്നത്? സുഹൃത്തിനോടുള്ള ഭാര്യയുടെ സ്നേഹത്തെ മറ്റൊരു വിധത്തിലും സംശയിക്കാത്ത പണിക്കരെ ആശങ്കപ്പെടുത്തുന്നത് ഒന്നുമാത്രമാണ്, ആളുകളോടെന്തു സമാധാനം പറയും എന്നത്. അവളുടെ സൗഹൃദബന്ധത്തെ തിട്ടപ്പെടുത്താൻതക്ക യാതൊരു മാനദണ്ഡവും വ്യവസ്ഥാപിത സമൂഹത്തിലില്ല എന്നതാണ് പണിക്കരെ വിഷമാവസ്ഥയിലാക്കുന്നത്. വ്യവസ്ഥാപിത ധാരണകളെ കുടഞ്ഞെറിഞ്ഞ സരോജിനിയുടെ സ്ഥാനം വ്യവസ്ഥിതിക്കു പുറത്താവുന്നു! അവരുടെ ദാമ്പത്യബന്ധം അതോടെ ശിഥിലമാവുകയും ചെയ്തു. ലിംഗഭേദത്തെക്കുറിച്ചും, കുടുംബബന്ധത്തെക്കുറിച്ചുമുള്ള വ്യവസ്ഥാപിത നിയമങ്ങളെയാണ് സമൂഹത്തിൽ ഒരു വ്യക്തി അനുസരിക്കേണ്ടത്. അല്ലാതെ സ്വന്തം മനസ്സാക്ഷിയുടെ നിർദ്ദേശങ്ങളെയല്ല എന്നു സരോജം ഒടുവിൽ വേദനയോടെ മനസ്സിലാക്കുന്നു.

സ്ത്രീപുരുഷ സൗഹൃദബന്ധം നേരിടുന്ന പ്രതിസന്ധികൾക്ക് മിക്കപ്പോഴും വംശവദരാവുന്നത് സ്ത്രീകളാണെന്ന ദുസ്ഥിതി ഉന്മീലനം ചെയ്യുന്നുണ്ട് സരസ്വതിയമ്മയുടെ സ്ത്രീകഥാപാത്രങ്ങൾ അവരിൽ വ്യതിരിക്തമായ സ്ത്രൈണാവബോധമുള്ള ചിലരെങ്കിലും പലപ്പോഴും തങ്ങളുടെ പുരുഷസുഹൃത്തുക്കളോട് കലഹിച്ചുകൊണ്ട് സാമ്പ്രദായിക മൂല്യബോധത്തോട് പ്രതിഷേധിക്കുന്നുണ്ട്. 'ഒരേയൊരുരാത്രി'യിലെ ചിത്രയും, 'ഡബിൾ ആക്ടി'ലെ സീതയും, 'പെൺബുദ്ധി'യിലെ വിലാസിനിയും അവരുടെ പുരുഷസൗഹൃദബന്ധം കൊണ്ട് തിക്തഫലം അനുഭവിച്ചവരാണ്. വ്യക്തിജീവിതത്തിൽ സരസ്വതിയമ്മയ്ക്കും ഇത്തരം തിക്താനുഭവങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. അവരെ വളരേയേറെ വേദനിപ്പിച്ച അത്തരം അനുഭവത്തെക്കുറിച്ച് കെ. സുരേന്ദ്രനോട് അവർ സൂചിപ്പിച്ചിട്ടുമുണ്ട്[18]. സൗഹൃദബന്ധത്തെക്കുറിച്ചുള്ള സരസ്വതിയമ്മയുടെ ഉറച്ച നിലപാട് എസ്. ഗുപ്തൻ നായർക്കെഴുതിയ ഒരു കത്തിൽ അവർ ഇങ്ങനെ വെളിപ്പെടുത്തിയിരിക്കുന്നു: "സ്നേഹിതകളേക്കാൾ സ്നേഹിതൻമാർ കൂടുതലുള്ള സ്വഭാവം, അതിൽ തെറ്റൊന്നുമില്ലെന്നാണ് എന്റെ പൂർണ്ണവിശ്വാസം, തെറ്റാണെങ്കിലും നിർത്താൻ നിശ്ചയിച്ചിട്ടില്ല. മൈത്രീബന്ധത്തിലും ആൺപെൺ വ്യത്യാസം നോക്കണമോ? അങ്ങിനെ നോക്കുന്നവരുമായി പിണങ്ങാതിരിക്കാൻ എനിക്കു സാധിക്കുന്നില്ല"[19] ആൺ–പെൺ വ്യത്യാസം പരിഗണിക്കാതെയുള്ള ഈ സൗഹൃദബന്ധങ്ങളെപ്പറ്റി സതീർത്ഥ്യനായ ഗുപ്തൻനായർ ഇങ്ങനെ അഭിപ്രായപ്പെട്ടിട്ടുണ്ട്:–

"വികാരങ്ങൾ ഗുഹനീയമാക്കി വയ്ക്കുന്നതാണ് സ്ത്രീകൾക്കു വരണീയമെന്ന തത്ത്വമൊന്നും അവരെ സംബന്ധിക്കുകയില്ല, എപ്പോഴും തുറന്നരശായ പെരുമാറ്റമാണ്. ഇത് പലരേയും തെറ്റിദ്ധരിപ്പിച്ചു. അവർ അക്കാലത്തെഴുതിയ ഒന്നുരണ്ടുകഥകൾ ചങ്ങമ്പുഴയെ കാണിച്ചു. ചങ്ങമ്പുഴ നല്ല അഭിപ്രായവും പറഞ്ഞു. പക്ഷേ കൂടുതൽ അടുത്താൽ പിശകാകുമെന്നു മനസ്സിലാക്കിയ നിമിഷം അടുപ്പം ഉപേക്ഷിച്ചു"[20].

സ്വതന്ത്രമായ സ്ത്രീപുരുഷ മൈത്രീബന്ധത്തിനു പലപ്പോഴും തടസ്സമാവുന്നത് ആൺ–പെൺ വ്യത്യാസത്തിലൂന്നിക്കൊണ്ടുള്ള ലൈംഗികാവേശമാണെന്നു ആദ്യം മുതലേ സരസ്വതിയമ്മ തിരിച്ചറിഞ്ഞിരുന്നു. ഒരു സ്ത്രീക്ക് പുരുഷനെ ഇഷ്ടപ്പെടാനും, വിവാഹം, പ്രേമം തുടങ്ങിയ സ്ഥാപനവൽകൃതമായ ബന്ധങ്ങളിൽ സന്നിവേശിപ്പിക്കാതെ യഥാർത്ഥമായ ഒരു മൈത്രീബന്ധം പുലർത്താനും അവർക്കു സാധിക്കാതെ വരുന്നതു ഇതുകൊണ്ടാണെന്നും അവർ മനസ്സിലാക്കിയിരുന്നു. സ്ത്രീക്കു പുരുഷനോടുള്ള അടുപ്പത്തെ വിവാഹാഭിലാഷമായി ധരിക്കുന്നത് പുരുഷാധിപത്യസംസ്കാരത്തിന്റെ ദൗർബല്യമാണ്. അങ്ങിനെ പുരുഷനോട് സ്വതന്ത്രമായി ഇടപഴകാനുള്ള സ്ത്രീയുടെ സ്വാതന്ത്ര്യത്തെപ്പോലും പുരുഷൻ നിഷേധിക്കുന്നു. ഈ കാഴ്ചപ്പാടാണ് ചിത്രയിലും, സീതയിലും, വിലാസിനിയിലും സരസ്വതിയമ്മ ആവർത്തിച്ച് ആവിഷ്കരിച്ചിരിക്കുന്നത്.

സ്ത്രീയെ സ്നേഹിതയായി മാത്രം കണ്ടുകൊണ്ട് സ്നേഹിക്കാൻ പുരുഷന് കഴിയാറില്ലെന്ന് തന്റെ പുരുഷസൗഹൃദബന്ധങ്ങളെ മുൻനിർത്തി ചിത്ര വെളിപ്പെടുത്തുന്നുണ്ട്. ഒരിക്കൽ അവൾ തന്റെ പുരുഷസുഹൃത്തിന് ഒരു കൂട്ടുകാരിക്ക് കൊടുക്കാവുന്ന സർവ്വസ്വാതന്ത്ര്യവും അനുവദിച്ച് കൊടുത്തത് പിന്നീട് അവരുടെ മൈത്രീബന്ധത്തെ ദുർബലപ്പെടുത്താനിടയാക്കി. ഇക്കാര്യത്തിൽ ചിത്രയെപ്പോലെത്തന്നെയാണ് സീതയും ചിന്തിക്കുന്നത്. സ്ത്രീ പുരുഷൻമാർ തമ്മിലുള്ള മൈത്രി പരിധിക്കപ്പുറം പോവാതെ നോക്കാൻ സ്ത്രീക്കു മിക്കവാറും സ്വാഭാവികമായിത്തന്നെ സാധിക്കുമെന്നവൾ വിശ്വസിച്ചു. എന്നാൽ അതിനു കഴിയുന്ന പുരുഷൻമാർ തീരെ കുറവാണെന്ന് അനുഭവത്തിൽനിന്ന് അവൾ മനസ്സിലാക്കിയിട്ടുണ്ട്. എന്നിട്ടും അവളുടെ തുറന്ന പെരുമാറ്റത്തെ തെറ്റിദ്ധരിച്ചുകൊണ്ട് അദ്ധ്യാപിക അവളെ ശകാരിക്കുന്നു. പെൺകുട്ടികൾ ആൺകുട്ടികളോട് കൂടുതൽ അടുത്തു പെരുമാറുന്നത് പാരമ്പര്യത്തിന് യോജിച്ചതല്ലെന്ന അദ്ധ്യാപികയുടെ ഉപദേശത്തെ നിർദ്ദോഷമായ ഒരു വീക്ഷണഗതി ഇക്കാര്യത്തിൽ എന്തുകൊണ്ടിവർക്കുണ്ടാകുന്നില്ല എന്ന ബദൽ

ചിന്തകൊണ്ട് സീത പ്രതിരോധിക്കുകയാണ് ചെയ്യുന്നത്. ആൺ–പെൺ മൈത്രീബന്ധം സ്വന്തം ജീവിതത്തിൽ വെച്ചു പുലർത്തിയിരുന്ന സരസ്വതിയമ്മയുടെ സ്വാനുഭവ പശ്ചാത്തലം ഈ കഥയ്ക്കുണ്ടെന്നു മുൻപ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. കഥയിലെ സീതയുടെ അനുഭവം തന്നെയാണ് കോളേജ് പഠനകാലത്ത് സരസ്വതിയമ്മക്ക് അദ്ധ്യാപികമാരിൽ നിന്നുമുണ്ടായിട്ടുള്ളത്. ഗുപ്തൻനായർക്കുള്ള കത്ത് ഇക്കാര്യം സാക്ഷ്യപ്പെടുത്തുന്നുണ്ടല്ലോ. 'പെൺബുദ്ധി' എന്ന കഥയിൽ, വിലാസിനിയോട് വിവാഹാഭ്യർത്ഥന നടത്തി പരാജയപ്പട്ട അവളുടെ പുരുഷസുഹൃത്ത്, ഒടുവിൽ അവളോടുള്ള തന്റെ ബന്ധം സഹോദരബന്ധമായി കരുതിക്കൊണ്ട് അവൾക്കു കത്തെഴുതിയപ്പോൾ, ഈ വിധമാണ് അവൾ പ്രതികരിച്ചത്: "സാഹോദര്യമല്ല നമ്മുടേത്, കാരണം സാഹോദര്യത്തിലും ആൺ–പെൺ വ്യത്യാസം ശ്രദ്ധിക്കപ്പെടുന്നു; നമ്മുടേത് സൗഹാർദ്ദമാണ്. എങ്ങനെത്തേതെന്നോ? ബുദ്ധിശക്തികളുടെ ആകർഷണം മാത്രം കൊണ്ടുള്ള സൗഹാർദ്ദം"[21]. പക്ഷേ വ്യവസ്ഥാപിതജീവിത സാഹചര്യത്തിൽ ഹൃദയ ബന്ധത്തിലധിഷ്ഠിതമായ പ്രേമബന്ധമാണ് എല്ലാവർക്കും മനസ്സിലാകുന്ന സ്ത്രീപുരുഷബന്ധം. എന്നാൽ ലിംഗഭേദത്തെ പരിപൂർണ്ണമായും അവഗണിച്ചുകൊണ്ടുള്ള മൈത്രീബന്ധമാണ് വിലാസിനി അവളുടെ പുരുഷസൗഹൃദം കൊണ്ട് അർത്ഥമാക്കുന്നത്.

'ഒരേയൊരുരാത്രി' എന്ന കഥയിൽ നാടകനടി ചിത്ര നാടകരചയിതാവായ രാമചന്ദ്രദാസിനെ സൗഹൃദപൂർവം ചായ നൽകി സൽക്കരിക്കുന്ന ഒരു രംഗമുണ്ട്.

ചിത്ര ചായയും പലഹാരവും അയാളുടെ അടുത്തേക്ക് നീക്കിവച്ചിട്ടുപറഞ്ഞു. 'ഇതാ എത്രനേരമിങ്ങനെ ഇരിക്കും? കാപ്പി കുടിക്കൂ, നിങ്ങൾ ഒരാണായിപ്പോയല്ലോ; ഒരു പെണ്ണായിരുന്നെങ്കിൽ ഈശ്വരാ' അവൾ കണ്ണടച്ചു നിന്നു ഒരു നെടുവീർപ്പിട്ടു. ദാസ് ചോദിച്ചു: 'പെണ്ണായിരുന്നെങ്കിൽ'

"എങ്കിൽ ഞാൻ നിങ്ങളെ കഴുത്തിൽ തൂങ്ങി കെട്ടിപ്പിടിച്ച് ഉമ്മ വെച്ചേനേ"[22] നാടകകൃത്തെന്ന നിലയിൽ അയാളോടുള്ള സ്നേഹവും, ആരാധനയുമാണ് ഈ വാക്കുകളിൽ സ്ഫുരിക്കുന്നത്. പക്ഷേ വാക്കുകൾക്കപ്പുറം അതു അവൾക്കു പ്രകടിപ്പിക്കാൻ പറ്റില്ല. അയാളൊരു ആണായിപ്പോയി എന്നതു തന്നെ കാരണം. പ്രേമബന്ധത്തിൽ എന്നപോലെ സൗഹൃദബന്ധത്തിലും ചിലപ്പോഴൊക്കെ പൂർണ്ണമായ ആത്മപ്രകാശനത്തിനു സ്നേഹപൂർവ്വമുള്ള ശാരീരികസ്പർശം വേണ്ടിവരാറുണ്ട്. ആൺ–പെൺ മൈത്രീബന്ധ

ത്തിൽ അത്തരം സ്പർശം ലിംഗവ്യത്യാസത്തെ പരിഗണിക്കാതെ കേവലമായ സൗഹൃദ ത്തിലൂന്നിക്കൊണ്ടുള്ളതാവും, എന്നാൽ പ്രേമബന്ധത്തിലാകട്ടെ ലിംഗഭേദത്തിലധിഷ്ഠി തമായ സ്നേഹപ്രകടനമായിരിക്കും അത്. ചിത്ര നാടക സുഹൃത്തിനോടുള്ള തന്റെ മൈത്രീഭാവത്തെ ശാരീരികചേഷ്ടയിലൂടെ പ്രകടിപ്പിച്ചില്ലെങ്കിലും, വാക്കുകളിലൂടെ വ്യക്ത മാക്കുകയാണ് ചെയ്യുന്നത്. എന്നിട്ടും അതുൾക്കൊള്ളാൻ കഴിയാതെ അയാൾ അമ്പ രന്നു നിൽക്കുകയാണ് ചെയ്തത്. അതുകൊണ്ട് ചിത്ര പറയുന്നു: "പക്ഷേ, നിങ്ങൾ ആണുങ്ങളുടെ കയ്യിൽ ഒരു വലിയ തരക്കേടുണ്ട്, തീർച്ചയായും നിങ്ങൾ ആ കൂട്ടത്തില ല്ലെന്നെനിക്കിപ്പോൾ മനസ്സിലായി. പലർക്കും വെറും സ്നേഹിതയായിമാത്രം സ്ത്രീയെ സ്നേഹിക്കാനറിഞ്ഞുകൂടാ. അവരുടെ സൗഹൃദത്തിന്റെ അടിയിലെപ്പോഴും ലിംഗവ്യ ത്യാസത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ശാരീരികപ്രേരണ പുകഞ്ഞുകിടക്കും. തരം കിട്ടിയാൽ വെളിയിൽ പ്രകാശിക്കുകയും ചെയ്യും. പണ്ടൊന്നും ഞാനങ്ങനെ വിശ്വസി ച്ചിരുന്നില്ല. പിന്നീട് കൂടുതൽ ആണുങ്ങളുമായി കൂടുതൽ പരിചയപ്പെട്ടപ്പോഴാണ് സത്യം മനസ്സിലായത്. ഒരുപക്ഷേ അവരുടെ ശരീരഘടനയുടെ പ്രത്യേക സ്വഭാവമായിരിക്കാം കാരണം"[23] പുരുഷസൗഹൃദത്തെ ലിംഗഭേദപരിഗണന കൂടാതെ വളരെ ആഴത്തിലും, വ്യാപ്തിയിലും കാണാനുള്ള അഭിവാഞ്ഛ സരസ്വതിയമ്മയുടെ സ്ത്രീകഥാപാത്രങ്ങൾ പ്രകടിപ്പിക്കുന്നുണ്ട്. പക്ഷേ സ്ത്രീപക്ഷത്തുനിന്നുള്ള സ്വതന്ത്രവും, സത്യസന്ധവുമായ സമീപ്യത്തെ പുരുഷാധിപത്യവവസ്ഥിതിയിൽ അവളുടെ കാമപ്രേരിതമായ ചേഷ്ടയായി വ്യാഖ്യാനിക്കുകയാണ്. പുരുഷനോട് സ്വതന്ത്രമായി സൗഹൃദപൂർവ്വം പെരുമാറാനുള്ള സ്ത്രീയുടെ താത്പര്യത്തെ പുരുഷൻതന്നെ അവഗണിക്കുന്ന ദുഃസ്ഥിതിയാണിത്. ഈ കഥയിലെ നാടകരചയിതാവും അതിനൊരു അപവാദമല്ല അയാളുടെ യഥാർഥ മനോ ഭാവം ഒടുവിൽ ചിത്രയെ ആ സൗഹൃദബന്ധത്തിൽനിന്നും പിന്തിരിപ്പിക്കുന്നുണ്ട്.

'ശരച്ചന്ദ്രിക' എന്ന കഥയിൽ വിജയനോടുള്ള ശാരദയുടെ മൈത്രീബന്ധം പല പ്പോഴും സന്നിഗ്ധഘട്ടത്തിൽ ചെന്നെത്തുന്നുണ്ട്. അവളുടെ നിഷ്കളങ്കമായ സൗഹൃ ദത്തെ പുരുഷനെ വലവീശിപ്പിടിക്കാനുള്ള തന്ത്രമായി വ്യാഖ്യാനിക്കുന്ന സാമൂഹികപരി സരം സൃഷ്ടിക്കുന്ന തിക്താനുഭവമാണതിന് കാരണം. സരള എന്ന മറ്റൊരു പെൺകു ട്ടിയെ വിജയൻ വിവാഹം കഴിക്കുന്നതിൽ ശാരദയ്ക്കുള്ള നിർവാജ്യമായ ആഹ്ലാദം കഥ യിൽ ഒരിടത്ത് വ്യക്തമാക്കുന്നുണ്ട്: "അവളെ കണ്ടതുകൊണ്ടു മാത്രം എനിക്കുമതിവരില്ല, എന്റെ വിജയന്റെ ഭാര്യയാകേണ്ടവൾ, എന്റെ വാത്സല്യത്തിന്റെ വലിയ അവകാശിയാണ്.

അവളെ പിടിച്ചു ചേർത്തുനിർത്തി ഉമ്മവെയ്ക്കാൻ എനിക്കത്യാശ തോന്നി"[24] വിജയനുമായുള്ള തന്റെ മൈത്രീബന്ധം നിമിത്തം ശാരദയ്ക്ക് സരളയോട് തോന്നുന്ന പ്രത്യേക വാത്സല്യം അവളെ ഉമ്മവയ്ക്കാനുള്ള അത്യാശയോളം എത്തുന്നു; ശാരദ ഒരിക്കൽ അവളുടെ ഒരു കൂട്ടുകാരിക്ക് എഴുതിയിരുന്ന സ്നേഹമസൃണമായ ഒരു കത്ത് അങ്ങുമിങ്ങും ചില തിരുത്തലുകൾ വരുത്തി കൂട്ടുകാരിയുടെ ചേട്ടൻ അതു തനിക്കു വന്ന ശാരദയുടെ പ്രേമലേഖനമാണെന്നു പറഞ്ഞ് പലരെയും കാണിക്കുകയുണ്ടായി. തന്റെ പ്രേമലേഖനം ശാരദ നിരസിച്ചതിലുള്ള പകരം വീട്ടലായിരുന്നു ആ പ്രവൃത്തി. കൂട്ടുകാരിക്കെഴുതിയ സൗഹൃദകുറിമാനം പ്രേമലേഖനമാക്കിമാറ്റിയെടുക്കാൻ അങ്ങുമിങ്ങും ചില തിരുത്തലുകളേ അയാൾക്കുവേണ്ടിവന്നുള്ളൂ എന്ന കഥയിലെ പരാമർശം ശ്രദ്ധേയമാണ്. സ്നേഹാവേശമുളവാക്കുന്ന വാക്കുകൾക്കൊണ്ട് സൗഹൃദസ്നേഹത്തെ തീക്ഷണ്മായി എഴുത്തിലൂടെ പ്രകടിപ്പിക്കുക എന്ന സ്ത്രീസ്വഭാവത്തിന്റെ സവിശേഷതയാണ് ഇവിടെ വെളിപ്പെടുന്നത്.

'അവിവാഹിതന്റെ അശ്രുക്കൾ' എന്ന കഥയിലെ കൂട്ടുകാരികളായ ആനന്ദലക്ഷ്മിയും, ശാന്തിയും അവരുടെ മാനസികമായ അടുപ്പത്തിന്റെ തീവ്രത പലപ്പോഴും ശാരീരിക സ്പർശത്തിലൂടെ പ്രകടിപ്പിക്കുന്നുണ്ട്. ശാന്തിയോട് സംസാരിച്ചു മതിയായിട്ടില്ല എന്നു പറഞ്ഞുകൊണ്ട് ആനന്ദലക്ഷ്മി അവളോടൊപ്പം കടൽതീരത്തേക്ക് പോവുന്നതിനെപ്പറ്റി കഥയിൽ ഇങ്ങിനെ പരാമർശിക്കുന്നു:

"ശാന്തിയുടെ ഇഷ്ടമെന്തെന്നറിയാൻ നിൽക്കാതെ നന്ദ അവളുടെ കഴുത്തിൽകൂടെ തന്റെ കൊഴുത്തു വെളുത്ത കൈകൾ ചുറ്റി കടൽ തീരത്തേക്കുനടന്നു"[25]

ഈ പ്രസ്താവം ആനന്ദലക്ഷ്മിക്ക് ശാന്തിയോടുള്ള തീവ്രമായ അടുപ്പത്തെ അനാവൃതമാക്കുന്നുണ്ട്. വൈവാഹികജീവിതത്തിന്റെ പൊരുത്തക്കേടിൽ ആത്മസംഘർഷമനുഭവിക്കുന്ന ആനന്ദലക്ഷ്മിയുടെ സ്നേഹാർത്ഥനയുടേതായ ഒരള്ളിപ്പിടിക്കലാണ് ശാന്തിയോടുള്ള ഈ അടുപ്പത്തിൽ സ്ഫുരിക്കുന്നത്. കോളേജ് പഠനക്കാലം മുതൽ ആത്മമിത്രങ്ങളായിരുന്ന അവരുടെ മൈത്രീബന്ധം ആനന്ദലക്ഷ്മിയുടെ വിവാഹം കഴിഞ്ഞശേഷം അല്പകാലത്തേക്ക് ഒന്നു മങ്ങിപ്പോയതിനെക്കുറിച്ച് ഈ അവസരത്തിൽ ശാന്തി ഓർമ്മിക്കുന്നു, അതേക്കുറിച്ച് കഥയിലെ പരാമർശം ഇങ്ങിനെയാണ്:–

"നന്ദയുടെ ഗർഭകാലത്ത് അന്വേഷിച്ചു ചെന്നപ്പോഴത്തെ അവളുടെ പെരുമാറ്റം ശാന്തി ഓർത്തു. അന്ന് അവളുടെ കുശലസ്മിതത്തിൽപോലും അകൽച്ചയുടെ നിഴൽ വീശിയിരുന്നു. സഖിയുടെ ശരീരത്തിൽകൂടെ കൈകൾ ചുറ്റി എപ്പോഴും ധാര മുറിയാതെ സംസാരിക്കാറുള്ള ആനന്ദലക്ഷ്മി അന്നുകഷ്ടിച്ചു കുശലങ്ങൾ മാത്രം പറഞ്ഞു ശാന്തിയെ യാത്രയാക്കി. തന്റെ ശരീരത്തിനും തനിക്കും അന്യസാമീപ്യത്താൽ കളങ്കപ്പെടുത്താൻ പാടില്ലാത്ത ഒരു മേന്മ ഉണ്ടായിരിക്കുന്നതുപോലെയായിരുന്നു നന്ദയുടെ ഭാവം"[26] ഇവിടെ സൗഹൃദസ്നേഹത്തിന്റെ ആഴം നിർണ്ണയിക്കുന്നതിൽ ശാരീരിക ചേഷ്ടയിലൂന്നുന്ന സ്നേഹപ്രകടനം മാനദണ്ഡമാകുന്നു. സ്നേഹസ്പർശം ഉളവാക്കുന്ന നിർവൃതിയുടേതായ ഭാവതലം *പ്രേമഭാജനമ*െന്ന നോവലിലെ സഹോദരിമാരുടെ ബന്ധത്തിലും പ്രകടമാകുന്നുണ്ട്. വാത്സല്യപ്രകർഷത്തോടെ ലൂസിയ തന്റെ തലയിൽ ഉമ്മവെച്ചതും, ആ സ്നേഹത്തിൽ താൻ ലയിച്ചു നിന്നതും അനുജത്തി ഒരിക്കൽ ഓർക്കുന്നുണ്ട്. "ഈ ലോകത്ത് അവർക്ക് മാത്രമേ എന്നെ അങ്ങനെ അലിയിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളൂ"[27] എന്ന് അവൾ അതേക്കുറിച്ച് അനുസ്മരിക്കുന്നു.

സ്നേഹം പ്രകടിപ്പിച്ചുകൊണ്ടുള്ള ഈ വിധം ശാരീരികസ്പർശത്തെ പാപമായി കരുതുന്ന കന്യാസ്ത്രീമഠത്തിലെ അന്തേവാസികളുടെ മനോഭാവത്തെ 'സ്വർഗ്ഗദ്വാരം' എന്ന കഥയിൽ സരസ്വതിയമ്മ വിമർശിക്കുന്നുണ്ട്. ബി. എ. പഠനത്തിനുശേഷം ഒരു സ്കൂൾ വർഷക്കാലം മുഴുവൻ സരസ്വതിയമ്മ സെന്റ്തെരാസസ് കോൺവന്റ് ഹൈസ്കൂളിൽ ടീച്ചറായി ജോലി ചെയ്തിട്ടുണ്ട്. അക്കാലത്ത് കുറച്ചുദിവസം അവർ അവിടുത്തെ ഒരു കന്യാസ്ത്രീമഠത്തിലാണ് താമസിച്ചിരുന്നത്. ടീച്ചർമാർക്കു വരുന്ന കത്തുകൾ അധികൃതർ പൊട്ടിച്ചുവായിക്കുന്നതിന്റെയും, കുട്ടികൾക്കുള്ള പ്രേമലേഖനങ്ങൾ കീറിക്കളയുന്നതിന്റെയും മറ്റും സൂചനകൾ അക്കാലത്തെ അവരുടെ ഡയറിക്കുറിപ്പുകളിലുണ്ട്. അവിടത്തെ ജീവിതം ആകെ ദുരിതമാണെന്ന് അവർ രേഖപ്പെടുത്തികാണുന്നുണ്ട്[28] 'സ്വർഗ്ഗദ്വാരം' എന്ന കഥയുമായി ചേർത്തുവായിക്കാവുന്ന കഥാകാരിയുടെ ഒരനുഭവപശ്ചാത്തലമാണ് ഈ ഡയറിക്കുറിപ്പ്. കഥയിലെ അധ്യാപികയായ നായിക – സുഭദ്രയ്ക്ക് മഠത്തിലെ ജീവിതരീതികണ്ട് അമ്പരപ്പും, അത്ഭുതവും തോന്നി. "പിരിഞ്ഞിരിക്കാൻ വയ്യാത്ത പ്രാണസഖികളും, കണ്ടമാനം വാത്സല്ലിക്കുന്ന അദ്ധ്യാപകരുമില്ലാതെ അവൾ പള്ളിക്കൂടത്തിൽ പഠിച്ചിട്ടില്ല. പക്ഷേ ഇതിനകത്ത് സഖിത്വം നിഷിദ്ധവസ്തുവാണ്. വെളിയിൽ വരുന്ന വിദ്യാർത്ഥികൾക്ക് അവിടുത്തെ താമസക്കാരായ സതീർത്ഥ്യകളുമായി തീരെ

അടുപ്പമുണ്ടായിക്കൂടാ. അദ്ധ്യാപികമാർക്ക് ആ രണ്ടുതരം വിദ്യാർത്ഥിനികളോടും വാത്സല്യം പാടില്ല"[29]. ഈ നിയമങ്ങൾ ഗ്രഹിക്കുന്നതും, അനുസരിക്കുന്നതും വളരെ ദുഷ്കരമായിട്ടാണ് കഥയിലെ സുഭദ്രയ്ക്കുതോന്നിയത്. സൗഹൃദബന്ധത്തോടുള്ള മഠ മേലാധികാരികളുടെ മനോഭാവത്തോട് സുഭദ്രയ്ക്ക് ഒട്ടും പൊരുത്തപ്പെടാൻ കഴിയുന്നില്ല. തൊട്ടടുത്തമുറിയിലെ കുട്ടികളുമായി രാത്രി പത്തുമണിക്കുശേഷം വരാന്തയിൽ വെച്ച് അവൾ സംസാരിച്ചത് വലിയകുറ്റമായിപ്പോയി ! മഠാധിപയ്ക്കു ഒരു പ്രാവശ്യം മാത്രം ക്ഷമിക്കാവുന്നതും, ആവർത്തിക്കാൻ പാടില്ലാത്തതുമായ ഒരു തെറ്റായിത്തോന്നി അത്. "ഇതിനകത്തിതു പാടില്ല. ആ കുട്ടിയുടെ ജീവിതം തുലയാനിതിൽ കൂടുതലെന്തുവേണം?"[30] എന്നു മദർ ചോദിച്ചപ്പോൾ സുഭദ്രയ്ക്ക് തലകറങ്ങും പോലെ തോന്നി. തന്റെ എഴുത്തു കിട്ടിയില്ലെങ്കിൽ ചത്തുപോവുമെന്നെഴുതാറുള്ള സ്നേഹിതകളെപ്പറ്റി സുഭദ്ര ഇവിടെ ഓർക്കുന്നുണ്ട്. അത്തരം സ്നേഹം തടയപ്പെടേണ്ട ഒരു തെറ്റാണെന്നു അവൾ ഇവിടെവച്ച് ആദ്യമായി അറിയുകയായിരുന്നു. ഒരു സഹാദ്ധ്യാപികയോട് അടുപ്പം കാണിച്ചതിന്റെ പേരിൽ കന്യാസ്ത്രീയായ ഒരദ്ധ്യാപികയെ മദർ കഠിനമായി ശിക്ഷിക്കുക കൂടിചെയ്യുന്നുണ്ട്. ഇതെല്ലാം കണ്ടുംകേട്ടും അറിഞ്ഞ സുഭദ്രയ്ക്കു അവിടുത്തെ ജീവിതം തികച്ചും ദുസ്സഹമായി അനുഭവപ്പെട്ടു. കോളേജ് പഠനകാലം മുഴുവൻ 'പ്രാണസഖി' എന്ന പേർ വിളിച്ച് തന്റെ സൗഹൃദാനുഭവങ്ങളെ നെഞ്ചേറ്റിക്കൊണ്ടു നടന്ന സരസ്വതിയമ്മയ്ക്കു സൗഹൃദത്തെ വിലക്കുന്ന കന്യാസ്ത്രീമഠത്തിലെ ജീവിതം ദുരിതമായിത്തോന്നിയത് സ്വാഭാവികം മാത്രമാണ്.

സ്നേഹപ്രകടനം ഉന്മീലനം ചെയ്യുന്ന ഭാഷണവും, സൗഹൃദബന്ധത്തെ പുഷ്കലമാക്കുന്ന ശാരീരികസ്പർശനവും കർശനമായി നിരോധിക്കുന്ന കന്യാസ്ത്രീമഠത്തിൽനിന്ന് ഏറെയൊന്നും വ്യത്യസ്തമല്ല ഇന്നത്തെ സാമൂഹികജീവിത ചുറ്റുപാട് എന്നു പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ, അമേരിക്കയിൽ സ്ത്രീകൾക്കിടയിൽ നിലനിന്നിരുന്ന അഗാധമായ സൗഹൃദബന്ധങ്ങളെ വ്യക്തമാക്കുന്ന സ്ത്രീകളുടെ കത്തുകളും, ഡയറിക്കുറിപ്പുകളും *An introduction to Women's Studies* എന്ന പുസ്തകത്തിൽ ചേർത്തുകാണാം. അവയെപ്പറ്റി വിശദമായി ചർച്ച ചെയ്യുന്നുമുണ്ട്; ആ ലിഖിതങ്ങൾക്ക് അവരുടെ വികാരങ്ങളെ വളരെ തീവ്രമായി തുറന്നു പ്രകടിപ്പിക്കാൻ കഴിയുന്നുണ്ടെന്നു അതിൽ നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്; "അവരുടെ ആഴത്തിലുള്ള സൗഹൃദബന്ധം ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ എത്തിനിൽക്കുന്ന നമ്മളെ

അമ്പരപ്പിക്കാതിരിക്കില്ലെന്നു ലേഖനത്തിൽ പ്രസ്താവിക്കുന്നുണ്ട്. അമ്പരപ്പിക്കുന്നതിനു കാരണമായി അതിൽ പറയുന്നത് രണ്ടു സ്ത്രീകൾ തമ്മിലുള്ള സൗഹൃദബന്ധത്തിന്റെ തീവ്രമായ വൈകാരിക പ്രകടനത്തെ സംശയത്തോടെ വീക്ഷിക്കുന്ന സാമ്പ്രദായിക ജീവിതസംസ്കാരമാണെന്നാണ്. ഒരേലിംഗത്തിൽപ്പെട്ടവരുടെ ശക്തമായ മൈത്രീബന്ധത്തിന് കടുത്ത വിലക്ക് കൽപിച്ചുകൊണ്ട് ശാരീരികമോ, വാചികമോ ആയ അത്തരം തീവ്രമായസ്നേഹപ്രകടനം സാധാരണനിലയിൽ അസ്വീകാര്യമാക്കുന്ന ഒരു സ്ഥിതിവിശേഷമാണ് പൊതുവേ കണ്ടുവരുന്നത്”[31]. 'സ്വർഗ്ഗദ്വാരം' എന്ന കഥ ഇത്തരമൊരവസ്ഥയെ തുറന്നുകാട്ടുന്നു. ലിംഗഭേദത്തെ പരിഗണിക്കാതെയുള്ള സ്ത്രീ പുരുഷസൗഹൃദബന്ധത്തിന് ഈ സാഹചര്യത്തിൽ കടുത്ത വെല്ലുവിളികൾതന്നെ നേരിടേണ്ടിവരുമെന്നു ഊഹിക്കാവുന്നതേയുള്ളൂ. അത്തരം മൈത്രീബന്ധത്തോട് വ്യവസ്ഥാപിത സമൂഹത്തിന്റെ നിലപാട് തീരെ ഉദാരമല്ലെന്ന് സരസ്വതിയമ്മയുടെ കഥകൾ വെളിപ്പെടുത്തുന്നുണ്ടല്ലോ.

ഊർജ്ജസ്വലയും, സ്വതന്ത്രചിന്താഗതിയും, ബുദ്ധിശക്തിയുള്ളവളുമായ ശാന്തി എന്ന സ്ത്രീ സുഹൃത്ത് സരസ്വതിയമ്മയുടെ കഥകളിൽ ആവർത്തിച്ചുവരുന്ന കഥാപാത്രമാണല്ലോ. വിവാഹിതകളായ തന്റെ സുഹൃത്തുക്കളുടെ അസ്വതന്ത്രമായ ജീവിതം അവിവാഹിതയായ അവളിൽ വിവാഹത്തോട് വൈമുഖ്യം ജനിപ്പിക്കുന്നുണ്ടെങ്കിലും അവളുടെ സാന്നിദ്ധ്യം ഈ വിവാഹിതകൾക്ക് പലപ്പോഴും ഒരാശ്വാസമായിട്ടാണ് അനുഭവപ്പെടുന്നത്. തങ്ങളുടെ വൈവാഹികജീവിത്തെ ദുർബലമാക്കാതെ പുഷ്ടിപ്പെടുത്താനാണ് ശാന്തിയുമായുള്ള സൗഹൃദം മിക്കപ്പോഴും അവരെ സഹായിക്കുന്നത്. 'അവിവാഹിതന്റെ അശ്രുക്കൾ', 'വിവാഹ സമ്മാനം', 'കുടിശ്ശികയും കൂട്ടി' എന്നീ കഥകളിൽ വിവാഹിതരും, അവിവാഹിതരുമായ കൂട്ടുകാരികളുമായി മനസ്സ് പങ്കുവെക്കുന്ന സുഹൃത്താണ് ശാന്തി. 'രമണി', 'വിശ്രമമുറിയിൽ', 'സ്ത്രീജന്മം' എന്നീ കഥകളിലാകട്ടെ ഭഗ്നപ്രണയിനികളായ തന്റെ സുഹൃത്തുക്കൾക്ക് ആത്മവീര്യം പകർന്നു നൽകുന്നവളാകുന്നു ശാന്തി. വൈവാഹികജീവിതത്തിന്റെ യാന്ത്രികതയും, ഗൃഹാന്തരീക്ഷത്തന്റെ കാർക്കശ്യവും കൊണ്ടു മനസ്സു മടുത്തുപോവുന്ന ഘട്ടങ്ങളിൽ അതിൽനിന്നുള്ള താൽക്കാലിക മോചനമായി ശാന്തിയുടെ സാന്നിദ്ധ്യത്തെ അനുഭവിക്കുന്നവളാണ് 'അവിവാഹിതന്റെ അശ്രുക്കളി'ലെ ആനന്ദലക്ഷ്മി. ഭർത്താവുമായി അധികനാൾ ഇങ്ങനെ യോജിച്ചുപോവാനാവില്ല എന്നു പരാതിപ്പെടുന്ന കൂട്ടുകാരിയുടെ അതിവൈകാരികത മുറ്റിനിന്ന ജീവിതാവബോധത്തെ മാറ്റിയെടുക്കാനും, അവളെ കാര്യബോധവും, ചിന്താശക്തിയുമുള്ളവളാക്കി

ത്തീർക്കാനും ശാന്തിയുടെ ഇടപെടൽകൊണ്ടു സാധിച്ചു. കഥയുടെ അന്ത്യത്തിൽ ആനന്ദലക്ഷ്മി തന്റെ മുറിയിൽ വച്ചിരുന്ന 'ബാച്ചിലേഴ്സ് ടിയേഴ്സ്' എന്ന പൂക്കൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പറയുന്നുണ്ട്, പണ്ടത്തെ ഓർമ്മകളെല്ലാം പുതുക്കി അവിടെ ഇരിക്കാൻ വയ്യാത്തവിധത്തിൽ ആ പൂക്കൾ വിഷമിപ്പിച്ചതുകൊണ്ടാണ് അവൾ ശാന്തിയുടെ പുറകെ കടപ്പുറത്തേക്ക് ചെന്നതു എന്ന്; അങ്ങിനെ പിറകെ വന്നതുകൊണ്ട് കാര്യമൊക്കെ മംഗളമായില്ലേ എന്ന ശാന്തിയുടെ തിരിച്ചുള്ള ചോദ്യം സൂചിപ്പിക്കുന്നത് പ്രശാന്തമായ കുടുംബജീവിതത്തിലേക്കുള്ള ആനന്ദലക്ഷ്മിയുടെ തിരിച്ചുവരവിനെയാണ്.

കുടുംബജീവിതത്തിന്റെ പിരിമുറുക്കത്തിൽനിന്ന് ഇടയ്ക്കെങ്കിലും അല്പം ആശ്വാസം നൽകത്തക്കവിധമുള്ള സൗഹൃദബന്ധം സ്ത്രീയുടെ മാനസികാസ്വാസ്ഥ്യത്തിന് അയവുവരുത്താനും, കുടുംബത്തിനകത്ത് അവളെ ഊർജ്ജസ്വലതയോടെ പ്രവർത്തനനിരതയാക്കാനും സഹായിക്കും. സ്ത്രീകളുടെ ഈ വിധമുള്ള സൗഹൃദങ്ങളെയും, വിവാഹജീവിതത്തെയും ബന്ധപ്പെടുത്തിക്കൊണ്ട് ഡെറോത്തി ജെറോൺ ഇങ്ങിനെ അഭിപ്രായപ്പെടുന്നു:

"സ്ത്രീകളുടെ സൗഹൃദസമാഗമങ്ങൾ പലപ്പോഴും അവർക്ക് ദാമ്പത്യജീവിതത്തിന്റെ കെട്ടുപാടുകളിൽനിന്ന് നേരിയ ആശ്വാസം പകരുന്ന ഇടവേളകളാകുന്നു. പുരുഷാധിപത്യത്തിനിണങ്ങുന്ന സാമ്പ്രദായിക സ്ത്രൈണസ്വത്വത്തിൽ നിന്നുള്ള മോചനം പ്രദാനം ചെയ്യുന്നു. എന്നിരുന്നാലും സ്ത്രീകൾ തമ്മിലുള്ള സൗഹൃദബന്ധം ഭർത്താക്കൻമാരോടും, കുടുംബത്തോടുമുള്ള അവരുടെ പ്രതിബദ്ധതയുമായി സംഘർഷത്തിലേർപ്പെടുകയാണെന്നു കരുതാൻ വയ്യ. സ്ത്രീ സൗഹൃദത്തിന്റെ വ്യതിരിക്തതയും, ദൃഢതയും ഒരർത്ഥത്തിലും അതിനു ഭീഷണിയാവുന്നില്ല. മറിച്ച് ലിംഗാധിഷ്ഠിതമായ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് സ്ത്രീകൾക്ക് ഉപദേശവും പ്രേരണയുമാകുന്നു. സാമ്പ്രദായിക മൂല്യങ്ങൾ വിലമതിക്കപ്പെടുകയും അങ്ങിനെ വിവാഹത്തെക്കുറിച്ചുള്ള യാഥാസ്ഥിതിക സങ്കൽപം അംഗീകരിക്കപ്പെടുകയും ചെയ്യുന്നു"[32]. അവിവാഹിതയായ ശാന്തിയുടെ ഇടപെടലുകൾ വിവാഹിതയായ കൂട്ടുകാരിയുടെ കുടുംബജീവിതത്തെ പുഷ്ടിപ്പെടുത്തുകയാണ് ചെയ്യുന്നത് എന്നത് മേൽപ്പറഞ്ഞ അഭിപ്രായഗതിയെ സാധൂകരിക്കുന്നുണ്ട്.

'കുടിശ്ശികയും കൂട്ടി' എന്ന കഥയിൽ ഉദ്യോഗവും, ഗൃഹഭരണവും കുട്ടികളുടെ പരിചരണവുമായി പ്രാരാബ്ധമനുഭവിക്കുന്ന കഥാനായിക വാസന്തിക്ക് ആശ്വാസമണയ്ക്കുന്ന

കൂട്ടുകാരിയാണ് ശാന്തി. അവിവാഹിതയായതുകൊണ്ട് പ്രാരാബ്ധമൊന്നുമറിയാതെ സ്വതന്ത്രമായി ജീവിക്കുന്ന ശാന്തിയുടെ ഭാഗ്യത്തെക്കുറിച്ച് മറ്റൊരു കൂട്ടുകാരി പാറുക്കുട്ടി ഒരിക്കൽ സൂചിപ്പിച്ചപ്പോൾ വാസന്തി പറയുന്നത് അതൊരു സുഖമല്ലെന്നും, ചെറുപ്പവും, ആരോഗ്യവും നശിച്ച് വയസ്സാകുമ്പോൾ നോക്കാനാരുമുണ്ടാവില്ല എന്നുമാണ്. അവിവാഹിതരുടെ മുൻപിൽ വച്ച് ദാമ്പത്യത്തിലെ സുഖസൗകര്യങ്ങളെപ്പറ്റി വർണ്ണിക്കുകയല്ലാതെ. ദുരിതങ്ങളെപ്പറ്റി സൂചിപ്പിക്കുക പോലും ചെയ്യരുതെന്ന മുൻകരുതൽ വാസന്തിക്കുണ്ട്. പക്ഷേ തുടരെയുള്ള പ്രസവത്തിന് വിധിയെ പഴിക്കുമ്പോൾ, പ്രാരാബ്ധങ്ങളിൽപെട്ട് അവൾ വലഞ്ഞപ്പോൾ, അവൾക്ക് ഒരു രക്ഷാമാർഗ്ഗം ഉപദേശിക്കുന്നത് ശാന്തിയാണ്. കാപട്യത്തോടെയുള്ള അവളുടെ മേനിപറച്ചിൽ മനസ്സിലാക്കിക്കൊണ്ടുതന്നെ, ലോകവിവരമോ, സാമാന്യബോധമോ ഇല്ലാത്ത അവളെ, സന്താനനിയന്ത്രണത്തെക്കുറിച്ച് പറഞ്ഞുകൊടുത്ത് ശാന്തി ബോധവതിയാകുന്നു.

'വിവാഹസമ്മാനം' എന്ന കഥയിൽ വിവാഹിതയാവാൻ പോകുന്ന ചപലയായ കഥാനായികയെ മനസ്സാക്ഷിക്കുത്തകറ്റി കുറ്റബോധമില്ലാത്ത ദാമ്പത്യജീവിതത്തിലേക്ക് പ്രവേശിക്കാൻ സന്നദ്ധയാക്കുന്നത് കൂട്ടുകാരി ശാന്തിയാണ്. 'വിശ്രമമുറിയിൽ' എന്ന കഥയിൽ, പ്രേമവഞ്ചിതയായ കൂട്ടുകാരിയെ, പ്രേമത്തിന്റെ വൈകാരികതയിൽ സ്വത്വാവബോധം നഷ്ടപ്പെടുത്താതെ, യാഥാർത്ഥ്യബോധമുൾക്കൊണ്ട് വ്യക്തിത്വമാർജ്ജിക്കാൻ ശാന്തി ഉപദേശിക്കുന്നു. ശാന്തിയിൽ കുടിക്കൊള്ളുന്ന വ്യതിരിക്തമായ സ്ത്രൈണാവബോധമാണ് അവൾക്ക് ഈ വിധം സ്വതന്ത്രമായി ചിന്തിക്കാനും, പ്രവർത്തിക്കാനും പ്രാപ്തി നൽകുന്നത്.

സ്ത്രീകൾക്കു വ്യക്തിജീവിതത്തിലും, കുടുംബജീവിതത്തിലും നേരിടേണ്ടിവരുന്ന പ്രശ്നങ്ങളെ പരസ്പരം പങ്കുവെച്ചുകൊണ്ടുള്ള ഇത്തരം സൗഹൃദങ്ങൾക്ക് ഇടം കണ്ടെത്തുന്ന എത്രയോ അനുഭവതലങ്ങൾ സരസ്വതിയമ്മയുടെ കഥകളിലുണ്ട്. 'ഒരുക്കത്തിന്റെ ഒടുവിൽ', 'പ്രേമത്തിന്റെ പ്രവൃത്തിമണ്ഡലം', 'പെൺബുദ്ധി', 'ബഹുമാനപ്പെട്ട അമ്മ', 'പകലും, രാവും', 'പനിനീർപൂവ്' എന്നീ കഥകളിലെ പെൺകൂട്ടായ്മയിൽ ശാന്തി എന്ന കഥാപാത്രത്തെ കാണുന്നില്ലെങ്കിലും, അവളുടെ ചുമതല ഏറ്റെടുത്തുകൊണ്ടുള്ള മറ്റ് സുഹൃത്തുക്കളുടെ സാന്നിദ്ധ്യം പ്രകടമാവുന്നുണ്ട്. പുരുഷവിദ്വേഷിയായിരുന്ന വാസന്തി വിവാഹിതയാവാൻ പോകുന്നതിന്റെ ഒരുക്കമാണ് 'ഒരുക്കത്തിന്റെ ഒടുവിൽ' എന്ന കഥ.

ഇപ്പോൾ പുരുഷവിദ്വേഷിയല്ലാത്ത അവളുടെ മധുരപ്രതീക്ഷകൾക്ക് മങ്ങലേൽപ്പി ക്കാതെത്തന്നെ അതിവൈകാരികതയിലൂന്നിക്കൊണ്ടുള്ള അവളുടെ വിവാഹസ്വപ്ന ത്തിന്റെ പൊള്ളത്തരം ശാരദ തന്റെ സംഭാഷണത്തിൽ ധ്വനിപ്പിക്കുന്നു. കൂട്ടുകാരിയിൽ യാഥാർത്ഥ്യബോധമുളവാക്കാൻ അതു സഹായിക്കുന്നു. ഒടുവിൽ വിവാഹപ്രതീക്ഷ തകരുന്ന ഘട്ടത്തിൽ വാസന്തിക്ക് താങ്ങാവുന്നത് യാഥാർത്ഥ്യബോധമുൾക്കൊള്ളുന്ന ശാരദയുടെ വാക്കുകളാണ്.

കൂട്ടുകാരായ മാലതിയും, ദേവകിയും വർഷങ്ങൾക്കുശേഷം കണ്ടു മുട്ടുന്ന 'പ്രേമ ത്തിന്റെ പ്രവൃത്തിമണ്ഡലം' എന്ന കഥയിൽ ഉദ്യോഗസ്ഥയായ ദേവകിയോട് സ്കൂളിൽ വച്ചുണ്ടായിരുന്ന പഴയ പരിചയം വെച്ച് സൗഹൃദം പുതുക്കാൻ മാലതി ആദ്യം മടിച്ചു. ഇന്നത്തെ ദേവകിയുടെ അന്തസ്സിനു അതു ചേരുമോ എന്ന ആശങ്കയായിരുന്നു അവൾക്ക്. എന്നാൽ യഥാർത്ഥസൗഹൃദം ഭൗതികമായ സ്ഥാനമാനങ്ങളെ പരിഗണിക്കില്ലെന്ന് ദേവകി യുടെ പെരുമാറ്റത്തിൽനിന്ന് മനസ്സിലാക്കിയ മാലതി പൂർവ്വസൗഹൃദം വീണ്ടെടുക്കുന്നു. മാലതിയുടെ പ്രേമവിവാഹത്തെക്കുറിച്ച് പലസംഗതികളും നാട്ടിൽ പാട്ടായിരുന്നു. അവ ഏതുവിധത്തിലാണ് ദേവകി മനസ്സിലാക്കിയിട്ടുള്ളതെന്ന് മാലതിക്കറിഞ്ഞുകൂടാ. അതു കൊണ്ടുതന്നെ "പണ്ടു നമ്മൾ തമ്മിലെത്ര സ്നേഹമായിരുന്നു"[33] എന്ന മുഖവുരയോടെ സൂക്ഷിച്ചാണ് മാലതി കൂട്ടുകാരിയുടെ മുന്നിൽ മനസ്സ് തുറന്നത്. കമിതാക്കളുടെ വിവാ ഹത്തിനു മുൻപുള്ള ശാരീരിക വേഴ്ചയെ 'പ്രേമത്തിന്റെ പ്രവൃത്തി മണ്ഡല'മായി വ്യാഖ്യാ നിച്ചുകൊണ്ട് മാലതിയുടെ പ്രേമത്തെ പരിഹസിക്കുന്നുണ്ടെങ്കിലും, കൂട്ടികാരിയുടെ ദൗർബ ല്യത്തെ ബോധ്യപ്പെടുത്തിക്കൊണ്ട് അവളെ വ്യക്തിത്വമാർജ്ജിക്കാൻ പ്രേരിപ്പിക്കുകയാണ് ദേവകി ഒരർത്ഥത്തിൽ ചെയ്യുന്നത്.

'പെൺബുദ്ധി' എന്ന കഥയിലെ വിലാസിനിക്ക് വിവാഹിതകളും, അവിവാഹിത കളുമായി ഒട്ടേറെ സുഹൃത്തുക്കളുണ്ട്. അവരിൽ വ്യക്തിത്വമില്ലാത്ത, വികാരലോലക ളായ സ്ത്രീ സുഹൃത്തുകളെ ചിന്താശക്തിയും, സ്വത്വബോധവും ഉള്ളവരാക്കിമാറ്റാൻ തക്ക പങ്കുവെക്കലുകൾ വിലാസിനിയുമായുള്ള സൗഹൃദത്തിൽ ഉളവാകുന്നുണ്ട്. അവ രോട് ഒരിക്കൽ അവൾ പറയുന്നു:

"എങ്ങനത്തേവന്റെയും സ്നേഹം മാത്രം കൊണ്ടു കാമുകിക്കു ആനന്ദിക്കാം; പക്ഷേ ഉത്തരവാദിത്വം നിറഞ്ഞ ഒരുതൊഴിലാണ് ഭാര്യാത്വമെന്നത്. ജീവിതസമരത്തിന്റേ

തായ ഈ ലോകത്തിൽ സ്നേഹം കൊണ്ടുമാത്രം കുട്ടികളെ വളർത്തിയെടുക്കാനൊക്കു കയില്ല"[34] വിലാസിനിയെപ്പോലെ സ്വതന്ത്രചിന്താഗതി വെച്ചുപുലർത്തുന്ന കൂട്ടുകാരിയാണ് വിജയലക്ഷ്മി. 'ബുദ്ധിശക്തിയിലും, ജ്ഞാനതൃഷ്ണ'യിലും, മുൻപന്തിയിലായിരുന്ന വിജയലക്ഷ്മിക്കു ആദ്യകാലത്ത് മധുരമായി തോന്നിയിരുന്ന ദാമ്പത്യം ഇന്നു വിരസ മായിത്തീർന്നിരിക്കുകയാണ്. തന്റെ ജീവിതത്തിലെ അസംതൃപ്തിയെക്കുറിച്ച് കൂട്ടുകാ രിയുമായുള്ള വിജയലക്ഷ്മിയുടെ തുറന്ന സംസാരത്തിൽ വ്യക്തമാക്കുന്നത് സ്ത്രീയുടെ അതിബുദ്ധി അവളുടെ ശാപമാണെന്നാണ്. തികഞ്ഞയാഥാർത്ഥ്യബോധത്തോടുകൂടിയാണ് ഈകൂട്ടുകാരികൾ തങ്ങളുടെ ജീവിതാനുഭവങ്ങളെ വിശകലനം ചെയ്യുന്നത്. ഒടുവിൽ സ്വതന്ത്രബുദ്ധിയും ചിന്താശക്തിയുമുള്ള സ്ത്രീകൾക്ക് ദാമ്പത്യജീവിതം കൂടുതൽ കൂടു തൽ പ്രശ്നസങ്കീർണ്ണമാകുന്നുവെന്ന തിരിച്ചറിവിൽ അവർ എത്തുന്നു. സരസ്വതിയമ്മ യുടെ കഥകളിലെ അവിവാഹിതകളായ സ്ത്രീസുഹൃത്തുക്കൾ അവരുടെ വിവാഹിതക ളായ കൂട്ടുകാരികളുടെ ജീവിതത്തെ അലങ്കോലപ്പെടുത്തുന്ന യാതൊരു ഇടപെടലും നട ത്തുന്നില്ല; മറിച്ച് അവരുടെ ദാമ്പത്യപ്രശ്നങ്ങൾക്ക് കഴിയുന്നതും പരിഹാരമുണ്ടാക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. അതേസമയം ഈ അവിവാഹിതകളായ സ്ത്രീ സുഹൃ ത്തുക്കൾ തങ്ങളുടെ സ്വതന്ത്രജീവിതത്തിൽ സംതൃപ്തരാണെന്ന മനോഭാവം പ്രകടിപ്പി ക്കുകയും. ചെയ്യുന്നു. പ്രത്യേകിച്ചും ശാന്തി എന്ന കഥാപാത്രം അവിവാഹിതയായി ജീവിക്കുന്നതിൽ അങ്ങേയറ്റം സംതൃപ്തിയുള്ളവളാണ്. തന്റെ അവിവാഹിതജീവിതത്തെ ഉയർത്തിക്കാണിക്കാനുള്ള കഥാകാരിയുടെ വ്യഗ്രതയാവും ഇത്തരം മനോഭാവത്തോടുകൂ ടിയ സ്ത്രീകഥാപാത്രങ്ങളുടെ സൃഷ്ടിക്കു പ്രേരണയായത്.

'ബഹുമാനപ്പെട്ട അമ്മ' എന്ന കഥയിൽ ഉദ്യോഗസ്ഥയും, കുടുംബിനിയുമായ സുഭദ്ര തന്റെ ജീവിതപ്രാരാബ്ധത്തിന്റെ കെട്ടഴിക്കുന്നത് കൂട്ടുകാരി വിശാലാക്ഷിയുടെ മുമ്പി ലാണ്. "ശമ്പളം വാങ്ങിക്കുന്നതിന്റെ ജോലി, ഭാര്യയായതിന്റെ ജോലി, അമ്മയായതിന്റെ ജോലി, ഇങ്ങനെ ഇരിയും ശരണവുമില്ലാത്ത രാപ്പകൽ ജോലിയോട് ജോലിതന്നെ, – എനിക്കുകഴിയില്ല – ഇതെല്ലാം കൂടെ"[35] – എന്നിങ്ങനെ അവൾ തന്റെ നിസ്സഹായാവസ്ഥ വ്യക്തമാക്കുന്നുണ്ട്. ഉദ്യോഗസ്ഥകളായ കുടുംബിനിമാർ അവരുടെ സൗഹൃദങ്ങൾക്കി ടയിൽ ഇന്നും ചർച്ചചെയ്യുന്ന ഒരു വിഷയമാണിത്. ഉദ്യോഗം വഹിക്കലും, കുട്ടികളെ വളർത്തലും, ഗൃഹഭരണവും തുടങ്ങി സ്ത്രീകൾക്ക് ഏറ്റെടുക്കേണ്ടിവരുന്ന ജോലിഭാരം ജീവിതത്തെ കൂടുതൽ കൂടുതൽ യാന്ത്രികമാക്കുമ്പോൾ ആരുടെയെങ്കിലും മുന്നിൽ മനസ്സ്

തുറന്ന് ഒരു പരിഭവിക്കാനെങ്കിലും കഴിഞ്ഞില്ലെങ്കിൽ അവർ തികച്ചുമൊരു യന്ത്രമായി മാറിപ്പോകും! ഭാര്യ, അമ്മ, മകൾ, സഹോദരി എന്നീ നിലകളിൽ വർത്തിച്ചുകൊണ്ട് പരിഭവം പറയുന്നതിനേക്കാൾ ഒരു സ്ത്രീക്കു താത്പര്യം 'അവളായി' നിന്നുകൊണ്ട് പരിഭവിക്കാനാവും. വ്യവസ്ഥാപിത ജീവിതസാഹചര്യത്തിൽ സ്ത്രീയുടെ ജീവിതം മിക്കവാറും അച്ഛനലോ, ഭർത്താവിനാലോ, കുട്ടികളാലോ, നിയന്ത്രിക്കപ്പെട്ടതായിരിക്കും. ആ ജീവിതം പലപ്പോഴും അവൾക്കുവേണ്ടിയാവുന്നില്ല, പകരം അവർക്കുവേണ്ടിമാത്രമുള്ളതാവുന്നു. എന്നാൽ അവർ അവളെപ്പറ്റി ചിന്തിക്കുന്ന ഏതാനും നിമിഷങ്ങളാണ് മനസ്സുപങ്കുവെക്കുന്ന സൗഹൃദങ്ങളിലൂടെ സംജാതമാകുന്നത്. മനസ്സിന്റെ പിരിമുറുക്കത്തിനു സ്വൽപം അയവും, വിശ്രാന്തിയും നൽകുന്നതാണ് പലപ്പോഴും സ്ത്രീകൾക്ക് ഇത്തരം സൗഹൃദബന്ധങ്ങൾ. അതുകൊണ്ടുതന്നെ സ്ത്രീസൗഹൃത്തെക്കുറിച്ചുള്ള ഈ കാഴ്ചപ്പാട് വളരെ പ്രസക്തമാണെന്നുപറയാം: "സ്ത്രീസൗഹൃദബന്ധത്തിൽ സ്ത്രീകൾക്ക് അവരുടെ ദൗർബല്യം പ്രകടിപ്പിക്കുന്നതിൽ യാതൊരു സങ്കോചവുമില്ല, ലോകമെമ്പാടുമുള്ള അടിച്ചമർത്തപ്പെട്ട വർഗ്ഗക്കാരെപ്പോലെ സ്ത്രീകളും തങ്ങളുടെ ദൈനംദിനജീവിതത്തെ മെച്ചപ്പെടുത്താനുള്ള മാർഗ്ഗമെന്ന നിലയിൽ പരസ്പരം ഐക്യദാർഢ്യം പുലർത്തുന്നു. എന്നാൽ നിലവിലുള്ള വ്യവസ്ഥയെ വെല്ലുവിളിക്കുന്ന വിധമുള്ള സൗഹൃദമാവില്ല അവരുടേത്; മറിച്ച് അവരുടെ സൗഹൃദബന്ധങ്ങൾ അവരുടെ ജീവിതത്തെ കൂടുതൽ സംതൃപ്തിയുള്ളതാക്കുന്നു[36]. 'Carrier girls' നോട് ഇന്നു സമുദായത്തിനുള്ള മനോഭാവത്തിൽ മാറ്റം വരുത്താൻ തന്റെ കഥകൾ സഹായകമായിട്ടുണ്ടെന്ന കഥാകാരിയുടെ അവകാശവാദം[37] ഇവിടെ ഒരനുബന്ധമായി ഓർക്കേണ്ടതാണ്.

കർത്തവ്യത്തിന്റെപേരിലും, നിർബന്ധത്തിനുവഴങ്ങിയും വിവാഹജീവിതം ഒരു ശാപമായി പേറേണ്ടിവന്ന നിർഭാഗ്യവതിയാണ് 'പകലും, രാവും' എന്ന കഥയിലെ ലീല. നോവൽ വായനപോലും അസാന്മാർഗ്ഗികമാണെന്നു കരുതുന്ന യാഥാസ്ഥിക കുടുംബപശ്ചാത്തലത്തിൽ വളർന്നു വന്ന അവൾക്കു സ്വന്തം ചേച്ചിയുടെ ഭർത്താവിനെ–പിതൃതുല്യനായ് കരുതിവന്ന ചേട്ടനെ–യാണ് വിവാഹം കഴിക്കേണ്ടിവന്നത്. പ്രസവിക്കാൻ കഴിയാത്തതുകൊണ്ട് ഭാര്യാപദവി പങ്കിടാനൊരുങ്ങിയ ചേച്ചിയുടെ നിർബന്ധമാണ് അവളെ ആ കുരുക്കിൽപ്പെടുത്തിയത്. അന്യയായ ഒരു സ്ത്രീ സപത്നിയായി വന്നാലുണ്ടായേക്കാവുന്ന പ്രയാസമോർത്താണ് ചേച്ചി അനുജത്തിയോട് ആസ്ഥാനം കൈയേൽക്കാൻ അപേക്ഷിച്ചത്. നന്ദിയും, അനുസരണയും ഇല്ലാത്തവളെന്നു പറയിക്കാതിരിക്കാൻ വേണ്ടി

സ്വജീവിതം ഈ വിധം മറ്റുള്ളവർക്കുവേണ്ടി ഹോമിച്ചിട്ടും, ചേച്ചിയോട് അന്യായം ചെയ്ത വളായി പുറംലോകം അവളെ ചിത്രീകരിച്ചു. അങ്ങുമിങ്ങും തൊടാത്ത സംസാരംകൊണ്ട് ലോകാഭിപ്രായത്തെ സാധൂകരിക്കാനും അങ്ങിനെ എല്ലാവരുടെയും സഹതാപപാത്രമാ വാനും ചേച്ചി സാമർത്ഥ്യം കാണിച്ചു. ജീവിതത്തിലെ ഈ ദുർഘട പ്രതിസന്ധിയിൽ അകപ്പെട്ട് ആത്മസംഘർഷമനുഭവിക്കുന്ന സമയത്താണ് ലീലയെ അന്വേഷിച്ച് അവളുടെ കൂട്ടുകാരി ഭാരതി അവിടെ എത്തുന്നത്. ആ കൂട്ടുകാരികളുടെ കൂടിക്കാഴ്ച അവരുടെ അഗാധമായ മൈത്രീബന്ധവും, സ്നേഹാധിക്യവും വെളിവാക്കിക്കൊണ്ട് ഹൃദയസ്പർശി യാക്കിയിട്ടുണ്ട് കഥാകാരി. വീർപ്പുമുട്ടുന്ന മനസ്സുമായി സ്വയം തന്നിലൊതുങ്ങിക്കൂടിയി രിക്കുന്ന കൂട്ടുകാരിയെകണ്ട് ഭാരതി ആദ്യം പരിഭവം പറയുന്നു.– "കള്ളീ, മഹാകള്ളീ, ഞാൻ വരാനുള്ള സമയമായപ്പം ഇരുട്ടത്തു കേറി കുനിഞ്ഞിരിക്കുന്നത് കണ്ടില്ലേ? വെളിച്ചത്തുവെച്ച് എന്റെ മുഖത്തു നോക്കാൻ വയ്യ, ഇല്ലേ"?[38] ഭാരതി കരുതിക്കൂട്ടി അങ്ങിനെ പറഞ്ഞതാവില്ലെങ്കിലും തന്റെ വിവാഹത്തെപ്പറ്റി നാട്ടിൽ പരന്ന കഥകൾ അവ ളുടെ വാക്കുകൾക്ക് പ്രേരകമായിട്ടുണ്ടാവാം എന്നു ലീല ന്യായമായും സംശയിച്ചിരി ക്കാം. ആ വാക്കുകൾ ലീലയിലുണ്ടാക്കിയ ഭാവമാറ്റമൊന്നും പക്ഷേ ഭാരതി ശ്രദ്ധിച്ചില്ല. സ്നേഹസൗഹൃദങ്ങൾ വഴിയുന്ന അവളുടെ മനോഭാവത്തെ ഈ വിധം കഥയിൽ വിവ രിച്ചിരിക്കുന്നു: "നാലഞ്ചു കൊല്ലങ്ങൾക്കുശേഷം സ്നേഹിതയെക്കണ്ട സന്തോഷത്തിൽ അവൾ മതിമറന്നുപോയി, എന്തെല്ലാം കാര്യങ്ങൾ പരസ്പരം പറഞ്ഞു കേൾപ്പിക്കാനുണ്ട്! എന്തെല്ലാം! എന്തെല്ലാം! ഈ സന്ദർശനത്തിന് ആകെ രണ്ടുമണിക്കൂർ മാത്രമേ ഭർത്താവ് അനുവദിച്ചിട്ടുള്ളൂ, സ്നേഹിതയുടെ ദേഹത്തുകൂടെ കൈചുറ്റിക്കൊണ്ട് അവൾ കട്ടിലി ലിരുന്നു. എല്ലാം പറഞ്ഞു തീർക്കാനുള്ള വെപ്രാളത്തിൽ ധൃതിപിടിച്ചു പറഞ്ഞു; ഹോ! ഇന്നെങ്കിലും കാണാൻ സാധിച്ചല്ലോ . . ."[39]. സ്നേഹിതയുമായി മനസ്സുപങ്കുവെക്കാ നുള്ള ത്വരയും, ഹൃദയം തുറന്ന സൗഹൃദഭാഷണത്തിനുവേണ്ട സ്വകാര്യതയ്ക്കുള്ള വട്ടംകൂട്ടലുമെല്ലാം കഥയിൽ പ്രകടമാവുന്നുണ്ട്. കാറിൽ തനിച്ചിരിക്കുന്ന ഭാരതിയുടെ ഭർത്താവിനെ വീട്ടിലേക്ക് ക്ഷണിക്കാൻ ലീല ചെന്നുവിളിക്കണമെന്നു ഭാരതി ആവശ്യ പ്പെട്ടെങ്കിലും, അതിനു തുനിഞ്ഞ ലീലയെ അടുത്ത നിമിഷം വിലക്കിക്കൊണ്ടവൾ പറ യുന്നു: "വേണ്ട, വേണ്ട, ഇപ്പം വേണ്ട. നമ്മൾ തനിച്ചിരുന്നു കുറേ സംസാരിച്ചിങ്ങോട്ടു കേറ്റിയാൽ മതി. അല്ലെങ്കിലൊരു വകയ്ക്കും സമ്മതിക്കില്ല"[40].

ഭാരതി തന്റെ വിവാഹക്കാര്യവും, അതിനുവേണ്ടി സഹിക്കേണ്ടിവന്ന പ്രയാസങ്ങളെപ്പറ്റിയും എല്ലാം ലീലയോട് വിശദമായി പറഞ്ഞിട്ടും ലീല തന്നെക്കുറിച്ച് ഒരക്ഷരം പറയുന്നില്ല. അതുകണ്ട് ഭാരതി പരിഭവിച്ചു: "ഞാൻ കിണ്ണാരം തോണ്ടിയെടുക്കുകയാണെന്ന് വിചാരിക്കരുത്. എന്നെപ്പറ്റി പറയാനുള്ളതെല്ലാം ഞാൻ വന്നു കേറിയപ്പം തൊട്ടിതുവരെ ശ്വാസം വിടാതെ പറഞ്ഞില്ലേ? ഇനിയും എന്തുവേണമെങ്കിലും ചോദിച്ചോ, പറയാം. നിന്റെ സുഖദു:ഖങ്ങളെപ്പറ്റി വിസ്തരിച്ചറിയാൻ വേണ്ടി സ്നേഹം കൊണ്ടു ചോദിക്കയാണ്, നിന്റെ സ്നേഹമൊക്കെ പൊയ്പോയോ"[41]. ഭാരതി സ്നേഹിതയെ തന്നോട് ചേർത്ത്പിടിച്ചുകൊണ്ടാണ് ഇങ്ങിനെ പരിഭവം പറയുന്നത്. "ഉണങ്ങിവരണ്ട മരുഭൂമിയായിത്തീർന്ന തന്റെ ഹൃദയത്തിൽ സ്നേഹിതയുടെ സാന്നിദ്ധ്യത്തിലും, സംഭാഷണത്തിലും ചെറിയ നീർച്ചാലുകൾ കിനിഞ്ഞുവരുന്നതുപോലെ ലീലയ്ക്ക് തോന്നി"[42] എന്ന കഥയിലെ പരാമർശം എത്രമാത്രം ആത്മൈക്യം പുലർത്തുന്ന സൗഹൃദമാണവരുടേതെന്നു സൂചിപ്പിക്കുന്നു. യാന്ത്രികവും, നിർവ്വികാരവുമായ ജീവിതം നയിക്കുന്ന, ഹതാശയായ ലീലയുടെ നിശ്ശബ്ദദു:ഖം കണ്ട് ദേഷ്യവും, സങ്കടവും തോന്നിയ ഭാരതി അവളുടെ താടിയിൽ പിടിച്ച്, മുഖമുയർത്തിക്കൊണ്ട് കണ്ണീരിന്റെ ഈർപ്പമുള്ള സ്വരത്തിൽ ചോദിച്ചു: "നോക്ക്, ഭർത്താവുണ്ടായപ്പിന്നെ കൂട്ടുകാരും, നാട്ടുകാരുമൊന്നും വേണ്ടാത്ത ചില പെണ്ണുങ്ങളെപ്പോലെയാണോ നീയും? നിന്റെ കല്ല്യാണക്കാര്യം പറഞ്ഞ എന്റെ അമ്മയോട് കള്ളക്കഥ വിശ്വസിക്കരുതെന്നും പറഞ്ഞു തട്ടിക്കേറി ഞാനെന്തുമാത്രം ശകാരം വാങ്ങിച്ചുപിടിച്ചെന്നോ? എന്നിട്ട്, ഞാനെഴുത്തയച്ചു ചോദിച്ചിട്ട് എന്റെ അഞ്ചെഴുത്തിനും നീ മറുപടി അയയ്ക്കാതിരുന്നപ്പം അതുതന്നെ ഒരു മറുപടിയാണെന്നെനിക്കുതോന്നി. പോരെങ്കിൽ നിന്റെ അമ്മയുടെ മരണമന്വേഷിച്ച് ആയിടയ്ക്കിവിടെ വന്നിട്ടു തിരിച്ചു വന്ന അമ്മ എല്ലാം വിസ്തരിച്ചു പറയുകയും ചെയ്തു. എന്നിട്ടും ഞാൻ വാദിച്ചു. നിന്നെ നിർബന്ധിച്ച് ചെയ്യിച്ചതാവുമെന്ന്, ഇന്നത്തെ പെമ്പിള്ളേരുടെയിടയിൽ സമ്മതമില്ലാതെ പറ്റുമോ, എന്നു നിന്റെചേച്ചി ചോദിച്ചതായി അതിനമ്മ സമാധാനം പറഞ്ഞു. അല്ലെങ്കിലും അമ്മയെ കാണാതെ നീ കതകടച്ചിരുന്നു കഴിഞ്ഞപ്പോഴേ അമ്മയ്ക്കു തീർച്ചയായി നിന്റെ പേരിലാണ് തെറ്റെന്ന്, എനിക്ക് തീരെ മനസ്സിലാകാത്തത് അതല്ല. എങ്ങനത്തെ പ്രായത്തിലും, തരത്തിലുമുള്ള മനുഷ്യനെയാണിഷ്ടമെന്ന് പണ്ടു നീ പറയാറുള്ളതോർമ്മയുണ്ടോ"?[43] – ലീലയുടെ വിവാഹത്തെക്കുറിച്ചുള്ള കേട്ടുകേൾവികളെയെല്ലാം അവിശ്വസിക്ക മാത്രം ചെയ്ത ഭാരതി അവളെ ശരിക്ക് മനസ്സിലാക്കിയവളാണ്. അവളുടെ നഷ്ടപ്പെട്ട സ്വാതന്ത്ര്യ

ബോധത്തെ ഉണർത്താൻ ശ്രമിച്ചുകൊണ്ട് പരിഭവം പറയാനും, അവളെ ചെറുതായി ശകാരിക്കാനും തക്ക അധികാരം ഭാരതി കാണിക്കുന്നത് സൗഹൃദ സ്നേഹത്തിലൂന്നിക്കൊണ്ടാണ്. കൂട്ടുകാരിയുടെ ഈ സ്നേഹാർദ്രതയെ തൊട്ടറിഞ്ഞപ്പോഴാണ് ലീലയുടെ വിങ്ങിനിന്ന മനസ്സ് പെയ്തൊഴിയുന്നത്. സ്വന്തമായൊരു വ്യക്തിത്വം രൂപം കൊള്ളാനനുവദിക്കാത്ത വീട്ടിലെ ചുറ്റുപാടും, വിവാഹത്തിലൂടെ തന്റെ ജീവിതം തകർത്ത ദുർവിധിയും, സ്ത്രീത്വത്തിന്റെ മഹത്വമായി കൊട്ടിഘോഷിക്കപ്പെടുന്ന സഹനശക്തിയാൽ ഞെരിഞ്ഞമർന്ന തന്റെ പ്രതിഷേധവും എല്ലാം ഓർത്തെടുത്ത ലീലയുടെയുള്ളിൽ വീർപ്പുമുട്ടിനിന്ന ദുഃഖം ഒരു പൊട്ടിക്കരച്ചിലായിമാറി, സ്നേഹിതയുടെ കഴുത്തിൽ അവൾ കെട്ടിപ്പിടിച്ചു. കല്ലിച്ചുപോയ തന്റെ മനസ്സിനെ അലിയിക്കത്തക്ക സ്നേഹാർദ്രത കൂട്ടുകാരിയിൽനിന്ന് അവൾ അനുഭവിച്ചറിഞ്ഞു. മറ്റെല്ലാവരുടെയും തെറ്റിദ്ധാരണയും സഹിക്കാം, പക്ഷേ തന്റെ സ്നേഹത്തെ കൂട്ടുകാരി സംശയിക്കുന്നു എന്നത് ലീലയ്ക്ക് അസഹ്യമായിത്തോന്നി. ലോകം മുഴുവൻ പഴിച്ചാലും തന്നെ മനസ്സിലാക്കുമെന്നു കരുതുന്ന ഒരു സ്നേഹിതയുടെ ഉള്ളിൽ ഇടം തേടുന്ന ഈ സ്നേഹം ആ സൗഹൃദസ്നേഹത്തിന്റെ ആഴവും, പരപ്പുമാണ് വ്യക്തമാക്കുന്നത്. തീവ്രമായ സൗഹൃദസ്നേഹത്തിന്റെ ഭാവതലത്തിൽ നിലയുറപ്പിച്ചുക്കൊണ്ടുള്ള ഈ രണ്ടുകൂട്ടുകാരികളുടെ മൈത്രീബന്ധം സാമാന്യ ജീവിതപരിസരത്തിൽ അഭൂതപൂർവ്വമായൊരു അനുഭവത്തെയാണ് ഉന്മീലനം ചെയ്യുന്നത്.

'പനിനീർപൂവ്' എന്ന കഥ, കൂട്ടുകാരായിരുന്ന പ്രസന്നയും, സൗദാമിനിയും കലാശാലാജീവിതത്തിനും ശേഷം യാദൃച്ഛികമായി കണ്ടുമുട്ടുന്നിടത്തുനിന്ന് ആരംഭിക്കുന്നു. അവരുടെ സൗഹൃദബന്ധവും, അപ്രതീക്ഷിതമായ കണ്ടുമുട്ടലും പ്രസന്നയുടെ ജീവിതത്തിൽ ഒരു വഴിത്തിരിവാകുന്നു. സൗദാമിനിയുടെ, ശരീരം തളർന്നുകിടക്കുന്ന ഏട്ടനെ ഭർത്താവായി സ്വീകരിക്കാൻ പ്രസന്ന തയ്യാറാവുകയാണ്. പതിവുരീതിയിൽനിന്നും വേറിട്ടൊരു ആദർശജീവിതം തെരഞ്ഞെടുത്ത അവളെ വീട്ടുകാർ ഒന്നടങ്കം ഭർത്സിച്ചു. സാമ്പ്രദായിക വിവാഹജീവിതസങ്കൽപ്പത്തെ പുറംതള്ളുന്ന പ്രസന്നയുടെ ജീവിതവീക്ഷണം ഉൾക്കൊള്ളാൻ കൂട്ടുകാരിയായ സൗദാമിനിക്കേ കഴിയുന്നുള്ളു. "മനസ്സാക്ഷിയെ പേടിച്ചില്ലെങ്കിൽ, ലോകരെ ഭയന്നെങ്കിലും കടമ ചെയ്യുന്നതു മനുഷ്യത്വമാണ്. പ്രസന്ന ഇച്ചെയ്യുന്നത് മനുഷ്യത്വമല്ല, ദിവ്യത്വമാണ്"[44]. എന്ന സൗദാമിനിയുടെ വാക്കുകൾ പ്രസന്നയ്ക്കു ആത്മവിശ്വാസം പകർന്നു. സ്വന്തം ഇച്ഛാശക്തിക്കനുസരിച്ച് ജീവിക്കാൻവേണ്ട പ്രായോഗിക

ചുറ്റുപാട് ഈ കഥയിൽ സംജാതമാവുന്നതിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നത് അവരുടെ സുദൃഢമായ സൗഹൃദബന്ധം തന്നെയാണ്.

'സ്വപ്ന മണ്ഡലം', 'ഇരുപതുവർഷത്തിനുശേഷം' എന്നീ കഥകളുടെ അനുഭവതലം സ്ത്രീകളുടെ സൗഹൃദത്തിൽനിന്നു വ്യത്യസ്തമായി പുരുഷൻമാർക്കിടയിലെ സൗഹൃദബന്ധത്തിന്റെ പശ്ചാത്തലത്തിലാണ് വികസിക്കുന്നത്. 'പകലും, രാവും' എന്ന കഥയുമായി ഒരു പരിധിവരെ താരതമ്യം ചെയ്യാവുന്നതാണ് 'സ്വപ്നമണ്ഡലം'. രണ്ടിലും സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ട് മനസ്സിനിണങ്ങാത്ത വിവാഹബന്ധത്തിൽ ഏർപ്പെടേണ്ടിവന്നതിനാൽ മാനസികസംഘർഷമനുഭവിക്കുന്നവരാണ് കേന്ദ്രകഥാപാത്രങ്ങൾ. അവർ തങ്ങളുടെ സുഹൃത്തുക്കളുമായി സംവദിക്കുന്നതിലൂടെയാണ് ഈ കഥകളിൽ ഇതിവൃത്തം ചുരുളഴിയുന്നത്. സ്വപ്നമണ്ഡലത്തിലെ നായകൻ മോട്ടിയുടെ ആത്മമിത്രത്തിനു അവരുടെ സൗഹൃദബന്ധത്തിൽനിന്ന് തിക്തമായൊരനുഭവമാണുണ്ടാവുന്നത്. ഭാര്യയുടെ ജ്യേഷ്ഠത്തിയുടെ മകളെ, സ്വന്തം മകളെപ്പോലെ ലാളിച്ചുവളർത്തിയ മോട്ടിക്ക്, അവളെ ഭാര്യയായി സ്വീകരിക്കേണ്ടിവന്നപ്പോഴുണ്ടാവുന്ന മാനസികവിഷമം സുഹൃത്തുമായി പങ്കുവെയ്ക്കാൻ തയ്യാറാവാതിരുന്നതായിരുന്നു അതിനു കാരണം. മിഥ്യാഭിമാനം കൊണ്ട് അന്ന് മോട്ടി ആ സൗഹൃദബന്ധത്തെ വലിച്ചെറിയുകയാണ് ചെയ്തത്. "ഞങ്ങളുടെ ഹൃദയഞരമ്പുകളിൽ പറ്റിപ്പിടിച്ച ഒന്നായിരുന്നു ആ സൗഹൃദം"[45] എന്ന് മോട്ടിയുടെ കൂട്ടുകാരൻ പിന്നീട് ഒരിക്കൽ അവരുടെ ബന്ധത്തെക്കുറിച്ച് ഓർക്കുന്നുണ്ട്. ആവിധം സുദൃഢമായിരുന്ന ആ മൈത്രീബന്ധം കഥയിൽ വെളിപ്പെടുത്തുന്നത് മോട്ടിയുടെ മരണശേഷം അവിശ്വസനീയമായ ഒരു പശ്ചാത്തലത്തിലാണ്. തന്റെ കല്ലറയിൽനിന്ന് ഉയർത്തെണീറ്റുവന്ന മോട്ടി സുഹൃത്തിന്റെ സ്വപ്നത്തിൽ വന്നു തന്റെ മനസ്സ് തുറന്നുവെക്കുന്നതായിട്ടാണ് അതാവിഷ്ക്കരിക്കുന്നത്. മോട്ടിയുടെ ആത്മാവ് സുഹൃത്തിനോട് പറയുന്നു:

"നിങ്ങളും എന്നെ വെറുത്തുപോയി, എല്ലാറ്റിനും ഞാനാണ്. അന്നേ സത്യം പറയാനുള്ള കരുത്തെനിക്കുണ്ടായിരുന്നെങ്കിൽ നിങ്ങളെങ്കിലും അവസാനം വരെ എന്നെ നിന്ദിക്കാതിരുന്നേനെ. പക്ഷേ, കുറ്റസമ്മതം അഭിമാനക്ഷയമായിട്ടാണ് മനുഷ്യൻ കരുതുന്നത് "[46] – അധീശഭാവം മുന്നിട്ടു നിൽക്കുന്ന സ്വഭാവമായതുകൊണ്ട് പുരുഷൻമാർക്കു അവരുടെ സൗഹൃദബന്ധത്തിൽ പലപ്പോഴും സ്ത്രീസൗഹൃദങ്ങൾക്ക് സാധ്യമാവുന്നവിധം

മനസ്സുകളുടെ ലയനവും, പങ്കുവെക്കലും അസാധ്യമാണ് എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. "പുരുഷസൗഹൃദത്തിൽ അവർ തങ്ങളുടെ ആധിപത്യത്തെ ന്യായീകരിക്കാനും, തങ്ങളെ പൂർണ്ണമായും വെളിപ്പെടുത്താതിരിക്കാനും നോക്കുമ്പോൾ, സ്ത്രീസൗഹൃദത്തിൽ സ്ത്രീകൾ തങ്ങളുടെ ദൗർബ്ബല്യത്തെ വെളിപ്പെടുത്തുന്നതിൽ യാതൊരു മടിയും കാണിക്കുന്നില്ല"[47].

അധീശഭാവം പുലർത്തിയിരുന്ന മോട്ടിയുടെ ആത്മാവിന്റെ തുറന്നുള്ള വെളിപ്പെടുത്തലിലൂടെയാണ് അയാളുടെ ദയനീയാവസ്ഥ കൂട്ടുകാരൻ മനസ്സിലാക്കുന്നത്. ലോകം മോട്ടിയുടെ പ്രവൃത്തിയെ പഴിച്ചപ്പോൾ, ദുഷ്പ്രവൃത്തി ചെയ്തവനേക്കാൾ അവന് സന്ദർഭത്തിന്റെ ആനുകൂല്യം നൽകിയ 'സർവ്വജ്ഞനായ ഈശ്വരനിലാണ്' സുഹൃത്ത് കുറ്റം കണ്ടെത്തുന്നത്. ഇതു ദൈവനിന്ദയാണെങ്കിലും, സൗഹൃദബന്ധത്തിന്റെ വിശ്വാസ്യതയും, വിശുദ്ധിയും മനസ്സിൽ സൂക്ഷിക്കുന്ന ആ ആത്മാർത്ഥ മിത്രത്തിന് തന്റെ കൂട്ടുകാരനെ കുറ്റപ്പെടുത്താൻ കഴിയുന്നില്ല. "ആത്മസ്നേഹിതന്റെ അപരാധത്തെ ന്യായീകരിക്കാൻ എന്റെ അന്തരാത്മാവ് ചെയ്ത ശ്രമത്തിന്റെ ഫലമായിരിക്കാം അത് "[48] എന്ന് ഒടുവിൽ അയാൾ തന്റെ സ്വപ്നത്തെക്കുറിച്ച് ചിന്തിക്കുന്നുണ്ട്. സ്വപ്നാവസ്ഥയിലെങ്കിലും ഈ വിധമൊരു മനസ്സ് പങ്കുവെക്കൽ സാധ്യമായില്ലെങ്കിൽ തീർച്ചയായും 'ഹൃദയ ഞരമ്പുകളിൽ പറ്റിപ്പിടിച്ച സൗഹൃദസ്നേഹം' അയാളെ വീർപ്പുമുട്ടിക്കുമായിരുന്നു. ജീവിതത്തിൽ ഒറ്റപ്പെട്ടുപോയ ഒരവസ്ഥയിൽപ്പോലും അടുത്ത സുഹൃത്തുമായി മനസ്സ് പങ്കുവെക്കാൻ തുനിയാത്ത, ഒറ്റയാനായി ജീവിച്ചുമരിച്ച മോട്ടിയുടെ ചെയ്തിയെ ഈ വിധം ന്യായീകരിക്കുന്ന ആ സ്നേഹിതന്റെ സൗഹൃദസ്നേഹം ഏകപക്ഷീയമാണെങ്കിലും അത്യപൂർവ്വമായ ഒരു ഭാവത്തെയാണ് വെളിപ്പെടുത്തുന്നത്.

ഒരു കാലത്ത് ആത്മമിത്രങ്ങളായിക്കരുതി പരസ്പരം മൈത്രീബന്ധം പുലർത്തിയിരുന്ന രണ്ടുപേരുടെ പിൽക്കാലത്തുണ്ടായ സമാഗമം സൗഹൃദബന്ധത്തെ നിരാർദ്രവും, നിഷ്ഠൂരവുമാക്കുന്ന ഒരനുഭവത്തെയാണ് 'ഇരുപതു വർഷത്തിനുശേഷം' എന്ന കഥ രേഖപ്പെടുത്തുന്നത്. വിക്രമനും, വിജയരാഘവനും സഹപാഠികളും കൂട്ടുകാരുമായിരുന്നു. കോളേജിൽ പഠിക്കുമ്പോൾ ധനികയായ ഒരുപെൺകുട്ടിയെ രണ്ടുപേരും ഒരുപോലെ ഇഷ്ടപ്പെട്ടിരുന്നുവെങ്കിലും അക്കാര്യത്തിൽ അവർ തമ്മിൽ മത്സരിച്ചിരുന്നില്ല. തങ്ങളിൽ ആർക്കാവും അവളുടെ ഭർതൃസ്ഥാനമെന്നത് വിധിക്കുവിട്ടുകൊടുത്തുകൊണ്ട്

അവർ സുഹൃത്തുക്കളായിത്തന്നെ കഴിഞ്ഞു. പക്ഷേ നായികയുടെയും, വിജയരാഘവന്റെയും അച്ഛൻമാർ തമ്മിലുണ്ടായ വിരോധത്തിന്റെ ഫലമായി കാര്യങ്ങളെല്ലാം കീഴ്മേൽമാറ്റിമറിക്കപ്പെട്ടു. അവർ മൂന്നുപേരും മൂന്നുദിക്കിലേക്കായി പിരിഞ്ഞുപോയി. അവരിൽ വിജയരാഘവൻ ഡോക്ടറും, നായിക ഒരു ധനികന്റെ ഭാര്യയുമായി, പഠനം തുടരാൻ കഴിയാതെപോയ വിക്രമൻ ദരിദ്രനും, പ്രാരാബ്ധക്കാരനുമായി മാറി. ഇരുപതുവർഷത്തിനുശേഷം അവിചാരിതമായി അവർ മൂന്നുപേരും കണ്ടുമുട്ടുവാനിടയായി. വിക്രമന്റെ വീട്ടിന്റെ മുൻപിൽവച്ച് കാറപകടത്തിൽപ്പെട്ട നായികയെ ശുശ്രൂഷിക്കാനായി എത്തിയത് വിജയരാഘവനായിരുന്നു. കൂട്ടുകാരനെ നേരിൽക്കണ്ടപ്പോൾ പഴയസൗഹൃദമോർത്ത് വിക്രമൻ വിജയരാഘവന്റെ തോളത്ത് കൈവെച്ചു. അപരിചിതത്വം ഭാവിച്ചുകൊണ്ട് വിജയരാഘവൻ ആ കൈ തട്ടിമാറ്റിക്കളഞ്ഞു. പക്ഷേ വിക്രമൻ പിൻമാറിയില്ല. സൗഹൃദബന്ധം സ്ഥാപിച്ചെടുക്കാൻതന്നെ അയാൾ ഒരുമ്പെട്ടു: “സ്ഥിതി വലുപ്പത്തിന്റെ പിടിയിൽപ്പെട്ട അച്ഛനമ്മമാരുടെ നിഷ്ഠൂരത്വത്താൽ അകറ്റപ്പെട്ട മൂന്നു നിർമ്മലഹൃദയങ്ങൾ, ഇരുപതുവർഷത്തിനുശേഷം മുഹൂർത്ത നേരത്തേക്കു മാത്രമായിട്ടെങ്കിലും, ഭാഗ്യത്താൽ സന്ധിച്ചിരിക്കുമ്പോൾ, ആ അത്യപൂർവ്വ ഭാഗ്യം അറിയാതെയും, ആഘോഷിക്കപ്പെടാതെയും പോകരുതെന്ന് വിക്രമനാശിച്ചു. അയാൾ അല്പം അടുത്തേക്കുനീങ്ങി ആദ്യത്തേക്കാൾ പതിഞ്ഞസ്വരത്തിൽ, അടുത്തെങ്ങാനും നില്ക്കാവുന്ന ഭാര്യകേൾക്കാതെ പറഞ്ഞു; “ഞാൻ വിക്രമനാണ് – കണ്ടിട്ടറിയുന്നില്ല, ഇല്ലേ?”[49] – വിക്രമന്റെ സ്നേഹത്തോടേയുള്ള പരിചയം ഭാവിക്കലിനെ വിജയരാഘവൻ അവഗണിക്കുകയും, അപഹസിക്കുകയുമാണ് ചെയ്തത്.

“പണ്ടെങ്ങാണ്ട് പഠിച്ചുകൊണ്ടിരുന്ന കാലത്തെ കളിയെ കാര്യമാക്കിയെടുത്ത് ഓർത്തുകൊണ്ടേയിരിക്കുന്ന മണ്ടൻ! ഇക്കണക്കിന് കൊച്ചുന്നാളിൽ കളിക്കാനുപയോഗിച്ച പാവ കണ്ടാലും നിങ്ങൾക്ക് ഭ്രാന്ത് പിടിക്കുമല്ലോ”[50] സമ്പന്നതയും, സമൂഹത്തിലെ ഉന്നതസ്ഥാനവും ചേർന്ന് നിരാർദ്രമാക്കിയ മനസ്സിന്റെ ഉടമയാണ് ഇന്നു വിജയരാഘവൻ. തന്മൂലം കോടിപ്പോയ ഒരു സൗഹൃദബന്ധത്തിന്റെ വികലചിത്രമായി ഇവരുടെ സമാഗമം പരിണമിച്ചു. സുഹൃത്തിന്റെ അവഗണയും, അപരിചിതത്വനാട്യവും, പരിഹാസവും വിക്രമനെ തളർത്തിക്കളഞ്ഞു.

പഴയ സൗഹൃദബന്ധം തിരിച്ചറിഞ്ഞിട്ടും നിഷ്കരുണം തിരസ്ക്കരിക്കപ്പെട്ട ഒരുവന്റെ നിസ്സഹായതവും, വേദനയുമാണല്ലോ ഈ കഥയിലാവിഷ്ക്കരിച്ചിരിക്കുന്നത്. ഇത്ത

രമൊരു തിരസ്ക്കാരത്തിന്റെ അനുഭവം സരസ്വതിയമ്മയുടെ ഒരു പൂർവ്വസൗഹൃദബന്ധത്തെ തേടിപ്പോയപ്പോൾ ഈ പ്രബന്ധകാരി അറിയാനിടയായിട്ടുണ്ട്. അതാണ് 'കെ.സരസ്വതി യമ്മയും, സീതാഭവനവും'[51] എന്ന അനുഭവക്കുറിപ്പ്. സരസ്വതിയമ്മയുടെ സുഹൃത്താ യിരുന്ന ശാരി അവരെ താൻ അറിയില്ലെന്ന് പറഞ്ഞത് അറിയില്ലെന്ന് നടിച്ചുകൊണ്ടുള്ള അവഗണിക്കലായിരുന്നു. തന്റെ ജീവിതത്തിൽ താൻ മറക്കാൻ ആഗ്രഹിക്കുന്നതും ഏറെ ക്കുറെ മറന്നതുമായ ഒരു കാലഘട്ടമാണതെന്നും. 'I totally ignore it'[52] – എന്നും പറ ഞ്ഞുകൊണ്ടവർ ഒഴിഞ്ഞുമാറി. സരസ്വതിയമ്മയെപ്പറ്റി എന്തെങ്കിലും പറയാൻ അവർ തയ്യാറായില്ല. ശാരിയുടെ ആദ്യവിവാഹവും, വിവാഹമോചനവുമെല്ലാം പ്രസ്തുതകാല ഘട്ടത്തിലായിരുന്നുവെന്ന് രാജലക്ഷ്മിയിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. പക്ഷേ എന്തിനവർ അവയോടൊപ്പം തന്റെ പ്രാണസഖിയേയും (ശാരിയുടെ പ്രാണസഖി എന്നാ ണല്ലോ മറ്റുള്ളവർ സരസ്വതിയമ്മയെ വിശേഷിപ്പിച്ചിരിക്കുന്നത്.) മറക്കാൻ ശ്രമിച്ചു?. ഉത്തരം കിട്ടാത്ത ഒരു ചോദ്യമായിത്തന്നെ ഇത് അവശേഷിക്കുന്നു. മറക്കാനാഗ്രഹി ക്കുന്ന ചില ജീവിതാനുഭവങ്ങളും, തുടർന്ന് ഒരു ഉന്നതോദ്യോഗസ്ഥന്റെ ഭാര്യയായി കേരള ത്തിനു പുറത്തുള്ള ദീർഘകാല ജീവിതവും കാലക്രമേണ സൗഹൃദബന്ധത്തിനുവന്ന ശൈഥില്യവും എല്ലാം സരസ്വതിയമ്മയോടും, ആ പഴയ സൗഹൃദത്തോടും അവർക്കു ണ്ടായിരുന്ന താത്പര്യം കുറയാൻ കാരണമായിട്ടുണ്ടാവാം. തനിക്കു താൽപ്പര്യമില്ലാത്ത കാര്യങ്ങളെക്കുറിച്ച് മറ്റൊരാൾ വളരെ താത്പര്യത്തോടെ ആരാഞ്ഞപ്പോൾ അതൊഴിവാ ക്കാൻ, പ്രത്യേകിച്ചും വാർദ്ധക്യസഹജമായ അവശതകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിൽ അവർ ശ്രമിച്ചതാവാം. എന്തായാലും സൗഹൃദബന്ധങ്ങളെ സ്വജീവിത ത്തിൽ വിലമതിച്ചിരുന്ന സരസ്വതിയമ്മയുടെ സൗഹൃദത്തെ ഒരു പഴയ കൂട്ടുകാരി അവ ഗണിച്ചുവെങ്കിലും അവരുമായുള്ള മൈത്രീബന്ധത്തെ ഇന്നും തീവ്രതയോടെ അനുസ്മ രിക്കുന്ന മറ്റൊരു കൂട്ടുകാരിയാണ് – രാജലക്ഷ്മി. തൊണ്ണൂറാം വയസ്സിന്റെ അവശത യിലും പ്രാണസഖിയായ സരസ്വതിയമ്മയെക്കുറിച്ചുള്ള തുടിക്കുന്ന ഓർമ്മകൾ അവ രിൽ നിറഞ്ഞുനിൽക്കുന്നു.

രക്തബന്ധത്തിന്റെ ചങ്ങലക്കെട്ടില്ലാത്ത, കർത്തവ്യത്തിന്റെ ഭാരമില്ലാത്ത, സ്വത ന്ത്രമായ പങ്കുവെക്കലിന്റെയും, ആചാരബന്ധമില്ലാത്ത സ്വത്വാവബോധത്തിന്റെ സ്വാതന്ത്ര്യം പ്രകടിപ്പിക്കലിന്റെയും സാക്ഷാത്ക്കാരം സാധ്യമാക്കുന്ന, സുദൃഢമായ സൗഹൃദബന്ധം സരസ്വതിയമ്മയുടെ ആദർശസ്വപ്നമായിരുന്നു. തുല്യനിലയിലുള്ളവരുടെ പാരസ്പര്യ

ത്തിലൂന്നിക്കൊണ്ടുള്ള പങ്കുവെക്കൽ മറ്റ് എല്ലാം ബന്ധങ്ങളിലേക്കാളും ഇത്തരം സൗഹൃദബന്ധത്തിൽ പുലരുന്നുവെന്നതാവാം അതിനോട് അത്രയധികം താൽപര്യം അവർ പ്രകടിപ്പിച്ചതിന്റെ കാരണം. വിവാഹത്തെപ്പോലും അവർ വിഭാവനം ചെയ്യുന്നത് ആധിപത്യം തൊട്ടുതീണ്ടാത്ത 'ചങ്ങാത്ത വിവാഹം' (companionate marraige) എന്ന ആദർശസ്വപ്നമായാണല്ലോ. സൗഹൃദഭാവം മുന്നിട്ടുനിൽക്കുന്ന അവരുടെ ജീവിതസമീപനമാകാം, ഒരു പരിധിവരെ, വ്യവസ്ഥാപിതവിവാഹബന്ധത്തോട് പൊരുത്തപ്പെടാനാവാത്ത ഒരു മനോഭാവം അവരിൽ വളർത്തിയെടുത്തത്.

**അടിക്കുറിപ്പുകൾ**

1. രാജലക്ഷ്മിഅമ്മയുമായുള്ള സ്വകാര്യ സംഭാഷണം, തിരുവനന്തപുരം, ഒക്ടോബർ 2, 2005.
2. ടി.
3. ലക്ഷ്മികുമാരി, 'ചങ്ങമ്പുഴയുടെ പനിനീർപൂവ് ഇവിടെ....', *കലാകൗമുദി,* ലക്കം 1554, (ജൂൺ 19, 2005), പു. 56.
4. രാജലക്ഷ്മിഅമ്മയുമായുള്ള സ്വകാര്യ സംഭാഷണം, തിരുവനന്തപുരം, ഒക്ടോബർ 4, 2005.
5. കെ. സരസ്വതിയമ്മ, 'രമണി', *'കെ. സരസ്വതിയമ്മയുടെ സമ്പൂർണ്ണ കൃതികൾ',* സമ്പാ. കെ. എസ്. രവികുമാർ, (ഡി.സി.ബുക്സ്, കോട്ടയം, 2001), പു. 35
6. ടി, പു. 36.
7. ടി, പു. 45.
8. ടി, പു. 47.
9. മാധവിക്കുട്ടി, 'ഞാനൊരിക്കലും അശ്ലീലമെഴുതിയിട്ടില്ല', *പച്ചക്കുതിര* (ഫെബ്രുവരി 2005), പു. 10.
10. ലളിതാംബിക അന്തർജ്ജനം, *അഗ്നിസാക്ഷി,* 16ാം പ., (കറന്റ് ബുക്സ്, തൃശൂർ, ആഗസ്ത്, 2002), പു. 43.
11. കെ. സരസ്വതിയമ്മ, 'സ്ത്രീജന്മം', പു. 140.
12. ടി, പു. 149.

13. Joan H. Rollins, ‘Intimate relationship’, *Women's Minds Women's Bodies-The Psychology of Women in a Biosocial conext* (Prentice Hall, Upper Saddle River, New Jersey, 1996), p. 318.

14. ടി. “Men spend more time sharing activities and interests with their friends. (P.H. Wright, 1982) Women’s friendship, On the other hand, involve self-disclosure, sharing of feelings, and discussion of personal relationships (Cald well & Peplan, 1982)”.

15. “Women’s friendship are characterized by intimacy face to face mutual self-disclosure, focus on talk, context-home”.

    Jernifer coutes ‘Friendship’ *An introduction to womes's studies* Edited by Beryl Madoc Jones & Jennifer Coates (Black Well Publications Ltd., Oxford UK & Cambridge USA, 1996), p. 198.

16. സരസ്വതി, ‘നിയമപരിധിയ്ക്കപ്പുറം’, *മാതൃഭൂമി ആഴ്ചപ്പതിപ്പ്* (ആഗസ്ത് 19, 1945), പു. 3.

17. ടി.

18. കെ. സുരേന്ദ്രൻ, ‘ഒറ്റപ്പെട്ട ഒരു പ്രതിഭാസം’, *കെ. സരസ്വതിയമ്മയുടെ സമ്പൂർണ്ണകൃതികൾ,* സമ്പാ. കെ.എസ്. രവികുമാർ, (ഡി.സി.ബുക്സ്, കോട്ടയം, 2001), പു. 1030.

19. കെ. സരസ്വതി അമ്മ, *കാറ്റിൽപറക്കാത്ത കത്തുകൾ,* സമ്പാ. എസ്. ഗുപ്തൻ നായർ (ഡി. സി. ബുക്സ്, കോട്ടയം, 1991), പു. 167.

20. എസ്. ഗുപ്തൻ നായർ, ‘ഒരു സതീർത്ഥ്യന്റെ ഓർമ്മകൾ’, *കെ. സരസ്വതിയമ്മയുടെ സമ്പൂർണ്ണകൃതികൾ,* സമ്പാ. കെ.എസ്. രവികുമാർ, (ഡി.സി.ബുക്സ്, കോട്ടയം, 2001), പു. 9–10.

21. കെ. സരസ്വതിയമ്മ, ‘പെൺ ബുദ്ധി’, പു. 510.

22. കെ. സരസ്വതിയമ്മ, ‘ഒരേയൊരുരാത്രി’, പു. 76.

23. ടി, പു. 77.

24. കെ. സരസ്വതിയമ്മ, ‘ശരച്ചന്ദ്രിക’, പു. 177.

25. കെ. സരസ്വതിയമ്മ, ‘അവിവാഹിതന്റെ അശ്രുക്കൾ’, പു. 561.

26. ടി, പു. 562.

27. കെ. സരസ്വതിയമ്മ, ‘പ്രേമഭാജനം’, പു. 884.

28. കെ. സരസ്വതിയമ്മയുടെ ഡയറി, ജനുവരി 18, 1973.

29. കെ. സരസ്വതിയമ്മ, 'സ്വർഗ്ഗദ്വാരം', പു. 714.

30. ടി, പു. 715.

31. "What strikes us most when we, reading at the end of the twentieth century, examine these two examples of Women's frienship in the past is the intimacy revealed. Today such strong expressions of freindship would be regarded with suspicious by members of our more homophobic culture. There are such stronger taboos relating to behaviour in same sex relationships. It is not normally acceptable to express strong affection either verbally or Physically".

Jennifer coates, 'Friendships', p.185-193.

32. ടി., പു. 201. "The meeting provides light relief, time off from the performance of material roles, an escape from one aspect of Conventional feminity-The need to be acceptable to men. However, it should not be thought that the women's frinedships compete with their Commitments to husbands and families. The exclusiveness and Solidarity of the group is in no Sense Threatening. On the country it promotes existing gender roles by providing moral support and advice for their performance. Conventional Values are confirmed and a Conservative ideology of marriage is uphold (Jerrome, 1984: 710)".

33. കെ. സരസ്വതിയമ്മ, 'പ്രേമത്തിന്റെ പ്രവൃത്തിമണ്ഡലം', പു. 732.

34. കെ. സരസ്വതിയമ്മ, 'പെൺ ബുദ്ധി', പു. 514.

35. കെ. സരസ്വതിയമ്മ, 'ബഹുമാനപ്പെട്ട അമ്മ', പു. 451.

36. "Women on the other hand have nothing to lose from expressing their Vulnerability. Like oppressed groups the world over, they develop solidarity with eachother as a way of ameliorating their daily lives. But their frienship do not challenge the statusquo. On the Contrary, their freinships with each other make them more content with their lives".

Jennefer coates, 'Frienship', p. 200.

37. ടി. എൻ ജയചന്ദ്രൻ, 'ടി.എൻ. ജയചന്ദ്രൻ നടത്തിയ അഭിമുഖം', *കെ.സരസ്വതിയമ്മയുടെ സമ്പൂർണ്ണകൃതികൾ',* സമ്പാ.-കെ.എസ്. രവികുമാർ, (ഡി.സി.ബുക്സ്, കോട്ടയം, 2001), പു. 1015.

38. കെ. സരസ്വതിയമ്മ, 'പകലും രാവും', പു. 633.

39. ടി.

40. ടി, പു. 634.

41. ടി, പു. 636.

42. ടി, പു. 637.

43. ടി, പു. 637–638

44. കെ. സരസ്വതിയമ്മ, 'പനിനീർപ്പൂവ്', പു. 827.

45. കെ. സരസ്വതിയമ്മ, 'സ്വപ്ന മണ്ഡലം', പു. 95.

46. ടി, പു. 97.

47. "Men's friendship are as they are because men need to defend their position of dominance and can'nt afford to expose themselves to their (potential) rivals. Women, on the other hand have nothing to lose from expressing their Vulnerability"

Jennifer Coates, 'Freindship', p.200.

48. കെ. സരസ്വതിയമ്മ, 'സ്വപ്ന മണ്ഡലം', പു. 100.

49. കെ. സരസ്വതിയമ്മ, 'ഇരുപതുവർഷത്തിനു ശേഷം', പു. 418.

50. ടി, പു. 419.

51. പി. കെ. കനകലത, 'കെ. സരസ്വതിയമ്മയും, സീതാഭവനവും', *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* (മെയ് 21, 2006), പു. 38–40.

52. ശാരിയുമായുള്ള സ്വകാര്യസംഭാഷണത്തിനുശേഷം ഫോൺ മുഖേന വീണ്ടും ബന്ധപ്പെട്ടപ്പോൾ അവർ പറഞ്ഞതാണിത് (തിരുവനന്തപുരം, ഒക്ടോബർ 5, 2005).

അദ്ധ്യായം ആറ്

# സരസ്വതിയമ്മയുടെ ജീവിതദർശനം

# സരസ്വതിയമ്മയുടെ ജീവിതദർശനം

എഴുത്തുകാരന്റെ കൃതികളിൽനിന്ന് സ്പഷ്ടമായി വേർതിരിച്ചെടുക്കാവുന്ന, ജീവിതത്തെക്കുറിച്ചുള്ള ആത്മനിഷ്ഠമായ ഉൾക്കാഴ്ചയായിരിക്കും അയാളുടെ ജീവിതദർശനം. അത് എഴുത്തുകാരന്റെ വ്യക്തി പ്രകാശനമല്ല. വ്യക്തിത്വത്തിന്റെ ഘടന സഹജാവബോധത്തിലധിഷ്ഠിതമാണെന്ന് ഫ്രോയിഡും, അതല്ല സാഹചര്യസമ്മർദ്ദമാണ് വ്യക്തിത്വരൂപീകരണത്തിന് കാരണമെന്ന് ഫ്രോയിഡിന്റെ പിൻഗാമികളായ സള്ളിവനും എറിക് ഫോമും വാദിക്കുന്നുണ്ട്[1]. അതിനാൽ വ്യക്തിത്വം സാമാന്യവത്ക്കരിക്കപ്പെട്ട സ്വഭാവസവിശേഷതയാണ് എന്ന് പറയാവുന്നതാണ്. എന്നാൽ എഴുത്തുകാരന്റെ വ്യതിരിക്തമായ വ്യക്തിത്വം എന്ന് പറയാവുന്ന സ്വത്വത്തിന്റെ വെളിപാടാണ് അയാളുടെ ജീവിതദർശനം. അതായത് എഴുത്തുകാരന്റെ സ്വത്വപ്രകാശനമാണ് അയാളുടെ ജീവിതദർശനമെന്നു പറയാവുന്നതാണ്. സാമൂഹികജീവിതത്തിൽ എഴുത്തുകാർ ഈ ജീവിതദർശനം വെച്ചു പുലർത്തിക്കൊള്ളണമെന്നില്ല. അവർക്ക് അത് തങ്ങളുടെ കലയിൽ മാത്രം ആവിഷ്ക്കരിക്കപ്പെടുന്ന ഒന്നായിരിക്കാം. വ്യക്തി എന്ന നിലയിൽ എഴുത്തുകാരന് തന്റെ സഹജാവബോധത്തെയും, സാഹചര്യസമ്മർദ്ദങ്ങളെയും പൊരുത്തപ്പെടുത്തി യാഥാർഥ്യ ലോകത്ത് ജീവിക്കേണ്ടിവരുന്നു എന്നതാവാം ഇതിന് പ്രധാനകാരണം. ഈ വിധമൊരു പൊരുത്തപ്പെടൽ ഭാവനാത്മകമായ സാഹിത്യലോകത്ത് കൈക്കൊള്ളണമെന്നില്ലല്ലോ. ആ ലോകത്തിന്റെ വിധാതാവായി വർത്തിച്ചുകൊണ്ട് കലാകാരൻ സ്വത്വാവിഷ്ക്കാരം സ്വതന്ത്രമായി നടത്തുന്നു. ഇങ്ങിനെ സാഹിത്യജീവിതവും, സാമൂഹികജീവിതവും രണ്ടായി നിലനിർത്തിക്കൊണ്ട് ജീവിക്കാൻ കഴിയുന്ന എഴുത്തുകാരന്റെ വ്യക്തിജീവിതം അത്രയേറെ സംഘർഷങ്ങൾക്ക് വിധേയമാവുന്നില്ലെന്നു കാണാം (ഒരു പക്ഷേ പ്രായോഗിക ജീവിതത്തിൽ വിജയം നേടുന്നത് അത്തരക്കാരായിരിക്കാം). എന്നാൽ ചില കലാകാരന്മാർ സ്വകാര്യജീവിതത്തിലും, കലാജീവിതത്തിലും ഒരേ ജീവിതദർശനം വെച്ചു പുലർത്തിക്കാണാറുണ്ട്. പക്ഷേ, ഭാവനാത്മകമായ സാഹിത്യജീവിതത്തിൽ താരതമ്യേന കൂടുതൽ അഭിരമിച്ചുകാണാറുള്ള ഇക്കൂട്ടർ പലപ്പോഴും സാമൂഹികജീവിത്തിൽ ഒറ്റപ്പെട്ടുപോകാറാണ് പതിവ്. സാഹചര്യസമ്മർദ്ദത്തേക്കാൾ, സഹജാവബോധത്തിന് കീഴടങ്ങിപ്പോകുന്ന ഇവർ വ്യക്തി

പ്രകാശനത്തിന് അമിതാദരം കൊടുക്കുന്നു. സ്വന്തം അഭിലാഷങ്ങളും, ദു:ഖങ്ങളും എല്ലാം ഭാവനാത്മകമായ ഒരാദർശലോകത്ത് നിയമനം ചെയ്തുകൊണ്ട് എഴുത്തിലൂടെ ജീവിക്കുന്ന ഈ സാഹിത്യകാരന്മാർക്ക് സ്വത്വാവിഷ്ക്കാരത്തിനുള്ള ഇച്ഛാശക്തി കൂടുതലായിരിക്കും. സഹജാവബോധവും, സാഹചര്യസന്മർദ്ദവും പൊരുത്തപ്പെടുത്തിക്കൊണ്ട് സമൂഹമധ്യത്തിൽ ജീവിക്കാൻ പോന്ന വ്യക്തിത്വം ആർജിക്കുന്നതിൽ ഒരു പരിധിവരെ ഇവർ പരാജയപ്പെടുകയാണ് പതിവ്. അനുരഞ്ജനമനോഭാവം വളർത്താതെ, തങ്ങളുടെ സങ്കല്പത്തിനനുസരിച്ച് ലോകത്തെ മാറ്റിത്തീർക്കാൻ വെമ്പുന്ന സർഗ്ഗാത്മകമായ ഇച്ഛാശക്തി നിമിത്തം എഴുത്ത് ഇവർക്ക് ജീവിതം തന്നെയാവുന്നു. അങ്ങിനെ എഴുത്തും, ജീവിതവും ഒന്നായിത്തീർന്ന എഴുത്തുകാരിൽ ഒരാളാണ് കെ. സരസ്വതിയമ്മ.

എന്തായിരുന്നു സരസ്വതിയമ്മയുടെ ജീവിതദർശനം? എഴുത്തിലും, ജീവിതത്തിലും വെച്ചു പുലർത്തിയ ഈ ദർശനത്തെ കഥാലോകത്ത് നിയമനം ചെയ്തുകൊണ്ട് ജീവിച്ചുപോന്ന സരസ്വതിയമ്മ ഒടുവിൽ കലാജീവിതത്തിലും, സാമൂഹികജീവിതത്തിലും ഒറ്റപ്പെട്ടുപോവാൻ കാരണമെന്ത്? 'എഴുത്ത്' പ്രതീക്ഷാനിർഭരമായ ഒരു വെല്ലുവിളിപോലെ ഏറ്റെടുത്ത സരസ്വതിയമ്മക്ക് ആദ്യകാലത്ത് ജീവിതം ഒരുഗ്രസമരമായി തോന്നിയെങ്കിലും, പിൽക്കാലത്ത് അത് നിരാശഭരിതമായി മാറുകയും, എഴുത്ത് ഒരു 'അലർജി' യായിത്തീരുകയുമാണുണ്ടായത്. മരണം മാത്രം പോംവഴിയായുള്ള ഒരു ദുരിതമായിത്തീർന്നു അവർക്ക് ജീവിതം. ഇത്തരമൊരവസ്ഥാവിപര്യയത്തിൽ സരസ്വതിയമ്മയെ കൊണ്ടെത്തിച്ച സാഹചര്യമെന്തായിരുന്നു? – ഇത്രയും കാര്യങ്ങൾ അന്വേഷിക്കുകയാണ് ഈ അദ്ധ്യായത്തിൽ ചെയ്തിരിക്കുന്നത്.

തീവ്രമായ സ്വാതന്ത്ര്യമോഹവും, 'ഉൽക്കർഷേച്ഛയും സ്വഭാവത്തിൽ ആദ്യംമുതലേ പ്രകടമാക്കിയിരുന്ന സരസ്വതിയമ്മ, ഒരു സവിശേഷ വ്യക്തിത്വത്തിന്റെ ഉടമതന്നെയായിരുന്നു. ആജന്മസംസ്ക്കാരവും ആർജിത സംസ്കാരവുമാണല്ലോ വ്യക്തിത്വത്തെ വളർത്തിയെടുക്കുന്ന ഘടകങ്ങളായി വർത്തിക്കാറുള്ളത്. സരസ്വതിയമ്മയെ സംബന്ധിച്ചിടത്തോളം ഈ രണ്ട് ഘടകങ്ങളും ചേർന്ന് അവരെ ഒരു സവിശേഷ വ്യക്തിയായി സമൂഹത്തിൽ വളർത്തിക്കൊണ്ടുവരികയായിരുന്നു. ജന്മം കൊണ്ട് ഒരു സ്ത്രീയായിത്തീർന്നതിൽ അവർക്ക് ആദ്യം മുതലേ അസംതൃപ്തിയുണ്ടായിരുന്നു. തന്റെ സ്വഭാവത്തിന്റെ ചില പ്രത്യേകതകളും, സ്വാതന്ത്ര്യബുദ്ധിയും, പൊതുവേ സ്ത്രീയുടെ 'നശിച്ചജീവിതവുമായി

പൊരുത്തപ്പെടുന്നവയല്ലെന്നു വ്യക്തമാക്കിക്കൊണ്ട് അവർ ഗുപ്തൻനായർക്ക് എഴുതിയിട്ടുണ്ടല്ലോ[2]. അവരുടെ പതിനേഴാമത്തെ വയസ്സിൽ അച്ഛന്റെ ആകസ്മികമായുണ്ടായ മരണം ഏല്പിച്ച അനാഥത്വം ഒരു സ്ത്രീയായി ജനിച്ചതുകൊണ്ടുമാത്രം കൂടുതൽ തീക്ഷ്ണമായി അനുഭവപ്പെട്ടത് അവർ തന്നെ വെളിപ്പെടുത്തിയിട്ടുമുണ്ട്. അച്ഛന്റെ തണലില്ലാതെ ബാഹ്യലോകത്തെ അഭിമുഖീകരിക്കേണ്ടിവന്നപ്പോൾ, പുരുഷാധിപത്യവ്യവസ്ഥയിൽ ഒരു സ്ത്രീയായി ജനിച്ചതിന്റെ പരിമിതികൾ അവർക്ക് ബോധ്യമായി. എന്നിട്ടും അധീശാധികാരത്തിനു മുന്നിൽ തോറ്റുകൊടുക്കാതെ, പ്രതിരോധത്തിനും, പ്രത്യാക്രമണത്തിനും സന്നദ്ധമാവത്തക്ക സ്ത്രൈണവ്യക്തിത്വം സ്വജീവിത്തിൽ ക്രമേണ അവർ ആർജ്ജിച്ചു. സ്വതന്ത്രവും, വ്യതിരിക്തവുമായ ഒരു സ്ത്രൈണാവബോധം സരസ്വതിയമ്മയിൽ കരുപ്പിടിക്കുകയും, സമത്വപൂർണ്ണവും, ആത്മൈക്യം പുലർത്തുന്നതുമായ മാനുഷികബന്ധങ്ങളെ വിഭാവനം ചെയ്തുകൊണ്ടുള്ള ഒരു ജീവിതദർശനം അവരിൽ രൂപപ്പെടുകയും ചെയ്തു.

കലഹം നിറഞ്ഞ ഗൃഹാന്തരീക്ഷത്തിലെ സ്നേഹരാഹിത്യം കൊണ്ടും സാമ്പത്തികപരാധീനതകൊണ്ടും അരക്ഷിതാവസ്ഥ നേരിടേണ്ടി വന്ന അവരുടെ കൗമാരം സ്നേഹിക്കാനും, സ്നേഹിക്കപ്പെടാനും മോഹിച്ചിരുന്നു. എന്തും വളരെ തീവ്രമായി ആഗ്രഹിക്കുക എന്നത് സരസ്വതിയമ്മയുടെ സ്വഭാവമായിരുന്നു. അവരുടെ ഡയറിയിലെ, സ്നേഹപൂർണ്ണമായ ഒരു രക്ഷകനുവേണ്ടിയുള്ള കാത്തിരിപ്പിന്റെ കുറിപ്പുകൾ സ്നേഹം കൊതിക്കുന്ന ആ മനസ്സിന്റെ തുടിപ്പുകൾ തന്നെയാണ്. അവസാനകാലത്തെ ഡയറിക്കുറിപ്പിലെ ഈശ്വരപ്രാർഥനയിൽ തെളിയുന്നത് മടുപ്പിക്കുന്ന ഏകാന്തജീവിത്തിൽനിന്ന് രക്ഷനേടി മരണത്തെ പ്രാപിക്കാനും, അങ്ങിനെ പുനർജനിക്കാനുമുള്ള അവരുടെ തീവ്രമായ മോഹമാണ്. മറ്റുള്ളവരേക്കാൾ ഉയർന്നതും, വ്യത്യസ്തവുമായ ഒരു നിലയിൽ എത്തിപ്പെടണമെന്ന പഠിക്കുന്ന കാലത്തുതന്നെയുള്ള അവരുടെ മോഹത്തെക്കുറിച്ച് സ്വകാര്യസംഭാഷണത്തിൽ രാജലക്ഷ്മി വെളിപ്പെടുത്തുന്നുണ്ട്. സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസപരവുമായി വളരെ അന്തരം പുലർത്തുന്ന ജീവിതചുറ്റുപാടുകളായിരുന്നു സരസ്വതിയമ്മയുടെയും, രാജലക്ഷ്മിയുടെയും. ടൗൺ മജിസ്ട്രേറ്റ് കയ്യാലം കുഞ്ഞൻപിള്ളയുടെ മകൾക്ക് കാമ്പസ്സിൽ സവിശേഷ പരിഗണന കിട്ടിയപ്പോൾ ദരിദ്രയായ സരസ്വതിയമ്മയ്ക്ക് രാജലക്ഷ്മിയുടെ 'സഖിത്വം' ഒരു മേന്മയായി തോന്നീട്ടുണ്ടാവാം. എന്നാൽ തന്റെ പരാധീനതകളൊന്നും തന്നെ സരസ്വതിയമ്മ കൂട്ടുകാരിയുമായി പങ്കുവെച്ചിരുന്നില്ല. എങ്കിലും

രാജലക്ഷ്മി ചിലതൊക്കെ മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. ഏതായാലും ഈ വക വ്യത്യാസങ്ങളൊന്നും കാര്യമാക്കാതെ അവർ തമ്മിൽ അടുത്ത സൗഹൃദബന്ധം പുലർത്തിപ്പോന്നു. നല്ലവായനാശീലമുണ്ടായിരുന്ന ആ രണ്ടുപേർക്കും വായിച്ച പുസ്തകങ്ങളെക്കുറിച്ച് അഭിപ്രായം പറഞ്ഞിരിക്കാനേ നേരമുണ്ടായിരുന്നുള്ളൂ. അക്കാലത്തുതന്നെ സരസ്വതിയമ്മ രാജലക്ഷ്മിയുടെ വീട്ടിൽ ഇടയ്ക്കു ചെന്ന് താമസിക്കാറുണ്ടായിരുന്നു. എന്നാൽ അന്ന് ഒരിക്കൽ പോലും രാജലക്ഷ്മി സരസ്വതിയമ്മയുടെ വീട്ടിൽ ചെന്നിട്ടില്ലത്രേ[3]. പ്രഭുകുമാരിയായ ശാരിയുമായിട്ടായിരുന്നല്ലോ സരസ്വതിയമ്മയ്ക്ക് ഇന്റർമീഡിയറ്റ് പഠനകാലം തൊട്ട് സൗഹൃദബന്ധം. സമുന്നത കുടുംബങ്ങളിൽ നിന്നുള്ള ഇത്തരക്കാരുമായുള്ള കൂട്ടുകെട്ട് സാധാരണക്കാരുടേതിൽനിന്ന് ഉയർന്ന ഒരു ജീവിതം നയിക്കാനുള്ള മോഹം സരസ്വതിയമ്മയിൽ നാമ്പെടുക്കാൻ നിമിത്തമായിട്ടുണ്ടാവാം. എന്നാൽ ആ മോഹം വളർത്തിയെടുക്കാൻ പറ്റിയ സാഹചര്യമായിരുന്നില്ല വീട്ടിലുണ്ടായിരുന്നത്. പരീക്ഷയിലെ തോൽവിയും, മറ്റും കൊണ്ട് നിരാശാഭരിതയായി അവർ ആയിടയ്ക്ക് സന്യസിക്കാൻ വരെ ശ്രമിച്ചെങ്കിലും, ഉൽക്കടമായ ഉൽക്കർഷേച്ഛകൊണ്ടാകാം, മൂത്ത ചേച്ചിക്ക് കടപ്പെട്ടുകൊണ്ട് ഒടുവിൽ പഠനം തുടരാൻ തീരുമാനിക്കുന്നു. അച്ഛന്റെ മരണശേഷം വീട്ടിലെ ദാരിദ്ര്യാവസ്ഥയും, കഷ്ടപ്പാടും അനുഭവിച്ചറിഞ്ഞ സരസ്വതിയമ്മയ്ക്ക്, സാമ്പത്തികഭദ്രതയുള്ള ഒരു ജീവിതസാഹചര്യം നേടിയെടുക്കുകയാണ് ആദ്യം ചെയ്യേണ്ടതെന്ന് ബോധ്യമായി. അങ്ങിനെ പഠനം പൂർത്തിയായ ഉടൻ അവർ ജോലിയിൽ പ്രവേശിക്കയാണ് ചെയ്ത്. സ്വന്തമായി വരുമാനമുണ്ടായപ്പോൾ തന്റെ ജീവിതനിലവാരം ഉയർത്താനാണ് സരസ്വതിയമ്മ ആദ്യം ശ്രമിച്ചത്. അവിവാഹിതയായ അവർ താമസിക്കാനായി പണിതത് ഒരു ഇരുനില കെട്ടിടമായിരുന്നു. ആ കാലത്ത് തന്നെ ക്യാമറയും, റേഡിയോയും സ്ഥിരമായി അവർ ഉപയോഗിച്ചിരുന്നു. വീട്ടിൽ സന്ദർശകരായി വന്നിരുന്ന സുഹൃത്തുക്കൾക്ക് ജൂസ് നൽകിക്കൊണ്ട് അതിഥിസൽക്കാരത്തിൽ അവർ ആർഭാടം കാണിച്ചിരുന്നു. സ്വർണ്ണാഭരണങ്ങളും, വിലകൂടിയ വസ്ത്രങ്ങളും പതിവായി ഉപയോഗിച്ചിരുന്ന അവർ ആഡംബരത്തോടെയാണ് ജീവിച്ചുപോന്നത്. എന്നാൽ മറ്റുള്ളവർക്കു വേണ്ടി, പ്രത്യേകിച്ചും തന്നെ ആശ്രയിച്ചുകഴിയുന്നവർക്ക് വേണ്ടി പണം ചിലവാക്കുന്ന കാര്യത്തിൽ അവർ കണിശക്കാരിയായിരുന്നുവത്രെ[4]. എന്നാൽ സമൂഹത്തിൽ അംഗീകാരം നേടാനുള്ള ഉൾപ്രേരണകൊണ്ടാകാം ക്ഷേത്രങ്ങൾക്കുള്ള സംഭാവനയിൽ വളരെ ഉദാരമതിയായിരുന്നു.

ഉയർന്ന നിലവാരത്തിലുള്ള ഭൗതികജീവിതം സ്വായത്തമാക്കിയ സരസ്വതിയമ്മ യുടെ സ്വാതന്ത്ര്യബുദ്ധിയും, ഉൽക്കർഷേച്ഛയും ആദ്യം മുതല്ക്കെ അവരെ സവിശേഷ വ്യക്തിത്വമുള്ളവരാക്കിയിരുന്നു. തന്റെ കൗമാരകാലത്തെ കൂട്ടുകാരിയായ ശാരിയുമാ യുള്ള സൗഹൃദബന്ധം അവരെ വളരെയേറെ സ്വാധീനിച്ചിരുന്നു. ശാരിയുടെ വിവാഹ ത്തോടെ ആ ബന്ധം ശിഥിലമായപ്പോൾ തീവ്രമായ വേദന അവർക്കുണ്ടായി. ബന്ധ ശൈഥില്യത്തിനു കാരണമായി ഭവിച്ച വിവാഹത്തോടുള്ള അവരുടെ പ്രതിഷേധമാണല്ലോ *സീതാഭവനം* എന്ന കഥ. വിവാഹനിഷേധത്തിന്റെ ഹരിശ്രീ കുറിച്ച പ്രസ്തുത കഥയെ ഏറെക്കുറെ യാഥാർഥ്യമാക്കുന്നുണ്ട് അവിവാഹിതയായി, പുനർജന്മത്തിൽ പ്രതീക്ഷയർപ്പി ച്ചുകൊണ്ട്, 'സിതാര'യിൽ കഴിച്ചുകൂട്ടിയ അവരുടെ പിൽക്കാലജീവിതം! നേരത്തെ വിവാ ഹിതരായ സഹോദരിമാരുടെ അസംതൃപ്തമായ ദാമ്പത്യജീവിതവും, ശാരിയുടെ വൈവാ ഹികജീവിത തകർച്ചയും, സമൂഹത്തിൽ സ്ത്രീയുടെ പരിതാപകരമായ അവസ്ഥയും സ്വന്തം ജീവിതാനുഭവവും എല്ലാം അവരെ ഇരുത്തി ചിന്തിപ്പിച്ചിട്ടുണ്ടാവണം. സ്ത്രീയുടെ സർവ്വവിധസ്വാതന്ത്ര്യത്തെയും ഹനിച്ച് കൊണ്ട് അവളെ വീട്ടുതടങ്കലിലാക്കുന്ന വിവാഹ മെന്ന സ്ഥാപനത്തോട് ഒരു വിധത്തിലും പൊരുത്തപ്പെടുന്നതായിരുന്നില്ല സരസ്വതിയമ്മ യുടെ തീവ്രമായ സ്വാതന്ത്ര്യബോധം. ഈ സവിശേഷസ്വഭാവമാണ് വ്യതിരിക്തമായ സ്ത്രൈണാവബോധം അവരിൽ കരുപ്പിടിക്കാൻ കാരണമായത്. ഈ സ്ത്രൈണാവബോ ധത്തിലധിഷ്ഠിതമായ ഒരു ജീവിതദർശനത്തെ സ്വായത്തമാക്കിക്കൊണ്ട്, അതിന്റെ നയ പ്രഖ്യാപനം സാധിച്ചെടുക്കുകയാണ് പിന്നീട് കഥാലോകത്ത് അവർ ചെയ്തുപോന്നത്. ഇതു നിമിത്തം സ്വകാര്യജീവിതത്തിൽ അവർക്ക് പലവിധ എതിർപ്പുകളും നേരിടേണ്ടി വന്നു. ആ സാമൂഹികജീവിതപരിസരത്തെ ഒരു വെല്ലുവിളിയായികണ്ടുകൊണ്ട്, 'ഹർഷ ഭരിതമായ ഒരുഗ്രസമരരമായി സ്വന്തം ജീവിതത്തെ അവർ മാറ്റിത്തീർത്തു'. തന്റെ നയപ്ര ഖ്യാപനത്തെ ഉറപ്പിച്ചെടുക്കാൻ വേണ്ടി കഥയുടെ 'ഭാവനാലോകത്തിൽ നിന്നും 'യാഥാർഥ്യ ലോകത്തിലേക്ക് ഇറങ്ങിവന്ന് ഏതാനും ലേഖനങ്ങളും അവരെഴുതി.

പുരുഷാധിപത്യവ്യവസ്ഥിതിയിൽ സത്രീയുടെ സ്വാതന്ത്ര്യത്തെ അപായപ്പെടുത്തു കയും, അവളെ സ്വത്വാവബോധമില്ലാത്തവളായിത്തീർക്കുകയും ചെയ്യുന്ന ഒരു കെണി യായിട്ടാണ് സരസ്വതിയമ്മ വിവാഹത്തെ കണക്കാക്കിയിരുന്നത്. വിവാഹത്തെ നിഷേ ധിച്ചുകൊണ്ടുള്ള കഥകളാണ് അവർ കൂടുതലായി എഴുതിയതും. വിവാഹത്തിലേക്കു നയിക്കപ്പെടാനുള്ള ഒരു പ്രവേശികയായി പ്രേമം അധ:പതിക്കുന്നതുകൊണ്ടുതന്നെ

പ്രേമത്തെ വിരോധിച്ചും അവർ കഥകളെഴുതി. അതേ സമയം സ്വതന്ത്രവും സമത്വ പൂർണ്ണവുമായ സ്ത്രീപുരുഷബന്ധം എക്കാലത്തേയും അവരുടെ ഒരു സ്വപ്നമായിരുന്നു. ഡയറിക്കുറിപ്പുകളിലും, കഥകളിലും, നോവലിലും ആ സ്വപ്നലോകത്തെ അവർ തുറന്നു കാണിക്കുന്നുണ്ടല്ലോ! വ്യവസ്ഥാപിത ജീവിതക്രമവുമായി പൊരുത്തപ്പെട്ടുപോകാത്ത ഈ വിധം ചിന്തകൾ സരസ്വതിയമ്മയിൽ ആദ്യം മുതൽക്കേ ഉണ്ടായിരുന്നു. പിൽക്കാലത്ത് ചില സ്വകാര്യാനുഭവങ്ങൾ ഈ ചിന്തകളെ കൂറേക്കൂടി ശക്തമാക്കുകയും ചെയ്തു. സ്ത്രീയുടെ അവിവാഹിതജീവിതം അത്ര സ്വീകാര്യമായി കരുതാത്ത ഒരു സാമൂഹിക ചുറ്റുപാടിൽ ഏതു വിധേനയും പുരുഷനെ വലവീശിപിടിക്കുന്ന സ്ത്രീയുടെ തന്ത്രമായി അവളുടെ പ്രേമത്തെയും, സൗഹൃദത്തെപ്പോലും വ്യാഖ്യാനിക്കുന്ന സാമ്പ്രദായിക മനോഭാവത്തെ സരസ്വതിയമ്മ പല കഥകളിലും വിരോധിക്കുന്നുണ്ട്. ആണിനെ കറക്കിയെടുക്കാൻ സ്ത്രീകൾക്ക് – പ്രത്യേകിച്ച് തിരുവനന്തപുരത്തുകാരികൾക്ക് – മിടുക്കേറും എന്ന ചിലരുടെ ഹീനമായ മനോഭാവത്തിന്റെ സൂചന അഞ്ചു കഥകളിൽ അവർ ഒരു പോലെ ആവർത്തിച്ചിരിക്കുന്നു. തിരുവനന്തപുരത്തുകാരിയായ കഥാകാരി സ്വാനുഭവങ്ങളെ മുൻനിർത്തിക്കൊണ്ടുതന്നെയാണ് സ്ത്രീകളെക്കുറിച്ചുള്ള ഈ അപവാദത്തെ കഥയിലൂടെ വിമർശിക്കുന്നത്. ഇത്തരം അപവാദങ്ങളെ ചെറുക്കാൻ തക്കവിധം വ്യതിരിക്തമായ സ്ത്രൈണാവബോധം ആർജിച്ച സ്ത്രീ കഥാപാത്രങ്ങൾ അവരുടെ കഥകളിൽ നിരവധിയുണ്ട്. ആ കാലഘട്ടത്തിലെ മറ്റ് എഴുത്തുകാരുടെ കഥകളിലെ സ്ത്രീ കഥാപാത്രങ്ങളിൽ നിന്നും വിഭിന്നമായി, പുരുഷാധിപത്യത്തെ പ്രതിരോധിക്കാനായി പുരുഷോചിതരീതികൾ സരസ്വതിയമ്മയുടെ ചില സ്ത്രീ കഥാപാത്രങ്ങൾ കൈക്കൊള്ളുന്നുണ്ട്. പരമ്പരാഗത സ്ത്രൈണഗുണങ്ങളെ തിരസ്ക്കരിച്ചുകൊണ്ടുള്ള അവരുടെ ഒരു വിമോചനവാദമായി ഇതിനെ കണക്കാക്കാം. അതായത്, സ്ത്രീയെ രണ്ടാംകിടക്കാരിയാക്കി മാറ്റുന്ന പുരുഷാധിപത്യ വ്യവസ്ഥിതിയെ വിരോധിച്ചുകൊണ്ട്, ലിംഗഭേദനിരാസത്തെ ലക്ഷ്യമാക്കുന്ന ഒരു ബദൽ സ്ത്രൈണാവബോധം സരസ്വതിയമ്മ വെച്ചു പുലർത്തിയിരുന്നു. സമകാലീനയായ ലളിതാംബിക അന്തർജനത്തിൽനിന്ന് അവരെ വേറിട്ടു നിർത്തുന്നത് ഈയൊരു അവബോധമാണ്. സരസ്വതിയമ്മയുടെ 'പുരുഷന്മാരില്ലാത്ത ലോകം' എന്ന ലേഖനത്തിൽ ഈ അവബോധം വെളിപ്പെടുന്നുണ്ട്.

"സ്ത്രീകളുടെ സഞ്ചാരസ്വാതന്ത്ര്യത്തിന്റെയും, പ്രവൃത്തിസ്വാതന്ത്ര്യത്തിന്റെയും അതിർ എടുത്തുകളയുന്ന ആ അവസ്ഥ എനിക്കിഷ്ടമാണ്. മഴയത്തു റോഡിലെ വെള്ള

ത്തിൽ കിടന്നിഴഞ്ഞു ഘനം തൂങ്ങുന്ന സാരിയുമായി വലിഞ്ഞു നീങ്ങുന്നതിന്റെ വിഷമം അനുഭവിച്ചവർക്കല്ലേ അറിയാവൂ? അതിനു പകരം മുണ്ടും മടക്കിക്കുത്തി മൂളിപ്പാട്ടും പാടി അല്ലലറിയാതെ നടക്കാൻ സാധിക്കുന്നതുതന്നെ എന്തൊരു ഭാഗ്യമാണ്! പല കാരണങ്ങളാലും ഘനം തൂങ്ങുന്ന മുടിക്കെട്ടു വേണ്ടെന്നുവെച്ചാൽ തലയുടെ ഘനം വിട്ടു കിട്ടും; എന്നാൽ പിന്നെ തലച്ചോറു നേരെ പ്രവർത്തിച്ചേനെ. ഇങ്ങനെ പലതും"[5] – സ്ത്രൈണോചിതമല്ലാത്ത ഇത്തരം ചെയ്തികളാൽ സാമ്പ്രദായിക ജീവിതത്തിന് പോറലേൽപ്പിക്കുന്ന സ്ത്രീയുടെ ബദൽ സ്ത്രൈണാവബോധത്തെയാണ് അവരുടെ കഥകളിലെ സ്ത്രീകഥാപാത്രങ്ങൾ അടയാളപ്പെടുത്തുന്നത്.

പിൽക്കാലത്ത് അവിവാഹിതജീവിതം നയിച്ചുകൊണ്ട്, ആ കാലഘട്ടത്തെ വെല്ലുവിളിക്കത്തക്ക വ്യതിരിക്തമായ സ്ത്രൈണാവബോധം കഥാലോകത്ത് അവർ പ്രകടിപ്പിച്ചത് സമകാലികരായ മറ്റ് എഴുത്തുകാരികൾക്കുപോലും രുചിച്ചിരുന്നില്ല. കഥയെഴുത്തിന്റെ പേരിൽ പീഡനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്ന ലളിതാംബികാന്തർജനം പോലും തുല്യാനുഭവമുണ്ടായിരുന്ന സരസ്വതിയമ്മയോട് തീരെ ഉദാരമായ നിലപാടല്ല കൈക്കൊണ്ടിരുന്നത്. സരസ്വതിയമ്മ തന്റെ ഒരു കഥാസമാഹാരത്തിന് ആമുഖമെഴുതാൻ വേണ്ടി അന്തർജനത്തെ സമീപിച്ചപ്പോഴുണ്ടായ അനുഭവം അവർ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്: "സ്ത്രീജന്മത്തിന് അവരെക്കൊണ്ട് ഒരവതാരിക എഴുതിക്കണമെന്ന് വിചാരിച്ചു. മറ്റൊന്നിനുമല്ല; ഞങ്ങൾ തമ്മിൽ സ്ത്രീ സഹജമായ അസൂയയൊന്നുമില്ല, വളരെ ഇഷ്ടമാണ് എന്ന് മറ്റുള്ളവരെ അറിയിക്കാൻ വേണ്ടി മാത്രം. അതൊരു രസം; പക്ഷേ അവർ ഉടനെ എഴുത്തോടെഴുത്ത്. 'വിമർശകർ എന്തു വിചാരിക്കും മറ്റും മറ്റും'! ഒടുവിൽ അവർ സമ്മതിച്ചു. 'As if she is going to patronise me. The onething which I cannot and won't stand'. അതുകൊണ്ട് അവതാരിക വേണ്ടെന്ന് വെച്ചിരിക്കുകയാണ്. അവർക്കെന്നോട് ഒരു സ്നേഹവുമില്ല. എന്നിട്ടവർ പറയുന്നു എനിക്കാണകൽച്ചയെന്ന്. എന്നോടിഷ്ടം കാണിക്കാത്ത മനുഷ്യരെ ചാടിക്കയറി ഇഷ്ടപ്പെടാൻ എനിക്കു സാധിക്കയില്ല. 'Affection is something that should come spontaneously'[6]. 1945 ലാണ് സരസ്വതിയമ്മ ഈ കാര്യം സൂചിപ്പിച്ചുകൊണ്ട് എഴുതിയിരിക്കുന്നത്. അതിന്ശേഷം 1954 ൽ, അന്തർജനം തന്റെ പിൻഗാമിയായി വന്ന സരളാ രാമവർമ്മയുടെ *കഥാകദംബം* എന്ന ചെറുകഥാ സമാഹാരത്തിന് അവതാരിക എഴുതിക്കൊടുക്കുകയുണ്ടായി. ഈ രണ്ടുസംഭവങ്ങളും ചേർത്തു വായിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത് ആ കാലഘട്ടത്തിൽ മറ്റ് എഴുത്തുകാരി

കൾ പോലും സരസ്വതിയമ്മയുടെ കഥകളോട് യാതൊരു അനുഭാവവും കാണിച്ചിരുന്നില്ല എന്നതാണ്. മാത്രമല്ല, അവ അനാശാസ്യ പ്രവണതകളുൾക്കൊള്ളുന്നവയാണെന്ന് അവർ കരുതിയിരുന്നതായും തോന്നുന്നു. അന്തർജ്ജനം *കഥാകദംബ*ത്തിന്റെ അവതാരികയിൽ ഈ വിധം പ്രസ്താവിക്കുന്നു: "ഏതു നല്ല കാര്യത്തിനു പുറപ്പെടുമ്പോഴും തനിക്കു വേണ്ടപ്പെട്ട ചിലരേക്കൂടി കൂട്ടുവിളിക്കുക സ്ത്രീകളായ ഞങ്ങളുടെ ഒരു സ്വഭാവസവിശേഷമാണല്ലോ – തങ്ങൾക്ക് വിശ്വാസമുണ്ടായാൽപോര – തങ്ങൾ വിശ്വസിക്കുകയും, സ്നേഹിക്കുകയും ചെയ്യുന്നവരുടെകൂടി അഭിപ്രായമറിഞ്ഞേ ഒരു കാര്യത്തിലുറയ്ക്കുവാൻ ഞങ്ങൾക്ക് ധൈര്യം വരൂ. സങ്കോചമെന്നോ തന്റേടമില്ലായ്മയെന്നോ പറഞ്ഞുകൂടെങ്കിലും സ്ത്രീ സഹജമായ ഈ സ്നേഹചാപല്യമായിരിക്കണം 'കഥാകദംബ'ത്തിന്റെ മുൻപന്തിയിലേക്ക് ഈ ജ്യേഷ്ഠത്തിയുടെ കൈകൾ കൂടി പിടിച്ചു വലിക്കുന്നത്. അഭിമാനകരമായ ഒരാനന്ദം – ഞാനതിന് കീഴ്വഴങ്ങുന്നു"[7] – തന്റെ പിൻഗാമിയായ സരളാരാമവർമ്മയെ സ്ത്രീ എഴുത്തുകാരുടെ കൂട്ടായ്മക്കുള്ളിൽ ഉൾപ്പെടുത്താനും പ്രോത്സാഹിപ്പിക്കാനും അന്തർജ്ജനം തയ്യാറാവുന്നു. എഴുത്തുകാരികളുടെ ഈ വിധമുള്ള കൂട്ടായ്മക്കകത്ത് ഒതുങ്ങാത്ത ചിലരെക്കുറിച്ചുള്ള സൂചന സരസ്വതിയമ്മക്കു നേരെയുള്ള ഒളിയമ്പായി അന്തർജ്ജനം ആ അവതാരികയിൽ തന്നെ തൊടുത്തുവച്ചിട്ടുണ്ട്: "ശ്രീമതി സരള പ്രതിപാദനത്തിലും, പ്രമേയത്തിലും ഒരിങ്ക്വിലാബു മട്ടുകാരിയല്ല. ഇങ്ക്വിലാബു മാത്രമല്ലല്ലോ, ജീവിതം. നമ്മുടെ സാമുദായിക പരിത:സ്ഥിതിയിൽ ഒരു സ്ത്രീയുടെ അനുഭവങ്ങൾക്ക്–പരിചയങ്ങൾക്ക്–ഇത്രത്തോളമേ വളരാവൂ എന്നൊരു പരിമിതിയുണ്ട്"[8] അക്കാലത്ത് സ്ത്രീയുടെ പരിമിതിയെ ലംഘിച്ചുകൊണ്ടുള്ള ചിന്തകളെ, പ്രമേയത്തിലും ശൈലിയിലും 'ഒരിങ്ക്വിലാബ്' മട്ടിൽ പ്രകടമാക്കുന്ന കഥകളെഴുതിയിരുന്നത് മറ്റാരുമല്ല, സരസ്വതിയമ്മ തന്നെയായിരുന്നു. ഈ രീതി ആശാസ്യമല്ല എന്ന അന്തർജ്ജനത്തിന്റെ മനോഭാവമാണ് പ്രസ്തുത അവതാരികയിൽ തെളിയുന്നത്. അതുകൊണ്ടാകാം സരസ്വതിയമ്മ ആവശ്യപ്പെട്ടിട്ടും അവതാരിക എഴുതിക്കൊടുക്കാൻ അവർ ആദ്യം മടിച്ചത്. മാത്രമല്ല, ആധിപത്യ സംസ്കാരത്തിന്റെ ചൊല്പ്പടിയിൽ ഒതുങ്ങി നിൽക്കുന്ന സഹൃദയലോകം ഒന്നടങ്കം ഭർത്സിക്കുന്ന ഈ 'ഇങ്ക്വിലാബ്' മട്ടുകാരിയോട് ഐക്യദാർഢ്യം തുറന്നു പ്രഖ്യാപിക്കാൻ അക്കാലത്ത് അന്തർജ്ജനത്തിന് മടിതോന്നിയിരിക്കാം. 'വിമർശകർ എന്തു വിചാരിക്കും?' എന്ന് അവർ ആശങ്കപ്പെട്ടത് അതുകൊണ്ടാവാം. സരളാരാമവർമ്മയാകട്ടെ കഥയെഴുത്തിൽ പരിപൂർണ്ണമായും അന്തർജ്ജനത്തിന്റെ വഴിതന്നെയാണ് പിന്തുടർന്നത്.

അവരുടെ 'പരാജയം' എന്ന കഥ സരസ്വതിയമ്മയുടെ സ്ത്രൈണസങ്കല്പത്തിന്റെ ഒരു പൊളിച്ചെഴുത്തു തന്നെയാണ്. പ്രസ്തുതകഥ ഉൾപ്പെട്ടിട്ടുള്ള സമാഹാരത്തിനാണ് അന്തർജ്ജനം അവതാരിക എഴുതിയിരിക്കുന്നത് എന്നത് സവിശേഷ ശ്രദ്ധയർഹിക്കുന്ന കാര്യമാണ്.

സ്വതന്ത്രമായ ജീവിതം സ്ത്രീക്ക് അഭികാമ്യമല്ലെന്നു തീർത്തും സ്ഥാപിച്ചെടുക്കാൻ വേണ്ടി മാത്രം എഴുതപ്പെട്ടതാണ് സരളാരാമവർമ്മയുടെ 'പരാജയം' എന്ന കഥ. സ്വതന്ത്ര മായി ജീവിക്കാനുള്ള തന്റെ ആവേശം ഒരു പരാജയമാണെന്ന് ബോദ്ധ്യപ്പെട്ട ഈ കഥ യിലെ നായിക ശാരദ ഒടുവിൽ തന്റെ ജീവിതം ഒരു പുരുഷനു സമർപ്പിച്ചുകൊണ്ട് ഇങ്ങനെ പറയുന്നു:

"എന്റെ വിശ്വാസങ്ങളെല്ലാം തകർന്നു. സമുദായസേവനംകൊണ്ടുമാത്രം സ്ത്രീ സംതൃപ്തയാവുകയില്ല. സ്ത്രീയുടെ ജീവിതോദ്ദേശം വിവാഹവും, മാതൃത്വവുമാണ്. മറ്റെന്തുകൊണ്ടും സ്ത്രീക്കു ജീവിതത്തിൽ പൂർണ്ണസംതൃപ്തി ലഭിക്കുകയില്ല. എനിക്കി പ്പോൾ അതുബോധ്യമായി . . ."[9]. സരസ്വതിയമ്മയുടെ കഥകളിൽ സ്വാതന്ത്ര്യവാദിക ളായി പ്രത്യക്ഷപ്പെടാറുള്ള നായികമാരിൽ ശാരദ (ഒരുക്കത്തിന്റെ ഒടുവിൽ എന്ന കഥ) എന്ന പേരോടുകൂടിയ ഒരു കഥാപാത്രമുണ്ടെന്നു കൂടി ഓർക്കുക! അക്കാലത്ത് സരസ്വ തിയമ്മ കരുപ്പിടിപ്പിച്ച സ്വതന്ത്രവും, വ്യതിരിക്തവുമായ സ്ത്രൈണസങ്കല്പത്തിനെതിരെ യുള്ള ഒരു തുറന്ന പ്രഖ്യാപനമാണ് സരളാരാമവർമ്മയുടെ ഈ കഥ എന്ന് അനുമാനിക്കാം. താൻ വിഭാവനം ചെയ്തുപോന്ന ഒരു നവഭാവുകത്വത്തെ സാഹിത്യവിമർശകരും, സ്ത്രീ എഴുത്തുകാരികൾപോലും നിരാകരിച്ചു എന്ന കടുത്ത യാഥാർത്ഥ്യത്തെ സരസ്വതിയമ്മയ്ക്ക് ആദ്യമേ നേരിടേണ്ടി വന്നു. തന്റെ ഒരു കഥാപാത്രത്തെക്കുറിച്ച് 'പെൺബുദ്ധി' എന്ന കഥ യിൽ സരസ്വതിയമ്മ പറയുന്നുണ്ട് – "വിലാസിനിയുടെ വാക്കുകൾ ആർക്കും മനസ്സിലാ യില്ല. മനസ്സിലാവുന്നില്ലെന്നു അവൾ മനസ്സിലാക്കുകയും ചെയ്തു"[10]. ഒരർത്ഥത്തിൽ ഈ വാക്കുകൾ കഥാലോകത്തെ സരസ്വതിയമ്മയുടെ അനുഭവം തന്നെയാണ്. സർഗ്ഗാ ത്മകലോകത്ത് അവർ വിഭാവനം ചെയ്ത ജീവിതദർശനം മനസ്സിലാക്കാനോ, ഉൾക്കൊ ള്ളാനോ ശ്രമിക്കുകപോലും ചെയ്യാതെ പലരും അവരെ തെറ്റിദ്ധരിക്കുകയാണ് ചെയ്തത്. 'പുരുഷവിദ്വേഷ'ത്തിന്റെ കഥകളായി മറ്റുള്ളവർ തന്റെ കഥകളെ വിശേഷിപ്പിച്ചത് തന്നെ

അമ്പരപ്പിക്കുകയാണുണ്ടായതെന്ന് പിൽക്കാലത്ത് അവർ പറയുന്നുണ്ട്. പിന്നീട് എഴുത്ത് അവർക്ക് ഒരു പ്രശ്നമായിത്തീർന്നതിന് ഇതും ഒരു കാരണമായിട്ടുണ്ടെന്ന് അനുമാനിക്കാവുന്നതാണ്.

ജീവിതവും, എഴുത്തും ഒരുമിപ്പിച്ച് കൊണ്ടുനടന്ന സരസ്വതിയമ്മ തന്റെ കഥകൾക്ക് സമൂഹപക്ഷത്തുള്ള അംഗീകാരം മോഹിച്ചിരുന്നു. സാമൂഹ്യജീവി എന്ന നിലയിലുള്ള തന്റെ അസ്തിത്വത്തെ ഉറപ്പിച്ചെടുക്കാനുള്ള വ്യഗ്രതയാവാം അതിനുള്ള കാരണം. ടി.എൻ. ജയചന്ദ്രനുമായി നടത്തിയ അഭിമുഖത്തിലാണ് ഇക്കാര്യം വെളിപ്പെടുന്നത്. Carrer girlsനോട് സമുദായത്തിനുള്ള മനോഭാവത്തിൽ അനുകൂലമായ മാറ്റം വരുത്താൻ തന്റെ കഥകൾ സഹായിച്ചിട്ടുണ്ടെന്ന് അഭിമുഖത്തിൽ അവർ അവകാശപ്പെടുന്നുണ്ടല്ലോ. അതേ സമയം കലാരൂപം എന്ന നിലയിൽ തന്റെ കഥകളെക്കുറിച്ച് തനിക്കു മതിപ്പില്ലെന്ന വിലയിരുത്തലിൽ ധ്വനിക്കുന്നത് കഥാലോകത്ത് താൻ അംഗീകരിക്കപ്പെട്ടിട്ടില്ലെന്ന തിരിച്ചറിവാണ്. വ്യതിരിക്തമായ സ്ത്രൈണാവബോധത്തിൽ അധിഷ്ഠിതമായ ഒരു ദർശനം സ്വജീവിതത്തിൽവെച്ചുപുലർത്തിയും, കഥകളിലും, ലേഖനങ്ങളിലും പലവട്ടമാവർത്തിച്ചെഴുതിയും ജീവിച്ചുപോന്ന സരസ്വതിയമ്മ ഒരർത്ഥത്തിൽ ആ കാലഘട്ടത്തിന്റെ തന്നെ ഒരു വെല്ലുവിളിയായിരുന്നു. ഹർഷഭരിതമായ ഒരുഗ്രസമരമായി സ്വജീവിതത്തെ അവർ നേരിട്ടെങ്കിലും ഒരു വെല്ലുവിളിയായി അവർ കൊണ്ടുവന്ന പുതുഭാവുകത്വത്തെ അന്നത്തെ സാഹിത്യലോകം അപഹസിക്കുകയും അതിലേറെ അവഗണിക്കുകയുമാണുണ്ടായത്. സരസ്വതിയമ്മയുടെ കഥകളെ ആ കാലഘട്ടത്തിലെ സഹൃദയർ ഏതുവിധത്തിലാണ് വിലയിരുത്തിയതെന്നു പരിശോധിച്ചാൽ വ്യക്തമാവുന്നത്, അവരുടെ സവിശേഷവ്യക്തിത്വത്തെ മനസ്സിലാക്കാനോ, ആ കഥകൾ ഉന്മീലനം ചെയ്തിരുന്ന പുതിയ ഭാവുകത്വത്തെ ഉൾക്കൊള്ളാനോ അധികമാർക്കും കഴിഞ്ഞിരുന്നില്ല എന്നാണ്.

സരസ്വതിയമ്മയുടെ 'രമണി' എന്ന കഥ മാതൃഭൂമി ആഴ്ച്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച് മാസങ്ങൾക്കുശേഷം ആ കഥയെക്കുറിച്ച് – എസ്സ്.കെ. കലാപതി എന്നൊരാൾ 'പുരുഷനെ മാത്രം കുറ്റപ്പെടുത്തിക്കൂടാ' എന്ന തലക്കെട്ടിൽ ഒരു നിരൂപണം ആഴ്ച്ചപ്പതിപ്പിൽ എഴുതിയിട്ടുണ്ട്. അവരുടെ കഥയെക്കുറിച്ചുള്ള ഒരു വായനക്കാരന്റെ പ്രസിദ്ധീകരിക്കപ്പെട്ട ആദ്യത്തെ പ്രതികരണമായിരിക്കാമത്. 1942ലും 1943ലുമായി 'രമണി' എന്ന കഥ പ്രസന്നകേരളത്തിലും മാതൃഭൂമി ആഴ്ച്ചപ്പതിപ്പിലും പ്രസിദ്ധീകരിച്ചതായി ഡയറക്കുറി

പ്പിൽ കാണുന്നുണ്ട്. അക്കാലത്തെ പ്രസിദ്ധീകരണങ്ങളിൽ വായനക്കാരുടെ പ്രതികരണം ചേർക്കുന്ന പംക്തി പതിവില്ലെന്നാണ് കണ്ടെത്താൻ കഴിഞ്ഞത്. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വായനക്കാരുടെ പേജ് തുടങ്ങുന്നത് 1950ന് ശേഷം മാത്രമാണ്. ആ നിലയ്ക്കു സരസ്വതിയമ്മയുടെ ഒരു കഥയെക്കുറിച്ചുള്ള വായനക്കാരന്റെ അഭിപ്രായം വാരികയിൽ പ്രസിദ്ധീകരിച്ചു എന്നത് സവിശേഷ ശ്രദ്ധ അർഹിക്കുന്ന കാര്യമാണ്. ചങ്ങമ്പുഴയുടെ *രമണ*നെ വിമർശിച്ചുകൊണ്ട് എഴുതിയ ഒരു കഥയുടെ നിരൂപണം എന്ന നിലയ്ക്കും അന്ന് ആ കുറിപ്പ് ശ്രദ്ധാർഹമായിത്തീർന്നിരുന്നതായി കരുതാം. "ചന്ദ്രികയിൽ സർവ്വാപരാധവും കാണണമെന്ന നിഷ്ഠയോടെ എഴുതപ്പെട്ടതാണ് രമണനെങ്കിൽ പ്രേമത്തിന്റെ പാവനതയെ മനഃപൂർവ്വം കളങ്കപ്പെടുത്തുന്നത് പുരുഷനാണെന്നു സ്ഥാപിക്കാനുള്ള ഒരു പോർക്കുവിളിയാണ് 'രമണി'യിൽ മുഴങ്ങുന്നത്"[11] എന്ന് വാദിച്ചുകൊണ്ട് നിരൂപകൻ ഇങ്ങിനെ പ്രസ്താവിക്കുന്നു:

"പ്രേമവഞ്ചിതരായ സ്ത്രീകൾക്കു ചാരിത്ര്യനഷ്ടവും, ലോകനിന്ദയും അനുഭവിക്കേണ്ടിവരുന്നതിൽ പുരുഷനെമാത്രം കുറ്റപ്പെടുത്തിക്കൂടാ"[12] തുടർന്ന്, സ്ത്രീകൾ അത്ര ദുർബലരല്ലെന്നു വാദിച്ചുകൊണ്ട് നിരൂപകൻ അവർക്കു നല്കുന്ന ഉപദേശം ഇതാണ്:

"സന്തത്യുൽപാദനം സാധിച്ചുകഴിഞ്ഞാൽ നിരങ്കുശനായ പുരുഷനെ പ്രകൃതി അയാളുടെ പാട്ടിന്നുപോകാനനുവദിക്കുന്നു. ബീജവിതരണം മാത്രമേ അയാളിൽനിന്നു പ്രകൃതി പ്രതീക്ഷിക്കുന്നുള്ളൂ. എന്നാൽ സ്ത്രീയുടെ സ്ഥിതി ഇതല്ല. സന്താനങ്ങളുടെ സംരക്ഷണഭാരം സ്ത്രീയുടെ ചുമലിലാണ് സമർപ്പിക്കപ്പെട്ടിരിക്കുന്നത്. പുരുഷനെ ആകർഷിക്കാനും, അടിമപ്പെടുത്താനുമുള്ള ജന്മസിദ്ധമായ അനുഗ്രഹങ്ങളിൽ അതിമഹത്തായ ഇതിനെ വിവാഹത്തിനുമുമ്പ് ഒരിക്കലും ഉപയോഗപ്പെടുത്തരുതെന്നു സ്ത്രീകൾ സന്നിഷ്കർഷം ശ്രദ്ധിക്കണം. അതിനവൾക്ക് ഇഷ്ടമില്ലെങ്കിൽ, സാധ്യമല്ലെങ്കിൽ, അതിൽനിന്ന് സംജാതമാകുന്ന എല്ലാവ്യഥകളും അനുഭവിക്കാൻ അവർ സന്നദ്ധരാകണം. പ്രകൃതിയുടെ അപ്രതിഹതമായ നിയമം താദൃശമത്രേ"[13]. ഇത് അപ്രതിഹതമായ പ്രകൃതിനിയമമല്ല, മറിച്ച് ആധിപത്യവ്യവസ്ഥിതിക്കിണങ്ങുന്നവിധം പുരുഷൻ ചിട്ടപ്പെടുത്തിയെടുത്ത നിയമമാണെന്നു മനസ്സിലാക്കാവുന്നതേയുള്ളൂ. തുടർന്ന്, പുരുഷന്റെ ദുർബ്ബലതയെക്കുറിച്ച് ലേഖകൻ പ്രസ്താവിക്കുന്നു – "സ്ത്രീക്കെന്നപോലെ പുരുഷന്റെ ഹൃദയത്തിനും ദുർബ്ബലമായ ഒരു വശമുണ്ട്. അതിന്റെ അന്തസ്സാരവിഹീനമായ പ്രചോദനത്തി

നടിമപ്പെട്ടാണ് ആയാൾ പലപ്പോഴും അധാർമ്മികമായ ലൈംഗികബന്ധത്തിലേർപ്പെടുന്നത്. അതിനെ പുരുഷന്റെ കരുതിക്കൂട്ടിയുള്ള, മനഃപൂർവ്വമുള്ള വഞ്ചനയായി വ്യാഖ്യാനിക്കുന്നത് യാഥാർഥ്യത്തിന്റെ നേരെ കണ്ണടയ്ക്കുകയാണ്"[14]. പ്രകൃതിയുടെ 'അപ്രതിഹതമായ നിയമവും', 'പുരുഷന്റെ ദൗർബല്യവും' ഏറ്റുവാങ്ങിക്കൊണ്ട് രണ്ടാംകിടക്കാരിയായി വ്യവസ്ഥിതിയിൽ നിലകൊള്ളുന്ന സാമ്പ്രദായിക സ്ത്രീത്വത്തെ മുൻനിർത്തിയാണ് നിരൂപകൻ തന്റെ അഭിപ്രായം രൂപപ്പെടുത്തിയെടുക്കുന്നത്. ആധിപത്യ വ്യവസ്ഥിതിയിൽ സ്ത്രീയുടെ ഈ വിധമുള്ള ഗതികേടിനുനേരെയുള്ള പ്രതിഷേധമാണല്ലോ സരസ്വതിയമ്മയുടെ കഥകൾ. അതു മനസ്സിലാക്കാതെ, പ്രസ്തുതനിരൂപണം 'മഹനീയ മാതൃത്വ'ത്തെ തിടമ്പേറ്റിക്കൊണ്ടും, ഇടം വലം തിരിയാനാവാത്തവിധം ചില ലക്ഷ്മണരേഖകൾ സ്ത്രീക്കു ചുറ്റും വരച്ചും, ആത്മൈക്യം പുലർത്തേണ്ട ദാമ്പത്യബന്ധത്തെ തകിടം മറിച്ചും, നിലനിൽക്കുന്ന പുരുഷാധിപത്യസംസ്കാരത്തിന്റെ ഭാഷ്യം ചമയ്ക്കുകയാണ് ചെയ്യുന്നത്.

തന്റെ കഥകളെ മാത്രമല്ല മറ്റുള്ളവരുടെ കൃതികളെയും നിരൂപകലോകം എപ്രകാരം വിലയിരുത്തുന്നുവെന്നറിയാൻ സരസ്വതിയമ്മയ്ക്കു പൊതുവേ താൽപര്യമുണ്ടായിരുന്നു. സതീർത്ഥ്യനും, സഹപാഠിയുമായിരുന്ന എസ്. ഗുപ്തൻനായരോട് സൗഹൃദം പുലർത്തിയിരുന്ന അവർ അദ്ദേഹത്തിനയച്ച ഒരു കത്തിൽ ഇങ്ങിനെ എഴുതിയിട്ടുണ്ട് – "ഏതു പത്രമെടുത്താലും ആദ്യം പുസ്തകാഭിപ്രായം നോക്കുക പണ്ടേ എന്റെ പതിവാണ്"[15] തന്റെ കൃതികളെപ്പറ്റി തീരെ മതിപ്പുതോന്നിയിട്ടില്ലെന്നു പലപ്പോഴും തുറന്നുപറഞ്ഞിട്ടുള്ള സരസ്വതിയമ്മയെ, പക്ഷേ സഹൃദയരുടെ വിമർശനം ചൊടിപ്പിച്ചിരുന്നു. പ്രസാധകരെക്കുറിച്ചും, തന്റെ കഥകളുടെ വായനക്കാരെക്കുറിച്ചും ഒരു കത്തിൽ അവർ പറയുന്നുണ്ട്: "ഇവരോടൊക്കെ ഇടപെടാൻ വലിയ വിഷമം, അതും ഒരു പെണ്ണായിജനിച്ചുപോയാൽ; എന്റെ കഥകളുടെ വായനക്കാർ വിചാരിക്കുന്നത് ഈ കഥകളെഴുതുന്ന സ്ത്രീ ഒരു flirt ആണെന്നാണ്, (ഇതൊക്കെ എഴുതാൻ ഞാനെങ്ങനെ ധൈര്യപ്പെട്ടു എന്നു നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടായിരിക്കും) ഞാനെന്തിനാണ് മറച്ചുപിടിക്കുന്നത്. അത്രമാത്രം പ്രയാസങ്ങൾ എനിക്കനുഭവിക്കേണ്ടിവന്നിട്ടുണ്ട്. വിഡ്ഢികൾ! കൊല നിയമപരമായ ഒരു കുറ്റമല്ലായിരുന്നെങ്കിൽ ഇവരെ ഞാൻ വെടിവെച്ചേനെ,"[16] *പ്രേമഭാജനം* പുസ്തകരൂപത്തിൽ ഇറക്കുന്നതിന് മുൻപ്തന്നെ വായനക്കാരുടെ ശാപവാക്കുകളും, ശകാരങ്ങളും അവർ പ്രതീക്ഷിച്ചിരുന്നു. എന്നിട്ടും അതിറക്കാനുള്ള നിശ്ചയദാർഢ്യവും, നിറഞ്ഞ പ്രതീക്ഷയും

അവർ പ്രകടിപ്പിച്ചു. തനിക്കാരെയും പേടിയില്ലെന്നും, ഇത്തരം കഥകളെഴുതുന്നതിൽ നിന്നും താൻ പിന്തിരിയാൻ പോകുന്നില്ലെന്നും, അവർ പുസ്തകമിറക്കുന്നതിനുമുൻപ് ഗുപ്തൻനായർക്കെഴുതിയിരുന്നു. ഇങ്ങിനെ തന്റെ കഥയെഴുത്തിനെക്കുറിച്ചും, വിമർശ കരോടുള്ള അമർഷത്തെക്കുറിച്ചും എല്ലാം തുറന്നെഴുതിയിട്ടും ഗുപ്തൻ നായർ അവ രുടെ കഥകളെക്കുറിച്ച് ഒരഭിപ്രായവും പറഞ്ഞിട്ടില്ല എന്നതു വിസ്മയം ജനിപ്പിക്കുന്ന ഒരു വസ്തുതയാണ്. അദ്ദേഹത്തിന്റെ നിരൂപണത്തെ സരസ്വതിയമ്മ വിലമതിച്ചിരുന്നു വെന്ന് പ്രസ്തുത കത്തുകളിൽ നിന്നും വ്യക്തമാവുന്നുണ്ട്. സരസ്വതിയമ്മ എന്ന വ്യക്തി യെക്കുറിച്ച് ഗുപ്തൻ നായർ പലയിടത്തും അനുസ്മരിക്കുന്നുണ്ടെങ്കിലും അവരുടെ കഥ കളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ തികഞ്ഞ മൗനം വ്യക്തമാക്കുന്നത് കഥാകാരിയുടെ നിലപാടിനോട് പൊതുവേ പൊരുത്തപ്പെടാൻ കഴിയാതിരുന്നതു കൊണ്ടാണെന്നു കരുതാം. എന്തായാലും സരസ്വതിയമ്മയുടെ കഥകൾക്ക് പ്രോത്സാഹജനകമായ ഒരു പരിഗണന അടുത്ത സൗഹൃദങ്ങളിൽ നിന്നുപോലും ലഭിച്ചിരുന്നില്ല.

ജീവിതകാലത്ത് സരസ്വതിയമ്മയുമായി അടുത്തബന്ധം പുലർത്തിയിരുന്ന കെ.സുരേന്ദ്രനും അവരുടെ കഥകളോട് അനുകൂലമായ ഒരു നിലപാട് ഉണ്ടായിരുന്നി ല്ലെന്നു വ്യക്തമായിട്ടുണ്ട്. *കീഴ്ജീവനക്കാരി* എന്ന കഥാസമാഹാരത്തിന് മാതൃഭൂമി ആഴ്ച പ്പതിപ്പിൽ കെ. സുരേന്ദ്രൻ എഴുതിയ പുസ്തകനിരൂപണത്തെപ്പറ്റി 'ഒരു പെനിട്രേറ്റീവ് റിവ്യു' എന്നാണ് സരസ്വതിയമ്മ അഭിപ്രായപ്പെട്ടിരിക്കുന്നത്[17]. സരസ്വതിയമ്മയുടെ വീക്ഷ ണഗതിയിൽ നൈരാശ്യബോധത്തിന്റെ പ്രത്യാഘാതമായി ജനിച്ച ഒരുതരം മനുഷ്യത്വവി ദ്വേഷം – ക്രൂരമായ ഒരുതരം സിനിസിസം കലർന്നിട്ടുണ്ടെന്നു സുരേന്ദൻ പ്രസ്തുത നിരൂപണത്തിൽ വിലയിരുത്തുന്നു. ഈ വിധം സിനിക്കായ അവർ ജീവിക്കാൻ വേണ്ടി യുള്ള ഒരു ഒത്തുതീർപ്പായിട്ടും ഒരു ചുണയായിട്ടും കൂടിയാണ് അവരുടെ നാവായി പ്രത്യക്ഷപ്പെടുന്ന 'വായാടിപ്പെൺപിള്ളേരി'ലൂടെ പ്രേമത്തെ നിഷേധിച്ചതും, അപഹസി ച്ചതും എന്നു സുരേന്ദ്രൻ കണ്ടെത്തുന്നു. തുടർന്ന്, അദ്ദേഹം സരസ്വതിയമ്മയുടെ സിനി സിസത്തെക്കുറിച്ച് ഇപ്രകാരം പ്രസ്താവിക്കുന്നു: "മാനുഷികമൂല്യങ്ങളിലുള്ള ഈ അവി ശ്വാസവും, സിനിസിസവും മനുഷ്യന്റെ സാമൂഹ്യവളർച്ചയെ ചരിത്രപരമായി മനസ്സിലാ ക്കാത്തതുകൊണ്ടാണ് ഉണ്ടായിട്ടുള്ളതെന്ന് എനിക്ക് തോന്നുന്നു"[18]. സരസ്വതിയമ്മ യുടെ സവിശേഷവ്യക്തിത്വത്തെ അംഗീകരിക്കാൻ സുരേന്ദ്രനും കഴിഞ്ഞിട്ടില്ല എന്നതാണ് ഇതു വ്യക്തമാക്കുന്നത്. ആനുഷംഗികമായി ഒരു കാര്യം ഇവിടെ സൂചിപ്പിക്കേണ്ടിയിരി

ക്കുന്നു. *കീഴ്ജീവനക്കാരി*യുടെ നിരൂപണത്തിന് മുൻപ് സുരേന്ദ്രൻ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 'കലാകാരന്റെ ശരീരശാസ്ത്രം' എന്ന പേരിൽ ഒരു ലേഖനം എഴുതിയിട്ടുണ്ട്. അതിൽ "സാമൂഹ്യാനുഭവങ്ങളാലും, വാസനകളാലും നിറം പിടിപ്പിക്കപ്പെട്ട വീക്ഷണകോണങ്ങളിലൂടെയാണ് എല്ലാ കലാകാരൻമാരും ജീവിതത്തെ ദർശിക്കുന്നത്"[19] എന്ന് ചങ്ങമ്പുഴയേയും, ആശാനേയും വിലയിരുത്തിക്കൊണ്ട് അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്. എങ്കിൽ സരസ്വതിയമ്മയുടെ ജീവിതദർശനത്തിനും മേൽപ്പറഞ്ഞ വിശദീകരണം സംഗതമാവണമല്ലോ. അതിനുപകരം സരസ്വതിയമ്മയെ ഒരു സിനിക്കായി ചിത്രീകരിക്കുകയാണ് ലേഖകൻ. ആ കാലഘട്ടത്തിൽ ഒരു സ്ത്രീയായി ജനിച്ചതുകൊണ്ടും, സ്വതന്ത്രമായ സ്വത്വബോധം അവരിൽ അടിയുറച്ചുപോയതുകൊണ്ടും അവരുടെ ജന്മവാസനകളെയും, സാമൂഹ്യാനുഭവങ്ങളെയും നിരൂപണത്തിൽ തമസ്കരിക്കുകയാണ്.

സുരേന്ദ്രൻ അഭിപ്രായപ്പെട്ടപോലെ പ്രേമംപോലുള്ള മനുഷ്യത്വത്തിന്റെ ഉന്നതമൂല്യങ്ങളെ അവർ ഒരിക്കലും അവിശ്വസിക്കുകയോ, അപഹസിക്കുകയോ ചെയ്തിട്ടില്ല; മറിച്ച്, വ്യതിരിക്തമായ അവരുടെ സ്ത്രൈണവ്യക്തിത്വം സർവ്വോന്നതമായ ഒരാത്മബന്ധമായി പ്രണയത്തെ തിരിച്ചറിയുകയും, വ്യവസ്ഥാപിത പ്രേമസങ്കൽപങ്ങളെ വിമർശിക്കുകയും ചെയ്തിട്ടുണ്ട്. *കീഴ്ജീവനക്കാരി* എന്ന സമാഹാരത്തിലെ അതേ പേരിലുള്ള കഥ മഹത്തായ പ്രണയത്തെ ഉപാസിക്കുന്ന ഒരു അടിച്ചുതളിക്കാരിയുടെ കഥയാണ്. പക്ഷേ സുരേന്ദ്രന്റെ പുസ്തകനിരൂപണത്തിൽ പ്രസ്തുത കഥ ഒഴിവാക്കപ്പെട്ടിരിക്കുന്നു. സത്യത്തിൽ നിരൂപകന്റെ വാദമുഖത്തിന്റെ മുനയൊടിക്കുന്ന ഒരു പ്രമേയമാണ് കഥാസമാഹാരത്തിന്റെ തന്നെ പേരായി സ്വീകരിച്ചിട്ടുള്ള ആ കഥ. എന്നിട്ടും നിരൂപണത്തിൽ ആ കഥ ഒഴിവാക്കിയത് ആശ്ചര്യമായിത്തോന്നുന്നു! "ഇത്രത്തോളം സവിശേഷവ്യക്തിത്വമുള്ള കഥകൾ അധികപേരും എഴുതാറില്ല"[20] എന്നു സുരേന്ദ്രൻ സമ്മതിക്കുന്നുണ്ടെങ്കിലും, സുരേന്ദ്രനടക്കം ആ കാലഘട്ടത്തിലെ വിമർശകലോകം മനസ്സിലാക്കേണ്ട ഒരു യാഥാർഥ്യമുണ്ട്. അവരുടെ ഈ സവിശേഷ വ്യക്തിത്വം ഉന്മീലനം ചെയ്തുപോന്ന ആ പുത്തൻഭാവുകത്വത്തെ ഉൾക്കൊള്ളാൻ പുരുഷാധിപത്യവ്യവസ്ഥയുടെ ചൊൽപ്പടിയിൽ നില്ക്കുന്ന വിമർശനസംസ്കാരം തയ്യാറായിരുന്നില്ല. തന്റെ പുസ്തകനിരൂപണം എഴുത്തുകാരിയോട് ഒട്ടും ദാക്ഷിണ്യം പുലർത്തിയിരുന്നില്ലെന്നു പിൽക്കാലത്ത് സുരേന്ദ്രൻ തുറന്നു സമ്മതിച്ചതിലും[21], അന്നത്തെ സഹൃദയലോകം അവരുടെ കഥകളോട് നീരസം കാണിച്ചിരുന്നതിലും വെളിപ്പെടുന്നത് അവരെ അംഗീകരിക്കാനുള്ള വൈമനസ്യംതന്നെ

യാണ്; സ്ത്രീ എഴുത്തുകാരികളെ നിശ്ശബ്ദരാക്കാനായി അവരെ അവമതിക്കുക എന്നത് അക്കാലത്തെ നിരൂപണസംസ്കാരത്തിന്റെ ഒരു രീതിതന്നെയായിരുന്നു. ലളിതാംബിക അന്തർജ്ജനത്തിന്റെയും, രാജലക്ഷ്മിയുടെയും അനുഭവങ്ങൾ ഇതു വ്യക്തമാക്കുന്നു ണ്ടല്ലോ. അവരേക്കാളും കടുത്ത വിഗ്രഹഭഞ്ജകയായ സരസ്വതിയമ്മയോട് നിരൂപക ലോകം കുറേക്കൂടി കർക്കശമായ നിലപാട്തന്നെയാണ് സ്വീകരിച്ചിരുന്നത്.

സരസ്വതിയമ്മയുടെ പ്രേമസങ്കൽപത്തെ സുരേന്ദ്രൻ തെറ്റിദ്ധരിക്കുകയാണുണ്ടാ യതെന്നു വ്യക്തമാക്കുന്ന ഒരു കൃതിയാണ് 1956ൽ അദ്ദേഹം പുറത്തിറക്കിയ *പ്രേമത്തെ ക്കുറിച്ചൊരുപുസ്തകം.* അതിൽ പ്രേമവിരോധിയായി സുരേന്ദ്രൻ അവതരിപ്പിക്കുന്ന ദാക്ഷായണിയമ്മ എന്ന കഥാപാത്രം സരസ്വതിയമ്മതന്നെയാണെന്നു അദ്ദേഹം വെളിപ്പെ ടുത്തിയിട്ടുണ്ടല്ലോ[22]. പ്രേമത്തെക്കുറിച്ചുള്ള കഥകളും, കവിതകളും ഇവിടെ ഉണ്ടായിട്ടുണ്ട്. ഇത്തരമൊരു ശ്രമം നമ്മുടെ സാഹിത്യത്തിൽ ഇതിനുമുമ്പ് നടന്നിട്ടുണ്ടോ എന്നു ഓർമ്മ വരുന്നില്ല[23] എന്നു ആമുഖത്തിൽ സൂചിപ്പിച്ചുകൊണ്ട് പ്രേമത്തിന്റെ ഉൽക്കർഷത്തെവാ ഴ്ത്തുന്ന ആ പുസ്തകത്തിന് മറ്റൊന്നുകൂടി അവകാശപ്പെടാവുന്നതാണ്. മലയാളത്തിൽ ആദ്യമായിട്ടാണ് ഒരു കഥാകാരിയുടെ ഒരു പ്രേമസങ്കല്പത്തെ മറ്റൊരു കഥാകാരൻ തന്റെ ഒരു കഥാപാത്രത്തിലൂടെ ഈ വിധം അവതരിപ്പിക്കുന്നത്. പ്രേമത്തോടും, വിവാഹത്തോ ടുമുള്ള സരസ്വതിയമ്മയുടെ മനോഭാവത്തെ അക്കാലത്തെ നിരൂപകലോകം എപ്രകാരം വിലയിരുത്തിപ്പോന്നുവോ അതിനെ ഒന്നുകൂടി ഉറപ്പിച്ചെടുക്കുകയാണ് 'ദാക്ഷായണിയമ്മ' എന്ന കഥാപാത്രത്തിലൂടെ സുരേന്ദ്രൻ ചെയ്തത്. എന്നാൽ ജീവിതാവസാനംവരെയും കാമുകീകാമുകബന്ധത്തിലെ തീവ്രമായ അനുരാഗം നിലനിർത്തുന്ന ദാമ്പത്യബന്ധത്തെ വിഭാവനം ചെയ്തുകൊണ്ടുള്ള സുരേന്ദ്രന്റെ പ്രേമാദർശവും, വിവാഹസങ്കൽപവും തന്നെ യാണ് നോവലിലും, കഥകളിലും സരസ്വതിയമ്മ വിഭാവനം ചെയ്തുപോന്നത്. അതു കൊണ്ടുതന്നെ ദാക്ഷായണിയമ്മ എന്ന കഥാപാത്രത്തിന്റെ മനോഭാവത്തെ സരസ്വതിയ മ്മയുടെ ജീവിതദർശനവുമായി ബന്ധപ്പെടുത്തുന്നത് ഒരു വിരോധാഭാസമായിട്ടാണ് അനു ഭവപ്പെടുന്നത്. പിൽക്കാലത്ത് സുരേന്ദ്രൻ തന്നെ പറഞ്ഞിട്ടുണ്ട് പ്രേമവിരോധിയായി സരസ്വതിയമ്മയെ ചത്രീകരിച്ചിട്ടും ആ പുസ്തകത്തിനുനേരെ തികഞ്ഞ പ്രസന്നതയാണ് അവർ പുലർത്തിപ്പോന്നത്[24] ആത്മൈക്യം പുലർത്തിക്കൊണ്ടുള്ള സ്ത്രീപുരുഷബന്ധ ത്തെ, പ്രേമത്തിലായാലും വിവാഹത്തിലായാലും, വിഭാവനം ചെയ്തുകൊണ്ട് കഥകളെ

ഴുതിയിട്ടും അതു മനസ്സിലാക്കാതെ അവരെ പ്രേമവിരോധിയായിത്തന്നെ പ്രസ്തുത പുസ്തകത്തിൽ ചിത്രീകരിച്ചിട്ടുണ്ടെങ്കിലും സുരേന്ദ്രൻ വാഴ്ത്തുന്ന പ്രണയസങ്കല്പം തന്നെയാണ് യഥാർത്ഥത്തിൽ സരസ്വതിയമ്മയും വച്ചു പുലർത്തിയിരുന്നതെന്ന് വ്യക്തമാവുന്നുണ്ട്. എന്നിട്ടും തന്റെ കഥകളെ അംഗീകരിക്കാനുള്ള സുരേന്ദ്രന്റെ വൈമനസ്യം മനസ്സിലാക്കിക്കൊണ്ടാവാം ആ പുസ്തകത്തിന്റെ നേർക്ക് പ്രസാദിക്കയല്ലാതെ പ്രതിഷേധിക്കാൻ അവർക്ക് കഴിയാതിരുന്നത്.

സരസ്വതിയമ്മയുടെ പ്രേമസങ്കൽപത്തെ അപഹസിച്ചുകൊണ്ട് സുരേന്ദ്രൻ ഈ പുസ്തകം എഴുതുന്നതിന് മുൻപാണല്ലോ അവിവാഹിതയുടെ സ്വാതന്ത്ര്യം വെടിഞ്ഞ് വിവാഹിതയാവാൻ വെമ്പുന്ന ഒരു സ്വാതന്ത്ര്യവാദക്കാരിയെ കേന്ദ്രകഥാപാത്രമാക്കിക്കൊണ്ട് സരളാരാമവർമ്മ 'പരാജയം' എന്ന കഥ എഴുതിയത്. ആ കഥ ഉൾപ്പെട്ട സമാഹാരത്തിന്റെ അവതാരികയിൽ ലളിതാംബിക അന്തർജ്ജനം 'സരള ഒരു ഇൻക്വിലാബ് മട്ടുകാരിയല്ല' എന്ന് പ്രഖ്യാപിച്ചുകൊണ്ട് എഴുത്തുകാരിയെ ആശീർവദിക്കുകയും ചെയ്യുന്നുണ്ടല്ലോ. സരസ്വതിയമ്മയുടെ ജീവിതാവബോധത്തെ അക്കാലത്തെ കഥയെഴുത്തുകാരും, നിരൂപകരും വരെ ഒളിവിലും, മറവിലും നിന്നുകൊണ്ട് എതിർത്തിരുന്നു. അത്തരമൊരു ഒളിയമ്പാണോ എന്നറിയില്ല സരസ്വതിയമ്മയുടെ ചിന്താധാരയുമായി പൊരുത്തപ്പെടാത്ത ഒരു കഥ 'അവൾ എന്തു ചെയ്തു' എന്ന പേരിൽ 'സരസ്വതി' എന്നൊരാൾ 1946ൽ മലയാള രാജ്യത്തിൽ പ്രസിദ്ധീകരിച്ചതായി കണ്ടെത്തിയിട്ടുണ്ട്. സരസ്വതിയമ്മ സ്വീകരിച്ച തൂലികാ നാമമാണല്ലോ 'സരസ്വതി' എന്നത്. അക്കാലത്തെ പ്രസിദ്ധീകരണങ്ങളിൽ സരസ്വതി എന്ന പേരിൽ കഥയെഴുതിയത് സരസ്വതിയമ്മതന്നെയായിരുന്നു. പക്ഷേ, പ്രസ്തുത കഥ സരസ്വതിയമ്മ എഴുതിയതാണോ എന്ന സംശയം ആരിലും ജനിപ്പിക്കുന്നതാണ്. അവരുടെ ശൈലിയിലാണ് കഥയെഴുതിയിരിക്കുന്നതെങ്കിലും, അതിലെ ആശയം അവർ കൊണ്ടു നടന്നിരുന്ന സ്ത്രൈണാവബോധത്തെ രൂക്ഷമായി വിമർശിക്കുന്നതാണ്. എന്നാൽ സരസ്വതിയമ്മ തന്റെ ഡയറിയിൽ അവരെഴുതിയ എല്ലാ കഥകളുടെയും രചനാവർഷവും, പ്രസിദ്ധീകരണ വർഷവും, പ്രസിദ്ധീകരണത്തിന്റെ പേരും വ്യക്തമായിത്തന്നെ എഴുതിയിട്ടുണ്ട്. അതു പരിശോധിച്ചപ്പോൾ ഇങ്ങിനെയൊരു കഥ രേഖപ്പെടുത്തിയതായി കാണുന്നില്ല. ആ നിലയ്ക്ക് ഇത് സരസ്വതിയമ്മ എഴുതിയ കഥ

യല്ലെന്നു ന്യായമായും കരുതാം. അവരുടെ തൂലികാനാമത്തിൽ ഇത്തരമൊരു കഥയെഴു തിയതിന്റെ ലക്ഷ്യമെന്തെന്ന് അതുവായിച്ചാൽ മനസ്സിലാക്കാവുന്നതാണ് (അനുബന്ധം 10 ആയി ആ കഥ ചേർത്തിട്ടുണ്ട്).

പ്രസ്തുതകഥയിലെ നായിക സരോജാദേവി– സരസ്വതിയമ്മ എന്ന എഴുത്തുകാ രിയുടെ പ്രതിച്ഛായയുള്ള ഒരു കഥയെഴുത്തുകാരിയാണ്. അവിവാഹിതയായ അവൾ മലയാള രാജ്യത്തിലെ ഒരു വിവാഹപരസ്യം കണ്ട് അപേക്ഷിക്കുകയും അങ്ങിനെ വിവാ ഹിതയാവുകയും ചെയ്തു. ഒരു സ്ത്രീയായതുകൊണ്ടുതന്നെ അവിവാഹിത ജീവിതം തന്നെ അപൂർണ്ണയാക്കുകയാണെന്ന ഒരു തോന്നൽ കുറച്ചു ദിവസമായി അവളെ അലട്ടി യിരുന്നുവത്രേ! അതാണ് ഒടുവിൽ വിവാഹിതയാവാനവളെ പ്രേരിപ്പിച്ചത്. വിവാഹശേ ഷവും കഥയെഴുത്തു തുടർന്നെങ്കിലും അക്കാര്യത്തിൽ ഭർത്താവിൽനിന്ന് യാതൊരു പരി ഗണനയും അവൾക്ക് ലഭിച്ചില്ല. ഒരിക്കൽ തന്റെ കഥാസമാഹാരം ഇറക്കാനുള്ള അഭ ിലാഷം അറിയിച്ചപ്പോഴും അയാൾ തീരെ ഗൗനിച്ചില്ല. തന്റെ ഭർത്താവ് ഒരരസികനായതിൽ അവൾക്ക് നിരാശ തോന്നി. 'കൂട്ടിലടച്ചകിളിയെ'പ്പോലെ ഗതികേടിലായിപ്പോയല്ലോ തന്റെ ജീവിതം എന്ന് അവൾ ഖേദിച്ചു. അങ്ങിനെ അസുഖകരമായ ദിനങ്ങൾ കഴിച്ചുകൂട്ടുന്ന തിനിടയിൽ, അവളുടെ അമ്മയുടെ അസുഖം കാരണം നാട്ടിൽ ഒറ്റയ്ക്കു പോകാനും, കുറച്ചുനാൾ അവിടെ തങ്ങാനും അവൾക്കു കഴിഞ്ഞു. അവിടെ വച്ച് സാഹിത്യതൽപ്പര നായ ഒരന്യപുരുഷനെ അവർ പരിചയപ്പെടുന്നു. അയാളുടെ സഹായത്തോടെ തന്റെ കഥാസമാഹാരം പ്രസിദ്ധീകരിക്കാൻ അവൾ തുനിഞ്ഞു. അതിന്റെ കാര്യങ്ങൾക്കായി പരസ്പരം കാണാനും ഒരുമിച്ച് യാത്രചെയ്യാനും ഒട്ടേറെ അവസരങ്ങൾ ഉണ്ടായി. ആ അടുപ്പം ഒടുവിൽ ഒരുമിച്ച് ജീവിക്കാനുള്ള ഒരു തീരുമാനത്തിൽ അവരെ കൊണ്ടെ ത്തിച്ചു. നഗരത്തിലെ ഒരു ലോഡ്ജിൽ ഒരു ദിവസം ഒരുമിച്ചുതങ്ങിയശേഷം അവളെ വഞ്ചിച്ചുകൊണ്ട് അയാൾ പിറ്റേന്ന് സ്ഥലം വിട്ടു. അവൾക്ക് ഒരെഴുത്തും കൂടെ ഒരു കഠാ രിയും അയാൾ മേശപ്പുറത്തുവെച്ചിരുന്നു. സ്ത്രീയുടെ സ്വാതന്ത്ര്യവാഞ്ഛയെ അപഹ സിച്ചുകൊണ്ടെഴുതിയ ആ കത്തിൽ പ്രശസ്തിക്കുവേണ്ടി ഭർത്താവിനെ വഞ്ചിക്കുന്ന വർക്ക് ഒരു ഗുണപാഠം നൽകുന്നുമുണ്ട്. ഉപദേശത്തോടൊപ്പം ഉപകാരപ്രദമായ മറ്റൊരു ഉപകരണം കൂടി സമർപ്പിച്ചു കൊള്ളുന്നു എന്നു പറയുന്ന കത്തിൽ അവൾ യഥോചിതം പ്രവർത്തിക്കുമെന്നു ആശിക്കുകയും ചെയ്യുന്നു. ഒരു കൈയിൽ കത്തിയും, മറ്റുകൈയിൽ കത്തും പിടിച്ചുകൊണ്ട് ശൂന്യമായ ആകാശത്തിലേക്ക് തുറിച്ചുനോക്കിനിന്ന സരോജം

എന്തു ചെയ്തിരിക്കുമെന്നു വായനക്കാർതന്നെ തീരുമാനിക്കട്ടെ എന്നു പറഞ്ഞുകൊണ്ടാണ് കഥ അവസാനിക്കുന്നത്.

സ്ത്രീയുടെ സ്വാതന്ത്ര്യേച്ഛയേയും, അവളുടെ സർഗ്ഗവൈഭവത്തെയും ഈവിധം അപകീർത്തിപ്പെടുത്തുന്ന ഒരു കഥ സരസ്വതിയമ്മയുടെ പേരിൽ പ്രസിദ്ധീകരിച്ചതിലൂടെ അവരെ അപഹസിക്കയാണ് കഥാകൃത്ത് ചെയ്തിരിക്കുന്നത്. സ്ത്രീയെ പ്രലോഭിപ്പിച്ച്, കീഴ്പ്പെടുത്തുകയും, പിന്നീട് വഞ്ചിക്കുകയും ചെയ്ത പുരുഷൻമാരെ കുത്തിക്കൊലപ്പെടുത്തുകയും, കുത്തിമുറിവേൽപ്പിക്കുകയും ചെയ്ത ആത്മാഭിമാനികളായ സ്ത്രീകഥാപാത്രങ്ങളാണ് സരസ്വതിയമ്മയുടെ കഥകളിലുള്ളത്. അവർ ഒരു നിലയ്ക്കും പുരുഷന്റെ വഞ്ചനയ്ക്കു ബലിയാടാവുന്നില്ല. ഈ കഥയിലെ നായികയ്ക്ക് ആത്മഹത്യയല്ലാതെ മറ്റൊരു പോംവഴിയും ഇല്ലാതാക്കുകയാണ് ചെയ്തത്. സ്ത്രീയുടെ സ്വാതന്ത്ര്യാവബോധത്തെ അടിച്ചമർത്തി, അവളെ സർവ്വംസഹയാക്കാനായിട്ടുള്ള ആൺകോയ്മയുടെ ഭാഷ്യം ചമയ്ക്കുകയാണ് ഈ കഥ. സരസ്വതിയമ്മ എന്ന എഴുത്തികാരിയെ ചൊടിപ്പിക്കാനായി അക്കാലത്ത് ആരോ മനഃപൂർവ്വം അവരുടെ തൂലികാനാമത്തിൽ, അവരുടെ ശൈലിയിൽ, അവരെ നായികയാക്കി എഴുതിയതാവണം ഈ കഥ എന്നു കരുതാം. ഈ കഥ പ്രസിദ്ധീകരിച്ച അതേ വർഷം (1946) തന്നെയാണ് അവരുടെ കഥകൾ ഏറ്റവും കൂടുതലായി പ്രസിദ്ധീകരിക്കപ്പെട്ടത് എന്ന കാര്യം പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. അക്കാലത്ത് ഏകദേശം ഇരുപതോളം ചെറുകഥകൾ അവരെഴുതിയിട്ടുണ്ട്. അവിവാഹിതകളായ സ്ത്രീകഥാപാത്രങ്ങളുടെ സ്വതന്ത്രവും, വ്യതിരിക്തവുമായ സ്ത്രൈണാവബോധത്തെ ഉന്മീലനം ചെയ്യുന്ന ആ കഥകളിലെ സവിശേഷ ഭാവുകത്വത്തോടുള്ള ഏതോ ഒരു വായനക്കാരന്റെ പ്രതിഷേധമാകണം 'അവൾ എന്തു ചെയ്തു?' എന്ന കഥ എന്നുഅനുമാനിക്കാവുന്നതാണ്.

ഈ വിധം കഥാകാരിയെ അപഹസിക്കാനും, ഭീഷണിപ്പെടുത്താനും നിശിതമായി വിമർശിക്കാനും മറ്റും സഹൃദയലോകം മുതിർന്നപ്പോഴായിരിക്കാം, ഏറ്റവും കൂടുതൽ കഥകളെഴുതിയ 1945–46 കാലഘട്ടത്തിൽതന്നെ കഥയെഴുത്തു നിർത്തിയാലോ എന്ന് അവർ ഗുപ്തൻ നായർക്കെഴുതിയത്[25]. പക്ഷേ എഴുത്ത് നിർത്തിയാൽ താൻ ബോറടിച്ചു ചത്തുപോവും എന്ന് അവർ ആശങ്കപ്പെടുന്നുമുണ്ട്. പകരം, നേരെയങ്ങു ചത്തുപോയെങ്കിൽ തനിക്കും, ലോകത്തിനും എന്തു സുഖമായിരുന്നു എന്നവർ ആഗ്രഹിച്ചുപോകുന്നു.

അതു നടക്കുന്നുമില്ലല്ലോ എന്നു വേദിച്ചുകൊണ്ട് അവർ തന്റെ വിധിയെ പഴിക്കുന്നു. എഴുത്തുകാരി എന്ന നിലയിൽ എഴുത്തിന്റെ ആദ്യഘട്ടത്തിൽതന്നെ സരസ്വതിയമ്മ തീവ്ര മായ മാനസികസംഘർഷത്തിന് വിധേയയായിരുന്നു.

വ്യതിരിക്തമായ സ്ത്രൈണാവബോധത്തിലൂന്നിക്കൊണ്ടുള്ള സരസ്വതിയമ്മയുടെ സവിശേഷവ്യക്തിത്വം സമകാലികരായ എഴുത്തുകാരികളിൽനിന്ന് അവരെ വേറിട്ടു നിർത്തുന്നതായിരുന്നല്ലോ. അവരേക്കാൾ ചിന്താശക്തികൊണ്ടും, ധൈര്യംകൊണ്ടും സാഹിത്യവേദിയിൽ ഒറ്റയ്ക്കുപിടിച്ചു നിന്ന സരസ്വതിയമ്മയെ പക്ഷേ, ആദ്യംമുതല്ക്കേ പ്രമുഖരായ നിരൂപകർപോലും തെറ്റിദ്ധരിക്കയാണ് ഉണ്ടായത്. തൽഫലമായി 'പുരുഷ വിദ്വേഷി' എന്ന പേരിൽ അവർ അപമാനിക്കപ്പെടുകയും ചെയ്തു. യഥാർത്ഥത്തിൽ, പുരുഷനെയല്ല സാമൂഹികവ്യവസ്ഥിതിയിൽ എന്നും മേൽക്കൈ നേടിയെടുത്ത പുരു ഷാധികാരത്തെയായിരുന്നു അവർ വിദ്വേഷിച്ചത്. അധികാരിയല്ലാത്ത പുരുഷനെക്കുറി ച്ചുള്ള ഒരു സങ്കൽപം ചില കഥകളിലും, 'ഞാനൊരു ഭർത്താവായിരുന്നെങ്കിൽ', 'പുരു ഷൻമാരില്ലാത്ത ലോകം' എന്നീ ലേഖനങ്ങളിലും സരസ്വതിയമ്മ വ്യക്തമാക്കുന്നുണ്ട്. സാമൂഹികജീവിത ചുറ്റുപാടിൽ പുരുഷാധിപത്യത്തിന്റെ ഇടപെടലുകളിൽപ്പെട്ട് ഞെരു ങ്ങിപ്പോവുന്ന സ്ത്രീവ്യക്തിത്വത്തിന്റെ മോചനം സാധ്യമാക്കുന്ന ഒരു പുരുഷസങ്കൽപ ത്തെയാണ് അവർ മെനഞ്ഞെടുത്തത്. അതായത് 'പുരുഷൻമാരില്ലാത്ത ലോകം' എന്ന തുകൊണ്ട് അവർ ഉദ്ദേശിച്ചത് പുരുഷനെ നിഷേധിക്കലല്ല മറിച്ച് പുരുഷാധിപത്യമില്ലാത്ത ലോകത്തെ വിഭാവനം ചെയ്യലാണ്. 'ഞാനൊരു ഭർത്താവായിരുന്നെങ്കിൽ' എന്ന ലേഖനം ഭർത്താവ് എന്ന നിലയിൽ ഒരു പുരുഷൻ എങ്ങിനെയായിരിക്കണം എന്ന സങ്കൽപ്പത്തെ യാണ് ഉന്മീലനം ചെയ്യുന്നത്. ആത്മൈക്യം പുലർത്തിക്കൊണ്ടുള്ള സ്വതന്ത്രവും, സമത്വ പൂർണ്ണവുമായ സ്ത്രീപുരുഷബന്ധത്തെയാണ് പ്രണയബന്ധത്തിലായാലും, ദാമ്പത്യബ ന്ധത്തിലായാലും സരസ്വതിയമ്മ അഭിലഷിച്ചത്. അഭൂതപൂർവ്വമെങ്കിലും ആദർശപരമായ ഈയൊരു കാഴ്ചപ്പാട് കഥകളിലും, ലേഖനങ്ങളിലും ആവർത്തിച്ചുറപ്പിച്ചിട്ടും അവർ പുരു ഷവിദ്വേഷിയായി വ്യാഖ്യാനിക്കപ്പെട്ടതിന്റെ കാരണം പരിശോധിക്കേണ്ടിയിരിക്കുന്നു.

1959 ൽ പ്രസിദ്ധീകരിച്ച ടി.എം. ചുമ്മാറിന്റെ *ഭാഷാഗദ്യസാഹിത്യചരിത്ര*ത്തിലാണ് മലയാളത്തിലെ സ്ത്രീ എഴുത്തുകാരികളെക്കുറിച്ച് സാമാന്യമായ ഒരവലോകനം പ്രകടമായി കാണുന്നത്. അതിൽ ലളിതാംബിക അന്തർജ്ജനം, കെ. സരസ്വതിയമ്മ, സരളാരാമവർമ്മ

തുടങ്ങിയവരെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. “സരസ്വതിയമ്മയുടെ കഥകൾ ആശാസ്യ മായ ഒരു പരിണാമത്തിൽ എത്തിക്കുവാൻ അവർക്കു കഴിയാതെ വന്നിട്ടുണ്ട്. ഉദാ:– രത്നം വിളയുന്ന ഭൂമി, മഞ്ജു–ഡോക്ടർ–മഞ്ജു, സ്ത്രീജന്മം തുടങ്ങിയവ –– സരസ്വതി യമ്മയുടെ മിക്ക കഥകളിലും പുരുഷവിദ്വേഷത്തിന്റെ നേരിയ ലാഞ്ഛനകളെങ്കിലും ഉണ്ടാ കാതെ പോകുന്നില്ല. ഗ്രന്ഥകർത്ത്രിയുടെ ഒരു വ്യക്തിമുദ്ര എന്ന പോലെ അതു പല തിലും പ്രതിഫലിച്ചുകാണാം.”[26] പ്രസ്തുതഗ്രന്ഥത്തിൽ സരസ്വതിയമ്മയെക്കുറിച്ചുള്ള പരാമർശമാണിത്. മറ്റ് എഴുത്തുകാരികളിൽ നിന്നും വ്യത്യസ്തമായ സരസ്വതിയമ്മയുടെ സവിശേഷവ്യക്തിത്വത്തെ ‘പുരുഷവിദ്വേഷ’മായി ആദ്യം മുദ്രചാർത്തിയത് ടി.എം. ചുമ്മാറാ ണെന്നുപറയാം. തുടർന്നങ്ങോട്ട് അവരുടെ കഥകളെ പുരുഷവിദ്വേഷത്തിന്റെ ഭാവ മണ്ഡലത്തിൽ പ്രതിഷ്ഠിക്കയാണ് മിക്കവരും ചെയ്തത്. 1959 ൽ തന്നെ പുറത്തിറങ്ങിയ ഏ. ഡി. ഹരശർമ്മയുടെ *മലയാള സാഹിത്യ*ത്തിൽ സരസ്വതിയമ്മയുടെ പുരുഷനിഷേധ ത്തെപ്പറ്റി ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട് –– “സരസ്വതിയമ്മ മറ്റു വിഷയങ്ങളെപ്പറ്റിയും കഥകളെഴുതിയിട്ടുണ്ടെങ്കിലും പുരുഷൻമാരുടെ നേരെ പ്രതിഷേധസ്വരമുയർത്തീട്ടുള്ള കഥകളിലാണ് അവരുടെ വ്യക്തിമുദ്ര പ്രകടമായിക്കാണുന്നത്. വ്യംഗ്യമായ രീതിയിലോ സൗമ്യമായഭാഷയിലോ അല്ല, കൂസലില്ലാത്ത പരുഷസ്വരത്തിൽത്തന്നെ അവർ പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ട്”[27] പിൽക്കാല നിരൂപകരിൽ സി.പി.ശ്രീധരൻ സരസ്വതിയമ്മയുടെ കഥകളെ പുരുഷൻമാരോടുള്ള പ്രതികാരവാഞ്ഛ-[28]യായും, ആണ്ടലാട്ട് ‘ധാർമ്മികരോ ഷത്തിന്റെ കഥകളാ’[29] യിട്ടും അഭിപ്രായപ്പെട്ടിട്ടുണ്ട്. എരുമേലി പരമേശ്വരപ്പിള്ളയും അവരെ ‘പുരുഷവിദ്വേഷി’[30] യായി വിശേഷിപ്പിച്ചിട്ടുണ്ട്. എന്നാൽ എൻ.കൃഷ്ണപിള്ള *കൈരളിയുടെ കഥ*യിൽ സരസ്വതിയമ്മയുടെ സവിശേഷവ്യക്തിത്വത്തെ ഒന്നു വേറിട്ടു കാണാൻ ശ്രമിച്ചിട്ടുണ്ട്. “വർക്കിയെപ്പോലെ വാശിയും, അമർഷവും തുറന്നു കാണിക്കാ റുള്ള സരസ്വതിയമ്മയ്ക്കു ഗുപ്തൻ നായർ പറയുമ്പോലെ സ്ത്രീയെ ചതിക്കുന്ന പുരു ഷന്റെ നെറികേടിനോട്, ദിവ്യപ്രേമമെന്നും പറഞ്ഞ് കരച്ചിലും കണ്ണീരുമായി നടക്കുന്ന ദുർബ്ബലരോട്, ശാലീനതയുടെയും, സ്ത്രീത്വത്തിന്റെയും പേരിൽ ലൈംഗികാസക്തിയെ പൊത്തിപ്പിടിച്ചു നടക്കുന്ന മാന്യതയോട്, എന്തിനധികം? –– അനപേക്ഷിതമായി ലഭിച്ച മനുഷ്യജന്മത്തോടുപോലും പ്രതിഷേധമുണ്ട്”[31] സരസ്വതിയമ്മ എന്ന വ്യക്തിയിലേക്കു കടന്നുചെന്നുകൊണ്ട് നിരൂപകൻ അവരുടെ മനഃപൂർവ്വം മാർദ്ദവം കളഞ്ഞ ഭാഷയിലുള്ള

ആ പ്രതിഷേധം കേവലം പുരുഷവിദ്വേഷമല്ലെന്നു കണ്ടെത്തുന്നു. സരസ്വതിയമ്മയെ മനസ്സിലാക്കിയ അപൂർവ്വം നിരൂപകരിൽ ഒരാൾ എൻ. കൃഷ്ണപിള്ളയാണെന്നു പറയാം.

സരസ്വതിയമ്മയെക്കുറിച്ച് മൂന്നുപേജോളം വരുന്ന ഒരു പഠനം *ചെറുകഥ-ഇന്നലെ, ഇന്ന്* എന്ന ഗ്രന്ഥത്തിൽ എം. അച്യുതൻ നടത്തിയിട്ടുണ്ട്. 'പുരുഷവിദ്വേഷി'യായി അവരെ മുദ്രചാർത്തുന്നില്ലെങ്കിലും "സരസ്വതിയമ്മ കഥാപാത്രങ്ങളെ തന്റെ സിദ്ധാന്തങ്ങളുടെ വക്താക്കളാക്കുന്നതേയുള്ളു, അവർക്കു ജീവചൈതന്യം കുറവാണ്"[32] എന്ന അഭിപ്രായമാണ് ലേഖകനുള്ളത്. സരസ്വതിയമ്മ ഒരു സിനിക്കായി മാറിയിട്ടുണ്ടോ എന്നും അദ്ദേഹം സംശയിക്കുന്നുണ്ട്. സരസ്വതിയമ്മയ്ക്ക് ഈ സിനിസിസം ആദ്യം ചാർത്തിക്കൊടുത്തത് കെ.സുരേന്ദ്രനാണല്ലോ. "ആദർശാത്മകരെ ആകെ കുഴക്കുകയും, ക്ലേശിപ്പിക്കുകയും ചെയ്യുന്ന ഒരവസ്ഥ-മുമ്പുണ്ടായിട്ടില്ലാത്ത തരത്തിലുള്ള ഒരു പരാജയ-നൈരാശ്യ-ശൂന്യതാബോധ (ഒരു Sense of frustation)ത്തിന്റെ പ്രത്യാഘാതമായി ജനിച്ച ഒരുതരം മനുഷ്യത്വവിദ്വേഷം-ക്രൂരമായ ഒരു തരം സിനിസിസം – സരസ്വതിയമ്മയുടെ വീക്ഷണഗതിയിൽ കലർന്നിട്ടുണ്ട്"[33] എന്നു സുരേന്ദ്രൻ *കീഴ്ജീവനക്കാരി*യുടെ പുസ്തകാഭിപ്രായത്തിൽ പറയുന്നുണ്ട്. പിന്നീട് *പ്രേമത്തെക്കുറിച്ചൊരു പുസ്തക*ത്തിൽ സരസ്വതിയമ്മയുടെ പ്രതിച്ഛായയായി 'ദാക്ഷായണിയമ്മ' എന്ന കഥാപാത്രത്തെ സൃഷ്ടിച്ച് അവരെ മുൻനിർത്തി ഈ കാര്യം ഇങ്ങനെ സമർത്ഥിച്ചെടുക്കുന്നുമുണ്ട്: "ചെറുപ്പത്തിലെ നിങ്ങൾക്ക് അച്ഛനുമമ്മയും നഷ്ടപ്പെട്ടതുകൊണ്ടാണ് നിങ്ങളിത്ര സിനിക്കായിത്തീർന്നത്. പല സ്രോതസ്സുകളും മുഖംപൊട്ടാതെ നിങ്ങളുടെ ഹൃദയത്തിലുണ്ട്. പല ഉറവിടങ്ങളും പോഷണം കിട്ടാതെ വരണ്ടുപോയിട്ടുമുണ്ടാകണം. ഇപ്പോൾ സെന്റിമെന്റുകളോട് നിങ്ങൾക്ക് പുച്ഛം. കാരണം അവയുടെ മാന്ത്രികാശ്ലേഷം ഇളംപ്രായത്തിൽ നിങ്ങളെ തരളയാക്കിയിട്ടില്ല. സ്നേഹമെന്നും, ത്യാഗമെന്നും കോൾക്കുമ്പോൾ നിങ്ങൾക്ക് അവിശ്വാസം; കാരണം അവയുടെ അമൃതാഹാരം കിട്ടേണ്ടകാലത്ത് നിങ്ങൾക്ക് കിട്ടിയിട്ടില്ല.... അതിന്റെ പ്രതികാരമാണ് സിനിസിസം നിറഞ്ഞ നിങ്ങളുടെ കഥകളും, വിചിത്രസിദ്ധാന്തങ്ങളോടുള്ള നിങ്ങളുടെ പക്ഷപാതവും. ലോകത്തോട് നിങ്ങൾ പ്രതികാരം ചെയ്യുകയാണ്"[34]. എം.അച്യുതനാകട്ടെ, "സ്വപ്നസങ്കല്പങ്ങളുടെ തകർച്ചകൊണ്ടുള്ള നൈരാശ്യംമൂലമാണ് സിനിക്കായി മാറുന്നതെ"[35]ന്ന് പറഞ്ഞുകൊണ്ടാണ് സരസ്വതിയമ്മയെ സിനിക്കാക്കുന്നത്. എന്നാൽ ഇവർ രണ്ടുപേരും സമർത്ഥിക്കുന്ന വിധത്തിലുള്ള സിനിസിസമൊന്നും സരസ്വതിയമ്മകൊണ്ടു നടന്നിട്ടില്ലെന്നു അവരുടെതന്നെ വാക്കുകളിൽനിന്നും വ്യക്തമാവുന്നുണ്ട്. മാതൃഭൂമി ആഴ്ച

പ്പതിപ്പിൽ "ജീവിതം എന്റെ നോട്ടത്തിൽ" എന്ന പംക്തിക്കുവേണ്ടി 1952–ൽ സരസ്വതി യമ്മ എഴുതിയ ഒരു ചെറുലേഖനത്തിൽ ഹർഷഭരിതമായ ഒരുഗ്രസമരമായിട്ടാണ് അവർ തന്റെ ജീവിതത്തെ നോക്കിക്കാണുന്നത്. ജീവിതത്തിൽ പ്രധാനം പ്രശസ്തവിജയവും, ഒന്നാം സമ്മാനവുമല്ല. ആ സമരത്തിൽ പങ്കെടുക്കുന്നതിലെ ഒരു രസം തന്നെയാണ് എന്നു പറഞ്ഞുകൊണ്ട് അവർ ജീവിതത്തെക്കുറിച്ച് ഈയൊരു കാഴ്ചപ്പാടാണ് മുന്നോട്ട് വെക്കുന്നത്–''അനപേക്ഷിതമായി കിട്ടിയതാണെങ്കിലും, ഐച്ഛികമാക്കിയാൽ വേണ്ടെന്നുവെക്കുമെങ്കിലും, അകപ്പെട്ടുപോയസ്ഥിതിക്ക് നിരർത്ഥവും, നിഷ്ഫലവുമാക്കിയെന്ന പശ്ചാത്താപത്തിന് അവസാനം ഇടവരാതെ സൂക്ഷിക്കുന്നതാണ് എല്ലാം കൊണ്ടും നല്ലത്"[36] തന്റെ ജീവിതം നിരർത്ഥകവും, നിഷ്ഫലവുമാകരുതെന്നു കരുതിക്കൊണ്ടുതന്നെ താൻ ചിന്തിച്ചതത്രയും അവരെഴുതിവച്ചു. തന്റെ സിദ്ധാന്തങ്ങളുടെ വക്താക്കളായ കഥാപാത്രങ്ങൾ അവരുടെ മനസ്സിന്റെ അടരുകൾ തന്നെയാണ്. അച്യുതൻ പറയുന്നപോലെ ജീവചൈതന്യമില്ലാത്തവർ അല്ല. പില്ക്കാലത്ത് കഥയെഴുത്തുനിർത്തിയെങ്കിലും അതുവരെ എഴുതിയതിൽനിന്ന് വ്യത്യസ്തമായി ഒരു നോവൽ എഴുതണമെന്ന ആഗ്രഹം സരസ്വതിയമ്മ കുറേക്കാലം കൊണ്ടുനടന്നിട്ടുണ്ട്. കഥകളിൽ അതുവരെ വെളിപ്പെടുത്താത്ത 'Serious side' നെ പ്രകടിപ്പിക്കാനും, അതുവഴി അംഗീകാരം നേടാനുമുള്ള അവരുടെ ആഗ്രഹം കൊണ്ടാവൂം അങ്ങിനെ പറഞ്ഞത്. പക്ഷേ പ്രതീക്ഷിച്ചപോലെ എഴുത്തിലേക്ക് ഒരു തിരിച്ചുവരവ് നടത്താൻ അവർക്കു കഴിഞ്ഞില്ല. മാത്രമല്ല, അർഹിക്കുന്ന അംഗീകാരം എഴുത്തിന്റെ ലോകത്ത് അവർക്ക് കിട്ടുകയും ചെയ്തില്ല. പിന്നീട് എഴുത്തിനോട് മടുപ്പ്തോന്നിത്തുടങ്ങി, ആ രംഗത്തുനിന്ന് പൂർണ്ണമായി പിൻവാങ്ങുകയും തികച്ചും ഒറ്റപ്പെടുകയും രോഗപീഡകളനുഭവിക്കുകയും ചെയ്തപ്പോൾപോലും ആത്മഹത്യയെക്കുറിച്ച് അവർ ചിന്തിച്ചില്ല. കൗമാരയൗവ്വനകാലഘട്ടത്തിൽ ആത്മഹത്യയെക്കുറിച്ചു ചിന്തിച്ച സരസ്വതിയമ്മ അവസാനകാലത്ത് അതിനു വിരുദ്ധമായി പുനർജന്മ വാഞ്ഛപൂണ്ട് മരണത്തെ പ്രതീക്ഷിച്ചിരിക്കയാണുണ്ടായത്. ഹർഷഭരിതമായ ഒരുഗ്രസമരമായി ജീവിതത്തെ വീക്ഷിച്ച സരസ്വതിയമ്മയ്ക്കു അവസാനം ജീവിതം പുനർജന്മ പ്രതീക്ഷയിലർപ്പിതമായ മരണത്തെ കാത്തുകൊണ്ടായിരുന്നു. കൊടിയനൈരാശ്യത്തിൽപ്പോലും ജീവിതാസക്തി കൈവിടാതെ മരണത്തിലൂടെ പുനർജന്മം മോഹിച്ച സരസ്വതിയമ്മയ്ക്ക് എങ്ങനെ സിനിക്കാവാൻ കഴിയും? മനപ്പൂർവ്വം മാർദ്ദവം കളഞ്ഞ ഭാഷയിൽ സരസ്വതിയമ്മ ആവിഷ്കരിച്ച അവരുടെ സ്വത്വാവബോധമുള്ള സ്ത്രീകഥാപാത്ര

ങ്ങളുടെ വൈകാരികഭാവത്തെ ഉൾക്കൊള്ളാൻപറ്റാത്ത വിധം ആ കഥാപാത്രങ്ങളുമായി ഒരകലം വായനക്കാർക്ക് പൊതുവേ ഉണ്ടായിരുന്നുവെന്നു കരുതാം. അവരുടെ കഥാസമാഹാരങ്ങളെക്കുറിച്ചുള്ള അക്കാലത്തെ പുസ്തകനിരൂപണം പരിശോധിച്ചപ്പോഴും ഈ കാര്യം കുറേക്കൂടി വ്യക്തമാവുകയാണ്.

മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 'പുസ്തകാഭിപ്രായം', 'വളരുന്ന സാഹിത്യം' എന്നീ കോളങ്ങളിൽ സരസ്വതിയമ്മയുടെ കഥകളെക്കുറിച്ചുള്ള നിരൂപണങ്ങൾ അക്കാലത്ത് വന്നിട്ടുണ്ട്. ആഴത്തിലുള്ള വിശകലനമോ, അന്വേഷണമോ ഇത്തരം പുസ്തകനിരൂപണങ്ങളിൽ സാധാരണ ഉണ്ടാവാറില്ല. എങ്കിലും കഥാകാരിയെക്കുറിച്ചുള്ള ചില നിരീക്ഷണങ്ങൾ അതിൽ ചിലർ നടത്തിയതായി കാണുന്നുണ്ട്. *പ്രേമഭാജനം* എന്ന നോവലിനെക്കുറിച്ച് 1945–ൽ എം.കെ.ആർ. എഴുതിയ പുസ്തകനിരൂപണം ഉപരിപ്ലവമായ ഒരു നിരീക്ഷണം മാത്രമായിട്ടാണ് അനുഭവപ്പെടുന്നത്. തോമസ് ഹാർഡി മുതലായ ഇംഗ്ലീഷ് സാഹിത്യകാരന്മാരുടെ അനുകർത്താവായി സരസ്വതിയമ്മയെ പ്രസ്തുത നിരൂപണത്തിൽ അവതരിപ്പിക്കുന്ന ലേഖകൻ അവരുടെ ചെറുകഥകളിലെ സ്ത്രീകഥാപാത്രങ്ങൾ പുരുഷവർഗ്ഗത്തോട് പകവീട്ടാനുള്ള കുറെ ഉപകരണങ്ങളായാണ് രംഗത്ത് വരുന്നത്[37] എന്നുകൂടി വായനക്കാരെ ഓർമ്മിപ്പിക്കുന്നുണ്ട്. അതേവർഷംതന്നെ *ദേവദൂതി* എന്ന നാടകത്തെക്കുറിച്ചുള്ള പുസ്തകാഭിപ്രായത്തിൽ, നാടകത്തിന്റെ ഗുണമൊന്നുമവകാശപ്പെടാനില്ലാത്ത പ്രസ്തുതപുസ്തകം "വെറുമൊരു കഥയെന്ന നിലയ്ക്ക് കുറച്ചുഭാഗം വായിക്കാൻ തെല്ലൊരു രസം തോന്നും" എന്നൊരഭിപ്രായംമാത്രം രേഖപ്പെടുത്തിക്കാണുന്നുണ്ട്[38]. 'സോദ്ദേശസാഹിത്യം' എന്ന തലക്കെട്ടിൽ എൻ.പി. ദാമോദരൻ, സരസ്വതിയമ്മയുടെ *പ്രേമഭാജനം, പെൺബുദ്ധി* എന്നീ ഗ്രന്ഥങ്ങളുടെ പുസ്തകാഭിപ്രായം 1951–ൽ മാതൃഭൂമി വാരികയിൽ എഴുതിയിട്ടുണ്ട്. "അനീതികളും, അസമത്വങ്ങളും നിറഞ്ഞുകിടക്കുന്ന ദുർഭഗമായ സമുദായാവസ്ഥയെ ശ്രീമതി സരസ്വതിയമ്മ എതിർക്കുന്നു"[39] എന്നു ആദ്യം പറഞ്ഞശേഷം, അക്കാലത്തെ നിരൂപകലോകം സരസ്വതിയമ്മയ്ക്കു ചാർത്തിക്കൊടുത്ത പുരുഷവിദ്വേഷത്തെ ഇദ്ദേഹവും തന്റെ നിരൂപണത്തിന്റെ അവസാനം അടിവരയിട്ട് സമർത്ഥിക്കുന്നു.

1952–ലെ ഗ്രന്ഥാലോകത്തിൽ *പെൺബുദ്ധി* എന്ന കഥാസമാഹാരത്തെക്കുറിച്ച് മറ്റൊരു നിരീക്ഷണം കടുത്തഭാഷയിൽതന്നെ എഴുതിയിട്ടുണ്ട്. "കാര്യമൊന്നും പുതിയ

തായി ഇല്ലാതെ കഥയെഴുതാൻ തുടങ്ങിയിട്ട് വക്രങ്ങളോ ബാലിശങ്ങളോ ആയ ഫലിതങ്ങളും, പുതുമയോ കഴമ്പോ ഇല്ലാതെ, പലരും പറഞ്ഞുകൊണ്ടിരിയ്ക്കുന്ന നാലാംകിട ലോകനിരീക്ഷണോക്തികളും അങ്ങനെ ഉരുവിട്ട്കൊണ്ട് ഗ്രന്ഥകർത്രി സമയവും, പുറവും നിറയ്ക്കുമ്പോഴാണ് നിരൂപകന്റെ ക്ഷമയ്ക്ക് അറുതി വരുന്നത്. അമ്മാതിരിയുള്ള വ്യക്തികൾ ജീവിതത്തിലെന്നപോലെ സാഹിത്യത്തിലും മുഷിപ്പന്മാരാണ്"[40]. കഥാകാരിയെ ഈ വിധം ഖണ്ഡനപരമായി വിമർശിച്ചതിനുശേഷം 'ഒരു നല്ലവാക്ക്' എന്നു പറഞ്ഞുകൊണ്ട്, പ്രസ്തുത നിരൂപണത്തിൽ 'പ്രഥമരാത്രി', 'വൈസ്രോയി സന്ദർശനം', 'പ്രേമഫലം' എന്നീ കഥകളെ ചില പാകപ്പിഴകൾ ചൂണ്ടികാണിച്ചാണെങ്കിലും അംഗീകരിക്കുന്നുണ്ട്. അതേവർഷം *പ്രേമഭാജനത്തിന്റെ* രണ്ടാംപതിപ്പിനെക്കുറിച്ച് മലയാളരാജ്യംവാരികയിൽ സി.എം.പി. എഴുതിയ നിരൂപണത്തിൽ സരസ്വതിയമ്മയുടെ നിരങ്കുശമായ ചങ്കൂറ്റത്തെ അംഗീകരിക്കുന്നുണ്ടെങ്കിലും, നോവലിലെ ബൂനി എന്ന കഥാപാത്രസൃഷ്ടിയിൽ ഗ്രന്ഥകർത്രിക്കുപോലും ശുഭാപ്തിവിശ്വാസമില്ല എന്ന് അഭിപ്രായപ്പെടുന്നുണ്ട്[41]. എന്നാൽ സരസ്വതിയമ്മയെ ഏറ്റവും കൂടുതൽ സ്വാധീനിച്ച എഴുത്തുകാരനായ തോമസ്ഹാർഡിയുടെ വരികൾ ഉദ്ധരിച്ചുകൊണ്ട്, ബൂനിയുടെ അന്ത്യത്തെക്കുറിച്ച് ചിന്തിക്കുന്ന അനുജത്തിയിലൂടെ, കഥാകാരി അത് പ്രണയസാക്ഷാത്ക്കാരം തന്നെയെന്നാണ് സ്ഥാപിച്ചെടുക്കുന്നത്. *പ്രേമഭാജനത്തിന്റെ* ഒന്നാംപതിപ്പിനെക്കുറിച്ച് 'മലയാളരാജ്യ'ത്തിൽ വന്ന വിമർശനം കുറേക്കൂടി കടുത്തതായിരുന്നുവെന്നാണ് സരസ്വതിയമ്മ ഗുപ്തൻനായർക്കെഴുതിയ കത്തിൽനിന്നും മനസ്സിലാവുന്നത്. എന്നാൽ രണ്ടാംപതിപ്പിന്റെ നിരൂപണം ഗ്രന്ഥകാരിയെ ഏറെക്കുറെ അംഗീകരിച്ചുകൊണ്ടുള്ളതായിട്ടുണ്ട്.

*കനത്തമതിൽ* എന്ന കഥാസമാഹാരത്തെ കുറിച്ച് 1953ൽ സി.പി. എഴുതിയ പുസ്തകനിരൂപണത്തിൽ സരസ്വതിയമ്മയുടെ കഥകൾ സ്വന്തമായ വീക്ഷണഗതിയും ആവിഷ്കാരസമ്പ്രദായവും കൊണ്ട് തികച്ചും വ്യക്തിത്വമുള്ളവയാണ്[42] എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ 'വിലക്കപ്പെട്ട വഴി'യിലെ അവിവാഹിതജീവിതം നയിക്കുന്ന ഡോ. വിശാലാക്ഷിയമ്മയിലൂടെ സരസ്വതിയമ്മ വിഭാവനം ചെയ്ത സ്വതന്ത്രമായ സ്ത്രൈണാവബോധത്തെ അദ്ദേഹത്തിനും ഉൾക്കൊള്ളാൻ സാധിക്കുന്നില്ല. വിശാലാക്ഷിയമ്മയുടെ നിലപാടിൽ പുരുഷനോടുള്ള പ്രതികാരവാഞ്ഛയാണ് അദ്ദേഹവും നിരീക്ഷിക്കുന്നത്. *പെൺബുദ്ധി* എന്ന കഥാസമാഹാരത്തെക്കുറിച്ച് തന്നെ പി.എ. വാര്യർ 1951ൽ മാതൃഭൂമി വാരികയിൽ എഴുതിയ നിരൂപണം[43] സരസ്വതിയമ്മയുടെ കഥാശൈലിയെ വ്യവച്ഛേദിച്ച

റിഞ്ഞുകൊണ്ട് കഥകളെ വിലയിരുത്താൻ ശ്രമിച്ചിട്ടുണ്ടെങ്കിലും, വ്യതിരിക്തമായ ആ സ്ത്രൈണസ്വത്വത്തെ വിശകലനം ചെയ്യുന്നില്ല.

*വിവാഹസമ്മാനം, പ്രേമപരീക്ഷണം, ചുവന്ന പൂക്കൾ*[44], *ചോലമരങ്ങൾ* തുടങ്ങിയ കഥാസമാഹാരത്തെക്കുറിച്ച് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഗ്രന്ഥനിരൂപണം നടത്തിയ എം. എസ്. മേനോൻ വ്യക്തിത്വമുള്ള കഥകളായി അവയെ വേർതിരിച്ചറിയുന്നുണ്ട്. പ്രത്യേകിച്ചും 'ചോലമരങ്ങൾ' എന്ന പേരിലുള്ള കഥ, സരസ്വതിയമ്മയുടെ മഹത്തായ കഥാസൃഷ്ടിയാണെന്നും, തന്നിമിത്തം സഹൃദയരുടെ മുഴുവൻ ആദരാഭിനന്ദനങ്ങളും അവരർഹിക്കുന്നുവെന്നും[45] ലേഖകൻ എടുത്തുപറയുന്നുണ്ട്. പക്ഷേ അവരുടെ സവിശേഷ വ്യക്തിത്വമുൾക്കൊള്ളുന്ന കഥകളെ മേൽപ്പറഞ്ഞ പുസ്തകനിരൂപണങ്ങൾ വേണ്ടത്ര പരിഗണിച്ചിട്ടുണ്ടോ എന്നത് സംശയാസ്പദമാണ്. 'വ്യക്തിത്വമുള്ള കഥകളായി' അവയെ ചിലർ വേറിട്ട് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ആ സവിശേഷവ്യക്തിത്വത്തെ ഉൾക്കൊള്ളാനോ കുറച്ചെങ്കിലും അംഗീകരിക്കാനോ ആരും തന്നെ തയ്യാറായിട്ടില്ലെന്നു വേണം കരുതാൻ. എം.എസ്. മേനോൻ തന്റെ നിരൂപണത്തിൽ ഇങ്ങനെ പറയുന്നുണ്ട്: "സരസ്വതിയമ്മയുടെ കഥാവിഷയം പുരുഷവിദ്വേഷം മാത്രമാണെന്നു ധരിച്ചിട്ടുള്ളവരെ ഈ കഥകൾ നിരാശരാക്കും. അതിലപ്പുറവും ജീവിതത്തിലുണ്ടെന്നു മനസ്സിലാക്കിയ ഈ കാഥികയിൽനിന്നു കൂടുതൽ കനത്ത സംഭാവനകൾ പ്രതീക്ഷിയ്ക്കാം"[46]. 1955 അവസാനത്തിൽ എം.എസ്. മേനോൻ സരസ്വതിയമ്മയെ ചെറിയതോതിലെങ്കിലും അംഗീകരിക്കുകയും അവരിൽനിന്ന് കൂടുതൽ വിലപ്പെട്ട രചനകൾ ലഭിക്കുമെന്നു പ്രതീക്ഷിക്കുകയും ചെയ്തെങ്കിലും പിന്നീട് അവരിൽനിന്ന് കാര്യമായിട്ടുള്ള കനത്തസംഭാവനകൾ ഒന്നും തന്നെയുണ്ടായിട്ടില്ല എന്നത് ശ്രദ്ധിക്കേണ്ട ഒരു സംഗതിയാണ്. 1956–ൽ സരസ്വതിയമ്മ ഒന്നുംതന്നെ എഴുതിയിട്ടില്ല, 1957ൽ രണ്ടേരണ്ടുകഥകൾ പ്രസിദ്ധീകരിക്കപ്പെട്ടു. 'ഇടിവെട്ടുതൈലം', 'പേരിലൊന്നും കാര്യമില്ല' എന്നീ കഥകളാണ് അവ. അതിൽ രണ്ടാമത്തെ കഥ സമാഹാരത്തിൽ ഉൾപ്പെടുത്താത്തതുമാണ്. 1958–ൽ എഴുതിയ 'ഉമ്മ' എന്ന കഥയോടെ അവർ തൂലിക താഴെ വെക്കുകയും ചെയ്തു.

സരസ്വതിയമ്മയുടെ *പുരുഷന്മാരില്ലാത്ത ലോകം* എന്ന ലേഖനസമാഹാരത്തെക്കുറിച്ചുള്ള ഗ്രന്ഥനിരൂപണമാണ് 'സ്ത്രീയെപ്പറ്റി ഒരു സ്ത്രീ' എന്നത്. സരസ്വതിയമ്മ എന്ന കഥാകാരിയേക്കാൾ അവരിലെ പ്രബന്ധകാരിയെ ഒട്ടൊന്ന് അംഗീകരിക്കുകയാണ്

1958–ൽ വന്ന ഈ നിരൂപണത്തിൽ പി.കെ. രാജരാജവർമ്മ ചെയ്തിരിക്കുന്നത്. അവരുടെ കാഴ്ചപ്പാടിനെക്കുറിച്ച് ലേഖകൻ അഭിപ്രായപ്പെടുന്നു. "ഇതിനെ പുരുഷവിദ്വേഷം എന്നു വ്യാഖ്യാനിക്കുന്നത് നീതി ആയിരിയ്ക്കയില്ല. സ്ത്രീകളും പുരുഷന്മാരും നിഷ്പക്ഷബുദ്ധിയോടെ വായിക്കേണ്ട ഒരു നല്ലപുസ്തകമാണ് പുരുഷന്മാരില്ലാത്ത ലോകം"[47] – പ്രസ്തുതനിരൂപണം സരസ്വതിയമ്മ കണ്ടിരിക്കാൻ സാധ്യതയുണ്ട്. എന്നിട്ടും 1958ന് ശേഷം കഥയോ ലേഖനമോ, എന്തിന്, സാഹിത്യസംബന്ധിയായ ഒരഭിപ്രായക്കുറിപ്പ് പോലും അവർ എഴുതിയതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

1958–ൽ കഥയെഴുത്തു നിർത്തിയെങ്കിലും തന്റെ തിരഞ്ഞെടുത്ത കഥകളുടെ ഒരു സമാഹാരം പുറത്തിറക്കാനായി സരസ്വതിയമ്മ ശ്രമിച്ചിരുന്നു. കഥാലോകത്ത് തന്റെ വ്യക്തിമുദ്ര അങ്ങിനെയുമൊന്നുറപ്പിക്കാൻ അവർ മോഹിച്ചിരുന്നതായി കരുതാം. സമാഹാരത്തിനുവേണ്ടി ഒരവതാരിക എഴുതിക്കിട്ടാൻ അവർ നടത്തിയ പരിശ്രമങ്ങൾ ഡയറിയിൽ പലയിടത്തായി കുറിച്ചുവെച്ചിട്ടുണ്ട്. കഥാലോകത്ത് തനതായൊരു സ്ഥാനം സ്ഥാപിച്ചെടുത്തിട്ടും സരസ്വതിയമ്മയ്ക്ക് ഒരവതാരിക എഴുതിക്കൊടുക്കാൻ സമകാലികരായ നിരൂപകർ ആരുംതന്നെ തയ്യാറായില്ലെന്ന് വ്യക്തമാക്കുന്നുണ്ട് പ്രസ്തുത ഡയറിക്കുറിപ്പുകൾ. 1967 നവംബർ 30–ന് അവതാരികയ്ക്ക് വേണ്ടി അവർ തന്റെ കഥാസമാഹാരങ്ങൾ ടി.എൻ. ജയചന്ദ്രന് അയച്ചുകൊടുത്തു. ജയചന്ദ്രനിൽ നിന്ന് അവതാരിക എഴുതിക്കിട്ടാത്തതുകൊണ്ട്[48] സരസ്വതിയമ്മ 1968 ഫെബ്രുവരി 22–ന് ബി.ഹൃദയകുമാരിയെ വീട്ടിൽപോയികണ്ട് പുസ്തകങ്ങൾ ഏൽപിച്ചു. ഏപ്രിൽ–5ന് ഹൃദയകുമാരി നല്കിയ അവതാരിക അവർക്കത്രപഥ്യമായില്ലെന്ന് ഡയറിയിലെ 'not good' എന്ന സൂചനകൊണ്ട് അവർ വ്യക്തമാക്കിയിട്ടുണ്ട്[49]. തുടർന്ന് 1968 ജൂൺ 19–ന് പുസ്തകങ്ങൾ ജി.ശങ്കരപ്പിള്ളയെ ഏല്പിച്ചെങ്കിലും ഏതാണ്ട് ഒരു വർഷത്തിനുശേഷം 1969 മെയ് 8–ന് അദ്ദേഹത്തിൽനിന്നും അവർ അവ മടക്കിവാങ്ങി. ജൂൺ 5–ന് എം.കൃഷ്ണൻ നായർക്ക് അവതാരികയ്ക്ക് വേണ്ടി കത്തയച്ചെങ്കിലും ഫലമുണ്ടായില്ല. ഒടുവിൽ 1970 ആഗസ്ത് 16–ന് പുസ്തകങ്ങൾ പി.കെ.ബാലകൃഷ്ണനുകൊടുത്തു. ഏതാനും മാസങ്ങൾക്കുശേഷം അവതാരിക എഴുതിക്കിട്ടാതെ വന്നതുകൊണ്ടാവാം 1971 ഏപ്രിൽ 5–ന് അവർ പുസ്തകങ്ങൾ തിരിച്ചുവാങ്ങി. 1967 നവംബർ 30 മുതൽ 1971 ഏപ്രിൽ 5വരെ അവതാരികയ്ക്കായി അവർ പലരേയും സമീപിച്ചകാര്യം ഡയറിയിലെ രണ്ട് പേജിൽ മുകൾഭാഗത്തായി വേറിട്ടുതന്നെ കുറിച്ചുവെച്ചിട്ടുണ്ട്[50]. അത്രയധികം മനോവ്യഥയുണ്ടാക്കിയ ഒരനുഭവമായതു

കൊണ്ടാവാം ഇങ്ങനെ ചെയ്തത്. എന്തായാലും മരിക്കുന്നതിന് മുൻപ് അവതാരികയോടുകൂടിയ തിരഞ്ഞെടുത്ത കഥാസമാഹാരം അവർക്ക് പുറത്തിറക്കാൻ കഴിഞ്ഞില്ല.

ആനുഷംഗികമായി ഒരു കാര്യം ഇവിടെ സൂചിപ്പിക്കട്ടെ–സരസ്വതിയമ്മയുടെ കഥകൾക്ക് അവതാരികയെഴുതിക്കൊടുക്കാൻ ആദ്യം വൈമനസ്യം കാണിച്ചത് ലളിതാംബിക അന്തർജ്ജനമായിരുന്നല്ലോ. 'അവതാരിക' യുടെ കാര്യത്തിലെ ഈ ആദ്യവിഘ്നം തന്നെ അവസാനംവരെയും തുടർന്നുവെന്നതും, അവതാരികകളില്ലാതെത്തന്നെ അവരുടെ കഥാസമാഹാരങ്ങൾ ഇറങ്ങിയെന്നതും കഥാലോകത്ത് അവർ തീർത്തും ഒറ്റപ്പെട്ടവരായിരുന്നു എന്നതിന്റെ തെളിവാണ്. എങ്കിലും ഈ കാര്യത്തിൽ അന്തർജ്ജനത്തോട് അവർക്ക് നീരസമൊന്നും തോന്നിയിരുന്നില്ല എന്നു വ്യക്തമാക്കുന്ന കുറിപ്പുകൾ ഡയറിയിലുണ്ട്. 1969 മാർച്ച് 21ലെ ഡയറിയിൽ 'അന്തർജ്ജനത്തിന് ഷഷ്ഠിപൂർത്തി ആശംസ' നൽകിയതിന്റെയും, അവർ പരസ്പര സന്ദർശനം നടത്തിയതിന്റെയും, അന്തർജ്ജനത്തിന്റെ മകൻ രാജൻ ഒരിക്കൽ ഉച്ചയൂണിന് വീട്ടിൽ വന്നതിന്റെയും[51] മറ്റും സൂചനയുണ്ട്.

സമകാലികരായ എഴുത്തുകാരിൽനിന്നും പല നിലയ്ക്കും ഒറ്റപ്പെട്ടുപോയ സരസ്വതിയമ്മ സാഹിത്യലോകത്ത് തനതായ വ്യക്തിമുദ്ര നേടിയെടുത്തത് കടുത്ത മാനസികപീഡനങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടുതന്നെയാണ്. സാഹിത്യരംഗത്ത് ഉറച്ചുനില്ക്കാനുള്ള അവരുടെ ശക്തമായ ആ ഇച്ഛാശക്തിയെ പരിഗണിക്കാനോ, ആ എഴുത്തുകാരിയെ മനസ്സിലാക്കാനോ മിക്കവർക്കും കഴിഞ്ഞില്ല. ഈ യാഥാർഥ്യത്തെ എം.ലീലാവതി 'സാഹിത്യത്തിന് സ്ത്രീകളുടെ സംഭാവന' എന്ന ഒരു ലേഖനത്തിൽ ഇപ്രകാരം വ്യക്തമാക്കുന്നുണ്ട്: "പാരതന്ത്ര്യം ഏതു ബ്രാൻഡ് ആയാലും പാരതന്ത്ര്യംതന്നെയാണെന്നും, അതിൽ സ്വർഗ്ഗം കാണുന്നവർ വിഡ്ഢികളാണെന്നും ഉള്ള വിശ്വാസത്തിന്റെ വക്താവായി രംഗത്തുവന്ന കെ.സരസ്വതിയമ്മ ഭദ്രശില്പമായ ഒന്നാന്തരം കഥകൾ ധാരാളം എഴുതി. ഇന്ന് കഥാസാഹിത്യത്തിലെ കാരണവന്മാരായി വാഴ്ത്തപ്പെടുന്ന ആരുടേതിലും താഴെയല്ലാത്ത കഥന പാടവം സരസ്വതിയമ്മയ്ക്കുണ്ട്. സുന്ദരമായ ഭാഷാശൈലിയും, അന്തസ്സുറ്റ ആഖ്യാനപാടവവും, മികച്ച മേധാവിനീത്വവും ഒത്തുചേർന്നിട്ടുള്ള ഈ കഥാകർത്രിക്ക് അവരർഹിക്കുന്ന അംഗീകാരം ലഭിക്കാതിരുന്നത് ഖേദകരമായ അത്ഭുതമാണ്. പിൽക്കാലത്ത് കുറച്ചെഴുതുമ്പോഴേക്ക് പുകഴ്ച്ച നേടിയ പലരേക്കാളും സിദ്ധിയും, ശക്തിയും കലാബോധവും അവർക്കുണ്ട്"[52] കഥാകാരിയെക്കുറിച്ചുള്ള ലീലാവതിയുടെ

ഈ വിലയിരുത്തൽ അക്കാലത്ത് അവർക്ക് വൈകിക്കിട്ടിയ ഒരംഗീകാരമായി കണക്കാക്കാം. അവർ മരിക്കുന്നതിന് നാലുമാസംമുമ്പ് വന്ന ഈ ലേഖനം സരസ്വതിയമ്മ കണ്ടിരിക്കാൻ ഇടയുണ്ടോ എന്ന കാര്യം സംശയമാണ്. ഇച്ഛാശക്തി നഷ്ടപ്പെട്ട് വായനപോലും ഉപേക്ഷിച്ച ഒരവസ്ഥയിലായിപ്പോയിരുന്നു അന്നവർ.

എഴുത്ത് ജീവിതംപോലെ കരുതിയിരുന്ന സരസ്വതിയമ്മയ്ക്ക് ഒടുവിൽ 'എന്തിനാ ഇനി അധികമെഴുതുന്നത്?' എന്നു സ്വയം ചോദിക്കേണ്ടിവന്ന ആ സന്നിഗ്ദ്ധഘട്ടം അവരുടെ ആത്മപീഡനത്തെയാണ് അനാവൃതമാക്കുന്നത്. ഈ ആത്മപീഡനം 'ഇനി എന്തിനാ ജീവിക്കുന്നത്?' എന്നു ചിന്തിക്കത്തക്കവിധം അവരെ സ്വത്വപ്രതിസന്ധിയിലാക്കുകയായിരുന്നു. എഴുത്തും വായനയും ഉപേക്ഷിച്ചുകൊണ്ടും, പുസ്തകശേഖരങ്ങളെല്ലാം കയ്യൊഴിച്ചുകൊണ്ടും കഴിച്ചുകൂട്ടിയ അവരുടെ ശിഷ്ടജീവിതം രോഗപീഡയാൽ അസ്വസ്ഥമായിരുന്നു. എന്നാൽ പ്രായാധിക്യം മൂലമുള്ള അനാരോഗ്യമോ, മാരകമായ മറ്റ് അസുഖങ്ങളോ ഒന്നും അവർക്കുണ്ടായിരുന്നില്ല എന്നിട്ടും അവർ അങ്ങേയറ്റത്തെ മാനസിക സംഘർഷമനുഭവിച്ചിരുന്നു. സുകുവിന്റെ അപമൃത്യുവും, മൂത്തചേച്ചിയുടെ ആത്മഹത്യയും കടുത്ത ആഘാതങ്ങൾതന്നെയാണ് ഏൽപിച്ചത്. എങ്കിലും അതിനുശേഷവും എഴുത്ത് വീണ്ടെടുക്കുന്നതിനെക്കുറിച്ചും, പുതിയൊരാളായി കഥാലോകത്ത് രംഗപ്രവേശനം ചെയ്യുന്നതിനെക്കുറിച്ചുമെല്ലാം നിറഞ്ഞ പ്രതീക്ഷയോടെ അവർ സംസാരിച്ചിരുന്നു. ജോലിയിൽനിന്നും സ്വമേധയാ പിരിഞ്ഞ് കൂടുതൽ സമയം വീട്ടിൽ ഒറ്റയ്ക്കു കഴിച്ചുകൂട്ടിയിട്ടും എഴുത്തു തുടങ്ങിവെക്കാൻ അവർക്കു സാധിച്ചില്ല. ആ വീട്ടിലെ ഒറ്റയ്ക്കുള്ള താമസം (ഏകാന്തതയും) അവരുടെ മനസ്സിന്റെ താളം തെറ്റിച്ചുകൊണ്ടുള്ള സംഘർഷത്തിനിടയാക്കുകയാണുണ്ടായത്. എഴുത്തിന്റെലോകം തിരിച്ചുപിടിക്കാൻ കഴിയാതെ വന്നപ്പോഴാകാം ഈ ഏകാന്തത അത്രമാത്രം പീഡനമായിട്ട് അവർക്കനുഭവപ്പെട്ടത്. ഒരു ഘട്ടത്തിൽ അവർ എഴുത്തിലേക്ക് തിരിച്ചുവരാൻ കഴിയണേ എന്ന് ഈശ്വരനോട് പ്രാർത്ഥിക്കപോലും ചെയ്തിട്ടുണ്ട്[53].

സരസ്വതിയമ്മയിൽ, ആഗ്രഹിക്കുന്നത് നേടിയെടുക്കാനുള്ള തീവ്രമായ ഇച്ഛാശക്തി എക്കാലത്തും ഉണ്ടായിരുന്നു. ആ ഇച്ഛാശക്തിയാണ് അവർക്ക് അസാമാന്യമായ തന്റേടം നൽകിക്കൊണ്ടിരുന്നത്. എല്ലാവരേക്കാളും ഉയർന്നതും, വ്യത്യസ്തവുമായ ഒരു നിലയിലെത്താനുള്ള മോഹത്തിന്റെ സാക്ഷാത്കാരമായിട്ടാണ് സരസ്വതിയമ്മ സാഹിത്യവൃത്തിയെ കണ്ടതെന്നു കരുതാം. പത്തൊമ്പതാമത്തെവയസ്സിൽ ആദ്യകഥ മാതൃഭൂമി ആഴ്ചപ്പതി

പ്പിൽ പ്രസിദ്ധീകരിച്ചത് ഒരു വലിയ അംഗീകാരമായികരുതി കൊണ്ടാടിയത് അഭിമുഖ ത്തിൽ വെളിപ്പെടുത്തിയിട്ടുണ്ടല്ലോ[54]. ഒന്നാം നിരയിലുള്ള ഒരു പ്രസിദ്ധീകരണത്തിൽ നിന്നുകിട്ടിയ അംഗീകാരം കഥാലോകത്ത് നിലയുറപ്പിക്കാൻ തക്ക മനോവീര്യം അവർക്കു പകർന്നു കൊടുത്തെന്നു പറയാം. എഴുത്തുകാരിയാകാനുള്ള ഇച്ഛാശക്തികൊണ്ടു മാത്രം, എതിർപ്പുകൾ വകവെക്കാതെ തുടരെത്തുടരെ എഴുതി കഥാലോകത്ത് അവർ സ്ഥാനമു റപ്പിച്ചു. സവിശേഷമായ അവരുടെ വ്യക്തിത്വം വ്യതിരിക്തമായ ഒരു ജീവിത ദർശന മായി അവരിൽ വികാസം പൂണ്ടു. അതിന്റെ നയപ്രഖ്യാപനമായി മാറുകയായിരുന്നു ആ കഥകൾ. അങ്ങിനെ കഥാലോകത്ത് വെല്ലുവിളിയുയർത്തി പുതിയൊരു ഭാവുകത്വം അവർ സൃഷ്ടിച്ചെടുത്തു. എഴുത്തിലൂടെ ജീവിതം ഹർഷഭരിതമായ ഒരുഗ്രസമരമായി അവർ കൊണ്ടാടി. 1938–ൽ തുടക്കംകുറിച്ച സർഗ്ഗവ്യാപാരം 1958 വരെ ഏതാണ്ട് ഇരുപതു വർഷ ക്കാലം, തുടർന്നെങ്കിലും അവസാനകാലമായപ്പോഴേക്കും പ്രക്ഷീണമായിക്കൊണ്ടിരുന്നു. പെട്ടെന്ന് ഒരു ദിവസം അവർ എഴുത്തു നിർത്തുകയായിരുന്നില്ല. മാത്രമല്ല, എഴുതിത്തു ടങ്ങിയ കാലം മുതലേ സരസ്വതിയമ്മയ്ക്ക് നിരവധി വിമർശനങ്ങളും, ഭീഷണികളും മൂലം കഥയെഴുത്തിൽ പലവിധ പ്രതിസന്ധികളും നേരിടേണ്ടിവന്നിട്ടുമുണ്ട്.

അക്കാലത്തെ കഥാകാരികളിൽ മറ്റുചിലർക്കും ഇത്തരമനുഭവമുണ്ടായിട്ടുണ്ടെങ്കിലും അവരുടെ കഥാസമാഹാരങ്ങൾക്ക് അവതാരികയിലൂടെയെങ്കിലും ആശീർവാദമോ, പ്രോത്സാഹനമോ ലഭിച്ചിരുന്നു. ലളിതാംബികാ അന്തർജ്ജനത്തിന്റെ ആദ്യകഥാ സമാഹാരമായ *അംബികാഞ്ജലി*യിലെ കഥകളെ പൊതുവേ പ്രശംസിച്ചുകൊണ്ട് കെ.എം. പണിക്കർ എഴുതിയ അവതാരികയും[55], സരളാ രാമവർമ്മയുടെ കഥാസമാഹാ രങ്ങൾക്ക് ജി.ശങ്കരക്കുറുപ്പും[56], അന്തർജ്ജനവും[57] എഴുതിയ അവതാരികകളുമെല്ലാം ആ എഴുത്തുകാരികളെ പോഷിപ്പിക്കുന്നവതന്നെയായിരുന്നു. എന്നാൽ ഒരവതാരികപോലു മില്ലാതെ തന്റെ പന്ത്രണ്ട് കഥാസമാഹാരങ്ങളും, നോവലും, നാടകവും, പുറത്തിറക്കേണ്ടി വന്ന മലയാളത്തിലെ ഒരേയൊരു എഴുത്തുകാരിയാണ് സരസ്വതിയമ്മ. ഒരവതാരിക എഴുതിക്കിട്ടാനായി അവസാനകാലംവരെയും ശ്രമിച്ചുകൊണ്ടിരുന്ന അവരുടെ അനുഭവം മുൻപ് വ്യക്തമാക്കിയിട്ടുണ്ടല്ലോ. എന്നിട്ടും അസാമാന്യമായ ചങ്കൂറ്റത്തോടെ അവർ കഥാ ലോകത്ത് തനിയെ പിടിച്ചുനിന്നു. അവരുടെ ഏകാന്തജീവിതവും, കഥയെഴുത്തും അന്നേക്ക് ഇഴപിരിക്കാനാവാത്തവിധം ഇണങ്ങിച്ചേർന്നുകഴിഞ്ഞിരുന്നു. എഴുത്തുനിർത്തിയിട്ടും ഇനിയും എഴുതാനിരിക്കുന്ന കൃതികളെ ഓർത്തുകൊണ്ടുമാത്രമാണ് താൻ ജീവിക്കുന്ന

തെന്നും, എഴുത്തില്ലെങ്കിൽ തനിക്കു ജീവിതസുഖമില്ലെന്നും അവർ പറഞ്ഞിട്ടുണ്ട്. അവരുടെ സ്വത്വാവിഷ്ക്കാരമായിട്ടുള്ള എഴുത്ത് അവർക്ക് ജീവിതം തന്നെയായിരുന്നു. അതിൽനിന്നും വേറിട്ടൊരു ജീവിതം അവർക്കില്ല. അങ്ങിനെ കഥാലോകത്ത് തനതായ സ്വത്വാവിഷ്ക്കാരംകൊണ്ട് സരസ്വതിയമ്മ അവതരിപ്പിച്ച ആ പുതുഭാവുകത്വത്തെ, പക്ഷേ, സഹൃദയലോകം അപഹസിക്കുകയും, അതിലേറെ അവഗണിക്കുകയുമാണുണ്ടായത്. ക്രമേണ അത് അവരുടെ സ്വത്വബോധത്തിനേറ്റ കനത്ത ആഘാതമായിത്തീരുകയും ഒടുവിൽ എഴുത്തിലും, ജീവിതത്തിലും അവർക്ക് സ്വത്വപ്രതിസന്ധി നേരിടേണ്ടിവരികയും ചെയ്തു. ഈ പ്രതിസന്ധിയെ തരണം ചെയ്യാൻ കഴിയാതെ വന്നതിന്റെ സൂചന അവസാനകഥയായ 'ഉമ്മ'യിൽ കാണാവുന്നതാണ്. സരസ്വതിയമ്മയുടെ കഥകളുടെ പൊതുവായ ആർജ്ജവമോ, സവിശേഷവ്യക്തിത്വമോ ഒന്നുമില്ലാത്ത വളരെ ദുർബലമായ ഒരു പ്രമേയമാണ് ആ കഥയുടേത്. അന്നു താഴെ വെച്ച തൂലിക പിന്നീട് ചലിക്കുകയുണ്ടായില്ല. തൃപ്തി തോന്നാത്ത തന്റെ കലാരൂപത്തെക്കുറിച്ച് ചിന്തിച്ചും, 'എന്തിന് അധികമെഴുതണം' എന്നു സ്വയം ചോദിച്ചും, ആത്മപീഡനമേറ്റുവാങ്ങിയ അവർക്ക് ഒടുവിൽ എഴുത്ത് ഒരലർജിയായി മാറി. സാഹിത്യരംഗത്തും, ജീവിതത്തിലും ഒരുപോലെ നേരിടേണ്ടിവന്ന സ്വത്വപ്രതിസന്ധിയാണ് എഴുത്തിലും, ജീവിതത്തിലും പ്രകടമാക്കിയിരുന്ന അവരുടെ ഇച്ഛാശക്തിയെ പാടേ തകർത്തുകളഞ്ഞത്.

സ്വന്തം കലാസൃഷ്ടിയെക്കുറിച്ച് അനഭിമതമായിട്ടുള്ള അഭിപ്രായം തുറന്നുപറഞ്ഞിട്ടുള്ള എഴുത്തുകാർ വിരളമാണെന്നു പറയാം. എന്നാൽ തുടക്കം മുതലേ അത്തരമൊരു സമീപനം സരസ്വതിയമ്മ വെച്ചു പുലർത്തിയിട്ടുണ്ട്. 1944–45 കാലഘട്ടത്തിൽ ഗുപ്തൻനായർക്കെഴുതിയ കത്തുകളിൽ പലയിടത്തും അതിന്റെ സൂചനകളുണ്ട്. എഴുത്തുനിർത്തി ഒരു വ്യാഴവട്ടത്തിനുശേഷം ടി.എൻ. ജയചന്ദ്രനുമായി നടത്തിയ അഭിമുഖത്തിലും[58] അവർ ഇക്കാര്യം വെളിപ്പെടുത്തിയിട്ടുണ്ടല്ലോ. അവതാരിക എഴുതിക്കൊടുക്കാൻ പലരും തയ്യാറാകാതിരുന്നതും, എഴുതിക്കിട്ടിയ അവതാരിക അവർക്ക് അഭിമതമാകാതിരുന്നതും നിമിത്തമാവാം ഈ വെളിപ്പെടുത്തൽ എന്ന് കെ.എസ്. രവികുമാർ നിരീക്ഷിച്ചിട്ടുള്ളതു[59] ശ്രദ്ധേയമാണ്.

സ്വന്തം കലാസൃഷ്ടിയെപ്പോലും തള്ളിപ്പറയത്തക്കവിധം സഹൃദയലോകത്തിൽ നിന്ന് സരസ്വതിയമ്മയ്ക്കുണ്ടായ അവഗണന ഒരർത്ഥത്തിൽ എഴുതാനുള്ള അവരുടെ

ആത്മവീര്യത്തെ തളർത്തുകയാണ് ചെയ്തത്. ദാർശനികപ്രതിസന്ധി നേരിട്ട് എഴുത്തു നിർത്തിയ സരസ്വതിയമ്മയ്ക്ക് പിന്നീട് എഴുത്തിലേക്ക് തിരിച്ചുവരാൻ സാധിക്കാത്ത തിന് ഇതും ഒരു കാരണമായിട്ടുണ്ട്. 1950–കളിൽ കഥാലോകത്ത് ശക്തിപ്രാപിച്ചുവന്ന കാല്പനികതയുടെ പുതിയ ഭാവുകത്വം സാമ്പ്രദായികസാഹിത്യാഭിരുചിക്കിണങ്ങുന്ന മട്ടിൽതന്നെയാണ് 1958ൽ അവർ കഥയെഴുത്തു നിർത്തുന്ന കാലത്തും പുരോഗമിച്ചു കൊണ്ടിരുന്നത്. ഈ കാല്പനികതയും, 1960കളിൽ ശക്തിയാർജ്ജിച്ച ആധുനികതയും നിലനിർത്തിപ്പോന്നത് കേരളീയസമൂഹത്തിലെ പുരുഷാധിപത്യത്തെയും സ്ത്രീവിരുദ്ധ മായ പാരമ്പര്യത്തെയും സംരക്ഷിക്കുന്ന പുരുഷസാഹിത്യത്തെയാണ്. ഇത്തരം സാഹി ത്യത്തിലെ സ്ത്രീസങ്കല്പത്തെ കുടഞ്ഞെറിഞ്ഞുകൊണ്ട് സരസ്വതിയമ്മ കഥാലോകത്തു യർത്തിയ വെല്ലുവിളി എങ്ങും ഏശാതെ പോവുകയാണല്ലോ ഉണ്ടായത്. അതു മനസ്സി ലാക്കിയതുകൊണ്ടാവണം 'ഇനി എന്തിനാ അധികമെഴുതുന്നത്?' എന്നവർ നിരാശപൂണ്ട് ചോദിച്ചത്. എഴുത്തിന്റെ ലോകം നഷ്ടപ്പെടുകയും, അവസാനകാലത്ത് ഏകാന്തജീ വിതം ദുസ്സഹമായി തോന്നുകയും ചെയ്തപ്പോൾ ഒരു കൂട്ടില്ലാതെ പോയതിൽ സരസ്വതി യമ്മയ്ക്ക് നിരാശ തോന്നിത്തുടങ്ങി. "തന്റെ മനഃപ്രയാസം ലഘൂകരിക്കാനുള്ള ശ്രമ ത്തിൽ സരസ്വതിയമ്മ ഉടനെ വിവാഹിതയായെന്നും വന്നു കൂടായ്കയില്ല" എന്ന് 1959 –ൽ അവരെ സന്ദർശിച്ച പി. ഭാസ്കരനുണ്ണി രേഖപ്പെടുത്തിയിട്ടുണ്ട്[60]. കോളേജ് പഠനകാ ലത്ത് സഹപാഠിയുടെ വിവാഹാപേക്ഷയെ തള്ളിക്കളഞ്ഞതിൽ പിന്നീട് അവർ ഖേദിക്കു കയും, മരിക്കുന്നതിന് ഏതാനുംദിവസം മുൻപ് ആശുപത്രിക്കിടക്കയിൽ വെച്ച് 'എനി ക്കിനി വിവാഹം കഴിക്കാൻ പറ്റുമോ?' എന്ന് ഡോക്ടറോടും മറ്റും ചോദിക്കുകയും ചെയ്തി രുന്നു. മരിക്കുന്നതിന് ഏകദേശം ഒരു വർഷം മുൻപ് സെപ്തംബർ 9–ൽ എഴുതിയ സര സ്വതിയമ്മയുടെ ഒരു ഡയറിക്കുറിപ്പിൽ 'ഞാൻ കെട്ടിച്ച ആനക്കൊട്ടിലിൽവച്ചുള്ള കല്ല്യാണം കാണാൻ ശശിയുടെ വീട്ടിൽ പോയി' എന്നു എഴുതിക്കാണുന്നു[61]. 1972–ൽ അവർ ചെറിയ ഉദ്ദേശം ക്ഷേത്രത്തിൽ സ്വന്തം ചെലവിൽ ഒരു ആനക്കൊട്ടിൽ പണിയിച്ചി ട്ടുണ്ട്. കല്ല്യാണത്തിന് ക്ഷണിക്കപ്പെട്ടില്ലെങ്കിലും ആ ചടങ്ങ് കാണാനുള്ള താത്പര്യം കൊണ്ടാണ് അവർ ക്ഷേത്രത്തിനടുത്തു താമസിച്ചിരുന്ന ശാരിയുടെ വീട്ടിൽ പോയത്. ഇതേ ആനക്കൊട്ടിൽവെച്ചുണ്ടായ 'അത്തമിളക്കൽ' എന്ന ചടങ്ങ് കണ്ട് മുൻപൊരിക്കൽ സരസ്വതിയമ്മ ചാരിതാർത്ഥ്യമടഞ്ഞിട്ടുണ്ട്[62]. അതുപോലെ ഈ വിവാഹചടങ്ങുംകണ്ട് സായൂജ്യമടയാൻ ശ്രമിച്ച സരസ്വതിയമ്മയുടെ മനോഭാവം വ്യക്തമാക്കുന്നത് വ്യവസ്ഥാ പിതവിവാഹത്തോട് അവർക്കുണ്ടായിരുന്ന പ്രതിഷേധത്തിന്റെ ശക്തി ക്ഷയിച്ചു

തുടങ്ങിയിരുന്നു എന്നതാണ്. എഴുത്തിൽ മാത്രമല്ല ജീവിതത്തിലും സ്വത്വപ്രതിസന്ധി നേരിട്ടതിനാലാണ് ഏകാന്തജീവിതം അവർക്ക് കടുത്ത പരീക്ഷണമായി മാറിയത്. സൗഹൃദബന്ധത്തെ ജീവവായു പോലെ ആദ്യകാലത്തുകൊണ്ടുനടന്ന സരസ്വതിയമ്മ അവസാനകാലത്തെ ഏകാന്തജീവിതത്തിൽ സൗഹൃദങ്ങളോട് വൈമുഖ്യമാണ് കാണിച്ചത്. കൂടെ താമസിക്കാനുള്ള രാജലക്ഷ്മിയുടെ ക്ഷണം നിരസിച്ചതിലൂടെ സൂചിതമാവുന്നത് അതാണല്ലോ. എന്നാൽ വിവാഹനിഷേധം പ്രകടമാക്കുന്ന അവരുടെ സ്ത്രൈണാവബോധം പിന്നീട് അബോധാവസ്ഥയിൽപ്പോലും വിവാഹതാൽപ്പര്യം പ്രകടിപ്പിക്കുകയാണ് ചെയ്തത്. ഇങ്ങിനെ മനസ്സിന്റെ ചില നിലപാടുകളിൽ വ്യതിയാനം സംഭവിക്കുകയും, മനസ്സ് ദുർബ്ബലമാവുകയും ക്രമേണ അതു ശാരീരികാരോഗ്യത്തെ ബാധിക്കുകയും ചെയ്തു തുടങ്ങി. തന്റെ മനോനില വീണ്ടെടുക്കാൻ ഈ അവസരത്തിൽ അവർ കണ്ട മാർഗ്ഗം ഭക്തിയുടേതായിരുന്നു. അവസാനകാലത്തെ ഡയറിക്കുറിപ്പിൽ ക്ഷേത്രദർശനങ്ങൾ നടത്തിയതിന്റെയും വഴിപാടുകൾ ചെയ്തതിന്റെയും ക്ഷേത്രങ്ങൾക്ക് ധാരാളം സംഭാവനകൾ നല്കിയതിന്റെയും പരാമർശങ്ങൾ കാണുന്നുണ്ട്.

ഭക്തിയുടെ ലോകം അവർക്ക് കുറച്ചൊക്കെ മനശ്ശാന്തി നൽകിയിട്ടുണ്ടായിരിക്കാം. അതുകൊണ്ടാവാം മരണം കാത്തുകൊണ്ടുള്ള അവസാനഘട്ടത്തിൽപ്പോലും മറ്റൊരു ഇച്ഛാശക്തി അവരിൽ പ്രകടമായത് – പുനർജന്മവാഞ്ഛയായിരുന്നു അത്. ഭൗതികജീവിതത്തിലെ എല്ലാ ഇച്ഛാശക്തിയേയും തകർത്ത സ്വത്വപ്രതിസന്ധിയിൽനിന്നുള്ള രക്ഷയ്ക്കായി അവർ ഒടുവിൽ ഭക്തിമാർഗ്ഗം സ്വീകരിച്ചു. എങ്കിലും ജീവിതത്തോടുള്ള തീവ്രമായ ആസക്തി ശമിക്കാത്തതുകൊണ്ടാണ് ഈശ്വരപ്രാർത്ഥനയിൽ മരണപ്രതീക്ഷയോടൊപ്പം ശക്തമായിത്തന്നെ പുനർജ്ജന്മവാഞ്ചയും നാമ്പിട്ടിരുന്നത്. 1973 നവംബർ മാസത്തിലെ ഡയറിക്കുറിപ്പിൽ ഇങ്ങനെ കാണുന്നുണ്ട്: “24 തൊട്ട് 28 വരെ സന്ധ്യയ്ക്ക് ശിവപാർവ്വതിപൂജ പടമില്ലാതെ ചെയ്തു. ഇച്ഛിക്കുന്നപോലെ പുനർജന്മം കിട്ടിയാൽ സിതാര വിറ്റ് നൂറനാട് ക്ഷേത്രത്തിനുവേണ്ടി ചിലവഴിക്കാൻ നിശ്ചയം”[63] – വിചിത്രമായ ഇത്തരം ചില തോന്നലുകളും, പ്രവൃത്തികളും അവസാനനാളുകളിൽ സരസ്വതിയമ്മയ്ക്കുണ്ടായിരുന്നു. പുനർജന്മം പ്രതീക്ഷിച്ചുകൊണ്ടുള്ള ഒരു മരണത്തിനായി പ്രാർത്ഥിക്കുകയും അതിനായി വഴിപാടു നേരുകയും ചെയ്യുക എന്നൊരു നിലയോളം ചെന്നെത്തി അവരുടെ ഭക്തി!

കഥാലോകത്ത് വെല്ലുവിളിയുയർത്തിക്കൊണ്ട് ഹർഷഭരിതമായ ഒരുഗ്രസമരമായി ജീവിതം നയിച്ച സരസ്വതിയമ്മയ്ക്ക് അതിനുള്ള ഇച്ഛാശക്തിയായിരുന്നു എഴുത്ത്. അതു നഷ്ടപ്പെടുകയും, ജീവിതം മടുക്കുകയും ചെയ്തു തുടങ്ങിയപ്പോൾ മരിക്കാനുള്ള സന്ന ദ്ധത പുനർജന്മപ്രതീക്ഷയോടെ അവരിൽ ഉളവായി. അങ്ങേയറ്റം ജീവിതാസക്തിയു ണ്ടായിരുന്നതുകൊണ്ടാകാം അവർക്ക് ജീവിതത്തെയും, മരണത്തെയും ഒരേമട്ടിൽ ഇച്ഛാ ശക്തിയോടെ അഭിമുഖീകരിക്കാൻ സാധിച്ചത്. ജീവിതത്തോട് എന്നും തീവ്രമായ അഭി നിവേശം ഉണ്ടായിരുന്നിട്ടും അവർ ജീവിതത്തിൽ ഒറ്റപ്പെട്ടുപോയത് വിധിവൈപരീത്യ മെന്നേ പറയേണ്ടൂ!

ഏകാന്തജീവിതവും അനാഥത്വവും സരസ്വതിയമ്മയ്ക്ക് അവസാനകാലത്ത് അങ്ങേ യറ്റം അസഹ്യമായി അനുഭവപ്പെട്ടിരുന്നു. കൊച്ചേച്ചിയുടെ മരണത്തോടെ തന്റെ കുടും ബത്തിലെ ശേഷിച്ച ഒരേയൊരംഗമായി താനെന്ന ചിന്ത അവരെ അലട്ടിയിരുന്നു. ഒറ്റ യ്ക്കുള്ള ജീവിതം അവസാനിച്ചുകിട്ടാൻ മരണത്തെ കാത്തിരുന്നതോടൊപ്പംതന്നെ പുനർജ ന്മത്തിനായി അവർ പ്രാർത്ഥിക്കുകയും ചെയ്തു. പുനർജന്മത്തിൽ ബന്ധുക്കളൊത്തുള്ള ഒരു ജീവിതമാണ് അവർ ആഗ്രഹിച്ചത്. എഴുത്തുകാരിയെന്ന നിലയിലുള്ള ഈ ജന്മ ത്തിലെ ഒറ്റപ്പെട്ട ജീവിതത്തേക്കാൾ ഒരുപക്ഷേ സരസ്വതിയമ്മയ്ക്ക് അഭികാമ്യം തോന്നി യത് മറ്റൊരു ജന്മത്തിൽ ബന്ധുക്കളൊത്തുള്ള ജീവിതമായിരിക്കാം. സതീർത്ഥ്യന്റെ വിവാഹാപേക്ഷയെ അടുത്ത ജന്മത്തിൽ കൈക്കൊള്ളാമെന്നു കരുതി മരണം വരിച്ച *സീതാഭവന*ത്തിലെ നായികയെപ്പോലെ കഥാകാരിയും ജീവിതത്തോടുള്ള തന്റെ തീവ്ര മായ അനുരാഗത്തെ മറ്റൊരു ജന്മത്തിലൂടെ സാക്ഷാത്കരിക്കാമെന്ന പ്രതീക്ഷയിലും, പ്രാർത്ഥനയിലും ഒടുക്കം എത്തിനിൽക്കുന്നതായി കരുതാവുന്നതാണ്.

താൻ ജീവിച്ചുപോന്ന കാലഘട്ടത്തിന് ഉൾക്കൊള്ളാൻ പറ്റാത്ത ഒരവബോധം വെച്ചു പുലർത്തിയതുകൊണ്ടാണ് എഴുത്തിന്റെ ലോകത്തും സ്വകാര്യജീവിതത്തിലും സരസ്വ തിയമ്മ ഒറ്റപ്പെട്ടുപോയത്. പരമ്പരാഗതമായ സാമൂഹികനീതിക്കു വഴങ്ങിക്കൊടുക്കാ ത്ത, വ്യവസ്ഥാപിത ജീവിതത്തെ വെല്ലുവിളിച്ച അവരുടെ സ്ത്രീകഥാപാത്രങ്ങൾ കലാപ കാരികളായി വ്യാഖ്യാനിക്കപ്പെട്ടു. ഈ കഥാപാത്രങ്ങൾ എഴുത്തുകാരിയുടെ സ്വത്വ മുൾക്കൊള്ളുന്നുവെന്നതിനാൽ സമൂഹം അവരെ സംശയദൃഷ്ടിയോടെ വീക്ഷിച്ചു. അവരെ ഭർത്സിച്ചു. സ്വതന്ത്രവും, വ്യതിരിക്തവുമായ അവരുടെ സ്ത്രൈണസ്വത്വത്തോ

ടുള്ള അവഗണന ക്രമേണ അവരെ ദാർശനികപ്രതിസന്ധിയിലാക്കുകയാണുണ്ടായത്. എഴുതാനും, ജീവിക്കാൻപോലും, സാധിക്കാത്തവിധം ഇച്ഛാശക്തി തകർത്ത സ്വത്വപ്രതിസന്ധിയിൽ അവർ അകപ്പെട്ടു. സ്വത്വപ്രതിസന്ധി നേരിട്ട സരസ്വതിയമ്മയിലെ കഥാകാരി ആത്മപീഡനമനുഭവിച്ചുകൊണ്ട് നേരത്തെ മരണമടയുകയും, ക്രമേണ ആ ഭൗതികശരീരം ഇഞ്ചിഞ്ചായി വേദനയനുഭവിച്ചുകൊണ്ട് നിശ്ചലമാവുകയും ചെയ്തു.

നിലവിലുള്ള പുരുഷാധിപത്യവ്യവസ്ഥിതിയെ വെല്ലുവിളിച്ചുകൊണ്ട് സ്ത്രീയുടെ സ്വാതന്ത്ര്യവും, സ്വത്വാവബോധവും വിഭാവനം ചെയ്തതുകൊണ്ടാണ് സരസ്വതിയമ്മയ്ക്ക് സ്വത്വപ്രതിസന്ധി അനുഭവിക്കേണ്ടിയും, അങ്ങനെ ഒറ്റപ്പെടേണ്ടിയും വന്നത്. സാമ്പ്രദായിക മൂല്യാധിഷ്ഠിതമായ ആധിപത്യവ്യവസ്ഥിതിയുടെ ഒരു ബലിയാടാവുകയായിരുന്നു യഥാർത്ഥത്തിൽ ആ എഴുത്തുകാരി.

**അടിക്കുറിപ്പുകൾ**

1. ഡോ. പി. വി. വേലായുധൻ പിള്ള, 'ചങ്ങമ്പുഴ സ്വകാര്യ കലാപത്തിന്റെ കവി' *ഭാഷാപോഷിണി* 4,8 (ഏപ്രിൽ–മെയ് 1981), പു. 54
2. കെ. സരസ്വതിഅമ്മ, *കാറ്റിൽപറക്കാത്ത കത്തുകൾ,* സമ്പാ. എസ്. ഗുപ്തൻ നായർ (ഡി. സി. ബുക്സ്, കോട്ടയം, 1991), പു. 161.
3. രാജലക്ഷ്മിഅമ്മയുമായുള്ള സ്വകാര്യ സംഭാഷണം, തിരുവനന്തപുരം, ഡിസംബർ 27, 2006.
4. മാധവിക്കുട്ടിയുമായുള്ള സ്വകാര്യ സംഭാഷണം, തിരുവനന്തപുരം, ഒക്ടോബർ 6, 2005.
5. കെ. സരസ്വതിയമ്മ, 'പുരുഷൻമാരില്ലാത്ത ലോകം', *കെ.സരസ്വതിയമ്മയുടെ സമ്പൂർണ്ണ കൃതികൾ',* സമ്പാ.–കെ.എസ്. രവികുമാർ, (ഡി.സി.ബുക്സ്, കോട്ടയം, 2001), പു. 978.
6. കെ. സരസ്വതിഅമ്മ, *കാറ്റിൽപറക്കാത്ത കത്തുകൾ,* പു. 165.
7. ലളിതാംബിക അന്തർജ്ജനം, 'അവതാരിക', സരളാ രാമവർമ്മയുടെ, 'പരാജയം', *കഥാകദംബം* (മംഗളോദയം, തൃശ്ശിവപേരൂർ, 1954), പു.30.
8. ടി, പു. 3.
9. ടി, പു. 30.
10. കെ. സരസ്വതിയമ്മ, 'പെൺ ബുദ്ധി', പു. 513.

11. എസ്സ്. കെ. കലാപതി, 'പുരുഷനെ മാത്രം കുറ്റപ്പെടുത്തിക്കൂട' കെ. സരസ്വതിയമ്മയുടെ *രമണി*യുടെ നിരൂപണം, *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* (നവംബർ 28,1943), പു. 11.

12. ടി, പു. 12.

13. ടി.

14. ടി.

15. കെ. സരസ്വതിഅമ്മ, *കാറ്റിൽപറക്കാത്ത കത്തുകൾ,* പു. 160.

16. ടി, പു. 156.

17. കെ. സുരേന്ദ്രൻ, 'ഒറ്റപ്പെട്ട ഒരു പ്രതിഭാസം', *കെ.സരസ്വതിയമ്മയുടെ സമ്പൂർണ്ണകൃതികൾ',* സമ്പാ. കെ.എസ്. രവികുമാർ, (ഡി.സി.ബുക്സ്, കോട്ടയം, 2001), പു. 1026.

18. കെ. സുരേന്ദ്രൻ, കെ. സരസ്വതിയമ്മയുടെ *കീഴ്ജീവനക്കാരി*യുടെ നിരൂപണം, *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 27,36, (നവംബർ 20,1949), പു. 14.

19. കെ. സുരേന്ദ്രൻ, 'കലാകാരന്റെ ശരീരശാസ്ത്രം', *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 27,36, (ജൂലൈ 17,1949), പു. 8.

20. കെ. സുരേന്ദ്രൻ, കെ. സരസ്വതിയമ്മയുടെ *കീഴ്ജീവനക്കാരി*യുടെ നിരൂപണം, പു.14.

21. കെ. സുരേന്ദ്രൻ, 'ഒറ്റപ്പെട്ട ഒരു പ്രതിഭാസം', പു. 1026.

22. ടി. 1026–27.

23. കെ. സുരേന്ദ്രൻ, *പ്രേമത്തെക്കുറിച്ച് ഒരു പുസ്തകം* (നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1956), പു.1.

24. കെ. സുരേന്ദ്രൻ, 'ഒറ്റപ്പെട്ട ഒരു പ്രതിഭാസം', പു. 1027.

25. കെ. സരസ്വതിഅമ്മ, *കാറ്റിൽപറക്കാത്ത കത്തുകൾ,* പു. 166.

26. ടി. എം. ചുമ്മാർ, *ഭാഷാഗദ്യ–സാഹിത്യ ചരിത്രം* (1955; പുനർ മുദ്രണം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1969), പു. 196.

27. ഏ. ഡി. ഹരിശർമ്മ, *മലയാള സാഹിത്യം (ചരിത്രപരമായ വീക്ഷണം)* (ശ്രീ നരസിംഹ വിലാസം ബുക്ക് ഡിപ്പോ, തുറവൂർ, കേരളം, 1959), പു. 130.

28. സി. പി. ശ്രീധരൻ, *ഇന്നത്തെ സാഹിത്യകാരൻമാർ,* (സാഹിത്യവേദി പബ്ലിക്കേഷൻസ്, കോട്ടയം, 2, 1969), പു.992.

29. ആണ്ടലാട്ട്, 'ധാർമ്മികരോഷത്തിന്റെ കഥകൾ', *ജീവിതദർശനം സൗന്ദര്യബോധം* (ചിന്ത പബ്ലിക്കേഷൻസ്, 1974), പു. 93.

30. എരുമേലി പരമേശ്വരപ്പിള്ള, *മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ* (പ്രതിഭാ ബുക്സ്, മാവേലിക്കര, 1966), പു. 319.

31. എൻ. കൃഷ്ണപിള്ള, *കൈരളിയുടെ കഥ* (1958; പുനർ മുദ്രണം, സാഹിത്യ പ്രവർത്തക സഹകരണസംഘം, 1975), പു.374.

32. എം. അച്യുതൻ, *ചെറുകഥ–ഇന്നലെ, ഇന്ന്,* (സാഹിത്യ പ്രവർകത്തക സഹകരണ സംഘം, കോട്ടയം, 1973), പു. 234.

33. കെ. സുരേന്ദ്രൻ, കെ. സരസ്വതിയമ്മയുടെ *കീഴ്ജീവനക്കാരി*യുടെ നിരൂപണം, പു.14.

34. കെ. സുരേന്ദ്രൻ, *പ്രേമത്തെക്കുറിച്ച് ഒരു പുസ്തകം,* പു.217.

35. എം. അച്യുതൻ, ചെറുകഥ–ഇന്നലെ, ഇന്ന്, പു. 234.

36. കെ. സരസ്വതിയമ്മ, 'ജീവിതം എന്റെ നോട്ടത്തിൽ', *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* (ഫെബ്രുവരി 17,1952), പു. 6.

37. എം. കെ. ആർ, കെ. സരസ്വതിയമ്മയുടെ *പ്രേമഭാജനത്തി*ന്റെ നിരൂപണം, *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 23,38 (ഡിസംബർ 2, 1945), പു.13.

38. ഡി. പി. എൻ. കെ. സരസ്വതിയമ്മയുടെ *ദേവദൂതി*യുടെ നിരൂപണം, *മാതൃഭൂമി ആഴ്ച പ്പതിപ്പ്,* 23,38 (സെപ്തംബർ 23, 1945), പു.13.

39. എൻ. പി. ദാമോദരൻ, 'സോദ്ദേശസാഹിത്യം', കെ. സരസ്വതിയമ്മയുടെ *പ്രേമഭാജനം പെൺബുദ്ധി* എന്നിവയുടെ നിരൂപണം, *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 29,37 (നവംബർ 25, 1959), പു. 24.

40. ഗ്രന്ഥ നിരീക്ഷണം–1 , കെ. സരസ്വതിയമ്മയുടെ *പെൺബുദ്ധി*യുടെ നിരൂപണം, ഗ്രന്ഥ ലോകം 4,1 (ജനുവരി 1952), പു. 29–30.

41. സി.എം.പി., കെ. സരസ്വതിയമ്മയുടെ *പ്രേമഭാജനത്തി*ന്റെ നിരൂപണം, *മലയാളരാജ്യം,* (ഏപ്രിൽ 7, 1952).

42. സി. പി., കെ. സരസ്വതിയമ്മയുടെ *കനത്തമതി*ലിന്റെ നിരൂപണം, *മാതൃഭൂമി ആഴ്ചപ്പ തിപ്പ്,* 31,21 (ആഗസ്ത് 9, 1953), പു. 28.

43. പി. ഏ. വാരിയർ, 'കഥകളും കഥകളും', കെ. സരസ്വതിയമ്മയുടെ *പെൺബുദ്ധി*യുടെ നിരൂപണം, *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* (ഫെബ്രുവരി 20, 1955).

44. എം. എസ്. മേനോൻ, കെ. സരസ്വതിയമ്മയുടെ *വിവാഹസമ്മാനം, പ്രേമപരീക്ഷണം, ചുവന്നപൂക്കൾ* എന്നിവയുടെ നിരൂപണം, *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* (ഡിസംബർ 6, 1955).

45. എം. എസ്. മേനോൻ, 'വ്യക്തിത്വമുള്ള കഥകൾ', കെ. സരസ്വതിയമ്മയുടെ *ചോലമരങ്ങളുടെ* നിരൂപണം, *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 37,10 (മെയ് 24, 1959), പു. 44.

46. എം. എസ്. മേനോൻ, കെ. സരസ്വതിയമ്മയുടെ *വിവാഹസമ്മാനം, പ്രേമപരീക്ഷണം, ചുവന്നപൂക്കൾ* എന്നിവയുടെ നിരൂപണം, *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* പു. 43.

47. പി. കെ. രാജരാജവർമ്മ, 'സ്ത്രീയെപ്പറ്റി ഒരു സ്ത്രീ', കെ. സരസ്വതിയമ്മയുടെ *പുരുഷൻമാരില്ലാത്ത ലോകത്തിന്റെ* നിരൂപണം, *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* (ജൂൺ 29, 1958), പു. 48.

48. അവതാരിക മനപ്പൂർവ്വം എഴുതിക്കൊടുക്കാതിരുന്നതല്ലെന്നും, താനതിന് യോഗ്യനല്ലെന്നു പറഞ്ഞ്കൊണ്ട് അതിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും, അന്നുതന്നെ സരസ്വതിയമ്മയോട് അപേക്ഷിച്ചതായി ടി. എൻ. ജയചന്ദ്രൻ വെളിപ്പെടുത്തിയിട്ടുണ്ട്. പിന്നീട് മൂന്നുമാസത്തിനകം സരസ്വതിയമ്മ ആ പുസ്തകങ്ങൾ അദ്ദേഹത്തിന്റെ കൈയ്യിൽനിന്നും തിരിച്ചുവാങ്ങുകയാണ് ഉണ്ടായത്.

    ടി.എൻ. ജയചന്ദ്രനുമായുള്ള സ്വകാര്യ സംഭാഷണം, തിരുവനന്തപുരം, മെയ് 12, 2005.

49. കെ. സരസ്വതിയമ്മയുടെ ഡയറി, ജനുവരി 22, 1973.

50. ടി, ഏപ്രിൽ 24, 25, 1973.

51. ടി, ഏപ്രിൽ, 21–22, 1973.

52. ഡോ. എം. ലീലാവതി, 'സാഹിത്യത്തിന് സ്ത്രീകളുടെ സംഭാവന', *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* (ആഗസ്ത് 24, 1975), പു. 91.

53. കെ. സരസ്വതിയമ്മയുടെ ഡയറി, ഏപ്രിൽ 30, 1973.

54. ടി. എൻ. ജയചന്ദ്രൻ, 'ടി.എൻ. ജയചന്ദ്രൻ നടത്തിയ അഭിമുഖം', *കെ. സരസ്വതിയമ്മയുടെ സമ്പൂർണ്ണകൃതികൾ,* സമ്പാ. കെ.എസ്. രവികുമാർ, (ഡി.സി.ബുക്സ്, കോട്ടയം, 2001), പു. 1010.

55. കെ. എം. പണിക്കർ, 'അവതാരിക', ലളിതാംബിക അന്തർജ്ജനത്തിന്റെ *അംബികാഞ്ജലി* (ലളിതോദയം പബ്ലിക്കേഷൻസ്, കുന്നിയോട്, 1112), പു. 1–6.

56. ജി. ശങ്കരക്കുറുപ്പ്, 'അവതാരിക', സരളാ രാമവർമ്മയുടെ *നവമുകുളം* (മംഗളോദയം, തൃശ്ശിവപേരൂർ, 1949), പു.1–7.

57. ലളിതാംബിക അന്തർജ്ജനം, 'അവതാരിക', സരളാരാമവർമ്മയുടെ *കഥാകദംബം* (മംഗളോദയം, തൃശ്ശിവപേരൂർ, 1954), പു. 1–6.

58. ടി. എൻ. ജയചന്ദ്രൻ, 'ടി.എൻ. ജയചന്ദ്രൻ നടത്തിയ അഭിമുഖം', പു. 1015.

59. കെ. എസ്. രവികുമാർ, 'കെ. സരസ്വതിയമ്മ പുനർജനിതേടുന്ന കഥാകാരി', *കഥയും ഭാവുകത്വപരിണാമവും,* (കറന്റ് ബുക്സ്, കോട്ടയം, 2002), പു. 82.

60. പി. ഭാസ്കരനുണ്ണി, *അന്തർജ്ജനം മുതൽ അഷിതവരെ*– തൂലികാ ചിത്രങ്ങൾ, (സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 1987), പു. 118.

61. കെ. സരസ്വതിയമ്മയുടെ ഡയറി, മെയ് 8, 1973.

62. ടി. മെയ് 7, 1973.

63. ടി. ഏപ്രിൽ 30, 1973.

# ഉപസംഹാരം

# ഉപസംഹാരം

മലയാളചെറുകഥാസാഹിത്യചരിത്രത്തിൽ സ്ത്രീ എഴുത്തുകാരികളുടെ പങ്കാളിത്തം പരിശോധിക്കുമ്പോൾ ആദ്യകാല എഴുത്തുകാരികളിൽ തനതായൊരു സ്ഥാനം ഉറപ്പിച്ചെടുത്ത ഒരാളാണ് കെ. സരസ്വതിയമ്മ. അവർക്കും സമകാലീനയായ ലളിതാംബിക അന്തർജ്ജനത്തിനും മുൻപുള്ള കഥാകാരികളുടെ രചനകൾ പ്രമേയപരമായി പൊതുവെ പുരുഷൻമാരുടെ രചനകളെ പിൻതുടരുന്നവയാണ്. ആദ്യകാലമാസികകളായ വിദ്യാവിനോദിനിയിലും, ശാരദയിലും, രസികരഞ്ജിനിയിലും, ലക്ഷ്മിഭായിയിലും മറ്റും സ്ത്രീകൾ എഴുതിയ സ്വതന്ത്രകഥകൾ അപൂർവ്വമായിട്ടേ കാണാൻ കഴിഞ്ഞിരുന്നുള്ളൂ. എന്നാൽ അക്കാലത്തുതന്നെ അവയിൽ സ്ത്രീകൾ എഴുതിയ ലേഖനങ്ങൾ എണ്ണംകൊണ്ടും വിഷയഗൗരവംകൊണ്ടും വിസ്മയമുളവാക്കുന്നവയാണ്. അവ സവിശേഷ ശ്രദ്ധയും പഠനവും അർഹിക്കുന്നവയുമാണ്. സ്ത്രീപുരുഷ സമത്വം, സ്ത്രീ വിദ്യാഭ്യാസം, സ്ത്രീയുടെ ഗാർഹികാടിമത്തത്തിൽ നിന്നുള്ള മോചനം തുടങ്ങിയവയെ അടിസ്ഥാനമാക്കി കരുത്തുറ്റ ഒരു സ്ത്രീ വിമോചനബോധം ലേഖനങ്ങളിൽ പ്രകടമായിട്ടും അക്കാലത്തെ എഴുത്തുകാരികളുടെ കഥാലോകത്തേക്ക് അത് വേണ്ടത്ര കടന്നുവന്നിട്ടില്ല. അധീശസംസ്കാരത്തെ എതിരിട്ടുകൊണ്ട് സാഹിത്യലോകത്ത് സ്ത്രൈണാനുഭവത്തിന്റെ സ്വതന്ത്രമായ പ്രകടനം ആവിഷ്കരിക്കാനുള്ള അധൈര്യമാവാം ഇതിനുകാരണം. തൽഫലമായി ചരിത്രപരവും, കാൽപനികവുമായ പ്രമേയങ്ങൾ തന്നെ കഥകളിൽ അവർ കൂടുതലായും സ്വീകരിച്ചു.

1930–നുശേഷം പ്രത്യക്ഷപ്പെട്ട ചെറുകഥകൾ സ്ത്രീവിമോചനാശയങ്ങളും, തനതായ സ്ത്രൈണാവബോധവും ഉൾക്കൊണ്ടവയാണ്. കഥാസാഹിത്യത്തിൽ ശക്തമായ സ്ത്രീസാന്നിദ്ധ്യം പ്രകടമാക്കിക്കൊണ്ട് കടന്നുവന്ന ലളിതാംബിക അന്തർജ്ജനത്തിന്റെയും, സരസ്വതിയമ്മയുടെയും കഥകളിലാണ് ഇവ വെളിവാകുന്നത്. എന്നാൽ നമ്പൂതിരി സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പ്രാമുഖ്യം നൽകികൊണ്ട് അന്തർജ്ജനം കഥയിൽ ആവിഷ്കരിച്ച സ്ത്രീപക്ഷ ചിന്തകളിൽനിന്ന് സരസ്വതിയമ്മയുടെ സ്ത്രൈണാവബോധം ബഹുദൂരം മുന്നോട്ട് പോയിട്ടുണ്ട്. പുരുഷാധിപത്യസംസ്കാരത്തിനും, മൂല്യങ്ങൾക്കും എതിരെ

സ്ത്രീയുടെ ബദൽമൂല്യങ്ങളും വിമോചനസ്വപ്നങ്ങളും കഥകളിൽ ആവിഷ്കരിച്ച സരസ്വതിയമ്മയുടെ സ്ത്രീപക്ഷചിന്തകൾ വ്യവസ്ഥയെ പുതുക്കിപ്പണിയാനാണ് അഭില ഷിക്കുന്നത്. സ്ത്രീപുരുഷബന്ധത്തെ പുതിയരീതിയിൽ നിർവ്വചിക്കുന്ന അവരുടെ കഥകൾ അവ എഴുതപ്പെട്ടകാലഘട്ടത്തിന് തീരെ ഉൾക്കൊള്ളാൻ പറ്റാത്തവയായിരുന്നു. എന്നാൽ ആ കഥകളിലെ വ്യതിരിക്തമായ സ്ത്രൈണാവബോധം മലയാളകഥാസാഹി ത്യത്തിലെ സ്ത്രീയുടെ സ്വത്വാന്വേഷണത്തിന്റെ തുടക്കമായിരുന്നു. കരുത്തുറ്റ സ്ത്രീപ ക്ഷചിന്തകൾകൊണ്ട് ഉന്മീലനം ചെയ്യപ്പെട്ട വ്യതിരിക്തമായ സ്ത്രൈണസ്വത്വത്തിന്റെ സാക്ഷാത്കാരം സാധ്യമാക്കുന്ന പുതിയൊരു ഭാവുകത്വം സാമ്പ്രദായിക ഭാവുകത്വത്തെ എതിർത്തുകൊണ്ട് മലയാളസാഹിത്യത്തിൽ ഇന്ന് ഇടം കണ്ടെത്തിയിട്ടുണ്ടല്ലോ. അത്ത രമൊരു പുതിയഭാവുകത്വത്തിനു ചരിത്രംകുറിക്കുന്നത് സരസ്വതിയമ്മയുടെ കഥകളിലാ ണെന്നതാണ് ആദ്യകാലകഥാകാരികളിൽ നിന്നും സമകാലികരിൽ നിന്നും അവരെ വ്യതി രിക്തയാക്കുന്നത്.

സരസ്വതിയമ്മയുടെ കഥകളെ ജീവചരിത്രാത്മകമായ പഠനത്തിന് വിധേയമാക്കി യപ്പോൾ കുറേക്കൂടി സമഗ്രമായ ഒരു പഠനത്തിനത് വഴിയൊരുക്കിയിട്ടുണ്ട്. “ഫലമറി യാൻ മരമേതെന്ന് അറിഞ്ഞാൽ മതി” എന്ന സാങ്ബോവിന്റെ സമീപനത്തെ മുൻനിർത്തി എഴുത്തുകാരിയുടെ ജീവിതത്തെക്കുറിച്ചുള്ള അന്വേഷണത്തിന് പ്രാമുഖ്യം നൽകുകയും, അതിന്റെ വെളിച്ചത്തിൽ അവരുടെ കഥകളെ അപഗ്രഥിക്കുകയുമാണ് ചെയിതിരിക്കു ന്നത്. കലാജീവിതവും, വ്യക്തിജീവിതവും പരസ്പരപൂരകമായി വർത്തിക്കുന്ന സരസ്വ തിയമ്മയുടെ കലാസൃഷ്ടികളെ അവരുടെ വ്യക്തിജീവിതവുമായി ബന്ധപ്പെടുത്തി വിശ കലനം ചെയ്തതുമൂലം പ്രസക്തമായിതോന്നിയ ചില നിഗമനങ്ങളിൽ എത്താൻ കഴിഞ്ഞി ട്ടുണ്ട്. ആ നിഗമനങ്ങൾ കഥാകാരിയെ ഈ വിധം നിർവ്വചിക്കാനും പര്യാപ്തമായിട്ടുണ്ട്:

“അങ്ങേയറ്റം ജീവിതാസക്തിപൂണ്ട് ജീവിക്കാതെ മരിച്ചവരാണ് സരസ്വതിയമ്മ’’– അതായത് തീവ്രമായ ഇച്ഛാശക്തിവെച്ചുപുലർത്തിയിരുന്ന സരസ്വതിയമ്മയ്ക്ക് ജീവിതം ആദ്യം ‘ഹർഷഭരിതമായ ഒരുഗ്രസമര’മായിരുന്നുവെങ്കിലും പിന്നീട് അത് നിരാശനിർഭര മാവുകയും, പുനർജന്മത്തിൽ പ്രതീക്ഷയർപ്പിച്ചുകൊണ്ട്, രക്ഷകനായ മരണത്തിനുവേ ണ്ടിയുള്ള കാത്തിരിപ്പായി മാറുകയും ചെയ്തു.

പരമ്പരാഗതമായ സ്ത്രൈണസങ്കല്പത്തെ വെല്ലുവിളിച്ചുകൊണ്ട് സ്വതന്ത്രവും, വ്യതിരിക്തവുമായ ഒരു സ്ത്രൈണവ്യക്തിത്വത്തെ തന്റെ കഥകളിലൂടെ ഉന്മീലനം ചെയ്ത സരസ്വതിയമ്മ ഒരു പരിധിവരെ ആ വ്യക്തിത്വത്തെ സ്വജീവിതത്തിലും വെച്ചുപുലർത്തി യിരുന്നു. ഈ കഥാകാരിയുടെ സ്ത്രീകഥാപാത്രങ്ങളിൽ മിക്കവരും അവരുടെ മനസ്സിന്റെ തന്നെ അടരുകളായിരുന്നുവെന്നു പറയാം. അവരുടെ കഥകളിൽ ആവിഷ്കരിക്കപ്പെട്ട വിവാഹം–മാതൃത്വം, പ്രണയം–രതി, സൗഹൃദം എന്നീ വിഭിന്നതലങ്ങളെ സംബന്ധിച്ചുള്ള വിശകലനത്തിൽ നിന്ന് ഉരുത്തിരിഞ്ഞ നിഗമനങ്ങൾ ഇവയാണ്.

1. ആദ്യകഥയായ *സീതാഭവന*ത്തിലൂടെ വിവാഹനിഷേധത്തിന്റെ ഹരിശ്രീകുറിച്ച സര സ്വതിയമ്മയുടെ, തൊണ്ണൂറ്റിരണ്ട് കഥകളിൽ അറുപത്തിരണ്ടെണ്ണവും വ്യവ്സഥാപിത വിവാഹത്തെ നിഷേധിക്കുന്ന സ്ത്രൈണചിന്തകൾ ഉൾക്കൊള്ളുന്നവയാണ്.

2. വ്യവസ്ഥാപിത ജീവിതത്തിൽ വിവാഹവും, പ്രേമവും സ്ഥാപനവൽക്കരിക്കപ്പെട്ട ബന്ധ ങ്ങളായിട്ടാണ് സരസ്വതിയമ്മ കരുതുന്നത്. വിവാഹത്തെ ഒരു സ്ത്രീവിരുദ്ധസ്ഥാപ നമായും പ്രേമത്തെ, പുരുഷാധികാരത്തിനു കീഴിൽ സ്ത്രീയെ ഒതുക്കാനുള്ള സ്ഥാപ നമായുമാണ് അവരുടെ കഥകൾ വിവക്ഷിക്കുന്നത്.

3. ചങ്ങാത്തവിവാഹ (Companionate marriage) ത്തിന്റെ അടിസ്ഥാനതത്വങ്ങളെ സ്വീകാ ര്യമായി കരുതുന്ന സരസ്വതിയമ്മയ്ക്ക് നിലവിലുള്ള ദാമ്പത്യബന്ധത്തോട് രാജിയാ വാൻ കഴിഞ്ഞിരുന്നില്ല. സ്ഥാപനവൽക്കരിക്കപ്പെടാത്തതും മൈത്രീബന്ധം നിലനിർത്തു ന്നതുമായ സ്ത്രീപുരുഷബന്ധത്തെയാണ് വിവാഹം എന്നതുകൊണ്ട് അവർ വിഭാ വനം ചെയ്തിരുന്നത്.

4. വ്യവസ്ഥാപിത വിവാഹരീതിയെ പ്രതിക്കൂട്ടിൽകയറ്റികൊണ്ട് വ്യവസ്ഥിതിയിലെ നിയ മത്തെയും, ധാർമ്മിക നീതിസങ്കല്പത്തെയും, സന്മാർഗ്ഗബോധത്തെയും, തറവാട്ടാ ചാരത്തെയും, ഭർത്തൃത്വത്തിന്റെ അലിഖിതമായ അധികാരത്തെയും, സാമ്പ്രദായിക സ്ത്രൈണസങ്കല്പത്തെയും, പിത്രാധികാരത്തെയും മറ്റും കഥകളിലൂടെ സരസ്വതി യമ്മ ചോദ്യം ചെയ്തു.

5. 'പുരുഷവിദ്വേഷിയും', 'സിനിക്കും' ആയി സരസ്വതിയമ്മയെ മുദ്രകുത്തുന്ന വിധത്തി ലാണ് ആ കഥകളെ ഭൂരിപക്ഷം വായനക്കാരും വിശകലനം ചെയ്തിരിക്കുന്നത്. എന്നാൽ വ്യവസ്ഥാപിത ബന്ധങ്ങളോടുള്ള അവരുടെ വെറുപ്പും മനുഷ്യബന്ധ

ങ്ങളെക്കുറിച്ചുള്ള അവരുടെ ആദർശസ്വപ്നവും, അവസാനകാലത്തെ നിരാശാപൂർണ്ണ മായ ജീവിതവും പുനർജന്മവാഞ്ഛയിലടിയുറച്ച മരണാഭിമുഖ്യവും, അന്ത്യനാളുക ളിൽ രോഗശയ്യയിൽ കിടക്കുമ്പോൾ വിവാഹജീവിതത്തോട് പ്രകടിപ്പിച്ച താല്പര്യവും അവരുടെ ജീവിതോന്മുഖമായ മനോഭാവത്തെയാണ് പ്രകടമാക്കുന്നത്.

6. 'വിവാഹിതയായ കന്യക, അപ്രസവയായ മാതാവ്' എന്ന തന്റെ ചെറുലേഖനത്തിൽ ശ്രീശാരദാദേവിയുടെ ജീവിതത്തെ മുൻനിർത്തിക്കൊണ്ട് ദാമ്പത്യബന്ധത്തിന്റെ അടി ത്തറയാകേണ്ടത് ദമ്പതിമാരുടെ ശാരീരികവേഴ്ചയല്ല, മാനസികൈക്യം പുലർത്തുന്ന ആത്മബന്ധമാണെന്ന് സരസ്വതിയമ്മ സ്ഥാപിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം ഭാര്യാത്വം സ്വത്വബോധമില്ലാത്ത പെണ്ണിന്റെ അടിമത്തമല്ല, മറിച്ച് സ്വത്വാവബോധവും സ്വതന്ത്രചിന്താഗതിയുമുള്ള ഒരുവളുടെ ആത്മസമർപ്പണമാണ്. ശാരീരികാഭിലാഷ ത്തിനപ്പുറം ആത്മൈക്യം പുലർത്തിക്കൊണ്ടുള്ള ലയനം!

7. സ്ത്രീയുടെ പരമോന്നതമായ ജീവിതധർമ്മവും സ്ത്രീത്വത്തിന്റെ സാഫല്യവുമായി മാതൃത്വത്തെ ആദർശവല്ക്കരിക്കുന്നതിനോട് സരസ്വതിയമ്മയ്ക്ക് യാതൊരു അനു ഭാവവും ഉണ്ടായിരുന്നില്ല. സ്ത്രീയുടെ മാനസികവും ശാരീരികവുമായ എല്ലാ കഴി വുകളെയും കീഴ്പ്പെടുത്തി മാതൃത്വത്തിൽ മാത്രം അവളുടെ ശ്രദ്ധ കേന്ദ്രീകരിച്ച് അവളെ സ്ഥാപനവൽക്കരിക്കപ്പെട്ട കുടുംബത്തിനകത്ത് ഒതുക്കിയെടുക്കാനുള്ള അധീശ സംസ്കാരത്തിന്റെ തന്ത്രമായിട്ടാണ് അവർ 'മഹനീയ മാതൃത്വ'ത്തെ കണ ക്കാക്കുന്നത്.

8. 'അപ്രസവയായ മാതാവാ'യി ശ്രീ ശാരദാദേവിയെ വാഴ്ത്തുന്ന സരസ്വതിയമ്മയെ സംബന്ധിച്ചിടത്തോളം സഫലമായ മാതൃത്വം തന്നെയാണ് ശാരദാദേവിയുടേത്. അപ്ര സവയായ മാതാവായിക്കൊണ്ട് സരസ്വതിയമ്മ തന്റെചേച്ചിയുടെ മകന്റെ ചുമതല യേറ്റെടുത്തപ്പോൾ അബോധമായിട്ടാണെങ്കിലും അവരിലെ മാതൃത്വം സാഫല്യമടഞ്ഞി രിക്കാം. മാതൃത്വത്തെക്കുറിച്ചുള്ള സരസ്വതിയമ്മയുടെ ഈ ആദർശസ്വപ്നം ഈ വിധം യാഥാർഥ്യമായെങ്കിലും വിധിവൈപരീത്യത്താൽ വളർത്തുമകന്റെ അപമൃത്യു വും, ചേച്ചിയുടെ ആത്മഹത്യയും കാരണം അത് ഒടുവിൽ ഒരു പീഡനമായി മാറുക യായിരുന്നു.

9. വിവാഹത്തിന്റെ അനുബന്ധസ്ഥാപനമായിമാത്രം വ്യവസ്ഥിതിയിൽ പരിഗണിക്കപ്പെടുന്ന മാതൃത്വത്തിന്റെ മഹത്വത്തിന് പോറലേൽപ്പിക്കുന്ന ഭാവുകത്വം കഥയിലാവിഷ്ക്കരിച്ചുകൊണ്ട് സരസ്വതിയമ്മ അക്കാലത്തെ മറ്റ് കഥാകാരികളിൽ നിന്ന് വേറിട്ടു നിന്നു.

10. പ്രേമമെന്ന മാനുഷികവികാരത്തെ അങ്ങേയറ്റം വിലമതിക്കുന്ന സരസ്വതിയമ്മ പ്രണയോപാസകരായ നായികമാരെ കഥയിലവതരിപ്പിച്ച്, വ്യവസ്ഥാപിത പ്രേമത്തെ വിരോധിച്ചുകൊണ്ട് തനതായൊരു പ്രണയസങ്കല്പത്തെ കഥാലോകത്ത് വിഭാവനം ചെയ്തു.

11. അധീശസംസ്കാരത്തിന്റെ മൂല്യബോധത്തിനനുസരിച്ച് വ്യവസ്ഥിതിയിലെ സ്ഥാപനവൽക്കിരിക്കപ്പെട്ട ബന്ധങ്ങളോട് കലഹിച്ചുകൊണ്ട് സരസ്വതിയമ്മ കഥാലോകത്ത് പ്രതിഷ്ഠിച്ച പ്രണയസങ്കൽപത്തെ പലർക്കും ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നില്ല. കഥാഖ്യാനത്തിൽ കാൽപനികശൈലി ഇല്ലെങ്കിലും അവരുടെ പ്രണയസങ്കല്പം തികച്ചും കാൽപനികം തന്നെയായിരുന്നു. എന്നാൽ മലയാളത്തിലെ പ്രണയകേന്ദ്രിതമായ കാൽപ്പനിക ഭാവുകത്വം തുടക്കം മുതലേ ആൺക്കോയ്മയെ അംഗീകരിച്ചതുകൊണ്ടാകാം സ്വത്വബോധമുള്ള ഒരു പെണ്ണിന്റെ പ്രണയമനസ്സ്, സരസ്വതിയമ്മ കഥകളിലൂടെ അനാവരണം ചെയ്തതിനെ സഹൃദയലോകം വിലമതിക്കാതിരുന്നതും, കഥാകാരിയെ അഴിഞ്ഞാട്ടക്കാരിയും, പുരുഷവിദ്വേഷിയുമൊക്കെയായി ആക്ഷേപിക്കാനിടയാക്കിയതും. പ്രണയത്തെ അങ്ങേയറ്റം കാൽപ്പനികമായിക്കണ്ട സരസ്വതിയമ്മയുടെ ഡയറിയിലെ പ്രണയനിർഭരമായ ആത്മഗതം വെളിവാക്കുന്നത് അവരിലെ പ്രണയ സങ്കല്പത്തിന്റെ വിശാലതയാണ്.

12. സരസ്വതിയമ്മ കഥകളിൽ അവതരിപ്പിച്ച രതിജന്യമായ ചിന്തകൾ സദാചാര മൂല്യബോധത്തോട് എതിരിടുന്നവയാണെങ്കിലും ശക്തമായ ബദൽ സ്ത്രൈണാവബോധത്തിലടിയുറച്ചുകൊണ്ടുള്ള ഒരു മൂല്യബോധത്തെ സ്ഥാപിച്ചെടുക്കുന്നതിലാണ് ഊന്നൽ നല്കിയിട്ടുള്ളത്. വിവാഹപൂർവ്വ ലൈംഗികബന്ധവും, ദാമ്പത്യേതര ലൈംഗികബന്ധവും വെച്ചു പുലർത്തുന്ന അവരുടെ സ്ത്രീകഥാപാത്രങ്ങൾ മിക്കവരും വ്യതിരിക്തമായ സ്ത്രൈണാവബോധവും, ഉൽക്കടമായ പ്രണയവും ഉള്ളവരാണ്. സദാചാര മൂല്യബോധത്തെ വെടിഞ്ഞുകൊണ്ടുള്ള അവരുടെ രതിബന്ധത്തിന് യാതൊരു പാതിത്യവും കഥാകാരി കൽപിക്കുന്നില്ല. അത്തരം സ്ത്രൈണരതിയെ പലപ്പോഴും

ഉദാത്തമായ പ്രണയത്തിന്റെ ആത്മസമർപ്പണമായിട്ടാണ് അവർ കഥയിൽ ആവിഷ്കരിച്ചിരിക്കുന്നത്.

13. വ്യവസ്ഥാപിത സദാചാരമൂല്യത്തെ അവഗണിച്ചുകൊണ്ട് ശാരീരികവേഴ്ചയിലൂടെ പ്രണയോപാസകരായ സ്ത്രീകളുടെ അതിരില്ലാത്ത പ്രണയിക്കൽ തന്റെ കഥകളിലൂടെ ആ കാലഘട്ടത്തിൽ ഉന്മീലനം ചെയ്ത സരസ്വതിയമ്മയുടെ അസാമാന്യമായ ചങ്കൂറ്റം അംഗീകരിക്കപ്പെടാതെപോയി. പിൽക്കാലത്ത് മാധവിക്കുട്ടിയുടെ കഥകളിൽ കാണുന്ന സ്വതന്ത്രവും, ധീരവുമായസ്ത്രൈണ ലൈംഗികതയുടെ ആവിഷ്കാരത്തിന്റെ ഒരു ചെറിയ തുടക്കമായി ഇതിനെ പരിഗണിക്കാം.

14. മലയാളത്തിലെ മറ്റു എഴുത്തുകാരിൽനിന്ന് വിഭിന്നമായി സൗഹൃദത്തിന്റെ ഭാവതലങ്ങൾ ഉന്മീലനം ചെയ്യുന്ന നിരവധി ജീവിതസന്ദർഭങ്ങൾ സരസ്വതിയമ്മയുടെ കഥകളിൽ ഇടം കണ്ടെത്തുന്നുണ്ട്. തീവ്രമായ സൗഹൃദഭാവം വ്യക്തിത്വത്തിലലിഞ്ഞുചേർന്ന സരസ്വതിയമ്മ സ്ത്രീപുരുഷഭേദമെന്യേ എല്ലാവരിലും സൗഹൃദം ചൊരിഞ്ഞിരുന്നു. ജീവിതത്തിന്റെ നല്ലൊരു ഭാഗം മറ്റുള്ളവരുമായി സൗഹൃദം പങ്കിട്ടു ജീവിച്ചതുകൊണ്ടാവാം ഈ കഥാകാരിയുടെ ആത്മാംശം ഉൾക്കൊള്ളുന്ന 'ശാന്തി' എന്ന കഥാപാത്രത്തിന്റെ സാന്നിദ്ധ്യം കഥകളിൽ ഒരു 'സുഹൃത്താ'യി മാത്രം കാണപ്പെടുന്നത്.

15. സരസ്വതിയമ്മയുടെ കൗമാരയൗവനകാലഘട്ടത്തിലെ സൗഹൃദബന്ധങ്ങൾ അവരുടെ ജീവിതത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് ആ കഥകൾ വെളിപ്പെടുത്തുന്നു. ആദ്യകഥയായ *സീതാഭവന*വുമായി ബന്ധപ്പെടുത്തിക്കൊണ്ട് അവർ പറയുന്നത് പ്രിയ കൂട്ടുകാരിയായ ശാരിയുടെ വേർപാടിനെക്കുറിച്ചാണല്ലോ. കൂട്ടുകാരിയുടെ വിവാഹനിമിത്തം വന്നുപെട്ടവേർപാടിന്റെ വേദന, അവളുടെ ദാമ്പത്യജീവിതതകർച്ച, എല്ലാം പിൽക്കാലത്ത് വിവാഹനിഷേധത്തെ തന്റെ കഥകളിൽ തീവ്രമായിട്ടാവിഷ്ക്കരിക്കാൻ കഥാകാരിക്ക് ഉൾപ്രേരണയായിട്ടുണ്ട്. പിന്നീട് രാജലക്ഷ്മിയുമായുള്ള സൗഹൃദബന്ധവും, ആർട്സ്കോളേജിലെ പഠനകാലത്തെ സൗഹൃദാനുഭവങ്ങളും സ്ത്രീസൗഹൃദങ്ങളുടെ വിഭിന്ന ഭാവതലങ്ങളെ കഥകളിൽ സൂക്ഷ്മമായിട്ടാവിഷ്കരിക്കാനും, സ്ത്രീപുരുഷമൈത്രീബന്ധം നേരിടുന്ന വെല്ലുവിളികളെ തീവ്രമായിട്ടവതരിപ്പിക്കാനും പ്രചോദനമായിട്ടുണ്ട്.

16. പഴയ സൗഹൃദബന്ധം തിരിച്ചറിഞ്ഞിട്ടും ധനികനായ സുഹൃത്ത് അത് നിഷ്കരുണം തിരസ്കരിച്ചപ്പോൾ ഒരു ദരിദ്രയുവാവിനനുഭവപ്പെട്ട നിസ്സഹായതയും വേദനയും *ഇരുപത് വർഷത്തിന് ശേഷം* എന്ന കഥയിൽ സരസ്വതിയമ്മ ആവിഷ്കരിച്ചിരിക്കുന്നു. സുഹൃത്തായിരുന്ന ശാരിയിൽനിന്ന് സരസ്വതിയമ്മയ്ക്ക് പില്ക്കാലത്ത് ഉണ്ടായ അവഗണനയിൽ നിന്നാവാം ഈ കഥ ഉരുത്തിരിഞ്ഞത്. സരസ്വതിയമ്മയെ തനിക്കറിയില്ല എന്ന ശാരിയുടെ നിഷേധപ്രസ്താവന ഇത്തരമൊരു നിഗമനത്തിലേക്ക് നയിക്കുന്നുണ്ട്.

17. രക്തബന്ധത്തിന്റെ ചങ്ങലക്കെട്ടില്ലാത്ത കർത്തവ്യത്തിന്റെ ഭാരമില്ലാത്ത സ്വതന്ത്രമായ പങ്കുവെക്കലിന്റെയും, ആചാരബന്ധമല്ലാത്ത സ്വത്വാവബോധത്തിന്റെ സ്വാതന്ത്ര്യം പ്രകടിപ്പിക്കലിന്റെയും സാക്ഷാത്കാരം സാധ്യമാക്കുന്ന സൗഹൃദഭാവം മുന്നിട്ടു നില്ക്കുന്ന സരസ്വതിയമ്മയുടെ ജീവിതസമീപനം ഒരു പരിധിവരെ വ്യവസ്ഥാപിത ബന്ധങ്ങളോട് പൊരുത്തപ്പെടാനാവാത്ത ഒരു മനോഭാവം അവരിൽ വളർത്തിയെടുത്തു.

18. തീവ്രമായ ഇച്ഛാശക്തിവെച്ചുപുലർത്തിയിരുന്ന സരസ്വതിയമ്മ ഒരു സവിശേഷ വ്യക്തിത്വത്തിന്റെ ഉടമതന്നെയായിരുന്നു. സ്വാതന്ത്ര്യമോഹവും, ഉൽക്കർഷേച്ഛയും സ്വഭാവത്തിൽ ആദ്യംമുതലേ പ്രകടമാക്കിയിരുന്ന അവർക്ക് ജന്മംകൊണ്ട് ഒരു സ്ത്രീയായിത്തീർന്നതിൽ ആദ്യം മുതലേ അസംതൃപ്തിയുണ്ടായിരുന്നു.

19. അച്ഛന്റെ ആകസ്മികമായുണ്ടായ മരണം ഏല്പിച്ച അനാഥത്വവും, പുരുഷാധിപത്യവ്യവസ്ഥിതിയിൽ സ്ത്രീയായി ജനിച്ചതിന്റെ പരിമിതത്വവും, അതേസമയം അധീശാധികാരത്തിന് മുന്നിൽ തോറ്റുകൊടുക്കാതെ പ്രതിരോധത്തിനും പ്രത്യാക്രമണത്തിനും സന്നദ്ധമാവത്തക്കവിധം അവരിൽ കരുപ്പിടിച്ച സ്ത്രൈണ വ്യക്തിത്വവും, കലഹം നിറഞ്ഞ ഗൃഹാന്തരീക്ഷത്തിലെ സ്നേഹരാഹിത്യത്തിൽ നിന്നു രക്ഷപ്പെടാനുള്ള വ്യഗ്രതയും, സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും കൊതിച്ചിരുന്ന കൗമാരകാലത്തെ സൗഹൃദാനുഭവങ്ങളും എല്ലാംചേർന്ന് സ്വതന്ത്രവും വ്യതിരിക്തവുമായ ഒരു സ്ത്രൈണാവബോധം സരസ്വതിയമ്മയിൽ വളർന്നുവന്നു. സമത്വപൂർണ്ണവും, ആത്മൈക്യം പുലർത്തുന്നതുമായ മാനുഷിക ബന്ധങ്ങളെ വിഭാവനം ചെയ്തുകൊണ്ടുള്ള ഒരു ജീവിതദർശനം അവരിൽ ക്രമേണ രൂപപ്പെടുകയും ചെയ്തു.

20. വ്യതിരിക്തമായ സ്ത്രൈണാവബോധത്തിൽ അധിഷ്ഠിതമായ ഈ ജീവിതദർശനം സ്വജീവിതത്തിൽ വെച്ചുപുലർത്തുകയും കഥകളിലും ലേഖനങ്ങളിലും ആവർത്തിച്ച് ആവിഷ്ക്കരിക്കുകയും ചെയ്ത സരസ്വതിയമ്മ ഒരർത്ഥത്തിൽ ആ കാലഘട്ടത്തിന്റെ തന്നെ ഒരു വെല്ലുവിളിയായി മാറുകയായിരുന്നു. അന്നത്തെസാഹിത്യലോകം ആ വെല്ലുവിളിയെ അവഗണിക്കുകയും, അതിലേറെ അപഹസിക്കുകയുമാണുണ്ടായത്. സമകാലികരായ എഴുത്തുകാരിൽനിന്നും അവർ വേറിടുകയും ഒരു പരിധിവരെ ഒറ്റപ്പെടുകയും ചെയ്തു.

21. സരസ്വതിയമ്മയുടെ സവിശേഷവ്യക്തിത്വത്തെ ആദ്യം മുതൽക്കേ പ്രമുഖരായ നിരൂപകർപോലും മനസ്സിലാക്കിയിരുന്നില്ല. 'പുരുഷവിദ്വേഷി' എന്നപേരിൽ അവർ അപമാനിക്കപ്പെടുകയും ചെയ്തു. യഥാർഥത്തിൽ പുരുഷനെയല്ല, സാമൂഹികവ്യവസ്ഥിതിയിൽ എന്നും മേൽക്കൈ നേടിയെടുത്ത പുരുഷാധികാരത്തെയായിരുന്നു അവർ വിദ്വേഷിച്ചത്.

22. കഥാകാരിയെ അപഹസിക്കാനും, ഭീഷണിപ്പെടുത്താനും നിശിതമായി വിമർശിക്കാനും സഹൃദയലോകം മുതിർന്നപ്പോഴാണ് ഏറ്റവും കൂടുതൽ കഥകളെഴുതിയ 1945–46 കാലഘട്ടത്തിൽതന്നെ കഥയെഴുത്തു നിർത്തിയാലോ എന്ന് അവർ ഗുപ്തൻ നായർക്കെഴുതിയത്. എഴുത്തുകാരി എന്ന നിലയിൽ എഴുത്തിന്റെ ആദ്യഘട്ടത്തിൽതന്നെ സരസ്വതിയമ്മ തീവ്രമായ മാനസിക സംഘർഷത്തിന് വിധേയയായിരുന്നു.

23. ഒരു അവതാരികപോലും ഇല്ലാതെ തന്റെ കഥാസമാഹാരങ്ങളും, നോവലും, നാടകവും പുറത്തിറക്കേണ്ടിവന്ന മലയാളത്തിലെ എഴുത്തുകാരിയാണ് സരസ്വതിയമ്മ. കഥയെഴുത്തു നിർത്തിയിട്ടും തന്റെ തെരഞ്ഞെടുത്ത കഥകളുടെ ഒരു സമാഹാരം അവതാരികയോടുകൂടി പുറത്തിറക്കാൻ സരസ്വതിയമ്മ ആഗ്രഹിച്ചിരുന്നു. എന്നാൽ സമീപിച്ച ആരിൽനിന്നും അവതാരിക എഴുതിക്കിട്ടാത്തതുകൊണ്ട് ആ മോഹം സഫലമായില്ല. ആരംഭകാലത്തെന്നപോലെ അവസാനകാലത്തും അവതാരികയുടെ കാര്യം അവർക്കൊരു പ്രശ്നമായിരുന്നു.

24. കഥാലോകത്ത് തനതായ സ്വത്വാവിഷ്കാരംകൊണ്ട് അവതരിപ്പിച്ച പുതു ഭാവുകത്വത്തെ സഹൃദയലോകം അംഗീകരിക്കാതിരുന്നത് ക്രമേണ സരസ്വതിയമ്മയുടെ സ്വത്വബോധത്തിനേറ്റ ആഘാതമായിത്തീരുകയും, ഒടുവിൽ എഴുത്തിലും ജീവിതത്തിലും

അവർക്ക് സ്വത്വപ്രതിസന്ധി നേരിടേണ്ടിവരികയും ചെയ്തു. എഴുത്ത്, ജീവിതം പോലെകരുതിയിരുന്ന സരസ്വതിയമ്മയ്ക്ക് ഒടുവിൽ 'എന്തിനാ ഇനി അധികമെഴുതുന്നത്?' എന്നു സ്വയം ചോദിക്കേണ്ടിവന്ന ആ സന്നിഗ്ദ്ധഘട്ടം സ്വത്വപ്രതിസന്ധി നേരിട്ട എഴുത്തുകാരിയുടെ ആത്മപീഡനത്തെയാണ് അനാവൃതമാക്കുന്നത്. ഈ ആത്മപീഡനം 'ഇനി എന്തിനാ ജീവിക്കുന്നത്?' എന്നു ചിന്തിക്കത്തക്കവിധം അവരുടെ ജീവിതത്തേയും സ്വത്വപ്രതിസന്ധിയിലാഴ്ത്തുകയായിരുന്നു.

25. കുടുംബത്തിലെ ദുരനുഭവങ്ങൾകൊണ്ടല്ല സരസ്വതിയമ്മ എഴുത്ത് നിർത്തിയത്. അതിന് മുമ്പുതന്നെ 1958ൽ എഴുതിയ *ഉമ്മ* എന്ന കഥയോടെ അവർ തൂലിക താഴെ വെച്ചിരുന്നു. അവരുടെ കഥകളുടെ പൊതുവായ ആർജ്ജവമോ; സവിശേഷവ്യക്തിത്വമോ ഒന്നുമില്ലാത്ത, വളരെ ദുർബ്ബലമായ പ്രമേയമാണ് അവസാനത്തെ കഥയായ *ഉമ്മ*യിലും അതിന് തൊട്ട് മുമ്പെഴുതിയ *പേരിലൊന്നും കാര്യമില്ല* (1957) എന്ന കഥയിലും കാണുന്നത്. 1938ൽ തുടക്കം കുറിച്ച സരസ്വതിയമ്മയുടെ സർഗ്ഗവ്യാപാരം 1958വരെ, ഏതാണ്ട് ഇരുപതുവർഷക്കാലം, തുടർന്നെങ്കിലും അവസാനകാലമായപ്പോഴേക്കും അത് പ്രക്ഷീണമായിക്കൊണ്ടിരുന്നു. സാഹിത്യത്തിലും, ജീവിതത്തിലും ഒരുപോലെ നേരിടേണ്ടിവന്ന സ്വത്വപ്രതിസന്ധിയാണ് എഴുതാനും ജീവിക്കാനും പ്രേരകമായിരുന്ന അവരുടെ ഇച്ഛാശക്തിയെ ക്രമേണ തകർത്തു കളഞ്ഞത്. അല്ലാതെ പെട്ടെന്ന് ഒരു ദിവസം സരസ്വതിയമ്മ എഴുത്ത് നിർത്തുകയായിരുന്നില്ല.

26. സഹൃദയലോകം വേണ്ടത്ര അംഗീകരിച്ചില്ലെന്ന തോന്നലാണ് സ്വന്തം കലാസൃഷ്ടിയെക്കുറിച്ച് പലപ്പോഴും മതിപ്പില്ലെന്ന മട്ടിലുള്ള അഭിപ്രായം പറയാൻ സരസ്വതിയമ്മയെ പ്രേരിപ്പിച്ചത്.

27. സ്വത്വപ്രതിസന്ധിനേരിട്ട സരസ്വതിയമ്മയ്ക്ക് ഒടുക്കം എഴുത്തും വായനയും രസക്കേടായിത്തീരുകയും, ഏകാന്തജീവിതം കടുത്ത ഒരു പരീക്ഷണമാവുകയും ചെയ്തു.

28. സൗഹൃദബന്ധത്തെ ജീവവായുപോലെ ആദ്യകാലത്ത് കൊണ്ടുനടന്ന സരസ്വതിയമ്മ അവസാനകാലത്തെ ഏകാന്തജീവിതത്തിൽ അതിനോട് വൈമുഖ്യമാണ് കാണിച്ചിരുന്നത്. എന്നാൽ വിവാഹനിഷേധം പ്രകടമാക്കിയിരുന്ന അവരുടെ സ്ത്രൈണാവബോധം അവസാനം അബോധാവസ്ഥയിൽപോലും വിവാഹതാല്പര്യം പ്രകടിപ്പിക്കുകയാണ് ചെയ്തത്. ഇങ്ങിനെ അവരുടെ ചില മനോഭാവങ്ങളിൽ വ്യതിയാനം സംഭ

വിക്കുകയും മന:സ്വാസ്ഥ്യം നഷ്ടപ്പെടുകയും ക്രമേണ അത് ശാരീരികാരോഗ്യത്തെ ബാധിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ തന്റെ മനോനില വീണ്ടെടുക്കാൻ അവർ കണ്ടമാർഗ്ഗം ഭക്തിയുടേതായിരുന്നു.

29. ഭൗതിക ജീവിതത്തിലെ എല്ലാ ഇച്ഛാശക്തിയെയും തകർത്ത സ്വത്വപ്രതിസന്ധിയിൽ നിന്നുള്ള രക്ഷയ്ക്കായി അവർ ഒടുവിൽ ഭക്തിമാർഗ്ഗം സ്വീകരിച്ചെങ്കിലും ജീവിതത്തോടുള്ള തീവ്രമായ ആസക്തി ശമിക്കാത്തതുമൂലം പുനർജന്മം ഇച്ഛിച്ചുകൊണ്ടുള്ള മരണത്തിന് വേണ്ടി ഈശ്വരനോട് നിരന്തരം പ്രാർത്ഥിച്ചിരുന്നു.

30. അങ്ങേയറ്റം ജീവിതാസക്തിയുണ്ടായിരുന്നതുകൊണ്ടാണ് സരസ്വതിയമ്മയ്ക്ക് ജീവിതത്തേയും, മരണത്തേയും ഒരേമട്ടിൽ ഇച്ഛാശക്തിയോടെ അഭിമുഖീകരിക്കാൻ സാധിച്ചത്. ജീവിതത്തോട് എന്നും തീവ്രമായ അഭിനിവേശം ഉണ്ടായിരുന്നിട്ടും അവർ ജീവിതത്തിൽ ഒറ്റപ്പെട്ടുപോയത് തീർത്തും വിധിവൈപരീത്യമായി. ഒറ്റയ്ക്കുള്ള തന്റെ ജീവിതം അവസാനിച്ചുകിട്ടാനും, ബന്ധക്കളൊത്തുള്ള പുനർജീവിതം സിദ്ധിക്കാനുമുള്ള സരസ്വതിയമ്മയുടെ അവസാന കാലത്തെ പ്രാർത്ഥനയിൽ ധ്വനിക്കുന്നത് എഴുത്തുകാരിയെന്ന നിലയിലുള്ള ഈ ജന്മത്തിലെ ഒറ്റപ്പെട്ട ജീവിതത്തേക്കാൾ അഭികാമ്യം ബന്ധുക്കളൊത്തുള്ള ഒരു പുനർജന്മമാണ് എന്നതാണ്.

31. സതീർത്ഥ്യന്റെ വിവാഹാപേക്ഷയെ അടുത്ത ജന്മത്തിൽ കൈക്കൊള്ളാമെന്നു കരുതി മരണം വരിച്ച 'സീതാഭവന' ത്തിലെ നായികയെപ്പോലെ സരസ്വതിയമ്മയും ജീവിതത്തോടുള്ള തന്റെ തീവ്രമായ അഭിനിവേശത്തെ മറ്റൊരു ജന്മത്തിലൂടെ സാക്ഷാത്കരിക്കാമെന്നുള്ള പ്രതീക്ഷയിലും പ്രാർത്ഥനയിലും ഒടുക്കം എത്തിനിൽക്കുന്നു. സരസ്വതിയമ്മയുടെ പിൽക്കാലജീവിതവുമായി ബന്ധപ്പെടുത്താവുന്ന ചില തലങ്ങൾ അവരുടെ ഈ ആദ്യകഥയിൽവന്നുഭവിച്ചത് യാദൃച്ഛികമെന്നപോലെ വിസ്മയജനകവുമായിരിക്കുന്നു.

32. തോമസ് ഹാർഡിയുടെ സ്വാധീനമുൾക്കൊണ്ടിരുന്ന സരസ്വതിയമ്മയെ ഹാർഡിയുടെ പുസ്തകങ്ങളിൽ കാണുന്ന വിധിയുടെ കാരുണ്യമില്ലായ്മയത്രേ കൂടുതൽ പ്രചോദിപ്പിച്ചിരുന്നത്. സ്വകാര്യജീവിതത്തിൽ വിധിയുടെ ക്രൂരതയ്ക്ക് പലനിലയ്ക്കും കീഴടങ്ങേണ്ടിവന്നതുകൊണ്ടാകാം അഗാധമായ ട്രാജഡിയോട് തീവ്രമായ മമത സരസ്വതിയമ്മയ്ക്ക് ഉണ്ടായത്.

33. താൻ ജീവിച്ചുപോന്ന കാലഘട്ടത്തിന് ഉൾക്കൊള്ളാൻ പറ്റാത്ത ഒരവബോധം വെച്ചു പുലർത്തുകയും അധീശസംസ്കാരത്തെ വെല്ലുവിളിച്ച്കൊണ്ട് സ്ത്രീയുടെ സ്വാത ന്ത്ര്യവും, സ്വത്വാവബോധവും വിഭാവനം ചെയ്യുന്ന കഥകളെഴുതുകയും തൽഫല മായി സ്വത്വപ്രതിസന്ധി നേരിടുകയും, അങ്ങിനെ ഒറ്റപ്പെടുകയും ചെയ്ത ഒരെഴു ത്തുകാരിയാണ് സരസ്വതിയമ്മ. സാമ്പ്രദായിക മൂല്യാധിഷ്ഠിതമായ ആധിപത്യവ്യവ സ്ഥിതിയുടെ ഒരു ബലിയാടാവുകയായിരുന്നു ഈ എഴുത്തുകാരി.

34. എഴുത്തിലും ജീവിതത്തിലും ഒരേപോലെ സ്വത്വപ്രതിസന്ധി നേരിടുകയും, ഒറ്റപ്പെടു കയും ചെയ്ത സരസ്വതിയമ്മയുടെ ദുർബ്ബല മനസ്സിന്റെ വിഹ്വലതകൾ അവർ കഥക ളിലൂടെ ആവിഷ്ക്കരിച്ചില്ലെങ്കിലും (അപ്പോഴേക്കും കഥയെഴുത്ത് അവർ നിർത്തിയി രുന്നുവല്ലോ) അവസാനകാലത്തെ ഡയറിക്കുറിപ്പുകളിൽ അവ തുടിച്ചുനിൽക്കുന്നുണ്ട്. ‘എഴുത്ത്’ എക്കാലത്തും അവർക്ക് ആത്മാവിഷ്കരണോപാധി തന്നെയായിരുന്നു!.

# ഗ്രന്ഥസൂചി

# ഗ്രന്ഥസൂചി


1. അച്യുതൻ, എം. *ചെറുകഥ-ഇന്നലെ, ഇന്ന്.* കോട്ടയം: എസ്. പി. സി. എസ്, നാഷണൽ ബുക്ക് സ്റ്റാൾ, 1973.

2. *അന്തർജ്ജനം-ഒരു പഠനം.* അന്തർജ്ജനം ഷഷ്ട്യബ്ദപൂർത്തി ആഘോഷക്കമ്മിറ്റി. കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ, 1969.

3. അയ്യപ്പപണിക്കർ, കെ., മറ്റും., സമ്പാ.*100 വർഷം 100 കഥ.* കോട്ടയം: ഡി. സി. ബുക്സ്, 1991.

4. ആണ്ടലാട്ട്. *ജീവിത ദർശനം, സൗന്ദര്യബോധം.* തിരുവനന്തപുരം: ചിന്താപബ്ലിക്കേഷൻസ്, 1987.

5. ആദംചൊവ്വ, *വിവാഹം ഒരു പഠനം.* കോട്ടയം: എസ്. പി. സി. എസ്, നാഷണൽ ബുക്ക് സ്റ്റാൾ, 1982.

6. കൃഷ്ണപിള്ള, എൻ. *കൈരളിയുടെ കഥ* (സാഹിത്യചരിത്രം). 1958. പുനർ മുദ്രണം, കോട്ടയം: എസ്. പി. സി. എസ്, നാഷണൽ ബുക്ക് സ്റ്റാൾ, 1975.

7. ഗീത. *ദേവദൂതികൾ മാഞ്ഞുപോവത്.* കോട്ടയം: എസ്. പി. സി. എസ്, നാഷണൽ ബുക്ക് സ്റ്റാൾ, 1999.

8. ഗുപ്തൻ നായർ, എസ്., സമ്പാ. *കാറ്റിൽ പറക്കാത്ത കത്തുകൾ.* കോട്ടയം: ഡി. സി. ബുക്സ് 1991.

9. ചന്ദ്രിക, സി. എസ്., *കെ. സരസ്വതിഅമ്മ.* തൃശൂർ: സാഹിത്യ അക്കാഡമി, 2000.

10. ചുമ്മാർ, ടി. എം. *ഭാഷാഗദ്യസാഹിത്യ ചരിത്രം.* 1955. പുനർ മുദ്രണം, കോട്ടയം: എസ്. പി. സി. എസ്, നാഷണൽ ബുക്ക് സ്റ്റാൾ, 1969.

11. ജയചന്ദ്രൻ, ടി. എൻ. *കഥയുടെ പിന്നിലെ കഥ.* കോട്ടയം: എസ്. പി. സി. എസ്, നാഷണൽ ബുക്ക് സ്റ്റാൾ, 1975.

12. ജോർജ്, കെ. എം., പ്രസാ. *ആധുനിക മലയാള സാഹിത്യ ചരിത്രം-പ്രസ്ഥാനങ്ങളിലൂടെ.* കോട്ടയം: ഡി. സി. ബുക്സ് 1998.

13. തരകൻ, കെ. എം., *പാശ്ചാത്യ സാഹിത്യ തത്വശാസ്ത്രം.* 2–ാം പ. കോട്ടയം: എസ്. പി. സി. എസ്, നാഷണൽ ബുക്ക് സ്റ്റാൾ, 1977.

14. ദേവിക, ജെ. *സ്ത്രീവാദം.* കോട്ടയം: ഡി. സി. ബുക്സ് 2000.

15. നാരായണപ്പണിക്കർ, ആർ. *കേരള ഭാഷാ സാഹിത്യ ചരിത്രം* (ഏഴാം ഭാഗം). 2–ാം പ. തിരുവനന്തപുരം: സ്റ്റാർ പ്രസ്സ്, 1963.

16. നാരായണ മേനോൻ, വെള്ളായ്ക്കൽ., സമ്പാ. *കഥയുള്ള കഥകൾ* (ഒന്നാം ഭാഗം). 2–ാം പ. തൃശ്ശിവപേരൂർ: യോഗക്ഷേമം കമ്പനിവക, മംഗളോദയം, തുലാം, 1102.

17. പരമേശ്വരയ്യർ, എസ്., ഉള്ളൂർ. *കേരള സാഹിത്യ ചരിത്രം* (വാല്യം–4) 1957. പുനർ മുദ്രണം, തിരുവനന്തപുരം: കേരള സർവ്വകലാശാല, 1964.

18. ________________. *കേരള സാഹിത്യ ചരിത്രം* (വാല്യം–5), 4–ാം പ. തിരുവനന്തപുരം: കേരള സർവ്വകലാശാല, 1990.

19. പരമേശ്വരൻ പിള്ള., എരുമേലി. *മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ* 1966. പുനർമുദ്രണം, മാവേലിക്കര: പ്രതിഭാ ബുക്സ്, 1993.

20. ബഷീർ, എം. എം. *മലയാള ചെറുകഥാ സാഹിത്യ ചരിത്രം.* തൃശ്ശൂർ: കേരള സാഹിത്യ അക്കാഡമി, 2002.

21. ബാലകൃഷ്ണ പിള്ള, എ. *കേസരിയുടെ സാഹിത്യ പ്രബന്ധങ്ങൾ.* കോട്ടയം: എസ്. പി. സി. എസ്, നാഷണൽ ബുക്ക് സ്റ്റാൾ, 1986.

22. ഭാസ്കരനുണ്ണി, പി. *അന്തർജ്ജനം മുതൽ മാധവിക്കുട്ടി വരെ* (തൂലികാ ചിത്രങ്ങൾ). കോട്ടയം: എസ്. പി. സി. എസ്, നാഷണൽ ബുക്ക് സ്റ്റാൾ, 1987.

23. മാധവൻ, കെ.ജി., കോമലേഴത്ത്. *കഥാപല്ലവങ്ങൾ.* തിരുവനന്തപുരം: പ്രഭാത് ബുക്ക് ഹൗസ്, 1978.

24. മുരളീധരൻ, നെല്ലിക്കൽ. *വിശ്വസാഹിത്യ ദർശനങ്ങൾ.* കോട്ടയം: ഡി. സി. ബുക്സ്, 1997.

25. രവികുമാർ, കെ. എസ്സ്. *കഥയും ഭാവുകത്വ പരിണാമവും.* കോട്ടയം: കറന്റ് ബുക്സ്, 2002.

26. രാമകൃഷ്ണൻ, എം. കെ., കെ. എം. വേണുഗോപാലൻ. *സ്ത്രീവിമോചനം–ചരിത്രം, സിദ്ധാന്തം, സമീപനം.* പയ്യന്നൂർ: നയനാ ബുക്സ്, 1989.

27. രാമചന്ദ്രൻ നായർ., പന്മന. സമ്പാ. *കഥാപഠനങ്ങൾ.* കോട്ടയം: ഡി. സി. ബുക്സ്, 2006.

28. ലളിതാംബിക അന്തർജ്ജനം, എൻ. *അംബികാഞ്ജലി.* കുന്നിയോട്: ലളിതോദയം പബ്ലിക്കേഷൻസ്, കെ. വ. 1112.

29. _______________. *ഇരുപതുവർഷത്തിനുശേഷം.* കോട്ടയം: എസ്. പി. സി. എസ്, നാഷണൽ ബുക്ക് സ്റ്റാൾ, 1956.

30. _______________. *അഗ്നിസാക്ഷി.* 16–ാം പ. തൃശൂർ: കറന്റ് ബുക്സ്, 2002.

31. ലീലാ കുമാരി, എം. *സ്ത്രീ സങ്കല്പം മലയാളനോവലിൽ.* കോട്ടയം: ഡി. സി. ബുക്സ്, 2000.

32. ശങ്കരൻ നമ്പ്യാർ, പി. *മലയാള സാഹിത്യ ചരിത്രസംഗ്രഹം.* 2–ാം പ. കോട്ടയം: എസ്. പി. സി. എസ്, നാഷണൽ ബുക്ക് സ്റ്റാൾ, 1958.

33. ശ്രീധരമേനോൻ., വൈലോപ്പിള്ളിൽ. *വൈലോപ്പിള്ളിക്കവിതകൾ.* കോട്ടയം: എസ്. പി. സി. എസ്, നാഷണൽ ബുക്ക് സ്റ്റാൾ, 1984.

34. ശ്രീധരൻ, സി. പി. *ഇന്നത്തെ സാഹിത്യകാരന്മാർ.* കോട്ടയം: സാഹിത്യ വേദി പബ്ലിക്കേഷൻസ്, 1969.

35. സച്ചിദാനന്ദൻ. പ്രസാ. *സ്ത്രീപഠനങ്ങൾ* (ഒന്നാം ഭാഗം) കോഴിക്കോട്: ബോധി പബ്ലിഷിംഗ് ഹൗസ്, 1990.

36. സരസ്വതിയമ്മ, കെ. *കെ. സരസ്വതിയമ്മയുടെ സമ്പൂർണ്ണ കൃതികൾ.* സമ്പാ., കെ.എസ്. രവികുമാർ. കോട്ടയം: ഡി. സി. ബുക്സ്, 2001.

37. സരളാ രാമവർമ്മ. *നവമുകുളം.* തൃശ്ശിവപേരൂർ: മംഗളോദയം, കെ.വ.1124.

38. _______________. *കഥാകദംബം.* തൃശ്ശിവപേരൂർ: മംഗളോദയം, 1954.

39. സുധീഷ്, വി. ആർ. *കഥാന്തരം.* കോഴിക്കോട്: ഹരിതം ബുക്സ്, 2002.

40. സുരേന്ദ്രൻ, കെ. *പ്രേമത്തെക്കുറിച്ച് ഒരു പുസ്തകം.* കോട്ടയം: എസ്. പി. സി. എസ്, നാഷണൽ ബുക്ക് സ്റ്റാൾ, 1956.

41. ഹരിശർമ്മ, ഏ.ഡി. *മലയാള സാഹിത്യം.* തുറവൂർ: ശ്രീനരസിംഹ വിലാസം ബുക്ക് ഡിപ്പോ, 1959.

## English

42. Beauvoir, Simonede. *The Second Sex,* Harmond Sworth. Penguin, 1975.

43. Bertrand Russel. *Marriage and Morals.* London: George Allen and Unwin, 1958.

44. Beryil Madoc. Ed. *An introduction to women's studies.* Oxford UK & Cambridge USA: Black Well Publishers Ltd., 1996.

45. Frend, Sigmund. *Ego and id,* New york: W. W. Norton, 1960.

46. Havelock Ellis. *Sex in Relation to Society.* London: Heinemann, 1945.

47. Joan.H. Rollins. *Women's Minds, Women's Bodies.* (The Psychology og Women in a Biosocial Context). New Jersey: Prentice Hall, Upper Saddle River, 1996.

48. Miraim Schneir. Ed. 'Marriage and Love' *Feminism*: The Essential Historical Writings. New York: Random House, 1972.

49. Sheila Kitzenger. *Women's experience of Sex.* New York: G.P. Puthnem's Sons, 1983.

50. William.K.Winsatt, J.R. and Cleanth Brooks. *Literary Criticism-A Short Story.* Oxford and IBH Publishing Co. (Calcutta-Bombay-New Delhi), 1957.

51. Woolf, Virginia. *A Room of one's own.* 15th ed. London: The Hogarth-press, 1974.

**ആനുകാലിക പ്രസിദ്ധീകരണങ്ങൾ.**

1. അമ്മ, എൻ. എ. 'സ്ത്രീവിദ്യാഭ്യാസദൊഷനിഷെധം', *വിദ്യാവിനോദിനി,* 8,11. (ചിങ്ങ മാസം, 1073), 427–431.

2. അമ്മുക്കുട്ടി അമ്മ, ടി. 'സ്ത്രീ വിദ്യാഭ്യാസം'. *ശാഗദ,1,5* (മീനം, 1080), 14–15.

3. എം. കെ. ആർ. കെ. സരസ്വതിയമ്മയുടെ *പ്രേമഭാജന*ത്തിന്റെ നിരൂപണം. *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 23, 78. (ഡിസംബർ 2, 1945), 13.

4. കനകലത, പി.കെ. 'ആശാന്റെ നായകൻമാർ'. *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 83,13. (മെയ് 29–ജൂൺ 4, 2005), 29–33.

5. ________________. 'കെ. സരസ്വതിയമ്മയും സീതാഭവനവും' *മാതൃഭൂമി ആഴ്ചപ്പതിപ്പ്, 84,12,* (മെയ് 21, 2006).

6. *കലാപതി, എസ്സ്, ജെ. 'പുരുഷനെ മാത്രം കുറ്റപ്പെടുത്തിക്കൂട!' മാതൃഭൂമി ആഴ്ചപ്പതിപ്പ്.* (നവംബർ 28, 1943), 11–12.

7. കല്ല്യാണി അമ്മ, ടി. സി. 'രാജപങ്കജം' *വിദ്യാവിനോദിനി 1,1.* (തുലാം, 1077), 1–9.

8. ________________. 'സർവ്വദമനും, രാക്ഷസനും.' *വിദ്യാവിനോദിനി 1,2* (വൃശ്ചികം, 1077), 1–7.

9. ________________. 'തടിൽപ്രഭ എന്ന രാജകന്യക'. *വിദ്യാവിനോദിനി 1,6* (മീനം, 1077), 1–8.

10. ________________. 'ഒരു കഴുതയുടെ കഥ'. *ശാരദ,* 1,1. (1079), 10–12.

11. കുഞ്ചിയമ്മ. 'ഞാനൊരു ഭർത്താവായിരുന്നെങ്കിൽ' *മലയാള രാജ്യം വിശേഷാൽ പ്രതി,* 1953), 14–16.

12. കുഞ്ഞുലക്ഷ്മി കെട്ടിലമ്മ, കെ. എം. 'സാഹിത്യവും സ്ത്രീസമുദായവും'. *മഹിളാരത്നം,* 1,3. (ഒക്ടോബർ–നവംബർ, 1915), 50–52.

13. കുമാരൻ, മൂർക്കോത്ത്. 'സീത' *ലക്ഷ്മിഭായി* 1,5 (മേടം, 1081) 169–174

14. കേ. പി. എം. 'സ്ത്രീകൾ അബലകളാണോ'. *ലക്ഷ്മിഭായി* 3,8, (വൃശ്ചികം, 1083), 329–336.

15. കൃഷ്ണപിള്ള, എസ്. എൻ. 'മലയാളത്തിലെ ചെറുകഥകൾ' *ആത്മാപോഷിണി* (ഫെബ്രുവരി–മാർച്ച്, 1920), 580–93.

16. കൃഷ്ണപിള്ള, ചങ്ങമ്പുഴ, 'ജീവിതവും സാഹിത്യവും' *മാതൃഭൂമി ആഴ്ചപ്പതിപ്പ്.* (ഡിസംബർ 17, 1944), 11.

17. ഗീത, 'പ്രേമത്തിന്റെ ഇഹപരങ്ങൾ'. *മാതൃഭൂമി ആഴ്ചപ്പതിപ്പ്.* 83,11, (മെയ്15–21, 2005), 16–21.

18. ഗുപ്തൻ നായർ, എസ്. ബഷീറിന്റെ *ശബ്ദങ്ങളുടെ* നിരൂപണം. *മാതൃഭൂമി ആഴ്ചപ്പതിപ്പ്.* 25,44 (ജനുവരി 18, 1949) 15.

19. ഗോവിന്ദമേനോൻ, കാരക്കാട്ട. 'ഈസോപ്പിന്റെ സാരോപദേശകഥകൾ'. *വിദ്യാവിനോദിനി,* 10,8 (കർക്കിടകമാസം, 1072), 358–359.

20. ഗൌരി അമ്മ, പാറയ്ക്കൽ. 'സ്ത്രീവിദ്യാഭ്യാസം'. *ലക്ഷ്മിഭായി,* 2,12 (മീനം, 1082), 859–864.

21. ചന്ദ്രിക, സി. എസ്. 'പെൺമയുടെ സൗന്ദര്യദർശനം' *ഭാഷാസാഹിതി,* 49,58 (1991), 49–58.

22. ചിന്നമ്മ, കെ. 'വിദ്യാഭ്യാസത്തിൽ സ്ത്രീകളുടെ സ്ഥാനം' *ലക്ഷ്മിഭായി,* 8,6 (കന്നിമാസം, 1088) 206–218.

23. ചിന്നമ്മു മന്നാടിസ്യർ, ചമ്പത്തിൽ 'സ്ത്രീവിദ്യാഭിവൃദ്ധി'. *ലക്ഷ്മിഭായി,* 4,7. (തുലാം, 1084), 293–297.

24. ജയചന്ദ്രൻ, ടി.എൻ. 'ഹർഷഭരിതമായ ഒരുഗ്രസമരം'. *സംസ്കാരകേരളം ത്രൈമാസികം* (ജൂലൈ–സെപ്തംബർ, 1992), 5–6.

25. ________________. 'മലയാളത്തിലെ വനിതാ നോവലിസ്റ്റുകൾ–ഒരു ആമുഖപഠനം'. *ഭാഷാപോഷിണി,* 21,6 (നവംബർ 1, 1997), 45–52.

26. ടി.ആർ. 'മലയാളത്തിലെ ആദ്യത്തെ കഥാകാരി' *കലാകൗമുദി,* (ജൂൺ 26, 1983), 46–47.

27. ഡി. പി. എൻ. കെ. സരസ്വതിയമ്മയുടെ *ദേവദൂതി* യുടെ നിരൂപണം. *മാതൃഭൂമി ആഴ്ചപ്പതിപ്പ്.* 23, 28 (സെപ്തംബർ 23, 1945), 13.

28. ദാമോദരൻ, എൻ. പി. 'സോദ്ദേശസാഹിത്യം'. കെ. സരസ്വതിയമ്മയുടെ *പ്രേമഭാജനം, പെൺബുദ്ധി* ഇവയെക്കുറിച്ചുള്ള നിരൂപണം. *മാതൃഭൂമി ആഴ്ചപ്പതിപ്പ്.* 29, 37 (നവംബർ 25, 1959), 24.

29. നാരായണൻ നായർ, വടക്കേപ്പാട്ടെ. 'സ്ത്രീകളറിയേണ്ടവ' *ലക്ഷ്മിഭായി,* 1,12,13,14 (1081).

30. പത്മാവതി അമ്മ, കെ. 'മലയാളികളും സ്ത്രീവിദ്യാഭ്യാസവും'. *ശാരദ,* 1,7 (എടവമാസം,1080), 5–9.

31. ________________. 'സ്ത്രീകൾക്കുവേണ്ടതായ വിദ്യാഭ്യാസം'. *ശാരദ,* 2,8 (മിഥുനമാസം, 1081), 165–170.

32. ________________. 'മലയാള സമ്പ്രദായങ്ങളും ആവശ്യമായ പരിഷ്കാരങ്ങളും' *ശാരദ,* 2,11 (കന്നി, 1082) 239–244.

33. ________________. 'മലയാള സമ്പ്രദായങ്ങളും ആവശ്യമായ പരിഷ്കാരങ്ങളും' *ശാരദ,* 2,12 (തുലാം, 1082) 261–266.

34. 'പുതിയ പുസ്തകങ്ങൾ' *ശാരദ* 4,4 (ഏപ്രിൽ, 1084), 107.

35. ബഷീർ, എം. എം. 'മലയാളത്തിലെ ആദ്യകാല കഥാകാരികൾ' *മാതൃഭൂമി ആഴ്ചപ്പതിപ്പ്.* (സെപ്തംബർ 9–15, 1984) 6–9,41.

36. ബാലകൃഷ്ണമേനോൻ, നെടിയം വീട്ടിൽ. 'നോവലെറ്റ് അല്ലെങ്കിൽ ചെറിയകഥ'. *ഭാഷാ പോഷിണി* (ഒക്ടോബർ–നവംബർ, 1918).

37. ബീനാകുമാരി, പി. 'സ്ത്രീത്വം ലളിതാംബിക അന്തർജ്ജനത്തിന്റെ കാഴ്ചപ്പാടിൽ' *വിജ്ഞാനകൈരളി,* 30,6 (ജൂൺ, 1999).

38. ഭാഗീരഥി അമ്മ, ബി. 'സ്ത്രീകളും, സാഹിത്യവും' *മഹിള,* 11,1 (1931), 16–26.

39. മാധവി. 'വനിതാ വൈഭവം'. *ശാരദ* 3,3 (ഏപ്രിൽ, 1908), 67–68.

40. മാധവിക്കുട്ടി. 'ഞാനൊരിക്കലും അശ്ലീലമെഴുതിയിട്ടില്ല' *പച്ചക്കുതിര* (ഫെബ്രുവരി, 2005).

41. മേനോൻ, എം. എസ്. കെ. സരസ്വതിയമ്മയുടെ *വിവാഹസമ്മാനം, പ്രേമപരീക്ഷണം, ചുവന്നപൂക്കൾ* ഇവയുടെ നിരൂപണം. *മാതൃഭൂമി ആഴ്ചപ്പതിപ്പ്.* 33,34. (നവംബർ 6, 1955), 42–43.

42. ________________. 'വ്യക്തിത്വമുള്ള കഥകൾ' കെ.സരസ്വതിയമ്മയുടെ *ചോലമരങ്ങളുടെ* നിരൂപണം. *മാതൃഭൂമി ആഴ്ചപ്പതിപ്പ്.,* 37,10 (മെയ് 24, 1959), പു.44.

43. രവീന്ദ്രൻ, എൻ. കെ. 'സ്ത്രീയെ നിശ്ശബ്ദയാക്കുന്ന സാഹിത്യസംസ്കാരം' *കലാകൗമുദി* (ജനുവരി 9, 1994), 55–58.

44. രാഘവൻപിള്ള, കെ. 'സ്ത്രൈണം, സ്വാതന്ത്ര്യം, സ്ത്രീത്വം'. *മാതൃഭൂമി ആഴ്ചപ്പതിപ്പ്.,* (ജൂൺ 13–19, 1982), 6–9.

45. രാജരാജവർമ്മ, പി.കെ. 'സ്ത്രീയെപ്പറ്റി ഒരു സ്ത്രീ', കെ. സരസ്വതിയമ്മയുടെ *പുരുഷൻമാരില്ലാത്ത ലോകത്തിന്റെ* നിരൂപണം. *മാതൃഭൂമി ആഴ്ചപ്പതിപ്പ്.* (ജൂൺ 29, 1958), 48.

46. രാധിക, എം. ഡി. 'സ്ത്രീപക്ഷ വായന––പ്രശ്നങ്ങളും സമീപനങ്ങളും' *സാഹിത്യലോകം,* 20,6 (നവംബർ–ഡിസംബർ 1995), 51–59.

47. രാമചന്ദ്രൻ നായർ, ജീ., പട്ടം. 'കെ. സരസ്വതിയമ്മ–സാഹിത്യത്തിലും ജീവിതത്തിലും' *സർവീസ്* (നായർ സർവീസ് സൊസൈറ്റിയുടെ മുഖപത്രം, നവംബർ 15, 2006) 17,18.

48. രുഗ്മിണി അമ്മ, സി. 'സ്ത്രീധർമ്മം' *ശാരദ,* 2,9. (കർക്കടകം, 1081) 193–196.

49. രുഗ്മിണി അമ്മ, സി. 'ദാമ്പത്യം' *ലക്ഷ്മിഭായി,* 3,9 (ധനു, 1083), 398–407.

50. ലക്ഷ്മി അമ്മ, കെ. 'പുരുഷധർമ്മം'. *ശാരദ,* 1,8 (മിഥുനമാസം, 1081), 175–177.

51. ലക്ഷ്മിക്കുട്ടി അമ്മ, പി. 'കാന്തിമതിയും കമലബാണനും'. *ശാരദ,* 1,18 (തുലാംമാസം, 1081).

52. ലക്ഷ്മിക്കുമാരി. 'ചങ്ങമ്പുഴയുടെ പനിനീർപ്പൂവ് ഇവിടെ .....' *കലാകൗമുദി,* 1554, (ജൂൺ 19, 2005), 54–56.

53. ലക്ഷ്മിയമ്മ, മൺതറവീട്ടിൽ. 'എന്റെ ജീവചരിത്രവും ഗൃഹിണീധർമ്മവും' *ലക്ഷ്മീഭായി,* 2,12 (മീനം, 1082), 529–547.

54. ലീലാവതി, എം. 'സാഹിത്യത്തിന് സ്ത്രീകളുടെ സംഭാവന'. *മാതൃഭൂമി ആഴ്ചപ്പതിപ്പ്.* (ആഗസ്ത് 24, 1975).

55. വാരിയർ, പി. ഏ. 'കഥകളും കഥകളും'. കെ. സരസ്വതിയമ്മയുടെ *പെൺബുദ്ധി*യുടെ നിരൂപണം. *മാതൃഭൂമി ആഴ്ചപ്പതിപ്പ്.,* 32,49 (ഫെബ്രൂവരി 20, 1955).

56. വാസുദേവൻ നായർ, എം. ടി. 'ഏകാന്ത പഥിക'. *മാതൃഭൂമി ആഴ്ചപ്പതിപ്പ്.* 53,43, (ഫെബ്രൂവരി 8,1976), 17.

57. വിജയൻ, ചമ്പാടൻ. 'മലയാളത്തിലെ ആദ്യകഥാകാരി' *മലയാളം വാരിക* (സെപ്തംബർ–നവംബർ 22,2006), 59–62.

58. വി.വി. പത്രാധിപൻമാർ, 'ഈസോപ്പിന്റെ സാരൊപദെശ കഥകൾ'. *വിദ്യാവിനോദിനി,* 9,9 (മിഥുനമാസം, 1072), 318–320.

59. വേലായുധൻ പിള്ള, പി. വി. 'ചങ്ങമ്പുഴ സ്വകാര്യകലാപത്തിന്റെ കവി'. *ഭാഷാപോഷിണി,* 4,8 (ഏപ്രിൽ–മെയ്, 1981), 54–56.

60. സരസ്വതി. 'ഭാര്യാ ഭർതൃത്വം' *ശാരദ,* 1,6 (മേടം, 1080), 125–127.

61. സരസ്വതി. 'അവൾ എന്തു ചെയ്തു?' *മലയാളരാജ്യം,* (ഏപ്രിൽ 24, 1944), 10–11.

62. സരസ്വതി. 'ശ്രീ ശാരദാദേവി' *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* (മെയ് 23,1943), 10.

63. _________. 'വിശുദ്ധക്ഷേത്രം' *മലയാളരാജ്യം,* (ഏപ്രിൽ 24, 1944), 10–11.

64. _________. 'ആ ശാലയ്ക്കകത്ത്' *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 22,38 (ഡിസംബർ 3, 1944), 4–5.

65. _________. 'നിയമ പരിധിയ്ക്കപ്പുറം' *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 23,23 (ആഗസ്ത് 19, 1945), 3,4,9.

66. _________. 'പരിപൂർണ്ണതയിലേക്ക്' *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* (ആഗസ്ത് 29, 1948), 12.

67. _________. 'പേരിലൊന്നു കാര്യമില്ല' *ജനയുഗം ഓണം വിശേഷാൽ പ്രതി.* (1957), 53–56.

68. _________. 'ഉമ്മ'. *ജനയുഗം* 1,3 (ഫെബ്രുവരി 16, 1958), 14–16, 21–22.

69. സരസ്വതി അമ്മ, കെ. 'സീതാഭവനം' *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* (മാർച്ച് 21, 1938), 11–13.

70. ________________. 'ജീവിതം എന്റെ നോട്ടത്തിൽ' *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* (ഫെബ്രുവരി 17, 1952), 6.

71. ________________. 'കയ്പും മധുരവും'. *സംസ്കാരകേരളം ത്രൈമാസികം.* (ജൂലൈ–സെപ്തംബർ, 1992), 9–10.

72. സരസ്വതിയമ്മ, കെ.യുടെ *പെൺബുദ്ധി*യുടെ നിരൂപണം. *ഗ്രന്ഥാലോകം,* 4,1 (ജനുവരി, 1952), 29,30.

73. സി. എം. പി., കെ. സരസ്വതിയമ്മയുടെ *പ്രേമഭാജന*ത്തിന്റെ നിരൂപണം. *മലയാളരാജ്യം,* (ഏപ്രിൽ 7,1952), 21.

74. സി.പി. കെ. സരസ്വതിയമ്മയുടെ *കനത്തമതിലി*ന്റെ നിരൂപണം. *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 31, 21 (ആഗസ്ത് 9, 1953), 28.

75. സുരേന്ദ്രൻ കെ. 'കലാകാരന്റെ ശരീരശാസ്ത്രം' *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* (ജൂലൈ 17, 1949) 8–9.

76. ________________. കെ. സരസ്വതിയമ്മയുടെ *കീഴ്ജീവനക്കാരി*യുടെ നിരൂപണം. *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 27, 36 (നവംബർ 20, 1949), 14.

**ഗവേഷണ പ്രബന്ധങ്ങൾ**

1. പ്രിയ, എസ്. "കെ. സരസ്വതിയമ്മയുടെ ചെറുകഥ–ഒരു പഠനം" എം.ഫിൽ പ്രബന്ധം, കേരള സർവ്വകലാശാല, 1988.

2. മാധവിക്കുട്ടി, കെ.സി. "കെ. സരസ്വതിയമ്മയുടെ സ്ത്രീസങ്കല്പം". എം.ഫിൽ പ്രബന്ധം, കോഴിക്കോട് സർവ്വകലാശാല, 1994.

3. രവീന്ദ്രൻ, എൻ. കെ. "സ്ത്രീവിമോചനത്തിന്റെ പ്രശ്നങ്ങൾ മലയാളസാഹിത്യത്തിൽ" (എഴുത്തുകാരികളുടെ സംഭാവനകൾ അടിസ്ഥാനമാക്കിയുള്ള ഒരു പഠനം). പിഎച്ച്.ഡി. പ്രബന്ധം, കേരള സർവ്വകലാശാല, 1992.

# അനുബന്ധം

# അനുബന്ധം 1

## സീതാഭവനം

കെ.സരസ്വതിഅമ്മ

തന്റെ ചെറുകുടിലിന്നു മുമ്പിലുള്ള ഒരു കല്ലിന്മേൽ ആസനസ്ഥയായിരുന്ന ആ അധഃകൃതകന്യകയുടെ വദനം വിഷാദകുലമായിരുന്നു. അസ്തമയദിനകരന്റെ പ്രഭയിലാറാടി വിലോഭനീയവിലാസത്തോടെ വിളയാടിരുന്ന പ്രകൃതി വിചാരവിലീനയായിരുന്ന അവളെ ആകർഷിക്കാൻ പര്യാപ്തമല്ലായിരുന്നു. ആ ബാലിക ഏറെ നേരം ആ നിലയിൽ ത്തന്നെ ഇരുന്നു. ആ കുടിലിന്റെ പിന്നിൽ വളർന്നുനിന്ന ചെടികളുടെ പുഷ്പങ്ങളിൽതട്ടി അവയുടെ പൂമ്പൊടിയിലും സുഗന്ധത്തിലും ഒരംശം പേറിക്കൊണ്ടും ഒരു പേമാരിയുടെ ആസന്നമായ ആവിർഭാവത്തെ സൂചിപ്പിച്ചും സഞ്ചരിച്ചിരുന്ന മാരുതൻ, ചിടപിടിച്ചു കിടന്നിരുന്ന അവളുടെ വേണിയിലും കൃഷ്ണവർണ്ണമായ ദേഹത്തിലും വന്നുതട്ടി, അവളേയും മറ്റുള്ളവരോടൊപ്പം യാതൊരു വ്യത്യാസവും കൂടാതെ സുഖിപ്പിച്ചു ചിന്താഭാരത്തിന്നു ലഘുത്വമുണ്ടാക്കിക്കൊടുത്തു. അന്നു പൌർണ്ണമി ആയിരുന്നെങ്കിലും, വിഹായസ്സിൽ അണിനിരന്നുകിടന്ന കാർമേഘപടലത്താൽ നിശേശൻ അദൃശ്യനായിരുന്നു. അന്ധകാരത്തെ ഭേദിച്ചുകൊണ്ട് ആകാശത്തിൽ നിന്നും കൂടെക്കൂടെ പുറപ്പെട്ടുകൊണ്ടിരുന്ന മേഘഗർജ്ജനങ്ങൾക്കുപോലും അവളെ പ്രബുദ്ധയാക്കാൻ കഴിഞ്ഞില്ല. ഘോരമാരിയുടെ ആഗമനത്തിന്നുള്ള സംരംഭങ്ങളൊന്നുമറിയാതിരുന്ന ആ പെൺകുട്ടി അവളുടെ ആ കൃഷ്ണ കളേബരത്തിൽ രണ്ടുമുന്നു ജലബിന്ദുക്കൾ പതിച്ചപ്പോഴാണ് ലബ്ധബോധയായിത്തീർന്നത്. നേരം ഇരുട്ടിക്കഴിഞ്ഞുവെന്നു അവൾ അപ്പോൾ മാത്രമാണ് ഗ്രഹിച്ചത്.

അവൾ അശ്രുകലുഷിതനയനങ്ങളോടെ എഴുന്നേറ്റു. മഴയുടെ ശക്തി ഒന്നിനൊന്നു വർദ്ധിച്ചുകൊണ്ടിരുന്നുവെങ്കിലും തന്റെ നിത്യ കർമ്മമായ പിതൃശവകുടീരവന്ദനം അന്നും അനുഷ്ഠിക്കാൻ തന്നെ അവൾ നിശ്ചയിച്ചു. അടുത്തുനിന്നിരുന്ന ഒരു പ്ലാവിൻ ചുവട്ടിൽ സാഷ്ടാംഗ നമസ്ക്കാരം ചെയ്ത ആ കുമാരി,സ്വാന്തർഗ്ഗതങ്ങളെ നിശ്ശബ്ദമായി

ജനകനെ അറിയിച്ചു: 'അച്ഛാ അച്ഛൻ മരിച്ചിട്ടും പൊന്നുതിരുമെനിയുടെ കൃപയാലും കുളങ്ങരത്തമ്പുരാക്കൻമാരുടെ, വിശിഷ്യ ഇളയതമ്പുരാന്റെ, മഹാമനസ്കതയാലും, സ്ക്കൂൾഫൈനൽവരെ പഠിക്കാൻ സാധിച്ച ഈ ചെറുമിക്ക് ഇനിയും പഠിക്കാൻ സാധിക്കുമെങ്കിലും എന്റെ അമ്മയും ജ്യേഷ്ഠനും കൂടി ഇതാ ഏതോ ഒരു മനുഷ്യദുർദ്ദേവതയ്ക്കെന്നെ ബലികഴിക്കുവാൻ നിശ്ചയിച്ചിരുക്കുന്നു. ഞാൻ നിസ്സഹായയാണ്. അച്ഛാ! അവിടുന്നു എനിക്കൊരു വഴി കാണിച്ചുതരണേ!'.

അവളുടെ പ്രാർത്ഥന അവസാനിച്ചതും കഠോരമായി പേമാരി ചൊരിയാൻ തുടങ്ങിയതും ഒരേ സമയത്തായിരുന്നു. ആ ചാളക്കകത്തുനിന്നും 'ചീതേ' എന്നൊരു വിളി ഉയർന്നു. കുമാരി സസംഭ്രമം മാതൃസമീപം വന്നെത്തി. അവളുടെ ഭാവിവരന്റെ ആഗമനം അടുത്തു എന്നുള്ള വാർത്തയും, അതോടൊന്നിച്ചു അയാളെപ്പറ്റിയുള്ള ഒരുപൂർണ്ണ വിവരണവും നല്കി സ്വപുത്രിയെ സന്തുഷ്ടയാക്കാൻ ആ മാതാവ് വൃഥാ ശ്രമം ചെയ്തു. അപ്പോഴേക്കും അവളുടെ മകൻ അയ്യൻ, അവിടത്തെ അപരിഷ്കൃതവും ദരിദ്രവും ആയ സ്ഥിതിക്കത്ര അനുയോജ്യനല്ലാത്ത ഒരുവനുമായി അവിടെ ആവിർഭവിച്ചു. ആഗതന്റെ ഹസ്തങ്ങൾക്കൊരലങ്കാരമായി ശോഭിച്ചിരുന്ന 'ചീലക്കുട' ആ വന്ന സ്ത്രീക്ക് അമിതസന്തോഷം നല്കിയെങ്കിലും അതിന്റെ ഉപയോഗശൂന്യതനിമിത്തം അവർ രണ്ടുപേരും നല്ലവണ്ണം നനഞ്ഞിട്ടുണ്ടായിരുന്നു. അയാളുടെ വേഷവും ഭാവവും ആ സ്ത്രീയെ ആനന്ദാബ്ധിയിൽ ആമജ്ജനം ചെയ്യിച്ചു. അടുത്ത ദിവസം വയലിൽ വേലയ്ക്കുപോകുമ്പോൾ തന്റെ സഖികളോടു അയാളെപ്പറ്റി വർണ്ണിക്കാനുചിതമായ പദാവലി അവൾ അപ്പോൾതന്നെ തന്റെ പ്രാകൃതഭാഷാനിഘണ്ടുവിൽ തേടി. മകളുടെ ഈ അപൂർവ്വഭാഗ്യത്തിൽ സന്തിഷ്ടയായി അവൾ 'ചീത'യുടെ മുഖത്തുനോക്കി. അപ്പോഴാണ് സ്വതേ കരിക്കട്ടവർണ്ണമായ സ്വപുത്രിയുടെ മുഖത്തിന് കൂടുതൽ കാർഷണ്യം പ്രാപിക്കാൻ സാധിക്കുമെന്നു ആ മാതാവിന്നു മനസ്സിലായത്.

ആഗതന്റെ ദർശനത്തിൽ ചീതയുടെ കൃഷ്ണകളേബരം ആപാദചൂഡം വിറപൂണ്ടു; ഹൃദയസ്പന്ദനം ദ്രുതതരമായി; ആ നീലിമപൂണ്ട നയനങ്ങലിൽ രക്തദ്യുതിപാറി; കുളങ്ങരത്തെത്തമ്പുരാനുമൊന്നിച്ച് വിദ്യാലയത്തിൽ പോകുംവഴിക്കു കണ്ടിട്ടുള്ള ആ സ്ത്രീലമ്പടനെയാണ് തന്റെ ഭാവിജീവിതത്തിലെ രക്ഷാകർത്താവായി തിരഞ്ഞെടുത്തിരിക്കുന്നതെന്നു കണ്ടപ്പോൾ അവളുടെ മനം നീറി: ക്ഷയരോഗബാധിതമായിരുന്ന അയാളുടെ ദർശനം ആ ബാലികയുടെ ഗാത്രത്തെ ദയനീയമായി ത്രസിപ്പിച്ചു. അയാൾ കാമാർത്തി

യോടെ ക്രൌര്യം സ്ഫുരിക്കുന്ന മിഴികളാൽ ഇരയെക്കണ്ട മൃഗത്തെപ്പോലെ അവളെ ഉറ്റുനോക്കി. ഉള്ളിൽ തിങ്ങിയ താപകോപങ്ങളടക്കാൻ അവൾ തലകുനിച്ചുകളഞ്ഞു. പിന്നീട് വിദ്വേഷസൂചകമായ ഒരു പ്രതിനോട്ടമയാളുടെ നേർക്കയച്ചിട്ടു അവൾ അവിടം വിടുകയും ചെയ്തു. അല്പനേരം ഇളിഭ്യനായി നിന്നുവെങ്കിലും, രാജാധിരാജപ്രഭാവ ത്തോടെ എവിടെനിന്നോ കേട്ടുപഠിച്ച ചില ഇംഗ്ലീഷുപദങ്ങളെ, മലയാളം പോലും നല്ല വണ്ണം അറിഞ്ഞുകൂടാത്ത, ആ കുടിൽവാസികളുടെ മുമ്പിൽ അയാൾ തട്ടിവിട്ടു. 'കോളേ ജിൽ പഠിക്കുന്ന ഒരു തെമ്മാടിച്ചെക്കനുമൊന്നിച്ചു സ്കൂളിൽ പോകുന്നതു ഞാൻ കണ്ടി ട്ടുണ്ട്. സ്വഭാവം അത്ര നന്നല്ല. വലിയ ഡീസെന്റ് മട്ടിൽ കണ്ട അവറ്റിന്റെ സ്റ്റയിലും കാണിച്ചുകൊണ്ടു കൂടെപ്പോകുന്ന അവനാണ് റാസ്കൾ, വഷല് ലോകത്തിലെ ദുർഗ്ഗുണ ങ്ങളൊക്കെച്ചേർന്ന ഒരു ഡെവിൾ. കണ്ണിൽ കാണുന്ന പെൺകുട്ടികളോടെല്ലാം--'

ആ അസത്യവാചകം പൂർണ്ണമാക്കാൻ അയാൾക്കുകഴിഞ്ഞില്ല. ആ വചനങ്ങൾകേട്ട് സംഭ്രമിച്ചു നിന്ന ആ കുടുംബിനിയേയും മകനേയും നിലവിളിപ്പിക്കുമാറ്, ഒരു മിന്ന ലിന്റെ ദീപ്തിമത്തായ പ്രഭയും അതോടൊന്നിച്ചു അതിഘോരമായ ഒരു ഇടിനാദവും അവിടമെങ്ങും വ്യാപിച്ചു. അസഹ്യത നിമിത്തം പ്രകൃതിതന്നെ വിരാമമിടുവിച്ച ആ വാചകം കേട്ടുവിവർണ്ണവദനയായി ചീതയുടെ മാതാവ് പറഞ്ഞു: 'അയ്യോ! തിരുട്ടിച്ച ഒടയവന്നു അരിയം വരണവേഴം ചൊല്ലല്ലേ. കൊളങ്ങരത്തെത്തമ്പുരാൻ, ആ പൊന്നു ചീമാളൻ ചീതയെ തള്ളേരെ വയറ്റിപ്പെലന്ന-എള്ളേതിനെപ്പോലല്ലിയോ നിരുവിക്കണതു? ആ പൊന്നും കുടത്തിനെ പയിപറഞ്ഞാ തോശംമരും; പെയപ്പു മുട്ടും.'

ചീതയുടെ രക്ഷകനോടു ആ കുടുംബത്തിന്നു ഇത്രമാത്രം ഭക്തിയും സ്നേഹവും ഉണ്ടെന്നു ആ വിടൻ ചിന്തിച്ചിരുന്നില്ല. ചുറ്റും നോക്കി ചീത അവിടെങ്ങും ഇല്ലെന്നു നിർണ്ണയം വരുത്തീട്ട് 'ഞാൻ പറഞ്ഞതു കള്ളമാണെന്നു വിചാരിക്കുന്നെങ്കിൽ, ഈ രാത്രി എന്നോടൊന്നിച്ചു കുളങ്ങരവരെ വന്നാൽ മതി; അതു സത്യണെന്നു ഞാൻ തെളിയിച്ചു തരാം: ഏതായാലും ഇപ്പോൾ ഞാൻ ഇറങ്ങട്ടെ!' അയാൾ ശബ്ദം ഉയർത്തി അത്യുച്ച ത്തിൽ വിളിച്ചുപറഞ്ഞു.

തന്റെ പ്രഭുത്വത്തെ പ്രസ്പഷ്ടമാക്കിക്കഴിഞ്ഞുവെന്ന ഭാവത്താൽ സന്തുഷ്ടനായ ആ ജളപ്രഭു, അയ്യനാൽ അനുഗതനായി ഇറങ്ങിപ്പോയി.

ചീത, അവളുടെ പ്രത്യേകം വസതിയായിരുന്ന പുലാവിൻ ചുവട്ടിനെയാണാശ്രയിച്ചിരുന്നത്. അല്പനേരത്തെ രോദനം അവൾക്കു അനല്പാശ്വാസം അരുളി. അപ്പോഴേക്കും മഴ നിന്നു; കാറു നീങ്ങി ആകാശം പ്രസന്നമായി; ചന്ദ്രൻ ലോകദീപമായി വിളങ്ങി.

അവൾ, ഒരെഴുത്തെഴുതാനുള്ള സാമഗ്രികളെല്ലാമെടുത്തു. താരാനാഥനായിരുന്നു അവളുടെ ദീപം; അവളുടെ അങ്കതടം തന്നെയായിരുന്നു മേശ; മന്ദപവനൻ അവൾക്കു പങ്ക പിടിച്ചു. അവൾ അല്പനേരം ചിന്താഗ്രസ്തയായി ഇരുന്നു. 'അദ്ദേഹത്തിനെഴുത്തെഴുതാൻ ഞാനാരാണ്' എന്നവൾ മന്ത്രിച്ചു: ലേഖനസാമഗ്രികളെ ദൂരത്തുവലിച്ചെറിഞ്ഞിട്ടു അവൾ മുന്നിൽകണ്ട വയലിന്റെ വരമ്പിൽക്കൂടി പൂർവ്വാഭിമുഖമായി നടന്നുതുടങ്ങി. ആ പാടങ്ങിൽ പണിയെടുത്തുജീവിക്കുന്ന സഹോദരികൾ തനിക്കായി നിശ്ചയിച്ച വരനെ കാന്തനായിക്കിട്ടിയാൽ അമിതമോദമനുഭവിക്കുമായിരുന്നുവെന്നവൾ ചിന്തിച്ചു. ആ വിവാഹത്തിൽ വെറുപ്പുളവാക്കുന്ന തന്റെ വിദ്യാഭ്യാസത്തെ അവൾ പഴിച്ചു.

ചീത വേഗം നടന്നു വയലിന്റെ മറുകരയിലെത്തി. അവിടെ ഒരു അത്യുന്നതസൌധം ചന്ദ്രികയിൽ പ്രശോഭിതമായിക്കാണ്മാനുണ്ട്. ആ മുറ്റത്തിൽ ഒരാൾ ഉലാത്തുന്നതു നിലാവിൽ അവൾ സുവ്യക്തമായി ദർശിച്ചു. ആ യുവാവ് അവളെക്കണ്ടയുടനെ അവളുടെ സമീപത്തേക്ക് ചെന്നു.

'സീത. ഈ അസമയത്തു വന്നത്? വല്ലതും ആവശ്യമുണ്ടെങ്കിൽ ഒരു കുറിപ്പെഴുതിക്കൊടുത്തയച്ചാൽ മതിയായിരുന്നല്ലോ! ഇടിയും മഴയും ഒക്കെ ഒന്നു ശമിച്ചതല്ലേ ഉള്ളു?' എന്നു ആ കുലീനയുവാവ് സ്വത:സിദ്ധമായ പ്രഭുത്വത്തോടെ ചോദിച്ചു.

'അതിനൊന്നുമല്ല തമ്പുരാനേ, അടിയൻ വന്നത്?' സീത ദീർഘനിശ്വാസത്തോടെ പറഞ്ഞു: 'പല പ്രാവശ്യവും അവിടത്തെ ബാഹുബലം അനുഭവിച്ചറിഞ്ഞിട്ടുള്ള ആ അധികപ്രസംഗിയുടെ സഹധർമ്മിണി എന്ന നിലയിലായിരിക്കും നാളെ മുതൽ അടിയനെ ലോകം അറിയുക. അമ്മയും ജ്യേഷ്ഠനും അങ്ങനെ വിധിച്ചു കഴിഞ്ഞു, എന്ന വിവരം അവിടത്തെ അറിയിക്കാനാണ് ഈ രാത്രിതന്നെ വന്നതു. നാളെ ഒരു പക്ഷേ കാണാൻ സാധിച്ചില്ലെന്നും വന്നേക്കും.'

അവളുടെ സ്വരത്തിൽ കടുത്ത വ്യഥ സ്ഫുരിക്കുന്നുണ്ടായിരുന്നു. ആ തരുണൻ അസ്തപ്രജ്ഞനായി നിന്നുപോയി: 'കൊള്ളാം! ഇങ്ങനെ എന്നോടു പകരം വീട്ടാമെന്നോ?

എന്റെ കുറ്റത്തിനു നിന്നെ ശിക്ഷിക്കാമെന്നാണ് അവൻ നിശ്ചയിച്ചിരിക്കുന്നതു, അല്ലേ? ശരി, ഞാനും ഒന്നു നിശ്ചയിച്ചു. ബി.എ. പരീക്ഷ കഴിഞ്ഞു. ഞാൻ ഇപ്പോൾ സുഖമെടുക്കുകയല്ലേ? കുളങ്ങരത്തറവാട്ടുകാർ പണത്തിൽ മാത്രമല്ല പ്രാബല്യത്തിലും പിന്നോക്കമല്ലെന്നു അയാൾക്ക് മനസ്സിലാക്കിക്കൊടുക്കാം. സീത വീട്ടിൽ ചെന്നു, ഇതിനു സമ്മതമില്ലെന്നുതന്നെ പറഞ്ഞേക്കൂ. ഈ ഞാൻ ജീവിച്ചിരിക്കുമ്പോൾ, നിന്റെ സമ്മതമില്ലാതെ നിന്നെ ഇത്തരം വലകളിൽപ്പെടുത്തുവാൻ ആർക്കാണു കരുത്തുള്ളതെന്നു എനിക്കറിയണം'.

'തമ്പുരാനേ, ദൈവം സാധുജനങ്ങളിൽ കൃപാലുവല്ലേ? ഈ വിവാഹത്തിനു മുമ്പ് എന്തെങ്കിലും ദൈവികപ്രതിബന്ധങ്ങൾ ഉണ്ടാകുമെന്നു അടിയന്റെ മനസ്സാക്ഷി ഉറപ്പു തരുന്നു. ട്രെയിനിൽനിന്നു ചാടിച്ചാകാനോ വിഷംതിന്നു ദൈവകോപത്തിനർഹയാകാനോ അടിയനുദ്ദേശിക്കുന്നില്ല. എങ്കിലും ഭക്തവത്സലകൃപയാൽ അടിയന്റെ വിശുദ്ധചാരിത്രം അയാളുടെ കാമാർത്തിക്കിരയാവുകയില്ലതന്നെ. എല്ലാം പറഞ്ഞു കഴിഞ്ഞു. ഇനി അടിയൻ പോകട്ടെ?'

അവൾ, അനുവാദത്തിനായി ഉണ്ണികൃഷ്ണൻ നായരുടെ മുഖത്തുനോക്കി. 'സീതയ്ക്കത്ര നിശ്ചയമുണ്ടായിരുന്നെങ്കിൽ ഈ രാത്രി വരേണ്ടിയില്ലായിരുന്നു. ആഭാസൻമാർ നിറഞ്ഞ ഈ ദിക്കിൽ നീ തനിയെ നടക്കുക നന്നോ?'

ഉണ്ണികൃഷ്മൻ നായർ ഉത്തരം പ്രതീക്ഷിച്ചുകൊണ്ടു നിന്നു. സീത എന്തോ മനോരാജ്യത്തിൽ വിലീനയായതുപോലെ കാണപ്പെട്ടു. ഉണ്ണികൃഷ്ണൻനായർ മറുപടി കിട്ടായ്കയാൽ വീണ്ടും പറഞ്ഞു.

'എന്താ സീതേ, വായുമണ്ഡലത്തിൽ മോഹനസൗധങ്ങൾ കെട്ടിയുയർത്തുന്നോ? എന്നാൽ സമർത്ഥനായ ഒരു പ്രവാചകനെപ്പോലെ, അതു ഇടിഞ്ഞു വീഴാറായി എന്നു ഞാനിതാ പറയുന്നു. ഏതായാലും ഈ ചന്ദ്രികയിലിരുന്നു ആനന്ദിക്കാൻ എനിക്കു തോന്നിപ്പോകുന്നു. സമത്വവാദിയായ ഒരു പ്രഗത്ഭവനിതയെപ്പോലെ സീതയും അവിടെ ഇരിക്കൂ.'

ഉണ്ണികൃഷ്ണൻ നായർ ആ പുൽത്തകിടിയിന്മേൽ ഇരുന്നു. സീതയുടെ മൗനാവലംബനം അദ്ദേഹത്തെ അക്ഷമനാക്കി. 'ഇതെന്തു സീതേ! നീ മുനിവൃത്തി ശീലിക്കുന്നോ? എന്തായാലും നിന്റെ ചിന്താവിഷയം എന്നെക്കൂടെ അറിയിച്ചാൽ നമുക്കു രണ്ടുപേർക്കും

കൂടെ അതിനൊരു പ്രതിവിധി കണ്ടുപിടിക്കാം. നോക്കൂ, അമ്മയതാ രണ്ടാമത്തെ തട്ടിൽ നിന്നു ഇങ്ങോട്ടു നോക്കുന്നു. അ! അമ്മയെക്കണ്ടപ്പോഴാണ് ഞാനൊരു കാര്യം ഓർത്തത്. സീതയുടെ 'തമ്പുരാൻ' വിളിയും' അടിയൻ പറച്ചിലും' അമ്മയ്ക്കു തീരെ ഇഷ്ടമില്ലത്രെ. എന്റെ അഹിതം ഞാനിതിനുമുമ്പും പറഞ്ഞിട്ടുണ്ടല്ലോ. ഇതാ! ഈ രാത്രിയിൽ നീ വന്നതും അമ്മക്കിഷ്ടമായിരിക്കയില്ല'.

ഒരദൃശ്യശക്തിയാൽ പ്രേരിതയായിട്ടെന്നപോലെ സീത മൗനം ഭഞ്ജിച്ചു: 'അടിയനെന്തു വേണമെന്നാണ് തമ്പുരാൻ പറയുന്നത്? അടിയന്റെ ബന്ധുവർഗ്ഗം മുഴുവൻ ആൺപെൺ ഭേദമില്ലാതെ, രാപ്പകലെന്നൊരൊഴിവില്ലാതെ, ഇരുട്ടെന്നും വെളിച്ചമെന്നും നിനയ്ക്കാതെ, വെയിലും മഴയും വകവെയ്ക്കാതെ മുട്ടോളം പുതയുന്ന ഈ ചെളിയിൽ കിടന്നു നിരന്തരം വേലചെയ്യുമ്പോൾ അവരിലൊന്നുതന്നെ ആയ ഞാൻ ഈ വെളുത്ത വാവിൻ രാത്രി തനിയെ നടന്നതുപോലും നന്നല്ലെന്നോ? അവിടത്തെയും മറ്റും കൃപ കൊണ്ട് അഞ്ചക്ഷരം പഠിക്കാൻ സാധിച്ച ഞാൻ അവരിൽനിന്നും അകന്നുനിൽക്കയോ വേണ്ടത്? തമ്പുരാൻ ഈ ബഹുമാനവും സമത്വവും കാണിച്ചാൻ അതുനിമിത്തം ഇതരന്മാരുടെ പരിഹാസശരങ്ങൾക്കു മൂർച്ച കൂട്ടാമെന്നല്ലാതെ എന്തു ഫലമാണുള്ളത്? മാത്രവുമല്ല, അവിടത്തേക്കുതന്നെ അതെത്ര അവമാനകരം? തമ്പരാന്റെ അമ്മയ്ക്കും മറ്റും ഇതെല്ലാം രസിച്ചുവന്നു വരാം. പക്ഷേ–എന്റെ തല്ക്കാലസ്ഥിതി എന്നെ ഓർന്നിപ്പിക്കുന്നതാണ്–തമ്പുരാന്റെ വധുവായി ഭവിക്കുന്ന ആ ലോകൈകഭാഗ്യവതി ആരായാലും ആ കൊച്ചുതമ്പുരാട്ടി അടിയനെ ധിക്കാരി എന്നു പറയുകയില്ലേ! അതുകൊണ്ട് അടിയനിൽ മറ്റുള്ളവർ ദോഷാരോപണം ചെയ്യാതിരിക്കുന്നതിനായിട്ടെങ്കിലും, അവിടന്നു ഇനി ലോകാചാരമുറയ്ക്കു പെരുമാറിയാൽ കൊള്ളാം'.

ആ പ്രഭുകാമാരന്റെ വദനത്തിൽ ഗൗരവസമ്മിളിതമായ ഒരു ചെറുമന്ദഹാസവും കളിയാടി. 'ശരി, ശരി, എല്ലാം ഞാൻ സമ്മതിച്ചു. പക്ഷേ, ചക്രവർത്തി തോട്ടു ചാത്തൻ വരെ എല്ലാവരും അടങ്ങിയിട്ടുള്ള മനുഷ്യസമുദായത്തിലെ ഒരംഗമാണ് സീത എന്നേ ഞങ്ങൾ കരുതുന്നുള്ളൂ. ധാരണയ്ക്കെതിരായി പ്രവർത്തിക്കുക ഞങ്ങൾക്കുശീലവുമില്ല. ഇങ്ങനെയൊരു നിലവ്യത്യാസം ഉണ്ടെന്നുപോലും ഞങ്ങൾ കരുതീട്ടില്ല. സീതയ്ക്കാണ് എപ്പോഴും അവസ്ഥാഭേദവും വർണ്ണവ്യത്യാസവും നോക്കുന്ന സ്വഭാവം. സീതയോടു സമത്വഭാവേന വർത്തിക്കുന്നതു അവമാനമെന്നല്ല, അഭിമാനമെന്നാണ് ഞങ്ങൾ വിചാരിക്കുന്നത്. ഇനിയും എന്റെ 'കൊച്ചുതമ്പുരാട്ടി' സീതയെ 'ധിക്കാരി' എന്നു പറയു

മെന്നാണു ഭയമെങ്കിൽ, നിന്നെയും അവൾക്കൊപ്പം ഒരുന്നതസ്ഥാനത്തിലേക്കുയർത്തിയേക്കാം.  എന്നായ്ലും, ദുർവ്വഹമായ ഈ ധനഭാരം ഞാൻ ആരുടെയെങ്കിലും തലയിൽത്തന്നെ കെട്ടിവയ്ക്കും.  കഷ്ടം!  ഈ ചിന്തകളൊക്കെ കളയുക.  സീതയുടെ നിർദ്ധനാവസ്ഥ മാറ്റാനാശയുണ്ടെങ്കിൽ വേണ്ടത്ര സ്വത്തു അച്ഛനമ്മമാരുടെ അനുജ്ഞയോടെ തരുമല്ലോ!  ദരിദ്രാവസ്ഥയാണു നല്ലതെന്നു സീതയല്ലേ എപ്പോഴും പറയുന്നത്. കഷ്ടം!'  അവസാനവാചകം ആ യുവാവുച്ചരിച്ചതു അല്പമൊരു പ്രക്ഷുബ്ധതയോടെയായിരുന്നു.

തന്റെ നേരെയുള്ള ഉണ്ണികൃഷ്ണൻനായരുടെ അനുകമ്പാപ്രവാഹം അദ്ദേഹത്തിന്റെ സുഖത്തിനു ഹാനികരമായിത്തീർന്നേക്കുമെന്നു സീത ബലമായി ശങ്കിച്ചു.  അത്, അവളെക്കൊണ്ട് ഒരു കഠിനനിശ്ചയം ചെയ്യിച്ചു.  പരാർത്ഥമായി സമർപ്പണം ചെയ്തിട്ടുള്ള ഒര വിവാഹിതജീവിതത്തിലെ മോഹന സ്വപ്നങ്ങൾ കണ്ടാനന്ദിച്ചിരുന്ന അവൾ, സ്വഹൃദയേച്ഛയ്ക്കു വിപരീതമായിത്തന്നെ പറയാൻതുടങ്ങി.  'ഏകപുത്രനായ അവിടത്തോടുള്ള അപാരസ്നേഹം നിമിത്തം അങ്ങനെയൊക്കെച്ചെയ്യാൻ അവിടത്തേക്കു അനുവാദം ലഭിക്കുമായിരിക്കും.  പക്ഷേ, തന്നിമിത്തം അടിയൻ അവരുടെ ദ്വേഷഭാജനമാകും.  അത് അടിയന് ദുസ്സഹമാവില്ലേ?  ഉൽകൃഷ്ടവംശജയായ ഒരു യുവതിക്ക് തുല്യയാക്കാൻ, ഈ നികൃഷ്ടജീവിക്കുവേണ്ടി അവിടത്തെ ധനം വൃഥാ കളഞ്ഞാൽ അതാ ആ ഗുണവതിയെക്കൊണ്ടുപോലും അടിയനെ ശപിപ്പിക്കുകയില്ലേ?  വേണ്ട, വേണ്ട, ഈ ദ്വേഷവും ശാപവും ഒക്കെ സഹിക്കാൻ അടിയനു കഴിയുകയില്ല.  ദൈവഗതിപോലെ നടക്കട്ടെ!  എന്തായാലും, അമ്മ തിരഞ്ഞെടുത്ത വരനുമൊന്നിച്ച് നാളെ ഇവിടംവിടാൻ അടിയൻ നിശ്ചയിച്ചു.  അതിനിനി ഇളക്കമില്ല.  ഈ രാത്രിതന്നെ അടിയൻ എല്ലാവരോടും യാത്ര പറഞ്ഞേക്കാം.  അടിയൻ നിർമ്മലയാണെങ്കിൽ – സുചരിതയായ എന്റെ ചാരിത്രം കളങ്കരഹിതമാണെങ്കിൽ – ദൈവം എനിക്കു നല്ലതല്ലാതെ വരുത്തുകയില്ല.'

'ദൈവം! ദൈവഗതി!'  ഉണ്ണികൃഷ്ണൻനായർ പരിഹാസസ്വരത്തിൽ പറഞ്ഞു: 'പക്ഷേ ഞാൻ പറയാം അങ്ങിനെയൊന്നില്ലെന്ന്.  ഇന്നിനി സീത വീട്ടിൽ പോകണ്ടാ. നാളെ എങ്ങനെയാണ് നിന്നെ ഇനി ഈ ജന്മദേശം കാണാതിരിക്കത്തക്കവണ്ണം അത്ര ദൂരത്തേക്കു ദൈവഗതി വലിച്ചുകൊണ്ടുപോകുന്നതെന്നു കാണട്ടേ!  ഈ മണിമന്ദിരത്തിൽ, എന്റെ അച്ഛനമ്മമാരുടെ വാത്സല്യവൃക്ഷത്തണലിൽ സസുഖം വാണുകൊള്ളുക.  ഹസിക്കാൻ ഒരൊറ്റയാളിന്റെ നാവുപോങ്ങുകയില്ലതന്നെ?  ഇത്രനാളും പരിപൂർണ്ണമായി മറച്ചു

വെച്ചിരുന്ന പ്രേമത്തിന്റെ അപ്രതിഹതപ്രവാഹത്താൽ തന്നെത്തന്നെ മറന്ന ആ യുവാവ് സീതയെ അത്ഭുതസ്തബ്ധയാക്കി, വികാരപ്രക്ഷുബ്ധതയോടെ, ഇരുകരങ്ങളും നീട്ടിക്കൊണ്ട് തുടർന്നു:– 'സീതേ, വരൂ. ഇനി ആ കശ്മലന്റെ മുഖദർശനമേ നിന്നെ അസഹ്യപ്പെടുത്തുകയില്ല. ഈ മോഹനസൌധാധീശ്വരിയായി നിനക്കുവാഴാം. സീതാദേവി! എന്റെ അഭ്യർത്ഥനയെ, യാചനയെ കൈക്കൊള്ളുക. എനിക്കവകാശപ്പെടേണ്ടതായ കുളങ്ങരത്തറവാട്ടിലെ അനന്തധനവും സർവ്വോപരി എന്റെ അനശ്വരപ്രണയധനവും ഭവതിയുടെ കാൽച്ചുവട്ടിൽ! സീതേ, സമ്മതിക്കൂ. ഇവന്റെ വധുവായി ഇവനെ അനുഗ്രഹിക്കൂ. ആ കോമളഹസ്തങ്ങൾ ഈ നിർഭാഗ്യവാന്റെ ധവളഗളത്തിൽ മോഹനഹാരമായിപ്പരിണമിക്കട്ടെ! അയ്യോ! എന്ത് സീതേ! നീ മറിഞ്ഞുവീഴുന്നോ? ഹാ! ഭഗവാനേ!'

ഇങ്ങനെ വിലപിച്ചുകൊണ്ട്, സീതയുടെ ശരീരത്തെ, അദ്ദേഹം രണ്ടു കൈകളാലും താങ്ങിപ്പിടിച്ചു. ആ അഗാധപ്രേമവാന്റെ മുഖത്ത്, ആ കുമാരി, അവാച്യകാന്തിയും ശാന്തിയും പ്രസ്ഫുരിക്കുന്ന നീലനേത്രങ്ങളാൽ നിർന്നിമേഷയായി നോക്കി. 'ഹാ! അവിടത്തെ അനുകമ്പ ഈ മാർഗ്ഗത്തിലോ പ്രവഹിക്കുന്നത്! അത്ഭുതസംഭവം! ആ അപ്രതീക്ഷിതവാർത്ത എന്റെ ദുർബ്ബലഹൃദയത്തെ തകർത്തുകളയുന്നു'. അവൾ അശക്തസ്വരത്തിൽ പണിപ്പെട്ടു തുടർന്നു: 'അവിടുത്തെ സ്നേഹം ലോകാതീതം! അടുത്ത ജന്മം നമുക്ക് . . .'

ആ പാവനബാലികയുടെ നാവ് അശക്തമായി; സുപ്രകാശിതങ്ങളായ കൃഷ്ണമണികൾ ഊർദ്ധ്വഗതങ്ങളായി; ആ ശ്യാമളാനനത്തിൽ ദൈവികചൈതന്യം വിളയാടി; അദ്ദേഹത്തിന്റെ ചുറ്റും പിണച്ചിരുന്ന അവളുടെ കൈകൾ ചേർന്നമർന്നു; ആ കുമാരിയുടെ അന്ത്യശ്വാസം അനന്താന്തരീക്ഷത്തിലലിഞ്ഞു ചേരുന്നതു ആ യുവാവു അതിരറ്റ ആടലോടെ ദർശിക്കുകതന്നെ ചെയ്തു. ആ നീലലോലബാഹുക്കൾ അയഞ്ഞ് നിരാലംബമായി തറയിൽ ചെന്നു വീണു; പാപപങ്കിലമല്ലാത്ത ആ പരിപാവനദേഹി സച്ചിദാനന്ദത്തിൽ വിലയം പ്രാപിച്ചു; അനാഘ്രാതമായ ആ അതുല്യമോഹനകുസുമം യഥാഹർമാംവണ്ണം ലോകേശപാദങ്ങളിൽ അർപ്പിതമായി.

'ആഹാ! ഇതാണോ പഠിത്തം? സാധുക്കുട്ടികളെ മിരട്ടുപറഞ്ഞു കൊല്ലുകയോ? എന്നു ചോദിച്ചുകൊണ്ട് ഒരു വശത്തുനിന്ന് സീതാപരിണയത്തിനാശപൂണ്ടു നടന്ന ആവിടനും, 'അയ്യോ! മാപാപി! എക്കൊള്ള പൊന്നു ചീതേ!' എന്നു നിലവിളിച്ചുകൊണ്ട്

മറുഭാഗത്തുനിന്നു സീതയുടെ ജനയിത്രിയും അവിടെ ആവിർഭവിച്ചു. അശ്രുകണങ്ങൾ തിളങ്ങിനിന്ന് വിശാലനയനങ്ങളാൽ ആ പ്രഭുകുമാരൻ അവരെ കാതരഭാവത്തിൽ വീക്ഷിച്ചു.

ഇന്നും നല്ല നിലാവുള്ള രാത്രിയാണ്. അതെ, അന്നത്തെപ്പോലെ ഇന്നും പൂർണ്ണ ചന്ദ്രൻ പൂങ്കളിർ ചന്ദ്രികയാൽ ലോകത്തെ സുധാഭിഷാക്തമാക്കുന്നു; മന്ദപവനൻ സുഗ ന്ധവാഹിയായി ലോകഹൃദയത്തിനാനന്ദം നൽകുന്നു! കുളങ്ങരഭവനമെന്ന ആ അത്യു ന്നതസൌധം ചന്ദ്രികാപ്രശോഭിതമായിവിലസുന്നു; ഉണ്ണികൃഷ്ണൻനായർ അതിന്റെ മുറ്റത്തു ഉലാത്തുന്നു. എന്നാൽ അദ്ദേഹത്തിന്റെ അന്നത്തെയും ഇന്നത്തെയും വിചാരഗ തിക്കുള്ള അന്തരം! ഒരു കൊല്ലത്തിന്ടയ്ക്ക് ആ യുവഹൃദയത്തിന്നു വന്ന വ്യത്യാസം! അന്നു സുഗന്ധംവീശി പ്രോജ്ജ്വലത്തായി വിളങ്ങിയിരുന്ന ലോകം, ഇന്നു ആ യുവാവിന്റെ മുമ്പിൽ ഇരുളടഞ്ഞുപോയി. അന്നും അയാൾ ചോരത്തിളപ്പേറി നിന്നിരുന്ന ഒരു നിരീശ്വ രവാദി; ഇന്നു ദുഃഖാനുഭവം നിമിത്തം പരപക്വത സിദ്ധിച്ച ഒരു ഭക്തൻ. തന്റെ സ്നേഹ ഭാജനത്തിന്റെ ആകസ്മികചരമത്തിനുശേഷം ഉണ്ടായ അത്യാഹിതങ്ങളും തീരാദുഃഖവും നിമിത്തം ജീവിതത്തിലാശയറ്റ് അസ്ഥിമാത്രനായിത്തീർന്ന ആ യുവാവ് കുളങ്ങരഭവന ത്തിലേ കോടീശ്വരനാണെന്ന് – ആ അപ്രതിമനായ സുന്ദരനാണെന്നു–ലക്ഷപ്രഭുക്കളായ മാതാപിതാക്കന്മാരുടെ അതിവാത്സല്യത്തിനേകപാത്രമായിരുന്ന ആ ഉണ്ണികൃഷ്ണനാ ണെന്നു–മനസ്സിലാക്കാൻ ആർക്കും ഇപ്പോൾ ശക്യമല്ല.

ശ്മശാനസാമീപ്യം അനുസ്മരിപ്പിക്കുന്ന ഒരുതരം ഭയങ്കരനിശ്ശബ്ദതനിറഞ്ഞ ആ ഗംഭീരവനത്തിന്റെ മുറ്റത്തു ഉലാത്തിയിരുന്ന ആ യുവാവ് അവിടെ കാണപ്പെട്ടിരുന്ന കല്ല റകളെ സമീപിച്ചു. 'പരിശുദ്ധയായ സീതാദേവി' എന്നെഴുതിയിരുന്നതും ഇരുവശവും രണ്ടു ശവകുടീരങ്ങളാൽത്തന്നെ സംരക്ഷിതവുമായിരുന്ന ഒരു കല്ലറയ്ക്കുമുമ്പിൽ അയാൾ മുട്ടുകുത്തി. ആ ഭൂമിയെ സ്നേഹപുരസ്സരം പലവുരു ചുംബിച്ചു. ധ്യാനനിരതനായിക്കി ടന്ന അദ്ദേഹം, ആ ശവകുടീരസ്ഥയുമായി മൌനഭാഷണം നടത്തി. 'സീതേ ഞാനി ന്നിതാ ഇവിടം വിടുന്നു നീ ഇവിടെ സ്ഥാപിതമായിട്ടു ഇന്നു ഒരുവർഷംതികയുന്നു. അതി ലിടക്കുണ്ടായസംഭവങ്ങൾ!–അച്ഛൻ നിന്റെ വലതുവശത്തും അമ്മനിന്റെ ഇടത്തുഭാഗത്തും ഇതാദീർഘനിദ്രചെയ്യുന്നു. 'നിധികാക്കുന്നഭൂതമാകാൻശേഷിച്ചതു ഈ ഞാൻമാത്രം. 'തേച്ചുമിനുക്കുക നിമിത്തം 'കാന്തിയും മൂല്യവും വാച്ച, നിന്നെപ്പോലുള്ളവർക്കുവേണ്ടി 'സീതാഭവൻ' എന്നു പേരിട്ട ഈ ഭവനവും സകലസ്വത്തും ഞാൻ പൊതുജനോപയോഗ ത്തിനായി ദാനം ചെയ്തിരിക്കുന്നു. ഭിക്ഷാടനമായിരിക്കും ഇനി എന്റെ കാലക്ഷേപം.

അച്ഛാ, അമ്മേ, നിങ്ങൾ എനിക്കുതന്ന നിരവധി സ്വത്തിനെ നിങ്ങൾക്കഹിതമാകാത്തവിധത്തിൽത്തന്നെ ഞാൻ വിനിയോഗിച്ചു. ഞാൻ ഈ ലോകത്തിൽ ആശിച്ച് ആ ഒരേ ഒരു ധനം നഷ്ടപ്പെട്ടുകഴിഞ്ഞസ്ഥിതിക്കു ഇനി എനിക്കെന്തുസുഖം ഇവിടെ ശേഷിച്ചിട്ടുണ്ട്? സീതേ, എന്റെ ദേവി! ഞാനിതാ ഇറങ്ങിക്കഴിഞ്ഞു.

ആ യുവാവു സാവധാനം എഴന്നേറ്റു മറ്റു രണ്ടു കുടീരത്തിന്നു മുന്നിലും ഭക്തിപൂർവ്വം നമസ്കരിച്ചു. വാതലിന്നു വെളിയിൽ പൊതുജനാവശ്യാർത്ഥം ജീവിതമുഴിഞ്ഞ രണ്ടുപേർ നിൽക്കുന്നുണ്ടായിരുന്നു. ആ കുബേരയുവാവ് നിശ്ശബ്ദം അവരുടെ സമീപം ചെന്നു. അദ്ദേഹം പറഞ്ഞു:– 'ഇതാ! ഇനി ആ ഭവനം നിങ്ങളുടെ സംഘംവകയാണ്. ആ ശവകുടീരങ്ങൾക്കു മുന്നിൽ ഒരു ദിവസവും ദീപം വയ്ക്കാൻ മറന്നുപോകരുത്. അവരുടെ അനുഗ്രഹമാണ് ഇതിനെ അഭിവൃദ്ധിപ്പെടുത്തേണ്ടത്. ഇനി സീതാഭവൻ എന്നെഴുതിയിട്ടുള്ള ആ ബോർഡു അതാ അവിടെ തൂക്കുക: അതുകണ്ട് ആത്മതൃപ്തിയോടെ ഞാൻ ഇവിടംവിടട്ടെ!'

അവർ ആജ്ഞപ്രകാരം ചെയ്തു. ഉണ്ണികൃഷ്ണൻനായർ ആ വാതിൽപ്പടിയിന്മേൽ മുട്ടുകുത്തിനിന്നു. സീതാഭവൻ! ശ്രേയസ്സുണ്ടാകുന്ന ദിവ്യമന്ത്രം! പ്രണയ–പ്രണവമന്ത്രം! മനുഷ്യേച്ഛപോലെയല്ല ദൈവഹിതാനുസരണമാണ് ലോകഗതിയെന്നുകാണിക്കുന്ന മഹിതോപദേശം! മനഷ്യനിർമ്മിതമായ ജാതിസ്ഥിതികൾ ലോകോപകാരപ്രദങ്ങളായ നിരവധി കുസുമങ്ങളെ അകാലത്തിൽ നശിപ്പിക്കുമെന്നുള്ള വസ്തുത ലോകരെ അനുസ്മരിപ്പിക്കുന്ന, തത്വം! 'സീതേ! ഞാനിതാ ജന്മസാഫല്യമടഞ്ഞു'.

ആ യുവാവു എഴുന്നേറ്റു. 'ഞാൻ പോകട്ടേ! നിങ്ങൾക്കെല്ലാം നമസ്കാരം! മംഗളം!'

ആ തരുണൻ, ആഗതർ അമ്പരന്നു നോക്കിനില്ക്കേ, ഭ്രാന്തനെപ്പോലെ മുന്നോട്ടു പാഞ്ഞു നിലാവെളിച്ചം കടക്കാത്ത കേരതരുനികരത്തിനിടയിൽക്കൂടി അന്ധകാരത്തിലെങ്ങോ അപ്രത്യക്ഷനായി.

മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1938 മാർച്ച് 21

## അനുബന്ധം 2

## വിശുദ്ധക്ഷേത്രം

സരസ്വതി

പുറകിൽകൂടെ ആരോ എന്റെ ഷർട്ടിൽ പിടിച്ചുവലിച്ചു. "സ്വർഗ്ഗത്തിൽ കട്ടുറുമ്പാകുന്നതു ക്ഷമിക്കണേ" എന്നു പറഞ്ഞുകൊണ്ട് ശേഖരൻനായർ എന്റെ മുമ്പിൽവന്നു. അയാൾ ഒരു പച്ചച്ചിരിയോടെ പറഞ്ഞു: "ഞാൻ നിങ്ങളെ ഒരാനന്ദസ്വപ്നത്തിൽനിന്നുണർത്തുകയായിരുന്നു ഇല്ലേ? സത്യത്തിൽ ആ പോകുന്നവളൊരു സുന്ദരിതന്നെ. നിങ്ങൾ തിരുവനന്തപുരത്തെന്നുവന്നു? വീട്ടിലെന്തെല്ലാം വിശേഷം? അനുജത്തിമാർക്ക് കല്യാണം കഴിഞ്ഞല്ലോ. അച്ഛൻ മരിച്ചുപോയി, ഇല്ലേ?"

"അതെ, അച്ഛൻ കഴിഞ്ഞയാണ്ടു മരിച്ചു", ഞാൻ പറഞ്ഞു. "അനുജത്തിമാർ ഭർത്താക്കന്മാരുടെ കൂടെയാണു താമസം. വീട്ടിൽ ഞാനും അമ്മയും മാത്രമേയുള്ളൂ. എന്റെ നിർബന്ധം സഹിക്കവയ്യാതെയാണ് അമ്മ എന്നെ ഇങ്ങോട്ടു വിട്ടത്. ഞാനിന്നു രാവിലെ വീട്ടിൽനിന്നും തിരിച്ചു."

"അമ്മയ്ക്ക് ഒരു മരുമകളേയുംകൊണ്ടു ചെല്ലാമെന്നു പറഞ്ഞിട്ടാണോ പോന്നത്?"

എനിക്കു നീരസം തോന്നിയെങ്കിലും ഞാൻ സ്വതസിദ്ധമായ ശാന്തതയോടെ പറഞ്ഞു: "ഇന്നു തിരിച്ചപ്പോൾ ഈ ഉദ്ദേശമൊന്നുമില്ലായിരുന്നു."

"അതിന്റെ അർത്ഥം പെട്ടെന്നിപ്പോൾ ആ ഉദ്ദേശം ഉണ്ടായിട്ടുണ്ടെന്നാണ്. ഞാൻ പണ്ട് നിങ്ങളുടെ നാട്ടിൽ താമസിച്ചിരുന്നപ്പോൾ സ്നേഹമയിയായ നിങ്ങളുടെ അമ്മ എന്നോടു കാണിച്ചിട്ടുള്ള വാത്സല്യത്തിനു പ്രതിഫലമായി പറ്റിയ ഒരു പെൺകുട്ടിയെ ഞാൻ കണ്ടുപിടിച്ചുതരാം."

ശേഖരൻനായരുടെ വലിഞ്ഞുകേറിയുള്ള സഹായിക്കലിൽ എനിക്കു ദേഷ്യം തോന്നി. "മറ്റുള്ളവരെ നന്നാക്കാൻ നടക്കുന്ന നിങ്ങൾ തനിയെ ഒന്നു നന്നായിക്കളയാഞ്ഞതെന്ത്?"

"അതു പിന്നെ, കേട്ടോ സ്നേഹിതാ, എന്റെ ഈസ്തെറ്റിക് സെൻസ് കുറെ കൂടിപ്പോയി; അതുപോലെ റൊമാന്റിക് റ്റേസ്റ്റും. അതുകൊണ്ടാണ് വല്ലവിധവും സ്കൂളിൽനിന്നു തപ്പിപ്പിഴച്ചു കാളേജിലെത്തിയപ്പോൾ കാലുറയ്ക്കാഞ്ഞത്. ട്യൂഷൻബന്ധം കൂടിക്കൂടി, ചെന്നുചാടി വിവാഹമഹാഗർത്തത്തിൽ. അതിനെന്ത്? ഇന്നും സ്ത്രീകളില്ലാത്ത ലോകം മരുഭൂമിയെന്നു വിശ്വസിക്കുന്നവനാണു ഞാൻ."

"അതു വലിയ കാര്യമായി" അയാളുടെ സഹഗമനത്തിൽ അക്ഷമനായിത്തീർന്ന ഞാൻ ചോദിച്ചു: "നിങ്ങൾ ഈ റോഡിൽകൂടെ നേരെ പോകയാണോ?"

"ഓ! ഞാൻകൂടെ വരുമെന്നു പേടിക്കണ്ട. ആ പെണ്ണ് അത്താഴത്തിനു അരിയും മരച്ചീനിയും ഒക്കെ വാങ്ങിക്കൊണ്ടു പോവുകയാണ്. കൂടെച്ചെല്ലു ഞാനിതാ ഇതിലെ പോവുന്നു"

അയാൾ ഒരു വളവുതിരിഞ്ഞുപോയി. ഞാൻ എന്റെ മുമ്പേപോയ പെൺകുട്ടിയെ പിന്തുടർന്ന് വൃത്തികെട്ട, ജനസഞ്ചാരംകുറഞ്ഞ ഒരു പാതയിലെത്തി. അവൾ അതിന്റെ വലതുഭാഗത്തുള്ള താഴ്ന്ന പ്രദേശത്തിറങ്ങി, ഒരു ചെറിയവീട്ടിൽ മറഞ്ഞു. ഗേറ്റില്ലാത്തെ ആ ജീർണ്ണഭവനത്തിൽ അനുവാദമില്ലാതെ അപരിചിതനായ ഞാനെങ്ങനെ കടന്നുചെല്ലുമെന്നു ശങ്കിച്ച്, ഞാൻ കുടയും നിലത്തൂന്നി അങ്ങോട്ടു നോക്കിനിന്നു. കഷ്ടിച്ചു കാൽമണിക്കൂർ കഴിഞ്ഞപ്പോൾ ശേഖരൻനായർ എന്റെ മുമ്പിലാവിർഭവിച്ചു. എന്റെ വിസ്മയം കണ്ട് അയാൾ പറഞ്ഞു: "എന്നെക്കണ്ടു നിങ്ങൾ അത്ഭുതപ്പെടുന്നോ? തിരുവനന്തപുരത്തെ റോഡുകളും ഊടുവഴികളും എനിക്കെന്റെ വീട്ടിലെ അറകളെക്കാൾ നിശ്ചയമാണ്, ഇതെന്തൊരൊഴിയാബാധയെന്നു നിങ്ങൾ എന്നെ ശപിക്കുകയായിരിക്കും. പക്ഷേ ഞാൻ നന്ദികൊണ്ടു ഗുണദോഷിക്കാൻ വന്നവനാണ്. ഈ വീടു എന്താണെന്നറിയാമോ? ഇവിടെ കാവൽനില്ക്കുന്നത് ഇത്ര കാലവും കളയാതെ കാത്തുവന്ന നല്ലപേരിനെ ദുഷിപ്പിക്കും. ആവശ്യമുണ്ടെങ്കിൽ അങ്ങോട്ടിറങ്ങിച്ചെല്ലൂ, ഇല്ലെങ്കിൽ വരൂ, നമുക്കിവിടെനിന്നു പോകാം."

അയാൾ എന്റെ കയ്യിൽ പിടിച്ചു. ഞാൻ അനങ്ങാനുള്ള ഭാവമേ കാണിച്ചില്ല. എന്റെ വൈരാഗ്യബുദ്ധികണ്ട സ്നേഹിതൻ വിഡ്ഢിഭാവംമാറ്റി, യഥാർത്ഥമായ ആകാംക്ഷയോടെ പറഞ്ഞു: "നോക്കൂ. എത്ര സന്മനോഭാവത്തോടെയായാലും ഇവിടെ നില്ക്കുന്നതു ആപല്ക്കരമാണ്. ഇവിടെ കാവൽനില്ക്കുന്നവരെ ആരും ശ്രദ്ധിക്കാതെ വിടുകയില്ല. വരൂ, നമുക്കു പോകാം."

"ഞാൻ അവളോടു സംസാരിച്ചിട്ടേ വരുന്നുള്ളൂ". ദൃഢസ്വരത്തിൽ, ഞാൻ പറഞ്ഞു. "ആ മുഖത്തിലെ കുലീനത്വം ഒരു വേശ്യയിൽ കാണുമോ?"

"പുറംനോക്കി അഭിപ്രായംപറയുന്നതബദ്ധമാണ്. ഈശ്വരൻ, സിംഹത്തിന്റെ കാൽനഖങ്ങളെ മൃദുമാംസംകൊണ്ടു പൊതിഞ്ഞിരിക്കുന്നു. എന്തിന്? ഇരയെപ്പിടിക്കാൻ. അതുകൊണ്ടു അനുഭവസ്ഥനായ ഞാൻ പറയുന്നതു കേൾക്കൂ. സ്ത്രീകളില്ലാത്ത ലോകം രസശൂന്യമായ മരുഭൂമിയെന്നതു സത്യമാണ്, പക്ഷേ അതിനേക്കാൾ സത്യമാണ്, അനുചിതസ്ഥാനത്തിൽ പുരുഷന് ഒരു ഭയങ്കരശാപമാണു സ്ത്രീ എന്നത്. ജീവരക്ഷയ്ക്കു ജഗൽകർത്താവു നൽകിയിട്ടുള്ള ആയുധത്തെ ജീവനനാശത്തിനുപയോഗിച്ചാൽ – അതാ ആരോ വരുന്നു. ഞാൻ പോകയാണ്."

ശേഖരൻ നായർ വന്നവഴിയേ പോയി. ഞാൻ, റോഡിന്റെ ചരിവിൽ വെട്ടിയുണ്ടാക്കിയിരുന്ന പടികളിൽകൂടെ ഇറങ്ങി തിങ്ങിനിന്ന വാഴകളുടെ ഇടയിൽകൂടി നടന്ന് വീട്ടുമുറ്റത്തെത്തി. എന്നെ ആകർഷിച്ച ലാവണ്യലക്ഷ്മിയുടെ നൃത്തസങ്കേതം എന്തൊരു നരകമായിരുന്നു! വൃത്തികേടിന്റെ ജന്മഭൂവായിക്കണ്ട അവിടെനിന്നു മുന്നോട്ടു നീങ്ങാൻ എനിക്കറപ്പു തോന്നി. എല്ലും തോലും മാത്രമുള്ള രണ്ടുശിശുരൂപങ്ങൾ നനഞ്ഞുകറുത്തു കക്കിരിക്കട്ട പിടിച്ച മണ്ണിൽ കളിച്ചുകൊണ്ടിരുന്നു. ആറുമാസം പ്രായമുള്ള വിളറിവീർത്ത ഒരു ശിശു കൂടെക്കൂടെ ഓരോ പിടിമണ്ണ് വായിലാക്കിക്കൊണ്ട് അവിടെ ഇഴഞ്ഞുനടന്നിരുന്നു. വീട്ടിന്റെ വടക്കേത്തിണ്ണയിൽ കറുത്തിരുണ്ടു വസ്ത്രംധരിച്ച രണ്ടു സ്ത്രീകൾ സംസാരിച്ചുകൊണ്ടിരുന്നു. ഞാൻ ധൈര്യം സംഭരിച്ച്, അല്പം ഉറക്കെ "ഇവിടെയാരുമില്ലേ?" എന്നു ചോദിച്ചു. അവിടെയിരുന്ന സ്ത്രീകളിൽ ഒരുത്തി ഞെട്ടിത്തിരിഞ്ഞു. അവർ ഒരു വടിയും ഊന്നിപ്പിടിച്ചുകൊണ്ട് എന്റെ അടുത്തുവന്ന്, തിണ്ണയിൽ ചുമരിൽ ചാരിയിരുന്നുകൊണ്ട്, ശ്വാസവേഗത്താൽ അല്പം അസ്പഷ്ടമായി ചോദിച്ചു: "എന്തു വേണം?"

ആ സ്ത്രീയുടെ മുഖത്തെ സ്തോഭങ്ങൾ കണ്ടു ഞാൻ മിഴിച്ചുനോക്കിക്കൊണ്ടു നിന്നു. ബീഭത്സമായി എല്ലുന്തി കവിളൊട്ടിയ ആ വിലക്ഷണമുഖത്തിന് ഞാൻ കണ്ട യുവതിയുടെ മോഹനാസ്യവുമായി ഒരു വിദൂരസാദൃശ്യമുണ്ടായിരുന്നു. കുറേനേരം എന്നെ കണ്ണെടുക്കാതെ നോക്കിയിട്ടവർ ചോദിച്ചു: "കുഞ്ഞിന്റെ വീടെവിടെ? അച്ഛനുമമ്മയുമൊന്നുമില്ലേ?"

"വീടു കൊട്ടാരക്കര" ഒരു ശിശുവിനെപ്പോലെ വിനീതഭാവത്തിൽ ഞാൻ പറഞ്ഞു. "അമ്മയുണ്ട്. അച്ഛൻ മരിച്ചിട്ട് ഒരുകൊല്ലം കഴിഞ്ഞതേയുള്ളൂ"

ആ സ്ത്രീയുടെ പ്രകൃത്യാദീനമായ മുഖം കുറേക്കൂടെ വാടി. അവർ ചോദിച്ചു: "അച്ഛന്റെ പേരെന്ത്?"

"പരമേശ്വരപ്പണിക്കർ"

അവർ കുറേനേരം കുനിഞ്ഞിരുന്നു. ഒടുവിൽ മുഖമുയർത്തിയപ്പോൾ ആ ഉന്തിയ കണ്ണുകളിൽ ജലം നിറഞ്ഞിരുന്നു. "കുഞ്ഞിന്റെ പേരെന്ത്?" എന്നവർ ചോദിച്ചപ്പോൾ ആ ഉണങ്ങിവരണ്ട, ചുണ്ടുകൾ വിറച്ചു. "പ്രഭാകരൻ എന്നാണു പേര്. എല്ലാരും പ്രഭ എന്നു വിളിക്കും" എന്നു ഞാനുത്തരം പറഞ്ഞു.

അവർ വീണ്ടും കുറേനേരെ കുനിഞ്ഞിരുന്നിട്ട് വടിയുടെ സഹായത്തോടെ എന്റെ സമീപം വന്നു. ആ മാനുഷകോലത്തിന്റെ സാമീപ്യത്തിൽ അറപ്പുതോന്നി എന്റെ കാലുകൾ ഞാനറിയാതെ പുറകോട്ടു നീങ്ങിപ്പോയി. എന്റെ ആ ചേഷ്ടകണ്ട് അവർ പൊട്ടിക്കരഞ്ഞുകൊണ്ടു തിരിയെ തിണ്ണയിലിരുന്നു.

വാത്സല്യവതിയായ ആ വൃദ്ധയുടെ വേദന എന്നെ അലിയിച്ചു. ഞാൻ അവരുടെ അടുക്കലേക്കു നീങ്ങി. എന്റെ മനോഗതി ഗ്രഹിച്ച അവർ എന്റെ വലതുകയ്യിൽ പിടിച്ചുകൊണ്ട്, സ്വന്തം ഇടതുകൈ കണ്ണീർതുടയ്ക്കാനുയർത്തി. ആ കയ്യിൽ കിടന്ന ഒരു മോതിരം അന്തിസ്സൂര്യരശ്മികൾ തട്ടിത്തിളങ്ങിയതു കണ്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. അതു കണ്ടു അവർ പറഞ്ഞു. "കുഞ്ഞിന്റെ തരത്തിലുള്ള ഒരാൾ ഒരു കാലത്തെനിക്കുതന്നതാണത്. ഇനി താമസിയാതെ അതു തിരിച്ചുകൊടുക്കണം."

ആ വാക്കുകളെല്ലാം എനിക്കു ദുർഗ്രഹമായി തോന്നി. അവർ ചോദിച്ചു. "കുഞ്ഞ് ഇതേവരെ തിരുവനന്തപുരത്തു വന്നിട്ടില്ലേ?"

“അച്ഛന് തിരുവനന്തപുരമെന്നപേരു തന്നെ കേട്ടുകൂടാ.  പിന്നെ കഴിഞ്ഞയാണ്ട് ഞാൻ എഫ്. എൽ–നു പഠിക്കാൻ തിരുവനന്തപുരത്തുവന്നു.  ഹോസ്റ്റലിലും കാളേജിലും അല്ലാതെ മറ്റെങ്ങും പോവുകയില്ലെന്നു സത്യം ചെയ്തിട്ടാണ് ഇങ്ങോട്ടു പഠിക്കാൻ വിട്ടത്. എന്നിട്ടും അമ്മ പറയാറുണ്ട്, ഞാനിവിടെ താമസിച്ച വേദനകൊണ്ടാണ് അച്ഛൻ പെട്ടെന്നു മരിച്ചുപോയതെന്ന്”

കുറേനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം അവർ ചോദിച്ചു: “കുഞ്ഞെന്തിനീ വീട്ടിൽ വന്നു?”

“മറ്റൊന്നിനുമല്ല; എന്റെ അനുജത്തിമാർ രണ്ടും ഭർത്താക്കന്മാരുടെ കൂടെയാണ്. വീട്ടിൽ ഞാനും അമ്മയും മാത്രമേയുള്ളൂ.  എനിക്കു രുചിച്ച കന്യകയെ കണ്ടുകിട്ടി വിവരം വീട്ടിലറിയിച്ചാൽ അവളെ വിവാഹം ചെയ്യാനമ്മ അനുവദിക്കും.  നിങ്ങളുടെ മകൾ–”

ഞങ്ങളുടെ സ്ഥിതി എന്തെന്നറിയണം ഇല്ലേ?  നാളെ ഞാനെല്ലാം പറഞ്ഞുതരാം. നാളെ ഈ സമയം വരുമോ?”

“ഞാൻ രാവിലെ വരും, കഴിയുന്നതും നേരത്തെ ആകട്ടെ”

“വേണ്ട”.  അവർ അല്പനേരം ചിന്തിച്ചിട്ടു പറഞ്ഞു.  “കഷ്ടം! നല്ല ആൺകൊച്ചുങ്ങളെ ഇവിടെ വരുത്തുന്നതുതന്നെ മഹാപാപമാണ്.  ഏതിലും വൈകുന്നേരം വരൂ. തീർച്ചയായും വരുമോ?”

“വരും” എന്തുകൊണ്ടോ അവരുടെ ഭാവം എന്റെ അമ്മയെ അനുസ്മരിപ്പിച്ചു. ജീവനുണ്ടെങ്കിൽ ഞാൻ വരാതിരിക്കില്ല”

“എനിക്കു തൃപ്തിയായി” അവർ കണ്ണിമയ്ക്കാതെ എന്നെ നോക്കിക്കൊണ്ടു പറഞ്ഞു.  “എന്നോടും എന്റെ മകളോടും കാണിക്കുന്ന ഈ സ്നേഹത്തിനു ഈശ്വരൻ പ്രതിഫലം തരും.  ഇനി പോവൂ”

പിറ്റേന്നു രാവിലെ ഹോട്ടലിൽനിന്നിറങ്ങിയ ഞാൻ ആദ്യം കണ്ടത് ശേഖരൻനായരെ ആയിരുന്നു. എന്നെക്കണ്ടയുടൻ അയാൾ ചോദിച്ചു: “ഇന്നലെ ആ വീട്ടിൽനിന്ന് ഉടൻതന്നെ പോന്നു ഇല്ലേ? അവരുടെ സ്ഥിതിയൊക്കെ അറിഞ്ഞോ?”

"ഇന്നലെ ഒന്നും പറഞ്ഞില്ല". ലോകകൗടില്യങ്ങളിൽ വശമില്ലാത്ത ഞാൻ സത്യം നേരേ തുറന്നുപറഞ്ഞു. "ഇന്നു വൈകിട്ട് എല്ലാം പറയാമെന്നേറ്റിട്ടുണ്ട്"

"എന്നിട്ടെന്തു ചെയ്യാനാണ് നിങ്ങളുടെ ഉദ്ദേശം?"

"എന്റെ ഇന്നലത്തെ നിശ്ചയത്തിനെന്തിളക്കമാണുണ്ടാകാവുന്നത്? ഒരു വേശ്യാല യത്തിൽ കിടന്നു നരകിക്കേണ്ടതല്ല എന്റെ വീട്ടിൽ വിളങ്ങേണ്ടതാണ് ആ മുഖം"

"അതെ; അതു ശരിതന്നെ. പക്ഷേ എല്ലാം ഈശ്വരന്റെ കയ്യിലല്ലേ?" എന്നു പറഞ്ഞിട്ടു ശേഖരൻനായർ എന്നെ വിട്ടുപിരിഞ്ഞു.

ഞാൻ ചെന്നപ്പോൾ, മുറ്റത്തെ വൃത്തികെട്ട വെറുതായിൽ, മൃണാളമസൃണമായ കരവല്ലികളാൽ ചുറ്റിയിരുന്ന കാൽമുട്ടിന്മേൽ ശിരസ്സു താങ്ങിക്കൊണ്ട് ഇരുന്ന ആ പെൺകു ട്ടിയെ, "അമ്മയെവിടെ?" എന്ന എന്റെ ചോദ്യമാണ് ദിവാസ്വപ്നത്തിൽനിന്നുണർത്തിയ ത്. ഞങ്ങൾ കുറേനേരം പരസ്പരം നോക്കി. ആ മുഖത്തിന്, എനിക്കു വളരെ പ്രിയപ്പെട്ട ഏതോ ഒരു മുഖവുമായി സാദൃശ്യമുള്ളതുകൊണ്ടായിരിക്കണം, ആ മുഖത്തിന്റെ ഉടമ സ്ഥയോട് എനിക്കു പ്രഥമദർശനത്തിൽതന്നെ സ്നേഹം തോന്നിയതെന്നു സമീപവീക്ഷണം എന്നെ ഗ്രഹിപ്പിച്ചു. അവളുടെ നിശ്ചിന്തനത്വം മാറ്റാൻ വീണ്ടും "അമ്മയെവിടെ?" എന്നു ഞാൻ ചോദിച്ചു. അവൾ മടിയിൽ നിന്ന് ഒരെഴുത്തെടുത്ത് "വരുമ്പോൾ തന്നേയ്ക്കാൻ അമ്മപറഞ്ഞു" എന്നു പറഞ്ഞുകൊണ്ട് എന്റെ കയ്യിൽതന്നു. കത്ത് മടക്കിപ്പിടിച്ചുകൊണ്ട് പിന്നെയും "അമ്മ എങ്ങോട്ടുപോയി?" എന്നു ഞാൻ ചോദിച്ചതിന്, "ഉറക്കെ വായിക്കണം; ഞാനും കൂടെ കേൾക്കേണ്ടതാണെന്ന് അമ്മ പറഞ്ഞിട്ടുണ്ട്" എന്നായിരുന്നു അവളുടെ ഉത്തരം.

തലേന്നാൾ കാണിച്ച വാത്സല്യത്തിനുചേർന്ന മാതൃത്വമനോഭാവം. "എന്റെ ഓമനമകൻ പ്രഭയ്ക്കു" എന്ന സംബോധനയിൽ ബഹിഃസ്ഫുരണം ചെയ്തു കണ്ടപ്പോൾ എനിക്കു ലേഖനകർത്രിയോടു പൂർവാധികം അനുതാപം തോന്നി. ഞാൻ ഉറക്കെ വായിച്ചു.

"ഒരു നീണ്ടകഥ ഞാൻ ചുരുക്കിപ്പറയുന്നു. വെറുതെ നീട്ടിപ്പറഞ്ഞ് കുഞ്ഞിനെ മുഷിപ്പിക്കുന്നതെന്തിന്?

"എന്റെ അച്ഛനെപ്പറ്റി എനിക്കൊരോർമ്മയുമില്ല. സ്വന്തം സഹോദരന്റെ വീട്ടിൽ ഒരു വേലക്കാരിയെപ്പോലെ ജോലിചെയ്തു വിഷമിക്കുന്ന അമ്മയുടെ മുണ്ടിൽ തൂങ്ങിപ്പിടിച്ചു

ഞാൻ നിലവിളിക്കുന്നത് ഇന്നും ഞാനോർക്കുന്നു. അമ്മായിക്ക് എന്നെയും അമ്മയെയും കണ്ടുകൂടായിരുന്നു. പാവം! അമ്മ! അവിടത്തെ നരകം കാണിക്കുന്ന ജീവിതത്തിന്റെ ഇടയിൽ എന്നെ അമ്മാവന്റെ മകളോടൊന്നിച്ച് ഇംഗ്ലീഷുസ്ക്കൂളിൽ ചേർത്തു പഠിപ്പിക്കാനമ്മയ്ക്കു സാധിച്ചതെങ്ങനെയെന്നു ഈശ്വരനും അമ്മയ്ക്കും മാത്രമറിയാം. എങ്ങനെയും എന്റെ പഠിത്തം മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. അങ്ങനെ ഞാൻ അഞ്ചാംഫാറത്തിലെത്തി.

അക്കൊല്ലത്തിലാണ്, പിതൃതൃപ്തിക്കുമാത്രമായി തിരുവനന്തപുരത്തു പഠിക്കാൻ വന്ന വിദ്യാവിമുഖനായ ഒരു കുബേര യുവാവ് ആ വീട്ടിൽ താമസമാക്കിയത്. എന്റെ പഠിത്തത്തിലുള്ള അത്യുൽകണ്ഠ കൊണ്ട്, പഠിത്തകാര്യത്തിൽ എന്നെ സഹായിക്കണമെന്നു അമ്മ അദ്ദേഹത്തോടപേക്ഷിച്ചു; അദ്ദേഹം സമ്മതിക്കുകയും ചെയ്തു.

"അദ്ദേഹം അവിടെ താമസം തുടങ്ങി മൂന്നേമൂന്നുമാസമേ കഴിഞ്ഞുള്ളു, എന്റെ പേരിൽ അല്പവും തെറ്റില്ല; എന്റെ അമ്മ അത്രപോലും തെറ്റുകാരിയല്ല. അദ്ദേഹത്തെ കുററപ്പെടുത്തുന്നതുതന്നെ തെറ്റായിരിക്കാം. എങ്കിലും എന്നെവിവാഹം ചെയ്യണമെന്ന ആശ വെളിപ്പെടുത്തിയതും അമ്മയെ നിർബന്ധിച്ചും സമ്മതിപ്പിച്ചതും അദ്ദേഹമായിരുന്നു. ചാരിത്ര്യം വിറ്റു കാലംകഴിക്കുന്ന ഇന്നത്തെ മഹാകഷ്ടാവസ്ഥയിലും ഞാൻ സുരക്ഷിതമായി സൂക്ഷിക്കുന്ന പ്രണയധനം ഏതുസ്ഥിതിയിലും കേടുപറ്റാതെ കാത്തുകൊള്ളാൻ എനിക്കു കഴിയുമായിരുന്നു. താൻ പാടുപെട്ട് പഠിപ്പിച്ച പുത്രി സ്വയം വേലചെയ്തു ജീവിക്കുന്നതിൽ അമ്മ അഭിമാനിക്കുകയും ചെയ്യുമായിരുന്നു. എന്നിട്ടും അദ്ദേഹത്തിന്റെ ഇച്ഛ ഞങ്ങൾ എതിർത്തില്ല. വിവരമറിഞ്ഞ അമ്മാവൻ ഞങ്ങളെ അടിച്ചു പുറത്താക്കി. പക്ഷേ, പ്രത്യേകമൊരു വീട് വാടകയ്ക്കെടുത്തു ഞങ്ങളൊന്നിച്ചു താമസിക്കുന്നതിൽ അദ്ദേഹത്തിന് വിഷമമോ വിമുഖതയോ ഉണ്ടായില്ല.

"വാത്സല്യം വഴിഞ്ഞൊഴുകുന്ന ഭർത്താവ്", ഭക്തിനിറഞ്ഞ ഭാര്യ – ഇതായിരുന്നു ഞങ്ങളുടെ ദാമ്പത്യജീവിതത്തിലെ ആനന്ദത്തിനു നിദാനം. അദ്ദേഹത്തിന്റെ ബന്ധുക്കളിൽ, അച്ഛൻമാത്രം മകനോടുള്ള അതിവാത്സല്യംകൊണ്ടു വല്ലപ്പോഴും വരുമായിരുന്നു. അങ്ങനെ രണ്ടുവർഷം നീങ്ങിപ്പോയി. അതിനിടയ്ക്കു എന്റെ മകളും ജനിച്ചു.

"എന്റെ മകൾ ജനിച്ചതിൽ പിന്നീടാണു ഞാനറിഞ്ഞത്, അദ്ദേഹത്തിന്റെ ജീവിതത്തിൽ പങ്കാളിയാകാനാഗ്രഹിക്കുന്ന വേറൊരു ജീവി ലോകത്തിലുണ്ടെന്ന്. അദ്ദേഹത്തിന്റെ അച്ഛന്റെ അനന്തിരവളായിരുന്നു ആ സ്ത്രീ. അവരെ ദമ്പതികളാക്കണമെന്ന നിശ്ചയത്തെ

ഞാനാണു തടസ്സപ്പെടുത്തിയതെന്നറിഞ്ഞപ്പോൾ രണ്ടാംവിവാഹത്തിനനു വദിച്ചിരിക്കുന്നതായി ഞാൻ ഒരു സമ്മതിപത്രം എഴുതിക്കൊടുത്തു. അങ്ങനെ അദ്ദേഹം സ്വന്തം ബന്ധുക്കളുടെ ഇടയിൽനിന്നു വീണ്ടും വിവാഹം ചെയ്തു.

"ആയിടയ്ക്ക് എന്റെ അമ്മ മരിച്ചു –എന്റെ കഷ്ടകാലത്തിന്റെ പ്രാരംഭം സൂചിപ്പിച്ചുകൊണ്ട് ദുഃഖമന്വേഷിച്ച് അദ്ദേഹത്തിന്റെ മറ്റേഭാര്യ വന്നിരുന്നു. ഒരാഴ്ചയോളം ഞങ്ങൾ ഒന്നിച്ചുതാമസിച്ചു. എന്നെക്കാൾ അനുസരണവും ഭർത്തൃഭക്തിയും അവർക്കുണ്ടെന്നാണ് ആ ചെറിയ പരിചയത്തിൽനിന്നെനിയ്ക്കുതോന്നിയത്. എന്റെ മകളെ അവർക്കെത്ര വാത്സല്യമായിരുന്നു! തന്റെ ആദ്യ ശിശുവിന്, ആണായാലും പെണ്ണായാലും, അവളുടെ പേരിടുമെന്നു പറഞ്ഞിട്ടാണ് അവർ വീട്ടിലേക്കു പോയത്. ആ വാക്കനുസരിച്ചവർ പ്രവർത്തിച്ചെന്നു അവസാനമിതാ ദൈവം എന്നെ അറിയിച്ചിരിക്കുന്നു. എല്ലാംകൊണ്ടും പുണ്യവതിയായ അവരെ ഈശ്വരൻ അനുഗ്രഹിക്കട്ടെ!

"എന്റെ അമ്മ മരിച്ചു മൂന്നേമൂന്നാഴ്ച കഴിഞ്ഞു. അന്ന്, ഒരു വൈകുന്നേരം, പിതാവു മരിക്കാനായിക്കിടക്കുന്നു എന്നൊരു കമ്പി അദ്ദേഹത്തിനു കിട്ടി, ഇന്ന് അതൊക്കെ എഴുതുമ്പോൾ, കണ്ണീർ വറ്റിപ്പോയ എന്റെ കണ്ണുകളിൽ നനവേയില്ല. എങ്കിലും കേൾക്കു കുഞ്ഞേ, എന്റെ ജീവിതത്തിലെ തമോമയമായ നിശാകാലത്തിന്റെ ആരംഭമായിരുന്നു ആ രാത്രി.

അന്ന് യാത്രാസമയം അദ്ദേഹം എന്റെ വിരലിൽ ഇട്ടമോതിരമാണ് ഇന്നലെ കുഞ്ഞിന്റെ കണ്ണിൽപെട്ടത്. എന്തിനാണദ്ദേഹം അപ്പോഴങ്ങനെചെയ്തതെന്ന് എനിക്കറിഞ്ഞുകൂടാ. വിധിയുടെ അത്ഭുതപ്രവർത്തനങ്ങളിലൊന്നായിരിക്കാമത്. കഴിയുന്നതും വേഗം തിരിച്ചുവരുമെന്നും, അതുവരെ ഒന്നും പേടിക്കാനില്ലെന്നും അദ്ദേഹം വീണ്ടും വീണ്ടും എന്നെ സമാധാനിപ്പിച്ചു. കുഞ്ഞിനെ ഉമ്മവച്ചു കിടത്തിയിട്ട്, "ഇവളെ നല്ല ഒരുത്തനെ ഏല്പ്പിച്ചിട്ടുവേണം നമുക്കങ്ങുപോകാൻ" എന്ന് അദ്ദേഹം പറഞ്ഞു. അതൊക്കെ ഈശ്വരൻ പറയിച്ചതായിരിക്കാം. ആ നിറഞ്ഞ കണ്ണുകളും സ്നേഹപൂർണ്ണമായ ഭാവവും ഇന്നോർക്കുമ്പോൾ–ദൈവമേ! എന്റെ ഹൃദയം തകർന്നുപോകുന്നു. അന്നു യാത്ര പറഞ്ഞ ആളെ ഇന്നാണിനി ഞാൻ കാണുന്നത്. അന്നുകേട്ട ശബ്ദം ഇന്നുവൈകീട്ടു ഞാൻ കേട്ടു. അതെന്റെ പൂർവ്വസ്മരണകളെ എന്തുമാത്രം തീക്ഷണമാക്കുന്നെന്നോ! ഇന്ന്.. ആ മോതിരമാണ് എന്നെ അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുപോകുന്നത്. എന്റെ സർവസ്വവും

അപഹരിക്കപ്പെട്ടിട്ടും അതാരും തൊടാതെ കിടന്നതുതന്നെ സർവശക്തന്റെ ഹിതമാണെന്നു തെളിയിക്കുന്നു. അദ്ദേഹത്തിന്റെ ആശപോലെ എന്റെ മകളും നല്ല ഒരാളിന്റെ സംരക്ഷണ യിലെത്താൻ പോവുകയാണെന്നെനിക്കു തീർച്ചയുണ്ട്. ഈ ഒരൊറ്റ ഉദ്ദേശത്തോടെയാണ് ഇത്രകാലവും ഞാനിവിടെ ഈ വൃത്തികെട്ട ജീവിതം നയിച്ചതെന്നുപറഞ്ഞ് എന്റെ വേശ്യാവൃത്തിയെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ കോപം ഞാൻ നീക്കും.

"മകനേ, ഇനി വളരെയൊന്നു പറയാനില്ല. അദ്ദേഹം പോയി ഒരാഴ്ച കഴിഞ്ഞ പ്പോൾ ഞാൻ താമസിച്ചിരുന്ന വീട്ടിന്റെ ഉടമസ്ഥൻ എന്നെ അടിച്ചു പുറത്തിറക്കി. വീട്ടു സാമാനങ്ങൾ വാടകയ്ക്കെന്നു പറഞ്ഞു അയാൾ എടുത്തു. എന്റെയും കുഞ്ഞിന്റെയും ആഭരണങ്ങൾ ആരോ അപഹരിച്ചു. ഞാൻ അദ്ദേഹത്തിനു അടിക്കടി കത്തും കമ്പിയും അയച്ചു. ഒന്നിനും മറുടി വന്നില്ല. ഒടുവിൽ ഞാൻ പല ജോലികളിലുമേർപ്പെടാൻനോക്കി; പക്ഷേ ആർക്കും എന്നെ വേണ്ടായിരുന്നു. അദ്ദേഹത്തിന്റെ നാട്ടിൽ പോകാമെന്നു ഞാനാലോചിച്ചു. പക്ഷേ, ജനിച്ചുവളർന്ന നാട്ടിൽ ഒരെത്തുപിടിയുമില്ലാതെ അലയുന്ന ഞാൻ മറ്റൊരു നാട്ടിൽ, ശത്രുക്കളുടെ ഇടയിൽ, എന്റെ എഴുത്തിനൊന്നും മറുപടി അയയ്ക്കാൻ മനസ്സുകാണിക്കാത്ത അദ്ദേഹത്തെ എങ്ങനെ കാണും? എങ്കിലും ഞാനതിനും ശ്രമിക്കാതിരുന്നില്ല. തിരിയുന്നിടത്തെല്ലാം കണ്ട തടസ്സങ്ങൾ ആരുടെയോ മനഃപൂർവമായ പ്രവൃത്തിയാണെന്നു തോന്നി. പക്ഷേ, ആർക്കുമൊരു ദോഷവുംചെയ്യാത്ത എന്നെ ആരു ദ്രോഹിക്കാൻ! ഒടുവിൽ, ഈ വീട്ടിന്റെ ഉടമസ്ഥൻ എന്നെ ഇവിടെ താമസിക്കാനനുവദിച്ചു: ഇന്നത്തെ, നികൃഷ്ടമെങ്കിലും ആദായകരമായ തൊഴിലും ചൂണ്ടിക്കാണിച്ചുതന്നു! ആവശ്യം കഴിഞ്ഞാൽ ചില ആണുങ്ങൾ സ്ത്രീകളെ ഇങ്ങനെ തള്ളിക്കളയുമെന്നാണ് എന്റെ ചരിത്രം കേട്ടിട്ടു അദ്ദേഹം പറഞ്ഞത്. എന്റെ മകളുടെ അച്ഛൻ അത്തരക്കാരനാ ണെന്ന്, ഈശ്വരാ, ഞാനെങ്ങനെ വിചാരിക്കും?

"മറ്റുവഴിയെല്ലാം അടഞ്ഞുകണ്ടപ്പോൾ ഞാനിന്നത്തെ തൊഴിൽ സ്വീകരിച്ചു. സ്വന്തം കുഞ്ഞു വിശന്നു നിലവിളിക്കുമ്പോൾ ഒരു സ്ത്രീ എന്തുതന്നെ ചെയ്യുകില്ല! ഈ തൊഴിലിൽ പലപ്പോഴും എനിക്കു കൂട്ടുകാരികൾ കാണും; ഇന്നെന്റെ മകളോടൊന്നിച്ചു കാണുന്നതും അതിലൊരാൾതന്നെ.

"ഇന്നുവരെ ഞാനദ്ദേഹത്തെ കാത്തിരുന്നു. ഇനിയിങ്ങോട്ടു വരികയില്ലെന്നു ഇന്നു ഞാനറിഞ്ഞതുകൊണ്ടു ഞാനിതാ അങ്ങോട്ടുപോകുന്നു.

“ഞാനെല്ലാം പറഞ്ഞിട്ടില്ല. ശേഷം എന്റെ മകൾക്കു ഞാനിന്നുപറഞ്ഞുകൊടുത്തിട്ടുണ്ട്. അവളോടു ചോദിക്കു. അവളുടെ യുക്തം പോലെ ചെയ്യട്ടെ. ഞാനല്ല അവളാണ് അവളുടെ ജീവിതഗതി നിശ്ചയിക്കേണ്ടത്. കർത്തവ്യമെന്തെന്നറിഞ്ഞാൽ എങ്ങനെയും ചെയ്യുന്ന സ്വഭാവമാണു കുഞ്ഞിന്റേത് എന്നെനിക്കു മനസ്സിലായി. ആ വിശ്വാസം കൊണ്ടാണ് ഞാൻ സമാധാനത്തോടെ മരിക്കുന്നതും.

“ഞാൻ ചെയ്തതെല്ലാം ചീത്തയായിരിക്കാം. എന്നാൽ അവയ്ക്ക് ആദികാരണം സ്നേഹമായിരുന്നു; പിന്നീടു സന്താനവാത്സല്യവും.”

“എന്റെ കുഞ്ഞിനെ ഞാൻ അകംനിറഞ്ഞ വാത്സല്യത്തോടെ ആശീർവദിക്കുന്നു.”

എഴുത്തു വായിച്ച് വളരെനേരം കഴിഞ്ഞ് സംഭാഷണശക്തി കിട്ടിയപ്പോൾ ഞാൻ പറഞ്ഞു: “അമ്മ മുഴുവനും പറഞ്ഞിട്ടില്ലല്ലോ. ശേഷം കൂടെ വേഗം പറഞ്ഞേക്കണം. എന്തൊക്കെ കേട്ടാലും എന്റെ നിശ്ചയിത്തിനിളക്കമില്ല.”

“ഇന്നെനിക്കു വയ്യ.” അവൾ തീരെ ക്ഷീണിച്ച സ്വരത്തിൽ പറഞ്ഞു. “അമ്മയുടെ ശവം ദഹിപ്പിക്കാതെ കിടക്കുമ്പോൾ മകൾക്കു കഥ പറയാൻ നാവുപൊങ്ങുമോ?”

“അമ്മയെ സംസ്കരിച്ചില്ലേ?”

“ഇല്ല. ഇവിടെത്താമസിക്കുന്ന സ്ത്രീക്ക് ഒരു ഭർത്താവുണ്ട്. അയാൾ പോയതിൽ പിന്നീടാണ് അമ്മ മരിച്ച വിവരം ഞങ്ങളറിഞ്ഞത്. ഇനിയിപ്പോൾ അയാൾ വരും.”

“അമ്മയുടെ ശരീരം എനിക്കു കാണണം.”

അവൾ എണീറ്റ്, ആ വീട്ടിലെ തെക്കേയററത്തുള്ള ഒരു വൃത്തിയുള്ള മുറിയിൽ പ്രവേശിച്ചു. ഞാനും അതിനകത്തു കടന്നു. അവിടെ നിലത്തു തെക്കുവടക്കായി, ഒരു കാലത്ത് ഒരു കുബേരയുവാവിന്റെ സ്നേഹസർവസ്വമായിരുന്ന അമ്മയുടെ മൃതശരീരം കിടത്തിയിരുന്നു. ഇറ്റിറ്റു വീഴുന്ന കണ്ണീരോടെ ഞാൻ ആ കാൽകളിൽ നമസ്കരിച്ചശേഷം പുറത്തുവന്നപ്പോൾ, തലേന്നാൾ ഞാൻ കണ്ട സ്ത്രീയും അവരുടെ ഭർത്താവും അവിടെ നിന്നിരുന്നു. അയാളുടെ കയ്യിൽ ഒരു പത്തുരൂപാ നോട്ടെടുത്തു കൊടുത്തിട്ട് ഞാൻ നിശ്ശബ്ദം അവിടം വിട്ടു.

ഹോട്ടലിലെത്തിയപ്പോൾ ശേഖരൻ നായർ എന്നെ കാത്തിരിക്കുന്നതുകണ്ട് ഞാനത്ഭുതപ്പെട്ടു. മനഃകായങ്ങൾ ഒന്നുപോലെ ക്ഷീണിച്ചിരുന്നതിനാൽ ഞാൻ ഒരു

കസേരയിൽ ചെന്നുവീണു. ശേഖരൻ നായർ സഹജമായ ഹാസഭാവത്തിൽ ചോദിച്ചു: "നിങ്ങൾ മോപ്പസാങ് എന്നൊരു ഫ്രഞ്ച് സാഹിത്യകാരന്റെ കഥകൾ വല്ലതും വായിച്ചിട്ടുണ്ടോ?"

"ഞാൻ ഒരു സാങ്ങിന്റെ ഒരു കഥയും വായിച്ചിട്ടില്ല." എന്റെ മനഃക്ഷീണം ഞാനത്ര പുറത്തു കാണിച്ചില്ല. "പഠിക്കുന്ന പുസ്തകമല്ലാതെ മറ്റൊന്നും ഞാൻ വായിച്ചിട്ടില്ല. ആളുകളുമായി അതുമിതും പറഞ്ഞു സല്ലപിക്കാനോ, വെറുതെ പുസ്തകങ്ങൾ വായിച്ചു രസിക്കാനോ അച്ഛൻ അനുവദിച്ചിട്ടേയില്ല; അതുകൊണ്ട് ആ സ്വഭാവങ്ങൾ ഞാൻ ശീലിച്ചതുമില്ല."

"ഇന്നു ഞാനയാളുടെ ഒരു കഥ വായിച്ചു" ശേഖരൻ നായർ പറഞ്ഞു. "ഒരു സഹോദരനും സഹോദരിയും പിഴപ്പന്വേഷിച്ചു പിരിയുന്നു. കുറേക്കാലം കഴിഞ്ഞു ഒരു വേശ്യാലയത്തിൽവച്ച് അവർ സമ്മേളിക്കുന്നു. ഒടുവിലാണു സഹോദരങ്ങളാണെന്നു രണ്ടുപേരും അറിയുന്നത്. ലോകത്തിതുപോലെ ചില ക്രൂരസത്യങ്ങളുണ്ട്. നിങ്ങളെപ്പോലെയുള്ള ശുദ്ധഹൃദയരെ കൊന്നുകളയുന്ന സത്യങ്ങൾ."

അയാൾ പറഞ്ഞതുകേട്ടെങ്കിലും, എന്റെ മനസ്സ് ആ പാവപ്പെട്ട സ്ത്രീയുടെ കഥയിൽ ചുറ്റിക്കറങ്ങിക്കൊണ്ടിരുന്നു. കുറേനേരം കഴിഞ്ഞ് ഞാൻ പറഞ്ഞു: "ശേഖരൻ നായർ, ആ സ്ത്രീയുടെ ചരിത്രമെല്ലാം ഞാനറിഞ്ഞു. ഒരു മനുഷ്യന്റെ വഞ്ചനയാണവരെ വേശ്യയാക്കിയത്."

"അവരെപ്പറ്റി ഞാനിന്നലേ സൂക്ഷ്മവിവരങ്ങളറിഞ്ഞു. അവരുടെ ഭർത്താവല്ല കുറ്റക്കാരൻ. ഇവിടെ ഈ സ്ത്രീയുടെ അമ്മാവനും, അവിടെ ആ മനുഷ്യന്റെ രണ്ടാംഭാര്യയുടെ അച്ഛനുംകൂടെച്ചേർന്നാണിതെല്ലാം പറ്റിച്ചത്. ജനസ്വാധീനവും പണവുമുള്ള രണ്ടു പുരുഷന്മാരുടെ ഇടയിൽ ഒരു പാവപ്പെട്ട സ്ത്രീ എന്തുചെയ്യും? ആ മനുഷ്യൻ അച്ഛൻ മരിച്ച് തിരുവനന്തപുരത്തു വന്നപ്പോൾ, ജന്മസിദ്ധമായ വാസനയുടെ പ്രേരണകൊണ്ട് ഭാര്യ വേശ്യയായിക്കളഞ്ഞു എന്നു കേട്ട് ഹൃദയം തകർന്നു തിരിയെപ്പോയി. ആ മനുഷ്യന്റെ അച്ഛനുണ്ടായിരുന്നെങ്കിൽ ഇതൊന്നും നടക്കുമായിരുന്നില്ല. അതുപോട്ടെ, ആ മനുഷ്യന്റെ പേരും ദേശവും ഒന്നും പറഞ്ഞുതന്നില്ല, ഇല്ലേ?"

"ഇല്ല" എനിക്കു വല്ലാത്ത സങ്കടം തോന്നി. ഞാൻ പറഞ്ഞു: "എനിയ്ക്കു സംസാരിക്കാനൊട്ടും വയ്യ. ഒന്നുകിടന്നു വിശ്രമക്കണമെന്നുണ്ട്."

ശേഖരൻ നായർ എണീറ്റു. "ആ സ്ത്രീയുടെ മകളെപ്പറ്റി നിങ്ങളെന്തു നിശ്ചയിച്ചു?"

"എന്തു നിശ്ചയിക്കാൻ! നാളെ ആറരയ്ക്കുള്ള വണ്ടിയിൽ ഞങ്ങൾ ഒന്നിച്ചിവിടം വിടുന്നു."

അയാൾ മിണ്ടാതെ ഇറങ്ങിപ്പോയി.

പിറ്റേന്നു ഒരു മൂന്നുമണിയോടുകൂടിയാണ് ഞാൻ ആ വീട്ടിൽ ചെന്നത്. എന്റെ കയ്യിൽ അവിടത്തെ സ്ത്രീ ഒരെഴുത്തു തന്നു. "ഇതെന്തിന്?" എന്നു ഞാൻ, "നെറ്റിയിൽ കൈവച്ചുകൊണ്ടു ചോദിച്ചു. ഇവിടത്തെകൊച്ച് നിങ്ങടെ കൈയിൽ തരാൻ പറഞ്ഞു." എന്നവൾ ഉത്തരം പറഞ്ഞു. "അവരെവിടെ?" എന്ന എന്റെ ചോദ്യത്തിന് "അതെല്ലാം ആ എഴുത്തിലൊണ്ടെന്ന് ആ കൊച്ചു പറഞ്ഞു." എന്നായിരുന്നു അവളുടെ ഉത്തരം.

ഞാൻ എഴുത്തു തുറന്നു. എന്റെ കണ്ണുകൾക്ക് കാഴ്ചയില്ലാതാകുന്നതുപോലെ തോന്നി. ഞാൻ കണ്ണു തിരുമ്മിത്തുടച്ചു വായിച്ചു. "എന്റെ പ്രഭ തിരിച്ചുപോവു. ഞാനാവീട്ടിനെ അശുദ്ധപ്പെടുത്തുന്നതെന്തിന്? അനുജത്തിമാർക്ക് എന്റെ ആശംസ കൊടുത്തേക്കു. അമ്മയ്ക്ക് എന്റെ ഭക്തി നിറഞ്ഞ പ്രണാമവും. അമ്മയുടെ സ്നേഹശീലം ഇരട്ടിച്ചാണു മകനു ദൈവം കൊടുത്തിരിക്കുന്നത്. ഞാൻ എന്റെ അച്ഛനമ്മമാരുടെ അടുത്തു പോകുന്നു."

ഞാൻ, അടുത്തുനിന്ന ഒരു മരത്തിൽ ചാരി കണ്ണടച്ചുനിന്നു. കുറേനേരം കഴിഞ്ഞ്, എന്റെ ബുദ്ധി തെളിഞ്ഞപ്പോൾ ഞാൻ കണ്ണുതുറന്ന് ആ സ്ത്രീയോടു ചോദിച്ചു. "ഇവരുടെ പേരെന്ത്?"

"പ്രവ."

എന്റെ ഹൃദയം പിളർക്കുന്നതുപോലെനിക്കുതോന്നി. എന്നിൽനിന്ന് യാഥാർത്ഥ്യത്തിന്റെ നഗ്നത മറയ്ക്കാനവർ രണ്ടു പേരും ശ്രമിച്ചതെന്തിന്? ഇത്തരമൊരാത്മ ത്യാഗം ചെയ്യാൻ എത്ര കുലവനിതകൾക്കു സാധിക്കും? ഇടതുകൈ നെഞ്ചിലമർത്തി, മുഖം മരത്തടിയിൽ ചേർത്തുവച്ച് ഞാൻ ഏങ്ങിയേങ്ങിക്കരഞ്ഞു.

ആരോ എന്റെ തല പിടിച്ചുയർത്തി. ശേഖരൻ നായർ പറഞ്ഞു: "ഇതാ, വിവരങ്ങളൊക്കെ വിസതരിച്ചു ഞാൻ നിങ്ങളുടെ അമ്മയ്ക്കെഴുതിയിരുന്നു. സത്യം തുറന്നു പറഞ്ഞ്

നിങ്ങളെന്നെ ഇതിൽനിന്നു രക്ഷിക്കണമെന്നു് അമ്മയുടെ കമ്പിയുണ്ട്. എല്ലാം ഞാൻ പറയാം. ഈ വീട്ടുകാരെവിടെ?"

"ആര്? ജ്യേഷ്ഠത്തിയോ?" ഞാൻ എഴുത്തു നീട്ടിപ്പിടിച്ചു. "ഇതാ ഇതു വായിച്ചുനോക്കു."

അയാൾ അതു് വേഗമൊന്നു വായിച്ചിട്ടു ചോദിച്ചു. "അവർ നിങ്ങളുടെ ജ്യേഷ്ഠത്തിയാണെന്ന് ഇതിലെഴുതിയിരിക്കുന്നോ?"

"അതിലെ ഓരോ വർണ്ണത്തിലും ആ സത്യം ഞാൻ തെളിഞ്ഞുകാണുന്നു. ശേഖരൻ നായർ" ഞാൻ അയാളുടെ തോളിൽ തല ചായ്ച്ചുകൊണ്ടു പറഞ്ഞു. "ഇങ്ങനെ ഒരു കഥ ഞാനറിയരുതെന്നു ശ്രദ്ധിച്ചാണ് അച്ഛനെന്നെ സൂക്ഷിച്ചു വളർത്തിയത്. ഇതാ, ഇവരും, രണ്ടുപേരും, എന്നെ അക്കാര്യമറിയിച്ച് വേദനിപ്പിക്കരുതെന്ന് വിചാരിച്ചു. ഇവരാണോ വേശ്യകൾ? കഷ്ടം! ദേവിമാരല്ലേ? ഇതു തേവിടിശ്ശിക്കുടിലല്ല, ശേഖരൻ നായർ, ക്ഷേത്രമാണ്, വിശുദ്ധക്ഷേത്രം."

മലയാളരാജ്യം – 1944, ഏപ്രിൽ 24 (കൊ. 1119 മേടം 12)

## അനുബന്ധം 3

## ആ ശാലക്കകത്ത്

സരസ്വതി

ക്രിസ്തുമസ്സവധികഴിഞ്ഞ് അന്നാണ് കോളേജ് തുറന്നത്. അവിടത്തെ വിദ്യാർത്ഥിനികൾക്ക് പരസ്പരം പല വിശേഷങ്ങളും പറഞ്ഞുതീർക്കാനുണ്ടായിരുന്നു. അല്ലെങ്കിൽത്തന്നെയും ശരിയായ വിദ്യാർത്ഥിനിയ്ക്ക് തരംകിട്ടുമ്പോഴെല്ലാം സംസാരിയ്ക്കാനാണ് ഏറ്റവുമിഷ്ടം – വിദ്യാർത്ഥിയ്ക്കു കൂവാനും.

ഉച്ചയ്ക്കത്തെ ഒരു മണിക്കൂർ വിശ്രമസമയം കഴിഞ്ഞ് ക്ലാസ്സിൽ പോകേണ്ട മണിയടിച്ചു. ശ്രദ്ധാപൂർവ്വം സാരിയുടെ മടക്കുകൾ ഒന്നുകൂടെ നിഷ്കർഷിച്ചു ശരിപ്പെടുത്തിയശേഷം, ബുക്കുകൾ അടുക്കിപ്പെറുക്കി നെഞ്ചോടുചേർത്തുപിടിച്ചുകൊണ്ട് കനകമ്മ പറഞ്ഞു. "ദേ മേരി, ഈ ബുക്ക് ആ നമ്പൂതിരിയുടെ കയ്യിലൊന്നുകൊടുക്കാമോ? മിസ്സ് വാസന്തിനായരുടെ ക്ലാസാണിപ്പോൾ. ആൺപിള്ളേരോടു മിണ്ടിയാൽ മതി അവരുടെ മുഖം കാണണം. ആ രസം അവർക്കുമാത്രമേ ആകാവൂ എന്നാണ്. മേരി കല്യാണം കഴിഞ്ഞ കുട്ടിയായതുകൊണ്ടു സാരമില്ല."

മ്ലാനമുഖിയായി നിന്ന മേരി ഒരു ദീർഘനിശ്വാസത്തോടെ ഉദാസീനഭാവത്തിൽ കൈനീട്ടി ബുക്കു വാങ്ങിച്ചു. സൗദാമിനി മേരിയെപിടിച്ചു കുലുക്കിക്കൊണ്ടു പറഞ്ഞു. "അയ്യോ! പാവം! ഇന്നു കാലത്തു ക്ലാസ്സിൽവച്ചു സാർ ഉത്തരവിപ്രലംഭം വർണ്ണിച്ചപ്പോൾ എനിയ്ക്കശേഷം മനസ്സിലായില്ല; നേരേ ശ്രദ്ധിച്ചുമില്ല. പക്ഷെ മേരിയെക്കാണുമ്പോഴതു നല്ലപോലെ മനസ്സിലാകുന്നുണ്ട്.

വാതിൽ കടന്നു മുറ്റത്തിറങ്ങിയ ഒരു കുട്ടി എന്തോ ഒരത്യാവശ്യക്കാര്യം ഓർമ്മിച്ചപോലെ തിരിഞ്ഞു മേരിയുടെ അടുത്തുചെന്നു ചോദിച്ചു. "മേരി, ഒരു സംശയം. പാലാഴി കടഞ്ഞപ്പോൾ മന്ദരപർവ്വതം എന്തായി?"

വിഷാദഭാവം മാറ്റി, മേരി ബുക്കുകൾകൊണ്ട് പ്രശ്നക്കാരിയുടെ മുതുകത്തു ഉക്കോടെ ഒന്നു തട്ടിയിട്ടു പറഞ്ഞു. "മത്തായി, അത്രയൊക്കെ പുരാണം എനിയ്ക്കറിയാം പക്ഷേ ഈ ബ്രഹ്മാവ് എന്നു പറയുന്നത് എന്തുതരം മാവാണെന്നു പറഞ്ഞുതരൂ."

ജാതിമതഭേദങ്ങൾ ശ്രദ്ധിയ്ക്കാതെ അവിടെ നിന്നിരുന്നവരെല്ലാം പൊട്ടിച്ചിരിച്ചു. ആ ആഹ്ലാദത്തിൽ പങ്കുകൊള്ളാതെ ദൂരെ മാറിനിന്ന സെയിനബായുടെ അടുത്തുചെന്നു സീത അനുകമ്പാഭവത്തിൽ ചോദിച്ചു. "എന്താ ഇത്ര വല്ലാതിരിയ്ക്കുന്നത്? ഇന്നു ടൈപ്പു ചെയ്ത എഴുത്തുകിട്ടിയോ? ആളറിഞ്ഞെങ്കിൽ പ്രിൻസിപ്പലിനോടു പറയാമായിരുന്നു. അതിനു നിവൃത്തിയില്ല. പിന്നെ, ഇതൊക്കെ കണ്ടുപിടിക്കാൻ മാത്രം മഠയിയാകരുത്. അവൻ രാപ്പകൽ സ്വപ്നം കാണട്ടെ – അതിനു സെയിനബായ്ക്കെന്ത്?"

സെയിനബായുടെ കണ്ണുകൾ നിറഞ്ഞു. മുഖംതുടയ്ക്കുന്ന ഭാവത്തിൽ സാരിത്തുമ്പുകൊണ്ട് കണ്ണുതുടച്ചിട്ടവൾ ചോദിച്ചു "സീത ക്ലാസിൽ വരുന്നില്ലേ? മണിയടിച്ചു."

"ഓ! ഞാനെങ്ങും വരുന്നില്ല." അവൾ മേശപ്പുറത്ത് ഇരിപ്പുപിടിച്ചു. "നവരസങ്ങൾ അനേകമുണ്ട് എന്നു പറയുന്ന സാറിന്റെ ക്ലാസില്ലേ? അസഭ്യം കേട്ടുകേട്ട് എനിയ്ക്ക് സഹികെട്ടു– കഥയില്ലായ്മയും."

കുട്ടികളെല്ലാം ലഹളവെച്ചുകൊണ്ടു ഒന്നൊന്നായി ഇറങ്ങിപ്പോയി. സൌദാമിനിയും സീതയും മാത്രം അവിടെ ശേഷിച്ചു. എന്തോ രഹസ്യം പറയാനുള്ളതുപോലെ സൌദാമിനി നാലുവശവും നോക്കി. വിദ്യാർത്ഥിനികളുടെ വെയിറ്റിംഗ് വുമൺമാത്രമേ അതിനകത്തുള്ളു. അവരാണെങ്കിൽ ഒരു ബഞ്ചിൽ കിടന്നു കൂർക്കംവലിച്ചുറങ്ങുകയാണ്. സൌദാമിനി പറഞ്ഞു. "കാലത്തെ ഞാൻ പറഞ്ഞതു മറന്നുപോയോ? സീതയെപ്പറ്റി മിസ്സ് വാസന്തീനായർ മഹിളാമന്ദിരത്തിൽ ചെന്നിരുന്നു കുറേ പ്രസംഗിച്ച കാര്യമേ."

"അവർ പ്രസംഗിയ്ക്കട്ടേ." സീത ഭാവഭേദമില്ലാതെ പറഞ്ഞു. "ലക്ചറല്ലേ?"

"സുധീരൻ നായരെപ്പറ്റി പുള്ളിയ്ക്കു വലിയ ബഹുമാനമാണെന്നു തോന്നുന്നു. വലിയ വലിയ ആശകളോടെ ഇങ്ങോട്ടു പഠിയ്ക്കാനയയ്ക്കുന്ന നല്ല കൊച്ചുങ്ങളെയൊന്നും വീട്ടുകാർക്കു തിരിയെ കിട്ടുകില്ല എന്നെല്ലാം അവർ പറഞ്ഞു."

"അതുകൊണ്ട് അവരുടെ മകനെ ഇങ്ങോട്ടു പഠിയ്ക്കാൻ വിടരുത്."

"ഇതാ, ഈ നാക്കാണ് സീതയെ ചീത്തയാക്കുന്നത്. ഇതു കേട്ടാൽ ആരെങ്കിലും വിചാരിയ്ക്കുമോ അവർ പറഞ്ഞതു തെറ്റാണെന്ന്."

"അല്ലെങ്കിലും അവർ പറയുന്നതല്ലേ ശരിയാകേണ്ടത്? രക്ഷാകർത്താക്കൾ കുട്ടികളെ ഇവരെ ഏല്പിച്ചിരിയ്ക്കയാണെന്നു തോന്നുന്നു, ആൺകുട്ടികൾ തട്ടികൊണ്ടു പോകാതെ. മിക്ക കുട്ടികളും ഇവിടെ വരുന്നതു ഡിഗ്രി സമ്പാദിയ്ക്കുവാനല്ല. ഭർത്താവിനെക്കൂടി സമ്പാദിക്കാനാണെന്നാണിവരുടെ വിചാരം. അവരതൊന്നു പരീക്ഷിച്ചു നോക്കിയിരിയ്ക്കണം. അതാണിത്ര സംശയം നമ്മെപ്പറ്റി."

"പക്ഷേ നമ്മെപ്പറ്റിയേ ഉള്ളു ഈ സംശയവും സൂക്ഷിയ്ക്കലുമൊക്കെ. ഉദ്യോഗസ്ഥന്മാരുടെ മക്കളാണെങ്കിൽ ചെയ്യുന്നതെല്ലാം ശരി. പിന്നെ നുണപറയുന്ന കുട്ടികൾക്കും കുറ്റമൊന്നുമില്ല."

സീത എണീറ്റ് ജനൽക്കമ്പിയിൽ പിടിച്ചു കുറേനേരം വെളിയിൽ നോക്കിക്കൊണ്ട് നിന്നു. പാരിജാതപ്പൂവിന്റെ ശക്തിയായ പരിമളം മുറിയ്ക്കകത്തു വന്നടിച്ചു. അവൾ സ്വാഗതമെന്നപോലെ പറഞ്ഞു: "ഇതിനു കലാശാലയെന്നല്ല, ജ്ഞാനവില്പനശാല എന്നു വേണം പേരിടാൻ. കലാശാലയെന്നു കേട്ടാൽ അതിനകത്തു സംസ്കാരവും സമത്വഭാവനയും വിശാലഹൃദയതയും നിറഞ്ഞു നിൽക്കുന്നെന്നു തോന്നിപ്പോകും. വാസ്തവം പലപ്പോഴും നേരേമറിച്ചാണുതാനും. പണ്ടത്തെ കാട്ടാളന്മാരേക്കാൾ ഇന്നത്തെ മനുഷ്യർക്കെന്താണൊരു മേന്മയെന്നെനിയ്ക്കു മനസ്സിലാവുന്നില്ല. ഇതിലെ കാട്ടാളത്തരം പഠിച്ചതാണെന്നൊരു മേന്മമാത്രമുണ്ട്. അതുകൊണ്ടാണതു കാണുമ്പോൾ ലോകത്തോടുപോലും വെറുപ്പു തോന്നിപ്പോകുന്നതും."

"നോക്കു സീതേ ഈ വേദാന്തമൊക്കെ വയസ്സുകാലത്തേ കൊള്ളാവു" സൌദാമിനി പറഞ്ഞു. "ഇപ്പോൾ, ചെയ്യേണ്ടതു ചെയ്യുകതന്നെ വേണം. ഈ പ്രായത്തിൽ ചീത്തപ്പേരു കേട്ടാലോ? സ്വവർഗ്ഗമാണെന്നൊരു സ്നേഹം പോലും ഇവർക്കില്ല. കഴിഞ്ഞയാഴ്ച ഭഗീരഥിയുടെ കാര്യത്തിൽ വഴക്കുണ്ടായതും അടിനടന്നതുമെല്ലാം ഇവരുടെ വ്യംഗ്യമായ ഉപദേശം കൊണ്ടാണെന്ന് ശണ്ഠക്കാരിലൊരാൾതന്നെ എന്നോടു പറഞ്ഞു. ആ സ്ഥിതിയ്ക്ക്––"

"ഓ! ഇപ്പോഴാണെനിയ്ക്കു മനസ്സിലാവുന്നത്. ഇന്നാളൊരുദിവസം മറ്റേ മഹാമഹിമ ശ്രീമതി എന്നെ വിളിച്ചുപറഞ്ഞു, നമ്മൾ പഴയ മട്ടുകാരാണ്, പെൺകുട്ടികൾ ആൺകുട്ടി

കളോട് അത്ര സ്വാതന്ത്ര്യമായി പെരുമാറരുത്, എന്നെല്ലാം. നിർദ്ദോഷമായ ഒരു വീക്ഷണ ഗതി ഇവർക്കെന്തുകൊണ്ടുണ്ടാകുന്നില്ല എന്നെത്രയാലോചിച്ചിട്ടും എനിയ്ക്കു മനസ്സാലാകുന്നില്ല."

"എന്നിട്ടു സീത എന്തു സമാധാനം പറഞ്ഞു? സ്വന്തം ജീവിതത്തിൽ ഒന്നു പുറകോട്ടുതിരിഞ്ഞുനോക്കിയിട്ടു സൂക്ഷിച്ചുപദേശിക്കാൻ പറയാത്തതെന്ത്?"

"ഓ! ഞാൻ ചിരിച്ചുകൊണ്ടുനിന്നു. അവസാനം എന്തെങ്കിലും പറയണമെന്നവർ നിർബന്ധിച്ചു. എന്തു പറയാൻ? ഇത്തരം ഉപദേശാത്മാക്കളുടെ വാക്കു കേൾക്കാൻ എന്റെ ആദർശം അനുവദിയ്ക്കുകയില്ല എന്നു പറഞ്ഞിട്ടു മുറിയിൽനിന്നിറങ്ങിപ്പോന്നു."

പ്രധാനകെട്ടിടത്തിന്റെ മൂന്നാം നിലയിലൊരു മുറിയിൽ നിന്നു കൂട്ടംചേർന്ന ഒരു കൂവൽ പുറപ്പെട്ടു. സൌദാമിനി എണീറ്റുകൊണ്ടു പറഞ്ഞു: "പിന്നെ നമുക്കു മറ്റേ മുറിയിൽ പോകാം. അല്ലെങ്കിലിനി സാർ വിചാരിക്കും ക്ലാസിൽചെല്ലാതെ ഇവിടെ ഒളിച്ചിരിക്കയാണെന്ന്. അവരുടെ അനിഷ്ടം സമ്പാദിയ്ക്കുന്നതെന്തിന്? ചീത്ത പറയാനല്ലാതെ വല്ല ഉപകാരത്തിനും ഈ പെണ്ണുങ്ങളുണ്ടോ? എന്തെല്ലാം കുറ്റമുണ്ടെങ്കിലും ആണുങ്ങൾക്കൊരു ഗുണമുണ്ട് – അല്പത്തരം കുറയും സ്വവർഗ്ഗക്കാരിലാരോടെങ്കിലും ഒരു സ്ത്രീ പ്രത്യേക പ്രതിപത്തി കാണിക്കുമ്പോൾമാത്രമേ അവർക്കും അസൂയ ജ്വലിക്കുകയുള്ളൂ. പെണ്ണുങ്ങളാണെങ്കിൽ – ഇതിനകത്തു കാൽവെക്കുന്നനാൾ മുതൽ തോന്നും നുണ പറച്ചിലും കേൾക്കലുമാണ് പെണ്ണുങ്ങൾ പഠിയ്ക്കേണ്ട തൊഴിലെന്ന്."

സീതയും സൌദാമിനിയും കയ്യിൽ പുസ്തകമെടുത്തു. ഉറങ്ങിക്കിടന്ന സ്ത്രീ അപ്പോഴും ഉണർന്നിരുന്നില്ല. സീത പറഞ്ഞു. "ഇവരെ ഒന്നുണർത്തിയിട്ടുപോയാൽ മതി നമുക്ക്. മഹാ അത്യാഗ്രഹി മൂത്തമ്മ എപ്പോഴും മക്കളുടെ കാര്യം പറയാനേ നേരമുള്ളൂ. ബോറടിപ്പിച്ചുകൊന്നുകളയും. അങ്ങനെയിപ്പോൾ സുഖമായി ഉറങ്ങണ്ട."

സീത ഒരു കസേരയെടുത്ത് മൂന്നാലുപ്രാവശ്യം ഊക്കോടെ തറയിലിടിച്ചു. മൂത്തമ്മ ഞെട്ടിയുണർന്ന് ചാടിയെണീറ്റു. അവർ കണ്ണുതിരുമി നോക്കിയപ്പോൾ ആ മുറിയ്ക്കകത്താരുമുണ്ടായിരുന്നില്ല.

പ്രധാനകെട്ടിടത്തിലെ വിശ്രമമുറിയിൽ വന്നയുടൻ സീത പറഞ്ഞു. "സാറിപ്പോ ക്ലാസ്സുകഴിഞ്ഞ് ഇതിലേവരും. അതാണ് എനിയ്ക്ക് തലവേദനയെടുക്കുന്നതുപോലൊരു തോന്നൽ."

സൌദാമിനി ബഞ്ചിലും സീത ഡസ്കിന്റെ പുറത്തും ഇരുന്നു. സീത പറഞ്ഞു. “ഇങ്ങിനെയൊരു കേൾവി പരക്കുന്നെന്നു പറഞ്ഞപ്പോൾ സുധി എന്തു പറഞ്ഞു.”

“മിസ്സ് വാസന്തീനായരെക്കണ്ട് തെറ്റിദ്ധാരണ നീക്കണമെന്ന്. നിങ്ങളുടെ ബന്ധ ത്തിന്റെ നിർദ്ദോഷതയെപ്പറ്റി ഒരു പ്രസംഗവും ചെയ്തു.”

പാവം! സുധിയുടെ കാര്യമോർക്കുമ്പോൾ എനിയ്ക്കു വലിയ വിഷമമുണ്ട്. എന്നെ പ്പറ്റി എനിയ്ക്കൊരു വേദനയുമില്ല. എന്റെ പാപങ്ങൾ ഇങ്ങനെ പലർകൂടി പങ്കിട്ടെടുക്കു ന്നതിൽ സന്തോഷമേയുള്ളു. അല്ലെങ്കിലും, ജീവിതസുഖത്തിൽ ഞാൻ ആകപ്പാടെ അശ്ര ദ്ധയുമാണ്. ആളുകളുടെ അഭിപ്രായത്തിനുവേണ്ടി ചാവാനൊന്നും എനിയ്ക്കു കഴിയു കയില്ല. വാസ്തവത്തിലെനിയ്ക്കു സുധിയോട് നിങ്ങളുദ്ദേശിക്കുന്നതരത്തിലൊരു സ്നേഹ മില്ലെന്ന് ഞാനെത്ര പ്രാവശ്യം പറഞ്ഞു. തനി വാത്സല്യമാണെനിയ്ക്കുള്ളത്. കേട്ടോ, ശാന്തീ, സ്ത്രീപുരുഷൻമാർ തമ്മിൽ മൈത്രിയുണ്ടാകുമ്പോൾ, ആ ബന്ധം വെറും മൈത്രി യ്ക്കപ്പുറം കടക്കാതിരിക്കാൻ സ്ത്രീയ്ക്കു പലപ്പോഴും സ്വാഭാവികമായി സാധിക്കും; തീരെ കുറവാണ് അതിന് കഴിയുന്ന പുരുഷന്മാർ. ഒരുപക്ഷെ ആപൽബോധം അടിയിൽ കിടക്കുന്നതായിരിക്കണം സ്ത്രീയുടെ ആ മെച്ചത്തിനു കാരണം.”

പെട്ടെന്നു സീത സൌദാമിനിയെ പിടിച്ചുവലിച്ചുകൊണ്ട് പറഞ്ഞു. “നോക്കൂ, ആ മുരുകേശനെ നാലഞ്ചുപേർകൂടി ആന കളിപ്പിക്കുന്നത്. കടുവാപ്പത്തിനു വേഷമിടു ന്നപോലെ പൌഡറിട്ടിട്ടുണ്ട് അവന്റെ മുഖത്ത്. നമുക്ക് വാതിൽക്കൽപോയി നോക്കാം.”

അവർ വാതില്ക്കൽനിന്ന് അഞ്ചുമിന്നിട്ടു കഴിഞ്ഞിരിയ്ക്കയില്ല, സൌദിമിനി ഒന്നു പുറകോട്ടുനോക്കിയിട്ട് വിവർണ്ണവദനായിപ്പറഞ്ഞു. “അയ്യോ, മിസ്സ് വാസന്തീനായർ അതിലെ കടന്നുപോയി. നമ്മളെ നല്ലപോലെ കണ്ടു. നമുക്കിവിടെനിന്നു മാറിക്കളയാം.”

സീത മുഖം തിരിക്കാതെ ചോദിച്ചു. “എന്തിന്?”

“ആൺകുട്ടികളുടെ കളികൾ നാം നോക്കിനിന്നാൽ അവർക്കു രസിയ്ക്കയില്ലെ ന്നറിഞ്ഞു കൂടേ?”

“ഇത്രേയുള്ളോ! കളി കണ്ടു രസിയ്ക്കാനാണ്, അവർ ആണോ പെണ്ണോ എന്നു നോക്കാനല്ല ഞാനിവിടെ നില്ക്കുന്നത്”

സീത തിരിഞ്ഞുനോക്കിയപ്പോൾ സൌദാമിനി പൂർവ്വസ്ഥാനത്ത് ബഞ്ചിലിരുന്ന് പുസ്തകം വായിക്കുകയായിരുന്നു. ക്ലാസ്സ് കഴിഞ്ഞ് അതുവഴിവന്ന അദ്ധ്യാപകനോട് അവൾ പറഞ്ഞു. "എനിയ്ക്കു നല്ല സുഖംതോന്നിയില്ല. അതുകൊണ്ടാണ് ഞാൻ ക്ലാസിൽ വരാത്തത്."

"അതു സാരമില്ല" അദ്ദേഹം പറഞ്ഞു. അടുത്ത ക്ലാസ്സ് മിസ്സസ്സ് ലക്ഷമീമേനോനാണെടുക്കുന്നത്. പാഠം വളരെ തീരാനുണ്ടെന്നു പറഞ്ഞു."

അദ്ധ്യാപകൻ വായനമുറിയിലേക്കു കടന്നുപോയി. "ഇനി ഇതിനകത്തുവച്ചാണ് ക്ലാസ്സ്" എന്നു പറഞ്ഞുകൊണ്ട് സീതയുടെ സഹവിദ്യാർത്ഥികൾ ആ മുറിക്കകത്ത് കടന്നുവന്നു. സൌദാമിനി ബുക്കുകളെടുത്തുകൊണ്ട് എണീറ്റുപോയി. സീത പറഞ്ഞു. "ഞാൻ പോയി അവരെക്കണ്ട് ചോദിക്കട്ടെ, എന്തുബുക്കാണിനി എടുക്കാൻ പോകുന്നതെന്ന്."

അദ്ധ്യാപികമാരുടെ ഇരിപ്പുമുറിയിൽ സീത സഹജോത്സാഹത്തോടെ പ്രവേശിച്ചു. മുറിയുടെ അങ്ങേയറ്റത്തിരുന്ന ഒരലമാരയിൽ നിന്നു ബുക്കുകൾ തിരഞ്ഞെടുക്കുകയായിരുന്നു മിസ്സിസ്സ് മേനോൻ. ഒരു ചെറിയ ക്യാൻവാസ് കസേരയിരുന്ന മിസ്സ് വാസന്തീ നായർ തലതിരിച്ചുനോക്കിയിട്ട് പറഞ്ഞു. "ആ! സീതയാണോ! ഇവിടെ വരൂ."

"എന്തിന്?" എന്നു ചോദിച്ചുകൊണ്ട് സീത അടുത്തു ചെന്നു. അവർ എണീറ്റിരുന്ന് ഒരു പ്രാഡ്ഢിവാകന്റെ ഭാവത്തിൽ പറഞ്ഞു. "സീതയ്ക്കെതിരായി രേഖാമൂലമായ പരാതികൾ എന്റെ കയ്യിൽ കിട്ടിയിരിയ്ക്കുന്നു. ഇവിടത്തെ കുട്ടികളേയും സ്റ്റാഫിനേയും പറ്റി ചീത്തയായി സംസാരിയ്ക്കുന്നു എന്നാണ് പരാതി. ഞാൻ രണ്ടാഴ്ചത്തെ ഇടതരുന്നു. അതിനകം ഇതു നിർത്തിയില്ലെങ്കിൽ ഫലം അനുഭവിയ്ക്കാൻ തയ്യാറായിക്കൊള്ളണം.

മനസാ കുറച്ച് അഭിനയ പരിശീലനം നടത്തിയിട്ടായിരിക്കണം അവർ ആ ഭാവത്തിൽ ആ വാക്കുകൾ പറഞ്ഞത്. അതിന്റെ അപ്രതീക്ഷിതത്വം സീതയെ ഒന്നമ്പരപ്പിച്ചു. ക്ഷോഭംകൊണ്ടല്പം ഉയർന്ന സ്വരത്തിലവൾ പറഞ്ഞു. "അങ്ങനെയൊരു പരാതിക്ക് ഞാനിടയാക്കിയിട്ടില്ല എന്നാണെന്റെ വിശ്വാസം. എന്നാലും തെളിവുകൾ ഹാജരാക്കാമെങ്കിൽ ശിക്ഷയേൽക്കാൻ എനിയ്ക്കൊരു മടിയുമില്ല."

സീതയുടെ സ്വരത്തിൽ ഭീതിയോ കുറ്റസമ്മതമോ അല്പവും സ്ഫുരിച്ചിരുന്നില്ല. അതുകൊണ്ട്, പരാജയബോധത്താൽ പൂർവ്വാധികം ദേഷ്യം വന്ന് അവർ പറഞ്ഞു. "ഇവിടെനിന്ന് ആടുകയും പാടുകയും ഒന്നും വേണ്ട പതുക്കെപ്പറഞ്ഞാൽ മതി. അങ്ങേമുറിയിൽ ആൺകുട്ടികളുണ്ട്. ഏതായാലും രണ്ടാഴ്ചത്തെ അവധി ഞാൻ തരുന്നു അതിനിടയ്ക്ക്––"

"അതു വേണ്ട." സീത പറഞ്ഞു. "തെളിവുകാണിച്ച് ഇപ്പോൾതന്നെ ശിക്ഷിച്ചേക്കണം കള്ളം പറയാൻ ഞാൻ ശീലിച്ചിട്ടില്ല. കുറ്റം ചെയ്തെങ്കിൽ ശിക്ഷയനുഭവിയ്ക്കാൻ പേടിയ്ക്കുന്നതെന്തിന്?"

അവർ അതു കേൾക്കാത്തതുപോലെ പറഞ്ഞു. "ശ്രദ്ധിച്ചില്ലെങ്കിൽ ഫലം എന്താണെന്നോർത്തു കൊള്ളുക. ഞാൻ പ്രൻസിപ്പാലിനോട് റിപ്പോർട്ടുചെയ്യും എഴുതിയ പരാതികളാണുള്ളത് എന്റെ കയ്യിൽ. ഉം, പോയ്ക്കൊള്ളു."

പ്രസന്നവദനയായി അതിനകത്തു കടന്ന സീത വാടിയമുഖത്തോടെ ഇറങ്ങിപ്പോയി. നിർമ്മലഹൃദയങ്ങൾക്ക് ആ മുറി അങ്ങനെയൊരു സമ്മാനമേ കൊടുക്കുകയുള്ളു – അതിനകത്തുചെന്ന് മറ്റുള്ളവരുടെ കുറ്റം പറഞ്ഞുകേൾപ്പിച്ച് സ്വന്തം പാപഭാരം വർദ്ധിപ്പിക്കാത്തതിന്റെ ശിക്ഷ. അവസരസേവകർക്കാണിന്നത്തെ ലോകം. അവർ പറഞ്ഞതു പച്ചക്കള്ളമാണെന്നവൾക്കു തോന്നി. എങ്കിലും മനസ്സിൽ വലിയ വിഷമം തങ്ങിനിന്നു.

സീത ക്ലാസ്സിൽ ചെന്നിരുന്നു. എന്തോ വലിയ അനിഷ്ടസംഭവം നടന്നെന്ന് സഹപാഠികൾക്കു മനസ്സിലായി. അവർ എന്തെല്ലാമോ വിശേഷങ്ങൾ പറഞ്ഞു – കഴിഞ്ഞക്ലാസ്സിൽ അദ്ധ്യാപകൻ പറഞ്ഞ തെറ്റുകൾ. സീതയിൽനിന്ന് ഒരു കരഞ്ഞ പുഞ്ചിരിമാത്രമുണ്ടായി.

ക്ലാസ്സെടുക്കേണ്ട മണിയടിച്ചു. വനിതാലക്ചറർ ബുക്കുകളുമായി ക്ലാസ്സിൽ കടന്നുവന്നു. അവർ കസ്സേരയിലിരുന്നയുടനെ ചോദിച്ചു. "കലേയുടെ ശാകുന്തളം എല്ലാവരും വായിച്ചോ?"

വിദ്യാർത്ഥികൾ സീതയെ നോക്കി. അവൾ പറഞ്ഞു: "പുസ്തകം എന്റെ കയ്യിലായിരുന്നു. ഞാൻ മുഴുവൻ വായിച്ചതുമില്ല."

"അതെന്ത്? ഓ! വേറേ രസമുള്ള ജോലികളില്ലേ?"

"അതെ." സീത പറഞ്ഞു. "ഞാൻ, എമിലി സോളയുടെ 'നാനാ' വായിക്കുക യായിരുന്നു."

അദ്ധ്യാപികയുടെ മുഖത്തു ഹാസ്യരസം ഉദിച്ചു–'നാനാ'യിലെ കഥ എന്തെന്നറി ഞ്ഞിട്ടല്ല, സീത കള്ളമാണ് പറയുന്നതെന്നു വിചാരിച്ച്. മഞ്ഞപ്പിത്തക്കാരൻ എല്ലാം മഞ്ഞ യായിക്കാണുമ്പോലെ.

അവർ പാഠമെടുക്കാൻ തുടങ്ങി. വീട്ടിൽ സുഖക്കേടായിക്കിടന്ന രണ്ടാമത്തെ ശിശുവിലായിരുന്നു അവരുടെ മനസ്സു മുഴുവൻ. അതുകൊണ്ട്, എന്തോ സന്ദർഭവശാൽ 'വേളി' എന്നു പറയേണ്ടിവന്നപ്പോൾ അവർ 'കീളി' എന്നാണ് പറഞ്ഞത്. "കീളിയിൽ പോയിട്ടില്ലേ നിങ്ങളാരും! കൊള്ളാം!" എന്നവർ പറഞ്ഞപ്പോൾ ഈ 'കീളി' എന്തെന്നു മനസ്സിലാകാതെ വിദ്യാർത്ഥികൾ മിഴിച്ചിരിക്കുന്നതുകണ്ട് സീതയ്ക്കു ദു:ഖം മറന്ന് ചിരിവന്നു. ക്രമേണ അദ്ധ്യാപിക പഠിപ്പിക്കുന്നതിൽ മുഴുകി – കുട്ടികൾ ശ്രദ്ധിക്കാതി രിയ്ക്കുന്നതിലും. നീളംകൂടിയ ഒരു വിദ്യാർത്ഥിയുടെ പുറകിൽ മറഞ്ഞിരുന്നുകൊണ്ട് വിനോദശീലനായ ഒരു വിദ്യാർത്ഥി ഹസ്തഭ്രൂക്കളുടെ വിലക്ഷണചലനങ്ങളോടെ "പണ്ടൊരു നാരീ മരത്തിൻമേൽകേറീ–സാരിയുംകീറി–ഈ–ഈ–സാരീയും കീറീ" എന്നു പാടാൻ തുടങ്ങി.

*********          *********          **********

"അല്ല! ഇതാരു സുധിയോ!" സീത നീരസം നിറഞ്ഞ് അത്ഭുതത്തോടെ ചോദിച്ചു. "മൂന്നാലുമാസമായല്ലോ എന്നെ കണ്ടിട്ട് – കണ്ടെന്നു ഭാവിച്ചിട്ട്. ഇപ്പോഴെന്താ പരിചയം പുതുക്കണമെന്നു തോന്നിയത്?"

"പുതുക്കുന്നതെന്തിന്? ഇടയ്ക്ക് മാഞ്ഞുകിടന്നോ? എന്നെസംബന്ധിച്ചാണെ ങ്കിൽ, അന്നുമിന്നും എന്നും ഞാൻ സുധിതന്നെ. പരീക്ഷയ്ക്കെങ്ങനെ എഴുതി?"

"ഓ! ഒരു മാതിരി. ഇങ്ങനെ ഇടവിടാതെ ആറുദിവസം ആറുമണിക്കൂർവീതം എഴുതിച്ചാൽ കുട്ടികൾക്കു ഭ്രാന്തുപിടിച്ചുപോവും. നിങ്ങളൊക്കെ വലിയ ആളുകളായി നമ്മുടെ സർവ്വകലാശാലയിൽ പ്രധാനസ്ഥാനത്തെത്തുമ്പോൾ ഇതൊന്നു ഓർത്തുവേണം ടൈംടേബിൾ തയ്യാറാക്കാൻ."

"അതിപ്പൊഴേ പറയുന്നതെന്തിന്; അന്ന് എന്റെ അടുത്തു കാണുകില്ലേ ഓർമ്മി പ്പിയ്ക്കാൻ?"

“അങ്ങനെ നമ്മൾ അടുത്തടുത്ത വീടുകളിൽത്തന്നെ താമസിയ്ക്കുമെന്നു എന്തു തീർച്ച? പിന്നെ, നുണപറച്ചിൽ ജോലിയ്ക്കു ഇപ്പോഴും നല്ല പ്രോത്സാഹനം കിട്ടുന്നുണ്ടോ? പെണ്ണുങ്ങളുടെ ഹോബിയാണത്.”

“എന്തു ജോലി?”

“മനസ്സിലാകുന്നില്ലേ? മിസ്സ് വാസന്തീനായരോട് എന്നെപ്പറ്റി എന്തെല്ലാം നുണകൾ പറഞ്ഞുകേൾപ്പിച്ചിട്ടാണ്, കണ്ടടത്തുനിന്നുവന്നവന്റെ ഒക്കെ നുണയും കേട്ടുകൊണ്ട് അവർ മനസ്സാക്ഷിയ്ക്കു ചേരാത്ത കുറേ കള്ളങ്ങളുമായി എന്റെ നേരേ ചാടിയത്? അവരീയിടെ ആടാനും പാടാനും പഠിയ്ക്കുകയാണെന്നു തോന്നി വർത്തമാനം കേട്ടിട്ട്. പ്രിൻസിപ്പലിനോട് റിപ്പോർട്ടു ചെയ്യുംപോലും! അവർ റായിട്ടർ റിപ്പോർട്ടറാകേണ്ടതായിരുന്നു. അവരുടെ വീട്ടിലെ ഒരു കുട്ടി ചിലതൊക്കെപറഞ്ഞുതന്നു. അവളും കള്ളം പറഞ്ഞിട്ടുണ്ടാവണം – അവരുടെ വീട്ടിലേയല്ലേ? എന്നാലും, ഞാനാണ് ആദ്യം എഴുത്തയച്ചതെന്നു സുധി അവരോടു പറഞ്ഞതെന്തിന്? ഗുരുവിനുചേർന്ന ശിഷ്യൻ! എന്തൊരു സംസ്കാര സമ്പത്ത്!”

“അവനോന്റെ കുറ്റങ്ങൾ ലഘുവാക്കിയേ എല്ലാരും പറയുകയുള്ളു.”

“അതേതേ, ഒരു മറുപടി അയയ്ക്കണേ അയയ്ക്കണേ എന്നു കേണപേക്ഷിച്ചതൊക്കെ മറന്നുപോയോ? ആളുകളെ ഇത്ര പേടിയെങ്കിൽ എന്നോടു പറയാത്തതെന്ത്? സകല ദുഷ്കേൾവികൾക്കും കാരണക്കാരി ഞാനാണെന്നു സുധിക്കുവേണ്ടി ഞാൻ പറയാമായിരുന്നല്ലോ. എനിയ്ക്കെന്തിനു പേടി? എന്റെ സദാചാരത്തെപ്പറ്റി എന്റെ മനസ്സാക്ഷിയെക്കവിഞ്ഞു മറ്റാരെ ഞാൻ ബോദ്ധ്യപ്പെടുത്തണം?”

“ഞാൻ ഒരു തെറ്റുതന്നെ ചെയ്തു. മാപ്പു ചോദിയ്ക്കുകയും ചെയ്യുന്നു. എന്നാലും മിസ്സ് നായരെപ്പറ്റി ഇത്ര കാലത്തിനിടയ്ക്ക് എന്തെങ്കിലും ചീത്തപ്പേരുണ്ടായിട്ടുണ്ടോ?”

“ഓ! അതു വലിയ മഹിമതന്നെ! ലോകബോദ്ധ്യത്തിനുവേണ്ടി ജീവിയ്ക്കുന്നവർക്ക് അവനവനെപ്പറ്റി തീരെ മതിപ്പില്ലെന്നാണ് എന്റെ അഭിപ്രായം അതെത്ര നികൃഷ്ടം! ഓരോരുത്തർക്കോരോ അഭിപ്രായം. പക്ഷേ മിസ്സ് നായരുടെ സ്വഭാവം എനിയ്ക്കു വേണ്ടേവേണ്ട. ആത്മാർത്ഥതയും തുറന്ന പെരുമാറ്റവും അവർക്കു ബദ്ധവിരോധമാണ്. കന്യകാത്വം നീണ്ടുനിന്നാൽ ഹൃദയം മുരടിച്ചുപോകുമെന്നു പറയുന്നതു കള്ളമല്ല. അവരുടെ പുറകേ നടക്കുന്ന ആ കനകമ്മപോലും തിരിഞ്ഞാലവരെപ്പറ്റി പറയുന്നതു കേൾക്കണം!”

“ക്ഷമിയ്ക്കണം. ഇനിയിങ്ങനെ ഒരു തെറ്റു ഞാൻ ഒരിയ്ക്കലും ചെയ്യുകയേയില്ല. അന്നു ഞാൻ ഒരു––”

“മൃഗമായിരുന്നു. ഇപ്പോൾ ഇഴജന്തുവും സുധീരൻപോലും! കഷ്ടം! നല്ലോരു പേർ വെറുതേകളഞ്ഞു! മഹാഭീരു എന്നായാൽ ചേരും. പക്ഷേ, സുധിയോടെനിയ്ക്കെന്തെങ്കിലും വിരോധമുണ്ടെന്നു മനസ്സിലാക്കണ്ട. ശത്രുത്വമായി മാറത്തക്കവണ്ണം അത്ര തീക്ഷ്ണമായ സ്നേഹം എനിയ്ക്കാരോടുമില്ല. എന്റെ ഇഷ്ടം ഒട്ടും കുറഞ്ഞിട്ടുമില്ല.”

കുറേനേരം നിശ്ശബ്ദമിരുന്നിട്ട് സുധീരൻ പറഞ്ഞു.

“ഒരു വിശേഷമറിഞ്ഞില്ലേ? നിങ്ങളുടെയൊക്കെ കൂട്ടുകാരി സെയിനബായുടെ വിവാഹം നിശ്ചയിച്ചുകഴിഞ്ഞു.”

“അതെ, ഞാനറിഞ്ഞു. അന്നത്തെ എഴുത്തയപ്പുകാരൻ തന്നെ വരൻ. സാരമില്ല, മനുഷ്യമനസ്സല്ലേ, മാറിക്കൊണ്ടിരിയ്ക്കും.”

“എല്ലാരുടെയും?”

“തീർച്ച പറയാൻ വയ്യ. പക്ഷേ എനിയ്ക്കങ്ങനെ ഒരു ദൌർബ്ബല്യമേയില്ല––വാസന്തീനായരുടെ ശിഷ്യയല്ലാത്തതുകൊണ്ടായിരിയ്ക്കാം നിറം മാറിമാറിക്കാണിക്കാനറിഞ്ഞുകൂടാത്തത്.”

“അതു തീർച്ചയാണോ?”

“ഏത്?”

“നമ്മുടെ ബന്ധം ഇപ്പോഴത്തേതിനപ്പുറം പോവുകയില്ലെന്ന്?”

“അതിലെന്തു സംശയം? തീർച്ചയായും, തീർച്ചയല്ലേ അത്? കാലാനുകൂലം വാക്കു മാറാൻ അനുവദിക്കാത്ത ആദർശങ്ങളെനിയ്ക്കുണ്ടെന്നു കാലംതന്നെ കാണിച്ചുതരട്ടെ.’’

(പകർപ്പവകാശം.)

മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1944, ഡിസംബർ 3

## അനുബന്ധം 4

## നിയമപരിധിയ്ക്കപ്പുറം

സരസ്വതി

സരോജിനി അക്ഷമയോടെ വാച്ചിൽ നോക്കി. മണി കൃത്യം ഏഴടിച്ചു ഒരു മിനിട്ടായി. ഇനിയും അക്ഷമകൊണ്ടു ഫലമില്ലെന്നവൾക്കു മനസ്സിലായി.

മണി ഏഴേകാലായപ്പോൾ കാർ പൂമുഖമുറ്റത്തു വന്നുനിന്നു. അവൾ വാതിൽക്കൽ ചെന്നു വിളിച്ചു പറഞ്ഞു. "കാൽമണിക്കൂർ താമസിച്ചുപോയി ന്യൂസ്റീലില്ലെങ്കിൽ കുറേ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടിനി . . ." ഹാറ്റും കയ്യിൽപ്പിടിച്ചു കാറിൽനിന്നിറങ്ങിയ ഉണ്ണിത്താന്റെ മുഖം അവളുടെ ഉന്മേഷത്തെ നശിപ്പിച്ചു. അവൾ ഹാറ്റ് കയ്യിൽ വാങ്ങിച്ചു. രണ്ടുപേരും നിശ്ശബ്ദം കോണികയറി.

ഭർത്താവിന്റെ പാരവശ്യത്തിന്റെ ഹേതുചോദിക്കാൻ അവൾക്കാശയുണ്ടായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ മുഖഭാവം ആ ആശയെ മൂകമാക്കിക്കളഞ്ഞു.

മുറിയിൽ കടന്നപാടേ ഉണ്ണിത്താൻ ഒരീസിച്ചെയറിൽ കിടപ്പുപിടിച്ചു. ഹാറ്റു നെഞ്ചിൽ ചേർത്തുപിടിച്ചുകൊണ്ട് കുറേനേരം സരോജിനി അങ്ങനെനിന്നു. അദ്ദേഹം മിണ്ടുന്ന ലക്ഷണമില്ലെന്നു കണ്ടപ്പോൾ അവൾ പതുക്കെ ചോദിച്ചു "ചായ കൊണ്ടു വരട്ടെ?"

"വേണ്ട"

"എവിടെനിന്നെങ്കിലും കുടിച്ചോ?"

"ഇല്ല"

"പിന്നെ?"

"എനിക്കു വിശപ്പില്ല"

ഹാറ്റു മേശമേൽ വച്ചിട്ട് അവൾ കോണിയിറങ്ങി. നാലഞ്ചു മിനിട്ടു കഴിഞ്ഞ് ഒരു കപ്പു ചായയുമായി ഉണ്ണിത്താന്റെ അടുത്തുചെന്ന് അവൾ നിശ്ശബ്ദം നിന്നു. അദ്ദേഹം നെറ്റിയിൽ കൈവച്ചു കണ്ണടച്ചു കിടക്കുകയായിരുന്നു. കപ്പ് ടീപായിയുടെ പുറത്തുവെച്ചിട്ട് അയാളുടെ കൈപിടിച്ചു മാറ്റിക്കൊണ്ടവൾ പറഞ്ഞു. "അല്പം ചായകഴിക്കണം ഒന്നും കഴിക്കാഞ്ഞിട്ടാണിത്ര ക്ഷീണം."

അയാൾ കണ്ണുതുറന്ന് അവളെ ആപാദചൂഡം നോക്കി. അവളുടെ മുഖത്തെ മങ്ങൽ തന്നിൽനിന്നു പകർന്നതാണെന്നയാൾക്കു മനസ്സിലായി. എണീറ്റിരുന്ന് പുഞ്ചിരിക്കാൻ ശ്രമിച്ചുകൊണ്ടയാൾ പറഞ്ഞു. "ഞാൻ സമയത്തിന്നു വരാത്തതിൽ വല്ലായ്മ വേണ്ട. നമുക്കിന്നുതന്നെ രണ്ടാമത്തെ കളിക്കുപോകാം."

അവൾ ചായക്കപ്പെടുത്ത് അയാളുടെ കയ്യിൽ പിടിപ്പിച്ചു. "അതു നമുക്ക് പത്തുമണികഴിഞ്ഞാലോചിക്കാം. ഇപ്പഴിതുകുടിച്ച് ക്ഷീണം മാറ്റണം.

വളരെനേരം കൊണ്ട് രണ്ടുകവിൾ ചായകുടിച്ചിട്ട് അയാൾ കപ്പ് അവളുടെനേരെ നീട്ടി. അതുവാങ്ങി കയ്യിൽ പിടിച്ചുകൊണ്ട് സരോജിനി ആ കസേരയുടെ കയ്യിലിരുന്നു. അവളുടെ സംരംഭമെന്തെന്നൂഹിച്ച് അയാൾ പറഞ്ഞു. "സരോജത്തിനുവേണ്ടിയാണ് ഞാനിത്രയുമെങ്കിലും കുടിച്ചത്. ഇനിയുമെന്നെ നിർബന്ധിക്കരുത്."

അവൾ കപ്പ് തിരിയെവച്ചിട്ട് ചോദിച്ചു. "ഇങ്ങനെ വയറുനിറയാൻ എന്തു സന്തോഷസംഭവമുണ്ടായി."

"സന്തോഷത്തിന്റെ കാര്യമൊന്നും പറയണ്ട" അവളുടെ മുഖംപിടിച്ച് തന്റെ നേരെ തിരിച്ചുകൊണ്ട് ദു:ഖം തിങ്ങിയ സ്വരത്തിലയാൾ പറഞ്ഞു. "സരോജം, ബാങ്കിലെ കാഷ്യർ ഇന്നുച്ചയ്ക്കു മരിച്ചുപോയി"

ഉണ്ണിത്താൻ വീണ്ടും കിടന്നു. ഒരു ബാങ്ക്മാനേജരെന്ന നിലയ്ക്കു ഭർത്താവിന് ആ മരണം കൊണ്ടുണ്ടായ നഷ്ടത്തിന്റെ രൂപമെന്തെന്ന് അവൾക്കു തീരെ മനസ്സിലായില്ല. എങ്കിലും അദ്ദേത്തിന്റെ സ്വരവും ഭാവവും അവളെ നിശ്ശബ്ദമിരുത്തി.

മണി എട്ടടിക്കുന്ന ശബ്ദം കേട്ടപ്പോൾ സരോജിനി എണീറ്റു. അപ്പോഴും തന്റെ സാന്നിദ്ധ്യം ശ്രദ്ധിക്കപ്പെടുന്നില്ലെന്നവൾ കണ്ടു. അവൾ കസേരയിൽ ചെന്നിരുന്ന് മേശമേൽ തല കമഴ്ത്തിവെച്ചു.

മണി ഒൻപതടിച്ചപ്പോൾ ഉണ്ണിത്താൻ ദു:ഖസമാധിയിൽനിന്നുണർന്നു അദ്ദേഹം സരോജിനിയുടെ പുറകിൽ ചെന്നുനിന്ന് ഇടതുകൈകൊണ്ട് അവളുടെ തോളിൽവച്ച്, വലംകൈകൊണ്ട് തലയുയർത്തി. മുക്കാലും പ്രസന്നമായ ഭർത്തൃമുഖം സരോജിനിയുടെ മുഖത്ത് പ്രസന്നതയുദിപ്പിച്ചു അദ്ദേഹം ചോദിച്ചു. "എന്നെ അന്വേഷിച്ചിവിടെ ആരെങ്കിലും വന്നിരുന്നോ?"

ഗൗരവത്തിന്റെയും അഭിമാനത്തിന്റെയും ഒരു സ്പർശത്തോടെ അവൾ പറഞ്ഞു. "എന്നെ കാണാൻ ചിലർ വന്നിരുന്നു"

"ആര്?"

"ആ വായനശാലക്കാർ"

"ഓ! ഞാൻതന്നെ വായനശാല തുറക്കണമെന്നവർ നിർബന്ധം പിടിക്കുന്നു."

"തുറക്കുന്നെന്നു പറയരുത്. ഉൽഘാടനം ചെയ്യുന്നെന്നു പറഞ്ഞാലേ അന്തസ്സുള്ളൂ."

"അങ്ങനെയാകട്ടെ പാട്ടുകാരിയായി സരോജം ചെല്ലുമെന്ന് ഞാൻ പറഞ്ഞിട്ടവർക്കു വിശ്വാസമില്ല, ഭർത്താവു പറഞ്ഞാൽ കേൾക്കാത്ത തന്നിഷ്ടക്കാരിയാണ് സരോജമെന്ന് ആരോ പറഞ്ഞുപിടിപ്പിച്ചിരിക്കുന്നു."

"അതു ശരിയാണെന്ന് ഞാൻ പറഞ്ഞിട്ടില്ലേ? പിന്നെ നമ്മൾതമ്മിൽ അഭപ്രായവ്യത്യാസമുണ്ടാകാത്തതുകൊണ്ട് എന്റെ ആ തനിഗുണം കാണുന്നില്ലെന്നേയുള്ളു"

"അതു ഭാഗ്യമായി. ആ വായനശാലക്കാരോടെന്തു പറഞ്ഞു?"

"കൊള്ളാം! എന്തസൌകര്യമുണ്ടായാലും ചെല്ലാം എന്ന് സത്യം ചെയ്തിട്ടാണ് അവരിവിടിന്നിറങ്ങിയത്. വക്കീലദ്ദേഹമായിരുന്നു നേതാവ്."

"എത്ര നല്ല മനുഷ്യനാണെന്നോ അദ്ദേഹം? ഇത്ര സ്നേഹിക്കാനും വിശ്വസിക്കാനും കൊള്ളാവുന്ന മനുഷ്യർ––"

"സതീശനോ?"

"സതീശൻനായർ നല്ല കൂട്ടത്തിലല്ലെന്നു ഞാൻ പറഞ്ഞോ?" ഉണ്ണിത്താൻ വാത്സല്യപൂർവ്വം പുഞ്ചിരിയോടെ പറഞ്ഞു. "വക്കീലദ്ദേഹത്തിന്റെ വീട്ടുകാരുമായി സരോജം പരിചയപ്പെടാനുംകൂടിയാണ് ഞാനീ ഉപദ്രവങ്ങളെല്ലാം ഏറ്റുപിടിച്ചത്."

സരോജിനി എണീറ്റുചോദിച്ചു. "ഈ വേഷമൊന്നും മാറുന്നില്ലേ?"

"ഇന്നു ഞാനെല്ലാം മറന്നിരിക്കയാണ്."

ഉണ്ണിത്താൻ അടുത്ത മുറിയിലേക്കുപോയി. സരോജിനി മട്ടുപ്പാവിലിറങ്ങി പുറകിൽ കൈകെട്ടി കയ്‌വരിയിൽ ചാരിനിന്നു. ഉണ്ണിത്താന്റെ മുണ്ടും ഷർട്ടുമായി അടുത്തു ചെന്നപ്പോളവൾ ചോദിച്ചു. "ക്യാഷ്യർക്കെന്തായിരുന്നു സുഖക്കേട്?"

ഉണ്ണിത്താൻ ദീനസ്വരത്തിൽ പറഞ്ഞു "ടൈഫോയിഡ്."

അദ്ദേഹം അവളുടെ അടുത്തു കയ്‌വരിയിൽ ചേർന്നുനിന്നു. അവൾ ചോദിച്ചു "ക്ലാർക്കിനേക്കാൾ കൂടിയതാണോ ക്യാഷ്യർ?"

സാമാന്യകാര്യങ്ങളിലവൾക്കുള്ള അജ്ഞത കണ്ടു അയാൾ സ്നേഹാർദ്രമായ പുഞ്ചിരി തൂകി. ഒരു കൈ അവളുടെ ദേഹത്തു ചുറ്റിക്കൊണ്ടയാൾ ചോദിച്ചു. "അതു ചോദിക്കുന്നതെന്തിന്?"

അതിനുത്തരമായി അവൾ മറ്റൊരു ചോദ്യം ചോദിച്ചു: "സതീശനെന്നു ക്യാഷ്യരാവും?"

"അയ്യോ! ഒരു കാര്യം ഞാൻ മറന്നുപോയി."

"എന്തൊന്ന് ഇത്ര പേടിക്കാൻമാത്രം?"

"അങ്ങനെ പേടിക്കാനൊന്നുമില്ല സതീശൻ നായർ ടൈഫോയിഡ് ആയി ആശുപത്രിയിൽ കിടക്കുകയാണ്."

നിശ്ശേഷം വിളറിയ മുഖത്തോടെ അവൾ ചോദിച്ചു. "കുറേ ദിവസമായോ?"

"എനിക്കത്ര തീർച്ചയില്ല"

"അന്നു ഞാൻ പറഞ്ഞിട്ടിങ്ങനെയാണ്, അല്ലേ?" മധുരമായ പരിഭവമല്ല, കഠിനമായ കാലുഷ്യമായിരുന്നു അവളുടെ സ്വരത്തിൽ "സതീശനെ പ്രത്യേകം ശ്രദ്ധിച്ചോളണമെന്നു ഞാനെത്ര പ്രാവശ്യം പറഞ്ഞിട്ടുണ്ട്?"

കുറ്റസമ്മതം ചെയ്യുമ്പോലെ ഉണ്ണിത്താൻ നിശ്ശബ്ദം നിന്നു. കുറേകഴിഞ്ഞു അവൾ ഉൽക്കണ്ഠാപൂർവ്വം ചോദിച്ചു "സതീശന്റെ അടുത്തിരിക്കുന്നതാര്?"

"വീട്ടിൽനിന്നാരുമില്ല. അവർക്കെല്ലാം പേടിയാണുപോലും"

“പിന്നെ?”

“ആശുപത്രിയിൽ നഴ്സില്ലേ?”

ആ ഹ്രസ്വമായ ദാമ്പത്യജീവിതത്തിനിടയ്ക്കു അയാൾ കണ്ടിട്ടില്ലാത്ത ഗൌരവത്തോടെ അവൾ പറഞ്ഞു. “എന്നാൽ നാളെ രാവിലെ മുതൽ ഞാൻ സതിയുടെ അടുത്തിരിക്കാൻ പോവുകയാണ്”.

പെട്ടെന്നെന്തെങ്കിലും പറയാൻ ഉണ്ണിത്താനു വാക്കുകളും ശക്തിയും കിട്ടിയില്ല. ഒടുവിലയാൾ ശാന്തസ്വരത്തിൽ ചോദിച്ചു. “ഭാര്യയുള്ള ഒരു ചെറുപ്പക്കാരനെ ശുശ്രൂഷിക്കാൻ സരോജം ആശുപത്രിയിൽ പോകുന്നതെന്തിന്?”

“ആ ചെറുപ്പക്കാരനെ എനിക്കത്ര ഇഷ്ടമായതുകൊണ്ട്.” അവളുടെ സ്വരത്തിൽ തന്നിഷ്ടക്കാരിയുടെ തന്റേടം നിറഞ്ഞുനിന്നിരുന്നു.

“എന്നെക്കാൾ?” അയാൾ ചോദിച്ചു.

“ആയിരിക്കാം. ഇതുപോലെ ഇന്നലെയ്ക്കിന്നുണ്ടായ ബന്ധമല്ല അത്. തൊട്ടിലിൽ കിടന്ന കാലം മുതൽ ഞങ്ങൾ ബന്ധുക്കളാണ്. ആപത്തിൽ സഹായിക്കാനാണ് സ്നേഹത്തിന്റെ ആവശ്യം”.

“അത്ര വലിയ പരിഷ്കാരികളാണോ നമ്മൾ?”

“പരിഷ്കാരമല്ല, കടമ”.

“അതൊന്നും ആരും വകവെച്ചുതരില്ല.” തന്റെ പിടിയിൽനിന്നവളെ വിടർത്തിക്കൊണ്ടയാൾ ചോദിച്ചു. “ആളുകളോടെന്തു സമാധാനം പറയും?”

അവൾ മുമ്പിൽ കൈകെട്ടി ഔദ്ധ്യതപൂർവ്വം ചോദിച്ചു. “ഏതാളുകളോട്?”

അനുനയമാണുത്തമമെന്നയാൾക്കു മനസ്സിലായി. താടിയിൽ പിടിച്ചു അവളുടെ മുഖം തന്റെനേരെ തിരിച്ചുകൊണ്ടയാൾ പറഞ്ഞു. “സരോജത്തിനിത്ര കാര്യമറിഞ്ഞുകൂടേ? ആളുകളെന്തു പറയുമെന്നാലോചിച്ചു നോക്കൂ. പോരെങ്കിൽ എന്റെ പ്രായക്കൂടുതലും”.

സരോജിനി കണ്ണുകളുയർത്തി അയാളുടെ മുഖത്തുറ്റുനോക്കിക്കൊണ്ടു ചോദിച്ചു. “എന്നെ വിശ്വാസമില്ലെന്നാണോ ഇതിന്റെ അർത്ഥം?”

അവളുടെ കൈ രണ്ടും കൂട്ടിപ്പിടിച്ചുകൊണ്ടയാൾ പറഞ്ഞു. "എന്റെ കാര്യം കളയൂ. എന്റെ വിശ്വാസവും വാത്സല്യവും ഞാനാശിച്ചാൽപോലും എന്നെ വിട്ടുമാറുകയില്ല".

ആ വാക്കുകൾ അവളുടെ വൈരാഗ്യബുദ്ധിയെ കണ്ണീരായി രൂപാന്തരപ്പെടുത്തി. ഭർത്തൃവക്ഷസ്സിൽ ചേർന്നുനിന്നുകൊണ്ടവൾ ചോദിച്ചു. "പിന്നെ ഞാൻ പോകുന്നതിലെന്തു തെറ്റ്?"

അവളുടെ തലയിൽ തലോടിക്കൊണ്ടയാൾ പറഞ്ഞു. "വ്യക്തിക്കു തെറ്റെന്നു തോന്നാത്ത പലതും സമുദായത്തിന്റെ കണ്ണിൽ തെറ്റാണ്".

"ആ സമുദായം നശിച്ചുപോട്ടെ".

"എന്നു പറഞ്ഞാലായോ? . . . അതുകൊണ്ടു ഞാൻ പറഞ്ഞതു കേൾക്കുക. നാളെ നമുക്കു ആശുപത്രിയിൽചെന്നു സതീശനെ പേവാർഡിൽ മാറ്റിക്കിടത്തി പ്രത്യേകം നഴ്സിനെ ഏർപ്പാടുചെയ്യാം. അതു പോരെ?"

കരഞ്ഞുകൊണ്ടു നിന്നിരുന്ന സരോജിനി ഒന്നും മിണ്ടിയില്ല. അയാൾ ചോദിച്ചു "സതീശന്റെ സ്ഥാനത്തു ഞാനായിരുന്നെങ്കിൽ അത്രയുംകൊണ്ട് സരോജം തൃപ്തിപ്പെടുമായിരുന്നില്ലേ?"

"തീർച്ചയായും ഇല്ല" അവൾ പൊട്ടിക്കരഞ്ഞു. "സ്നേഹമുള്ളവർ ചാവാൻ കിടക്കുമ്പം വീട്ടിലെങ്ങനെസമാധാനമായിരിക്കും?"

ഇനിയെന്തു പറയണമെന്നറിയാതെ അയാൾ നിശ്ശബ്ദം നിന്നു. രോദനംകൊണ്ടസ്ഫുടമെങ്കിലും ദൃഢമായ സ്വരത്തിലവൾ പറഞ്ഞു. "ഇന്നൊരു രാത്രി ഇങ്ങനെ പോകട്ടെ. നാളെ രാവിലെ ഞാൻ ആശുപത്രിയിൽ പോവും"

"എന്നിട്ടെപ്പോൾ തിരിയെ വരും?"

"സതിയ്ക്കു എന്നെക്കൊണ്ടുള്ള ആവശ്യം കഴിഞ്ഞിട്ട്".

വ്യാവസായികമായ ക്ഷതത്തിന്റെ പുറത്തു വൈകാരികമായ ആ പ്രഹരവും കൂടെയായപ്പോൾ ഉണ്ണിത്താനു ദുസ്സഹവേദന തോന്നി. എങ്കിലും അയാളുടെ പ്രായോഗികബുദ്ധി പ്രവർത്തിച്ചു. കണ്ണീരിന്റെ നനവുചേർന്ന ഗംഭീരസ്വരത്തിലയാൾ പറഞ്ഞു. "എന്തായാലും

ആളുകളെക്കൊണ്ട് എന്നെ പുച്ഛിപ്പിക്കാൻ തീരെ നിവൃത്തിയില്ല. അതുകൊണ്ടു സരോജ ത്തിന്റെ ഇഷ്ടം നടത്താൻ ഒരൊറ്റ വഴിയേയുള്ളു."

അവൾ ശ്വാസംപിടിച്ചുകൊണ്ടു ചോദിച്ചു. "എന്താണത്?"

സരോജിനിയെ തന്റെ ദേഹത്തിൻനിന്നകറ്റിനിർത്തി, അയാൾ തിരിഞ്ഞുനിന്നു കൊണ്ടു പറഞ്ഞു. "നാളെ നമ്മുടെ വിവാഹം വിടർത്തിക്കളയാം."

ഭർത്താവിന്റെ പ്രവൃത്തിയും വാക്കുകളും അവളെ നിർജ്ജീവയാക്കി. ആ വെറും നിലത്തിരുന്നു അവൾ ഏങ്ങിക്കരയാൻ തുടങ്ങി.

തന്റെ വിധിയെ മാറ്റിയെഴുതാനുതകുന്ന എന്തെങ്കിലുമൊരു നിർദ്ദേശം സരോജി നിയിൽനിന്നുണ്ടാകുമെന്നയാൾ പ്രതീക്ഷിച്ചു . . . ആ മഞ്ഞത്തങ്ങനെ ഒരേ നില്പിൽ നിന്നു. തന്റെതൊണ്ട വേദനിക്കുമ്പോലയാൾക്കു തോന്നി. അപ്പോഴും നിറുത്താതെ കരയു കയായിരുന്നു സരോജിനി. അയാൾ ആ ഇരിപ്പിലവളെവിട്ടിട്ടു മുറിക്കകത്തു പോയി. . .

കരച്ചിൽ നിർത്തി, ആലോചിയ്ക്കാൻ സരോജിനി ശ്രമിച്ചു. പക്ഷേ സതീശന്റെ നിസ്സഹായമായ അവശശരീരം അവളുടെ ചിന്താഗതിക്കുമുമ്പിൽ ഉയർന്നുനിന്നു. ദാമ്പ ത്യത്തിനുവേണ്ടി സൌഹൃദത്തോടുള്ള കടപ്പാടു വേണ്ടെന്നുവെച്ചിട്ടു ജീവിക്കുന്നതെങ്ങനെ?

ചിന്തിച്ചുചിന്തിച്ചും കരഞ്ഞുകരഞ്ഞും സരോജിനിയുടെ കരളുംകായവും തളർന്നു. ആ വെറുംതറയിൽ അവൾ ചുരുണ്ടുകൂടിക്കിടന്നു. പിറ്റേന്നു രാത്രി ആ സമയത്തു, അന്യചിന്തകൾക്കിടംകൊടുക്കാത്ത ഏകാഗ്രതയോടെ ആശുപത്രിയിലിരുന്നു സതീശനെ ശുശ്രൂഷിക്കുകയായിരുന്നു സരോജിനി.

...... ....... ....... ....... ....... ....... ....... ....... ....... ....... ....... ....... ....... ....... .......

ഉണങ്ങിവരണ്ട ചുണ്ടുകൾ നാവുകൊണ്ടു നനച്ചിട്ട്, തലയണയിൽ തലയിട്ടു തട്ടി ക്കൊണ്ടു സതീശൻ പറഞ്ഞു. "സരോജം, ദാഹിക്കുന്നു."

വായിച്ചുകൊണ്ടിരുന്ന വിനോദമാസിക മേശപ്പുറത്തു വെച്ചിട്ടു സരോജിനി എണീറ്റു. അവിശ്രമമായ പരിചര്യയിൽ അവളുടെ ദേഹം മെലിഞ്ഞുപോയിരുന്നു. അവളുടെ കവി ളിലെ വിളർച്ചയും കണ്ണിലെ കാതരതയും കൂട്ടിക്കൊണ്ടാണ് ഓരോ നാളും കടന്നുപോയത്. മരുന്നിനേക്കാൾ ശുശ്രൂഷയാണ് സതീശന്റെ രോഗനിലയെ നിയന്ത്രിക്കുന്നതെന്നു ഡാക്ടർ

പറഞ്ഞു. അവളുടെ ഏകാഗ്രമായ ശുശ്രൂഷ ആപൽക്കരമായ രോഗസന്ധികളിൽനിന്നു സതീശനെ രക്ഷപ്പെടുത്തി.

വെള്ളം കുടിച്ചുകഴിഞ്ഞപ്പോൾ സതീശൻ ചോദിച്ചു "ഡാക്ടർ എന്തു പറഞ്ഞു?"

"രണ്ടു ദിവസത്തിനകം വീട്ടിൽ പോകാമെന്ന്".

സരോജിനി വീണ്ടും ഇരുന്നു മാസിക വായിക്കാൻ തുടങ്ങി. അയാൾ കുറേ നേരം അവളെ നോക്കിക്കൊണ്ടു കിടന്നിട്ടു പറഞ്ഞു. "നേരത്തേ പരിചയമില്ലാത്തവരെ വിവാഹം കഴിയ്ക്കുന്നതു ഒരുതരത്തിൽ മണ്ടത്തരമാണ്, അല്ലേ, സരോജം?"

സരോജിനിയുടെ ദീനമായ മുഖം വിവർണ്ണമായി. അവൾ പറഞ്ഞു. "ഓ: വിവാഹം വെറുമൊരു ഭാഗ്യപരീക്ഷയല്ലേ? പരിചയക്കാരെന്ന നിലയിൽ അന്യോന്യം സ്നേഹിക്കാൻ കഴിയുന്നവരെ ദാമ്പത്യം വെറുപ്പിച്ചെന്നും വരാം".

ചെറിയൊരു നിശ്ശബ്ദതയ്ക്കുശേഷം, സ്വാഗതമെന്നപോലെ സതീശൻ പറഞ്ഞു. "ഉണ്ണിത്താനദ്ദേഹം ഭാഗ്യവാനാണ്".

ഹൃദയത്തിൽ സൂചി തുളഞ്ഞുകയറുന്ന അനുഭവമുണ്ടായി സരോജിനിയ്ക്ക്. അവൾ മുഖമുയർത്തി അമര്യാദമായ സ്വരത്തിൽ ചോദിച്ചു. "എന്തുകൊണ്ട്?"

അയാൾ തുടർന്നുപറഞ്ഞു. "സരോജവും ഭാഗ്യവതിയാണ്. ഇങ്ങനെ പരസ്പരം പ്രവൃത്തിസ്വാതന്ത്ര്യം കൊടുക്കാൻ എത്ര ഭാര്യാഭർത്താക്കൻമാർക്കു കഴിയും?"

അവൾ വെറുപ്പോടെ പറഞ്ഞു. "ഈ നശിച്ച സമുദായമല്ലേ അതിനു കാരണം?"

" അതുമാത്രമല്ല സ്വരക്ഷയെ ഉദ്ദേശിച്ചും കൂടെയാണ് . . . എനിയ്ക്കു ബോധം വീണതിൽ പിന്നെ ഉണ്ണിത്താനദ്ദേഹം ഇവിടെ വരാത്തതെന്ത്?"

സതീശൻ മൂന്നാലു പ്രാവശ്യം ചോദിച്ച ആ ചോദ്യത്തിന് ഇനിയും ഉത്തരം പറയാതിരിയ്ക്കണ്ട എന്നുവച്ചവൾ പറഞ്ഞു. "ഇനിയുമദ്ദേഹമിവിടെ വരുന്നതെന്തിന്?"

"ഇനിയുമെന്നുവച്ചാൽ?"

"ഞങ്ങൾ തമ്മിലുള്ള ബന്ധം വിടർത്തപ്പെട്ടതിനുശേഷവും--"

സതീശൻ കണ്ണിമയ്ക്കാതെ അവളെ നോക്കി, തന്റെ ചിരകാലസഖിയുടെ സ്വഭാവവിശേഷങ്ങൾ അറിയാമായിരുന്നിട്ടും അയാൾ ചോദിച്ചു. "അതിനു കാരണമെന്ത്?"

വാതിലിലേക്കൊന്നു നോക്കിയിട്ടു സരോജിനി പറഞ്ഞു. "ഇതാ കാമാക്ഷിയും കുഞ്ഞും വരുന്നു."

സതീശൻ പറഞ്ഞു. "വരട്ടെ. എനിക്കല്പം വെള്ളം തരൂ."

കുഞ്ഞിന്റെ കയ്യുംപിടിച്ചുകൊണ്ട് കാമാക്ഷി മുറിക്കകത്തു കടന്നു. ഭർത്താവിനു കുടിക്കാൻ വെള്ളം പിടിച്ചുകൊടുക്കുന്ന സരോജിനിയെക്കണ്ട് അവൾ അപ്പാടെ നിന്നു. സരോജിനി കുശലച്ചിരിയോടെ അവളെ നോക്കി. സതീശൻ പതുക്കെപ്പറഞ്ഞു. "കാമാക്ഷി ക്കിപ്പോഴെങ്കിലും വരാൻ തോന്നിയതു വലിയ കാര്യം."

"കൊള്ളാം! ഭർത്താവിനെക്കൂടെ വേണ്ടെന്നു വച്ചിട്ടു കൂട്ടുകാരി ഇങ്ങു വന്നിരി യ്ക്കയല്ലേ?" അവൾ സരോജിനിയുടെ നേരെ തിരിഞ്ഞു തുടർന്നു. "ആ കെഴവന്റെ പണമെല്ലമാം പിടിച്ചുപറിച്ചിട്ടു ചെറുപ്പക്കാരന്റെ പുറകേ കൂടിയിരിയ്ക്കയാണോ?"

സരോജിനി നിശ്ശബ്ദം നിന്നു. സതീശന്റെ എല്ലുയർന്ന മുഖത്തെ ഉന്തിയ കണ്ണു കളിൽ കഠിനമായ കോപം നിഴലിക്കുന്നതു കണ്ടു കാമാക്ഷി പറഞ്ഞു. "കുറേ ദിവസ മായി ഞാൻ അമ്മാവന്റെ വീട്ടിലായിരുന്നു. ഇവിടെ വന്നപ്പം കേട്ട വിശേഷം!.....ഹോ! പിന്നെല്ലാരും കൂട്ടുകാരില്ലാതെയാണ് വളർന്നത്. ഇതൊരുമാതിരി കൊള്ളാം! ഒരു കാര്യം ചോദിച്ചിട്ട് ഞാൻ പൊയ്ക്കൊള്ളാം ഇങ്ങനെ ഒരുത്തി കൈവശമുണ്ടെങ്കിൽ, പിന്നെന്തി നാണു എനിക്കീപാടൊക്കെ വരുത്തിവെച്ചത്?" അവൾ കുഞ്ഞിനെ സതീശന്റെ അടുക്ക ലേക്കുന്തി. "ഇതാ അന്യന്റെ കുഞ്ഞിനെ വളർത്താൻ എനിയ്ക്കു തലയിലെഴുത്തൊന്നു മില്ല." എന്നിട്ടവൾ സരോജിനിയുടെ നേരെ ചീറ്റി. "എനിക്കില്ലാത്ത ചേതമാണ് നിങ്ങൾക്ക്! മാനവും മര്യാദയുമില്ലാതിങ്ങനെ"––

അവൾ തിരിഞ്ഞുനടന്നു. തനിയ്ക്കുപറ്റിയ ഭീമമായ അബദ്ധം ആ നിമിഷത്തിൽ സരോജിനിയ്ക്കു മനസ്സിലായി. ആ ഭാര്യാഭർത്താക്കൻമാരുടെ ഇടയിൽ മണ്ടത്തരം കൊണ്ടു കടന്നുകൂടിയ ഒരന്യയാണ് താൻ. കയ്യിലെടുത്ത മരുന്നുകുപ്പി തിരിയെ വെച്ചിട്ടു, കാമാക്ഷിയെ പിടിച്ചുനിർത്തി ക്ഷമാപണസ്വരത്തിലവൾ പറഞ്ഞു. "ഞാൻ ചെയ്തതു തെറ്റാണു കാമാക്ഷീ. ഭാര്യയ്ക്കാണ് ഭർത്താവിനെ ശുശ്രൂഷിക്കാനവകാശം. ആരും നോക്കാതെ അയാൾ ചത്തുപോയാൽ അവൾക്കല്ലേ നഷ്ടം? അക്കാര്യം – എനിയ്ക്ക് – എനിയ്ക്ക് – ഞാൻ മറന്നുപോയി സതി––"

“ആ ഓമനപ്പേരുവിളി ഒന്നു നിർത്തണം” കാമാക്ഷി സരോജിനിയുടെ കൈതട്ടിയെറിഞ്ഞു. “കൊച്ചിലേ കൂട്ടുകാരെന്നും പറഞ്ഞു ഇങ്ങനൊരു പൂരായമുണ്ടോ?”

സരോജിനിയ്ക്ക് എല്ലാം മനസ്സിലായി. സമുദായത്തിന്റെ പലേ ചോദ്യങ്ങൾക്കും ഉത്തരം നൽകിവേണം വ്യക്തി ജീവിയ്ക്കാൻ സ്വന്തം ഹൃദയശുദ്ധിയല്ല, സമുദായത്തോടുള്ള ഭയമാണ് ജീവിതരീതിയെ നിയന്ത്രിക്കേണ്ടത് .......

സരോജിനി വീട്ടിൽച്ചെന്നപ്പോൾ, രണ്ടുപേരെ പടിയ്ക്കൽവെച്ചു കണ്ടുമുട്ടി. ഉണ്ണിത്താന്റെ ആത്മമിത്രമായ വക്കീൽ പറഞ്ഞു. “ആശുപത്രിയിലേക്കു വരാൻ തുടങ്ങുകയായിരുന്നു ഞങ്ങൾ. രോഗം പകരാത്തതു ഭാഗ്യം! ശരീരമെങ്ങനെ ക്ഷീണിച്ചുപോയി!”

അവർ മൂന്നുപേരും വീട്ടിനകത്തു കയറി. ഇരുന്നതിനുശേഷം വക്കീൽ പറഞ്ഞു. “നാളെയാണ് നമ്മുടെ വായനശാലയുടെ ഉൽഘാടനം.”

സരോജിനി ഒന്നും മിണ്ടിയില്ല. എന്തുകാരണത്താലാണോ ആ കാര്യം ഏറ്റെടുക്കപ്പെട്ടത്, ഇന്ന് അതിന്റെ അസ്ഥിവാരം പോലും തകർന്നുപോയിരിക്കുന്നു! തെല്ലൊരു മൌനത്തിനുശേഷം അയാൾ പറഞ്ഞു. “കാര്യപരിപാടിയിൽ ചില മാറ്റങ്ങളുണ്ട്. ഇദ്ദേഹത്തിന്റെ അച്ഛനാണ് ഉല്ഘാടനം ചെയ്യുന്നത്.”

അസുഖകരമായ ഒരവസ്ഥയിൽനിന്നു രക്ഷപ്പെടാൻവേണ്ടി ഉണ്ണിത്താൻ പിന്മാറിയതായിരിക്കണം എന്നവൾ വിചാരിച്ചു. വലിയൊരുസദസ്സിന്റെ മുമ്പിൽവെച്ചു തന്നെ കണ്ടുമുട്ടുന്നത് ആ അഭിമാനി എങ്ങിനെ സഹിയ്ക്കും? . . . മേശമേൽ കൈമുട്ടുകളൂന്നി കയ്പടത്തിൽ താടി താങ്ങി കുറേനേരമിരുന്നിട്ട് സ്വാഭാവികസ്വരത്തിലവൾ ചോദിച്ചു. “അദ്ദേഹത്തിനു വയ്യെന്നു പറഞ്ഞോ?”

“അല്ലാ!” വക്കീൽ വിസ്മയപൂർവ്വം ചോദിച്ചു. “അദ്ദേഹം കിടപ്പിലായതറിഞ്ഞില്ലേ?”

രോഗങ്ങളുടെ ഋതുവാണതെന്ന് സരോജിനിക്കു തോന്നി. ഉണ്ണിത്താന്റെ രോഗസ്ഥിതിയെപ്പറ്റി തീരെ ഉൽക്കണ്ഠകാണിക്കാതെ പുഞ്ചിരിയോടെ വക്കീലിന്റെ കൂട്ടുകാരനെ നോക്കിക്കൊണ്ടവൾ പറഞ്ഞു. “ഇതാരാന്നറിഞ്ഞുകൂടാ.”

“മദ്രാസിലെ ഒരു വലിയ ഡോക്ടർ. എന്റെ ഭാര്യയുടെ അനുജൻ. ഇദ്ദേഹമാണിപ്പോൾ ഉണ്ണിത്താനെ ചികിത്സിക്കുന്നത്.”

സരോജിനി എണീറ്റു. "എനിയ്ക്കു തീരെ സുഖമില്ല – എല്ലാംകൊണ്ടും. എന്നാലും നിങ്ങളെ വിഷമിപ്പിയ്ക്കണ്ടെന്നുവെച്ച് ഞാൻ വരാം."

"അതുമതി" ആഗതരും എണീറ്റു. ഡാക്ടർ പറഞ്ഞു. "എന്നാൽ നാളെ വൈകീട്ട് നാലുമണിക്ക് ഞാൻ വരും."

അവർ പടിക്കലെത്തിയപ്പോൾ സരോജിനി വിളിച്ചുചോദിച്ചു. "അദ്ദേഹത്തിന്റെ സുഖക്കേടെങ്ങനെയിരിക്കുന്നു?"

വക്കീൽ തിരിയെ അവളുടെ സമീപം ചെന്നു പറഞ്ഞു. "കുറേ കൂടുതലെന്നു വേണം പറയാൻ."

സരോജിനിയുടെ മനസ്സാക്ഷിക്കു പറ്റിയ മുറിവ് മുഖത്തെ വിവർണ്ണമാക്കി. അതുകൊണ്ട് വക്കീൽ പറഞ്ഞു. "കാര്യമെല്ലാം ഞങ്ങളോടദ്ദേഹം പറഞ്ഞു. വല്ലാത്ത മുരട്ടുസ്വഭാവവും വെച്ചുകൊണ്ട് ഒരു പെൺകുട്ടിയുടെ ജീവിതസുഖം നശിപ്പിക്കുന്നതു കഷ്ടമാണെന്ന് ഇപ്പോഴെങ്കിലും അദ്ദേഹത്തിനു തോന്നിയല്ലോ. ലോകത്തു എല്ലാം അദ്ദേഹത്തിനു ബിസിനസ്സാണ്. ഹൃദയമൃദുലത തീരെയില്ലാത്ത ബുദ്ധിയിലാണ് ആ ജീവിതം നിലനിൽക്കുന്നത്. അതുകൊണ്ടാണ് ഇക്കാര്യത്തിലദ്ദേഹത്തിന് തോൽവിപറ്റി മാറേണ്ടിവന്നത്."

സരോജിനിയ്ക്കു കാര്യം മനസ്സിലായി. വിവാഹമോചനത്തിന്റെ കുറ്റം അദ്ദേഹം ഏറ്റെടുത്തിരിയ്ക്കയാണ്! ഭർത്താവിന്റെ അസീമമായ വാത്സല്യവർഷത്തെപ്പറ്റി അവൾ സ്മരിച്ചു. എപ്പോഴത്തെയും പതിവിനു വിരുദ്ധമായി ദാമ്പത്യജീവിതത്തിൽ ഹൃദയമൃദുലതയ്ക്കദ്ദേഹം മുൻഗണനനൽകി. അത് പരസ്യവും ഭയങ്കരവുമായ തോൽവിക്കിടയാക്കുകയും ചെയ്തു.

ആഗതൻ പോയി. അവൾ തനിച്ചായപ്പോൾ സരോജിനി ചുറ്റും നോക്കി. വിവാഹമോചനം കഴിഞ്ഞയുടനെ അവൾ ആശുപത്രിയിൽ പോയതാണ്. എന്തെല്ലാമാണതിനകം വീട്ടിനകത്തുണ്ടായ മാറ്റങ്ങൾ? ഭയങ്കരമായ ഒരു ശൂന്യത സരോജിനിയ്ക്കനുഭവപ്പെട്ടു. ഓരോ വസ്തുവും ആഹ്ലാദപ്രദമായ എന്തെങ്കിലും സംഭവത്തെ അനുസ്മരിപ്പിച്ചു. അത് അവളുടെ ഹൃദയത്തിലെ ശൂന്യതയെ ദുസ്സഹമാക്കി.

അവൾ മുകളിൽചെന്ന്, സാരിത്തുമ്പിൽ കെട്ടിയിരുന്ന താക്കോൽക്കൂട്ടമെടുത്ത് മുറിതുറന്നു. വാതിൽപ്പടിയിൽ നിന്നുകൊണ്ടുതന്നെ അവൾ അതിനകം മുഴുവനൊന്നു കണ്ണോടിച്ചു. അന്നു ഭർത്താവിനെക്കൊണ്ട് നിർബ്ബന്ധിച്ചു കാപ്പി കുടിപ്പിച്ചശേഷം തിരിയെവച്ച കപ്പ് അപ്പോഴും ആ സ്ഥിതിയിലിരിക്കുന്നു; അന്നു സിനിമകാണാനെടുത്ത ബാങ്ക്ളൂർസാരി പിറ്റേന്നു രാവിലെ അയലിലെറിഞ്ഞത് അതുപോലെ കിടക്കുന്നു.

ഭർത്താവിന്റേതുമാത്രമായ സാധനങ്ങളിൽ ഒരൊറ്റ കടലാസുകഷ്ണംപോലും – ഒരു സിഗരറ്റുതുണ്ടെങ്കിലും അതിനകത്തില്ല.

രണ്ടു ഹൃദയങ്ങളുടെ – ശരീരങ്ങളുടെയും – സുഖാനുഭവങ്ങളുടെ ശവകുടീരമായിക്കഴിഞ്ഞ ആ മുറിയിൽനിന്ന് അവൾ മട്ടുപ്പാവിലിറങ്ങി. അന്നു തന്റെ തലയിൽനിന്നു വീണ കനകാംബരപ്പൂമാല ഉണങ്ങിക്കരിഞ്ഞിരുന്നെങ്കിലും അതിന്റെ നിറം മാഞ്ഞിരുന്നില്ല.

ഒരു പാദശബ്ദംകേട്ട് സരോജിനി തിരിഞ്ഞുനോക്കി. വയസ്സായ വേലക്കാരി ചോദിച്ചു. "കുഞ്ഞു താഴെവരുന്നോ? അതോ കാപ്പി ഇങ്ങുകൊടുത്തയയ്ക്കട്ടോ?"

"കൊടുത്തയച്ചാൽമതി" അവരെ അവൾ നിർന്നിമേഷം നോക്കി. "നിങ്ങളെന്താണദ്ദേഹത്തിന്റെ കൂടെ പോകാത്തത്?"

നിമിഷംകൊണ്ടു നിറഞ്ഞ കണ്ണുകൾതുടച്ചുകൊണ്ടവൾ പറഞ്ഞു. "അങ്ങുന്നതിന് സമ്മിതിച്ചില്ല. കുഞ്ഞിനെവിട്ട് ഞാനെങ്ങും പോവരുതെന്ന് അങ്ങുന്നു പറഞ്ഞു."

ജീവിതത്തിലെ ആനന്ദകരമായ ഒരവകാശം തന്നിൽനിന്നു സരോജിനി നിമിത്തം പിടിച്ചുപറിക്കപ്പെട്ടു എന്ന ധ്വനി അവരുടെ വാക്കുകളിൽ മുഴങ്ങി. വലിയൊരു നഷ്ടത്തിന്റെ ബോധം സരോജിനിയ്ക്കുണ്ടായി ആത്മാർത്ഥമല്ലാത്ത പുഞ്ചിരിയോടെ അവൾ ചോദിച്ചു. "പിന്നെന്തെല്ലാമങ്ങുന്നു പറഞ്ഞു?"

സരോജിനിയുടെ വിനോദഭാവം വൃദ്ധയ്ക്കു തീരെ പിടിച്ചില്ല. യജമാനനെ ഓർത്ത് നീരസം പുറത്തുകാണിക്കാതെ അവൾ പറഞ്ഞു. "സമയാസമയത്തിന് ആശുപത്രിയിൽ ആഹാരമെത്തിക്കണം, കുഞ്ഞിനെ സ്വന്തം കുഞ്ഞിനെപ്പോലെ നോക്കിക്കൊള്ളണം എന്നെല്ലാമങ്ങുന്നു പറഞ്ഞു."

തുടർന്നു എന്തൊക്കെയോ പിറുപിറുത്തുകൊണ്ട് അവരിറങ്ങിപ്പോയി.

ആഹാരം കഴിഞ്ഞിട്ട് നല്ലപോലൊന്നു കിടന്നുറങ്ങി ക്ഷീണം തീർക്കണമെന്ന് സരോജിനി നിശ്ചയിച്ചു.

പക്ഷേ അന്നുരാത്രി അവളുറങ്ങിയില്ല; കിടന്നുപോലുമില്ല. തലേന്നുവരെ രോഗി ശുശ്രൂഷയിൽ ബന്ധിച്ചുനിർത്തിയിരുന്ന മനസ്സിന് സ്വാതന്ത്ര്യം കിട്ടിയപ്പോൾ, പലതും അതിനെ അലട്ടാൻ തുടങ്ങി. അടുത്തമുറിയിൽ വൃദ്ധയുടെ കൂർക്കംവലി കേൾക്കാമായിരുന്നു. മുറ്റത്തുകിടന്നു കടിപിടികൂടിയ പട്ടികളുടെ നീണ്ട മോങ്ങലുകൾ അതിനകത്തെ ഏകാന്തതയെ ഭയാനകമായി ഭഞ്ജിച്ചുകൊണ്ടിരുന്നു.

*　　*　　*　　*　　*　　*　　*

വായനശാലയുടെ ഉൽഘാടനം കഴിഞ്ഞ് രാജഗാനംപാടി യോഗമവസാനിപ്പിച്ചപ്പോൾ വക്കീലിന്റെ മകൾ ശ്യാമള, സരോജിനിയുടെ കയ്യിൽ പിടിച്ചുകൊണ്ട് പറഞ്ഞു. “എന്റെ വീട്ടിലൊന്നു വന്നിട്ടുവേണം ചേച്ചിപോകാൻ. എന്റെ കുഞ്ഞമ്മയ്ക്കു ചേച്ചിയെ കാണാൻ എന്താശയാണെന്നോ? ചേച്ചി വരികില്ലേ?”

വക്കീലിന്റെ മുഖത്തും വാചാലമായ ക്ഷണം കാണപ്പെട്ടു. സരോജിനി ചോദിച്ചു. “കുഞ്ഞമ്മ എന്താണിങ്ങോട്ടു വരാത്തത്?”

“ചിറ്റപ്പൻ മരിച്ചതില്പിന്നെ കുഞ്ഞമ്മ എങ്ങും പോവുകില്ല.” ശ്യാമള ചിരിച്ചുകൊണ്ടു പറഞ്ഞു. “അതെന്തു മണ്ടത്തരമാണെന്നു നോക്കണം. ഞാനാണെങ്കിൽ ഉപദ്രവമൊഴിഞ്ഞല്ലോ എന്നുവച്ച് ആശ്വസിച്ചേനേ.”

സരോജിനി വാത്സല്യപൂർവ്വം ശ്യാമളയെ നോക്കി. പാവം കുട്ടി എന്തനുഭവിച്ചിട്ടാണ് അവളതു പറയുന്നത്? വിവാഹം കഴിയുന്നതുവരെ, പുറമെ കളി പറയുക; അകമേ സ്വപ്നം കാണുക. അതു കഴിഞ്ഞാൽ. . .

അതെ, ഭർത്താവിന്റെ പരിചര്യ ഭാര്യയുടെ അവകാശമാണെന്നു പറയാൻ ആ കാമാക്ഷിക്കുപോലുമറിയാം.

യോഗസ്ഥലത്തുനിന്നു വക്കീലിന്റെ വീട്ടിൽ പോകുന്ന വഴിക്ക് ഒരു ബംഗ്ലാവിന്റെ മുമ്പിൽ കാർ നിർത്തി വക്കീലിറങ്ങി. സരോജിനി ശ്വാസം പിടിച്ചുകൊണ്ട് ചോദിച്ചു. “അതാരുടെ വീട്?”

ഡോക്ടറോട് "വേഗം തിരിയെ വരണം" എന്ന് പറഞ്ഞു, സരോജിനിയെ തൊഴുതു നന്ദി പറഞ്ഞിട്ടു വക്കീൽ പടികടന്നകത്ത് പോയി. കാർ നീങ്ങിയപ്പോൾ ഡോക്ടർ പറഞ്ഞു. "അത് ഉണ്ണിത്താനദ്ദേഹത്തിന്റെ വീടാണ്. അവർ തമ്മിൽ വലിയ കൂട്ടല്ലേ? മീറ്റിങ്ങിന്റെ വിശേഷങ്ങൾ ചൂടോടെ പറഞ്ഞുകേൾപ്പിയ്ക്കാൻ പോകയാണ്."

സരോജിനിയുടെ ഹൃദയത്തിൽ വിവിധ ചിന്തകളുടെ ഒരു കൂട്ടിക്കലങ്ങളുണ്ടായി. കാർ നിർത്തിച്ച് അവിടെയിറങ്ങി അദ്ദേഹത്തിനെ ഒന്നു കണ്ടാലെന്ത്? ഛേ, തന്നെ കാണണ്ടാത്ത, തനിയ്ക്കൊരു ബന്ധുവും ശേഷിച്ചിട്ടില്ലാത്ത, ഒരാളിന്റെ മുമ്പിൽ വലിഞ്ഞ് കേറിച്ചെല്ലാനോ!

ശ്യാമളയുടെ വീട്ടിൽച്ചെന്നയുടൻ അവളൊരു ഫോട്ടോ ആൽബം സരോജിനിയുടെ കയ്യിൽ കൊടുത്തിട്ടു പറഞ്ഞു. "ചേച്ചി ഇതൊന്നു നോക്കിക്കൊണ്ടിരിക്കണം. കുഞ്ഞമ്മയെ ഇപ്പം വിളിച്ചുകൊണ്ടുവരാം."

പടം കണ്ടു രസിക്കാനുള്ള മനഃസ്ഥിതിയല്ലായിരുന്നു സരോജിനിയ്ക്കപ്പോൾ. അവൾ വെറുതെ ജന്നലിന്നടുക്കൽ ചെന്നുനിന്നു വെളിയിലേയ്ക്കു നോക്കി.

ഗോപുരാകൃതിയിൽ കെട്ടിപ്പടുത്ത ഒരു ചെറിയ മണ്ഡപത്തിനകത്ത് ഒരു നിലവിളക്കു കത്തിക്കൊണ്ടിരിക്കുന്നതവൾ കണ്ടു. അതിന്റെ മുമ്പിലൊരു സ്ത്രീയും നില്പുണ്ട് കണ്ണടച്ചു കൈകൂപ്പി.

സരോജിനി വേഗം പുറത്തിറങ്ങി. ആ സ്ത്രീയുടെ തോളിൽ തൊട്ടുകൊണ്ട് മന്ദസ്വരത്തിലവൾ ചോദിച്ചു "ഇതെന്തോന്നു? കൊച്ചു അമ്പലമോ?"

കണ്ണുതുറന്നു, നിലവിളക്കിലെ തിരി ചൂണ്ടിയിട്ടവർ പറഞ്ഞു. "എനിയ്ക്കിതല്ലാതെ അമ്പലവുമില്ല; ദേവരുമില്ല. എന്റെ കുഞ്ഞുങ്ങളുടെ അച്ഛന്റെ അസ്ഥിത്തറയാണിത്."

ആ ഭർതൃഭക്തി കണ്ട് സരോജിനിയുടെ ഹൃദയം ചലിച്ചു. ആരാണ് മുമ്പിൽ നിൽക്കുന്നതെന്നു ഗ്രഹിച്ച ആ സ്ത്രീ പറഞ്ഞു. "കർമ്മബന്ധംകൊണ്ടു വന്നുകൂടിയതാണിതെല്ലാം. പറിച്ചെറിഞ്ഞാലും മരിച്ചുപോയാലും അതൊന്നും വിട്ടുപോവൂല്ല. ആണുങ്ങളല്ലേ? നാലാനാലുപേരുടെ വെട്ടത്തിറങ്ങിനടക്കുന്നവരുടെ കണ്ണിൽ നമുക്കു പല കുറ്റങ്ങളും കാണും. ശകാരിച്ചാലും, അടിച്ചാലും, പിണങ്ങിയാലും ഉള്ളിലുള്ള ബന്ധം പോയ്പ്പോകുമോ?"

സരോജിനിയ്ക്ക് ഒരു പ്രഹരമേറ്റതുപോലെ തോന്നി. അവളിൽ മങ്ങിക്കിടന്ന അപരാധബോധത്തെ ആ വാക്കുകൾ ജ്വലിപ്പിച്ചു. ആ ബന്ധത്തിന്റെ മാഹാത്മ്യം, മരിച്ചു കഴിഞ്ഞിട്ടും ഇതാ പാലിയ്ക്കപ്പെടുന്നു. താനോ?. . .

അന്നു രാത്രിയും അവളുറങ്ങിയില്ല. രോഗാധീനനായ ഉണ്ണിത്താനെ അവൾ മനസാ കണ്ടു. ഭാര്യയുടെ കർത്തവ്യമനുഷ്ഠിയ്ക്കാത്ത താൻ എന്തു മഹാപാപിയാണ്! പെട്ടെന്നവളുടെ കണ്ണുകൾ ശയ്യയിൽ പതിഞ്ഞു. താനൊരു ഭാര്യയേ അല്ല എന്ന് അതവളെ ഓർമ്മിപ്പിച്ചു. ഉഭയസമ്മതപ്രകാരം ആ ബന്ധം ഖണ്ഡിച്ചശേഷം, എന്തു കടമയാണന്യോന്യം ശേഷിയ്ക്കുന്നത്?

പരമ്പരാഗതമായൊരു ധർമ്മബോധത്തിനധീനമായ മനസ്സാക്ഷിയും ഹൃദയവും ചേർന്നുള്ള ലഹളകൂട്ടലിൽ നിയമത്തിന്റെ ശബ്ദം മന്ദിച്ചുപോയി.

ഉറക്കംവരാതെ തിരിഞ്ഞും മറിഞ്ഞും കിടന്നവൾക്കു മതിയായി. എന്താണീ അസ്വാസ്ഥ്യത്തിനുള്ള ഹേതു?

അവളെണീറ്റു വിളക്കിട്ടു. ആ പ്രകാശം ഹൃദയത്തിലെ അശാന്തിയിലും ചെന്നടിച്ചതുപോലെ പെട്ടെന്നവൾക്കെല്ലാം മനസ്സിലായി. ഭർത്തൃസ്ഥാനമൊഴിഞ്ഞ ആളിന്റെ പ്രയത്നഫലത്തിലാണ് താൻ ഇന്നും ജീവിയ്ക്കുന്നത്! – ആ വീട്, പറമ്പ്, അതിനകത്തെ സാമാനങ്ങൾ, താനുടുത്തിരിക്കുന്ന വസ്ത്രങ്ങൾ – സർവ്വവും.

സ്ത്രീധനം നല്കുന്നതിനുപകരം ‘പുരുഷധനം’ കിട്ടണമെന്നു അവൾ ആവശ്യപ്പെട്ടതനുസരിച്ചാണ് ആ വിവാഹം നടന്നത്. ആ കരാറനുസരിച്ചാണെങ്കിൽ മനസ്സാക്ഷിയ്ക്കു വേദനയ്ക്കവകാശമില്ല. പക്ഷെ ആ ന്യായവാദവുമായിച്ചെന്ന ബുദ്ധിയുടെ നേരെ വികാരം ബധിരത നടിച്ചുകളഞ്ഞൂ . . .

സരോജിനിയ്ക്ക് വളരെ ജോലിത്തിരക്കുള്ള ദിവസമായിരുന്നു പിറ്റേന്ന്. ആ പറമ്പും വീടും ഉണ്ണിത്താനു കൊടുത്തുകൊണ്ടുള്ള പ്രമാണം റജിസ്റ്റർ ചെയ്തു, ബാങ്കിൽ കിടന്ന പണവുമെടുത്തപ്പോൾ മണി മൂന്നോളം കഴിഞ്ഞു. അവിടെനിന്നു അവൾ നേരെ ബസ്സ്സ്റ്റാന്റിലേക്കാണ് പോയത്.

ഹാൻഡ് ബേഗ് കയ്യിൽപ്പിടിച്ചു, കുടകക്ഷത്തിലിറുക്കി സരോജിനി ബസ്സിൽനിന്നിറങ്ങി വഴി അവൾക്കു നല്ല നിശ്ചയമില്ലായിരുന്നു. പോരെങ്കിൽ കണ്ണീർ ദർശനശക്തിയെ തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.

.......... .......... .......... .......... .......... .......... .......... .......... .......... .......... .......... .......

ഉണ്ണിത്താൻ പതുക്കെ കണ്ണുതുറന്നു.  അശക്തമായ ആ തലയ്ക്കകത്തു ആലോചനകൾ മറിഞ്ഞുകൊണ്ടിരുന്നു.  ആ വീട്ടിന്റെ പടിക്കൽക്കൂടെയാണ് സരോജിനി തലേന്നു രാത്രി കടന്നുപോയത്.  തന്റെ രോഗസ്ഥിതിയെപ്പറ്റി അവളറിയാഞ്ഞിട്ടല്ല, പക്ഷേ ആ ആസന്നമരണനെ കണ്ടുകളയാമെന്നുവച്ചുപോലും അവളതിനകത്തൊന്നു പ്രവേശിയ്ക്കാൻ തുനിഞ്ഞില്ല.

രോഗിയുടെ കണ്ണുകൾ എന്തോ ആവശ്യമുണ്ടെന്നു പറയുകയാൽ, പരിചര്യയ്ക്കേർപ്പെടുത്തിയിരുന്ന മെയിൽനേഴ്സ് ചോദിച്ചു.  “എന്തു വേണം?”

വക്കീലിനെ തനിച്ചൊന്നു കാണണമെന്നു അദ്ദേഹം മന്ദസ്വരത്തിൽ പറഞ്ഞു.

വക്കീൽ അടുത്തു ചെന്നപ്പോൾ ഉണ്ണിത്താൻ സ്നേഹിതനെ നിശ്ശബ്ദം കുറേ നേരം നോക്കി.  ഒടുവിൽ പറഞ്ഞു.  “എനിയ്ക്ക് വിൽ എഴുതിവയ്ക്കണം നിങ്ങളോടു പറഞ്ഞാൽത്തന്നെ മതി.  എന്നാലും എഴുതേണ്ടതിന്റെ ആവശ്യമുണ്ട്.”

മേശകട്ടിലിന്നടുക്കൽ പിടിച്ചിട്ട് വക്കീൽ എഴുതാനിരുന്നു.

വാചകങ്ങൾ പറഞ്ഞുകൊടുത്ത രോഗിയുടെ ശബ്ദമിടറുന്നത് ക്ഷീണംകൊണ്ടാണെന്നു വക്കീൽ ഊഹിച്ചു.

ഉണ്ണിത്താന്റെ സർവ്വസമ്പാദ്യവും സരോജിനിയ്ക്കു ദാനംചെയ്യുന്ന ആ പ്രമാണമെഴുതിത്തീർന്നപ്പോൾ വക്കീൽ എണീറ്റുനിന്നു രോഗിയെ നിർന്നിമേഷം നോക്കി.  അന്നേവരെ താൻ മനസ്സിലാക്കാത്ത ഒരാളാണ് ഈ കിടക്കുന്നതെന്നു ആ അവസാനമണിക്കൂർ കാണിച്ചുകൊടുത്തു.

സ്നേഹിതന്റെ നിരീക്ഷണം കഴിഞ്ഞപ്പോൾ ഉണ്ണിത്താൻ പറഞ്ഞു:  “ഇനി ഒരു കാര്യം കൂടെ.  സരോജത്തെ എനിയ്ക്കൊന്നു കാണണം എങ്ങിനെയെങ്കിലും നിങ്ങളവളെ കൊണ്ടുവരണം.  ഇനിയുമെനിയ്ക്കെന്തിനാണഭിമാനം?  ചത്തുകഴിഞ്ഞിട്ട് ആളുകൾ എത്ര പുച്ഛിച്ചാലെന്ത്?”

വക്കീലിന് അത്ഭുതത്തേക്കാൾ ആദരവും അനുകമ്പയുമാണ് തോന്നിയത്.  ഹൃദയാലുക്കളേക്കാൾ അലിയുന്ന ഹൃദയത്തിന്റെ ഉടമസ്ഥനാണോ, ഹൃദയമില്ലാത്തവനെന്നു വിശ്വസിക്കപ്പെട്ട ആൾ?

പ്രമാണത്തിൽ ഉണ്ണിത്താൻ ഒപ്പുവെച്ചു. ഡോക്ടറും വക്കീലും സാക്ഷി ഒപ്പുകളിട്ടു. രോഗിയുടെ നീട്ടിപ്പിടിച്ച കയ്യിലതു വെച്ചുകൊടുത്തിട്ട് വക്കീൽ അതിവേഗം മുറിയിൽനിന്നിറങ്ങിപ്പോയി . . .

സരോജിനിയുടെ ദേഹം അല്പം ചലിച്ചു. ചെറിയ ചലനത്തിൽപ്പോലും ശരീരത്തിനു വലിയ വേദന. അവൾ കണ്ണുതുറന്നു ചുറ്റും നോക്കി . . . ക്രമേണ, സംഭവങ്ങളെല്ലാം അവളുടെ ഓർമ്മയിലെത്തി. ചിന്താലീനയായി അവളൊരു വളവുതിരിഞ്ഞതും, ഫുൾസ്പീഡിലോടിച്ചുവന്ന കാർ സകല പ്രതിബന്ധങ്ങളും തട്ടിനീക്കി കടന്നുപോകാൻ ശ്രമിച്ചതും, കാറിൽനിന്നിറങ്ങിയ വക്കീലിന്റെ നീരക്തമായ മുഖവും--എല്ലാമവരോർത്തു.

അവരുടെ മുഖത്തുനോക്കി കുനിഞ്ഞുനിന്ന ഡോക്ടരോടവൾ ചോദിച്ചു. “ഇതെവിടം?”

“ഉണ്ണിത്താനദ്ദേഹത്തിന്റെ വീട്.”

ഹൃദയത്തിന്റെയോ ദേഹത്തിന്റെയോ വേദനയാൽ വളരെ നേരം കഴിഞ്ഞാണ് അവൾ അടുത്ത വാചകം പറഞ്ഞത്. “എനിക്ക് അദ്ദേഹത്തെ കാണണം.” അല്പസമയം കൂടെകഴിഞ്ഞ് അവൾ തുടർന്നു: “എന്റെ ബേഗിനകത്തൊരു കടലാസുണ്ട്. അതദ്ദേഹത്തിനു കൊടുക്കണം.”

ഡോക്ടർ തലയാട്ടിക്കൊണ്ടു ബേഗ് കയ്യിലെടുത്തു ആ സമയം ഉണ്ണിത്താന്റെ മുറിയിൽനിന്നു വക്കീൽ അവരുടെ അടുത്തുചെന്നു. ഡോക്ടർ ചോദിച്ചു: “അദ്ദേഹമെന്തുചെയ്യുന്നു?”

“ഇനിയും ബോധം വീണിട്ടില്ല.” കണ്ണീരിന്റെ നനവുണ്ടായിരുന്നു ആ സ്വരത്തിൽ. “ഞാൻ തനിയേ കേറിച്ചെന്നതു തെറ്റിദ്ധാരണയ്ക്കിടയാക്കി. അവർ വന്നിട്ടുണ്ടെന്നു പറയാൻ നാവുപൊങ്ങിയില്ല. അവരുടെ തല്ക്കാലസ്ഥിതിയറിഞ്ഞാൽ അദ്ദേഹമെങ്ങനെ താങ്ങും?”

കുറേക്കഴിഞ്ഞു വക്കീൽ ചോദിച്ചു: “ആശ സാധിച്ചുകൊടുക്കാൻ ഒരു വഴിയുമില്ലേ?”

ഡോക്ടർ ബേഗ് മേശമേൽവെച്ചു; “നോക്കട്ടെ” എന്നു പറഞ്ഞുകൊണ്ട് ഉണ്ണിത്താന്റെ മുറിയിൽ പോയി.

ആ മുറിയിൽനിന്നു വന്നയുടൻ ഡോക്ടർ പറഞ്ഞു: “ഞാനൊരു വഴികാണുന്നുണ്ട് ഉണ്ണിത്താനദ്ദേഹത്തെ കട്ടിലിൽ ചുമരിന്നടുത്തേയ്ക്കു നീക്കിക്കിടത്തണം.”

ഡോക്ടർ കാണുന്ന വഴിയെന്തെന്നു വക്കീൽ ഊഹിച്ചു. അദ്ദേഹം അടുത്ത മുറിയിലേയ്ക്കു പോയി.

ഇനിയും അമാന്തിയ്ക്കാൻ സമയമില്ലെന്നു ഡോക്ടർ കണ്ടു. ഒരു കുഞ്ഞിനെയെന്നപോലെ അദ്ദേഹം സരോജിനിയെ കൈത്തണ്ടമേൽ തൂക്കിയെടുത്തു.

ഡോക്ടറുടെ കൈകളിൽനിന്നു സരോജിനിയുടെ ചതഞ്ഞൊടിഞ്ഞ ശരീരം പതുക്കെ ഉണ്ണിത്താന്റെ കിടക്കയിലേയ്ക്കു മാറ്റപ്പെട്ടു. ദുസ്സഹമായ വേദനയാൽ അവളുടെ മുഖം ചുളിഞ്ഞു. അവളെ നേരേ കിടത്തിയിട്ടു ഡോക്ടർ അടുത്ത മുറിയിൽനിന്ന് അവളുടെ ബേഗും എടുത്തുകൊണ്ടുവന്നു. സരോജിനി പറഞ്ഞു: 'അദ്ദേഹമെവിടെ? അതിങ്ങു തരണം.'

ബേഗിൽനിന്നു ഡോക്ടർ വേഗം പ്രമാണമെടുത്ത്, അവളുടെ അനക്കാൻ വയ്യാത്ത വലങ്കയ്യിൽ വെച്ചുകൊടുത്തു. നമ്രമുഖനായി വക്കീൽ വാതിൽ കടന്നിറങ്ങിപ്പോകുന്നതദ്ദേഹം കണ്ടു.

സരോജിനിയുടെ തല ചുമരിന്നഭിമുഖമായി തിരിച്ചുവെച്ചിട്ടു ഡോക്ടർ കാത്തുനിന്നു.

ഉണ്ണിത്താൻ ബോധക്ഷയത്തിൽനിന്നുണർന്നു. ആ പ്രമാണം പിടിച്ച കൈ അല്പമൊന്നനങ്ങി. ആ ചുണ്ടുകൾ പതുക്കെ മന്ത്രിച്ചു. "സരോജം."

ഡോക്ടർ ചുമച്ചു ശബ്ദം ശരിയാക്കി. രോഗിയുടെ തലയ്ക്കൽ ചെന്നു കുനിഞ്ഞുനിന്നു. "തല തിരിച്ചുനോക്കണം. സരോജം അടുക്കലുണ്ട്." എന്നു പറഞ്ഞിട്ട് അദ്ദേഹം മുറിയിൽനിന്നിറങ്ങിപ്പോയി . . .

അരമണിക്കൂറോളം കഴിഞ്ഞ് അവർ – വക്കീലും ഡോക്ടറും – അതിനകത്തു തിരിയെച്ചെന്നപ്പോൾ എല്ലാം നിശ്ശബ്ദവും നിശ്ചലവുമായിക്കഴിഞ്ഞിരുന്നു. കടലാസുകൾ കൈ മാറിയാൽ പരസ്പരം കടമകൾ ചെയതുതീർക്കപ്പെടുമെന്നു വിശ്വസിച്ചു. ആ നിയമപ്രകാരം ദമ്പതികളല്ലാത്തവരുടെ കൈകൾ, ആ രണ്ടു ഹൃദയങ്ങളുമെന്നപോലെ കൂട്ടിച്ചേർക്കപ്പെട്ടിരുന്നു.

അവരുടെ തുറന്നിരുന്ന കണ്ണുകളെ വക്കീൽ കൈകൊണ്ടു തിരുമിയടച്ചു.

ജാലകത്തിലൂടെ കൈകൾ നീട്ടി കർമ്മസാക്ഷി ആ ശവശരീരങ്ങൾക്കുമേൽ കനകദുകൂലം വിരിച്ചു.

മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1945, ആഗസ്ത് 19

## അനുബന്ധം 5

## പരിപൂർണ്ണതയിലേക്ക്

സരസ്വതി

അവസാനത്തെ സ്റ്റേഷനിൽ വണ്ടി നിന്നു. ശാലിനിയുടെ തോളിൽ തല ചായ്ച്ചു കിടന്നു മയങ്ങിക്കൊണ്ടിരുന്ന അമലജോൺ, ആശ്വാസപൂർവ്വം തലയുയർത്തി. മടിയിലിരുന്ന കുഞ്ഞിനെ നിലത്തുനിർത്തിയിട്ടു ശാലിനി പറഞ്ഞു. "ഈശ്വരാ! ഇവിടംവരെ എത്തിയല്ലോ. ഇനി നാലഞ്ചു മണിക്കൂർ കൂടെ ഇങ്ങനെ ആൾക്കൂട്ടത്തിലിരുന്നു സഹിച്ചാൽ മതി വീട്ടിൽചെന്നുകിടന്നുമയങ്ങാമായിരുന്നു".

ശാലിനിയുടെ ഭർത്താവ് അടുത്തമുറിയിൽനിന്ന് അവരുടെ അടുത്തേക്കു ചെന്നു കുഞ്ഞിനെ കയ്യിലെടുത്തു. അമല എണീറ്റുകൊണ്ടു പറഞ്ഞു: "എനിക്കു തീരെ വയ്യ ഉടനെ ബസ്സുകിട്ടിയില്ലെങ്കിൽ നമുക്ക് ഒരു കാർ വാടകയ്ക്കെടുത്തു പോയ്ക്കളയാം. കൂലി എത്ര കൂടിയാലും വേണ്ടില്ല''.

സാമാനങ്ങളൊക്കെ എടുപ്പിച്ച് അവർ വേഗം ബസ്സ്സ്റ്റാന്റിലേക്കു ചെന്നു. അവരുടെ ദിക്കിലേക്കുള്ള ബസ്സ് അരമണിക്കൂറിനകം പുറപ്പെടും എന്നറിഞ്ഞപ്പോൾ അതുവരെ കാത്തുനിൽക്കാമെന്ന് അമല അഭിപ്രായപ്പെട്ടു.

അങ്ങനെ കിട്ടിയ സാവകാശത്തിന്നിടയിൽ ചുറ്റും നോക്കിക്കൊണ്ടു ശാലിനി പറഞ്ഞു: "പണ്ടത്തെപ്പോലെത്തന്നെ ഇവിടം ഒരു മാറ്റവുമില്ല. കുരുടുപിടിച്ച കൂലിക്കാർപിള്ളേരും രോഗം പിടിച്ച ഭിക്ഷക്കാരും, കുഞ്ഞുങ്ങളെ കുറുകെ പിടിച്ചുനടക്കുന്ന ഭിക്ഷക്കാരുകളും; എല്ലാം മുമ്പത്തേക്കാൾ കൂടിയിട്ടുണ്ട്".

തന്റെ നാടിനെപ്പറ്റി എന്തൊക്കെയോ വിശിഷ്ടപ്രതീക്ഷകൾ മനസ്സിലുണ്ടായിരുന്നതു തകർന്നതുപോലെയായിരുന്ന അവരുടെ മട്ട്. മൂന്നാലുകൊല്ലത്തെ വിദേശവാസ

ത്തിനുശേഷമാണ് അവർ നാട്ടിലേയ്ക്കു വന്നിരുന്നത്. ആ കാലത്തിനിടയ്ക്ക് രാഷ്ട്ര ത്തിന്റെ ജീവനാഡിയെ ഉച്ചലിപ്പിച്ച മറ്റൊരു സംഭവങ്ങൾ പട്ടിണിയും പാടും നീക്കി നാടിനെ സുഖഭാസുരമാക്കുമെന്ന ജനസാമാന്യത്തിൽ പ്രതീക്ഷയുളവാക്കിയ പരിവർത്തനങ്ങൾ ഭരണകൂടത്തിനുണ്ടായി. ചക്രവർത്തിയുടെ അധികാരഖഡ്ഗം പിൻവലിക്കപ്പെട്ടപ്പോൾ രാജാക്കൻമാരുടെ കൈയ്യും ബലഹീനതകളായിത്തീർന്നു. അങ്ങനെ സ്വന്തം ഭാഗദേയം സ്വയംസൃഷ്ടിക്കാനുള്ള അവകാശം ജനങ്ങൾക്കു ലഭിച്ചു. ഇത്രയുമൊക്കെ അറിഞ്ഞ ശാലിനി, ഒരു യൂട്ടോപ്പിയ സ്വപ്നം കണ്ടുകൊണ്ടാവാം നാട്ടിലേക്കുമടങ്ങിവരുന്നത്.

പക്ഷേ, പ്രകടമായ ഒരൊറ്റ മാറ്റം മാത്രമേ എവിടെയും അവൾ കണ്ടുള്ളു; യാത്രാ സമയം ഇരുപുറവുമുള്ള മന്ദിരങ്ങൾക്കുമുൻപിൽ പറന്നുകണ്ട പതാക. മുമ്പ് നിരോധി ക്കപ്പെട്ടിരുന്ന സ്ഥലങ്ങളിൽ അതിപ്പോൾ നിർബന്ധിതമായിരിക്കുന്നു. അന്നു നിന്ദിച്ചവർ ഇന്നതിനെ വന്ദിക്കുന്നു.

അല്പം കഴിഞ്ഞപ്പോൾ, നിരാശയിലൊരു ആശാകിരണം കണ്ടുപിടിച്ചതുപോലെ, അവൾ പറഞ്ഞു; "എന്തായാലും ഒരു ഗുണമുണ്ട്. ഇവിടെ മതത്തിന്റെ കാര്യം പറഞ്ഞ് അടിപിടിയും കുത്തിക്കൊല്ലലും ഒന്നുമില്ലല്ലോ. ഇത്രയും കാലം അവിടെക്കിടന്ന് അതിന്റെ ഫലങ്ങൾ കണ്ടുകണ്ട് മനസ്സുമരവിച്ച നമുക്ക് ഇതൊരു വലിയ കാര്യമല്ലേ? നിറത്തി ന്റേയും മതത്തിന്റേയും രാജ്യത്തേതിന്റേയും ഒക്കെ പേർപറഞ്ഞു മനുഷ്യത്വം മറക്കുന്ന വർ, ഇനി എന്തിനെല്ലാം വേണ്ടി തമ്മിൽക്കൊല്ലാൻതുടങ്ങും!"

അമല ഒന്നും മിണ്ടിയില്ല എങ്ങനെയും വീട്ടിലെത്തിയെങ്കിൽ, എന്നായിരുന്ന അവ ളുടെ ആശ. അത്രവളരെ അവൾ ക്ഷീണിച്ചിരുന്നു. ഗർഭക്ഷീണത്തോടൊന്നിച്ചു യാത്രാ ക്ലേശവും.

പോരെങ്കിൽ, മതത്തിന്റെ പേരിലുള്ള വൈരം അമലക്കൊരിക്കലും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഹിന്ദുക്കളും കൃസ്ത്യാനികളും കൂടിക്കഴിഞ്ഞതാണ് അവളുടെ കുടുംബം. ഇന്തോനേഷ്യയിൽ ഹിന്ദുക്കളും മുസ്ലീമിങ്ങളുമെന്നതുപോലെ അവളുടെ വീട്ടിൽ ഈ രണ്ടുമതങ്ങളും മാത്രമേ ഇങ്ങനെ ഇണങ്ങിക്കിടക്കുന്നുള്ളു എന്നതു ശരിതന്നെ. എന്നാലും, അതുകാരണം പ്രവൃത്തിയിലും ശുചീകരണത്തിലും ഒക്കെപ്പോലെ മതത്തിലും മനുഷ്യന് സ്വന്തഹിതം അനുവർത്തിക്കുമെന്ന അഭിപ്രായം അവളുടെ മനസ്സിൽ ഉറച്ചുപോയിരുന്നു.

അതുപോരെങ്കിൽ, വളരെക്കാലമായി അവളുടെ ഉറ്റ സ്നേഹിതയും ബന്ധുവുമായിരുന്നു ശാലിനി: ആദ്യകാലത്ത്, 'ശാലിനി' എന്ന പേരിലെ 'ശാ' യുടെ ഉച്ചാരണം 'സാ' ആയിപ്പോവുകയാൽ അവൾ വെറും 'ലിനി' എന്നുമാത്രം വിളിച്ചു ശീലിക്കേണ്ടിവന്നു. പക്ഷേ അത്, അകൽച്ച നിശ്ശേഷം നീക്കി അടുപ്പം കൂട്ടുകയാണ് ചെയ്തത്. ഒരു ഓമനപ്പേരെന്ന നിലയിൽ മറ്റുള്ളവരും ആപേർ അനുകരിച്ചപ്പോൾ ക്രമേണ അവർ തമ്മിലുള്ള സൗഹൃദം സാഹോദര്യത്തിനേക്കാൾ ആത്മാർത്ഥവും അഗാധവുമായി. മതംമാത്രമല്ല ജാതിയും രണ്ടാണെന്ന കാര്യം സാംസ്കാരികഭിന്നത-മനുഷ്യരെന്ന നിലയിൽ അവർ മറന്നുപോയി.

ശാലിനിയും അമലയും ഒരേദിക്കുകാരായിരുന്നില്ല. നൂറോളം മൈൽ അകലമുണ്ടായിരുന്നു അവരുടെ കുടുംബഭവനങ്ങൾ തമ്മിൽ, പക്ഷേ, രക്ഷാകർത്താക്കളുടെ ഉദ്യോഗസംബന്ധമായ സ്ഥലം മാറ്റങ്ങൾ അവരെ നിരന്തരം അടുപ്പിച്ചുകൊണ്ടേയിരുന്നു. ഒടുവിൽ വിവാഹമായപ്പോഴും, ഒരേദിക്കിൽ ജോലിയുള്ള ഭർത്താക്കൻമാരെയാണു വിധി രണ്ടു പേർക്കും കൊടുത്തത്. സ്വന്തം നാട്ടിൽനിന്നു വളരെ വളരെ അകലെയുള്ള സ്ഥലവും കൂടെയായപ്പോൾ, ആ സ്നേഹത്തിൽ രക്തബന്ധത്തിൽ കവിഞ്ഞ മൈത്രീവിശ്വാസങ്ങൾ വേരുപിടിച്ചു.

അതുകൊണ്ടു, അമലയ്ക്കു വീട്ടിലേക്കു പോകേണ്ട ആവശ്യം നേരിട്ടപ്പോൾ എല്ലാരുംകൂടെ ഒരുമിച്ചു യാത്രചെയ്യാനാണ് ആദ്യം തീരുമാനിച്ചത്. പ്രസവത്തിനു നാട്ടിൽ പോവണമെന്ന് അമലയ്ക്കാഗ്രഹമുണ്ടായിരുന്നില്ല. പക്ഷേ, അവളുടെ അച്ഛനമ്മമാരും ജ്യേഷ്ഠന്മാരും അക്കാര്യത്തിൽ നിർബന്ധിച്ചു. ഒടുവിൽ അവളുടെ ഭർത്താവും ആ അഭിപ്രായത്തിലെത്തി. അമലയുടെ അപേക്ഷപ്രകാരം ശാലിനിയും സഹയാത്രക്കു തയ്യാറായി.

പക്ഷേ, സമയമായപ്പോൾ അമലയുടെ ഭർത്താവിനു സ്ഥലം വിടാൻ സാധിച്ചില്ല. എന്തോ അത്യാവശ്യകാരണം, അനുവദിച്ചിരുന്ന അവധി പിൻവലിക്കപ്പെട്ടു. അമലയെ വീട്ടിലെത്തിക്കുന്ന ഭാരം ശാലിനിയിലും ഭർത്താവിലും ആയി. വിവരം വീട്ടിലറിയിക്കണ്ട എന്നും, ചെല്ലുമ്പോൾ അറിഞ്ഞാൽ മതി എന്നും ആയിരുന്നു അമലയുടെ നിശ്ചയം.

ബസ്സു പുറപ്പെട്ടപ്പോഴേക്കും നേരം സന്ധ്യയാകാൻ തുടങ്ങിയിരുന്നു. തന്നെയും ശാലിനിയെയും ഒന്നിച്ചു അപ്രതീക്ഷിതമായി കാണുമ്പോൾ എന്തായിരിക്കും എന്ന സങ്കൽപ്പത്തിലേർപ്പെട്ടിരുന്നു അമലയുടെ മനസ്സ്. ശാലിനിയെ കുറച്ചുദിവസത്തേക്ക് അല്ലെങ്കിൽ

ഒന്നുരണ്ടു ദിവസമെങ്കിലും–സ്വന്തം വീട്ടിൽത്തന്നെ താമസിപ്പിക്കണമെന്നും മറ്റുമുള്ള പരിപാടികളിൽ മനസ്സു മുഴുകിയിരുന്നതിനാൽ യാത്രക്കാരുടെ വർത്തമാനം അവൾ കേട്ടതേയില്ല. നാട്ടിലെ അപ്പോഴത്തെ സ്ഥിതിഗതികളെപ്പറ്റി യാത്രക്കാർ ലഹളവെച്ച് സംസാരിച്ചുകൊണ്ടിരിക്കുന്നു, കൈകൂലിയും, അഴിമതിയും കരിഞ്ചന്തയും ഇല്ലാഞ്ഞാലുള്ള സുഖം ഇന്നും ആളുകൾ അറിഞ്ഞിട്ടില്ല; ഔദ്യോഗികമണ്ഡലത്തിൽ അന്യായമായ നിയമനത്തിന്റെയും കയറ്റങ്ങളുടെയും ദുർഗന്ധം ഇന്നും പരന്നുകൊണ്ടിരിക്കുന്നു; അധികാരപീഠത്തിൽനിന്നും ആൾ മാറിയെങ്കിലും അധികാരമോഹം വിട്ടുപോയിട്ടില്ല. സമരകാലത്തെ നേതാക്കൾ സമാധാനകാലത്തെ ഭരണപടുക്കളാക്കാൻ അപ്രാപ്തരായിപ്പോകുമെന്ന് ആർക്കും അറിഞ്ഞുകൂടാത്തതു പോലെ തോന്നുന്നു: അന്നനുഭവിച്ച കഷ്ടപ്പാടുകളെ കണക്കാക്കി ഇന്നോരോരുത്തർക്കും സുഖസൗകര്യം വിതരണം ചെയ്യുക എന്നൊരു നയത്തിന്റെ ലക്ഷണം പുറമേനിന്നു നോക്കുന്നവർ കണ്ടുപോരുന്നുണ്ട്; പക്ഷേ, അന്ന് അവരോടു ചേർന്നുനിന്നു പൊതുശത്രുവിനെതിരായി പൊരുതിയ മറ്റുചിലർ ഇന്നും ഭരണകൂടത്തിന്റെ ശത്രുക്കളായി ശേഷിക്കുകയാണ്. ഇങ്ങനെ പലതും അവർ സംസാരിച്ചു.

ഇതൊക്കെ കേട്ടപ്പോൾ, കുറച്ചുനാളായി കുഞ്ഞും ഭർത്താവും വീടും എന്ന അതിരിനപ്പുറം ചിന്ത പോകത്ത ശാലിനിക്കും ഏതാണ്ടൊരു നിരാശ തോന്നി. വിദ്യാർത്ഥിയായിരുന്ന കാലത്ത് താനും അമലയും, കോടിക്കണക്കിനു ജനങ്ങളെ ഉൾക്കൊള്ളുന്ന വിപുല രാഷ്ട്രത്തിന്റെയും ലക്ഷക്കണക്കിനുള്ള പ്രജകളെ നിയന്ത്രിക്കുന്ന ചെറിയ രാജ്യത്തിന്റെയും സ്വാതന്ത്ര്യസമരങ്ങളിൽ പങ്കെടുത്ത രംഗങ്ങൾ അവൾ ഓർത്തു.

പക്ഷേ ഏറ്റവും വലിയ നിരാശയും വ്യഥയും അപ്പോഴല്ല അവൾ അറിഞ്ഞത്. ബസ്സുയാത്ര തീർന്നു, അമലയുടെ വീട്ടിൽ പോകാൻവേണ്ടി ഒരു കാർ വാടകക്കു പിടിക്കാൻ നടന്ന ഭർത്താവ്, ആ വഴി അവർക്കു ആപൽക്കരമാണെന്ന് ആളുകൾ മുന്നറിവുകൊടുത്തു എന്ന് അമല കേൾക്കാതെ അവളോടു ചെന്നു പറഞ്ഞപ്പോൾ അവൾ അമ്പരന്നുപോയി. നാട്ടുവാർത്തകൾ അല്പകാലമായി അറിയാതിരുന്ന അവൾക്ക്, അയാൾ ആളുകളിൽനിന്നു കേട്ടു പറഞ്ഞു കൊടുത്തതെല്ലാം നേരെ മനസ്സിലാക്കാൻ കുറെ സമയം വേണ്ടിവന്നു.

പൊതുശത്രു പോയപ്പോൾ, അതുവരെ ഇണങ്ങിക്കഴിഞ്ഞവർതമ്മിൽ ഇവിടെയും പരസ്പരവിദ്വേഷം തല ഉയർത്തിയിരിക്കുന്നു!

തന്റെ അടുത്തേക്കു വന്നു തോളിൽ ചാഞ്ഞ അമലയുടെ ശരീരത്തെ ഒരു കൈകൊണ്ടുചുറ്റി, കുഞ്ഞിനെ മാറിൽചേർത്തുപിടിച്ചു ശാലിനി അങ്ങിനെ നിന്നാലോചിച്ചു. മൂന്നാലു കൊല്ലത്തെ വേർപാടിനുശേഷം തീവണ്ടിയിലിരുന്നു സ്വന്തം വീടു കണ്ടിട്ടാണ് അവളിങ്ങോട്ടുപോന്നത്. സ്റ്റേഷനിൽ കാത്തുനിന്ന അച്ഛനോടു ഒന്നും സംസാരിക്കാൻപോലും അവൾക്കിടകിട്ടിയില്ല. അമലയ്ക്കു അവളുടെ വീട്ടിലെത്താനുള്ള ആഗ്രഹം ശാലിനി അറിഞ്ഞിരുന്നു: ഇവിടെയാണെങ്കിൽ അവളുടെ ഒരമ്മാവൻ കുടുംബസമേതം താമസമുണ്ട്; താൻ വരുന്ന വിവരം അവരെ അറിയിച്ചിട്ടും ഉണ്ട്. പക്ഷെ അദ്ദേഹവും അമലയുടെ ബന്ധുക്കളും ഇന്നു ബദ്ധശത്രുക്കളായിത്തീർന്നിരിക്കുന്നു എന്നാണ് ഭർത്താവ് പറയുന്നത്. രണ്ടുപേരുടെ ചെയ്തികളെപ്പറ്റിയും വളരെ ആരോപണങ്ങൾ ആളുകളുടെ ഇടയിൽ പരന്നിരിക്കുന്നു. അമലയെ അവളുടെ വീട്ടിൽ കൊണ്ടുപോകാതെ ഈ ഒരു രാത്രിക്കുമാത്രമായിട്ടായാലും ആ വീട്ടിലേക്ക് കൊണ്ടുപോകാമെന്നുവച്ചാൽ, ഒരുപക്ഷേ അതു പുറത്തായാൽ, ഇരവിന്റെ ഇരുളിൽ എന്തെല്ലാമുണ്ടാകാമെന്ന് നിശ്ചയിക്കാൻ വയ്യ.

ഒടുവിൽ അമലയുടെ അക്ഷമ ശാലിനിയുടെ ആലോചനയെ നിർത്തിച്ചു. ശാലിനിയുടെ നിശ്ചയത്തിന് ഭർത്താവ് എതിരുപറഞ്ഞില്ല. അമല എന്തെങ്കിലുമറിഞ്ഞ് മനസ്സിനെ ക്ഷോഭിപ്പിക്കരുതെന്നു ശാലിനി ആശിച്ചു.

ആശങ്കിച്ചതുപോലുള്ള ആപത്തൊന്നുമുണ്ടാകാതെ കാർ അമലയുടെ വീട്ടിന്റെ നടയിൽ ചെന്നുനിന്നു അമലയോടൊപ്പം ശാലിനിയും വീട്ടിനകത്തേക്കുപോയി. അവളുടെ ഭർത്താവിന്ന് അതത്ര സമ്മതമില്ലായിരുന്നു. പക്ഷേ അയാൾ തടഞ്ഞില്ല.

കഷ്ടിച്ച് കാൽമണിക്കൂറിനകം ശാലിനി ഭർത്താവിന്റെ അടുത്തുചെന്നു. അവളുടെ പുറകിൽ അമലയും ഉണ്ടായിരുന്നു. കാറിന്റെ വാതിൽ തുറന്നുകൊണ്ടു ശാലിനി പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. “അമലയുടെ ജ്യേഷ്ടനുംകൂടെ നമ്മെ തിരികെകൊണ്ടുവിടാൻ പോകയാണ്. ഇവിടമൊക്കെ അവരുടെ സ്വാധീനശക്തിയിലാണ് പോലും അതുകൊണ്ട് അവർ കൂടെയുണ്ടെങ്കിൽ ആപത്തുപേടിക്കേണ്ടെന്നാണ് പറയുന്നത്. വേണ്ടെന്നു ഞാൻ പറഞ്ഞിട്ടു അവർ കേൾക്കുന്നില്ല. ഞാനധികം നിൽക്കുന്നതും സംസാരിക്കുന്നതും അവർക്കിഷ്ടമില്ലെന്നു തോന്നിയതുകൊണ്ട് ഞാൻ സമ്മതിച്ചിരിയ്ക്കയാണ്”.

ശാലിനിയും അമലയും കാറിൽ കയറി. വീട്ടിനകത്തെ സ്വീകരണം എങ്ങിനെയിരുന്നു എന്ന് ഭാര്യയോടയാൾ ചോദിച്ചില്ല. കാറിന്റെ ഒരറ്റം പറ്റിയിരുന്ന അമലയുടെ മുഖം

മുമ്പത്തെക്കാൾ ക്ഷീണിച്ചു വിളർത്തിരുന്നു. വളരെക്കാലമായ് തന്റെ ഉത്തമ ബന്ധുക്കളായിരുന്നവർ ഇത്രപെട്ടെന്ന്, അവരാരും ഒന്നും ചെയ്യാതെ എങ്ങിനെ തന്റെ ബദ്ധശത്രുക്കളായി എന്നു ചിന്തിച്ചു, ദീർഘമായ യാത്രകൊണ്ടു വലഞ്ഞ ശരീരത്തെക്കാൾ കഠിനമായി, ആ അല്പനിമിഷങ്ങൾക്കകം, അവളുടെ മനസ്സ് ക്ഷീണിച്ചു തളർന്നിരുന്നു.

അമലയുടെ ജ്യേഷ്ഠൻ നിശ്ശബ്ദം ചെന്നു ഡ്രൈവറുടെ അടുത്ത സീറ്റിൽ ഇരുന്നപ്പോൾ കാർ തിരിയെവിട്ടു.

വഴിയിൽവച്ച് അമലയും ശാലിനിയും ഒരക്ഷരംപോലും സംസാരിച്ചില്ല. പരസ്പരം ആശയവിനിമയത്തിനുള്ള മാർഗ്ഗം അടഞ്ഞ്, ഇടയ്ക്കൊരു കരിങ്കൽഭിത്തി ഉയർന്നതുപോലെ അവർക്കുതോന്നി.

കാർ നിന്നു. ശാലിനിയും ഭർത്താവും കുഞ്ഞിനെ എടുത്തുകൊണ്ട് ഇറങ്ങി. അമല അപ്പോഴും ഇരുന്ന ഇരുപ്പിൽനിന്നു അനങ്ങിയില്ല. അവളോടു ഏറ്റവുമധികം വാത്സല്യമുള്ള ജ്യേഷ്ഠന്ന്, ഏറ്റവുമധികം വൈരമുണ്ട് ആ നില്ക്കുന്നവരോട് എന്ന കാര്യം, അവൾ ഓർത്തുകൊണ്ടിരുന്നു.

പക്ഷേ, അതെങ്ങിനെ, എന്തിന്, ഇത്രപെട്ടെന്നുണ്ടായി എന്നതുമാത്രം അവളുടെ സ്ത്രീബുദ്ധിക്കു പിടികിട്ടിയില്ല.

ശാലിനി നാലഞ്ചു നിമിഷം അമലയെ നോക്കിനിന്നു. “പോകട്ടെ?” എന്നു യാത്ര ചോദിക്കാൻ അവൾക്കോ, “എന്നാൽ പോവു” എന്നു പറയാൻ അമലയ്ക്കോ കഴിഞ്ഞില്ല. ഒരു പക്ഷേ വാക്കിൽ കൊള്ളാത്ത വേദന അവരുടെ ഹൃദയത്തെ ഞെരുക്കുകയായിരുന്നിരിക്കണം.

പരിമിതിയുടെ ലക്ഷണമാണ് ഭാഷ. മനുഷ്യരാശിയുടെ പൂർണ്ണതയിലേക്കുള്ള പുരോഗതിയെന്ന് വ്യാമോഹത്തിലെ തുടക്കത്തിലേക്കുള്ള മടക്കമെന്ന യാഥാർത്ഥ്യത്തിലെ ഒരു താവളസ്ഥലം മാത്രം. എന്നാലും, അപൂർണ്ണത അപകടം പിടിച്ചതാണ്.

ശാലിനിയുടെ കയ്യിലിരുന്ന ശിശുമാത്രം അവന്റെ ഭാഷയിൽ, ആർക്കും സ്വന്തമായ വികാരത്തിന്റെ ഭാഷയിൽ, അമലയെനോക്കി എന്തെല്ലാമോ പറഞ്ഞുകൊണ്ടിരിക്കുന്നു.

മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1948, ആഗസ്ത് 29

## അനുബന്ധം 6

## ബഹുമതി മുദ്ര

സരസ്വതി

ആയാണ്ടിൽ ഇടവമാസാരംഭത്തിനു കുറേ മുമ്പുതന്നെ അവിടെ മഴതുടങ്ങി. മേടത്തിലെ കാടുതളിർക്കാനുള്ള മഴ പ്രകൃതി പിടിച്ചുവച്ചിരുന്നത് അല്പം കാലം താമസിച്ചു വിട്ടുകൊടുക്കുന്നതാണത് എന്നായിരുന്നു ആ നാട്ടുകാർ വിചാരിച്ചത്. അതുകൊണ്ട്, മഴ ഉഗ്രമായാൽത്തന്നെയും നീണ്ടുനിൽക്കുകയില്ലെന്നായിരുന്നു അവരുടെ വിശ്വാസം.

സമൃദ്ധിയുടെ കേദാരമോ, നന്മകളാൽ സമൃദ്ധമോ ഒന്നുമല്ല ആ നാട്ടിൻപുറം. സമ്പന്നമായ മൂന്നുകുടുംബങ്ങളേ അവിടെയുള്ളു. നാശോന്മുഖമായ ഒരു യാത്രകഴിഞ്ഞ് വീണ്ടും അഭിവൃദ്ധിയിലേക്ക് കാൽവെച്ചുകഴിഞ്ഞിരിക്കുന്ന പുരാതനകുടുംബങ്ങളാണ് അതിൽ രണ്ടെണ്ണം; മൂന്നാമത്തേത്, ജനസമ്പാദനവ്യഗ്രനായ ഒരു പുത്തൻ പണക്കാരന്റെതും. പണമുണ്ടാക്കാനുള്ള പുതിയ കണ്ടുപിടുത്തങ്ങളും കലാവിദ്യകളുമായിരുന്നു എപ്പോഴും പണിക്കരദ്ദേഹത്തിന്റെ തലച്ചോറിനകത്ത്. ലാഭകരമായ മാർഗ്ഗങ്ങളിലൊക്കെ ആ ബുദ്ധിമാന്റെ കാലടികളെ പിന്തുടരാൻ മറ്റു രണ്ടാഭിജാത്യക്കാരും മടിച്ചിരുന്നുമില്ല.

ആ മൂന്നു കുടുംബങ്ങളുമൊഴിച്ചാൽ ബാക്കി മുഴുവൻ, 'കയ്യിലെക്കാശ് വായിലെ ദോശ' എന്ന പ്രമാണക്കാരായ പാതിപട്ടിണിക്കാരാണ് – മരണത്തിൽനിന്നകന്നു നിൽക്കുന്നതാണ് ജീവിതസുഖവും ഭാഗ്യവും എന്നു കരുതുന്നകൂട്ടർ. പ്രകൃതിയുടെ കോപസന്തോഷങ്ങളെ ആശ്രയിച്ചിരിക്കുന്നു അവരുടെ സുഖദു:ഖങ്ങൾ – അഥവാ ദു:ഖത്തിന്റെ ഏറ്റക്കുറച്ചിലുകൾ. മേധാശക്തിയാൽ പ്രകൃതിശക്തികളെ കീഴടക്കി വിടുപണിക്കുകൊണ്ടുവരുന്ന ചുറ്റുപാടുകളവർക്കില്ല; അത്തരം വിദ്യകളെപ്പറ്റി അവർക്കൊന്നുമറിഞ്ഞും കൂടാ.

അങ്ങനത്തെനാട്ടിലാണ്, അപ്രതീക്ഷിതമായി അകാലികമായി ആ വർഷപാതമുണ്ടായത്. മഴയുടെ ഉഗ്രതകുറയുന്നില്ല; എന്നല്ല നാൾകഴിയുന്തോറും കൂടുകയാണ്. രാപകൽ മഴ; തോരാത്തമഴ; ഉദയാസ്തമനങ്ങൾ തിരിച്ചറിയാൻ സമ്മതിക്കാത്തമഴ.

ആ അന്തരീക്ഷംപോലെ ഇരുണ്ടുകിടന്നു ആ സാധുക്കളുടെ ഹൃദയവും. വീട്ടിന്നു പുറത്തിറങ്ങി ജോലിചെയ്യാതെ ആഹാരംനേടുക സാദ്ധ്യമല്ല; വീട്ടിന്നകത്തിരുന്നാഹാരം കഴിക്കാൻ വലിയ കരുതൽ സാധനമൊന്നും കയ്യിലില്ലതാനും. അദ്ധ്വാനിച്ചാൽപോലും ദാരിദ്ര്യം നിശ്ശേഷം തീർന്നുകിട്ടിയിട്ടുവേണ്ടേ വിശ്രമകാലത്തേക്കു കരുതിവയ്ക്കാൻ? ആകപ്പാടെ ആശങ്കിച്ചിരിക്കാത്ത ദുർഭിക്ഷതയാണ് വന്നുചേർന്നിരിക്കുന്നത്. പ്രകൃതി അവരുടെ ജീവിതം തികച്ചും താറുമാറാക്കാൻ തീർച്ചപ്പെടുത്തിയപോലെ കാണപ്പെടുകയാണ്. താമസിച്ചുണ്ടായ മേടമഴകൊണ്ട് അവരുടെമേൽ പ്രസാദം ചൊരിയുകയല്ല, മുൻകൂറായ ഇടവപ്പാതിയാൽ അവരെ ദു:ഖപ്രളയത്തിലാഴ്ത്തുകയാണ് പ്രകൃതിയുടെ ഉദ്ദേശം എന്നു തോന്നിപ്പോകും.

ഉഗ്രമായി, നിരന്തരമായി, വർഷിച്ചുകൊണ്ടിരുന്ന മഴയോടൊപ്പം ഇടയ്ക്കിടെ ശക്തിയേറിയ കാറ്റും അടിക്കാൻ തുടങ്ങി. വിഷാദത്തിന്റെ വെള്ളപ്പൊക്കമാരംഭിച്ചിരുന്ന ജനഹൃദയങ്ങളിൽ ഭയവിഹ്വലത വീശിയടിച്ചു.

മഴകാരണം വീട്ടിന്നു പുറത്തിറങ്ങി പണിയെടുക്കാൻ വയ്യ; കാറ്റുകാരണം വീട്ടിനകത്ത് പട്ടിണികിടക്കാനും ഭയമായിരിക്കുന്നു. പ്രക്ഷുബ്ധമായ പ്രകൃതി എപ്പോഴാണ് തങ്ങളുടെ തലയ്ക്കുമുകളിൽനിന്നു മേൽക്കൂരപൊക്കിയെടുത്ത് ശരീരത്തിലേയ്ക്കെറിഞ്ഞുതരുന്നതെന്നു നിശ്ചയിക്കാൻ നിവൃത്തിയില്ല. ഓ! എന്തൊരാപത്താണിത്.

അത്രയും പോരാഞ്ഞിട്ട്, നാട്ടിന്റെ നടുവിൽകൂടെ ഒഴുകിക്കൊണ്ടിരുന്ന ചെറിയ ആറ്റിൽ വെള്ളം പൊങ്ങാനും തുടങ്ങി.

ശാലീനയായൊരു കൃശാംഗിയെപോലെ നീങ്ങിക്കൊണ്ടിരിക്കുന്ന നദി, മേധസ്സധികരിച്ച മദോന്മത്തയെപ്പോലെ ഇരുകരുയും കവിഞ്ഞിരമ്പിപ്പായുന്നത് അവർ നിസ്തബ്ധരായി നോക്കിനിന്നു. മാറ്റങ്ങൾ ഇങ്ങനെയും വരാമോ? കർഷകരുടെ പാടങ്ങളിലേക്ക് അവരുടെ കാരുണ്യധാര എത്തണമെങ്കിൽ, കൈച്ചാലുകൾനീട്ടി എത്രമാത്രം ക്ലേശിക്കണമായിരുന്നു! ലജ്ജാവതിയായ കാമിനിയിൽനിന്നും, നനാവിധമായ അനുനയങ്ങളാൽ പ്രസാദിപ്പിച്ചാൽമാത്രം കാമുകവദനത്തിൽ പതിക്കുന്ന മുഗ്ദ്ധകടാക്ഷങ്ങൾപോലും

അതിനേക്കാൾ അയത്നസുലഭമാണ്. എന്നിട്ടിപ്പോഴോ? കാമുകനെ തിരക്കിനടക്കുന്ന അഭിസാരികയെപ്പോലെ പ്രതിബന്ധങ്ങളെ പുഴക്കിയെറിഞ്ഞ് അവൾ പാടങ്ങളിലേക്കു പാഞ്ഞുകയറി ഉഴറിനടക്കുകയാണ്; പോരെങ്കിൽ, പാടങ്ങളിൽനിന്നും അവരുടെ കുടിലുകളിലേക്ക് കണ്ണയയ്ക്കുകയും കൈനീട്ടുകയും!

അവളുടെ ആഗ്രഹം സാധിപ്പിച്ചുകൊടുക്കണമെന്ന് കാറ്റിന്നുതോന്നിയിരിക്കണം. ചിരിച്ചാർത്തുകൊണ്ട് കളിക്കോപ്പുകൾ പൊട്ടിച്ചുമുറ്റത്തേക്കെറിയുന്ന പൈതലിനെപ്പോലെ കാറ്റ് ശബ്ദകോലാഹലത്തോടെ ആ കൂരകളെ കഷണംകഷണമാക്കി അവളുടെ വക്ഷസ്സിലേക്കിട്ടുകൊടുക്കാൻ തുടങ്ങി.

ആളുകൾ പ്രാണഭയത്താൽ നിലവിളികൂട്ടി. വീടും വസ്ത്രവും ആഹാരും ഒന്നും വേണ്ട, പ്രാണൻ ശേഷിച്ചുകിട്ടിയാൽ മതിയെന്നായിരുന്നു അവരുടെ പ്രാർത്ഥന. പട്ടിണിയാലും ദാരിദ്ര്യത്താലും അല്പപ്രാണരായിത്തീർന്നവരുടെ ആ കൂട്ടനിലവിളിയെ നിശബ്ദരാക്കിക്കൊണ്ട് കാറ്റിന്റെ ഇരമ്പൽ ഉയർന്നുയർന്നു പൊയ്ക്കൊണ്ടിരുന്നു.

തങ്ങളുടെ പ്രതിരോധശക്തികൊണ്ട് തടയാനോ നേർച്ചകൾകൊണ്ട് നിർത്താനോ കഴിയാതെ കൂടിക്കൊണ്ടിരുന്ന ആ പ്രകൃതിക്ഷോഭം അവസാനം ആ മൂന്നു ധനികഗൃഹങ്ങളെയും പിടിച്ചുകുലുക്കി. അതു അങ്ങിനെയിങ്ങനെയൊന്നും അടങ്ങുന്നമട്ടില്ല. ജീവിതം ദുസ്സഹമോ വിഷമകരമോ ആക്കിത്തീർക്കുന്ന നഷ്ടങ്ങളൊന്നും പേടിക്കാനില്ലെങ്കിൽതന്നെയും, ഏതെല്ലാം ആദായങ്ങളിൽ എത്രത്തോളം കുറവുകളുണ്ടാവും? കൃഷിപ്പിഴകൊണ്ടു കരിഞ്ചന്തലാഭത്തിന്റെ നാരായവേരുപോലും അറ്റുപോവുമെന്ന ഭയത്താൽ നിലങ്ങളിൽപെരുകിക്കൊണ്ടിരിക്കുന്ന ജലത്തെ നീരാവിയക്കാൻപോരുന്ന തീയാണ് ഒരാളിന്റെ ഉള്ളിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നത്. പറമ്പിൽ പർവ്വതംപോലെ മെടഞ്ഞടുക്കിയ ഓലക്കെട്ടുകൾ ചെള്ളചീഞ്ഞൊഴുകുന്നതിന്റെ നാറ്റം മൂക്കിന്നു സഹിക്കാം, പക്ഷെ മനസ്സിനതു താങ്ങാൻവയ്യ എന്ന അവസ്ഥയാണ് രണ്ടാമത്തേയാൾക്ക്. കൂടുതൽ വിലകിട്ടാൻ വേണ്ടി അതു കൊടുക്കാതെ വച്ചിരുന്നതു വിഡ്ഢിത്തമായിപ്പോയി എന്നയാൾ പശ്ചാത്തപിച്ചു.

പണിക്കരുടെകാര്യമായിരുന്നു കൂട്ടത്തിൽ കഷ്ടം. നിലയ്ക്കാത്ത മഴയേയും ചീറിയടിക്കുന്ന കാറ്റിനേയും മറികടന്നുവന്ന മകളുടെ വിവാഹം ഈ നിലയിൽ എങ്ങിനെ ആഘോഷിക്കാൻ കഴിയും? ആദ്യമുദ്ദേശിച്ചതിന്റെ രണ്ടുമൂന്നിരട്ടി ചിലവാക്കിയാൽത്തന്നെയും അതൊരു വിജയമായി കലാശിക്കുമോ? മകളെ ഒരു ഭർത്താവിനെയേൽപ്പിക്കു

കയെന്നതല്ല പ്രധാനം. രാജ്യത്താകെയുള്ള പ്രശസ്തവ്യക്തികളെ വിളിച്ചുവരുത്തി തന്റെ പ്രൗഢിയും പ്രതാപവും അവരെ ബോദ്ധ്യപ്പെടുത്താനുള്ള ആ സന്ദർഭം കാത്തിരിക്കാൻ തുടങ്ങിയിട്ടുതന്നെ നാളെത്രയായി? എന്നിട്ടു, ഇന്ന് ആ പ്രതീക്ഷകളെല്ലാം അലസിപ്പോവുകയോ? ഈ അനിഷ്ടാവസ്ഥ ഈശ്വരകോപമായും ദുശ്ശകുനമായും ഒക്കെ ആളുകൾ വ്യാഖ്യാനിക്കാനും വഴിയുണ്ട്. പണിക്കൂടുതൽകൊണ്ട് ആഭിജാത്യമില്ലായ്മയെ നികത്തിക്കഴിയുകയാണ് താൻ എന്ന ആക്ഷേപം പണ്ടേയുണ്ടുതാനും. വിവാഹം മാറ്റിവയ്ക്കാമെന്നുവച്ചാൽ വരന്റെ വീട്ടുകാരതു സമ്മതിക്കയുമില്ല.

എല്ലാംകൊണ്ടും തന്റെ ഭാഗ്യദശതീർന്നു കഷ്ടകാലം തുടങ്ങുകയാണ് എന്നയാൾ സങ്കടപ്പെട്ടു.

അങ്ങിനെ സങ്കടപ്പെട്ടുകൊണ്ടിരിക്കെ, അതിവരെ അയാളുടെ കാതിന് കേൾക്കാൻ സൗകര്യപ്പെടാതിരുന്ന കൂട്ടനിലവിളി അപ്പോൾ അയാളുടെ ശ്രദ്ധയിൽപെട്ടു. ഇരുളടഞ്ഞ പ്രപഞ്ചം പെട്ടെന്നു പ്രകാശമാനമാകുന്നതുപോലെ അയാൾക്കുതോന്നി.

അയാളുടെ ദീനാനുകമ്പ പെട്ടെന്നുണർന്നു, ബുദ്ധിപ്രവർത്തിച്ചു. ആ സാധുക്കളുടെ ദുഃഖത്തിന്നൊരു പരിഹാരമുണ്ടാക്കിക്കൊടുത്തേതീരൂ എന്നയാൾ തീച്ചപ്പെടുത്തി. ഇല്ലെങ്കിൽപിന്നെ തന്റെ സ്വാധീനശക്തിയും സ്ഥിതിവലിപ്പവുംകൊണ്ടെന്തു പ്രയോജനം? തന്റെ മനുഷ്യത്വംകൊണ്ടെന്തുഫലം?

മഴയും കാറ്റുംകൊണ്ടുള്ള ആപത്തും അസുഖവും വിസ്മരിച്ച്, ഭാര്യയോടൊന്നു കൂടിയാലോചിക്കാൻപോലും നില്ക്കാതെ അയാൾ ഉടൻതന്നെ വീട്ടിൽനിന്നിറങ്ങി.

സ്വായത്തമായ പ്രതിപാദനപാടവത്തോടെ അയാൾ സ്ഥിതിഗതികൾ വിശദമായി സ്നേഹിതരുടെമുൻപിൽ സമർപ്പിച്ചു. എല്ലാം കേട്ടുകഴിഞ്ഞപ്പോൾ അയാളുടേതിൽ കവിഞ്ഞ സഹാനുഭൂതിയാണ് അവർ പ്രദർശിപ്പിച്ചത്. അനന്യശരണരായ ആ സാധുക്കളുടെ ദു:ഖം മറന്നു സ്വന്തം നഷ്ടങ്ങളെപ്പറ്റി ഇതുവരെ ഓർത്തികൊണ്ടിരുന്നതെത്ര ഹൃദയശൂന്യതയായിപ്പോയി! ഇനി ഏതായാലും ഉടൻ പ്രവർത്തിച്ചേ തീരൂ. തങ്ങളുടെ ത്യാഗമഹിതമായ കർമ്മപ്രവണതയല്ലാതെ മറ്റെന്തുണ്ട് അവർക്കൊരാശ്വാസം നൽകാൻ?

അവർ മൂന്നുപേരും ഉടൻതന്നെ പുറപ്പെട്ടു. ഇനിയും ഒരുനിമിഷവും കളയാതെ പ്രവർത്തിച്ചില്ലെങ്കിൽ പ്രയത്നങ്ങൾ വിഫലമായെന്നുവരാം.

ഭരണത്തലവന്റെ മന്ദിരത്തിൽനിന്നും നിവേദനം കഴിഞ്ഞു പുറത്തിറങ്ങിയപ്പോൾ അവരുടെ മുഖം പ്രയത്നസാഫല്യത്തിലുള്ള കൃതാർത്ഥതയിൽ പ്രസന്നമായിരുന്നു.

മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം; പിറ്റേന്നുരാവിലെ ആ ആളുകേറാമൂലയ്ക്ക് സംസ്ഥാനവാഹനങ്ങളുടെ ദർശനഭാഗ്യമുണ്ടായി; പൊതുജനജിഹ്വകളുടെ പ്രതിനിധികളും ആദ്യമായി ആ സ്ഥലം കാണാനെത്തി. അവരെയെല്ലാം സ്വീകരിക്കാനും കൊണ്ടുനടന്നുകാണിക്കാനും പണിക്കരുടെ നേതൃത്വത്തിൽ പ്രമാണികൾ മൂന്നുപേരും നേരത്തേ അവിടെ ഹാജരായിരുന്നു.

വലിയൊരാൾകൂട്ടത്തിന്റെ അകമ്പടിയോടെ ആ സംഘം ഒരു ഘോഷയാത്രപോലെ മുന്നോട്ടുനീങ്ങി. ആ നാട്ടിൽ പ്രകൃതി വരുത്തിവച്ച വിനാശങ്ങൾ കണ്ടപ്പോൾ–അതിന്നിരയായ സാധുക്കളുടെ ദയനീയസ്ഥിതി കാണുകയും കേൾക്കുകയും ചെയ്തപ്പോൾ– സന്ദർശകരുടെ ഹൃദയമലിഞ്ഞു. ആ അലിവിന്റെ തെളിവായി ചില ഘട്ടങ്ങളിൽ അവരുടെ കണ്ണുകളിൽ ആ വെള്ളപ്പൊക്കത്തിന്റെ ചെറിയചെറിയ പ്രതിഫലനങ്ങളുണ്ടാവുന്നതും പത്രറിപ്പോർട്ടർമാരുടെ സൂക്ഷ്മദൃഷ്ടികൾ കണ്ടുപിടിച്ചു. ഭരണയന്ത്രം തിരിക്കുന്നവരുടെ സഹാനുഭൂതിയിൽ എത്ര വലിയ സാമ്പത്തികസഹായം പ്രതീക്ഷിക്കാം?

ദു:ഖിതരുടെ ദു:ഖപരിഹാരത്തിനായി നല്ലൊരുതുക പൊതുഭണ്ഡാരത്തിൽനിന്നു വാഗ്ദാനംചെയ്തു നാട്ടുകാരുടെ കൃതജ്ഞതാനുഗ്രഹങ്ങൾ വാങ്ങിയിട്ടാണ് ആ സംസ്ഥാനവാഹനങ്ങൾ ഏതാനും മണിക്കൂറികൾക്കുശേഷം അവിടംവിട്ടത്. പൂർവ്വാവസ്ഥ സംജാതമാകുന്നതുവരെ അവരെ രക്ഷിക്കേണ്ട ഭാരം ഭരണകൂടത്തിനാണെന്നു അവർ പറഞ്ഞു. എന്നാലും നാട്ടുകാരുടെ സഹായമില്ലെങ്കിൽ ഉദ്ദിഷ്ടഫലം കിട്ടിയെന്നുവരില്ല. അതുകൊണ്ടു അവർക്കാവശ്യമുള്ള താല്ക്കാലികവസതികൾ, വസ്ത്രങ്ങൾ, ഭക്ഷണധാന്യങ്ങൾ എന്നിവ ഉടൻതന്നെ കിട്ടത്തക്കവിധം ഏർപ്പാടുചെയ്യുകമാത്രമല്ല, അതിന്റെ മേൽനോട്ടവും ഉത്തരവാദിത്വവും ആ നാട്ടുകാരനെത്തന്നെ ഏൽപിക്കാൻപോവുകയുമാണ്. അനപേക്ഷിതമായി അവരെ സഹായിക്കണമെന്നാശിക്കുകയും, അതിനായി തലസ്ഥാനനഗരിയോളം യാത്രചെയ്തു വാചാലതയോടെ വാദിക്കുകയും ചെയ്ത നിസ്വാർത്ഥസേവകന്റെ കയ്യിൽ അവരുടെ ജീവിതഭാഗധേയം തീർച്ചയായും സുരക്ഷിതമായിരിക്കും.

ആ അഭ്യർത്ഥന ദുഃഖപ്രകടനത്തോടെ പണിക്കർ നിരസിച്ചു. സാധാരണതന്നെ തനിക്കെപ്പോഴും വലിയ പണിത്തിരക്കാണ്. പോരെങ്കിൽ ഇപ്പോൾ മകളുടെ വിവാഹ

ദിവസവും അടുത്തുവരുന്നു. ഈ ബദ്ധപ്പാടുകൾക്കിടയിൽ മറ്റെന്തിനെങ്കിലും വിനിയോഗിക്കാൻ സൗകര്യവും സമയവും തീരെ കിട്ടിയെന്നുവരില്ല. ഇതാണെങ്കിൽ, അനേകം അവശജീവിതങ്ങളെ സ്പർശിക്കുന്നതാകയാൽ മന:കായങ്ങളെ ഒന്നുപോലെ ക്ലേശിപ്പിക്കേണ്ടിവരും, തൃപ്തികരമായ ഫലം കിട്ടാൻ. എന്തെങ്കിലുമൊന്നേറ്റാൽ അതു ഏറ്റവും ഭംഗിയായിച്ചെയ്യണമെന്നു നിർബന്ധമുള്ള തനിക്കു ഒടുവിൽ മനഃശല്യത്തിനിടയായെങ്കിലോ എന്ന ഭയവുമുണ്ട്. അതുമല്ല പണമിടപെട്ട സംഗതിയായതുകൊണ്ട് അപവാദങ്ങളും, ആരോപണങ്ങളും ഉണ്ടായെന്നും വരാം മറ്റാരുടെയും അപേക്ഷയോ പ്രേരണയോ കൂടാതെ തന്നെക്കൊണ്ടാവുന്നതു ആദ്യമേചെയ്ത തനിക്കു ഈ ഭാരത്തിൽ നിന്നൊഴിവാക്കപ്പെടണമെന്നാവശ്യപ്പെടാൻ ധാർമ്മികമായിത്തന്നെ അവകാശവുമുണ്ട്.

പക്ഷേ അയാൾ എത്ര അപേക്ഷിച്ചിട്ടും, എന്തെല്ലാം തടസ്സങ്ങൾ പറഞ്ഞിട്ടും എന്തു ഫലം? ധാർമ്മികമുല്യവും കർത്തവ്യബോധവും അവിഭാജ്യഘടകങ്ങളായിരിക്കേണ്ട ആ ജോലി ഏൽക്കാമെന്ന് അയാൾ സമ്മതിച്ചശേഷമാണ് സംസ്ഥാനവാഹനങ്ങൾ അവിടെ നിന്നു നീങ്ങിയത്. ഇത്തരം നിസ്സ്വാർത്ഥസേവനമനഃസ്ഥിതിയുള്ളവർ നാട്ടിലുണ്ടായാൽ ഭരണച്ചുമതല എത്ര ലഘൂകരിക്കപ്പെട്ടേനേ എന്നൊരഭിനന്ദനവും പണിക്കർക്കു കിട്ടി.

സമർത്ഥമായൊരു ധാത്രിയുടെമേൽ നോട്ടത്തിൽ തമ്മിൽ കൂട്ടിയടിക്കാതെയും കൂട്ടിക്കലരാതെയും ഒരമ്മയുടെ ഇരട്ടക്കുഞ്ഞുങ്ങൾ വളർന്നുവരുമ്പോലെ ദുരിതനിവാരണപ്രവർത്തനങ്ങളും മകളുടെ വിവാഹാഘോഷത്തിനുള്ള ഒരുക്കങ്ങളും പണിക്കരുടെ പ്രവർത്തനങ്ങളിൽകൂടെ ധൃതഗതിയിൽ തൃപ്തികരമായി പുരോഗമിച്ചുകൊണ്ടിരുന്നു. ഇലയും മുളയും മുണ്ടും ഭക്ഷണവും എല്ലാം കുന്നുകുന്നായിക്കിടന്നു. ആർക്കും പരാതിക്കിടയില്ല. ചീഞ്ഞഴുകിയ ഓലക്കെട്ടിന്റെ ഉടമസ്ഥനുപോലും, അക്കാലത്ത് മണ്ടത്തരത്തിൽ പശ്ചാത്തപിച്ചതിനുപകരം ഇപ്പോഴത്തെ അപ്രതീക്ഷിതലാഭത്തിൽ ആഹ്ലാദിക്കാൻ സാധിച്ചു.

ആ കൂട്ടസന്തോഷം കണ്ടിട്ടെന്നപോലെ പ്രകൃതിയും ക്രമേണ പ്രശാന്തത സ്വീകരിച്ചു.

പണിക്കരുടെ മകളുടെ വിവാഹദിവസത്തിൽ വീണ്ടും സ്വസാന്നിദ്ധ്യത്താൽ സംസ്ഥാനവാഹനങ്ങൾ ആ പ്രദേശത്തെ ബഹുമാനിച്ചു.

നാടുനീളെ പന്തൽകെട്ടി, നാട്ടുകാരെ സദ്യയൂട്ടി ആ വിവാഹം മഹാസംഭവമായി, അതിവിപുലമായിത്തന്നെ കൊണ്ടാടപ്പെട്ടു.

പ്രശസ്തവ്യക്തികൾക്കു പലർക്കും പരസ്പരം പരിചയപ്പെടാൻ ആ അവസരം സൗകര്യംകൊടുത്തു. ഒന്നിനുമൊരു ലോഭമുണ്ടായില്ല. വിഭവങ്ങളുടെ ഒരുവെള്ളപ്പൊക്കമായിരുന്നു പൊതുവെ, നടത്തിപ്പുകാരന്റെ ഭാഗ്യം പിറന്ന കൈകളാകട്ടെ കാൽക്കാശും ചിലവാക്കാതെ ആഘോഷങ്ങളവസാനിക്കാറായപ്പോഴേക്കും വിലപിടിച്ച സംഭാവനകൾ വാങ്ങി തളർന്നുതുടങ്ങിയിരുന്നു.

മേധാശക്തിയുടെ ഒരു നിമിഷത്തെ പ്രവർത്തനഫലമായി പ്രകൃതിക്ഷോഭത്തിൽ നിന്നത്രയും മുതലെടുത്ത താൻ, പ്രകൃതിയെ മനുഷ്യന്റെ ഭൃത്യനാക്കാൻവേണ്ടി ജീവിത സുഖങ്ങളിൽനിന്നകന്ന് പരീക്ഷണശാലകൾക്കകത്തടച്ചു കഴിയുന്ന അനുഗ്രഹീതശാസ്ത്രജ്ഞൻമാരെക്കാൾ താഴെയാണോ എന്നു പണിക്കർക്കുതോന്നിപ്പോയി.

അയാളുടെ ഭാഗ്യം അവിടെയും നിന്നില്ല. അക്കൊല്ലം ബഹുമതിപ്പേർ നൽകപ്പെടുന്നവരുടെ കൂട്ടത്തിൽ തന്റെ പേരും ശുപാർശചെയ്യപ്പെടുന്നുണ്ടെന്ന സന്തോഷവാർത്ത പണിക്കർക്ക് കിട്ടിക്കഴിഞ്ഞശേഷമാണ് സംസ്ഥാനവാഹനം അവിടം വിട്ടത്.

അതിനുശേഷം അതിഥികളുടെ കൂട്ടത്തിലുണ്ടായിരുന്ന, വമ്പിച്ച തുകകൾ സംഭാവനചെയ്തു ബഹുമതികൾ നേടിയ ചിലരെ യാത്രയാക്കിയപ്പോൾ തന്റെ പുഞ്ചിരി പുച്ഛചിരിയാവാതിരിക്കാൻ പണിക്കർക്കു പ്രത്യേകം ശ്രദ്ധിക്കേണ്ടിവന്നു. വെള്ളപ്പൊക്കത്തിലൂടെ തന്റെ കാല്ക്കലേക്ക് ഒലിച്ചുവന്നിരിക്കുന്ന ബഹുമതിമുദ്ര സ്വീകരിക്കുന്നതാണോ തിരസ്കരിക്കുന്നതാണോ കൂടുതൽ ബുദ്ധിപൂർവകം എന്നും അയാൾ ആലോചിച്ചുനോക്കി.

മലയാളരാജ്യം ആഴ്ചപ്പതിപ്പ്, 1951 ഡിസംബർ 31

## അനുബന്ധം 7

### പേരിലൊന്നും കാര്യമില്ല

**സരസ്വതി**

വെറുതെ ഇരുന്നിരുന്ന് ഗീതയ്ക്കാകപ്പാടെ യാത്രമുഷിഞ്ഞു. മുഷിഞ്ഞു എന്നു പറയുന്നതേക്കാൾ തളർന്നു എന്നു പറയുന്നതാവും കൂടുതൽ ശരി. മാനസ്സികമായ വല്ലായ്മയോടൊപ്പം ശാരീരികമായ ക്ഷീണവും. ആയാഴ്ച കാളേജിൽനിന്നു പോകാൻ നിശ്ചയിച്ചിരുന്ന വിനോദയാത്രയ്ക്കുതന്നെ സമ്മതിക്കാതെയാണ് അച്ഛൻ വീട്ടിൽ വിളിച്ചുകൊണ്ടുപോകുന്നത്. അച്ഛന്റെ കൂടെയുള്ള യാത്ര അല്പമെങ്കിലും ഇങ്ങനെതന്നെ. ബസ്സിൽ നിറയെ ആളുകളുണ്ടായിട്ടെന്താ? വായതുറന്നു സംസാരിച്ചിട്ടെത്ര നേരമായി? തനിക്കിഷ്ടമുള്ളിടത്തിരിക്കാൻ അച്ഛൻ സമ്മതിക്കില്ല. തനിക്കായി റിസർവുചെയ്ത സീറ്റിലിരുത്താതെ കണ്ടക്ടറോട് ശിപാർശചെയ്ത് അച്ഛൻ ഇവിടെ കൊണ്ടിരുത്തിയത് മനഃപ്പൂർവ്വം ദ്രോഹിക്കാനല്ലേ? അതോ, ജീവിതമെന്തെന്നറിഞ്ഞുകൂടാത്ത തനിക്കു ഫീസുകൊടുക്കാതൊരു പാഠം കിട്ടട്ടേയെന്നുവച്ചോ? ഇനിയത്തെ ജീവിതദുരിതങ്ങളുടെ നാന്ദിയാവാമിത്. രണ്ടുപേർക്കുള്ള സീറ്റിൽ മുന്നുപേരാണിരിക്കുന്നത്. താനും ഒരുസ്ത്രീയും, തങ്ങളുടെ നടുവിൽ അധികപ്പറ്റായി, ടിക്കറ്റില്ലാതെ ആ സ്ത്രീയുടെ ഒരു കൊച്ചുകുട്ടിയും. ഉഷ്ണം കൊണ്ടു വിയർത്ത് ശരീരങ്ങൾ തമ്മിൽ ഒട്ടിപ്പിടിക്കുകയാണ്. ആ ഒട്ടിപ്പിടിക്കൽ തന്നേക്കാൾ ദുസ്സഹം ആ കുട്ടിക്കാണെന്നു മാത്രം. കൈമുട്ടുകൊണ്ടുള്ള ഇടികളിലൂടെ അവൾ വാചാലമായി പ്രതിഷേധം രേഖപ്പെടുത്തുന്നതും താൻ സഹിക്കേണ്ടിയിരിക്കുന്നു. അമ്മയുടെ മടിയിലിരുന്നു പാൽ കുടിക്കുന്ന കൈക്കുഞ്ഞിന്റെ കാൽകൊണ്ടുള്ള ചവിട്ടുകൾ തന്റെ ശരീരത്തോളമെത്തുന്ന സന്ദർഭങ്ങളും അപൂർവ്വമല്ല.

മക്കളിങ്ങനെ ഇടിയും തൊഴിയും ഏല്പിക്കുന്നതൊന്നും അറിയാത്തമട്ടിലാണ് അമ്മയുടെ ഇരിപ്പ്. താനിങ്ങനെ ഒരു ജീവി അടുത്തുണ്ടെന്ന വിചാരംപോലും അവർക്കില്ല. അവരുടെ ലോകത്തിൽ ആകെ മുന്നുപേരെയുള്ളൂ; അവരും രണ്ടുകുട്ടികളും. നേരെ

പുറകിലിരിക്കുന്ന ഭർത്താവുപോലും അന്യഗോളത്തിലാണ് താമസമെന്നുതോന്നും അവരുടെ ഭാവം കണ്ടാൽ. കുട്ടികളുടെ കൈകാൽ പ്രയോഗങ്ങളോടൊപ്പം കുഞ്ഞുതൊണ്ടകളും പ്രവർത്തിച്ചുതുടങ്ങിയപ്പോൾ, ആളിന്റെ എണ്ണംകൂടാതെ ജനബാഹുല്യം കണ്ടമാനം വർദ്ധിച്ചതുപോലൊരനുഭവമുണ്ടാകയാൽ അവർക്കയാളുമായി സമ്പർക്കംപുലർത്തേണ്ടി വന്നു. ഇതരഗ്രഹത്തിലെ ജീവികളുമായി ശാസ്ത്രജ്ഞൻമാർ വാർത്താവിനിമയത്തിനുയത്നിക്കുന്നതിനേക്കാൾ ദുഷ്കരമായ ഭാവത്തിൽ അവർ തലതിരിച്ചു സംസാരിച്ചപ്പോൾ ആ ചലനത്തിന്റെ ഞെരുക്കം ഗീതയെ കൂടുതലസുഖപ്പെടുത്തി. ആ രണ്ടു ഗോളങ്ങൾ തമ്മിൽ ഗതാഗതം സാദ്ധ്യമല്ലാത്ത നിലയായതുകൊണ്ട് മറ്റുഗുണങ്ങളൊന്നും അതിൽ നിന്നുണ്ടായതുമില്ല.

ഭാര്യയുടെ സഹായാപേക്ഷ നിശ്ശേഷം വിഗണിക്കയല്ല അയാൾ ചെയ്തത്. തന്റെ അടുത്തേക്കു വരില്ലെന്നു തീർച്ചയുള്ള മൂത്തകുട്ടിയെ സീറ്റിന്റെ മുകളിലൂടെ പൊക്കിയെടുക്കാനയാൾ മൂന്നാലുപ്രാവശ്യം ശ്രമിച്ചുനോക്കി. കുട്ടി അതിനുസമ്മതിച്ചിരുന്നെങ്കിൽ, തന്റെ വലംതോൾ ഒരു Space Station ആയി അയാൾ പ്രയോജനപ്പെടുത്തുമെന്നു ഗീതയ്ക്കറിയാമായിരുന്നു. പക്ഷേ, കുട്ടിയുടെ ശബ്ദനാളി കൂടുതൽ ശക്തിയോടെ പ്രവർത്തിപ്പിക്കാനേ അയാളുടെ ശ്രമം ഉതകിയുള്ളു. പിന്നീട് മിക്കപ്പോഴും ഭാര്യയുടെ സഹായാർത്ഥനകാണാത്ത ഭാവത്തിലയാളിരുന്നുകളഞ്ഞു: വല്ലപ്പോഴും കണ്ടഭാവം നടിച്ചാൽ, 'അസത്തേ' എന്നുപറഞ്ഞ് മൂത്തകുട്ടിയെ ഒന്നുഞൊട്ടും; ഇളയകുട്ടിയുടെ വായിൽ കോർക്കടപ്പിട്ടുകളയാൻ ഭാര്യയ്ക്കൊരു നിർദ്ദേശവും കൊടുക്കും. അത്രയുംകൊണ്ട് അയാളുടെ സഹായം തീർന്നു.

അയാളുടെ ആ നിർദ്ദേശം ഗീതയെ ആദ്യം വല്ലാതെ അത്ഭുതപ്പെടുത്തി. വേറൊരവസരമായിരുന്നെങ്കിൽ അവൾക്കു ചിരിവന്നേനെ. പക്ഷേ അപ്പോൾ അവൾക്ക് അയാളുടെ നേരെ വെറുപ്പാണു തോന്നിയത്. ദുഷ്ടൻ! മുരടൻ! ഇങ്ങനെയുമുണ്ടല്ലോ പുരുഷൻമാർ! കുഞ്ഞിന്റെ വായ് ദ്രാവകമൊഴിച്ചുവച്ച കുപ്പിയോ മറ്റോ ആണോ കോർക്കു കോണ്ടടപ്പിട്ടു കരച്ചിൽ നിർത്താൻ? ഭർത്താവിന്റെ ആ ദുഷ്ടത്തരം ഭാര്യ എങ്ങനെ മിണ്ടാതെ വീണ്ടും വീണ്ടും കേട്ടുകൊണ്ടിരിക്കുന്നു എന്നവളതിശയിച്ചു. പക്ഷേ കുറേക്കഴിഞ്ഞ് ആ സ്ത്രീ ഒരു പരാതി പറഞ്ഞപ്പോഴവൾക്കു മനസ്സിലായി അയാൾ ദുഷ്ടത്തരം പറഞ്ഞതല്ല, രൂപകാലങ്കാരം പ്രയോഗിച്ചതാണെന്ന്. "ഹോ! ചുമ്മാ പറഞ്ഞാ മതിയല്ലോ, കാർക്കിട്ടടച്ചോ കാർക്കിട്ടടച്ചോന്ന്. ബസ്സിൽകേറിയപ്പംതൊട്ട് എന്നെ ഊറ്റാൻ

തുടങ്ങിയതാണ്. വായിലടപ്പിടാഞ്ഞിട്ടല്ല, അതിന്റെ വയറ്റിലൊന്നുമില്ലാഞ്ഞിട്ടാണീ നിലവിളി" എന്നവർ പരാതിപ്പെട്ടതിന് അയാളിങ്ങനെ സമാധാനം പറഞ്ഞു. "നിന്റെ പാലല്ലാതെ വേറെ വല്ലതും അതു തൊണ്ടയ്ക്ക് കീഴിറക്കുമോ? പിള്ളേരെ വളർത്തിവച്ചിരിക്കുന്ന രീതി! അമ്മേടെ ചൂടുതട്ടിക്കൊണ്ടിരുന്നില്ലെങ്കിൽ ചത്തുപോകുമെന്ന മട്ടിലൊരു രക്തകാളി; തള്ളേടെ രക്തമൂറ്റിക്കുടുച്ചാലുമടങ്ങാത്ത ഒരു കുട്ടിക്കാലൻ".

പിന്നീടങ്ങോട്ടയാൾ, ഭാവിയിൽ ദ്വൈവാർഷികക്കണക്കിനു പുറത്തിറങ്ങാനുള്ള അജാതശിശുക്കൾക്കുപോലും മുൻകൂട്ടി ഓമനപ്പേരുകളിടാൻതുടങ്ങി. എങ്ങനെയെങ്കിലും യാത്ര പെട്ടെന്നവസാനിച്ചെങ്കിൽ എന്നു ഗീത പ്രാർത്ഥിച്ചു. ആ ശബ്ദപ്രപഞ്ചത്തിൽ തന്റെ വകയായിട്ടൊരു സംഭാവനകൂടെ സ്വീകരിക്കാത്തനിലയിലും അതു സഹിക്കാമെന്നുവച്ചാൽതന്നെ, നേരേയിരിക്കാൻപോലും നിവൃത്തിയില്ലാതെന്തുചെയ്യും? അച്ഛന്റെ ഓമനയായ കുട്ടിക്കാലന്റെ മൂത്ത രക്തകാളിയുടെ ശല്യം ഒന്നിനൊന്നു കൂടുകയാണ്. അച്ഛൻ ഇടയ്ക്കിടെ ഞോടുമ്പോഴുള്ള മകളുടെ പുളയലിന്റെ പ്രതികരണത്തിലുള്ള വിഷമം പരിചയത്താൽ തനിക്കു നിസ്സാരമായിത്തീർന്നിട്ടുണ്ട്. പക്ഷേ തങ്ങളുടേതായ കൊച്ചു ലോകത്തിൽ പറ്റിക്കൂടിയിരിക്കുന്ന ഒരന്യയായ തന്നെ പുറംതള്ളാനാണെന്നു തോന്നുന്നു ഇപ്പോഴത്തെ ആ കുട്ടിയുടെ നിരന്തരശ്രമം. സഹികെട്ടപ്പോൾ ആ ശ്രമത്തെ ഫലവത്തായൊന്നെതിർക്കാൻ ഗീത തയ്യാറായി. ഗീതയുടെ എതിർപ്പിന്റെ ശക്തിയിൽപെട്ട് സീറ്റിൽനിന്നു പകുതി പുറത്തേക്കുതള്ളിപ്പോയ അമ്മ അവളെ ഒരു നോക്കുനോക്കി; തുടർന്ന് ഒരു ചോദ്യവും "കല്യാണമൊന്നും കഴിഞ്ഞില്ലേ?"

ആ ചോദ്യം കേട്ടയുടനെ ഗീത മറുപടിപറയാതെ ബസ്സിന്റെ മരച്ചുമരിൽ തന്റെ ദേഹം അമർത്തിയൊതുക്കിവച്ചു. മാംസംപോലെ മരം ഒതുങ്ങുന്നതല്ലാത്തതുകൊണ്ട് കുട്ടിയ്ക്കാഞ്ഞെരുക്കൽ പിന്നെയും കൂടിയതേയുള്ളൂ. എന്നിട്ടും ഗീത എതിർക്കാൻ–സ്വന്തം അവകാശം പിടിച്ചുപറ്റാൻ–പിന്നീട് ധൈര്യപ്പെട്ടില്ല.

ആ സ്ത്രീയുടെ ചോദ്യം അവൾക്കൊരു പുതുമയായിരുന്നില്ല; അപ്രതീക്ഷിതവുമല്ല. തന്റെ യാത്രാവേളകളിലെപ്പോഴും, പ്രധാനമായി പെണ്ണുങ്ങളടുത്തുണ്ടെങ്കിൽ, കിണ്ണാരംചോദിക്കലിന്റെ പ്രാരംഭമായി ആ പതിവുചോദ്യം ഉയർന്നുവരിക തീർച്ചയാണ്. പക്ഷെ അപ്പോഴൊക്കെ ചോദ്യകർത്തൃകളുടെ സ്വരത്തിൽ വാത്സല്യവും കളിയാക്കലും ആശംസയും മറ്റുമാണ് തുളുമ്പിനില്ക്കാറ്. ആ സ്ത്രീകളിൽ പലർക്കും, ആ ചോദ്യ കേൾക്കു

മ്പോഴത്തെ അവളുടെ മുഖഭാവംതന്നെ മതിയായ മറുപടിയായിരിക്കും. "കോളേജിൽ പഠിക്കുന്ന കുട്ടിയല്ലേ? ജീവിതം തുടങ്ങാറാവുന്നേയുള്ളു" എന്ന പുഞ്ചിരിയോടെ പിന്നീടങ്ങോട്ട് എന്തെല്ലാം ചോദ്യങ്ങളാണ്? തന്നെ മരുമകളാക്കാനല്ല, എങ്ങനത്തെ ഭർത്താവിനെക്കിട്ടാവുന്ന പരിതസ്ഥിതിയാണ് തന്റേത് എന്നറിയുകയാണ് ആ ചോദ്യങ്ങളുടെ ലക്ഷ്യം. സ്വന്തം പുത്രികളുമായി ഒരു താരതമ്യപ്പെടുത്തലും ആ ഉത്തരങ്ങളോടൊപ്പം മനസാ രഹസ്യമായോ പുറമേ വാചികമായോ നടന്നെന്നുംവരാം. എന്തായാലും, സന്താനസമ്പൽസമൃദ്ധമായ ദാമ്പത്യജീവിതത്തിന്റെ ആശീർവാദത്തോടെയാണ് ആ സംഭാഷണ വിഷയം അവർ അവസാനിപ്പിക്കുക.

ഈ സ്ത്രീയുടെ സ്വരത്തിലാകട്ടെ, ആശംസകളും വാത്സല്യവുമൊന്നുമുല്ല; അതിനുവേണ്ട പ്രായക്കൂടുതലും തന്നേക്കാൾ അവർക്കില്ല. പക്ഷേ ആ നോട്ടത്തിലും സ്വരത്തിലും സമപ്രായക്കാരുടെ സൗഹൃദമില്ലെന്നു മാത്രമല്ല പിടികിട്ടാത്ത, അസുഖകരമായ എന്തോ നിഗൂഹിതാർത്ഥമുള്ളതുപോലൊരു പ്രത്യേകത ഗീതയ്ക്കനുഭവപ്പെട്ടു. ശാപത്തിന്റെ ധ്വനിയാണോ അതിൽ? പ്രാരാബ്ധവും പാടുമില്ലാത്തവളുടെ ഒരു സുഖിച്ചിരിപ്പ് എന്ന ഈർഷ്യ; പേറ്റുനോവറിയാഞ്ഞിട്ടല്ലേ പിഞ്ചുകുഞ്ഞിനോടീ ക്രൂരത എന്ന അവജ്ഞ; കല്യാണം കഴിഞ്ഞാൽപിന്നെ ഒരു തൊട്ടിൽകുഞ്ഞിനോടെതിർക്കാൻ പോലും ത്രാണി ശേഷിക്കില്ലല്ലോ എന്ന ഭീഷണി; ഇതിലേതെങ്കിലുമോ എല്ലാംകൂടോയോ അതിലടങ്ങിയിട്ടുണ്ട്.

ശരിയാണ്, തന്റെ അപരാധീനമായ ആനന്ദം അവസാനിക്കാൻപോകയാണ്. അതിനാണല്ലോ പഠിത്തം പൂർത്തിയാക്കാൻപോലും സമ്മതിക്കാതെ അച്ഛൻ പെട്ടെന്നിങ്ങനെ വിളിച്ചുകൊണ്ടുപോവുന്നത്. പഠിത്തം നിറുത്താനും വിവാഹംചെയ്യാനും തനിക്കു വിരോധമില്ലായിരുന്നു–ഭാവിയെപ്പറ്റി അത്ര പ്രതീക്ഷയുണ്ടാക്കുന്നയാളാണു വരനെങ്കിൽ. ഫസ്റ്റ് ക്ലാസിൽ ഡബിൾ ഡിസ്റ്റിങ്ഷനോടെ ഇന്റർ പാസ്സായി സ്കോളർഷിപ്പോടെ പഠിച്ചുകൊണ്ടിരുന്ന ഹൈമവതി ഒരു ക്യാപ്റ്റൻ വന്നപ്പോഴേക്കും പഠിത്തം നിറുത്തിപ്പോയില്ലേ; ഹൈസ്കൂളിൽ പഠിക്കുമ്പോഴാണ് ശ്രീലതയുടെ വിവാഹം കഴിഞ്ഞത്; ഇന്നൊരു ഐ. എ. എസ്സുകാരനാണവളുടെ ഭർത്താവ്. ജയശ്രീയുടെ ഭർത്താവ് ഇഞ്ചിനീയർ; കാന്തിയുടെ ഭർത്താവ് ഡോക്ടർ. വലിയ വീടും, വേണ്ടത്ര വേലക്കാരും സ്വന്തം കാറും ആവശ്യത്തിനു കുട്ടികളും ഒക്കെയായി അവരൊക്കെ സുഖമായി കഴിയുന്നുണ്ട്.

പക്ഷേ, തന്റെ സ്ഥിതി എന്തായിത്തീരുമിനി? ഉദാഹരണത്തിനു ദൂരെയെങ്ങും പോണ്ട; യാത്രയുടെ തുടക്കം മുതൽ തന്റെ അടുത്തിതാ അങ്ങനത്തെ ഒരു കുടുംബജീവിതം ഘോഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതിനേക്കാൾ കൂടുതലെന്തുണ്ട് പ്രതീക്ഷിക്കാൻ? അതു കണ്ടുപഠിക്കാനാണല്ലോ അച്ഛനിവിടെക്കൊണ്ടിരുത്തിയത്! ഒരു പ്രൈവറ്റ് കോളേജിൽ ട്യൂട്ടറാണു വരൻ; ലക്ചർ പോലുമല്ല; വെറും ട്യൂട്ടർ. അയാൾ ബി. എ.–യോ എം. എ–യോ ആയാലും ഉദ്യോഗപ്പേരിതുതന്നല്ലോ; ശമ്പളവും പേരിനുമാത്രം. തനിക്കു ചുളുവിലൊരു ഭാഗ്യം വന്നുപെട്ടിരിക്കുന്നു എന്നാണച്ഛന്റെ വിചാരം. എന്തു ഭാഗ്യമോ! തന്നെ പഠിക്കാൻ സമ്മതിച്ചെങ്കിൽ അല്പകാലത്തിനകം ഈ ഡിഗ്രിയൊക്കെ താൻതന്നെ നേടുകയില്ലായിരുന്നോ? ഈ വരനെ കിട്ടുന്നതിൽ കുറഞ്ഞ ഭാഗ്യം മതി നല്ലൊരുദ്യോഗം പിന്നീടു കിട്ടാൻ. പെണ്ണുങ്ങൾക്കു പഠിത്തം കൂടുന്തോറും ആപത്തും കൂടുമെന്ന അഭിപ്രായക്കാരോട് ഇതൊക്കെപ്പറഞ്ഞിട്ടെന്തുകാര്യം? എത്ര പഠിപ്പും പരിഷ്കാരവും പണവുമുള്ള ആണുങ്ങളേയും പഠിച്ച പെൺകുട്ടി ബഹുമാനിക്കില്ലപോലും! ഇത്ര കഷ്ടപ്പെട്ടീ ബഹുമാനം നേടീട്ടെന്തുവേണമെന്നാണ് മനസ്സിലാകാത്തത്. കാണുന്നവരുടെ കണ്ണടച്ചുകെട്ടി സുന്ദരനെന്നു പറയിക്കുന്നതിലെന്താണൊരു മേന്മ? ഭർത്താവിനിഷ്ടമാണെങ്കിൽ തുടർന്നു പഠിച്ചോ എന്നാണച്ഛന്റെ സമാധാനം. അച്ഛന് സ്വന്തം ഭാരം ഒഴിഞ്ഞു കിട്ടണമെന്നേയുള്ളെന്നുതോന്നുന്നു. അല്ലെങ്കില്പിന്നെ കുടുംബം പുലർത്താൻപോലും കാശു കിട്ടാത്ത ട്യൂട്ടർക്ക്, ഭാര്യയുടെ പഠിത്തച്ചിലവിനും കൂടെ എവിടന്നാണു വരവ്? ഒക്കെ ചേട്ടന്റെ തിരുക്കാണ്. ചേട്ടന്റെ കൂട്ടുകാരനല്ലേ ആൾ? അല്പശമ്പളത്തിൽ കുടുംബം പുലർത്തി കഷ്ടപ്പെടുന്ന ചേട്ടന് അതിന്റെ ദുരിതമറിഞ്ഞുകൂടേ? താൻ നന്നായി വന്നാൽ താഴെയുള്ള അനുജത്തിമാർക്കതൊരു സഹായമാവുമെന്നു പറയുന്നതു വെറുതെയാണ്.

ഇങ്ങനത്തെ ഒരു ഭർത്താവിന്റെ ഭാര്യാപദം സ്വപ്നത്തിൽപോലും താൻ ഭയന്നിരുന്നതാണ്. ആളിന്റെ ആകൃതിയെപ്പറ്റി അച്ഛൻ വർണ്ണിച്ചിടത്തോളം ഒരർദ്ധപട്ടിണിക്കാരനാണ് തന്റെ സങ്കല്പത്തിൽ വരുന്നത്. പരിഷ്കാരമില്ല; പ്രതാപമില്ല; പഠിപ്പിന്റെ പ്രൗഢിപോലുമില്ല. തന്റെ പൊൻകിനാവുകളിലൊന്നും ഒരു അല്പശമ്പളക്കാരൻ ട്യൂട്ടറെ കടന്നുവരാൻ താൻ സമ്മതിച്ചിട്ടില്ല; അച്ഛനും ചേട്ടനുംകൂടെ തന്റെ യഥാർത്ഥജീവിതത്തിൽ ബലാല്ക്കാരമായി അങ്ങനെ കടത്തിവിടുമെന്നും വിചാരിച്ചിരുന്നില്ല. ഭർത്താവിന്റെ ജോലി ചോദിച്ചാൽ, ഡോക്ടറെന്നു ഇഞ്ചിനീയറെന്നുംമറ്റും സഗർവം ഉത്തരം പറയാനും സാധിക്കുന്ന സ്നേഹിതകളെന്തു വിചാരിക്കും, ഇതറിയുമ്പോൾ? വിവാഹത്തിനവരെ ക്ഷണി

ച്ചില്ലെങ്കിൽ വലിയ പരാതിയാവില്ലേ? വലിയനിലയിലുള്ള വിരുന്നുകാർ വിവാഹത്തിനുണ്ടായാൽ വരന്റെ കുറവു കുറേ നികന്നിപോയെന്നും വരാം. പക്ഷേ ആളിനെ കാണുമ്പോഴും ഉദ്യോഗമെന്തെന്നറിയുമ്പോഴും അവർതന്റെ ഭാഗ്യഹീനതയെക്കുറിച്ച് രഹസ്യമായി അന്യോന്യം പലതും പറയാതിരിക്കുമോ?

സ്നേഹിതകളുടെ അപഹാസഗർഭമോ അനുകമ്പാഭരിതമോ ആയ മുഖങ്ങൾ ഗീത മനസാ കണ്ടു. അവൾ മുന്നോട്ടാഞ്ഞ് തുടയിൽ കൈമുട്ടുകളൂന്നി, കൈവിരലുകൾ നെറ്റിയിലമർത്തി കുനിഞ്ഞിരുന്നു.

ചുറ്റും നിശ്ശബ്ദത വ്യാപിച്ചപ്പോഴവൾ കണ്ണുതുറന്നു. ബസ്സു നിൽക്കുകയാണെന്നും തന്റെ സമീപമിരുന്ന ശബ്ദപ്രപഞ്ചം ബസ്സുവിട്ടുകഴിഞ്ഞെന്നും അവൾക്കു മനസ്സിലായി. അല്പം കഴിഞ്ഞ്, തന്റെ സീറ്റിന്റെ മുമ്പിൽ നിലത്തൊരു സ്യൂട്ട്കേസ് കൊണ്ടുവയ്ക്കുന്ന വെളുത്ത സുന്ദരമായ ഒരു പുരുഷഹസ്തവും, കറുത്തു മിനുത്തു ഭംഗിയേറിയ സൂട്ടണിഞ്ഞ രണ്ടു കാലുകളും കാണുകയാൽ അവൾ ആകാംക്ഷയോടെ നിവർന്നിരുന്നു നോക്കി. എയർ ഇന്ത്യാ ഇന്റർ നാഷണലിന്റെ അടയാളമുള്ള ഒരു സഞ്ചി തൂക്കിപ്പിടിച്ചുകൊണ്ട്, അതിമോടിയായി വസ്ത്രധാരണംചെയ്ത ഒരു യുവസുഭഗൻ സീറ്റിന്റെ നമ്പർ നോക്കി തന്റെ അടുത്തുവന്നു നിൽക്കുകയാണ്. തന്നെ നോക്കിനിൽക്കുന്ന അയാളുടെ കണ്ണുകളിൽ ആസ്വാദനോൽസുകമായ അഭിനന്ദനം കണ്ട അവൾ ആനന്ദസമ്മിശ്രമായ അമ്പരപ്പോടെ തിരിഞ്ഞു അച്ഛനെ നോക്കി. വരനെപ്പറ്റി അച്ഛൻ പറഞ്ഞുകേൾപ്പിച്ചതൊക്കെ വെറുതെ തന്നെ കബളിപ്പിക്കാനായിരുന്നോ?

അച്ഛന്റെ വെപ്രാളം കണ്ടപ്പോഴവൾക്കു മനസ്സിലായി തന്റെ നൈമിഷികമായ ആനന്ദാവേശം അസ്ഥാനത്തായിരുന്നെന്ന്. അച്ഛൻ ഓടിവന്ന് അവളെ എണീപ്പിച്ചു. തനിക്ക് റിസർവ്വ് ചെയ്യപ്പെട്ടിരുന്ന ആ സീറ്റിലിരുന്നുകൊണ്ട് ആഗതൻ അനുകമ്പാപൂർവ്വം അവളെ നോക്കി. സീറ്റിന്റെ മറ്റേ പകുതിയിലിരിക്കാം എന്നൊരസ്പഷ്ടമായ ക്ഷണവും ആ നോട്ടത്തിലുണ്ടോ എന്നവൾക്കു തോന്നി. പക്ഷേ അച്ഛൻ പലരേയും മാറ്റിമാറിച്ചിരുത്തിയ ശേഷം അവളെ ഒരു പാട്ടിയമ്മയുടെ സീറ്റിൽ പങ്കാളിയാക്കി.

ബസ്സിൽ പലരുടെയും ശ്രദ്ധയെ ആകർഷിച്ച ആ നവാഗതനെ അവൾ മൂന്നാലുവട്ടം തിരിഞ്ഞുനോക്കി. എന്തൊരു ഭാവഗംഭീരമായ ആകാരം! പെരുമാറ്റത്തിലും നോട്ടത്തിലും എന്തൊരാത്മവിശ്വാസം! സീറ്റുമാറുന്ന തിരക്കിന്നിടയിൽ ആ സ്യൂട്ട്കേസിലെഴു

തിയിരുന്ന പേരിൽ പ്രൊഫസർ എന്നിടത്തോളമേ അവൾക്കു വായിക്കാൻ കഴിഞ്ഞിരുന്നുള്ളു. ആ പ്രൊഫസറുടെ കീഴിൽ പഠിക്കാൻ സാധിക്കുന്നവരുടെ ഭാഗ്യത്തിലവൾക്കസൂയതോന്നി. എത്ര അയത്നലളിതമായിട്ടാണയാൾ ഇംഗ്ലീഷ് സംസാരിക്കുന്നത്? ഇംഗ്ലീഷുമാത്രമല്ല, ഹിന്ദിയും ഭംഗിയായി സംസാരിക്കുന്നുണ്ട്.

പുറകിലത്തെ സീറ്റിലിരുന്ന രണ്ടാളുകളുടെ സംഭാഷണത്തിൽനിന്നവൾ അയാളുടെ പേർ മനസ്സിലാക്കി. പ്രൊഫസർ കൂ എന്ന പേരിന്റെ വൈചിത്ര്യം അവളുടെ ആദരവിനെ വർദ്ധിപ്പിക്കുകയാണു ചെയ്തത്. ബഹുഭാഷാവിദഗ്ദ്ധനായ ഒരു വിദേശീയനായിരിക്കാം. തണ്ടുകാണിക്കാതെയും അന്തസ്സുവിട്ടുകൊടുക്കാതെയും അടുത്തിരിക്കുന്നവരോടു സൗഹൃദം കാണിക്കാനുള്ള കഴിവ് വിദൂരദേശസഞ്ചാരങ്ങളാൽ നേടിയതായിരിക്കണം. ഇത്ര വലിയൊരു മിടുക്കന്റെ ജീവിതസഖിയാകാനുള്ള മഹാഭാഗ്യം തനിക്കുണ്ടെന്ന് ഒരു നിമിഷത്തേക്കെങ്കിലും താനെങ്ങനെ വിചാരിച്ചു?

അവളുടെ മൂകമായ ബഹുമാനങ്ങൾ നിശ്ശേഷം ആർജ്ജിച്ചതറിയാതെ അയാൾ അടുത്ത ജംഗ്ഷനിൽ ബസ്സിറങ്ങി. യാത്രയുടെ അങ്ങേറ്റംവരെ അയാൾ ബസ്സിൽകൂടെയില്ലാത്തതിലവൾക്കു വിഷമം തോന്നി. അയാൾ പോയി അല്പം കഴിഞ്ഞപ്പോൾ ഒരാൾ പറഞ്ഞു: "നല്ല മനുഷ്യൻ. കണ്ടാലും സ്വഭാവവും എല്ലാം കൊള്ളാം. അപാരമിടുക്കൻ. എവിടത്തെ, ഏതു കോളേജിലെ, പ്രൊഫസ്സറെന്നാണു പറഞ്ഞത്? മലയാളവും നല്ല ഒന്നാന്തരമായി സംസാരിക്കുന്നുണ്ടല്ലോ"

"ഇവിടെ ജനിച്ചവന് മലയാളം അറിഞ്ഞുകൂടാതിരിക്കുമോ?" അല്പം അകലെ ഒരു സീറ്റിൽനിന്നും മറുപടിയുണ്ടായി. "പുള്ളി ഇവിടത്തുകാരനാണ്. പ്രൊഫസറെന്നല്ല പ്രിൻസിപ്പാളെന്നുപറഞ്ഞാലും ആരും വിശ്വസിച്ചുപോവും. പള്ളിക്കൂടത്തിപ്പഠിപ്പുമാത്രം ഇല്ലെന്നേയുള്ളു. കൊച്ചിലേ അച്ഛൻ മരിച്ച് വീട് അനാഥമായപ്പോൾ കഷ്ടത സഹിക്കാൻവയ്യാതെ നാടുവിട്ടയാൾ തിരിച്ചുവന്നതീയിടെയാണ്. അലഞ്ഞുതിരിഞ്ഞ് ജാലവിദ്യ പഠിച്ചതിന്റെ പച്ചയാണിക്കണ്ടതൊക്കെ. കോളേജിലെ പ്രൊഫസറല്ല, വെറും ജാലവിദ്യക്കാരൻ പ്രൊഫസർ. അയാൾ കാണാത്ത കാഴ്ചയില്ല; പോകാത്ത നാടില്ല. കുറച്ചധികം കാശും സമ്പാദിച്ചിട്ടുണ്ടുപോലും. മൂത്ത മോൻ പാടുപെട്ടതുകൊണ്ട് ആ കുടുംബം മുഴുവനിപ്പോൾ നല്ല നിലയിലായി."

ഗീതയുടെ അച്ഛൻ ചോദിച്ചു:

"കൂ എന്ന വിശേഷപ്പെട്ട പേരെവിടുന്നീയാൾക്കു കിട്ടി?"

“കുട്ടനപിള്ള എന്നാണു പേര്. ആദ്യത്തെ അക്ഷരം മാത്രം മതി എന്നിഷ്ടനുതോന്നിയിരിക്കാം. ഒരക്ഷരമുള്ള പേര് അന്യനാട്ടുകാർക്ക് പറയാനെളുപ്പവുമുണ്ട്. നല്ല നിലയിലൊരു പെൺകുട്ടിയെ കല്യാണം കഴിക്കാനാണിപ്പോഴത്തെ ശ്രമം. കുട്ടിക്കു നാലു കാശും സ്വത്തും വേണ്ട, കാണാൻ ഭേദപ്പെട്ടതും വിദ്യാഭ്യാസമുള്ളതുമായാൽ മതിയെന്നും പറഞ്ഞ് കൊണ്ടുപിടിച്ചന്വേഷിക്കുന്നുണ്ട്. അപേക്ഷക്കാരികളായി ബി.എ–യും എം.എ–യും മറ്റും വന്നിട്ടുണ്ടെന്നയാളുടെ അമ്മ പറഞ്ഞു: അതിലാരെയും അയാൾക്കു പിടിച്ചല്ലത്രേ.”

“അവനെ ആദ്യം കണ്ടപ്പൊഴേ എനിക്കുതോന്നി മന്ത്രവാദിയാണെന്ന്. മന്ത്രവാദിക്കേതു പെണ്ണിനെ മയക്കാനൊക്കൂല്ലേ?” എന്ന് ഗീതയുടെ അച്ഛൻ പറഞ്ഞപ്പോൾ എല്ലാവരും പൊട്ടിച്ചിരിച്ചു. തന്റെ അടുത്തു വന്നുനിന്നതിനിടയ്ക്ക് തന്നെ മയക്കാൻ അയാൾ ശ്രമിച്ചിട്ടുണ്ടോ എന്നച്ഛന് ഭയമുണ്ടെന്ന് ഗീതയ്ക്കു മനസ്സിലായി. തന്റെ മുഖഭാവം സൂക്ഷിച്ചെങ്കിൽ അച്ഛനങ്ങനെ തോന്നിയതിലതിശയമില്ല. പക്ഷേ എന്തു തെറ്റിദ്ധാരണയുടെ സ്വാധീനത്തിലാണു താനങ്ങനെ ആകർഷിക്കപ്പെട്ടതെന്ന് അച്ഛനറിഞ്ഞുകൂടല്ലോ എന്നോർത്തപ്പോൾ അവൾക്കു ചിരിവന്നു; ആ ധാരണ തെറ്റായിപ്പോയതിലൊരു നേരിയ വേദനയും തോന്നി. ജാലവിദ്യക്കാരൻ പ്രൊഫസറുടെ ഭാര്യയാവുന്നത് അവമാനമായിട്ടല്ലാതെ അഭിമാനമാണെന്ന് അവൾക്കശേഷം തോന്നിയില്ല. എന്നാലും തന്റെയും കുടുംബാംഗങ്ങളുടെയും ജീവിതസൗധം വെറുതെ മണ്ണിൽനിന്നു തനിയെ കെട്ടിപ്പടുത്തുയർത്തിയ ആ കർമ്മധീരതയും അതിന്റെ ലോലമായ ആത്മവിശ്വാസത്തെയും അവൾ മനസ്സും മനസ്സാ അഭിനന്ദിച്ചുപോയി.

ബസ്സ് നീങ്ങിയപ്പോൾ ജാലക്കാരനിരുന്ന സീറ്റിലേക്ക് ഗീത തലതിരിച്ചുനോക്കി – ജാലവിദ്യയാൽ വീണ്ടും അയാളവിടെ പ്രത്യക്ഷപ്പെട്ടിരിക്കാമെന്ന് പ്രതീക്ഷിച്ചെന്നപോലെ. ആ ദർശനീയന്റെ സ്ഥാനത്ത്, അയാളെക്കാൾ ഭംഗിയായി വസ്ത്രധാരണംചെയ്ത മറ്റൊരു ചെറുപ്പക്കാരനിരിക്കുന്നതാണ് ഗീത കണ്ടത്; അടുത്തായി, വേഷവിധാനത്തിൽ അയാളിലൊട്ടും താഴെയല്ലാത്ത ഒരു യുവതിയും? തുണിത്തരത്തിന്റെ മേന്മയിൽ ജാലക്കാരൻ മികച്ചുനിന്നിരുന്നെങ്കിൽ, ഏറ്റമുയർന്ന ഫാഷനിലാണവരുടെ ഉടുപ്പുകൾ. മനോഹരമായി പൂക്കൾ തുന്നിപ്പിടിച്ച നേർത്തു മൃദുവായ സാരിയും ഏറ്റവും പരിഷ്കൃതരീതിയിൽ തയ്ച്ച ജാക്കറ്റും ചേർന്ന ആ സ്ത്രീയുടെ വേഷത്തിനൊരു അഭിജാതമായ ആകർഷകത്വമുണ്ട്. മാദകമായ ലഹരിയല്ല, കുലീനമായ സുഗന്ധമാണ് ആ കാഴ്ച അനുഭവപ്പെടുത്തുന്നത്. അയാളുടെ വേഷത്തിനുമുണ്ട് ശാലീനമായ ആ കുലീനത്വം. പണവും പ്രയത്നവും ധാരാളം

ചെലവാക്കിനേടിയ ആഢംബരവസ്തുക്കളിൽനിന്നും പിഴിഞ്ഞുണ്ടാക്കിയ ലാളിത്യമാണത്; നിറപ്പകിട്ടുള്ള സപ്തവർണ്ണങ്ങൾ ചേർന്നുണ്ടാവുന്ന പരിശുദ്ധമായൊരു വെളിച്ചംപോലെ.

"പ്രിൻസിപ്പാളെങ്ങോട്ടാണുയാത്ര?" എന്നൊരാൾ വിളിച്ചുചോദിച്ചപ്പോൾ ഗീതയ്ക്കത്ഭുതം തോന്നി. ഇത്ര ചെറുപ്പത്തിലേ പ്രിൻസിപ്പാളാവുന്നതെന്തൊരു ഭാഗ്യമാണ്. ഗുസ്തിയോ ജാലമോ പഠിച്ചു ചുളുവിൽ പ്രൊഫസറെന്നും പറഞ്ഞുനടക്കുംപോലെ പറ്റില്ലല്ലോ പ്രിൻസിപ്പാളാകാൻ. വെറുതേയല്ല കുലീനമായ ഈ വേഷം. ഒരു പ്രിൻസിപ്പാളിനു കിട്ടുന്ന ശമ്പളം മുഴുവൻ രണ്ടുപേർക്കുമാത്രമായി ചെലവിട്ടാൽ പിന്നാർക്കിങ്ങനെ നടന്നുകൂടാ? ഒരു പക്ഷേ സ്വന്തം വിദ്യാഭ്യാസയോഗ്യതകൊണ്ടുമാത്രമല്ല, ഭാര്യയുടെ സ്ഥിതിവലിപ്പത്തിന്റെ സഹായത്താലാവാം അയാൾക്കാ ഉദ്യോഗം കിട്ടിയത്. ആ സ്ത്രീയുടെ മുഖംകണ്ടാൽതന്നെ അറിയാം സംസ്കാരസമ്പത്തും കുടുംബശ്രേഷ്ഠതയും അവരുടെ രക്തത്തിലുണ്ടെന്ന്. അവരുടെ വേഷം, ഇല്ലാത്ത സൗന്ദര്യത്തെ ഉണ്ടാക്കീട്ടില്ല; സൗഭാഗ്യത്തെ വർദ്ധിപ്പിച്ചിട്ടേയുള്ളു. ദൈവമനുഗ്രഹിച്ചീ ലോകത്തിലേക്കു പറഞ്ഞയച്ച സുകൃതശാലികൾ. എത്രയാശിച്ചാലും തനിക്കിങ്ങനെ ഒരു ജീവിതത്തിനു സാദ്ധ്യതയുണ്ടോ?"

സ്നേഹിതന്റെ ചോദ്യത്തിനു മറുപടിയായി, അത്യാവശ്യമായി മിസ്സിസ്സിന്റെ വീട്ടിലേക്കൊന്നുപോവുകയാണെന്നു പ്രിൻസിപ്പാൾ പറഞ്ഞു. അയാൾക്കേതു കോളേജിലാണു ജോലിയെന്നു സ്നേഹിതന്റെ അടുത്തിരുന്ന ആൾ ചോദിച്ചു. കലാശാലകളിൽ വിദ്യാർത്ഥികൾക്കു പ്രവേശനംകിട്ടാൻ ശുപാർശവേണ്ടിവരുന്ന കാലമയാതുകൊണ്ടാണയാളതു ചോദിച്ചതെങ്കിലും നിരുദ്ദേശ്യമായ ജിജ്ഞാസയാൽമാത്രം ഗീത ചെവു വട്ടംപിടിച്ചു. എസ്. ടി. കോളേജിലെ പ്രിൻസിപ്പാളാണെന്ന മറുപടി ചോദ്യകർത്താവിനെയും ഗീതയേയും തൃപ്തിപ്പെടുത്തി.

അല്പംകഴിഞ്ഞു സ്നേഹിതൻ ഉച്ചത്തിൽ കുശലപ്രശ്നം തുടർന്നു. "പിന്നെ ബിസിനസ്സിപ്പോഴെങ്ങനെയിരിക്കുന്നു. ആളിനെക്കണ്ടിട്ട് പണം വാരിയെടുക്കുന്ന ലക്ഷണമുണ്ടല്ലോ. ഭാഗ്യം തലയിൽകേറി മറിയുമ്പോൾ ദാരിദ്ര്യവാസിഗുമസ്തന്മാരായ എന്നെപ്പോലത്തെ പാവങ്ങളെ മറന്നുകളയരുതേ."

ഗീതയ്ക്കൊന്നും മനസ്സിലായില്ല. ഒരു പ്രിൻസിപ്പാളിന്റെ സ്റ്റാറ്റസ്സിനു കോട്ടം തട്ടാതെ പണം വാരിയെടുക്കുന്ന എത്ര ബിസിനസ്സുനടത്താൻ സാധിക്കും?

അവരുടെ ചുണ്ടോളമെത്തിയ ചോദ്യം മറ്റൊരാൾ ചോദിച്ചു. “ഉദ്യോഗം കൂടാതെ ബിസിനസ്സുമുണ്ടോ?”

“ഉദ്യോഗമല്ല, ബിസിനസ്സേയുള്ളു.” സ്നേഹിതൻ പുഞ്ചിരിയോടെ പറഞ്ഞു. “ഒന്നാംതീയതികൾ എണ്ണിയിരുന്ന് ആയുസ്സിനീങ്ങുന്നതറിയാതെ വയസ്സായിപ്പോകുന്ന ഉദ്യോഗസ്ഥനായി ജന്മംപാഴാക്കാത്ത ഭാഗ്യവാനാണ്. പഠിക്കുന്ന കാലം മുതൽ പഠിത്തത്തിലല്ല വ്യവസായത്തിലായിരുന്നു ശ്രദ്ധ.” എന്ന തുടക്കത്തോടെ അയാൾ കാര്യം വിസ്തരിച്ചു പറഞ്ഞു. “എസ്.ടി.കോളേജെന്നു വച്ചാൽ സുധാസ് ടൈലറിംഗ് കോളേജാണെന്നർത്ഥം. പഠിത്തം തീരുമ്പോൾ പിള്ളേരുടെ കയ്യിൽ പരീക്ഷായോഗ്യതയ്ക്കുതെളിവായി ഒരു കടലാസുതുണ്ടുംകൊടുത്ത് ഉദ്യോഗം തെണ്ടുവാൻ പറഞ്ഞയക്കുന്ന സരസ്വതീക്ഷേത്രമൊന്നുമല്ല അത്. കലാശാലകളിലേക്കാൾ കലാബോധവും അവിടെ കാണാം. വെറും തയ്യൽ പഠിപ്പിക്കുന്ന സ്ഥലം. ഫീസും അത്രേയുള്ളു. പഠിത്തം തുടങ്ങി കുറച്ചുകഴിഞ്ഞാൽപിന്നെ കൊച്ചുകുട്ടികളിൽപോലും കുറച്ചെങ്കിലും വരവില്ലാത്തവർ കാണില്ല. കൂടുതൽ കുട്ടികളും സൂയിങ്ങുപഠിക്കുന്നവരാണെങ്കിലും നൂലും സൂചിയുംകൊണ്ടുള്ള എല്ലാത്തരം തയ്യൽവേലകളും അവിടെ പഠിപ്പിക്കുന്നുണ്ട്. പട്ടുനൂൽകൊണ്ടു പൂക്കൾതുന്നിപ്പിടിപ്പിച്ച കൈവേലകൾ, വെൽവെറ്റുത്തുണിത്തുണ്ടംവെച്ചു മാറ്റുകൂട്ടിയ കുഷൻകവറുകൾ, പലനിറത്തിലുള്ള വൂള്ളൻനൂലുകൾ ചേർത്തിണക്കിക്കൊരുത്തെടുത്ത വുള്ളനുടുപ്പുകൾ ഇങ്ങനെ എന്തെല്ലാമവിടെ വാങ്ങാൻ കിട്ടും. ഏറ്റവും പുതിയ ഉടുപ്പുകളുടെ പടവും നിർദ്ദേശവുമുള്ള എന്തുമാത്രം പത്രങ്ങളാണവിടെ വരുത്തിയിടുന്നത്? അവിടെചെന്ന് അഞ്ചുമിനുട്ടുനിന്നാലറിയാം അത് അഭിവൃദ്ധിപ്പെടുകയല്ലാതെ ക്ഷയിക്കുകയല്ലെന്ന്.”

ആ സ്ഥാപനത്തിന്റെ നടത്തിപ്പിനെപ്പറ്റിയുള്ള ആസ്വാദനം അവസാനിക്കുമ്മുമ്പേ ഗീതയ്ക്കിറങ്ങേണ്ട സ്ഥലത്ത് ബസ്സെത്തി. വാതൽക്കലേക്കു വരാനായി സീറ്റുകൾകടന്നു പോരുന്ന വഴിക്ക് പ്രിൻസിപ്പാളിന്റെയും ഭാര്യയുടെയും അടുത്തെത്തിയപ്പോൾ തന്റെ നോട്ടത്തിലൊരു രൂക്ഷത പകർന്നുപോയെന്ന് അവൾക്കു തന്നത്താൻ തോന്നി. തയ്യൽക്കാരൻ പ്രിൻസിപ്പാളും ജാലക്കാരൻ–പ്രൊഫസറും! പത്തക്ഷരം പഠിക്കാതെ എത്ര വലിയ സ്ഥാനമാനങ്ങളാണ് ഈ കൂട്ടങ്ങൾ അന്യന്റെ അനുവാദം നോക്കാതെ സ്വായത്തമാക്കി വച്ചിരിക്കുന്നത്! പണവും സമയവും വളരെച്ചിലവാക്കി ബിരുദങ്ങൾ നേടിയവർക്ക് എത്ര കാലം കാത്തിരുന്നാൽ ഈ വാക്കുകൾ സ്വന്തംപേരിന്റെ കൂടെ ചേർക്കാനൊക്കും? അഥവാ, ഒരു ജീവിതകാലം മുഴുവൻ കാത്തിരുന്നാലും അതു സാധിച്ചില്ലെന്നുവരാം.

അവളുടെ പുറകേയിറങ്ങിയ അച്ഛൻ അവളുടെ ചിന്താഗതിയുടെ തുടക്കംപോലെ പറഞ്ഞു. "ആളുകളുടെ രീതിയൊക്കെ ആകെ മാറിപ്പോകയാണ്. സർക്കാരിന്റെ സാലു കാശെങ്കിലും വാങ്ങിച്ചാലതിന്റെ അന്തസ്സു വേറെയാണെന്നു വിചാരിച്ച കാലമൊക്കെ പോയി. പണത്തിനുമാത്രമേ ഇപ്പോൾ വിലയുള്ളു. എന്തു നാണംകെട്ടതൊഴിൽ ചെയ്തു കാശുണ്ടാക്കിയാലും കുറവില്ല, കണ്ടോ ആ തയ്യൽക്കാരന്റെ ഭാര്യ ഓണേഴ്സ്ക്ലാസ്സിൽ പഠിക്കുന്ന പെണ്ണാണുപോലും." അയാൾ ദീർഘനിശ്വാസത്തോടെ തുടർന്നു. "ഓ! പണ മുണ്ടാക്കി സുഖമായി ജീവിക്കാനല്ലേ മനുഷ്യനീക്കിടന്നു പാടുപെടുന്നത്! ആ സ്ഥിതിക്ക് ഏത് തൊഴിൽചെയ്ത് പണമുണ്ടാക്കിയാലെന്ത്? അന്തസ്സെന്നു പറയുന്ന സാധനം പൊടി ച്ചുതിന്ന് വയറുനിറയ്ക്കാനും തുണിയാക്കി എടുത്തുടുക്കാനും കൊള്ളുകില്ലല്ലോ."

ഗീത ഒന്നും മിണ്ടിയില്ല.

ജനയുഗം, ഓണം വിശേഷാൽപ്രതി, 1957

## അനുബന്ധം 8

### ഉമ്മ

സരസ്വതി

മണി ഒന്നരയടിക്കുന്ന ശബ്ദം കേട്ടപ്പോൾ കാമാക്ഷി തലയുയർത്തി മുറിക്കകം മുഴുവനൊന്നു നോക്കി. മുറിയിൽ മറ്റാരുമില്ല. താനുദ്ദേശിച്ചതുപോലെതന്നെ. എല്ലാരും ഉച്ചയ്ക്കുണ്ണാൻപോയിരിക്കയാണ്.

പന്ത്രണ്ടുമണിക്കുമുമ്പ് തുടങ്ങിയ പണിയാണ്. നിർത്താത്ത ജോലി. അതും ചെയ്യാനൊന്നും ഉണ്ടായിട്ടല്ല. അന്യരെ ബോദ്ധ്യപ്പെടുത്താൻ മാത്രം. മറ്റുള്ളവരുടെ സീറ്റുകൾ ദൂരെയായതു നന്നായി; എത്തിനോക്കിയാലും അവർക്കൊന്നും കാണാൻവയ്യ. മേശവലിച്ചുതുറന്നുവച്ച് അതിനകത്തിരുന്ന പുസ്തകത്തിന്റെ ചില പേജുകൾ ടൈപ്പുചെയ്തു വച്ചു; ഇടയ്ക്കിടെ സ്റ്റേറ്റ്മെന്റ് അടിക്കുകയാണെന്ന ശബ്ദവ്യാമോഹം ജനിപ്പിക്കുന്ന കാര്യം പല ഫാൻസിവർക്കുകളും കൊണ്ടു സാധിച്ചു. തോക്കുപിടിച്ച പട്ടാളക്കാരും തൂമ്പാപിടിച്ച കൂലിക്കാരും നിരന്നുനിൽക്കുന്ന കടലാസുകൾ ഒന്നിനുമീതെ ഒന്നായി ട്രേയ്ക്കകത്തു കൂടികിടക്കുകയാണ്. ജോലിത്തിരക്കുഭാവിച്ചുകൊണ്ടിരുന്നില്ലെങ്കിൽ മറ്റുള്ളവരിൽനിന്ന് ചോദ്യങ്ങളുണ്ടാവും. പ്രത്യേകിച്ചും, ആ മദനകാമൻനായർ (അയാളുടെ പേരും ആ കപ്പടാമീശപോലെ ഭയങ്കരം!) ഒരു മിനിറ്റിടകിട്ടാൻ കാത്തിരിക്കുകയാണ്. തനിക്കു പറ്റിയ അബദ്ധം തന്റെ നാവുകൊണ്ടു പറയാൻ ശാരീരികമായ കഴിവില്ല; കള്ളം പറഞ്ഞു രക്ഷപ്പെടാൻ മാനസികമായ സാമർത്ഥ്യവുമില്ല. അവൾ കൈകൾ മുറുകെ മൂന്നാലുപ്രാവശ്യം അടക്കുകയും തുറക്കുകയും ചെയ്തു. എന്നിട്ട് ടൈപ്പുറൈറ്ററിന്റെ 'കീ'യിൽ കുത്തികുത്തി തളർന്ന വിരലുകൾ മേശമേൽ അമർത്തിപ്പതിച്ച്, വിരലുകൾക്ക് പ്രത്യേകവ്യായാമം കൊടുത്തു. താൻ ആക്രമണകാരിയാണ്. അതിന്റെ ഉടൽ ലോഹം കൊണ്ടല്ലാതെ, തന്റെ ശരീരംപോലെ മാംസമജ്ജകൾകൊണ്ടുണ്ടാക്കപ്പെട്ടിരുന്നെങ്കിലോ?

കസേരയിൽ പുറകോട്ടു ചാരിയിരുന്ന് ടൈപ്പ്റൈറ്റർ കുറേകൂടി അകലത്തേക്കു നീക്കാൻ ശ്രമിച്ചുകൊണ്ട് അവളൊന്നുതള്ളി. അതനങ്ങിയില്ലെങ്കിലും ആ പ്രവൃത്തി മനസ്സിന് ആ യന്ത്രത്തിൽനിന്നും അകൽച്ചകിട്ടിയതുപോലൊരാശ്വാസം നല്കി. ഓ! എത്ര നേരമായി ഇങ്ങനെയിരുന്നു ലോഹവുമായി മല്ലയുദ്ധം തുടങ്ങിയിട്ട്. പിടലിയാകെ വേദനിക്കുന്നു; പിടലിമാത്രമല്ല, ശരീരം മുഴുവൻ; ശരീരം മാത്രമല്ല, അതിനുള്ളിലും ഉളച്ചിൽ അനുഭവപ്പെടുന്നു.

ഉള്ളിലെ ഉളച്ചിൽതുടങ്ങിയിട്ട് നാൾകുറച്ചായിട്ടും അതു കുറയുകയല്ല, കൂടുകയാണ്. വരുന്ന സംഭവങ്ങളോരോന്നും കൂടുതൽ ദുഃഖവും കൊണ്ടാണു വരുന്നത്.

തന്റെ സ്നേഹിതകളിൽ പലരുമുണ്ട് ഹൃദയവേദനയാൽ വിങ്ങിപ്പൊട്ടുന്നവരായിട്ട് – ഹതഭാഗ്യകൾ! വിങ്ങിപ്പൊട്ടുന്ന ആ ഹൃദയങ്ങളിൽ പ്രേമത്തിന്റെ വിത്തുചെന്നുവീണതാണതിനുകാരണം. ആ വിത്തുകൾക്കവിടെ മുളയ്ക്കാനും വളരാനും സൗകര്യം പോരാതെവിമ്മിഷ്ടപ്പെടുമ്പോൾ അവരിൽ ചിലർ ആത്മഹത്യയെപ്പറ്റിപ്പോലും ആലോചിക്കാൻ പ്രേരിതരായിപ്പോവുന്നു.

തന്റെ കാര്യത്തിലാകട്ടെ, പ്രകൃതി ഇടപെടുമ്മുമ്പേ അച്ഛൻ ഒരിടപാടിൽചെന്നേർപ്പെട്ടു. വിദേശവിദ്യാഭ്യാസം കഴിഞ്ഞുവരുന്ന വലിയൊരുദ്യോഗസ്ഥന്റെ കുടുംബ സൗഭാഗ്യത്തിനാവശ്യമുള്ള പരിശീലനങ്ങൾ താൻ നേടുകയും ചെയ്തു. പക്ഷേ അച്ഛൻ ചിലവാക്കിയ തുകയൊക്കെ വെറുതെയായി; ഭാര്യാധർമ്മത്തിൽ താൻ കരുതിവച്ച ശാരീരിക –മാനസിക ശിക്ഷണങ്ങളും ആവശ്യമില്ലാതെവന്നു. ഉപരിവിദ്യാഭ്യാസം കഴിഞ്ഞിട്ട് സ്വദേശത്തേക്ക് മടങ്ങാതെ അയാൾ അവിടെത്തന്നെ ഒരു ഉപജീവനമാർഗ്ഗം നേടിയപ്പോൾ പലർക്കും സംശയമുണ്ടായി. ജീവിക്കാനുള്ള മാർഗ്ഗത്തോടൊപ്പം അയാളുടെ ജീവിതത്തിന് ഒരർദ്ധാവകാശിനിയും അവിടെയുണ്ടെന്ന വിവരം അവളുടെ അച്ഛനെ അല്പായുസ്സാക്കിത്തീർത്തു.

എത്ര പെട്ടെന്നാണ് അതൊക്കെ സംഭവിച്ചത്? ഒട്ടിപ്പിടിച്ചുനിന്ന ബന്ധുക്കളും വിട്ടുമാറാതിരുന്ന മിത്രങ്ങളും അകന്നുപോയി. അച്ഛൻ ഒപ്പിട്ടുകൊടുത്തിരുന്ന രേഖകൾ ഹാജരാക്കി പലരും പണമാവശ്യപ്പെട്ടു. പക്ഷേ അച്ഛന് കൊടുക്കാനുള്ളവർ അവധിപറഞ്ഞൊഴിയുകയാണ് ചെയ്തത്. ചുരുക്കത്തിൽ, അനാഥമായ ആ കുടുംബത്തിൽ എല്ലാം വിറ്റുപെറുക്കി കടം തീർക്കേണ്ടിവന്നെങ്കിലും, കിട്ടേണ്ടതിൽ വളരെക്കുറച്ചേ വാങ്ങാൻ

കഴിഞ്ഞുള്ളു. ആഡംബരങ്ങളോരോന്നായി നിലച്ചപ്പോൾ രോമകൂപങ്ങളിലൂടെ നൊമ്പരം അകത്തേക്കുകടന്നു: ആഹാരത്തിൽ നിയന്ത്രണങ്ങളുണ്ടായപ്പോൾ അടിവയറ്റിൽ നിന്ന് മുകളിലേക്കു തീ ആളിക്കത്തിച്ചു.

ഭർത്താവാകാൻ പോകുന്നയാളുടെ ഹിതപ്രകാരം പഠിത്തം കോളേജിൽ രണ്ടാം കൊല്ലത്തിൽവച്ചു നിർത്തിവച്ചതിൽ കാമാക്ഷി ഇപ്പോൾ പശ്ചാത്തപിച്ചു. കുറേക്കൂടെ പഠിച്ചവരും പഠിക്കാത്തവരുമായ പലരും സ്വന്തം ഉപജീവനമാർഗ്ഗം നേടിക്കഴിഞ്ഞിരിക്കും. താൻ മണ്ടിയായിരുന്നില്ല, പഠിക്കുന്നതിൽ വെറുപ്പുണ്ടായിട്ടല്ല. വരനും വരന്റെ വീട്ടു കാരും നിർബന്ധിച്ചു; വീട്ടുകാര്യങ്ങളിൽവേണ്ട പരിചയം സമ്പാദിക്കുകയാണാവശ്യം, അതുമാത്രം മതിയെന്ന് കൂട്ടുകാരികൾ തരംകിട്ടുമ്പോഴെല്ലാം കളിയാക്കിയപ്പോഴവൾക്കു ലജ്ജയും തോന്നി. അച്ഛന്റെ പണക്കൊഴുപ്പിന് ലജ്ജയിൽ വലിയൊരു പങ്കുണ്ടായിരു ന്നെന്ന് ഇപ്പോഴാണ് മനസ്സിലാവുന്നത്. തുന്നലും പാചകപുസ്തകവും അലങ്കാര വസ്തു ക്കളുംകൊണ്ട് അമ്മ മകളുടെ സമയം നിറച്ചു. അച്ഛൻ വളരെ ശ്രമപ്പെട്ടാണ് അതിന്റെ കൂടെ സ്വന്തം പോർട്ടബിൾ ടൈപ്പ്റൈറ്റർ കൂടെ കൂട്ടിച്ചേർത്തത്.

അച്ഛന്റെ ആ പ്രായോഗികബുദ്ധി പിൽക്കാലത്തൊരു കമ്പനിയിലെ ക്ലാർക്ക്–കം –ടൈപ്പിസ്റ്റ് ഉദ്യോഗത്താൽ ആ കുടുംബത്തെ രക്ഷപ്പെടുത്തുമെന്നോ അങ്ങനെയൊരാ വശ്യം അവർക്കുണ്ടാകുമെന്നോ ആരും വിചാരിച്ചിരുന്നതല്ല. ശമ്പളം എത്ര തുച്ഛമോ ആവട്ടെ, ഒരുദ്യോഗത്തിന്റെ ആശാകിരണം കണ്ടപ്പോൾ ഇത്രയെന്നില്ലാത്ത ആശ്വാസം അവൾക്കുതോന്നി. അച്ഛൻ പോയതിൽപ്പിന്നെ ഉത്തരവാദിത്വമേറ്റെടുക്കാൻ അമ്മയ്ക്ക് കഴിവും മനസ്സുമില്ല; താനാണു മൂത്തകുട്ടി; തന്റെപ്പേരിൽ തനിക്കുപകാരപ്പെട്ടില്ലെ ങ്കിൽത്തന്നെയും – വളരെ പണം ചിലവായിട്ടുണ്ട്. അച്ഛന്റെ അരുംചാക്കാലക്കു കാരണം താൻ ആണെന്ന് – തന്റെ ഭാഗ്യദോഷം മാത്രമാണെന്ന് – അമ്മ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കു കയുമാണ്. ഇതെല്ലാം കൂടിയായപ്പോഴവൾക്കുതോന്നി, കുടുംബം പുലർത്തേണ്ട കടമ തനിക്കാണെന്ന്.

സ്കൂൾഫൈനൽ ജയിച്ചയാളിനെ മാത്രമായിരുന്നില്ല കമ്പനിക്കാവശ്യം. ടൈപ്പ്റൈറ്റിങ്ങിലവർക്കുള്ള പാടവം പരീക്ഷിച്ചുനോക്കിയപ്പോൾ അവർക്കു വളരെ തൃപ്തി യായി. വിരലിന്റെ വേഗത്തേക്കാൾ, ഇംഗ്ലീഷുഭാഷ കൈകാര്യം ചെയ്യാനുള്ള കഴിവാണ് അവരെ കൂടുതൽ സന്തോഷിപ്പിച്ചത്.

അമ്പലത്തിൽ വഴിപാടുകഴിച്ച് പ്രസാദം നെറ്റിയിൽ ചാർത്തിയ അമ്മ അവളെ ആദ്യദിവസം പടിവരെ അനുഗമിച്ചു. ഭർത്താവുമരിച്ചാൽ ഒരാണ്ടു കഴിഞ്ഞേ കുലസ്ത്രീകൾ പടിപ്പുരയ്ക്കുപുറത്തിറങ്ങാവൂ എന്ന ചടങ്ങുകൊണ്ടല്ലെങ്കിൽ അമ്മ ആഫീസുവരെ അനുഗമിച്ചേനേ എന്നവൾക്കുതോന്നി.

മാനേജരുടെ മുറിയുടെ ഒരു മൂലയിൽ തനിക്കു സീറ്റുകിട്ടിയപ്പോൾ അവൾക്കയാളോട് നന്ദിതോന്നി: ജനിച്ചനാൾ മുതൽ ഇങ്ങനെയൊരവസ്ഥയിൽ താനൊരിക്കലും സ്വയം സങ്കൽപ്പിക്കാത്തതുകൊണ്ടാവാം, ആഫീസിന്റെ ഗേറ്റുകാണുമ്പോൾ മുതൽ കരളിന്നകത്തൊരു പതറിപ്പടച്ചിൽ അനുഭവപ്പെടാറ്. വീടുഭരിക്കാനാണ്, കച്ചേരിയാൽ ഭരിക്കപ്പെടാനല്ല താൻ പരിശീലിപ്പിക്കപ്പെട്ടത്. തനിക്കുചുറ്റും പത്തുപന്ത്രണ്ടു മേശകൾ, അതിന്റെ മേൽ വാരിവലിച്ചിട്ട ഫയലുകൾ, ആ ഫയലുകൾ പഠിച്ചുകൊണ്ടും എഴുതിക്കൊണ്ടും വരിവരിയായി ആളുകൾ, തലയ്ക്കുമുകളിൽ കറങ്ങുന്ന നാലഞ്ചുഫാനുകളുടെ ഒച്ച– ഇതൊക്കെക്കൂടെയനുഭവപ്പെടുമ്പോൾ തലകറക്കമുണ്ടാവുന്നതുപോലെ തോന്നിപ്പോവും. ഇതിൽ നിന്നൊക്കെയൊഴിഞ്ഞ് രണ്ടുപേർമാത്രമായി ഒരു മുറിയിലിരുന്നാൽ അച്ഛന്റെ ആഫീസുമുറിയിലിരിക്കുന്നത്ര സ്വസ്ഥതയോടെ ജോലിചെയ്യാം. മാനേജർ അച്ഛന്റെ സ്നേഹിതനെന്നതിനേക്കാൾ ഒരാശ്രിതനായിരുന്നതിനാലാവാം തനിക്കീ പ്രത്യേകാനുകൂല്യം കിട്ടിയത്.

പക്ഷേ അതല്ല കാരണമെന്ന് അന്നുച്ചക്കുതന്നെ അവളറിഞ്ഞു. ഇംഗ്ലീഷുവാക്കുകൾ കയ്യക്ഷരത്തിൽ കണ്ടാൽ മനസ്സിലാക്കാൻ പ്രയാസമുള്ള ഒരാളായിരുന്നു മുമ്പവളുടെ സ്ഥാനത്ത്. അച്ചടിച്ചതാണെങ്കിൽ അത്ഭുതാവഹമായ വേഗതയിൽ തെറ്റില്ലാതെ അയാൾ പകർത്തും. പക്ഷേ കയ്യക്ഷരത്തിലാണെങ്കിൽ നിന്നും സംശയിച്ചും നീങ്ങുന്ന വിരലുകളിലൂടെ കടന്നുവരുമ്പോൾ പല വാക്കുകൾക്കും അക്ഷരഭ്രംശവും അക്ഷരവ്യത്യാസവും വന്നുകഴിഞ്ഞിരിക്കും. ഒടുവിലൊരുദിവസം ഭീമവും അക്ഷന്തവ്യവുമായ ഒരബദ്ധമയാൾ വരുത്തിവച്ചു. മാനേജരുടെ മുറിയിൽ ഒരു ജനൽകൂടെ വേണമെന്ന് എഴുത്ത് ടൈപ്പുചെയ്ത് ഒപ്പിട്ട് അധികൃതസ്ഥാനങ്ങളിലെത്തിയപ്പോൾ അവർ വായിച്ചത് മാനേജരുടെ മുറിയിലൊരു വിധവയെക്കൂടിവേണമെന്നായിലുന്നു. 'എൻ' എന്ന ഒരക്ഷരം യഥാസ്ഥാനം ചേർത്ത് അവർ ആ തെറ്റുതിരുത്തിയെങ്കിലും പരിഹാസം ബഹുദൂരം വ്യാപിച്ചു. അമ്മ മരിച്ച ആറുമക്കളുടെ അച്ഛനായ മാനേജർ സ്വാമി അന്നുതന്നെ അയാളെ മറ്റൊരു ശാഖയിലേക്കു നീക്കുകയും ചെയ്തു.

അപ്പപ്പോൾ തെറ്റുതിരുത്താൻ സൗകര്യത്തിനായി പകരം വരുന്നയാളെ തന്റെ മുറിയിൽകൂടെത്തന്നെ ഇരുത്തണമെന്ന മാനേജരുടെ ആജ്ഞയനുസരിച്ചാണ് അവൾക്കത്ര ഇഷ്ടപ്പെട്ട സാഥാനംകിട്ടിയത്. മാനേജർക്കും അവളുടെ സാന്നിദ്ധ്യം പ്രതീക്ഷിച്ചതിൽകൂടുതൽ പ്രയോജനം ചെയ്തു. തനിക്കു പോരെന്നു തോന്നുന്ന വാക്കുകൾക്ക് ഏറ്റവും പറ്റിയ വാക്കുകൾ തരാൻ സാധിക്കുന്നയാളിൽ നിന്നും; മറ്റേയാൾ വരുത്തിവച്ചപോലെയുള്ള അബദ്ധമൊന്നു ഉണ്ടാകില്ലെന്നു മാനേജർക്കും വളരേ വേഗം ബോദ്ധ്യമായി.

കാര്യങ്ങളൊക്കെ അങ്ങനെ ഭംഗിയായി കഴിയുമ്പോഴാണ്, രണ്ടുദിവസം മുമ്പു രാവിലെ വന്നപ്പോൾ തന്റെ സ്ഥാനം, കാണുമ്പോൾ തലകറക്കമുണ്ടാക്കുന്ന പൊതുമുറിയിലേക്കുമാറ്റിയതായി കാണപ്പെട്ടത്.

അന്നുച്ചയ്ക്കുമുമ്പുതന്നെ അവളതിന്റെ കാരണമറിഞ്ഞു: മന്തൻ മാനേജർ സ്വാമിക്കു വിധവയ്ക്കുപകരം കുമാരിയെ കിട്ടിയ ഭാഗ്യത്തെ പലരും കവിതയും ഗാനവുമാക്കി വർണ്ണിക്കുന്നകാര്യം, തലേന്നു വൈകീട്ടു താൻ പോയശേഷം സ്വാമി അറിഞ്ഞുവത്രെ. അസൂയാലുക്കളുടെ വേലയാണതെന്നറായാമെങ്കിലും, അപ്പോൾതന്നെ അവളുടെ മേശയും കസേരയും പൊതുമുറിയിലേക്കു മാറ്റാൻ മാനേജർ ആജ്ഞാപിച്ചു.

ഇടയ്ക്കല്പദിവസം കൊണ്ടു തെളിഞ്ഞുതുടങ്ങിയിരുന്ന കാമാക്ഷിയുടെ മുഖം വീണ്ടും ഇരുളടഞ്ഞു. സ്വാമിയെ ശുണ്ഠിപിടിപ്പിക്കാൻ മാത്രമാണങ്ങനെ ചെയ്തതെന്ന്, എട്ടുപത്തടി അകലെ തനിക്കെതിരെയിരുന്ന മദനകാമൻ നായർ (ഓ! ആ പേരിന്റെ ദുസ്സഹത്വം!) അവനവനോടെന്നപോലെ മുന്നാലുപ്രാവശ്യം പറഞ്ഞു. അയാൾക്കായിരുന്നു ആ ചെയ്തികളിൽ പ്രധാനപങ്കെന്നു രഹസ്യമായും പരസ്യമായും മറ്റുചിലർ അവളെ അറിയിച്ചു.

കണ്ടനിമിഷംമുതൽ കാമാക്ഷിക്കയാളോടു തോന്നിയ വെറുപ്പ് ഇക്കാര്യമറിഞ്ഞപ്പോൾ കണക്കില്ലാതെ കൂടി. പോരെങ്കിൽ, ഫയലുകൾ മുമ്പിലെടുത്തുവച്ചുകൊണ്ട് അയാൾക്ക് ഉച്ചത്തിലൊരുവായനയുണ്ട്, അർദ്ധവിരാമം, അങ്കുശം എന്നിവ എടുത്തുപറഞ്ഞുകൊണ്ട്. അങ്കുശത്തിന്റെ ഭാഗം വരുമ്പോൾ കാമ, കാമ എന്നു പതിവിൽകൂടുതലുറക്കെയാണു പറയുക: ആ സമയത്ത് ഏറുകണ്ണിട്ടു തന്നെ നോക്കുന്നതിൽ നിന്നവൾക്കു മനസ്സിലായി മനഃപൂർവ്വമാണതു ചെയ്യുന്നതെന്ന്. എന്നാലും അതുകേട്ടാലുടൻ അവൾ തലപൊക്കി അങ്ങോട്ടു നോക്കിപ്പോകും; കണ്ണുകളിൽ കോപമാണു വരേണ്ടതെങ്കിലും

കരുണമേ വരാറുള്ളു. എന്തെന്നാൽ അച്ഛൻമാത്രം തന്നെ വിളിച്ചിരുന്ന ഓമനപ്പേരാണത്. അതിങ്ങനെ ഏതോ ഒരുത്തൻ–വിശേഷപ്പേരുള്ള ഒരു വിഡ്ഢിയും വായിനോക്കിയും കൂടി യായവൻ–വെറും രസത്തിനുവേണ്ടി തന്റെ നേരെ ഉപയോഗിക്കുമ്പോൾ എന്തൊരു വേദ നയാണു ഹൃദയത്തിലേക്കു തുളച്ചു കയറുന്നത്?

അങ്ങനെ എല്ലാംകൊണ്ടും മനസ്സിന്റെ സമനില തെറ്റിപ്പോയിട്ടാവണം ഇന്നീ അബദ്ധം അടിച്ചുവന്നത്. ടൈപ്പുചെയ്ത കടലാസ് മാനേജരുടെ മേശമേൽ വയ്ക്കാൻ ശിപായിയെ ഏല്പിച്ചിട്ട്, മറ്റാരും കാണാതെ ഒരു പുസ്തകം വായിച്ചുകൊണ്ടിരുന്നപ്പോൾ ശിപായി പറഞ്ഞു മാനേജർ വിളിക്കുന്നെന്ന്.

അവളെ കണ്ടയുടൻ ഒന്നും പറയാതെ മാനേജർ എടുത്തുനീട്ടിയ കടലാസുവാങ്ങി. അതിൽ ചുവന്ന മഷികൊണ്ടു വരച്ചഭാഗം അവൾ വായിച്ചുനോക്കി. കാമാക്ഷിയുടെ മുഖം നിശ്ശേഷം വിളറിപ്പോയി. പണ്ടത്തെ ജനൽകാര്യമാണിതിലും. കെട്ടിടത്തിൽ മറ്റു ചില മാറ്റങ്ങൾ വരുത്താനുള്ള പ്ലാൻ നടപ്പാക്കുമ്പോൾ പോരേ ജനലും എന്ന ചോദ്യ ത്തിനു മാനേജർ മറുപടി എഴുതുകയായിരുന്നു. വിധവയ്ക്കു പകരം ജനൽ അവിടെ യുണ്ട്; പക്ഷേ ഇപ്പോൾ പണത്തിന്റെ സ്ഥാനത്ത് ഒരു വിവാഹാർത്ഥിയാണു പ്രത്യക്ഷപ്പെ ട്ടിരിക്കുന്നത്. പുതിയ ജനൽ ഉടനെ വേണമെന്നും മറ്റുമാറ്റങ്ങൾ തല്ക്കാലം നടപ്പാക്കാൻ ധനസ്ഥിതി അനുവദിക്കുന്നില്ലെന്നുമായിരുന്നു മാനേജരുടെ മറുപടി. "The position of finance is such that the proposal may be dropped for the present" എന്ന വാക്യത്തിൽ finance എന്നുള്ളത് fiance ആയിമാറി; അതിന്റെ ഫലമായി ജനലുടനെ വേണമെന്നും വിവാഹാർത്ഥിയുടെ നിലപാടുകാരണം തല്ക്കാലം ആലോചന നിർത്തിവയ്ക്കണമെന്നും മാനേജരുടെ മറപടി രൂപാന്തരപ്പെട്ടു 'എൻ' എന്ന അക്ഷരമാണ് ഇപ്പോഴും ഒഴിഞ്ഞുമാറി ക്കളഞ്ഞിരിക്കുന്നത്.

"അടിച്ചുവച്ചിരിക്കുന്നതുകണ്ടോ? കടലാസിൽ കാണുന്നതുവേണം മനസ്സിലുള്ള തല്ല അടിച്ചുവയ്ക്കാൻ, കേട്ടോ" എന്നു ചോദിച്ചുകൊണ്ട് മാനേജരവളെ ഒന്നുനോക്കി. തന്റെ അച്ഛനെ ഓർത്ത് അയാൾ ശകാരിക്കാൻ മടിക്കുകയാണെന്നവളൂഹിച്ചു. മദാമ്മ യെക്കെട്ടി താമസിക്കുന്നവൻ ഇപ്പോഴും തന്റെ മനസ്സിൽ പറ്റിപ്പിടിച്ചിരിക്കയാണെന്ന ധാര ണയിൽ അയാൾക്ക് സഹതാപം തോന്നുകയുമാവാം. വല്ല താലിയറ്റ തൈക്കിളവിയെയും മനസ്സിൽ വിചാരിച്ചോണ്ടായിരിക്കും മറ്റവൻ വിൻഡോയ്ക്കുപകരം വിഡോയെ കേറ്റിവി ട്ടതെന്നും കൂടെ മാനേജർ പതുക്കെപ്പറഞ്ഞത് അവരുടെ ആ സംശയത്തെ സ്ഥിരപ്പെടുത്തി.

മാനേജരുടെ മുറിയിൽനിന്നും മടങ്ങിച്ചെന്ന അവളെ എല്ലാവരും ജിജ്ഞാസയോടെ നോക്കി. അവൾ ചെന്നപാടേ, കടലാസെടുത്ത് മെഷീനിലിട്ടങ്ങോട്ടു ജോലിയും തുടങ്ങി. ആർക്കുമൊന്നും ചോദിക്കാനിടംകൊടുത്തില്ല. നടുവുനിവർക്കാൻപോലും സമയം കളയാതെ അവൾ ജോലിചെയ്യുന്നതു കണ്ടപ്പോൾ അവരുടെ ജിജ്ഞാസ നിശ്ശേഷം അടങ്ങി.

ശരീരംമുഴുവൻ നോവുന്നുണ്ട്; മനസ്സ് അതിനേക്കാൾ വേദനിക്കുന്നു; ഉച്ചക്കിനിയെന്തെങ്കിലും കഴിക്കുന്നകാര്യം നടപ്പുമില്ല. എങ്കിലും, തനിക്കുണ്ടായ അപമാനം മറ്റാരുമറിയാതെ കഴിഞ്ഞല്ലോ എന്നോർത്തപ്പോൾ അവൾക്കാശ്വാസംതോന്നി. പ്രത്യേകിച്ചും ആ മദനകാമൻനായർ! (എങ്ങും കേട്ടിട്ടില്ലാത്ത ഒരു വിചിത്രമായ പേർ!! ആളിനെപ്പോലെ വികൃതപേരും. മദനനും കാമനും പുരാണത്തിൽ ഒരാളാണ്. ഇയാളുടെ കാര്യത്തിലെന്തിനാണീ ഇരട്ടിപ്പ്? ഇരട്ടക്കരളനെന്നു പറയാറുള്ളതുപോലെ ഈയാൾ ഇരട്ടക്കാമനായിരിക്കും. അതാണിത്ര വായിനോക്കിയായത്. വായിനോക്കാൻ പറ്റിയതരത്തിൽ നേരേ എതിരേയാണല്ലോ ഇരിപ്പും) തനിക്കുപറ്റിയ അബദ്ധമറിഞ്ഞാൽ ഈയാൾ നാടുമുഴുവൻ പരത്തും: മേൽവിലാസം കിട്ടിയാൽ ആ മദാമ്മയെപ്പോലും അറിയിക്കും. ജോലിത്തിരക്കഭിനയിച്ചു താൻ ഇയാളെപ്പോലും പറ്റിച്ചുകളഞ്ഞല്ലോ.

അവൾ കസേരയിൽ ഒന്നുകൂടി ഞെളിഞ്ഞിരുന്നു കൈകാലുകൾ നിവർത്തി. വെറുംവയറിനെ മറന്നും മനസ്സിന് മന്ദഹസിക്കാൻ തോന്നിപ്പോവുന്നു.

“ഇന്നെന്താ ഉണ്ണാൻ പോകുന്നില്ലേ?” എന്നു പുറകിൽനിന്നുണ്ടായ ചോദ്യം അവളെ ഞെട്ടിത്തെറിപ്പിച്ചു. പോരെങ്കിൽ മദനകാമൻനാരുടെ ശബ്ദത്തിൽ! അപ്പോൾ, അയാൾ ഇത്രനേരവും ഈ മുറിയിലുണ്ടായിരുന്നു! തന്റെ പുറകിലയാൾ എന്തുചെയ്യുകയാണ്! മുൻവശംകണ്ട് മതിയായി പിൻഭാഗംകാണാൻ പുറപ്പെട്ടിരിക്കുകയാണോ? അതോ വായിനോക്കിത്തനത്തിൽ മാത്രമല്ല, ചാരവൃത്തിയിലും വൈദഗ്ദ്ധ്യമുണ്ടോ?

അവൾ ഉത്തരം പറയാത്തതുകൊണ്ട് അയാൾ തുടർന്നു പറഞ്ഞു:

“ഇങ്ങനെ ആഹാരം കഴിക്കാതിരുന്നൊന്നും ജോലിചെയ്യണ്ട. കിടപ്പായിപ്പോയാൽ ഇവന്മാർ കൊണ്ടെത്തരുമോ? ആരോഗ്യം നോക്കിവേണം ജോലിചെയ്യാൻ. ജോലിചെയ്യുന്നവരോടിവർ ദയകാണിക്കില്ല; ചെയ്യിച്ചുചെയ്യിച്ചുകൊല്ലും. അല്ലാത്തവനുസുഖം. ഇങ്ങനെ കയ്യുംകാലുമിട്ടടിക്കാൻ തുടങ്ങിയിട്ടു മണിക്കൂറെത്രയായി? എന്തായാലും പട്ടിണികിടന്നിതു വേണ്ട. ശിപായിയെ വിളിച്ചു കാപ്പി വരുത്തട്ടോ?”

അവൾക്ക് ദേഷ്യം, സങ്കടം തുടങ്ങി എന്തോക്കെയോ തോന്നി. ഏറ്റവും കൂടുതലായി അയാളോടു വെറുപ്പും. ഇയാളൊരഭ്യുദയകാംക്ഷി വന്നിരിക്കുന്നു! പക്ഷേ–അയാളെക്കൊണ്ടു വെറുപ്പിക്കുന്നതെന്തിന്? ഒന്നിച്ചൊരു മുറിയിൽ കഴിഞ്ഞുപോകേണ്ടതല്ലേ? അവൾ സ്വരത്തിൽ നന്ദിവരുത്തിപ്പറഞ്ഞു: "വേണ്ട, വിശപ്പില്ല".

"പെണ്ണുങ്ങൾക്കല്ലെങ്കിലും അന്യരറിയെ വിശക്കില്ല! അതാണു നടപ്പ്. എന്നോടീ ദുരഭിമാനം വേണ്ട. എപ്പോഴെങ്കിലും വേണമെന്നുതോന്നിയാൽ പറഞ്ഞാൽമതി, ശിപായിയെക്കൊണ്ടു കാപ്പി വരുത്തിക്കാം. ഞാൻ പറഞ്ഞാൽ ആരും വയ്യെന്നു പറയില്ല. എന്നെ ഇവന്മാർക്കെല്ലാം പേടിയാണ്".

എന്നോടുപറഞ്ഞാൽ മതി പോലും! 'എന്നോട്' എന്ന വാക്ക് ശക്തികൂട്ടി ഉപയോഗിച്ചത് മറ്റുള്ളവർ കേട്ടാലെന്തുവിചാരിക്കും? നിസ്സഹായയായ താനിതു കേട്ടുകൊണ്ടിരിക്കാതെന്തുചെയ്യും? പൊങ്ങച്ചംപിടിച്ച ഈ കപ്പടാമീശക്കാരന്റെ ശല്യത്തിൽനിന്നു തല്ക്കാലത്തേക്കെങ്കിലും രക്ഷപ്പെടാനെന്താണുവഴി–എപ്പോൾ സാധിക്കും?

അയാൾ എന്തുചെയ്യുകയാണെന്നറിയാൻ വേണ്ടി അവൾ തിരിഞ്ഞുനോക്കി. തന്റെ പുറകിൽ ചുമരിൽചേർത്തുനിരത്തി വച്ചിരിക്കുന്ന റാക്കുകളുടെയിടയിൽക്കിടന്നയാൾ തപ്പുകയാണ്. പഴയ വല്ല ഫയലുകളും തിരഞ്ഞുപിടിക്കാനുള്ള ശ്രമമായിരിക്കണം. അല്ലാതെ, മറ്റാരുമില്ലാത്തപ്പോൾ തന്നോടൊപ്പം ആ മുറിയിലുണ്ടാവാൻവേണ്ടി മനഃപൂർവം ചെയ്തതായിരിക്കയില്ല. മറ്റുള്ളവർ ഉണ്ണാൻപോകുന്നതിനുമുൻപ് അതിന്റിടയിൽ കടന്നുകൂടിയവൻ അവർ തിരിച്ചുവരുമ്പോഴും അവിടെ നിൽക്കാനാണോ ഭാവം? മറ്റു ഷെൽഫുകളിലും അലമാരകളിലും നോക്കാതെ ഈ മാരണം ഇവിടെത്തന്നെ കിടന്നുകറങ്ങുന്നതെന്തിന്?

വളരെപ്പെട്ടന്നവൾ തലതിരിച്ചുകളഞ്ഞെങ്കിലും അവൾ നോക്കുന്നതയാൾ കണ്ടു. അയാൾ പറഞ്ഞു: "ഇതെല്ലാം കൂടെ ഇങ്ങനെ ഞെരുക്കിഞെരുക്കി നിരത്തിവച്ചതുകാരണം നേരേ വെളിച്ചം പോലും കിട്ടുന്നില്ല. സ്വാമി ആവശ്യപ്പെട്ടതുപോലെ നമുക്കും ഒരു വിധവ ഇവിടെ കൂടിയേതീരൂ. എനിക്കു തല്ക്കാലം മുതുക്കി വിധവ വേണ്ട, കൊച്ചുകന്യകയാണാവശ്യം".

അവൾ അതു കേൾക്കാത്തതുപോലെ വേഗം ഒരു കടലാസെടുത്തു മെഷീനിൽ വച്ചു. മേശവലിപ്പുവലിച്ചു തുറന്ന് പുസ്തകത്തിന്റെ അടുത്തപേജ് പകർത്താൻ തുടങ്ങി:

ഒരദ്ധ്യായം കഴിഞ്ഞപ്പോൾ ഇടതുകയ്യാൽ അമർത്തി വലതുകൈവിരൽ ഷിഫ്റ്റ് കീയിൽതട്ടി അവൾ വരയിട്ടുകൊണ്ടിരിക്കെ അയാൾ പറഞ്ഞു. "സ്വാമിയുടെ മകൾക്ക് നോട്ടുപകർത്തിക്കൊടുക്കാനല്ല നമുക്കു ശമ്പളം തരുന്നത് വേണമെങ്കിൽ കാശുകൊടുത്ത് അത് ചെയ്യിക്കട്ടെ. വയ്യെന്ന് ധൈര്യമായി പറയണം. ഇല്ലെങ്കിലൊടുക്കം മക്കളുടെ പുസ്തകങ്ങൾ പോലും സ്വാമി ടൈപ്പുചെയ്യിച്ചെടുക്കും. പണ്ടേ അയാളുടെ പതിവാണിത്".

അവൾ ഒന്നും മിണ്ടാതെ ജോലിതുടർന്നുകൊണ്ടിരുന്നു. തന്റെ കള്ളിവെളിച്ചത്തായാലോ എന്നകാര്യം അവൾ മറന്നു പോയി. ശബ്ദത്തിൽനിന്നവൾക്കു മനസ്സിലായി അയാൾ തന്റെ കസേരയുടെ തൊട്ടുപുറകിൽ നിൽക്കുകയാണെന്ന്. ആ നില അവൾക്ക് അസമാധാനമുണ്ടാക്കി. ശരിയാണ്, അവിടെ ഒരു ബഞ്ചിൻമേലും ഇരിപ്പുണ്ട് കുറേ പഴയ കടലാസുകെട്ടുകൾ. എന്നാലും മറ്റുള്ളവർ വന്നശേഷംപോരെ അയാൾക്കവിടെയുള്ള പരിശോധന? പോരെങ്കിൽ അയാൾ കടലാസുകെട്ടുകൾക്കു പുറംതിരിഞ്ഞു നിൽക്കുകയല്ലെങ്കിൽ താൻ ചെയ്യുന്നതെന്താണെന്ന് കാണാൻ വയ്യ. മറ്റെല്ലാവരും ഉണ്ണാൻപോയ സന്ദർഭത്തിൽ തങ്ങളെ അടുത്തിങ്ങനെക്കണ്ടാൽ എന്തായിരിക്കും മറ്റുള്ളവർ പറയുക? വിശേഷിച്ചും രണ്ടുപേരും വിവാഹം കഴിയാത്ത ചെറുപ്പക്കാർ. അതിലും വിശേഷിച്ച് ആൺകക്ഷി മദനകാമൻനായരും!

ഉച്ചിയിൽനിന്നുത്ഭവിച്ച് കാഴ്ചയെ മങ്ങിച്ചുകൊണ്ട് ഒരുതരം ഉഷ്ണവായു പാദങ്ങളോളം വ്യാപിക്കുന്നതായി അവൾക്കുതോന്നി. അപ്പോഴാണ് പുറകിൽനിന്നൊരു ശബ്ദം. "ഉമ്മ".

അവളുടെ വലതുകൈപിടിച്ചിരുന്ന സിലിണ്ടർ ഉച്ചത്തിലുള്ള ശബ്ദത്തോടെ യന്ത്രത്തിന്റെ ഇടത്തേയറ്റത്തേക്കു പാഞ്ഞു. വിരലുകൾ ചലിക്കാൻ ശക്തിയില്ലാതെ അവൾ അങ്ങനെയിരുന്നു. പിന്നെയും, ഹ്രസ്വമായ വിരാമങ്ങളോടെ, തന്റെ തലക്കുനേരെമുകളിൽ നിന്നും മദനകാമൻനായരുടെ ശബ്ദം വീണ്ടും അവൾ കേട്ടു. 'ഉമ്മ.....ഉമ്മ ഏങ്?'

എന്നിട്ട് ധൃതിപിടിച്ചെന്നപോലയാൾ അനങ്ങുന്ന ശബ്ദം പുറപ്പെട്ടു. അവൾ ശ്വാസംപിടിച്ചിരുന്നു. ഇടത്തേക്കയ്യിലൊരു ഫയലുമായി അയാൾ തന്റെ മുമ്പിൽക്കൂടെ വാതുക്കലേക്ക് നടന്ന് വരാന്തയിലേക്കു ഇറങ്ങുന്നതവൾ അസ്പഷ്ടമായിട്ടാണ് കണ്ടത്. തലയിലെ പെരുപ്പ് അവസാനിച്ച് പുറകെ നോക്കിയപ്പോൾ പല കസേരകളിലും ആളുകളിരുന്നു ജോലിചെയ്യാൻ തുടങ്ങുന്നതുകണ്ടു. ഒരു പക്ഷേ മുറിയിലേക്കുവരുന്നവരെ മുറ്റത്തുവച്ചേ കണ്ടതുകൊണ്ടാവാം അയാൾ ധൃതിപിടിച്ചിറങ്ങിപ്പോയത്.

അന്നുച്ചയ്ക്കുശേഷം അവൾ ജോലിയൊന്നും ചെയ്തില്ല. യന്ത്രത്തിന്മേലായി കൈത്തണ്ടുകൾ പിണച്ചുവെച്ചൊരു മെത്ത സൃഷ്ടിച്ച് അതിന്മേൽ തല കമഴ്ത്തിവച്ച് അവൾ വെറുതെയിരുന്നതിലാർക്കും വല്ലായ്മതോന്നിയില്ല. തുടർച്ചയായി രണ്ടുമൂന്നുമണിക്കൂർ ജോലിചെയ്യിച്ച് അവളെ ഇങ്ങനെ തളർത്തിയ മാനേജരോടു നീരസം തോന്നുകയും ചെയ്തു. മദനകാമൻ നായർ ഉറക്കെപ്പറഞ്ഞു. "ആത്മഹത്യചെയ്യണമെന്നുള്ളവർ മറ്റുള്ളവരെ വിചാരിച്ചെങ്കിലും സ്വന്തംവീട്ടിലിരുന്നതു നടത്തിയാൽകൊള്ളാമായിരുന്നു. വേലചെയ്തും പട്ടിണികിടന്നും ചാവാനാണിങ്ങോട്ടുവന്നതെന്നുതോന്നുന്നു. ഉള്ള ദുരിതങ്ങളൊക്കെ പോരാഞ്ഞിട്ട് ഇതുംകൂടെ കാണാൻ ഇവിടെയുള്ളവരെന്തുമഹാപാപം ചെയ്തപ്പാ!"

കുറച്ചുകഴിഞ്ഞപ്പോൾ അവളുടെ മേശപ്പുറത്ത് ഒരുകപ്പു കാപ്പികൊണ്ടുവച്ചിട്ട് വയസ്സൻ ശിപായി പറഞ്ഞു. "ഇതാ കാപ്പിയെടുത്തു കുടിക്കണം".

കാപ്പി തനിക്കുവേണ്ടെന്നും എടുത്തുകൊണ്ടുപൊയ്ക്കൊള്ളണമെന്നും പറയാൻ മനസ്സിനുതോന്നിയെങ്കിലും അവളുടെ കൈ നിമിഷത്തിനിടയിൽ കപ്പെടുത്തു ചുണ്ടിൽ ചേർത്തു.

അവളുടെ മുഖത്തെ വിളർച്ച കണ്ടപ്പോൾ ശിപായി പറഞ്ഞു "വയ്യെന്നുതോന്നുന്നെങ്കിലിവിടെ ഇരിക്കണ്ട. ഞാൻ പോയി ഒരു വണ്ടിപിടിച്ചുകൊണ്ടുവരാം. കാര്യം പറഞ്ഞാൽ മാനേജരുസ്വാമി സമ്മതിക്കും നേരത്തേ പോകാൻ. ചൂടുവെള്ളത്തിൽ മുക്കിപ്പിഴിഞ്ഞ തോർത്തുകൊണ്ട് ദേഹത്തിൽ നല്ലപോലെ തിരുമ്മിയാൽ മതി. നാളെക്കാലത്തേ വേദന മാറിക്കൊള്ളും. അതല്ലെങ്കിൽ നാളെയൊരുദിവസം വരണ്ടാന്നുവയ്ക്കണം".

പക്ഷേ വൈകുന്നേരംവരെ അവൾ സീറ്റിൽനിന്നും അനങ്ങിയില്ല. മുറിയിലെ മറ്റെല്ലാ ചലനങ്ങളിലും ദൃഷ്ടിപായിച്ചെങ്കിലും മദനകാമൻനായരുടെ ഭാഗത്തേക്കു കണ്ണു ചെല്ലാതെ അവൾ പ്രത്യേകം ശ്രദ്ധിച്ചു. ആരുമില്ലാത്തപ്പോൾ ഉമ്മയാവശ്യപ്പെട്ടവൻ എല്ലാരുമുള്ളപ്പോൾ ആശ്ലേഷം വാങ്ങാൻ ശ്രമിക്കുകയില്ലെന്നെന്തു തീർച്ച? കുറഞ്ഞ പക്ഷം, കണ്ണുകൊണ്ടൊന്നു തലോടുകയെങ്കിലും ചെയ്യുമെന്നുള്ളതിനു സംശയമില്ല. തനിക്കാണെങ്കിൽ അയാളെപ്പറ്റി ഓർക്കുമ്പോൾപോലും കണ്ണുനിറയുകയാണ്. ആ മുറിയിൽ ഒരു സ്ത്രീ കൂടെ ഉണ്ടായിരുന്നെങ്കിൽ ഈ ദുരിതം പങ്കിട്ടെടുത്താൽ മതിയായിരുന്നു. അയാളുടെ ഏകാഗ്രമായശ്രദ്ധ തന്നിൽ പതിയാതിരിക്കാനും അങ്ങിനെ മിതമായ ആവശ്യപ്പെട

ലുകൾകൊണ്ടയാൾ തൃപ്തിപ്പെടാനും സഹായിച്ചേനെ. പക്ഷെ ആ മുറിയിലെന്നല്ല ആ ആഫീസിലെങ്ങുമില്ല മറ്റൊരു സ്ത്രീ.

വൈകുന്നേരം വീട്ടിൽച്ചെന്നുകയറിയയുടൻ അമ്മ കുറച്ചധികം ശകാരിച്ചു, ഉച്ചയ്ക്കാഹാരം കഴിക്കാൻ ചെല്ലാത്തതിന്. "മുഖമിരിക്കുന്നതുകണ്ടോ, അവിച്ചൂറ്റിയെടുത്തതുപോലെ. ഒരുമാസം തികച്ച് ഉദ്യോഗംഭരിക്കുംമുമ്പേ ഇതാണുപാട്. അപ്പോപ്പിന്നെ കുറച്ചുകഴിയുമ്പോഴോ? എന്ന് അമ്മ ചോദിച്ചപ്പോൾ അവൾ ക്ഷീണിച്ചടഞ്ഞ സ്വരത്തിൽ പറഞ്ഞു. "അതുവിചാരിച്ച് അമ്മ ഇനി പേടിക്കണ്ട. നാളെത്തൊട്ട് ഞാൻ പോണില്ലെന്നും വിചാരിക്കയാണ്. ഇന്നത്തോടെ ഉദ്യോഗംഭരിച്ചു മതിയാക്കി".

കുറേനേരം മിഴിച്ചുനിന്നിട്ട് അമ്മ പിന്നെ വളരെ വളരെ പറഞ്ഞു. കട്ടിലിൽ ചെന്നുകിടന്നു ശരീരമാകെ അവൾ മൂടിപ്പുതച്ചു. തന്റെ ശകാരങ്ങൾ ലക്ഷ്യത്തിലെത്താതിരിക്കാൻവേണ്ടി അവൾ ഉറങ്ങാൻ തുടങ്ങുകയാണെന്ന് അമ്മയ്ക്കു തോന്നി. അവർ കലിതുള്ളിച്ചെന്നു പുതപ്പു വലിച്ചെറിഞ്ഞ് അവളെ പിടിച്ചെണീപ്പിച്ചു.

മകളുടെ ദേഹത്തു തൊട്ടപ്പോൾ അമ്മയുടെ കലിയടങ്ങിത്തണുത്തു. അവളുടെ പുറം തീപോലെ പൊള്ളുന്നുണ്ട്. വെറുതേയല്ല ഉച്ചയ്ക്കൊന്നും വേണ്ടെന്നു തോന്നിയത്. തലേന്നുമുതൽ അവൾ തൂങ്ങിതൂങ്ങി നടക്കുകയായിരുന്നെന്ന് അവരോർത്തു. പക്ഷേ, ശകാരിക്കാനല്ലാതെ തനിക്കിതുവരെ വല്ലതുമന്വേഷിക്കാൻ നേരമുണ്ടോ? കാറ്റും വെയിലും കൊള്ളിക്കാതെ അച്ഛനാണു മകളെ വളർത്തിവച്ചത്. എന്നിട്ടി ദുരിതങ്ങളൊക്കെ അനുഭവിക്കാൻ താൻ മാത്രവും.

അമ്മയുടെ കരച്ചിലും പുലമ്പലും ശുശ്രൂഷയും ഏറ്റും കപ്പടാമീശയാൽ കാടുപിടിച്ച് മറിഞ്ഞ ചെളിക്കുളം പോലെയുള്ള ഒരു കോളാമ്പിവായ് സ്വപ്നം കണ്ടു ഞെട്ടിയും കാമാക്ഷി ആ രാത്രി കഴിച്ചുകൂട്ടി.

പിറ്റേന്നു രാവിലെ പൊടിയരിക്കഞ്ഞി കുടിച്ചുകൊണ്ടിരിക്കുമ്പോൾ ആരോ ശക്തിപൂർവ്വം ഗേറ്റിനു തട്ടുന്ന ശബ്ദം കേട്ടു. കപ്പടാമീശക്കാരൻ കാലത്തേ സുഖക്കേടന്വേഷിച്ചെന്ന വ്യാജേന കേറിയങ്ങു വന്നിരിക്കയാണോ എന്നവൾ ഭയന്നുവിറച്ചപ്പോൾ അമ്മവന്നു പറഞ്ഞു. "നിന്റെ കൂട്ടുകാരി ആ ഉമ്മാച്ചി ഗേറ്റു തട്ടിപ്പൊളിക്കുമല്ലോ ഭഗവാനേ. ഉമ്മാച്ചി ഒന്നാം തിയ്യതിയിരുന്നാലീമാസത്തിലിവിടെ എഴുന്നേറ്റം കിട്ടുമോ? അയ്യോ! പിള്ളാരാരാണ്ടുചെന്നു കതകുതുറന്നു കൊടുത്തല്ലോ. ഭഗവാൻ തലേലെഴുതിയതൊക്കെ അനുഭവിച്ചു തീരണം".

കൂട്ടുകാരി മുറിക്കകത്തു കടന്നപ്പോൾ കാമാക്ഷി, ആകാവുന്നത്ര സന്തോഷത്തോടെ പറഞ്ഞു. "കതകിനു തട്ടുന്നത് ഒരുമ്മയാണെന്ന് കേട്ടപ്പം ഞാൻ ഞെട്ടിപ്പോയി, എന്നാലും എനിക്കിഷ്ടപ്പെട്ട ഒരുമ്മയുടെ മുഖമാണ് ഈ ഒന്നാംതീയതി കാണാൻ സാധിച്ചിരിക്കുന്നത്. അതുകൊണ്ട് ഈ മാസം മുഴുവൻ എനിക്കു സന്തോഷമായിരിക്കും. ഞാനൊരുമ്മാക്കിയെ പേടിച്ചങ്ങനെ ഇരുന്നപ്പോഴാണ് എന്റെ ഉമ്മാച്ചി കേറിവന്നത്. അസുമയെ ഒന്നു കാണാൻ ഞാനെത്ര കൊതിപിടിച്ചിരിക്കയായിരുന്നെന്നോ? എല്ലാവരും വേണ്ടെന്നുവച്ച കൂട്ടത്തിൽ അസുമയും വേണ്ടെന്നുവച്ചു, ഇല്ലേ? അമ്മ പറയും പോലെ ഞങ്ങളുടെ കഷ്ടകാലത്തിന്റെ ശക്തികൊണ്ടാണെല്ലാർക്കുമീ വെറുപ്പ്; അല്ലാതെ ആളുകളുടെ കുറ്റമല്ല."

സ്നേഹിതയുടെ ദുഃഖത്തിൽ അനുശോചനം രേഖപ്പെടുത്തേണ്ടതെങ്ങനെയാണെന്നറിഞ്ഞുകൂടാത്തതുകൊണ്ട് കുറേനേരം കുനിഞ്ഞിരുന്നിട്ട് അസുമ പറഞ്ഞു: "അത്ര വെറുപ്പെങ്കിൽ ഞാനിത്ര രാവിലെ പാടുപെട്ടിവിടെവരണമായിരുന്നോ? ഇന്നലെ ഒരത്യാവശ്യകാര്യം സാധിക്കാനായി ഞാനിങ്ങോട്ടു പോന്നതാണ്. ലേറ്റ് ലീവിനെ അപേക്ഷിച്ചിട്ടുള്ളു. അതുകൊണ്ട് ഇന്നുച്ചയ്ക്കുമുമ്പേ തിരിച്ചെത്തണം. കാര്യം സാധിച്ചാലും ഇല്ലെങ്കിലും."

"ഇപ്പഴിവിടെയല്ലേ ജോലി?"

"സ്നേഹക്കൂടുതൽകൊണ്ട് കാമാക്ഷി എന്റെ സ്ഥലംമാറ്റത്തെക്കുറിച്ചറിയാത്തതിലെനിക്കു പരാതിയില്ല. പിന്നെ, കാമാക്ഷി പറഞ്ഞതിലൊരു സത്യമുണ്ട്. എനിക്കും മറ്റൊരാളുടെ ദുഃഖം കാണാൻ ഇഷ്ടമല്ല. പ്രത്യേകിച്ചും കാമാക്ഷിയുടെ. എന്നിട്ടും ഇവിടെ വന്നസ്ഥിതിക്ക് കാമാക്ഷിയെ കാണാതെപോകാൻ മനസ്സനുവദിച്ചില്ല. അച്ഛൻ മരിച്ച കാര്യം ഞാൻ പത്രത്തിൽനിന്നറിഞ്ഞിരുന്നു. പക്ഷേ ബാക്കിയൊക്കെ ഇന്നലെ ഇവിടെവന്നശേഷമാണറിഞ്ഞത്. കാമാക്ഷിക്കീയിടെ ഏതോ കമ്പനിയിൽ ജോലികിട്ടിയെന്നും അറിഞ്ഞു. ഏതു കമ്പനിയിലാണെന്നും മറ്റുമുള്ള ഡീറ്റയിൽസ് മാത്രം കിട്ടിയില്ല."

"എന്നാലിനി അതൊന്നും കിട്ടാനില്ല. ജോലി ഇന്നലത്തോടെ തീർന്നു-തീർത്തു."

അതു പറഞ്ഞപ്പോഴത്തെ കാമാക്ഷിയുടെ സ്വരം, ഭീതി, ദുഃഖം, ദേഷ്യം തുടങ്ങി വളരെയധികം വികാരങ്ങൾ തിങ്ങിയതായിരുന്നു. സ്നേഹിതയുടെ കണ്ണുകൾ നിറയുകയും ചുണ്ടുവിറക്കുകയും ചെയ്യുന്നതു കണ്ടപ്പോൾ മ്ലാനമായ മുഖത്തോടെ അസുമ പറഞ്ഞു. "ഞാനാദ്യമേ പറഞ്ഞില്ലേ, ദുഃഖംകാണാനെനിക്കിഷ്ടമല്ലെന്ന്. വിശേഷിച്ചും

എനിക്കു സ്നേഹമുള്ളവരുടെ പിണക്കത്തിലിത്ര സങ്കടപ്പെടാനൊന്നുമില്ല. കമ്പനിയിലായതുകൊണ്ട്, ഒരിക്കൽ കയറിക്കൂടിയാൽ പിന്നീടവിടെ സ്ഥിരമായി പറ്റിപ്പിടിക്കാനത്ര പ്രയാസമില്ല. ഇതിപ്പോഴെന്തോ, ചെറിയ വേക്കൻസിയായതുകൊണ്ടിങ്ങനെ പറ്റിയതാവണം. എന്നാലും ഏതു ഫേമാണെന്നു പറഞ്ഞതില്ലല്ലോ."

കാമാക്ഷി, ഫേമിന്റെപേർ പറഞ്ഞപ്പോൾ അസുമ അത്ഭുതത്തോടെ പറഞ്ഞു. "ആഹാ! ഞാനിന്നലെ അവിടെ വന്നിരുന്നു. കാമാക്ഷി അവിടെയുണ്ടെന്നറിഞ്ഞെങ്കിൽ എനിക്കീയാത്ര ലാഭിക്കാമായിരുന്നു. അവിടത്തെ മാനേജർ സ്വാമിയെക്കണ്ടൊരു സർട്ടിഫിക്കറ്റു വാങ്ങിക്കാനായിട്ട് ഞാൻ വന്നതാണ്. ഞാനവിടെ മുമ്പ് കുറച്ചുനാൾ ജോലി നോക്കിയതിന്റെ സർട്ടിഫിക്കറ്റ്. സ്വാമി ഇന്നലെത്തന്നെ എഴുതിവച്ചു. പക്ഷേ ടൈപ്പിസ്റ്റിനു സുഖമില്ലെന്നു ശിപായി പറഞ്ഞതുകൊണ്ട് ഇന്നു രാവിലെ ടൈപ്പുചെയ്യിച്ച് ഒപ്പിട്ടു തരാമെന്ന് സ്വാമി പറഞ്ഞു. എന്നാപ്പിന്നെ നമുക്കൊരു കാര്യം ചെയ്യാം. കാമാക്ഷിയിന്നു ശമ്പളം വാങ്ങിക്കാനേതായാലും പോണമല്ലോ. നമുക്കൊന്നിച്ചുപോകാം. സുഖമില്ലെങ്കിൽ പതുക്കെപതുക്കെ നടന്നാൽ മതി. അത്ര ദൂരമല്ലേയുള്ളൂ. നമുക്കത്രയുംനേരം കൂടെ വർത്തമാനം പറയുകയും ചെയ്യാം.

ടൈപ്പുചെയ്യിച്ച സർട്ടിഫിക്കറ്റാണെങ്കിൽ മാനേജർസ്വാമിക്കിന്നു രാവിലേയും വരാനൊക്കില്ല. കാമാക്ഷി ഒരു കർക്കശസ്വരത്തിൽ പറഞ്ഞു: "ഇന്നലെ സുഖമില്ലാതിരുന്ന ടൈപ്പിസ്റ്റ് ഇന്ന് അവിടെ കാണുകതന്നെയില്ല. എന്റെ ശമ്പളം ഞാൻ ആരെയെങ്കിലും അയച്ചു വാങ്ങിച്ചു കൊള്ളാം. എന്നാലും, എനിക്കിനി അതിനകത്തു കാലെടുത്തുകുത്താനിഷ്ടമല്ല."

അസുമ ഇച്ഛാഭംഗത്തിൽ അല്പനേരം മിണ്ടാതെനിന്നിട്ടു പറഞ്ഞു: "അങ്ങനെയാണെങ്കിൽ ഇന്നു സർട്ടിഫിക്കറ്റു ടൈപ്പുചെയ്യിക്കണ്ട, എഴുതിയതു മതിയെന്നു വയ്ക്കും. അക്കാര്യം വിട്ടിട്ടു മറ്റൊന്നു ചോദിക്കട്ടോ? കാമാക്ഷിക്കെന്താണവിടെ പോകാനിത്ര വിരോധം? മഹാവായിനോക്കിയായിട്ടൊരുത്തനുണ്ടവിടെ, മുഖത്തൊരു ആമസോൺ വനവും വച്ചുപിടിപ്പിച്ചുകൊണ്ട്. പെമ്പിള്ളേർക്കെല്ലാം അവനെ മഹാപേടിയാണ് – ആമസോൺ വനത്തിൽ ഹിംസ്രജന്തുക്കൾ ഉണ്ടെന്നുവിചാരിച്ചാവണം, ഒരൊറ്റപ്പെണ്ണേയുള്ളു വനം കണ്ടുപേടിക്കാതെ വായിനോക്കിത്തത്തെ ആക്ഷേപിക്കാൻ. അവിടെവരുന്ന പെണ്ണുങ്ങളെയെല്ലാം അധികംതാമസിയാതെ കമ്പനിയുടെ മറ്റു ശാഖാ ഓഫീസുകളിലയച്ചുകള

യുകയാണു പതിവ്". പക്ഷേ, ഇന്നലെ ഞാനൊരു കാഴ്ച കണ്ടു. അയാളും ഒരു പെണ്ണും സൊള്ളുന്നത്. അയാളുടെ മുഖം കാണേണ്ടതായിരുന്നു! പാലും തേനുംകൂടെ കുടിച്ച പോലെ. മാനേജരുടെ മുറിയിൽകയറാൻ തുടങ്ങിയ ഞാനിതുനോക്കി കുറച്ചുനേരം പുറത്തു നിന്നുപോയി. അവരുടെ മുഖം കാണാൻ സാധിച്ചില്ല. അയാൾ തൊട്ടു പുറകിൽനിന്നുകൊണ്ട് തേനും പാലും ഒഴുക്കിയപ്പോഴവളങ്ങനെ ലജ്ജിച്ചിരുന്നതാണെന്നു തോന്നുന്നു. എന്തോ ടൈപ്പുചെയ്യുന്നഭാവത്തിൽ കുനിഞ്ഞിരുന്ന് "– പെട്ടെന്ന്, കാമാക്ഷിയുടെ ബ്ലൗസിൽ നോക്കിക്കൊണ്ടവൾ അത്ഭുതത്തോടെ വിളിച്ചുപറഞ്ഞു: അല്ല, ആ ഇരുന്നത് കാമാക്ഷിയായിരുന്നല്ലോ" എന്നിട്ടവൾ രഹസ്യം ചികഞ്ഞെടുക്കുന്ന രഹസ്യ സ്വരത്തിൽ ചോദിച്ചു "അയാളെപ്പേടിച്ചാണോ ഇനിയവിടെ പോകാൻ വയ്യെന്നു പറഞ്ഞത്. അതുകൊണ്ട് ജോലിവേണ്ടെന്നു വച്ചതാണോ?"

കാമാക്ഷി തലയാട്ടി.

അസുമ ചോദിച്ചു: "ഈ പനി?"

കാമാക്ഷി വീണ്ടും തലയാട്ടി. അസുമ ചോദിച്ചു. "ആമസോൺവനം കണ്ടു ഭയന്നിട്ടോ?"

"ആമസോൺവനം കണ്ടിട്ടുമാത്രം അത്ര വളരെ ഭയന്നില്ല''. സ്നേഹിതയുടെ വിനോദരസം, അറിയാതെ അവളിലേക്കും പകർന്നു. "ആ വനത്തിൽ ഒരുതരം ദുഷിച്ച ചെടിയുണ്ട്. ഉമ്മച്ചെടി. അതിന്റെ വിഷം . . ."

കാമാക്ഷി ഭയന്നപോലെ കണ്ണടച്ചിരുന്നു. അസുമ puzzled ആയസ്വരത്തൽ പറഞ്ഞു. "തെളിച്ചുപറയൂ. ഇങ്ങനെ അലങ്കാരത്തിൽ പറയാതെ".

"അതൊ, അതെന്താണെന്നോ?" അവൾ പല്ലുകടിച്ചുപിടിച്ചുകൊണ്ട് പറഞ്ഞു. "അയാൾ എന്റെ പുറകേ വന്നുനിന്നു കൊണ്ട് മന്ത്രിക്കുകയായിരുന്നു ഉമ്മ, ഉമ്മ എന്ന്. ആമസോൺകാടിനെ മുഴുവൻ വലിച്ചുപിഴുതെറിയാൻ––

"അയ്യയ്യോ!" എന്നുവിളിച്ചുകൊണ്ട് അസുമ പുറകോട്ടുമലച്ചിരിക്കുന്നതുകണ്ട് കാമാക്ഷി അമ്പരന്നു നിന്നു. അസുമ പറഞ്ഞു: "അയാൾ ഉമ്മ എന്നാണുപറഞ്ഞതെങ്കിൽ അത് എന്നെപ്പറ്റിയാണ്. ഞാൻ അയാളുടെ കണ്ണിനുനേരെ മുറ്റത്തുനിൽക്കുകയായിരുന്നു. എന്നെ അയാൾക്ക് പേടിയാണെന്നുപറഞ്ഞില്ലേ? അതുകൊണ്ടയാൾ തന്നത്താനങ്ങനെ പറഞ്ഞുപോയതായിരിക്കും. പെട്ടെന്നയാൾ പ്രേമരംഗം നിറുത്തി വരാന്തയിലിറങ്ങിപ്പോ

കാനും കാരണം എന്റെ നോട്ടമാണ്". അസുമ എണീറ്റു കാമാക്ഷിയുടെ പുതപ്പുവലിച്ചെറിഞ്ഞുകൊണ്ടു പറഞ്ഞു. "ശരി, ശരി. ഇനിവേഗമെണീക്കൂ. പനിവിട്ടെന്നു തോന്നുന്നെങ്കിൽ പോയിക്കുളിക്കൂ. അതല്ല ഉമ്മ പ്പനി ഇനിയും ശേഷിക്കുന്നെന്നു ഭയമുണ്ടെങ്കിൽ മുഖം കഴുകിയാൽ മതി. വായിന്നോക്കാനും ചപ്ലാന്തം പറയാനുമല്ലാതെ മറ്റൊന്നിനുമയാൾക്ക് ധൈര്യമില്ല. എന്റെ വലിയ കൂട്ടുകാരിയാണെന്നറിഞ്ഞാൽ അതിനും ഇനി ധൈര്യംമാണില്ല. അയ്യോ, കഷ്ടം! ആ ആമസോൺകാടിനകത്ത് ഹിംസ്രജന്തുക്കളില്ലാത്തതുപോയിട്ട് ഒരുമ്മച്ചെടിപോലുമില്ല. വല്ല ഉറുമ്പോ നീറോ കണ്ടേക്കും. പിന്നെ കുറച്ചു പാറക്കഷ്ണങ്ങളും പായൽവെള്ളവും".

കാമാക്ഷി, വിളർച്ചവിട്ട് പ്രസന്നമായ മുഖത്തോടെ എണീറ്റുകൊണ്ട് അമർത്തിച്ചിരിച്ചു ചോദിച്ചു. "exploration നടത്തിയിട്ടെത്തിയ നിഗമനമാണോ ഇത്?."

കണ്ണുകളിൽ കുസൃതിച്ചിരിയോടെ ദു:ഖഭാവത്തിൽ അസുമ പറഞ്ഞു. അല്ല. പക്ഷേ അതിനു കാരണം എന്റെ സന്നദ്ധതക്കുറവല്ല; എന്നെക്കാണുമ്പം ആ ആമസോൺ മുഴുവൻകിടന്നു വിറയ്ക്കുന്നസ്ഥിതിക്ക് എനിക്കെന്തുചെയ്യാനൊക്കും?

ജനയുഗം, 1958, ഫെബ്രുവരി 16

## അനുബന്ധം 9

## ശ്രീ ശാരദാദേവി (ലേഖനം)

**സരസ്വതി**

വിവാഹിതയായ കന്യക: അപ്രസവയായ മാതാവ്

പരദുഃഖപരാങ്മുഖനായ പരമഹംസൻ ഒരിക്കൽ ശാരദാദേവിയോടു പറഞ്ഞു. "ഭവതിയ്ക്കു എന്റെമേൽ ചില അവകാശങ്ങളുണ്ട്. മായാബന്ധത്തിലേക്ക് എന്നെ വലിച്ചിഴയ്ക്കണമെന്നു ദേവിക്കാശയുണ്ടെങ്കിൽ ഞാനെതിർക്കയില്ല".

ദക്ഷിണേശ്വരം ക്ഷേത്രത്തിലെ താഴത്തെ നിലയിലുള്ള, ഇടുങ്ങിയ, പൊക്കംകുറഞ്ഞ, ഒരു മുറിയിൽ തലയ്ക്കുമുകളിൽ തൂങ്ങുന്ന ഉറികൾക്കു താഴെ, മലക്കറിവട്ടികളുടെയും അരിപ്പെട്ടിയുടെയും ഇടയിൽ ഇരുന്ന്, ഭഗവൽ ഭക്തനായ ഭർത്താവിനും വയോവൃദ്ധയായ ശ്വശ്രുവിനും ഭക്ഷണം പാകംചെയ്തുകൊണ്ടിരിക്കുന്ന ആ പതിനെട്ടുവയസ്സായ കന്യക ഉടനടി ഉത്തരം പറഞ്ഞു. "എന്തിന്? മതപരമായ ജീവിതത്തിൽ എന്റെ ഭാഗഭാഗിത്വം വഹിക്കാൻ മാത്രമാണ് ഞാനിങ്ങോട്ടുവന്നത്".

വിശ്വാമിത്രന്റെ തപോഭംഗം വരുത്തിയ അപ്സ്സരസ്സല്ലായിരുന്നു ആ ബാലിക. ആ പെൺകുട്ടിയുടെ ജീവിതം ഗംഗാനദിപോലെ പാവനവും ദിവ്യവുമായിരുന്നു. അവൾ വേദഗ്രന്ഥങ്ങൾ വായിച്ചിട്ടില്ല: ശാസ്ത്രങ്ങൾ ഹൃദിസ്ഥമാക്കിയിട്ടില്ല. എന്നാലും ആ പാവപ്പെട്ട ഗ്രാമീണബാലികയ്ക്കു ഒന്നറിയാം പതിവ്രതകൾക്ക് ഭർത്താവ് ദൈവമാണെന്ന്. ഭർതൃപരിചരണത്തിനുമാത്രമേ ആ സ്ത്രീഹൃദയം ആശിച്ചിരുന്നുള്ളൂ. ദാമ്പത്യസുഖമെന്തെന്നറിയാതെ ആ കന്യകയുടെ മുഖത്ത് അസംതൃപ്തിയുടെയും അസന്തുഷ്ടിയുടെയും കരിനിഴൽ ഒരിക്കലും വീശിയിരുന്നില്ല.

വിവാഹിതയായ പുത്രിയുടെ കന്യകാത്വം മാതാവിൽ സഹതാപം ജനിപ്പിച്ചു. ഒരൊറ്റ ശിശുവിന്റെയെങ്കിലും അമ്മയാകാനുള്ള ഭാഗ്യം അവൾക്കില്ലല്ലോ എന്നവർ

സങ്കടപ്പെട്ടു. ജാമാതാവു പറഞ്ഞു. "അമ്മേ, അമ്മ സങ്കടപ്പടേണ്ട. ഇനിയൊരുകാലം നിരവധി സന്താനങ്ങൾ അവളെ 'അമ്മേ' എന്നു വിളിച്ചു ശല്യപ്പെടുത്താനുണ്ടാവും."

മാതാപിതാക്കളുടെ പാപഫലമാണ് സ്ത്രീസന്താനങ്ങൾ എന്ന വിചാരമില്ലെന്ന വാദത്തിനുവേണ്ടി ചിലർ പറഞ്ഞേക്കാമെങ്കിലും, അതു സത്യമല്ല. അടിമത്തവും അസ്വതന്ത്രയും അജ്ഞതയും അവളുടെ അഭിമാനാർഹമായ ജന്മാവകാശമായി കരുതപ്പെടുന്ന കാലത്തോളം അങ്ങനെയൊരു തോന്നൽ ഉണ്ടാകാനേ വഴിയുള്ളൂ. പരസ്യമായ കന്യകയുടെ ഭാരം വിടർത്തിക്കിട്ടാൻ കാത്തിരിക്കുന്ന പിതാക്കളുടെ നാടാണ് ഭാരതം എന്നു പറയുന്നവർ ഭാരതത്തിന്റെ മഹിമയെ അപലപിക്കുകയല്ല ചെയ്യുന്നത്. പക്ഷേ യാഥാർത്ഥ്യത്തിന്റെ അനാശാസ്യതയിൽ ദുരഭിമാനത്തിന്റെ മറയിടുന്നതു ഭാരതീയർക്കു ചേരാത്ത ഭീരുത്വമല്ലേ?

അനുപേക്ഷണീയമായ ഒരനാശാസ്യസൃഷ്ടിയാണ് സ്ത്രീ എന്നു ഒരു മഹാൻ പറഞ്ഞിട്ടുണ്ട്. ഇന്നത്തെ യുവാക്കളോടു ചോദിക്കൂ, അവളുടെ അപരിത്യാജ്യത എവിടെയാണ് സ്ഥിതിചെയ്യുന്നത്, അവളുടെ ആനന്ദപ്രദായകത്വത്തിന്റെ പ്രഥമനിദാനം ഏതാണ് എന്ന്. ആംഗലശാസ്ത്രപരിജ്ഞാനം സിദ്ധിച്ച ഇന്നത്തെ യുവലോകം മാത്രമല്ല, പ്രപഞ്ചസൃഷ്ടിക്കിപ്പുറമുള്ള പുരുഷലോകം മുഴുവൻ ഏകസ്വരത്തിൽ മന്ത്രിയ്ക്കും: തങ്ങളുടെ കായികാഭിലാഷത്തീ കെടുത്താനുള്ള അഗ്നിശമനയന്ത്രമാണ് അവളെന്ന്. അതുകൊണ്ടാണ് ആ ശപ്തമായ അനുഗ്രഹത്തെ അവർ ആഹ്ലാദപൂർവ്വം സ്വാഗതം ചെയ്യുന്നത്; വാത്സല്യത്തോടെ താലോലിച്ച് തളർത്തുന്നത്.

നമ്മുടെ നാട്ടിലെ പെൺകുട്ടികളെ എഴുത്തിനിരുത്തുന്ന പ്രായത്തിൽ, കളിക്കുഞ്ഞായ ശാരദാമണി, തന്നേക്കാൾ പതിനെട്ടുവയസ്സു പ്രായക്കൂടുതലുള്ള ഗദാധരന്റെ ജീവിതസഖിയായിത്തീർന്നു. അസാധാരിണിയും അതേ സമയം തന്നെ വരപ്രദാനതല്പരയുമായി സൃഷ്ടിയുടെയും സംഹാരത്തിന്റെയും ചിഹ്നമായി, നിർവ്വികാരയും നിശ്ചലയുമായിനിന്ന കാളിയുടെ കാല്ക്കൽ തലയിട്ടറഞ്ഞ ആത്മീയഭ്രാന്ത്, ഉപയോഗശൂന്യമാക്കപ്പെട്ട ലൈംഗികപ്രചോദനത്തിന്റെ ഫലമാണെന്നു വിശ്വസിച്ച ബന്ധുക്കൾ, ബുദ്ധന്റെ കാലംമുതൽ ആ രോഗത്തിനു പ്രതിവിധിയായിക്കരുതിയിരുന്ന ദാമ്പത്യംതന്നെ രാമകൃഷ്ണന്റെ കാര്യത്തിലും ശരണീയമായിക്കണ്ടു. ആ അഞ്ചു വയസ്സായ പെൺകുഞ്ഞിന്റെ പിഞ്ചുകൈകൾ പിടിച്ച വിശറി, അദ്ദേഹത്തിന്റെ മസ്തിഷ്കജ്വരത്തെ വീശിശ്ശമിപ്പിക്കുമെന്നു അവരാശിച്ചു.

ഭ്രാന്തൻ ഭർത്താവിന്റെ സഹധർമ്മിണിയെന്നു പരിഹാസ്യയായിത്തീർന്ന ശാരദാമണി പതിനെട്ടാം വയസ്സിൽ ദക്ഷിണേശ്വരത്തു സ്ഥിരതാമസമാരംഭിച്ചു. ശ്രീരാമകൃഷ്ണന്റെ ആത്മീയഭ്രാന്തിന്റെ ആത്മാർത്ഥത പരീക്ഷിക്കുവാനുള്ള ഉരകല്ലായിരുന്നു ദേവിയുടെ നിതാന്തസാന്നിദ്ധ്യം. വിഷയവിരക്തനായ പതിയെ അവർ ഭൌതികത്വത്തിലേക്കു വലിച്ചിഴച്ചില്ല; 'ദേഹോഹം' ബുദ്ധി നശിച്ചപരമഹംസൻ യൌവനയുക്തയായ ഭാര്യയെ സ്നേഹിക്കാതിരുന്നുമില്ല.

എല്ലാ ജീവികളിലും അതുല്യമായ ശക്തി കുടികൊള്ളുന്നു എന്നു സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്. ഒരിക്കലും ശക്തി നശിച്ചു പോവുന്നില്ല, വിവിധപരിണാമങ്ങൾക്ക് അധീനമാകുന്നതേയുള്ളൂഎന്ന് ശാസ്ത്രം ഉൽഘോഷിക്കുകയും ചെയ്യുന്നു. ആ സിദ്ധാന്തത്തെ അടിസ്ഥാനപ്പെടുത്തിയായിരിക്കും വിവേകാനന്ദൻ പറഞ്ഞത്, "ഭാരതീയന്റെ ശക്തി മുഴുവൻ ആലോചനകൾക്കും നിശ്ചയങ്ങൾക്കുമായി ചെലവായിപ്പോകുന്നതുകൊണ്ട് പ്രവർത്തിക്കാൻ ശക്തി ശേഷിക്കുന്നില്ല" എന്ന് പരമഹംസന്റെ ശക്തി മുഴുവൻ ഈശ്വരസാക്ഷാത്കാരത്തിൽ കേന്ദ്രീകരിക്കപ്പെട്ടിരുന്നു; ദേവിയുടേത് ഭർതൃഹിതാനുവർത്തനത്തിനും. പരിസ്ഥിതികളാണു പലപ്പോഴും സ്വഭാവരൂപവൽക്കരണം നടത്തുന്നത്. പട്ടിണികിടക്കുന്ന പിച്ചക്കാരന്റെ മുമ്പിൽ പലഹാരം നിരത്തിവച്ചിട്ടു ഉടമസ്ഥൻ അകത്തേക്കു കയറിപ്പോകുമ്പോൾ, ആവശ്യത്തിന്റെ ഞെരുക്കവും സന്ദർഭത്തിന്റെ സൗകര്യവും അവനെ മോഷ്ടാവാക്കുന്നെങ്കിൽ അതിന്റെ പാപം സർവ്വനിയന്താവിന്റെ മനഃപൂർവ്വദ്രോഹഫലമാണെന്നു വേണം പറയുവാൻ. അനുഗൃഹീതയായ ശാരദാദേവിക്ക് മഹാത്യാഗിയായ ഒരു തപസ്വിയുടെ ഭാര്യയാകാനുള്ള അതുല്യഭാഗ്യം ദൈവം കൊടുത്തു. ആ അസുലഭഭാഗ്യത്തെ അധഃപതിപ്പിക്കാതെ വച്ചുപുലർത്താൻ ശ്രമിക്കുകയും അതിൽ സർവ്വഥാ വിജയിക്കുകയും ചെയ്തതിലാണ് ദേവിയുടെ മഹത്വം സ്ഥിതിചെയ്യുന്നത്.

പ്രേമത്തിന്റെ അടിമയാണ് സ്ത്രീ. കാമത്തിന്റെ കൂത്തരങ്ങാണു പുരുഷൻ. കായികാഭിലാഷസമ്പൂർത്തിക്കായി പുരുഷൻ സ്ത്രീയെ സ്വായത്തമാക്കുന്നു: സ്നേഹം അളവില്ലാതെ, അതിരില്ലാതെ ഒരാളിൽ വർഷിച്ച് അയാളെ സ്വന്തമാക്കാൻ സ്ത്രീഹൃദയം ബദ്ധപ്പെടുന്നു. അവന്റെ ആവേശം കായികം; അവളുടേതുമാനസികം. അവന് അവളില്ലാതെ ജീവിക്കാൻ ശാരീരികഘടനയുടെ പ്രത്യേകതയാൽ സാധിക്കുന്നില്ല അവൾക്ക്, അവനെ സ്നേഹിക്കാതെ സുഖിക്കാൻ മാനസികഘടനയുടെ പ്രേരണയാൽ കഴിയുന്നില്ല. അവന്റെ പ്രീതിക്കും ആനന്ദത്തിനുമായി അവൾ എന്തു ചെയ്യാനും ശ്രമിക്കുന്നു. അതിൽ

ആനന്ദം അനുഭവിക്കാൻ അഭ്യസിക്കുന്നു. ഒരു സ്ത്രീയുടെ മാന്മഥികാഭിലാഷമല്ല അവളെ ദാമ്പത്യ ജീവിത ലബ്ധിക്കാശിപ്പിക്കുന്നത്. അതുകൊണ്ട് ഭോഗവിരക്തനായ പരമഹം സന്റെ ഭാര്യയെന്നനിലയിൽ ദേവി കന്യകയായിക്കഴിഞ്ഞതിൽ അത്ഭുതപ്പെടാനില്ല. ഭർത്താ വിനെ സന്തോഷിപ്പിക്കാനാശിച്ച ആ സ്ത്രീഹൃദയത്തിനു തികച്ചും തൃപ്തിപ്പെടാൻ സാധിച്ചു. ആഹാരം പാകം ചെയ്യുക, ദേഹം തിരുമ്മുക, താംബൂലം നൽകുക, ഇതിന്നൊക്കെമാ ത്രമേ അദ്ദേഹത്തിനു ദേവിയെ ആവശ്യമുണ്ടായിരുന്നുള്ളു. ഭർത്തൃപരിചരണവ്യഗ്രയായ പത്നി അത്രയൊക്കെച്ചെയ്തെങ്കിലും ആശ്വസിക്കട്ടെ എന്നുകരുതി അദ്ദേഹം അതിനെല്ലാം അവരെ അനുവദിച്ചു എന്നതാണ് സത്യം. അത്രമാത്രം നിർമ്മുക്തനെങ്കിലും, ഭാര്യയോ ടുള്ള കർത്തവ്യം അനുസ്മരിക്കത്തക്കവണ്ണം ഹൃദയാലുകൂടിയായ അദ്ദേഹത്തെ മായ യിലേക്ക് വലിച്ചിഴച്ചിരുന്നെങ്കിൽ അത് മനുഷ്യത്വത്തിന്റെ ദൗർബല്യമെന്നല്ല, മൃഗീയത്വ ത്തിന്റെയും അധമത്വമാണെന്നുവേണം പറയാൻ. പരമഹംസന്റെ ഹസ്തസ്പർശമേറ്റ മംഗല്യം ധരിച്ച ഒരു ശരീരത്തിനെയുണ്ടോ അത്തരം ഒരഭിലാഷം കളങ്കപ്പെടുത്തുന്നു!.

മീരയുടേതുപോലെ മാത്രമല്ല ദേവിയുടെ ചരിതം. ഭർത്താവും ഭോഗവും വെടി ഞ്ഞ്, വൃന്ദാവനത്തിലെ തെരുവീഥികളിൽക്കൂടെ പ്രേമഗാനം പാടിനടന്ന മീരയുടെ കഥ, ഗോപാലബാലന്റെ മുരളീഗാനംപോലെ നമ്മെ രോമാഞ്ചമണിയിക്കുന്നു: ഭക്തിയുടെ ഏറ്റവും മധുരമായ ആ ഭാവം നമ്മെ കണ്ണീർ ചാർത്തുന്നു. മിന്നുകെട്ടിയ കാന്തനോ, പിതൃശൂന്യയായ ഒരു 'രാധു'വോ അവരെ ബന്ധിക്കാനില്ല: ലോകത്തിലുള്ള ഒന്നിലും തന്നെ അവരുടെ ദൃഷ്ടിപതിയുന്നില്ല; ഗാർഹികദുരിതങ്ങൾ അവരെ സ്പർശിക്കുന്നില്ല ഭാഗീരഥീ പ്രവാഹംപോലെ അപ്രതിഹതവും ശക്തിമത്തുമായ ആ പ്രേമത്തിനു മുമ്പിൽ നാം ബദ്ധാഞ്ജലികളായി, നിശ്ശബ്ദം, നിശ്ചലം, നിർന്നിമേഷം നിന്നുപോകുന്നു. പക്ഷേ ശാരദാദേവിയുടെ മാഹാത്മ്യംതന്നെ ഭർത്തൃഭക്തിയെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഒരു പരമഹംസന്റെ ഭാര്യാപദമാണ് ആ ജീവിത മഹിമയ്ക്കു നിദാനമെന്ന് നമുക്കു തോന്നി പ്പോകുന്നു. സർവ്വശക്തമായ മധുരപ്രേമമല്ല, പരമ്പരാഗതമായ ഭർത്തൃഭക്തിയാണ് അവ രുടെ ചരിത്രത്തിൽ ഓരോ വരിയിലും നാം കാണുന്നത് സ്നേഹിക്കാൻ മാത്രമല്ല സഹി ക്കാനും സങ്കടപ്പെടാനുംകൂടെ ദേവിക്കു അവകാശം കിട്ടുന്നു. അവർ ആഭരണങ്ങളിലാ ശവയ്ക്കുന്നു; ലോകാഭിപ്രായത്തെ ഭയപ്പെടുന്നു; സഹോദരങ്ങളുടെ ശല്യപ്പെടുത്തലിൽ നിസ്സഹായയായി തലയറയുന്നു: ഭർത്തൃക്ഷേമോൽക്കണ്ഠയാൽ അസത്യം ഉച്ചരിക്കുന്നു: പരമഹംസന്റെ മരണത്തിൽ ദുസ്സഹദുഃഖത്തിനധീനയായിപ്പോകുന്നു. ബാലചാപല്യം കാട്ടുന്ന സഹോദരപുത്രിയെ നിയന്ത്രിക്കാനുള്ള ആത്മപ്രഭാവംപോലും ദേവിയിൽ കാണുന്നില്ല.

വിക്ടർയൂഗോവിന്റെ 'പാവങ്ങളി'ൽ തടവുപുള്ളിയായ ജീൻ വാൽജിനിനെ രക്ഷിക്കാൻവേണ്ടി, ജീവിതത്തിൽ ഒരേ ഒരു പ്രാവശ്യം മാത്രം, വേദനകൊണ്ടു പിടയുന്ന ചിത്തത്തോടെ, കള്ളം പറയുന്ന ഒരു കന്യാസ്ത്രീയുണ്ട്. ആ സന്ദർഭത്തിൽ, പരന്മാരുടെ പാപഭാരം ചുമന്ന ക്രിസ്തുവിന്റെ മഹാത്യാഗത്തെ അനുസ്മരുക്കുന്ന നമുക്ക് ആ സ്ത്രീയുടെ കാൽക്കൽവീണു നമസ്ക്കരിക്കാനാണു തോന്നിപ്പോകുന്നത്. ശാരദാദേവി ഭർത്താവിനെ ഭക്ഷണം കഴിപ്പിക്കാൻ വേണ്ടി ആഹാരത്തിന്റെ അളവിനെപ്പറ്റി കള്ളം പറയുന്നത് അതുപോലെ നിസ്വാർത്ഥമായ ഒരു മഹാത്യാഗമല്ല. ദേവി കള്ളം പറയുന്നത് വെറും ഒരന്യനുവേണ്ടിയല്ല: അസത്യവാദിനിയാകുന്നതിൽ ദേവിക്കു വേദനയുമില്ല.

ഭാര്യയ്ക്ക് ദാമ്പത്യസുഖം നൽകാത്തതിനെ മറ്റുവിധത്തിലുള്ള സ്നേഹപ്രകടനങ്ങളാൽ പരമഹംസൻ പരിഹരിക്കുന്നതു കാണുമ്പോൾ, സ്വന്തം മുക്തിമാർഗ്ഗത്തിനുവേണ്ടി ഭാര്യയുടെ ജീവിതസുഖം അഗണ്യമാക്കി എന്നദ്ദേഹത്തെ ആളുകൾ പഴിക്കുന്നതിൽ അസാംഗത്യമുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ദേവിയെ കോപിപ്പിച്ചാൽ ത്രിമൂർത്തികൾക്കും രക്ഷിക്കാൻ കഴിയുന്നില്ല എന്നു പറയുന്ന പരമഹംസൻ, ദുർന്നടപടിക്കാരിയായ ഒരു സ്ത്രീയുടെ സഹവാസത്തിൽ ദേവിയെ ഉപദേശിച്ചത്, ചുറ്റുപാടിനെ എതിർത്തു നിൽക്കാനുള്ള ദാർഢ്യം ദേവിയുടെ സ്വഭാവത്തിനില്ലാഞ്ഞിട്ടല്ലേ എന്നു തോന്നിപ്പോകുന്നു.

കുറ്റവും കുറവും പ്രപഞ്ചസൃഷ്ടിയുടെ കൂടെപ്പിറപ്പാണ്.

നിഷ്കളങ്കതയ്ക്കും പരിപാവനക്കും സഹിഷ്ണുതയ്ക്കും സ്നേഹപൂർവ്വമായ സേവനത്തിനും വേണ്ടി സമർപ്പിക്കപ്പെട്ടതായിരുന്നു ശാരദാദേവിയുടെ ജീവിതം. കന്യക, ഭാര്യ, മാതാവ്, ഗുരുനാഥ എന്നീ നിലകളിൽ ഒരേ സമയംതന്നെ ജീവിച്ചു ലോകത്തിൽ സ്ത്രീത്വത്തിന്റെ ആദർശം കാണിച്ചുകൊടുക്കാൻ ദേവിക്കു കഴിഞ്ഞു. ദിവ്യമായ മാതൃത്വത്തിന്റെയും അഭിവന്ദ്യമായ കന്യകാത്വത്തിന്റെയും സമ്മോഹനസമ്മേളനമാണ് ദേവിയുടെ ജീവിതം. ഭർതൃസുഖമായിരുന്ന ദേവിയുടെ ജീവിതലക്ഷ്യം. അദ്ദേഹത്തിന്റെ അഭിപ്രായമായിരുന്നു ദേവിയുടെ ഗീതയും വേദവും ഉപനിഷത്തും. ഭർത്താവിന്റെ ഹിതമനുസരിച്ച് കന്യകയായി ജീവിച്ചുകൊണ്ടുതന്നെ ദേവി, സ്ത്രീയുടെ പരമാഭിലാഷമായ മാതൃത്വപദവിയെ പ്രാപിച്ചു.

എത്രയോ ശതാബ്ദങ്ങൾക്ക് ഒരൊറ്റ ശാരദാദേവിയെമാത്രമേ വിശ്വത്തിന് സംഭാവനചെയ്യാൻ കഴിഞ്ഞിട്ടുള്ളു. ഭാരതത്തിലെ മാത്രമല്ല, സമസ്തഭൂഖണ്ഡങ്ങളിലേയും ഭാര്യാ ലോകത്തിന് ഒരാദർശദീപമാണ് ശ്രീ ശാരദാദേവി.

മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1943 മെയ് 23

## അനുബന്ധം 10

## അവൾ എന്തുചെയ്തു ?

സരസ്വതി

"ആവശ്യമുണ്ട്"– അന്നത്തെ 'മലയാളരാജ്യം' നിവർത്തിനോക്കിയപ്പോൾ ആദ്യമായി സരോജാദേവിയുടെ ദൃഷ്ടിപതിഞ്ഞത് ഒരു പരസ്യത്തിലാണ്. അവൾ ഏതു പേപ്പർ എടുത്താലും ആദ്യം പരിശോധിക്കുന്നതു Wanted കാളങ്ങളായിരിക്കും. "നഴ്സുമാരെ ആവശ്യമുണ്ട്," "അദ്ധ്യാപികമാരെ ആവശ്യമുണ്ട്," "ഏജന്റുമാരെ ആവശ്യമുണ്ട്" ഇങ്ങനെ പലപല ആവശ്യങ്ങളും കാണാം. പക്ഷേ അപൂർവമായി മാത്രം കാണാറുള്ള രസകരമായ ഒരാവശ്യമാണ് ഇന്നവളുടെ ശ്രദ്ധയെ ആകർഷിച്ചത്. "ആവശ്യമുണ്ട്, ബി.എ. ബിരുദധാരിയും, ഒരു കമ്പനി മാനേജരും, ഉന്നതകുലജാതനും, സുമുഖനും, പ്രതിമാസം മുന്നുറുരൂപാ ശമ്പളം വാങ്ങുന്ന ആളുമായ മുപ്പതുവയസ് പ്രായമുള്ള ഒരു യുവാവിനു വധുവായി സുന്ദരിയും, അഭ്യസ്തവിദ്യയും, കുലീനയുമായ ഒരു സുന്ദരിയെ ആവശ്യമുണ്ട്. ഫോട്ടോസഹിതം അപേക്ഷിക്കുക." C/o. മലയാളരാജ്യം, കൊല്ലം.

സരോജത്തിന് ഇത്തരം പരസ്യംകാണുന്നതു ബഹുരസമാണ്. അവൾ തന്റെ ചില സ്നേഹിതകളെ പ്രേരിപ്പിച്ചു ഫോട്ടോ അയപ്പിച്ചിട്ടുണ്ട്. അങ്ങനെ അവളുടെ ഒന്നുരണ്ടു സ്നേഹിതകൾ വിവാഹബന്ധത്തിലേർപ്പെട്ടിട്ടുമുണ്ട്. പക്ഷേ എന്തുകൊണ്ടോ അവളതിനു തുനിഞ്ഞിരുന്നില്ല. സ്വാതന്ത്ര്യകാംക്ഷയോ, വിവാഹ വിദ്വേഷമോ ഒക്കെയാണതിനു കാരണമെന്നു ചിലർ വ്യാഖ്യാനിച്ചിരുന്നു.

ആലപ്പുഴയുള്ള ഒരു സാമാന്യകുടുംബാംഗമാണു സരോജം. പഠിത്തത്തിലുള്ള സാമർത്ഥ്യംമൂലം സ്കോളർഷിപ്പും മറ്റു സഹായങ്ങളും സമ്പാദിച്ച് അവൾക്ക് ബി.എ. പാസ്സാകാൻ സാധിച്ചു. ജന്മസിദ്ധമായുണ്ടായിരുന്ന സാഹിത്യവാസന ഇതിനകം അവളിൽ ശക്തിയായി പ്രകാശിക്കയും ചെയ്തിരുന്നു. സരോജം ഇന്നത്തെ യുവലോക

ത്തിന്റെ പ്രശംസയ്ക്ക് പാത്രമായ ഒരു പുരോഗമനസാഹിത്യകാരിയാണ്. പഴയമട്ടുകാരായ മാതാപിതാക്കൾക്ക് മകളുടെ സാഹിത്യസംരംഭവും പു:സാഹിത്യകാരന്മാരുമായുള്ള സമ്പർക്കവും മറ്റും ഒട്ടും തന്നെ രുചിച്ചിരുന്നില്ലെങ്കിലും പഠിത്തക്കാരിയായ മകൾ സ്വതന്ത്രയും സ്വയം പോരുന്നവളുമല്ലോ എന്നു കരുതി മൗനം ദീക്ഷിച്ചിരുന്നു. സുന്ദരിയായ സരോജം കോളേജ് വിട്ടശേഷം ഒരു കവിയിത്രിയായും പത്രലോകത്തു അറിയപ്പെടുവാൻ തുടങ്ങി. അവളുടെ 'നിശയിൽ' എന്ന കവിതയാണ് മി. ശക്തൻ നായർ ബി.എ.യെ ആകർഷിച്ചതെങ്കിൽ ആത്മാലാപമാണ് യുവകവിയായ കനകക്കുഴി തോമസ്സിനെ രസിപ്പിച്ചതും. മി. മുട്ടം കബീറിനു പിടിച്ചതു സരോജാദേവിയുടെ 'സഖാവ്' എന്ന ചെറുകഥയാണ്. കുലീനകളായ സ്ത്രീകളുടെ ശകാരത്തിനും യുവലോകത്തിൽ ഒരു ഭാഗത്തിന്റെ 'ശാബാസിനും' പാത്രമായത് 'പുത്രി' എന്ന കഥയാണ് എന്തിനേറേ വളരെവേഗം സരോജാദേവി, ബി.എ. പ്രശസ്തയായ കഥാകൃത്തു, കവിയിത്രി എന്നീ നിലകളിൽ അറിയപ്പെടാൻ തുടങ്ങി. ചില സാഹിത്യസമാജകരും വാർഷികോത്സവപ്ലാറ്റുഫാറങ്ങളിലും സകൗതുകം സരോജം സ്വാഗതം ചെയ്യപ്പെട്ടു.

ആദ്യകാലങ്ങളിൽ തന്റെ കഥകളുംകവിതകളും വായനക്കാരും മാസികക്കാരും മറ്റും പ്രസിദ്ധപ്പെടുത്തുന്നതു കാണാൻ അക്ഷമയായിരുന്ന സരോജത്തിനു ഇന്നാകട്ടെ കഥകളും കവിതകളും ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തുകൾ ധാരാളം ദിനംപ്രതി കിട്ടിത്തുടങ്ങിയിരിക്കുന്നു. എന്നാൽ കവിതകളും, കഥകളും പ്രതിഫലം കിട്ടാതെ ആവൾ ആർക്കുംതന്നെ ഇന്നു കൊടുക്കാറില്ല. പത്രക്കാരിൽ പലരും ഇതുകാരണം നിരാശരായിട്ടുണ്ട്. ചില പത്രക്കാരിൽനിന്നും അവൾക്കും നിരാശ തട്ടിയിട്ടുണ്ട്. എന്തായാലും ശരി, അവളുടെ പരിചയക്കാരുടേയും പ്രശംസകരുടേയും എണ്ണം ഇങ്ങനെ വർദ്ധിച്ചിട്ടുണ്ട്.

സരോജം വിവാഹത്തിൽ ഏർപ്പെട്ടുകാണാൻ മാതാപിതാക്കൾ വളരെ ആശിച്ചു. അതിലേക്കായി അവർ നൽകിയ പ്രേരണകളെല്ലാം അവൾതട്ടിക്കളഞ്ഞു. ഈ അവസ്ഥയിലാണു അവളുടെ ദൃഷ്ടി മേൽപ്പറഞ്ഞ പരസ്യത്തിൽ പതിഞ്ഞത്. ഏറെനേരം ആ പരസ്യത്തിൽത്തന്നെ അവൾ നോക്കിക്കൊണ്ടിരുന്നു. ഏതാനും പ്രാവശ്യം പരസ്യം അവൾ ആവർത്തിച്ചുവായിച്ചു. സ്വാഗതമായി സരോജം ഇങ്ങനെ ചിന്തിച്ചിരിക്കാം.

"മുപ്പതു വയസ്സ്, മുന്നൂറുരൂപാ ശമ്പളം, സുമുഖനായ യുവാവ്, ജാതി എന്തുമാകട്ടെ, ഈകാലം ജാതി ആരാനും നോക്കാറുണ്ടോ? സാധിക്കുമോ എന്നു നോക്കട്ടെ. സാധിച്ചാൽ

ജീവിതം വിജയം തന്നെ.”  ആശയുടെ അതുലപ്രഭ അവളുടെ മുഖമണ്ഡലത്തിൽ പരന്നു. ഏതാനും ദിവസങ്ങളായി സരോജവദനത്തെ മറച്ചിരുന്ന കരിനിഴൽ പെട്ടെന്ന് അപ്രത്യക്ഷമായി താൻ ബഹുമാനിച്ചിരുന്ന മിസ്റ്റിക്ക് കവി തോമസ്സിന് ആത്മാർത്ഥത: എന്നാൽ ഒരന്യവസ്തുവാണെന്ന് അവൾ ഗ്രഹിച്ചിട്ടു കുറച്ചുനാളായി.  അടുത്തകാലത്ത് സ്നേഹപാത്രമായി കരുതിയ മി: ശക്തൻ നായർ വിവാഹിതനാണെന്നുള്ള വസ്തുത അദ്ദേഹം ഒളിച്ചുവെച്ച് തന്നോടു സമ്പർക്കം പുലർത്തിയിരുന്നതോർക്കുമ്പോൾ അവളുടെ ഹൃദയം അകാരണമായി തുടിക്കുമായിരുന്നു.  സരോജവും ഒരു സ്ത്രീയല്ലേ?  എന്തോ ഒരു കുറവ് തന്നെ ചുറ്റിപ്പറ്റീട്ടുള്ളതായി ഒരു തോന്നൽ കുറെ ദിവസങ്ങളായി അവളുടെ ഉൾത്തടത്തെ ഉലച്ചുകൊണ്ടിരുന്നു.  ബാഹ്യഭാവങ്ങളുടെ അനുമതികൂടാതെ അന്തർഗതം വിവാഹജീവിതത്തിലേക്ക് അവളെ ആനയിച്ചുകൊണ്ടിരുന്നു.  ഈവക ചിന്തകളുടെ ക്ലേശഭാരത്തിൽ നിന്നും പരസ്യത്തിലെ വാർത്ത അവളെ വിമുക്തയാക്കി.  “ഒന്നു പരീക്ഷിച്ചു നോക്കുക തന്നെ, അച്ഛനമ്മമാർക്കും സന്തോഷമായിരിക്കുമല്ലോ.” സരോജം വിവാഹചൂണ്ടയിൽ കൊരുക്കപ്പെടുവാൻ സ്വയം തീരുമാനിച്ചു.

*    *    *    *    *    *    *

എറണാകുളത്തെ ഒരു ‘സാമിൽ’ മാനേജരായ മി. മാധവൻ നായർക്ക് കത്തുകളും ഫോട്ടോകളും ധാരാളം ലഭിച്ചു.  സ്നേഹിതൻമാർ തിരഞ്ഞെടുത്തത് സരോജാദേവി, ബി. എ. യെ തന്നെയാണ്.  മാധവൻ നായർക്കും ആളിനെ പിടിച്ചു.  പക്ഷേ പ്രായം അല്പം കൂടുതലല്ലേ എന്നു വിചാരിക്കാതിരുന്നില്ല.  വധുവിനെ നിശ്ചയിച്ച വിവരത്തിനു കത്തുമയച്ചു.  സരോജത്തിന്റെ മാതാപിതാക്കൾക്കും വളരെ സന്തോഷമായി.  വിവാഹത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി എറണാകുളത്തുനിന്നും വരനും കൂട്ടരും കൃത്യസമയത്തെത്തി.  മംഗളമായി വിവാഹം നടന്നു.  അനുമോദനക്കത്തുകളും, കമ്പികളും സമ്മാനങ്ങളും കണ്ട് മി: നായർ അമ്പരന്നു പോയി.  “ഇത്രവളരെ മിത്രങ്ങളോ!” എന്ന്.

എറണാകുളംറെയിൽവേസ്റ്റേഷനിൽവച്ചു മിത്രങ്ങൾ അവരെ സ്വീകരിച്ചു ഹാരമണിയിച്ചു.  സരോജത്തിനു എല്ലാം വളരെ രസിച്ചു; പക്ഷേ സ്വതേ ലജ്ജാശീലനായ മി: നായർക്ക് ഇതൊന്നും അത്ര പിടിച്ചില്ല.  എങ്കിലും അസുഖം പുറത്തുകാട്ടിയില്ല.  ഒരു മാസത്തോളം പാർട്ടിയും അമുമോദനവും ഒക്കെയായി കഴിഞ്ഞു.  അതിശേഷം എല്ലാം ഒന്നു ശമിച്ചു.

മില്ലിലെ ജോലിത്തിരക്കുമൂലം മാധവൻ നായർക്കു വിശ്രമം തീരെ കുറവായിരുന്നു. സ്വതന്ത്രചിന്തയും സ്വാതന്ത്ര്യപ്രേമിയുമായ സരോജത്തിനു മി. നായരുടെ 'ടൈംടേബിൾ' ജീവിതം പെട്ടെന്നു ചെടിപ്പുണ്ടാക്കി. അവൾ ഉല്ലാസമായി സമയം കഴിക്കാനാശിച്ചു. ഭർത്താവുമായി സിനിമാശാലകളിലും പാർക്കിലും കടപ്പുറത്തും മിത്രഭവനങ്ങളിലും ഒക്കെ പോകാൻ ആഗ്രഹിച്ചു. പക്ഷേ ഭർത്താവോ? "ജോലി" 'ജോലി' എന്നു മാത്രം മന്ത്രിച്ചു കഴിയുന്ന ആൾ. മാസം മൂന്നേ കഴിഞ്ഞിട്ടുള്ളു. എങ്കിലും മൂന്നു വർഷമായതുപോലെ സരോജത്തിനു തോന്നി. അവൾക്കു ഗൃഹകാര്യങ്ങളിൽ അധികം ശ്രദ്ധ പതിപ്പിക്കാൻ സാധിക്കുകില്ല. അതവൾ ശീലിച്ചില്ല. അതെല്ലാം വേലക്കാരുടെ ഇഷ്ടത്തിനവൾ വിട്ടു കൊടുത്തു. ഏറിയ സമയവും സരോജം സാഹിത്യപരിശ്രമത്തിലാണ്. ഇന്നും അവളുടെ കഥകൾക്കും കവിതകൾക്കും വിലയുണ്ട്. പത്രക്കാരുടെയും സ്നേഹിതരുടെയും കത്തു കൾക്കു മറുപടി എഴുതിയും കഥകളും കവിതകളും നിർമ്മിച്ചും വായിച്ചും അവൾ സമയം ചെലവഴിച്ചു. സരോജത്തിന്റെ സാഹിത്യവാസനയെ എറണാകുളത്തെ വിദ്യാർത്ഥിലോ കവും പ്രശംസിച്ചുതുടങ്ങി. മി: നായരുടെ സ്നേഹിതൻമാർ പലപ്പോഴും അവളെ പരസ്യ മായി അനുമോദിച്ചുരിന്നു.

കവിതകളും കഥകളും പുസ്തകരൂപത്തിൽ പുറത്തു വന്നുകാണ്മാനുള്ള സരോജത്തിന്റെ അഭിലാഷം ഒരിക്കൽ അവൾ ഭർത്താവിനെ അറിയിച്ചു. അദ്ദേഹത്തിനു അതിനൊന്നിനുമുള്ള സമയം ഇല്ലെന്നുള്ള വിരസമായ മറുപടിയാണ് അവൾക്കു ലഭിച്ചത്. അതിൽ സരോജത്തിനു വലിയ നിരാശ തോന്നി. ഇപ്പോൾ സരോജത്തിനു ധാരാളം സ്നേഹിതകളുണ്ട്. എറണാകുളത്ത് അവൾ അവരുടെ കൂടെ ചിലപ്പോഴെല്ലാം മി. നായരുടെ അനുവാദം കൂടാതെതന്നെ സിനിമയ്ക്കും പാർക്കിലും മറ്റും പോയിത്തുടങ്ങി. ഇതേപ്പറ്റി ഒരിക്കൽ മി. നായർ ഭാര്യയെ ശാസിക്കുകയുണ്ടായി. അതവൾക്കൊട്ടും രസിച്ചില്ല. "കൂട്ടിലടച്ച കിളിയെപ്പോലെ താൻ ജീവിക്കണമെന്നാണോ വിചാരം?" എന്നവൾ ചൊടിച്ചുകൊണ്ടു അദ്ദേഹത്തിനോടു ചോദിച്ചു. അന്നാണു താൻ ചെയ്തതബദ്ധ മായിപ്പോയതെന്ന വിചാരം അദ്ദേഹത്തിന്റെ മനസ്സിൽ ഉദിച്ചത്. "ഈ അരസികനെയാ ണല്ലോ എനിക്കു ലഭിച്ചത്" എന്നു സരോജവും ഖേദിച്ചു.

അസുഖകരമായ മാസങ്ങൾ പലതും കഴിഞ്ഞു. മാതാവിന്റെ സുഖക്കേട് സംബന്ധിച്ച് സരോജത്തിന് ആലപ്പുഴയ്ക്ക് പോകണമെന്നു നിർബന്ധമായി. ആയിടെ അവധി കിട്ടാൻ പ്രയാസമാണെന്ന് മാധവൻ നായർ പറഞ്ഞപ്പോൾ താൻ തനിച്ചു പൊയ്ക്കൊള്ളാമെന്നായി

സരോജം. മി. നായർ അതു സമ്മതിച്ചു. ഒരു ദിവസം സന്ധ്യയ്ക്കുള്ള ബോട്ടിൽ അവൾ ആലപ്പുഴയ്ക്കു തിരിച്ചു. ബോട്ടുവിടാറായപ്പോൾ ഏതാനും സാമാനങ്ങളുമായി ഒരു സൂട്ടുകാരനും എത്തി. സരോജം ഇരുന്ന അറയിൽതന്നെ ആ യുവാവും സ്ഥലം പിടിച്ചു. തന്റെ സാമാനങ്ങൾ ഒതുക്കിവെക്കുന്നതിനായി ഓടിക്കൊണ്ടിരുന്ന ബോട്ടിൽ ബദ്ധപ്പെട്ടു ശ്രമിച്ചിരുന്ന ആ യുവാവിന് സരോജത്തിന്റെ ചില പെട്ടികളും സൗകര്യത്തിനുവേണ്ടി നീക്കിയും ഒതുക്കിയും വെയ്ക്കേണ്ടിവന്നു.

ബോട്ടിലെ ആൾബഹളം ഒന്നു ശമിച്ചു. ഉറക്കത്തിനുള്ള സമയമായില്ലെങ്കിലും സരോജവും സൂട്ടുകാരനും ഇരുന്ന മുറിയിൽ നിശ്ശബ്ദത എങ്ങും വ്യാപിച്ചു. സരോജത്തിന്റെ പെട്ടിമേലുണ്ടായിരുന്ന അഡ്രസ്സ് നേരത്തെ വായിച്ചിരുന്ന യുവാവ് ഇടക്കിടെ സരോജത്തെ ഉൽക്കണ്ഠാപൂർവം നോക്കിക്കൊണ്ടിരുന്നു. കുറച്ചുനേരം കഴിഞ്ഞു. അക്ഷമനെന്നോണം ഒരു ക്ഷമാപണപൂർവം യുവാവ് ചോദിച്ചു:––

"ഈ പെട്ടിയുടെ പുറത്തുകാണുന്നപേരുകാരിതന്നെയല്ലേ. പ്രസിദ്ധ കവിയത്രിയും കഥാകൃത്തുമായ സരോജാദേവി ബീ.ഏ."

സരോജം ഉത്തരം പറയാതെ മന്ദഹസിക്കമാത്രം ചെയ്തു. യുവാവിന്റെ ഉന്മേഷം വർദ്ധിച്ചു. കളിക്കോപ്പുകളുടെ മദ്ധ്യേപെട്ട ഒരു ചെറുപൈതലിന്റെ ചൊടിയോളം പ്രസന്നതയോടും കൂടി യുവാവ്, ആ ആഴ്ചയിലെ പ്രഭാതം ആഴ്ചപ്പതിപ്പെടുത്തു മറിച്ചുകൊണ്ടു പറഞ്ഞു – "വാസ്തവം പറഞ്ഞാൽ ഇന്നെനിക്കു വളരെ ചാരിതാർത്ഥ്യം തോന്നുന്നു. സഹോദരിയുടെ കഥകളും കവിതകളും ഞാൻ ധാരാളം വായിക്കാറുണ്ട്. പക്ഷേ ഈ ചെറുകഥ ദാമ്പത്യജീവിതം എന്നെ വളരെ രസിപ്പിച്ചു. രസികന്മാരായ യുവാക്കന്മാർക്ക് അരസികകളായഭാര്യമാരും രസികകളായ ഭാര്യമാർക്ക് അരസികന്മാരായ ഭർത്താക്കന്മാരും! ആഹാ! സഹൃദയ സമക്ഷം ഇന്നത്തെ ദാമ്പത്യ ജീവിതത്തിന്റെ യാഥാർത്ഥ്യത്തെയാണ് ഭവതി തുറന്നുകാട്ടിയിരിക്കുന്നത്. നുകത്തിൻകീഴ് കാളയേയും കിളിയേയും കെട്ടുന്ന മാതിരി! വാസ്തവത്തിൽ നമ്മുടെ രാജ്യം വളരെ പുരോഗമിക്കാനുണ്ട്. റഷ്യയെ കണ്ടുപഠിക്കട്ടെ."

യുവാവിന്റെ നിസ്സങ്കോചമായ അഭിപ്രായപ്രകടനവും സംഭാഷണചാതുരിയും സരോജത്തിനു പിടിച്ചു.

"താങ്കളുടെ പേരെന്താ? എവിടെ പോകുന്നു?" അവൾ ചോദിച്ചു.

“രാമചന്ദ്രൻ നായർ എന്നാണു പേര്. മഞ്ചേരിയാണ് സ്വദേശം. ഈ വർഷം എഞ്ചിനീയറിംഗ് പാസ്സായി. ഡൽഹിയിൽനിന്നും ജോലിക്ക് ആർഡർ കിട്ടിയിട്ടുണ്ട്. രണ്ടാഴ്ചക്കകം അങ്ങോട്ടുതിരിക്കും. കാളേജിൽ പഠിക്കുന്ന കാലം മുതൽക്കേ സാഹിത്യഭ്രമമുണ്ട്. വല്ലതുമൊക്കെ എഴുതാറുമുണ്ട്. ശ്രീ. കോരപ്പുഴയും, കവിരാജൻ കുമാരക്കുറുപ്പും മറ്റും എന്റെ സ്നേഹിതന്മാരാണ്. സഹോദരിയെ ഒന്നു കാണണമെന്നുള്ള ആഗ്രഹം വളരെ നാളായുണ്ട്. ഇന്നതു സഫലമായതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു.”

“ഇപ്പോൾ എവിടെ പോകുന്നു?”

“തിരുവനന്തപുരത്ത്. എന്റെ ഒന്നു രണ്ടു പുസ്തകങ്ങൾ ടെക്സ്റ്റ്ബുക്ക് കമിറ്റിക്കയച്ചിട്ടുണ്ട്. അതേക്കുറിച്ചൊന്നന്വേഷിക്കുകയും ചില സ്നേഹിതന്മാരെ കാണുകയും ചെയ്യാമല്ലോ എന്നു കരുതി പുറപ്പെട്ടിരിക്കുകയാണ്. ദേവിയുടെ പുസ്തകമൊന്നും കമ്മിറ്റിക്കയച്ചിട്ടില്ലേ?”

“ഞാൻ എഴുതിക്കൂട്ടുകയല്ലാതെ പുസ്തകമാക്കാൻ ശ്രമിച്ചിട്ടില്ല.”

“ഹേയ്, അതു പോരാ. ഞാൻ അവിടെ ചെന്നാൽ പ്രസ്സുകളിൽ തിരക്കാം. പുസ്തകമടിച്ചു തീരുമ്പോഴേക്കും കമ്മിറ്റിയിൽ അപ്രൂവ് ചെയ്യിക്കാൻ വേണ്ട ഏർപ്പാടു ചെയ്തിട്ടുവരാം. മടങ്ങുമ്പോൾ വീട്ടിൽ വന്നു വിവരമറിയിക്കാം.”

സരോജത്തിനു വലിയ സന്തോഷമായി. അവൾ തന്റെ വീട്ടുപേരും മറ്റു വിവരങ്ങളും അയാൾക്കു നൽകി. തന്റെ ഭർത്താവിന്റെ സഹായം കൂടാതെതന്നെ ഈശ്വരൻ തന്നെ പ്രശസ്തിയുടെ കൊടുമുടിയിൽ എത്തിക്കാൻ പോകുന്നല്ലോ എന്നവൾ മനസ്സിൽ ആഹ്ലാദിച്ചു.

നാലുദിവസം കഴിഞ്ഞ് മാധവൻ നായരുടെ ഒരു കത്തവൾക്കു കിട്ടി. ജോലി സംബന്ധമായി താൻ ബാംബയ്ക്കു പോകുന്നെന്നും ഒരുമാസത്തോളം താമസം കാണുമെന്നും അത്രയും നാളോ അവൾക്കിഷ്ടമുള്ളിടത്തോളം കാലമോ ആലപ്പുഴയിൽ താമസിക്കുന്നതിനു വിരോധമില്ലെന്നും മറ്റും എഴുതിയിരുന്നു. സരോജത്തിന് ഒരു വിധത്തിൽ ആ കത്ത് സന്തോഷമാണ് പ്രധാനം ചെയ്തത്. സ്വാതന്ത്ര്യമായി ജീവിക്കാൻ കുറെദിവസം സാധിക്കുമല്ലോ എന്ന ചിന്തയായിരുന്നിരിക്കാം സന്തോഷകാരണം. അടുത്ത

ദിവസം എഞ്ചിനീയർ അവിടെ വന്നു. താൻ വേണ്ട ഏർപ്പാടു ചെയ്തിട്ടുണ്ടെന്നും നാലഞ്ചു ദിവസത്തിനകം തന്റെ ഒരു സ്നേഹിതന്റെ കത്തുവരുമെന്നും ഒരുപക്ഷേ സരോജംകൂടി തിരുവനന്തപുരത്തിനു പോകേണ്ടി വരുമെന്നുംമറ്റും പറഞ്ഞു. അയാളുടെ ഒരു സഹപാഠി യുടെ നിർബന്ധപ്രകാരം ആലപ്പുഴയും ഏതാനും ദിവസം താമസിക്കാൻ തീരുമാനിച്ചു എന്നും അറിയിച്ചു. സരോജം വേണ്ടവിധം അയാളെ സൽക്കരിച്ചു. ആ യുവാവിന്റെ പെരുമാറ്റത്തിലെ സഭ്യതയും സംഭാഷണചാതുരിയും സാഹിത്യവാസനയും സരോജത്തെ ആകർഷിക്കുകതന്നെ ചെയ്തു. എല്ലാദിവസവും അവർതമ്മിൽ കാണുകയും വളരെനേരം സാഹിത്യസംബന്ധമായ ചർച്ചകൾ നടത്തുകയും ചെയ്തുതുടങ്ങി. ചിലപ്പോഴെല്ലാം അവൾ തന്റെ അരസികനായ ഭർത്താവിനെ മി. രാമചന്ദ്രൻ നായരുമായി നേരെനിർത്തി മനസാ പരിശോധിക്കുകയും ചെയ്യുകയായിരുന്നു.

സ്നേഹിതന്റെ കത്തു ലഭിച്ചതനുസരിച്ചു സരോജവും മി. നായരുടെ കൂടെ തിരുവനന്തപുരത്തിനു പോകാൻ തയാറായി. തന്റെ കവിതകളും കഥകളുമുള്ള കുറെ പഴയ മാസികകളും ആഴ്ചപ്പതിപ്പുകളും കൂടെ അവൾ തിരഞ്ഞെടുത്തു.

ബസ്സ് യാത്ര പ്രയാസകരമായി തോന്നിയതിനാൽ കൊല്ലത്തുനിന്നും അവർ വൈകുന്നേരമുള്ള എക്സ്പ്രസ്സ് ട്രയിനിലാണ് കയറിയത്. മഴക്കാലമായിരുന്നതിനാലും ട്രയിൻ വൈകുന്നതിനാലും ഏകദേശം ഒൻപതുമണിയോടെയാണ് അവർ തിരുവനന്തപുരത്തെത്തിയത്. രാത്രി സ്നേഹിതൻമാരുടെ വീടുകളിൽ പോകുന്നത് അസുഖകരമാകയാൽ അവർ നേരെ ഒരു ലാഡ്ജിൽ എത്തി.

'റൂമൊന്നുമൊഴിവില്ല' എന്ന മറുപടി അവരെ നിരാശപ്പെടുത്തി. വളരെ പ്രയാസപ്പെട്ടശേഷം ഒരു സിങ്കിൾറൂം ലഭിച്ചു. 'നിങ്ങൾ തമ്മിലുള്ള ബന്ധം?' മാനേജർ ചോദിച്ചു. മി. നായർ സരോജത്തിനെ നോക്കി. അവൾ തലതിരിച്ചുകളഞ്ഞു. 'ഭാര്യാഭർത്താക്കൻമാർ' അയാൾ മറുപടി പറഞ്ഞു. അല്ലാതെ ഗത്യന്തരമില്ലല്ലോ.

പിറ്റേദിവസം രാമചന്ദ്രൻ നായർ എവിടെ എല്ലാമോ പോയി. പുസ്തകമടിക്കാൻ ഏർപ്പാടുചെയ്തു കഴിഞ്ഞു എന്നും, അടുത്ത ദിവസം ചില കമ്മിറ്റിമെമ്പേഴ്സിനെകൂടെ കണ്ടിട്ട് ആലപ്പുഴയ്ക്കു തിരിക്കുമെന്നും അയാൾ സരോജത്തെ അറിയിച്ചു. അന്നു സന്ധ്യയോടടുത്തപ്പോൾ മി. നായർ പറഞ്ഞു:––തിരുവനന്തപുരത്തുവന്നിട്ട് ഒരു പ്ലഷറുമില്ല. സിനിമയ്ക്കുപോകാം. പ്രശസ്തമായ ഹിന്ദി പിക്ചർ 'ലൈലാമജ്നൂ' ആണ്. സരോജം

സമ്മതിച്ചു. സിനിമാഹാളിൽ പ്രവേശിച്ചപ്പോൾ മുതൽ സരോജത്തിന് രാമചന്ദ്രൻ നായരോട് ഒരു പ്രത്യേക മമത തോന്നിത്തുടങ്ങി. അയാൾ അവളുടെ കാതിൽ മന്ത്രിച്ചു. “ഇങ്ങനെ എന്നും ഭവതി എന്റെ കൂടെയുണ്ടായിരുന്നെങ്കിൽ ഞാൻ ഭാഗ്യവാനാകുമായിരുന്നു” എന്ന്. ആ വാക്കുകൾ അവളെ പുളകമണിയിച്ചു. അന്നുരാത്രി അവൾ തന്റെ അസുഖകരമായ ദാമ്പത്യജീവിതത്തെക്കുറിച്ച് നിറഞ്ഞ കണ്ണുകളോടെ ഓരോന്നയാളെ ധരിപ്പിച്ചു. അയാൾ തുറന്നു പറഞ്ഞു – “ഞാൻ ഭവതിയെ അത്യധികം പ്രേമിക്കുന്നു. മാധവൻ നായരുടെ ബന്ധം വിടർത്തി നമുക്കു വിവാഹം ചെയ്ത് ഉടൻതന്നെ ഡൽഹിയ്ക്കു പോയി നമ്മുടെ ജീവിതം ആനന്ദകരമായി നയിക്കാം.” എന്നും മറ്റും. അവളും ഒരു സ്ത്രീയല്ലേ. എല്ലാം അവൾ സമ്മതിച്ചു. അങ്ങനെ പുരോഗമനത്തിന്റെ പൂംപുടവയണിഞ്ഞെത്തിയ ആ നിശീഥിനി പുതുമണം പരത്തുന്നതായി അവൾക്കു തോന്നി. അന്നത്തെ സിനിമയുടെ അവസാനരംഗം ഇങ്ങനെ കഴിഞ്ഞു.

വളരെ പുലർന്നശേഷമാണ് സരോജം കണ്ണുതുറന്നത്, അവൾ തലപൊക്കി നോക്കി. മി. നായരെ കണ്ടില്ല. നിത്യകർമ്മങ്ങൾക്കായി പോയിരിക്കാമെന്നു ചിന്തിച്ചുകൊണ്ട് വസ്ത്രങ്ങൾ ശരിപ്പെടുത്തി അവൾ എഴുന്നേറ്റു. ആശ്ചര്യം! മി. നായരുടെ യാതൊരു സാധനവും അവിടെ കണ്ടില്ല. അവൾ ചുറ്റും നോക്കി. തന്റെ പെട്ടി തുറന്നുകിടക്കുന്നു! അവളുടെ പരിഭ്രമം വർദ്ധിച്ചു. പെട്ടിക്കുള്ളിൽ, സിനിമകണ്ടിട്ട് വന്ന് ഊരിവെച്ച നെക്കലസ്സും മാലകളും സ്വർണ്ണച്ചെയിനോടുകൂടിയ വിലയേറിയ റിസ്റ്റ് വാച്ചും ഒരു വജ്രമോതിരവും, സൂക്ഷിച്ചിരുന്ന ചെറിയ ആഭരണപ്പെട്ടി ഉണ്ടായിരുന്നതും നൂറ് രൂപയും കാണ്മാനില്ല. ജീവിതത്തിലെ മൂലധനം! ഭർത്താവിന്റെ സമ്മാനങ്ങൾ! അവൾക്കു തലകറങ്ങുന്നതുപോലെതോന്നി. മേശപ്പുറത്തിരുന്ന ഒരു കഠാരയിലും എഴുത്തിലും പെട്ടെന്നു അവളുടെ ദൃഷ്ടിപതിഞ്ഞു. കത്തെടുത്തവൾ നിവർത്തു. അതിപ്രകാരമായിരുന്നു.

ഇടക്കാലമിത്രമേ!

ഞാൻ യാത്ര പറയട്ടെ! ചോരനും ആത്മാഘാതകനുമായി എന്നെകരുതിയിരിക്കാം ആ തെറ്റൊന്നു തിരുത്തുവാൻവേണ്ടി മാത്രമാണ് ദ്രുതഗതിയിൽ ഞാൻ ചിലതിവിടെ കുറിക്കുന്നത്. പുരോഗമന സാഹിത്യത്തിൽ അഭിമാനിയായ ഭവതിക്കു സ്വന്തമായ ഒരു സ്വാതന്ത്ര്യവാഞ്ചയുണ്ട്. അതിന്റെ അപ്രതിരോധ്യമായ പ്രവാഹത്തിനു തടസ്സം

വരുത്തുവാൻ കരുതി പ്രവർത്തിച്ചിട്ടില്ലാത്ത ഞാൻ ആത്മഘാതകനല്ലെന്നു ന്യായേന അനുമാനിക്കാവുന്നതാണ്. പ്രശസ്തിക്കുവേണ്ടി ജീവിക്കുന്ന യുവതികളുമായുള്ള സ്വാധീനതയിൽ ഒരിക്കലെങ്കിലും ആത്മഖേദം ലജ്ജിക്കാതിരുന്നിട്ടില്ല. അതിനാൽ നിത്യദുഃഖ ത്തിനു ആളായി തീരുമല്ലോ എന്നു കരുതി കണിനേരം പോലും ഞാൻ ക്ലേശിക്കേണ്ടി വരില്ല. സ്ത്രീത്വത്തിലെ ദൗർബല്യം സ്ത്രീത്വത്തെ നശിപ്പിക്കുന്നതോടുകൂടിയല്ലാതെ അഭ്യസ്തവിദ്യകളിൽ അധികം പേരും ഇന്നു ഗ്രഹിക്കുന്നില്ല. പുരോഗമനക്കാരി ആശ്വാസം അടയുന്നതവിടെയാണ്. അവളുടെ സർവസ്വവും ആയിരിക്കുന്ന പതിയെ പ്രശസ്തിക്കുവേണ്ടി മറക്കുകയും വെറുക്കുകയും വഞ്ചിക്കുകയും ചെയ്യുന്ന ഒരു യുവതി അല്പം ആലോചിക്കുന്നപക്ഷം ജീവിതത്തിലെ ഏറ്റവും വലിയ ഗുണപാഠം നൽകുന്ന എന്നെപ്പോലുള്ള ഒരു യുവാവിനെ ആത്മാഘാതകനെന്നോ കള്ളനെന്നോ പറയുവാൻ ധൈര്യപ്പെടുമെന്നു തോന്നുന്നില്ല. നിങ്ങളുടെ ആഭരണപ്പെട്ടി ഞാൻ കൊണ്ടുപോകുന്നുണ്ട്. നിങ്ങൾക്കു ഗുണപാഠം നൽകുവാനാണെങ്കിലും ഏതാനും ദിവസം ഞാൻ ബുദ്ധിമുട്ടി ക്കേണ്ടിവന്നകാര്യം മറക്കുകയില്ലല്ലോ. വീണ്ടുവിചാരം വെടിഞ്ഞു പ്രലോഭനങ്ങളുടെ പിൻപേ പാഞ്ഞുപോകുന്ന ജീവിതമാണു ഇന്നത്തെ പരിഷ്കാരം. അതേ പരിഷ്കാര ത്തിന്റെ പിൻപേ പായുന്ന സ്ത്രീകളുടെ കണക്കെടുക്കണമെന്നൊരാശ എനിയ്ക്കുണ്ട്. ഏതിനും പണം ആവശ്യമാണല്ലോ. ഞാൻ നേരിടേണ്ടിവന്ന ബുദ്ധിപരമായ ക്ലേശത്തിനു പ്രതിഫലമായിട്ടത്രേ ആഭരണപ്പെട്ടി ഞാൻ സ്വീകരിച്ചത്. ഉപദേശം മാത്രമല്ല ഈ കത്തൊന്നിച്ചു ഉപയോഗപ്രദമായ മറ്റൊരുപകരണംകൂടി ഞാൻ സമർപ്പിച്ചുകൊള്ളുന്നു. യഥോചിതം പ്രവർത്തിക്കുമെന്നാശിക്കുന്നു. ഞാൻ എഞ്ചിനീയറോ രാമചന്ദ്രനോ അല്ലെന്നുള്ള വസ്തുത കൂടി അനുസ്മരിപ്പിച്ചുകൊള്ളട്ടെ!"

ഒരു കയ്യിൽ കഠാരയും മറുകയ്യിൽ കത്തും പിടിച്ചുകൊണ്ടു തുറന്നുകിടന്ന ജന്നാലയിൽ കൂടി ശൂന്യമായ ആകാശത്തേയ്ക്കു തുറിച്ചുനോക്കിനിന്ന സരോജം എന്തു ചെയ്തിരിക്കുമെന്നു വായനക്കാർ തന്നെ തീരുമാനിക്കട്ടെ!

മലയാളരാജ്യം, കൊ.വ. 1121 മിഥുനം 17